
# അമ്മയുടെ സാമ്രാജ്യം

'The hugging saint' എന്നറിയപ്പെടുന്ന
മാതാ അമൃതാനന്ദമയിയുടെ
പ്രഥമശിഷ്യരിൽ ഒരാളുടെ അനുഭവസാക്ഷ്യം



**Jacques Albohair**
(സർവാത്മ)

സ്വകാര്യവും വ്യക്തിപരവുമായ വിവരണം
സ്ഥാപനത്തിന്റെ അന്വേഷണാത്മക വിശകലനം
സ്വാശ്രയത്വവും ഗുരുശിഷ്യ ബന്ധവും

# അമ്മയുടെ സാമ്രാജ്യം

'The Hugging saint' എന്നറിയപ്പെടുന്ന
മാതാ അമൃതാനന്ദമയിയുടെ
പ്രഥമശിഷ്യരിൽ ഒരാളുടെ അനുഭവസാക്ഷ്യം

Jacques Albohair
(സർവാത്മ)

ഒരു സാധാരണ മത്സ്യത്തൊഴിലാളിയുടെ മകളായിരുന്ന 'The hugging saint" എന്നറിയപ്പെടുന്ന മാതാ അമൃതാനന്ദമയി 1970കളുടെ അവസാനം മുതൽ അരനൂറ്റാണ്ട് കാലം കൊണ്ട് ലോകമാകമാനം ലക്ഷക്കണക്കിനാളുകളുടെ ആരാധനാപാത്രമായി മാറി.

1980കളുടെ തുടക്കത്തിൽ അമ്മയുടെ പ്രഥമശിഷ്യ വലയത്തിൽ ഉൾപ്പെട്ടിരുന്ന സർവ്വാത്മ, 14 വർഷങ്ങൾക്ക് ശേഷം പ്രസ്ഥാനത്തിൽ നിന്ന് വിടവാങ്ങുന്നതുവരെ, അവരുടെ സന്ദേശം പ്രചരിപ്പിക്കുന്ന ആദ്യത്തെ യൂറോപ്യൻ പ്രതിനിധിയായും വിവിധ യൂറോപ്യൻ ഭാഷകളിലേക്കുള്ള അവരുടെ വ്യക്തിഗത വിവർത്തകനായും സേവനമനുഷ്ഠിച്ചു. അമൃതാനന്ദമയിയുടെ ആദ്യകാല ശിഷ്യൻ എന്ന നിലയിൽ തന്റെ ജീവിതത്തിന്റെ ഒരു ആകർഷകമായ അനുഭവ സാക്ഷ്യം എന്നതിലുപരി ലളിതമായ ഒരു 'കുടുംബ ബിസിനസിൽ' നിന്ന് ഇന്നത്തെ 'ആഗോള സാമ്രാജ്യ'ത്തിലേക്കുള്ള സംഘടനയുടെ പരിണാമത്തിന്റെ സമഗ്രമായ ഒരു അന്വേഷണാത്മക വിശകലനവും നൽകിയിരിക്കുന്നു.

ഔദ്യോഗിക ജീവചരിത്രത്തിന്റെ വിമർശനാത്മക അവലോകനം നടത്തിയ ശേഷം, ഹിന്ദുമതത്തിന്റെ സ്ഥാപക തത്വങ്ങളുടെ വെളിച്ചത്തിൽ ഒരു യഥാർത്ഥ ആത്മീയ ഗുരുവിനെ നിർവചിക്കുന്ന കർശനമായ മാനദണ്ഡങ്ങളെക്കുറിച്ച് അദ്ദേഹം നമ്മെ ഓർമ്മിപ്പിക്കുകയും ഒടുവിൽ എല്ലാ ആത്മാന്വേഷികളോടും തങ്ങളുടെ സ്വാശ്രയത്തിനായുള്ള അന്വേഷണത്തിന് ആഹ്വാനം ചെയ്തു കൊണ്ട് സംവാദം വിശാലമാക്കുകയും ചെയ്തിരിക്കുന്നു.

അമ്മയുടെ മുൻ പേഴ്സണൽ അസിസ്റ്റന്റ് ആയ ഗെയിൽ ട്രെഡ്വെലിന്റെ 2013ൽ പ്രസിദ്ധീകരിച്ച, അനുഭവസാക്ഷ്യമായ 'Holy Hell: A Memoir of Faith, Devotion, and Pure Madness' ന്റെ പശ്ചാത്തലത്തിൽ, ഈ പുസ്തകം മാതാ അമൃതാനന്ദമയിയെയും അവരുടെ പ്രസ്ഥാനത്തെയും കുറിച്ചുള്ള രണ്ടാമത്തെ പ്രധാനപ്പെട്ട വിമർശനാത്മക സാക്ഷ്യമാണ്.



Copyright © 2022 Jacques Albohair
All rights reserved. This book may not be reproduced in whole or in part without written permission from the author.

Cover and design by Jacques Albohair Cover illustration by Claude Pelletier-Pigot (the author’s mother) www.claude-pelletier-pigot.com

Infos and news on the book’s website/ blog
**www.theammaempire.com**

**Note on translation:**
**വിവർത്തനത്തെക്കുറിച്ചുള്ള കുറിപ്പ്: ഈ പുസ്തകം ശ്രദ്ധാപൂർവ്വം വിവർത്തനം ചെയ്തിട്ടുണ്ട്; എന്നിരുന്നാലും, സംശയമുണ്ടെങ്കിൽ, ദയവായി ഇംഗ്ലീഷ് ഒറിജിനൽ പതിപ്പ് പരിശോധിക്കുക.**

# സമര്‍പ്പണം

आचार्यस्तूहापोहग्रहणधारणशमदमदयानुग्रहादिसम्पन्नो
लब्धागमो दृष्टादृष्टभोगेष्वनासक्तः
त्यक्तसर्वकर्मसाधनो ब्रह्मविद्ब्रह्मणि स्थितोऽभिन्नवृत्तो
दंभदर्पकुहकशाठ्यमायामात्सर्यानृताहङ्कारममत्वादिदोषवर्जितः
केवलपरानुग्रहप्रयोजनो विद्योपयोगार्थी पूर्वमुपदिशेत्—
'सदेव सोम्येदमग्र आसीदेकमेवाद्वितीयम्', 'यत्र नान्यत्पश्यति ',
'आत्मैवेदं सर्वम्', 'आत्मा वा इदमेक एवाग्र आसीत्', 'सर्वं खल्विदं
ब्रह्म ' इत्याद्याः आत्मैक्यप्रतिपादनपराः श्रुतीः ॥ ६॥

*ഒരേസമയം അനുകൂലവും പ്രതികൂലവുമായ വാദമുഖങ്ങള്‍ ഉയര്‍ത്താനും, തന്റെ ശിഷ്യരുടെ ചോദ്യങ്ങള്‍ മനസ്സിലാക്കാനും ഓര്‍ത്തിരിക്കാനും കഴിവുള്ളയാളാണ് ഗുരു. അദ്ദേഹം ശാന്തനും അനുകമ്പയും ആത്മനിയന്ത്രണവുമുള്ളവനും മറ്റുള്ളവരെ സഹായിക്കുന്നതില്‍ തല്‍പ്പരനുമാണ്. ശ്രുതികളില്‍ (വേദോപനിഷത്തുക്കള്‍) നിപുണനും ഇഹത്തിലും പരത്തിലുമുള്ള പ്രത്യക്ഷമോ പരോക്ഷമോ ആയ സുഖങ്ങളില്‍ താല്‍പ്പര്യമില്ലാത്തവനും പരിത്യാഗിയും ജ്ഞാനിയും ആ ജ്ഞാനത്താല്‍ അംഗീകരിക്കപ്പെട്ടവനുമാകുന്നു. അദ്ദേഹം ഒരിക്കലും പെരുമാറ്റച്ചട്ടങ്ങള്‍ ലംഘിക്കുന്നവനല്ല, ആഡംബരം, അഹങ്കാരം, വഞ്ചന, തന്ത്രം, കൃത്രിമത്വം, അസൂയ, അസത്യം, അഹംഭാവം, മമത എന്നിവ ഇല്ലാത്തവനുമാകുന്നു. ഗുരുവിന്റെ ഏക ഉദ്ദേശം മറ്റുള്ളവരെ സഹായിക്കുക എന്നതും, ഏക ആഗ്രഹം ആത്മജ്ഞാനം പകര്‍ന്നുകൊടുക്കുക എന്നതുമാകുന്നു.*

*ഉപദേശസഹസ്രി 1.6*

*എട്ടാം നൂറ്റാണ്ടിലെ ഹിന്ദുമതത്തിന്റെ സ്ഥാപക ഗ്രന്ഥങ്ങളില്‍ ഒന്ന്*

*ആദിശങ്കരന്‍*

Contents

സമര്‍പ്പണം
ഉള്ളടക്കം
ആമുഖം
ഭാഗം-1
കെട്ടുകഥയുടെ പൊളിച്ചെഴുത്ത്
I.1. ആമുഖം
II. അവലോകനം
II. 1. യാത്രാവിവരണം
II. 2. ഉത്ഭവം
II. 3. പാശ്ചാത്യ രാജ്യങ്ങളിലെ പ്രവർത്തനം
II. 4. വേർപാട്
III. പുരാവൃത്തം
III. 1. ആദ്യ വർഷങ്ങൾ
III. 2. മോഹനിദ്രയും അത്ഭുതങ്ങളും ജീവചരിത്രങ്ങളും
III. 3. A യും പാശ്ചാത്യരും
III. 4. പുത്രന്മാരും അവരുടെ അമ്മയും
III. 5. യോനിയുടെ കൃപാകടാക്ഷം
III. 6. പേർസണൽ അസിസ്റ്റന്റ്
III. 7. പ്രസ്ഥാനത്തിലെ 002
III. 8. വഴിതെറ്റുന്ന ദൈവികത
III.9. ജീവചരിത്രത്തിന്റെ വിമർശനാത്മക അവലോകനം
IV. ചാരിറ്റബിൾ സ്ഥാപനങ്ങൾ അഥവാ ബിസിനസ്സ് സാമ്രാജ്യം
IV. 1. വിദേശസംഭാവനകളും ചാരിറ്റിയും
IV. 2. ആരോഗ്യം

IV. 3. വിദ്യാഭ്യാസം
IV. 4. വ്യവസായവും സെലിബ്രിറ്റികളും
IV. 5. പുരുഷാധിപത്യ സമൂഹത്തിലെ പരിശുദ്ധയായ അമ്മ.
V. ഒന്നാം ഭാഗത്തിന്റെ ഉപസംഹാരം
ഭാഗം II
അടിസ്ഥാനകാര്യങ്ങളിലേക്കുള്ള മടക്കം.
തെറ്റായ വഴികളിലേക്ക് നയിക്കപ്പെടാതെ ശരിയായ പാതയിൽ തുടരാം
VI 1. ആമുഖം- A യെ കണ്ടുമുട്ടുമ്പോൾ ഗംഗ ആരായിരുന്നു?
VI. 2. അന്വേഷകനോ കണ്ടെത്തുന്നവനോ?
VI. 3. അഹംഭാവത്തോടുള്ള ആഭിമുഖ്യം
VI. 4. ആത്മസാക്ഷാത്കാരത്തോടുള്ള അഭിനിവേശം
VI. 5. പദത്തിന്റെ അർത്ഥങ്ങൾ.
VI. 6. യോഗയുടെ നാലു മാർഗ്ഗങ്ങളും അവയുടെ സന്തുലിതാവസ്ഥയും.
VI. 7. ദൈവവും ഗുരുവും
VI. 8. ഗുരുപരമ്പര
VI. 9. ഗുരു-ശിഷ്യബന്ധം
VI. 10. ഭക്തിയുടെ പാതയും ഗുരുവും
VI. 11. വിവേകവും അനുസരണയും
VI. 12. സൈക്കോതെറാപ്പിയും ആത്മീയതയും
VI. 13. വിശ്വാസത്തെയും പുനഃപരിവർത്തനത്തെയും കുറിച്ചുള്ള ചിന്തകൾ.
രണ്ടാം ഭാഗത്തിന്റെ ഉപസംഹാരം
ഉപസംഹാരം
അനുബന്ധം (Appendix) 1, 2 & 3.

# വിശദമായ ഉള്ളടക്കം

ആമുഖം
ഭാഗം ഒന്ന്: കെട്ടുകഥയുടെ പൊളിച്ചെഴുത്ത്
I. ആമുഖം
II. അവലോകനം
II.1 യാത്രാവിവരണം
II.2 ഉത്ഭവം
II.3 പാശ്ചാത്യ രാജ്യങ്ങളിലെ പ്രവർത്തനം
II.4 വേർപാട്
III. പുരാവൃത്തം
III.1 ആദ്യ വർഷങ്ങൾ
III.2 മോഹനിദ്രയും അത്ഭുതങ്ങളും ജീവചരിത്രങ്ങളും
III.3 'A' യും പാശ്ചാത്യരും
   a. അതിർത്തികളില്ലാത്ത കച്ചവടം
   b. അമൃതയോഗ
III.4 'പുത്രന്മാരും' അവരുടെ 'അമ്മയും'
III.5 യോനിയുടെ കൃപാകടാക്ഷം
III.6 പേർസണൽ അസിസ്റ്റന്റ്
III.7 പ്രസ്ഥാനത്തിലെ 002
III.8 വഴിതെറ്റുന്ന ദൈവികത
   a. ദൈവികതയും സർവ്വശക്തിത്വവും
   b. സർവ്വാധിപത്യവും ഗുരുവിന്റെ അസാമാന്യതയും

c. അവിശുദ്ധ ഗർഭധാരണങ്ങൾ
d. ഒരു സൈക്യാട്രിസ്റ്റിനെ കാണുന്നതിനെക്കുറിച്ച് എന്ത് പറയുന്നു?
e. കുടുംബവും റിയൽ എസ്റ്റേറ്റും ചട്ടങ്ങളും
f. അനുഭവസാക്ഷ്യങ്ങൾ

III.9 ജീവചരിത്രത്തിന്റെ വിമർശനാത്മക അവലോകനം
a. ജീവചരിത്രം
b. ശക്തി പ്രസാദ്
c. ഇരുണ്ട ചർമ്മവും പൈതൃകവും
d. അവളുടെ സഹോദരന്റെ മരണം
e. അമ്മയുടെ വ്യക്തിത്വത്തിന്റെ മനഃശാസ്ത്രപരമായ വിശകലനം
f. യഥാർത്ഥ ഭക്തി
g. ജീവചരിത്രത്തെക്കുറിച്ചുള്ള നിഗമനവും പൊതുവായ ചിന്തകളും

IV. ചാരിറ്റബിൾ സ്ഥാപനങ്ങൾ അഥവാ ബിസിനസ്സ് സാമ്രാജ്യം

IV.1 വിദേശസംഭാവനകളും ചാരിറ്റിയും
a. FCRA പ്രഖ്യാപനങ്ങളെക്കുറിച്ചുള്ള എന്റെ റിപ്പോർട്ടുകളുടെ ഹൈലൈറ്റുകൾ
b. NGO യുടെ ബാധ്യതകളും സംഘടനയുടെ യാഥാർത്ഥ്യവും
c. അനുബന്ധ സ്ഥാപനങ്ങളിൽനിന്നുള്ള സംഭാവന:
d. വ്യക്തികളിൽനിന്നുള്ള സംഭാവനകൾ
e. ഉപസംഹാരം

IV.2 ആരോഗ്യം
a. മുൻജോയിന്റ് സെക്രട്ടറി ജനറലിന്റെ സാക്ഷ്യം

b. പ്രാഥമിക ഓഡിറ്റിനുശേഷമുള്ള കൺസൾട്ടന്റുകളുടെ സാക്ഷ്യം
c. മറ്റു സാക്ഷ്യങ്ങളും വിവരങ്ങളും (തെരഞ്ഞെടുപ്പ്):
d. അമൃതയുടെ യഥാർത്ഥ ജീവകാരുണ്യ ആരോഗ്യസംരംഭങ്ങൾ
e. സ്നേഹവും കരുണയും സേവനവും നഴ്സുമാരും

IV.3 വിദ്യാഭ്യാസം
a. എയിംസ് കൺസൾട്ടന്റിന്റെ രണ്ടാമത്തെ സാക്ഷ്യപത്രം
b. മറ്റു സാക്ഷ്യപത്രങ്ങളും വിവരങ്ങളും
c. അമ്മയുടെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ കാഴ്ചപ്പാട്
d. പരാതികളും വിമർശനങ്ങളും (ഒരു തെരഞ്ഞെടുപ്പ്):
e. വിദ്യാർത്ഥികൾക്കിടയിലെ ആത്മഹത്യ
f. ഇന്ത്യയിലെ സാഹചര്യം
g. സർവകലാശാല റാങ്കിംഗ്
h. അമൃതാശൈലിയിലുള്ള ഗുരുകുലം
i. ശാസ്ത്രവും ആത്മീയതയും/ പടിഞ്ഞാറും കിഴക്കും
j. അമൃതയുടെ വിദ്യാഭ്യാസസമ്പ്രദായത്തെക്കുറിച്ചുള്ള ചിന്തകൾ
k. പരസ്പരവിരുദ്ധ പ്രഭാഷണം
l. കള്ളത്തരമുള്ള, കൃത്രിമത്വം നിറഞ്ഞ സംവിധാനം, റിക്രൂട്ട്മെന്റ് ഉറവിടം
m. ആശയമോഷണമോ അതോ സഹവർത്തിത്വമോ
n. അമൃതയിലെ ആർട്സും സയൻസും

IV.4 വ്യവസായവും സെലിബ്രിറ്റികളും

a. ചില പ്രധാന വ്യക്തികൾ
b. സാങ്കേതികവിദ്യയും വ്യവസായവും
c. മനുഷ്യക്കച്ചവടത്തിന്റെയും അടിമത്തത്തിന്റെയും ഉന്മൂലനം എന്ന സന്ദേശം ലോകത്തിന് നൽകുക
d. അജ്ഞതയും വ്യാജമായ എളിമയും

IV.5 പുരുഷാധിപത്യ സമൂഹത്തിലെ പരിശുദ്ധയായ അമ്മ
a. അമ്മയുടെ ഗുണങ്ങളെ വാഴ്ത്തൽ
b. ലിംഗഭേദങ്ങൾക്കിടയിലെ സംഭാവനയും ഉത്തരവാദിത്വവും
c. കൂലി എഴുത്ത്- സ്ത്രീപുരുഷ ഭേദം
d. സ്ത്രീ ശാക്തീകരണം
e. അമ്മയുടെ യഥാർത്ഥ ശക്തി
f. സാർവത്രിക പിതൃത്വത്തിലേക്കുള്ള ഉണർവ്

V. ഒന്നാം ഭാഗത്തിന്റെ ഉപസംഹാരം

രണ്ടാം ഭാഗം: അടിസ്ഥാനകാര്യങ്ങളിലേക്കുള്ള മടക്കം

VI.1 ആമുഖം: A യെ കണ്ടുമുട്ടുമ്പോൾ ഗംഗ ആരായിരുന്നു?
VI.2 അന്വേഷകനോ കണ്ടെത്തുന്നവനോ?
VI.3 അഹംഭാവത്തോടുള്ള ആഭിമുഖ്യം
VI.4 ആത്മസാക്ഷാത്കാരത്തോടുള്ള അഭിനിവേശം
VI.5 പദത്തിന്റെ അർത്ഥങ്ങൾ
VI.6 യോഗയുടെ നാലു മാർഗ്ഗങ്ങളും അവയുടെ സന്തുലിതാവസ്ഥയും
VI.7 ദൈവവും ഗുരുവും

a. ഹിന്ദുമതം
b. വിശുദ്ധഗ്രന്ഥങ്ങൾ
c. ആചാര്യന്മാരും ഗുരുക്കന്മാരും
d. വേദങ്ങളിലെയും ഉപനിഷത്തുകളിലെയും ഗുരു
e. പുരാണങ്ങളിലെ ഗുരുവും ദൈവവും
f. സമകാലികജീവിതത്തിൽ ഗുരുവിന്റെ സ്ഥാനം
g. നെല്ലും പതിരും
h. ഗുരുവിന്റെ ദൈവവൽക്കരണം

VI.8 ഗുരുപരമ്പര
VI.9 ഗുരു-ശിഷ്യബന്ധം
VI.10 ഭക്തിയുടെ പാതയും ഗുരുവും
VI.11 വിവേകവും അനുസരണയും
VI.12 സൈക്കോതെറാപ്പിയും ആത്മീയതയും
VI.13 വിശ്വാസത്തെയും പുനഃപരിവർത്തനത്തെയും കുറിച്ചുള്ള ചിന്തകൾ

VII. രണ്ടാം ഭാഗത്തിന്റെ ഉപസംഹാരം

ഉപസംഹാരം
അനുബന്ധം

അടിക്കുറിപ്പുകൾ, ഉറവിടങ്ങൾ & ആർക്കൈവ്
ബ്ലോഗും സോഷ്യൽ നെറ്റ്വർക്കുകളും
അസോസിയേറ്റീവ്

# ആമുഖം

## ഡോ. ജാക്വിസ് വിഞ്ച്യ മനോരോഗ വിദഗ്ദ്ധൻ, എഴുത്തുകാരൻ

മുപ്പത്തഞ്ച് വർഷം മുമ്പ്, ഞാനെന്റെ ആദ്യപുസ്തകമായ “ദി മാസ്റ്റർ ആൻഡ് തെറാപ്പിസ്റ്റ്” പൂർത്തിയാക്കുന്നതിനായി നാലു വർഷം ചെലവഴിച്ചു. ഇന്ത്യയിലെ ഗുരു-ശിഷ്യ ബന്ധത്തെ പാശ്ചാത്യലോകത്തെ തെറാപ്പിസ്റ്റും രോഗിയും തമ്മിലുള്ള ബന്ധവുമായി ചേർത്താണ് അതിൽ അവതരിപ്പിച്ചിട്ടുള്ളത്[1]. അതിനായി ഈ രണ്ട് വ്യവസ്ഥകളും തമ്മിലുള്ള സാമാന്യതകളും വ്യത്യാസങ്ങളും പഠിക്കുകയും, ഫ്രഞ്ച് വിദേശകാര്യ മന്ത്രാലയവും ന്യൂഡൽഹിയിലെ യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മിഷനും സംയുക്തമായി ഒരു ഗവേഷണ ഗ്രാന്റ് നൽകി എന്നെ പിന്തുണയ്ക്കുകയും ചെയ്തു. അന്നുമുതൽ, ഒരു സൈക്യാട്രിസ്റ്റ് എന്ന നിലയിലും ഇന്ത്യയുടെ വിദഗ്ദ്ധൻ എന്ന നിലയിലും എന്റെ വീക്ഷണകോണുകളിൽ നിന്ന് മത മനഃശാസ്ത്രത്തെക്കുറിച്ച് ഞാൻ പഠിക്കുകയും എഴുതുകയും ചെയ്തുപോന്നു.

മാ ആനന്ദമയിയുടെ (ബംഗാൾ സന്യാസിനി, 1896-1982) മഹാനായ ഫ്രഞ്ച് ശിഷ്യനും അവരുടെ ആശ്രമങ്ങളിൽ 60 വർഷത്തോളം താമസിച്ചിട്ടുള്ളയാളുമായ സ്വാമി വിജയനന്ദയോടൊപ്പം ഞാൻ ഇരുപത്തഞ്ച് വർഷം ഇന്ത്യയിൽ ചെലവഴിച്ചു. എന്റെ ആദ്യ ഇന്ത്യ സന്ദർശനത്തിനുമുമ്പ് വിവരങ്ങൾ ശേഖരിക്കുന്നതിനിടയിൽ പാരീസിൽ വച്ച് ഗ്രന്ഥകർത്താവായ ജാക്വിസിനെ കണ്ടുമുട്ടി. അപ്പോഴദ്ദേഹം റെയിൽവെ ലൈനുകൾക്ക് തൊട്ടടുത്ത് തണുപ്പ് നിയന്ത്രിക്കാൻ സംവിധാനമില്ലാത്ത ഒരു

ഇടനാഴിയിൽ നിയമവിരുദ്ധമായി താമസിക്കുകയായിരുന്നു. സാമ്പത്തിക മാർഗ്ഗങ്ങളൊന്നുമില്ലാതെ, യൂറോപ്പിൽ അവരുടെ പ്രസ്ഥാനത്തിന്റെ പ്രചരണാർത്ഥം, അദ്ദേഹത്തിന്റെ ഗുരു അയച്ചതായിരുന്നു. ഇന്ത്യയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ അറിവും പ്രതിബദ്ധതയും എന്നിൽ മതിപ്പുളവാക്കി, എന്നാൽ അമ്മ എന്നറിയപ്പെടുന്ന മാതാ അമൃതാനന്ദമയിയെ കാണാൻ അദ്ദേഹം വിവേകപൂർവ്വം എന്നെ പ്രോത്സാഹിപ്പിച്ചപ്പോൾ അല്പം അമ്പരന്നു. എന്നിരുന്നാലും 1987-ൽ തലസ്ഥാനത്ത് വച്ച് ഞാൻ അവരെ ആദ്യമായി കണ്ടുമുട്ടി. നാലു വർഷത്തിനുശേഷം ഏതാനും ആഴ്ചകൾ ഞാൻ കേരളത്തിലെ അവരുടെ ആശ്രമത്തിൽ താമസിക്കുകയും ചെയ്തു. അത് എന്നിൽ സമ്മിശ്ര-വികാരങ്ങളാണുണ്ടാക്കിയത്, പക്ഷേ എന്റെ അസ്വസ്ഥത വിശദീകരിക്കാനുള്ള ആധാരങ്ങൾ അന്നെന്റെ കൈവശം ഉണ്ടായിരുന്നില്ല. ആ സമയത്ത്, തിരശ്ശീലയ്ക്ക് പിന്നിൽ എന്താണ് നടക്കുന്നതെന്ന് പൊതുജനങ്ങൾക്ക് അറിവുണ്ടായിരുന്നില്ലല്ലൊ.

ഇരുപത്തിരണ്ട് വർഷങ്ങൾക്ക് ശേഷം, ഗെയിൽ ട്രെഡ്വെൽ; അവർ അമ്മയുടെ പേഴ്സണൽ അസിസ്റ്റന്റായിരുന്ന രണ്ട് പതിറ്റാണ്ടുകളുടെ അനുഭവസാക്ഷ്യം *'ഹോളി ഹെൽ'* (ആമസോൺ, 2013) എന്ന പേരിൽ പുറത്തിറക്കിയത് വായിക്കാൻ ഇടയായപ്പോൾ, ഗുരു-ശിഷ്യബന്ധത്തിന്റെ മനഃശാസ്ത്രം എന്ന വിഷയം പുനരവലോകനം ചെയ്യേണ്ടതുണ്ട് എന്നെനിക്ക് തോന്നി. ഗെയിലിന്റെ വിവരണത്തിൽ നിന്ന് അവരുടെ മുൻഗുരു പിന്തുടർന്ന് പോന്നിരുന്ന ഗുരു-ശിഷ്യ ബന്ധത്തിൽ ഗുരുതരമായ പ്രശ്നങ്ങളുണ്ടെന്ന് ഞാൻ കണ്ടെത്തി. അത് ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഹിന്ദുമതത്തിൽ മാത്രമല്ല, ജൈനമതത്തിലും ടിബറ്റൻ ബുദ്ധമതത്തിലും വളരെയധികം വിലമതിക്കപ്പെടുന്ന ഒരു പരമ്പരാഗത ബന്ധമാണ്. തുടർന്ന് ഞാൻ ഫ്രഞ്ചിൽ ഗെയിലിന്റെ പുസ്തകത്തിന്റെ സംഗ്രഹവും അമ്മയുടെ

വ്യക്തിത്വത്തെക്കുറിച്ചുള്ള ഒരു പഠനവും ഉൾപ്പെടെ രണ്ട് ലേഖനങ്ങൾ എഴുതി[2].

ഗ്രന്ഥകർത്താവ് തന്റെ സമർപ്പണത്തിൽ ഉദ്ധരിക്കുന്നതുപോലെ, ഗുരുശിഷ്യ ബന്ധം എന്ന ആശയം നൂറ്റാണ്ടുകൾക്ക് മുമ്പ് വ്യക്തമായി രേഖപ്പെടുത്തപ്പെട്ട കൃത്യവും കർശനവുമായ ധാർമ്മിക മാനദണ്ഡങ്ങളോടുകൂടിയതാണ്. മുകളിൽ സൂചിപ്പിച്ച സ്വാമി വിജയനന്ദ, 1982-ൽ മരിക്കുന്നതുവരെ ഒരു യഥാർത്ഥ ഗുരുവായ 'മാ'യ്ക്കൊപ്പം മുപ്പത്തിയൊന്ന് വർഷത്തിലധികം ചെലവഴിച്ചിരുന്നു. അവരുടെ തികഞ്ഞ സത്യസന്ധതയെക്കുറിച്ച് അദ്ദേഹം പതിവായി ഊന്നിപ്പറയുമായിരുന്നു. ഉദാഹരണത്തിന്, ആ മുഴുവൻ കാലയളവിലും 'മാ' നുണ പറഞ്ഞതായി തോന്നാവുന്ന ഒരേയൊരു അവസരത്തെക്കുറിച്ച് മാത്രമെ അദ്ദേഹത്തിന് പറയാനുണ്ടായിരുന്നുള്ളു. എല്ലാ വിശദാംശങ്ങളും പരിശോധിച്ചതിലൂടെ, അത് അങ്ങനെയല്ലെന്ന് ഞങ്ങൾ പിന്നീട് മനസ്സിലാക്കുകയും ചെയ്തു. ഈ പറഞ്ഞ സന്ദർഭം അല്ലാതെ, നുണ പറയൽ എന്ന വിഷയം ഒരിക്കലും ഉയർന്നുവന്നില്ല. തീർച്ചയായും, ഒരേ ചോദ്യത്തിന് വ്യത്യസ്ത ആളുകൾക്ക് അവരുടെ ഗ്രാഹ്യനിലയെ അടിസ്ഥാനമാക്കി വ്യത്യസ്തമായി ഉത്തരം നൽകാൻ അവർക്ക് കഴിയും. അത് ഒരു വൈരുദ്ധ്യമല്ല, മറിച്ച് അവർ സംവേദകരുടെ കഴിവുകളെ ബഹുമാനിക്കുക മാത്രമായിരുന്നു. സ്വാമിയെ സംബന്ധിച്ചിടത്തോളം, കാൽ നൂറ്റാണ്ടിനുള്ളിൽ, അദ്ദേഹം ഒരു നുണ പറയുകയോ നേരിട്ടോ പരോക്ഷമായോ പണം ചോദിക്കുകയോ ചെയ്യുന്നത് കേട്ടതായി ഞാൻ ഓർക്കുന്നില്ല. ഒരു യഥാർത്ഥ ഗുരുവിന്റെ മാനദണ്ഡം എന്താണെന്ന് ചോദിച്ചാൽ, അദ്ദേഹം വളരെ ചുരുക്കി രണ്ട് പ്രധാന ഗുണങ്ങൾ എടുത്തു പറയും: ലൈംഗികതയുടെയും പണത്തിന്റെയും സ്വാധീനത്തിൽ നിന്ന് അകന്നുനില്ക്കൽ. ഇക്കാര്യത്തിൽ അദ്ദേഹം, ശ്രീ രാമകൃഷ്ണ പരമഹംസൻ (ബംഗാൾ, 1836-1886) ആത്മീയ

പാതയിലെ രണ്ട് പ്രധാന തടസ്സങ്ങളെക്കുറിച്ച് തന്റെ ശിഷ്യന്മാർക്ക് നൽകിയ ഉപദേശമാണ് സ്വീകരിച്ചത്. ബംഗാളിയിലും ഹിന്ദിയിലും സംസ്കൃതത്തിലും ഈ പദങ്ങൾ ഒന്നുതന്നെയാണ്: കാമ-കാഞ്ചന: കാമം, തീവ്രമായ ആഗ്രഹം അല്ലെങ്കിൽ ആസക്തി, പ്രത്യേകിച്ച് ലൈംഗികം; കാഞ്ചന, സ്വർണ്ണം, ആധുനികമായി പറഞ്ഞാൽ, പണത്തോടുള്ള ആകർഷണം. ഗ്രന്ഥകർത്താവിന്റെ ഈ കൃതിയിൽ, അമ്മയുടെയും അവരുടെ സംഘടനയുടെയും പെരുമാറ്റം മേൽപ്പറഞ്ഞ ആദർശങ്ങളോട് ഒട്ടുമേ യോജിക്കുന്നതല്ലെന്ന് കാണിക്കുന്ന തരത്തിൽ നേരിട്ടനുഭവിച്ചതോ വളരെ വ്യക്തമായി രേഖപ്പെടുത്തപ്പെട്ടതോ ആയ ഉദാഹരണങ്ങളുടെ ഒരു പരമ്പര തന്നെ കാണാനാകും.

2019[3] ൽ രാഷ്ട്രീയം, കായികം, മതം എന്നിവയിലെ മാസ് ഹിപ്നോസിസ് പ്രതിഭാസങ്ങളിൽ വൈദഗ്ദ്ധ്യം നേടിയ മനഃശാസ്ത്രജ്ഞൻ സെബാസ്റ്റ്യൻ വില്ലാൽബ എന്നോടൊപ്പം നടത്തിയ അഭിമുഖത്തിന്റെ യുട്യൂബിലെ കാഴ്ച സ്ഥിതിവിവരക്കണക്കുകളും ലൈക്കുകളും നോക്കുമ്പോൾ, പൊതുജനം ഇനി വിഡ്ഢികളാകാൻ ആഗ്രഹിക്കുന്നില്ലെന്നത് വ്യക്തമാണ്. സാധുത പരിശോധിക്കാൻ നിൽക്കാതെ പത്രപ്രവർത്തകർ തിരക്കിട്ട് പകർത്തുന്ന അമ്മയുടെ സംഘടനയുടെ പത്രക്കുറിപ്പുകൾ അതേപടി സ്വീകരിക്കാതെ ആഴത്തിലുള്ള ചിന്തകളെ വിവേചിച്ചറിയാൻ ആളുകൾക്ക് കഴിയുന്നുണ്ട്. മറ്റുചിലരാകട്ടെ, ഒന്നോ രണ്ടോ മണിക്കൂർ വരിയിൽ നിന്ന്, സംഘടനയുടെ ഔദ്യോഗിക പ്രചരണ വാക്യങ്ങൾ കേൾക്കുകയും, രംഗം നിരീക്ഷിക്കുകയും, ഒരു മേൽനോട്ടക്കാരന്റെ അകമ്പടിയോടെ വെറും 5 സെക്കന്റുനേരം അവരുടെ ആലിംഗനത്തിൽ ചെലവഴിക്കുകയും ചെയ്ത ശേഷം ഈ സ്ത്രീയുമായി നേരിട്ടുള്ള അനുഭവം ഉണ്ടെന്ന് അവകാശപ്പെടുകയും ഏതാണ്ട് വിദഗ്ദ്ധരെപ്പോലെ അവരെക്കുറിച്ച് സംസാരിക്കുകയും ചെയ്യുന്നു.

മിക്കപ്പോഴും, ഈ പത്രപ്രവർത്തകർ അവരുടെ ധാരണകളെയോ അവരോട് പറയുന്ന കാര്യങ്ങളെയോ ചോദ്യം ചെയ്യുന്നില്ല. ഇത്തരത്തിലുള്ള ആത്മീയ സംഘടനകളിൽ അന്തർലീനമായിരിക്കുന്ന അപകടസാധ്യതകളെക്കുറിച്ച് പൊതുജനങ്ങളെ ശരിയായി അറിയിക്കേണ്ടതിന് ഇത് അത്യന്താപേക്ഷിതമാണ്. രചയിതാവിന്റെ അനുഭവസാക്ഷ്യം അനുസരിച്ചാണെങ്കിൽ, ഇത്തരം വെല്ലുവിളികൾ ഏറ്റെടുക്കുന്നവരെ സംഘടന ഉടൻ തന്നെ തങ്ങൾ നിയോഗിച്ച യുഎസ് നിയമ സ്ഥാപനങ്ങൾ വഴി ഭീഷണിപ്പെടുത്തുകയും ചെയ്യുന്നു.

ഈ പതിവിന് വിപരീതമായി, ഗ്രന്ഥകർത്താവ് തന്റെ സാക്ഷ്യത്തിലൂടെ പ്രസ്ഥാനത്തിന്റെ പ്രധാന ഉള്ളുകള്ളികൾ തുറന്നുപറയുന്നു. 1970-ൽ, തന്റെ പതിനാറാം വയസ്സിലാണ് അദ്ദേഹം ആദ്യമായി ഇന്ത്യ സന്ദർശിച്ചത്. 1978 ൽ അവിടെ സ്ഥിരതാമസം തുടങ്ങുന്നതിനുമുമ്പ് ഹിന്ദുമതത്തിന്റെ പ്രധാന സ്ഥലങ്ങളിൽ ഒന്നും, മഹത്തായ ക്ഷേത്രത്തോടും വിശുദ്ധമായ മലയോടും കൂടിയതും, 15-16 നൂറ്റാണ്ടുകൾ മുതൽ ശിവന് സമർപ്പിക്കപ്പെട്ടതും, എല്ലാത്തിനുമുപരിയായി രമണ മഹർഷിയുടെ (1879-1950) ആശ്രമം സ്ഥിതി ചെയ്യുന്നതുമായ തിരുവണ്ണാമലയിൽ ആണ് അദ്ദേഹം വർഷത്തിൽ ആറ് മാസം താമസിച്ചിരുന്നത്. എട്ടാം നൂറ്റാണ്ടിൽ ശങ്കരാചാര്യർ പ്രചരിപ്പിച്ച ഗുരു എന്ന ഉയർന്ന ആദർശം ചെറുപ്പം മുതൽ തന്നെ അദ്ദേഹത്തെ ആഴത്തിൽ സ്വാധീനിച്ചു, അത് ഈ പുസ്തകത്തിന്റെ സമർപ്പണത്തിൽ അദേഹം ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. 1980-ന്റെ തുടക്കത്തിലാണ് അദ്ദേഹം അമ്മയെ്ക്കാപ്പം ചേർന്നത്, ആദ്യത്തെ അഞ്ച് വർഷം വള്ളിക്കാവ് ആശ്രമത്തിലെ അടുത്തിടപഴകലിനുശേഷം, അവരുടെ പ്രതിനിധിയായി അവരെക്കുറിച്ച് പ്രചരിപ്പിക്കുന്നതിന് യൂറോപ്പിലേക്കുതന്നെ തിരിച്ചയയ്ക്കപ്പെട്ടു. പിന്നീട്

യൂറോപ്യൻ പര്യടനങ്ങളിൽ ഒരു പതിവ് ദ്വിഭാഷിയായും, യൂറോപ്പിൽ സത്സംഗങ്ങൾ നടത്തിയും അവരുടെ പ്രസ്ഥാനം യൂറോപ്പിൽ സ്ഥാപിക്കുകയും വികസിപ്പിക്കുകയും ചെയ്തുകൊണ്ട് അദ്ദേഹം പതിനാല് വർഷം അവരെ സേവിച്ചു. ജാകിസ് പല ഇന്ത്യൻ ഭാഷകളും പഠിച്ചു. ഹിന്ദുമതത്തിന്റെ സ്ഥാപക ഗ്രന്ഥങ്ങളിലെ പദങ്ങളുടെ ശബ്ദോല്പത്തി മനസ്സിലാക്കാൻ അദ്ദേഹം സംസ്കൃതം പഠിച്ചു, കൂടാതെ തമിഴിൽ നല്ല പ്രവർത്തനപരിജ്ഞാനവും നേടി. വളരെക്കുറച്ച് പാശ്ചാത്യഭക്തർക്ക് മാത്രം വഴങ്ങുന്ന, ദീർഘകാലമായി അവരോടൊപ്പമുള്ളവർക്കുപോലും, ഒഴുക്കോടെ മനസ്സിലാക്കാനും സംസാരിക്കാനും ബുദ്ധിമുട്ടുള്ള ഭാഷയായ മലയാളവും അദ്ദേഹം പഠിച്ചു. അദ്ദേഹത്തിന് നിരവധി യൂറോപ്യൻ ഭാഷകൾ സംസാരിക്കാൻ കഴിഞ്ഞതിനാൽ, യൂറോപ്പിൽ അമ്മയുടെ ദ്വിഭാഷി ആകാൻ കഴിഞ്ഞു. ശിഷ്യരുടെ ആദ്യവലയത്തിൽ തന്നെ പ്രമുഖ സ്ഥാനമുള്ളതിനാൽ, ഔദ്യോഗിക പ്രസംഗത്തെക്കുറിച്ച് മാത്രമല്ല, തിരശ്ശീലയ്ക്ക് പിന്നിൽ എന്താണ് പറയുന്നതെന്നും തന്റെ മുൻ ഗുരുവിന്റെയും അവരുടെ സംഘടനയുടെയും ആഭ്യന്തരകാര്യങ്ങൾ എന്താണെന്നും മനസ്സിലാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ഈ രണ്ട് സംഭാഷണങ്ങൾ തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് വളരെ ആകർഷകവും വിശേഷാൽ ഉപയോഗപ്രദവുമായ രീതിയിൽ അദ്ദേഹം വിവരിച്ചിരിക്കുന്നത് നമ്മുടെ കണ്ണ് തുറപ്പിക്കും എന്നതിൽ തർക്കമില്ല.

1993-ൽ തന്റെ സാധാരണ ജീവിതം പുനരാരംഭിച്ചശേഷം, ഒരു സാധാരണ വ്യക്തിയായി പ്രസ്ഥാനത്തിലേക്ക് മടങ്ങിയെത്താൻ അമ്മ അദ്ദേഹത്തോട് ആവർത്തിച്ച് ആവശ്യപ്പെട്ടു. അദ്ദേഹം ഒന്നും പുറത്തു പറയാതിരിക്കാനാവണം അവർ അദ്ദേഹത്തെ തിരികെ വിളിച്ചിരുന്നത്. എന്നാൽ ഈ തിരിച്ചുപോക്കിന് വേണ്ടിയിരുന്ന വിട്ടുവീഴ്ചകൾ ചെയ്യാൻ അദ്ദേഹം തയ്യാറായിരുന്നില്ല. പ്രസ്ഥാനം വിട്ട് നിരവധി

ദശാബ്ദങ്ങൾക്ക് ശേഷം എഴുതപ്പെട്ട വളരെ പക്വമായൊരു കൃതിയാണ് ജാകബിസിന്റെ ഈ പുസ്തകം: *"തുറന്നു പറയുന്നതിന് വളരെക്കാലം [ഇരുപത്തിയേഴു വർഷം] ഞാൻ കാത്തിരുന്നെങ്കിൽ, അത് കൂടുതൽ ക്രിയാത്മകമായ കാര്യങ്ങളിൽ ഏർപ്പെട്ടിരുന്നതുകൊണ്ടല്ല, എന്നാൽ എന്റെ വാക്കിനെ കഴിയുന്നത്ര സന്തുലിതവും നിഷ്പക്ഷവും നീതിയുക്തവുമായി നിലനിർത്തുക എന്നതിനായിരുന്നു".*

ഈ പുസ്തകം അദ്ദേഹത്തിന്റെ മുൻ ഗുരുവുമായും അവരുടെ സ്ഥാപനവുമായും ബന്ധപ്പെട്ട വിശ്വാസ്യതയുള്ള സാക്ഷ്യങ്ങൾ, ഗുരുതരമായ ആരോപണങ്ങൾ, ധാർമ്മികമായ അതിക്രമങ്ങളുടെ തെളിവുകൾ എന്നിവയാൽ നിറഞ്ഞിരിക്കുന്നു. ഇത് വായിക്കുമ്പോൾ, പൊയ്മുഖവും യാഥാർത്ഥ്യവും തമ്മിലുള്ള വലിയ അന്തരം നമ്മുക്ക് മനസ്സിലാക്കാൻ കഴിയുന്നു. ഈ സംഘടനയിൽ നുണയും വഞ്ചനയും ഒരു സമാന്തര യാഥാർത്ഥ്യത്തിന്റെ ഭാഗമാണെന്ന് കാണാനാകും. ഇന്ത്യൻ ആഭ്യന്തര മന്ത്രാലയത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച വിദേശ സംഭാവന വിവരണങ്ങൾ ഗ്രന്ഥകർത്താവ് കർശനമായി വിശകലനം ചെയ്യുകയും കീറിമുറിച്ച് പരിശോധിക്കുകയും ചെയ്യുമ്പോൾ ഇത് തിരിച്ചറിയാവുന്നതാണ്. ഭാഗ്യവശാൽ, ഒരു അന്വേഷണാത്മക പത്രപ്രവർത്തകൻ ചെയ്യുന്നതുപോലെ, അദ്ദേഹത്തിന് നന്നായി അറിയാവുന്ന വിഷയമാണ് കൈകാര്യം ചെയ്തത്. സംഘടനയുമായി ബന്ധപ്പെട്ട അടിസ്ഥാന പ്രമേയങ്ങൾ വെളിപ്പെടുത്തുന്ന അദ്ദേഹത്തിന്റെ സാക്ഷ്യം ശ്രദ്ധാപൂർവ്വം കേൾക്കുന്നത് വഴി നിരവധിപേർക്ക് ധാരാളം സമയവും ഊർജ്ജവും ലാഭിക്കാൻ കഴിയും.

വ്യക്തിയുടെ മഹത്വങ്ങൾ തുടക്കത്തിൽ പറഞ്ഞതിനുശേഷം "*കാര്യങ്ങൾ വ്യക്തമാക്കുക*" എന്ന ശൈലിയാണ് അദ്ദേഹം അവലംബിച്ചിരിക്കുന്നത്. തെറ്റ്

മനുഷ്യസഹജമാണ്, അത്തരമൊരു സാഹചര്യത്തിൽ തെറ്റ് പറ്റിയെന്ന് സമ്മതിക്കുകയും, താൻ മറ്റുള്ളവരെ തെറ്റിദ്ധരിപ്പിച്ചുവെന്ന് ആളുകളെ അറിയിക്കുകയുമാണ് വേണ്ടത്. അതിനാൽ അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധിക്കാൻ തയ്യാറുള്ള ഭക്തരുടെയും അനുഭാവികളുടെയും ശാക്തീകരണത്തെ സുഗമമാക്കുന്നതിലൂടെ ഈ പുസ്തകം മഹത്തായ ഒരു സേവനമാവും ചെയ്യുക. ഇതിൽ അടങ്ങിയിരിക്കുന്ന വെളിപ്പെടുത്തലുകൾ മുൻ ശിഷ്യന്മാരെ പോലും ഞെട്ടിക്കാൻ പ്രാപ്തമാണ്, അവർ പലതും അറിഞ്ഞിരിക്കാനിടയില്ല, അല്ലെങ്കിൽ ഇത്രയും വിശദാംശങ്ങൾ അറിവുണ്ടാകില്ല.

ഈ കൃതിയുടെ വിലപ്പെട്ട ഘടകങ്ങളിലൊന്ന് ഔദ്യോഗിക ജീവചരിത്രത്തിന്റെ പുനർവ്യാഖ്യാനമാണ്. രചയിതാവിന്റെ വീക്ഷണവും, സംഘടനയുടെ ഉള്ളുകള്ളികളെക്കുറിച്ചുള്ള അറിവും ഔദ്യോഗിക ആഖ്യാനത്തെ പൊളിച്ചെഴുതാനും, പ്രസ്തുത വ്യക്തിയുടെ പരിണാമവും സാക്ഷാത്കാരവും സംബന്ധിച്ച യാഥാർത്ഥ്യങ്ങളെ അനാവരണം ചെയ്യാനും സഹായിച്ചു. ഗെയിൽ ട്രെഡ് വെല്ലിനുശേഷം, ജാകിസും സ്വന്തം രീതിയിൽ അയാളുടെ മുൻ ഗുരുവിന്റെ പ്രവർത്തനങ്ങളും പ്രവണതകളും വളരെ സ്വകാര്യമായ ഓർമ്മകളും വെളിപ്പെടുത്തിയിരിക്കുന്നു.

ജാകിസ് വളരെക്കാലം മുമ്പുതന്നെ പ്രസ്ഥാനത്തിന്റെയും അതിന്റെ നേതാവിന്റെയും നിരവധി പ്രശ്നങ്ങളെക്കുറിച്ചും അതിക്രമങ്ങളെക്കുറിച്ചും പറഞ്ഞിരുന്നു. എന്നിരുന്നാലും, അദ്ദേഹം എല്ലാ കാര്യങ്ങളും എന്നോട് തുറന്നു പറഞ്ഞിട്ടുണ്ടായിരുന്നില്ല: പ്രത്യേകിച്ചും, ചില ശിഷ്യന്മാരുമായി അവർക്കുണ്ടായിരുന്ന അടുത്ത ബന്ധങ്ങളെക്കുറിച്ചും, അത്തരത്തിലുള്ള അദേഹത്തിന്റെ വ്യക്തിപരമായ അനുഭവത്തെക്കുറിച്ചും സംസാരിച്ചിട്ടില്ല. അതുപറഞ്ഞ് അന്ന് എന്നെ ഞെട്ടിക്കാൻ അദ്ദേഹത്തിന് താൽപര്യമുണ്ടായിക്കാണില്ല.

അദ്ദേഹത്തിന്റെ സത്യസന്ധവും നിഷ്കളങ്കവുമായ സാക്ഷ്യം നമ്മെ അസ്വസ്ഥരാക്കും എന്ന് തീർച്ചയാണ്. എന്നാൽ ഒരു പ്രസ്ഥാനത്തെയും മതത്തെയും പ്രതിനിധീകരിക്കുന്ന ഈ പ്രശസ്ത വ്യക്തിത്വത്തെക്കുറിച്ച് പൊതുജനങ്ങളെ അറിയിക്കുകയും അത്ഭുതകഥകൾ അവസാനിപ്പിക്കുകയും ചെയ്യേണ്ടത് പ്രധാനമാണ്.

അദ്ദേഹം ഇപ്രകാരം പറയുന്നു: *"എനിക്കറിയാവുന്നതിന്റെ ഒരു ഭാഗം മാത്രമാണ് ഇവിടെ പരാമർശിക്കുന്നത്, കാരണം ഗോസിപ്പുകൾ പ്രചരിപ്പിക്കുകയോ ആരെയും പരസ്യമായി അപമാനിക്കുകയോ അല്ല എന്റെ ലക്ഷ്യം. എന്നാൽ ഗെയ്ൽ ട്രെഡ് വെല്ലിന്റെ "ഹോളി ഹെൽ" ലെ ആത്മാർത്ഥമായ സാക്ഷ്യം നുണകളാൽ നിറഞ്ഞതാണെന്ന് പറഞ്ഞ് പരസ്യമായി അവരെ അധിക്ഷേപിക്കുമ്പോൾ, അവർ ഒറ്റയ്ക്കല്ലെന്നും, ഞങ്ങളുടെ ആഖ്യാനത്തെ ശക്തിപ്പെടുത്താൻ പോന്ന ധാരാളം വിവരങ്ങൾ ഇപ്പോഴും ഞങ്ങളുടെ കൈവശമുണ്ടെന്നും ആളുകളെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു"*[4].

ഗെയിലിനെതിരെ ആരോപിച്ചതുപോലെ, അദ്ദേഹത്തെ അറിയാത്ത ചില മൗലികവാദികൾ, തങ്ങളുടെ മതത്തെ തരംതാഴ്ത്താനുള്ള ഗൂഡാലോചനയുമായി വന്ന ഒരു ക്രിസ്ത്യൻ ഏജന്റാണെന്ന് അദ്ദേഹത്തെ വിമർശിച്ചേക്കാം. കത്തോലിക്കാ, ജൂത വിഭാഗങ്ങളിലെ നിരീശ്വരവാദികളായ മാതാപിതാക്കൾക്ക് ജനിച്ചതുകൊണ്ട് ആ വാദം നിലനിൽക്കാൻ സാധ്യതയില്ല. യഥാർത്ഥത്തിൽ, ഈ പുസ്തകം ഹിന്ദുമതത്തോടുള്ള ആദരസൂചകമാണ്, അത് അടിസ്ഥാനപരമായി എന്താണെന്നും, ചില വ്യക്തമായ ക്രമക്കേടുകളുണ്ടെങ്കിൽ പോലും അതിന് എന്തായിരിക്കാൻ സാധിക്കുമെന്നും പറഞ്ഞിരിക്കുന്നു. ഒരു ആത്മീയ വ്യക്തിത്വത്തിന്റെ വിമർശനത്തെ അതിന്റെ തെറ്റുകളായി കണ്ട് ആശയക്കുഴപ്പത്തിലാക്കാതിരിക്കുക

എന്നത് തീർച്ചയായും പ്രധാനമാണ്. ഭൗതികവും സാമൂഹികവും മതപരവുമായ വിജയം അവരുടെ തലയ്ക്ക് പിടിക്കുമ്പോൾ, ആയിരക്കണക്കിന് വർഷം പഴക്കമുള്ള പാരമ്പര്യങ്ങളുടെ ആഗോളദർശനം മഹാന്മാരായ യഥാർത്ഥ യോഗികളുടെ ഒരു നീണ്ട പരമ്പരയിലൂടെ സ്വയം വേറിട്ടുനിൽക്കുന്നു. തന്റെ വിമർശകരെയും എതിരാളികളെയും നിശ്ശബ്ദരാക്കാൻ അന്താരാഷ്ട്ര അഭിഭാഷകരെ കൊണ്ടുവരാൻ മടിക്കാത്ത ഈ വിശാലവും അളവറ്റ സമ്പത്തുമുള്ള സംഘടനയ്ക്കെതിരെ ഒരു വ്യക്തി എന്ന നിലയിലുള്ള ഗ്രന്ഥകർത്താവിന്റെ പോരാട്ടം ഗോലിയാത്തിനെതിരായ ദാവീദിന്റെ പോരാട്ടത്തെ ഓർമ്മിപ്പിക്കുന്നു. ഈ സത്യത്തിന്റെ ദൗത്യത്തിൽ അദ്ദേഹം വിജയിക്കട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

ഗ്രന്ഥകർത്താവ് വായനക്കാരനെ തന്റെ മുൻ ഗുരുവിന്റെയും അവരുടെ സ്ഥാപനത്തിന്റെയും വിവിധ പ്രവർത്തനവൈകല്യങ്ങളിലൂടെയും അതിക്രമങ്ങളിലൂടെയും ക്രമാനുഗതമായ കണ്ടെത്തലിലൂടെ നയിക്കുന്നു. അദ്ദേഹത്തിന്റെ നേരിട്ടുള്ള അനുഭവവും അന്വേഷണവും അനവധി വിഷയങ്ങൾ ഉൾപ്പെട്ടതാണ്: ആത്മീയ വംശപരമ്പര, പഠനവും നേട്ടവും, ധാർഷ്ട്യവും കൃത്രിമത്വവും, ഉന്മാദത്തിന്റെ പ്രകോപനങ്ങളും മാനസിക തകർച്ചയും, ലൈംഗികതയും അത്യാഗ്രഹവും, വ്യക്തിപൂജയും, അത്ഭുതങ്ങളും പ്രവചനങ്ങളും, ഭക്തരുടെ ശിശുവൽക്കരണവും അക്രമവും, മാധ്യമങ്ങൾ കെട്ടിച്ചമച്ചതും വിരുദ്ധവുമായ വിവരങ്ങൾ, സാമ്പത്തികവും ചാരിറ്റിയും, പ്രധാന സാക്ഷ്യങ്ങളും റിപ്പോർട്ടുകളും ഉപയോഗിച്ച് വിദ്യാഭ്യാസം, ആരോഗ്യം, വികസന സഹായം തുടങ്ങിയ മേഘലകളിലെ സംരംഭകസാമ്രാജ്യം അതിന്റെ സുപ്രധാന സാക്ഷ്യങ്ങളും റിപ്പോർട്ടുകളും, മിഥ്യയുടെയും യാഥാർത്ഥ്യത്തിന്റെയും നിർമ്മാണം, മോഷണവും നൂതന ആധികാരികതയും,

സ്ത്രീകളുടെ ശാക്തീകരണവും പുരുഷാധിപത്യ പിന്തുണയും, രാഷ്ട്രീയവും അധികാരവും, പ്രശസ്തരും പാരമ്പര്യങ്ങളും. വിഭാഗീയ പ്രസ്ഥാനങ്ങളുടെ പ്രധാന സവിശേഷതകളെല്ലാം നമുക്ക് ഇതിൽ കണ്ടെത്താനാകും. ഇതിനോടകം ധാരാളം ലേഖനങ്ങൾ ഉണ്ടായിരുന്നിട്ടും നിരവധി ആളുകൾ ഇപ്പോഴും അതേ കെണിയിൽ വീഴുന്നു എന്നത് സങ്കടകരമാണ്.

രചയിതാവിന്റെ വിശകലനത്തെ പിന്തുണയ്ക്കുന്ന, നേരിട്ട് ലഭ്യമായ ഇന്റർനെറ്റ് ലിങ്കുകളുടെ എണ്ണമാണ് ഈ കൃതിക്ക് ശക്തി പകരുന്ന മറ്റൊരു ഘടകം: മിക്കവാറും എല്ലാ പേജിലും വായനക്കാർക്ക് താൽപ്പര്യമുള്ള അല്ലെങ്കിൽ സംശയങ്ങൾ ഉണ്ടായേക്കാവുന്ന വിഷയങ്ങളിൽ സ്വന്തമായി ഗവേഷണം ആരംഭിക്കാൻ കഴിയുന്ന തരത്തിലാണ് ലിങ്കുകൾ നൽകിയിരിക്കുന്നത്- പുസ്തകത്തിന്റെ ഇലക്ട്രോണിക് പതിപ്പിൽ ഇവ പ്രത്യേകിച്ച് ഉപയോഗപ്രദമാണ്. ഇങ്ങനെ അദ്ദേഹത്തിന്റെ സാക്ഷ്യത്തിന്റെയും അന്വേഷണാത്മക പ്രവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ വായനക്കാർക്ക് സ്വന്തമായി അഭിപ്രായങ്ങൾ രൂപീകരിക്കാൻ കഴിയും.

തന്റെ വ്യക്തിപരമായ സാക്ഷ്യത്തിനുശേഷം, കൃതിയുടെ രണ്ടാം ഭാഗത്തിൽ, ഒരു ആധികാരിക ആത്മീയ ഗുരുവിനെ തിരിച്ചറിയാനുള്ള മാനദണ്ഡങ്ങൾ, ഗുരു-ശിഷ്യ ബന്ധത്തിന്റെ യഥാർത്ഥ അർത്ഥം, ആവശ്യമെങ്കിൽ നഷ്ടങ്ങൾ കഴിവതും കുറച്ചുകൊണ്ട് സാധാരണജീവിതം വീണ്ടെടുക്കുന്നതിനുള്ള ഘടകങ്ങൾ എന്നിവ മനസ്സിലാക്കാനുള്ള മാർഗ്ഗങ്ങളും ഗ്രന്ഥകർത്താവ് നമുക്ക് നൽകുന്നു. സംസ്കൃത സ്രോതസ്സുകളുള്ള ക്ലാസിക്കൽ പാരമ്പര്യത്തിന്റെ ചട്ടക്കൂടിനുള്ളിൽ ഗുരുശിഷ്യ ബന്ധവും ധർമ്മത്തിന്റെ അർത്ഥവും അതിന്റെ കാഴ്ചപ്പാടുകളും ഉൾക്കൊള്ളിക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. ഇത് ആളുകൾക്ക് ഒരു ഉറച്ച അടിത്തറയിൽ വേരൂന്നിനിൽക്കാൻ സാധ്യമാക്കുകയും,

വ്യക്തികളെയോ ഗ്രൂപ്പുകളെയോ വിമര്‍ശിക്കുന്നതിനോ/ വസ്തുതാപരമായി അക്രമിക്കുന്നതിനോ അപ്പുറം ചര്‍ച്ച വിശാലമാക്കുകയും ചെയ്യുന്നു. പ്രത്യേകിച്ചും, ഈ രണ്ടാം ഭാഗത്തിന്റെ അവസാന പേജുകള്‍ ശ്രദ്ധാപൂര്‍വ്വം വായിക്കാന്‍ ഞാന്‍ ശുപാര്‍ശ ചെയ്യുന്നു. അവിടെ അദ്ദേഹം ഒരാള്‍ വിശ്വാസം നഷ്ടപ്പെട്ട് തിരിച്ചു പോകുന്നതിന്റെ മനഃശാസ്ത്രത്തെക്കുറിച്ച് വിശദമാക്കുന്നു. അതായത് ഒരു വിശ്വാസം, ഒരു മതം, ഒരു സംഘം, അല്ലെങ്കില്‍ ഒരു ഗുരു എന്നിവയുമായി ബന്ധപ്പെട്ട് സ്വയം വേര്‍പെടുത്തുകയും ശാക്തീകരിക്കുകയും ചെയ്യുന്നത് എങ്ങനെ എന്ന് വ്യക്തമാക്കുന്നു.

അദ്ദേഹത്തിന്റെ പുസ്തകം അമൂല്യവും ആധികാരികവുമായ ഒരു സാക്ഷ്യം മാത്രമല്ല, സ്വയം കണ്ടെത്തുന്നതിനും, ഗ്രഹിക്കാനും വിട്ടുപോരാനും ബുദ്ധിമുട്ടുള്ള ആത്മീയവും സാമൂഹികവും വ്യക്തിപരവുമായ ഒരു സാഹചര്യത്തെ ചുറ്റിപ്പറ്റി സഞ്ചരിക്കുന്നതിനുള്ള ഒരു വഴികാട്ടി കൂടിയാണ്. വരാനിരിക്കുന്നതിന്റെ പ്രത്യാഘാതങ്ങള്‍ ഭയപ്പെടുന്നവര്‍ക്ക് മഹാത്മാഗാന്ധിയുടെ ഈ വാക്കുകള്‍ കൊണ്ട് സ്വയം ആശ്വസിപ്പിക്കാന്‍ കഴിയും: *"സത്യം പറയുക: തുടക്കത്തില്‍ നിങ്ങള്‍ തനിച്ചായിരിക്കും, പിന്നീട് മിക്കവരും നിങ്ങളെ അനുഗമിക്കും!"* പഴഞ്ചൊല്ല് പറയുന്നതനുസരിച്ച്: *"നിങ്ങള്‍ക്ക് എല്ലാ ആളുകളെയും ചിലപ്പോഴും, ചില ആളുകളെ എല്ലായ്പ്പോഴും വിഡ്ഢികളാക്കാന്‍ കഴിയും, പക്ഷേ എല്ലാ ആളുകളെയും എല്ലായ്പ്പോഴും വിഡ്ഢികളാക്കാന്‍ കഴിയില്ല!"*.

# ഭാഗം-1

# കെട്ടുകഥയുടെ പൊളിച്ചെഴുത്ത്

## I.1. ആമുഖം

അസാധാരണമെന്ന് മറ്റുള്ളവർക്ക് തോന്നുന്ന ഒന്നാണ് എന്റെ ജീവിതപാത; എനിക്കുതന്നെ പലപ്പോഴും അത് അസ്വസ്ഥതയുളവാക്കിയിട്ടുണ്ട്. ഞാൻ എന്നോടുതന്നെ പലപ്പോഴും ചോദിച്ചിട്ടുണ്ട് *"ഈ ജീവിതകഥയുടെ യുക്തി എന്താണ്?", "ഒടുവിൽ എന്തൊക്കെയായിരിക്കും ഓർമ്മിക്കപ്പെടുക?" "ഞാൻ എന്താണ് നേടിയത്?" "ജീവിതത്തിന്റെ വഴിത്തിരിവുകളിൽ, ഈ വഴിയല്ല മറ്റൊരു വഴിയാണ് ഞാൻ തെരഞ്ഞെടുക്കേണ്ടിയിരുന്നത് എന്ന് എങ്ങനെയാണ് മനസ്സിലാക്കേണ്ടിയിരുന്നത്?" "അങ്ങനെ മറ്റൊരു വഴി തെരഞ്ഞെടുത്തിരുന്നെങ്കിൽ ഇന്ന് ഞാൻ ആരായേനെ?"* ഇത്തരം ചോദ്യങ്ങൾക്കൊന്നും ഉത്തരമില്ല. ജ്ഞാനത്തിന്റെ തുടക്കം തന്നെ പക്ഷം പിടിക്കാതെ ജീവിതത്തെ സ്വീകരിക്കുമ്പോഴാണ്. ഈ സംഭവങ്ങളിലും അനുഭവങ്ങളിലും അർത്ഥം തിരയുകയും, ആ അർത്ഥത്തെ നമ്മുടെ ഇച്ഛയ്ക്കും പ്രതീക്ഷയ്ക്കും യോജിച്ച

രീതിയിൽ പുനർവ്യാഖ്യാനം ചെയ്യാതിരിക്കുകയും ചെയ്യുമ്പോഴാണ്.

ബാല്യം മുതൽക്കേ ഞാൻ വിശ്വസിച്ചിരുന്ന അടിസ്ഥാനപരമായ മൂല്യങ്ങൾ *സത്യം, നീതി, ആധികാരികത, ആത്മാർത്ഥത, വിശ്വസ്തത* എന്നിവയാണ്. എനിക്ക് ഒരു ദൈവമുണ്ടെങ്കിൽ അത് ഈ മൂല്യങ്ങളാണ്. ഏതു മതമോ വിശ്വാസമോ ആയിക്കൊള്ളട്ടെ അവയിലെ ദൈവവും ഗുരുക്കന്മാരും പ്രതിനിധാനം ചെയ്യുന്നത് അതത് മൂല്യങ്ങളെയാണ്. അറിഞ്ഞോ അറിയാതെയോ എന്റെ എല്ലാ തെരഞ്ഞെടുപ്പുകളിലും ഈ മൂല്യങ്ങൾ തന്നെയായിരുന്നു അളവുകോൽ. ഇതേ മൂല്യങ്ങൾ തന്നെയാണ് എന്നെ എന്നും നയിച്ചിരുന്നത്; എന്റെ എട്ടു വയസ്സിലെ കുട്ടിത്തം നിറഞ്ഞ പ്രാർത്ഥനയിലും, 14 വയസ്സിലെ ഫിലോസഫി വായനയിലും, അതിനും രണ്ടു വർഷത്തിനുശേഷമുള്ള സ്കാൻഡിനേവിയൻ പര്യടനത്തിലും, ഇറ്റലിയിൽ നടന്ന എന്റെ ആദ്യ മാർഗ്ഗദർശിയുമായുള്ള കണ്ടുമുട്ടലിലും, പിൽക്കാലത്ത് യോഗയെയും ഇന്ത്യൻ ആത്മീയതയെയും അടുത്തറിഞ്ഞതിലും, ഇന്ത്യയ്ക്കുള്ളിലെ സഞ്ചാരത്തിനിടയിൽ സൂഫിസത്തെ അറിഞ്ഞതും, ഹൈന്ദവ ജ്ഞാനത്തെക്കുറിച്ചുള്ള ചിട്ടയായ പഠനത്തിനും, എന്റെ സ്വതന്ത്രമായ ആത്മീയാന്വേഷണങ്ങൾക്കും, പൂർവ്വ ഗുരുവുമായുള്ള കൂടിക്കാഴ്ചയ്ക്കും, അവരുടെ മാർഗ്ഗനിർദ്ദേശമനുസരിച്ചുള്ള പഠനത്തിനും, പടിഞ്ഞാറൻ അപ്പോസ്തല ജീവിതത്തിനും, ഒടുവിലെ പിരിഞ്ഞു പോവലിനും, പിന്നീട് 25 വർഷമായി തുടരുന്ന ആത്മീയപാതയിലെ സ്വതന്ത്ര സഞ്ചാരത്തിനും.

ഈ പുസ്തകം പ്രധാനമായും എന്റെ അനുഭവങ്ങളും തിരസ്കരണവുമാണെങ്കിലും (തുറന്നു പറച്ചിൽ), ഈ പാത പിന്തുടരുന്ന മറ്റുള്ളവർക്കുള്ള ഒരു മാർഗ്ഗരേഖ കൂടിയാണ്. ചതിക്കുഴികളിൽ വീഴാതെ എങ്ങനെ മുന്നേറാം എന്ന മാർഗ്ഗരേഖ. എന്റെ ചില അടിസ്ഥാന

നിരീക്ഷണങ്ങളെക്കുറിച്ച് പറയാം. ആദ്യമായി "അമ്മ" എന്ന് വിളിക്കപ്പെടുന്ന മാതാ അമൃതാനന്ദമയി 14 വർഷക്കാലം (1980 സ്പ്രിങ് കാലഘട്ടം മുതൽ 1993 വിന്റർ വരെയുള്ള കാലം) എന്റെ മനസ്സിൽ പ്രതിനിധാനം ചെയ്തിരുന്ന സ്നേഹത്തെ ഞാൻ ആദരവോടെ ഓർക്കുന്നു. എന്റെ ജീവിതത്തെത്തന്നെ മാറ്റിമറിക്കുകയും സമ്പന്നമാക്കുകയും ചെയ്ത വർഷങ്ങളായിരുന്നു: 1969 മുതൽ അവരിലേക്ക് എത്തിച്ചേരുന്നതുവരെയുള്ള 11 വർഷങ്ങൾ; അതിനുശേഷം അവരോടൊപ്പം ഇന്ത്യയിൽ ചെലവഴിച്ച അഞ്ചു വർഷങ്ങൾ, തുടർന്ന് അവരുടെ അപ്പോസ്തലനായി വിദേശത്ത് ചെലവഴിച്ച ഒമ്പത് വർഷങ്ങൾ (1985 -1993)! ആ യാത്ര ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. ഇതെഴുതുന്നതുവഴി ഞാനൊന്നും നിഷേധിക്കുകയോ തിരസ്കരിക്കുകയോ അല്ല; മറിച്ച്, ഒരു വ്യക്തി തന്റെ സഹജീവികളോടും അവനവനോടുതന്നെയും കാണിക്കേണ്ട ആദരവും പരിഗണനയും പ്രകടമാക്കുകയാണ്. ഒരുവന്റെ സ്വാഭിമാനമാണ് മറ്റുള്ളവരോടുള്ള ബഹുമാനമായി പുറമേ പ്രകടമാകുന്നത്. എന്റെ സമീപനം സത്യസന്ധവും അല്പം കഠിനവുമാണ്. ഇതിലെ സത്യാന്വേഷണവും സുതാര്യതയും ഉത്തരവാദിത്വബോധവും ചിലരിൽ ഞെട്ടലുണ്ടാക്കിയേക്കാം. പലരുടെയും മനസ്സിലെ ഉറപ്പുകളെയും സങ്കല്പങ്ങളെയും വിഗ്രഹങ്ങളെയും ഉടച്ചുവാർക്കും വിധം ശക്തവുമാണ് എന്റെ സമീപനം. ഒരുവന്റെ സ്വതന്ത്രേച്ഛയുടെ ഉത്തരവാദിത്വം അവനവന് തന്നെയാണ്. എന്റെയോ മറ്റുള്ളവരുടെയോ ചെയ്തികൾക്കുള്ള ഒഴിവുകഴിവോ, വിട്ടുവീഴ്ചകൾക്കുള്ള ന്യായീകരണമോ കണ്ടുപിടിക്കലല്ല എന്റെ ലക്ഷ്യം. അതുകൊണ്ടുതന്നെ ഇത് തുടർന്നു വായിക്കുക എന്ന സാഹസത്തിന് മുതിരുന്നതിനുമുമ്പ് കടുത്ത ഭക്തർക്കും വിശ്വാസികൾക്കും ഞാനിതാ മുന്നറിയിപ്പ് നൽകുന്നു, ഇതുവായിച്ച് നിങ്ങൾക്ക് അസ്വസ്ഥത തോന്നിയേക്കാം. സ്വതന്ത്രരും ധീരരുമായവർക്കും, അവനവനെത്തന്നെ ചോദ്യം ചെയ്യുവാനും സ്വന്തം പ്രതിബദ്ധത

പുനപരിശോധിക്കാനും തയ്യാറുള്ളവർക്കും വേണ്ടിയാണ് ഞാൻ എഴുതുന്നത്.

എന്റെ മനസ്സാക്ഷിയെ അനുസരിക്കാതെ എനിക്കൊരിക്കലും ഗുരുവിനെ അനുസരിക്കാൻ സാധ്യമല്ല. ഒരു ആത്മീയ ഗുരുവിന്റെ കർത്തവ്യം തന്നെ ശിഷ്യന്റെ അന്തരാത്മാവിനെ ഉണർത്തുക എന്നതാണ്. ശിഷ്യൻ തന്റെ അന്തരാത്മാവുമായി ദൃഢമായ ബന്ധം കൈവരിച്ചു കഴിഞ്ഞാൽ ഗുരു അവിടെ പതിയെ അപ്രസക്തമാവുകയാണ്. അതുകൊണ്ടുതന്നെ, സ്വന്തം അന്തരാത്മാവുമായി യോജിച്ചുപോകുന്ന രീതിയിൽ വേണം ഗുരുവിനോടുള്ള വിധേയത്വവും അനുസരണയും. അന്ധവും ഭ്രാന്തവുമായ വിധേയത്വവും അടിമത്വവും ആകരുത് അത്. ഗുരുവിനെ അനുസരിക്കുകയും സ്വന്തം അന്തരാത്മാവിനെ തിരസ്കരിക്കുകയും ചെയ്യുന്നത് ദുരന്തത്തിലേ അവസാനിക്കൂ. ആത്മാവബോധത്തിലൂടെയാണ് ഗുരുവിനോടുള്ള ശരിയായ വിധേയത്വം ഉണ്ടാവുന്നത്. അങ്ങനെ ആത്മാവബോധത്തിനായുള്ള സ്വയം നിരീക്ഷണത്തിനും, ഗുരുവിനെ നിരീക്ഷിച്ചതിനുമൊടുവിലാണ് 1993 ൽ ഞാൻ സാമാന്യ ജീവിതത്തിലേക്ക് മടങ്ങിപ്പോകാൻ തീരുമാനിച്ചത്. സന്യാസ ജീവിതത്തിൽ നിന്ന് സാമാന്യ ജീവിതത്തിലേക്കുള്ള എന്റെ മടങ്ങിപ്പോകലിനെ അങ്ങേയറ്റത്തെ വഞ്ചനയായാണ് എന്റെ പൂർവ്വഗുരുനാഥ കണക്കാക്കിയത്. ഞാൻ നിർവ്വഹിച്ചിരുന്ന എല്ലാ കർത്തവ്യങ്ങളിൽ നിന്നും ഉത്തരവാദിത്വങ്ങളിൽ നിന്നും പ്രസ്ഥാനത്തിൽ നിന്ന് തന്നെയും പുറത്താക്കപ്പെടേണ്ടവിധം വലിയ ഒരു പിഴവായി ഇതിനെ കണക്കാക്കിയതിന്റെ പൂർണമായ ഉത്തരവാദിത്വം എന്റെ പൂർവ്വ ഗുരുനാഥയിൽ തന്നെയാണ്. അവർക്കതിനെ വ്യത്യസ്തമായി നോക്കിക്കാണാമായിരുന്നു; എന്നാൽ ഇങ്ങനെ പ്രതികരിക്കാനാണ് അവർ തീരുമാനിച്ചത്. ഈ

പ്രതികരണം അവരുടെ വ്യക്തിത്വത്തെ ത്തന്നെ തുറന്നു കാട്ടുന്നതാണ്.

ഗെയിൽ ട്രഡ്വെല്ലിന്റെ പുസ്തകമിറങ്ങിയപ്പോൾ (ഹോളി ഹെൽ[5]) സംഘടനയുടെ ഭാഗത്തുനിന്നുമുണ്ടായ ശക്തമായ പ്രതികരണമാണ് എന്നെ ഈ പുസ്തകമെഴുതാൻ പ്രേരിപ്പിച്ചത്. ഇരുപതു കൊല്ലത്തോളം അമ്മയുടെ പേഴ്സണൽ അറ്റൻഡന്റ് ആയിരുന്ന വ്യക്തിയാണ് ഗെയിൽ എന്ന ഗായത്രി, അഥവാ സ്വാമിനി അമൃതപ്രാണ. തുടർന്ന് എനിക്കും എന്റെ അനുഭവങ്ങളും ഓർമ്മകളും രേഖപ്പെടുത്തണം എന്ന ആഗ്രഹമുണ്ടായി. ഞാനും ഗെയിലും നീലുവുമാണ് (നീൽ റോസ്നർ അഥവാ സ്വാമി പരമാത്മാനന്ദ) മാതാ അമൃതാനന്ദമയി എന്ന് പിൽക്കാലത്ത് അറിയപ്പെട്ട (എന്ന് പിന്നീട് സ്വയം പേര് മാറ്റിയ) സുധാമണി ഇടമണ്ണേലിനൊപ്പം ആദ്യമായി ദീർഘകാലം താമസിക്കാൻ എത്തിയ വിദേശികൾ. അവരെ അമ്മ എന്നുതന്നെയിരുന്നു ഞങ്ങൾ അന്നേ വിളിച്ചിരുന്നത്. ഇന്ത്യയിലെ ചിലയിടങ്ങളിലെ ആചാരമനുസരിച്ച് ഒരച്ഛന് സ്വന്തം മകളെ "അമ്മ" എന്ന് വിളിക്കാൻ കഴിയും (ഉദാഹരണത്തിന് തമിഴ്നാട്ടിൽ), അല്ലെങ്കിൽ മുതിർന്ന ഒരു പുരുഷന് കൗമാരക്കാരിയായ ഒരു പെൺകുട്ടിയെ "ദീദി" എന്ന് വിളിക്കാൻ കഴിയും (ഉദാഹരണത്തിന് നോർത്ത് ഇന്ത്യയിൽ). ഈ ആചാരത്തിന്റെ തുടർച്ച എന്നപോലെ തങ്ങളുടെ ആത്മീയ ഗുരുവായ അമ്മയുടെയോ, ബാബയുടെയോ (അച്ഛൻ) ശിഷ്യർക്ക് ബുദ്ധിമുട്ടില്ലാതെ "അമ്മ" അല്ലെങ്കിൽ "ബാബ" എന്ന് തന്നെ സംബോധന ചെയ്യാൻ കഴിയും.

ഈ പ്രത്യേക പശ്ചാത്തലത്തിൽ ഇനിയങ്ങോട്ട് പുസ്തകത്തിൽ "അമ്മ" എന്ന വ്യക്തിയെ "A" എന്ന ഇനിഷ്യൽ ഉപയോഗിച്ചാണ് പരാമർശിച്ചിട്ടുള്ളത്. ഇതിന്റെ കാരണങ്ങൾ വായനക്കാർക്ക് വഴിയെ മനസ്സിലാവും,

ആദ്യ ഭാഗത്തിന്റെ അഞ്ചാം അധ്യായത്തിൽ ഇങ്ങനെ ചെയ്യാനുള്ള കാരണങ്ങൾ ഞാൻ വിശദീകരിക്കുന്നുമുണ്ട്.

തുടക്കത്തിൽ തന്നെ ഒരുകാര്യം വ്യക്തമാക്കേണ്ടതുണ്ട്. എന്റെ ഈ അനുഭവസാക്ഷ്യം എന്റെ മാത്രം സ്വതന്ത്രേച്ഛയിൽ നിന്ന് ഉണ്ടായതാണ്. ചില ആചാരങ്ങളും പ്രവർത്തികളും തിരസ്കരിക്കേണ്ടതുണ്ട് എന്ന എന്റെ ബോധ്യവും മറ്റുള്ളവരെ ചിന്തിപ്പിക്കുക എന്ന ഉദ്ദേശവും ആശങ്കയിൽ തുടരുന്നവരെ സഹായിക്കുക എന്ന ലക്ഷ്യവുമല്ലാതെ ഇതിന് പിന്നിൽ മറ്റൊരു പ്രേരണയുമില്ല.

ഞാൻ ഒരു മതത്തിന്റെയും വക്താവല്ല, ഒരു രാഷ്ട്രീയ പാർട്ടിയിലും എനിക്ക് പ്രാതിനിധ്യമില്ല. ഞാനൊരു മതവിദ്വേഷിയോ ആത്മീയതയെ എതിർക്കുന്നയാളോ അല്ല. യാതൊരുവിധ അവകാശവാദങ്ങളും എനിക്ക് ഉന്നയിക്കാനില്ല. അംഗീകാരങ്ങൾ ഒന്നും തന്നെ ആഗ്രഹിക്കുന്നുമില്ല. പ്രസ്ഥാനത്തിൽ നിന്ന് പുറത്താക്കപ്പെട്ടിട്ടും കഴിഞ്ഞ 27 വർഷമായി ആധ്യാത്മിക വഴിയിലൂടെ തന്നെ തുടർന്നും സഞ്ചരിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയാണ് ഞാൻ. അതിന്റെ അനുഭവസമ്പത്ത് എന്നെ പരിപക്വമാക്കുകയും ചെയ്തിട്ടുണ്ട്.

തുടർവായനയിൽ (പ്രത്യേകിച്ചു രണ്ടാം ഭാഗത്തിലെ അദ്ധ്യായങ്ങളിൽ) സനാതന ഭാരതത്തോടുള്ള എന്റെ അഗാധമായ ബഹുമാനവും സ്നേഹവും വായനക്കാരന് വ്യക്തമാവും. ഈ രാജ്യവും അതിന്റെ സംസ്കാരവും എന്റെ ആത്മാവിന്റെ തന്നെ ഭാഗമാണ്. മുപ്പതാം വയസ്സിൽ ഞാൻ പടിഞ്ഞാറൻ രാജ്യത്തേക്ക് തിരിച്ചുപോകുമ്പോഴേക്കും പാതിജന്മം ഞാൻ ഇവിടെ ജീവിച്ചു തീർത്തിരുന്നു. അതിന്റെ അടയാളം എന്നിൽ ആഴത്തിൽ പതിയുകയും ചെയ്തിരുന്നു. ശരിയായ സ്നേഹമുള്ളിടത്ത് വിമർശിക്കാൻ മടി കാണിക്കേണ്ടതില്ലല്ലോ. ബലഹീനതകളും കാര്യക്ഷമതയില്ലായ്മയും കാണുമ്പോൾ കാര്യങ്ങൾ

മെച്ചപ്പെടണമെന്നും അടിമുടി പരിഷ്കരിക്കണമെന്നും തോന്നുന്നത് സ്വാഭാവികമാണ്. ഈ രാജ്യത്തിന്റെ വിശുദ്ധ ഗ്രന്ഥങ്ങളും ധർമ്മശാസ്ത്രങ്ങളും ജ്ഞാനവും പാരമ്പര്യവും എനിക്ക് എന്നും പ്രചോദനമായിട്ടുണ്ട്. അതുകൊണ്ടുതന്നെ ചോദ്യം ചെയ്യപ്പെടാവുന്ന ദൂഷ്യവശങ്ങൾ കൂടി പറയുന്നത് ന്യായീകരിക്കാവുന്നതാണെന്ന് ഞാൻ വിശ്വസിക്കുന്നു. അത് എന്നെ ഹിന്ദു വിരുദ്ധനോ, ഇന്ത്യാ വിരുദ്ധനോ ആക്കുകയില്ല. ഗെയിലിന്റെ പുസ്തകം പുറത്തുവന്നപ്പോൾ ഗെയിലിനെതിരെ ഇത്തരം ആരോപണങ്ങൾ വന്നിരുന്നു. ഈ രാജ്യം ഒരു ഹിന്ദു ദേശീയവാദ പുനരുജ്ജീവനത്തിലൂടെ പോയിക്കൊണ്ടിരിക്കുന്നു എന്നതുകൊണ്ട് അതിന്റെ ആചാരങ്ങളും രീതികളും വിമർശ്ശനാതീതമാണ് എന്ന് അർത്ഥമില്ല. മാത്രവുമല്ല ദേശീയ മീഡിയകൾ തന്നെ ഇവയെല്ലാം വിമർശിക്കുന്നുമുണ്ട്. ചൂഷണവും അഴിമതിയും വൈകൃതങ്ങളും പുറത്തു കൊണ്ടുവരുന്നതും ചോദ്യം ചെയ്യുന്നതും ഹിന്ദുവിരുദ്ധവും ചില ഇന്ത്യൻ ആത്മീയ ഗുരുക്കന്മാരുടെ ആക്ഷേപജനകമായ പ്രകടനങ്ങൾ ഹിന്ദുസ്നേഹവും ആവുന്നത് എങ്ങനെയാണ്? പരിഹാസ്യമായ അവകാശവാദങ്ങളുന്നയിക്കുകയും പെരുമാറുകയും നിയമത്തിന്റെ കണ്ണുവെട്ടിച്ച് നടക്കുകയും ചെയ്യുന്ന ആത്മീയ ഗുരുക്കന്മാർ ധാരാളമുണ്ട്. ഇവരെല്ലാം പരക്കെ അറിയപ്പെടുന്നവരായതിനാൽ പേരുകൾ പറയേണ്ട കാര്യമില്ല. ഇന്ത്യയിലും പുറമേയും ധാരാളം ഭക്തരുള്ള ഈ കോമാളികൾ ആരും വിദേശ ഏജന്റുമാരല്ല. ആന്തരിക ജീർണതയുടെ വ്യക്തമായ അടയാളമാണ് ഇവർ. ഈ കപട വേഷധാരികളുടെ ഭാവിയെക്കുറിച്ച് ആലോചിക്കേണ്ടതില്ല. എന്നാൽ ലക്ഷക്കണക്കിന് ജനങ്ങൾ ഇവരുടെ കാപട്യത്തിൽ കുടുങ്ങി തങ്ങളുടെ ജീവിതവും ദേശത്തിന്റെ ഊർജ്ജവും പാഴാക്കാതിരിക്കാനായി ജനങ്ങളെ ബോധവൽക്കരിക്കേണ്ടതെങ്ങനെയെന്നും, മതത്തെയും ആചാരങ്ങളെയും

നവീകരിക്കേണ്ടതെങ്ങനെയെന്നുമാണ് നമ്മൾ ആലോചിക്കേണ്ടത്. ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്ന ചില പ്രധാന സംഭവങ്ങൾ അങ്ങനെ ഒരു പുനർചിന്തനത്തിനു സഹായിച്ചേക്കും എന്ന് ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. ഞാൻ അമൂല്യമായി കരുതുന്ന ഈ രാജ്യത്തിനുവേണ്ടിയുള്ള എന്റെ ഒരു സേവനമാവും അത്. ഒരു സേവനം എന്ന് പറയാൻ കാരണം കഴിഞ്ഞ 20 വർഷക്കാലമായി ഞാനൊരു സ്വിസ് മതേതര ഗ്രാമീണ വികസന സംഘടനയായ "Ushagram Suisse Association"[6] ന്റെ ആഭിമുഖ്യത്തിൽ വെസ്റ്റ് ബംഗാളിലെ ബംഗ്ലാദേശി അഭയാർത്ഥികൾക്കും ഒഢീഷയിലെ ആദിവാസികൾക്കും വേണ്ടി പ്രവർത്തിച്ചുവരുന്നു. ഞാൻ അടങ്ങുന്ന ഈ സംഘടനയുടെ സന്നദ്ധസേവകർ, പണം സംഭരിക്കുകയും ഇരുന്നൂറിലധികം പ്രൊജക്റ്റുകൾ മേല്പറഞ്ഞ സ്ഥലങ്ങളിലെ നിവാസികൾക്കുവേണ്ടി കഴിഞ്ഞ ഇരുപത് വർഷത്തിനിടയിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ജോലിക്കും കുടുംബത്തിനുമിടയിൽ വൈകുന്നേരങ്ങളിലും ഒഴിവു ദിവസങ്ങളിലും സമയം കണ്ടെത്തിയാണ് ഈ സന്നദ്ധ സേവനം ചെയ്തിട്ടുള്ളത്. മതാന്ധരായവർ ഇതുവരെയെങ്കിലും വായിച്ചാൽ അവർക്ക് എന്റെ ആത്മാർത്ഥതയും ഭാരതീയ മൂല്യങ്ങളോടുള്ള എന്റെ പ്രതിബദ്ധതയും ഈ വിമർശനാത്മകമായ അനുഭവസാക്ഷ്യം എഴുതാനുള്ള കാരണവും മനസ്സിലാകും എന്നു ഞാൻ പ്രതീക്ഷിക്കുന്നു. മതാന്ധരായി ഫത്വകൾ ഇറക്കുന്നവർ ഒരിക്കലും ആ പുസ്തകങ്ങൾ വായിച്ചു നോക്കാറില്ല എന്നറിയാമെങ്കിലും, ഞാൻ പ്രതീക്ഷ കൈവിടുന്നില്ല. സദുദ്ദേശത്തോടുകൂടിയ വിമർശനങ്ങൾ അത്യാവശ്യമാണെന്നും പ്രശസ്തരും ഉന്നതരുമായ വ്യക്തികളുടെ ചെയ്തികളും പ്രവർത്തിയും കറകളഞ്ഞതും സുതാര്യവുമാവണമെന്നും അവ ആവശ്യമെങ്കിൽ വിമർശനങ്ങൾക്ക് വിധേയമാകണമെന്നും ഞാൻ വിശ്വസിക്കുന്നു. അതിക്രമങ്ങളെയും ചൂഷണങ്ങളെയും ചോദ്യം ചെയ്യുന്ന

മില്ലേനിയൽ തലമുറയുടെ രീതി ഞാനും പിൻതുടരുന്നു, ഇത് ഒരു മതത്തെ കുറച്ചു കാണിക്കാനുള്ള ശ്രമമല്ല. പ്രത്യേകിച്ചും ആ മതം, അല്ലെങ്കിൽ ധർമ്മം, പാരമ്പരാഗതമായി ആധികാരികതയിലല്ല, അന്വേഷണനിരീക്ഷണങ്ങളിലാണ് അധിഷ്ഠിതമായത് എന്നിരിക്കെ. വിമർശനം അങ്ങനെയൊരു മതത്തെ ശക്തിപ്പെടുത്തുകയേയുള്ളൂ.

ഇനിയും ഞാൻ മൗനം പാലിക്കുന്നത് ശരിയല്ലെന്നിരിക്കിലും, ഞാൻ സാക്ഷിയായ ക്രമക്കേടുകളുടെയും ചൂഷണങ്ങളുടെയും ഒന്നൊഴിയാതെയുള്ള ഒരു കണക്കെടുക്കുക എന്നതല്ല എന്റെ ഉദ്ദേശം. പ്രാധാന്യമുള്ളതെന്ന് എനിക്ക് തോന്നിയ ജീവിതാനുഭവങ്ങൾ പങ്കുവെയ്ക്കുന്നു എന്ന് മാത്രം. എന്തൊക്കെയായാലും, ഇരുപത്തിയഞ്ച് വർഷം മുൻപുള്ള ഓർമ്മകൾക്ക് അതിന്റേതായ പരിമിതികളുണ്ട്; ചില ഓർമ്മകൾക്ക് വ്യക്തതയില്ലാതെ വരാം. എന്നാൽ ചില സമയത്ത് ഒരു നിറമോ, ഒരു ഗന്ധമോ, ഒരു സംഭവമോ ഇത്തരം ഓർമ്മകളെ ഒന്നാകെ തെളിമയോടെ തിരികെ കൊണ്ടു വന്നേക്കാം. ഒരുവേള, പഴയ ഓർമ്മകൾക്ക് ഇന്നത്തെ ചിന്തകളെ സ്വാധീനിക്കാനുള്ള കഴിവുണ്ട്, ഇന്നത്തെ സംഭവങ്ങളോടുള്ള പ്രതികരണങ്ങളെ രൂപപ്പെടുത്താനുള്ള കഴിവുമുണ്ട്. ഈ അനുഭവങ്ങൾ തെളിവായി കണക്കാക്കപ്പെടില്ല എന്നെനിക്കറിയാം, എന്നാൽ ഇവയ്ക്ക് ചരിത്രപരമായ മൂല്യമുണ്ട്, ഒരു അനുഭവസാക്ഷ്യത്തിന്റെ സത്യസന്ധതയും. ഒരു വിവരണത്തിൽ ത്തന്നെ പലപ്പോഴും ബോധപൂർവമല്ലാതെ പല ഓർമ്മകളുടെ സ്വാഭാവികസങ്കലനം വന്നു ചേർന്നിട്ടുണ്ട്. ഈ ഓർമ്മകൾ വ്യക്തതയോടെ എന്റെ മനസ്സിൽ തെളിഞ്ഞു നിൽക്കുന്നവയാണ്. “A” യോടൊപ്പമുള്ള എന്റെ അനുഭവങ്ങൾ മുതിർന്നതിനു ശേഷമുള്ളവയാണ്, ആദ്യമായി കണ്ടു മുട്ടുമ്പോൾ ഞങ്ങൾ ഏകദേശം സമപ്രായക്കാരായിരുന്നു. അതുകൊണ്ടുതന്നെ ട്രോമയിലൂടെ കടന്നുപോയ ചില

നിസ്സഹായരായ കുട്ടികളെപ്പോലെ കാര്യങ്ങൾ ഓർത്തെടുക്കാൻ എനിക്ക് ഹിപ്നോസിസ് സെക്ഷനുകൾ വേണ്ടിവന്നില്ല.

എന്റെ അനുഭവങ്ങളുടെയും അറിവുകളുടെയും വെളിച്ചത്തിലാണ് ഈ പുസ്തകം എഴുതിയിരിക്കുന്നത്. പുറമേയുള്ള മറ്റൊന്നും ഇവിടെ പ്രതിപാദിച്ചിട്ടില്ല. വായനക്കാർ അവരുടേതായ വിശകലനങ്ങളിൽ ഏർപ്പെടുക. അതിനാവശ്യമായ ധാരാളം റഫറൻസുകളും ലിങ്കുകളും ഞാൻ ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

ഈ പുസ്തകം പ്രധാനമായും രണ്ടു ഭാഗങ്ങളായാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. ആദ്യത്തേത് എന്റെ പൂർവ്വഗുരുവുമായുള്ള അനുഭവങ്ങളെക്കുറിച്ചാണ്. അതിൽ ഗുരുശിഷ്യ ബന്ധത്തെക്കുറിച്ചും ഈ സംഘടനയുടേയും നേതാവിന്റെയും നടപടിക്രമങ്ങളെക്കുറിച്ചും നൈതികതയെക്കുറിച്ചും പ്രതിപാദിച്ചിരിക്കുന്നു. രണ്ടാം ഭാഗത്തിൽ ഹിന്ദുമതത്തിന്റെ അടിസ്ഥാന തത്വങ്ങളെക്കുറിച്ചും ഈ സമൃദ്ധമായ പാരമ്പര്യത്തിൽ നിന്ന് എങ്ങനെ വഴിവിട്ടു പോവാതെ ആത്മീയ ഉന്നതി കൈവരിക്കാമെന്നതും ആവശ്യമെങ്കിൽ ഒരു സംഘടനയിൽ നിന്നോ വിശ്വാസസമൂഹത്തിൽ നിന്നോ പുറത്തുപോകുമ്പോൾ സ്വീകരിക്കേണ്ട സമീപനങ്ങളെക്കുറിച്ചും പറയുന്നു.

# II. അവലോകനം

## II. 1. യാത്രാവിവരണം

എന്റെ 11 വർഷക്കാലമായി തുടർന്നിരുന്ന ആദ്ധ്യാത്മിക ജീവിതത്തിലെ വഴിത്തിരിവായിരുന്നു 1980 ആരംഭത്തിൽ A യുമായുള്ള കണ്ടുമുട്ടൽ. 14 വർഷങ്ങൾക്കപ്പുറം ഞാൻ സാമാന്യ ജീവിതത്തിലേക്ക് തിരിച്ചു വന്നപ്പോൾ അനുഭവപ്പെട്ട ശൂന്യത ഞാൻ ഒരിക്കലും പ്രതീക്ഷിച്ചിരുന്നതല്ല. ഭാഗ്യവശാൽ അതൊരു തുടക്കം മാത്രമായിരുന്നു, നന്മതിന്മകൾ നിറഞ്ഞ സ്വാനുഭവങ്ങൾ അടിസ്ഥാനമാക്കിയുള്ള ഒരു പുതിയ ജീവിതം.

ആ വർഷങ്ങളിലെ ചില പ്രധാന സംഭവങ്ങൾ വിവരിച്ചുകൊണ്ട് തുടങ്ങാം. 1968 പതിനാലാം വയസ്സിലാണ് എന്റെ ആത്മീയാന്വേഷണം തുടങ്ങുന്നത്. ജീൻ പോൾ സാർത്രേ, കാൾ ജാസ്പേർസ് തുടങ്ങിയ ഫ്രഞ്ച്, ജർമ്മൻ അസ്തിത്വവാദ തത്വചിന്തകരുടെ പുസ്തകങ്ങൾ വായിച്ചുകൊണ്ടാണ് അത് ആരംഭിച്ചത്. അവരുടെ പുസ്തകങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ഞാൻ ജിദ്ദു കൃഷ്ണമൂർത്തി എന്ന സമകാലിക ഇന്ത്യൻ ഫിലോസഫറുടെ പുസ്തകങ്ങൾ വായിക്കാനിടയായി. സ്കൂൾ വിരസമായി തോന്നിയിരുന്ന എന്നിലെ ടീനേജുകാരന് അതൊരു വെളിപാട് തന്നെയായിരുന്നു. ഈ ആത്മീയ ജ്ഞാനത്തെ ഉൾക്കൊള്ളുന്ന, അതിൽ ജീവിക്കുന്ന ആളുകളെ കാണാൻ എനിക്ക് അതിയായ ആഗ്രഹം

തോന്നി. അങ്ങനെ 1969 ൽ, പതിനഞ്ചാം വയസ്സിൽ ഞാൻ വീടുവിട്ടിറങ്ങി, പുസ്തകങ്ങളിൽ നിന്ന് വായിച്ചറിഞ്ഞ ജ്ഞാനത്തിലേക്ക് എന്നെ കൈപിടിച്ചു കയറ്റാൻ പ്രാപ്തരായ മാർഗ്ഗദർശികളെയും ഗുരുക്കന്മാരെയും അന്വേഷിച്ചായിരുന്നു ആ യാത്ര. യൂറോപ്പിലെ ഈ അലഞ്ഞുതിരയലിനിടയിലാണ് ഞാൻ എന്റെ ആദ്യ മാർഗ്ഗദർശ്ശിയെ കണ്ടുമുട്ടുന്നത്. ഇന്ത്യൻ ആത്മീയതയെയും ഹൈന്ദവജ്ഞാനത്തെയും മാ ആനന്ദമയിയുടെയും, രമണമഹർഷിയുടെയും കൃതികളിലൂടെ അദ്ദേഹം എനിക്ക് പരിചയപ്പെടുത്തി. ആർണോഡ് ദെസ്ജാഡിൻസ് (Arnoud Desjardins) ന്റെ "*Ashrams*" എന്ന പുസ്തകവും എനിക്ക് പ്രചോദനമായിരുന്നു. മുമ്പ് കേട്ടിട്ടേയില്ലായിരുന്ന യോഗയെക്കുറിച്ചും ഞാൻ ഇക്കാലത്താണ് മനസ്സിലാക്കിയത്. മൂന്നുമാസത്തിനുശേഷം നവംബർ 1970 ൽ ഞാൻ ആദ്യമായി ഇന്ത്യ സന്ദർശിക്കുകയും മാ ആനന്ദമയി, സത്യസായിബാബ, സ്വാമി മുക്താനന്ദ എന്നിവരെ കാണുകയും ചെയ്തു. ഇവരിൽ അവസാനത്തെ രണ്ടുപേർ പിന്നീട് പൊതുവിമർശനങ്ങൾക്ക് വിധേയമായിരുന്നു എന്നും എനിക്കറിയാം.

ആദ്യകാലങ്ങളിൽ എല്ലാ വർഷവും ആറുമാസക്കാലം (യൂറോപ്പിലെ ശീതകാലത്ത്) ഞാൻ ഇന്ത്യയിൽ ചെലവഴിക്കുമായിരുന്നു. ഈ ആറുമാസക്കാലം ഇന്ത്യയിലെ ആദ്ധ്യാത്മിക വ്യക്തിത്വങ്ങളോടൊപ്പം വിഖ്യാതമായ ആശ്രമങ്ങളിലാണ് ഞാൻ ചെലവഴിച്ചിരുന്നത്. ശേഷം ആറുമാസക്കാലം യൂറോപ്പിലേക്ക് തിരിച്ചുപോയി, ജോലി ചെയ്ത് അടുത്ത തവണത്തെ യാത്രയ്ക്കും താമസത്തിനുമുള്ള പണം കണ്ടെത്തുമായിരുന്നു.

ഈ വരവുകളിൽ ഒന്നിലാണ് നിസർഗദത്ത മഹാരാജ് തുടങ്ങിയ അധികം അറിയപ്പെടാത്ത ഇന്ത്യൻ യോഗികളെ കണ്ടുമുട്ടിയത്. ഈ കൂടിക്കാഴ്ചകൾ പരമമായ സത്യത്തെ തേടാനുള്ള തീരാത്ത ആഗ്രഹം

എന്നിലുണർത്തി. അപ്പോൾ മുതൽ പഠനത്തിലും അനുമാനത്തിലും അധിഷ്ഠിതമായ ഒരു ആധ്യാത്മികപാത (ജ്ഞാനയോഗം) പിന്തുടരുകയായിരുന്നു ഞാൻ. അങ്ങനെ ധ്യാനത്തിനും പഠനത്തിനും ചിന്തയ്ക്കും ഒക്കെയായി സൗത്ത് ഇന്ത്യയിലെ തിരുവണ്ണാമലയിലുള്ള രമണാശ്രമത്തിൽ ദീർഘകാലം താമസിക്കാൻ ഞാൻ തീരുമാനിച്ചു. ആധ്യാത്മിക പാതയിൽ സഞ്ചരിക്കുന്ന മറ്റു സന്യാസിമാരെയും യോഗികളെയും കാണുകയും വിലമതിക്കാനാവാത്ത അവരുടെ അനുഭവജ്ഞാനം പകർന്നു കിട്ടുകയും ചെയ്യാനായിരുന്നു അത്. അദ്വൈത വേദാന്തമായിരുന്നു എനിക്ക് ഏറ്റവും സ്വീകാര്യമായി തോന്നിയത്. പഠനവും ധ്യാനവും അണ്ണാമലയിലെ ഗിരിവലവും മന്ത്രോച്ചാരണവും പൂജയും ആയിരുന്നു എന്റെ അന്നത്തെ പതിവുകൾ. ഈ സമയങ്ങളിൽ എനിക്ക് പ്രത്യേകിച്ച് ഗുരുവായി ആരും ഉണ്ടായിരുന്നില്ല. 1978 ആയപ്പോഴേക്കും എന്റെ ആദ്യ ഉപദേഷ്ടാവിന് പകരാനാവുന്ന ജ്ഞാനം പരിമിതമാണെന്ന് എനിക്ക് തോന്നി തുടങ്ങിയിരുന്നു. അണ്ണാമലയിൽ എത്താറുള്ള യോഗികളുടെയും സന്ന്യാസിമാരുടെയും വാക്കുകൾ എനിക്ക് ഏറെ പ്രചോദനം പകർന്നു.

അങ്ങനെ ഒരുപാട് കാലത്തെ പഠനവും ധ്യാനവും സമാനരുമായുള്ള ചർച്ചകൾക്കും ശേഷം എന്റെ ബൗദ്ധിക സമീപനത്തിലുള്ള ന്യൂനത എനിക്ക് തിരിച്ചറിയാനായി. നാൾക്കുനാൾ എന്നിൽ നിർവികാരതയും ധാർഷ്ട്യവും നിസ്സംഗതയും ഏറിവരുകയും, യഥാർത്ഥത്തിൽ നിന്ന് അകലുന്നതായി തോന്നുകയും ചെയ്തു. ആരോഗ്യകരമായ രീതിയിൽ ആധ്യാത്മിക യാത്ര തുടരുന്നതിന് ബുദ്ധി മാത്രമല്ല ഹൃദയം കൂടി സമന്വയിപ്പിക്കേണ്ടതുണ്ടെന്ന് ഞാൻ തിരിച്ചറിഞ്ഞു. അങ്ങനെയാണ് ശ്രീരാമകൃഷ്ണപരമഹംസരുടെ വാക്കുകളും ജീവിതവും പഠിക്കാനിടയായത്. അതോടെ അണ്ണാമലയിലെ എന്റെ ജീവിതരീതി ഭക്തിമാർഗ്ഗത്തിലേക്ക് തിരിഞ്ഞു. അരുണാചലഭക്തിയോടെ രമണമഹർഷിയുടെ “അക്ഷരമണമാല” തമിഴിലെ അതേ വൃത്തത്തിൽ

ഇംഗ്ലീഷിലേക്ക് ഞാൻ പരിഭാഷ ചെയ്തു. മറ്റു ഭക്തരോടൊപ്പം തമിഴിലെ അതേ ഈണത്തിൽ ഇംഗ്ലീഷിൽ "അക്ഷരമണമാല" ചൊല്ലി ഗിരിവലം വയ്ക്കാൻ പാശ്ചാത്യരെ ഇത് സഹായിച്ചു. ഒരു ഗുരുവിന്റെ സഹായത്തോടെ ബുദ്ധിയും ഹൃദയവും ഒരുപോലെ ആത്മീയതയിൽ സമന്വയിപ്പിക്കാൻ സാധിക്കുമെന്ന് തോന്നിയിരുന്നെങ്കിലും, ബോധപൂർവ്വം ഒരു ഗുരുവിനെ തേടുകയായിരുന്നില്ല ഞാൻ. ഞാനെന്റെ വിധിയിൽ വിശ്വസിച്ചു. ഇന്ത്യയിലെ വിശ്വാസം, സന്നദ്ധനായ ശിഷ്യനെ തേടി ഗുരു സ്വയമേ എത്തും എന്നതാണ്.

ഗെയിൽ തന്റെ പുസ്തകത്തിൽ, Holy Hell (ആ പുസ്തകത്തെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു, അതിന്റെ കാരണങ്ങൾ ഇനിയുള്ള അദ്ധ്യായങ്ങളിൽ വിവരിക്കുന്നതാണ്) പറയുന്നതുപോലെ തിരുവണ്ണാമലയിൽ വച്ചാണ് ഞങ്ങൾ ആദ്യമായി കണ്ടുമുട്ടിയത്; ഗെയിലും നീലുവും (സ്വാമി പരമാത്മാനന്ദ) മധുവും (സ്വാമി പ്രേമാനന്ദ). ഞങ്ങൾ പരസ്പരം അധികം സംസാരിച്ചിരുന്നില്ലെങ്കിലും എപ്പോഴും കണ്ടുമുട്ടുമായിരുന്നു. അവരാരും അന്ന് A യുടെ ശിഷ്യരായിട്ടുണ്ടായിരുന്നില്ല. ഈ സാഹചര്യത്തിലാണ് 1978 ൽ ചന്ദ്രു എന്ന A യുടെ ഒരു ശിഷ്യനെ ഞാൻ കണ്ടുമുട്ടുന്നത്, അദ്ദേഹം തിരുവണ്ണാമല സന്ദർശിക്കാനെത്തിയതായിരുന്നു. ചന്ദ്രുവിൽ നിന്നാണ് ആദ്യമായി പ്രത്യേക ദൈവീക സിദ്ധികളുള്ള യുവതിയായ സ്ത്രീയെക്കുറിച്ചുള്ള കഥകളും ഉപകഥകളും കേൾക്കുന്നത്. കഥകൾ കേട്ട് അത്ഭുതപ്പെട്ടെങ്കിലും താല്പര്യമുള്ള വിഷയമല്ലാത്തതിനാൽ കൂടുതൽ ശ്രദ്ധിച്ചില്ല.

1980 ൽ ഞാൻ കേരളത്തിലേക്ക് താമസം മാറി. എന്റെ അസുഖത്തിനുള്ള ചികിത്സയ്ക്കും കുറച്ചുകൂടി നല്ല കാലാവസ്ഥക്കും വേണ്ടിയായിരുന്നു അത്. എന്റെ ആതിഥേയരുടെ ആഗ്രഹമനുസരിച്ച് ആ വർഷം ഏപ്രിലിൽ ഞാൻ A യെ കാണാം എന്നു സമ്മതിച്ചു. അപ്പോൾ അവർക്കും എനിക്കും ഒരേ പ്രായമായിരുന്നു, 25

വയസ്സ്. ഈ കൂടിക്കാഴ്ച എൻറെ ഹൃദയത്തിലേക്കുള്ള വഴിയാണ് തുറന്നത്, ഒരു വൈദ്യുതാഘാതം പോലെ ശക്തമായിരുന്നു അത്. എന്റെ ആത്മാവുമായി ഒരു ബന്ധം സ്ഥാപിച്ചതു പോലെ തോന്നി എനിക്ക്. ആത്മീയപാതയെ ഹൃദയവുമായി ബന്ധിപ്പിക്കാൻ കാത്തിരുന്ന എനിക്ക് ഒരു വഴി മുന്നിൽ തുറന്നതുപോലെ തോന്നി. ആ കൂടിക്കാഴ്ചയിൽ നിന്ന് എന്തോ പഠിക്കാനുണ്ടെന്ന് വ്യക്തമായിരുന്നു. ഞാൻ അവരിൽ നിന്നും, അവരെ പിരിഞ്ഞതിനു ശേഷവും പഠിക്കാനിരിക്കുന്ന സംഗതികളെക്കുറിച്ച് ഒരൂഹവും അന്നുണ്ടായിരുന്നില്ല.

ഈ ചെറിയ കൂടിക്കാഴ്ചയ്ക്ക് ശേഷം ഞാൻ വീണ്ടും A യെ കാണാൻ പോയി, കുറച്ച് ആഴ്ചകൾ അവിടെ തങ്ങുകയും ചെയ്തു. ആധ്യാത്മിക പാതയിൽ അവരുടെ മാർഗ്ഗദർശിത്വം ആവശ്യമാണെന്ന് തോന്നിയപ്പോൾ എന്റെ തിരുവണ്ണാമലയിലെ താമസമുപേക്ഷിച്ച് ഞാൻ A യോടൊപ്പം താമസമാരംഭിച്ചു. “അവരോടൊപ്പം” എന്നു പറയുമ്പോൾ അവരുടെ മാതാപിതാക്കളുടെ വീട്ടിലാണ് താമസിച്ചിരുന്നത്. എന്തെന്നാൽ അന്ന് ആശ്രമമോ മറ്റു സ്ഥാപനങ്ങളോ ഉണ്ടായിരുന്നില്ല. അന്ന് അവർക്ക് ചുറ്റും ചെറുപ്പക്കാരായ ധാരാളം ഇന്ത്യൻ ആരാധകരുണ്ടായിരുന്നു. രാത്രി മുഴുവൻ അവിടെയൊരു തെങ്ങിൻചുവട്ടില◌ിരുന്ന് A അവരോടെല്ലാം സംസാരിക്കുമായിരുന്നു. കാല്പനികതയുടെയും ആത്മീയത-യുടെയും അനൗപചാരികമായ ഒരു സൗഹൃദസംഘമായിരുന്നു അത്. A യുടെ കുടുംബത്തിന്റെ തീവ്ര നീരസം ഇക്കാര്യത്തിലുണ്ടായിരുന്നു. തങ്ങളുടെ അവിവാഹിതയായ മകൾ എതിർലിംഗത്തിൽപെട്ടവരുമായി യഥേഷ്ടം ഇടപഴകുന്നത് അവർക്കൊട്ടും രസിച്ചിരുന്നില്ല. ഈ ചെറുപ്പക്കാരിൽ പലരും പിൽക്കാലത്ത് സ്വാമിമാരായി പ്രസ്ഥാനത്തിന് നേതൃത്വം നൽകി. നീലുവും ഞാനും ഈ അസാധാരണവും അനൗപചാരികവുമായ ചുറ്റുപാടിൽ

ഞങ്ങളാൽ കഴിയും വിധം ഇണങ്ങിച്ചേർന്നു. ഔപചാരികമായ ആശ്രമങ്ങളിൽ ജീവിച്ചു പരിചയിച്ച ഞങ്ങൾക്ക് ആദ്ധ്യാത്മികതയുടെ ചട്ടക്കൂടിൽ നിന്നുനോക്കുമ്പോൾ ഈ ജീവിതം വളരെ പ്രത്യേകതയുള്ളതായി തോന്നി.

അതിനും വളരെ കാലത്തിനു ശേഷമാണ് ഒരു ആശ്രമമായി അവിടം രൂപാന്തരപ്പെടുന്നത്. വിദേശീയരായ ഞങ്ങളുടെ ഔപചാരികമായ ആശ്രമജീവിത അനുഭവജ്ഞാനമാണ് അതിനു സഹായിച്ചത്. അമേരിക്കക്കാരനായ നീലുവും ഫ്രഞ്ചുകാരനായ ഞാൻ അഥവാ ഗംഗയും അവിടെയുണ്ടായിരുന്ന കാലത്തോളം ഗിൽബെർട്ട് അഥവാ മധു എന്ന ഫ്രഞ്ച്/ റീയൂണിയൻകാരനും ആസ്ട്രേലിയ-ക്കാരിയായ ഗെയിലും; അവരുടെ ഇരുപതുകളിൽ ആയിരുന്നു, അല്പം മുതിർന്ന നീലു ഒഴികെ.[7]

A യുമായുള്ള കൂടിക്കാഴ്ച എന്നെ ആഴത്തിൽ സ്പർശിച്ചു എങ്കിലും A യുടെ ആദ്ധ്യാത്മികതയോടുള്ള സമീപനം എന്റേതിൽ നിന്ന് വളരെ വ്യത്യസ്തമാണെന്ന് ഞാൻ മനസ്സിലാക്കിയിരുന്നു. ബൗദ്ധിക സമീപനം എന്ന എന്റെ സ്വസ്ഥമായ മേഖലയിൽ നിന്ന് ഞാൻ പതിയെ പുറത്തുവന്നു. ആധ്യാത്മിക യാത്രയിൽ ഹൃദയത്തെ സമന്വയിപ്പിക്കുക എന്ന എന്റെ ആവശ്യത്തെ നേടിയെടുക്കാൻ A യുമായുള്ള സഹവാസം സഹായകമാകുമെന്ന് തോന്നിയതിനാൽ അവിടെത്തന്നെ കൂടാൻ ഞാൻ തീരുമാനിച്ചു. മറ്റെന്തിലുമേറെ എന്നോട് തന്നെയുള്ള സത്യസന്ധതയാണ് എന്റെ പ്രതിബദ്ധത പലതവണ ചോദ്യം ചെയ്യുവാനും അതിന്റെ പ്രത്യാഘാതങ്ങൾ നേരിടാനും എന്നെ സന്നദ്ധനാക്കിയത്. അവസാനത്തെ ചോദ്യം ചെയ്യൽ അവിടുന്ന് വിട്ടുപോരാൻ കാരണമാവുകയും ചെയ്തു. അങ്ങനെ എന്റെ നിരന്തരവും കഠിനവുമായ ആത്മപരിശോധനയാണ് 1. A യോടൊപ്പമുള്ള എന്റെ യാത്ര തുടങ്ങാനും, 2. പല

പ്രശ്നങ്ങൾക്കും ചോദ്യങ്ങൾക്കും ഇടയിലൂടെയാണെങ്കിലും അവിടെത്തന്നെ തുടരുവാനും, 3. ഒടുവിൽ 1993 ഇൽ അവിടം ഉപേക്ഷിക്കുവാനും, എന്നെ സന്നദ്ധനാക്കിയത്. ഇതുവരെയും ഞാൻ മൗനം പാലിച്ചത് പറയാൻ ഒന്നുമില്ലാത്തതുകൊണ്ടോ ദൗർബല്യം കൊണ്ടോ അല്ല. എനിക്ക് പറയാനുള്ള സമയമെത്തിയിട്ടില്ല എന്ന തോന്നൽ കൊണ്ടുമാത്രമാണ്. ഇത്രകാലവും എന്റെ ജീവിതത്തെയും എന്നെത്തന്നെയും പുനർനിർമ്മിക്കുക എന്ന ദൗത്യത്തിലായിരുന്നു ഞാൻ; ഭൂതകാലത്തെ ഈ ദൗത്യവുമായി കൂട്ടിക്കെട്ടാൻ ഞാൻ ആഗ്രഹിച്ചില്ല.

നേരത്തെ ആമുഖത്തിൽ പറഞ്ഞതുപോലെ, ഗെയിൽ ട്രഡ്വെല്ലിന്റെ പുസ്തകം ഞാൻ സസൂക്ഷ്മം വായിച്ചു. A യോടൊപ്പം ആദ്യം തന്നെ കൂടിയ ഒരാളെന്ന നിലയ്ക്ക് ആ അനുഭവസാക്ഷ്യം സത്യമാണ്. ഗെയിൽ എഴുതിയതുപോലെ അവർ പ്രതികാരത്തിന്റെയോ തിരിച്ചുപിടിക്കലിന്റേയോ പാതയിലല്ല. അവർക്കും സത്യം വെളിപ്പെടുത്തുക എന്നത് സ്വാഭിമാനത്തിന്റെ ഭാഗമാണ്. വളരെ ശ്രമകരവും ധീരവുമായ ഒരു ജോലിയാണ് അവർ തന്റെ പുസ്തകത്തിലൂടെ ചെയ്തത്. അതിൽ നിന്ന് യാതൊന്നും അവർക്ക് ലഭിക്കാനില്ല. തന്റെ സ്വാഭിമാനം വീണ്ടെടുക്കുകയും തകർന്ന ജീവിതം വീണ്ടും കെട്ടിപ്പടുക്കുകയും മനസ്സിന്റെ മുറിവുകൾ ഉണങ്ങുകയും ആർജ്ജവം വീണ്ടെടുക്കുകയും അല്ലാതെ. ഇത്രയും വർഷങ്ങൾക്കുശേഷം ഇങ്ങനെയൊരു പുസ്തകം ഉണ്ടായത് ഒരിക്കലും യാദൃശ്ചികമായല്ല, പതിറ്റാണ്ടുകൾ നീണ്ട ശ്രമഫലമായാണ്.

തകർന്നുവീണിടത്ത് നിന്നും ജീവിതം കെട്ടിപ്പടുക്കുകയാണ് ഞാനും ചെയ്തത്. ഒരു പുതിയ പ്രൊഫഷണൽ തൊഴിൽമേഖലയുടെ ഭാഗമായി ഉപജീവനം കണ്ടെത്തി, സമൂഹത്തിൽ അലിഞ്ഞുചേർന്നു. ഇത്, പുറമേ ആരുടെയും സഹായമില്ലാതെയായിരുന്നു. 27 വർഷങ്ങൾക്ക് ശേഷം ഇപ്പോളെന്റെ ഭൂതകാലത്തെ

നിസ്സംഗതയോടെ നോക്കിക്കാണാൻ എനിക്ക് കഴിയുന്നുണ്ട്. അന്നെന്നോടൊപ്പം ഉണ്ടായിരുന്നവരെ ശാന്തതയോടെയും പരസ്പര ബഹുമാനത്തോടെയും ഓർക്കാനും സാധിക്കുന്നുണ്ട്. നിലനിൽക്കുന്ന എല്ലാ വൈരുധ്യങ്ങളും അംഗീകരിച്ചുകൊണ്ടുതന്നെ സ്വസ്ഥമായും തെളിമയോടെയും എല്ലാം വിവരിക്കാൻ ഇന്നെനിക്ക് കഴിയുന്നു. എന്നാൽ ബഹുമാനം എന്നത് ദാക്ഷിണ്യമല്ല, ഇത്രയും കാലം കാത്തിരുന്നത് എന്റെ മനോഭാവം നിഷ്പക്ഷവും നിസ്സംഗവുമാവുന്നതിനാണ്.

A യുടെ കൃപാകടാക്ഷങ്ങളിൽ ആറാടുന്ന, അത് ശാശ്വതമാണെന്ന് ധരിക്കുന്ന അന്ധ ഭക്തർ കരുതുന്നതുപോലെ ഞാൻ കൃപാ കടാക്ഷങ്ങൾ നഷ്ടപ്പെട്ട് അധഃപതിച്ചവനല്ല, പകരം നേരും ആർജ്ജവവും വീണ്ടെടുത്തവനാണ്. പ്രസ്ഥാനത്തിൽ നിന്ന് പുറത്തു പോയത് പല മേഖലകളിലും ജോലി ചെയ്യാൻ എനിക്ക് സന്ദർഭമുണ്ടാക്കി. അധ്യാപനവും ഗ്രാമവികസനവും മനുഷ്യാവകാശവും മാനുഷിക സന്നദ്ധ സഹായവുമെല്ലാം അവയിൽ ഉൾപ്പെടും. 2001ൽ ജനീവയിൽ വച്ചാണ് എന്റെ ആത്മീയപാത മനുഷ്യ സേവനവുമായി യോജിപ്പിക്കാൻ എനിക്ക് സാധിച്ചത്. MSF സ്വിറ്റ്സർലൻഡിന്റെ ലെജിസ്ലേറ്റീവ് സെൽ (doctors without borders), റെഡ്ക്രോസിന്റെ അന്താരാഷ്ട്ര കമ്മിറ്റി, ഒരു മനുഷ്യാവകാശ NGO യുടെ ലാറ്റിനമേരിക്കയിലെയും ആഫ്രിക്കയിലെയും വനിതാ നേതാക്കളുടെ ബോധവൽക്കരണത്തിനു വേണ്ടിയുള്ള പ്രോഗ്രാം ഓഫീസർ, "ഇൻറർനാഷണൽ കൺവെൻഷൻ ഓൺ റൈറ്റ്സ് ഓഫ് ചൈൽഡ്" നടപ്പിലാക്കാൻ വേണ്ടി അതിൽ ഒപ്പുവച്ച രാജ്യങ്ങൾക്കു വേണ്ടിയുള്ള ലോബിയിങ്, ഗ്രാമവികസന രംഗത്തുള്ള പ്രവർത്തനം, ഇന്ത്യയിലും മിഡിൽ ഈസ്റ്റിലും അഭയാർഥികൾക്ക് വേണ്ടിയുള്ള പ്രവർത്തനം, ഇങ്ങനെ ധാരാളം സംരംഭങ്ങളിൽ താരതമ്യേന പ്രാധാന്യമുള്ള സ്ഥാനം വഹിക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്.

ഞാൻ ഇത്രയും കാലം മൗനം പാലിച്ചത് എനിക്ക് മറ്റു ധാരാളം കാര്യങ്ങൾ ചെയ്യാൻ ഉണ്ടായിരുന്നുതുകൊണ്ടും ആശ്രമത്തിന്റെ പ്രതികാര നടപടികൾക്ക് പാത്രമാവാതിരിക്കാനുമാണ്. ഗെയിലിന്റെ പുസ്തകത്തോടുള്ള പ്രതികരണത്തിൽ നിന്ന് അവരുടെ മനോഭാവം വ്യക്തമാണ്. ആ പുസ്തകത്തിന് എതിരെ നടത്തിയ ഗൂഢാലോചന പരിഹാസ്യമാണ്. അവരുടെ നേതാവിന് ലജ്ജിക്കാവുന്ന തരത്തിലുള്ള നിന്ദ്യവും നികൃഷ്ടവുമായ കാര്യങ്ങളാണ് അവർ ചെയ്തു കൂട്ടിയത്. ഇക്കാര്യങ്ങൾ വിശദമായി പിന്നീടുള്ള അധ്യായത്തിൽ (III.6) വിവരിച്ചിട്ടുണ്ട്. ചോദ്യം ചെയ്യലിനുള്ള മറുപടി പ്രതികാരനടപടിയാണെന്ന ധാരണ തന്നെ വിവരക്കേടാണ്. തീയില്ലാതെ പുകയില്ല എന്നാണല്ലോ. തെറ്റ് ചൂണ്ടി-ക്കാണിക്കപ്പെടുമ്പോൾ സംസ്കാര സമ്പന്നരും, ശ്രേഷ്ഠരുമായവർ അതിനു പിന്നിലെ കാരണങ്ങളെക്കുറിച്ച് ആലോചിക്കുകയും, തിരുത്താൻ ശ്രമിക്കുകയും ചെയ്യും. തെറ്റ് ചൂണ്ടിക്കാണിക്കുന്നവരെ മാനിക്കുകയും, അതിനു വിധേയരായി നഷ്ടം പറ്റിയവർക്ക് പരിഹാരം ചെയ്യാൻ കഴിയുന്നതും എത്ര ശ്രേഷ്ഠമാണെന്നോർത്തു നോക്കൂ. എന്നാൽ അത് ഉട്ടോപ്പിയയിലേ നടക്കൂ... അത്തരം ഒരു ലോകം നിലനിൽക്കുന്നില്ല. ഈ പ്രസ്ഥാനത്തിൽ അതൊരിക്കലും നടക്കാൻ പോവുന്നില്ല. പ്രസ്ഥാനത്തെക്കുറിച്ച് ഇങ്ങനെ സംസാരിക്കുന്നത് അതിന്റെ സ്വേച്ഛാധിപതിയെ നിരന്തരം കുറ്റം പറയുന്നതൊഴിവാക്കാനാണ്. ആജ്ഞാനുവർത്തികളായി ഇതെല്ലാം ചെയ്യുന്ന സ്വാമിമാരും, വിധേയത്വത്തോടെ മൗനം പാലിക്കുന്ന അനുയായികളും ഈ നീചവും നികൃഷ്ടവുമായ പ്രവർത്തികളുടെ ഉത്തരവാദിത്വം പങ്കിട്ടെടുക്കേണ്ടിവരും. സ്വേച്ഛാധിപതികളുടെ ചരിത്രം പരിശോധിച്ചാൽ മൗനം പാലിക്കുന്ന നിഷ്ക്രിയരായ ബഹുഭൂരിപക്ഷമാണ് എപ്പോഴും സ്വേച്ഛാധിപത്യത്തിന് വളമാവുന്നത്. ഒന്നും അന്വേഷിക്കാത്ത, അറിയാൻ ആഗ്രഹമില്ലാത്ത, ആജ്ഞയനുസരിച്ചോ അല്ലാതെയോ മൂത്ത സഹോദരിയായി കണക്കാക്കപ്പെട്ടിരുന്ന ഗെയിലിന്റെ

പുസ്തകം വായിക്കാൻ കൂട്ടാക്കാത്ത അനുയായികളും ഭക്തരും ഒരുപോലെ തെറ്റുകാരാണ്.

അത്യന്തം വേദനാജനകമായ ഒരു കാലഘട്ടത്തിനുശേഷം ജീവിതത്തിലേക്ക് തിരികെ എത്തിയപ്പോഴും, നേടിയെടുത്ത ആത്മീയ നേട്ടങ്ങളെ നിലനിർത്താൻ ഞാൻ ശ്രമിച്ചിരുന്നു. എന്റെ വഴിമാറിയെങ്കിലും ലക്ഷ്യം ഒരിക്കലും മാറിയിരുന്നില്ല. ഞാനെന്നും ഏറ്റവും പ്രധാനമായി കണക്കാക്കിയത് ഏകാഗ്രതയും ആത്മാവബോധവും വൈകാരിക ബുദ്ധിയും സ്വാഭിമാനവും മറ്റുള്ളവരോടുള്ള ബഹുമാനവും സഹാനുഭൂതിയും മറ്റുള്ളവർക്കായുള്ള സേവനവുമെല്ലാമാണ്. ഞാൻ ഔപചാരിക മതം ഉപേക്ഷിച്ചത് നിത്യജീവിതത്തിന്റെ പാത സ്വീകരിക്കാനാണ്. എന്റെ കഴിവുകൾക്കും വരുന്ന അവസരങ്ങൾക്കും അനുസരിച്ച്, ലോകത്തിന് ആവശ്യമായ രീതിയിൽ സേവനം ചെയ്യാൻ. പ്രസ്ഥാനത്തിൽ നിന്ന് പുറത്തു പോകുന്നവർ കൃപാകടാക്ഷം നഷ്ടപ്പെട്ട് അധപ്പതിച്ചു എന്ന കെട്ടുകഥ പറഞ്ഞുപരത്തുന്നത് ബാലിശവും വികലവുമാണ്.

## II. 2. ഉത്ഭവം

ഞാൻ പ്രസ്ഥാനത്തിന്റെ യൂറോപ്യൻ പ്രചാരകനായിരുന്നതിനാൽ, അതിന്റെ യൂറോപ്പിലെ വളർച്ചയ്ക്ക് പിന്നിൽ നേരിട്ട് എന്റെ കരങ്ങളായിരുന്നു. ഗ്രറ്റ്ചൻ മാക്ക്ഗ്രഗർ (കുസുമം) എന്ന അമേരിക്കൻ ഭക്തയ്ക്ക് യൂറോപ്പിൽ ചില പ്രാരംഭ ബന്ധങ്ങളുണ്ടാക്കാൻ

സാധിച്ചിരുന്നു. 1984 ലെ ശരത്കാലത്ത് A എന്നെ യൂറോപ്പിലേക്കയച്ചു. A യുടെ പ്രഭാഷണങ്ങൾക്കും സത്സംഗങ്ങൾക്കും[8] വേണ്ടി ഞാൻ ആളുകളെ സംഘടിപ്പിക്കുവാൻ തുടങ്ങി. ഒരു മാസത്തിൽ പതിനായിരം കിലോമീറ്ററോളം യൂറോപ്പിൽ അങ്ങോളമിങ്ങോളം സഞ്ചരിച്ചായിരുന്നു ഇത് സാധ്യമായത്. ഞാൻ സ്കൂളിൽ പഠിക്കുന്ന കാലത്ത് ജർമൻ ഭാഷ രണ്ടുവർഷത്തോളം പഠിച്ചിട്ടുണ്ടായിരുന്നെങ്കിലും അത് ഓർമ്മയിൽ നിന്നേ മാഞ്ഞു പോയിരുന്നു. ആദ്യകാലങ്ങളിൽ ഒരു മണിക്കൂർ നേരത്തെ പ്രഭാഷണത്തിന് 20 മണിക്കൂറോളം ഡിക്ഷ്ണറിയുടെ സഹായത്തോടെ തയ്യാറെടുപ്പ് നടത്തണ-മായിരുന്നു. ഒരു വർഷത്തെ അശ്രാന്തപരിശ്രമത്തിനു ശേഷം എനിക്ക് ജർമ്മനിൽ അനായാസം സംസാരിക്കാമെന്നായി. ഈ സമയത്ത് ഞാൻ എന്റെ ഇറ്റാലിയൻ ഭാഷാജ്ഞാനവും കുറ്റമറ്റതാക്കി, A യുടെ ആദ്യ മോസ്കോ സന്ദർശനത്തിനുവേണ്ടി റഷ്യനും പഠിക്കാൻ തുടങ്ങി. അങ്ങനെ A യുടെ വാക്കുകൾ 5 യൂറോപ്യൻ ഭാഷകളിലേക്ക് പരിഭാഷപ്പെടുത്താൻ ഞാൻ തയ്യാറായി.

എന്റെ സ്വതന്ത്ര ചിന്താഗതി ഞാൻ ഒരിക്കലും മറച്ചുവച്ചിട്ടില്ല. മതപ്രചാരണത്തിനും ആശ്രമത്തിനും വേണ്ടിയുള്ള പ്രവർത്തനത്തിനിടയിൽ, ഒരു സ്വതന്ത്രാത്മീയാന്വേഷകനെന്ന നിലയിൽ ഞാൻ എന്റേതായ പ്രഭാഷണങ്ങൾ നടത്തുന്നുണ്ടായിരുന്നു. ആശ്രമത്തിന്റെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ടാണെങ്കിലും ഈ സ്വതന്ത്ര പ്രഭാഷണങ്ങളുടെ ചുവടുപിടിച്ചാണ് പലരും പ്രസ്ഥാനത്തിലേക്ക് ആകൃഷ്ടരാവുന്നത്. ഇത്തരം സ്വതന്ത്ര ചിന്തകർ, ആശ്രമത്തിന്റെ ആചാരങ്ങൾ നിറഞ്ഞതും ബാലിശവുമായ ഭക്തി പ്രകടനങ്ങളിൽ ആകൃഷ്ടരായിരുന്നില്ല. വേണമെങ്കിൽ A യ്ക്ക് ഇത് ശ്രദ്ധിക്കുകയും, എന്റെ പ്രഭാഷണങ്ങളുപയോഗിച്ച് സ്വതന്ത്ര ആത്മീയാന്വേഷികളെ പ്രസ്ഥാനത്തിലേക്ക്

ആകർഷിക്കുകയും ചെയ്യാമായിരുന്നു. ഉൾക്കാഴ്ചയുടെ പരിമിതിയാണോ എന്നറിയില്ല; ഇങ്ങനെയൊരു സാധ്യത A ഒരിക്കലും തിരിച്ചറിഞ്ഞില്ല. എന്നാൽ പ്രസ്ഥാനത്തിലെ എന്റെ സഹോദരന്മാർ ഇത് തിരിച്ചറിയുകയും ആധികാരികതയ്ക്കും വിശ്വാസ്യതയ്ക്കും വേണ്ടി ഈ പ്രഭാഷണങ്ങൾ തുടരാൻ എന്നോട് ആവശ്യപ്പെടുകയും ചെയ്തു. A ആധികാരികമായി ഈ അഭിപ്രായം പ്രകടിപ്പിച്ചിട്ടില്ലെങ്കിലും, ഒരിക്കലും തടഞ്ഞില്ല. എന്റെ സേവാകാലങ്ങളിൽ പ്രസ്ഥാനം എന്റെ സ്വാതന്ത്ര ചിന്താഗതി സഹിക്കുകയും അംഗീകരിക്കുകയും എനിക്ക് പൂർണ്ണ വിവേചനാധികാരം തരികയും ചെയ്തിരുന്നു.

യൂറോപ്പിൽ പ്രസ്ഥാനത്തിന് തുടക്കം കുറിച്ച ആൾ എന്ന നിലയ്ക്ക് അവിടത്തെ എല്ലാ കാര്യങ്ങളും ആദ്യാവസാനം എനിക്കറിയാമായിരുന്നു. മറ്റെല്ലാ കാര്യത്തിലുമെന്നപോലെ വിജയവും പരാജയവും ഈ മേഖല-യിലുമുണ്ടായിരുന്നു. പത്തുവർഷം ഞാൻ A യുടെ പരിഭാഷിയായി പ്രവർത്തിച്ചു. ഇക്കാലത്ത് പ്രസ്ഥാനത്തിന്റെ ഉള്ളുകള്ളികൾ മാത്രമല്ല A യുടെ ചിന്താഗതികളും എനിക്ക് നല്ലതുപോലെ മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു. A യോടൊപ്പം കേരളത്തിൽ അവരുടെ ഏറ്റവും അടുപ്പമുള്ള ആന്തരിക ശിഷ്യരിൽ ഒരാളായി ജീവിച്ച 5 വർഷവും ഇക്കാര്യത്തിൽ എന്നെ ധാരാളം സഹായിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈ അനുഭവക്കുറിപ്പ് എല്ലാം കാണുകയും കേൾക്കുകയും ചെയ്ത, അനുഭവിക്കുകയും മനസ്സിലാക്കുകയും ചെയ്ത, എന്നാലൊടുവിൽ തന്റെ സത്യസന്ധതയ്ക്കും, സ്വാതന്ത്രേച്ഛയ്ക്കും വേണ്ടി വലിയ വില നൽകേണ്ടിവന്ന ഒരാളുടെയാണ്.

മുമ്പ് പറഞ്ഞതുപോലെ മറ്റുള്ളവരെ മാനിക്കുക എന്നത് ഞാൻ അത്യധികം വിലമതിക്കുന്ന ഒരു മൂല്യമാണ്; എന്നാൽ ഒരാളെ മാനിക്കുന്നത് അവനവനോ മറ്റുള്ളവർക്കോ ഹാനികരമാണെങ്കിൽ പിന്നെ

നിവൃത്തിയില്ലല്ലോ. (ചില സാഹചര്യങ്ങളിൽ സൗമ്യതയും നിശ്ശബ്ദതയും കുറ്റകരവുമാണ്.) സ്വന്തം ചെയ്തികളുടെ ഉത്തരവാദിത്വം അവനവനുതന്നെയാണ് എന്നിരിക്കെ, ഒരുപാടുപേരെ നയിക്കുന്ന പ്രശസ്തയായ ഒരു വ്യക്തിയെ സ്വന്തം ചെയ്തികളുടെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിവാക്കേണ്ടതുണ്ടോ? മുപ്പതുവർഷത്തോളമായി അവരുടെ അപമാനകരമായ രഹസ്യങ്ങളും പേറി ഞാൻ നടക്കാൻ തുടങ്ങിയിട്ട്. ഇങ്ങനെ തുടർന്നാൽ നിഷ്ക്രിയതയെന്ന കുറ്റം എന്നിൽ ആരോപിക്കപ്പെട്ടാം. ഇതൊക്കെ രഹസ്യമായി സൂക്ഷിക്കുക എന്നത് എന്റെ ജീവിതോദ്ദേശമോ, ജീവിതധർമ്മമോ അല്ല; പ്രത്യേകിച്ച് പതിനാലുവർഷത്തെ കഠിനാധ്വാനത്തിനും വിശ്വസ്ത സേവനത്തിനുമൊടുവിൽ ഒരു സുപ്രഭാതത്തിൽ എന്നെ പ്രസ്ഥാനത്തിൽ നിന്നും പുറത്താക്കിയപ്പോൾ എന്റെ ഭാവിയെക്കുറിച്ച് ഒരു ചിന്തയും അവർക്കുണ്ടാവാത്ത സ്ഥിതിക്ക്. ഞാൻ A യെ പിരിയാൻ തീരുമാനിച്ചപ്പോൾ (ഒന്നുകൂടി തെളിച്ചുപറഞ്ഞാൽ, പുറത്തു പോവുകയല്ലാതെ സത്യസന്ധവും നൈതികവുമായ മറ്റൊരു വഴിയും A എനിക്ക് തരാതിരുന്നപ്പോൾ) പ്രസ്ഥാനത്തിനകത്തെ എന്റെ നിശ്ചിതമായ നല്ല ഭാവിയെക്കുറിച്ചും സുഖസൗകര്യങ്ങളെക്കുറിച്ചും പിരിഞ്ഞു പോയാൽ എന്നെ കാത്തിരിക്കുന്ന കഷ്ടപ്പാടുകളെക്കുറിച്ചും തുച്ഛമായ ഭാവിയെക്കുറിച്ചും A യുടെ പരിവാരങ്ങൾ എന്നെ നിരന്തരം ഓർമ്മിപ്പിച്ചിരുന്നു. എന്റെ ആത്മീയ സഹോദരന്മാരായിരുന്ന ചിലരുടെ വാക്കുകൾ എനിക്ക് ഓർമ്മയുണ്ട്, *"നിനക്ക് ഭക്ഷണവും വസ്ത്രവും താമസിക്കാൻ ഇടവുമുണ്ട്; ചുറ്റുമുള്ളവരുടെ ആദരവും ആരാധനയും ലഭിക്കുന്നുമുണ്ട്, അവർ നിനക്ക് സേവ ചെയ്യാൻ കാത്തിരിക്കുന്നു. നിനക്ക് ആഡംബര വാഹനങ്ങളിൽ യാത്ര ചെയ്യാം, സുന്ദരമായ വീടുകളിൽ താമസിക്കാം, ഭൗതികമായ അല്ലലുകളറിയാതെ ജീവിക്കാം, സ്വതന്ത്രമായി ജീവിച്ചിട്ട് നിനക്കെന്ത് നേട്ടമാണുള്ളത്?"*. എല്ലാവരുടെയും ഉപദേശത്തിനു

വിരുദ്ധമായി ബുദ്ധിമുട്ടുകൾ നിറഞ്ഞ വഴിയായിരുന്നു ഞാൻ തെരഞ്ഞെടുത്തത്. അസത്യത്തിന്റെയും വിട്ടുവീഴ്ചയുടെയും സുഖത്തിനുമീതെ സത്യസന്ധതയുടെ ക്ലേശമാണ് ഞാൻ തെരഞ്ഞെടുത്തത്. എന്നാൽ "കാരുണ്യത്തിന്റെ നിറകുടമായ അമ്മ" എന്റെ ജീവിതം ഇത്രകണ്ട് ദുസ്സഹമാക്കുമെന്ന് ഞാൻ സ്വപ്നത്തിൽ പോലും കരുതിയിരുന്നില്ല. അതിന്റെ കാരണങ്ങൾ അവർക്കു മാത്രം അറിവുള്ളതാണ്.

ഗെയിലിന്റെ വെളിപ്പെടുത്തലുകളോടുള്ള പ്രസ്ഥാനത്തിന്റെ പ്രതികരണത്തിന് ഒരു പുതുമയുമില്ല എന്നു മാത്രമല്ല ഇതുതന്നെയാണ് അവർ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്നും ചെയ്തിരുന്നത്. 1993 ൽ ഞാൻ പുറത്തുപോകാൻ തീരുമാനിച്ചപ്പോൾ എനിക്കെതിരെ ഒരു ഗൂഢാലോചന തയ്യാറായിരുന്നു, സ്ഥാപനത്തിന്റെ താൽപ്പര്യങ്ങൾ പരിരക്ഷിക്കാൻ എന്ന പേരിലായിരുന്നു അത്. വിശദാംശങ്ങളിലേക്ക് നമുക്ക് പിന്നീട് കടക്കാം. പ്രസ്ഥാനം ഗെയിലിനെതിരെ നടത്തിയ അസഭ്യവർഷങ്ങൾ എന്നെ തെല്ലും അമ്പരപ്പിച്ചില്ല. സ്വാതന്ത്ര്യത്തിന് വലിയ വില കൊടുക്കേണ്ടിവന്നവരാണ് ഞങ്ങൾ രണ്ടുപേരും. വ്യക്തിപരമായി അതിന്റെ പ്രത്യാഘാതങ്ങൾ ഇന്നും അനുഭവിക്കുന്നുണ്ട്. പുസ്തകം എഴുതിയതുകൊണ്ട് കൂടുതലായി അനുഭവിക്കേണ്ടിവരുന്ന വേട്ടയാടലുകൾ ഞങ്ങളുടെ വിധി മാറ്റാൻ പോകുന്നില്ല. എന്നെ പുറത്താക്കിയത് പ്രസ്ഥാനത്തിന് നഷ്ടമാണ് എന്ന് തോന്നിയിട്ടുണ്ടെങ്കിലും എന്നെ സംബന്ധിച്ച് അത് ഗുണകരമായി ഭവിച്ചു.

# II. 3. പാശ്ചാത്യ രാജ്യങ്ങളിലെ പ്രവർത്തനം

1984-ൽ A എന്നെ യൂറോപ്പിലേക്ക് പറഞ്ഞയച്ചു. സത്സംഗങ്ങൾ സംഘടിപ്പിക്കുകയും A യുടെ യൂറോപ്പ്യൻ സന്ദർശനങ്ങൾക്ക് രംഗം സജ്ജമാക്കുകയുമായിരുന്നു എന്റെ ജോലി. ആ കാലഘട്ടത്തിൽ യൂറോപ്പിലേക്ക് പോയി മിഷനറി പ്രവർത്തനം നടത്താൻ എനിക്ക് ഒട്ടും താല്പര്യമില്ലായിരുന്നു. കേരളത്തിലെ ആശ്രമത്തിന്റെ ശാന്തതയിൽ ആത്മീയാന്വേഷണം തുടരുന്നതിലായിരുന്നു എനിക്ക് താല്പര്യം. യൂറോപ്യൻ അപ്പോസ്തലൻ എന്ന രീതീയിൽ എന്നെ ഏൽപ്പിച്ച ജോലി ചെയ്യുന്നതിനുള്ള അറിവോ ബന്ധങ്ങളോ എനിക്കന്ന് ഉണ്ടായിരുന്നില്ല. ആരോട് പറയണമെന്നും എന്തു പറയണമെന്നും A യ്ക്ക് വേണ്ട സദസ്യരെ എങ്ങനെ സംഘടിപ്പിക്കണമെന്നും എനിക്കൊരു രൂപവുമുണ്ടായിരുന്നില്ല. അന്ന് യൂറോപ്പിൽ A യെ ആരും അറിഞ്ഞിരുന്നില്ല. താമസത്തിനും മറ്റും ആവശ്യമായ പണം പോലും എന്റെ കയ്യിലില്ലായിരുന്നു. എന്റെ ജോലി എളുപ്പമാക്കുന്ന ഒന്നുംതന്നെ ചെയ്യാൻ A യ്ക്ക് കഴിഞ്ഞില്ല, കാരണം അന്ന് അവർക്കും അതിനുള്ള സാമ്പത്തികസ്ഥിതിയുണ്ടായിരുന്നില്ല. എന്റെ ബാങ്ക് അക്കൗണ്ടിൽ ആകെ 300 ഫ്രാങ്കാണ് ഉണ്ടായിരുന്നത് (₹1078/-), ആദ്യ ദിവസങ്ങളിൽ അതു ചെലവഴിച്ചാണ് ഞാൻ ജീവിച്ചത്. ദാരിദ്ര്യം ജീവിതവ്രതമായി സ്വീകരിച്ചിരുന്നതിനാൽ, ഈ കാലങ്ങളിൽ നടത്തിയിരുന്ന പ്രഭാഷണങ്ങൾക്കും സെമിനാറുകൾക്കുമൊന്നും ഞാൻ പ്രതിഫലം ആവശ്യപ്പെട്ടിരുന്നില്ല. ഒടുവിൽ നിവർത്തിയില്ലാതെ സെമിനാർ ഹാളിന്റെ പുറത്തേക്കുള്ള വാതിലിനരികിൽ ഞാനൊരു സംഭാവനപ്പെട്ടി വച്ചപ്പോൾ പങ്കെടുക്കുന്നവരിൽ ചിലർ അതിൽ ചെറിയ

നാണയത്തുട്ടുകളും മറ്റുചിലർ താങ്ക്യൂ എന്നെഴുതിയ കടലാസു കഷണങ്ങളും നിക്ഷേപിച്ചു. എന്നോട് അലിവ് തോന്നിയ ഒരു കാത്തലിക്ക് പാതിരി അദ്ദേഹത്തിന്റെ ഇടവകയിലെ പലരുടെയും വീട്ടിൽ മാറിമാറി താമസിക്കാൻ എനിക്ക് സൗകര്യം ചെയ്തു തന്നു. ഇത് മാസങ്ങളോളം നീണ്ടു, ഒടുവിൽ എന്റെ ഒരു കുടുംബാംഗത്തിന്റെ സഹായത്തോടെ 8 ചതുരശ്ര മീറ്റർ വലിപ്പമുള്ള, ആറാം നിലയിലെ ചരിഞ്ഞ മേൽക്കൂരയുള്ള ഒറ്റമുറിയിലേക്ക് മാറാനായി. പാരീസിലെ ഒരു പഴയ അപ്പാർട്ട്മെന്റ് കെട്ടിടത്തിലെ പൈപ്പോ കുളിമുറിയോ ഹീറ്റിംഗോ എന്തിന് ജനാല പോലുമോ ഇല്ലാത്ത ഒരു മച്ചായിരുന്നു അത്. അപ്പോഴാണ് 1984-85 ലെ ശീതകാലം വന്നെത്തിയത്. ഫ്രാൻസിലെ വളരെ തണുപ്പേറിയ ഒരു മഞ്ഞു കാലമായിരുന്നു അത്, പാരീസിലെ താപനില -20 ഡിഗ്രിവരെ താണിരുന്നു.

സംഭാവനയായി ലഭിച്ച നാണയത്തുട്ടുകൾ കൊണ്ട് ഭക്ഷണത്തിനും യാത്രയ്ക്കുമായി ഒരാഴ്ചയിൽ 70 ഫ്രാങ്ക് (₹243/-) ചെലവാക്കാനേ എനിക്ക് നിർവാഹമുണ്ടായിരുന്നുള്ളൂ. എങ്ങനെ നോക്കിയാലും അതിദയനീയമായിരുന്നു അത്. ഭക്ഷണത്തിനുള്ള പണം പോലും തികയുമായിരുന്നില്ല, പിന്നെയല്ലേ വസ്ത്രത്തിനോ ആരോഗ്യപരിപാലനത്തിനോ ഉള്ളത്.

ആ മുറിയിൽ മെത്തയോ, ശീതകാല വസ്ത്രങ്ങളോ ഇല്ലാതെ തണുത്തുവിറച്ച് ഉറങ്ങാനാവാതെ ചെലവഴിച്ച രാത്രികളിൽ പലപ്പോഴും വെള്ളത്തിൽ പഞ്ചസാരയിട്ട് തിളപ്പിച്ച് കുടിച്ച്, അതിൽ നിന്നുണ്ടാകുന്ന ഊർജ്ജത്തിന്റെ ആനുകൂല്യത്തിൽ തളർന്നുറങ്ങാൻ ശ്രമിച്ചിട്ടുണ്ട്. ഒരു മണിക്കൂറിനുശേഷം തണുത്തുമരവിച്ച് ഉണരുമായിരുന്നു. മറ്റുവഴിയില്ലാതെ വീണ്ടും പഴയപടി ഉറങ്ങാനായി ശ്രമം തുടങ്ങും. ഏപ്രിൽ മാസത്തിലാണ് ഒരു പ്രഭാഷണത്തിനു ശേഷം എന്റെ ഒരു കേൾവിക്കാരി ഒരു സ്ലീപ്പിങ് ബാഗുമായി അടുത്ത് വന്ന് ഇങ്ങനെ പറഞ്ഞത് *"എന്റെ ഭർത്താവിന്റെ മിലിറ്ററി സ്ലീപ്പിംഗ് ബാഗ്*

*ഇവിടെ കൊണ്ടുവന്ന് നിങ്ങൾക്ക് സമ്മാനിക്കാൻ ഒരു സ്വരം എന്നോടാവശ്യപ്പെട്ടു, അതിന്റെ കാരണമെന്താണെന്നെനിക്കറിയില്ല, നിങ്ങൾക്കറിയാമായിരിക്കുമെന്ന് ഞാൻ കരുതുന്നു*". മുഴുവനായും ഒറ്റപ്പെട്ടാണ് അക്കാലം ഞാൻ കഴിച്ചുകൂട്ടിയത്. ഇതിനിടയിൽ ഒരിക്കൽ പോലും A എന്നെ അന്വേഷിച്ചില്ല. A യ്ക്ക് വേണ്ടി ജോലി ചെയ്ത ഈ വർഷങ്ങളിൽ ഞാൻ തികച്ചും ഏകനായിരുന്നു. ഇന്ന് ലഭ്യമായ ആശയവിനിമയ സൗകര്യങ്ങൾ അന്നുണ്ടായിരുന്നില്ല. ഞാൻ A യ്ക്ക് തപാൽമാർഗം അടിക്കടി കത്തുകൾ എഴുതിയിരുന്നു, എന്നാൽ ഒന്നിനുപോലും മറുപടി ലഭിച്ചില്ല. എന്റെ കത്തുകളുടെ പരിഭാഷ ആദ്യത്തെ രണ്ടോ മൂന്നോ വരിയിൽ കൂടുതൽ കേൾക്കാൻ A ഒരിക്കലും താല്പര്യം കാണിച്ചിരുന്നില്ല എന്ന് ഒരുപാട് വർഷങ്ങൾക്കു ശേഷം ഗെയിൽ മുഖാന്തരം അറിയാൻ കഴിഞ്ഞു.

ഇന്ത്യയിൽ നിന്ന് 15 വർഷങ്ങൾക്കു ശേഷം യൂറോപ്പിലേക്ക് മടങ്ങി വന്ന എന്റെ മാനസികാവസ്ഥ അന്യഗ്രഹത്തിൽ നിന്നെത്തിയ ഒരാളുടേതു പോലെയായിരുന്നു. സബ്വേകളിലൂടെ സഞ്ചരിക്കുമ്പോൾ കാണാറുള്ള ലൈംഗികാതിപ്രസരം നിറഞ്ഞ പരസ്യങ്ങളും കൈകോർത്തു നടക്കുന്ന കമിതാക്കളുമെല്ലാം എന്നെ വല്ലാതെ അമ്പരപ്പിച്ചു. കൈപിടിച്ച് നടക്കേണ്ട ആവശ്യമെന്ത് എന്നാണ് ഞാൻ ചിന്തിച്ചത്. (ഒരുപക്ഷെ വഴിതെറ്റുമോ എന്ന ഭയം കൊണ്ടാണോ?) പതിനഞ്ചാം വയസ്സിൽ ഉപേക്ഷിച്ച എന്റെ പഴയ/പുതിയ ലോകവുമായി ഞാൻ ഒന്നുചേർന്നിട്ടില്ല എന്ന് വളരെ വേഗത്തിൽ തന്നെ എനിക്ക് മനസ്സിലായി.

എന്റെ ജോലിയായ ആത്മീയ അധ്യാപനത്തിനിടയിൽ ഭക്തരുടെ മനശാസ്ത്രത്തിന്റെ പല ഘടകങ്ങളും അഭിമുഖീകരിക്കേണ്ടി വന്നിട്ടുണ്ട്. എന്റെ വാക്കുകൾക്കായി കാതോർക്കുന്ന പലരും ഒരു ആരാധനാബിംബത്തെയാണ് പ്രതീക്ഷിക്കുന്നത്.

അവനവനെ ചോദ്യം ചെയ്യാൻ പ്രേരിപ്പിക്കാത്ത, അവർ എങ്ങനെയാണോ അങ്ങനെ തന്നെ നിലനിൽക്കാൻ അനുവദിക്കുന്ന ഒരു ആരാധനാബിംബം. സത്യം പറഞ്ഞാൽ ഭൂരിപക്ഷത്തിനും ആചാരാനുഷ്ഠാനങ്ങളോടെ ഒരു ബിംബത്തെയോ, പ്രതിപുരുഷനെയോ ആരാധിക്കുന്നതിനാണ് താല്പര്യം. ആലങ്കാരികമായി പറഞ്ഞാൽ ചില്ലിട്ട് ചുമരിൽ തൂക്കുന്ന ഈ ബിംബം പ്രതിനിധാനം ചെയ്യുന്നത് തങ്ങൾ ഒരിക്കലും സ്വയം ആവാൻ ശ്രമിക്കാത്ത ഒരു പ്രതിരൂപത്തെയാണ്. മനശാസ്ത്രത്തിൽ ഇതിനെ കോമ്പൻസേറ്ററി ഡെല്യൂഷൻ എന്നാണ് പറയുന്നത്. എന്നാൽ ഈ ശ്രേഷ്ഠനായ ആരാധ്യപുരുഷൻ ഒരു സ്വതന്ത്രമനുഷ്യനെപ്പോലെ പെരുമാറിയാൽ, മനസ്സു മാറ്റിയാൽ, വിരുദ്ധസ്വഭാവങ്ങൾ പ്രകടിപ്പിച്ചാൽ, തെറ്റു വരുത്തിയാൽ ഒക്കെ നിമിഷാർധത്തിൽ അയാൾ ഈ ഭക്തരുടെ ഏറ്റവും വലിയ ശത്രുവായി മാറും. സ്വേച്ഛയും സ്വാതന്ത്ര്യബോധവും പ്രകടിപ്പിക്കുന്നത് വഴി അദ്ദേഹം ഭക്തരുടെ ശ്രേഷ്ഠ ബിംബത്തെ തകർത്ത് അവരെ നിരാലംബരാക്കുന്നു. ഭക്തർക്ക് താന്താങ്ങളുടെ ഇടങ്ങളിൽ തൃപ്തരായും നിഷ്ക്രിയരായും സ്വസ്ഥരായും തുടരണമെങ്കിൽ, അവരുടെ ആരാധ്യപുരുഷൻ യാതൊരു വ്യതിചലനവുമില്ലാതെ അവരുടെ പ്രതീക്ഷയ്ക്കൊത്ത് നിശ്ചലനായി നിൽക്കണം. അത്തരമൊരു ആരാധ്യ പുരുഷനോട് അവർ വിധേയത്വവും നന്ദിയും കടപ്പാടുമെല്ലാം പ്രദർശിപ്പിക്കും. എന്നാൽ അയാൾ തെറ്റു പറ്റാവുന്ന ഒരു സാധാരണ മനുഷ്യനായി ജീവിക്കാൻ തീരുമാനിച്ചാൽ അത് ഭക്തരുടെ ആരാധനാ ബിംബത്തെ തകർക്കുന്ന വലിയ പിഴവാണ്. ഏറ്റവും വലിയ ശിക്ഷ അർഹിക്കുന്ന വഞ്ചനയായി അത് കരുതപ്പെടും. എന്റെ ശക്തമായ സ്വാതന്ത്ര്യബോധത്തിനും നിരന്തരമായ ആത്മപരിശോധനക്കുമിടയിൽ ഈ പ്രതിഭാസം എനിക്ക് വലിയ പ്രശ്നങ്ങളാണുണ്ടാക്കിയത്. എന്നാൽ A ഈ വൈരുധ്യങ്ങൾ ഉപയോഗിക്കാനാണ് തീരുമാനിച്ചത്; പ്രബുദ്ധരല്ലാത്ത, പക്വതയില്ലാത്ത, ഉത്കണ്ഠാകുലരായ

ഒരു കൂട്ടം ഭക്തരെ അനുകൂലിക്കുന്നത് വഴി അവർ എന്റെ ജീവിതം കൂടുതൽ ദുർഘടമാക്കി. ഇമോഷണൽ ഇന്റലിജൻസ് എന്ന ആശയം ഇന്ന് വളരെ പ്രചാരം നേടിയ ഒന്നാണ്, എന്നാൽ *സ്പിരിച്വൽ ഇന്റലിജൻസ്* എന്ന ആശയം കൂടി വികസിച്ചു വരേണ്ടതുണ്ട്.

സ്വയം മാറാനും ചോദ്യം ചെയ്യാനും മെനക്കെടാത്ത ഇത്തരം ഭക്തർ, തങ്ങളുടെ ഗുരുവിനെ ചോദ്യം ചെയ്യാൻ ഒരിക്കലും തയ്യാറാവില്ല. വലിയ വീഴ്ചകളിൽ പോലും തങ്ങളുടെ ഗുരുവിനെ അനുകൂലിക്കുന്ന ഇവർ ആ വീഴ്ചകളുടെയെല്ലാം ഉത്തരവാദിത്വം ഗുരുവിന്റെ സഹായികളുടെ മേൽ അടിച്ചേൽപ്പിക്കുകയും ഗുരുവിനെ നന്മയുടെ നിറകുടമായി കണക്കാക്കുകയും ചെയ്യും. സൈക്കോതെറാപ്പിസ്റ്റുകൾ പറയുന്നതുപോലെ ഈ പ്രതിഭാസത്തിൽ ഒരു സൈക്കോട്ടിക്ക് ക്ലീവെജ്[9] കാണാൻ കഴിയും; നല്ലവനായ ഗുരുവും മോശക്കാരനായ സഹായിയും തമ്മിൽ. സഹായിയുടെ ദൃഷ്ടികോണിൽ നിന്നു നോക്കിയാൽ ഇത് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്ന ഒന്നാണ്.

ഞാൻ സാമാന്യ ജീവിതത്തിലേക്ക് മടങ്ങി പ്പോകാൻ തീരുമാനിച്ച അന്നുമുതൽ A ഈ പ്രതിഭാസം എനിക്കെതിരെ ഉപയോഗിക്കാൻ തുടങ്ങി. പ്രസ്ഥാനത്തിൽനിന്ന് ഇത്തരത്തിൽ ആദ്യമായി വിട്ടു പോകുന്നയാൾ ഞാനായിരുന്നു. ഗെയിൽ ഉൾപ്പെടെ പലരും പിന്നീട് ഈ വഴി തന്നെ സ്വീകരിച്ചു. പിൽക്കാലത്ത് പ്രസ്ഥാനം വിട്ട് പുറത്തുപോയ മറ്റു പലരോടും A ഇത്തരത്തിൽ തന്നെ പെരുമാറിയിരുന്നു എന്നതിന്റെ വിശദവിവരങ്ങൾ മറ്റൊരു അധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# II. 4. വേർപാട്

ഒരു സമയത്തും അധ്യയനമോ സ്വതന്ത്രമായി നടത്തിയിരുന്ന പ്രഭാഷണങ്ങളോ തടസ്സപ്പെടുത്താൻ ഞാൻ ആഗ്രഹിച്ചില്ല. ഒരു സാധാരണക്കാരനായി എന്റെ സേവനം തുടരണമെന്നു മാത്രമായിരുന്നു ഉദ്ദേശം. അതാണ് സത്യസന്ധതയുടെ വഴിയെന്നും അതെനിക്കും മറ്റുള്ളവർക്കും ഗുണം ചെയ്യുമെന്നും ഞാൻ വിശ്വസിച്ചു. മാനുഷികമായ എല്ലാ അപൂർണ്ണതകളെയും ന്യൂനതകളെയും സമന്വയിപ്പിച്ചും ആശ്ലേഷിച്ചുമാണ് എന്റെ ആധ്യാത്മിക പരിണാമം തുടരേണ്ടതെന്ന് ഞാൻ തിരിച്ചറിഞ്ഞു. എന്റെ ആത്മീയ യാത്ര തുടരാനായി പരിത്യാഗത്തിന്റെ വഴിയിൽ നിന്ന് സമാന്യ ജീവിതത്തിലേക്ക് തിരിച്ചു വരേണ്ടതുണ്ടെന്ന് എനിക്ക് മനസ്സിലായി. എന്നെ സംബന്ധിച്ചിടത്തോളം മനുഷ്യാവസ്ഥയുടെ സങ്കീർണ്ണതകളെ അംഗീകരിക്കലായിരുന്നു അത്. ഔപചാരികമായ പരിത്യാഗത്തെക്കാൾ അത്തരം സങ്കീർണ്ണതകളും വൈരുദ്ധ്യങ്ങളും നൽകുന്ന പാഠങ്ങളാണ് എന്റെ യാത്രയെ ആ സമയത്ത് കൂടുതൽ സഹായിക്കുക എന്ന് തോന്നി. ഭക്തർക്‌ക് ഒരു മാർഗ്ഗദർശ്ശിയും ആത്മീയ സഹോദരനുമായി പ്രവർത്തിക്കുക എന്നത് എന്റെ ജോലിയായിരുന്നു. പരിത്യാഗിയായ സന്യാസി ലൗകികജീവിതത്തിൽ മുഴുകിയ തന്റെ സദസ്യരിൽ നിന്ന് അത്യന്തം വിഭിന്നനാണ്. സന്യാസി തന്റെ ആശ്രമജീവിതം സ്വയം തെരഞ്ഞെടുക്കുകയും പരിത്യാഗമാകുന്ന വ്രതം നിരന്തരം പുതുക്കുകയും ചെയ്യുന്നു. അവൻ നിരന്തരം സാക്ഷിയാകേണ്ടതും ഉപദേശിക്കേണ്ടതും സ്വന്തം മാർഗ്ഗത്തിലുള്ള ആളുകളെയല്ല, മറിച്ച് തന്റെയും മറ്റുള്ളവരുടെയും മാനുഷിക ഗുണങ്ങൾ കൊണ്ട് പൊറുതിമുട്ടിയ സാമാന്യജനത്തിനെയാണ്. സാധാരണ ജീവിതത്തിലെ ദൈവികത്വം തിരിച്ചറിഞ്ഞുകൊണ്ടാണ് ഈ ജോലി ചെയ്യേണ്ടത്; അതുകൊണ്ടുതന്നെ

അത്തരമൊരു വിഭാഗത്തിന് പ്രസ്ഥാനത്തിൽ വലിയ സാധ്യതകളുണ്ടായിരുന്നേനെ. അങ്ങനെയൊരു സാധ്യത A ഒരിക്കലും തിരിച്ചറിഞ്ഞില്ല എന്നു മാത്രമല്ല എന്റെ എളിയ അഭിപ്രായത്തിൽ അത് പ്രസ്ഥാനത്തിനൊരു നഷ്ടവുമായിരുന്നു.

ഞാൻ വിവാഹിതനായി, ഭാര്യയോടൊപ്പം ആത്മീയാന്വേഷണം തുടരാനാഗ്രഹിക്കുന്ന വിവരം A യോട് പറഞ്ഞപ്പോൾ, അവരുപദേശിച്ചത് വളരെ ഗോപ്യമായി വേശ്യാസ്ത്രീകളെ അന്വേഷിച്ചു പോവാനാണ്. അല്ലെങ്കിൽ അവരുടെ യശസ്സിന് കോട്ടം തട്ടാതെ, വിവാഹം കഴിക്കാൻ ഉദ്ദേശിക്കുന്ന സ്ത്രീയുമായി ഒരു വർഷത്തേക്ക് ഭക്തരാരും തിരിച്ചറിയാനിടയില്ലാത്ത ഒരിടത്തേക്ക് പോയി താമസിച്ച് തിരികെ വരിക. ഇതല്ലാതെ മറ്റൊരു പോംവഴിയും A യ്ക്ക് നിർദ്ദേശിക്കാനുണ്ടായിരുന്നില്ല. ഞങ്ങളുടെ ഭാവിയോ, ഞാൻ ഉപേക്ഷിച്ച് തിരിച്ചുപോന്നാൽ അതിനുശേഷം ആ സ്ത്രീക്ക് ഉണ്ടാകാവുന്ന ദുരിതമോ അവർക്ക് പ്രശ്നമായിരുന്നില്ല. ആശ്രമത്തിനുള്ളിൽ ലൗകികം എന്ന പദം തന്നെ ഇകഴ്ത്തപ്പെട്ടതാണ്, ഇഹലോക സുഖങ്ങളിൽ മുഴുകി ജീവിക്കുന്ന സ്ത്രീയെയും പുരുഷനെയുമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. ഈ വാക്ക് തന്നെ നിന്ദ്യമായാണ് പ്രസ്ഥാനത്തിനുള്ളിൽ കണക്കാക്കപ്പെട്ടിരുന്നത്. അത് സൂചിപ്പിക്കുന്നത് കുടുംബവും ജോലിയുമൊക്കെയായി സാധാരണ ജീവിതത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് മാർഗ്ഗദർശനം നൽകാനും പ്രചോദനമാവാനും രക്ഷിക്കാനും ഒടുവിൽ അവരെ ഒരേയൊരു വഴിയായ പരിത്യാഗത്തിലേക്ക് നയിക്കാനും ആത്മത്യാഗികളുടെ സഹായം ആവശ്യമുണ്ടെന്നാണ്. ലൗകിക ജീവിതം ക്ഷണികമാണെന്നും ആ ജീവിതത്തിൽ ആളുകൾ ജീവശാസ്ത്രപരമായി പ്രജനനം നടത്തുകയും സഹജവാസനകൾക്ക് അടിമപ്പെട്ട് നിന്ദ്യമായി ജീവിക്കുകയും ആത്മീയമായ ഉയർച്ച അവർക്ക്

പൊതുവേ അസാധ്യമാവുകയും ചെയ്യുന്നു എന്നാണ് സൂചന.

A എന്നോട് കപടജീവിതം നയിക്കാൻ ആവശ്യപ്പെട്ടത് എനിക്ക് വലിയ ഹൃദയവേദനയുണ്ടാക്കി. സത്യസന്ധതയും ആധികാരികതയും എനിക്ക് എത്ര പ്രധാനമാണെന്ന് അവർ മനസ്സിലാക്കിയില്ല. എന്നും എന്റെ വഴികാട്ടിയായ അന്തരാത്മാവിനെയും സ്ഥായിയായ മൂല്യമായ സ്വാഭിമാനത്തെയും മറ്റുള്ളവരോടുള്ള ബഹുമാനത്തെയും അതുകൊണ്ടുതന്നെ ഗുരുവിനോടുള്ള ബഹുമാനത്തെയും കണക്കിലെടുത്ത്, A യുടെ അന്ത്യശാസനം കേട്ട നിമിഷം തന്നെ എനിക്കറിയാമായിരുന്നു പിരിഞ്ഞു പോവുക എന്നതല്ലാതെ എന്റെ മുന്നിൽ മറ്റ് വഴികളൊന്നുമില്ലെന്ന്. ഞാൻ വിശ്വസിച്ചിരുന്ന A യുടെ ഉൾക്കാഴ്ചയും ബുദ്ധിവൈഭവവുമെല്ലാം വെറും മായയായി എനിക്ക് തോന്നി. വീണ്ടുമൊരിക്കൽക്കൂടിയുണ്ടായ സംഭാഷണത്തിൽ എന്നെ ചെവിക്കൊള്ളാതിരുന്ന അവരുടെ പാദങ്ങളിൽ വീണപ്പോഴാണ് എന്റെ അന്തരംഗത്തിൽ നിന്ന് ഏറ്റവും ദീനമായ ഒരു കശാപ്പുശാലയിൽ നിന്നുയരുന്നതു പോലെയുള്ള, ആർത്തനാദമുയർന്നത്. അതിന്റെ ആഘാതത്തിൽ ദിവസങ്ങളോളം എനിക്ക് സംസാരിക്കാനായില്ല. എന്റെ ആത്മാവിൽ അടങ്ങിയിരുന്ന വസ്തുക്കളെയെല്ലാം ഒന്നിച്ച് ശർദ്ദിച്ചുകളയുന്നത് പോലൊരു അനുഭവമായിരുന്നു അത്. എന്നിട്ടും A മനസ്സലിവില്ലാതെ ശിലയായി നിലകൊണ്ടു. പറയേണ്ടതെല്ലാം പറഞ്ഞു കഴിഞ്ഞു. അപ്പോൾ എനിക്ക് തിരിച്ചറിയാനായില്ലെങ്കിലും വലിയ മാറ്റങ്ങൾ ഉണ്ടാക്കിക്കൊണ്ട് ജീവിതത്തിന്റെ ആ പുസ്തകത്താൾ എന്നന്നേക്കുമായി മാഞ്ഞുപോയിരുന്നു.

ജോലിക്കിടയിൽ ധാരാളം സ്ത്രീകളുമായി ഞാൻ ഇടപഴകിയിരുന്നു, അപ്പോഴെല്ലാം എനിക്ക് ചുറ്റും ഭേദിക്കാനാവാത്ത ഒരു രക്ഷാകവചം ഞാൻ തീർത്തിരുന്നു. എന്നാൽ വർഷങ്ങൾ കൊണ്ട് പകത

കൈവരിച്ചപ്പോൾ ഒരു മാറ്റം വേണമെന്ന് ഞാൻ തിരിച്ചറിഞ്ഞു. അത് എന്റെ മനസ്സിനെ കൂടുതൽ സ്വീകാര്യക്ഷമമാക്കി മാറ്റി. അങ്ങനെയാണ് ഭാവിയിൽ എന്റെ ഭാര്യയായ സ്ത്രീയെ ഞാനീ സ്വയം തീർത്ത രക്ഷാകവചത്തിനുള്ളിലേക്ക് കൊണ്ടുവരുന്നത്. ഇതേ ആളുടെ ഒപ്പമാണ് രഹസ്യമായി എങ്ങോട്ടെങ്കിലും പോയി ഒരുവർഷം താമസിച്ച് മടങ്ങിവരാൻ A എന്നെ ഉപദേശിച്ചത്. A യുമായുള്ള ഈ വടംവലി നടക്കുന്ന സമയത്ത് എന്റെ ഭാവി ഭാര്യയും ആശ്രമത്തിൽ ഉണ്ടായിരുന്നു. ഞങ്ങൾ തമ്മിൽ സംസാരിക്കുന്നത് A വിലക്കിയിരുന്നു. എനിക്കത് വളരെ അന്യായവും ബാലിശവുമായ ഒരു കടന്നുകയറ്റമായി തോന്നി. മുപ്പത്തിയൊമ്പതുകാരനായ എനിക്ക് ഒരാളോട് സംസാരിക്കുന്നത് ഉചിതമാണോ അല്ലയോ എന്ന് സ്വയം തീരുമാനിക്കാനുള്ള പക്വതയും പ്രാപ്തിയുമുണ്ടെന്ന് തോന്നി. ഞാൻ A യുടെ കൽപ്പന ലംഘിക്കാൻ തന്നെ തീരുമാനിച്ചു, ഭാവിയിൽ എന്റെ ഭാര്യയായവളോട് അതെക്കുറിച്ച് സംസാരിക്കുകയും ചെയ്തു. എന്റെ മുറിക്ക് പുറത്ത് ചാരന്മാരെ ഏർപ്പെടുത്തിയിരുന്ന A ഈ വിവരം ഉടനടി അറിയുകയും ചെയ്തു. ആ പാതിരാത്രിതന്നെ എന്റെ മതവസ്ത്രങ്ങൾ പുറത്ത് അയയിൽ ഉപേക്ഷിക്കാനും, A യെ ആരും തിരിച്ചറിയാത്ത ഒരിടത്തേക്ക് എന്നെന്നേക്കുമായി രായ്ക്കുരാമാനം നാടുവിട്ടുപോവാനും കൽപ്പിച്ചു. ആശ്രമവാസികൾ എല്ലാം ഉറങ്ങുന്ന സമയത്ത്, നേരം വെളുക്കുന്നതിനുമുമ്പ് എനിക്ക് ആശ്രമം ഉപേക്ഷിച്ചു പോവേണ്ടിവന്നു, കായലിനപ്പുറം എനിക്കായി ഒരു ടാക്സി കാത്തുനിൽക്കുന്നുണ്ടായിരുന്നു.

പുലർച്ചയ്ക്കുമുമ്പ്, ഇരുട്ടിൽത്തന്നെ ഞങ്ങൾ പുഴകടന്നു, ടാക്സിയിൽ കയറുന്നതിനു തൊട്ടുമുമ്പ് A യുടെ സന്ദേശവുമായി ഗായത്രി അവിടെയെത്തി, എന്റെ ഭാവി ഭാര്യയുമായി സംസാരിച്ചു. സ്വാഭാവികമായും ആ സന്ദേശം ഞങ്ങൾ രണ്ടുപേരെയും സംബന്ധിക്കുന്നതാണെന്ന് ധരിച്ച ഞാൻ

അവർക്കരികിലെത്തി. എന്നാൽ അതൊരു സ്വകാര്യ സന്ദേശമാണെന്നും എന്നെ സംബന്ധിക്കുന്നതല്ലെന്നും ഗായത്രി എന്നോട് പറഞ്ഞു. ദ്രോഹചിന്തയാൽ ഞങ്ങളെ തമ്മിൽ പിരിക്കാനുള്ള വഴിമരുന്നിടാനാണ് A ശ്രമിച്ചത്. എന്റെ ഭാവി ഭാര്യയുടെ തീരുമാനം ദുർബലപ്പെടുത്താനുള്ള ഒരു നീക്കമായിരുന്നു അത്. എന്റെ പങ്കാളിയോട് ഞാനുമായുള്ള ബന്ധം പിരിയാനിടവന്നാൽ എപ്പോൾ വേണമെങ്കിലും ആശ്രമത്തിലേക്ക് തിരിച്ചുവരികയും അവിടെ ജീവിക്കുകയും ചെയ്യാം എന്ന വാഗ്ദാനമായിരുന്നു ആ രഹസ്യ സന്ദേശം. തന്മൂലം രണ്ട് അനന്തരഫലങ്ങളാണ് A പ്രതീക്ഷിച്ചത്: ഒന്ന്; എന്റെ നിശ്ചയം തകർക്കുക, രണ്ടാമത്; എങ്ങാനും ഞാൻ വഴിപ്പെട്ടില്ലെങ്കിൽ, ഭാവിയിൽ ഞങ്ങൾ ദമ്പതികൾ തമ്മിൽ എന്തെങ്കിലും പ്രശ്നമുണ്ടായാൽ, തിരിച്ചുവന്ന് ആശ്രമജീവിതം തുടരാൻ കഴിയും എന്ന വാഗ്ദാനത്തിലൂടെ എന്റെ പങ്കാളിയുടെ മനസ്സിൽ ചാഞ്ചല്യമുണ്ടാക്കുക. അന്ന് ഇത്തരമൊരു പ്രവർത്തി എന്നിൽ ഞെട്ടലുണ്ടാക്കിയില്ല; കാരണം A യുടെ ഇത്തരം പ്രവർത്തികൾ എനിക്ക് ശീലമായിരുന്നു, മാത്രവുമല്ല അതിലും വലിയൊരു ഞെട്ടലിലായിരുന്നല്ലോ ഞാൻ. വർഷങ്ങൾക്കുശേഷം ഗെയിലിനോട് സംസാരിച്ചപ്പോഴാണ് അന്നത്തെയാ കുടിലത എത്ര തരംതാഴ്ന്നതായിരുന്നുവെന്ന് വ്യക്തമായത്.

25 വർഷത്തെ ആത്മീയ ജീവിതത്തിനുശേഷവും, എന്റെ ജീവിതത്തിലെ മൂന്നിലൊരു ഭാഗത്തിൽ കൂടുതൽ (ഏകദേശം 14 വർഷം) A യ്ക്കു വേണ്ടി ഉഴിഞ്ഞുവച്ചതിനുശേഷവും ഞാൻ തൽക്ഷണം പുറത്താക്കപ്പെട്ടു. ഒരു ഭൂകമ്പം പോലെ അതെന്നെ വല്ലാതെയുലച്ചു. ദൃഢമനസ്സും ആത്മീയതയും കൂട്ടിനില്ലായിരുന്നെങ്കിൽ ഒരുപക്ഷേ അതെന്നെ നശിപ്പിച്ചേനെ. A അതുവരെ പറഞ്ഞ കാര്യങ്ങൾ മാത്രമല്ല, അതിനുശേഷം ചെയ്ത പ്രവർത്തികളും ഒട്ടും മെച്ചമായിരുന്നില്ല. ആ പ്രവർത്തികളുടെയെല്ലാം ഒരു

ലിസ്റ്റെടുക്കാൻ തുനിയുകയല്ല ഞാൻ, അതുകൊണ്ട് ആർക്കും ഒരു ഗുണവുമില്ല. എന്നിരുന്നാലും വ്യാവഹാരിക ഉപയോഗങ്ങൾക്കായി, ആവശ്യമെങ്കിൽ ഉപയോഗിക്കാൻ എല്ലാ എഴുത്തുകുത്തുകളും ഞാൻ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. അതൊരു തുടക്കം മാത്രമായിരുന്നു, സ്വർദ്ദയ്ക്കടിമപ്പെട്ട A ഒന്നൊന്നായി നശീകരണ പ്രവർത്തനങ്ങൾ തുടങ്ങി. കഴിഞ്ഞ പത്ത് വർഷമായി യൂറോപ്യൻ രാജ്യങ്ങളിൽ പ്രവർത്തിച്ച് ഞാൻ സ്വയമുണ്ടാക്കിയ വലിയ ശൃംഖലയിൽ നിന്ന് അവരെന്നെ പൂർണമായി വിച്ഛേദിച്ചു. ബന്ധങ്ങളും വിശ്വാസ്യതയും തകർത്തു. എന്നെക്കുറിച്ച് പ്രചരിപ്പിച്ച മലീമസമായ കള്ളക്കഥകളുടെ വിശദാംശങ്ങൾ ഞാനന്വേഷിച്ചില്ല. ഇതിനൊക്കെ പിന്നിൽ ബുദ്ധിപരമായ കണക്കുകൂട്ടലുകളാണോ അറിവില്ലായ്മയാണോ അതോ വെറും വിഡ്ഢിത്തമാണോ എന്നൊന്നും അന്വേഷിക്കാനും ഞാൻ മിനക്കെട്ടില്ല. ഇത് മൂന്നും കൂടി ചേർന്നതാവാനാണ് സാധ്യത. അവർ കഴിയുംവിധമെല്ലാം എന്നെ തടസ്സപ്പെടുത്താൻ നോക്കി. ജോലിയിൽ എന്നെ സഹായിച്ചിരുന്ന എല്ലാ പ്രധാന വ്യക്തികളോടും (വളരെയധികം സൗഹൃദവും പരസ്പരവിശ്വാസവും ഉണ്ടായിരുന്ന വ്യക്തികൾ) എന്നെ ഒരു ചെറിയ രീതിയിൽ പോലും സഹായിക്കരുത് എന്ന് വിലക്കി. അവർ അക്ഷരംപ്രതി പറഞ്ഞത് ഇങ്ങനെയാണ്, ഞാൻ ആവശ്യപ്പെട്ടാൽ *"ഒരു പഴയ അടിവസ്ത്രം പോലും നൽകരുത്"* എന്ന്. ഇത് എന്റെ സുഹൃത്തുക്കളെ വല്ലാതെ ഞെട്ടിച്ചുകളഞ്ഞു. ചിലർ A യുടെ കല്പന മൗനമായി അവഗണിച്ചുകൊണ്ട് സ്വന്തം മനഃസാക്ഷിക്കനുസരിച്ച് പ്രവർത്തിക്കാൻ തീരുമാനിച്ചു.

ഇത് 1. എന്നെ നിശബ്ദനാക്കാനും (എനിക്ക് ആശ്രമത്തിന്റെ ധാരാളം സ്വകാര്യ വിവരങ്ങൾ അറിവുണ്ടായിരുന്നു) 2. വർഷങ്ങളുടെ അധ്വാനം കൊണ്ട് ഞാൻ ഭംഗിയായി നടത്തിയിരുന്ന അധ്യയനവൃത്തിക്ക് വിരാമമിടാൻ, എനിക്ക് എല്ലാം ആദ്യമേ പഠിക്കാൻ കഴിഞ്ഞു എന്ന

ചാരിതാർത്ഥ്യമുണ്ട് (ഗുരുവാണ് ആദ്യം ശിഷ്യനാവുന്നത് എന്ന തത്വം അംഗീകരിച്ചുകൊണ്ട്), 3. ഞാൻ "മറ്റൊരു" സ്ത്രീയെ തെരഞ്ഞെടുത്തതിനാൽ A യുടെ ഭക്തരുടെ ശൃംഖലയിൽ നിന്ന് എനിക്കൊരു സഹായവും ലഭിക്കാതിരിക്കാൻ. ഞാൻ A യുടെ ഭക്തർക്ക് സഹോദരനും വഴികാട്ടിയും എല്ലാമായിരുന്നു. എന്നാൽ ഒറ്റ രാത്രികൊണ്ട് അവരെല്ലാം കാവൽക്കാരാവുകയും ഞാൻ തന്നെ സ്ഥാപിച്ച ഫ്രഞ്ച് ആശ്രമത്തിലേക്ക് എന്നെ പ്രവേശിപ്പിക്കാതിരിക്കുകയും ചെയ്തു. അത്രയും കാലം എന്റെ താമസസ്ഥലവും കൂടിയായിരുന്നു അത്. എന്റെ സാധനങ്ങൾ എടുക്കുന്നതിനുപോലും അവിടെ പ്രവേശിക്കാൻ അവരെന്നെ അനുവദിച്ചില്ല. ഞാനൊരു ഇന്ത്യൻ സന്ദർശനം കഴിഞ്ഞ് തിരിച്ചെത്തിയതായിരുന്നു എന്നും എനിക്കെന്റെ ശീതകാല വസ്ത്രങ്ങൾ ഉടനടി വേണ്ടിയിരുന്നു എന്നതും എടുത്തുപറയട്ടെ. എനിക്കും A യ്ക്കും നേരിട്ട് ബന്ധമുണ്ടായിരുന്ന വിവിധ രാജ്യങ്ങളിലെ ആളുകളെ മധ്യസ്ഥരാക്കി നീണ്ട, ആയാസകരമായ ചർച്ചകൾക്കൊടുവിലും ഇതിനൊരു പരിഹാരമുണ്ടാക്കാൻ കഴിഞ്ഞില്ല. ആ ഉദ്യമം തന്നെ വിഫലമായ വിഡ്ഢിത്തമാണെന്ന് തോന്നി. ഒടുവിൽ ഞാൻ തന്നെ ഒരു ദിവസം നിശ്ചയിച്ച്, അവിടത്തെ നിവാസികളോട്, തത്സമയം അവിടെ നിന്ന് മാറി നിൽക്കാനും വാതിൽ പൂട്ടാതിരിക്കാനും നിർദ്ദേശിച്ചു. അവരത് അംഗീകരിച്ചില്ല. ഒടുവിൽ എനിക്ക് തടസ്സം നിൽക്കരുതെന്ന് അവരോട് ഭീഷണിയുടെ സ്വരത്തിൽ പറയേണ്ടി വന്നു. ഒരു വാനും വാടകയ്ക്കെടുത്ത് ഞാൻ അവിടെയെത്തി. ആരും സ്ഥലത്തുണ്ടായിരുന്നില്ലായെങ്കിലും കതക് പൂട്ടിയിരുന്നു. സത്യസന്ധതയും നീതിയും സുതാര്യതയും എല്ലാമവിടെ അവസാനിച്ചു. ഭാഗ്യവശാൽ മുകളിലെ ഒരു കിടപ്പുമുറിയുടെ വാതിൽ തുറന്നു കിടന്നിരുന്നു, വീടിന്റെ പുറകുവശത്ത് ഒരു വലിയ ഏണിയുമുണ്ടായിരുന്നു. അങ്ങനെ ഞാൻ വീടിന്റെ മേൽക്കൂരയിലൂടെ ഉള്ളിലേക്ക് പ്രവേശിച്ചു. ഇവിടെ

എന്താണ് ശരിക്കും സംഭവിച്ചത്? A യുടെ വാക്കിന് വിരുദ്ധമായി ഞാനെടുത്ത തീരുമാനത്തിന് എന്നിൽ നിന്ന് ഏറ്റവും വലിയ വില ഈടാക്കി എന്നെ വഴിയാധാരമാക്കുക എന്നതോ? എന്റെ ബന്ധങ്ങളെല്ലാം തകർത്ത് എന്നെ നിയമ നടപടിക്ക് വിധേയമാക്കുമെന്ന ഭീഷണിയോ? ഇത്തരം കഠിനപ്രവർത്തികളുടെ ആവശ്യമെന്താണ്? സത്യനിഷ്ഠയും ധർമ്മാധർമ്മവിവേചനവും സ്വബോധവുമുള്ള ഒരാൾക്ക് ആലോചിക്കാൻ പോലും കഴിയുന്നതാണോ ഇത്ര ഹീനമായ പദ്ധതികൾ.

എന്റെ വീഴ്ച വളരെ പരിതാപകരമായിരുന്നു, മുപ്പത്തിയൊമ്പതാം വയസ്സിൽ എല്ലാവിധത്തിലും എനിക്ക് ജീവിതം ഒന്നിൽ നിന്നും തുടങ്ങേണ്ടി വന്നു. ഞാൻ വീടുവിട്ടത് യാതൊരുവിധ ഔപചാരികവിദ്യാഭ്യാസവും ഇല്ലാതെയാണ്, എന്റെ അറിവുകളെല്ലാം ഞാൻ സ്വയം ആർജിച്ചതാണ്. പതിനാലാം വയസ്സുമുതൽ ആധ്യാത്മിക പഠനത്തിനായി ഉഴിഞ്ഞു വച്ചതാണ് എന്റെ ജീവിതം. എന്നെ നിർബന്ധപൂർവ്വം പ്രസ്ഥാനത്തിൽ നിന്ന് ഒഴിപ്പിക്കുകയായിരുന്നു; യാതൊരു തയ്യാറെടുപ്പോ മുന്നറിയിപ്പോ ഇല്ലാതെ, എല്ലാ ബന്ധങ്ങളും വിച്ഛേദിച്ച്, പണമില്ലാതെ, ജീവനോപാധി ഒന്നുമില്ലാതെ, സോഷ്യൽ സർവീസ് ആനുകൂല്യങ്ങൾ കിട്ടാൻ പോലും അർഹതയില്ല◌ാതെ (അതേക്കുറിച്ച് പിന്നീട് പറയാം).

ജീവിതം തിരിച്ചു പിടിക്കുക എന്നത് തന്നെ വളരെ വിഷമം പിടിച്ച ജോലിയായിരുന്നു. അപ്പോഴാണ് അനാവശ്യമായ നിയമനടപടിയുടെ ഭീഷണിയുമായി A വരുന്നത്. അതിനായി കാലിഫോർണിയയിലെ അഭിഭാഷകരെ ഏർപ്പെടുത്തിയിരുന്നു അവർ. എനിക്കെതിരെ കെട്ടിച്ചമച്ച കുറ്റകൃത്യങ്ങൾ നിരത്തുകയും ഏഴുമാസക്കാലം എനിക്കാ കള്ളക്കേസുകളെ പ്രതിരോധിക്കേണ്ടി വരികയും ചെയ്തു. എനിക്ക് ഏഴു മുൻവർഷങ്ങളിലെ കണക്കുകൾ

അഭിഭാഷകരെ ബോധ്യപ്പെടുത്തേണ്ടി വന്നു. ഭാഗ്യവശാൽ എല്ലാത്തിനും രസീതുകളും ബില്ലുകളും വൗച്ചറുകളും ഞാൻ കൃത്യമായി സൂക്ഷിച്ചിരുന്നു. നിരന്തരമായ ഈ പ്രശ്നങ്ങൾ എന്റെ വിവാഹ ജീവിതത്തെയും ബാധിച്ചു. ഈ സമയത്ത് A നേരിട്ട് അധിക്ഷേപവും ഭീഷണിയും നിറഞ്ഞ കത്തുകൾ എനിക്കയച്ചിരുന്നു. ഭാഗ്യംകൊണ്ട് മിടുക്കനായ ഒരു വക്കീലിനെ ഏർപ്പാടാക്കാനും ചില ഉപാധികൾക്ക് അനുസരിച്ചാണെങ്കിലും എന്റെ ഭാഗം സംരക്ഷിക്കാനും എനിക്ക് കഴിഞ്ഞു. അത്രയ്ക്കുണ്ട് A യുടെ നീതിയുക്തതയും കാരുണ്യവും; അതിന്റെ വിശദവിവരങ്ങൾ ഇനിയൊരു അധ്യായത്തിൽ ആവാം.

വർഷങ്ങളുടെ പ്രവർത്തനഫലമായി ഞാൻ സത്സംഘങ്ങൾ നടത്തിയിരുന്ന രാജ്യങ്ങളുടെ പട്ടിക അനുദിനം ഏറിവന്നിരുന്നു. ഇതുകൂടാതെ A യുടെ വിവിധ രാജ്യങ്ങളിലെ വാർഷിക സന്ദർശനങ്ങളും ഞാൻ സംഘടിപ്പിച്ചിരുന്നു, ഈ സമ്മേളനങ്ങളിൽ ധാരാളം ഫണ്ട് ശേഖരണം നടന്നിരുന്നു. ഈ ജോലികൾക്കെല്ലാം നിയമപരമായ ഒരു ഘടന നല്കുന്നതിനായി ഒരുപാട് സന്ദർഭങ്ങളിൽ ഞാൻ ടാക്സ് കൺസൾട്ടൻസികളെയും അഭിഭാഷകരെയും സമീപിച്ചിരുന്നു. അനുകൂലമായ രീതിയിൽ, നിയമപരമായി കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിന് പലരാജ്യങ്ങളിലെയും നടപടിക്രമങ്ങൾ പലതായിരുന്നു. എല്ലാ കൊല്ലവും പ്രസ്ഥാനത്തിന്റെ യൂറോപ്പിലെ പ്രവർത്തനങ്ങൾ നിയമ വിധേയമാക്കുന്നതിന് ഞാൻ പ്രോജക്ട് റിപ്പോർട്ടുകൾ ഉണ്ടാക്കുകയും A യെ അവ വിവരിച്ചു കേൾപ്പിക്കുകയും ചെയ്തിരുന്നു. പക്ഷേ അവർ എപ്പോഴും ഇത്തരം ചർച്ചകൾ മുന്നോട്ടു കൊണ്ടുപോകുന്നതിൽ അകാരണമായ വിമുഖത കാണിച്ചു. എല്ലാം അനൗദ്യോഗികമായി എന്റെ പേരിൽ തുടർന്നു കൊണ്ടുപോകാനാണ് അവർ തീരുമാനിച്ചത്. ശേഖരിക്കുന്ന ഫണ്ടുകളും വിറ്റുവരവുമെല്ലാം ചെക്കുകൾ ആയി എന്റെ പേരിലുള്ള വിവിധ രാജ്യങ്ങളിലെ പഴ്സണൽ ബാങ്ക് അക്കൗണ്ടുകളിൽ

നിക്ഷേപിക്കുകയാണ് ചെയ്തിരുന്നത്. ചെക്കുകളിലെയും ഡ്രാഫ്റ്റുകളിലെയും തുകകൾ കൃത്യമായ ഇടവേളകളിൽ ഞാൻ A യുടെ പേരിൽ ഇന്ത്യയിലേക്ക് കൈമാറിയിരുന്നു. ഈ പണമെല്ലാം A വ്യക്തിപരമായാണ് കൈകാര്യം ചെയ്തിരുന്നത്. ചുരുക്കത്തിൽ അവർക്ക് വ്യക്തിപരമായി ഈ രാജ്യങ്ങളിൽ നിന്ന് കടത്താൻ കഴിയാത്ത പണം എത്തിച്ചുകൊടുക്കാനുള്ള ഒരു ഉപകരണമായിരുന്നു ഞാൻ.

എന്നാൽ ഈ സംഖ്യകൾ വളർന്ന് ഏഴക്ക സംഖ്യകൾ ആയി തുടങ്ങിയപ്പോൾ, നിയമവിരുദ്ധ പ്രവർത്തനങ്ങൾ സംശയിച്ച്, ആദ്യം എന്റെ ബാങ്കുകളും പിന്നീട് അധികൃതരും ചോദ്യങ്ങൾ ചോദിച്ചു തുടങ്ങി. ചാരിറ്റി പ്രവർത്തനങ്ങൾക്കുള്ള ഇത്രയധികം പണം പേഴ്സണൽ അക്കൗണ്ടുകൾ വഴി പോകേണ്ടതിന്റെ ആവശ്യകത അവർക്കാർക്കും ബോധ്യമായില്ല. A യുടെ തീരുമാനങ്ങൾ അങ്ങനെ എന്നെ വ്യക്തിപരമായി പല രാജ്യങ്ങളിലെയും അധികൃതരുമായി ബുദ്ധിമുട്ടിലാക്കി. A യുടെ ഇഷ്ടത്തിന് വിപരീതമായി അവരുടെ പേരിൽ പല രാജ്യങ്ങളിലെയും നിയമം അനുശാസിക്കുന്ന തരത്തിൽ സ്ഥാപനങ്ങൾ തുടങ്ങാൻ എനിക്കായില്ല. ഒരു ബ്രിട്ടീഷുകാരനായ ഭക്തന്റെ സഹായത്തോടെ ഫ്രാൻസിലെ ആശ്രമത്തിനായി കെട്ടിടം വാങ്ങിയപ്പോഴും അതൊരു അസോസിയേഷന്റെയോ ഫൗണ്ടേഷന്റെയോ പേരിൽ വാങ്ങുന്നത് A എതിർത്തു, ഞാൻ എന്ന വ്യക്തിയുടെ പേരിൽ തന്നെ വേണമെന്ന് ശഠിച്ചു. എന്നാൽ A എനിക്കെതിരെ യുഎസ് അഭിഭാഷകരെ ഏർപ്പെടുത്തിയപ്പോൾ ആരോപിക്കപ്പെട്ട കുറ്റങ്ങൾ പണം വെട്ടിപ്പും വിശ്വാസലംഘനവും വഞ്ചനയുമായിരുന്നു. അവർ പറഞ്ഞതിനെതിരായി, അവരറിയാതെ, അവരുടെ സ്ഥാപനങ്ങൾ എന്റെ പേരിൽ നടത്തിയെന്നും അവർക്ക് വേണ്ടി പിരിച്ചെടുത്ത സംഖ്യകൾ എന്റെ വ്യക്തിപരമായ ലാഭത്തിനായി ഉപയോഗിച്ചെന്നുമായിരുന്നു അവരുടെ ആരോപണം. ഇനി ഈ ആരോപണത്തിന്റെ സ്വഭാവത്തെക്കുറിച്ച് ഒന്നു വിശകലനം ചെയ്യാം.

ചിന്തിച്ചു നോക്കിയാൽ യാതൊരു നീതിയുമില്ലാത്ത കപടതയാണിതെന്ന് മനസ്സിലാക്കാം.

1. ആദ്യം അരഡസൻ യൂറോപ്യൻ രാജ്യങ്ങളിൽ നിന്ന് വലിയ വലിയ തുകകൾ, പേഴ്സണൽ അക്കൗണ്ടിൽ നിന്ന് നിരന്തരം ഇന്ത്യയിലേക്ക് അയപ്പിക്കുന്നതുവഴി അവരെന്നെ വലിയ അപകടത്തിലാക്കി. ടാക്സ് അടയ്ക്കാതിരിക്കാനായിരുന്നു ഇങ്ങനെ ചെയ്യിച്ചിരുന്നത്.

2. അവരുടെ പ്രവർത്തനങ്ങൾക്ക് വേണ്ടി നിയമാനുസൃതം വേണ്ടിയിരുന്ന സ്ഥാപനങ്ങൾ ഞാൻ തുടങ്ങിയില്ല എന്ന് ആരോപിച്ചു, എന്നാൽ യഥാർത്ഥത്തിൽ അവർ തന്നെയായിരുന്നു നിയമപ്രകാരമുള്ള സ്ഥാപനങ്ങൾ തുടങ്ങാൻ അനുവദിക്കാതിരുന്നത്.

3. പണം വെട്ടിപ്പും വഞ്ചനയും നടത്തിയതായി ആരോപിച്ചു, അത് അഭിഭാഷകരുമായുള്ള സുദീർഘമായ സന്ധി സംഭാഷണങ്ങളിൽ ആണ് അവസാനിച്ചത് (സന്ധി സംഭാഷണം എന്ന് പറയുമ്പോൾ സ്വയരക്ഷയ്ക്കുള്ള ഉപാധികൾ എന്റെ കൈവശം ഉണ്ടായിരുന്നതുകൊണ്ട് മാത്രമാണ് അതങ്ങനെ അവസാനിച്ചത്. അല്ലായിരുന്നെങ്കിൽ എന്ത് സംഭവിക്കുമായിരുന്നു എന്നോർക്കാൻ കൂടി വയ്യ); അവസാനമായി

4. യൂറോപ്പിൽ അങ്ങുമിങ്ങും ഇല്ലാതെ ത്രിശങ്കുസ്വർഗത്തിൽ നഷ്ടപ്പെടുത്തിയ വർഷത്തിനുള്ള നഷ്ടപരിഹാര ചർച്ചകൾക്കിടയിൽ, A വളരെ വ്യക്തമായ നിബന്ധനകൾ വച്ചിരുന്നു, അതേക്കുറിച്ച് പിന്നീട് പറയാം.

5. നിയമപരമായി എന്നെ കുടുക്കിയതിന് മാസങ്ങൾക്ക്കു ശേഷം അവർ മാപ്പ് ചോദിച്ചു.[10] എത്ര ഉദാത്തമായ മാതൃക... നിർവൃതിയുടെ, കനിവിന്റെ അമ്മ, തനിക്കുവേണ്ടി സ്വജീവിതം ഉഴിഞ്ഞുവച്ച ശിഷ്യന്റെ നന്മയെക്കരുതി എത്ര ഉത്കണ്ഠപ്പെടുന്നു. ഒക്കെ വെറും കുടിലത മാത്രം. പ്രത്യേകിച്ച്, ഏഴുമാസത്തെ നിയമപോരാട്ടത്തിൽ എന്തു പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വമാണോ അവർ എന്റെ തലയിൽ കെട്ടിവയ്ക്കാൻ ശ്രമിച്ചത്, അതേ ഉത്തരവാദിത്വത്തിൽനിന്ന് എനിക്കു മുന്നിൽ വച്ച നിബന്ധനകൾ അവരെ രക്ഷിക്കും എന്ന് ഉറപ്പുള്ളപ്പോൾ.

ടാക്സ് വെട്ടിക്കൽ ഈ പ്രസ്ഥാനത്തിന്റെ ഒരു വലിയ ഭാഗമാണ്, അതിന്റെ വിശദാംശങ്ങളിലേക്ക് പിന്നീട് കടക്കാം. എന്നിരുന്നാലും എഴുതി വന്നതിന്റെ തുടർച്ചയായി ഒരു കാര്യം പറയാം. അവരും പരിവാരങ്ങളും ഓരോരോ രാജ്യങ്ങളായി സന്ദർശിക്കുമ്പോൾ പ്രത്യേകിച്ച് ഇന്ത്യയിലേക്ക് തിരിച്ചു പോകുമ്പോൾ അവരുടെ ഏറ്റവും വലിയ താല്പര്യം ഔദ്യോഗിക മാർഗ്ഗങ്ങളിലൂടെ പണം കൈമാറ്റം ചെയ്യുന്നത് കഴിവതും ഒഴിവാക്കുക എന്നതാണ്. വലിയ സംഖ്യകൾ രാജ്യത്തേക്ക് കൊണ്ടുവരുന്നത് ഡിക്ലയർ ചെയ്യാതിരിക്കുന്നതിനായിരുന്നു ഇത്. അതിനായി അവരുടെ സന്നാഹത്തിൽ ഉള്ള ഓരോ ആളും ഒരു കടത്തുകാരൻ/കടത്തുകാരിയായി പ്രവർത്തിച്ചിരുന്നു. ഓരോരുത്തരും ₹5,80,000/- ($10,000) പണമായും (അനുവദനീയമായതിന്റെ പരമാവധി), ശ്രദ്ധ ക്ഷണിക്കാതെ അണിയാവുന്നത്രയും സ്വർണാഭരണങ്ങളും (ഡൊണേഷനുകൾക്ക് തുല്യമായവ) അണിഞ്ഞായിരുന്നു മടക്കയാത്ര ചെയ്തിരുന്നത്.

ഇതൊന്നും കൂടാതെ, ദീർഘനാളത്തെ അഭിഭാഷകരുമായുള്ള സന്ധിസംഭാഷണങ്ങൾ എനിക്ക്

മറ്റു വലിയ പ്രശ്നങ്ങൾ ഉണ്ടാക്കി. എന്റെ രാജ്യത്തെ ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള എന്റെ വ്യക്തിവിവരങ്ങളുടെ ക്രമപ്പെടുത്തൽ, ഈ നിയമനടപടികൾ പൂർത്തിയാകുന്നതുവരെ തൽക്കാലത്തേക്ക് നിർത്തിവച്ചിരുന്നു. അതുകൊണ്ടുതന്നെ സാമൂഹികസേവനമോ ആരോഗ്യപരിരക്ഷയോ എനിക്ക് ഈ കാലയളവിൽ ലഭ്യമായില്ല. സ്വിസ് പൗരയും എന്റെ രാജ്യത്ത് വിദേശിയുമായിരുന്ന, എന്റെ ഭാര്യയ്ക്കും ഈ സൗകര്യങ്ങളൊന്നും ലഭ്യമായില്ല. അപ്പോൾ ഈ ചെയ്തികളുടെ ഉദ്ദേശം ഞങ്ങളുടെ ജീവിതം എങ്ങനെയെങ്കിലും തകർക്കണം എന്നതായിരുന്നോ? എനിക്കറിയില്ല, ഇപ്പോൾ അതിനെക്കുറിച്ച് ആലോചിക്കാറുമില്ല.

അതുകൊണ്ട് തീർന്നില്ല, നിയമാനുസൃതമായ രജിസ്ട്രേഷനും മറ്റും ഇല്ലാതിരുന്ന ഫ്രാൻസിലെ കേന്ദ്രത്തിൽ, ഭക്തർ ചെയ്തിരുന്ന സന്നദ്ധസേവനങ്ങളായ പബ്ലിഷിംഗ്, പരിഭാഷ, സെക്രട്ടേറിയൽ സർവീസസ്, ഇവന്റുകൾ സംഘടിപ്പിക്കുക തുടങ്ങിയ ജോലികളെല്ലാം നാഷണൽ സോഷ്യൽ അഡ്മിനിസ്ട്രേഷൻ അപ്രഖ്യാപിത ജോലികളായാണ് കണക്കാക്കിയിരുന്നത്. ഇതിനൊക്കെ സോഷ്യൽ കോൺട്രിബ്യൂഷൻ കൊടുക്കേണ്ടതുണ്ടായിരുന്നു. ഒരു ജനാധിപത്യ സോഷ്യലിസ്റ്റ് രാജ്യത്ത് ഇങ്ങനെയൊരു കുറ്റത്തിന്റെ വ്യാപ്തി അറിയാവുന്നവർക്ക്, എത്ര വലിയ ക്രമക്കേടിലേക്കാണ് അവരെന്നെ തള്ളിവിട്ടത് എന്ന് മനസ്സിലാവും.

അങ്ങനെ നിയമപരവും സാമൂഹികവുമായ ഈ പ്രശ്നങ്ങളുടെ ഭാരവും പേറി എനിക്ക് എന്റെ ജീവിതം ഒന്നിൽ നിന്നും തുടങ്ങേണ്ടി വന്നു. എല്ലാം വിധിക്ക് വിട്ടുകൊടുത്തുകൊണ്ട് ഞങ്ങൾ ജീവിതമാരംഭിച്ചു. എന്റെ ഭാര്യയുടെ (ഇപ്പോൾ; പഴയ ഭാര്യ) സമ്പാദ്യം ചെലവഴിച്ചാണ് ഞങ്ങൾ ആ നീണ്ട കാലയളവിൽ

ജീവിച്ചിരുന്നത്, A യുടെ കുടിലതയോ വിഡ്ഢിത്തമോ മൂലമുണ്ടായ നിയമപ്രശ്നങ്ങളും തടസ്സങ്ങളും ഒന്നൊന്നായി നീക്കിക്കൊണ്ട്. ഇത്തരമൊരു പ്രവർത്തിയുടെ കാരണങ്ങൾ വിശകലനം ചെയ്യാൻ എനിക്ക് കഴിവില്ല, കാരണം ഞാൻ ആ വിഷയത്തിലെ വിദഗ്ദ്ധനല്ല. മനോരോഗ വിദഗ്ദ്ധനായ ഡോക്ടർ ജാകപിസ് വിഗെ, A യുടെ വ്യക്തിത്വത്തെക്കുറിച്ച് അധ്യായം III. 9. ൽ വിവരിക്കുന്നുണ്ട്. എനിക്ക് ആകെ പറയാൻ കഴിയുന്നത് അവരുടെ പ്രവർത്തികൾ എനിക്കുണ്ടാക്കിയ വേദനയെക്കുറിച്ചാണ്. എന്ത് അസംബന്ധവും ദൈവികമെന്നോ, ദൈവകല്പിതം എന്നോ പറഞ്ഞ് ന്യായീകരിക്കാത്ത മോഡേൺ സൈക്കോളജിയുടെ വീക്ഷണമെന്താണെന്ന് ശ്രദ്ധിക്കുകയാണ് ഏറ്റവും യുക്തവും വിവേകപൂർണവുമായ കാര്യം. ഡോക്ടർ ജാകപിസ്സിന്റെ കുറിപ്പ് നമുക്ക് ചിന്തിക്കാനുള്ള വക നൽകുന്നു. അതിനെക്കുറിച്ച് ചിന്തിച്ചുനോക്കാൻ ധൈര്യമുള്ള ആർക്കും മനസ്സിലാവും അവരുടെ പ്രവർത്തികളിൽ ഗുരുതരമായ പൊരുത്തക്കേടുകളുണ്ടെന്ന്.

അവരുടെ ഒടുവിലുള്ള ക്ഷമാപണത്തെ കുറിച്ചാണെങ്കിൽ അത് പാതിയും പൊള്ളയാണെന്ന് എനിക്കറിയാമായിരുന്നു. എനിക്കെതിരെ അഭിഭാഷകരെ അയച്ച് നിയമനടപടിക്ക് ശ്രമിച്ചതിൽ അവർക്ക് പങ്കില്ല എന്നാണ് അവർ പറഞ്ഞത്. US ലെ കേന്ദ്രമാണത്രേ സ്വയമേവ നടപടികൾ സ്വീകരിച്ചത്, അഭിഭാഷകരുമായുള്ള സമവായ ചർച്ചകളുടെ പുരോഗതിയെക്കുറിച്ച് അവർ യാതൊന്നും അറിഞ്ഞിരുന്നില്ലത്രേ. A യുടെ പ്രവർത്തന രീതിയെക്കുറിച്ച്[11] അടുത്തറിയുന്നവർക്കറിയാം, ഓരോ കാര്യത്തിലും ഇവർക്കുള്ള ശക്തമായ നിയന്ത്രണത്തെക്കുറിച്ച്, കാര്യങ്ങൾ അറിയാൻ അവർ കാണിക്കുന്ന ഉത്സാഹത്തെക്കുറിച്ച്, വിവരങ്ങൾ അവരെ ഗ്രഹിപ്പിക്കുന്നത് അവർക്ക് എത്ര നിർബന്ധമാണെന്ന്,

എത്ര വഴിപ്പെടാത്ത വ്യക്തിത്വമാണ് അവരുടെയെന്നും, എത്ര ദയാരഹിതമാണ് അവരുടെ തീരുമാനങ്ങൾ എന്നുമെല്ലാം. ഇതിനെക്കുറിച്ച് കൂടുതൽ പിന്നീട് പറയുന്നുണ്ട്. വളരെ അടുത്ത കാലത്താണ് A ദൈനംദിന നടത്തിപ്പ് സംബന്ധിച്ച കാര്യങ്ങൾ പോലും മറ്റുള്ളവർക്ക് വിട്ടുകൊടുക്കുന്നത്. വളരെ നാളായി അവരുടെ ഒഴികഴിവുകളും കളവുകളും നിന്നനിൽപ്പിലെ തിരിഞ്ഞുകളിയും എന്ന് അറിയുന്ന ഒരാളായിരുന്നു ഞാൻ. അവരുടെ നിഷേധിക്കാനാവാത്ത ചില നല്ല ഗുണങ്ങളെ അറിയുന്നതുപോലെ തന്നെ വിവിധവും അനേകവുമായ പിഴവുകളെക്കുറിച്ചും എനിക്കറിയാമായിരുന്നു. എന്നാൽപോലും ഒത്തുതീർപ്പിന് ഒരവസരം നൽകാനും അവരോട് ക്ഷമിക്കുവാനും ഞാൻ തയ്യാറായിരുന്നു. നടന്ന കാര്യങ്ങൾ മാന്ത്രികവടി വീശി ഇല്ലാതാക്കാൻ എനിക്ക് കഴിയില്ലെങ്കിലും തകർന്ന ബന്ധം ആവുന്നതുപോലെ വീണ്ടും കെട്ടിപ്പടുക്കുവാനും സാധിക്കുന്ന ഇടങ്ങളിൽ കൂട്ടായപ്രവർത്തനങ്ങൾ നടത്താൻ കഴിയുമോ എന്ന് ശ്രമിക്കാനും ഞാൻ തയ്യാറായിരുന്നു. ഇത്രയും ദുരനുഭവങ്ങൾക്ക് ശേഷവും അവരോട് കൂറുപുലർത്തുന്നതെന്തിന് എന്ന് ചിലർക്ക് സംശയം തോന്നാം, പുനരവലോകനം ചെയ്ത് നോക്കുമ്പോൾ എനിക്കും അതേ സംശയം തോന്നുന്നുണ്ട്.

A യുമായി ഒരു യോജിപ്പിലെത്താൻ ഞാൻ തയ്യാറായിരുന്നു, ഞാൻ സ്യൂറിക്കിലെത്തി അവരെ കണ്ടു. അവരുടെ മുന്നിലെത്തിയ ഞാൻ പൊട്ടിക്കരഞ്ഞു. അവരും പശ്ചാത്താപത്തിന്റെ കണ്ണീരോടെയാണ് എന്നെ സ്വീകരിച്ചത്. ഒത്തുതീർപ്പിന്റെ ഭാവപ്രകടനങ്ങൾക്കുശേഷം കുറച്ചു വർഷങ്ങൾ കൂടി അവരുടെ യൂറോപ്യൻ സന്ദർശനങ്ങൾക്ക് ദ്വിഭാഷിയായി ഞാൻ പ്രവർത്തിച്ചു. ഞാൻ പ്രസ്ഥാനത്തിലേക്ക് തിരിച്ചെത്തണമെന്ന് അവർ നിരന്തരം സൂചിപ്പിച്ചു. അവരുടെ നിർദേശം എപ്പോഴും ഒന്നുതന്നെയായിരുന്നു

*“ആശ്രമത്തിലേക്ക് തിരിച്ചുവന്ന് ഞങ്ങളോടൊപ്പം അല്പനാൾ താമസിക്കൂ, നീ എന്നോടൊപ്പം ഉണ്ടെന്ന് മറ്റുള്ളവരെ കാണിക്കൂ, വീണ്ടും എന്റെ പ്രീതിക്ക് നീ പാത്രമായി എന്ന് മറ്റുള്ളവരറിയട്ടെ. അല്പാല്പമായി മറ്റുള്ളവർ, ഏറ്റവും എതിർപ്പുള്ളവർ പോലും നിന്നെ അംഗീകരിക്കും. നിനക്ക് ഇവിടെ എന്റെ സേവയിൽ തുടരാനും ആവും.”* ചുരുക്കത്തിൽ, A എനിക്കെതിരെ അണിനിരത്തിയ അതേ ആളുകളുടെ അംഗീകാരം വീണ്ടും നേടിയെടുക്കുക. ഒരു പുനരധിവാസമോ, ആത്മപരിശോധനയോ, ഒരുവേള തെറ്റുകളുടെ തിരിച്ചറിവോ, പരസ്യമായ ക്ഷമാപണത്തിന്റെ സാധ്യതയോ ഒന്നും തന്നെ ഒരിക്കലും ഉണ്ടായിരുന്നില്ല. ഈ നിർദ്ദേശങ്ങൾ എനിക്ക് ഒട്ടും സ്വീകാര്യമായിരുന്നില്ല. വൈകാതെ എനിക്ക് അവരെ കാണാൻ ഉള്ള താല്പര്യം തന്നെ നശിച്ചു. A സ്വയം സർവ്വശക്തയായി കരുതി തുടർന്നു, ലോകത്തിന്റെ മുഖസ്തുതി ഈ അവസ്ഥ മോശമാക്കുകയും, ആത്മ പരിശോധനയ്ക്കുള്ള അൽപ്പമെങ്കിലും കഴിവ് അവർക്കുണ്ടായിരുന്നെങ്കിൽ അത് ഇല്ലാതാക്കുകയും ചെയ്തു.

നേരത്തെ പറഞ്ഞതുപോലെ A എന്തുദ്ദേശത്തിലാണ് ഇതൊക്കെ ചെയ്തതെന്നുള്ള കാര്യമോ കാരണമോ പറയാനുള്ള സമയമോ ക്ഷമയോ അവർക്കുണ്ടായിരുന്നില്ല. എന്നാൽ ഞാൻ അവർക്ക് സ്ഥിരമായി കത്തുകളെഴുതി. ഞാൻ പറയുന്നതൊക്കെ അവർ കേൾക്കുന്നുണ്ടല്ലോ എന്ന് ഞാൻ നിഷ്കളങ്കമായി കരുതി. എന്നാൽ ദൗർഭാഗ്യമെന്നു പറയട്ടെ, പിന്നീട് ഗെയിൽ പറഞ്ഞപ്പോഴാണ് അറിയുന്നത് അവർ എന്റെ വാക്കുകൾ കേൾക്കാൻ ഒരിക്കലും താല്പര്യം കാണിച്ചിരുന്നില്ല എന്ന്. A യിൽ നിന്നുള്ള മോചനം എനിക്ക് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്, ഏഴുവർഷത്തോളം അടക്കാനാവാത്ത അമർഷവുമായി ഞാൻ വലഞ്ഞു. ശരീരത്തിന്റെ പലഭാഗങ്ങളിൽ അടിഞ്ഞുകൂടുന്ന വൈകാരികക്ഷോഭത്തെ വ്യായാമം വഴി ഇല്ലാതാക്കുക എന്ന ലക്ഷ്യമിട്ട് നടത്തിയ ഒരു

സൈക്കോ ബോഡി വർക്ക് സെമിനാറിൽ എന്റെ അന്നത്തെ ഭാര്യയോടൊപ്പം പങ്കെടുക്കുമ്പോഴാണ് ഒടുവിൽ മഞ്ഞുമല ഉരുകിയത്. അതിനുശേഷം മാത്രമാണ് എനിക്ക് ഉള്ളിലെ ശക്തി തിരിച്ചു കിട്ടിയത്. വൈകാരികമായ സ്വാതന്ത്ര്യം ലഭിക്കുന്നത്, എനിക്ക് കൈകാര്യം ചെയ്യാൻ കഴിയാത്ത, ദഹിക്കാത്ത ഒരു സംഭവത്തിന്റെ പ്രത്യാഘാതത്തിലെന്നവണ്ണമുള്ള ജീവിതം നിർത്തുന്നത്. ഈ അനുഭവങ്ങളെല്ലാം കൃതഞ്ജതയോടെ ഓർക്കേണ്ടതുണ്ടോ? നന്ദി പറയേണ്ടതുണ്ടോ? ഇത്രയും വർഷത്തെ നരകത്തിന്, കളവിന്റെയും നെറികേടിന്റെയും ഈ അനുഭവസാക്ഷ്യത്തിന്? എല്ലാ സത്യസന്ധതയോടും പറയട്ടെ, അതിന്റെ ആവശ്യമില്ല. ജീവിതത്തിലെ ഇരുണ്ട താളുകൾ മറിച്ച് ഞാനെന്റെ പ്രയാണം എന്നോ തുടങ്ങിക്കഴിഞ്ഞു. അതുകൊണ്ട്തന്നെയാണ് ഇന്ന് പക്ഷഭേദമില്ലാതെ, സമഭാവത്തിൽ ഈ ഓർമ്മക്കുറിപ്പെഴുതാൻ എനിക്ക് കഴിയുന്നതും. ഡോക്ടർ ജാകബിസ് വിഗ്നെ, സൈക്യാട്രിസ്റ്റ് പറയുന്നതനുസരിച്ച് A *ഒരു സൈക്കോട്ടിക്ക് അവസ്ഥയായ "ഫ്യൂഷൻ റിജക്ഷൻ" എന്നതിലൂടെ കടന്നുപോകുന്നു. അദ്ദേഹത്തിന്റെ അഭിപ്രായമനുസരിച്ച് A 21- 22 വയസ്സിൽ സുദീർഘവും കഠിനവുമായ ഒരു മാനസികരോഗാവസ്ഥയിലൂടെ കടന്നുപോയിരുന്നു*. ഇപ്പോഴും അവർ ആ മാനസികരോഗത്തിന്റെ പരിണിതഫലത്തെ ഡിസ്സോസിയേഷനും (ചുറ്റുപാടുമായും ചുറ്റുമുള്ളവരുമായും സ്വന്തം ശരീരവുമായും ബന്ധമില്ലാത്ത അവസ്ഥ), സ്പ്ലിറ്റ്പേഴ്സണാലിറ്റിയുമായി ഉപയോഗിച്ച് ചുറ്റുമുള്ളവരെ ഭയപ്പെടുത്തുകയും അവർക്കുമേൽ പൂർണ്ണ അധികാരം സ്ഥാപിക്കുകയും ചെയ്യുന്നു എന്ന സാധ്യത ഒഴിവാക്കാനാവില്ല (റഫ: III.9.)

ഈ ക്ലേശകരമായ അനുഭവത്തിനുശേഷം (അദ്ധ്യായം II.1 ൽ വിശദീകരിച്ചിട്ടുള്ള). എന്റെ ജീവിതം പുനർനിർമ്മിക്കാൻ എനിക്ക് സാധിച്ചു. എന്റെ ആത്മീയ സമർപ്പണത്തിന്റെ കാതലായ ഭാഗത്തെ മനുഷ്യാവകാശ പ്രവർത്തനങ്ങൾക്കും മനുഷ്യത്വപരമായ സന്നദ്ധ

സഹായത്തിനുമായി ജനീവയിലും ഇന്ത്യയിലും ലബനോണിലും സിറിയൻ അഭയാർത്ഥികൾക്കായുള്ള പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ച് 20 വർഷമായി സന്തോഷത്തോടെ ജീവിക്കാൻ കഴിഞ്ഞു. ഇത്രയൊക്കെയാണെങ്കിലും ഞാൻ വളരെ സൗകര്യമായല്ല കഴിഞ്ഞുകൂടുന്നത്. 25 വർഷത്തോളമുള്ള ജീവിതം ആത്മീയാന്വേഷണത്തിനും ആശ്രമജീവിതത്തിനുമായി ചെലവഴിച്ചശേഷം, നാൽപതാം വയസ്സിൽ ഒരു പ്രൊഫഷണൽ കരിയറിനെക്കുറിച്ച് ചിന്തിക്കുന്ന, ഔപചാരിക വിദ്യാഭ്യാസമില്ലാത്ത, തൊഴിൽ കമ്പോളം വയസ്സൻ എന്ന് കരുതുന്ന ഒരാൾക്ക്, 23 വർഷത്തെ താൽക്കാലിക പ്രോജക്റ്റുകളും പലവിധ ജോലികളും തൊഴിൽരഹിതനായ സമയവും എല്ലാംകൂടി പെൻഷനായി എന്തു കിട്ടും എന്ന് നിങ്ങൾക്ക് ഊഹിക്കാമല്ലോ. എന്നാൽ എനിക്ക് പരാതിയൊന്നുമില്ല, ഞാൻ അഭിമാനത്തോടും നീതിയുക്തമായും ജീവിക്കുന്നു, അതിൽ നാണിക്കേണ്ടതായി ഒന്നുമില്ല. ധനികനായ ഒരു ബാങ്കർ ആവുകയായിരുന്നു ഉദ്ദേശമെങ്കിൽ ഞാൻ ഇതിൽനിന്ന് വ്യത്യസ്തമായ മറ്റൊരു ജീവിതം ജീവിച്ചേനെ.

# III. പുരാവൃത്തം

# III. 1. ആദ്യ വർഷങ്ങൾ

അല്പം മുതിർന്ന നീലു ഒഴികെ, ഞങ്ങൾ മറ്റെല്ലാവരും വളരെ ചെറുപ്പവും ഒരേ പ്രായക്കാരുമായിരുന്നു, A ഉൾപ്പെടെ. ആദ്യവർഷങ്ങളിൽ ഞങ്ങൾ തമ്മിൽ ഒരു ഗുരുശിഷ്യബന്ധമുണ്ടായിരുന്നില്ല. അതീന്ദ്രിയമായ ഒരു ഏകീഭാവത്താൽ സചേതനമായി ഒരു ഒഴുക്കിലെന്നപോലെ ഞങ്ങൾ ഉപാസനയും മനനവും സഹജീവനത്തിന്റെ സന്തോഷങ്ങളും ഒക്കെയായി കഴിഞ്ഞു. അന്ന് A യെ ആ സ്ഥലവാസികൾ മാത്രമേ അറിഞ്ഞിരുന്നുള്ളൂ. അവർക്ക് പണമോ സ്വാധീനമോ ഉണ്ടായിരുന്നില്ല. നാട്ടുകാരാരും അവരെ ആദ്ധ്യാത്മികമായി മറ്റുള്ളവരെ നയിക്കാൻ കഴിവുള്ള ഒരു സ്ത്രീയായി കണ്ടില്ല, ഭാവങ്ങളുടെ[12] സമയത്ത് മാത്രമാണ് ആ നാട്ടുകാർ അവരെ മാനിച്ചിരുന്നത്. ഇത്തരം സെൽഫ് ഹിപ്നോസിസ് മോഹനിദ്ര കേരളത്തിലും ബംഗാളിലും വിരളമായിരുന്നില്ല. ബംഗാളി സന്യാസിനിയായ മാ ആനന്ദമയിയും ഭജന സമയങ്ങളിൽ ചിലപ്പോൾ കൃഷ്ണഭാവം പ്രകടിപ്പിച്ചിരുന്നു. 1920-കളിലെ ബംഗാളിൽ ഇത് സർവ്വസാധാരണമായിരുന്നു. ഹിന്ദി സംസാരിക്കുന്ന പ്രദേശത്തേക്ക് മാറിത്താമസിച്ചപ്പോഴാണ് മാ ആനന്ദമയി ഈ പതിവ് നിർത്തിയത്. ഹിന്ദി സംസാരിക്കുന്ന പ്രദേശങ്ങളിലെ സംസ്കാരവുമായി അത് ചേർന്ന് പോകില്ലായിരുന്നു.

ആളുകൾ വിശ്വസിച്ചിരുന്നതനുസരിച്ച് ഇത്തരമൊരു മോഹനിദ്രാവസ്ഥയെ വിവിധ ദൈവങ്ങൾ മനുഷ്യനിൽ

ആവേശിക്കുന്ന അവസ്ഥയായി തെറ്റിദ്ധരിച്ചിരുന്നു. ഇതെല്ലാം സെൽഫ് ഹിപ്നോട്ടിക് അവസ്ഥയാണോ അതോ ദൈവങ്ങൾ ആവേശിക്കുന്നതാണോ എന്ന ചർച്ചയ്ക്ക് ഇവിടെ പ്രസക്തിയില്ല, എന്തെന്നാൽ അത് വിശ്വാസത്തെ സംബന്ധിക്കുന്നതാണ്. ഏതായാലും ദേശവാസികൾ കുറച്ചു പണവും മറ്റും അവർക്ക് ദക്ഷിണയായി കൊടുക്കുകയും വീട്ടുകാർ അത് വാങ്ങിവയ്ക്കുകയും ചെയ്തിരുന്നു. ആ സമയത്ത് അത് അന്യായമായി തോന്നിയിരുന്നില്ല എന്തെന്നാൽ A അവരുടെ മാതാപിതാക്കളോടൊപ്പമാണ് താമസിച്ചിരുന്നത്, അവിടെ സന്ദർശകർ ഏതുനേരവും വന്നും പോയുമിരുന്നു. നീലുവിന് സ്വന്തമായി വരുമാനമുണ്ടായിരുന്നു, അതിലൊരു പങ്ക് അയാൾ A യ്ക്കും ഗെയിലിനും ഉദാരമായി സംഭാവന ചെയ്തിരുന്നു. അന്ന് ഗെയിലിന് സ്വന്തമായി വരുമാനമാർഗ്ഗമുണ്ടായിരുന്നില്ല. എനിക്ക് പരിമിതമായ സമ്പാദ്യമുണ്ടായിരുന്നു, എന്റെ ആദ്യ മാർഗ്ഗദർശി ഇടയ്ക്കിടെ എന്നെ സഹായിക്കുകയും ചെയ്തിരുന്നു. അടുത്തുള്ള ടൗണുകളിൽ ക്ലാർക്കുമാരായി ജോലിചെയ്തിരുന്ന കുറച്ച് ഇന്ത്യൻ ചെറുപ്പക്കാർ, അന്നത്തെ സാഹചര്യത്തിൽ അവരെ "ഭക്തർ" എന്ന് പറയാമോ എന്നറിയില്ല, A യെ കാണാനായി വൈകുന്നേരങ്ങളിൽ അവിടെ എത്തുകയും പുലർച്ചെ ജോലിക്ക് പോവുകയും ചെയ്തിരുന്നു. A യുടെ പാശ്ചാത്യരായ ശിഷ്യന്മാരും ചന്ദ്രുവുമാണ്[13] അവരുടെ കഴിവുകൾ ആദ്യം തിരിച്ചറിയുകയും ഒരു ആത്മീയ ഗുരുവായി കണക്കാക്കുകയും അന്തർദേശീയ വൃത്തങ്ങളിൽ അവരെ പരിചയപ്പെടുത്തുകയും വിശ്വാസ്യതയുണ്ടാക്കി കൊടുക്കുകയും ചെയ്തത്.

ആകുലതകളില്ലാത്ത ആദ്യകാലം ആത്മീയാനുഭവങ്ങളുടെയും വൈകാരികമായ പങ്കുവയ്ക്കലുകളുടെയും തീവ്രത നിറഞ്ഞതായിരുന്നു. ഞങ്ങളിൽ ചിലർ ആത്മജ്ഞാനത്തിനായി സ്വയം നിരീക്ഷണപരീക്ഷണങ്ങൾ നടത്തിയും ചിലർ

ആചാരാനുഷ്ഠാനങ്ങളിലൂടെയും മറ്റു ചിലർ പഠനത്തിലൂടെയും അവരവരുടെ ആത്മീയാന്വേഷണം തുടർന്നു. മീൻപിടുത്തക്കാരുടെ ഒരു ദരിദ്ര ഗ്രാമത്തിൽ ജീവിച്ചത് അവരുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പരിശ്രമത്തിൽ പങ്കെടുക്കുന്നതിന് ഇടവരുത്തി. ഈ സമയത്ത് ഞങ്ങൾ താമസിച്ചത് നീലുവിന്റെ പുതുതായി പണികഴിപ്പിച്ച ഓലമേഞ്ഞ കുടിലിലായിരുന്നു. A യുടെ അച്ഛന്റെ പുരയിടത്തിന്റെ അതിർത്തിയിലായിരുന്നു ഈ കുടിൽ നിലകൊണ്ടത്. താമസിയാതെ എനിക്കായി അതിനടുത്തു തന്നെ മറ്റൊരു കുടിലും പണിതു. അക്കാലത്ത് A നീലുവിന്റെ കുടിലിലേക്ക് താമസം മാറിയ ശേഷം, കുടുംബ വീട്ടിലെ അവരുടെ മുറി ഒരു ലൈബ്രറിയാക്കി മാറ്റി. ആദ്യകാലങ്ങളിൽ A യുടെ അമ്മയും ഇളയ സഹോദരിയും ഞങ്ങൾക്കായി പാചകം ചെയ്തുതന്നു. ഞങ്ങളെല്ലാവരും പരസ്പര സ്നേഹത്തിൽ കഴിഞ്ഞു. ആത്മീയ ബന്ധമല്ലാതെ ശാരീരികമായ ബന്ധം ഞങ്ങളുടെ ആരുടെയും മനസ്സിൽ പോലും ഉണ്ടായിരുന്നില്ല.

ആദ്യകാലങ്ങളിൽ ഞങ്ങൾക്ക് പ്രത്യേക ദൈനംദിന കാര്യപരിപാടികളോ ടൈംടേബിളോ ഉണ്ടായിരുന്നില്ല; നിത്യവും വൈകുന്നേരമുള്ള ഭജനയല്ലാതെ. മറ്റു സമയമെല്ലാം അപ്പപ്പോഴുള്ള പ്രേരണ പോലെ മറ്റു ആത്മീയാനുഷ്ഠാനങ്ങളിലും ആചാരങ്ങളിലും മുഴുകിയിരുന്നു. ഞങ്ങളുടെ ദിനങ്ങൾ ആനന്ദകരമായ, ധ്യാനനിരതമായ പരസ്പരാശ്രയത്വത്താലും സഹവർത്തിത്വത്താലും സജീവമായിരുന്നു. പിന്നീട് അല്പകാലത്തിനു ശേഷമാണ് A ഗുരുവിനെപ്പോലെ പെരുമാറാനും ഞങ്ങളെ പെരുമാറ്റചട്ടമനുസരിച്ച് അച്ചടക്കം പഠിപ്പിക്കുവാനും തുടങ്ങിയത്. ആ കാലത്ത് അതൊരു നിയമാനുസൃത സ്ഥാപനമായി മാറിയിരുന്നതിനാൽ ഞങ്ങളുടെ ആത്മീയ പ്രവർത്തനങ്ങൾക്കെല്ലാം തന്നെ ഒരടുക്കും ചിട്ടയും വരുത്തി. ഏകീഭാവത്തിൽ ലാഘവത്തോടെ കാര്യങ്ങൾ

ചെയ്തിരുന്ന ഞങ്ങൾക്ക് ഈ മാറ്റം അൽപ്പം കഠിനമായി തോന്നി. ഞങ്ങളുടെ സമപ്രായക്കാരിയായ, ഇപ്പോൾ ഗുരുവായി മാറിയ A, ഞങ്ങളുമായി അവർക്കുണ്ടായിരുന്ന ഏകീഭാവത്തെ ഞങ്ങളുടെ വികാരങ്ങൾ ഉൽകൃഷ്ടമാക്കുന്നതിനും വിഷമങ്ങൾ മാറ്റിയെടുക്കുന്നതിനുമായി ഉപയോഗിച്ചു. അവരുടെ ശിഷ്യരായി വർത്തിച്ചു എങ്കിലും അതുവരെ തുടർന്നുവന്നുപോന്ന ഏകീഭാവം കൈവിടാൻ ഞങ്ങൾക്കായില്ല. ഏതാണ്ട് ആസക്തിയോടടുത്തു നിൽക്കുന്ന ഈ ഏകീഭാവവും ആദ്ധ്യാത്മികതയും ഗുരുവിന്റെ അച്ചടക്കവുമെല്ലാം ഞങ്ങളെ ആത്മീയ പാതയിൽ മുന്നേറാൻ സഹായിച്ചു. അതേസമയം അവ ഭാവിയിലെ വ്യതിചലനങ്ങൾക്കും ദുർനടപടികൾക്കുമുള്ള വിത്തുകളും പാകിയിരുന്നു.

കുറച്ചു വർഷങ്ങൾക്കുശേഷം കാര്യങ്ങൾ കൈവിട്ടുപോയി, നീതീകരിക്കാനാവാത്ത വാക്കുകളും പ്രവർത്തികളും A യുടെ ഭാഗത്തുനിന്നുണ്ടായി. *"മകൻ"* അല്ലെങ്കിൽ *"മകൾ"* എന്നവർ വിളിക്കുന്ന ഞങ്ങളുമായുള്ള ഏകീഭാവത്തിന്റെ പശ്ചാത്തലത്തിലും ഞങ്ങൾ എടുത്തിരുന്ന സ്വാതന്ത്ര്യത്തിന്റെ പശ്ചാത്തലത്തിലും ഈ അപകടസാധ്യത മുന്നിൽ കണ്ടതാണ്. തിരിഞ്ഞു നോക്കുമ്പോൾ ഈ സംഭവങ്ങളിലെനിക്ക് അത്ഭുതം തോന്നുന്നേയില്ല. എന്നിരുന്നാലും ആചാരപരമായും അനുഷ്ഠാനപരമായും വിശുദ്ധ എന്ന് വമ്പു പറയുന്ന ഒരു പ്രശസ്ത വ്യക്തിയുടെ കാര്യത്തിൽ, അവർ അവകാശപ്പെടുന്ന കാര്യങ്ങളും അവരുടെ വാക്കും പ്രവർത്തിയും തമ്മിൽ മതിയായ പൊരുത്തമുണ്ടാവണമല്ലോ. വ്യക്തിയുടെ സ്വകാര്യജീവിതവും പൊതുജീവിതവും തമ്മിലുണ്ടാവേണ്ട ധാർമ്മികമായ പൊരുത്തമാണ് ഉദ്ദേശിച്ചത്. സാധാരണ ഗതിയിൽ ഒരാളുടെ സ്വകാര്യ ജീവിതത്തിലേക്ക് കടന്നുകയറി അഭിപ്രായം പറയേണ്ട കാര്യമില്ല. മനുഷ്യാവസ്ഥയുടെ സങ്കീർണ്ണത, ചില

ചെയ്തികളുടെയും പെരുമാറ്റത്തിന്റെയും ഗുണദോഷങ്ങളും അവയുടെ സാധുതയും, അവ പരസ്പരാനുവാദത്തോടെ ഉള്ളതാവുമ്പോൾ തെറ്റോ ശരിയോ എന്ന് പലപ്പോഴും നിശ്ചയിക്കാനാവില്ല. എന്നാൽ ഭൗതികമായോ ധാർമികമായോ അത് പരിക്കുണ്ടാക്കുന്നുവെങ്കിലോ, അല്ലെങ്കിൽ ഇക്കാര്യത്തിലുള്ളതുപോലെ വലിയതോതിൽ വഞ്ചനയുണ്ടെങ്കിലോ (ഒരു പ്രശസ്ത വ്യക്തിയുടെ സ്വകാര്യ പ്രവർത്തികൾ അവരുടെ പൊതു പ്രസ്താവനകൾക്കും ഉപദേശങ്ങൾക്കും വിരുദ്ധമാണെങ്കിൽ) പിന്നെ സംശയത്തിനു വകയേയില്ല. എന്റെ ഭാഗത്തുനിന്ന് പറയുകയാണെങ്കിൽ, മിക്കവാറും എല്ലായ്പ്പോഴും അടിസ്ഥാനപരമായ മനുഷ്യസ്വഭാവം മറ്റെല്ലാത്തിനും മേലെ നിലനിൽക്കും എന്നറിയാനുള്ളത്ര അടുത്ത ബന്ധം എനിക്ക് ആധ്യാത്മിക ഗുരുക്കന്മാരുമായി ഉണ്ടായിട്ടുണ്ട്. തന്നെയുമല്ല, ഇന്ത്യക്കാർ ബ്രഹ്മചര്യത്തിനു കൊടുക്കുന്ന അമിതപ്രാധാന്യം ഒരു വൈകൃതം എന്ന തരത്തിൽ എത്തിയിട്ടുണ്ട്, അതൊന്നു പുനർ പരിശോധിക്കുന്നത് ഗുണം ചെയ്യും. അതുപോലെതന്നെ, ആത്മീയത പകർന്നുകൊടുക്കുന്ന, കൈപിടിച്ചു നടത്തുന്ന, ഒരു ബാബയെയോ, അമ്മയെയോ അന്വേഷിക്കുന്ന ബാലിശമായ സ്വഭാവവും ഇന്ത്യക്കാർ കൈവിടേണ്ടതുണ്ട്. ഇതിനെക്കുറിച്ചെല്ലാം വിശദമായി പിന്നീട് പ്രതിപാദിക്കാം.

തുടക്കത്തിൽ ഞങ്ങൾക്ക് A യുമായുള്ള ബന്ധം വളരെ സ്വതന്ത്രമായിരുന്നു; അവർ പറയുന്നതിൽ നിന്ന് വിഭിന്നമായ വീക്ഷണങ്ങളെയും സമീപനങ്ങളെയും കുറിച്ച് വാദപ്രതിവാദം നടത്താനും ചർച്ച ചെയ്യാനുമൊക്കെ കഴിയുമായിരുന്നു. ആശ്രമത്തിന് പ്രശസ്തിയേറുകയും A കൂടുതൽ ആരാധിക്കപ്പെടുകയും ചെയ്തപ്പോൾ അവരുടെ വാക്കുകളെയോ പ്രവർത്തികളെയോ വിമർശിക്കുകയോ തീരുമാനങ്ങളെ മാനിക്കാതിരിക്കുകയോ ചെയ്യുന്നത് അത്യന്തം

ദുഷ്കരമായി. എങ്ങനെയെന്ന് മനസ്സിലാക്കാനാവാത്ത ഒരു *സർവ്വശക്ത ഭാവത്തിലേക്ക്* അവർ വഴുതിവീണു. ഞാൻ ആദ്യമേ ശ്രദ്ധിച്ചിട്ടുണ്ടായിരുന്നു A യുടെ ഗ്രഹണശക്തിയുടെ വിവേചനമില്ലായ്മയും സൂക്ഷ്മതക്കുറവും. എന്നാൽ ഒരു ഗുരുവിന്റെ സഹായത്തോടെ അന്തരാത്മാവിനെ അറിയുക എന്നതാണ് പരമമായ ലക്ഷ്യമെന്നുള്ളതിനാൽ ഞാൻ ഇതുമായി സമരസപ്പെട്ടു. A യുടെ ഔപചാരികമായ ഉപദേശങ്ങളുടെ സാരാംശവും അതുതന്നെയായിരുന്നു. എന്നാൽ ഇവിടെയും അവർ നൽകിയ സന്ദേശവും അവരുടെ പ്രവർത്തിയും തമ്മിൽ അന്തരമുണ്ടായിരുന്നു, അതിനെക്കുറിച്ച് കൂടുതൽ പിന്നീട് വ്യക്തമാക്കാം. അവരിൽ നിന്ന് ഏതു തലത്തിലാണെങ്കിലും സ്വാതന്ത്ര്യം നേടുക എന്നത് ആയാസകരമാണ്.

അവരുടെ മാതാപിതാക്കൾ പ്രത്യേകിച്ചും പിതാവ്, അവരുടെ നടപടികളെ നിയന്ത്രിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിരുന്നു, എന്നാൽ അവരുടെ ആധിപത്യ സ്വഭാവത്തിനു മുന്നിൽ അത് വിലപ്പോയില്ല. മീൻ പിടുത്തക്കാരുടെ ആ ചെറിയ സമൂഹത്തെ സംബന്ധിച്ചെടുത്തോളം ഒരു ചെറുപ്പക്കാരിയും അവിവാഹിതയുമായ സ്ത്രീയെ, ചെറുപ്പക്കാരായ പുരുഷന്മാർ എപ്പോഴും കാണാൻ വരുന്നതും അവരോടൊപ്പം സംസാരിച്ചും ഒരേ കൂരയിൽ അന്തിയുറങ്ങിയും കഴിയുന്നത് കുടുംബത്തിന്റെ അഭിമാനത്തിന് നിരക്കാത്തതായിരുന്നു. ഇതുസംബന്ധിച്ച് അച്ഛനും മകളും തമ്മിലുള്ള കൊടിയ തർക്കങ്ങൾക്ക് ഞാനും സാക്ഷിയായിട്ടുണ്ട്. വാക്കുകൾ കൊണ്ടാണെങ്കിൽ പോലും ഈ തർക്കങ്ങളിൽ A കടുത്ത വീറും വാശിയും പ്രകടിപ്പിച്ചിരുന്നു. ഒടുവിൽ അവരുടെ പരുക്കനും അപരിഷ്കൃതനുമായ പിതാവിന് തോറ്റു പിന്മാറേണ്ടി വന്നു. അന്നവിടെ നിലനിന്നിരുന്ന ഏകീഭാവത്തിന്റെയും ആധ്യാത്മികതയുടേയും ആസക്തിയുടേയും പശ്ചാത്തലത്തിൽ, A തന്റെ കുടുംബത്തോട് പറഞ്ഞിരുന്ന നികൃഷ്ടമായ വാക്കുകളും

പ്രവർത്തിയും ഞങ്ങളെയാരെയും ബാധിച്ചില്ല. ചിലപ്പോഴൊക്കെ ഈ വഴക്കുകൾ ഞങ്ങളെ രസിപ്പിക്കുകയും ഞെട്ടിക്കുകയും അവിശ്വസനീയമായി തോന്നുകയുമൊക്കെ ചെയ്തിരുന്നെങ്കിലും, പതിയെ ഞങ്ങൾക്ക് A യുടെ പ്രായത്തിനതീതമായ കോപവും ക്രോദ്ധാവേശവും മനസ്സിലായി വന്നു. അവരുടെ ജീവിതരീതിയെയും തീരുമാനങ്ങളെയും ചോദ്യം ചെയ്ത കുടുംബാംഗങ്ങളും നാട്ടുകാരുമായുള്ള തർക്കങ്ങൾ അവരുടെ ക്രോദ്ധാവേശ പ്രകടനങ്ങളുടെ വേദികളായി മാറി. ഈ കാലഘട്ടത്തിൽ വിദേശികളായ ഞങ്ങൾ, കുറച്ചുപേരുടെ മേൽ മാത്രമുണ്ടായിരുന്ന അവരുടെ ആത്മീയാധിപത്യം മറ്റുള്ളവരുടെ മേൽ കൂടി സ്ഥാപിച്ചെടുക്കാൻ അവർ കഠിനമായി യത്നിച്ചു. ഇത്രയും വിദ്യാഭ്യാസമുള്ള, ആത്മീയ വിഷയങ്ങളിൽ മുൻപരിചയമുള്ള വിദേശികൾ വിദൂരദേശങ്ങളിൽ നിന്ന് അവരുടെ ശിഷ്യരാവാൻ എത്തിയെങ്കിൽ, അതിൽ വെറുമൊരു നാട്ടിൻപുറത്തുകാരിയുടെ മാനത്തെക്കാൾ വിലപ്പെട്ട മറ്റെന്തോ ഉണ്ടെന്ന് അവർ തന്റെ പിതാവിനോട് നിരന്തരം തർക്കിച്ചു. ഒരുപാട് നാളുകൾക്കും തർക്കങ്ങൾക്കും ശേഷമാണ് അവരുടെ കുടുംബം അവരെ ഒരു ആത്മീയ വ്യക്തിത്വമായി പരസ്യമായിയെങ്കിലും അംഗീകരിക്കുന്നത്.

ഭാഗികമായി ഈ കാരണങ്ങൾ മൂലമാണ് A നിയമപരമായ ഒരു ആശ്രമം നിർമ്മിക്കുന്നതും യാഥാസ്ഥിതികമായ ആശ്രമ നിയമങ്ങളും ചിട്ടകളും കൊണ്ടുവരുന്നതും. വ്യക്തിപരമായി ഞാൻ ഈ കുടുംബ വഴക്കുകളിൽ നിന്ന് മാറിനിന്നു, അതുകൊണ്ടുതന്നെ ഞങ്ങളുടെ സാമീപ്യവും പ്രവർത്തികളും തദ്ദേശവാസികളുടെയിടയിൽ ഉണ്ടാക്കിയ പ്രശ്നങ്ങളെകുറിച്ച് എനിക്കറിവുള്ളതല്ല. എന്നാൽ ഈ വിഷയത്തെക്കുറിച്ച് ഗെയിലിന് ധാരാളം പറയാനുണ്ട്, A യുടെ സഹായിയായിരുന്നതിനാൽ ധാരാളം ചർച്ചകൾക്കും കിംവദന്തികൾക്കും സാക്ഷിയായിരുന്നു അവർ. A യ്ക്ക് തന്റെ

കുടുംബവുമായുള്ള ബന്ധം പരുഷവും കലഹം നിറഞ്ഞതുമായിരുന്നു, ഒരിക്കലും എനിക്ക് അതിൽ താൽപര്യം തോന്നിയില്ല. ആത്മീയ പുരോഗതി കൈവരിക്കുക എന്ന ലക്ഷ്യത്തിനും അതിനായി A യിൽ നിന്ന് പഠിക്കാൻ കഴിയുന്നത് പഠിക്കുന്നതിനുമാണ് ഞാൻ അവിടെ എത്തിയത്. അല്ലാതെ എന്റെ സ്വന്തം കുടുംബാന്തരീക്ഷം ഇന്ത്യയിലെ ഒരു മത്സ്യബന്ധന ഗ്രാമത്തിൽ വന്ന് ഒന്നുകൂടി അനുഭവിക്കാനല്ല.

ആശ്രമത്തിൽ അക്കാലത്ത് എനിക്ക് ബൗദ്ധികതയോടും പുസ്തകങ്ങളോടും അത്യാർത്തി തോന്നി. അവിടെ ലൈബ്രറിയിൽ ഉണ്ടായിരുന്ന മിക്ക പുസ്തകങ്ങളും നീലുവിന്റെ സംഭാവനയായിരുന്നു. ഞാനെന്റെ കുടിലിൽ നിന്ന് പുസ്തകങ്ങൾ നിറഞ്ഞ ലൈബ്രറിയിലേക്ക് താമസം മാറ്റി. അന്ന് എന്നെ സംബന്ധിച്ചിടത്തോളം ഒരിടത്ത് താമസിക്കുക എന്നാൽ വൈകുന്നേരം പുൽപായ നിവർത്തുകയും കുറച്ചു ഷർട്ടുകളും അടിവസ്ത്രങ്ങളും നിറഞ്ഞ തുണിസഞ്ചി തലയിണയായി ഉപയോഗിക്കുകയും രാവിലെ പുൽപായ മടക്കുകയും ചെയ്യുന്നതാണ്. ദിവസം പത്ത് മണിക്കൂറോളം ഞാൻ പല മതങ്ങളുടെയും പാരമ്പര്യങ്ങളുടെയും പരിശുദ്ധ ഗ്രന്ഥങ്ങൾ ഹൃദിസ്ഥമാക്കാനും നിരൂപണങ്ങളും വ്യാഖ്യാനങ്ങളും ആത്മീയ ആചാര്യന്മാരുടെ ഉപദേശങ്ങളും ജീവിതവും വായിക്കാനായും ചെലവഴിച്ചിരുന്നു. ഹിന്ദുമതവുമായുള്ള സമ്പർക്കത്തിലൂടെയാണ് ഞാൻ സെമറ്റിക് മതങ്ങളെ അറിഞ്ഞത്. ഹിന്ദുമതത്തിൽ തുടങ്ങിയാണ് ഞാൻ ക്രിസ്തുവിന്റെ സന്ദേശത്തിലെത്തിയത്. ബൈബിൾ പഠിക്കുന്നത് വഴി താല്പര്യമുണർന്ന് ഞാൻ തോറയും പഠിച്ചു; ഇത് രണ്ടും പഠിച്ചത് വഴി ഇസ്ലാമിക് പഠനത്തിന് താല്പര്യം തോന്നി ഖുർആനും ഹദീസുകളും പഠിച്ചു. അപ്പോഴാണ് മതങ്ങൾ തമ്മിലുള്ള സാദൃശ്യം എനിക്കനുഭവപ്പെട്ടത്. പിന്നീട് അവസരം വന്നപ്പോൾ, എന്റെ പ്രഭാഷണങ്ങളിൽ ആ സാദൃശ്യത്തെക്കുറിച്ച് ഞാൻ പലപ്പോഴും പറഞ്ഞിരുന്നു. ഒരു

കത്തോലിക്കാകാരിയായ അമ്മയ്ക്കും ജൂതനായ അച്ഛനും പിറന്ന എനിക്ക് മതവിദ്യാഭ്യാസം ഒട്ടുമേ ലഭിച്ചിരുന്നില്ല. അച്ഛനുമമ്മയും അവിശ്വാസികളായിരുന്നു. ദാർശനികരുടെ പുസ്തകങ്ങൾ വായിക്കുന്നത് വഴിയാണ് എനിക്ക് ആദ്യം ആത്മീയതയിൽ താല്പര്യമുണർന്നത്. അതിനുശേഷം എന്റെ ആദ്യ മാർഗ്ഗദർശി, മതങ്ങൾ തമ്മിലുള്ള താരതമ്യ പഠനം എനിക്ക് പരിചയപ്പെടുത്തി. അദ്ദേഹത്തിന്റെ മാർഗ്ഗദർശി അദ്ദേഹത്തിനെ പഠിപ്പിച്ചതായിരുന്നു അത്. വിശുദ്ധഗ്രന്ഥങ്ങൾ പഠിക്കുന്നത് കൂടാതെ, ചില ആത്മീയ വ്യക്തികളുടെ പുസ്തകങ്ങൾ, ജർമ്മൻ ക്രിസ്ത്യൻസ് ആയ Meister Eckhart (മെയ്സ്റ്റർ എഖാർട്) and Henry Suso (ഹെൻറി സൂസോ) (Heinrich Seuse), Francis of Assisi (ഫ്രാൻസിസ് അസ്സീസ്സി), Teresa de Ávila (തെരേസ ദേ അവില), Thérèse de Lisieux (തെരേസ ദേ ലിസെക്സ്), പേർഷ്യൻ സൂഫികൾ ആയ Rumi (റൂമി), Hafiz (ഹാഫിസ്), Din Attar (ദിൻ അട്ടർ), Shams Tabrizi (ഷാംസ് തബ്രീസി), Omar Khayyam (ഒമർ ഖയ്യം), ആൻഡലൂഷ്യനായ Ibn-Arabi (ഇബ്ൻ അറബി) യും, അല്പം കുറഞ്ഞതോതിൽ യഹൂദ ദാർശനികനായ Martin Buber (മാർട്ടിൻ ബൂബെർ) എന്നിവരുടെയും പുസ്തകങ്ങൾ എന്നെ സ്വാധീനിച്ചു. ഇന്ത്യയിലേക്കുള്ള പല യാത്രകളെ കൂടാതെ എഴുപതുകളുടെ ആദ്യപകുതിയിൽ ഞാൻ രണ്ടു തവണ കരമാർഗ്ഗം സഞ്ചരിച്ച് ഡമാസ്കസിലും സിറിയയിലും ബാഗ്ദാദിലും ഇറാഖിലും അഫ്ഗാനിസ്ഥാനിലും പാകിസ്താന്റെ ചില പ്രദേശങ്ങളിലും സഞ്ചരിക്കുന്നതിനിടയീൽ പല സൂഫി യോഗികളെയും പരിചയപ്പെടാൻ ഇടവന്നിട്ടുണ്ട്. ഞാൻ ശേഖരിച്ച അറിവുകളെ ആസ്പദമാക്കി, അവ അംഗീകരിക്കപ്പെടുന്ന സദസ്സുകളിൽ പ്രസംഗങ്ങൾ നടത്താൻ A എന്നെ ക്ഷണിച്ചു. ഏകദേശം ഇതേ സമയത്താണ്, എന്നെ പാശ്ചാത്യലോകത്തേക്ക് അയയ്ക്കാം എന്ന ആശയം A യുടെ തലയിൽ ഉദിച്ചത്.

# III. 2. മോഹനിദ്രയും അത്ഭുതങ്ങളും ജീവചരിത്രങ്ങളും

A യുടെ നാട്ടുകാരെ സംബന്ധിച്ച്, സാധാരണ സമയങ്ങളിൽ. A ഒരു എളിയ മീൻപിടുത്തക്കാരന്റെ മകൾ മാത്രമായിരുന്നു. *ഭാവ*ങ്ങളുടെ സമയത്ത് മാത്രമാണ് അവർ A യുടെ അനുഗ്രഹം തേടിവന്നത്. പശു കൂടുതൽ പാൽ ചുരത്താനും മകളുടെ കല്യാണം നടക്കാനും ജോലി കിട്ടാനും കുട്ടികളുണ്ടാവാനും കൂടുതൽ മീൻ വലയിൽ കുടുങ്ങാനും ഒക്കെയായിരുന്നു ഭക്തർ A യുടെ അനുഗ്രഹം തേടിയിരുന്നത്. അതായിരുന്നു ഭക്തരുടെ നിലവാരം. A യുടെ യൂറോപ്യൻ ഭക്തരുടെ നിലവാരവും മറ്റൊന്നായിരുന്നില്ല എന്ന് അവരുടെ യൂറോപ്പിലെ പരിഭാഷകനായിരുന്ന സമയത്ത് ഞാൻ മനസ്സിലാക്കി. A യുടെ ആദ്യകാല ഇന്ത്യൻ ഭക്തരാവട്ടെ, ആത്മീയതയുടെ ചുറ്റുപാടുകൾ ഒന്നും തന്നെ ഇല്ലാതെ അവരുടെ വ്യക്തി പ്രഭാവത്തിൽ മയങ്ങി എത്തിയവരാണ്. അതാണ് നീലുവിനെയും ചെറിയതോതിൽ എന്നെയും അസ്വസ്ഥരാക്കിയത്. ഇത് ഞങ്ങളുടെ ഇന്ത്യൻ സഹോദരന്മാരുമായുള്ള ബന്ധത്തിൽ പിരിമുറുക്കം സൃഷ്ടിച്ചിരുന്നു. ഞങ്ങൾ രണ്ടുപേരും ഏകദേശം പത്തുകൊല്ലത്തെ ചിട്ടയായ ആത്മീയ പഠനം കഴിഞ്ഞെത്തിയവരായിരുന്നു. ഞങ്ങളുമായുള്ള സംസർഗ്ഗത്തിൽ നിന്നാണ് ഇന്ത്യൻ സഹോദരന്മാർ പതിയെപ്പതിയെ ആ മീൻപിടുത്തക്കാരന്റെ ഹൃദ്യയായ മകളെ തങ്ങളുടെ ഗുരുവായി അംഗീകരിച്ചു തുടങ്ങിയത്. നാട്ടുകാരെ സംബന്ധിച്ച് A യുടെ വിദേശയാത്രകൾ ഒരു

സ്ഥാനാരോഹണച്ചടങ്ങ് പോലെയായിരുന്നു. വിദേശയാത്ര തുടങ്ങിയപ്പോഴാണ് ആ നാട്ടുകാർ അവരെ ബഹുമാനിച്ചു തുടങ്ങിയത്; ഒരു നാട്ടിൻപുറത്തുകാരിയുടെ പ്രവർത്തികൾ താങ്കളുടെ നാട്ടിലേക്ക് പണവും പ്രശസ്തിയും പുരോഗതിയും കൊണ്ടുവരുന്നു എന്ന നിലയ്ക്ക്.

അദ്വൈതപാരമ്പര്യം[14] പിന്തുടരുന്ന ആളായതിനാൽ A യുടെ അത്ഭുത പ്രവർത്തികളിൽ എനിക്ക് താല്പര്യമില്ലായിരുന്നു; അവ ഞാൻ ശ്രദ്ധിച്ചിരുന്നുമില്ല. അത്ഭുത പ്രവർത്തികൾ ആധ്യാത്മിക ലോകത്തിന്റെ ഭാഗമാണെന്ന് ഞാൻ ഒരിക്കലും കരുതിയിരുന്നില്ല, അതുകൊണ്ടുതന്നെ അവ അംഗീകരിക്കാനുള്ള മനസ്സും എനിക്കുണ്ടായിരുന്നില്ല. ഒരു സന്ദേശം ആധികാരികമാണെന്ന്, അജ്ഞാനികളായ മനുഷ്യരെ വിശ്വസിപ്പിക്കാൻ ഉള്ള തെളിവുകളാണ് അത്ഭുത പ്രവർത്തികൾ. അത് ഒരു ജാലവിദ്യക്കാരന്റെ ചെപ്പടിവിദ്യയായി മാത്രമേ എനിക്ക് തോന്നിയിട്ടുള്ളൂ. ഞങ്ങളുടെയെല്ലാം മുന്നിൽ A സ്ഥിരമായി ഒരു കുഷ്ഠരോഗിയുടെ മുറിവുകൾ നക്കിത്തുടയ്ക്കുമായിരുന്നു, തുടർന്ന് അയാളുടെ രോഗം സുഖപ്പെടുകയും ചെയ്തു. എന്നാൽ ചില ദേശവാസികളുടെ അഭിപ്രായത്തിൽ കാര്യങ്ങൾ അങ്ങനെയല്ല. അതെന്തുതന്നെയായാലും, ആധുനിക വൈദ്യശാസ്ത്രപ്രകാരം കുഷ്ഠരോഗം ചികിത്സിച്ചു ഭേദമാക്കാവുന്ന ഒരു രോഗമാണ്. ഒരു ആത്മീയ വിമോചനത്തിന് ശ്രമിക്കുന്ന നമുക്ക് ഒരാളുടെ അസുഖം അത്ഭുതകരമായി മാറിയോ ഇല്ലയോ എന്നോ, കൃഷ്ണ/ദേവീഭാവ സമയത്ത് മരച്ചുവട്ടിൽ എത്ര പാത്രം പായസം അത്ഭുതകരമായി പ്രത്യക്ഷപ്പെട്ടു എന്നോ അന്വേഷിക്കേണ്ട കാര്യമില്ല. അവ തീർത്തും അപ്രസക്തമാണ്. എന്റെ അഭിപ്രായത്തിൽ ഇത്തരം അത്ഭുത പ്രവർത്തികൾ കൊണ്ട് ജീവചരിത്രങ്ങൾ നിറയ്ക്കുന്നത് വഴി അവരുടെ വിശ്വാസ്യത കുറയുകയാണ്, അല്ലാതെ മറിച്ചല്ല. ഇതുമായി ബന്ധപ്പെട്ട

മറ്റൊരു ഉദാഹരണമാണ് A ജനിച്ചപ്പോൾ കൃഷ്ണനെപ്പോലെ കടുംനീല (കാർമുകിൽ) നിറമായിരുന്നു എന്ന കഥ. ഇത് എപ്പോഴും എന്നെ അലോസരപ്പെടുത്തിയിരുന്നു. ഞാൻ അവിടെ ചെന്നത് അവരിൽ നിന്ന് കിട്ടാവുന്ന ആത്മീയ സന്ദേശം ഉൾക്കൊള്ളാനാണ്. അപ്പോൾ പഞ്ഞി മുട്ടായിയുടേ പിങ്ക് നിറത്തിലോ, നിയോൺ പച്ചനിറത്തിലോ ആണ് അവർ ജനിച്ചതെങ്കിൽ പോലും അതെങ്ങനെയാണ് അവരുടെ ആത്മീയ സന്ദേശത്തിന്റെ ആധികാരികത നിർണയിക്കുന്ന ഘടകമാവുന്നത് എന്നെനിക്ക് മനസ്സിലാവുന്നില്ല. അല്ലെങ്കിൽ, ജീവചരിത്രങ്ങൾ അന്ധവിശ്വാസികളായ, അത്ഭുതപ്രവർത്തികളും ഇന്ദ്രജാലവും ഇഷ്ടപ്പെടുന്ന ഒരു കൂട്ടം ആളുകൾക്ക് വേണ്ടി മാത്രം എഴുതുന്നതാവണം. എനിക്ക് തോന്നുന്നത് ആത്മീയാന്വേഷികൾ അവരുടെ അന്ധമായേക്കാവുന്ന വിശ്വാസത്തോടൊപ്പം വിവേകവും ശീലിക്കണം എന്നാണ്.

ആമുഖത്തിൽ നേരത്തെ പറഞ്ഞതുപോലെ A യുടെ സംഘടനയ്ക്ക് തങ്ങളുടെ അപ്പപ്പോഴത്തെ നയപരമായ ആവശ്യങ്ങൾക്കനുസരിച്ച് ജീവചരിത്രത്തിൽ വ്യത്യാസം വരുത്തുകയും മാറ്റി എഴുതുകയും ചെയ്യുന്ന ശീലമുണ്ട്. കൃത്യമായി പറയുകയാണെങ്കിൽ, ജീവചരിത്രത്തിലെ ഒന്നുരണ്ട് എഡിഷനുകളിൽ നിന്ന് എന്റെ പേര് പൂർണ്ണമായും ഒഴിവാക്കിയിരുന്നു. പിന്നീട് അത്ര നല്ലതല്ലാത്ത രീതിയിൽ എന്റെ പേര് വീണ്ടും പ്രത്യക്ഷപ്പെട്ടു. ഗെയിലിന്റെ പുസ്തകത്തിൽ എന്നെ 23 തവണ പരാമർശിച്ചിട്ടും ഔദ്യോഗിക ജീവചരിത്രത്തിൽ എന്നെ ഒരു തവണ പോലും പരാമർശിക്കാത്തതിന് പ്രസ്ഥാനം പഴികേട്ടതുകൊണ്ടാണോ അങ്ങനെ സംഭവിച്ചത് എന്നറിയില്ല. ഓരോരുത്തർക്കും അവരവരുടെ നർമ്മ നൈതിക നീതി ബോധങ്ങളുണ്ട്. എന്നാൽ ചരിത്രം കൃത്രിമമായി തിരുത്തി എഴുതുകയും കഥാപാത്രങ്ങളെ മൂടി വയ്ക്കുകയും ചെയ്യുന്നത് കുറ്റകരമാണ് എന്നുതന്നെ പറയാം. ഏകാധിപതികളും

സ്വേച്ഛാധിപതികളും എപ്പോഴും ഇത്തരം ചരിത്രപരമായ വ്യക്തിഹത്യ നടത്തിപ്പോന്നിട്ടുണ്ട്. ചരിത്രം. തിരുത്തി എഴുതുക എന്നത് അത് പകർന്നു നൽകാവുന്ന വിജ്ഞാനത്തെ അപഹരിക്കുകയും അതിനെ സ്ഥാപിത താൽപര്യങ്ങൾക്കായി ദുരുപയോഗം ചെയ്യുകയും ആണ്. അത് സമൂഹത്തോട് ചെയ്യുന്ന അന്യായമാണ്. എന്നാൽ ഈ നീതികേടിനെക്കുറിച്ച് മനസ്സിലാക്കാൻ അല്പം വിദ്യാഭ്യാസവും പ്രബുദ്ധതയും ആവശ്യമാണ്. അതുകൊണ്ടുതന്നെ A യുടെ ജീവചരിത്രവും സന്ദേശങ്ങളുമെല്ലാം തയ്യാറാക്കുന്ന വ്യക്തിയുടെ സത്യസന്ധതയെക്കുറിച്ച് സംശയത്തിന് വകയുണ്ട്. A യുടെ ജീവചരിത്രം, '*ഓട്ടോബയോഗ്രഫി ഓഫ് എ യോഗി*' യുമായി (പരമഹംസ യോഗാനന്ദന്റെ ജീവചരിത്രം) സാദൃശ്യം വരുന്നപോലെ, ബൈബിളിനു സമാനമായ അത്ഭുതപ്രവർത്തികൾ ചേർത്ത് മാറ്റി എഴുതിയതിന് പല പാശ്ചാത്യരും എഴുത്തുകാരനെ വിമർശിച്ചിട്ടുണ്ട്. A യുടെ ജീവചരിത്രത്തിന്റെ നിരൂപണം ഞാനീ പുസ്തകത്തിന്റെ ചാപ്റ്റർ III. 9 ൽ ചേർത്തിട്ടുണ്ട്.

A യുടെ ആദ്യത്തെ ജീവചരിത്രകാരൻ, പ്രൊഫസർ രാമകൃഷ്ണൻ നായർ ഗെയിലിന്റെ പുസ്തകത്തെ "Holy Hell" സത്യസന്ധം എന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. "ആർക്കെങ്കിലും എന്തെങ്കിലും അറിയാമെങ്കിൽ അത് ഗെയിലിനാണ്" എന്നാണ് അദ്ദേഹം പറഞ്ഞത്. A യുടെ ആദ്യത്തെ ഇംഗ്ലീഷ് ജീവചരിത്രം ഇദ്ദേഹം എഴുതിയ മലയാളത്തിലുള്ള ജീവചരിത്രത്തെ അടിസ്ഥാനപ്പെടുത്തിയായിരുന്നു. ഒരിക്കൽ ആരെങ്കിലും പല സമയങ്ങളിലിറക്കിയ ഈ ജീവചരിത്രങ്ങളെല്ലാം തമ്മിൽ ഒരു താരതമ്യപഠനം നടത്തുകയും അതിലെ പരസ്പരവിരുദ്ധമായ കാര്യങ്ങളെല്ലാം പുറത്തു കൊണ്ടുവരികയും വേണം. അത് ചരിത്രത്തിൽ നടത്തിയ തിരുത്തലുകൾ പുറത്തുകൊണ്ടുവരും. കൂടാതെ, ഈ ചരിത്രത്തിന്റെ നേർസാക്ഷികൾ ജീവിച്ചിരിക്കുമ്പോഴാണല്ലോ ശരിയും

തെറ്റും പരിശോധിച്ച് വസ്തുതകൾ പുറത്തുകൊണ്ടുവരാൻ കഴിയുന്നത്.

ഔദ്യോഗികമായ ആഖ്യാനത്തെയും ചരിത്രത്തെ നിയന്ത്രിക്കാനുള്ള ശ്രമത്തെയും കുറിച്ചാണെങ്കിൽ മറ്റൊന്നു കൂടി പറയാനുണ്ട്, ഒരു സമയത്ത് ആശ്രമനിവാസികളോട് അവരവരുടെ കൈവശമുള്ള A യോടൊപ്പമുള്ള. ഫോട്ടോകളെല്ലാം തന്നെ തിരിച്ചേൽപ്പിക്കാൻ ആശ്രമാധികൃതർ ആവശ്യപ്പെട്ടു. ആശ്രമത്തിന് ചരിത്രരേഖകളുടെ ഒരു ശേഖരം (ആർക്കൈവ്) ഉണ്ടാക്കണമെന്ന പേരിലായിരുന്നു ഇത്. പലർക്കും ഈ ഫോട്ടോകൾ വളരെ വിലപിടിപ്പുള്ളതായിരുന്നു, എന്നാൽ ഫോട്ടോയുടെ കോപ്പികൾ സൂക്ഷിക്കാൻ ആർക്കും അനുവാദമുണ്ടായിരുന്നില്ല. എന്റെയടുക്കൽ ബാലു അല്പം കൂടി കടന്ന മറ്റൊരു തന്ത്രം പ്രയോഗിച്ചു, അടുത്ത തവണ ഞാൻ ഇന്ത്യയിലേക്ക് വരുമ്പോൾ എന്റെ കൈവശമുള്ള എല്ലാ ഫോട്ടോകളും കൊണ്ടുവരണമെന്നും അയാൾക്കവ A യുടെ ജന്മദിനത്തോടനുബന്ധിച്ച് ഒരു സുവനീർ ആൽബം പ്രസിദ്ധീകരിക്കാനായി ആവശ്യമുണ്ടെന്നുമാണ് എന്നോട് പറഞ്ഞത്. അങ്ങനെ അടുത്ത യാത്രയിൽ ഞാൻ കൈവശമുണ്ടായിരുന്ന എല്ലാ ഫോട്ടോകളും അയാൾക്ക് കൈമാറി. ധാരാളം ഫോട്ടോകളുണ്ടായിരുന്നു, അതിന്റെയെല്ലാം കോപ്പികളെടുക്കാൻ ഞാൻ തുനിഞ്ഞില്ല എന്തെന്നാൽ അവ എന്റെ കൈവശം മടക്കി ഏൽപ്പിക്കും എന്നായിരുന്നു വിശ്വാസം.. പല അവസരങ്ങളിലും ആൽബം പ്രസിദ്ധീകരിക്കുന്നതിന്റെ പുരോഗതിയെക്കുറിച്ചും, എന്റെ ഫോട്ടോകൾ തിരിച്ചു നൽകുന്നതിനെക്കുറിച്ചും ഞാൻ ബാലുവിനോട് ചോദിച്ചിരുന്നു. എപ്പോഴും ഒഴിഞ്ഞുമാറുകയാണ് അയാൾ ചെയ്തത്, അങ്ങനെ ഒരു ആൽബം ഒരിക്കലും പ്രസിദ്ധീകരിച്ചില്ല. ഭാഗ്യവശാൽ എന്റെ കുടുംബവും കൂട്ടുകാരും എന്റെ പല ഫോട്ടോകളുടെയും കോപ്പികൾ

എടുത്തിരുന്നു. അവരുടെ സഹായത്തോടെയാണ്. ഞാനെന്റെ ആൽബം പുനർസൃഷ്ടിച്ചത്. 1984 ഞാൻ യൂറോപ്പിലേക്ക് സേവനത്തിനായി വന്ന ശേഷമാണ് ഇത് സംഭവിച്ചത്. പ്രസ്ഥാനത്തിന്റെ ഉന്നത വൃത്തങ്ങളിൽ നിറഞ്ഞു നിന്നിരുന്ന അവിശ്വാസവും വഞ്ചനയും ദോഷദൃഷ്ടിയുമാണ് ഈ സംഭവം സൂചിപ്പിക്കുന്നത്. അതിനെക്കുറിച്ച് ആലോചിച്ചു നോക്കുമ്പോൾ, മറ്റൊന്നും സ്വന്തമായി ഇല്ലാത്ത ഭക്തർക്ക് ആ ഫോട്ടോകൾ പ്രതീകാത്മകമായും വൈകാരികമായും ആത്മീയമായും വളരെ വിലപിടിച്ചതായിരുന്നിരിക്കണം. ഇല്ലാത്ത പദ്ധതികളുടെ കള്ളക്കഥ മെനഞ്ഞ് ആ ചിത്രങ്ങൾ തട്ടിയെടുത്തത് ദുഷ്ടതയല്ലാതെ മറ്റെന്താണ്! എന്നാൽ ഒടുവിൽ ആലോചിക്കുമ്പോൾ ആ സ്വാമിമാർക്കും സ്വാമിനിമാർക്കും മറ്റൊരു വഴിയും ഉണ്ടായിരുന്നിരിക്കില്ല, അവർ ആജ്ഞ അനുസരിക്കുക മാത്രമായിരിക്കും ചെയ്തത്. ഇതേ പ്രവർത്തന നയങ്ങളായിരുന്നു യൂറോപ്യൻ ചരിത്രത്തിലെ ഏറ്റവും ഇരുട്ടുനിറഞ്ഞ അദ്ധ്യായത്തിന് കാരണമായത് എന്ന് ഇതെഴുതുമ്പോൾ മനസ്സിന്റെ ഒരുകോണിൽ ഓർത്തുപോകുന്നു: മുകളിൽ നിന്നുള്ള ആജ്ഞയുടെ കാരണമോ നൈതികതയൊ അന്വേഷിക്കാതെ മനസ്സാക്ഷിയുള്ള ഉദ്യോഗസ്ഥർ അനുസരണയോടെയും കൃത്യതയോടെയും നന്നായി ചെയ്തു തീർത്ത ജോലിയാണല്ലോ അത്. ആശ്രമത്തിലെ സാഹചര്യത്തിൽ നിർദ്ദേശങ്ങളെ ചോദ്യം ചെയ്യാൻ അൽപം കൂടി പ്രബുദ്ധതയും ജന്മസിദ്ധമായ ധാർമ്മികതയും വേണ്ടിയിരുന്നു.

A യുടെ ജീവചരിത്രം മാത്രമല്ല അതിശയോക്തി കലർന്നതും ഊതിപ്പെരുപ്പിച്ചതും. അല്ലെങ്കിൽ അസമാനതകൾ കൊണ്ട് സമ്പുഷ്ടമായി, സത്യമോ കെട്ടുകഥയോ എന്ന് തിരിച്ചറിയാനാവാത്ത വിധത്തിലുള്ളത്, അവരുടെ സന്ദേശം എന്നുപറഞ്ഞ് പതിവായി ഇറങ്ങുന്ന പുസ്തകങ്ങളും (*Awaken Children*!) ഈ വിധമാണ്. A യുടേത് പ്രബോധനപരമായ ഒരു

സംഭാഷണശൈലിയല്ല. അവർ അവരുടെ ഭാഷപോലും നന്നായി സംസാരിക്കില്ല. അവരുമായി ഇടപഴകി ശീലമില്ലാത്ത ഒരു മലയാളിക്കുപോലും അവർ പറയുന്നത് മനസ്സിലാക്കാൻ ബുദ്ധിമുട്ടാണ്. അവരുടേതായ സംഭാഷണശൈലിയുമായും, പദസമ്പത്തുമായും പരിചിത-മാവേണ്ടതുണ്ട് അവർ പറയുന്നതെന്തെന്ന് മനസ്സിലാക്കാൻ. അമ്പതിൽപരം കോർക്ക് സ്ക്രൂപോലെ വളഞ്ഞ അക്ഷരങ്ങളുള്ള മലയാളം വിദേശികളായ പലരും പഠിച്ചെടുത്തു. പക്ഷേ "ത്രികാലജ്ഞാനിയായ അമ്മയ്ക്ക്" ഇത്ര ലളിതമായ ഇംഗ്ലീഷ് ഭാഷ പഠിക്കാൻ സാധിച്ചില്ലേ? അതോ അവർ പരസ്യമായി നിർബാധം സംസാരിക്കാതിരിക്കുന്നതാണോ നല്ലത്? അവർക്ക് വിദ്യാഭ്യാസമില്ലാത്തതിനാൽ, ഞാൻ അവിടെ ഉള്ള കാലത്തുതന്നെ, ബാലു ഫിലോസഫിയിൽ പ്രാവീണ്യം നേടണമെന്ന് അവർക്ക് നിർബന്ധമായിരുന്നു. അങ്ങനെയാണ് ബാലു മാസ്റ്റേഴ്സ് ഡിഗ്രി എടുക്കുന്നത്.

അയാളും ദീർഘകാലമായി സമകാലിക ഇന്ത്യൻ തത്വചിന്തകരിൽ തൽപരനായിരുന്നു. അയാളുടെ മുറിയിൽ ഒരു പൂട്ടിയ അലമാരയ്ക്കുള്ളിൽ ധാരാളം പുസ്തകങ്ങൾ സൂക്ഷിച്ചിട്ടുണ്ടായിരുന്നു; പ്രത്യേകിച്ച് ചില ഇന്ത്യൻ ആചാര്യന്മാരുടെ പുസ്തകങ്ങൾ. A യുടെ സന്ദേശങ്ങൾ എല്ലാം തന്നെ വളരെ പ്രാഥമികമാണ്. വർഷാവർഷം ഗ്രന്ഥകാരൻ A യുടെ പുതിയ പുതിയ ഉപദേശങ്ങളും സന്ദേശങ്ങളും പ്രസിദ്ധീകരിക്കുമ്പോൾ, അത് അയാളുടെ വായനയിൽ നിന്ന് ഭാഗികമായെങ്കിലും പ്രചോദനമുൾക്കൊണ്ടതാണ് എന്നു കരുതണം. അയാൾ ഓഷോയുടെ/ രജനീഷിന്റെ ആരാധകനായിരുന്നു. എഴുതുന്ന സമ്പ്രദായം വളരെ ലളിതമായിരുന്നു: A യുടെ സന്ദേശത്തിൽ സമന്വയിപ്പിക്കാവുന്ന ഭാഗങ്ങളും ഉപകഥകളും മറ്റെവിടെയെങ്കിലും കണ്ടുപിടിക്കുകയും അവരുടെ അനുമതി നേടുന്നതിലേക്കായി അതവരോട് ചർച്ച ചെയ്യുകയും ചെയ്യും. A അവരുടെ അടുത്ത പ്രഭാഷണത്തിൽ ആ കഥകൾ ഉൾപ്പെടുത്തും; ബാലു

അതിനെക്കുറിച്ച് എഴുതി പ്രസിദ്ധീകരിക്കും, കഴിഞ്ഞു! അയാൾ എഴുതിയിരുന്ന പംക്തി A യുടെ പ്രഭാഷണങ്ങളുടെ പകർപ്പും ഭക്തരുമായുള്ള സംഭാഷണങ്ങളുടെ സാരാംശവും ആണെന്നോർക്കണം. ഇതിനെ സംബന്ധിച്ച് ഒരിക്കൽ ഒരു സംഭവമുണ്ടായി, ഒരു ഓഷോ ഭക്തൻ ആ പ്രസിദ്ധീകരണത്തിന്റെ പല പാരഗ്രാഫുകളും ഓഷോയുടെ പുസ്തകങ്ങളിൽ നിന്ന് അങ്ങനെതന്നെ എടുത്തതാണെന്ന് ആശ്രമത്തിലെ പബ്ലിക്കേഷൻസ് മാനേജറുടെ അടുക്കൽ അവകാശവാദമുന്നയിച്ചു. എന്താണിതൊക്കെ? ഒരു കഥ കെട്ടിച്ചമച്ച്, വിപുലീകരിച്ച്, വിറ്റഴിക്കുകയാണോ? എത്ര വലുതാണ് ഈ വഞ്ചന? ഈ അനുഭവസാക്ഷ്യം ഇതിനൊക്കെയുള്ള ഭാഗികമായ ഉത്തരമാണ്.

ഭജനകളുടെ കാര്യവും ഇങ്ങനെ തന്നെയാണ്, പ്രത്യേകിച്ച് പഴയവ. അവ A എഴുതിയതല്ല, ഒട്ടുമിക്കവയും രാമചന്ദ്രൻ എന്നുപേരായ ഒരാൾ എഴുതിയതാണ്. അധികം അകലെയല്ലാതെ താമസിക്കുന്ന ഒരു നാട്ടുകാരനാണയാൾ. ദേവീ ഭക്തനാണ്, ദേവിഭാവ സമയത്ത് വിളക്ക് കത്തിക്കാനായി എപ്പോഴും വന്നിരുന്നു എന്നാൽ ആശ്രമം വിപുലമായതോടെ വരവ് നിർത്തി. കുറച്ചു വർഷങ്ങൾക്കുശേഷം തന്റെ ഭജനകൾ A യുടെ ഭജൻ പുസ്തകത്തിൽ അവരുടെ എന്നപോലെ ഉൾപ്പെടുത്തിയതായി അയാൾ പരാതിപ്പെട്ടു. പക്ഷേ അയാൾക്ക് അവരെ ഒരു തരത്തിലും തടയാനായില്ല. ഈ സംഘടനയുടെ നൈതികതയുടെ മറ്റൊരു ഉദാഹരണം.

ആദ്യകാലങ്ങളിൽ A എന്നോട് അവരുടെ ഒരു ചിത്രം വച്ച് ധ്യാനിക്കാൻ ആവശ്യപ്പെട്ടു, പിന്നീട് അവരുടെ കാൽപാദങ്ങൾ വച്ചും - ഗുരുവിന്റെ കാൽപാദത്തിന് പ്രത്യേകതയുണ്ട്, അത് ആത്മീയജ്ഞാനത്തെ ആണ് പ്രതിനിധാനം ചെയ്യുന്നത്, കൂടാതെ അത് ശിഷ്യന്റെ ഏറ്റവും അരികിൽ നിൽക്കുന്ന ഭാഗവുമാണ് എന്നാണ് സങ്കല്പം. ഇത്തരം ധ്യാനവുമായി പൊരുത്തപ്പെടാൻ എനിക്ക് ദീർഘമായി യത്നിക്കേണ്ടി വന്നു. എന്നാൽ

അൽപകാലം ഞാൻ അതുമായി പൊരുത്തപ്പെട്ടു ജീവിച്ചു. നേരത്തെ പറഞ്ഞതുപോലെ, ആത്മീയപാതയിൽ ഹൃദയത്തെക്കൂടി സമന്വയിപ്പിക്കണമെന്ന തോന്നലിന്റെ അടിസ്ഥാനത്തിൽ ഈ ഉപദേശം ഞാൻ സ്വീകരിക്കുക തന്നെ ചെയ്തു, പലപ്പോഴും എന്റെ ബോധ്യങ്ങൾക്ക് എതിരായിരുന്നു അതെങ്കിലും. അതിനുശേഷം പാരമ്പര്യ ചിട്ടപ്രകാരം ഞങ്ങൾ ഗുരുമന്ത്രം സമാരംഭിച്ചു. ആദ്യ വലയത്തിലെ ശിഷ്യർക്കെല്ലാം തന്നെ മന്ത്രോപദേശം ലഭിച്ചു. മന്ത്രധ്യാനം ഞങ്ങൾ എല്ലാവരും തന്നെ വളരെ ആവേശത്തോടെ ചെയ്തുപോന്ന ഒന്നാണ്, എന്നാൽ ചിലർക്ക് പൂജാകർമ്മങ്ങളിലായിരുന്നു താല്പര്യം, അവരെ സ്ഥലത്തെ പൂജാരിയുടെ അടുക്കൽ അവ പഠിക്കുന്നതിനായി അയച്ചു. A ആശ്രമചര്യകൾ ചിട്ടപ്പെടുത്തിയപ്പോൾ എല്ലാത്തിനും സമയം കൂടി നിശ്ചയിച്ചിട്ടുണ്ടായിരുന്നു. പുലർച്ചെ ഉണർന്ന് ലളിതാസഹസ്രനാമ പാരായണം, അത് പരക്കെ എല്ലാവരും ചെയ്യുന്നതായതു കാരണം എനിക്ക് പ്രത്യേകിച്ച് എതിർപ്പൊന്നും തോന്നിയില്ല. ആരംഭത്തിൽ അത് A യുടെ വ്യക്തിപൂജ ആയിരുന്നില്ല, ഒരു പരമ്പരാഗത ചര്യയായിരുന്നു. സ്വാഭാവികമായി A യെ ആരാധിക്കുന്ന കുറച്ചു വരികൾ സഹസ്രനാമത്തിലെ ആദ്യഭാഗത്ത് ചേർത്തിരുന്നു, അവ നമ്മുടെ ഗുരുവും ദേവിയുമായുള്ള ബന്ധത്തെക്കുറിച്ച് സംശയങ്ങൾ ഒന്നും അവശേഷിപ്പിക്കാത്ത വിധമായിരുന്നു. എന്നിരുന്നാലും ഇതുപോലെയുള്ള ആചാരങ്ങൾ ഏത് ഗുരുവിനെ ചുറ്റിപ്പറ്റിയും കാണാമെന്നതിനാൽ എനിക്കതിൽ അസ്വസ്ഥത തോന്നിയില്ല. ഭാവങ്ങളുടെ സമയത്ത്, തത്വത്തിൽ, A യിൽ കുടികൊള്ളുന്ന ദൈവീകഭാവത്തെയാണ് ആരാധിക്കുന്നത്. സാമാന്യ ബുദ്ധിവൈഭവമുള്ള ആർക്കും മനസ്സിലാവും, ദേവി പ്രതിനിധാനം ചെയ്യുന്ന ഗുണങ്ങളെയാണ് ഇവിടെ ആരാധിക്കുന്നതെന്ന്. അല്ലാതെ ദേവിയായി വേഷം കെട്ടിയ മനുഷ്യനെയല്ല. എന്നാൽ ഭക്തരുടെ ഈ സൂക്ഷ്മതക്കുറവും വ്യക്ത്യാരാധനയ്ക്കുള്ള ആവശ്യവും

കാരണം പ്രസ്ഥാനം ആൾദൈവാരാധനയുടെ പ്രമുഖ ഇടമായി മാറി. ഒടുവിൽ ഭക്തർ A യെ ദേവിയായി കണ്ട് ആരാധിക്കാൻ തുടങ്ങി. ഇതിലെ കൗശലം വളരെ ചെറുതും പരിണിതഫലം നേരെ വിപരീതവുമാണ്. ഇന്ത്യയിൽ ഇത് സർവ്വസാധാരണം ആയതിനാൽ ആ സമയത്ത് എനിക്കിത് വിചിത്രമായി തോന്നിയില്ല. എന്നാൽ വർഷങ്ങൾക്ക് ശേഷം എന്റെ ആശ്രമത്തിലേക്കുള്ള സന്ദർശനങ്ങൾക്കിടയിൽ, *ഗുരുപൂജ* എന്ന ഭാരതീയ ആചാരത്തിന്റെ ആശ്രമത്തിലെ അനുഷ്ഠാനം വ്യക്ത്യാരാധന കൊണ്ട് അൽപ്പം കഠിനമായി തോന്നി. ഇവിടെ മനസ്സിലാക്കാനുള്ളത് എന്തെന്നാൽ A തന്നെ ഗുരുവായും ദേവിയായും ആരാധിക്കുന്നത് വ്യക്തമായും പ്രോത്സാഹിപ്പിച്ചിരുന്നു.

വ്യക്ത്യാരാധനയുടെ കാര്യം പറയുകയാണെങ്കിൽ 20- 30 വർഷത്തിനുശേഷം പ്രസ്ഥാനത്തിലുണ്ടായ പരിണാമം എന്നെ അലട്ടുന്നതാണ്. വ്യക്തി പൂജയ്ക്ക് മുകളിലേക്ക് ചിന്തിക്കാൻ തന്നെ പറ്റാതായിരിക്കുന്നു. ശ്രീ ലളിതാ സഹസ്രനാമത്തിൽ ദേവിയുടെ ആയിരം പേരുകൾ എന്നപോലെ A യുടെ 108 പേരുകൾ, IAm meditation (ഐആം മെഡിറ്റേഷൻ) (അതെക്കുറിച്ച് വിശദമായി അടുത്ത ചാപ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്). സമനിലവിട്ടുള്ള ഒരു അഭിനിവേശം പോലെയാണ് ഇവയെല്ലാം; ഭക്തർക്ക് ഇവ ഇഷ്ടമായിരിക്കാം. എന്നാൽ ദീർഘകാലാടിസ്ഥാനത്തിൽ അവരുടെ തീരുമാനമെടുക്കാനുള്ള കഴിവിനെ ഇത് ദോഷകരമായി ബാധിക്കാം.

A യുടെ ആത്മീയ പാരമ്പര്യത്തെക്കുറിച്ച് അന്വേഷിക്കുകയാണെങ്കിൽ, അവർക്ക് ഒരു ഗുരു ഉണ്ടായിരുന്നില്ല. എന്നാൽ ഇത് ഈ രാജ്യത്ത് കേട്ടുകേൾവിയില്ലാത്തതല്ല. നൈസർഗിക പ്രേരണയാൽ ജ്ഞാനം കൈവരിച്ച പല ആധ്യാത്മിക ആചാര്യന്മാരുമുണ്ട്. എന്നിരുന്നാലും, *ഗുരുപരമ്പര* അല്ലെങ്കിൽ ആധ്യാത്മിക പാരമ്പര്യത്തെക്കുറിച്ച് ഞാൻ ചാപ്റ്റർ VI.12 ൽ പറയുന്നുണ്ട്. അത്

സത്യസന്ധരല്ലാത്തവരിൽ നിന്നും കപട വേഷധാരികളിൽ നിന്നും രക്ഷ നേടാനുള്ള പരമ്പരാഗതമായ ഒരു സുരക്ഷാമാർഗ്ഗമാണ്. ആത്മീയ പാരമ്പര്യമില്ലാത്തത് എല്ലായ്പ്പോഴും ഒരു പ്രശ്നമാവണമെന്നില്ല. എന്നാൽ ദൗർഭാഗ്യവശാൽ പൊതുവായി പറയുകയാണെങ്കിൽ അതൊരു പ്രശ്നം തന്നെയാണ്, അങ്ങനെയല്ല എന്നു ഞാൻ ദീർഘകാലം വിശ്വസിച്ചിരുന്നെങ്കിലും, ഒടുവിൽ A യും വ്യത്യസ്തയല്ല എന്നെനിക്ക് സമ്മതിക്കേണ്ടി വന്നു.

## III. 3. A യും പാശ്ചാത്യരും

ഉയർന്ന വിദ്യാഭ്യാസവും ബുദ്ധിശക്തിയും ഉണ്ടെങ്കിൽക്കൂടിയും, എന്തും കണ്ണടച്ച് വിശ്വസിക്കുന്ന കൂട്ടത്തിലാണ് പാശ്ചാത്യരെന്ന് അടുത്ത് ഇടപഴകിയപ്പോൾ A തിരിച്ചറിഞ്ഞു (വ്യക്തിപരമായി എനിക്ക് പാശ്ചാത്യരും ഇന്ത്യക്കാരും തമ്മിൽ അങ്ങനെയൊരു വ്യത്യാസം തോന്നിയിട്ടില്ല). അറിവും പാണ്ഡിത്യവുമുള്ള യൂണിവേഴ്സിറ്റി പ്രൊഫസർമാർ പോലും കേൾക്കുന്നതെന്തും കണ്ണടച്ച് വിശ്വസിക്കാൻ കെൽപ്പുള്ളവരാണ്. ബുദ്ധിക്ക് വിശ്വാസത്തിന്റെ കാര്യത്തിൽ വലിയ ധാരണയൊന്നുമില്ല, പരസ്പരബന്ധമില്ലാത്ത രീതിയിലാണ് ഇവ രണ്ടും കാണപ്പെടുന്നത്. ഒരു പതിറ്റാണ്ടോളം A യുടെ പരിഭാഷകനായി പ്രവർത്തിച്ച കാലത്ത് അവരെ വളരെ അടുത്ത് നിന്ന് നിരീക്ഷിക്കാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. ആദ്യസന്ദർശനം തുടങ്ങി യൂറോപ്യരെക്കുറിച്ചുള്ള അവരുടെ ധാരണ

രൂപപ്പെടുന്നത് ഞാൻ നോക്കിക്കണ്ടിട്ടുണ്ട്. A യും പരിവാരങ്ങളും യൂറോപ്പ്യരെയും നോർത്ത് അമേരിക്കക്കാരെയും, അവർ അടിസ്ഥാനപരമായി വ്യത്യസ്തരാണെന്നിരിക്കലും, വിവേചിച്ചറിയാൻ ആദ്യകാലങ്ങളിൽ വളരെ പ്രയാസപ്പെട്ടു. ഈ രണ്ട് വിഭാഗങ്ങളും സാമൂഹികമായും സാംസ്കാരികമായും മാത്രമല്ല, കാര്യങ്ങൾ മനസ്സിലാക്കുന്നതിലും ഗ്രഹിക്കുന്നതിലും ഉൾക്കൊള്ളുന്നതിലും നർമ്മബോധത്തിലുമെല്ലാം വ്യത്യസ്തരാണ്. **പാശ്ചാത്യരുടെ ആത്മീയമായ നിഷ്കളങ്കത** എങ്ങനെ സ്വന്തം ഗുണത്തിനായി പ്രയോജനപ്പെടുത്താം എന്ന് A വളരെ വേഗം മനസ്സിലാക്കി. അടുപ്പമുള്ളവരിൽ നിന്ന് അവരതൊരിക്കലും മറച്ചുവച്ചില്ല. ഉദാഹരണത്തിന് മഹർഷി മഹേഷ് യോഗിയുടെ അനുചരർ, അത്യധികം അഭിമാനപൂർവ്വം കപടമന്ത്രങ്ങളുമായി വന്നപ്പോൾ അക്കൂട്ടരുടെ അറിവില്ലായ്മ A യ്ക്ക് നന്നായി ബോധ്യപ്പെട്ടു. അതോടൊപ്പം തനിക്കും ഭക്തരെ നിലനിർത്താൻ ഈ മാർഗ്ഗം ഉപയോഗിക്കാമെന്ന് A കരുതി. ഈ വിഷയം അവർ പതിവായി ഞങ്ങളോട് ചർച്ച ചെയ്യുമായിരുന്നു. നൈതികത നോക്കിയാൽ അവർ ചെയ്തത് തെറ്റാണെന്ന് പറയാനാവില്ല. ഷിർദ്ദി സായിബാബ തന്നെ പറഞ്ഞിട്ടുണ്ട്, ഞാൻ ആളുകൾക്ക് അവർ ആവശ്യപ്പെടുന്നതെന്താണോ അതു നൽകും, അപ്പോൾ അവരുടെ ശരിയായ ആവശ്യമെന്തെന്ന് അവർക്കുതന്നെ ബോധ്യപ്പെടുമെന്ന്. നമുക്കും വേണമെങ്കിൽ ഈ യുക്തി സ്വീകരിക്കാവുന്നതാണ്, എന്നാൽ അത് ഉദ്ദേശശുദ്ധിയെയും, ഏതുതരം ആളുകളോടാണ് ഇത് പറയുന്നത് എന്നതിനെയും ആശ്രയിച്ചിരിക്കും.

ഈ പശ്ചാത്തലത്തിലാണ് **വ്യക്ത്യാരാധനാമാർഗ്ഗത്തിലൂടെ** കൂടുതൽ ആളുകളെ ആകർഷിക്കാൻ കഴിയുമെന്ന് A തിരിച്ചറിഞ്ഞത്. അതിശയോക്തി കലർത്തി, അതിനാടകീയമായി ഒരു ദൈവീക പ്രതിച്ഛായ പ്രദർശിപ്പിച്ചില്ലെങ്കിൽ അവരുടെ

അടുക്കൽ എത്തിയ പലരും, ഒരു ഗുരുവിൽ ഉണ്ടാവേണ്ട ഗുണങ്ങൾ അവർക്കുണ്ടോ എന്ന് സംശയിച്ച് മറ്റിടങ്ങളിലേക്ക് പോകാൻ സാധ്യതയുണ്ടെന്ന് പല അവസരങ്ങളിൽ അവർതന്നെ എന്നോട് പറഞ്ഞിട്ടുണ്ട്. ഇത്തരം ആളുകൾ അവരുടെ അന്ധവിശ്വാസങ്ങൾക്ക് യോജിച്ച രീതിയിൽ പ്രത്യക്ഷപ്പെടുന്ന ആദ്യ വ്യക്തിയിൽ ആകൃഷ്ടരായി അവരോടൊപ്പം ചേരാനാണ് സാധ്യത എന്നായിരുന്നു A യുടെ അഭിപ്രായം. അതുകൊണ്ടുതന്നെ ആ വഴിയാണ് തുടരേണ്ടത് എന്ന് A യ്ക്ക് നല്ല ബോധ്യമുണ്ടായിരുന്നു. വൻ ജനാവലി തന്നെ ഇത്തരം ഹാസ്യനാടകങ്ങൾ ഭക്തിയോടെ പിന്തുടരുന്നതും, ഇത്തരം കോമാളികളുടെ വാക്കുകൾ നിർവൃതിയോടെ കേൾക്കുന്നതും ആരെയും അത്ഭുതപ്പെടുത്തും.

അങ്ങനെ A പ്രസ്ഥാനത്തിന്റെ രീതികൾ കൂടുതൽ കൂടുതൽ ജനപ്രിയമാക്കി മാറ്റി ഒടുവിൽ പരിഹാസ്യം എന്ന് പറയാവുന്ന നിലയിലായി കാര്യങ്ങൾ. ഉദാഹരണത്തിന് മെഡിറ്റേഷന്റെ ഒരു നൂതന ആവിഷ്ക്കരണം എന്ന നിലയിൽ അവതരിപ്പിച്ച വിഖ്യാതമായ IAm-meditation (ഐആം-മെഡിറ്റേഷൻ). ഇത് എങ്ങനെയാണ് നിലവിൽ വന്നതെന്നും, ഇതിന്റെ പിന്നിലെ പൊരുളെന്തെന്നും എനിക്ക് വ്യക്തമായി അറിയാം. മഹേഷ് യോഗിയുടെ ഭക്തർക്ക് പ്രത്യകതരം ധ്യാനരീതികളുണ്ടായിരുന്നു എന്ന് A ശ്രദ്ധിച്ചു. അവ ഏറ്റവും അടിസ്ഥാനപരവും പ്രാഥമികവമായിരുന്നു. വളരെ സാധാരണ മന്ത്രങ്ങൾ ആയിരുന്നെങ്കിൽ കൂടി, അവയുടെ രഹസ്യസ്വഭാവവും, അതിനോടനുബന്ധിച്ച നിയന്ത്രണങ്ങളും തങ്ങളുടെ കൈവശമുള്ളത് എന്തോ വിശിഷ്ടവും അമൂല്യവുമായ സംഗതിയാണെന്ന ധാരണ ഭക്തരിൽ ഉളവാക്കി. ഇത് A യിൽ ജിജ്ഞാസ ഉണർത്തി എന്നുമാത്രമല്ല തന്റേതായ ഒരു ധ്യാനരീതി വികസിപ്പിക്കാം എന്ന ആശയവും അവർക്ക് നൽകി. മറ്റുള്ളവരുടെ കാപട്യങ്ങളിൽ മയങ്ങി ഭക്തർ ഇവിടം വിട്ട് അവരുടെ അടുത്തേക്ക് പോകാതെ നിലനിർത്തുക

എന്നതായിരുന്നു ഉദ്ദേശം. A ഇത് ബാലുവുമായി സംസാരിക്കുകയും, ബാലു ഇതിനെക്കുറിച്ച് ആലോചിക്കുകയും ചെയ്തു. അല്പസമയത്തിനുശേഷം ബാലു A യുടെ താമസസ്ഥലത്തേക്ക് പുതിയ ഒരു പദ്ധതിയുമായി ഉത്സാഹത്തോടെയും പ്രസരിപ്പോടെയും ഓടി വന്നു. അവർ രണ്ടാളും ചേർന്ന് അതൊന്നുകൂടി മോടി വരുത്തി. അങ്ങനെ മഹേഷ് യോഗിയുടെ രീതികളിൽ നിന്ന് പ്രചോദനമുൾക്കൊണ്ട്, പുരാതനമെന്ന് കരുതപ്പെടുന്ന ഈ വിദ്യ (IAm (ഐആം), ആദ്യാവസാനം പുതുതായി കെട്ടിച്ചമയ്ക്കപ്പെട്ടു. ഈ മെഡിറ്റേഷന് ആശ്രമത്തിൽ അതുവരെ അനുഷ്ഠിച്ചു വന്നതോ, ആചാര്യന്മാർ ചെയ്തിരുന്നതോ, A പഠിപ്പിച്ചതോ ആയ ഒന്നിനോടും സാമ്യമില്ലായിരുന്നു. A യും അവരുടെ ശിഷ്യന്മാരും ഈ കെട്ടിച്ചമയ്ക്കലിനെക്കുറിച്ച് അൽപ്പം നാണക്കേടോടെ പറഞ്ഞു ചിരിച്ച ഒരുപാട് സന്ദർഭങ്ങളിൽ ഞാനും ഒപ്പമുണ്ടായിരുന്നു. എന്നാൽ അവർക്ക് ഈ പദ്ധതി പുതിയ ഭക്തരെ നേടാനും പഴയ ഭക്തരെ നിലനിർത്താനും അനിവാര്യമായി തോന്നി. ഉപഭോക്താവിന്റെ പ്രതീക്ഷയ്ക്കൊപ്പം എത്തുക എന്ന തത്വം മനസ്സിലാക്കാവുന്നതാണ്, എന്നാൽ അതിനായി എന്തും ചെയ്യേണ്ടതുണ്ടോ എന്ന് ചിന്തിക്കണം. IAm-meditation (ഐആം-മെഡിറ്റേഷൻ) എങ്ങനെയാണ് നടത്തുന്നത് എന്ന് നോക്കാം. കോൺഫിഡൻഷ്യാലിറ്റി ക്ലോസ് ഒപ്പിട്ടശേഷം ഒരു ധ്യാനരീതി പഠിപ്പിക്കും, അത് രഹസ്യമാക്കി വയ്ക്കേണ്ടതാണ്. ഇത്തരം നിബന്ധനകൾ എല്ലാം തന്നെ ഈ മെഡിറ്റേഷൻ രീതി അമൂല്യമാണെന്ന് തോന്നിക്കാനുള്ള മാർഗ്ഗമാണ്. ഇതേ ഉദ്ദേശത്തിൽത്തന്നെ ചില നിയന്ത്രണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. സർവ്വസാധാരണമായ ഒരു കാര്യത്തെ വിശിഷ്ടമായി തോന്നിപ്പിക്കാനായി, ദിവസത്തിൽ രണ്ടു തവണ അരുത് ഒരു തവണ മാത്രമേ ഈ ധ്യാനം ചെയ്യാവൂ എന്നിങ്ങനെ. ഭക്തരുടെ ശ്രദ്ധയും മതിപ്പും കിട്ടുമെന്ന അധിക പ്രയോജനവുമുണ്ട് ഇതിന്.

ഇന്റഗ്രേറ്റഡ് മെഡിറ്റേഷൻ ടെക്നിക് പഠിക്കാൻ ആഗ്രഹിച്ച് വരുന്നവർക്ക് കൊടുക്കുന്ന വിവരങ്ങളിൽ ആദ്യവരി തന്നെ അവിശ്വസനീയമാണ്. *"ഈ മെഡിറ്റേഷൻ ടെക്നിക് നിങ്ങളെ ആത്യന്തിക ലക്ഷ്യമായ ആത്മസാക്ഷാത്കാരത്തിലേക്ക് നയിക്കും എന്നുറപ്പാണ്"*[15]. ചില വ്യായാമങ്ങളും ശ്വസനക്രിയകളും ഭാവനകളും മന്ത്രങ്ങളും പരിശീലിക്കുന്നത് വഴി ഒരാൾക്ക് പരമമായ ലക്ഷ്യം നേടാൻ കഴിയുമെങ്കിൽ, ആ ലക്ഷ്യം നിരർത്ഥകമല്ലേ. ഈ വാഗ്ദാനം തന്നെ തട്ടിപ്പാണ്. രഹസ്യമായി വയ്ക്കണമെന്ന് നിബന്ധനയുള്ളതുകൊണ്ട് ചേതമില്ലാതെ എന്തും പറയുകയും ആവാം. രണ്ടാമത്തെ പാരഗ്രാഫ് പറയുന്നത് *"നമ്മുടെ സർഗ്ഗാത്മകതയ്ക്കും സ്വതന്ത്ര ആവിഷ്കാരത്തിനുമുള്ള വഴിതുറക്കും (...) ഈ ടെക്നിക് നിങ്ങളെ ജീവിതത്തിലെ വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാക്കും"*. കുറച്ച് യോഗയും ഒരാളുടെ സർഗാത്മകതയും ജീവിതത്തിലെ വെല്ലുവിളികളെ നേരിടാനുള്ള പ്രാപ്തിയും തമ്മിൽ നേരിട്ടോ അല്ലാതെയോ എന്തെങ്കിലും ബന്ധം ഉള്ളതായി എനിക്ക് തോന്നുന്നില്ല. കാട്ടിലൂടെ കുറച്ചുനേരം നടക്കുന്നതോ, വളർത്തു പൂച്ചയെ ലാളിക്കുന്നതോ, നിങ്ങളുടെ മുത്തശ്ശിക്കൊരു മുത്തം കൊടുക്കുന്നതോ ഒക്കെ ഇതേ ഫലം നൽകാം. നമ്മുടെ മനസ്സിനെ ശാന്തമാക്കുന്ന, ശ്രദ്ധ കേന്ദ്രീകരിക്കാൻ സഹായിക്കുന്ന ഏതൊരു പ്രവർത്തിയും സർഗ്ഗാത്മകത കൂട്ടാനോ, ജീവിതത്തിലെ പ്രതിസന്ധികളെ തരണം ചെയ്യാനോ സഹായിച്ചേക്കാം. പുരാതനമായ ചില യോഗമുറകളും, മെഡിറ്റേഷൻ രീതികളും എടുത്ത്, കോപ്പിറൈറ്റ് ചെയ്ത്, രഹസ്യമായി സൂക്ഷിക്കണം; എന്നാൽ നിബന്ധനയോടെ, അൽപ്പം വ്യക്തിപൂജ കൂടി അതോടൊപ്പം കലർത്തി, പ്രസ്ഥാനത്തിന്റെ അംഗങ്ങൾക്ക് മാത്രം ഇവയെല്ലാം ലഭിക്കുന്നു എന്നു വരുത്തി തീർക്കുന്നു. എന്നാൽ ഇവയുടെയെല്ലാം ഉല്പത്തിസ്ഥാനത്തിന്റെ വ്യാപ്തിയും വൈവിധ്യവും ജ്ഞാനബാഹുല്യവും ഭക്തരിൽ നിന്നും മറച്ചുവച്ച് നടത്തുന്ന ഈ പരിപാടിയെ കൃത്യമായും വ്യക്തമായും

വഞ്ചന എന്നുതന്നെ വിളിക്കണം. ആ ഉല്പത്തി സ്ഥാനങ്ങളിൽ ഭക്തർക്ക് യോജിക്കുന്ന മറ്റ് പല സമീപനങ്ങളും മറ്റുവിധത്തിലുള്ള സങ്കലനങ്ങളും അവർക്കുതന്നെ പരീക്ഷിച്ചു കണ്ടെത്താവുന്ന പുതിയ കാര്യങ്ങളും ഒക്കെ ഉണ്ടാവാം. എന്നാൽ അതിനൊന്നും അനുവദിക്കാതെ ചുരുക്കം ചില യോഗമുറകളും മന്ത്രങ്ങളും രഹസ്യനിബന്ധനകളും ഒക്കെയായി അവരെ തന്നിൽത്തന്നെ തളച്ചിടുന്നത് ദുഷ്ടതയാണ്. ഭക്തരെ തളച്ചിടാനുള്ള ഈ മന്ത്രവിദ്യ കണ്ടുപിടിച്ചതിന് ബാലുവും അവന്റെ അമ്മയും അതിരറ്റ് ആഹ്ലാദിച്ചപ്പോൾ, ഞാൻ ഒതുങ്ങിക്കൂടി സ്വന്തം കാര്യം നോക്കുകയാണ് ചെയ്തത്. എനിക്കതിൽ ഒന്നും ചെയ്യാനില്ല എന്നും, അഭിപ്രായമോ വൈമനസ്യവും പങ്കുവയ്ക്കുന്നതുപോലും നിരർത്ഥകമാണെന്നും നല്ല ബോധ്യമുണ്ടായിരുന്നു. അവർ മറ്റൊരു ലോകത്തായിരുന്നു, മറ്റൊരാളുടെ അഭിപ്രായം പരിഗണിക്കാൻ കഴിയുന്നതിലുമകലെ.

വിദ്യാഭ്യാസവും ലോകപരിജ്ഞാനവും ജ്ഞാനവും ധർമ്മബോധവും ഒക്കെയുള്ള പരിഷ്കൃതർക്ക് വേണ്ടിയല്ല താൻ നിലകൊള്ളുന്നത്, ആത്മീയ ദാരിദ്ര്യം അനുഭവിക്കുന്ന സാമാന്യജനത്തിന് വേണ്ടിയാണെന്ന് A പലയാവർത്തി ഞങ്ങളോട് പറഞ്ഞിട്ടുണ്ട്. ഇത്തരം ജനങ്ങൾക്ക് വേണ്ടിയുള്ളതാണ് അവരുടെ ആത്മീയത എന്നതിനാൽ അത് അങ്ങനെതന്നെയേ നിലനിൽക്കൂ. ഏത് വിഭാഗത്തിന്റെ ശ്രദ്ധയാകർഷിക്കാനാണ് അവർ തീരുമാനിച്ചത് എന്നത് അവരുടെ മാത്രം ഉത്തരവാദിത്വമാണ്, ഞങ്ങൾ ആരും തന്നെ ആ തീരുമാനങ്ങളെ ഒരുതരത്തിലും സ്വാധീനിക്കാൻ ശ്രമിച്ചിട്ടില്ല. കുറഞ്ഞപക്ഷം ഞാൻ അവിടുന്ന് പോകുന്നതുവരെയെങ്കിലും അങ്ങനെ സംഭവിച്ചിട്ടില്ല. ഈ യുക്തിവച്ച് നോക്കുകയാണെങ്കിൽ അവരുടെ രൂപത്തിൽ, അവരുടെ തന്നെ പഴയ സാരി കൊണ്ടുണ്ടാക്കുന്ന പാവകൾ അവക്ക് അർഹതപ്പെട്ട സ്ഥലത്തുതന്നെയാണ് എത്തിച്ചേരുന്നത്. ഇങ്ങനെയാണ് കാര്യങ്ങൾ എന്നിരിക്കലും ഒടുവിൽ ഇവയെല്ലാം ഭക്തരെ

സ്വതന്ത്രരായ ആത്മീയാന്വേഷികളായി രൂപപ്പെടാൻ സഹായിക്കുന്നുണ്ടെങ്കിൽ, എന്തുകൊണ്ട് ആയിക്കൂടാ!! അതേക്കുറിച്ച് എനിക്ക് സംശയങ്ങളുണ്ട്, എങ്കിലും. പരിത്യാഗികളായ, A യുടെ ധർമ്മസ്ഥാപനങ്ങൾക്ക് വേണ്ടി തങ്ങളുടെ എല്ലാ സമ്പാദ്യവും സ്വത്തുക്കളും **ത്യജിച്ച** അതേ ആളുകൾക്ക് തന്നെ ഇത്രയും വിലകൂടിയ പാവകളും മറ്റു വസ്തുക്കളും വിൽക്കുന്നത് ന്യായമാണോ? കാര്യവിവരമുള്ളവരുടെ കണ്ണിൽ ഇത് ആധ്യാത്മികതയുടെ ഏറ്റവും ബാലിശമായ അവസ്ഥയാണ്.

കൃഷ്ണരൂപമുള്ള പാവകളുടെ കാര്യം എനിക്ക് മനസ്സിലാക്കാം, ഹിന്ദു ദേവതാഗണത്തിലെ ഒരു ദൈവം എന്ന നിലയ്ക്ക്. എന്നാൽ ജീവിച്ചിരിക്കുന്ന, ഭക്തരെയെല്ലാം **അനുഗ്രഹിക്കുന്ന**, അവരുടെയെല്ലാം ബാലിശമായ ഭക്തിക്ക് പാത്രമായ ഒരു സ്ത്രീയുടെ രൂപത്തിലുള്ള പാവകൾ എന്തിനാണെന്ന് മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ട്. എവിടെ നിന്നാണ് ഈ ആചാരമുണ്ടായത്? ഇനിയിപ്പോ മാന്ത്രികപ്പാവയായാലും ദൈവീകശക്തിയുള്ള പാവയായാലും. ആരാണ് പാവകൾ കൊണ്ട് കളിക്കുന്നത്? മൂന്നു വയസ്സിനും ഏഴു വയസ്സിനും ഇടയിൽ മാനസിക വളർച്ചയുള്ള കുട്ടികളോ? എന്ത് യുക്തിക്ക് നിരക്കാത്ത ആത്മീയതയിൽ നിന്നാണ് ഇത്തരമൊരു ആചാരം ഉടലെടുത്തത്? ജ്ഞാനത്തിനും വിചാരത്തിനും പ്രാമുഖ്യമുള്ള ഒരു ഗുരുശിഷ്യബന്ധം ഇവിടെയുണ്ടോ? ഗുരു ഒരു വൂഡൂ (Voodoo) മാന്ത്രികയാണ് എന്ന ധാരണയിൽ നിന്നാണോ ഈ പാവകളുണ്ടായത്? എന്തുതരം ഭ്രാന്തിന്റെ വിഭാഗത്തിലാണ് ഈ ഭക്തിയെ ഉൾപ്പെടുത്തേണ്ടത്? ഏതായാലും, വഴിതെറ്റിയ ഒരു ഗുരുശിഷ്യബന്ധത്തിന്റെ സൂചനയാണിത്. **ബാലിശമായ ആത്മീയതയും**, അമ്മ മക്കൾ എന്ന പോലെയുള്ള ഗുരുശിഷ്യബന്ധവുമാണ് ഈ അവസ്ഥയ്ക്ക് കാരണം. ഇത്തരം സാഹചര്യത്തിൽ ഭക്തർ അന്ധവിശ്വാസത്തിലും മന്ത്രവാദത്തിലും അത്ഭുത പ്രവർത്തികളിലും വിശ്വസിച്ച് അധഃപതിക്കുന്നു[16]. ഗെയിലിന്റെ സ്വന്തം വാക്കുകളിൽ

*"സ്വതന്ത്രവും സ്വയംപര്യാപ്തവുമായ ആത്മീയ അന്വേഷണം പരിശീലിപ്പിക്കുന്നതിന് പകരം അമ്മ എന്തിനാണ് വൈകാരിക അടിമത്തവും, അമ്മയുടെ ഭൗതിക രൂപത്തോടുള്ള അഭിനിവേശവും പ്രോത്സാഹിപ്പിക്കുന്നത് എന്നെനിക്ക് ഒരിക്കലും മനസ്സിലായില്ല"* (Holy Hell ch. 17, p. 258).

എന്നിട്ടവർ ഭക്തരുടെ **സ്വയംപര്യാപ്തതയില്ലായ്മയെയും**, മോചനമില്ലാത്ത അവസ്ഥയെയും ചോദ്യം ചെയ്യും. *"നിങ്ങളുടെ ജീവിതത്തിൽ സംഭവിക്കുന്ന എന്ത് നല്ല കാര്യവും പൂർണ്ണമായും അമ്മയുടെ അനുഗ്രഹവും സ്നേഹവും കാരണമാണ്. എന്നാൽ നിങ്ങൾക്ക് സംഭവിക്കുന്ന ചീത്തയോ ദൗർഭാഗ്യകരമോ ആയ കാര്യങ്ങളുമായി അമ്മയ്ക്ക് ഒരു ബന്ധവുമില്ല, അതെല്ലാം നിങ്ങളുടെ കർമ്മഫലമാണ്*[17]*. വിശ്വാസികൾ സ്വയം നിലനിർത്തിക്കൊണ്ടുപോകുന്ന ഈ വിശ്വാസം സാമാന്യബുദ്ധിക്ക് നിരക്കുന്നതല്ല, പരസ്പരവിരുദ്ധവുമാണ്. ഞങ്ങളുടെ ജീവിതത്തിൽ സംഭവിക്കുന്ന നല്ല കാര്യങ്ങളുടെയും ഉത്തരവാദിത്വം ഞങ്ങൾക്ക് തന്നെയല്ലേ? നിങ്ങളുടെ ബുദ്ധിശക്തിയും അവബോധവും നിങ്ങളുടെ വഴികാട്ടാൻ പ്രാപ്തമല്ലേ? അമ്മയ്ക്ക് തന്റെ ശിഷ്യർ എന്നന്നേക്കുമായി മുടന്തരും നിരന്തരം അമ്മയുടെ സഹായം തേടുന്നവരും സ്വതന്ത്രചിന്ത ഇല്ലാത്തവരും അമ്മയുടെ സഹായമില്ലാതെ തകർന്നു പോകുന്നവരുമായിരിക്കണം എന്നാണ് താല്പര്യം എന്ന് തോന്നിപ്പോവും. ഇത് വിനയമോ അതോ അടിമത്തമോ"?* (ch. 22, p. 336).

ഭക്തിയെക്കുറിച്ച് പറയുകയാണെങ്കിൽ, ബുദ്ധിയുമായി ബന്ധമില്ലാത്ത, വളരെ **അടിസ്ഥാനപരമായ ഒരു വൈകാരിക ഭക്തിയാണ്** A പ്രോത്സാഹിപ്പിച്ചിരുന്നത്. അവർ ആദ്യവിദേശയാത്രയ്ക്ക് പോകുന്നതിനുമുമ്പ് ആശ്രമത്തിലുള്ളവരോടായി പറഞ്ഞു, *"ഞാൻ തിരികെ വരുമ്പോൾ നിങ്ങളുടെയെല്ലാം പ്രേമത്താലുള്ള*

*പരമാനന്ദത്തിൽ ആറാടണം. കൃഷ്ണന്റെ വിരഹത്തിൽ ഗോപികകൾ തങ്ങളുടെ നിരുപാധിക സ്നേഹത്താൽ കൃഷ്ണന് വേണ്ടി തപിച്ചതുപോലെ, നിങ്ങൾ എനിക്ക് വേണ്ടി തപിക്കണം".*(ch. 15, p. 217). ഇത് കേട്ടിട്ട് മനംപുരട്ടുവോളം മധുരമുള്ള ഒരു മിഠായി പോലെയാണ് തോന്നുന്നത്. ഭക്തിയും അതിന്റെ അടിസ്ഥാന തത്വങ്ങളും നമ്മൾ ചാപ്റ്ററുകൾ III.9.f ലും VI. 10 ലും വിശദമാക്കുന്നുണ്ട്. ഭക്തിയെയും **ഗുരുസേവ**യെയും കുറിച്ച് പറയുമ്പോൾ, അപ്പപ്പോൾ അവർക്ക് മനസ്സിൽ തോന്നുന്ന ഇല്ലാത്ത തത്വങ്ങളെ ഉണ്ടാക്കി പറയും. ഉദാഹരണത്തിന് (ch. 17, p. 250): *"ഗുരുവിനെ സേവിക്കുന്നവർ അതിരാവിലെ ഉണർന്ന് ഞാൻ ഉണരുന്നതിന് മുമ്പേ എല്ലാം തയ്യാറാക്കി വയ്ക്കണം. ഈ സേവികയ്ക്ക് മറ്റൊരു ആത്മീയ പരിശീലനവും ആവശ്യമില്ല. വിശപ്പും തളർച്ചയും കർമ്മബന്ധങ്ങളും എല്ലാം മറന്ന് എന്നെ സേവിക്കുന്നത് നൂറുകൊല്ലം തപസ്സ് ചെയ്യുന്നതിന് തുല്യമാണ്".* എന്റെ ഇത്രയും നാളത്തെ പഠനത്തിനിടയിൽ ഇത്തരമൊരു വിചിത്രമായ അവകാശവാദം ഞാൻ മറ്റെവിടെയും കേട്ടിട്ടില്ല.

എല്ലാ പൊതുപരിപാടികൾക്കും അവർ സ്വന്തം **ഇല്ലാക്കഥകൾ ഊതിവീർപ്പിച്ചു** പറയിക്കാറുണ്ട് എന്നതാണ് മറ്റൊരു ഉദാഹരണം. ഭക്തരെ ആകർഷിക്കുക എന്നത് തന്നെയാണ് ഉദ്ദേശം. അന്ധവിശ്വാസം പ്രോത്സാഹിപ്പിക്കുന്ന കള്ളക്കഥകൾ മെനഞ്ഞെടുക്കുന്ന ആ രീതി കണ്ട് എനിക്ക് അപമാനവും ആത്മനിന്ദയും തോന്നിയിട്ടുണ്ട്. ചിലപ്പോൾ ഭൂമിക്കടിയിലേക്ക് താഴ്ന്നുപോയെങ്കിൽ എന്നുകൂടി തോന്നിയിട്ടുണ്ട്. തെറ്റിദ്ധാരണ വേണ്ട, A സ്വയമാണ് മീറ്റിങ്ങുകളിൽ പ്രസംഗിക്കുന്നവർക്ക് ഇത്തരം കാര്യങ്ങൾ പറയാനായി നിർദ്ദേശം നൽകുന്നത്. പലപ്പോഴും അവർ സ്വയം ചില പൊടിപ്പും തൊങ്ങലും കൂടി അതിനൊപ്പം കൂട്ടിച്ചേർക്കും. ഒരു സ്വാമിയുടെ *സെൻസർഷിപ്പ്* കഴിഞ്ഞാണ് പ്രാസംഗികരെ വേദിയിൽ സംസാരിക്കാൻ അനുവദിക്കുന്നത്. ബുദ്ധിയും വിവരവുമുള്ള ഒരു

ആത്മീയാന്വേഷിക്ക് ഇത്തരം കഥകൾ എങ്ങനെ വിശ്വസിക്കാനാവും എന്നെനിക്കറിയില്ല. ഇതിനെക്കുറിച്ചും ഗെയിലിന്റെ പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്, (ch. 23. p354) ചില പ്രധാന സമ്മേളനങ്ങളിൽ ഇത്തരം അസത്യങ്ങൾ കുത്തി നിറച്ച പ്രഭാഷണങ്ങൾ നടത്തേണ്ടി വന്നതിലുള്ള കുണ്ഠിതവും അത്ഭുത പ്രവർത്തികൾ എന്ന പേരിൽ ഇല്ലാക്കഥകൾ പ്രചരിപ്പിച്ചതിന് സാക്ഷിയാകേണ്ടി വന്നതിലുള്ള സങ്കടവും ഗെയിൽ വിവരിച്ചിട്ടുണ്ട്. *"A അവരുടെമേൽ മഴ പെയ്യിച്ചു"* അല്ലെങ്കിൽ *"കാഴ്ക്കാർക്ക് മുന്നിൽ ഒരു പ്രകാശഗോളമായി മാറി"* ഇങ്ങനെ പോകുന്നു ആ കെട്ടുകഥകൾ. കച്ചവടരംഗത്താണെങ്കിൽ നമ്മൾ ഇതിനെ വഞ്ചനാപരമായ പരസ്യം അല്ലെങ്കിൽ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യം എന്ന് പറയും.

അവിടത്തെ നിബന്ധനകൾ നമുക്കറിയാം: അല്പനിദ്ര, ചർച്ചകളും സംവാദങ്ങളും അനുവദിനീയമല്ല, വൈകാരികമായ സ്വാധീനം ചെലുത്തൽ, ഗുരുവിന്റെ സ്നേഹത്തെക്കുറിച്ചുള്ള നിരന്തരപരാമർശം, അവർ മറ്റുള്ളവർക്ക് വേണ്ടി നടത്തുന്ന സഹനം, അവരുടെ സഹനത്തെക്കുറിച്ച് അണികളിൽ കുറ്റബോധമുണ്ടാക്കൽ, സമൂഹജീവിതം, ആചാരനിഷ്ഠയും യാഥാസ്ഥിതികതയും, ഗുരുവിന്റെ കുറവുകളെയെല്ലാം റദ്ദുചെയ്യുന്ന അവരുടെ സർവ്വശക്തിത്വത്തെ-ക്കുറിച്ചുള്ള പരാമർശം, അത്ഭുത പ്രവർത്തികളെക്കുറിച്ചുള്ള കെട്ടുകഥകൾ. ഗുരു ചെയ്യുന്ന എന്തിനെയും ന്യായീകരിക്കൽ: അന്ധവിശ്വാസത്തെയും അശാസ്ത്രീയമായ കാര്യങ്ങളെയും. ഗുരുവിന് ആചാരഭംഗങ്ങളും ആചാരവിരുദ്ധമായ കാര്യങ്ങളും ആവാം, എന്നാൽ ശിഷ്യർക്ക് അതൊന്നും പാടില്ല.

ഇനി അവിടുത്തെ പ്രശസ്തമായ **പരിത്യാഗി**കൾ എന്ന് പറയുന്നവരെക്കുറിച്ച് പറയുകയാണെങ്കിൽ, A യ്ക്ക് ₹580000/- ($10,000) നൽകേണ്ട ആവശ്യം മാത്രമേയുള്ളൂ പരിത്യാഗിയായി മാറാൻ. അത് പിന്നീട് ₹812000/- ($14,000)

ആയി ഉയർത്തി, ഇനിയും ഉയർത്തിയേക്കാം. വർഷങ്ങളോളം സന്യാസത്തിന്റെ തുടക്കക്കാരനായി തള്ളി നീക്കേണ്ടതില്ല, അകമേക്കോ പുറമേക്കോ ഉള്ള പരിവർത്തനം ആവശ്യമില്ല, ഭൗതിക വിരക്തിയും ആവശ്യമില്ല. ₹812000/- ഉണ്ടെങ്കിൽ ഈ ഗുരുവിന് നിങ്ങളോട് പ്രത്യേക താല്പര്യം തോന്നും, *"പരിത്യാഗി"* എന്ന സ്ഥാനം ഉടനടി ലഭിക്കുകയും ചെയ്യും. പല കടുത്ത ഭക്തർക്കും തങ്ങളുടെ സമ്പാദ്യവും സ്വത്തുവകകളുമെല്ലാം A യ്ക്ക് സമർപ്പിക്കുക എന്നത് അവരുടെ സമർപ്പണത്തിന്റെ ഭാഗമാണ്. അവരുടെ പണമെല്ലാം ദാനധർമങ്ങൾക്കും പരോപകാരപ്രദമായും വിനിയോഗിക്കും എന്ന ഉറപ്പാണ് പ്രസ്ഥാനം അവർക്ക് കൊടുത്തിട്ടുള്ളത്. അതിന്റെ സത്യാവസ്ഥ എന്താണെന്ന് നമുക്ക് പിന്നീട് നോക്കാം. ഓഷോയുടെ (മുമ്പ് രജനീഷ്) സ്ഥാപനത്തിൽ ഇ-മെയിലിലൂടെ സന്യാസം സ്വീകരിക്കാൻ സാധിക്കും, നിയന്ത്രണമില്ലാതെ ലൈംഗികത ആസ്വദിച്ചുകൊണ്ട് തന്നെ[18]. ഇവിടെ A യുടെ അടുത്ത് പണം നിറച്ച കവർ കൊടുക്കണമെന്ന് മാത്രം, *അതുകഴിഞ്ഞാൽ നിങ്ങൾ പരിത്യാഗിയായി*.

പാശ്ചാത്യരുടെ ആത്മീയ നിഷ്കളങ്കത തിരിച്ചറിഞ്ഞതിനൊപ്പം തന്നെ, **പണം** കൊണ്ട് ചെയ്യാൻ കഴിയുന്ന അനന്തമായ കാര്യങ്ങളുടെ സാധ്യതകളെക്കുറിച്ചും A മനസ്സിലാക്കി. അതിനൊപ്പം തന്നെ വലിയ വലിയ തുകകൾ സംഭരിക്കാനുള്ള കഴിവും അവർ നേടിയെടുത്തു. A യുടെ ഈ പ്രവർത്തനത്തെച്ചൊല്ലി എനിക്ക് ധാരാളം പ്രശ്നങ്ങൾ ഉണ്ടായിരുന്നു, പ്രത്യേകിച്ച് ഞാനതിന്റെ ഭാഗമായിരുന്നതുകൊണ്ട്. എന്നാൽ ഈ പ്രവണതയ്ക്കതിരെ എനിക്കൊന്നും ചെയ്യാനായില്ല.

A യുടെ പണത്തോടുള്ള ആഗ്രഹവും **അത്യാർത്തി**യും എന്നെ വളരെ അസ്വസ്ഥപ്പെടുത്തി. പ്രത്യേകിച്ചും തദ്ദേശീയരായ സംഘാടകരോടും ഭക്തരോടും അവർ പെരുമാറുന്ന രീതി. സത്സംഘങ്ങളുടെ സമയത്ത്

എപ്പോഴും വയ്ക്കാറുള്ള സംഭാവനപ്പെട്ടികളിലെ തുക പൂർണമായും A യുടെ മനുഷ്യ സ്നേഹപരമായ പ്രവർത്തനങ്ങൾക്കായുള്ളതാണ്. സെന്ററുകളിൽ മറ്റൊരു സംഭാവനപ്പെട്ടി കൂടി വച്ചിട്ടുണ്ട്, അത് അറ്റകുറ്റപ്പണികൾക്കും നവീകരണത്തിനും ഒക്കെയുള്ളതാണ്. മൂന്നാമതൊരു സംഭാവനപ്പെട്ടി കൂടി വച്ചിട്ടുണ്ട്, അത് A യുടെ വാർഷിക സന്ദർശനങ്ങൾക്കും അതോടനുബന്ധിച്ച് പരിപാടികൾ സംഘടിപ്പിക്കുന്നതിനും പണം കണ്ടെത്താനായിട്ടാണ്. ഈ പരിപാടികൾ സംഘടിപ്പിക്കുന്നതിന് ധാരാളം പണം വേണം. ഗ്രാമങ്ങളിൽ അല്ലാതെ സിറ്റിയുടെ നടുവിൽ തന്നെ വലിയ ഹാളുകൾ വാടകയ്ക്ക് എടുക്കേണ്ടതുണ്ട്, ഇതുകൂടാതെ പരസ്യത്തിന്റെ ചെലവ്, A യുടെയും പരിവാരങ്ങളുടെയും ഭക്ഷണം, താമസം, യാത്ര എന്നിങ്ങനെയൊക്കെയുള്ള ചെലവുകളുമുണ്ട്. ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നത് മിക്കപ്പോഴും നഷ്ടത്തിലാണ്, സന്നദ്ധസംഘാടകർ അവരുടെ കൈവശമുള്ള പണമെടുത്ത് നഷ്ടം നികത്തേണ്ടി വരും, അവർ ഇതിനായി ചെലവാക്കുന്ന സമയവും അധ്വാനവും സംഭാവനയായി നൽകിയ പണവും കൂടാതെയാണിത്. സെന്ററുകൾക്കോ പരിപാടി നടത്തിപ്പുകാർക്കോ നഷ്ടത്തിൽ പ്രവർത്തിക്കാൻ താല്പര്യം ഇല്ലാതിരുന്നതിനാൽ സംഘാടകരുടെ ഇടയിൽ നിരന്തരം പ്രശ്നങ്ങളായിരുന്നു. A യ്ക്ക് അവരുടെ പരിപാടികൾ സൗജന്യമാണെന്ന പ്രതിഛായ പ്രധാനമായിരുന്നു. അതുകൊണ്ടുതന്നെ വരുന്നവരിൽ നിന്ന് ഒരു യൂറോ പോലും വാങ്ങാൻ നിർവാഹമുണ്ടായിരുന്നില്ല. അങ്ങനെ വന്നപ്പോൾ മറ്റ് ജോലികൾ കൂടാതെ ലഘുഭക്ഷണ വിൽപ്പന കൂടി നടത്താൻ സംഘാടകർ നിർബന്ധിതരായി. ചെലവുകൾക്കായുള്ള പണമുണ്ടാക്കാൻ അതേ മാർഗ്ഗമുണ്ടായിരുന്നുള്ളൂ. ഈ പരിപാടികളിൽ പിരിഞ്ഞു കിട്ടുന്ന പണമെല്ലാം A യുടെ ഇന്ത്യയിലെ സംഘടനയ്ക്കാണ് പോകുന്നത്. വിദേശ സെന്ററുകൾ കടത്തിലാവുന്നതും സംഘാടകർ അവരുടെ സ്വന്തം

സമ്പാദ്യത്തിൽ നിന്ന് പണം ചെലവഴിക്കേണ്ടി വരുന്നതും ഒന്നും A യ്ക്ക് വിഷയമായിരുന്നില്ല. ഭക്തർ പേഴ്സണൽ ലോണുകൾ എടുത്ത് പരിപാടികൾ ഫണ്ട് ചെയ്യേണ്ടിവന്ന പല സാഹചര്യങ്ങളും എനിക്ക് ഓർമ്മയുണ്ട്. അങ്ങനെ പലരും മാനസികമായി തകർന്നു പോകാറുമുണ്ട്. എനിക്ക് ചുമതല ഉണ്ടായിരുന്ന സമയത്ത് ഇത്തരം സംഭവങ്ങൾ കഴിവതും ഉണ്ടാവാതെ ശ്രമിക്കാറുണ്ടായിരുന്നു. ഇത്തരം സംഭവങ്ങളിലെ അന്യായവും സമർപ്പണമനോഭാവമുള്ള സംഘാടകർ അങ്ങേയറ്റം ചൂഷണം ചെയ്യപ്പെടുന്നതും എന്നെ വല്ലാതെ സങ്കടപ്പെടുത്തി.

എന്റെ അഭിപ്രായത്തിൽ ഈ ചെലവുകളുടെ ഒരു ഭാഗമെങ്കിലും സംഘടന തന്നെ വഹിക്കുന്നതാണ് ഭംഗി. സെന്ററുകളിലെ വോളണ്ടിയർമാരുടെ കഠിനാധ്വാനമില്ലെങ്കിൽ പരിപാടികൾ നടക്കുകയോ, സംഭാവനകൾ ലഭിക്കുകയോ, A യ്ക്ക് എന്തെങ്കിലും വരുമാനമുണ്ടാവുകയോ ചെയ്യില്ല. എന്തു പറയാൻ, "നീതി, ന്യായം, സത്യസന്ധത, ആത്മാർത്ഥത", എന്ന വാക്കുകൾ ഒന്നും A യുടെ നിഘണ്ടുവിൽ പോലുമില്ല.

ഇന്ത്യയിലെ കാര്യം ഇതിലും പരിതാപകരമായിരുന്നു. A യുടെ പരിവാരങ്ങളായി ഇരുന്നൂറോളം വോളണ്ടിയർമാർ ഉണ്ടാവും, അവർക്കെല്ലാമുള്ള താമസവും ഭക്ഷണവും, പരിപാടികൾക്കായി ആയിരക്കണക്കിന് പൂക്കളും തയ്യാറാക്കണം. ഇതുകൂടാതെ മേൽനോട്ടക്കാരെ ഏർപ്പാടാക്കുകയും ഭക്ഷണം വിളമ്പുകയും ചാർജ് ചെയ്ത മൊബൈൽ ഫോണുകൾ വിതരണം ചെയ്യുകയും സ്വാമിമാർക്കായി വൈഫൈ സൗകര്യം ഏർപ്പെടുത്തുകയുമൊക്കെ വേണം. എന്നാൽ മുമ്പ് പറഞ്ഞതുപോലെ സംഭാവനകളും വരവുകളുമെല്ലാം പോകുന്നത് ഒരേ ഇടത്തേക്കാണ്, ചാരിറ്റിയുടെ പേരിൽ. എന്നാൽ ആ ചാരിറ്റിയുടെ കാര്യത്തിലാണെങ്കിലോ, ഒരുപാട് ന്യൂനതകളുണ്ട് താനും.

പ്രസ്ഥാനത്തിനുവേണ്ടി പടിഞ്ഞാറൻ രാജ്യത്ത് പ്രവർത്തിച്ച, എന്നാൽ അജ്ഞാതമായിരിക്കാൻ ആഗ്രഹിക്കുന്ന ഒരു വ്യക്തി പറഞ്ഞത് ഇങ്ങനെയാണ്.

*"അമ്മയുടെ സത്സംഗങ്ങളെ (ഒരു വിദേശനഗരത്തിലെ) കുറിച്ച് ആദ്യം അറിഞ്ഞപ്പോൾ എന്നെ ഏറ്റവും കുഴപ്പിച്ചത് അവിടുത്തെ സത്സംഗത്തിന്റെ സംഘാടകരെല്ലാം തന്നെ ഉത്തരവാദിത്വങ്ങളിൽ നിന്ന് പിന്മാറാൻ ആഗ്രഹിക്കുന്നു, എന്നാൽ അവരെ പിന്മാറാൻ അനുവദിക്കുന്നില്ല എന്നതാണ്. ഈ ആളുകൾ ഒരുപാട് വർഷങ്ങളായി കഠിനാധ്വാനം ചെയ്യുന്നവരാണ്: പണപ്പിരിവിനായുള്ള വിപുലമായ പരിപാടികൾ (ആശ്രമം ഇതിനെ വളരെയധികം പ്രോത്സാഹിപ്പിച്ചിരുന്നു), ആഴ്ചതോറുമുള്ള പ്രാർത്ഥനാ മീറ്റിങ്ങുകൾ, അമ്മയുടെ പേരിലുള്ള ധ്യാനങ്ങൾ, അമ്മയുടെ സന്ദർശനം, അമ്മയുടെ സ്വാമിമാരുടെ സന്ദർശനങ്ങളും പ്രഭാഷണങ്ങളും, പുസ്തകശാല നടത്തിപ്പ്, സംഘടനയുടെ ഇ-മെയിലുകൾ മെയിലിങ് ലിസ്റ്റിലുള്ള എല്ലാവർക്കും അയയ്ക്കൽ ഇങ്ങനെ പോകുന്നു ജോലികൾ. ഇതിൽ ധാരാളം ഉൾപ്പോരുകളും പടലപ്പിണക്കങ്ങളും ഉണ്ടായിരുന്നു. സംഘാടകരെ ലക്ഷ്യമാക്കിയായിരുന്നു ഇവയെല്ലാം, എന്തെന്നാൽ മറ്റുള്ളവരുടെ നോട്ടത്തിൽ അവർ അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നവരായിരുന്നു. ഇതെല്ലാം കൂടാതെ വിശ്രമമില്ലാത്ത ജോലിയും സാമ്പത്തിക ബുദ്ധിമുട്ടുകളും വ്യക്തിജീവിതത്തിൽ വേണ്ടുന്ന സമയവും ശ്രദ്ധയും നൽകാൻ കഴിയാത്തതിനാലും അവർ ചുമതലകളിൽ നിന്ന് വിട്ടുനിൽക്കാൻ അതിയായി ആഗ്രഹിച്ചു. എന്നാൽ അവർക്ക് കിട്ടിയ നിർദ്ദേശം, അമ്മ തന്റെ ഭക്തരെ ഉപേക്ഷിച്ചു പോകാറില്ലല്ലോ, അതുപോലെ നിങ്ങളും നിങ്ങളുടെ ചുമതലകൾ ഉപേക്ഷിച്ച് പോവരുത് എന്നാണ്. പകരം യോഗ്യരായ മറ്റാളുകളെ കിട്ടുകയും, ആശ്രമം അത് അംഗീകരിക്കുകയും ചെയ്യാതെ,*

*സത്സംഗസംഘാടകരെ ചുമതലകളിൽ നിന്നും മാറിനിൽക്കാൻ അനുവദിക്കാറില്ല എന്നും അവരെന്നെ അറിയിച്ചു. സംഘാടകരിലെ ഹൃദ്യമായും കനിവോടെയും സംസാരിക്കുന്ന സ്ത്രീ പറഞ്ഞത് അവർ ഒരു വിഷമവൃത്തത്തിലാണെന്നും, രക്ഷപ്പെടാനാവാതെ അവിടെ കുടുങ്ങി പോയെന്നും, അതിലെ പ്രശ്നങ്ങളെക്കുറിച്ച് അവർ നിരന്തരം ദുസ്വപ്നങ്ങൾ കാണുന്നു എന്നുമാണ്. പക്ഷേ സ്വാമിമാരുടെ നിർദ്ദേശങ്ങൾ അമ്മയുടെ തന്നെ നിർദ്ദേശങ്ങളാണെന്നും, അതുകൊണ്ടുതന്നെ അവ ദൈവത്തിന്റെ നിർദ്ദേശങ്ങളാണെന്നും അവർ രണ്ടുപേരും വിശ്വസിച്ചിരുന്നു".*

## <u>a അതിർത്തികളില്ലാത്ത കച്ചവടം.</u>

**നോർത്ത് അമേരിക്കക്കാരിൽ** നിന്നാണ് A തന്റെ ടൂറുകളുടെ വാണിജ്യപരവും ഘടനാപരവുമായ കാര്യങ്ങൾ ഏറ്റവുമധികം പഠിച്ചിട്ടുള്ളത് എന്നാണ് എന്റെ വിശ്വാസം. ഇന്ത്യക്കാരുടെയും അമേരിക്കക്കാരുടെയും പ്രതിഭ കൂടിച്ചേർന്ന് മതപ്രചാരണത്തിന്റെ ഒരന്തരീക്ഷവും ധനസമ്പാദനത്തിന്റേതായ മാർഗ്ഗങ്ങളും ക്യൂവിലെ നമ്പർ നൽകലും ദർശനത്തിന്റെ യന്ത്രവൽക്കരണവും എല്ലാം സൃഷ്ടിച്ചു. വർഷങ്ങൾ കഴിഞ്ഞ്, തിരക്ക് ക്രമാതീതമായപ്പോൾ ഇത്തരം സംവിധാനങ്ങളുടെ ഉപയോഗത്തെക്കുറിച്ച് എനിക്ക് ബോധ്യം വന്നു, പ്രത്യേകിച്ചും ഇന്ത്യയിൽ. എന്നിരുന്നാലും വ്യക്തിപരമായി പറഞ്ഞാൽ A യുടെ കാന്റീനിലെ ചായയും സമൂസയും കഴിച്ച് കൂട്ടുകാരുമായി വർത്താനം പറഞ്ഞിരിക്കുന്നതിനെ, അല്ലെങ്കിൽ അവിടെ വില്പനയ്ക്ക് വച്ചിട്ടുള്ള ഷോൾ തെരഞ്ഞെടുക്കുന്നതിനെ, അതുമല്ലെങ്കിൽ ആഭരണങ്ങളെക്കുറിച്ചോ, പുതിയ പാവയെക്കുറിച്ചോ സംസാരിക്കുന്നതിനെക്കാൾ നീണ്ട ക്യൂവിൽ ബഹളങ്ങൾക്കിടയിൽ കഷ്ടപ്പെടുന്നതാണ് ഒരു തുടക്കത്തിന് നല്ലതെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ

പുറമേ നിന്ന് ഇറക്കുമതി ചെയ്ത സൂപ്പർമാർക്കറ്റ് അല്ലെങ്കിൽ ഷോപ്പിംഗ്മാൾ സംസ്കാരം ആശ്രമത്തിന്റെ ലാഭേച്ഛയാൽ നന്നായി പ്രോത്സാഹിപ്പിക്കപ്പെടുന്നുണ്ട്.

യൂറോപ്യൻ ടൂറുകളുടെ സമയത്ത് കണ്ടുമുട്ടുമ്പോൾ A യും ഞാനും രാത്രിസമയങ്ങൾ **സ്വകാര്യസംഭാഷണങ്ങൾക്കായി** വിനിയോഗിക്കാറു-ണ്ടായിരുന്നു. അത്തരം കണ്ടുമുട്ടലുകൾക്കിടയിലാണ് യൂറോപ്യന്മാരുടെ നിഷ്കളങ്കതയെക്കുറിച്ചും അത് എങ്ങനെ ചൂഷണം ചെയ്യാം എന്നതിനെക്കുറിച്ചും വളരെ രഹസ്യമായി A എന്നോട് പറഞ്ഞത്. അത് അവരുടെ കൂടി നന്മയ്ക്കാണ് എന്നായിരുന്നു ഭാഷ്യം. ഈ സംഭവവികാസങ്ങൾ എന്നെ പ്രസ്ഥാനത്തിൽ നിന്ന് അപരവൽക്കരിച്ചു. പ്രസ്ഥാനം പുരോഗതിക്കായി സ്വീകരിക്കുന്ന വഴി എനിക്ക് യോജിച്ചതല്ല എന്നെനിക്ക് തോന്നി. A നടത്തുന്ന വാണിജ്യവൽക്കരിക്കപ്പെട്ട മേളകളെക്കാൾ, ചുറ്റും അൽപശിഷ്യന്മാർ മാത്രമായി ഒരു മരത്തിൻ ചുവട്ടിൽ ഇരിക്കുന്ന ഏകാകിയായ യോഗിയെയാണ് ഞാൻ ഇഷ്ടപ്പെട്ടത്. പൗരോഹിത്യത്തിനെതിരായ ഒരു മനോഭാവവും സംസ്കാരവും ഉള്ള ആളായതിനാൽ എനിക്ക് ഈ പുതിയ സഭയും, സഭാധ്യക്ഷയും, അവരുടെ പ്രവൃത്തികളിലെ അമിതത്വവും വേണ്ടിയിരുന്നില്ല എന്ന് തോന്നി. ഞാൻ അങ്ങേയറ്റം മതിക്കുകയും ആരാധിക്കുകയും ചെയ്ത ഒരാൾ ഈ സംഭവവികാസങ്ങളിൽ അത്യധികം സന്തോഷിക്കുകയും, ഏറ്റവും സാധാരണക്കാരായ ഭൂരിപക്ഷജനത്തിന് എന്താണോ ഇഷ്ടം അത് തെരഞ്ഞെടുക്കുകയും ചെയ്തത് എന്നെ സങ്കടപ്പെടുത്തി.

ലാഭമുണ്ടാക്കുക എന്നതാണ് ഈ പ്രസ്ഥാനത്തിന്റെ ഏറ്റവും വലിയ പ്രലോഭനം. 2020 മുതലുള്ള മഹാമാരിക്കാലം ഈ പ്രലോഭത്തിന് ആക്കംകൂട്ടിയതേയുള്ളൂ. ഈ സമയത്ത് ഓൺലൈൻ, വിദൂര ഓഫറുകൾ വർധിച്ചതേയുള്ളൂ[19].

- ആഡംബരപൂർവ്വം അമൃതോപാസന എന്ന് വിളിക്കപ്പെടുന്ന ഡിവോഷണൽ ആർട്ട് ക്ലാസ്. ഉപാസന എന്ന വാക്കിനർത്ഥം ആരാധനാരീതി എന്നാണ്. പദോൽപ്പത്തി പ്രകാരം നോക്കിയാൽ “അരികിൽ ഇരിക്കുക” എന്നും. കലയിലൂടെ ആരാധിക്കുക എന്നുവച്ചാൽ നിങ്ങളുടെ പ്രിയപ്പെട്ട അമ്മയെ എല്ലാ ദൃഷ്ടികോണിൽ നിന്നും വരയ്ക്കാൻ പഠിക്കുക. കളറിംഗ് ബുക്കുകൾ കൊടുക്കുന്ന കാര്യം അവർ ആലോചിച്ചോ എന്നറിയില്ല.
- പാട്ട് ക്ലാസുകൾ, തബല, ഹാർമോണിയം, ഭജന, ഗഞ്ചിറ എന്തിന് ഇലത്താളത്തിനുപോലും ക്ലാസ്സുണ്ട്. (ഇലത്താളം, പരിശീലനം നല്ലതുപോലെ വേണ്ട ഒരു വാദ്യമാണ്. ഇടതു കൈയിലും വലതു കൈയിലും ഓരോന്ന് വീതം പിടിക്കുകയും, ഉന്നം തെറ്റാതെ തമ്മിൽ കൂട്ടി അടിക്കുകയും വേണം). ഈ കോഴ്സിന് ഈടാക്കുന്ന ഫീസ്സിനെക്കുറിച്ച് അവർ നിഗൂഢത നിലനിർത്തുന്നുണ്ട്. കോഴ്സിൽ രജിസ്റ്റർ ചെയ്തതിനുശേഷം മാത്രമേ ഫീസിനെക്കുറിച്ച് അറിയാൻ സാധിക്കൂ.
- ഭാഷാപഠനം മലയാളമാണ് ഉദ്ദേശിക്കുന്നത്. ഇവിടെ മലയാളത്തിന് അമൃതഭാഷ എന്നാണ് അവർ പറയുന്നത്, നിങ്ങൾക്ക് വേണമെങ്കിൽ *Amlanguage* എന്നും പറയാം.[20]
- ചെടികളിൽനിന്നുള്ള ഡൈ ഉപയോഗിക്കാൻ പഠിപ്പിക്കുന്ന കോഴ്സ്
- ആയുർവേദ പാചക പരിശീലനം
- കൃഷി പരിശീലനം/ അമൃതാകൾച്ചർ 101[21]. A യ്ക്ക് പ്രകൃതിയെയും പ്രകൃതി വിഭവങ്ങളെയും പൂന്തോട്ടം പച്ചക്കറിത്തോട്ടം, പ്രകൃതിയോട് ചേർന്ന ജീവിതം ഇതിനെയെല്ലാം കുറിച്ച് പണ്ടേ സ്വന്തമായ വീക്ഷണമുണ്ടത്രേ. ഈ പരിശീലനമെല്ലാം അവരുടെ സന്ദേശത്തിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് ഉള്ളതാണ്. അത്

പറഞ്ഞപ്പോഴാണ്, പതിറ്റാണ്ടുകളായി അവരുടെ ആയിരക്കണക്കിന് (2020 ഇൽ 3500 പേർ) താമസക്കാരുള്ള ആശ്രമത്തിലെ എല്ലാ മാലിന്യങ്ങളും ഒരു ശുദ്ധീകരണവും നടത്താതെ, ഒരു അഴുക്കുചാലിലൂടെ, നേരെ കായലിലേക്കാണ് ഒഴുക്കിവിടുന്നത്. കായലിനടുത്ത് താമസിക്കുന്നവരുടെയും, മീൻപിടുത്തക്കാരുടെയും ഗുണത്തിനുവേണ്ടിയാണോ ഇത് ചെയ്യുന്നത്? അപ്പോൾ എല്ലാം ആപേക്ഷികമാണ്.

- ജോതിഷഫലം
- *അമൃതയോഗ* എന്ന് വിളിക്കപ്പെടുന്ന ഓൺലൈൻ യോഗ.
- ഓൺലൈൻ മൗനവ്രതം. എന്താണ് ഇതിന്റെ ആശയം എന്ന് നോക്കാം. ഒരു മാസം നിങ്ങൾ നിങ്ങളുടെ വീട്ടിലിരിക്കുകയും മൗനം പാലിക്കുകയും ചെയ്യുന്നതിന് നിങ്ങൾക്ക് ₹48,840/- ചെലവുണ്ട്. ആ തുകയ്ക്ക് നിങ്ങൾക്ക് ആകെ കിട്ടാൻ പോകുന്നത് വിശുദ്ധ ഗ്രന്ഥങ്ങളുടെ പഠനവും യോഗ-മെഡിറ്റേഷൻ ക്ലാസും സത്സംഗവും ചോദ്യോത്തരവേളയും പഠിപ്പിക്കുന്ന ആളുമായി സമ്പർക്കത്തിനുള്ള അവസരവുമാണ്. ഇതിൽ തന്നെ യോഗക്ലാസ് മാത്രമാണ് നിത്യേനയുള്ളത്. അമ്മയെ കാണാതെ തപിക്കുന്ന പതിനായിരങ്ങളുള്ള ലോകത്ത് ഇത്തരമൊരു കോഴ്സിനുള്ള താല്പര്യം വലുതായിരിക്കും. ഒന്ന് കണക്ക് കൂട്ടി നോക്കൂ, കുറഞ്ഞപക്ഷം 20 രാജ്യങ്ങളിൽ നിന്ന് 100 പേർ വച്ച് കണക്ക് കൂട്ടിയാൽ 1,320,000 ഡോളറായി. ഡോളറിന്റെ എക്സ്ചേഞ്ച് റേറ്റ് 74 എന്ന് കൂട്ടിയാൽ ഇന്ത്യൻ രൂപ 10 കോടി തികഞ്ഞു. ഈ കോഴ്സുകൾ എല്ലാംതന്നെ മുടക്കുമുതൽ ഒന്നും തന്നെ ഇല്ലാതെ വോളണ്ടിയർമാർ നടത്തുന്ന ഓൺലൈൻ കോഴ്സുകൾ ആണ്.

രണ്ടു പുതിയ ഫോൺ ആപ്ലിക്കേഷനുകളും ഉണ്ടാക്കിയിട്ടുണ്ട്. അമൃതാമിക്സ് മനുഷ്യരാശിക്കുവേണ്ടി ഉണ്ടാക്കിയ ഫോൺ ആപ്ലിക്കേഷനുകളാണ് പാൻഡമിക്സും ഡയഗ്നോസ്റ്റിക്സും. ഇവിടെ നമുക്ക് മനസ്സിലാക്കാവുന്നത് ഭക്തർ സംഭാവന ചെയ്ത പണം കൊണ്ട് പ്രസ്ഥാനം മുൻനിര സ്ഥാപനങ്ങളുടെ ഒരു സാമ്രാജ്യം തന്നെ ഉണ്ടാക്കി. എന്നാൽ ഭക്തരുടെ വിശ്വാസം അവരുടെ പണം മനുഷ്യത്വപരമായ ചാരിറ്റി പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു എന്നാണ്. പലിശയില്ലാത്ത, തിരിച്ചടയ്ക്കണ്ടാത്ത ലോൺ ഏത് സംരംഭകന്റെയും സ്വപ്നമായിരിക്കും.

ഇതൊന്നും കൂടാതെ ആശ്രമത്തിന്റെ പേരിൽ തന്നെ കമ്പനികൾ വേറെയുണ്ട്, AEPL, അമൃത എന്റർപ്രൈസസ്സ് പ്രൈവറ്റ് ലിമിറ്റഡ് പോലെ. ഈ കമ്പനിയുടെ ഉടമസ്ഥതയിലാണ് അമൃത ടിവി[22]. ₹50,00,00,000/- (50 കോടി)[23] മുടക്കുമുതലോടെ 2005 ൽ തുടങ്ങിയ ടിവി ചാനൽ ആണിത്. അതിന്റെ പിരിഞ്ഞുപോയ മുൻ കമ്പനി സെക്രട്ടറിയുടെ അഭിപ്രായത്തിൽ ഈ പണം AIMS[24] ആശുപത്രിയുടെ ഫാർമസി വഴി വന്നതാവാം (തങ്ങളുടെ പണം ഏറ്റവും പാവപ്പെട്ട മനുഷ്യരുടെ ക്ഷേമത്തിനായി വിനിയോഗിക്കും എന്നു കരുതിയ ഒരുകൂട്ടം മനുഷ്യരുടെ സംഭാവനകൾ വഴി ഫണ്ട് ചെയ്ത് നിർമ്മിച്ചതാണ് ഈ ആശുപത്രിയും). AEPL ന്റെ ആദ്യ ഡയറക്ടർമാരിൽ ഒരാളാണ് കൊച്ചിയിലെ[25] ഈ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയുടെ മാനേജറും. AEPL ന് അമൃത ടെക്നോളജീസ്[26] എന്നൊരു ഡിവിഷൻ കൂടി ഉണ്ട്, "*ഉയർന്ന നിലയിലെ ഗവേഷണ ശേഷിയും സാങ്കേതിക നവീകരണവും നൽകി കമ്പനികളെ മുന്നോട്ടുപോവാൻ സഹായിക്കുന്ന ഒരു സ്ഥാപനമാണിത്*"[27].

പിന്നെയുള്ളത് അമൃതലൈഫ്[28] എന്ന സ്ഥാപനമാണ്. ആയുർവേദ മരുന്നുകളുടെ ഒരു ഉത്പാദന കേന്ദ്രമാണിത്, ഇതും AEPL ന്റെ മേൽനോട്ടത്തിൽ നടക്കുന്ന സ്ഥാപനമാണ്.

ചെറിയ ഗവേഷണം കൊണ്ട് കണ്ടുപിടിക്കാൻ പറ്റിയ കാര്യങ്ങളാണ് ഇതെല്ലാം. പ്രസ്ഥാനം ഇത്തരം കാര്യങ്ങളിൽ രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കുന്നു, വിവിധ ബിസിനസുകൾ തമ്മിലുള്ള ഘടനാപരമായ സംഗതികൾ ഒന്നും വ്യക്തമല്ല. ഉത്കണ്ഠ വേണം എന്തെന്നാൽ പൊതുജനങ്ങൾക്ക് ഇവരുടെ ബിസിനസ്സ് പ്രവർത്തനവും ചാരിറ്റി പ്രവർത്തനവും തമ്മിൽ വേർതിരിച്ചറിയാൻ ഒരു നിർവാഹവുമില്ല. പ്രസ്ഥാനം ലാഭേച്ഛയില്ലാത്ത ഒരു സ്ഥാപനമായി നിലനിൽക്കുന്നതിനാൽ ഇത്തരമൊരു വേർതിരിച്ചറിവ് ജനങ്ങളുടെ അവകാശമാണ്. മനുഷ്യത്വപരമായ ചാരിറ്റി പ്രവർത്തനങ്ങൾക്കുവേണ്ടി സംഭരിച്ച പണമാണ് ബിസിനസ് സാമ്രാജ്യം കെട്ടിപ്പടുക്കാൻ ഉപയോഗിച്ചത് എന്ന് വിദേശഫണ്ട് ഡിക്ലയർ ചെയ്യുന്ന വിഷയം ചർച്ച ചെയ്യുന്ന ചാപ്റ്റർ IV.1 ൽ നിന്ന് നിങ്ങൾക്ക് കാണാനാവും. അടിസ്ഥാനപരമായി വാണിജ്യത്തിലോ വ്യവസായത്തിലോ ഗവേഷണത്തിലോ ഏർപ്പെടുന്നതിലോ, ഒരു ആത്മീയഗുരുവിനാൽ പ്രചോദിതരാവുന്നതിലോ യാതൊരു തെറ്റുമില്ല. ചാരിറ്റി പ്രവർത്തനങ്ങളും ബിസിനസ് സാമ്രാജ്യവും തമ്മിലുള്ള ഇരുളടഞ്ഞ അവിഹിതബന്ധമാണ് ഉത്കണ്ഠയ്ക്ക് കാരണം. മനുഷ്യത്വപരമായ ചാരിറ്റി പ്രവർത്തനം എന്ന രീതിയിൽ നികുതി ഒഴിവാക്കി കിട്ടിയ തുക ഉപയോഗിച്ച് ബിസിനസ് സ്ഥാപനമാണോ നടത്തുന്നത് എന്നും, ചാരിറ്റിക്ക് എന്ന് പറഞ്ഞു നൽകിയ പണം അതിനുതന്നെയാണോ ഉപയോഗിക്കുന്നതെന്നും അറിയാനുള്ള അവകാശം നികുതി/സംഭാവന ദാതാക്കൾക്കുണ്ട്.

ഇതെല്ലാം കൂടാതെ അമൃത സ്റ്റോർ, അമൃത ഷോപ്പ് എന്ന പേരുകളിൽ പുസ്തകവും CD കളും മാത്രമല്ല ശുചിത്വ, ആരോഗ്യ, ആയുർവേദ ഉൽപ്പന്നങ്ങളും മതപരമായ വസ്തുക്കളും കൗതുക/അലങ്കാര വസ്തുക്കളും പെർഫ്യൂമുകളും ധൂപവും റെഡിമെയ്ഡ് വസ്ത്രങ്ങളും

യോഗാവസ്ത്രങ്ങളും കരകൗശലവസ്തുക്കളും ആഭരണങ്ങളുമെല്ലാം വിൽപ്പന നടത്തുന്നുണ്ട്.

ആശ്രമ ജീവിതത്തിൽ പണത്തിനും വളരെയധികം പ്രാധാന്യമുണ്ട്. സാമ്പ്രദായികമായി ആശ്രമങ്ങൾ സംഭാവനകൾ വാങ്ങാറുണ്ട് എന്നാൽ താമസത്തിനോ ഭക്ഷണത്തിനോ പണം വാങ്ങാറില്ല. ഒരു വശത്ത് ആശ്രമം ഇത്രയും സേവനങ്ങൾ ലഭ്യമാക്കുന്നതിൽ സൗകര്യം തോന്നാമെങ്കിലും, മറുവശത്ത് പുറംലോകത്തെ പോലെതന്നെ പൂർണ്ണമായി വാണിജ്യവൽക്കരിക്കപ്പെട്ട ഒരിടമാണ് ആശ്രമവും എന്ന അഭംഗി കാണാതിരിക്കാനാവില്ല. ഏറ്റവും ലാഭകരമായ കച്ചവടം ആയുർവേദ *പഞ്ചകർമ്മ*[29] ചികിത്സയാണ്. ഇക്കാര്യത്തിൽ ബ്ലോഗുകൾ അവരുടേതായ സത്യാവസ്ഥ വിളിച്ചു പറയട്ടെ, ഫുട്ട്നോട്ടിലുള്ള[30] അനുഭവക്കുറിപ്പിൽ മുഖം രക്ഷിക്കാനാവണം, ഒരു ഔദ്യോഗിക പ്രതികരണം കൂടിയുണ്ട്.

## ഒരനുഗ്രഹത്തിന് പതിനായിരം.

2016 ൽ സിംഗപ്പൂരിൽ, ദർശനം പൂർണമായും വാണിജ്യവൽക്കരിക്കപ്പെട്ടു. തിരക്ക് വർധിച്ചതോടെ, പ്രത്യേക ആനുകൂല്യങ്ങളോടെയുള്ള ദർശനത്തിനായി ഗൾഫിൽ നിന്ന് സിംഗപ്പൂരിലേക്ക് വന്ന ധനികരായ മലയാളികൾക്ക് അതിനവസരം കിട്ടാതെയായി. അപ്പോൾ അവിടുത്തെ ലോക്കൽ സംഘാടകർ അതിനൊരുപായം കണ്ടുപിടിച്ചു: ഭക്തർ തന്നെ ദർശനം സ്പോൺസർ ചെയ്യുക എന്നതായിരുന്നു ആ ഉപായം. സ്പോൺസർഷിപ്പ് തന്നെ പലതരത്തിൽ ഉണ്ടായിരുന്നു, ₹10,35,000/- കൊടുത്താൽ "പ്രോഗ്രാം സ്പോൺസർ" ആവാം, ₹6,90,000/- ന് പ്ലാറ്റിനം സ്പോൺസർഷിപ്പ്, ഡയമണ്ട് സ്പോൺസർ ആവാൻ ₹3,45,000/- ഗോൾഡിന് ₹1,72,500/- സിൽവർ സ്പോൺസർ ₹69,000/- ഇതെല്ലാം കൂടാതെ ₹1,72,500/- ന് 500 പേർക്കുള്ള ഭക്ഷണം സംഭാവന ചെയ്യാം,

₹3,45,000/- ന് ആയിരം പേർക്കും, ₹6,90,000/- അതിന്റെ ഇരട്ടി ആളുകൾക്കുവേണ്ട ഭക്ഷണവും. ₹10,35,000/- ന് നിങ്ങൾക്ക് അമ്മയെ ഒരു പുഷ്പഹാരം അണിയിക്കാനും, ഒരു വിശേഷാവസരത്തിൽ വേദിയിൽ ഇരിക്കാനും വൈകുന്നേരത്തെ പരിപാടികൾക്ക് വിഐപി ആവാനും കുട്ടികൾക്ക് സ്കോളർഷിപ്പ് സമ്മാനിക്കാനും സോവനീർ മാഗസിനിൽ ഒരു പേജ് കളർ പരസ്യം നൽകാനും നിങ്ങളുടെ പരിപാടികളെക്കുറിച്ചുള്ള പരസ്യത്തിനായി ഒരു സ്റ്റാൻഡ് ഒരുക്കുവാനും നിങ്ങളുടെ പേരോ നിങ്ങളുടെ കമ്പനിയുടെ പേരോ സർക്യൂട്ട് ടിവിയിൽ ഇടവേളകളിൽ കാണിക്കാനും പത്ര പരസ്യങ്ങളിൽ നിങ്ങളുടെ പേര് ഒരു സ്പോൺസർ എന്ന നിലയിൽ ഇടാനും പിന്നെ പരിപാടി നടക്കുന്ന ഹാളിൽ നിങ്ങളുടെ പേര് പ്രോഗ്രാം സ്പോൺസർ എന്ന രീതിയിൽ വ്യക്തമായി എഴുതാനും സാധിക്കും. ഒരു താരതമ്യത്തിനായി ₹3,45,000/- കൊടുക്കുന്ന ഡയമണ്ട് സ്പോൺസർക്ക് വിഐപി സ്റ്റേറ്റസ്സും, സോവനീർ മാഗസിനിലെയും സർക്യൂട്ട് ടിവിയിലെയും പരസ്യവും ലഭിക്കും. ₹69,000/- വിഭാഗത്തിന് A യുടെ ചിത്രമുള്ള ഒരു ഫലകം മാത്രമേ ലഭിക്കുകയുള്ളൂ. ഈ വിലവിവരപ്പട്ടിക സിംഗപ്പൂർ ബ്രാഞ്ചിന്റെ വെബ്സൈറ്റിൽ പരിപാടിക്ക് മുമ്പ് പ്രസിദ്ധപ്പെടുത്തിയിരുന്നു (**http://www.amma.org.sg/amma-visit-2016/**). ഈ പേജ് ഇപ്പോൾ ലഭ്യമല്ല എന്നാൽ ഈ പേജിന്റെ സ്ക്രീൻഷോട്ടുകൾ എല്ലാം തന്നെ “A_singapore_donation2016.pdf”[31] എന്ന പേരിൽ ഞങ്ങളുടെ ആർക്കൈവിൽ ലഭ്യമാണ്.

മറ്റു ബ്രാഞ്ചുകളിൽ ഇതുപോലുള്ള പ്രവർത്തികൾ നടത്തിയിട്ടുണ്ടോ എന്നറിയില്ല, അതുകൊണ്ട് അതിനെക്കുറിച്ച് കൂടുതലായി ഒന്നും പറയാനില്ല. എന്നിരുന്നാലും പ്രസ്ഥാനത്തിന്റെ പരിപാടികളുടെ നടത്തിപ്പ് സംബന്ധിച്ച എല്ലാ കാര്യങ്ങളും നിയന്ത്രിക്കുന്നതും എല്ലാ പുരോഗതികളും അറിഞ്ഞിരിക്കുന്നതും A യുടെ സ്വഭാവമായതിനാൽ,

ഇതേക്കുറിച്ച് അവർ അറിഞ്ഞില്ലെന്നോ, വിയോജിച്ചു എന്നോ പറയാൻ കഴിയില്ല. ഇന്ത്യയിലെ പരിപാടികളിൽ വിഐപി കളെ സ്റ്റേജിൽ കാണുന്നത് സർവ്വസാധാരണമാണ്, പക്ഷേ അതിനായി എന്ത് നൽകി എന്നും മറ്റും വ്യക്തമല്ല. ഇത്തരം സംഭവങ്ങൾ നടക്കുന്ന ഒരിടത്തെ ആത്മീയോപദേശങ്ങളുടെ നിലവാരത്തെക്കുറിച്ച് തീർച്ചയായും സംശയിക്കണം.

## <u>അനാഥാലയവും ദത്തെടുക്കലും</u>

ഞാൻ പ്രസ്ഥാനത്തെ പ്രതിനിധീകരിച്ചിരുന്ന സമയത്തും, A യുടെ പരിഭാഷകൻ ആയിരുന്ന സമയത്തും, അവരുടെ അനാഥാലയത്തെ കുറിച്ചു സംസാരിക്കാൻ അമിതാവേശം കാണിച്ചിരുന്നു. പ്രത്യേകിച്ച് പരിപാടികൾക്ക് ശേഷമുള്ള പൂജയുടെ സമയത്ത്. ഈ പറയുന്ന അനാഥാലയത്തിൽ ഞാൻ ഒരിക്കലും കാലെടുത്തു കുത്തിയിട്ടില്ലായിരുന്നതിനാൽ എങ്ങനെയാണ് ഇത് നടക്കുന്നത് എന്ന കാര്യത്തിൽ എനിക്ക് അറിവില്ലായിരുന്നു. ഞാൻ അങ്ങേയറ്റം നിഷ്കളങ്കനും സത്യാവസ്ഥ അറിയാത്തതിനാൽ ആത്മവിശ്വാസമുള്ളവനുമായിരുന്നു എന്ന് സമ്മതിക്കാതെ വയ്യ. ഇത്തരത്തിലുള്ള പ്രചാരം മൂലമായിരുന്നു ഞങ്ങൾക്ക് സംഭാവനകൾ ലഭിച്ചിരുന്നത്. 20 വർഷത്തിനുശേഷം, ഈ അനാഥാലയങ്ങൾ സന്ദർശിച്ച ഭക്തരുടെ ബ്ലോഗ് പോസ്റ്റുകൾ വഴിയാണ് ഞാൻ സത്യാവസ്ഥ മനസ്സിലാക്കി തുടങ്ങിയത്.

2013 ഇൽ അനാഥാലയം സന്ദർശിച്ച ഒരാളുടെ അഭിപ്രായം നോക്കാം, “*നാലു കുട്ടികളാണ് ഒരു ബങ്ക് ബെഡ് പങ്കിട്ടിരുന്നത്, അതിന് ലോഹത്തിന്റെ ഒരു ചട്ടക്കൂട് മാത്രമേ ഉണ്ടായിരുന്നുള്ളൂ, കിടക്ക ഉണ്ടായിരുന്നില്ല. കഞ്ഞിയും എന്തോ ഒരു പച്ചക്കറിയും ആണ് കുട്ടികൾക്ക് ഭക്ഷണമായി കൊടുത്തിരുന്നത്. തദ്ദേശവാസികളായ ചിലരുടെ സഹായം ഇല്ലായിരുന്നെങ്കിൽ കുട്ടികൾക്ക് ധരിക്കാൻ വസ്ത്രങ്ങൾ ഉണ്ടാവില്ലായിരുന്നു എന്നാണ്*

*ഞാൻ അറിഞ്ഞത്. അവിടെയുണ്ടായിരുന്ന കുട്ടികളുടെ സംരക്ഷകർക്ക് ആരാണ് ശമ്പളം കൊടുത്തിരുന്നത് എന്ന് അന്വേഷിച്ചപ്പോൾ, അവർ കുട്ടികളുടെ ടീച്ചർമാർ ആയിരുന്നതിനാൽ, സർക്കാരാണ് ശമ്പളം കൊടുക്കുന്നത് എന്നാണ് അറിയാൻ കഴിഞ്ഞത്"*[32]. ഒരു വർഷത്തിനുശേഷം മറ്റൊരാൾ എഴുതിയത് "*ഞാനും എന്റെ ഭർത്താവും 1987 മുതൽ 1993 വരെ അമ്മച്ചിയോടൊപ്പം ആയിരുന്നു ഞങ്ങളുടെ വീട്ടിൽ ഒരു തവണ അവർ അതിഥിയായി വന്നിട്ടുണ്ട്, ആ സമയത്ത് ഞങ്ങളുടെ ക്ലിനിക്കിലാണ് സിയാറ്റിലിലെ അമ്മച്ചി മീറ്റിങ്ങുകൾ നടത്താറുള്ളത്. ഒരിക്കൽ അമ്മച്ചിയുടെ ഏറ്റവും അടുത്ത ശിഷ്യയായ കുസുമത്തിൽ നിന്ന് തന്നെ അറിയാൻ കഴിഞ്ഞു, അവർ അനാഥാലയത്തിന്റെ ഫണ്ട് എടുത്ത് മെർസിഡീസ് വാങ്ങിയെന്ന്, എന്നിട്ട് സ്ഥാപനത്തിന്റെ അമേരിക്കൻ ബോർഡിനോട് അതിനെക്കുറിച്ച് കള്ളം പറഞ്ഞു എന്നും. ഇതുകേട്ട ക്ഷണം ഞങ്ങൾ അവിടെ നിന്ന് ഒഴിവായി."*[33] ഈ കാർ വാങ്ങിയ കഥ ശരിയാണോ എന്ന് ഉറപ്പിക്കാൻ എനിക്കൊരു മാർഗ്ഗവുമില്ല എന്നിരുന്നാലും, അതല്ല ഇവിടുത്തെ വിഷയം.

അതേ ബ്ലോഗിൽ അതേ വർഷം തന്നെ മറ്റൊരാൾ എഴുതിയിരിക്കുന്നത്, "*അനാഥാലയത്തിലേക്കുള്ള പണം അപ്രത്യക്ഷമായി എന്ന് ഉറപ്പിച്ചു പറയാൻ എനിക്ക് കഴിയും, കാരണം 1990-കളിൽ അവർക്ക് ധാരാളം ധനസഹായം ചെയ്യുന്ന ഒരു വ്യക്തിയായിരുന്നു ഞാൻ. ടൈഡ്സ് ഫൗണ്ടേഷന്റെ donor advised fund വഴിയാണ് എന്റെ സഹായധനം അയച്ചത്. ഒരു വർഷത്തിനു ശേഷം എന്റെ ധനസഹായത്തിന്റെ പ്രയോജനമറിയാൻ അവിടം സന്ദർശിച്ചപ്പോൾ മനസ്സിലായത് അനാഥാലയത്തിന്റെയോ അവിടത്തെ കുട്ടികളുടെയോ നിലയിൽ ഒരു തരി പോലും മാറ്റമുണ്ടായിട്ടില്ല എന്നായിരുന്നു. കാര്യം അറിഞ്ഞ് ഞെട്ടിയ ഞാൻ ഒരു ലോക്കൽ അഭിഭാഷകനെ കണ്ടു. ആ പണം അനാഥാലയത്തിന് ആയി നിയോഗിച്ചിട്ടില്ല എന്ന് അദ്ദേഹവും സമ്മതിച്ചു.*

*അൽപംകൂടി റിസേർച്ച് ചെയ്തിട്ട് ആ പണം മറ്റു കാര്യങ്ങൾക്കായി വിനിയോഗിച്ചിരിക്കാം എന്നദ്ദേഹം കണ്ടുപിടിച്ചു. അതുകൊണ്ട് മെർസ്സിഡീസ് വാങ്ങിച്ചോ എന്ന കാര്യം അറിയില്ല. ലോക്കൽ ജഡ്ജിമാരുമായുള്ള അമ്മച്ചിയുടെ അടുത്ത ബന്ധം കാരണം, ഒരു കേസ് ഫയൽ ചെയ്തു മുന്നോട്ടുകൊണ്ടുപോകുന്നത് ഗുണം ചെയ്യില്ല എന്നദ്ദേഹം വിശ്വസിച്ചു. എന്റെ നിഷ്കളങ്കതയോർത്ത് എനിക്കിപ്പോഴും വിഷമം തോന്നാറുണ്ട്, ആ പണം ഒരുപാട് പേർക്ക് ഉപകരിക്കേണ്ടതായിരുന്നു".*

ഇതുകൂടാതെ ദത്തു കൊടുക്കുന്നതിനായി കുട്ടികളെ പണംപറ്റി കൈമാറ്റം ചെയ്യുന്നുണ്ട് എന്ന് ഉറപ്പിക്കാത്ത കിംവദന്തികൾ പരന്നിരുന്നു. ഉദാഹരണത്തിന് ഒരു ഫോറത്തിലെ ചർച്ചകൾക്കിടയിൽ 2009 ൽ ഒരാൾ ഇങ്ങനെ എഴുതി, "*ധനികരായ പാശ്ചാത്യർക്ക് കുട്ടികളെ വിറ്റു എന്ന് ആരോപണത്തിലുള്ള അന്വേഷണം നടക്കുന്നതുകൊണ്ട് അമ്മ ഇപ്പോൾ ജർമ്മനിയിലോ മറ്റോ ആണെന്നാണ് ഞാൻ കരുതിയത്*"[34]. അല്പം കഴിഞ്ഞ് ഇതിനു മറുപടിയായി മറ്റൊരാൾ എഴുതിയിരിക്കുന്നു "*കൂടാതെ കുട്ടികളില്ലാത്ത ധനികരായ പശ്ചാത്യർക്ക് വലിയൊരു തുക വാങ്ങി (15000 US$ - ഏകദേശം 10 ലക്ഷം രൂപ ആണ് ഉദ്ധരിച്ച തുക) അവരുടെ സംരക്ഷണത്തിലുള്ള കുട്ടികളെ കൈമാറ്റം ചെയ്തതിന് അവരുടെ പേരിൽ അന്വേഷണം നടക്കുന്നുണ്ട്, അവരുമായി അഭിമുഖം ആവശ്യപ്പെട്ടിട്ടുമുണ്ട്*". എന്റെ ഭാഗത്തുനിന്ന് ഞാൻ വളരെ ശ്രദ്ധയോടെയാണ് ഇത് പറയുന്നത്, ആർക്കും എന്ത് അവകാശവാദം വേണമെങ്കിലും നടത്താം. എന്നാൽ ഈ അവകാശവാദം ശരിയാണെന്ന് തെളിയിക്കുന്ന യാതൊന്നും എന്റെ കൈയിലില്ല, ശേഷം സാഹചര്യങ്ങൾ മാറിയിട്ടും ഉണ്ടാവാം. ഇതുവരെ ആരും ഈ ആരോപണം നിഷേധിച്ചിട്ടില്ല എന്ന് മാത്രമേ എനിക്ക് പറയാൻ കഴിയൂ. അവർക്ക് ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ

പോലും നിഷേധിച്ച ശേഷം കുട്ടികളെ വിൽപന ചെയ്യുന്നു എന്ന ആരോപണം ധാർമ്മികമായ ഒരു വലിയ പ്രശ്നത്തെയാണ് ചൂണ്ടിക്കാണിക്കുന്നത്. ആശ്രമത്തിന്റെ ഭാഗത്തുനിന്ന്, അനാഥാലയത്തിന്റെ നല്ല നടത്തിപ്പിനെ സ്വയം പ്രശംസിച്ചുകൊണ്ട് ധാരാളം വെബ്പേജുകളുണ്ട്. രണ്ടു ഭാഗവും അറിയുന്നതിലേക്കായി അവയും ഞാനിവിടെ ഉദ്ധരിക്കുന്നു.[35] [36] [37] സംശയം അനുവദനീയമാണ്, ജാഗരൂകരായി ഇരിക്കുന്നതാണ് എപ്പോഴും നല്ലതും.

ലോകത്തെമ്പാടുമുള്ള പ്രമുഖ NGO കളെല്ലാം ചെയ്യുന്നതുപോലെ, പ്രസ്ഥാനം അവരുടെ അക്കൗണ്ടുകൾ വെളിവാക്കുകയും, ഓരോ പ്രവർത്തനത്തിനുമുള്ള ആനുവൽ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയും ചെയ്താൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാകില്ല, അല്ലെങ്കിൽ കഴിവതും ഒഴിവാക്കാമായിരുന്നു. നൈതികതയുടെയോ അഴിമതിയുടെയോ പണാപഹരണത്തിന്റെയോ യാതൊരു പ്രശ്നങ്ങളും ഇല്ലായിരുന്നെങ്കിൽ ഇത്തരത്തിലുള്ള ചോദ്യം ചെയ്യലുകളേ ഉണ്ടാവുമായിരുന്നില്ല. ഭക്തരുടെയും അഭ്യുദയകക്ഷികളുടെയും സംശയങ്ങളല്ല പ്രശ്നങ്ങൾക്ക് കാരണം, ആശ്രമത്തിന്റെ സ്വന്തം രീതികളാണ്. ഇത്തരം സംശയങ്ങൾ ഉണ്ടാകുന്നതിന്റെ പൂർണ്ണമായ ഉത്തരവാദിത്വം അവർക്കുതന്നെയാണ്. അങ്ങനെ നോക്കുമ്പോൾ ചാരിറ്റിയും ബിസിനസും തമ്മിലുള്ള കൂടിക്കലരലും വാണിജ്യത്തിനും കുടുംബപരമായ/ വ്യക്തിപരമായ നേട്ടത്തിനും വേണ്ടിയുള്ള ചാരിറ്റി പ്രവർത്തനങ്ങളുടെ പ്രദർശനവും സംബന്ധിച്ച് ഉന്നയിക്കപ്പെടുന്ന സംശയങ്ങളുടെ പൂർണ്ണമായ ഉത്തരവാദിത്വം പ്രസ്ഥാനത്തിനുതന്നെയാണ്.

## <u>സമഗ്രമായ ആരോഗ്യപരിപാലനം</u>

**“ഹോളിസ്റ്റിക് ഹെൽത്ത് വില്ലേജ് (HHV)”** എന്ന ഇതുവരെ വെളിച്ചം കാണാത്ത ഭീമമായ പ്രോജക്ട്, 2001 ൽ

ആശ്രമവും കേരള സർക്കാരിന്റെ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഏജൻസിയായ KSIDC[38] യും സംയോജിതമായി തുടങ്ങാൻ ഇരുന്നതാണ്. ധാരാളം പാശ്ചാത്യരായ ടൂറിസ്റ്റുകാരെ ആകർഷിക്കാൻ സാധിക്കും എന്നതിനാലാണ് A യുടെ പ്രസ്ഥാനത്തെ KSIDC പാർട്ണർ ആക്കിയത്. കൂടാതെ, പ്രൊജക്റ്റിന്റെ മുടക്കുമുതൽ ആയ 2.5 ബില്യൺ (250 കോടി) രൂപയുടെ 88% ആയ 58 മില്യൺ US$ ചെലവ് വഹിക്കാൻ A തയ്യാറായിരുന്നു. ഈ പ്രൊജക്റ്റിന് 2001 ൽ പ്രതീക്ഷിച്ച വാർഷിക വിറ്റുവരവ് 170 കോടി രൂപ അല്ലെങ്കിൽ 37 മില്യൻ US$ ആണ്. രണ്ടാമത്തെ ലേഖനം സ്വാമി അമൃതസ്വരൂപാനന്ദയെ (ബാലു/ 002) ഉദ്ധരിച്ചുകൊണ്ട് പറയുന്നത്, HHV അവരുടെ *"ഏറ്റവും വലിയ സാമൂഹികസേവന പദ്ധതി"*യും, ഗവൺമെന്റുമായി[39] കൂടിച്ചേർന്ന് നടപ്പിലാക്കുന്ന ആദ്യത്തെ പദ്ധതിയും ആണെന്നാണ്. ഇവിടെ ***സാമൂഹികസേവനവും*** നൂറുകണക്കിന് കോടിരൂപയുടെ ***വിറ്റുവരവും*** തമ്മിലുള്ള ബന്ധം രസകരമാണ്. ഇക്കാര്യത്തിലുള്ള സാമൂഹികസേവനം അഥവാ ചാരിറ്റിയും, ഭീമമായ വിറ്റുവരവും തമ്മിലുള്ള പ്രത്യേക ബന്ധം ആശ്രമനടത്തിപ്പിൽ മറ്റെവിടെയെങ്കിലുമൊക്കെ ഉപയോഗിച്ചിട്ടുണ്ടോ എന്നുകൂടി നമ്മൾ സ്വയം ചോദിക്കേണ്ടതാണ്. ഇതുകൂടാതെ 2001 ൽ ആശ്രമത്തിന് നൂറുകണക്കിന് കോടിരൂപയുടെ മുതൽമുടക്ക് നടത്താനുള്ള കഴിവുണ്ടായിരുന്നു എന്നും നമ്മൾ മനസ്സിലാക്കണം. "hindunet.org" എന്ന സൈറ്റിലെ കാലഹരണപ്പെട്ട, ഇപ്പോൾ ലഭ്യമല്ലാത്ത ലിങ്കിൽ പറഞ്ഞതനുസരിച്ച്, A യുടെ ഭക്തർ HHV യുടെ വോളണ്ടിയർ ജീവനക്കാരായി പ്രവർത്തിക്കും എന്നാണ്. ലോകത്തിന്റെ ഒരറ്റത്ത് നിന്നും മറ്റേ അറ്റത്തുള്ള അമൃതപുരിയിൽ ശാന്തി തേടി എത്തിയ ഭക്തരെ ഉപയോഗിച്ച് കോടിക്കണക്കിന് രൂപയുടെ വിറ്റുവരവ് ഉണ്ടാക്കുന്ന കാര്യമാണ് മേൽപറഞ്ഞത്.

ഷോപ്പിംഗ് മാൾ ദർശനത്തിനും കെട്ടുകണക്കിന് പണം വാങ്ങിയുള്ള വിഐപി ദർശനങ്ങൾക്കും പലതരത്തിലുള്ള കോഴ്സുകൾക്കും പണം വാങ്ങി ചെയ്യുന്ന പൂജകൾക്കും ഗവേഷണസ്ഥാപനങ്ങൾക്കും ടിവി പ്രൊഡക്ഷൻ കമ്പനികൾക്കും, ഹൈടെക് കമ്പനികൾ, സോവനീറുകളും മതപരമായ വസ്തുക്കളും ലഭിക്കുന്ന ഓൺലൈൻ സ്റ്റോറുകൾ, ആയുർവേദ ചികിത്സ, അനാഥാലയങ്ങൾ, വിറ്റുവരവുള്ള സാമൂഹ്യസേവനം എന്നിവയെല്ലാം കൂടെ നോക്കുമ്പോൾ തീരെ നിഷ്കളങ്കർക്കോ, അതിഭാവനയുള്ളവർക്കോ മാത്രമേ ഈ സ്ഥാപനവും അതിന്റെ ഉടമയും ലാളിത്യം, വിനയം, ദാരിദ്ര്യവ്രതം, സ്നേഹം, നിർവികാരസേവനം എന്ന ആദർശങ്ങളിൽ അടിയുറച്ച് പ്രവർത്തിക്കുന്നവരാണ് എന്ന് വിശ്വസിക്കാൻ കഴിയൂ.

## ***b. അമൃതയോഗ***

യോഗയും ബിസിനസ് തന്നെയാണ്, ആശ്രമത്തിന് അത് ആദ്യംതന്നെ മനസ്സിലായിട്ടുണ്ട്. പരമ്പരാഗത യോഗാരീതികളായ ഹഠയോഗ, അഷ്ടാംഗയോഗ, കുണ്ഡലിനിയോഗ എന്നിവയ്ക്ക് പുറമേ യോഗയെ ഗൗരവമായി കാണുന്ന പഠനകേന്ദ്രമായ ബീഹാർ സ്കൂൾ ഓഫ് യോഗ അല്ലെങ്കിൽ, അറിയപ്പെടുന്ന ആചാര്യന്മാരാൽ നിർമ്മിക്കപ്പെട്ട അയ്യങ്കാർ യോഗ, വിനിയോഗ (കൃഷ്ണമാചാര്യ എന്ന ചെന്നൈയിലെ ആചാര്യനാൽ സ്ഥാപിക്കപ്പെട്ടത്), ശിവാനന്ദയോഗ (സ്വാമി ശിവാനന്ദയുടെ), ആനന്ദയോഗ, ക്രിയായോഗ (പരമഹംസ യോഗാനന്ദയുടെ). ഇനി ഇതൊന്നുമല്ലാതെ വാണിജ്യ വൽക്കരിക്കപ്പെട്ട, ഇടപാടുകാരുടെ ശ്രദ്ധയാകർഷിക്കാനും അവരെ നിലനിർത്താനും വേണ്ടി യോഗയ്ക്ക് സ്വന്തം പേരിടുകയോ, സ്വന്തം സ്ഥാപനത്തിന്റെ പേരിടുകയോ ചെയ്തിട്ടുള്ള മൈസൂർ യോഗ, ഇന്റഗ്രൽ യോഗ (വിപുലമായ), ബിക്രം യോഗ (യോഗയും നീരാവിയിലെ കുളിയും), ഇനി ഇതേ ആവശ്യത്തിനായി യോഗയിൽ സ്വന്തമായ ഒരു പ്രത്യേക

ശൈലി കൊണ്ടുവരിക (ഇതിനുപിന്നിലുള്ള വ്യക്തികളുടെ/സ്ഥാപനങ്ങളുടെ പ്രചാരണമാണ് ലക്ഷ്യം), ഇതിന് ഉദാഹരണങ്ങൾ:

അനുസാര യോഗ (ദൈവകൃപയിലേക്ക് മനസ്സ് തുറക്കുകയും അവിടെ നിലനിർത്തുകയും ചെയ്യുന്നു), ജീവന്മുക്തി യോഗ (നിങ്ങൾ ജ്ഞാനോദയം വേണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ, കാരണം മറ്റുള്ളവയിൽ...), റസ്റ്റോറേറ്റീവ് യോഗ (പുനരുജ്ജീവനം), പവർ യോഗ, കോർ പവർ യോഗ (പവർ യോഗ പര്യാപ്തമല്ലെങ്കിൽ), ഏരിയൽ യോഗ (മച്ചിൽ നിന്ന് തൂങ്ങിക്കിടന്ന്), ഫ്ലൈ യോഗ (നേരത്തെ പറഞ്ഞതിന്റെ മറ്റൊരു തരം, ശരിക്കും പറക്കാൻ പഠിപ്പിക്കുമോ എന്ന് അറിയില്ല), റോക്കറ്റ് യോഗ (വളരെ വേഗത്തിൽ ചെയ്യുന്നത്), ബിയർ യോഗ (ബിയറിനൊപ്പം), SUP യോഗ(സർഫ് ബോർഡിൽ നിന്ന് ചെയ്യുന്ന യോഗ), അക്രോ യോഗ (ആക്രോബാറ്റിക്സ്), ജെൻഡിൽ യോഗ ഫ്ളോ യോഗ, അലൈൻമെന്റ് ഓറിയന്റഡ് യോഗ, ഫിറ്റ്നസ് യോഗ, സ്പെഷ്യാലിറ്റി യോഗ (പ്രത്യേകശ്രദ്ധ ആവശ്യമുള്ള ആളുകൾക്ക്: നിങ്ങൾ ഗർഭിണിയോ, അധികം പ്രായമുള്ള ആളോ, ഒട്ടും പ്രായമില്ലാത്ത ആളോ, വികലാംഗനോ ഒക്കെ ആണെങ്കിൽ), തെറാപ്യൂട്ടിക് യോഗ, ലാഫ്റ്റർ യോഗ (A യുടെ കീഴിൽ പരിശീലിപ്പിക്കുന്നുണ്ട്), പാരാ യോഗ (പരമമായ), ഗ്രീൻ യോഗ (പ്രകൃതിയെയും ഭൂമിയെയും ഒക്കെ പ്രതിപാദിച്ചുകൊണ്ട്), യോഗ റേവ്സ് (യോഗയും റേവ് പാർട്ടികളും സംയോജിപ്പിച്ച്), കനാബിസ് യോഗ (കഞ്ചാവ് വലിച്ചുകൊണ്ട്), നേക്കഡ് യോഗ (വസ്ത്രങ്ങളില്ലാതെ), ഗോട്ട് യോഗ, ഡോഗ് യോഗ, തന്ത്രം യോഗ (ക്ഷോഭവും യോഗയും പൊരുത്തപ്പെടുമ്പോൾ), ബ്രോഗ യോഗ (ആൺ സുഹൃത്തുക്കൾ), പെയർ യോഗ (ദമ്പതികൾ), യോനി എഗ്ഗ് യോഗ (യോനിയിൽ മാർബിൾ എഗ്ഗ് വച്ചുള്ള

പെൽവിക് ഫ്ലോർ കോൺട്രാക്ഷൻ), ഇങ്ങനെ ധാരാളം തരത്തിൽ...

A യ്ക്ക് പ്രശസ്തിയും വിശ്വാസ്യതയും, ഉപഭോക്താക്കളെയും ഒന്നും നഷ്ടപ്പെടുത്താൻ ആവില്ല എന്നതുകൊണ്ട് അവർ അമൃതയോഗ കണ്ടുപിടിച്ചു. മറ്റുപല യോഗാ രീതികളെയും പോലെ, 50 വർഷം കൊണ്ട് ഇതും ഋഷികളിൽ നിന്ന് ഉൽഭവിച്ച, ദൈവാവതാരവും കാരുണ്യത്തിന്റെ അമ്മയുമായ A പ്രബലമാക്കിയ ഒരു *പരമ്പരാഗത* യോഗാ രീതിയായി മാറും.

അമൃതയോഗ എന്താണെന്ന് നോക്കാം. അമൃതയോഗയ്ക്ക് വേണ്ടിയുള്ള പേജ് പറയുന്നത് അനുസരിച്ച്,[40] *"ഒരു ജീവിച്ചിരിക്കുന്ന സദ്ഗുരുവും ആത്മീയാചാര്യയും സ്വയം പരമാത്മാവിന്റെ മൂർത്തീഭാവുമായ (...) അമ്മയാണ് അമൃതയോഗ വികസിപ്പിച്ചിരിക്കുന്നത്. ഇത് നേരിട്ട് അമ്മയുടെ സങ്കൽപ്പത്തിൽ നിന്നും നിരുപാധിക സ്നേഹത്തോടെ ലോകനന്മക്കുവേണ്ടി ഉണ്ടായതാണ്. ഇത് മനുഷ്യരാശിക്ക് അത്യപൂർവ്വമായും അസാധാരണമായും ലഭിക്കുന്ന ഒരവസരമാണ്. അമൃതയോഗയുടെ വേരുകൾ പുരാതന ഗുരുകുലസമ്പ്രദായത്തിൽ നിന്നാണെങ്കിലും, യോഗയെ മനസ്സിലാക്കുന്നതിൽ ഇതൊരു പുതിയ സമീപനമാണ്. "ഹൃദയത്തിൽനിന്ന് ജീവിക്കുക" എന്ന അമ്മയുടെ കാതലായ ദർശനത്തിൽ അധിഷ്ഠിതമാണ് ഇത്. അമ്മയുടെ ആത്മീയ സന്ദേശങ്ങളാണ് അമൃതയോഗയുടെ അടിസ്ഥാനവും. അമ്മയുടെ ലാളിത്യവും വിനയവും പ്രതിഫലിക്കുന്ന ഒരു പഠനരീതിയാണ് ഇതിന് ആവിഷ്കരിച്ചിരിക്കുന്നത്. (...) അമൃതപുരി ആശ്രമം തുടങ്ങിയപ്പോൾ മുതൽ യോഗാഭ്യാസം സാധനയുടെ ഒരു ഭാഗമായിരുന്നു. ആദ്യം മുതൽക്കുതന്നെ ഹഠയോഗയെ ഞങ്ങളുടെ ആരോഗ്യകരമായ ദിനചര്യയുടെ അവിഭാജ്യഘടകമായാണ് അമ്മ കണ്ടത്. 1987 ൽ ആശ്രമത്തിലും സെന്ററുകളിലും തുടങ്ങിയ യോഗ ക്ലാസ്സ് "ഹൃദയത്തിലൂടെ ജീവിക്കൂ" എന്ന അമ്മയുടെ*

*സന്ദേശത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. (...) അമൃതയോഗയുടെ അതുല്യമായ പഠനരീതി രൂപീകരിച്ചത് 2007ലാണ്''.* (...)

ഈ അർത്ഥമില്ലാത്ത ജൽപ്പനങ്ങൾ, ഇല്ലാത്ത ചരിത്രം ഉണ്ടാക്കി എഴുതുന്നതിന്റെ ഉത്തമമാതൃകയാണ്. ഇത് എടുത്തുപറയേണ്ടതിന്റെ ആവശ്യം എന്തെന്നാൽ അസത്യം, കൃത്രിമത്വം, കളവ് എന്നിങ്ങനെയുള്ള ആ സംഘടനയുടെ അടിസ്ഥാന സ്വഭാവങ്ങളെ ഇത് തുറന്നുകാട്ടുന്നു. എങ്ങനെയാണ് അവർ പാരമ്പര്യത്തോടും രാജ്യത്തോടും ജനതയോടും കളവ് പറഞ്ഞിരിക്കുന്നത് എന്നു നോക്കാം:

1. പാരമ്പര്യവുമായി ഇല്ലാത്ത ബന്ധമുണ്ടെന്ന് നടിക്കുന്നു

2. ജീവിതത്തിൽ ഒരു ദിവസം പോലും, ഒരു യോഗമുറ പോലും ചെയ്തിട്ടില്ലാത്തപ്പോൾ, ഇത് ഒരു സദ്ഗുരുവിൽ[41] നിന്നാണ് ഉത്ഭവിച്ചത് എന്ന് അവകാശപ്പെടുക.

3. അവരുടെ സങ്കൽപ്പത്തിൽ നിന്നാണ് ഇത് ഉത്ഭവിച്ചത് എന്ന് തനതായ വിടുവായത്തത്തോടെ ഗ്യാസ് ലൈറ്റ് ചെയ്യുക. യഥാർത്ഥത്തിൽ, അവർ അവരുടെ സ്വന്തമായ യോഗാ ശൈലി പ്രചരിപ്പിക്കാൻ താല്പര്യപ്പെട്ടു എന്ന് പറയുന്നതാണ് ഉചിതം (തീർച്ചയായും വിറ്റുവരവ് കൂട്ടാനും സ്വാധീനം ചെലുത്താനും സേവനങ്ങൾക്ക് വിശ്വാസ്യത വരുത്താനുമാണ് ഇതു തുടങ്ങിയത് എന്നു പറയാൻ ആർക്കും ബുദ്ധിമുട്ടുണ്ടാവും)

4. അമൃതയോഗ അവരുടെ നിർദ്ദേശപ്രകാരം ഉണ്ടാക്കിയതാണ് എന്ന അവകാശവാദം. ബാലു IAm-meditation (ഐആം-മെഡിറ്റേഷൻ) തട്ടിക്കൂട്ടിയതുപോലെ, അവരുടെ പേരിലും

ഉടമസ്ഥതയിലുമുള്ള ഒരു യോഗാരീതി ഉണ്ടാക്കുന്നതിനായി അവരും അവരുടെ ആൺമക്കളും തമ്മിലുള്ള ഒരു കരാറാവാനാണ് സാധ്യത.

5. ഇത് പരമ്പരാഗത "*ഗുരുകുല*" യോഗയിൽ അധിഷ്ഠിതമാണെന്ന അവകാശവാദം ആരുടെയോ ഉത്തേജിതമായ മനസ്സിന്റെ സൃഷ്ടിയാണ്. യോഗയ്ക്ക് ഉദാത്തമായ ഒരു പാരമ്പര്യം തീർച്ചയായും ഉണ്ട്, പക്ഷേ അതവരുടേതല്ല. പ്രത്യേകതയുള്ള എന്താണ് അവർ കണ്ടുപിടിച്ചത്? "ഹൃദയത്തിലൂടെ ജീവിക്കൂ" എന്നതോ? അത്തരം യോഗ ശീലിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന ധാരാളം ആചാര്യന്മാരെ നിങ്ങൾക്ക് കണ്ടെത്താനാകും.

6. അനാദിയായ കാലത്തോളം പുരാതനമാണ് അമൃതയോഗ എന്നത്. യോഗയുടെ കാര്യത്തിൽ ആ പറഞ്ഞത് തീർച്ചയായും ശരിയാണ്. എന്നാൽ അമൃതയുടെ കാര്യത്തിൽ, അല്ല. അത് ഉത്ഭവിച്ചത് അവരുടെ ഇക്കണോമിക്സ് ബിരുദധാരികളായ ആൺമക്കളുടെ തലയിൽ നിന്നാണ്.

7. യോഗാഭ്യാസം ആദ്യം മുതലേ ആശ്രമത്തിലെ ദിനചര്യയായിരുന്നു എന്ന് പറയാൻ നല്ല ധൈര്യം വേണം. വേണുവും (ബാലുവിന്റെ സഹോദരൻ), പൈയും ഞാനും മാത്രമായിരുന്നു ആദ്യകാലത്ത് യോഗയിൽ താൽപര്യം കാണിച്ചിരുന്നത്. സ്വന്തമായി ഒരു യോഗ ഗുരുവിന്റെ അടുത്തു പോവാൻ വേണുവിന് അനുവാദം നൽകി. എന്നെ ബാംഗ്ലൂരിൽ അയച്ച് യോഗ ടീച്ചറും, തെറാപ്പിസ്റ്റും ആവാനുമുള്ള പരിശീലനം നൽകി. ഞങ്ങളിൽ ചിലർ മെഡിറ്റേഷൻ സമയത്ത് പ്രാണായാമം ചെയ്തിരുന്നു, എന്നാൽ അതൊരിക്കലും

ചിട്ടയോടുകൂടി ആയിരുന്നില്ല. ഇതെല്ലാം കൊണ്ട്, യോഗ ആദ്യം മുതലേ ആശ്രമത്തിലെ ചിട്ടയായിരുന്നുവെന്ന് അവകാശപ്പെടാനാവില്ല.

8. ആദ്യം മുതൽക്കുതന്നെ യോഗയെ ഞങ്ങടെ ആരോഗ്യകരമായ ദിനചര്യയുടെ അവിഭാജ്യഘടകമായാണ് അമ്മ കണ്ടത് എന്ന അവകാശവാദത്തെ കുറിച്ചാണെങ്കിൽ, അത് സത്യമാണ്. യോഗ നല്ലതാണെന്ന് അവർ എപ്പോഴും പറയുമായിരുന്നു. എന്നാൽ അതിൽ അസാധാരണമായി ഒന്നുമില്ല, എന്റെ മുത്തശ്ശിയും എന്നോട് പറയുമായിരുന്നു വളയുകയും നിവരുകയും ചെയ്യുന്ന വ്യായാമങ്ങൾ വളരെ നല്ലതാണെന്ന്. എന്നാൽ അതുകൊണ്ട് ഈ ആചാരം തുടങ്ങിയത് അവരാണെന്ന് അവകാശപ്പെടാനാവില്ല.

9. അമൃതയോഗ "ഹൃദയത്തിൽ നിന്നും ജീവിക്കൂ" എന്ന സന്ദേശത്തിൽ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്: അവരുടെ ഔദ്യോഗിക തത്വചിന്തകനായ 002, ബാലുവിന് ഒന്നുമില്ലായ്മയിൽനിന്ന് അർത്ഥമില്ലാത്ത അസംബന്ധങ്ങളുണ്ടാക്കാൻ നല്ല കഴിവാണ്. ഇവിടെ ആശയ ചോരണം കൂടി നടത്തിയാണ് അത് സാധിച്ചിരിക്കുന്നത്, വിശദവിവരങ്ങളിലേക്ക് പിന്നീട് കടക്കാം.

ഇതെല്ലാം ഒന്ന് ചുരുക്കി പറയുന്നതിനായി ഒരു കടംകഥ ചോദിക്കുകയാണെങ്കിൽ, അതെങ്ങനെയുണ്ടാകും എന്നു നോക്കാം. എന്റെ ആദ്യത്തെ സൂചന എന്തെന്നാൽ ഒരു മീൻപിടുത്തക്കാരന്റെ മകളുടെ അടിസ്ഥാനപരവും മോശമായി നിർമ്മിച്ചതുമായ ഒരു സന്ദേശത്തെ അവരുടെ ആദ്യ ശിഷ്യൻ ദൃഢപ്പെടുത്തുകയും ക്രമപ്പെടുത്തുകയും ചെയ്തത്. എന്റെ രണ്ടാമത്തെ സൂചന, തനിക്ക് യാതൊരു വൈദഗ്ധ്യവമില്ലാത്ത ഒരു മേഖലയിൽ ഒരു വെളിപാടുപോലെ പ്രത്യക്ഷപ്പെടേണ്ടിവന്ന ഒരു ആചാര്യ.

മൂന്നാമത്തേത് ഒരിക്കലും ഇല്ലായിരുന്ന ഒരു യോഗാപാരമ്പര്യം. നാലാമത്തേത്, പാരമ്പര്യവുമായി കപടമായി ഉണ്ടാക്കിയ ഒരു ബന്ധം. അഞ്ചാമത്തേത്, പുരാതനമായി നിലനിന്നുവന്ന സങ്കല്പങ്ങളെ എടുത്ത് അവ A ഉണ്ടാക്കിയതാണെന്ന അവകാശവാദം. ആറാമത്തേത് ഏറ്റവും ലളിതമായ ഒരാശയത്തെ അതുല്യമെന്നും മൗലികമെന്നും നൂതനമായതെന്നും പറഞ്ഞുള്ള അവതരണം. ഈ സൂചനകൾക്കെല്ലാമുള്ള അവസാന ഉത്തരമാണ് അമൃതയോഗ.

# III. 4. പുത്രന്മാരും അവരുടെ അമ്മയും

ഞങ്ങൾ മക്കളും (തന്റെ ശിഷ്യന്മാരെ *മക്കൾ* എന്നാണ് A വിളിച്ചിരുന്നത്) A യും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പറയുകയാണെങ്കിൽ, A യുടെ ശ്രദ്ധ കിട്ടാനും അവരോടൊപ്പം സമയം ചെലവഴിക്കാനും ഞങ്ങൾ പരസ്പരം നിരന്തരം മത്സരിക്കുമായിരുന്നു. ബാലിശമായ ഈ മത്സരത്തിൽ ആദ്യകാലങ്ങളിൽ ഞാനും പങ്കാളിയായിരുന്നു, എന്നാൽ കാലക്രമേണ ഞാനതിൽ നിന്ന് വിരമിക്കുകയും സ്വന്തം കാര്യം നോക്കി ജീവിക്കുകയും ചെയ്തു. ആദ്യകാലങ്ങളിൽ ഞങ്ങളുടെ ബാലിശമായ ഈ സ്വഭാവത്തെ A മുതലെടുക്കുകയും ഞങ്ങളെ സ്വാധീനിക്കാനായി ഇത് ഉപയോഗിക്കുകയും ചെയ്തിരുന്നു. A ഞങ്ങളെ മുന്നോട്ടു നയിക്കാൻ ഉപയോഗിച്ച ഒരു മാർഗ്ഗമായാണ് അന്ന് ഞാനതിനെ കണ്ടിരുന്നത്. ഏതായാലും അന്നൊക്കെ A ഏത് സാഹചര്യത്തിൽ എന്തുതന്നെ ചെയ്താലും, അതിനൊക്കെയുള്ള ന്യായീകരണങ്ങൾ ഞങ്ങൾ സ്വയം കണ്ടുപിടിക്കുമായിരുന്നു. കാലക്രമേണ ആശ്രമം രൂപപ്പെട്ട് ഓരോരുത്തർക്കുമുള്ള ജോലികൾ പ്രത്യേകം പ്രത്യേകമായി വീതിക്കപ്പെട്ടപ്പോഴേക്കും, ആകുലതകൾ ഒന്നുമില്ലാത്ത സന്തോഷകരമായ സഹവർത്തിത്വത്തിന്റെ

നാളുകൾ കഴിഞ്ഞു പോയിരുന്നു. A യുമായി നേരിട്ടുള്ള സമ്പർക്കം കുറഞ്ഞുവരികയും ഭക്തജനങ്ങളുടെ തിരക്ക് കൂടിവരികയും ചെയ്ത സാഹചര്യത്തിൽ ഞങ്ങളിൽ ഒരു തരം അസൂയ വന്നു നിറഞ്ഞു. ഞങ്ങൾക്ക് പ്രത്യേകം ഉത്തരവാദിത്വങ്ങൾ തന്നിരുന്നുവെങ്കിലും A യ്ക്ക് എല്ലാ കാര്യങ്ങളും അപ്പപ്പോൾ അറിയുകയും നിയന്ത്രിക്കുകയും ചെയ്യണം എന്നു നിർബന്ധമായിരുന്നു. എല്ലാ കാര്യങ്ങളും നിരന്തരമായി അവരെ അറിയിക്കേണ്ട ചുമതല ഞങ്ങൾക്കുണ്ടായിരുന്നു. A യുടെ തിരക്കുകൾക്കിടയിൽ വളരെ വിരളമായേ അവരെ കാണാൻ കഴിയൂ എന്നതിനാൽ ഞങ്ങൾക്ക് ധാരാളം കാത്തിരിക്കുകയും ഒരവസരത്തിനായി കെഞ്ചുകയും ഒക്കെ ചെയ്യേണ്ടി വരാറുണ്ട്. ഇതുപലപ്പോഴും ഞങ്ങളെ തളർത്തി. A ഈ സാഹചര്യം മുതലെടുത്ത് കൂടിക്കാഴ്ചകൾക്ക് കൂടുതൽ അമാന്തം വരുത്തിയിരുന്നു. പലപ്പോഴും ധാരാളം കാത്തിരുന്ന് കുടിക്കാഴ്ച നടക്കാതെ ഞങ്ങൾക്ക് നിരാശരായി മടങ്ങേണ്ടിയും വന്നിട്ടുണ്ട്.

ഞാൻ യൂറോപ്പിൽ നിന്ന് ഒരുമാസത്തേക്ക് മടങ്ങി വരാറുള്ളപ്പോൾ എനിക്ക് A യെ എപ്പോൾ വേണമെങ്കിലും കാണാം എന്ന സാഹചര്യമായിരുന്നു. പലപ്പോഴും എന്റെ മുൻസഹോദരന്മാർ ഒരു വർഷത്തിൽ അവരൊടൊപ്പം ചെലവഴിക്കുന്ന അത്രയും സമയം തന്നെ, ആ ഒരു മാസത്തിൽ ഞാൻ അവരോടൊപ്പം ചെലവഴിച്ചിരുന്നു. ദീർഘകാലം സ്ഥലത്തില്ലാത്തതിനാലും എന്റെ ഉത്തരവാദിത്വങ്ങൾ കാരണവുമാണ് ഇതെന്ന് നന്നായി അറിയാമെങ്കിലും അവർക്ക് എന്നോടല്പം അസൂയ തോന്നിയിരുന്നു. A യുടെ ശ്രദ്ധ കിട്ടാനായി ശിഷ്യന്മാർ പല വേലകളും കാണിക്കുമായിരുന്നു. ആദ്യമൊക്കെ താൻ എന്താണ് ചെയ്യുന്നതെന്ന് വ്യക്തമായി അറിയുന്ന, പ്രേരണകൾക്ക് വഴങ്ങാത്ത, വളരെ പ്രാപ്തയായ ഒരു ഗുരുവായിരുന്നു അവർ. അവർക്ക് അസാമാന്യമായ വീര്യവും ചുറുചുറുക്കുമുണ്ടായിരുന്നു. ചുറ്റുമുള്ളവരുടെ തടസ്സങ്ങളൊന്നും തന്നെ അവരുടെ വാക്കുകളുടെ

ശക്തിക്ക് മുന്നിൽ ഒന്നുമായിരുന്നില്ല. A യുടെ ഉചിതമല്ലാത്ത നടപടികളെയും തീരുമാനങ്ങളെയും കുറിച്ചുള്ള അഭിപ്രായവ്യത്യാസം തുറന്നു പറയുകയും എതിർക്കുകയും ചെയ്തിരുന്ന ഒരേ ഒരു ശിഷ്യൻ ചന്ദ്രുവായിരുന്നു. അയാൾ അധികകാലം അവിടെ തുടർന്നില്ല എന്ന് ഗെയിലിന്റെ പുസ്തകത്തിൽ നിന്ന് മനസ്സിലായി. A തന്റെ *പുത്രന്മാർ* എന്ന് വിളിക്കുന്ന മറ്റു സ്വാമിമാർ, ആദ്യകാലങ്ങളിൽ അല്പം സങ്കോചത്തോടെ എതിരഭിപ്രായങ്ങൾ പറഞ്ഞിരുന്നെങ്കിലും, അവരുടെ ഗുരുവിന്റെ ഊർജ്ജത്തിനും വീര്യത്തിനും മുന്നിൽ അത് നിഷ്പ്രഭമാവുകയും, തുടർന്ന് ശിഷ്യർ മിണ്ടാതെയാവുകയും ചെയ്തു. ആശ്രമത്തിന് വിദേശത്ത് നേടാനായ പുരോഗതിയും അതിന്റെ പ്രതിഫലം എന്നപോലെ ഇന്ത്യയിൽ കിട്ടിയ മതിപ്പും തങ്ങളുടെ പലതരം കഴിവുകൾ A യ്ക്ക് വേണ്ടി സമർപ്പിച്ച ധാരാളം ഭക്തരുടെ വരവും എല്ലാംകൂടി തീരുമാനങ്ങൾ അവരുടേത് മാത്രം എന്ന നിലയിലേക്ക് കാര്യങ്ങൾ കൊണ്ടുവന്നു. അവരെ ഉപദേശിക്കാനോ എതിർക്കാനോ ഇതര മാർഗ്ഗങ്ങളെക്കുറിച്ച് പറയാനോ ആരുമില്ലാതെ അവർ പതിയെ ആശയപരമായും പ്രവർത്തിയിലും സർവ്വശക്തിത്വം എന്ന ഭാവത്തിലേക്ക് വഴുതി വീഴുകയായിരുന്നു.

ദൂരയാത്രകൾ ചെയ്യുന്ന *പുത്രന്മാർക്ക്* അവർ പ്രത്യേകശ്രദ്ധ കൊടുത്തിരുന്നു. അത്തരം പുത്രന്മാർ യാത്ര പുറപ്പെടും മുമ്പ് താനുമായുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്ന തരത്തിൽ A പെരുമാറിയിരുന്നു. പുത്രന്മാർക്ക് *ഏകാഗ്രത* നഷ്ടപ്പെടാതെയും വഴിതെറ്റാതെയും സാധന തുടരുന്നതിനായിരുന്നു ഇത്. ഈ പ്രത്യേക ശ്രദ്ധയും പരിലാളനങ്ങളും പലപ്പോഴും അനിയന്ത്രിതമാവുകയും പിന്നീടതൊരു ശീലവമാവുകയും ചെയ്തിട്ടുണ്ട്.

A യ്ക്ക് ബാലുവിനോടുള്ള പ്രത്യേക ബന്ധത്തെക്കുറിച്ച് ഗെയിലിന്റെ പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട്. എല്ലാ

സത്യസന്ധതയോടെയും അങ്ങനെ ഒരു പ്രത്യേക ബന്ധം ഇല്ല എന്ന് പറയാൻ ഞാൻ ആഗ്രഹിച്ചേനെ. കാരണം ആരോടും പ്രത്യേക താല്പര്യമില്ലാതെ എല്ലാവരെയും ഒരുപോലെയാണ് സ്നേഹിച്ചിരുന്നത് എന്നാണ് A എന്നെ വിശ്വസിപ്പിച്ചിരുന്നത്. എന്നാൽ ഏതൊരു ബന്ധത്തിലും ഉള്ളതുപോലെ പരസ്പരമുള്ള ആകർഷണവും ആരാധനയും മുഷിച്ചിലുമെല്ലാം പല ബന്ധങ്ങളെയും മാറ്റിമറിക്കുകയും ചിലത് ബുദ്ധിമുട്ടിലാക്കുകയും ചെയ്യും. അതുകൊണ്ടുതന്നെ ഓരോ *പുത്രനുമായുള്ള* A യുടെ ബന്ധവും വ്യത്യസ്തമായിരുന്നു. ഓരോരുത്തരോടുമുള്ള സംസാരരീതിയും അവരെ ഞങ്ങളുമായി ബന്ധിപ്പിച്ചിരുന്ന വൈകാരിക ബന്ധവും വ്യത്യസ്തമായിരുന്നു. ഓരോരുത്തർക്കും വ്യത്യസ്തമായ കാര്യങ്ങളാണ് പഠിക്കാൻ ഉണ്ടായിരുന്നത്; ഓരോരുത്തരുടെയും പദ്ധതികളും പരിമിതികളും സംസ്കാരവും വ്യത്യസ്തമായിരുന്നു.

ഗെയിലിന് അവർ പുസ്തകത്തിൽ എഴുതിയതിൽ നിന്നും അധികമായി ധാരാളം കാര്യങ്ങൾ അറിയാം. പുസ്തകം പ്രസിദ്ധീകരിച്ചതിന് ശേഷം അതിൽ ഉൾപ്പെടുത്താത്ത ധാരാളം കാര്യങ്ങൾ; അതിന്റെ തന്ത്രപരവും അശ്ലീലവുമായ വിശദാംശങ്ങളോടെ ഗെയിൽ എന്നോട് പറഞ്ഞിട്ടുണ്ട്. 350 പേജുള്ള അനുഭവക്കുറിപ്പായതിനാലാണ് അധികം വിശദാംശങ്ങൾ അതിൽ ഉൾപ്പെടുത്താതിരുന്നത്. ഗെയിൽ എന്നോട് ഓരോ കാര്യങ്ങൾ വെളിപ്പെടുത്തുമ്പോഴും ഒരു കടംകഥ പോലെ ഒരിക്കൽ തോന്നിയ എന്റെ സ്വന്തം അനുഭവങ്ങൾ മാന്ത്രിക വിദ്യയാലെന്നപോലെ എന്റെ മുന്നിൽ ചുരുളഴിയുകയായിരുന്നു.

കൂടുതൽ പറയുന്നതിനുമുമ്പ് കുറച്ച് പൊതുവായ ചിന്തകൾ വിവരിക്കാം. ഞാൻ വംശീയമായി ആഗ്ളോ സാക്സണോ ഇന്ത്യനോ അല്ല. ഒരുപാട് കാലം പരമ്പരാഗത ഇന്ത്യൻ സംസ്കാരവുമായി ലയിച്ചുചേർന്ന് ജീവിച്ചുവെങ്കിലും, അടിസ്ഥാനപരമായി ഞാൻ

അറുപതുകളിലെ ഫ്രഞ്ച് സാമൂഹിക ഉദാരവൽക്കരണത്താൽ പ്രചോദിതനായി ഉദാരചിത്തനും വിശാല മനസ്കനായ ഒരു ഫ്രഞ്ച് യൂറോപ്യൻ ആയി തന്നെ തുടർന്നു. സങ്കോചവും അതിവിനയവും എന്റെ സംസ്കാരത്തിന്റെ ഭാഗമല്ല; ഈ പശ്ചാത്തലത്തിൽ വേണം എന്റെ വിചാരങ്ങളെ നിങ്ങൾ വിലയിരുത്താൻ. കാര്യങ്ങൾ വെട്ടിത്തുറന്ന് പറയുന്നതാണ് നല്ലത് എന്ന പക്ഷക്കാരനാണ് ഞാൻ. പ്രത്യേകിച്ച് ആത്മാവിനെയും മനുഷ്യജീവിതത്തെയും കുറിച്ച് പറയുമ്പോൾ വ്യക്തതയും ലാളിത്യവും നേരും ഞാൻ ഏറ്റവും വിലകൽപ്പിക്കുന്ന മൂല്യങ്ങളാണ്.

A യ്ക്ക് ഏതെങ്കിലും ഒരു പ്രത്യേക വ്യക്തിയോടോ വ്യക്തികളോടോ ഉണ്ടായിരിക്കാവുന്ന ലൈംഗികബന്ധത്തെക്കുറിച്ച് പറയുകയാണെങ്കിൽ, അവർക്ക് എന്തുകൊണ്ടായിരിക്കും ചിലരുമായി ഈ പ്രത്യേക ബന്ധം ഉണ്ടാവുകയും മറ്റുള്ളവരുമായി ഇല്ലാതിരിക്കുകയും ചെയ്തത്? നമുക്ക് ഇഷ്ടമുള്ള ഒരുപാട് പേരുണ്ടാവും, എന്ന് കരുതി എല്ലാവരുമായി ഇത്തരം സ്വകാര്യ ബന്ധത്തിന് കഴിയില്ല. പൊതുവെ ബന്ധങ്ങളിലെ അഭിനിവേശത്തെ സംബന്ധിച്ചുള്ള നിഗൂഢതയാണിത് *(അതോ, അവിഹിതമായി സ്വാധീനം ചെലുത്താനുള്ള വഴിയോ(?)...)*. ചില പ്രത്യേക വ്യക്തികളുമായി അവർക്കുണ്ടായിരിക്കാവുന്ന സ്വകാര്യബന്ധം, ആ വ്യക്തികളുടെ പഠിപ്പ്, സംസ്കാരം, വ്യക്തിസ്വാതന്ത്ര്യം, വിലക്കുകളെക്കുറിച്ചുള്ള അവരുടെ ധാരണ, സാമൂഹിക സാംസ്കാരിക രാഷ്ട്രീയ ഭ്രഷ്ടുകളെ മറികടക്കാനുള്ള അവരുടെ കഴിവ് എന്നിവയെ ആശ്രയിച്ചിരിക്കും എന്നാണ് എനിക്ക് തോന്നുന്നത്. ഈ ബന്ധങ്ങൾ കൂടുതലും അവരെ ആശ്രയിച്ച് എന്നതിനേക്കാൾ അവരുടെ പുത്രന്മാരെ ആശ്രയിച്ചായിരുന്നിരിക്കാം. അതേസമയം ഒരു ബന്ധത്തിലെ കെമിസ്ട്രി നിഗൂഢമാണെന്ന് നമുക്കറിയാം. അങ്ങനെ നോക്കുമ്പോൾ അവർ പുത്രന്മാരെയെല്ലാം ഒന്നുപോലെ സ്നേഹിച്ചിരുന്നെങ്കിൽ

കൂടിയും അവരെല്ലാവരുമായി സ്വകാര്യബന്ധം വേണം എന്ന് നിർബന്ധമില്ല. ഇതുകൂടാതെ അവരുടെ പുത്രന്മാരുമായുള്ള ബന്ധത്തിന് പല രൂപങ്ങളും ഭാവങ്ങളും ഉണ്ടായിരുന്നു: ഇങ്ങേയറ്റത്ത് പരമ്പരാഗതമായ ഗുരുശിഷ്യബന്ധം, അങ്ങേയറ്റത്തെ മായികമായ ആസക്തി നിറഞ്ഞ ഭക്തനുമായുള്ള ബന്ധം, ഇതിന് രണ്ടിനുമിടയിൽ അടുപ്പത്തിന്റെയും സങ്കീർണ്ണതയുടെയും അവ്യക്തമായ മേഖല. ഇതിന്റെ അനുപാതം എങ്ങനെയെന്നത് സാഹചര്യവും മനസ്ഥിതിയും അനുസരിച്ചാവും. എന്നിരുന്നാലും ഏറ്റവും ഗാഢമായ ബന്ധമുണ്ടാവുന്നത് ശിഷ്യൻ/ ആത്മജ്ഞാനിയായ കമിതാവ്/ പുത്രൻ എന്നതിന്റെയെല്ലാം സങ്കലനത്തിലാണ്. അതിനാൽ തന്നെ ആത്മീയ വഴിയിൽ നിന്ന് വ്യതിചലിക്കാനുള്ള അപകടസാധ്യത ഇതിൽ വ്യക്തമാവുന്നുണ്ട്. പുറമേക്ക് അതിരൂക്ഷ ധാർമ്മിക മതാചാരങ്ങളുള്ളവരാണെങ്കിലും സ്വകാര്യതയിൽ എല്ലാം സ്വാഗതം ചെയ്യുന്ന വിശാലഹൃദയരായ ധാരാളം ഇന്ത്യക്കാരെ ഞാൻ കണ്ടിട്ടുണ്ട്. താന്ത്രിക് രീതി അതിന്റെ വലിയ ഉദാഹരണമാണ്. വാമ തന്ത്രശാസ്ത്രത്തിൽ അല്ലെങ്കിൽ വാമചാരയിൽ (സഹജിയ എന്ന ബംഗാളിലെ മധ്യകാലഘട്ടത്തിൽ തുടങ്ങിയ പ്രസ്ഥാനത്തിലും വൈഷ്ണവരുടെ ചില പ്രത്യേക ഉപവിഭാഗങ്ങളിലും) ഗുരുവും ശിഷ്യനും തമ്മിലുള്ള ലൈംഗിക ബന്ധം അനുവദനീയമാണ്. ബാക്കിയെല്ലാ വിഭാഗങ്ങളിലും അത് തീർത്തും നിഷിദ്ധവുമാണ്.

പൊതുവായ ഈ പ്രതിഫലനങ്ങൾക്ക് പുറമേ A യുടെ ചെയ്തികളിൽ ഒരു വലിയ പ്രശ്നമുണ്ടായിരുന്നു. ലക്ഷക്കണക്കിന്[42] വിശ്വാസികളും ഏറ്റവും ഉന്നതരായ രാഷ്ട്രീയക്കാർ, സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖർ എന്നിവരെയും ഒരുമിച്ചു കൊണ്ടുവന്ന് ഒരു വലിയ സാമ്രാജ്യം തന്നെ പടുത്തുയർത്തിയ ആളാണ് A. ഈ നാട്ടിലെയും രാജ്യത്തെയും മതത്തിലെയും, സാംസ്കാരികവും ആത്മീയവുമായ ആചാരങ്ങളോട് ബഹുമാനം പ്രദർശിപ്പിച്ചുകൊണ്ട്, വിധിപ്രകാരം

നിഷ്ഠയുള്ള ആളാണെന്നും ബ്രഹ്മചാരിണി ആണെന്നും ലൗകികബന്ധങ്ങളൊന്നുമില്ലാത്ത വൈരാഗിയാണെന്നും അവകാശവാദം ഉന്നയിക്കുകയും എന്നാൽ മറവിൽ ഇതിനെല്ലാം നേരെ വിപരീതമായി പ്രവർത്തിക്കുകയും ചെയ്യുന്നത് വലിയതോതിലെ വഞ്ചനയാണ്.

വ്യക്തിപരമായി പറഞ്ഞാൽ ഇന്ത്യയിൽ ബ്രഹ്മചര്യത്തിനുള്ള അമിതപ്രാധാന്യം കാലഹരണപ്പെട്ടതും, ഇന്നത്തെക്കാലത്ത് നടക്കാത്തതും ആണ്. ലൗകിക ജീവിതത്തെ അധഃപതിച്ചതായി കണ്ടിരുന്ന അതിപ്രാചീന വിധികളിൽ നിന്ന് രൂപം കൊണ്ടതാണ് അത്. ഭൗതികജീവിതത്തെ ഏറ്റവും അധഃകൃതമായും, മറ്റെല്ലാം ത്യജിച്ച ആത്മീയവും അതീന്ദ്രിയവുമായ ജീവിതത്തെ ഏറ്റവും മേലെക്കിടയിലും പ്രതിഷ്ഠിക്കുന്ന ഒരു കാഴ്ചപ്പാടാണിത്. ഈ വിഷയത്തെക്കുറിച്ച് വിശദീകരിക്കാൻ തുടങ്ങിയാൽ, പ്രത്യേകമായി ഒരു പുസ്തകം തന്നെ എഴുതേണ്ടിവരും. എങ്കിലും കുറച്ചു വരികൾ ഇവിടെയും അല്പം വിശദമായി വരുന്ന ചാപ്റ്ററുകളിലും പറഞ്ഞു പോകാം എന്ന് കരുതുന്നു. ഇന്നത്തെ കാലത്ത്, ഏത് രാജ്യമെന്നോ മതമെന്നോ വ്യത്യാസമില്ലാതെ വളരെക്കുറച്ച് ആളുകൾക്ക് മാത്രം അനുഷ്ഠിക്കാൻ കഴിയുന്ന ഒന്നാണ് ബ്രഹ്മചര്യവ്രതം. പുറംലോകത്തെ കുടുംബ രാഷ്ട്രീയ-സാമൂഹിക ഉത്തരവാദിത്വങ്ങൾ നിർവഹിച്ച് സന്തുഷ്ടരായി കഴിയാനാവാത്ത ആളുകളെക്കൊണ്ടാണ് ഇന്ന് ആശ്രമങ്ങൾ നിറഞ്ഞിരിക്കുന്നത്. ഇതിൽനിന്നെല്ലാം അകലെയായി തങ്ങളെ അംഗീകരിക്കുന്ന, ഉൾക്കൊള്ളുന്ന മറ്റൊരു കുടുംബം നിർമ്മിക്കാനാണ് അവർ ശ്രമിക്കുന്നത്. വൈകാരികമായ വെല്ലുവിളികളെയും ശാരീരിക തൃഷ്ണകളെയുമെല്ലാം ഉപേക്ഷിക്കാൻ പറ്റിയ ഒരന്തരീക്ഷമാണ് ആശ്രമങ്ങളിൽ ഉള്ളത്. മനപ്പൂർവമാണ് "ത്യജിക്കുക" എന്ന വാക്ക് ഉപയോഗിക്കാത്തത്; എന്തെന്നാൽ ത്യജിക്കുക എന്നത് ബോധപൂർവ്വമുള്ള ആലോചനയ്ക്ക് ശേഷം ചെയ്യുന്ന ദൃഢതയുള്ള പ്രവർത്തിയാണ്. നമുക്ക് അവകാശം

നഷ്ടപ്പെട്ടതിനെയാണ് നമ്മൾ ഉപേക്ഷിക്കുന്നത്; പരാജയം സമ്മതിച്ച് ഉപേക്ഷിക്കുമ്പോൾ അതൊരു ദൗർബല്യമാണ്. എല്ലാ ആശ്രമവാസികൾക്കും അവരവരുടെ ഹൃദയം തുറന്ന് സ്നേഹിക്കാൻ കഴിഞ്ഞാൽ, പ്രണയത്തിലെയും രതിയിലെയും ആത്മീയതയും ദൈവികതവും മനസ്സിലാക്കാൻ കഴിഞ്ഞാൽ, ഈ ആശ്രമങ്ങളെല്ലാം തന്നെ വിജനമായി മാറും എന്ന് ഞാൻ ഏറ്റവും ആത്മാർത്ഥമായി വിശ്വസിക്കുന്നു. ഇതു പറയുമ്പോൾ അവർ അവരുടെ ആത്മീയപാത ഉപേക്ഷിക്കും എന്നല്ല അർത്ഥമാക്കുന്നത്. മറുവശത്ത് മേൽപ്പറഞ്ഞപോലെ ആദ്യം അവനവനെത്തന്നെ പ്രാപ്തമാക്കാതെ തുടരുകയാണെങ്കിൽ വഴിപിഴച്ച പോക്കും വൈകൃതങ്ങളും ഒക്കെ ഉണ്ടാവാം.

ഗെയിലിന്റെ പുസ്തകത്തിൽ പറഞ്ഞിട്ടുള്ള ലൈംഗികബന്ധങ്ങളെ കുറിച്ചാണെങ്കിൽ, അവർ പറഞ്ഞത് സത്യമാണെന്ന് എന്റെ സ്വന്തം അനുഭവങ്ങളിൽ നിന്ന് എനിക്ക് ഉറപ്പിക്കാൻ കഴിയും. നിങ്ങളിൽ ഗെയിലിന്റെ പുസ്തകം വായിച്ചിട്ടുള്ളവർക്ക്, A യുടെ ലൈംഗിക പങ്കാളികളുടെ കൂട്ടത്തിൽ ഒരു "പാശ്ചാത്യൻ" ഉണ്ടായിരുന്ന കാര്യം ഓർമ്മയുണ്ടാവുമല്ലോ, അത് ഞാനായിരുന്നു. ഇതിനെക്കുറിച്ച് വിശദമായി അടുത്ത ചാപ്റ്ററിൽ ഉണ്ട്. വളരെ കൊല്ലം A യോടൊപ്പം വളരെ അടുത്ത് ഇടപെട്ടിട്ടുള്ളതിനാൽ, ഗെയിലിന്റെ പുസ്തകത്തിൽ പറഞ്ഞിട്ടുള്ള ബാലുവിനെയും റാവുവിനെയും മറ്റുചിലരെയും[43] കുറിച്ചും എനിക്ക് സ്ഥിരീകരിച്ചു പറയാനാവും.

ഈ രണ്ട് വ്യക്തികളുമായുള്ള ഇത്തരം സംഭവങ്ങൾക്ക് ഞാൻ നേരിട്ട് സാക്ഷിയായിട്ടില്ലെങ്കിലും, ബാലുവിന്റെ A യോടുള്ള മറച്ചു വയ്ക്കാനാവാത്ത അഭിനിവേശത്തിന് (അല്പം കൂടി അടക്കമുള്ള രീതിയിൽ റാവുവിന്റെയും) പലതവണ ഞാൻ സാക്ഷിയായിട്ടുണ്ട്. ഇതേ സംഭവങ്ങൾ ഗെയിലിന്റെ കാര്യത്തിലും ആവർത്തിച്ചു. നേരത്തെ പറഞ്ഞ പല കാര്യങ്ങൾ കൊണ്ടുതന്നെ ഞാൻ ഇതിനോട്

കണ്ണടച്ച് ആവശ്യമുള്ള മറ്റുകാര്യങ്ങളിൽ ശ്രദ്ധ ചെലുത്താൻ ശ്രമിച്ചു. പക്ഷേ എത്രകാലമാണ് കണ്ണടയ്ക്കുക; ലക്ഷക്കണക്കിന് ആളുകളെ ഇത് ബാധിക്കുമ്പോഴോ? അങ്ങനെയെങ്കിൽ, തുറന്നുപറയാനുള്ള സമയം ഇതാണെന്ന് തോന്നുന്നു. ഗെയിലിന്റെ പുസ്തകം വായിച്ചിട്ടില്ലാത്ത ആളുകൾക്ക് വേണ്ടി ചില പ്രധാന സംഭവങ്ങളിലേക്ക് തിരിച്ചു പോവാം. ഗെയിലിന്റെ കഥയിലെ 15- ഉം 21- ഉം ചാപ്റ്ററുകളിൽ ഇവ ലഭ്യമാണ്.

ആയിരത്തി തൊള്ളായിരത്തി എൺപതുകളുടെ മധ്യത്തിൽ (1986 നുമുമ്പ്), ഇന്ത്യയിൽ വച്ച്, ഗെയിൽ പുറത്തുനിന്ന് A യുടെ ബെഡ്റൂമിലേക്ക് കടന്നു വന്നപ്പോൾ കാണുന്നത് A യുടെ കിടക്കയിൽ നിൽക്കുന്ന ബാലുവിനെയാണ്, അയാൾ ആകെ ഒരു വെള്ള ഷർട്ട് മാത്രമാണ് ധരിച്ചിരുന്നത്. A അയാളുടെ മുന്നിലായി മുട്ടുകുത്തി നിൽക്കുന്നു, അവരുടെ മുഖം അയാളുടെ നഗ്നമായ ജനനേന്ദ്രിയത്തിൽ നിന്ന് ഇഞ്ചുകൾ മാത്രം അകലെയാണ്. ഗെയിൽ ഞെട്ടിപ്പോയെങ്കിലും മറ്റൊന്നും കരുതിയില്ല. അയാൾ തൊലിപ്പുറത്തെ എന്തോ അവരെ കാട്ടുകയാണ് എന്നാണ് കരുതിയത്.

1987 ജൂൺ മാസം സാന്റാ ഫെ, ന്യൂ മെക്സിക്കോ. A യ്ക്ക് ബാലുവുമായി "സ്വകാര്യനിമിഷങ്ങൾ" പങ്കുവയ്ക്കുന്നതിന് A യുടെ നിർദ്ദേശപ്രകാരം ബെഡ്റൂമിലെ വസ്ത്രങ്ങൾ സൂക്ഷിക്കുന്ന ഉള്ളറയിൽ ഗെയിൽ കാത്തിരിക്കുകയായിരുന്നു. ബെഡ്റൂമിന്റെ വാതിൽ തുറക്കുന്ന ശബ്ദം കേട്ട ഗെയിൽ, അവിടെ നിന്ന് പുറത്തുവന്നു. A ശുചിമുറിയിലായിരുന്നു, ബാലു മുറിവിട്ട് പുറത്തു പോയിട്ടുമുണ്ടായിരുന്നു. ബെഡ്ഡിന് സമീപം നിലത്ത് ബാലുവിന്റെ തോർത്ത് കിടക്കുന്നുണ്ടായിരുന്നു. അത് എടുക്കാനായി കുനിഞ്ഞപ്പോൾ അതിലെ ശുക്ലത്തിന്റേതായ കറ ഗെയിൽ കണ്ടുപിടിച്ചു. നിമിഷങ്ങൾക്കുള്ളിൽ ബാലു കൊടുങ്കാറ്റ് പോലെ വന്ന് അവളുടെ കൈയിൽ നിന്നാ തോർത്ത്

പിടിച്ചുവാങ്ങുകയും, അത് കഞ്ഞിവെള്ളത്തിൽ വീണതാണെന്ന് ഇടർച്ചയോടെ പറയുകയും ചെയ്തു. ഗെയിൽ അത്രയ്ക്കും വിഡ്ഢിയും നിഷ്കളങ്കയുമായിരുന്നില്ല; അവർ തമ്മിൽ വർഷങ്ങളായുള്ള ശാരീരിക ബന്ധം ഗെയിലിന് മനസ്സിലായി. കുറച്ചു വർഷങ്ങൾക്കുമുമ്പ് കണ്ട കട്ടിലിൽ നിന്ന സംഭവം തീർത്തും വിഭിന്നമായ മറ്റൊരു അർത്ഥത്തോടെ അവളുടെ മനസ്സിലേക്ക് കടന്നുവന്നു. അതേസമയം സ്വന്തം കാര്യത്തെക്കുറിച്ച് ഗെയിലിന് ആശങ്കയും തോന്നി, ഇപ്പോൾ ബാലുവിനും ഗുരുവിനും തനിക്ക് കാര്യങ്ങളെല്ലാം മനസ്സിലായി എന്നകാര്യം അറിയാം. ഇതേക്കുറിച്ച് A ഒരിക്കലും നേരിട്ടൊന്നും പറഞ്ഞില്ല, പക്ഷേ ഗെയിലിന്റെ ഭയം അസ്ഥാനത്തായിരുന്നില്ല. A ഇതിനെക്കുറിച്ച് യാതൊന്നും അറിയാത്ത, നിഷ്കളങ്കനായ ഒരു ശിഷ്യനെ കൊണ്ടാണ് ഭീഷണി മുഴക്കിച്ചത്. അയാൾ പറഞ്ഞത് ഇങ്ങനെയാണ് "*നിന്റെ മനസ്സിൽ പാപ ചിന്തകളുണ്ടാവുന്നു*" എന്ന് A എന്നോട് പറഞ്ഞു. "*നിനക്ക് നൂറു ശതമാനം വിശ്വാസമുണ്ടെങ്കിൽ മാത്രമേ A യെ സേവിക്കാൻ കഴിയൂ. അല്ലെങ്കിൽ നിന്നെ ഇവിടുന്ന് മാറ്റാൻ A നിർബന്ധിതയാവും, ആശ്രമത്തിൽ തുടരാൻ പോലും നിനക്കായെന്നു വരില്ല*". ഭയപ്പെട്ടുപോയ ഗെയിലിന്റെ ആലോചന ഈ വിധത്തിലായിരുന്നു, "*ഈ സംഭവം എന്റെ വിശ്വാസത്തെയും ഭക്തിയെയും ബാധിക്കാൻ അനുവദിച്ചാൽ, അത് എന്റെ തെറ്റാകും, ഞാനൊരു നല്ല ശിഷ്യ അല്ലാതെയാവും. ഈ സന്ദർഭത്തിന്റെ കാപട്യത്തെക്കുറിച്ച് ആലോചിക്കാനുള്ള ധൈര്യം പോലും എനിക്കുണ്ടായിരുന്നില്ല. ആശ്രമത്തിലെ മറ്റെല്ലാവരും, A യുടെ നിർദേശത്തിൽ വിട്ടുവീഴ്ചയില്ലാതെ ബ്രഹ്മചര്യം അനുഷ്ഠിക്കുന്നവരാണ്, വിവാഹിതരായ ദമ്പതികൾ പോലും. അതിനു വിരുദ്ധമായി ആരെങ്കിലും പ്രവർത്തിച്ചാൽ അവരെ A കർശനമായി താക്കീത് ചെയ്യുകയും, ഉപദ്രവിക്കുകയും ചെയ്തിരുന്നു. ഒരുവശത്ത് A യും ബാലുവും തമ്മിലുള്ള ബന്ധം എന്റെ*

*തെറ്റിദ്ധാരണയാണോ എന്ന് പോലും എനിക്ക് തോന്നിപ്പോയി".* അങ്ങനെ ഭീഷണികളുടെയും സ്വന്തം വിശ്വാസത്തിന്റെയും പുറത്ത് ഗെയിൽ തെളിവുകളെ അവഗണിക്കുകയായിരുന്നു.

1990/91 ഹവായ് യുഎസ്എ യിൽ വച്ച് ഗെയിൽ ഈ കമിതാക്കൾ മിഷണറി പൊസിഷനിൽ ബന്ധപ്പെടുന്നത് കൺമുന്നിൽ കണ്ടപ്പോൾ, ന്യായീകരണങ്ങളുടെ ആ ചീട്ടുകൊട്ടാരം തകർന്നുവീണു. A യുടെ മുറിയിലെ ജനാല തുറന്നു കിടന്നിരുന്നു, തടികൊണ്ടുണ്ടാക്കിയ വരാന്തയിൽ നിന്നാൽ ജനാലയിൽ കൂടി അകം കാണാമെന്ന് അവർ ഓർത്തില്ല. ഈ കാഴ്ച കണ്ടതും ഗെയിൽ മറഞ്ഞു നിന്നു, കഴിഞ്ഞ തവണത്തെ ഭീഷണികൾക്ക് ശേഷം വീണ്ടും ഇതിന് സാക്ഷിയായി പിടിക്കപ്പെടാൻ അവരാഗ്രഹിച്ചില്ല. എന്നാൽ നേരിൽക്കണ്ടതിനാൽ തന്റെ തെറ്റിദ്ധാരണയാണെന്നും മറ്റുമുള്ള ന്യായീകരണങ്ങൾ കൊണ്ട് സ്വയം സമാധാനിക്കാൻ അവർക്ക് പിന്നെ കഴിഞ്ഞില്ല. പ്രഥമശിഷ്യരുടെ കൂട്ടത്തിലുള്ള പുരുഷന്മാർ വന്നു പോയിക്കഴിഞ്ഞാൽ പലപ്പോഴും തോർത്തുകൾ അലക്കാനായി വെള്ളത്തിലിട്ടിരിക്കുന്നത് എന്തിനെന്ന് ഗെയിൽ മനസ്സിലാക്കി. ചില സമയങ്ങളിൽ A യുടെ കിടക്കവിരിയിലും അവർ ശുക്ലത്തിന്റെ അടയാളങ്ങൾ കണ്ടു. ഗെയിൽ ആദ്യമായി ആശ്രമത്തിൽ ബലാത്സംഗത്തിനിരയായ ശേഷം അതിക്രമി ഒരു തോർത്തിൽ ബീജസ്ഖലനം നടത്തിയപ്പോഴും, തോർത്തുകളുടെ കർമ്മം അവർക്ക് മനസ്സിലായി. ഈ കഠിനമായ അനുഭവത്തിന്റെ വിശദാംശങ്ങളിലേക്ക് പിന്നീട് വരാം.

ഗെയിൽ പറയുന്നതു പ്രകാരം ബാലുവിന്റെ പതിവായുള്ള യാത്രകൾക്ക് മുമ്പ് അയാൾ എപ്പോഴും A യുമായി സ്വകാര്യ നിമിഷങ്ങൾ വേണമെന്ന് ആഗ്രഹിച്ചു. പലപ്പോഴും A യുടെ മുറിയിലെ ലൈറ്റ് കെടുത്താതെയാവും ഇത്. ലൈറ്റ് കെടുത്തിയാൽ അത് A

പ്രാപ്യയാണെന്ന് റാവുവിന് കൊടുക്കുന്ന ഗൂഢസന്ദേശമാവും (റാവുവിന്റെ മുറി തൊട്ടടുത്ത് കാണുന്ന രീതിയിൽ തന്നെയായിരുന്നു). അതിനാൽ അവർ ഗെയിലിനോടും, മറ്റെ സേവികയോടും അവരുടെ മുറിയിൽ ഇരിക്കാൻ ആവശ്യപ്പെട്ടിട്ട്, പുത്രനെയും കൂട്ടി മുകളിൽ അടുക്കളയായി ഉപയോഗിക്കുന്ന ഗെയിലിന്റെ മുറിയിലേക്ക് പോവാറുണ്ട്. അൽപസമയത്തിനുശേഷം രണ്ടാളും തിരികെ വരികയും, തോളിൽ ഒരു തോർത്തും മുഖത്ത് പ്രസന്നതയുമായി ബാലു പുറത്തേക്ക് പോവുകയും ചെയ്യും.

A യുടെ മറ്റൊരു ശിഷ്യനായ റാവുവിനെ കുറിച്ചും ഗെയിൽ പറഞ്ഞിട്ടുണ്ട്, അയാൾ ഒരു പതിവുകാരനായിരുന്നു, A യുടെ മുറിയുടെ താക്കോലും അയാളുടെ കൈവശമുണ്ടായിരുന്നു. അയാൾ ആശ്രമത്തിന്റെ ഓവർസിയറായിരുന്നത് കാരണമാണ് അങ്ങനെ എന്നാണ് A തന്നെ ഒരിക്കൽ പറഞ്ഞത്. ഗെയിലിന്റെ പുസ്തകത്തിലെ ചാപ്റ്റർ 21 ൽ അതിന്റെ വിശദാംശങ്ങൾ തെളിവുകളുടെ വിവരണത്തോടൊപ്പം വായിക്കാവുന്നതാണ്. പ്രഥമശിഷ്യരുടെ കൂട്ടത്തിലുള്ള മറ്റുപലരെയും ഇത്തരം സാഹചര്യങ്ങളിൽ കണ്ടിട്ടുണ്ട്. ഈ *പ്രഥമശിഷ്യർ* വന്നുപോയശേഷം, രണ്ട് നിലകൾ തമ്മിൽ ബന്ധിപ്പിക്കുന്ന കതക് A തുറക്കുകയും, ഗെയിൽ തിരികെ മുറിയിൽ പ്രവേശിക്കുകയും ചെയ്യുമ്പോൾ പലപ്പോഴും *A യുടെ പെറ്റിക്കോട്ട് തലതിരിച്ച് ധരിച്ചിരിക്കുന്നതായി ഗെയിൽ ശ്രദ്ധിച്ചിട്ടുണ്ട്.*

ഇത് കൂടാതെ കുറഞ്ഞ പക്ഷം മറ്റ് മൂന്നുപേർ കൂടിയുണ്ട്, അവരുടെ പേര് ഗെയിൽ വ്യക്തമാക്കിയിട്ടില്ല. അവരിൽ ഒരാൾ A യിൽ നിന്ന് തനിക്ക് ഒരു ലൈംഗികരോഗം പകർന്നതായി പരാതിക്കത്ത് എഴുതിയ സംഭവവുമുണ്ട്. പിന്നെ 1990 കളുടെ അവസാനത്തിൽ ന്യൂയോർക്കിലെ ഒരു ഇടുങ്ങിയ അപ്പാർട്ട്മെന്റിൽ ഒരു ശിഷ്യൻ A യോടൊപ്പം സമയം ചെലവഴിച്ച ശേഷം, കാർപെറ്റിൽ വീണ ശുക്ലം പേപ്പർ ടവ്വലുകൾ വച്ച് തുടയ്ക്കുകയും A

അവ കുളിമുറിയിലെ വേസ്റ്റ് ബിന്നിൽ ഇടുകയും, പ്രസ്തുത ശിഷ്യൻ പാഞ്ഞെത്തി അത് നശിപ്പിക്കാനായി ടോയിലറ്റിൽ ഫ്ലഷ് ചെയ്യുകയും, ടോയിലറ്റ് അടഞ്ഞുപോവുകയും ചെയ്തു. എന്നാൽ അതിനിടയിൽ ഗെയിൽ അത് കണ്ടിരുന്നു. ഈ പറയുന്നത് ആരെക്കുറിച്ചാണെന്ന് ആ പ്രസ്തുത സ്വാമിക്ക് മനസ്സിലായിക്കൊള്ളും. ഈ സംഭവങ്ങൾ രണ്ടായിരത്തിന് മുമ്പ് നടന്നവയാണ്. നമ്മൾ ഇപ്പോൾ 2020 ലും; ഈ രണ്ട് പതിറ്റാണ്ടിൽ എന്തൊക്കെ നടന്നുവെന്ന് ആർക്കറിയാം.

ചില സമയങ്ങളിൽ A എന്നോട് സ്ത്രീലൈംഗികതയെക്കുറിച്ച് നിർദ്ദിഷ്ടമായതും വ്യക്തമായതുമായ ചോദ്യങ്ങൾ ചോദിക്കാറുണ്ടായിരുന്നു. തിരിച്ചൊന്നും ചോദിക്കാതെ, എനിക്ക് അറിവുള്ളത് പോലെ ഞാൻ അതിനെല്ലാം ഉത്തരവും നൽകിയിരുന്നു. A യ്ക്ക് ഭക്തരുടെ ചോദ്യങ്ങൾക്കുത്തരം പറയാനാവും ഇങ്ങനെ ചോദിക്കുന്നത് എന്നാണ് ഞാൻ കരുതിയത്. ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ, അവയെല്ലാം അവരുടെ വ്യക്തിപരമായ അനുഭവങ്ങളെക്കുറിച്ചായിരിക്കാം എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

A യുമായി ഗുരുശിഷ്യബന്ധം മാത്രം നിലനിർത്തുന്ന പ്രഥമശിഷ്യരുടെ കൂട്ടത്തിലുള്ളവർക്ക്, തങ്ങളുടെ ഗുരു മറ്റു *സഹോദരന്മാരുമായി* നിരന്തരം രഹസ്യബന്ധം പുലർത്തുന്നു എന്നതും, അവർക്ക് A യുടെ മുറിയുടെ താക്കോൽ വരെ കൈവശമുണ്ടെന്നുള്ളതും, രാത്രിയിൽ രഹസ്യസന്ദർശനം നടത്തുന്നു എന്നുള്ളതും എങ്ങനെ അംഗീകരിക്കാൻ കഴിയും? ഈ പ്രവർത്തിയിൽ എന്തോ വലിയ തകരാറുണ്ട്. A അവരുടെ കുടുംബാംഗങ്ങളിൽ നിന്ന് ചെറുപ്പത്തിൽ അനുഭവിച്ച പീഡനത്തിന്റെയും വൈകൃതത്തിന്റെയും പരിണിതഫലമാണോ ഈ പ്രവർത്തികളെന്ന് ഞാൻ പലപ്പോഴും സംശയിച്ചിട്ടുണ്ട്.

A യുടെ ജീവചരിത്രത്തിൽ; ഭാവങ്ങൾ ചെയ്യാൻ തുടങ്ങിയ കാലത്ത് ദൈവികത്വം കാരണം അവർക്ക് ആർത്തവം

നിലച്ചു എന്നതിനെക്കുറിച്ച് അവകാശപ്പെട്ടിട്ടുണ്ട് എന്നുള്ളത് ഗെയിൽ പറഞ്ഞത് സത്യമാണ്. വ്യക്തിപരമായി ആർത്തവം ഉണ്ടായിരിക്കുകയോ ഇല്ലാതിരിക്കുകയോ ചെയ്യുന്നത് അപ്രസക്തമാണെന്ന് ഞാൻ കരുതുന്നു. അത് ശരീരത്തിന്റെ നൈസർഗിക പ്രവർത്തനമാണ്, ഒരാളുടെ ആത്മീയതയൊ അതീന്ദ്രിയതയൊ അത് നിർണ്ണയിക്കുന്നില്ല. പുരോഗമന ഇന്ത്യയ്ക്ക് ആർത്തവം അശുദ്ധമാണെന്ന കാലഹരണപ്പെട്ട പരിഹാസ്യമായ ധാരണ മാറ്റാനുള്ള സമയം അതിക്രമിച്ചു. ആർത്തവകാലത്ത് സ്ത്രീകൾ പരത്തുന്ന *അശുദ്ധി*, ഛർദ്ദിയായും മുഖക്കുരുവായുമെല്ലാം അവരെ ബാധിക്കുന്നത് A പലപ്പോഴും അത്യുക്തി കലർത്തി ഞങ്ങൾക്ക് തെളിയിച്ചു തന്നിട്ടുണ്ട്. ഇത് പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ഗെയിലിനെ ഇടയ്ക്കിടെ അകറ്റിനിർത്താൻ കാരണമായിട്ടുണ്ട്. ഏതൊരു ആരോഗ്യവതിയായ സ്ത്രീയെയും പോലെ A യ്ക്കും ആർത്തവമുണ്ടായിരുന്നു. സ്വാഭാവികമായും ഭാവത്തിന്റെയും ദർശനത്തിന്റെയും സമയത്തും അവർക്ക് ആർത്തവമുണ്ടാവാറുണ്ട്. അവർക്ക് ആർത്തവമുള്ള സമയത്ത് ദർശനത്തിനിടയിൽ അവരെ സ്പർശിച്ച എല്ലാ ശുദ്ധിനിഷ്ടക്കാരെയും ഞാനൊന്ന് കണ്ണിറുക്കി കാട്ടുന്നു. ദർശനം കഴിഞ്ഞ് മുറിയിലേക്ക് പോകുന്ന ചില സമയത്ത് എങ്ങനെയാണ് A ഗെയിലിനോട് തന്റെ തൊട്ടുപിന്നാലെ നടക്കാൻ ആവശ്യപ്പെടുന്നതെന്ന് ഗെയിൽ തന്റെ പുസ്തകത്തിൽ വിശദമായി പറഞ്ഞിട്ടുണ്ട്. A തനിക്ക് ആർത്തവം തുടങ്ങിയെന്നു കരുതി തന്റെ വെള്ള വസ്ത്രത്തിലെ കറ ആരും കാണാതിരിക്കാനായിരുന്നു ഈ പ്രവർത്തി. എന്റെ കാര്യത്തിൽ, ഞങ്ങളുടെ സ്വകാര്യ സംഭാഷണങ്ങളിൽ നിന്ന് എനിക്ക് വ്യക്തിപരമായി അറിയാം ചില സമയങ്ങളിൽ അവർ ഗർഭിണിയാണോ എന്ന് ഭയന്നിരുന്നുവെന്ന്. അതിന്റെ വിശദവിവരങ്ങൾ വരും ചാപ്റ്ററുകളിലുണ്ട്. പക്ഷേ നോക്കൂ, നിങ്ങൾക്ക്

ആർത്തവമോ ലൈംഗികബന്ധമോ ഇല്ലാതിരിക്കെ എങ്ങനെയാണ് ഇത്തരം സംശയങ്ങൾ വരുന്നത്. ഒരിക്കൽ ഫ്രാൻസിൽ വച്ച് യൂറോപ്പിന്റെ മേൽനോട്ടമുള്ള ബ്രഹ്മചാരിണി A യെ ഡോക്ടറെ കാണിക്കാൻ കൊണ്ടുപോയപ്പോൾ A യ്ക്ക് ആർത്തവമുള്ളതായി മനസ്സിലാക്കി. സ്വാഭാവികമായും രോഗനിർണയത്തിനായി ഡോക്ടർ A യുടെ അവസാന ആർത്തവ തീയതി എന്നാണെന്ന് അന്വേഷിച്ചു. ഏറ്റവും സ്വാഭാവികമായി A അതിന് മറുപടിയും പറഞ്ഞു. എന്നെപ്പോലെ ഒരു ഭക്തന് അതൊരു വിഷയമേ ആയിരുന്നില്ല, എനിക്ക് ആത്മീയാന്വേഷണം മാത്രമായിരുന്നു സർവ്വപ്രധാനം. എന്നിരുന്നാലും, അവനവൻ ജീവിക്കുന്ന പാരമ്പര്യത്തിന് യോജിച്ച രീതിയിൽ ഒരു പ്രതിച്ഛായ കളവായി നിർമ്മിച്ച് ലക്ഷക്കണക്കിന് ആളുകളെ കബളിപ്പിക്കുന്നത് ചോദ്യം ചെയ്യപ്പെടേണ്ടതാണ്.

ശാരീരികശുദ്ധി എന്ന പേരിലുള്ള കൃത്രിമത്തിനെ കവച്ച് വയ്ക്കുന്നതാണ് മറ്റു പല സംഭവങ്ങളും. അബോർഷനകളും ഗർഭമലസലും പോലുള്ള സംഭവങ്ങൾ ഭക്തരെ ഞെട്ടിക്കുക തന്നെ ചെയ്യും. നാഗർകോവിലിനെയും അവിടെയുള്ള ക്ലിനിക്കുകളെയും കുറിച്ച് അവരോട് ചോദിച്ചുനോക്കൂ. തിരുവനന്തപുരത്തു നിന്ന് 70 കിലോമീറ്റർ അകലെയുള്ള ഈ പട്ടണം A യ്ക്ക് നന്നായി അറിയാം. ഈ പട്ടണം അയൽസംസ്ഥാനമായ തമിഴ്നാട്ടിലാണ് സ്ഥിതി ചെയ്യുന്നത്. അന്നത്തെക്കാലത്ത് A യെ അവിടെ അധികമാരും അറിയില്ലായിരുന്നു, അവിടുത്തെ ആളുകളും പരദൂഷണക്കാർ ആയിരുന്നില്ല. A സാധാരണ ആളുകളുടെ വസ്ത്രം ധരിച്ച് യാത്ര ചെയ്ത അപൂർവ്വമൊരു സന്ദർഭമായിരുന്നു അത്, ആളറിയാതിരിക്കാൻ കളറുള്ള സാരിയാണവർ ധരിച്ചിരുന്നത്. അവർ ഇംഗ്ലീഷോ തമിഴോ സംസാരിക്കില്ലെങ്കിലും, അവരുടെ പ്രഥമ ശിഷ്യരിലൊരാളുടെ മാതൃഭാഷ തമിഴായിരുന്നു. ഈ

പറയുന്ന അബോർഷൻ ക്ലിനിക്കുകൾ അയാൾക്കും നന്നായി അറിയാം. സാധാരണയായി A യുടെ തുണികൾ അലക്കുകയെന്നത് ഗെയിലിന്റെ മാത്രം ജോലിയാണ്. എന്നാൽ രായ്ക്ക് രാമാനമുള്ള ഈ രഹസ്യയാത്രയ്ക്ക് ശേഷം ഈ സ്വാമി സ്വയം ആയിരുന്നു A യുടെ തുണിയലക്കിയിരുന്നത്. ഗെയിലിനോട് സാധാരണയായി നിന്ദാപൂർവ്വം പെരുമാറുന്ന, ബ്രാഹ്മണനായി ജനിച്ച ഇയാൾക്ക് എന്തുകൊണ്ടാണ് പെട്ടെന്നിങ്ങനെ മറ്റൊരാളുടെ തുണിയലക്കാനും ഗെയിലിനെ സഹായിക്കാനും ആഗ്രഹം വന്നത്, മറ്റൊരാളുടെ വിഴുപ്പലക്കി ആചാരപരമായി അശുദ്ധനാവാൻ വെറുതെ എന്തിനയാൾ തയ്യാറായി? ഈ കഥ ഗെയിലിൽ നിന്ന് മറച്ചുവയ്ക്കാൻ A ആഗ്രഹിച്ചു. അതുകൊണ്ടുതന്നെ യാത്ര നടന്ന സമയത്ത് ഗെയിലിനെ ഗ്രാമത്തിലെ ഒരു വയസ്സായ അമ്മയോടൊപ്പം ക്ഷേത്ര ദർശനത്തിനായി അയച്ചിരിക്കുകയായിരുന്നു. A സാധാരണയായി ദേവീഭാവത്തിന് ഉടുക്കാനുള്ള ഒരു നിറമുള്ള പട്ട് സാരി ഉടുത്ത് പോവാനും ഗെയിലിനോട് നിർദ്ദേശിച്ചു. കുറച്ചു മാസങ്ങൾക്ക് ശേഷം A യും അവരുടെ തമിഴൻ “മകനും” ആ സ്ഥലത്തേക്ക് ഒരു ദ്രുതസന്ദർശനത്തിനായി തിരികെ പോയി; ഒരു ടെസ്റ്റിനോ കൺസൾട്ടേഷനോ വേണ്ടി ആവണം അത്. ഇത്തവണ അവരുടെ അമ്മയെയും ഗെയിലിനെയും കൂടെ കൂട്ടിയിരുന്നു, അവരെ കന്യാകുമാരിയിൽ വിട്ടിട്ടാണ് A യും മകനും കൺസൾട്ടേഷനു വേണ്ടി പോയത്. ആ സമയത്ത് തന്റെ കണ്മുന്നിൽ എന്താണ് നടക്കുന്നതെന്ന് മനസ്സിലാക്കാൻ ഗെയിലിന് ബുദ്ധിമുട്ടുണ്ടായിരുന്നു. കുറച്ചു വർഷങ്ങൾക്കു ശേഷം ഒരു വിദേശിയായ ഭക്ത ഗർഭിണിയാണെന്ന് സംശയിച്ചപ്പോൾ, A തന്നെ ഗെയിലിനെ കൂട്ടി അവരെ നാഗർകോവിലിലുള്ള ക്ലിനിക്കിലേക്ക് അയച്ചു, അപ്പോൾ മാത്രമാണ് ഗെയിലിന് കാര്യങ്ങൾ വ്യക്തമാവുന്നത്.

ഗർഭം അലസലിനെ കുറിച്ചാണെങ്കിൽ അത് A യുടെ ഇന്ത്യയിലെ ആശ്രമത്തിൽ കുളിമുറിയുടെ സ്വകാര്യതയിൽ വച്ചായിരുന്നു സംഭവിച്ചത്. അവരത് മറച്ചുവയ്ക്കാൻ ശ്രമിച്ചെങ്കിലും അവിടെയുണ്ടായിരുന്ന ഇന്ത്യൻ സഹായിക്ക് ഭീതിതമായ രക്തപ്രവാഹത്തിൽ നിന്ന് കാര്യം വ്യക്തമായി. പിന്നെ ഒരിക്കൽ സാൻഫ്രാൻസിസ്കോ ബെയിലുള്ള ഒരു ഇന്ത്യൻ ഡോക്ടറുടെ (ഡോക്ടറുടെ പേര് എനിക്ക് അറിയാവുന്നതാണ്) അടുത്തുനിന്ന് അബോർഷനുള്ള ഹോർമോണുകൾ അവർ ഓർഡർ ചെയ്തിരുന്നു. മുമ്പ് പറഞ്ഞ തമിഴ് സ്വാമിയുടെ സഹോദരിക്കാണ് അവ ആവശ്യം എന്ന നാട്യത്തിലായിരുന്നു അത്. ആ സ്വാമി തന്റെ അവിവാഹിതയായ, മിക്കവാറും കന്യകയുമായ ഇളയ സഹോദരിയുടെ അഭിമാനം പണയപ്പെടുത്താൻ മാത്രം തരംതാണിരുന്നു. ആ ഗുളികകൾ അതിന്റേതായ ആവശ്യങ്ങൾക്കും ഉദ്ദേശങ്ങൾക്കുമായി നേരെ A യുടെ കിടക്കയ്ക്കടിയിലുള്ള പൂട്ടിയ അറയ്ക്കുള്ളിലേക്കാണ് എത്തപ്പെട്ടത്. തന്നിട്ടുള്ള സൂചനകൾ വച്ച് കഥാപാത്രങ്ങൾ ആരാണെന്ന് അവർക്ക് സ്വയം ഊഹിക്കാം.

ചുരുക്കിപ്പറഞ്ഞാൽ മനുഷ്യജീവിതത്തിലെ അവസ്ഥാന്തരങ്ങളിൽ ഒഴിവാക്കാനാവാത്ത ചില സംഭവങ്ങളാണ് അബോർഷനും ഗർഭമലസലുമെല്ലാം. അതുകൊണ്ടുതന്നെ സാധാരണരീതിയിൽ അവയെക്കുറിച്ച് മുൻവിധിയോടെ സംസാരിക്കുന്നത് അനുചിതമാണ്. പരദൂഷണമല്ല എന്റെ ഉദ്ദേശം, ഞാൻ ഇവിടെ ഒരു കാര്യം ഊന്നിപ്പറയാൻ ആഗ്രഹിക്കുന്നു: *തന്റെ ദിവ്യവും പരിശുദ്ധവുമായ വ്യക്തിത്വത്തിന്റെ അടിസ്ഥാനത്തിൽ ഒരു സാമ്രാജ്യം തന്നെ പടുത്തുയർത്തിയ പ്രശസ്തവ്യക്തിയുടെ കാര്യമാണിത്.* അവരുടെ വ്യക്തിത്വത്തിന്റെ ചില വശങ്ങൾ കപടമാണെന്നത് വിശ്വാസ്യതയുടെയും നൈതികതയുടെയും വലിയ ചോദ്യങ്ങളാണ്

ഉയർത്തുന്നത്. ഈ മാലിന്യങ്ങൾ എല്ലാം പുറത്തുകൊണ്ടുവന്ന് ഒരു ശുദ്ധികലശം നടത്തുവാൻ തീരുമാനിക്കുന്ന ഒരു സമയം വരും. ഇതിലെ ശരിയായ പ്രശ്നം, അവരുടെ വ്യക്തിത്വത്തിലെയും സന്ദേശത്തിലെയും സത്യമേത് മിഥ്യയേത് എന്ന് ഒരാൾക്ക് തിരിച്ചറിയാൻ കഴിയാതെ പോവുന്നു എന്നതാണ്. എല്ലാ വിവരങ്ങളും അറിഞ്ഞുകൊണ്ട് ഒരു തീരുമാനമെടുക്കാനായി ഇത്തരം അന്വേഷണങ്ങൾ സഹായിക്കും. അതിന് ആരെയും കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. അതിനപ്പുറം, അവരും അവരുടെ "പുത്രന്മാരും- കമിതാക്കളും- ശിഷ്യരും- ഭക്തരും- സഹായികളും" എങ്ങനെയാണ് ജീവിക്കുന്നതെന്നത് അവരുടെ മാത്രം കാര്യമാണ്.

## III. 5. യോനിയുടെ കൃപാകടാക്ഷം

എനിക്കും എന്റേതായ അഭിനിവേശങ്ങളുണ്ടായിരുന്നു. എനിക്ക് അവരെ എപ്പോഴും കാണുകയും അവരുടെ ശബ്ദം കേൾക്കുകയും അവരോടൊപ്പം സമയം ചെലവഴിക്കുകയും വേണമായിരുന്നു. ഒരു സമയത്ത് ഞാൻ പ്രണയത്തിലായിരുന്നു എന്നുതന്നെ പറയാം, പൊതുധാരണയ്ക്ക് അനുസൃതമായി അല്ല എന്ന് മാത്രം. ആത്മീയാഭിലാഷങ്ങളുടെയും അതീന്ദ്രിയമായ ഉൾപ്രേരണയുടെയും: എന്റെ വഴികാട്ടിയായി ഞാൻ തെരഞ്ഞെടുത്ത ആളിന്റെ ശിക്ഷണത്തിന്റെയും അങ്ങനെ പല ചേതോവികാരങ്ങളുടെ ഒരു മിശ്രണമായിരുന്നു അത്. അവർ ശരിയായൊരു ഗുരുവായിരുന്നുവെങ്കിലോ, അവർക്ക് ശരിയായ

വിദ്യാഭ്യാസം ലഭിച്ചിരുന്നുവെങ്കിലോ അവർ സ്വയം ഒരു വഴികാട്ടി മാത്രമാണെന്നും, ഗുരു എന്ന രീതിയിൽ എനിക്കുള്ളിൽ (എല്ലാവരുടെ ഉള്ളിലും) പ്രകാശിക്കുന്ന പരമമായ ബോധത്തിലേക്ക് ചൂണ്ടിക്കാണിക്കുന്ന ഒരു ചൂണ്ടുപലക മാത്രമാണ് അവരെന്നും ഊന്നിപ്പറഞ്ഞേനെ. എന്നാൽ ഈ ആരാധന അവർക്കുള്ളതല്ലെന്ന് തിരിച്ചറിയുന്നതിനുപകരം അവരീ ആരാധനയെ സ്വീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയുമാണ് ചെയ്തത്. എന്നെ സംബന്ധിച്ചിടത്തോളം ഇത് ആത്മജ്ഞാനം പകർന്നുനൽകുന്നതിന്റെ വെല്ലുവിളികൾ നേരിടാൻ അവർ പ്രാപ്തയല്ല എന്ന തിരിച്ചറിവാണ് തരുന്നത്.

മറ്റു ചിലരോട് മാത്രമല്ല അവർക്ക് ലൈംഗിക ബന്ധമുണ്ടായിരുന്നത്, ഞാനും അവരോടൊപ്പം പലപ്പോഴും അത്തരം ബന്ധം പുലർത്തിയിട്ടുണ്ട്. മുമ്പ് പറഞ്ഞതുപോലെ അവരെന്നെ വഴിതെറ്റി നിർബാധം സഞ്ചരിക്കാൻ അനുവദിച്ചു. ദൈവത്തോടുള്ള ഭക്തിയും ആത്മാവലോകനവും ഗുരുവിനോടുള്ള സ്നേഹവും സേവയും, ജീവന്മുക്തിക്കായുള്ള അതിയായ ആഗ്രഹവും, ശാരീരികവും രതിജന്യവും ആത്മീയവുമായ പ്രണയവും, ഒന്നുചേരാനുള്ള ആഗ്രഹവും (ഇക്കാര്യത്തിൽ അതൊരു സ്ത്രീയോടുള്ളതായിരുന്നു). ഇങ്ങനെ പലവിധ വികാരങ്ങൾ കൂടിക്കലർന്നതായിരുന്നു അന്നത്തെ മനോഭാവം. ഒരു സ്ത്രീക്കും പുരുഷനും ഒരു ഗുരുവിനും ശിഷ്യനും കൈകാര്യം ചെയ്യാവുന്നതിലധികമായിരുന്നു ഇതെല്ലാം. ഈ അഭിനിവേശം ശാരീരികമായി മാറാൻ എനിക്ക് അധികമൊന്നും വേണ്ടിവന്നില്ല. അതിരുകൾ എത്ര അസ്ഥിരമാണെന്നും അവ്യക്തമാണെന്നും എല്ലാവർക്കും അറിയാം. അവ കണ്ടുപിടിക്കാൻ വളരെ വിഷമമാണ്. ഇതാണ് അതിർവരമ്പെന്ന് നിശ്ചയിച്ച് നിമിഷങ്ങൾക്കുള്ളിൽ, മറ്റൊരു സന്ദർഭത്തിൽ, മറ്റൊരു വികാരത്തിലും വിചാരത്തിലും, അത് മറ്റൊരിടത്തേക്ക് മാറിയിട്ടുണ്ടാവും.

മറ്റൊരിടത്ത് പറഞ്ഞതുപോലെ ഞാൻ ആഗ്ളോ സാക്സണല്ല, എനിക്ക് വ്യക്തിപരമായ അരുതുകളുമില്ല. അപ്പപ്പോൾ ശരിയെന്നും നല്ലതെന്നും തോന്നുന്നത് ചെയ്യുകയും, പിന്നീട് മനസ്താപമില്ലാതെ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്യുന്നതാണെന്റെ ശീലം. മറ്റു "*പുത്രന്മാരെ*" വിളിപ്പിക്കുന്നതുപോലെ A പലപ്പോഴും എന്നെ രാത്രികാലങ്ങളിൽ വിളിപ്പിച്ചിരുന്നു. ഞങ്ങൾ ആത്മീയതയെക്കുറിച്ചും ആത്മീയാന്വേഷണ വഴിയിലെ പ്രായോഗിക പ്രശ്നങ്ങളെക്കുറിച്ചും സമകാലിക സംഭവങ്ങളെക്കുറിച്ചും മറ്റാരുടെയെങ്കിലുമൊക്കെ പെരുമാറ്റത്തെക്കുറിച്ചും എല്ലാം സംസാരിച്ചിരുന്നു. ചില സമയത്ത് അവർ പടിഞ്ഞാറൻ ചിന്താഗതിയെക്കുറിച്ചും ലൈംഗികതയെക്കുറിച്ചും അറിയാൻ താല്പര്യം കാണിക്കും. മറ്റുചിലപ്പോൾ സംസാരിക്കാൻ ഒന്നുമില്ലാത്തപ്പോൾ ഞാൻ അവരുടെ കാൽക്കൽ ഇരിക്കും, അവർ കട്ടിലിൽ കിടക്കുകയാവും. പലപ്പോഴും ഞാൻ അവരുടെ പാദങ്ങളോ കാലുകളോ തിരുമ്മുന്നുണ്ടാകും, ഒടുവിൽ അവരെന്നെ അവരുടെ അരികിൽ കിടക്കാനായി ക്ഷണിക്കും. പിന്നീട് അവർ എന്റെ ഒരു കൈയെടുത്ത് അവരുടെ മാറിടത്തിൽ വയ്ക്കും. പലപ്പോഴും അവരൊരു മാറിടം പുറത്തെടുത്ത് മുലഞെട്ട് നുകരാനായി എന്റെ വായിലേക്ക് വച്ചുതരും. ചിലപ്പൊഴൊക്കെ ബ്രാ ഊരി മാറ്റുകയും മാറിടം മുഴുവനായും എനിക്ക് നൽകുകയും ചെയ്യും. പലപ്പോഴും അവർ അവരുടെ പെറ്റിക്കോട്ടുയർത്തി, തുടകൾ അകറ്റി അവരുടെ അരക്കെട്ടിൽ എന്റെ ലിംഗം ചേർക്കാനും, പിന്നീട് പുറമെയുള്ള യോനീപുടങ്ങളോട് ചേർത്തു വയ്ക്കാനും ആവശ്യപ്പെടും. താന്ത്രിക് സെക്ഷ്വാലിറ്റിയെക്കുറിച്ചുള്ള എന്റെ അറിവുകൾ പരീക്ഷിക്കാനുള്ള ഉചിതമായ സമയമാണിതെന്ന് എനിക്ക് തോന്നി. കഴിവിന്റെ പരമാവധി താന്ത്രികമായിതന്നെ തുടരുന്നത് എനിക്ക് പ്രധാനമായിരുന്നു. അതുകൊണ്ടുതന്നെ എന്റെ വികാരാവേശവും ആനന്ദവും പരമാവധി നിയന്ത്രിച്ച് അടിസ്ഥാനപരമായ മൈഥുനത്തിലേക്ക്

വഴുതിവീഴാതിരിക്കാൻ ഞാൻ ശ്രദ്ധിച്ചു. തുടർന്ന് അവരെന്നെ എന്റെ അരക്കെട്ട് സുരതത്തിലെന്നവണ്ണം ഇളക്കുവാനായി പ്രേരിപ്പിച്ചു, അങ്ങനെ ഞാൻ എന്റെ ഉദ്ധരിച്ച ലിംഗം കൊണ്ട് അവരുടെ ബാഹ്യഗുഹ്യാവയവത്തിൽ അങ്ങോളമിങ്ങോളം ഉരസാൻ തുടങ്ങി. പ്രവേശനം നടത്താതെ, ധാരാളം സമയം ഇങ്ങനെ തന്നെ തുടരുമായിരുന്നു. ഇത് ഒരേസമയം കാമോദ്ദീപനവും ആവേശഭരിതവും പ്രശാന്തവുമായിരുന്നു. അവരുടെ കിടക്കയിൽ നിന്ന് ജനാലയിലൂടെ നിലാവും, നക്ഷത്രങ്ങൾ നിറഞ്ഞ ആകാശവും എനിക്ക് കാണാമായിരുന്നു. ഇതൊരു ആചാരം പോലെ ഞങ്ങൾ പലതവണ ആവർത്തിച്ചു, അവസരമൊത്തുവന്നപ്പോഴൊക്കെ, എനിക്കുമിത് ഹിതകരമായിരുന്നു.

ഞങ്ങളുടെ നിശാസംഗമങ്ങളിലൊന്ന് ഇറ്റലിയിലെ ഒരു കുടുസ്സുമുറിയിലായിരുന്നു, ഗെയിൽ അവിടെ ആദ്യമേ ഉറക്കം പിടിച്ചിരുന്നു. A തന്റെ കിടക്കയിൽ നിന്നെഴുന്നേറ്റ് നിലത്തൊരു ബ്ലാങ്കറ്റ് വിരിച്ച് എന്നെ ക്ഷണിച്ചു. ഇത്തവണ ഞങ്ങൾ വശങ്ങളിലേക്ക് തിരിഞ്ഞ് മുഖാമുഖം നോക്കി കിടക്കുകയായിരുന്നു, കാലുകൾ തമ്മിൽ കൂട്ടിപ്പിണച്ച് തുറന്നുവച്ച കത്രികപോലുള്ള സെക്ഷ്വൽ പൊസിഷനിൽ. ഞങ്ങൾ തുടർന്നുവന്ന ആചാരം ആവർത്തിക്കാൻ അവരെന്നെ ക്ഷണിച്ചു. അങ്ങനെ എത്രനേരം കടന്നു പോയി എന്നെനിക്കറിയില്ല, അവർ പാതി ഉറക്കത്തിലായിരുന്നു എന്ന് തോന്നിയെങ്കിലും അവർക്ക് യഥേഷ്ടം സ്നിഗ്ധത കൈവന്നിരുന്നു എന്തെന്നാൽ അൽപ്പസമയത്തിൽ എന്റെ ലിംഗാഗ്രം അവരുടെ യോനീപുടങ്ങൾക്ക് നടുവിൽ തങ്ങി ഈർപ്പമുള്ള യോനിക്ക് അഭിമുഖമായി നിലയുറപ്പിച്ചു. ആ മടക്കിൽ തങ്ങിനിന്നപ്പോൾ വികാരാവേശത്തിനും ആനന്ദത്തിനുമിടയിലും ഞാൻ സ്തംഭിച്ചു. അവിടെത്തന്നെ നിശ്ചലമായി നിൽക്കാൻ ഞാൻ ശ്രമിച്ചു. തുടർന്നും അരക്കെട്ട് അൽപ്പമെങ്കിലും ചലിപ്പിക്കുന്നത് സംഭോഗത്തിലേക്ക് എത്തിക്കുമായിരുന്നു, അത്

ഒരിക്കലും ഞാൻ അവരുമായി സങ്കൽപ്പിച്ചിട്ടില്ലായിരുന്നതാണ്. ഞങ്ങൾ തമ്മിൽ ഒരിക്കലും യഥാർത്ഥ സംഭോഗത്തിലേർപ്പെട്ടിട്ടില്ല, ഒരു ലൈംഗിക പങ്കാളിയെപ്പോലെ അവരൊരിക്കലും എന്നോട് പെരുമാറിയിട്ടുമില്ല. ഇങ്ങനെയൊക്കെയാണെങ്കിലും, ലൈംഗികാവയവങ്ങൾക്ക് അവയുടേതായ ബുദ്ധിയോ നിശ്ചയമോ ഒക്കെയുണ്ട്, എന്റെ ലിംഗാഗ്രം അതീന്ദ്രിയമായ എന്തോ പ്രേരണയാൽ ഉള്ളിലേക്ക് വലിച്ചെടുക്കപ്പെട്ടു. എന്റെ നിയന്ത്രണത്തിന്റെ അങ്ങേയറ്റവും എത്തി എന്നെനിക്ക് തോന്നി. തന്ത്രയുടെ സഹായം ഉണ്ടെങ്കിലും ഇല്ലെങ്കിലും എനിക്ക് ഗുരുവിനെ ഗ്രഹിക്കാനുള്ള കഴിവ് അനന്തമായിരുന്നില്ല, ഒടുവിലത് ഒരു ബലൂൺ പോലെ പൊട്ടി. സാധാരണയായി എപ്പോഴും സ്വയം നിയന്ത്രിക്കാൻ എനിക്ക് കഴിഞ്ഞിരുന്നുവെങ്കിലും, ഇത്തവണ വേണ്ടതുപോലെ വേഗത്തിൽ പ്രതികരിക്കാൻ എനിക്ക് കഴിഞ്ഞില്ല, മടക്കയാത്ര അസാധ്യമായ ഒരിടത്ത് ഞാനെത്തപ്പെട്ടിരുന്നു. എന്നാൽ അവർക്ക് ആർത്തവമില്ല എന്നതുകൊണ്ട് എനിക്ക് ആശങ്ക തോന്നിയില്ല, (അക്കാലത്ത് എനിക്ക് ആ ഔദ്യോഗികാഖ്യാനത്തിലെ കപടത അറിയില്ലായിരുന്നു). ആദ്യം എന്താണ് നടക്കുന്നതെന്ന് അവർക്ക് മനസ്സിലായില്ല, എന്നാൽ എന്റെ ദ്രുതചലനങ്ങൾ കൊണ്ട് കാര്യം ഗ്രഹിച്ച അവർ ശൗചത്തിനായി ചാടി എഴുന്നേറ്റു. എനിക്ക് അത്ഭുതം തോന്നി. കുളിമുറിയിൽ നിന്ന് തിരികെ വന്ന അവർ ഞെട്ടലിലായിരുന്നു. ഞാൻ സ്ഖലനം നടത്താൻ പാടില്ലായിരുന്നുവെന്നും, ഞാൻ മുൻകാലങ്ങളിൽ ശീലിച്ചിരുന്ന ആത്മനിയന്ത്രണം കാരണമാണ് അവരെന്നെ വിശ്വസിച്ചതെന്നും, അല്ലെങ്കിലൊരിക്കലും അവരെന്നെ ഇത്രയും അടുക്കാൻ അനുവദിക്കില്ലായിരുന്നുവെന്നും അവരെന്നോട് പറഞ്ഞു. അപ്പോൾ തുടങ്ങി 15 ദിവസം നീണ്ടുനിന്ന പീഡനവും മനക്ലേശവും. രാത്രി പ്രോഗ്രാം കഴിഞ്ഞ് ആരുമറിയാതെ പലതവണ അവരെന്നെ അവരുടെ മൂത്രവുമായി ഗർഭിണിയാണോ എന്ന പരിശോധനയ്ക്ക് പറഞ്ഞയച്ചു.

ഉദാഹരണത്തിന് സ്വിറ്റ്സർലൻഡിലെ ജർമ്മൻ സംസാരിക്കുന്ന ഒരു പ്രവിശ്യയിലെ മലനിരകളിൽ 1200 മീറ്റർ ഉയരത്തിൽ, പാതിരാത്രിയിൽ ഉറങ്ങുന്നതിനുപകരം ഒരു ജാറിൽ അവരുടെ മൂത്രവുമായി കാറോടിച്ച് 10 കിലോമീറ്റർ ചുറ്റിവളഞ്ഞ മലനിര ഇറങ്ങി അടുത്ത ഗ്രാമത്തിലെത്തി, ഇത്തരമൊരു നിസ്സാരമായ ടെസ്റ്റ് പാതിരാത്രിയിൽ ചെയ്യാൻ തയ്യാറുള്ള ഏതെങ്കിലും എമർജൻസി ഡോക്ടറെ കണ്ടുപിടിച്ച് ഉണർത്തി വേണമായിരുന്നു കാര്യം സാധിക്കാൻ. സ്വാഭാവികമായും ഇത്തരമൊരു അപേക്ഷ പലർക്കും സ്വീകാര്യമായിരുന്നില്ല. “നിങ്ങളുടെ കാമുകിയോട് ശാന്തയായി ഇരിക്കാനും, പകൽ സമയം കൺസൾട്ടേഷൻ സമയത്ത് വന്നു കാണാനും പറയൂ” എന്നാണ് എപ്പോഴും എനിക്ക് കേൾക്കേണ്ടി വന്നിട്ടുള്ളത്. ആ യൂറോപ്യൻ പര്യടനം മുഴുവനും അവർ ഇങ്ങനെ തന്നെ തുടർന്നു, തിരികെ ഇന്ത്യയിലേക്ക് പോകുംവരെ. എല്ലാ ടെസ്റ്റുകളും നെഗറ്റീവായിരുന്നു.

ബാലുവും റാവുവുമായി താരതമ്യം ചെയ്യുമ്പോൾ ഞാൻ വിരളമായ അവസരങ്ങളിലേ അവരുമായി രാത്രി ചെലവഴിച്ചിരുന്നുള്ളൂ. ഞാനൊരിക്കലും അതിനായി ആവശ്യപ്പെട്ടിട്ടോ കാത്തിരുന്നിട്ടോ ഇല്ല. എന്നെ വിളിച്ചാൽ പോകുകയും ഇല്ലെങ്കിൽ സ്വന്തം കാര്യം നോക്കിയിരിക്കുകയും ചെയ്യും എന്നതായിരുന്നു എന്റെ ശീലം. അവരുടെ ബന്ധത്തിന്റെ രീതിയനുസരിച്ചും ശിഷ്യരുടെ തിരിച്ചുള്ള സ്നേഹം കാമം കലർന്നതാണോ എന്നതനുസരിച്ചും അവർ അവരുടെ ശിഷ്യരോടൊപ്പം ലൈംഗിക ബന്ധത്തിലേർപ്പെടും എന്നത് എനിക്ക് മനസ്സിലാക്കാനാവും. എന്നാൽ രണ്ട് പതിവുകാരെയും പിന്നെ വല്ലപ്പോഴുമുള്ള മറ്റു ചിലരെയുമൊക്കെ ഉൾക്കൊള്ളിക്കാനായി A യ്ക്ക് പതിവായി എത്ര ശാരീരികബന്ധത്തിൽ ഏർപ്പെടണമായിരുന്നു എന്നത് നിങ്ങൾക്ക് സങ്കൽപിക്കാൻ കഴിയുന്നുണ്ടോ? അതിനെക്കുറിച്ചാലോചിച്ചാൽ ഗുരുവിന്റെ ദിനചര്യ-

കളെക്കുറിച്ചുള്ള ഒരു പുതിയ വീക്ഷണമായിരിക്കും നിങ്ങളുടെ അവിശ്വാസം തുളുമ്പുന്ന കണ്ണുകൾക്കു മുന്നിൽ തെളിയുക.

വീണ്ടും പറയുന്നു എനിക്ക് വ്യക്തിപരമായ അരുതുകളില്ല, സൈദ്ധാന്തികമായി ഗുരുശിഷ്യന്മാർ തമ്മിൽ ലൈംഗികമായ ബന്ധമുള്ള ഒരവസ്ഥയെക്കുറിച്ച് എനിക്ക് ആലോചിക്കാൻ സാധിക്കുന്നുണ്ട്, എന്നാൽ അങ്ങനെയാകുന്ന പക്ഷം അതിൽ പരസ്പരാനുവാദം ഉണ്ടായിരിക്കുകയും രഹസ്യസ്വഭാവം ഇല്ലാതിരിക്കുകയും വേണം, ആശ്രമമാകുന്ന ചെറിയ സമൂഹത്തിൽ അത് സമന്വയിപ്പിക്കുകയും അതിനു സ്വീകാര്യതയുണ്ടാവുകയും വേണം, പുറമേയുള്ള സമൂഹത്തിൽ അതിന് നൈതികതയും സ്വീകാര്യതയും വേണം, ആ രാജ്യത്തെ ആത്മീയധാരണകൾക്കും നിയമങ്ങൾക്കും അത് വിധേയവുമായിരിക്കണം. ഈ നിബന്ധനകളെല്ലാം ഒരു പ്രത്യേക സാഹചര്യത്തെയാണ് കാണിക്കുന്നത്, അതേതായാലും ഇന്ത്യൻ സാഹചര്യത്തിൽ സാധ്യമല്ല. ഏകാന്തജീവിതത്തിലും ബ്രഹ്മചര്യത്തിലും അധിഷ്ഠിതമല്ലാത്ത പാരമ്പര്യമുള്ള ഒരു ഗുരു, പ്രായപൂർത്തിയായ ഒരു ശിഷ്യനുമായി പരസ്പരസമ്മതത്തോടെ ബന്ധമുണ്ടെങ്കിൽ, അത് രഹസ്യമല്ലാതിരിക്കുകയും അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്യുന്നിടത്തോളം എന്തുകൊണ്ട് ആയിക്കൂടാ? പിന്നെ അതിൽ വരുന്ന ഒരു ചോദ്യം അധികാരമുള്ളതിനാൽ ഒരാൾ മറ്റൊരാൾക്കുമേൽ നടത്താൻ സാധ്യതയുള്ള അന്യായമായ സ്വാധീനത്തിന്റേതാണ്. അതിന് പൊതുവായ നിയമങ്ങൾ ഒന്നുംതന്നെ ഇല്ല. എന്നാൽ A യുടെ സാഹചര്യം വളരെ വ്യത്യസ്തമാണ്.

ഈ ബന്ധങ്ങൾ ഉണ്ടായ പശ്ചാത്തലവും സാഹചര്യവും അങ്ങേയറ്റം നിന്ദ്യമാണ്. തന്റെ ലൈഗികതയുടെ പാരമ്യത്തിൽ നിൽക്കുന്ന, നിങ്ങൾ അതീന്ദ്രിയ പ്രണയവും ആത്മീയതയും മുക്തിയും ഗുരുവിനോടുള്ള

സ്നേഹവും ആസക്തിയുമെല്ലാം കൂട്ടിക്കുഴയ്ക്കാൻ അനുവദിച്ച ഒരു മുപ്പതുകാരനോട് പോയി പറയൂ, ക്ഷണമനുസരിച്ചാണെങ്കിലും അറിയാതെ മറ്റൊരിടത്ത് കയറിപ്പോയത് അവന്റെ തെറ്റാണെന്ന്. എന്റെ നിലപാട് അതുതന്നെയാണ്, അവരുടെ അധികാരവും ആധിപത്യവും വച്ചു നോക്കുമ്പോൾ ഉത്തരവാദിത്വം മുഴുവനും അവർക്ക് തന്നെയായിരുന്നു. എന്തെന്നാൽ അവർ ഞങ്ങളെ (പ്രത്യേകിച്ച് ശിഷ്യന്മാരെ) അവരോടുള്ള സ്നേഹത്തിൽ ആസക്തിയിൽ ഗതിയില്ലാതെ അലഞ്ഞുതിരിയാൻ അനുവദിച്ചു, അതിനുശേഷം ബോധപൂർവ്വം ആലിംഗനങ്ങളും സ്പർശനങ്ങളും പിന്നീട് രതിക്രീഡകളും ലൈംഗികതയും ഉപയോഗിച്ച് ഞങ്ങളെ അവരിലേക്ക് തളച്ചിടാൻ ശ്രമിച്ചു. ഇതെല്ലാം ഞങ്ങൾ വഴിതെറ്റാതിരിക്കാനും, ലക്ഷ്യത്തിലും പാതയിലും ശ്രദ്ധ കേന്ദ്രീകരിക്കാനും, കാല്പനികഭ്രമങ്ങളിൽ ആസക്തരാവാതിരിക്കാനും, വിഷയസുഖം തേടി സ്ത്രീകളുടെ അടുത്ത് പോകാതിരിക്കാനും ആയിരുന്നത്രേ... "മറ്റു സ്ത്രീകളുടെ" എന്ന് എടുത്തുപറയണം. ആത്മീയവഴിയിൽ ഞങ്ങളെ നയിക്കാനുള്ള കഴിവുകേട് അവർ തീർത്തത് ലൈംഗികതയും ആസക്തിയും വഴി മാനസികമായി ഞങ്ങളെ അവരിൽ തന്നെ തളച്ചിടുകയും, വഴിപിഴച്ച രീതിയിൽ ഞങ്ങളെ സ്വാധീനിക്കുകയും ചെയ്തുകൊണ്ടാണ്. ഇത് ഏറ്റവും നിന്ദ്യമാണ്. നേരത്തെ പറഞ്ഞതുപോലെ അവർ വിദ്യാഭ്യാസമില്ലാത്തവരാണ്, വിശുദ്ധഗ്രന്ഥങ്ങളും മറ്റും പഠിച്ചിട്ടുമില്ല. അതുകൊണ്ടുതന്നെ ഉപനിഷത്ത് വാക്യങ്ങൾ അനുസരിച്ച് അവരൊരു *ആചാര്യ*യുമല്ല. ഗുരുക്കന്മാരുടെ ഒരു നീണ്ട നിരയിൽ നിന്ന് വന്നതല്ല അവർ, അവർക്കൊരു ഗുരു ഉണ്ടായിരുന്നില്ല. അവർക്ക് കഴിവുണ്ടായിരുന്നെങ്കിൽ ഞങ്ങളുടെ ഊർജ്ജങ്ങളെ നേർവഴിക്ക് നയിച്ച് ഞങ്ങളെ സ്വയം പ്രാപ്തരാക്കാൻ അവർക്ക് കഴിഞ്ഞേനെ, മാറിടങ്ങൾ പുറത്തെടുക്കുകയും കാലകത്തുകയുമൊന്നും ചെയ്യാതെ തന്നെ.

മറ്റൊരു സന്ദർഭത്തിൽ കുറച്ചുകാലം അവരുടെ ഗുദത്തിലെ ചർമ്മത്തിൽ ഒരു ചെറിയ കീറലുണ്ടായിരുന്നു. ആശ്ചര്യം തോന്നിയെങ്കിലും, ഈ പ്രശ്നം എങ്ങനെയുണ്ടായി എന്നറിയാൻ ഞാൻ ശ്രമിച്ചില്ല. തുറന്നുപറഞ്ഞാൽ ഇന്നിത് എഴുതുമ്പോൾ അന്നത്തെ എന്റെ നിഷ്കളങ്കതയോർത്ത് എനിക്ക് തന്നെ ലജ്ജ തോന്നുന്നു. ചുരുക്കത്തിൽ അത് ഞാൻ ഭക്തിപുരസരം ആരാധന നടത്തിയിരുന്ന സമയമായിരുന്നു. ദർശന സമയത്ത് മണിക്കൂറുകൾ ഇരിക്കേണ്ടി വരുമ്പോൾ അത് വല്ലാതെ വേദനിക്കുന്നു എന്നും, നിവർത്തി മാർഗ്ഗം പലതും നോക്കിയെന്നും എന്നാൽ ഒന്നും ഫലിച്ചില്ലെന്നും അവർ എന്നോട് പറഞ്ഞു. ഒരു ഉപാസകന്റെ എല്ലായിടവും ഈശ്വരചൈതന്യം വിളയാടും എന്നതിനാൽ അവരുടെ മുറിവ് നക്കി ഉണക്കാമെന്ന് ഞാൻ വാഗ്ദാനം ചെയ്തു. എന്തൊക്കെയായാലും ദത്തൻ എന്ന കുഷ്ഠരോഗിയുടെ മുറിവുകൾ അവർ നക്കി ഉണക്കാറുണ്ടായിരുന്നല്ലോ. എന്റെ കഷ്ടകാലത്തിന് അവരുടെ ശരീരത്തിന്റെ ഈ പ്രത്യേക ഭാഗത്താണ് മുറിവുണ്ടായിരുന്നത്. അങ്ങനെ ഞങ്ങൾ ധാരാളം തവണ അതിനായി സമയം ചെലവഴിച്ചു, അവർ മലർന്നുകിടന്ന് കാലുകൾ വായുവിലുയർത്തി വച്ചു, ഞാൻ എന്റെ നാവിൻ തുമ്പുകൊണ്ട് അവരുടെ മുറിവ് ഉമിനീരാൽ തുടച്ചു, ഈ സമയമെല്ലാം ഇതൊരു ഭക്തിപൂർവ്വമുള്ള ആരാധനയായി കണക്കാക്കി ഭക്തിനിർഭരമായി എന്റെ മന്ത്രവും ചൊല്ലുന്നുണ്ടായിരുന്നു. ഇന്ന് തിരിഞ്ഞു നോക്കുമ്പോൾ ആ രംഗം ഓർത്ത് ഞാൻ നടുങ്ങുന്നു. ആ സമയത്ത് ലൈംഗികമായ പിരിമുറുക്കങ്ങൾ ഒന്നും തന്നെ ഞങ്ങൾക്കുണ്ടായിരുന്നില്ല, അതവർക്ക് സാന്ത്വനവും നൽകിയിരുന്നു. ഇത് പരിഹാസ്യമായി തോന്നാമെങ്കിലും, ഒരുപാട് ഭക്തിയും സമർപ്പണവും വേണ്ടിയിരുന്ന ഒരു പ്രവർത്തിയായിരുന്നു അത്, അരുതുകളെ മറികടക്കാനും ശ്രമം വേണ്ടിയിരുന്നു. അവർക്ക് ഇതിനെക്കുറിച്ച് എന്തുതോന്നി എന്നെനിക്കറിയില്ല, എന്നിരുന്നാലും ഈ

“സേവനം” കുറച്ചുതവണ ആവർത്തിക്കാൻ അവരെന്നെ അനുവദിച്ചു. ഒരുദിവസം താൻ സുഖപ്പെട്ടതായി അവർ പ്രഖ്യാപിച്ചു, അതിനുശേഷം ഞങ്ങൾ ഒരിക്കലും അതിനെക്കുറിച്ച് സംസാരിച്ചില്ല.

എന്റെ അനുഭവത്തിൽ നിന്നും, ഗെയിലിനോട് സംസാരിച്ചു മനസ്സിലാക്കിയതിൽ നിന്നും A യ്ക്ക് പൂർണ്ണമായ ബോധപൂർവ്വമായ ഒരു ലൈംഗികതൃഷ്ണ ഉണ്ടായിരുന്നില്ല. ഒരുവശത്ത് നിരക്ഷരരായ ഏറ്റവും താഴേക്കിടയിലെ മുക്കുവകുടുംബത്തിലെ അംഗമായി ജീവിച്ച അനുഭവങ്ങൾ: ആ ചുറ്റുപാടിലെ സ്ത്രീകൾ വിധേയത്വമുള്ളവരായിരുന്നു, ആ സ്ത്രീകൾ തങ്ങൾക്ക് ആവശ്യമായ സമയം എടുക്കുകയും, തങ്ങളുടെ ലൈംഗികതയെ അറിയുകയും, തങ്ങളുടെ ആനന്ദം അവകാശപ്പെടുകയും ഒക്കെ ചെയ്യുന്നത് ഒരിക്കലും നടക്കാത്തതായിരുന്നു. അവർ പുരുഷന്മാരുടെ ആനന്ദത്തിനുവേണ്ടിയാണ് നിലനിന്നിരുന്നത്, അവർക്കുവേണ്ടി അവരുടെ “വൃത്തികെട്ട ജോലികൾ” ചെയ്യാൻ. മറുവശത്ത് സ്വകാര്യതയിൽ A യ്ക്ക് അരുതുകളൊന്നും ഉണ്ടായിരുന്നില്ല. ഞങ്ങളുടെ കാമപരമായ പ്രവർത്തികൾക്കിടയിൽ അവരുടെ ശരീരം ആനന്ദിച്ചിരുന്നു, എന്തെന്നാൽ അവർ നനഞ്ഞിരുന്നു. എന്നാൽ മറ്റേതൊരു ആരോഗ്യമുള്ള സാധാരണ സ്ത്രീയെയും പോലെ അവർ ഒരിക്കലും ലൈംഗികവികാരമോ ആനന്ദമോ അഭിലാഷങ്ങളോ പ്രകടിപ്പിച്ചിരുന്നില്ല. ഈ പെരുമാറ്റത്തെക്കുറിച്ച് എന്തെങ്കിലും പറയാനോ ന്യായീകരിക്കാനോ ഞാൻ തുനിയുന്നില്ല. എനിക്കതിനുള്ള കഴിവോ അറിവോ താൽപര്യമോ ഇല്ല. ഉള്ളത് പറഞ്ഞാൽ, തന്റെ പൂർണ്ണമായ വ്യക്തിത്വത്തിന്റെ ഉത്തരവാദിത്വം പേറുന്ന, സമ്പൂർണ്ണവും സമ്പുഷ്ടവുമായ എന്തെങ്കിലും പകർന്നുനൽകാൻ കഴിയുന്ന ഒരു പങ്കാളിയാണ് നിയോ-തന്ത്രയുടെ മനോഹാരിതയും മാഹാത്മ്യവും പങ്കിടാൻ അനുയോജ്യ. എന്നാൽ ഈ ആത്മരതിപരമായ വഴിപിഴച്ച സ്വാധീനത്തിനിടയിൽ അങ്ങനെ ആയിരുന്നില്ല

കാര്യങ്ങൾ. എന്റെ ധാരണ A പരമാനന്ദത്തിന്റെ അമൃതിന്റെ അമ്മയാണെന്നായിരുന്നു. എന്റെ പതനത്തിന്റെ ആഴം അന്നെനിക്ക് മനസ്സിലായില്ല.

ഗെയിൽ എന്നോട് പറഞ്ഞതുപോലെ *"ആൺ ഗുരുക്കന്മാരുടെ ലൈംഗിക വൈകൃതങ്ങൾക്കിടയിൽ സ്വാഭാവികമായും ഈ പ്രശ്നം പെൺ ഗുരുക്കന്മാരുടെ കാര്യത്തിലില്ല എന്ന് കരുതപ്പെടുന്നു"* പറയുന്നതിൽ മനസ്താപമുണ്ട്, A തലക്കെട്ടുകൾ സൃഷ്ടിക്കുമ്പോഴും, ലക്ഷക്കണക്കിനാളുകൾക്ക് ഹിന്ദു പാരമ്പര്യത്തിൽ എങ്ങും കേട്ടിട്ടില്ലാത്തവിധം ആലിംഗനം നൽകി ദർശനം നടത്തുമ്പോഴും, അവർ വളരെ വിദഗ്ദ്ധമായി കള്ളങ്ങളും വൈകൃതങ്ങളും നടത്തിക്കൊണ്ടു പോവുകയാണ്. അത് ലൈംഗികാതിക്രമമാണെന്ന് പറയാൻ കഴിയാത്ത ഒരു ഘടനയാണ് ഇക്കാര്യത്തിലുള്ളത്. എനിക്ക് സംഭവിച്ചത് അതിക്രമമാണ് എന്നു പറഞ്ഞാൽ അത് അസംബന്ധമാണ്. ഗെയിൽ പറയുന്നതനുസരിച്ച് *"മാനസികപീഡനവും, മാനസികമായി ഒരാളെ സ്വാധീനിച്ച് നിയന്ത്രിക്കുന്നതും ഒരുപാട് വിധത്തിലുണ്ട് എന്നാൽ അതിലടങ്ങുന്ന വഞ്ചനയും ദുരുദ്ദേശവും മറ്റു വിധ പീഡനങ്ങളിൽ നിന്ന് ഒട്ടും വ്യത്യസ്തമല്ല".*

പീഡനത്തെക്കുറിച്ച് പറയുമ്പോൾ, അവരെന്റെ ജീവിതത്തെ ദൂരെനിന്ന് നിയന്ത്രിക്കുന്നതിനൊരു ഉദാഹരണം പറയാൻ ആഗ്രഹിക്കുന്നു. ഞാൻ പിരിഞ്ഞുപോയതിന് ഏഴ് വർഷത്തിന് ശേഷമാണ് ഇത് സംഭവിക്കുന്നത്. അഭിഭാഷകരുമായുണ്ടായ അനുരഞ്ജനത്തിന് ശേഷം നാലുവർഷം കഴിഞ്ഞും, A യ്ക്കുവേണ്ടിയുള്ള പരിഭാഷയും സത്സംഗങ്ങളും നിർത്തിയതിന് കുറച്ചു വർഷങ്ങൾക്കു ശേഷവുമായിരുന്നു ഈ സംഭവം. നിയോ-തന്ത്രയെക്കുറിച്ചുള്ള ഒരു പുസ്തകം ഫ്രഞ്ചിലേക്ക് പരിഭാഷപ്പെടുത്തുകയായിരുന്നു ഞാൻ, ഈ പുതിയ സമീപനം എനിക്ക് ഗുണകരമായി തോന്നുകയും എന്നെ അത് സ്പർശിക്കുകയും ചെയ്തു. ഭോഗപരതയിൽ

അടിസ്ഥാനപ്പെടുത്തിയ ഒരു സമീപനം ആയിരുന്നില്ല അത്, പകരം ധ്യാനവും മനനവും രതിയും കൂട്ടിക്കലർത്തിയ ഒരു സമീപനമായിരുന്നു. ആദ്യമായി ജീവിതത്തിൽ "making love" എന്ന വാചകത്തിന്റെ അർത്ഥം എനിക്ക് മനസ്സിലായി. ഈ വാചകം എന്നെ എപ്പോഴും അസ്വസ്ഥനാക്കിയിരുന്നു, എന്തെന്നാൽ സ്നേഹം എങ്ങനെയാണ് ഉണ്ടാക്കുന്നത്, അതൊരു ഉൽപ്പന്നമല്ലല്ലോ എന്നായിരുന്നു എന്റെ ചിന്ത. ഈ സമീപനത്തെക്കുറിച്ചറിഞ്ഞപ്പോൾ, ശരിയായ രീതിയിലെ രതി സ്നേഹം ജനിപ്പിക്കും എന്നെനിക്ക് തോന്നി. പുസ്തകം ചെയ്യാമെന്നേറ്റ പബ്ലിഷിംഗ് കമ്പനി ഒരു സുപ്രഭാതത്തിൽ അതിൽ നിന്ന് പിന്മാറി, അപ്പോഴേക്കും ധാരാളം ജോലി ചെയ്തു കഴിഞ്ഞിരുന്നു. പിന്മാറുന്നതിന് അവർ എനിക്ക് മനസ്സിലാവാത്ത, അവ്യക്തമായ ചില കാരണങ്ങൾ മാത്രം പറഞ്ഞു. ഞാൻ ആകെ നിരാശനായിപ്പോയി. 15 വർഷങ്ങൾക്കുശേഷം ഒരു പൊതു സുഹൃത്തിൽ നിന്നും അറിയാൻ കഴിഞ്ഞു, ഈ പബ്ലിഷിംഗ് കമ്പനിയിലെ ഉത്തരവാദിത്വപ്പെട്ട ഒരാൾ ഈ പുസ്തകത്തെക്കുറിച്ച് ആശ്രമത്തിന്റെ യൂറോപ്യൻ ശാഖ നോക്കിനടത്തുന്ന വ്യക്തിയോട് പറഞ്ഞിരുന്നു. ഞാൻ അതിന്റെ ഭാഗമാണെന്നറിഞ്ഞ അവർ ഉടനടി അത് A യെ അറിയിക്കുകയും ചെയ്തു. A തന്റെ സ്വാധീനം ഉപയോഗിച്ച് പബ്ലിഷിംഗ് കമ്പനിയെ ശക്തമായി നിരുത്സാഹപ്പെടുത്തി, പ്രൊജക്റ്റ് തന്നെ റദ്ദാക്കിച്ചു. സ്വാഭാവികമായി ഇതേക്കുറിച്ച് അറിഞ്ഞ ഞാനസ്വസ്ഥനായി. പിരിഞ്ഞുപോയി വർഷങ്ങൾക്കുശേഷം എന്റെ സ്വകാര്യതയിലുണ്ടായ ഒരിക്കലും സഹിക്കാനാവാത്ത കടന്നുകയറ്റമായിരുന്നു അത്. തന്റെ അടുത്ത ശിഷ്യരിൽ ഒരുവൻ, പ്രത്യേകിച്ച് മുമ്പ് യൂറോപ്യൻ പ്രതിനിധി, ലൈംഗികതയെക്കുറിച്ചുള്ള ഒരു പ്രൊജക്ടിന്റെ ഭാഗമാകുന്നത് A യ്ക്ക് ആലോചിക്കാൻ പോലും കഴിയുമായിരുന്നില്ല, "ലൈംഗികതയോ എന്തൊരു കളങ്കം". ദിവ്യവും പരിശുദ്ധവുമായ ബ്രഹ്മചര്യം എന്ന പൊയ്മുഖം അവർക്ക്

നിലനിർത്തണമായിരുന്നു. പ്രത്യക്ഷത്തിൽ ധാർമ്മിക മതാചാരങ്ങളുള്ള ആളാണല്ലോ അവർ. തിരശ്ശീലയ്ക്ക് പിന്നിൽ മാത്രം തന്റെ പുത്രന്മാരോടൊപ്പം സംഭോഗത്തിൽ ഏർപ്പെടുകയും ഗർഭത്തെയും അബോർഷനെയും ഗർഭച്ഛിദ്രത്തെയും കുറിച്ച് വേവലാതിപ്പെടുകയും ചെയ്യും. ഇതിൽ കൂടുതൽ വഞ്ചനയും കപടനാട്യവും വൈകൃതവും ഒരാൾക്ക് കാട്ടാനാവുമോ? നിങ്ങൾ കുറച്ച് ശിഷ്യന്മാരെ മാത്രം വഞ്ചിച്ചാൽ, അവരുടെ കാര്യം കഷ്ടമായി എന്ന് പറയാം. എന്നാൽ നിങ്ങൾ ലക്ഷക്കണക്കിന് ആളുകളെ കബളിപ്പിച്ച്, കളവുകൾക്ക് മീതെ ഒരു സാമ്രാജ്യം പണിതാൽ അതിനെ എന്താണ് വിളിക്കേണ്ടത്?

ഇന്ത്യൻ ക്ഷേത്രങ്ങളിലെ രതി ശിൽപങ്ങളും കാമസൂത്രയുമെല്ലാം കാമാസക്തരായ യൂറോപ്യന്മാരുടെ സൃഷ്ടിയാണെന്ന് A എപ്പോഴും ഉറപ്പിച്ചു പറഞ്ഞിരുന്നു. ഈ വിദ്യാഭ്യാസമില്ലാത്ത മുക്കുവസ്ത്രീക്ക് ഇവയെല്ലാം ഇന്ത്യൻ സംസ്കാരത്തിന്റെ ഭാഗമാണെന്ന് മനസ്സിലാക്കാൻ പോലും കഴിഞ്ഞില്ല. പക്ഷേ ചരിത്രം വ്യക്തമാണ് കാമത്തെക്കുറിച്ചുള്ള സൂക്തങ്ങൾ രചിച്ചത് നാലാം നൂറ്റാണ്ടിനും ഏഴാം നൂറ്റാണ്ടിനും ഇടയിലും, ഖജുരാഹോ ക്ഷേത്രം (ഇത്തരത്തിൽ ഏറ്റവും പ്രശസ്തമായത്) നിർമ്മിച്ചത് പതിനൊന്നാം നൂറ്റാണ്ടിലുമാണ്, എന്നാൽ ആദ്യമായി യൂറോപ്യർ ഇന്ത്യയിലെത്തിയത് ഇതെല്ലാം കഴിഞ്ഞ് വളരെക്കാലത്തിനുശേഷമാണ്.

അവസാനമായി, ഈ ദുർനടപ്പും വൈകൃതങ്ങളും രജനീഷിനെ (ഓഷോ)[44] പോലും നാണിപ്പിക്കുന്നതാണ്. എന്തെന്നാൽ അയാൾ സത്യസന്ധതയോടെയാണ് കാര്യങ്ങൾ ചെയ്തത്. അറുപതുകളുടെ അന്ത്യത്തിലും എഴുപതുകളുടെ തുടക്കത്തിലും, പരസ്യമായി തന്റെ ശിഷ്യർക്ക് സ്വതന്ത്രമായ സ്നേഹം നിർദ്ദേശിച്ച് ഇന്ത്യയിൽ കുപ്രസിദ്ധി നേടിയ ആളാണ് ഓഷോ. അയാൾ പറഞ്ഞിരുന്നത് *“ലൈംഗികത ഒരു തുടക്കം മാത്രമാണ് അവസാനമല്ല”* എന്നാണ്. അയാൾ

അപാരപാണ്ഡിത്യവും നല്ലൊരു പ്രഭാഷകനും കൂടിയായിരുന്നു. അതിനുള്ള തെളിവ് എന്താണെന്നുവച്ചാൽ A യുടെ കാമുകനും അവരുടെ സന്ദേശങ്ങളുടെയും അത്ഭുതപ്രവർത്തികളുടെയും ഉപജ്ഞാതാവുമായ 002, ഓഷോയുടെ പുസ്തകങ്ങളിൽ നിന്ന് പ്രചോദനമുൾക്കൊണ്ടാണ് A യുടെ തിരുമൊഴികൾ ചിട്ടപ്പെടുത്തുന്നത്. പക്ഷേ ഏറ്റവും വിചിത്രമായ അല്ലെങ്കിൽ സങ്കടകരമായ കാര്യം എന്തെന്നാൽ “Awaken Children” എന്ന A യുടെ സന്ദേശങ്ങളുടെ സമാഹരണവും, അടിക്കടി പരിഷ്കരിച്ചു കൊണ്ടിരിക്കുന്ന അവരുടെ ജീവചരിത്രവുമെല്ലാം യൂറോപ്യൻ പര്യടനങ്ങൾക്കിടയിൽ A യും കൂട്ടരും താമസിച്ചിരുന്ന വീടുകളിൽ വച്ച് പകൽ സമയങ്ങളിലാണ് ഭാഗികമായി എഴുതപ്പെട്ടിട്ടുള്ളത്. A ദർശനം കൊടുത്തുകൊണ്ടിരിക്കുമ്പോൾ, എഴുത്തുകാരൻ 002, ഗെയിലിനെ ഭീഷണിപ്പെടുത്തുകയും ഭയപ്പെടുത്തുകയും ലൈംഗികമായി ഉപയോഗിക്കുകയുമാണ് ചെയ്തിരുന്നത്, ചാപ്റ്റർ III.7-ൽ വിശദവിവരങ്ങളുണ്ട്. A യുടെ സന്ദേശങ്ങളെല്ലാം സദാചാരവിരുദ്ധനും വിടനും മറ്റുള്ളവരെ വേട്ടയാടി തന്റെ അനിയന്ത്രിതമായ ലൈംഗികേച്ഛയുടെ പൂർത്തീകരണം നടത്തിയാലെ എഴുത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ പറ്റൂ എന്ന ഗതിയുള്ളവനുമായ ഒരു സന്യാസിയുടെ കലുഷിതമായ മനസ്സിൽ നിന്നാണ് ഉത്ഭവിച്ചിരിക്കുന്നത്. ഇതിലും മോശമായ എന്തെങ്കിലും സങ്കൽപ്പിക്കാൻ തന്നെ കഴിയുമോ? ഒരു സന്യാസിയിൽ നിന്ന് ആളുകൾ പ്രതീക്ഷിക്കുന്നതിന്റെ ഘടകവിരുദ്ധമാണ് ഈ പ്രഥമ ശിഷ്യൻ.

ഇത് വായിച്ചു തീർക്കുമ്പോൾ നമ്മൾ അവനവനോട് തന്നെ ചോദിക്കേണ്ട ഒരു ചോദ്യമുണ്ട് ഈ തുറന്നുപറച്ചിലുകൾ എന്താണ് പുറത്തുകൊണ്ടുവരുന്നത്, എന്തിനാണ് നമ്മൾ ഇതിന് സാക്ഷിയാകുന്നത്? അതിനുള്ള ഉത്തരമെന്തെന്നാൽ പലതിനും മേലുള്ള മൂടുപടം മാറ്റി യാഥാർത്ഥ്യത്തെ പുറത്ത് കൊണ്ടുവരുവാൻ, കളവുകളെയും വഞ്ചനകളെയും നൈതികതയുടെ

അഭാവത്തെയും അറിവില്ലായ്മയെയും സംരക്ഷണം എന്ന പേരിലുള്ള അന്യായ സ്വാധീനത്തെയും, വഴികാട്ടൽ എന്ന പേരിലുള്ള ആത്മരതിയെയും, പവിത്രമായത് എന്ന പേരിലുള്ള വൈകൃതങ്ങളെയും, "*ലീല*" എന്ന പേരിലുള്ള ഭ്രാന്തിനെയും. *ലീല* എന്നത് ഏതു സന്ദർഭത്തിലും ഉപയോഗിക്കാവുന്ന ഒരുപായമാണവർക്ക്. ഇതിനെല്ലാം ശേഷം പരമാനന്ദത്തോടെയും വിസ്മയത്തോടെയും കാരുണ്യനിധിയായ അമ്മയുടെ മുന്നിൽ ചെന്ന് നിൽക്കാനാണ് നിങ്ങൾ ഇഷ്ടപ്പെടുന്നതെങ്കിൽ, കഷ്ടമെന്നേ പറയേണ്ടൂ.. ഓരോരുത്തർക്കും അവരവരുടെ ജീവിതവും ഉത്തരവാദിത്വങ്ങളും. അഗാധമായി സ്വയം ചോദ്യം ചെയ്യാനും, ആത്മപരിശോധനയ്ക്കും അതിന്റെ പ്രത്യാഘാതങ്ങളെ നേരിടുന്നതിനും അപാരമായ ധൈര്യം വേണം. ആ യാത്രയുടെ അന്ത്യംവരെ എത്താനുള്ള ഇച്ഛയും ശക്തിയും അപൂർവ്വം ചിലർക്കേ ഉണ്ടാവൂ.

# III. 6. പേർസണൽ അസിസ്റ്റന്റ്

A യുടെ *പുത്രന്മാരെ*ക്കുറിച്ച് പറയുകയും ഒരു *പുത്രിയെ*ക്കുറിച്ച് പറയാതിരിക്കുകയും ചെയ്യുന്നത് വ്യക്തമായും പക്ഷപാതപരമാവും, 20 കൊല്ലം അവരുടെ സഹായിയും പേഴ്സണൽ അസിസ്റ്റന്റുമായിരുന്ന ഗായത്രി അഥവാ സ്വാമിനി അമൃതപ്രാണ എന്ന ഗെയിൽ ട്രഡ്വെൽ. ഗെയിലിന്റെ പുസ്തകം അവരുടെ വെബ്സൈറ്റിൽ[45] ലഭ്യമാണ്. നന്നായി എഴുതിയ ആ പുസ്തകം ഒരു ഹൃദ്യമായ വായനാനുഭവമാണ് വായനക്കാരന് സമ്മാനിക്കുന്നത്. വളരെ ആത്മാർത്ഥതയോടെ എഴുതിയിട്ടുള്ള ഈ അനുഭവക്കുറിപ്പ് അവരുടെ ഗുരുവിനോടുള്ള സ്നേഹത്തെയും ഗുരു സേവയ്ക്കായി സ്വയം സമർപ്പിച്ച ജീവിതത്തെയും കുറിച്ചുള്ളതാണ്.

എന്നാൽ പുസ്തകം പുറത്തിറങ്ങിയപ്പോൾ പ്രസ്ഥാനം അവരുടെ അനുഭവസാക്ഷ്യത്തെ തള്ളിപ്പറഞ്ഞു, അവരെ മാനസികരോഗിയാക്കി മുദ്രകുത്തി, ചിലർ അവരെ ക്യാൻസർ രോഗിയാക്കി, ചിലർ അവരെ വൈരാഗ്യ ബുദ്ധിയും പ്രതികാരേച്ഛയുമുള്ള നിസ്സാരയായ സ്ത്രീയാക്കി, അവരെക്കുറിച്ച് കെട്ടുകഥകളും ചമച്ചു. വസ്തുനിഷ്ഠതയ്ക്കുവേണ്ടി മാത്രം പറയട്ടെ അവരൊരു ക്യാൻസർ രോഗിയല്ല. നിർഭാഗ്യവശാൽ ഇന്ന് ക്യാൻസർ വളരെ സാധാരണയായി കാണുന്ന ഒരു രോഗമാണ്. ഇനിയവർ ക്യാൻസർ രോഗി ആയിരുന്നെങ്കിൽ തന്നെയും അതെങ്ങനെയാണ് ഒരു കുറവാവുന്നത്. അതവരെ ഏതെങ്കിലും രീതിയിൽ ഒരു കുറഞ്ഞ മനുഷ്യനാക്കി മാറ്റുമോ? ഇത്തരം അപഖ്യാതി ഇത് പറഞ്ഞുപരത്തുന്നവരുടെ പൊള്ളത്തരവും

വിവരക്കേടുമാണ് കാണിക്കുന്നത്. ഞാനവരെ എങ്ങനെയാണോ അറിഞ്ഞിരുന്നത് അതുപോലെ അവതരിപ്പിക്കാനാണ് ആഗ്രഹിക്കുന്നത്, എന്റെ മുൻസഹോദരന്മാരും A യുടെ ഭക്തരും എങ്ങനെയാണോ അവരെ കാണേണ്ടിയിരുന്നത് അതുപോലെ. ഈ എഴുത്ത് അവരുടെമേലുള്ള തെറ്റിദ്ധാരണകൾ മാറാൻ സഹായിക്കുമെങ്കിൽ അതവർ തീർച്ചയായും അർഹിക്കുന്നു. A യുടെ അധികാരത്തിന് വശംവദരായി, അവരുടെ ആവശ്യപ്രകാരം ഗെയിലിനെതിരെ സാക്ഷ്യങ്ങളെഴുതിയവർക്ക് അത് നിരസിക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു, ഇടുങ്ങിയ ചിന്താഗതിയിൽ നിന്ന് പുറത്തുവന്ന് ശ്രേഷ്ഠത തെരഞ്ഞെടുക്കാനുള്ള അവസരവുമുണ്ടായിരുന്നു. എന്നാൽ വിശ്വാസം എപ്പോഴും സദ്വൃത്തിയെ, ധർമ്മത്തെ സൃഷ്ടിക്കുന്നില്ല. പ്രസ്ഥാനം പ്രതികാരേച്ഛയോടെ അനൗദ്യോഗികമായി ഉണ്ടാക്കിയ ബ്ലോഗുകളിൽ, കാപട്യത്തിന്റെ രാജ്ഞിയുടെ അനുഗ്രഹത്തോടെ ഒരു മാലിന്യക്കൂമ്പാരം തന്നെ എഴുതിക്കൂട്ടിയിരുന്നു. എന്നാൽ ഗെയിലിന്റെ ഉപരിപ്ലവമായ കുറവുകൾ മാത്രമേ അവർക്ക് കണ്ടുപിടിക്കാൻ കഴിഞ്ഞുള്ളൂ. ആത്മാന്വേഷണത്തിന്റെ പ്രാഥമിക കാര്യങ്ങൾ പോലും മനസ്സിലായിട്ടില്ലാത്തതിനാലാവാം ഗെയിൽ പ്രതിനിധീകരിച്ച ശ്രേഷ്ഠമായ ഉദാഹരണത്തെ അവർക്ക് മനസ്സിലായതുപോലുമില്ല. ഗുരുവിനോടുള്ള അനുസരണയും വിധേയത്വവും വളരെ പ്രധാനമാണ്, എന്നാൽ അതുകൊണ്ട് നിങ്ങൾ ചെയ്യുന്ന അപരാധങ്ങളുടെ ഉത്തരവാദിത്വം ഇല്ലാതാകുന്നില്ല, പാപകർമ്മത്തിൽ നിന്ന് അത് മോചനം നൽകുന്നുമില്ല. ഗെയിലിന്റെ കഥയിൽ നിന്നുള്ള ചില പ്രസക്തഭാഗങ്ങളെടുത്ത് അവയിൽ എന്റെ നിരീക്ഷണ നിരൂപണങ്ങൾ കൂടി ഉൾപ്പെടുത്തി അത് സമ്പുഷ്ടമാക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ഗെയിൽ അവരുടെ പുസ്തകം പ്രസിദ്ധീകരിച്ചതിന് പിന്നാലെ പ്രസ്ഥാനത്തിന്റെ ബോർഡ് ഓഫ് അമേരിക്കൻ സെന്ററാണ് ആദ്യമായി പ്രതികരിച്ചത്. *"ഒരു അസ്വസ്ഥമായ മനസ്സിന്റെ തെറ്റായ ആരോപണങ്ങളിൽ ഞങ്ങൾ തികച്ചും നിരാശരും ദുഃഖിതരുമാണ്...."* ഇന്ത്യയിലെ ആശ്രമം ഭക്തർ ആ പുസ്തകം വായിക്കരുത് എന്നു പറഞ്ഞ് പോസ്റ്ററുകൾ അച്ചടിച്ചു പ്രധാന ഹാളിൽ പ്രദർശിപ്പിച്ചു. എന്നിരിക്കലും ചിലർ രഹസ്യമായി ഒരു ബുക്ക് ക്ലബ് പോലുള്ള സംവിധാനത്തിന്റെ സഹായത്തോടെ ആ പുസ്തകം ഒളിവിൽ വായിച്ചു. പുസ്തകത്തെക്കുറിച്ച് വാർത്തകളോ ആർട്ടിക്കിളോ പ്രസിദ്ധീകരിച്ച എല്ലാ മീഡിയാ ഹൗസുകൾക്കും, ന്യൂസ് പിൻവലിച്ച് ക്ഷമ പറയാനാവശ്യപ്പെട്ട് വക്കീൽ നോട്ടീസ് ലഭിച്ചു. ഒരു ചെറിയ സ്വിസ് സ്വതന്ത്ര ജേർണലായ "Spuren" തങ്ങളുടെ പ്രസിദ്ധീകരണം പിൻവലിച്ചു. അതിനുശേഷം "Tages Anzeiger"[46] എന്ന ഭയപ്പെടുത്താവുന്നതിനെക്കാൾ സ്വാധീനമുള്ള, വലിയ പ്രചാരമുള്ള മുഖ്യധാരാദിനപത്രം ഒരു ലേഖനമെഴുതി. *Spuren* ന് എതിരെ പ്രസ്ഥാനം സ്വീകരിച്ച നടപടിയെ വിമർശിക്കാൻ അവർ അവസരം വിനിയോഗിക്കുകയും ചെയ്തു. ഗെയിലിന്റെ മെയിൽ ബോക്സ് അധിക്ഷേപങ്ങളും ഭീഷണികളും കൊണ്ട് നിറഞ്ഞുകവിഞ്ഞു, അവരുടെ ഫേസ്ബുക്ക് പേജ് ഹാക്ക് ചെയ്യപ്പെട്ടു, ട്രാഫിക് തിരിച്ചുവിട്ട് ശ്രദ്ധ തിരിക്കുന്നതിനായി അവരുടെ പേരിൽ വ്യാജമായി ഫേസ്ബുക്ക് പേജുകൾ ഉണ്ടാക്കപ്പെട്ടു. സംഘപരിവാർ 1,50,000[47] പേരെ സംഘടിപ്പിച്ച് ഒരു റാലി നടത്തി, അതിൽ A യ്ക്കും ആശ്രമത്തിനും എതിരെയുള്ള നീക്കത്തെ അപലപിക്കാൻ മതനേതാക്കളെയെല്ലാം (തങ്ങൾ പരിഹാസ്യരാവാൻ പോവുകയാണെന്ന് അവരാരും കരുതിയിട്ടുണ്ടാവില്ല) ക്ഷണിച്ചു വരുത്തിയിരുന്നു. ഗെയിൽ ഹിന്ദുമതത്തെ[48] കൊച്ചാക്കാൻ നോക്കുന്ന വത്തിക്കാനിന്റെ രഹസ്യ ഏജന്റാണെന്ന് വിശ്വഹിന്ദു പരിഷത്തിന്റെ ഭാരവാഹികൾ അവകാശപ്പെട്ടു. പുസ്തകം ആഗോളതലത്തിൽ നിരോധിക്കാനായി ലോക്കൽ

കോടതിയിലും ഹൈക്കോടതിയിലും പെറ്റീഷനുകൾ നൽകപ്പെട്ടു. പുസ്തകത്തിന്റെ ഡിജിറ്റൽ പതിപ്പ് ഇപ്പോഴും ആമസോൺ ഇന്ത്യ വിൽക്കുന്നുണ്ട് എന്നാൽ മലയാളം പേപ്പർബാക്ക് പതിപ്പ് ഉടനെതന്നെ നിരോധിക്കപ്പെട്ടു. കൈരളി ടിവി ഗെയിലിന്റെ അഭിമുഖം സംപ്രേഷണം ചെയ്ത അതേ ദിവസം തന്നെ ഗെയിലിന് ഇന്ത്യൻ അഭിഭാഷകരുടെ അടുത്തുനിന്നും പുസ്തകത്തിന്റെ പ്രസിദ്ധീകരണവും വിതരണവും നിർത്തിവയ്ക്കാനായി ആവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് ലഭിച്ചു. ഈ അഭിമുഖത്തിന്റെ പകർപ്പ് പ്രസിദ്ധീകരിക്കുകയും വിതരണം ചെയ്യുകയും ചെയ്ത പബ്ലിഷറുടെ പുസ്തകശാല ആക്രമിക്കപ്പെട്ടു, അതിന്റെ ഉടമയുടെ വീടിനുനേരെ കല്ലേറുണ്ടായി. പുസ്തകത്തെക്കുറിച്ച് ധൈര്യത്തോടെ സംസാരിച്ച സ്വതന്ത്ര ചിന്തകനായ ഒരു സ്വാമിക്കുനേരെയും ആക്രമണമുണ്ടായി[49]. ഈ ഹിസ്റ്റീരിയയുടെ മൂർധന്യത്തിൽ കേരളത്തിലെ പോലീസ്, ഗെയിലിനും 5 മീഡിയ ഹൗസുകൾക്കും, പ്രസ്ഥാനത്തിനെതിരെ അന്വേഷണം വേണമെന്നാവശ്യപ്പെടാൻ ധൈര്യം കാണിച്ച ഒരു അഭിഭാഷകനും എതിരെ ക്രിമിനൽ കുറ്റത്തിന് കേസെടുത്തു. കേസെടുക്കാൻ ഇടയായ കുറ്റങ്ങൾ ഇവയൊക്കെയായിരുന്നു: *മതവിദ്വേഷം വളർത്തി, ദേശീയോദ്ഗ്രഥനത്തിന് ഹാനി വരുത്തുന്ന പ്രസ്താവനയിറക്കി, കരുതിക്കൂട്ടി മതവികാരങ്ങളെ വ്രണപ്പെടുത്തി, ഗൂഢാലോചന നടത്തി തുടങ്ങിയവ.* ഇതെല്ലാം കാണിക്കുന്നത് ഇന്ത്യൻ സമൂഹത്തെ മൊത്തമായ ഹിസ്റ്റീരിയയിലേക്ക് നയിക്കാൻ എത്ര എളുപ്പമാണെന്നും, എത്ര എളുപ്പത്തിൽ വിധേയമാവുന്ന ഒന്നാണ് ജനക്കൂട്ട ഹിന്ദുത്വമെന്നും, ഒരു മതനിരപേക്ഷ രാജ്യത്തെ രാഷ്ട്രീയവും മതവും തമ്മിൽ എത്ര കൂടികുഴഞ്ഞിരിക്കുന്നു എന്നും, എത്ര ദുർബലമാണ് ജനാധിപത്യവും അഭിപ്രായസ്വാതന്ത്ര്യവും എന്നും, എല്ലാത്തിനും മുകളിൽ A യാണ് ഈ സംഭവവികാസങ്ങളുടെയെല്ലാം പിന്നിൽ എന്നും

ഉറപ്പാവുന്നു. ഗെയിലിന്റെ ബ്ലോഗിൽ[50] നിങ്ങൾക്ക് ഈ ആർട്ടിക്കിൾ വായിക്കാൻ സാധിക്കും. മറ്റൊരു ആർട്ടിക്കിളിൽ ഗെയിലിന്റെ ഇതിനെല്ലാമുള്ള മറുപടിയും കാണാം. ആരോപണങ്ങളെയും അഭിപ്രായങ്ങളെയും ഉദ്ദേശശുദ്ധിയെയും കുറിച്ചുള്ള തന്റെ നിലപാട് ഗെയിൽ വ്യക്തമാക്കുന്നുണ്ട്[51]. എന്നാൽ ഈ ബഹളങ്ങളെല്ലാം പുസ്തകത്തിന് കൂടുതൽ പ്രചാരം നൽകുകയാണ് ഉണ്ടായത്. ബുദ്ധിപരമായും പക്വതയോടെയും പ്രവർത്തിക്കുക എന്നത് എല്ലാവർക്കും സാധിക്കുന്ന കാര്യമല്ലല്ലോ.

എന്നാൽ ഈ സമയമെല്ലാം ഒരു ഇലക്ട്രോണിക് പബ്ലിഷിംഗ് യുദ്ധം തന്നെ ഓൺലൈനിൽ നടക്കുന്നുണ്ടായിരുന്നു. വിമർശനാത്മകമായ ഒരു ലേഖനമോ വീഡിയൊയോ പ്രത്യക്ഷപ്പെട്ടാൽ ഉടനെ തന്നെ പ്രസ്ഥാനത്തിന്റെ *പ്രതിരോധത്തിനുള്ള ഗ്രൂപ്പെന്ന് വിളിക്കാവുന്ന ഒരു കൂട്ടം*, അവരുടെ പണി തുടങ്ങും. വിമർശനാത്മക വീഡിയോയുടെ അതേ തലക്കെട്ടോടും കീവേർഡോടും കൂടി നിർദോഷമായ വീഡിയോകൾ പോസ്റ്റ് ചെയ്തു തുടങ്ങും. യഥാർത്ഥ വീഡിയോകൾ അതിനിടയിൽ മുങ്ങിപ്പോകും. ലേഖനങ്ങളുടെ കാര്യത്തിലും ഇതുതന്നെയാണ് സംഭവിച്ചത്, വിമർശനാത്മകമായ ലേഖനങ്ങളുടെ അതേ തലക്കെട്ടോടെ വേറെ ലേഖനങ്ങൾ എഴുതും, അവ വിമർശനങ്ങൾക്കെതിരെയുള്ളതും വിമർശകരെ താറടിച്ചു കാണിക്കുന്നതും ആവും; വിക്കിപീഡിയയിലെ സ്ഥിരമായ യുദ്ധം: ഓരോതവണയും വിക്കിപീഡിയയിൽ വിവാദപരമായ ഒരു ഖണ്ഡിക പ്രസിദ്ധീകരിക്കുമ്പോൾ അതിനു ഘടകവിരുദ്ധമായ കാര്യങ്ങൾ കൊണ്ട് നിമിഷനേരങ്ങൾക്കകം അത് മാറ്റിവയ്ക്കപ്പെടുന്നു, ഒടുവിൽ അതിന്റെ മോഡറേറ്റർമാർ ഇടപെട്ട് തീരുമാനമെടുക്കേണ്ടി വരുന്നു, വിമർശനാത്മകമായ ബ്ലോഗുകളും ചർച്ചാവേദികളും അതിന്റെ ഉടമസ്ഥരെ സ്വാധീനിച്ച് നിർത്തലാക്കുകയും, അവരെക്കൊണ്ട്

അഭിപ്രായങ്ങൾ പിൻവലിപ്പിക്കുകയും ചെയ്യുന്നു. A യുടെ ഫേസ്ബുക്ക് പേജിന്റെ കാര്യം ഇവിടെ എടുത്തുപറയാവുന്ന ഒരുദാഹരണമാണ്. *പുസ്തകം പബ്ലിഷ് ചെയ്തതിനുശേഷം ഗെയിലിന്റെ പേജിൽ A യുടെ പേജിൽ ഉള്ളതിനേക്കാൾ കൂടുതൽ ഫേസ്ബുക്ക് സുഹൃത്തുക്കൾ ഉണ്ടായി*, അതിനാൽ ട്രാഫിക് തിരിച്ചുവിടണം എന്ന ഉദ്ദേശത്തോടെ ഗെയിലിന്റെ പേരിൽ വ്യാജമായി ഫേസ്ബുക്ക് പേജുകൾ ഉണ്ടാക്കുക മാത്രമല്ല A യുടെ പേജിനെ പുനരുദ്ധരിച്ച് ലോകമാകമാനം പുതിയ സുഹൃത്തുക്കളെ ഉണ്ടാക്കാനായി ഒരു യജ്ഞവും തുടങ്ങി[52]. ഈ ചിട്ടയോടുകൂടിയതും നിരന്തരവുമായ ആക്രമണം നടത്തിയിരുന്നത് ഇതുതന്നെ തൊഴിലാക്കിയ ഒരു പ്രത്യേക സംഘമായിരുന്നു. വ്യക്തിഗത സംരംഭങ്ങൾ എന്നവകാശപ്പെടുന്ന ഇവയെല്ലാം വളരെ വലിയതോതിലുള്ളതും, ഏകോപനത്തോടെ ചിട്ടയായി നടപ്പാക്കിയിട്ടുള്ളതുമാണെന്ന് ശ്രദ്ധിച്ചാൽ മനസ്സിലാകും. അതുകൊണ്ടുതന്നെ നിങ്ങൾ നിങ്ങളുടെ ഒഴിവുസമയത്ത് കാര്യങ്ങൾ പഠിച്ചു മനസ്സിലാക്കി ഈ പ്ലാറ്റ്‌ഫോമുകളിൽ എതിരഭിപ്രായങ്ങൾ എഴുതുന്ന ഒരാളാണെങ്കിൽ നിങ്ങൾ പരാജയപ്പെടും എന്നത് നിശ്ചയമാണ്. നിങ്ങളുടെ ജോലിക്കും കുടുംബത്തിനുമിടയിൽ ഈ സംഘടിതശക്തിയെ ജയിക്കാനുള്ള വിഭവസമ്പത്ത് നിങ്ങൾക്ക് ഒരിക്കലും ഉണ്ടായിരിക്കില്ല. ഇക്കൂട്ടർക്കാണെങ്കിലോ ആവശ്യംപോലെ ആൾബലവും ആവശ്യത്തിലേറെ സമയവുമുണ്ട്. കാരുണ്യനിധിയായ അമ്മ എപ്പോഴും എന്നതുപോലെ തനിക്കിതിലൊന്നും ഒരു പങ്കുമില്ലെന്നും യാതൊന്നും അറിയുകയുമില്ലെന്നും ഭാവിക്കും.

ഗെയിലിനെ എനിക്ക് കഴിഞ്ഞ നാൽപത് വർഷങ്ങളായി അറിയാം, A യെ കണ്ടുമുട്ടുന്നതിന് മുമ്പുതന്നെ. അതിനുശേഷം ഈ ചരിത്രം തുടങ്ങിയ കാലം മുതൽക്കേ ഞങ്ങൾ A യോടൊപ്പം താമസിക്കാൻ തുടങ്ങി. ഞാൻ എത്തുന്നതിനു കുറച്ചു മാസങ്ങൾക്കുമുമ്പ് A യുടെ അടുക്കൽ എത്തിയതാണ് ഗെയിൽ. പിന്നീട് അവരുടെ

പ്രചാരകനായി എന്നെ പടിഞ്ഞാറേക്ക് അയച്ചപ്പോഴും, A യുടെ യൂറോപ്പ്യൻ സന്ദർശനങ്ങളുടെ സമയത്തും, എന്റെ വർഷത്തിലൊരിക്കലുള്ള ഇന്ത്യൻ സന്ദർശനത്തിനിടയിലും ഞങ്ങൾ ധാരാളം സംസാരിച്ചിരുന്നു. ഞാനെപ്പോഴും ഗെയിലിന്റെ പുരോഗതിയുടെ വിവരങ്ങൾ അന്വേഷിച്ചറിഞ്ഞിരുന്നു, പ്രത്യേകിച്ച് ഗെയിലിന് തന്റെ വിശ്വാസവും അനുഭവങ്ങളും തമ്മിലുള്ള പൊരുത്തക്കേട് കാരണം ജീവിതം വിഷമകരമായി തുടങ്ങിയ വർഷങ്ങളിൽ. അവർക്കൊരു നല്ല കേൾവിക്കാരനെ ആവശ്യമായിരുന്നു. മുൻസഹോദരങ്ങൾ പോലും എന്റെ സ്വതന്ത്ര വീക്ഷണത്തെയും വിശാല മനസ്ഥിതിയെയും അഭിനന്ദിച്ചു. പിന്നീട് എന്റെ പിരിഞ്ഞുപോകലിന്റെ സമയംവരെയും ഗെയിൽ എന്നോട് കൂടുതൽ കൂടുതൽ മനസ്സുതുറന്നിരുന്നു. അതിനുശേഷം ഞങ്ങൾ തമ്മിലുള്ള സമ്പർക്കം മുറിഞ്ഞു. ഗെയിലിന്റെ പിന്മാറ്റം തുടങ്ങിയ സമയത്തും, അവിടെ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്ന സമയത്തും ഞങ്ങൾ തമ്മിൽ സമ്പർക്കം ഉണ്ടായിരുന്നില്ല. പിന്നീട് പസഫിക് സമുദ്രത്താൽ ചുറ്റപ്പെട്ട അവരുടെ ദ്വീപിൽ നിന്നാണ് അവർ എന്നോട് സംസാരിച്ചത്. അപ്പോഴവർ മണിക്കൂറുകളോളം അവർക്ക് അതിജീവിക്കേണ്ടിവന്ന സാഹചര്യങ്ങളെക്കുറിച്ചും ജീവിതത്തെക്കുറിച്ചും സംസാരിച്ചു. അവർ പഴയ ജീവിതത്തെ ഓർത്ത് വിലപിക്കുകയും പുതിയ ജീവിതത്തോട് സമരസപ്പെടുകയും ചെയ്ത് തന്റെ മുറിവുകൾ ഉണക്കുന്ന സമയമായിരുന്നു അത്. ഇതിനെല്ലാമിടയിൽ പുസ്തകം എഴുതുന്നതിന് അവർ അഞ്ചുവർഷം സമയമെടുത്തു. പൂർവ്വ ജീവിതവുമായി സന്ധിയിലെത്തുന്നതിനും പൂർവ്വകാല അനുഭവങ്ങളെ മുന്നോട്ടുള്ള ജീവിതത്തെ പരിപോഷിപ്പിക്കുന്ന ഒന്നായി മാറ്റിയെടുക്കുന്നതിനും മറ്റുള്ളവർക്കൊപ്പം ഞാനും അവരെ സഹായിച്ചിട്ടുണ്ട്. അപ്പോൾ തുടങ്ങി ഞങ്ങൾ സമ്പർക്കം നിലനിർത്തുകയും ചെയ്തിട്ടുണ്ട്. ഞാൻ അവരെ പിന്തുണച്ചിട്ടുണ്ടെങ്കിൽ അത് വിശ്വസ്തതയുടെയും സാഹോദര്യത്തിന്റെയും പ്രതീകമായി ചെയ്യാൻ കഴിയുന്ന

ഏറ്റവും ചെറിയ കാര്യമാണ്. ഞങ്ങളുടെ രണ്ടുപേരുടെയും ജീവിതത്തിൽ ചിലരുടെ വിശ്വസ്തതയില്ലായ്മ ഒരു തുറന്ന മുറിവായി നീറി നിൽക്കുന്നുണ്ട്. അതുകൊണ്ടുതന്നെ അവരെ പിന്തുണയ്ക്കുക എന്നത് എന്റെയും പ്രഥമ കർത്തവ്യമായി ഞാൻ കരുതുന്നു.

2013 ഇൽ ഗെയിലിന്റെ പുസ്തകം അവലോകനം ചെയ്യുമ്പോൾ ചിന്തകളുടെയും ആവിഷ്കാരത്തിന്റെയും വ്യക്തതയും സ്ഥിരതയും ഒക്കെയാണ് ശ്രദ്ധിച്ചത്. അതിലെ അനുഭവങ്ങളെ സമന്വയിപ്പിക്കാൻ ഞാൻ ശ്രമിച്ചില്ല എന്തെന്നാൽ അതെന്നിൽ വേദനാജനകമായ ഓർമ്മകൾ ഉണർത്തുമായിരുന്നു. അതുകൊണ്ട് അന്ന് ഞാനാ പുസ്തകം മാറ്റിവച്ച് എന്റെ ജീവിതവുമായി മുന്നോട്ടു പോയി. എന്നാൽ 2015 ലെ ഒരു ധ്യാനത്തിൽ വച്ച്, ഗെയിലിന്റെ പുസ്തകത്തോടുള്ള പ്രസ്ഥാനത്തിന്റെ പ്രതികരണവും, ആസൂത്രിതമായി അവരെ മാനസികമായി തകർക്കാനുള്ള ശ്രമവും, ഒരുകൂട്ടം ആത്മവഞ്ചകരുടെ കൂട്ടം ചേർന്നുള്ള അധിക്ഷേപവും (ഇവരിൽ ചിലരെ എനിക്ക് നേരിട്ടറിയാം[53] എന്റേതായ അനുഭവക്കുറിപ്പെഴുതാൻ എനിക്ക് പ്രേരണയായി. ഒരു 30 പേജെഴുതിയശേഷം ഞാൻ അതൊരു ഡ്രാഫ്റ്റായി തന്നെ സൂക്ഷിച്ചു. ഇതുപോലെ ഒരു വിഷയമെഴുതാൻ ധാരാളം സമയവും ശ്രദ്ധയും വേണമായിരുന്നു. എന്നാൽ എനിക്ക് എന്റെ ജീവിതത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട സമയമായിരുന്നു അത്, അതിനെന്റെ മുഴുവൻ സമയവും ആവശ്യമായിരുന്നു. നാലുവർഷത്തിനുശേഷം ഞാൻ ജോലിയിൽ നിന്ന് വിരമിക്കുകയും, പിന്നീടുണ്ടായ രാഷ്ട്രീയ-ആരോഗ്യ പ്രതിസന്ധിയിൽ ധാരാളം സമയം ഉണ്ടാവുകയും ചെയ്തപ്പോൾ എനിക്ക് ഈ ജോലി വീണ്ടും ഏറ്റെടുക്കാനും പൂർത്തിയാക്കാനും കഴിഞ്ഞു.

അങ്ങനെ ഞാൻ വീണ്ടും ഗെയിലിന്റെ പുസ്തകം വായിക്കാൻ തീരുമാനിച്ചു, രണ്ടുദിവസം കൊണ്ടത് വായിച്ചു തീർക്കുകയും ചെയ്തു. ഈ അനുഭവസാക്ഷ്യം

രണ്ടാമത് വായിച്ചപ്പോൾ അതിലെ ആത്മാർത്ഥതയും ആർജ്ജവവും എന്നെ വല്ലാതെ സ്പർശിച്ചു. വനിതയായ ഒരു ആത്മീയ ഗുരുവിന്റെ സേവികയാവാണമെന്ന സ്വപ്നവുമായി എത്തിയതാണ് ഗെയിൽ. മാ ആനന്ദമയി എന്ന ബംഗാളി ഗുരുവിന്റെയും അവരുടെ സേവികയായ ദീദിയുടെയും ജീവചരിത്രം വായിച്ചപ്പോഴാണ് ഗെയിലിന് ഇങ്ങനെ ഒരു ആഗ്രഹമുണ്ടായത്. ഗെയിലിന്റെ സ്വപ്നസാക്ഷാത്കാരം പോലെയാണ് A യുടെ സേവികയാവാൻ അവസരം ലഭിച്ചത്. ഗെയിൽ അവരുടെ ജീവശ്വാസവും മാനസിക-ശാരീരിക ആരോഗ്യവും ശരീരവും ഹൃദയവും എല്ലാം ആ സേവയ്ക്കായി അർപ്പിച്ചു. തന്റെ സ്വപ്നസാഫല്യത്തിനായി ധാരാളം അധിക്ഷേപവും നിന്ദയും സഹിക്കുകയും, എല്ലാ പ്രതിബന്ധങ്ങളെയും തരണം ചെയ്യുകയും, സ്നേഹിക്കുകയും സേവിക്കുകയും ഒക്കെ ചെയ്തു. ഇതെല്ലാം ഏത് യുക്തിക്ക് നിരക്കുന്നതിനും എത്രയോ അധികമായി, വിശ്വാസത്തിനപ്പുറം വിശ്വസിക്കുകയും, ഏറ്റവും ദുർഘടമായ സമയത്തും തന്നിൽ അവശേഷിക്കുന്ന ശക്തിയുടെയും പ്രതീക്ഷയുടെയും ഒരോ കച്ചിത്തുരുമ്പും ഉപയോഗിച്ച് താൻ സ്നേഹിക്കുന്ന തന്റെ ഗുരുവിനോടും അവരെ സ്നേഹിക്കുന്നവരോടും ആത്മാർത്ഥതയും കൂറും പുലർത്തുകയും ചെയ്തു. ഒരിക്കൽ ശാരീരിക-മാനസിക തകർച്ചയുടെയും നാഡീ സ്തംഭനത്തിന്റെയും വക്കിൽ നിന്നപ്പോൾ, തന്റെ ജീവിതം ഇങ്ങനെ സമർപ്പിക്കുന്നതുകൊണ്ട് താൻ സ്വയം നശിക്കുക മാത്രമാണ് ചെയ്യുന്നത് എന്ന് ബോധ്യം വരുന്നതുവരെ ആ സമർപ്പണം തുടർന്നു. ഏറ്റവും ഒടുവിൽ ഒരു പിന്മാറ്റവും അകന്നുനിൽക്കലും ആവശ്യമാണെന്ന് വന്നപ്പോഴാണ് അവർ തന്റെ മാതൃകയായ ഗുരുവിനെ സ്നേഹിക്കുന്നതും തന്റെ ഘാതകയെ സ്നേഹിക്കുന്നതും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കുന്നത്. *"എന്റെ ലോകം എനിക്ക് മുന്നിൽ പൊട്ടി തകരുകയായിരുന്നു, എങ്കിലും ഞാൻ അവരെ ഇപ്പോഴും സ്നേഹിക്കുന്നുണ്ട് എന്ന് ഈ ചെറിയ അകൽച്ച*

*എനിക്ക് മനസ്സിലാക്കിത്തന്നു. അവർ എന്താണെന്ന് ഞാൻ കരുതിയിരുന്നോ അതിനെയാണ് ഞാൻ സ്നേഹിച്ചിരുന്നതെങ്കിൽ കൂടിയും. ഈ തിരിച്ചറിവ് എന്റെ ആശ്രമം വിട്ടുപോകാനുള്ള ആഗ്രഹത്തോടൊപ്പം ഒരു പുതിയ വേദന കൂടി എനിക്ക് നൽകി"* (Holy Hell, ch. 22, p 328).

പിന്നീട്, പരമ്പരാഗതമായ ഗുരുശിഷ്യ ബന്ധത്തെക്കുറിച്ചും A യോടൊപ്പം താൻ പങ്കുവച്ചിരുന്ന ഗുരുശിഷ്യ ബന്ധത്തെക്കുറിച്ചും ഗെയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു (epilogue, p. 394) "*ഇന്ത്യയുടെ പൗരാണിക ആഖ്യാനങ്ങളെയും ആചാരങ്ങളെയും ഗുരുശിഷ്യ ബന്ധത്തെയും അമ്മ എങ്ങനെയാണ് വഴി പിഴപ്പിച്ചതെന്ന് എനിക്കു മനസ്സിലായി. പരസ്പര ബഹുമാനത്തിലടിസ്ഥിതമായ പ്രയോജനകരമായ ഒരു ബന്ധത്തിനു പകരം കീഴടങ്ങലിന്റെയും സമ്പൂർണ്ണ ആധിപത്യത്തിന്റെയും വൈകൃതങ്ങൾ നിറഞ്ഞ ഒരു ബന്ധമായിരുന്നു അവിടെ ഉണ്ടായിരുന്നത്".*

ഗെയിൽ അവിടെയുണ്ടായിരുന്ന മറ്റാരെക്കാളും നിശ്ചയദാർഢ്യത്തോടെയും ഉത്സാഹത്തോടെയും തന്നെത്തന്നെ സമർപ്പിച്ചു. അൽപാൽപമായി താൻ സ്നേഹിച്ച വ്യക്തിയുടെ വാക്കുകൾക്കതീതമായ ക്രൂരത കാരണം ഒരിക്കലും കൂട്ടിച്ചേർക്കാനാവാത്ത വിധം പൊട്ടിത്തകർന്ന് തരിപ്പണമാകുംവരെ അവർ ആ സമർപ്പണം തുടർന്നു. അവിടത്തെ ശിഷ്യരിൽ പ്രധാനിയായ സ്വാമിയും എന്നോട് ഇക്കാര്യത്തിൽ യോജിച്ചിരുന്നു[54]. ഗായത്രി ഞങ്ങൾക്കെല്ലാവർക്കും മാതൃകയായിരുന്നു, ഏറ്റവും പഴയവർക്കുപോലും ഒരു പ്രചോദനം, അർപ്പണബോധത്തിന്റെയും സേവനത്തിന്റെയും സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും തിളങ്ങുന്ന ഉദാഹരണം. അതേസമയം അവർക്ക് നല്ല സാമാന്യബുദ്ധിയും ജീവിതപരിചയവും ഒരിക്കലും കൈവിടാത്ത നർമ്മബോധവും, പിന്നെ ഒരു

ഓസ്ട്രേലിയക്കാരിയുടെ താൻപോരിമയും ഉറപ്പുള്ള ആത്മവിശ്വാസവുമെല്ലാം ഉണ്ടായിരുന്നു. A യുടെ ഗെയിലിനോടുള്ള അതിക്രൂരമായ പെരുമാറ്റത്തിന് ഞങ്ങളെല്ലാം സാക്ഷികളാണ്, ഞങ്ങൾ പ്രഥമ ശിഷ്യന്മാരോട് അതിന്റെ ഒരംശം വിദ്വേഷം പോലും A കാണിച്ചിരുന്നില്ലെങ്കിലും, അവരനുഭവിക്കുന്നതെന്താണെന്ന് ഞങ്ങൾക്ക് മനസ്സിലാകുമായിരുന്നു. എന്നാൽ ഞങ്ങൾക്ക് ആകെ തോന്നിയത് ബഹുമാനവും സിമ്പതിയും മാത്രമായിരുന്നു. കാരണം ഏറ്റവും പുരുഷാധിപത്യപരമായിട്ടാണ് A പെരുമാറിയിരുന്നത്. ആ പ്രദേശത്തെ പുരുഷകേന്ദ്രീകൃതമായ സംസ്കാരം അവർ അങ്ങനെ തന്നെ പകർത്തിയിരുന്നു. അവർ അതിൽ വിശ്വസിക്കുകയും അപ്രകാരം പ്രവർത്തിക്കുകയും ചെയ്തു. അവരുടെ പ്രഥമശിഷ്യന്മാരായ സ്വാമിമാരും ഒട്ടും വ്യത്യസ്തരായിരുന്നില്ല, ഗുരുവിന്റെ തുടർച്ചയായുള്ള വിവേചനപരവും ക്രൂരവുമായ പെരുമാറ്റത്തിൽ ഗെയിലിനോട് സഹതപിക്കാനോ പിൻതാങ്ങാനോ ആരുമുണ്ടായിരുന്നില്ല, ബാലു ഒഴികെ. അയാൾ പിന്നീട് മറ്റൊരുതരത്തിൽ ഉപദ്രവകാരിയായി മാറുകയും ചെയ്തല്ലോ. എല്ലാമറിയുന്ന ഗുരുവാണെങ്കിലോ, ആസന്നമായ തകർച്ചയുടെ പല അടയാളങ്ങൾ കണ്ടിട്ടും അതൊന്നും അവർക്ക് തിരിച്ചറിയാനായില്ല. ഒന്നും നഷ്ടപ്പെടാൻ ഇല്ലാതായപ്പോൾ ഗെയിൽ തന്റെ നരകത്തിൽ നിന്ന് രക്ഷപ്പെട്ടു. A യ്ക്ക് അത് വലിയ അങ്കലാപ്പുണ്ടാക്കി, അവരെ സമാധാനിപ്പിക്കാൻ ആർക്കുമായില്ല. എന്റെ മുൻആത്മ ീയസഹോദരന്മാരുടെ കാര്യവും വ്യത്യസ്തമായിരുന്നില്ല. ഗെയിലിന്റെ തിരോധാനം നികത്താനാകാത്ത ശൂന്യതയായും, വളരെ വലിയ നഷ്ടമായുമാണ് അവർക്ക് അനുഭവപ്പെട്ടത്. എന്നാൽ ആ തിരിച്ചറിവ് ഏറെ വൈകിപ്പോയിരുന്നു, പിഴവ് സംഭവിച്ചുകഴിഞ്ഞിരുന്നു, അത് കാലങ്ങളായി കുന്നുകൂടി ഏതൊരു സാധാരണ മനുഷ്യനും സഹിക്കാവുന്നതിലും അധികമായി കഴിഞ്ഞിരുന്നു.

എന്റെ ചില പൂർവ്വസഹോദരന്മാർക്ക് ഗെയിലിന്റെ സഹനവും, അശ്രാന്തപരിശ്രമവും സങ്കൽപ്പിക്കാൻ പോലുമാവാത്തതും സാഹസികവുമായി തോന്നി. വ്യക്തമായും ഗുരുവിനെക്കാൾ ശ്രേഷ്ഠത ശിഷ്യയ്ക്കുണ്ടായിരുന്നു.

തന്റെ ഭാഗത്തുനിന്നുണ്ടായ തെറ്റുകൾ അംഗീകരിക്കുന്നതിനുപകരം തന്റെ പൂർവ്വശിഷ്യയുടെ അനുഭവക്കുറിപ്പിൽ നിന്നുണ്ടായേക്കാവുന്ന നഷ്ടങ്ങൾ നിയന്ത്രിക്കാൻ A സംഘടിതമായി അപഖ്യാതി പറഞ്ഞു പരത്താൻ തുടങ്ങി. എന്നെ സംബന്ധിച്ചിടത്തോളം ഈ സംഘടിത പ്രവർത്തനം അൽപ്പജ്ഞാനത്തിന്റെയും ഇടുങ്ങിയ ചിന്താഗതിയുടെയും ലക്ഷണമാണ്. തന്റെ ശിഷ്യരെ ദൈവതുല്യമായി ഉയർത്തുമെന്ന് അവകാശപ്പെടുകയും അതിനുള്ള മാർഗ്ഗമേതും അറിയാതിരിക്കുകയും ചെയ്ത ഒരാളുടെ സാമാന്യത്വത്തിന്റെ തെളിവാണിത്. 1993ൽ എനിക്ക് സമാനമായ ഒരനുഭവം ഉണ്ടായതിനാൽ അത്ഭുതം ഒന്നും തോന്നിയില്ലെങ്കിലും മനംമടുപ്പിക്കുന്ന ഒന്നായിരുന്നു അത്. 20 വർഷം ഒരാളെ വളരെ വിശ്വസ്തതയോടെ തനിക്ക് വ്യക്തിപരമായി സേവ ചെയ്യാൻ അനുവദിക്കുകയും, അയാളെ ആശ്രമം നോക്കിനടത്താൻ കൂട്ടുത്തരവാദിത്വം ഏൽപ്പിക്കുകയും ചെയ്തിട്ട്, പിറ്റേന്ന് വെളുപ്പിന് അയാളെക്കുറിച്ച് അപവാദം പറയുകയും, അയാളൊരു തകരാറുള്ള സങ്കുചിത മനസ്സുള്ള പണത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഒരാളാണെന്ന് ലോകത്തെ ധരിപ്പിക്കുകയുമാണ് അവർ ചെയ്തിരിക്കുന്നത്. ഇക്കാര്യം അവർക്കു ചുറ്റുമുള്ള ആരും ആലോചിക്കുന്നുണ്ടെന്ന് തോന്നുന്നില്ല, ഭക്തിയാൽ അന്ധരായ വിവേചനബുദ്ധി തികച്ചും നഷ്ടമായ മനസ്സുകൾക്ക് മാത്രമേ ഇത്തരം നെറികേട് അംഗീകരിക്കാൻ കഴിയൂ. ഇനി ഇതിന്റെ മറുവശം, അതായത് ഗെയിലിനെ വിമർശിച്ചതിൽ വാസ്തവമുണ്ട് എന്ന് ധരിക്കൂ, എല്ലാമറിയുന്ന അമ്മ എന്തുകൊണ്ട് വർഷങ്ങൾക്ക് മുമ്പ് ഗെയിൽ അവിടെ

എത്തിയപ്പോൾ തന്നെ അക്കാര്യം അറിഞ്ഞില്ല? അവർക്ക് സന്യാസദീക്ഷ കൊടുത്തപ്പോൾ എന്തുകൊണ്ട് അവരുടെ ധാരാളമായ കുറവുകൾ ശ്രദ്ധിച്ചില്ല? എന്റെ കാര്യത്തിലും ഇതുതന്നെയാണ് സംഭവിച്ചത്, പത്തുവർഷം അവർ എനിക്ക് സർവ്വാധികാരം തന്നു, യൂറോപ്പിലെ പ്രസ്ഥാനത്തിന്റെ താക്കോൽ എന്നെ ഏൽപ്പിച്ചു. ഇരുട്ടി വെളുത്തപ്പോൾ ഞാൻ വിശ്വാസത്തിന് അർഹനല്ലാതായി, നാടുകടത്തപ്പെടുകയും ചെയ്തു. ഏത് സാധാരണബുദ്ധിയുള്ള മനുഷ്യനും മനസ്സിലാവും പ്രശ്നങ്ങളുടെ ഉറവിടം എവിടെയാണെന്ന്.

ഗെയിലിനോടൊപ്പം A യ്ക്ക് നഷ്ടപ്പെട്ടത് അവർ ലോകത്തിനു നൽകുന്ന ഒരു പ്രധാന സന്ദേശം കൂടിയാണ്. ഗെയിലുമായി സന്ധി ചെയ്യാനും തിരിച്ചുകൊണ്ടുവരാനും പരസ്യമായി പഴയസ്ഥാനത്തു പുനഃസ്ഥാപിക്കുവാനോ ഉള്ള കഴിവ് അവർക്ക് ഇല്ലായിരുന്നു. അതിന് മഹാമനസ്കതയും മഹത്വവും വേണമായിരുന്നു. ഗെയിലിന്റെ ഉദാഹരണം എല്ലാ തർക്കങ്ങൾക്കും അതീതമായിരുന്നു. അവരിലും തെറ്റുകുറ്റങ്ങൾ ഉണ്ടായിരുന്നിരിക്കാം; തെറ്റ് ചെയ്യാത്തവർ കല്ലെറിയട്ടെ. പ്രസ്ഥാനത്തിന്റെ അനൗദ്യോഗിക ബ്ലോഗിൽ ഗെയിലിനെ തെറ്റുകാരിയായി ചിത്രീകരിക്കാൻ ശ്രമിച്ച ഭക്തർ അവരുടെ അനുഭവസാക്ഷ്യത്തിലെ സത്യവും അന്തസത്തയും കണ്ടില്ലെന്നു നടിക്കാനും, അതിലെ തെറ്റുകുറ്റങ്ങളും കുറവുകളും മാത്രം കണ്ടെത്താനും ശ്രമിച്ചു. എന്നാൽ ആർക്കും അവരുടെ അടുത്തെത്താൻ കഴിഞ്ഞില്ല.

നേരത്തെ പറഞ്ഞതുപോലെ ഒരു സ്ത്രീയായിട്ടുകൂടി A യുടെ പ്രസ്ഥാനം അങ്ങേയറ്റം പുരുഷാധിപത്യപരമായിരുന്നു. താൻ ജീവിച്ച സമൂഹത്തിലെ കടുത്ത സ്ത്രീവിരുദ്ധത അവർ അങ്ങനെ തന്നെ തുടർന്നുകൊണ്ടിരുന്നു. അവർ തന്റെ പുത്രന്മാരെ ലാളിക്കുകയും *പുത്രിമാരോട്* കഠിനമായി പെരുമാറുകയും ചെയ്തു, *പുത്രിമാരെ പുത്രന്മാരിലും*

താണവരായാണ് കരുതിയിരുന്നതും. ഇവിടെയാണ് പ്രസ്ഥാനത്തിന്റെ യുഎൻലെ സ്ത്രീശാക്തീകരണം എന്ന കെട്ടുകാഴ്ച പരിഹാസ്യമാകുന്നത്. ഗെയിൽ തന്റെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ശിഷ്യകൾ എപ്പോഴും ക്ഷീണിതരായും നിദ്രാവിഹീനരായും കണ്ണുകളിലെ വെളിച്ചം കെട്ടും, പോഷകാഹാരക്കുറവുള്ളവരായും വിലയില്ലാത്തവരായും ജീവിച്ചു, എന്നാൽ ശിഷ്യന്മാരാവട്ടെ മതിക്കപ്പെട്ടവരായും ഉത്സാഹവാന്മാരായും നന്നായി ഉണ്ട് ഉറങ്ങിയവരായും തോന്നിച്ചു. ഗെയിലിനോടുള്ള പെരുമാറ്റത്തിൽ ഇത് ഏറ്റവും പ്രകടമായിരുന്നു, തീയുടെ അടുത്ത് നിൽക്കുന്നവർക്കാണല്ലോ പൊള്ളലേൽക്കുക. കെട്ടുകാഴ്ചകൾക്ക് പുറകിൽ A നീതിബോധം ഇല്ലാത്തയാളും കർക്കശക്കാരിയുമായിരുന്നു. ഔദ്യോഗിക ആഖ്യാനത്തിലെ വ്യക്തിത്വത്തോട് ഒട്ടും സാമ്യമില്ലാത്തതാണ് അവരുടെ യഥാർത്ഥ പെരുമാറ്റം: പ്രശ്നങ്ങൾക്കു നടുവിൽ അവർ കോപിഷ്ഠയും അക്രമകാരിയും പ്രതികാര വാഞ്ഛയുള്ളവളും ശാരീരികവും മാനസികവും വൈകാരികവുമായ അധിക്ഷേപങ്ങൾ നടത്തുന്നവളും, മറ്റുള്ളവരെ അപമാനിക്കുന്നവളും അസൂയയും മതിഭ്രമവും മാനസികപീഡയുമുള്ളവളും, ചഞ്ചലചിത്തയും എപ്പോഴും ഭാവം മാറുന്ന പ്രകൃതക്കാരിയും, എല്ലാം താൻ തന്നെ നിയന്ത്രിക്കണമെന്ന് നിർബന്ധമുള്ളവളും, ആത്മരതിയിൽ ആറാടുന്നവളും, എല്ലാം കരുതിക്കൂട്ടി ചെയ്യാനും മറ്റുള്ളവരെ സ്വാധീനിക്കാനും കഴിവുള്ളവളും, വഞ്ചിക്കാനും നിർദയം പെരുമാറാനും തന്റെ ലക്ഷ്യങ്ങൾക്കായി എന്തും ചെയ്യാൻ മടിയില്ലാത്തവളും, വൈകാരികമായ പിന്തുണയും സഹായവും ആവശ്യമുള്ളവളും, നിരന്തരം സംസാരിക്കുകയും, തളരാതെ അപഖ്യാതി പടർത്തുകയും ചെയ്യുന്നവളുമാണ്. പണത്തിന്റെ കാര്യം വന്നാൽ അവർ വളരെ വേഗത്തിലും വന്യമായും

പ്രതികരിക്കും. കളവു പറയുക എന്നത് അവരുടെ ജീവിതത്തിന്റെ തന്നെ ഭാഗമാണ്. അവർ പൊതുവേദിയിൽ എന്തുപറയുന്നു എന്നും, വ്യക്തികളോട് എന്തു പറയുന്നു എന്നും (അവർ വ്യക്തികളോട് പറയുന്ന ഉത്തരങ്ങൾ ഞങ്ങളാണല്ലൊ പരിഭാഷപ്പെടുത്തുന്നത്), അവർ എന്താണ് ചിന്തിക്കുന്നതെന്നും ഞങ്ങൾക്കറിയാം; കാരണം അത് അവർ അടുത്ത ആളുകളോട് പങ്കുവയ്ക്കാറുണ്ട്. തന്റെ സ്വന്തം കുടുംബത്തെ ഒഴികെ അവർ ആരെയും അകമഴിഞ്ഞ് സഹായിച്ചിട്ടില്ല. ഗെയിലിന്റെ പുസ്തകത്തിൽ പറഞ്ഞിട്ടുള്ളതുപോലെ, അവിശ്വസനീയമായ രീതിയിൽ ഉദാരമായി അവരവരുടെ കുടുംബത്തെ സഹായിച്ചിട്ടുണ്ട്, അവരെ നിശബ്ദരാക്കി നിലനിർത്തുക എന്നതാവാം ഉദ്ദേശം - ആ കുടുംബത്തെയും, A യുടെ പുരോഗതിയെയും തടസ്സപ്പെടുത്താൻ കഴിവുള്ള ഗൗരവതരമായ കാര്യങ്ങളുണ്ട്. അവരുടെ ഉദാരത എന്ന പുറംമോടിയും ചാരിറ്റി പ്രവർത്തനങ്ങളും പ്രത്യേകമായി ഒരു ചാപ്റ്ററിൽ പ്രതിപാദിക്കുന്നുണ്ട്. വിശ്വസ്തത എന്ന വാക്ക് അവരുടെ നിഘണ്ടുവിലേയില്ല. ആരെങ്കിലും അവരോട് വിശ്വാസപൂർവ്വം മനസുതുറന്നാൽ അവരത് ഉടനെ മൂന്നാമതൊരാളോട് പറയും, രഹസ്യത്തിൽ പങ്കാളിയാക്കുന്നത് വഴി ആ വ്യക്തിയുമായി ഒരു ദൃഢബന്ധം ഉണ്ടാക്കാമെന്ന പ്രതീക്ഷയിലാണത്. പല സംഭവങ്ങളും കാണിച്ചുതരുന്നത് ഏറ്റവും അർപ്പണബോധമുള്ളവരെയാണ് അവരാദ്യം തഴയുക എന്നാണ്, ദുർബലരെ ആക്രമിക്കുകയും പരസ്യമായി അപമാനിക്കുകയും ചെയ്യും. ഇതിന്റെ ഉദാഹരണങ്ങൾ ചാപ്റ്റർ II. 8.f ൽ കാണാവുന്നതാണ്.

“നന്നായി സ്നേഹിക്കുന്നവർ നന്നായി ശാസിക്കും” എന്നർത്ഥം വരുന്ന ഫ്രഞ്ച് പഴഞ്ചൊല്ലിനെ അന്വർത്ഥമാക്കുന്ന പ്രകൃതമാണ് A യുടേത്. ചെറുപ്പത്തിൽ തന്റെ ഗുരുവായ സ്വന്തം അമ്മയിൽ നിന്ന് പഠിച്ചതെല്ലാം

അതുപോലെ പ്രാവർത്തികമാക്കാൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്. എങ്കിലും ആരുടെ അടുത്ത് പരിധി വിടരുതെന്നും വളരെ കൃത്യമായി അവർക്കറിയാമായിരുന്നു. ഭക്തിപൂർവ്വം സ്വയം അർപ്പിക്കുന്നവരുടെ അടുത്തും, സ്നേഹത്താൽ സ്വന്തം ജീവിതം തന്നെ അവർക്ക് വേണ്ടി സമർപ്പിക്കുന്നവരുടെ അടുത്തും, കൂടുതൽ സഹനശേഷിയുള്ളവരുടെയടുത്തും അവർ മുൻപിൻ നോക്കാതെ അവരുടെ പ്രകൃതം കാട്ടും. ടിബറ്റൻ യോഗി മിലരേപയ്ക്ക് തന്റെ ഗുരുവിൽ നിന്ന് നേരിടേണ്ടി വന്ന കഠിന പരീക്ഷണങ്ങളുടെ കഥകൾ നമ്മൾ കേട്ടിട്ടുണ്ട്[55]. എന്നാൽ അവ *"കഥകൾ"* മാത്രമാണ്. ഒരു പരിധിക്കപ്പുറം, അത് എത്ര വിദൂരമാണെങ്കിലും, ഒരാളെ ദുർബലമാക്കുന്ന പ്രവർത്തികൾ തുടരുകയാണെങ്കിൽ അത് അഹന്തയെ അല്ല നശിപ്പിക്കുക, പകരം അത് അടിസ്ഥാനപരവും പ്രകടമായ ലക്ഷണങ്ങൾ കാണപ്പെടുന്ന രീതിയിലും ആ വ്യക്തിയുടെ മാനസിക അസ്ഥിത്വത്തെയാണ് ബാധിക്കുന്നത്. അത് ആ വ്യക്തിയെ സാധാരണ ആരോഗ്യമുള്ള ഒരു മനുഷ്യനെപ്പോലെ ചിന്തിക്കാനോ മനസ്സിലാക്കാനോ പ്രവർത്തിക്കാനോ ഒന്നും സാധിക്കാത്ത മട്ടിൽ കഠിനമായി ബാധിച്ച് മാനസികമായി തകർക്കുന്നു. ഈ നിർദ്ദയ പ്രവർത്തി നടപ്പാക്കുന്നത് അയാൾ ചെയ്യുന്നതിനൊന്നും അംഗീകാരമോ സാധൂകരണമോ നൽകാതെ, സ്നേഹമോ അനുകമ്പയോ കാണിക്കാതെ, ഒരുവേള ഓരോ തവണ തകർന്നുവീഴും എന്ന് തോന്നുമ്പോഴും വളരെ ചെറിയ അളവിൽ, ഹോമിയോപ്പതി ഗുളിക പോലെ അൽപ്പാൽപം അംഗീകാരമോ സ്നേഹമോ ഒക്കെ നൽകികൊണ്ടാണ്. മനുഷ്യർക്ക് ആരോഗ്യത്തോടെ സന്തുലിതമായി നിലനിൽക്കാൻ അതിപ്രധാനമായി അല്പം ശ്രദ്ധയും അംഗീകാരവും ആവശ്യമുണ്ട്. ഒരു വ്യക്തി തന്റെ പൂർണ്ണമായ തകർച്ചയ്ക്ക് മുമ്പ് താൻ ഉൾപ്പെട്ടിരിക്കുന്ന സാഹചര്യം തിരിച്ചറിയുകയും, അനാരോഗ്യകരവും

അപകടം പിടിച്ചതുമായ ആ സാഹചര്യത്തിൽ നിന്ന് രക്ഷ നേടണം എന്ന് ചിന്തിക്കാൻ തക്ക ഊർജ്ജവും ഉൾക്കാഴ്ചയും നേടുകയും ചെയ്താൽ അയാൾക്ക് എല്ലാം നഷ്ടപ്പെട്ടിട്ടില്ല എന്ന് കരുതാം. ഗെയിലിന്റെ കാര്യത്തിലും ഇതുതന്നെയാണ് സംഭവിച്ചത്. തകർച്ചയുടെ പല ലക്ഷണങ്ങളും ഗെയിലിന്റെ കാര്യത്തിൽ പ്രകടമായിരുന്നു, എന്നാൽ A അതൊന്നും വകവച്ചില്ല. ഇതൊന്നുമല്ലാതെ കെട്ടുകഥകൾ അനുസരിച്ചാണെങ്കിൽ എല്ലാമറിയുന്ന അമ്മ തന്റെ *പുത്രനെ,* പ്രസ്ഥാനത്തിലെ രണ്ടാമനെ, താൻ ഉറങ്ങുമ്പോൾ തന്റെ കട്ടിലിൻ കാൽക്കൽ ഉറങ്ങുന്ന *പുത്രിയെ ബലാത്സംഗം* ചെയ്യാൻ അനുവദിച്ചെങ്കിൽ, അവരുടെ ത്രികാലജ്ഞാനത്തിനും സർവ്വശക്തിത്വത്തിനും ഒന്നിലധികം പ്രശ്നങ്ങളുണ്ട്. പാവം ഗെയിൽ കരുതിക്കൂട്ടിയുള്ള ഈ ബലാത്സംഗങ്ങളെ തന്റെ സ്വന്തം തെറ്റായി ധരിക്കുകയും ചെയ്തു (ch. 20, Holy Hell). അവർ പിന്നെയും അവിടെത്തന്നെ തുടരുന്നതിന് യാതൊരു ന്യായീകരണവുമില്ല എങ്കിൽപോലും അവരുടെ ദൈവത്തോടും ഗുരുവിനോടുള്ള സ്നേഹവും ആത്മീയപാതയോടുള്ള അർപ്പണബോധവും കാരണം എല്ലാ കച്ചിത്തുരുമ്പിലും പിടിച്ച് അളവില്ലാത്ത സഹനത്തോടെ അവിടെ കഴിഞ്ഞുകൂടി.

A യുടെ പെരുമാറ്റം ഒരിക്കലും ആരോഗ്യകരമോ സന്തുലിതമോ ആയിരുന്നില്ല. തന്റെ മക്കളെ പഠിപ്പിക്കുന്നു എന്ന് അവകാശപ്പെടുന്ന അവർക്ക് സ്വന്തം മാനസികവിക്ഷോഭമോ ക്രോധമോ പോലും പലപ്പോഴും നിയന്ത്രിക്കാൻ കഴിഞ്ഞില്ല. ഉദാഹരണത്തിന് ഒരു ദിവസം പ്രാതൽ സമയത്ത് രുചിയില്ലാത്ത കഞ്ഞിയുടെ കൂടെ കിട്ടിയത് ഏതാനും തുള്ളികൾ മാത്രമുള്ള ചട്ണി ആണെന്ന് ഗെയിൽ തമാശയായി പരാതി പറഞ്ഞപ്പോൾ, A ഗെയിലിന്റെ കഴുത്ത് ഞെരിക്കാൻ എന്നവണ്ണം കൈയും നീട്ടി കണ്ണുംതുറിപ്പിച്ച് ചാടിയെഴുന്നേറ്റു, അവസാന നിമിഷം അവർ അതിൽനിന്ന് പിന്തിരിയുകയും തന്റെ തല ചുമരിൽ ശക്തിയായി ഇടിക്കുകയും, ഗെയിലിനു നേരെ ആക്രോശിക്കുകയും ചെയ്തു (ch. 12, p. 187). ഈ

രോക്ഷപ്രകടനത്തിനുശേഷം ഗെയിലിന്റെ ഞെട്ടിത്തരിച്ച മുഖം കണ്ട അവർ ഗെയിലിന്റെ അടുത്തുപോവുകയും സമാധാനിപ്പിക്കുകയും ചെയ്തു. അവർ ശരിക്കും ക്രുദ്ധയായിരുന്നില്ലെന്നും തന്റെ മകളുടെ തെറ്റ് സ്നേഹത്താൽ തിരുത്തിയതാണെന്നും പറഞ്ഞു. ഈ സന്ദർഭത്തിന് ഞാനും സാക്ഷിയായിരുന്നു. അവരുടെ പ്രവർത്തി തിരുത്തൽ ആയിരുന്നില്ല, അത് ഭ്രാന്തുള്ള സ്ഥിരതയില്ലാത്ത ഒരാളുടെ യുക്തിഹീനമായ വിഭ്രാന്തിയായിരുന്നു. തിരുത്തണമെന്ന ഉദ്ദേശത്തോടെയായിരുന്നെങ്കിൽ തമാശയുടെ രൂപത്തിലുള്ള ഒരു മറുപടി ധാരാളം മതിയാകുമായിരുന്നു, വീട്ടുകാരുടെയും മറ്റ് ശിഷ്യരുടെയും മുന്നിൽ ഈ ഭീതിതമായ നാടകത്തിന്റെ ഒരാവശ്യവുമില്ലായിരുന്നു. ആ പ്രദേശത്തെ മുക്കുവ കുടുംബങ്ങളിൽ അതിവൈകാരിക പ്രകടനങ്ങൾ സാധാരണമായിരുന്നു. അപ്പോഴേക്കും അവരുടെ "ആൺമക്കൾ" വിഭ്രാന്തിക്കാരായ കുട്ടികളെപ്പോലെ ഓടിച്ചെല്ലുകയും അവരുടെ നെറ്റിയിലെ മുഴയെ ശുശ്രൂഷിക്കുകയും, ഗെയിലിനെ നോക്കി ദേഷ്യത്തോടെ പിറുപിറുക്കുകയും ചെയ്തു. A യുടെ കുടുംബമാകട്ടെ സ്വയം ന്യായീകരിക്കുന്ന രീതിയിൽ ചിലതുപറഞ്ഞ് പതിവ് ഇരവാദം നടത്തി. പലപ്പോഴും ഇത്തരം വേദികൾ കുടുംബത്തിന് തങ്ങളുടെ പഴയ പരിഹരിക്കാത്ത പ്രശ്നങ്ങൾ വീണ്ടും ഉയർത്തിക്കാട്ടി ശ്രദ്ധ നേടാനുള്ള സമയമായിരുന്നു. ഈ കോലാഹലങ്ങൾ മണിക്കൂറുകളോളം നീണ്ടുനിൽക്കും, ഓരോരുത്തരായി വേദിയിൽ വന്ന് അവരവരുടെ ഭാഗം അവതരിപ്പിച്ച് പോകുന്ന ഒരു ദുരന്ത-ഹാസ്യനാടകം പോലെ. നീലു പോലും തന്റേതായ രീതിയിൽ ഗുരുശിഷ്യ ബന്ധത്തെക്കുറിച്ചും ഗുരുവിന്റെ സൗഖ്യത്തെക്കുറിച്ചും വാചാലനാവുകയും, ഗെയിലിന്റെ വിവേകമില്ലായ്മയെക്കുറിച്ച് നിരാശ പ്രകടിപ്പിക്കുകയും ചെയ്ത് ഈ നാടകത്തിന്റെ ഭാഗമാവുമായിരുന്നു. എനിക്ക് ഭയമാണ് തോന്നിയത്. കാരണം ഫ്രാൻസിലെ ചിത്തഭ്രമക്കാരായ കുടുംബത്തെ ഉപേക്ഷിച്ച് 8000

കിലോമീറ്റർ അകലെ മറ്റൊരു കൂട്ടം ചിത്തഭ്രമക്കാരുടെ നടുവിലേക്കാണല്ലോ ഞാൻ വന്നത് എന്നോർത്ത്. ഇന്ന് അതോർക്കുമ്പോൾ എന്റെ ചുണ്ടിൽ ഒരു പുഞ്ചിരിയാണ് വിടരുന്നത്.

വിഷു ആ പ്രദേശത്ത് വളരെ ഗംഭീരമായാണ് കൊണ്ടാടിയിരുന്നത്; ആഘോഷങ്ങളും പടക്കങ്ങളും മതപരമായ ചടങ്ങുകളും സദ്യയും പുതുവസ്ത്രങ്ങളും ഒക്കെയായി. സാധാരണയായി A മണിക്കൂറുകളോളം ദർശനം നൽകാനായി പോകുന്ന സമയത്ത് ഗെയിൽ വീട്ടുജോലികളായ അലക്ക് A യുടെ പാചകം, A മടങ്ങിവരുമ്പോഴേക്കും മുറിയും കുളിമുറിയും ഒരുക്കുക, അവർക്ക് മാറാനുള്ള വസ്ത്രങ്ങൾ കട്ടിലിൽ തയ്യാറാക്കി വയ്ക്കുക, വായിക്കാനുള്ള പുസ്തകങ്ങൾ എടുത്തുവയ്ക്കുക, അവരുടെ സുഗന്ധതൈലങ്ങൾ തയ്യാറാക്കി വയ്ക്കുക, ഭക്ഷണവും പാനീയങ്ങളും വിളമ്പാനുള്ള തയ്യാറെടുപ്പ് നടത്തുക, കാലുതിരുമ്മാനുള്ള എണ്ണയും മറ്റും സജ്ജീകരിക്കുക എന്നിവയൊക്കെ ചെയ്യുമായിരുന്നു. എന്നാൽ വിഷു വ്യത്യസ്തമായിരുന്നു, A എപ്പോഴാണ് തിരികെ വരുന്നത് എന്നറിയാൻ ഗെയിലിന് ഒരു വഴിയുമുണ്ടായിരുന്നില്ല. ഗെയിൽ ബാത്റൂം തേച്ച് കഴുകുന്ന സമയത്താണ് A ഒരു ഇടവേളയ്ക്കായി മുറിയിലേക്ക് വന്ന് ചൂടുള്ള എന്തെങ്കിലും കുടിക്കാനായി നൽകാൻ ആവശ്യപ്പെട്ടത്. ഗെയിൽ വേഗം ടൈൽസിലെയും സ്വന്തം കൈകളിലെയും സോപ്പ് കഴുകിക്കളഞ്ഞ് മുകളിലെ അടുക്കളയിലേക്ക് ചായ ഉണ്ടാക്കാനായി ഓടി. ഇന്ത്യയിൽ ചായയുണ്ടാക്കുന്നത് പാലും വെള്ളവും കൂടി തിളപ്പിച്ചിട്ടാണ്, തിളച്ച വെള്ളത്തിലേക്ക് ഒരു ടീ ബാഗ് ഇടുന്നതിലും അല്പംകൂടി സമയമെടുക്കും അതിന്. അല്പനിമിഷങ്ങൾക്ക് ശേഷം A *"എനിക്ക് കുടിക്കാൻ എന്തെങ്കിലും തരൂ, വേഗം"* എന്ന് ആക്രോശിച്ചു. അവരുടെ ശബ്ദത്തിലെ അസഹ്യത കേട്ട് ഗെയിൽ പടവുകൾ പാതി ഇറങ്ങി, എന്ത് സംഭവിച്ചു എന്ന് നോക്കി. A തന്റെ നെഞ്ചിൽ കൈയും വെച്ച് ദേഷ്യത്തോടെ

നിൽക്കുകയായിരുന്നു. ചായ ഉണ്ടാക്കിക്കഴിയാൻ സമയം പിടിക്കും എന്നറിയാമായിരുന്നതിനാൽ ഗെയിൽ ഒരു ഗ്ലാസ് ചൂട് പാലുമായി താഴേക്കോടി. A ഗെയിലിന്റെ കൈയിൽ നിന്ന് ഗ്ലാസ് പിടിച്ചു വാങ്ങി, എന്നാൽ അതിനകത്ത് പാൽ ആണെന്ന് കണ്ട A *"ഞാൻ എന്നുമുതലാണ് പാൽ കുടിച്ച് തുടങ്ങിയത്"* എന്നരിശപ്പെട്ട് ആ നിറഞ്ഞ ഗ്ലാസ് മുറിയുടെ മറുവശത്തേക്ക് വലിച്ചെറിഞ്ഞു. ഗെയിൽ ഞെട്ടിത്തരിച്ച് നിന്നു, ഉഗ്രരോഷത്തിൽ A ഗെയിലിന്റെ സാരിയിൽ പിടിത്തമിട്ട് സ്വന്തം പല്ലുകൾ കൊണ്ടത് കടിച്ചുപറിച്ചു. രക്ഷപ്പെടാനായപ്പോൾ ദുഃഖം നിറഞ്ഞ മനസ്സുമായി ഗെയിൽ ചായ ഉണ്ടാക്കാനായി മുകളിലേക്ക് പോയി. അല്പമിനിട്ടുകൾക്ക് ശേഷം ചായയുമായി തിരിച്ചുവന്ന ഗെയിലിനോട്. *"നീ എന്റെ അടുത്ത് വന്നാൽ ഞാൻ നിന്നെ കുത്തിക്കൊല്ലും, അത് ചെയ്യുന്നത് ഞാനെന്റെ മനസ്സിൽ കാണുന്നുണ്ട്"* എന്ന് പറഞ്ഞു. ഇതുപറഞ്ഞപ്പോൾ അവർ മൂന്നുതവണ സ്വന്തം തലയ്ക്കടിക്കുകയും മുറി വിട്ടു പോവാൻ ഗെയിലിനോട് ആക്രോശിക്കുകയും ചെയ്തു. ഗെയിൽ പോകാൻ മടിച്ചു നിന്നപ്പോൾ *"ഈ നിമിഷം നീയീ മുറിയിൽ നിന്ന് പോയില്ലെങ്കിൽ ഞാനെന്റെ കൈയും കാലും വെട്ടിക്കളയും"* എന്നും പറഞ്ഞു. ഇങ്ങനെയാണ് ഗുരു അമൃതാനന്ദമയി തന്റെ പ്രഥമ ശിഷ്യയോട് പെരുമാറിയിരുന്നത്, ഒരു കപ്പ് ചായയുടെ പേരിൽ പോലും ക്രോധാന്ധയായി പൊട്ടിത്തെറിച്ചുകൊണ്ട്. ഇതിനുശേഷം അവർ ഹാളിലേക്ക് തിരിച്ചുപോയി ദർശനവും ആലിംഗനവും കനിവിന്റെ അമൃത് തുളുമ്പുന്ന അമ്മയായുള്ള പ്രദർശനവും തുടർന്നു (ch. 18, p. 270). ഗെയിലിന്റെ പുസ്തകത്തിൽ ഇങ്ങനെ പല അനുഭവ കഥകളും ഉണ്ട്, ചിലതിന് ഞാൻ സാക്ഷിയുമായിരുന്നു.

അവരുടെ ഇടയ്ക്കിടെയുള്ള കലിതുള്ളലിൽ അവർ എപ്പോഴും തനിക്ക് ആരെയും ഒന്നിനെയും ആവശ്യമില്ലെന്ന് ആക്രോശിക്കാറുണ്ടെങ്കിലും, A എപ്പോഴും സഹായവും ശ്രദ്ധയും ആവശ്യമുള്ള

കൂട്ടത്തിലായിരുന്നു. വൈകാരികമായി മാത്രമല്ല, മനസ്സിൽ വിചാരിച്ച മാത്രയിൽ ധാരാളം ഭൗതികവസ്തുക്കളും അവർക്ക് ലഭിക്കണമായിരുന്നു. അവരുടെ ക്രോധവും ശിക്ഷയും അവഹേളനവും ഭയന്ന് ഗെയിൽ ഒരുപാട് കാര്യങ്ങൾ ഒരേസമയം തയ്യാറാക്കി വെച്ചിരുന്നു (ch. 16, p. 252). ഏറ്റവും അപ്രതീക്ഷിതമായ സംഭവവികാസങ്ങൾ കൂടി മുന്നിൽക്കണ്ടാണ് എല്ലായ്പ്പോഴും തയ്യാറെടുത്തിരുന്നത്. ഒരു സാഹചര്യത്തിലെ എല്ലാ സാധ്യതകളെയും മുൻകൂട്ടിക്കണ്ട് ഒരോ സന്ദർഭത്തിനും അനുയോജ്യമായ സാധനങ്ങൾ ഗെയിൽ തയ്യാറാക്കി വച്ചിരുന്നു: ചൂടുവെള്ളം, ചൂടുപാൽ, ജീരക ചായ, മോരും വെള്ളം, കുളിമുറിയിൽ വെള്ളം, ചെറിയ തോർത്തുകൾ, മാറ്റാനുള്ള സാരി, വായനാറ്റം വരാതിരിക്കാൻ ചവയ്ക്കുന്ന കുരുക്കൾ, വിശറി, ചൂടുവെള്ളം നിറച്ച ബോട്ടിൽ, ഷോൾ, വായിക്കാനുള്ള പുസ്തകം, തപാൽ എന്നിങ്ങനെ. A ഒരു ബഹളക്കാരിയും, പ്രശ്നക്കാരിയുമായ കുട്ടിയെപ്പോലെ തന്റെ ഏതാഗ്രഹവും "ഉടൻ" സാധിക്കണമെന്ന് പ്രതീക്ഷിച്ചു- ഞാൻ ഇവിടെ "ഉടൻ" എന്നതിന് പകരം "ഈ നിമിഷം" എന്ന് എഴുതാൻ തുടങ്ങുകയായിരുന്നു, അപ്പോഴാണ് ഓർത്തത് "*നിമിഷങ്ങൾ*" എന്നത് തന്നെ അവർക്ക് നീണ്ടതാണ് - അപ്പോഴേക്കും അവർ ദേഷ്യം വന്ന് പൊട്ടിത്തെറിക്കുകയും അധിക്ഷേപിക്കുകയും പലപ്പോഴും ശാരീരികമായി ഉപദ്രവിക്കുകയും ചെയ്യും. ഓരോ തവണയും അവർ തനിക്ക് ആരെയും ആവശ്യം ഇല്ല എന്ന് പറയുന്നത് ഗെയിലിന് അവഹേളനമായി തോന്നി. അത് സത്യമായിരുന്നില്ല എന്നതുകൊണ്ട് മാത്രമല്ല ഗെയിലിന്റെ സേവയുടെ നിഷേധം കൂടിയായിരുന്നു അത്, അതിന് ഒരുപാട് ജാഗ്രതയും ശ്രദ്ധയും പല കാര്യങ്ങൾ ഒരുമിച്ചും സാഹചര്യത്തിനനുസരിച്ച് മാറ്റിയുമൊക്കെ ചെയ്യാനുള്ള കഴിവും ആവശ്യമായിരുന്നു. അതിനെല്ലാം അപ്പുറം A യുടെ സേവ എന്നാൽ ചെയ്തു എന്ന് വരുത്തിത്തീർക്കുന്ന

ഒരു ജോലിയായിരുന്നില്ല ഗെയിലിന്, സ്വന്തം ആത്മീയ പ്രയാണമായാണ് അവർ ഗുരുസേവയെ കണക്കാക്കിയിരുന്നത്, ഒരുപാട് ശ്രദ്ധയോടും സൂക്ഷ്മതയോടും കൂടി, ഏറ്റവും ചെറിയ വിശദാംശം പോലും ശ്രദ്ധിച്ചാണ് അവരത് നിർവ്വഹിച്ചിരുന്നത്. A യ്ക്ക് ഇക്കാര്യത്തിൽ നിർബന്ധബുദ്ധിയും ഉണ്ടായിരുന്നു. തനിക്കൊന്നും ആവശ്യമില്ല എന്ന് മേനി പറയുന്ന ആളിന്റെ ഭ്രാന്തമായ ആശ്രയത്വത്തെക്കുറിച്ച് എന്റെ അനുഭവങ്ങളുടെ വെളിച്ചത്തിൽ എനിക്ക് ഉറപ്പിച്ചു പറയാൻ കഴിയും.

അതേ ചാപ്റ്ററിന്റെ പേജ് 255 ൽ ഗെയിൽ പറഞ്ഞിട്ടുണ്ട്, A യുടെ പേഴ്സണൽ അസിസ്റ്റന്റ് ആണെന്നതിനാൽ ഒരുപാടാളുകൾ തന്നെ ഭാഗ്യവതിയും അനുഗ്രഹീതയുമായി കണക്കാക്കിയിരുന്നു എന്ന്. എന്നാൽ ഗെയിലിന് A യുടെ മാനുഷികവശവും സ്വകാര്യതയിലെ പെരുമാറ്റവും പ്രതികരണങ്ങളും വൈകാരികതയുമെല്ലാം എത്ര സാധാരണവും ചിലപ്പോൾ നിരാശാ ജനകവുമാണെന്ന് അറിയാമായിരുന്നു. ഉദാഹരണത്തിന് നിസ്സംഗതയെക്കുറിച്ച് പഠിപ്പിച്ചയാൾ തന്നെ സ്വന്തം സഹോദരൻ സുഖമില്ലാതെ ആശുപത്രിയിൽ കിടന്നപ്പോൾ കരഞ്ഞതും, തന്റെ "പ്രത്യേകതാൽപര്യമുള്ള" (വാച്യാർത്ഥമല്ല) പുത്രന്മാർ കുറച്ചുദിവസം തന്റെയടുക്കൽ എത്തിച്ചേരാതിരുന്നപ്പോൾ കണ്ണുനിറഞ്ഞതും, പിന്നെ അവർ കാണാനായി വന്നപ്പോൾ പരിഭവിച്ച് മിണ്ടാതിരുന്നതും, പിന്നീടവർക്ക് അപേക്ഷിച്ചും പ്രീതിപ്പെടുത്തിയും വശത്താക്കേണ്ടി വന്നതുമായ പല പല കാര്യങ്ങൾ.

ഇതൊക്കെ നിരീക്ഷിക്കുമ്പോൾ "ഗുരു"വിന്റെ പ്രവർത്തികൾ പലപ്പോഴും പരസ്പര വിരുദ്ധങ്ങളായിരുന്നു, ഒരുവശത്ത് മറ്റുള്ളവരുടെ അഹംബോധത്തെ തകർക്കുകയും മറുവശത്ത് സ്വന്തം പ്രബലമായ ഈഗോ മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കുകയും ചെയ്യുന്നു.

യുക്തിപൂർവ്വവും, ആത്മീയവും, ആരോഗ്യകരവും എല്ലാത്തിനുമുപരി നൈതികവുമായി അംഗീകരിക്കപ്പെടാവുന്ന കാര്യങ്ങളുടെ പരിധിയെന്താണ്? ഒരു പരിധിക്കപ്പുറം കാല്പനികമായ കഥകളിൽ വിശ്വസിക്കാനാവില്ല. ചായയ്ക്ക് പകരം പാലുകൊണ്ടുവന്നതിന് A ഗെയിലിനെ ശാരീരികമായി ഉപദ്രവിച്ചപ്പോൾ അത് കുഴപ്പക്കാരിയായ ഒരു കുട്ടിയുടെ ഹിസ്റ്റീരിയ പിടിച്ച പ്രവൃത്തിയായിരുന്നു, അവതരിപ്പിച്ചത് പ്രായപൂർത്തിയായ ഒരാളാണെന്ന് മാത്രം. ആത്മീയ വിദ്യാഭ്യാസം എന്ന പേരിൽ A തന്റെ ശിഷ്യരെ പഠിപ്പിച്ചത് പലപ്പോഴും തന്റെ പ്രബലമായ ഈഗോയുടെ ആവിഷ്കാരവും, രോഗാവസ്ഥയിലെത്തിയ ഒരുതരം സർവ്വജ്ഞതപ്രകടനവും, അഹങ്കാരം കൊണ്ട് ഉന്മാദാവസ്ഥയിലെത്തിയ ഒരാളുടെ തഞ്ചത്തിലെ വശപ്പെടുത്തലും, എല്ലാം നിയന്ത്രിക്കണം എന്നുള്ള അടക്കാനാവാത്ത ആഗ്രഹവും, ആത്മഹത്യാഭീഷണിയും ഒക്കെയാണ്. ഈ പ്രവർത്തികൾ ഒന്നും ഒരു സന്യാസിയുടേതല്ല. ചാപ്റ്റർ III.9.e, ൽ ഡോ. ജാകിസ് വിഗ്നെ എഴുതിയ A യുടെ വ്യക്തിത്വത്തിന്റെ ശാസ്ത്രീയമായ അപഗ്രഥനം വായിക്കാവുന്നതാണ്. അദ്ദേഹം ഒരു സൈക്യാട്രി ഡോക്ടറും ഹിന്ദു സന്യാസിയും കൂടിയാണ്.

ആളുകളെ തല്ലുക എന്നത് മുക്കുവരുടെ ഇടയിൽ വളരെ സാധാരണമായ ഒന്നാണ്. വിദ്യാഭ്യാസ നിലവാരം താഴും തോറും ഹിംസയുടെ പ്രകടനം കൂടി വരും. അച്ഛനമ്മമാരുടെ ശാരീരിക പീഡ സഹിച്ച ഒരു കുട്ടിയുടെ അതിജീവനത്തിനുള്ള പ്രതികരണമായിരുന്നിരിക്കണം A പിൽക്കാലത്തും പ്രകടിപ്പിച്ചിരുന്നത്. മാനസികമായി അത് വളരെ സാധാരണമാണ്, വിശദീകരിക്കാൻ ദൈവത്തിന്റെ ആവശ്യവുമില്ല.

A എന്തുതന്നെ ചെയ്താലും അവരുടെ ഭക്തർ അതിനെ ശിഷ്യരുടെ അഹംബോധം നശിപ്പിക്കുന്ന ഒരു സന്യാസിയുടെ പ്രവർത്തിയാക്കി മാറ്റും. എന്നാൽ ഒരു

പരിധിക്കപ്പുറം ഈ ഭ്രാന്തമായ പെരുമാറ്റത്തെ ഇത്തരത്തിൽ ന്യായീകരിക്കാനാവില്ല. അത്തരം സന്ദർഭങ്ങളിൽ ഒരാൾ അടിസ്ഥാനപരമായ കാര്യങ്ങളിലേക്ക് തിരിച്ചുപോവുകയും സത്യം സത്യമായി വിളിച്ചു പറയുകയും വേണം. ആളുകളെ മാനസികമായി സ്വാധീനിക്കലാണ് അവരുടെ ഏറ്റവും വലിയ ആയുധം. അത് അവർ ആളുകളെ ആകർഷിക്കാനും തന്നിൽതന്നെ നിലനിർത്തുവാനും, തളച്ചിടാനും മാത്രമല്ല, തന്റെ സർവ്വജ്ഞതക്കെതിരെ ഉണരുകയും, ചോദ്യം ചെയ്യുകയും ചെയ്യുന്നവരെ തള്ളിക്കളയാനും ശിക്ഷിക്കാനും ഉപയോഗിക്കാറുണ്ട്. സംശയത്താൽ വലയുകയും അവരിൽ ഉള്ള വിശ്വാസം നശിക്കുകയും ചെയ്ത ധാരാളം പേരുടെ അനുഭവക്കുറിപ്പുകൾ കാണാനാവും. ഒരാളുടെ അവിശ്വാസം അറിയുന്ന മാത്രയിൽ അവരൊരു മുത്തുച്ചിപ്പി പോലെ അടയും, പിന്നെ അയാളെ അറിയുകയേയില്ല എന്ന് ഭാവിക്കും, ഒറ്റപ്പെടുത്തും, മറ്റുള്ളവരുമായി അയാൾ സമ്പർക്കം പുലർത്താതെ നോക്കുകയും ചെയ്യും. ചാപ്റ്റർ 8. f ൽ ഇതുസംബന്ധിച്ച അനുഭവസാക്ഷ്യങ്ങൾ കാണാം.

ദൈവത്തിന്റെ ആയിരം പേരുകളടങ്ങിയ സഹസ്രനാമാവലി ഇന്ത്യയിൽ വളരെ സാധാരണമാണ്. എന്നാൽ A യുമായി ബന്ധപ്പെടുത്തി, A യിൽ കുടികൊള്ളുന്ന ദേവിയുടേതെന്ന പേരിൽ അത് ചൊല്ലുന്നത് മാനസികമായി ആരോഗ്യകരമല്ല. കാരണം അത് സർവ്വശക്തിത്വം എന്ന മിഥ്യാധാരണയെ ബലപ്പെടുത്തും. A എന്ന വ്യക്തിയിൽ ദൈവീകഗുണങ്ങളുടെ ആരോപണം വളരെ ചിട്ടയോടെ നടത്തുന്നുണ്ട്. അമ്മയുടെ അഷ്ടോത്തരശതനാമാവലിയിൽ ഈ ബന്ധം വളരെ വ്യക്തവും സംശയാതീതവുമാണ്. അവരുടെ ഉപദേശപ്രകാരം കാലത്ത് അഞ്ചിന് ഉണരുകയും A യുടെ 108 പേരുകളുടെ മന്ത്രവും, ദേവിയുടെ സഹസ്രനാമവും ചൊല്ലിയ ശേഷം IAm meditation (ഐആം മെഡിറ്റേഷൻ)

(ചാപ്റ്റർ III.3[56] ചെയ്ത് അവസാനിപ്പിക്കണം. നിങ്ങൾ അവരുടെ ആശ്രമത്തിലാണെങ്കിലും സ്വന്തം വീട്ടിലാണെങ്കിലും നിർദ്ദേശം ഇതുതന്നെയാണ്. അനന്തരഫലമായി വളരെ ചിട്ടയോടുകൂടിയ ഒരു വ്യക്തിപൂജാ പ്രസ്ഥാനമായി ഇത് മാറിയിരിക്കുന്നു. A ജനാലയിലൂടെ തല പുറത്തിട്ട് മേഘത്തെയോ ഒരു പക്ഷിയെയോ നോക്കുകയാണെങ്കിലും, ഭക്തർ അതുടനെ ദൈവീകമായ അത്ഭുതപ്രവർത്തിയായി കണക്കാക്കും. ഈ ചിന്താഗതിയെ അവർ ബുദ്ധിപരമായി മുതലെടുക്കുകയും ചെയ്യും. ഇതുകൂടാതെ നാടകീയമായ അത്ഭുതപ്രവർത്തികൾ വേറെയുമുണ്ടല്ലോ, കുഷ്ഠരോഗിയുടേതും മറ്റും. പ്രത്യേക മാനസികാവസ്ഥകൾ ആയ മോഹനിദ്രയും മറ്റും അത്ഭുത പ്രവർത്തികളായി കാണിച്ച് അതിനെയും സ്വന്തം ലാഭത്തിനായി പ്രയോജനപ്പെടുത്തുന്നു. ഇതിനെക്കുറിച്ച് A യുടെ ആത്മകഥയുടെ വിമർശനാത്മക നിരൂപണത്തിൽ, ചാപ്റ്റർ III. 9. ൽ വിലയിരുത്തിയിട്ടുണ്ട്.

# III. 7. പ്രസ്ഥാനത്തിലെ 002

ആദ്യത്തെ "മാതാഅമൃതാനന്ദമയീ മിഷൻ ട്രസ്റ്റിന്റെ" നിയമസംഹിത പ്രകാരം A ആയിരുന്നില്ല പ്രസ്ഥാനത്തിന്റെ തലപ്പത്ത്, പകരം അവർ പ്രസ്ഥാനത്തിന്റെ "*ആത്മീയഗുരു*" എന്ന സ്ഥാനത്തായിരുന്നു. അതിനുശേഷം പ്രസ്ഥാനത്തിന്റെ നിയമപരമായ ഘടനയും പേരും മാറുകയും സ്വാമി അമൃതസ്വരൂപാനന്ദ (ബാലു/ 002) അതിന്റെ വൈസ് പ്രസിഡന്റ് ആയി താഴുകയും അയാളുടെ സ്ഥാനത്ത് A സംഘടനയുടെ പ്രസിഡന്റാവുകയും ചെയ്തു. ഇതുപറയുമ്പോൾ ഈ സംഘടനയുടെ ബൈലോയ്ക്ക് വേണ്ടി നിങ്ങൾ ഇന്റർനെറ്റിൽ തിരയുകയേ വേണ്ട, കാരണം ചാരിറ്റികളിൽ സാധാരണ കാണാത്ത വിധത്തിലുള്ള പ്രശംസ നിറഞ്ഞ ആശയപ്രചരണങ്ങളല്ലാതെ മറ്റൊന്നും നിങ്ങൾ കണ്ടെത്താൻ പോകുന്നില്ല.

"*ബാലു ചില സമയങ്ങളിൽ അയാളുടെ വിഷാദം നിറഞ്ഞ കണ്ണുകളുമായി ആകെക്കൂടി ഒരു വികാരജീവിയായിരുന്നു. അമ്മയുടെ പുത്രൻ എന്ന വികാരാധീനമായ ബന്ധത്തിലേക്ക് അയാൾ തലകുത്തനെ വീണുപോയി*" (ch. 20 p. 120) ഇങ്ങനെയാണ് ഗെയിൽ തന്റെ വിവരണത്തിൽ ബാലുവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. ഒരിക്കൽ ബാലു A യുടെ വീടിന്റെ ടെറസിൽ കയറി കതകടച്ച കാര്യം ഗെയിൽ ഓർത്തിരിക്കുന്നു. അന്ന് എനിക്ക് സ്വയം ആ കെട്ടിടത്തിന്റെ മുകളിൽ കയറി പുറത്തുനിന്ന് ടെറസിലെ കതക് തുറക്കേണ്ടി വന്നു. അസൂയയുടെ മൂർധന്യത്തിൽ[57] അയാൾ ഒരു അടിവസ്ത്രം മാത്രമിട്ട്

ടെറസിലെ കോൺക്രീറ്റ് തറയിൽ, ചുട്ടുപൊള്ളുന്ന വെയിലിൽ അനങ്ങാതെ മലർന്നുകിടന്നു. ഒടുവിൽ ഞങ്ങൾ കണ്ടുപിടിച്ചപ്പോഴേക്കും അയാൾ നിർജലീകരിക്കപ്പെട്ട് പിച്ചും പേയും പറയുന്ന അവസ്ഥയിലായിരുന്നു. ഗെയിലിന്റെ അനുഭവത്തിൽ ഇത് മറ്റുള്ളവരെ സ്വാധീനിക്കാനുള്ള അയാളുടെ കപടതയുടെ ആദ്യ ഉദാഹരണമായിരുന്നു. (ch. 13, p. 191).

വൈകാരികമായി ദുർബലനായ, എപ്പോഴും പ്രതിസന്ധിയിലാവുന്ന, തളർന്നു വീഴുന്ന ഒരാളായാണ് ഗെയിൽ ബാലുവിനെ വ്യക്തിപരമായി വിലയിരുത്തുന്നത്[58]. ആദ്യകാലത്ത് A പലപ്പോഴും തന്റെ "പുത്ര"ന്മാരെ സ്വകാര്യമായി കാണാനും വിശ്രമിക്കാനുമായി "അക്കരവീട്ടിലേക്ക്" (ഭക്തരും വിശ്വസ്തരുമായവരുടെ കായലിനക്കരെയുള്ള വീട്) പോകുമായിരുന്നു. ഒരുദിവസം അയാൾ അവിടെ എത്തിയപ്പോൾ A റാവുവിനൊപ്പം തനിയെ സമയം ചെലവഴിക്കുകയായിരുന്നു, അതുകണ്ട് അയാൾ അപ്പോൾ തന്നെ അവിടെ ബോധംകെട്ടുവീണു. മറ്റൊരവസരത്തിൽ, ഒരു ആഘോഷവേളയിൽ അയാളൊരു *"ഹരികഥ"* എഴുതുകയും അവതരിപ്പിക്കുകയും ചെയ്തു. അവതരണ സമയത്ത് പാടുകയും ഹാർമോണിയം വായിക്കുകയും ചെയ്തിരുന്ന അയാൾ, പെട്ടെന്ന് പൊട്ടിക്കരയാനും നിയന്ത്രണാതീതമായി പിച്ചും പേയും പറയാനും തുടങ്ങി, ഇത് കുറച്ചുനേരം നീണ്ടുനിന്നു. അയാളെ സാധാരണനിലയിലേക്ക് കൊണ്ടുവരാൻ നന്നേ പണിപ്പെടേണ്ടിവന്നു. ചിലർ ഈ സംഭവത്തെ അയാളുടെ അഗാധമായ ഭക്തിയുടെ പ്രതീകമായി പരിഗണിച്ചു, എന്നാൽ ഗെയിലും ഞാനും അത് വിശ്വസിച്ചില്ല, ഞങ്ങൾക്കത് ഹിസ്റ്റീരിയയായും, ഒരു പ്രത്യേകതരം മാനസിക അസന്തുലിതാവസ്ഥയായും ആണ് തോന്നിയത്.

ആദ്യവർഷങ്ങളിൽ ഒരിക്കൽ അയാൾ തടിവക്കാൻ തുടങ്ങിയ സമയത്ത്, എനിക്കയാൾ സഹോദരസമാനനായതുകൊണ്ട്, തമാശയായും എന്നാൽ പരിഹസിക്കുന്നതുപോലെയും അയാളുടെ ഉന്തിനിൽക്കുന്ന ഇടുപ്പുകളിൽ പിടിച്ചു. അയാൾ ഒരു ഭ്രാന്തനെപ്പോലെ കോപിഷ്ടനായി അവിടെക്കിടന്ന ഒരു ഇരുമ്പ് പാരയുമെടുത്ത് എന്നെ തല്ലാനായി വന്നു; മറ്റുള്ളവർക്ക് അയാളെ തടഞ്ഞു വയ്ക്കുകയും സമാധാനിപ്പിക്കുകയും ചെയ്യേണ്ടിവന്നു.

ഒരു പ്രത്യേക സമയത്ത് അയാൾ വ്യക്തമായും മാനിക്ക് ഡിപ്രഷന്റെ പിടിയിലായിരുന്നു; ഇന്നത്തെക്കാലത്ത് പറയുന്നതനുസരിച്ച് ബൈപോളാർ. ഈ അസുഖം വ്യത്യസ്തരീതികളിൽ പ്രകടമാകാം എന്നറിയാവുന്നതിനാൽ നമുക്കിവിടെ പൊതുവായി പറഞ്ഞുപോകാം. 1998 ൽ ആയിരുന്നിരിക്കാം, എന്റെ പിരിഞ്ഞുപോകലിനും ഒത്തുതീർപ്പിനും ശേഷം, ഞാൻ സ്വിറ്റ്സർലൻഡിൽ എന്റെ വീട്ടിലായിരുന്നപ്പോൾ A എന്നെ ഫോണിൽ വിളിച്ചു. അവർ ചിന്താക്കുഴപ്പത്തിലായിരുന്നു, ഒപ്പം അസ്വസ്ഥയും, തുറന്നുസംസാരിക്കാൻ ഒരാളെ തേടുകയായിരുന്നു അവർ. അവർക്ക് *എന്റെ* ശ്രദ്ധയും ഉപദേശവും മാനസികപിന്തുണയും വേണമായിരുന്നു. ബാലുവിന്റെ അസ്ഥിരവും ചഞ്ചലവും അനിയന്ത്രിതവും വിഭ്രാന്തവുമായ പെരുമാറ്റത്തെക്കുറിച്ച് അവരെന്നോട് വിശദമായി പറഞ്ഞു. അതുകൊണ്ടുതന്നെ ഈ കാര്യങ്ങളിലുള്ള എന്റെ അറിവ് നേരിട്ടുള്ളതാണ്. ഇന്ത്യയിലും വിദേശത്തുമുള്ള മറ്റ് ധാരാളം പേരും അയാളുടെ പെരുമാറ്റവൈകല്യങ്ങൾ ശ്രദ്ധിച്ചിട്ടുണ്ട്. അയാൾ ചികിത്സയിലാണെന്ന് അടുപ്പമുള്ള എല്ലാവർക്കും അറിയാവുന്നതുമാണ്. 1999 ൽ ഗെയിലിന്റെ തിരോധാനത്തിന് ഒരു വർഷം മുമ്പ് മുതൽ ഈ തകരാറുകൾ വളരെ പ്രകടമായിരുന്നു, ഗെയിൽ പോയതിനുശേഷവും ഇത് തുടർന്നുകൊണ്ടിരുന്നു. ഗെയിലും ബാലുവും പ്രണയത്തിലാണെന്നും, അയാൾ ഗെയിലിന്റെ പിന്നാലെ നടക്കുകയാണെന്നും A

അപഖ്യാതി പറഞ്ഞു, ബാലു അവരെ വിട്ടുപോയി എന്ന രീതിയിലായിരുന്നു പറഞ്ഞിരുന്നത്. ഗെയിലിനോടുള്ള പ്രണയത്താൽ, ഗെയിൽ ആശ്രമം വിട്ടുപോയശേഷം അയാൾ രഹസ്യമായി ഒരു ഫ്ലൈറ്റിൽ കയറി ഇന്ത്യ വിട്ട് കാലിഫോർണിയയിൽ എത്തി. ഗെയിലിനെ കാണാനെത്തിയ അയാളുടെ കൈയിൽ ഒരു മോതിരവും ഉണ്ടായിരുന്നു. എന്തൊക്കെ പറഞ്ഞാലും എല്ലാവർക്കും അവരവരുടെ വ്യക്തിജീവിതത്തിൽ സ്വകാര്യതയ്ക്കുള്ള അവകാശവും തെറ്റുകൾ വരുത്താനുള്ള സ്വാതന്ത്ര്യവുമുണ്ട്. തെറ്റുകുറ്റങ്ങൾ ഇല്ലാത്തവരായി ആരുമില്ലല്ലോ. എന്നാൽ ഇവിടത്തെ പ്രശ്നം, അധികാരവും പ്രശസ്തിയുമുള്ള ഒരു വ്യക്തിയുടെ പിഴവുകൾ മറ്റുള്ളവരുടെ ധർമ്മനിഷ്ഠയെ ബാധിക്കുന്നു എന്നതാണെന്ന് നിങ്ങൾക്ക് മനസ്സിലാകുമെന്ന് കരുതുന്നു. ഇന്ത്യയിൽനിന്ന് യുഎസ്സിലേക്കുള്ള യാത്രയിലുടനീളം ഒരു നിരാശാകാമുകനെപ്പോലെ അയാൾ മദ്യപിച്ച് ലക്കുകെട്ടിരുന്നു. അതിനുശേഷം A അയാൾക്ക് സദാ തുണ പോവാനായി മറ്റൊരാളെ ഏർപ്പാടാക്കി. അതിനിടയിൽ അയാൾക്ക് അനുയോജ്യമായ ചികിത്സ കിട്ടിയിരിക്കണം.

ഗെയിലിന്റെ പുസ്തകത്തിൽ പറഞ്ഞിട്ടുള്ള തുടരെയുള്ള ബലാത്സംഗങ്ങളെ കുറിച്ചാണെങ്കിൽ, ചില സമയങ്ങളിൽ ഞാൻ അവയ്ക്ക് തൊട്ടുമുമ്പുള്ള സംഭവങ്ങൾക്ക് സാക്ഷിയായിട്ടുണ്ടെങ്കിലും, ഞാൻ അവയുടെ നേരിട്ടുള്ള സാക്ഷിയല്ല. പല സമയങ്ങളിലും ഞാൻ അവരുടെ പ്രവർത്തികൾ ശ്രദ്ധിക്കാൻ ഇടയായിട്ടുണ്ട് എന്നാൽപോലും ഗെയിലിന്റെ പുസ്തകം (ch. 20) വായിക്കുകയും ആ വിവരണങ്ങൾക്ക് അനുബന്ധമായ മറ്റു പല വിശദാംശങ്ങളും ഗെയിൽ പിന്നീട് പറയുകയും ചെയ്തപ്പോൾ മാത്രമാണ് എനിക്ക് കാര്യങ്ങൾ വ്യക്തമായത്. A യുടെ യൂറോപ്യൻ പര്യടനത്തിനിടയിൽ, ഞാൻ സംഘാടകനും പരിഭാഷകനുമായി പ്രവർത്തിച്ചിരുന്നപ്പോൾ, സമ്മേളനം നടക്കുന്ന

സ്ഥലത്തേക്കും A യെയും കൂട്ടരെയും താമസിപ്പിച്ചിരിക്കുന്ന സ്ഥലത്തേക്കും പലതവണ എനിക്ക് പോവേണ്ടിവരാറുണ്ടായിരുന്നു. ഗെയിലും ബാലുവും എല്ലാദിവസവും A യോടൊപ്പം സമ്മേളനത്തിന്റെ തുടക്കത്തിൽ ഉണ്ടാവുമെങ്കിലും അതിനുശേഷം അവർ രണ്ടുപേരെയും തിരികെ കാറിൽ അവർ താമസിക്കുന്ന വീട്ടിലെത്തിക്കും. ഒരാൾക്ക് പബ്ളിക്കേഷനുകൾക്ക് വേണ്ടി ഗുരുവിന്റെ സന്ദേശവും ആത്മകഥയും എഴുതാനും, മറ്റേയാൾക്ക് ഗുരുവിനുവേണ്ടി പാചകവും മറ്റു ജോലികളും ചെയ്യാനുമായിരുന്നു ഇത്. ഞാനിവിടെ എന്താണ് പറയുന്നതെന്ന് വ്യക്തമായും മനസ്സിലാക്കാൻ നിങ്ങൾ ഗെയിലിന്റെ പുസ്തകം വായിക്കേണ്ടതുണ്ട്. ഞാൻ മറന്നുവച്ചതോ അല്ലെങ്കിൽ സമ്മേളനസ്ഥലത്ത് ആവശ്യമുള്ളതോ ആയ എന്തെങ്കിലും എടുക്കാനായി വീട്ടിലേക്ക് വരുമ്പോൾ, ബാലുവിന്റെ തീവ്രവും ഗൂഢവും വിചിത്രവുമായ പെരുമാറ്റം കണ്ട് അത്ഭുതം തോന്നിയിട്ടുണ്ട്. അയാൾ ശ്രദ്ധ പിടിച്ചുപറ്റുന്ന രീതിയിൽ അടുക്കളയുടെ ഇടനാഴിയിലൂടെ നടക്കുകയും, വാതിൽക്കൽ നിശ്ചലനായി നിൽക്കുകയും ചെയ്യുന്നതും മറ്റും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് അതേസമയം ആകെ ഗതികെട്ട രീതിയിലുള്ള ഒരു പെരുമാറ്റമാണ് ഗെയിലിൽ കാണാൻ കഴിഞ്ഞത്. ആ പാവം സ്ത്രീ താൻ ശാന്തയാണെന്ന് കാണിക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നെങ്കിലും, ഭയന്ന ഗത്യന്തരമില്ലാത്ത കൂട്ടിലകപ്പെട്ടുപോയ ഒരു മൃഗത്തെപ്പോലെ തോന്നിച്ചു. ചില സമയത്ത് അലങ്കോലമായ വേഷത്തിലും ധൃതിയിൽ ജോലിചെയ്യും തനിക്ക് എന്താണ് സംഭവിക്കുന്നതെന്ന് പറയാനാകാതെയും സഹായം ചോദിക്കാനാവാതെയും, പണിപ്പെട്ട് മുഖത്ത് ചിരി വരുത്തിയും കാണപ്പെട്ടു. പലപ്പോഴും ആ അപ്പാർട്ട്മെന്റുകൾ വലുതായിരുന്നില്ല, ബാലു തൊട്ടടുത്ത മുറിയിലോ ഇടനാഴിയിലോ നടക്കുന്നതിനിടയിൽ അവിടെ എന്തെങ്കിലും തകരാറുണ്ട് എന്ന് തുറന്നുപറയാൻ അവർക്കായില്ല. അതുകൂടാതെ

അയാളുടെ ഭീഷണിപ്പെടുത്തുന്ന തീവ്രമുഖഭാവങ്ങൾ എന്നെ ഞെട്ടിച്ചു. വികാരങ്ങൾ നന്നായി പ്രകടമാകുന്ന ഒരു മുഖമാണ് അയാളുടേത്, അത് ചിലപ്പോൾ കാരുണ്യത്താലും സൗമനസ്യത്താലും തിളങ്ങുകയും മറ്റു ചിലപ്പോൾ ചെകുത്താന്റെ ഭാവത്തിൽ ഭീക്ഷണമാവുകയും ചെയ്യും. ചോദ്യഭാവത്തിൽ ചിരിച്ചുകൊണ്ട് അയാളെ കടന്നു പോകുന്നതിനിടയിൽ ഞാൻ ചിലപ്പോൾ അയാളെ കളിയാക്കിയിട്ടുമുണ്ട്, അയാൾ ഒരിക്കലും ഉത്തരം പറഞ്ഞിട്ടില്ല. ഇതാണ് സംഭവിക്കുന്നതെന്ന ചെറിയ സംശയം പോലും എനിക്കന്ന് തോന്നിയിരുന്നില്ല. ഗെയിലിന്റെ പുസ്തകം വായിച്ചപ്പോഴാണ് ഈ പ്രഹേളികയ്ക്കുള്ള ഉത്തരം ലഭിച്ചത്. എനിക്ക് കാര്യങ്ങൾ മനസ്സിലായി എന്ന് മാത്രമല്ല, അതൊക്കെ സത്യമാണെന്ന് തോന്നുകയും അനുഭവപ്പെടുകയും ചെയ്തു. A യുടെ ദ്വിഭാഷിയായിരുന്ന സമയത്ത് ആയിരക്കണക്കിന് സാക്ഷ്യങ്ങൾ കേൾക്കാൻ എനിക്ക് സാധിച്ചിട്ടുണ്ട്, ചിലതിലെ സത്യസന്ധതയെക്കുറിച്ചും മറ്റു ചിലതിലെ കപടതയെക്കുറിച്ചും ഞങ്ങൾ പിന്നീട് ചർച്ച ചെയ്തിട്ടുമുണ്ട്. ഇതെല്ലാം കൊണ്ട് മനുഷ്യരുമായി ആഴത്തിൽ ഇടപെട്ടുള്ള പരിചയവും, അവരുടെ വാക്കുകളെ വിലയിരുത്താനുള്ള കഴിവും ഞാൻ നേടിയിട്ടുണ്ട്. ഗെയിലിന്റെ പുസ്തകം വായിച്ചതിനുശേഷം, അവരുമായി നീണ്ട സംഭാഷണങ്ങൾക്ക് ഇടവന്നിട്ടുണ്ട്. ഈ വേളകളിലെല്ലാം അവരുടെ വാക്കുകൾ സത്യവും ആധികാരികവുമായിരുന്നു. ഞാൻ പറയുന്നത് ഒരു തെളിവായി കണക്കാക്കപ്പെടുകയില്ലെങ്കിലും, എന്റെ അനുഭവസാക്ഷ്യം അവരുടേതിനെ പൂർണ്ണമാക്കും.

ഗെയിൽ പറയുന്നത് ഇങ്ങനെയാണ്, "*ഈ മനുഷ്യൻ, അമ്മയുടെ സന്യാസിമാരുടെ തലവൻ, അഗാധമായ അജ്ഞതയിൽ അകപ്പെട്ട ഒരാളെപ്പോലെയാണ് പെരുമാറിയിരുന്നത്, അയാൾക്ക് ആത്മജ്ഞാനമോ കരുണ്യമോ ഉണ്ടായിരുന്നില്ല, സിമ്പതി, എംപതി, മാനുഷികമായ ദയ, ബഹുമാനം എന്നിവയെക്കുറിച്ച്*

*പറയാനുമില്ല. എന്നാൽ മനസ്സിന്റെ ഒരുഭാഗത്ത്, അമ്മ തന്നെയല്ലേ വാക്കും പ്രവർത്തിയും തമ്മിൽ ബന്ധമില്ലാതെ ഇങ്ങനെയൊരു കീഴ്വഴക്കം അവിടെ സൃഷ്ടിച്ചത് എന്ന് ഓർക്കാതിരിക്കാനും എനിക്ക് കഴിഞ്ഞില്ല. ബാലുവിന്റെ രോഗാതുരമായ മനസ്സിൽ ഇങ്ങനെയൊരു നീചവും ആഭാസവുമായ പ്രവർത്തിക്ക് അമ്മയുടെ മൗനാനുവാദം ഉള്ളതായി കരുതിക്കാണുമോ"* (ch. 20, p. 306).

"*എനിക്ക് ആശ്രമം വിടാൻ ഒരുപാടൊരുപാട് കാരണങ്ങളുണ്ടായിരുന്നു, ഈ ലൈംഗികാതിക്രമം തീർച്ചയായും അവയിലൊന്നാണ്. ഞാൻ അവിടം വിടുന്നതിന് മാസങ്ങൾക്കുമുമ്പ് ബാലു ഡിപ്രഷന്റെ ചുഴിയിലേക്ക് വീണുപോവുകയും അതിന്റെ ചികിത്സയിലാവുകയും ചെയ്തു. പ്രശ്നം വളരെ വഷളാവുകയും അയാൾ ആത്മഹത്യ ചെയ്യാതിരിക്കാൻ ആളുകൾ കാവലിരിക്കുകയും ചെയ്തു. ഈ അവസ്ഥ അയാൾക്ക് ഒരുപാട് നാളായി ഉണ്ടായിരുന്നിരിക്കാം, അയാളുടെ അനിയന്ത്രിതമായ പെരുമാറ്റങ്ങൾക്ക് ഇതൊരു കാരണവും ആയിരുന്നിരിക്കാം. പക്ഷേ അയാൾ എന്നിലേൽപ്പിച്ച പീഡനത്തിന് യാതൊരു ന്യായീകരണവുമില്ല*". (ch. 20, p. 307)

ഗെയിൽ പറയുന്നത് പ്രകാരം ബലാത്സംഗങ്ങൾ ആരംഭിച്ചത് 1985 ൽ ബാലു മഞ്ഞ വേഷം ധരിച്ച് ഔദ്യോഗികമായി *ബ്രഹ്മചാരിയിവുന്നതിന്* ഒരു വർഷം മുമ്പാണ്. ബ്രഹ്മചാരി ആവുക എന്നാൽ സന്യാസി ആകുന്നതിനുമുമ്പുള്ള പഠന-അപ്പോസ്തല കാലമാണ്. ആദ്യതവണ ബാലു തനിക്ക് ഗെയിലിനോടുള്ള പ്രണയം തുറന്നു പറഞ്ഞപ്പോൾ അത് ദിവസങ്ങൾ നീണ്ടുനിന്ന അയാളുടെ കരച്ചിലിൽ കലാശിച്ചു. ഗെയിൽ തന്നെ തന്റെ മുറിയിൽ വന്ന് കാണണം എന്നയാൾ നിർബന്ധം പിടിച്ചു. മുമ്പ് A യുടെ അച്ഛനുമ്മയും താമസിച്ചിരുന്ന വീട്ടിൽ പിൽക്കാലത്ത് ലൈബ്രറിയായി ഉപയോഗിച്ചിരുന്ന മുറിയായിരുന്നു അയാളുടെ മുറി. മുറിയിലാണ് ഗെയിൽ

പകൽ നേരം പല മണിക്കൂറുകൾ പാചകം ചെയ്തിരുന്നത്. അടുക്കളയും അയാളുടെ മുറിയും തമ്മിൽ കുറച്ചു ചുവടുകളുടെ വ്യത്യാസമേ ഉണ്ടായിരുന്നുള്ളൂ. അന്ന് ബാലു മാത്രമായിരുന്നു അവിടെ ഗെയിലിന്റെ ഒരേയൊരു മിത്രം എന്നതുകൊണ്ടും, അയാൾ അവരോട് അനുതാപപൂർവ്വം പെരുമാറിയിരുന്നതുകൊണ്ടും ഗെയിലിന് അയാളോട് വിശ്വസ്തത തോന്നിയിരുന്നു, തന്നെ ഒരാളെങ്കിലും പരിഗണിക്കുന്നുണ്ടല്ലോ എന്ന തൃപ്തിയും പ്രലോഭനവും. ഇത് ഗുരുവിൽ നിന്ന് ഗെയിലിന് ലഭിച്ചിരുന്ന കടുത്ത അവഗണനയുടെയും പീഡനത്തിന്റെയും പശ്ചാത്തലത്തിൽ വേണം മനസ്സിലാക്കാൻ, അംഗീകാരമെന്നൊന്ന് അവർക്ക് ലഭിച്ചിരുന്നേയില്ല. മറ്റൊന്ന്, ആ മനുഷ്യന്റെ അവസ്ഥയിൽ ഭാഗികമായിയെങ്കിലും താനും ഉത്തരവാദിയാണെന്ന് അവർക്ക് തോന്നിയിരുന്നതിനാൽ, തന്റെ സമ്മിശ്ര വികാരങ്ങൾക്കും വിമുഖതയ്ക്കുമിടയിലും, അയാളുടെ മനോവേദനയകറ്റാൻ എന്ത് ചെയ്യാൻ കഴിയും എന്ന് ചിന്തിച്ച് ഗെയിൽ അയാളെ ചെന്നുകണ്ടു. അവർ കതക് തുറന്ന് അകത്തുകയറിയതും, അയാൾ ബലമായി അവരെ നിലത്ത് തള്ളിയിട്ട്, ബലാൽസംഗം ചെയ്തു. വിശദമായ വിവരണം ഗെയിലിന്റെ പുസ്തകത്തിലുണ്ട്. ഒരു മിനിറ്റ് ആവുന്നതിനു മുമ്പേ ചില മുരൾച്ചകൾക്കും അരക്കെട്ടിന്റെ ചലനങ്ങൾക്കും ശേഷം, അയാൾ ഒരു തോർത്തിൽ സ്ഖലിച്ചുകൊണ്ട് പിൻവാങ്ങി. അവർ എന്തുകൊണ്ട് എതിർത്തില്ല എന്ന് വിമർശകർക്ക് ചോദിക്കാം. "ടോണിക് ഇമ്മൊബിലിറ്റി" എന്ന പേരിൽ അറിയപ്പെടുന്ന പെട്ടെന്നുള്ള സ്തംഭനം, പൊടുന്നനെയും അപ്രതീക്ഷിതവുമായി ഉണ്ടാകുന്ന ഒരു ദാരുണ സംഭവം പ്രതികരിക്കാൻ ആവാത്തവിധം ഇരയെ നിസ്സഹായാവസ്ഥയിൽ ആകുന്നു[59]. ഇത് മനശാസ്ത്രത്തിലെ അറിയപ്പെടുന്ന ഒരു അവസ്ഥയാണ്, മാനസികമായ ഡിസ്അസോസിയേഷൻ. ഇതുകൊണ്ടുതന്നെയാണ് പലപ്പോഴും ഇരകൾ

പ്രതികരിക്കാത്തതും, സംഭവത്തെക്കുറിച്ച് വ്യക്തമായി ഒന്നും അവർക്ക് ഓർക്കാനാവാത്തതും, പരാതിപ്പെടാൻ പോലും കഴിയാത്തതും. നാഡീവ്യൂഹത്താൽ സംവേദിക്കപ്പെട്ട വിവരങ്ങളെ ഏകോപിപ്പിക്കാനോ ഉപയോഗിക്കാനോ കഴിയാത്ത വിധത്തിലാകും ഈ അവസ്ഥ. തീവ്രസാഹചര്യങ്ങളിൽ ചിലർക്ക് ഈ അവസ്ഥയിൽ നിന്ന് പുറത്ത് വരാൻ കഴിയുകയേ ചെയ്യാതെ ദീർഘകാല മാനസിക പ്രശ്നങ്ങൾക്ക് അടിമപ്പെട്ട് ജീവിതം തന്നെ കൈമോശം വരാറുണ്ട്.

ഈ സംഭവത്തെക്കുറിച്ച് ഇത്രയും പറഞ്ഞു നിർത്തിയിട്ട്, ഇവിടെയും തെളിവായി അവശേഷിക്കുന്ന തോർത്തിനെക്കുറിച്ച് ആലോചിക്കാം. A യുടെയും *പുത്രന്മാരുടെയും* സ്വകാര്യനിമിഷങ്ങളിൽ, ആശ്രമത്തിന്റെ തിരശ്ശീലയ്ക്ക് പിന്നിൽ എന്താണ് സംഭവിച്ചത് എന്ന് മനസ്സിലാക്കാൻ സഹായിക്കുന്ന പ്രധാന വസ്തുവാണ് ഈ തോർത്ത്.

ബലാൽസംഗം ചെയ്യപ്പെട്ടിടത്തുനിന്ന് എഴുന്നേൽക്കുകയും അവിടുന്ന് രക്ഷപ്പെടുകയും ചെയ്യുന്നതിനിടയിൽ, മുമ്പ് താൻ ശസ്ത്രക്രിയ ചെയ്ത് ഗർഭപാത്രം നീക്കിയിരുന്നത് അയാൾക്ക് അറിയാമെന്നിരിക്കെ എന്തുകൊണ്ടാണയാൾ തോർത്തിൽ സ്ഖലനം നടത്താൻ ശ്രദ്ധിച്ചതെന്ന് ഗെയിലിന് മനസ്സിലായില്ല. ഞെട്ടലിൽ ആയിരുന്നെങ്കിലും അവരുടെ മനസ്സിൽ ആ കടങ്കഥയുടെ ഉത്തരം തെളിഞ്ഞുവന്നു. പലതവണ ബാലു A യുടെ മുറിയിൽ അവരെ കാണാൻ എത്തി തിരിച്ചുപോയികഴിയുമ്പോൾ ഇതുപോലൊരു തോർത്ത് കുളിമുറിയിൽ കുതിർത്തു വച്ചിരിക്കുന്നതു കണ്ടിട്ടുണ്ട്. അതെന്തുകൊണ്ടാണെന്ന് അവർക്കൊരിക്കലും മനസ്സിലായില്ല. ഇപ്പോഴവർക്ക് ഒരു സൂചന ലഭിച്ചു എന്നാൽ ഉറപ്പിക്കാൻ തക്ക തെളിവുകൾ ലഭിച്ചില്ല. ഗെയിൽ അവരെ കൈയോടെ പിടികൂടിയത് പിന്നീടാണ്.

കുറച്ച് ആഴ്ചകൾക്കുശേഷം ബാലു മറ്റൊരു ആക്രമണത്തിനായി അടുത്തുകൂടി. അയാൾക്ക് അതിനായി ഒരു പ്രത്യേക രീതിയുണ്ടായിരുന്നു, പ്രലോഭനമോ എന്തിന് മുൻകൂട്ടി എന്തെങ്കിലുമൊരു സംഭാഷണമോ പോലുമില്ലാതെ, നേരെ ആക്രമണം മാത്രം, ശേഷമൊരു *നന്ദിവാക്ക്* പോലുമില്ല. ഒരു വേറിട്ട രീതിയിലായിരുന്നു അയാൾ ഗെയിലിനെ സ്വാധീനിച്ചിരുന്നത്, നീരസത്താൽ എന്നവണ്ണം ദുർമുഖം കാട്ടുകയും, പ്രകടമായി കുണ്ഠിതപ്പെടുകയും ചെയ്തു കൊണ്ട്. മറ്റുള്ളവർ കണ്ടുപിടിക്കാതിരിക്കാനായി അയാൾക്ക് വഴങ്ങുകയല്ലാതെ തരമുണ്ടായിരുന്നില്ല ഗെയിലിന്. ഇതേ പെരുമാറ്റമാണ് ഞാൻ യൂറോപ്പിൽ വച്ച് കാണാൻ ഇടയായത്, എന്നാൽ ഇത് ആശ്രമത്തിൽ എല്ലാവരുടെയും കണ്മുന്നിലായിരുന്നു. അങ്ങനെയാണ് തനിക്ക് വഴിപ്പെടാനായി അയാൾ അവരെ ഭീഷണിപ്പെടുത്തിയിരുന്നത്. ഇവിടെ, അങ്ങേയറ്റം പുരുഷാധിപത്യപരമായ, തന്റെ ശിഷ്യന്മാർക്ക് പ്രത്യേക പരിഗണന കൊടുക്കുന്ന ഒരു ഗുരുവിന്റെ ആശ്രമത്തിലെ സാമൂഹിക പശ്ചാത്തലം കൂടി നമ്മൾ മനസ്സിലാക്കണം. അല്ലാതെ തന്നെ അവഹേളനങ്ങളും നിന്ദയും മാത്രം നൽകുന്ന ഗുരുവിനോട് താൻ പരാതി പറഞ്ഞാലും കാര്യമുണ്ട് എന്ന് ഗെയിൽ കരുതിയില്ല. കുറ്റവാളിക്ക് താക്കീത് നൽകും എന്നതിൽ കവിഞ്ഞ് മറ്റൊന്നും നടക്കാൻ പോകുന്നില്ലായെന്ന് അവർക്ക് അറിയാമായിരുന്നു. മറ്റെല്ലാത്തിനുമുപരിയായി ഈ സംഭവത്തിന്റെ ഉത്തരവാദിത്വവും അപരാധവും കുറ്റബോധവുമെല്ലാം തനിക്ക് തനിയെ ചുമക്കേണ്ടി വരും എന്ന ബോധ്യവുമുണ്ടായിരുന്നു ഗെയിലിന്. ഗുരു അവരെ വിശ്വസിപ്പിച്ചിരുന്നത് ആത്മജ്ഞാനം സിദ്ധിച്ച ഒരു ഗുരുവിനെ സേവിക്കുക എന്നത് മുക്തിയിലേക്കുള്ള രാജകീയ പാതയാണ് എന്നും അത്തരം ഒരനുഗ്രഹം ലഭിക്കുന്നത് പല ജന്മങ്ങളിലൂടെ ലഭിക്കുന്ന യോഗ്യതയിലൂടെയാണെന്നും ആണ്. താൻ ലോകത്തേക്കും ഏറ്റവും പ്രിയപ്പെട്ടതായി കരുതിയ

കാര്യം, ഒരു സ്ത്രീയായ മഹാത്മാവിനെ സേവിക്കുക എന്നത്, നഷ്ടപ്പെടുത്തുന്ന ഒന്നും ചെയ്യാൻ ഗെയിൽ ഒരുക്കമായിരുന്നില്ല. ബാലുവിന് അത് വ്യക്തമായി അറിയാമായിരുന്നു. താൻ ശിക്ഷയ്ക്ക് വിധേയമാവാൻ യാതൊരു സാധ്യതയുമില്ല എന്നും ബാലുവിന് ഉറപ്പുണ്ടായിരുന്നു. മുമ്പുള്ള പല അവസരങ്ങളിലും ശിഷ്യരോ ഭക്തരോ തമ്മിലുള്ള ലൈംഗികബന്ധങ്ങളിൽ, ആരുടെ ഭാഗത്താണ് കുറ്റം എന്ന് പോലും നോക്കാതെ, എപ്പോഴും അവർ സ്ത്രീയെയാണ് നാടുകടത്തുകയോ പൊതുയിടത്തിൽ അവഹേളിക്കുകയോ ഒക്കെ ചെയ്തിട്ടുള്ളത്. ഇതുകൂടാതെ പാശ്ചാത്യരായ സ്ത്രീകൾ സദാചാരികളല്ല എന്ന ഇന്ത്യൻ മുൻവിധിയും ഗെയിലിന് അറിയാമായിരുന്നു. A യെ കണ്ടുമുട്ടുന്നതിനുമുമ്പ് തന്നെ ബ്രഹ്മചര്യം എന്ന വ്രതം എടുത്തിരുന്ന ഗെയിലിന് ഇതൊരു ഊരാക്കുടുക്കായി തോന്നി. ഈ മുതലെടുപ്പിന് നിന്നു കൊടുക്കുകയല്ലാതെ മറ്റു വഴികളൊന്നും തന്നെ മുമ്പിൽ ഇല്ല എന്നവർക്ക് തോന്നി. ബലാൽസംഗങ്ങൾ തുടർന്നപ്പോൾ അവർ സ്വയം വെറുത്തു തുടങ്ങുകയും, കാര്യങ്ങൾ അധികം മോശമാവുകയും ചെയ്തു. അവരുടെ ആത്മീയ മോഹങ്ങൾ യാഥാർത്ഥ്യവുമായി ഏറ്റുമുട്ടുകയും ഉള്ളാലെ അവ മുരടിക്കുകയും ചെയ്തു. ആത്മീയ മോഹങ്ങൾക്കൊത്ത് ഉയരാൻ അവർക്കായില്ല. സ്വഭാവികമായി ആശ്രമത്തിലെ സ്ത്രീകൾക്കിടയിൽ, ഗുരുവിന്റെ ഏറ്റവും അടുത്ത ആൾ എന്ന നിലയിൽ അവർക്കൊരു ഉന്നതസ്ഥാനം കൈവന്നിട്ടുണ്ടായിരുന്നു. മറ്റുള്ളവർ ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്യുന്ന വ്യക്തിയായ അവർക്ക് സ്വയം വികൃതരഹസ്യങ്ങൾ പേറുന്ന ഒരു കപടവേഷക്കാരിയായി തോന്നുകയും അതിൽനിന്ന് രക്ഷനേടാൻ അതിയായി ആഗ്രഹിക്കുകയും ചെയ്തു.

ഗുരുവിന്റെ അടുക്കൽ നിന്ന് അസഹനീയമായ അവഹേളനവും നിന്ദയും അനുഭവിക്കേണ്ടി വന്നതുകൂടാതെ അവരെ, നിരന്തരം ബലാത്സംഗം

ചെയ്യുന്നതിലൂടെ അയാൾ പൂർണമായി തകർത്തു, അത് അതിരൂക്ഷമായ മനസികപീഡയ്ക്കും കാരണമായി.

1986 ൽ അയാളുടെ *ബ്രഹ്മചര്യദീക്ഷയോടെ* (മഞ്ഞ വസ്ത്രം) ഇതിനെല്ലാം ഒരു പരിഹാരമാകുമെന്ന് ഗെയിൽ പ്രത്യാശിച്ചു. പക്ഷേ ധാർമ്മികതയുടെയും ദൈവഭക്തിയുടെയും മറവിൽ ദുർനടപടികളും വൈകൃതവും മാത്രമാണ് ഉണ്ടായിരുന്നതെന്ന് അവർ തിരിച്ചറിഞ്ഞു. ഒന്നും സംഭവിക്കാത്തതുപോലെ ബാലു തന്റെ പ്രവർത്തികൾ തുടർന്നു, ബ്രഹ്മചര്യത്തിനപ്പുറം കാവി വസ്ത്രധാരിയായി *സന്യാസത്തിലും* അയാളിത് തുടർന്നു.

ആദ്യസംഭവത്തിനുശേഷം ഒരു തവണ കൂടി മാത്രമേ അയാൾ തന്റെ സ്നേഹം ഗെയിലിനോട് തുറന്നു പറഞ്ഞിരുന്നുള്ളൂ, അത് അവർ അയാളുടെ പീഡനങ്ങൾ കഴിയുന്നത്ര ഒഴിവാക്കാൻ ശ്രമിച്ചപ്പോഴാണ്. അയാൾ പൊട്ടിക്കരഞ്ഞുകൊണ്ട് അവരുടെ കാൽക്്കൽ വീണു "*നീ എപ്പോഴും എന്തിനാണ് നിന്നെത്തന്നെ എനിക്ക് നിഷേധിക്കുന്നത്, എനിക്ക് നീ മാത്രമേയുള്ളൂ, മറ്റാരേയും ഞാൻ ആഗ്രഹിക്കുന്നില്ല*" എന്ന് കെഞ്ചി. എന്നിരുന്നാലും ഗെയിൽ പറയുന്നതനുസരിച്ച് കെഞ്ചുക മാത്രമല്ല അയാൾ ചെയ്തത്, കുറഞ്ഞത് രണ്ടുതവണയെങ്കിലും അയാൾ തനിക്ക് വഴിപ്പെടാനായി ഗെയിലിനെ മർദ്ദിച്ചിട്ടുമുണ്ട്. എന്റെ ചില ചോദ്യങ്ങളും തുടർന്നുള്ള ചർച്ചകൾക്കും ശേഷം, ഈ പീഡനങ്ങൾ എത്ര തവണ സംഭവിച്ചു എന്ന് ഗെയിലിന് ഏകദേശം ഓർത്തെടുക്കാൻ സാധിച്ചു. 1985 നും 1999 ഇടയിലുള്ള 14 വർഷം നൂറിൽപരം തവണ അവർ പീഡനത്തിനിരയായിട്ടുണ്ട്. നൂറിൽപരം തവണ എന്നത് യാദൃശ്ചികമായി കിട്ടിയ ഒരു കണക്കല്ല, ഓരോ തവണയും മൂന്നു മാസം നീണ്ടുനിൽക്കുന്ന വിദേശയാത്രക്കിടയിൽ ഏകദേശം അഞ്ചു തവണ അവർ പീഡനത്തിന് ഇരയായിട്ടുണ്ട്. അവർ ആശ്രമം വിട്ടുപോകുന്നതിനു മുമ്പുള്ള 14

വിദേശയാത്രകൾ കണക്കാക്കിയാൽ തന്നെ എഴുപത് തവണയായി. ഇന്ത്യയിൽ ഇത് കൂടുതൽ ബുദ്ധിമുട്ടായിരുന്നു, ആദ്യവർഷങ്ങളിൽ അത് മൂന്നോ അഞ്ചോ തവണയായിരുന്നു, പിന്നീട് ആശ്രമവാസികളുടെ എണ്ണം കൂടിയപ്പോൾ അത് ഏതാണ്ട് അസംഭവ്യമായി, എന്തെന്നാൽ A യുടെ താമസസ്ഥലത്തായിരുന്നു എല്ലാവരുടെയും കണ്ണ്, അതിനു മുകളിലായിരുന്നു ഗെയിൽ താമസിച്ചിരുന്ന അടുക്കളയും അലക്കുമുറിയും ആയി ഉപയോഗിച്ചിരുന്ന മുറി. മൂന്ന് തവണ വച്ച് പത്തുവർഷങ്ങൾ ആകുമ്പോൾ തന്നെ 30 തവണയായി. അങ്ങനെയാണ് നൂറ് എന്ന സംഖ്യയിൽ എത്തുന്നത്. ഇത് ഒരു യാഥാസ്ഥിതികമായ കണക്കാണ്. ഈ സംഖ്യ തന്നെ മറ്റൊരു രീതിയിൽ നോക്കിയാൽ വിദേശവാസത്തിനിടയിലും ഇന്ത്യയിലുമായി വർഷം ഏകദേശം എട്ടോ പത്തോ തവണ, അല്ലെങ്കിൽ ഓരോ ആറാഴ്ച കൂടുമ്പോൾ ഒരു ബലാൽസംഗം. ഇത് വളരെ ഗൗരവതരവും ഒരാളെ പൂർണമായും തകർക്കാൻ കഴിവുള്ളതുമാണ്.

## ബലാൽസംഗവും സമ്മതവും

*കഥ തുടരുന്നതിനുമുമ്പ്, ആവർത്തനവും കാലദൈർഘ്യവും പരസ്പര സമ്മതവും സംബന്ധിച്ച ചില തെറ്റിദ്ധാരണകൾ ഇല്ലാതാക്കാൻ ശ്രമിക്കാം.*

പീഡനം സംഭവിച്ച കാലയളവും അതിന്റെ ആവർത്തനവും കാരണം ചിലരെങ്കിലും, ഗെയിൽ ഇതിനൊക്കെ മൗനാനുവാദം നൽകിയെന്നും, അതിനാൽ തന്നെ ഇത് ബലാൽസംഗമായി കണക്കാക്കാൻ കഴിയില്ലെന്നും വിമർശനം നടത്തുന്നുണ്ട്. തീർച്ചയായും നിങ്ങൾ കുടുംബത്തിനകത്ത് സംഭവിക്കുന്ന ബലാത്സംഗങ്ങളെ കുറിച്ചു കേട്ടിട്ടുണ്ടാവും. അവയും

ആരും അറിയാതെ, ആരും പരാതിപ്പെടാൻ തയ്യാറാവാതെ വർഷങ്ങൾ തുടരാം. സൈക്യാട്രിസ്റ്റും സൈക്കോതെറാപ്പിസ്റ്റും ഫ്രഞ്ച് "സെന്റർ ഫോർ ദി സ്റ്റഡീസ് ഓഫ് ഫാമിലി അസോസിയേഷന്റെ" ഡയറക്ടറുമായ ഡോ. റോബർട്ട് ന്യൂബർഗർ, കുടുംബങ്ങളും (Closed institutions) പുറമേനിന്നും നിയന്ത്രണങ്ങൾ ഒന്നുമില്ലാത്ത സ്റ്റേറ്റുകളും തമ്മിലുള്ള ബന്ധത്തെ ഇങ്ങനെ പ്രതിപാദിച്ചിരിക്കുന്നു. *"ഈ അപകടസാധ്യത സ്വയം അടഞ്ഞ മാതൃകയിൽ പ്രവർത്തിക്കുന്ന എല്ലാ മനുഷ്യസമൂഹങ്ങളെയും കുടുംബങ്ങളെയും പ്രസ്ഥാനങ്ങളെയും സംബന്ധിക്കുന്നതാണ്. (...) ഉള്ളിൽ അതിക്രമം നടക്കുന്ന ഒരു സംഘടന, അതിക്രമം നടക്കുന്ന ഒരു കുടുംബത്തെപ്പോലെയാണ്. ഇത്തരം കുടുംബങ്ങൾക്ക് പ്രത്യേകതകൾ ഒന്നുമില്ലെങ്കിലും, ഇത്തരം സ്വയം അടഞ്ഞ സംഘടനകൾക്കെല്ലാം ഒരു പ്രത്യേകതയുണ്ട്. ഇർവിഗ് ഗോഫ്മാൻ വിവരിച്ചതുപോലെ സർവാധിപത്യപരമായ (totalitarian) ജീവിതരീതി-കളുള്ള സമൂഹങ്ങൾക്ക്, അതിനുള്ളിൽ അക്രമം നടത്താൻ സാധിക്കുന്നു, പുറമേ നിന്നുള്ള വിലയിരുത്തലുകൾ ഒന്നുമില്ലാതെ. കുടുംബവും ഇതിനൊരപവാദമല്ല, സ്വയം അടഞ്ഞ മറ്റെല്ലാ സമൂഹങ്ങളെയും പോലെ കുടുംബത്തിലും അപരാധങ്ങൾ ഉണ്ടാവാം, ലൈംഗികാതിക്രമങ്ങളും. (...) എങ്ങനെയാണ് ഒരു കുടുംബത്തിലോ ഒരു സംഘടനയിലോ മൗനം നിലനിർത്തുന്നത്? ഒരു സമൂഹം സ്വയം അടയാനും അതിക്രമങ്ങൾക്കെതിരെ മൗനം പാലിക്കാനും കാരണമായ നാല് നടപടികളെക്കുറിച്ച് നാം പ്രതിപാദിച്ചിട്ടുണ്ട്. അവ സങ്കീർണത, ഐക്യം, ഭീഷണി, തെറ്റായ വിവരങ്ങൾ എന്നിവയാണ്"*[60].

നിഷ്ക്രിയമായ മൗനം സമ്മതമല്ല, അത്തരത്തിൽ അടിച്ചേൽപ്പിച്ച ഒരു ബന്ധം ആക്രമണമാണ്. ഫ്രഞ്ച് "അസോസിയേഷൻ ഫോർ ഫൈറ്റ് എഗയിൻസ്റ്റ് ഡൊമസ്റ്റിക് വയലൻസ് ആൻഡ് ജെൻഡർ ബേസ്ഡ് വയലൻസ്" പ്രകാരം *"ഒരുവൾ ശാരീരികമോ മാനസികമോ പ്രതീകാത്മകമോ ആയ ഭീഷണിക്ക് വഴങ്ങുമ്പോൾ... അവളുടെ സമ്മതം സ്വതന്ത്രമല്ല! അതുകൊണ്ടുതന്നെ അവിടെ സമ്മതം നൽകപ്പെടുന്നില്ല! സമ്മതം എപ്പോൾ വേണമെങ്കിലും പിൻവലിക്കാവുന്നതുമാണ്: അത് നിങ്ങളുടെ പങ്കാളിയാണെങ്കിലും, അവൾ മുമ്പ്* നിങ്ങളോട് *ശൃംഗരിച്ചിട്ടുണ്ടെങ്കിലും, നിങ്ങൾ തമ്മിൽ ആലിംഗനം ചെയ്തിട്ടുണ്ടെങ്കിലും, അവൾ "അരുത്" എന്ന് പറയുമ്പോൾ "അരുത്" എന്ന് തന്നെയാണ് അർഥം! സമ്മതമില്ലാതെ പ്രവർത്തിക്കുന്നത് ലൈംഗിക അതിക്രമമാണ് (...) ഒരു അതിക്രമത്തിലെ ഒരേയൊരു കുറ്റവാളി ആക്രമി മാത്രമാണ്!"*[61]

ഇന്ത്യയിൽ വച്ചുള്ള അതിക്രമരീതി എപ്പോഴും ഒരുപോലെയായിരുന്നു, A മുറിവിട്ട് പുറത്തുപോയി എന്ന് ഉറപ്പുവരുത്തിയതിനുശേഷം അയാൾ ഗെയിലിനെ ഫോൺ ചെയ്യും, തന്റെ ആഗമനം അറിയിക്കും (ഗെയിലിന്റെ ഭാഷയിൽ പറഞ്ഞാൽ "*ഹോട്ടൽ മുറിയിൽ നിന്ന് ഓർഡർ ചെയ്യുന്നതുപോലെ*") ആ സമയത്ത് ഗെയിൽ അവിടെ ഉണ്ടായിരിക്കണം. ശേഷം ആയാൾ അവരുടെ ചെറിയ മുറിയിലേക്ക് കടന്നുവരികയും, അലക്കുന്ന സ്ഥലത്തേക്ക് ബലമായി കൊണ്ടുപോവുകയും (അവിടെ മാത്രമാണ് തങ്ങളെ മറ്റാരും കണ്ടുപിടിക്കില്ല എന്നയാൾക്ക് ഉറപ്പുണ്ടായിരുന്നത്), അവിടെ തണുത്ത കോൺക്രീറ്റ് തറയിൽ അവർ കിടക്കേണ്ടിവരികയും, അവരുടെ സാരി ഉയർത്തി കാലകത്തുകയും, അയാൾ അയാളുടെ *മുണ്ട്* മാറ്റി അപ്പോഴേക്കും ഉദ്ധരിച്ച ലിംഗം പുറത്തെടുക്കുകയും, അവരുടെ മുകളിൽ കിടക്കുകയും,

ബന്ധത്തിലേർപ്പെടുകയും, ആകെ അഞ്ചോ ആറോ ചലനങ്ങൾക്കുശേഷം സ്ഖലിക്കുകയും, അയാൾ ഉടനടി എഴുന്നേറ്റ് സ്ഥലം വിടുകയും ചെയ്യും. അയാൾ ഒരു ചിട്ട പോലെ ഉദ്ധരിച്ചിട്ടുണ്ടാവും, അയാൾ അവരെ ഉമ്മ വയ്ക്കുകയോ സംസാരിക്കുകയോ നോക്കുകയോ പോലും ചെയ്യില്ല, യാതൊരു വിധ സ്നേഹപ്രകടനങ്ങളും കാണിക്കില്ല, മറ്റൊന്നും പരീക്ഷിക്കില്ല, പൊസിഷൻ മാറ്റാമെന്ന് ഒരിക്കലും പറഞ്ഞില്ല, അയാളുടെ ചെയ്തികൾക്ക് ശേഷം അവരെ പിടിച്ചെഴുന്നേൽപ്പിക്കാനായി ഒരിക്കൽ പോലും കൈനീട്ടിയില്ല, ഒരു വാക്കുപോലും പറയാതെ അയാൾ അയാളുടെ വഴിക്ക് പുറപ്പെടും. ഗെയിലിന്റെ തന്നെ വാക്കുകളിൽ അയാളൊരു പ്രാകൃതമൃഗത്തെപ്പൊലെയാണ് അപ്പോൾ പെരുമാറിയിരുന്നത്, അഞ്ചോ ആറോ ചലനങ്ങൾ ഒഴിച്ചാൽ അയാളൊരു ശീഘ്രസ്ഖലനക്കാരനായിരുന്നു.

അന്താരാഷ്ട്ര യാത്രകളുടെ സമയത്ത് ഏതെങ്കിലുമൊരു സെന്ററിൽ വച്ച് സമ്മേളനം നടക്കുമ്പോഴും അലക്ക് മുറിയിൽ വച്ചാണ് ഇത് നടക്കാറുള്ളത്. ഉദാഹരണത്തിന് സ്വിസ് ആൽപ്സിലെ സെന്ററിൽ, 1100 മീറ്റർ ഉയരത്തിലെ തണുത്തു നനഞ്ഞ തറയിൽ. സംഘത്തിന്റെ താമസം വീടുകളിലോ അപ്പാർട്ട്മെന്റുകളിലോ ആണെങ്കിൽ, ഇത് നടക്കുന്നത് പുരുഷന്മാരുടെ മുറിയിലോ, 002 വിന് എഴുതാനായി ലഭിക്കുന്ന ഒറ്റമുറിയിലോ വച്ചായിരിക്കും. അലക്ക് മുറിയിൽ വച്ച് ഗെയിലിനെ ആക്രമിക്കുന്നത് കൂടാതെ വികൃതമായ മറ്റൊരു പദ്ധതി കൂടി അയാൾ നടപ്പിലാക്കിയിരുന്നു. A യോടൊപ്പം രാത്രി വൈകി മുറിയിൽ വരികയും, അവർ ഉറങ്ങുന്നതുവരെ കാൽ തിരുമ്മുകയും, അതിനുശേഷം തന്റെ ഗുരുവിന്റെ കട്ടിലിന്റെ കാൽക്കൽ ഉറങ്ങുന്ന ഗെയിലിനെ ലൈഗികമായി ആക്രമിക്കുകയും ചെയ്യുന്നതായിരുന്നു അത്. ഗുരു ഉറങ്ങിയതിനുശേഷം ആ പൊണ്ണത്തടിയൻ തന്റെ പുറത്തു കയറി തന്നെ ഉണർത്തുമെന്നും താൻ

പീഡനത്തിനിരയാകുമെന്നും അവർക്കറിയാമായിരുന്നു. പിടിപ്പതു പണി കഴിഞ്ഞ് നല്ല വിശ്രമം ലഭിക്കുന്ന രാത്രികൾ തന്നെയാവും അവ. ഈ വേദന നിങ്ങൾക്ക് ചിന്തിക്കാൻ കഴിയുന്നുണ്ടോ?

*ഈ സംഭവങ്ങളെക്കുറിച്ച് വിശദമായി എഴുതാൻ ഞാൻ ഗെയിലിനോട് ആവശ്യപ്പെട്ടപ്പോൾ അവർ എഴുതിയത് ഇതാണ് "കുറ്റബോധവും മനോവേദനയും ആയി ഞാൻ ഭീതിപൂണ്ട് കിടക്കുമായിരുന്നു. മനോവേദന എന്തുകൊണ്ടെന്നാൽ A മയങ്ങുന്ന ഉടനെ അയാൾ കാർപ്പെറ്റിലൂടെ ഇഴഞ്ഞ് എന്റെ അടുത്തെത്തുമായിരുന്നു. കുറ്റബോധം തോന്നിയത് എന്തിനെന്നാൽ, A വിശ്വസിച്ചിരുന്നത് തന്റെ പുത്രൻ അങ്ങേയറ്റം അർപ്പണ മനോഭാവത്തോടെ തന്നെ ഉറങ്ങാൻ സഹായിക്കാനായി കാല് തിരുമ്മുന്നു എന്നാണ്. എന്നാലത് അയാളുടെ തൊലി വെളുത്ത ഭാര്യയുടെ*[62] *അടുത്തെത്താനുള്ള തന്ത്രം മാത്രമായിരുന്നു. (...) ആക്രമണം തടയാനുള്ള വഴികളൊന്നും മുന്നിലില്ലായിരുന്നതിനാൽ ഞാൻ അയാൾ വരുന്നതുവരെ നിഷ്ക്രിയയായി കിടന്നു, ശരീരത്തിലെ ഓരോ കോശം കൊണ്ടും ആത്മാവ് കൊണ്ടും വെറുപ്പാലും ക്രോധത്താലും ഉറക്കെ കരഞ്ഞുകൊണ്ട്. എനിക്ക് അയാളോട് ആദ്യമേ ഉണ്ടായിരുന്നത് സൗഹൃദവും സഹോദര്യവുമാണ്, കാരണം പ്രഥമശിഷ്യരുടെ ഇടയിൽ അയാൾ മാത്രമായിരുന്നു എന്റെ മിത്രം. എന്നാൽ ഞാൻ ഒരിക്കൽ പോലും അയാളെ സമീപിച്ചിട്ടോ താല്പര്യപ്പെട്ടിട്ടോ ഇല്ല. എനിക്ക് പിടിപ്പത് പണിയുണ്ടായിരുന്നു, ഇതിനുള്ള സമയമോ ഊർജ്ജമോ എനിക്കുണ്ടായിരുന്നില്ല."* ഇതിന്റെ മാനസികമായ പരിണിതഫലം എന്തെന്നാൽ അവർ തനിക്ക് സംഭവിക്കുന്ന പീഡനത്തെ അനുവദിച്ചു കൊടുക്കാൻ തുടങ്ങുകയും, ഒക്കെ തന്റെ തെറ്റാണെന്ന് വിശ്വസിക്കുകയും ചെയ്തതാണ്. <u>അവർ ഒരുപാട് വർഷങ്ങളെടുത്ത് താൻ ഒരു ഇരയാണെന്ന് അംഗീകരിക്കാനും പഴയ നിലയിലെത്താനും. ഈ മാനസികമായ കുറ്റബോധമാണ് അതിക്രമത്തെ</u>

ചെറുക്കാൻ അവർക്ക് ശക്തി നൽകാതിരുന്നത്. *അയാളുടെ "പ്രണയപ്രഖ്യാപനവും പൊട്ടിക്കരച്ചിലും"* ഒക്കെയുണ്ട് എന്നിരുന്നാലും, ഞാൻ അയാളുടെ "*ലൈംഗികമായ മോഹഭംഗം തീർക്കാനുള്ള ഒരുപകരണം മാത്രമായിരുന്നു.*" എല്ലാ സ്വാമിമാരും ഇയാളെപ്പോലെ ഇച്ഛാഭംഗം തീർക്കാൻ തുടങ്ങിയാൽ, അത് എത്ര ബലാത്സംഗങ്ങളിലും ഇരകളിലും അവസാനിക്കുമെന്ന് ആലോചിച്ചുനോക്കൂ.

ഈ ഭീതിതമായ അവസ്ഥയെ വർണിക്കാൻ വാക്കുകളുണ്ടോ നിങ്ങൾക്ക്? എനിക്കില്ല.

ബലാൽസംഗത്തിന്റെ സാമാന്യവൽക്കരണത്തെക്കുറിച്ചും അതിന്റെ സാമൂഹിക-സാംസ്കാരിക പശ്ചാത്തലത്തെക്കുറിച്ചും ആത്മകഥയുടെ അവലോകനത്തിൽ ചാപ്റ്റർ III. 9 ൽ പറയുന്നുണ്ട്. അതുകൂടാതെ ഞാൻ കേൾക്കാനിടയായ അനുഭവസാക്ഷ്യങ്ങളുടെ വെളിച്ചത്തിലും ചിലയിടങ്ങളിൽ എന്റെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്.

ആലോചിച്ചു നോക്കിയാൽ അത്ഭുതം തോന്നാം. ബുദ്ധിയും വിദ്യാഭ്യാസവും പരിഷ്കാരവുമുള്ള ഒരുവൻ, തന്റെ ഗുരുവിന്റെ പ്രഥമശിഷ്യയെ, ഗുരുവിന്റെ പേഴ്സണൽ അസിസ്റ്റന്റിനെ സ്നേഹിക്കുന്നതായി പറയുന്നവൻ, അതേ സമയം എത്ര അജ്ഞനും മുരടനും പ്രാകൃതനും ക്രൂരനും നിർവികാരനും സഹാനുഭൂതിയില്ലാത്തവനും ആയിരുന്നു, കൂടാതെ ഗെയിൽ ആശ്രമം വിട്ടുപോയതിനുശേഷം അവരുടെ പ്രാധാന്യവും മൂല്യവും വിവരിച്ച് ഒരു കത്തെഴുതുകയും, തന്റെ സ്നേഹസൂചകമായ ഒരു മോതിരവുമായി ഭൂഖണ്ഡങ്ങൾ താണ്ടി അവരെ പിന്തുടരുകയും ചെയ്തു. താൻ സ്നേഹിക്കുന്ന വ്യക്തിയെ ബലാത്സംഗം ചെയ്യുന്നത് സാധാരണമാണെന്നയാൾ വിചാരിക്കുന്നുണ്ടാവുമോ? അയാളുടെ വ്യക്തി സംസ്കാരത്തിൽ ഒരു സ്ത്രീയെ തന്റെ

പ്രാഥമിക ലൈംഗിക പ്രേരണകൾക്കായി, അവർ എന്താണ് ചിന്തിക്കുന്നതെന്ന് പോലും നോക്കാതെ നിർബന്ധിക്കുന്നതും ബലം പ്രയോഗിക്കുന്നതും സ്വാഭാവികമാണെന്ന് കരുതുന്നുണ്ടാവുമോ? ഇതുകൊണ്ട് അവർക്കുണ്ടാകുന്ന ഭവിഷ്യത്ത് എന്താണ്? നൂറുതവണയിൽ കൂടുതൽ ഇരതേടുന്ന ഒരു മൃഗത്തെപ്പോലെ അവരെ ആക്രമിച്ചതിന് അയാൾക്കവരോട് "പ്രണയ"മാണെന്ന ന്യായീകരണം മതിയാവുമോ? അയാളുടെ ഈ രണ്ടു വ്യക്തിത്വങ്ങളും ഒത്തുചേരുന്നത് പരസ്പരബന്ധമില്ലാത്ത പരസ്പരം ഉത്തരവാദിത്വമില്ലാത്ത രണ്ട് വ്യത്യസ്ത വ്യക്തികളുടേത് എന്നപോലെ നമ്മെ അലോസരപ്പെടുത്തുന്നു. അയാൾ വെറുമൊരാൾ ആയിരുന്നില്ല, ബ്രഹ്മചര്യം വ്രതമായി സ്വീകരിച്ച ഒരു സന്യാസിയായിരുന്നു എന്ന കാര്യവും, A കഴിഞ്ഞാൽ പിന്നെ ആ പ്രസ്ഥാനത്തിന്റെ മുഴുവൻ അധിപനായിരുന്നു എന്ന കാര്യവും മറക്കരുത്. പിന്തിരിഞ്ഞു നോക്കുമ്പോൾ ഏറ്റവും ആകുലപ്പെടുന്ന കാര്യം അയാൾ ഒരേ സമയം ബ്രഹ്മചാരിണിയും പരിശുദ്ധയുമായ തന്റെ ഗുരുവിന്റെ പ്രഥമ കാമുകനും, അവരുടെ പ്രഥമശിഷ്യയുടെ ബലാൽസംഗിയും ആയിരുന്നു... അതും സർവ്വശക്തയും സർവ്വജ്ഞയുമായ ഗുരു അറിയാതെയോ, അല്ലെങ്കിൽ അതിലും കഷ്ടമായി ഗുരുവിന്റെ മൗനാനുവാദത്തോടുകൂടിയോ.

ഒരിക്കൽ ഗെയിലിന്റെ ആരോപണങ്ങളെ സംബന്ധിച്ച് ഇന്ത്യ ടുഡേയുടെ ഇന്റർവ്യൂവിൽ[63], അയാൾ വെറുപ്പോടും അവജ്ഞയോടും പ്രതികരിച്ചത് *"അവരുടെ ആരോപണങ്ങളും ഭാഷയും എനിക്ക് പ്രതികരിക്കാൻ കഴിയുന്നതിനെക്കാൾ അസഭ്യവും സംസ്കാരശൂന്യവുമാണ്. ഈ പവിത്രമായ വസ്ത്രവും ധരിച്ച് ആ തലത്തിലേക്ക് താഴാൻ ഞാനാഗ്രഹിക്കുന്നില്ല"* എന്നാണ്. ഇത് *"വസ്ത്രം ഒരാളെ സന്യാസിയാക്കില്ല"* എന്നർത്ഥം വരുന്ന ഇംഗ്ലീഷ് പഴഞ്ചൊല്ലിനെ ഓർമ്മിപ്പിക്കുന്നു. ഈ വസ്ത്രം അയാളെ തന്റെ ഗുരുവിനൊപ്പം ശയിക്കുന്നതിൽ നിന്നും, അവരുടെ

സേവികയെ ബലാത്സംഗം ചെയ്യുന്നതിൽ നിന്നും തടഞ്ഞില്ല. ഭയപ്പെടുത്തുന്ന കാര്യം എന്തെന്നാൽ ഇത്രയും പരക്കെ അറിയപ്പെടുന്ന ഒരു സ്ഥാപനത്തെ പ്രതിനിധീകരിക്കുന്നത് ബൈപ്പോളാറായ വിപരീത സ്വഭാവങ്ങളുള്ള ഒരാളാണെന്നും അതിന്റെ തലപ്പത്തിരിക്കുന്നത് മനോരോഗിയായ ഒരു സ്ത്രീയാണെന്നത് (അവരുടെ ആത്മകഥാ വിശകലനം നോക്കാവുന്നതാണ്) ഒരുപക്ഷേ അതിലും മോശമായ കാര്യമാണ്.

ഇതിനെക്കുറിച്ച് ഗൗരവമായി ആലോചിച്ചാൽ ഒരു ചോദ്യം നിലനിൽക്കും, ഒരുപാട് ആളുകൾ ഈ പ്രസ്ഥാനത്തിൽ എത്തി വഴിതെറ്റാതിരിക്കാനും അവരുടെ ജീവിതം പാഴാക്കാതിരിക്കാനുമായി എന്താണ് ചെയ്യാൻ കഴിയുന്നത്?

എനിക്ക് ഈ പ്രസ്ഥാനത്തിലെ മറ്റൊരു ഭാരവാഹിയുടെ കാര്യവും വ്യക്തമായി അറിയാം, അയാൾ പതിറ്റാണ്ടുകളായി ധാരാളം സ്ത്രീകളെ ലൈംഗികമായി പീഡിപ്പിച്ചിട്ടുണ്ട്. കുറച്ചു വർഷങ്ങൾക്കുമുമ്പ് ഈ പീഡനങ്ങളെക്കുറിച്ച് തുറന്നുപറഞ്ഞ ഇരകൾ തങ്ങളുടെ വിവരങ്ങൾ പരസ്യമാക്കരുത് എന്ന് നിഷ്കർഷിച്ചിരുന്നു, അതിന്റെ വിശദവിവരങ്ങളിലേക്ക് എനിക്ക് കടക്കാനാവില്ല. പക്ഷേ ഈ പരാതിയുമായി A യുടെ മുന്നിലെത്തിയപ്പോൾ, 002 വളരെ സ്വാഭാവികമായി പറഞ്ഞത് ഇങ്ങനെയാണ് *"അയാൾ ഇത്തരം കാര്യങ്ങൾ ചെയ്യുന്നുണ്ടെന്ന് ഞങ്ങൾക്കറിയാമായിരുന്നു, പക്ഷേ അതൊക്കെ നിർത്തി എന്നാണ് ഞങ്ങൾ കരുതിയിരുന്നത്"* A അൽപം ആലോചിച്ചശേഷം ഇതെല്ലാം മറക്കാനും, തങ്ങളുടെ ജീവിതവുമായി മുന്നോട്ടു പോകാനും അവരെ ഉപദേശിച്ചു. ഈ സംഭവത്തിന്റെ പ്രാധാന്യമെന്തെന്നാൽ ആ പ്രസ്ഥാനത്തിലെ ധാർമ്മികമായ അധപതനമാണ് ഇത് കാണിക്കുന്നത്. ഇവിടെ ശ്രദ്ധിക്കേണ്ടത് ബലാത്സംഗത്തിന്റെ സാമാന്യവൽക്കരണവും,

ഇരകളോടുള്ള ബഹുമാനമില്ലായ്മയും അവരുടെ അതിജീവനത്തെകുറിച്ചുള്ള താൽപ്പര്യമില്ലായ്മയും അവഗണനയും ആണ്. ഈ സംഭവം ഏൽപ്പിക്കുന്ന മാനസികാഘാതത്തെക്കുറിച്ച് അറിവില്ലാത്തത്ര വിദ്യാഭ്യാസമില്ലാത്തവരല്ല ഈ കഥാപാത്രങ്ങൾ. രണ്ട് പ്രധാനികളെക്കുറിച്ച് സംസാരിക്കുമ്പോൾ, ഒരു വശത്ത് ബലാത്സംഗത്തലവന്റെ ആശ്ചര്യമുണർത്തുന്ന പ്രതികരണം, ഇത്തരം സംഭവങ്ങളെക്കുറിച്ച് തനിക്ക് അറിവുണ്ടായിരുന്നു എന്നാൽ അവ ഇപ്പോൾ ശ്രദ്ധ അർഹിക്കുന്നില്ലായെന്നു കരുതി എന്നാണ്, ഇതെല്ലാം വളരെ നിസ്സാരവും സാധാരണവുമായ കാര്യങ്ങളാണെന്ന മട്ടിൽ. മറുവശത്ത് ഗുരു മൗനമായി ഇരുന്നു, അവർക്ക് അതേ കുറിച്ച് ആലോചിക്കണമായിരുന്നു ആദ്യം അതിനുശേഷം അവർ ഇരകളോടും അവരുടെ ബന്ധുക്കളോടും എല്ലാം മറന്ന് അവരവരുടെ ജീവിതവുമായി മുന്നോട്ടു പോകാൻ ആവശ്യപ്പെട്ടു. ഇതിൽ നിന്നും മനസ്സിലാകുന്നത്, വ്യക്തികളുടെ ആഴമേറിയ മുറിവുകൾക്കുപോലും സംഘടനയുടെ പേരും പ്രശസ്തിയുമായി തട്ടിച്ചുനോക്കുമ്പോൾ യാതൊരു വിലയുമില്ല എന്നതാണ്. സമൂഹത്തിന്റെ ഇത്തരം പെരുമാറ്റങ്ങളെ കുറിച്ച് മനസ്സിലാക്കാം എന്നാലത് ഒരിക്കലും ആത്മീയമോ അനുകമ്പാപൂർണ്ണമോ അല്ല.

മാറി നിന്ന് വിശകലനം ചെയ്താൽ ബലാത്സംഗത്തിന്റെ നിസ്സാരവൽക്കരണവും, ലൈംഗിക പീഡനവും, വികലമായ ലൈംഗികതയും ഒക്കെ പ്രസ്ഥാന മേധാവിയുടെ ജനനപശ്ചാത്തലവുമായി, അതായത് അവരുടെ സ്വന്തം ജനനത്തിന്റെയും, അവർ വളർന്നുവന്ന കുടുംബത്തിന്റെയും പശ്ചാത്തലവുമായി ബന്ധപ്പെട്ടതാണെന്ന് മനസ്സിലാക്കാം[64]. ഗെയിൽ അവരുടെ അടുത്ത് നിന്നും, അവരുടെ പ്രഥമ ശിഷ്യന്റെ/ കാമുകന്റെ അടുത്തുനിന്നും, അനുഭവിച്ച പീഡനങ്ങളുടെ പശ്ചാത്തലത്തിൽ നോക്കിയാൽ മൊത്തത്തിലുള്ള കാര്യങ്ങളുടെ കിടപ്പ് അസ്വസ്ഥതയുളവാക്കുന്നതാണ്.

# III. 8. വഴിതെറ്റുന്ന ദൈവികത

## a. ദൈവികതയും സർവ്വശക്തിത്വവും

വ്യക്തിപരമായി പറഞ്ഞാൽ A യെ "ദൈവികതയുള്ള" ഒരാളായി ഞാൻ ഒരിക്കലും കണ്ടിട്ടില്ല. അങ്ങനെ ഒരു പ്രതിഭാസം ഉണ്ടെങ്കിൽ തന്നെ, അവർ ആരുടെയെങ്കിലും പുനർജന്മമാണോ ജന്മമാണോ എന്നൊന്നും അറിയാൻ ഞാൻ താല്പര്യപ്പെട്ടിട്ടുമില്ല. അതുപോലെതന്നെ അവർ ആത്മജ്ഞാനം നേടിയോ ഇല്ലയോ എന്നും, നേടിയെങ്കിൽ അത് പൂർണമായാണോ ഭാഗികമായാണോ അല്ലെങ്കിൽ എത്രത്തോളം നേടി എന്നൊന്നും ഞാൻ ഒരിക്കലും ആശങ്കപ്പെട്ടിട്ടില്ല. മുമ്പ് ഞാൻ രമണമഹർഷിയെക്കുറിച്ച് പരാമർശിച്ചത് നിങ്ങൾ ഓർക്കുന്നുണ്ടാവും, പുനർജന്മത്തെക്കുറിച്ചുള്ള ചോദ്യത്തിന് അദ്ദേഹത്തിന്റെ ഉത്തരം "നിങ്ങൾ ഇപ്പോൾ ജനിച്ചിട്ടുണ്ടോ എന്ന് ആദ്യം ചിന്തിക്കൂ" എന്നാണ്. ഞാൻ A യെ അനുഗമിച്ചത് അവർ എന്റെ ആത്മീയപാതയിൽ ഹൃദയത്തെ കൂടി സമന്വയിപ്പിക്കാൻ സഹായിക്കുമെന്ന് ധരിച്ചാണ്. ഒരുവശത്ത് ആദരവിനും ബഹുമാനത്തിനുമപ്പുറം ഞാൻ അവരെ ആത്മീയമായി പരിണമിച്ച ഒരു വ്യക്തിയായാണ് കണക്കാക്കുന്നത്. മറുവശത്ത് രാത്രി മുഴുവൻ നിൽക്കുന്ന, നീണ്ട മണിക്കൂറുകൾ ദർശനം നൽകാൻ കഴിയുന്ന, പ്രസ്ഥാനനടത്തിപ്പും ആളുകളുടെ പ്രശ്നങ്ങളുമെല്ലാം നോക്കി നടത്താൻ കഴിയുന്ന, എല്ലാവരുടെയും വിവരണങ്ങൾ കേൾക്കുന്ന, തെറ്റിദ്ധാരണകൾ മാറ്റാൻ കഴിയുന്ന, ഇതെല്ലാം ഒരേസമയം ചെയ്യാൻ കഴിയുന്ന അവരുടെ അപാരമായ ഊർജ്ജത്തെ മറ്റെല്ലാവരെയും പോലെ ഞാനും ആരാധനയോടെ കണ്ടിരുന്നു. ഇതൊക്കെ അത്ഭുതാവഹമായിരുന്നു എങ്കിലും, ഇവ അവരെ തെറ്റുകൾക്കതീതമായോ "ദൈവീകത്വമുള്ളവരോ"

ആക്കുന്നുണ്ടോ? ഞാൻ സ്വയം ഒരിക്കലും ചോദിക്കാത്ത ഒരു ചോദ്യമാണിത്. അതുകൊണ്ടുതന്നെ കൂടുതൽ കാര്യകാരണസഹിതം എന്റെ വിശ്വാസം ഊട്ടിയുറപ്പിക്കേണ്ട ആവശ്യവും എനിക്കുണ്ടായില്ല.

A യുടെ അധികാരദുർവിനിയോഗത്തിന്റെ ഉദാഹരണം പറയുകയാണെങ്കിൽ, അവർ വിദേശികളായ ഭക്തർ മറ്റു ഗുരുക്കന്മാരെ കാണുന്നത് നിരോധിച്ചിരുന്നു. ഈ ഉത്തരവ് എന്നെ വല്ലാതെ അത്ഭുതപ്പെടുത്തി. ഇത് പ്രയോജനമില്ലാത്തതും വിഭാഗീയത വളർത്തുന്നതുമായാണ് എനിക്ക് തോന്നിയത്; പ്രത്യേകിച്ചും ഭക്തർ പോയിരുന്ന മറ്റ് സ്ഥലങ്ങൾ ഒട്ടും തൃപ്തികരമായി എനിക്ക് തോന്നാത്ത സ്ഥിതിക്ക്. ചുരുക്കത്തിൽ തന്റെ "മക്കൾ" മറ്റ് "അമ്മമാരുടെ" അടുത്തുപോയി ചുംബനം വാങ്ങാതിരിക്കാനുള്ള ഒരു വഴിയായിരുന്നു ഈ നിരോധനം.

## <u>b.</u> സർവ്വാധിപത്യവും ഗുരുവിന്റെ അസാമാന്യതയും

ഞാൻ A യെയും മറ്റ് ആത്മീയ വ്യക്തിത്വങ്ങളെയും വിശേഷിപ്പിക്കുന്നത് പരിണമിച്ച യോഗികളായാണ് (ലളിതോക്തിക്കു വേണ്ടി), തങ്ങളുടെ മനസ്സിന്റെ ഭൂതക്കണ്ണാടിയെ ശുദ്ധീകരിച്ചും മിനുക്കിയും ഒരു ശക്തിയേറിയ ടെലിസ്കോപ്പ് പോലെയാക്കി മഹത്തായ കാര്യങ്ങൾ നേടാൻ പ്രാപ്തമാക്കുന്നത് പോലെ. അതിലെ പോരായ്മ എന്തെന്ന് വച്ചാൽ അവരുടെ ചെറിയ തെറ്റുകളോ കുറവുകളോ പോലും ആനുപാതികമായി വലുതാവുകയും വലിയ കഷ്ടനഷ്ടങ്ങൾ വരുത്താൻ പ്രാപ്തമാക്കുകയും ചെയ്യും. പ്രത്യേക കഴിവുകളുണ്ടെന്നിരിക്കിലും അവർ മനുഷ്യരും, തെറ്റുകൾ വരുത്താൻ പ്രാപ്തിയുള്ളവരുമാണെന്നതിനാൽ അവർക്ക് അടിതെറ്റുകയും മറ്റുള്ളവരെ ലൈംഗികമായോ സാമ്പത്തികമായോ, അവരുടെ അധികാരമോ സ്വാധീനമോ ഉപയോഗിച്ച്

പീഡിപ്പിക്കുകയും ചെയ്യാൻ സാധ്യതയുണ്ട്. മനുഷ്യനായി നിലനിൽക്കുകയും എന്നാൽ ചുറ്റുമുള്ളവർക്ക് എതിർക്കാനുള്ള ശക്തി ഇല്ലാതാക്കുകയും ചെയ്യുന്നതുകൊണ്ട്, ചൂഷണങ്ങളുടെ സാധ്യതയും വളരെ കൂടുതലാണ്. A യുടെ പരിഭാഷകനായിരുന്ന സമയത്ത് ഞാൻ മണിക്കൂറുകളോളം ദർശനസമയത്ത് അവരോടൊപ്പം ഇരിക്കുമായിരുന്നു. എനിക്ക് ബുദ്ധിമുട്ടില്ലാതെ മലയാളം സംസാരിക്കാമായിരുന്നതുകൊണ്ട് അവരെ ധാരാളം തവണ ഏകാന്തമായി കണ്ടുമുട്ടാനും പരസ്പര പങ്കാളിത്തത്തോടെ കാര്യങ്ങൾ ചർച്ചചെയ്യാനും ഇടവന്നിട്ടുണ്ട്. അതുകൊണ്ടുതന്നെ അവരുടെ മാനസികവ്യാപാരങ്ങളും ജ്ഞാനവും അവർ തീരുമാനങ്ങളിലെത്തുന്ന പ്രക്രിയയും അടുത്തുനിന്ന് കാണാൻ അവസരമുണ്ടായിട്ടുണ്ട്. ഒരിക്കൽപോലും ഞാനൊരു അമാനുഷിക വ്യക്തിയുടെ സാന്നിദ്ധ്യത്തിലാണെന്ന് എനിക്ക് തോന്നിയിട്ടില്ല. അവർക്ക് അവരുടേതായ സംശയങ്ങൾ ഉണ്ടായിരുന്നു, അറിയുന്ന കാര്യങ്ങളും അറിയാത്ത കാര്യങ്ങളും ഉണ്ടായിരുന്നു, ഏതൊരു സാധാരണ മനുഷ്യനെയും പോലെ അവർക്ക് പലകാര്യങ്ങളെക്കുറിച്ചും ചോദ്യങ്ങളുണ്ടായിരുന്നു. ദർശന സമയത്ത് എത്ര തവണ അവർ തിരിഞ്ഞ് എന്നോട് ചോദ്യങ്ങൾ ചോദിച്ചിട്ടുണ്ടെന്നത് എനിക്ക് എണ്ണാവുന്നതിലും അധികമാണ്. പലപ്പോഴും *"നമ്മൾ ഇതിന് എന്തുത്തരമാണ് പറയുക?"* അല്ലെങ്കിൽ *"ഇതിന് നീ തന്നെ ഉത്തരം പറയൂ, എനിക്കറിയില്ല!"* എന്നാവും അവർ മന്ത്രിക്കുക. ചിലപ്പോൾ ഞാൻ അവരുടെ അടുക്കൽ തിരിഞ്ഞ്, അവരുടെ നാവിൽ നിന്നുള്ള ഉത്തരം കേൾക്കാനാണ് ഭക്തർ കാത്തുനിൽക്കുന്നത് എന്ന് അറിയിക്കും. അതിന് *"എന്നാൽ നീ എനിക്ക് പറഞ്ഞുതരൂ"* എന്ന് അവരും മറുപടി പറയും. ശേഷം അവർ ഭക്തരുടെ ഭാഗത്തേക്ക് തിരിഞ്ഞ് ഞാൻ പറഞ്ഞുകൊടുത്ത ഉത്തരം ആവർത്തിക്കും, ഞാനത്

പരിഭാഷപ്പെടുത്തി ഭക്തർക്ക് വീണ്ടും പറഞ്ഞുകൊടുക്കുകയും ചെയ്യും.

ദൈവത്തിന്റെ പ്രതിരൂപമാണ് ഗുരു എന്ന ആരോഗ്യകരമല്ലാത്ത മിഥ്യാധാരണ മാറ്റിയാൽ തന്നെ അതുമൂലമുള്ള അതിക്രമങ്ങളും വൈകൃതങ്ങളും തടയപ്പെട്ട് ഇന്ത്യ വളരെ ഭേദപ്പെടും എന്നതിന് സംശയമില്ല. ഗുരുക്കന്മാരോടുള്ള പ്രതിബദ്ധത പുറമേനിന്നുള്ള ആക്രമണങ്ങളെ ചെറുക്കാൻ സഹായിച്ചിരുന്ന മധ്യകാലഘട്ടം കഴിഞ്ഞു. നമ്മളിപ്പോൾ അടിസ്ഥാനപരമായ കാര്യങ്ങളിലേക്കും ജ്ഞാനത്തിന്റെയും, അറിവിന്റേതുമായ കാലഘട്ടത്തിന്റെ ഉത്തരവാദിത്വത്തിലേക്ക് തിരിച്ചു വരേണ്ടതുണ്ട്. വഴി കാട്ടാനായി മാത്രമാണ് ഗുരു ഉണ്ടാവേണ്ടത്. ഇന്നത്തെ കാലത്തെ മതവും ആത്മീയതയും രാഷ്ട്രീയവും തമ്മിലുള്ള അവിഹിതബന്ധം, ഭൂരിപക്ഷ താൽപര്യസംരക്ഷണം, ഹിന്ദു ദേശീയത എന്നിവയുടെ പശ്ചാത്തലത്തിൽ ഈ മഹത്തായ ജനാധിപത്യ രാജ്യത്തെ ഒരു മതരാജ്യത്തിന്റെ തലത്തിലേക്ക് വലിച്ചിഴക്കുന്ന സാഹചര്യത്തിൽ ഈ ഉദ്യമം കൂടുതൽ ശ്രമകരമാണ്. ഗുരുക്കന്മാരെക്കുറിച്ച് ഇനി വരുന്ന ചാപ്റ്ററുകളിൽ കൂടുതൽ പ്രതിപാദിച്ചിട്ടുണ്ട്.

## c. അവിശുദ്ധ ഗർഭധാരണങ്ങൾ

ബാലുവിന്റെ A യെ കുറിച്ചുള്ള അവിശ്വസനീയമായ അത്ഭുത കഥകളിൽ ഒന്നാണ് *“ശക്തിപ്രസാദ്”*. ഇത്തരമൊരു യുക്തിഹീനമായ കഥ അവരുടെ പല ജീവചരിത്രങ്ങളിലും വന്നുവെന്നുള്ളതും പിന്നീട് പിൻവലിക്കപ്പെട്ടു എന്നുള്ളതും, ആരും അതിലൊരു പ്രശ്നവും കണ്ടില്ല എന്നുള്ളതും ആശ്ചര്യകരമാണ്. ഇതിന്റെ സാംഗത്യം എന്താണെന്ന് നമുക്ക് നോക്കാം. എന്റെ അറിവ് ശരിയാണെങ്കിൽ, ഈ കഥ അവരുടെ ജീവചരിത്രത്തിന്റെ 1989 ലുള്ള രണ്ടാം പതിപ്പിൽ

പതിനാലാം അധ്യായത്തിൽ ഭക്തരുടെ അനുഭവങ്ങൾ എന്ന തലക്കെട്ടിലാണ് ആദ്യമായി പ്രത്യക്ഷപ്പെട്ടത്. ദേവിയുടെ പ്രസാദം എന്നാണ് വാക്കിന്റെ അർത്ഥം. A യുടെ വെറും *സങ്കല്പം* കൊണ്ട് മാത്രം ജനിച്ച നാലോ അതിൽക്കൂടുതലോ കുട്ടികളെക്കുറിച്ചുള്ളതാണ് ഇത്. കുട്ടികൾ ഉണ്ടാവാതിരുന്ന ചില ദമ്പതികൾ A യുടെ അനുഗ്രഹം തേടി വന്ന കഥയാണിത്. നാട്യമുഖ്യനും കഥാകാരനുമായ ബാലുവിന്റെ വാക്കുകൾ ഇങ്ങനെയാണ്, *"ഈ അനുഗ്രഹം ലഭിക്കേണ്ട ദമ്പതികളെ മനുഷ്യർക്ക് ഗ്രാഹ്യമാവുന്നതിനും അപ്പുറത്തുള്ള ചില സൂക്ഷ്മമായ പരിഗണനകളുടെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുക്കുന്നത്"*[65]. (...) തന്റെ മക്കളുടെ ഭാവിയെക്കുറിച്ച് പുണ്യവതിയായ അമ്മ ഇങ്ങനെ പറഞ്ഞു: *"എന്റെ ധ്യാനത്തിന്റെ സമയത്ത് ഒരു പ്രത്യേക ശക്തി എന്നിൽ നിന്ന് ഉത്ഭവിക്കുകയും അത് അമ്മയുടെ ഗർഭപാത്രത്തിലേക്ക് പോയി വസിക്കുകയും അങ്ങനെ ഗർഭമുണ്ടാവുകയും ചെയ്യും. ഇതിൽ ചില കുട്ടികൾ ശ്രേഷ്ഠരായ സന്യാസിമാരായി മാറും. മറ്റുള്ളവർ കുടുംബജീവിതം നയിക്കും. എങ്ങനെയായാലും ഇവരെല്ലാം ഒടുവിൽ ആത്മീയതയിലേക്ക് തിരിയുകതന്നെ ചെയ്യും. ഈ സത്യം കേട്ട് കുട്ടികളുടെ അമ്മമാരിൽ ചിലർക്ക് തങ്ങളുടെ മക്കൾ മനുഷ്യകുലത്തിന്റെ സേവയ്ക്കായി തങ്ങളെ വിട്ടു പോകുമല്ലോ എന്നോർത്ത് അതിയായ ദുഃഖം തോന്നി. അമ്മ അവരെ മാതാപിതാക്കൾ ആഗ്രഹിക്കുന്ന തരത്തിൽ കടമകൾ ചെയ്തു ജീവിക്കുന്ന മറ്റൊരു കുഞ്ഞു കൂടി ഉണ്ടാവാനായി അനുഗ്രഹിച്ചു. പിന്നീടുള്ള വർഷങ്ങളിൽ ആ അമ്മമാർക്ക് മറ്റൊരു കുഞ്ഞുണ്ടാവുകയും ചെയ്തു."*

*ശക്തിപ്രസാദ്*: അങ്ങനെ "ദിവ്യമായ" ഒരു സൃഷ്ടിയായിരുന്നു. ആ കുട്ടികൾ അസാമാന്യ കഴിവുള്ള ശ്രേഷ്ഠരായ വ്യക്തികളാവുകയും ലോകം ഭരിക്കുകയും ചെയ്യും. ഇതിനെക്കുറിച്ചുള്ള തീരാത്ത ചർച്ചകൾ

ഞാനോർക്കുന്നു, ആദ്യം A യുമായും പിന്നീട് അത്ഭുതത്താൽ തിളങ്ങുന്ന കണ്ണുകളുള്ള ഭക്തരുമായും. ആ അമ്മമാരിൽ ഒരു സ്ത്രീ 16 മാസം തന്റെ കുഞ്ഞിനെ ഗർഭത്തിൽ ചുമക്കുകയും പൂർണ്ണ ആരോഗ്യമുള്ള ഒരു കുഞ്ഞിനെ പ്രസവിക്കുകയും ചെയ്തത്രേ. ആ കഥയനുസരിച്ച് 12 മാസത്തിനുശേഷം സ്ത്രീയെ പരിശോധിച്ച ഡോക്ടർക്ക് ഗർഭപാത്രത്തിന്റെ എക്സ്-റേയിൽ (ഗർഭിണിയായ സ്ത്രീക്ക് എക്സ്-റേ??) പുകമറ മാത്രമേ കാണാനായുള്ളൂ. ഈ കുട്ടികളെല്ലാം മൂന്ന് വയസ്സ് ആവുന്നതിനു മുമ്പ് തന്നെ ധ്യാനിക്കാനും മന്ത്രങ്ങൾ ഉരുവിടാനും തുടങ്ങിയത്രേ. ഇടയ്ക്കിടെ ഈ സ്ത്രീകൾ ദർശനത്തിനായി ആശ്രമത്തിലേക്ക് വരും, അപ്പോൾ A ഈ കുട്ടികളെ ഞങ്ങൾക്ക് പരിചയപ്പെടുത്തുകയും ചെയ്തിരുന്നു. നാളത്തെ ലോകത്തെ രക്ഷിക്കുകയും മാറ്റിമറിക്കുകയും ചെയ്യാൻ പോവുന്ന ഈ കുട്ടികളെ ഭക്തർ അക്കാലത്ത് ആരാധനയോടെ നോക്കിയിരുന്നു.

ഈ വിഷയത്തെക്കുറിച്ച് പഴയ ജീവചരിത്രങ്ങൾ മറ്റ് ചിലതുകൂടി പറയുന്നുണ്ട്:

1. ഗർഭത്തിലെ അദൃശ്യനായ കുഞ്ഞ്: ഒമ്പതുമാസം തികഞ്ഞ ഒരു സ്ത്രീയുടെ ഗർഭത്തിലെ എന്നപോലെ വലിപ്പമുണ്ട് ആ കുഞ്ഞിന്.
2. മെഡിക്കൽ ഇമേജിൽ കുഞ്ഞിനുപകരം പുകമറ മാത്രമാണ് കാണുന്നത്.
3. ഗർഭം 16 മാസം തികഞ്ഞിട്ടും മെഡിക്കൽ ഇമേജിൽ ഒന്നും തെളിഞ്ഞു കാണുന്നില്ല, ഒടുവിൽ സിസേറിയനിലൂടെ പൂർണ്ണ ആരോഗ്യമുള്ള കുഞ്ഞു ജനിച്ചു.
4. A പ്രത്യേകമായി അനുഗ്രഹിച്ച് പ്രസാദമായി നൽകിയ പഴം കഴിച്ച ഒരു സ്ത്രീ ഗർഭിണിയായി.
5. മന്ത്രം ചൊല്ലലിലൂടെ മറ്റൊരു സ്ത്രീ ഗർഭിണിയായി.

ഇതു സംബന്ധിച്ച മറ്റൊരു കെട്ടുകഥ മെഡിക്കൽ ഇമേജിൽ പുകമറ മാത്രം കണ്ട സ്ത്രീയോട് A പറഞ്ഞ കാര്യങ്ങളെക്കുറിച്ചാണ്: *“ധൈര്യമായിരിക്കൂ! ഈ കുഞ്ഞ് ഒരു പ്രതിബിംബമല്ല, വെളിച്ചം തന്നെയാണ്. അവൻ ദൈവത്തിന്റെ മകനാണ് ആർക്കും അവന്റെ ഫോട്ടോ എടുക്കാൻ കഴിയില്ല.”* (“For my children” p. 320.) ചുരുക്കത്തിൽ അവിടെ എല്ലാ തരത്തിലുള്ള ഭക്തർക്കും ആനന്ദത്തിൽ ആറാടാനുള്ള വകയുണ്ടായിരുന്നു, പ്രത്യേകിച്ചും നിഷ്കളങ്കർക്ക്.

കാലക്രമേണ ആ കുട്ടികൾക്ക് യാതൊരു പ്രത്യേകതയും ഇല്ലെന്ന് മനസ്സിലായതോടെ ആ വിഷയം അവിടെ വിട്ട് വിദേശ യാത്രകളുടെ തുടക്കമായി. പിന്നീട് ഈ വിഷയം ചർച്ച ചെയ്യുന്നത് A പ്രോത്സാഹിപ്പിച്ചില്ല അതുകൊണ്ടുതന്നെ പിന്നീട് ആശ്രമത്തിനുള്ളിലെ ചെറിയ സമൂഹത്തിൽ ഈ വിഷയം ചർച്ചയായില്ല. ആദ്യമേ ഇത്തരം കൽപിതകഥകളിൽ സന്ദേഹമുള്ളതിനാൽ ഞാൻ പിന്നീട് അതിനെക്കുറിച്ച് അന്വേഷിച്ചതുമില്ല. ഏതായാലും ജീവചരിത്രത്തിന്റെ അടുത്ത പതിപ്പ് പുറത്തിറങ്ങിയത് ഈ ചാപ്റ്റർ ഇല്ലാതെയാണ്.[66]

## **d. ഒരു സൈക്യാട്രിസ്റ്റിനെ കാണുന്നതിനെക്കുറിച്ച് എന്ത് പറയുന്നു?**

ആശ്രമത്തിലെ പരിശീലനകാലത്ത് ഞങ്ങൾക്ക് പലപ്പോഴും അങ്ങേയറ്റം അസ്വസ്ഥത തോന്നിയിട്ടുണ്ട്. വാസ്തവത്തിൽ A യുടെ പ്രകൃതം ഊഴം വച്ച് എന്നപോലെ മാറിക്കൊണ്ടിരിക്കുകയായിരുന്നു, ചഞ്ചലചിത്തയായും മനോഹരിയായും കോപിഷ്ടയായും സൗമ്യയായും കണിശക്കാരിയായും സ്നേഹമയിയായും മുഷിച്ചിലുള്ളവളായും ന്യായരഹിതയായും അധികാരമുള്ളവളായും പോഷിപ്പിക്കുന്നവളായും പിന്നീട് ശ്വാസം- മുട്ടിക്കുന്നവളായുമെല്ലാം അവർ

നിരന്തരം മാറിക്കൊണ്ടിരുന്നു. *മനശാസ്ത്രജ്ഞർക്ക് ഇത് സ്ഥിരതയില്ലാത്തതും പരസ്പരവിരുദ്ധവുമായ മാനസികാവസ്ഥയായി വളരെ വേഗം തിരിച്ചറിയാനാകും.* അവർ പലപ്പോഴും ഹിസ്റ്റീരിയ[67] കലർന്ന പെരുമാറ്റവും സ്വഭാവവ്യതിയാനങ്ങളും മോഹനിദ്രയും ഏകാഗ്രതയുമെല്ലാം തന്റെ സ്വന്തം ഗുണത്തിനായി ഉപയോഗിക്കാറുണ്ട്: ശ്രദ്ധയും പ്രശംസയും ലഭിക്കാനും, അനുസരണയോടെ ഭക്തർ അനുഗമിക്കാനും, മറ്റുള്ളവരുടെ മേൽ തന്റെ ആധിപത്യം ഉറപ്പിക്കുവാനും.

അടുത്തറിയുന്നവരെ സംബന്ധിച്ചിടത്തോളം A യുടെ പെരുമാറ്റങ്ങൾ സൈക്കോളജിയിൽ പെർവേർസ് മാന്യുപുലേറ്റീവ് എന്നോ നാർസിസ്റ്റിക്ക് പെർവേർട്ട് (NP) എന്നോ പറയാവുന്ന രീതിയിലാണ്. അതെന്താണെന്ന് നോക്കാം "*NP ആയ വ്യക്തി തന്റെ ഉള്ളിൽ ഒരു രഹസ്യം സൂക്ഷിക്കുന്നുണ്ട്. അമിതമായ അഹങ്കാരവും, ഒരു ചെറിയ ക്ഷതത്തിൽ പോലും അതിന്റെ മൊത്തത്തിലുള്ള തകർച്ചയും, ബാലചാപല്യങ്ങളിലേക്കുള്ള പിന്മാറ്റവും. നിസ്സാരകാര്യത്തിനുപോലും അവന്റെ വികാരം പരിധിയില്ലാതെ വ്രണപ്പെടുകയും, തന്റെ മൂർച്ചയുള്ള വാക്കുകൾ കൊണ്ട് അവൻ നിങ്ങളെ വേദനിപ്പിക്കുകയും നിന്ദിക്കുകയും ചെയ്യും. ചിലപ്പോൾ ശിക്ഷിക്കപ്പെടുകയും തെറ്റിദ്ധരിക്കപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്യുന്ന ഒരു കുട്ടിയെപ്പോലെയാവും നിങ്ങൾക്ക് അനുഭവപ്പെടുക. നിങ്ങളെക്കൊണ്ട് അവനെ അക്ഷരംപ്രതി അനുസരിപ്പിക്കുന്നതിലാണ് അവൻ തന്റെ എല്ലാ ഊർജ്ജവും ഉപയോഗിക്കുക. നിങ്ങളുടെ പൂർണ്ണശ്രദ്ധ അവന് ലഭിക്കുന്നിടത്തോളം മാത്രമാണ് അവനോടൊപ്പമുള്ള നിങ്ങളുടെ സാന്നിധ്യം ന്യായീകരിക്കപ്പെടുന്നത്. നിങ്ങളെ സഹായിക്കുന്നു എന്ന് ഭാവിക്കുന്നതല്ലാതെ അവൻ മറ്റൊന്നും ഒരിക്കലും ചെയ്യില്ല. നിങ്ങൾ മൗനം പാലിക്കുമെന്നും മറ്റാരും ഒന്നും അറിയാൻ ഇടവരില്ലെന്നും അവൻ ഉറപ്പാക്കും. അവൻ*

*തന്റെ ഭാവിയിലെ ഇരകളെ തിരഞ്ഞു പിടിക്കുകയും തന്നിൽതന്നെ തളച്ചിടുകയും ചെയ്യും. അവന്റെ നിലനിൽപ്പുതന്നെ പ്രതിച്ഛായയിലാണ്, നമ്മൾ അവനെ സംബന്ധിച്ചിടത്തോളം അവന്റെ വിശിഷ്ടവും ഗംഭീരവുമായ പ്രതിഫലനം കാണുന്നതിനായി മാറിമാറി ഉപയോഗിക്കാവുന്ന മുഖക്കണ്ണാടികൾ മാത്രമാണ്. NP ഒരു സ്ത്രീ ആയിരിക്കുമ്പോൾ കാര്യങ്ങൾ കൂടുതൽ പ്രതികൂലമാവുന്നു, ഒരു സ്ത്രീയും അമ്മയും എന്ന നിലയ്ക്ക് അവളുടെ ആവനാഴിയിലെ തന്ത്രങ്ങൾ ആരും വിശ്വസിച്ചു പോകുന്നതാണ്. ആദ്യം സ്വന്തമാക്കുകയും പിന്നീട് നശിപ്പിക്കുകയും ചെയ്യുക എന്ന രീതിയാണ് NP യുടെ വ്യക്തിത്വത്തെ ഭരിക്കുന്നത്."*[68]

ഈ സാഹചര്യം അസുഖകരം മാത്രമായിരുന്നില്ല യാതനാ പൂർണവുമായിരുന്നു. അവരുമായി ശിഷ്യർക്ക് അന്നുണ്ടായിരുന്ന ബാലിശമായ ബന്ധവും, അവരുടെ ശ്രദ്ധ നേടിയെടുക്കാനായുള്ള പരിശ്രമങ്ങളും ഭീഷണികളുമെല്ലാം അതിരുകടന്നതായിരുന്നു. ചില സമയങ്ങളിൽ ഞങ്ങൾക്ക് അതിപ്രധാനമെന്നും അടിയന്തരമായതെന്നും തോന്നുന്ന ചില അടിസ്ഥാന പ്രശ്നങ്ങൾക്ക് ഉത്തരം ലഭിക്കാൻ വളരെ ബുദ്ധിമുട്ടായിരുന്നു എന്നതിനാൽ വൈകാരികമായ ഭീഷണിപ്പെടുത്തലുകൾ സർവ്വസാധാരണമായിരുന്നു. എന്റെ *മുൻസഹോദരന്മാരിൽ ഒരാളായ പൈ*, തന്റെ ഒരു അടിയന്തര പ്രശ്നത്തിലേക്ക് A യുടെ ശ്രദ്ധ ക്ഷണിക്കാൻ സാധിക്കാതിരിക്കുകയും തുടർന്ന്, അയാൾ സ്വന്തം കൈവെള്ളയിൽ വച്ച് ഒരു വലിയ കഷ്ണം കർപ്പൂരം കത്തിക്കുകയും, കർപ്പൂര ആരതി ചെയ്യുകയും, ഫലമായി അയാളുടെ കൈയിലെ മാംസം കരിയുകയും ചെയ്തു, സ്വയം ഹാനി വരുത്തുന്നതിന്റെ ഒരു ഗൗരവതരമായ ഉദാഹരണമാണിത്. മേൽപ്പറഞ്ഞ വ്യക്തി ആശ്രമത്തിലെ തന്നെ ഒരു സ്ത്രീയിൽ അനുരക്തനാവുകയും, തന്റെ വികാരങ്ങളും ലൈംഗിക തൃഷ്ണയും നിയന്ത്രിക്കുന്നതിൽ ബുദ്ധിമുട്ടുകയും, ഈ

കഠിന പരീക്ഷണത്തിൽ നിന്ന് രക്ഷനേടാനുള്ള മാർഗ്ഗത്തിനായി A യോട് യാചിക്കുകയും ചെയ്തു. അവരിൽ നിന്ന് ഒരു മറുപടിയും കിട്ടാതെ ആശയറ്റ ഒരു ഭ്രാന്തമായ മുഹൂർത്തത്തിൽ അയാൾ ഈ കടുംകൈക്ക് മുതിരുകയും ചെയ്തു.

പൈയുടെ കദനകഥ രണ്ടു കൊങ്ങിണി ബ്രാഹ്മണരോടുള്ള (റാവുവും പൈയും) A യുടെ പക്ഷപാതത്തിന്റെ കഥ കൂടിയാണ്. A സ്ഥിരമായി പൈയെ അവഹേളിക്കുകയും, ഇവർ രണ്ടുപേരും തമ്മിൽ കൊങ്ങിണി ഭാഷയിൽ പരസ്പരം സംസാരിക്കുന്നത് വിലക്കുകയും ചെയ്തു. അവർ രണ്ടുപേരും കേരളത്തിൽ ജനിച്ചു വളർന്നവരായതിനാൽ മലയാളം സംസാരിക്കുന്നവരായിരുന്നു. A എപ്പോഴും റാവുവിനെ അനുകൂലിക്കുകയും അയാൾക്ക് കൂടുതൽ വിലകല്പിക്കുകയും പ്രമാണിത്തം നൽകുകയും ചെയ്തു. ഇവർ തമ്മിലുള്ള ചങ്ങാത്തത്തെ അവഗണിക്കാനാവാത്ത ഒന്നായും, തന്റെ അധികാരത്തിന് ഭീഷണിയായും, താൻ ആഗ്രഹിക്കുന്ന രീതിയിൽ പ്രസ്ഥാനത്തെ ചിട്ടപ്പെടുത്തുന്നതിന് തടസ്സമായും A കണ്ടു. റാവു അത്യാവേശത്തോടെ പ്രവർത്തിക്കുന്ന ശീലക്കാരനായിരുന്നു, അവർ രണ്ടുപേരും സഖ്യം ചേർന്നാലുണ്ടാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് A യ്ക്ക് ഭയമുണ്ടായിരുന്നു. ഈ രണ്ടുപേരും നീലുവിന്റെ യാഥാസ്ഥിതിക ഗുരുശിഷ്യബന്ധം എന്ന ആശയത്തെ എതിർക്കുന്നുവെന്നും, അവർ രണ്ടുപേരും ഒരുമിച്ച് നിൽക്കുന്നത് ഭീഷണിയാണെന്നും A ജർമ്മനിയിൽ വച്ച്, ഫ്രാങ്ക്ഫർട്ടിൽ നിന്ന് കോള്ൻ വരെയുള്ള നീണ്ട രാത്രികാല യാത്രയ്ക്കാടുവിൽ പറഞ്ഞതായി ഗെയിൽ ഓർക്കുന്നുണ്ട്. അതുകഴിഞ്ഞ് ഉടനെയാണ് A റാവുവിനെ സ്നേഹം കൊണ്ട് മൂടാൻ തുടങ്ങിയതും പൈയെ ആക്രമിച്ചു തുടങ്ങിയതും അവരുടെ സ്നേഹബന്ധത്തിന് വിള്ളൽ വീണു തുടങ്ങിയതും. എന്റെ അഭിപ്രായത്തിൽ A യുടെ രണ്ടാമത്തെ ഉദ്ദേശം അവരുടെ വംശീയവും

ഭാഷാപരവുമായ ഐക്യത്തെ തകർക്കുക എന്നതായിരുന്നു. ഒടുവിൽ പൈ പ്രസ്ഥാനം തന്നെ വിട്ടുപോയി. A യ്ക്ക് എല്ലാവരോടും ഒരുപോലെ സ്നേഹമാണെന്ന് എന്നോട് ദയവായി പറയരുത്, അത് മറ്റെവിടെയെങ്കിലും ഉണ്ടാവാം എന്നാൽ ഇവിടെ അങ്ങനെയല്ല.

> *എന്തുകൊണ്ടാണ് ഈ രണ്ട് ആളുകൾക്കും തങ്ങളുടെ വംശീയ പശ്ചാത്തലവുമായി ബന്ധം പുലർത്തേണ്ടിയിരുന്നതെന്ന് മനസ്സിലാക്കാൻ കൊങ്കിണികളുടെ ചരിത്രത്തിലേക്ക് ഒന്ന് നോക്കുന്നത് സഹായിക്കും. വടക്കെയിന്ത്യയിലെ വേദകാലഘട്ടത്തിലെ ആളുകളുടെ പിൻഗാമികളാണ് കൊങ്ങിണികൾ എന്ന് കരുതപ്പെടുന്നു. 2400 BCE ഗോവയിലെത്തിയതാണ് ഇവർ. പതിനാറാം നൂറ്റാണ്ടിലെ ദാരുണമായ പോർച്ചുഗീസ് അധിനിവേശകാലത്ത് അയൽസംസ്ഥാനങ്ങളിൽ, കേരളത്തിലുൾപ്പെടെ തങ്ങളുടെ ആചാരങ്ങളും ഭാഷയും ദൈവങ്ങളും സഹിതം കുടിയേറി അഭയം തേടിയവരാണിവർ. ഉയരം കൂടി വെളുത്ത ഇന്തോ-ഇറാനികളായ ഇവർ കറുത്തു കുറുകിയ മുക്കുവരിൽ നിന്ന് വളരെ വ്യത്യസ്തരായിരുന്നു. ഇവരും മുക്കുവരും സാമൂഹിക അളവുകോലനുസരിച്ച് രണ്ട് ധ്രുവങ്ങളിലായിരുന്നു.*

ആശ്രമത്തിലെ സ്വയം ശിക്ഷിക്കുന്ന അന്തരീക്ഷത്തിന്റെ മറ്റൊരുദാഹരണമായി പറയാവുന്നത്, ഒരിക്കൽ A രോഗബാധിതയായി ശയ്യാവലംബിയായിരുന്ന സമയത്ത് വിധിയെ സ്വാധീനിച്ച് അസുഖം ശമിപ്പിക്കാൻ എന്നപേരിൽ ഞാനൊരു തപം ചെയ്തു. അന്ന് രാവിലെ തെങ്ങുകൾക്ക് നടുവിൽ മണൽ നിറഞ്ഞ തെളിഞ്ഞ സ്ഥലത്ത്, പൊരിവെയിലിൽ, ഒന്നും കുടിക്കുകയോ കഴിക്കുകയോ ചെയ്യാതെ നിശ്ചലനായി A യ്ക്ക് സുഖമാകുന്നതുവരെ പത്മാസനത്തിലിരുന്നു. ഇത് മണിക്കൂറുകൾ നീണ്ടുനിന്നു, ഒടുവിൽ A കട്ടിലിൽ നിന്ന്

എഴുന്നേൽക്കുകയും തനിക്ക് ഭേദമായി എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഇത് തികച്ചും യാദൃശ്ചികമായിരുന്നിരിക്കാം, പക്ഷേ അന്നെനിക്ക് എന്റെ ഗുരുവിനെ സേവിക്കുന്നതിൽ ഭാഗമാകാൻ കഴിഞ്ഞു എന്നാണ് തോന്നിയത്.

കാലക്രമേണ പ്രസ്ഥാനത്തിന്റെ തീവ്രമായ രീതികളെ ഞാൻ എതിർത്തുവന്നു, എന്നാൽ ഞാൻ യൂറോപ്പിലായിരുന്നതിനാൽ എന്നെയത് നേരിട്ട് ബാധിച്ചില്ല. ഞാൻ ജ്ഞാനത്തിന്റെ കൈമാറ്റത്തിൽ വ്യാപൃതനായും തൃപ്തനായും ജീവിച്ചു, അത് A യുടെ പ്രചാരകനായി മാത്രമല്ല, എന്റെ സ്വന്തം നിലയിൽ സ്വതന്ത്രചിന്തകനായി ഭക്തർക്കും അല്ലാത്തവർക്കും ഒരു ആത്മീയ ജ്യേഷ്ഠനായി ജീവിച്ചു.

## <u>e. കുടുംബവും റിയൽ എസ്റ്റേറ്റും ചട്ടങ്ങളും</u>

സർവ്വശക്തിത്വം എന്ന മിഥ്യാധാരണയുടെ ഒരു പരിണിതഫലമാണ് താൻ ആരോടും ഒന്നും ബോധിപ്പിക്കേണ്ടതില്ല എന്ന ഭാവം. പേരും പ്രശസ്തിയും ഇത് കൂട്ടുകയേയുള്ളൂ. മത-ഉദ്യോഗസ്ഥവൃന്ദം തന്റെ ചൊൽപ്പടിക്ക് നിൽക്കുമ്പോൾ ഒന്നിനും തന്നെ തൊടാൻ കഴിയില്ല എന്ന ഭാവം അധികമാവും; പരമപവിത്രമായ സ്ഥാനമുള്ളതിനാൽ ഒന്നും തന്നെ ബാധിക്കുമെന്ന ഭയത്തിന് സ്ഥാനമില്ലാതെയാവും. A യും ഇതിൽ നിന്ന് വ്യത്യസ്തമായിരുന്നില്ല. വികസ്വര രാജ്യങ്ങളിൽ പൊതുവെ പണവും അധികാരവുമുള്ളവർ നിയമങ്ങളും ചട്ടങ്ങളും തങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ വളച്ചൊടിക്കാറാണ് പതിവ്. നാട്ടുനടപ്പുപോലെ A യും അതുതന്നെയാണ് ചെയ്യുന്നത്.

ഹഫ്ഫിങ്ട്ടൺ പോസ്റ്റിലെ (Huffington Post)[69] ഫെബ്രുവരി 2020 ലെ ഒരു ആർട്ടിക്കിളിൽ പ്രസ്ഥാനത്തിന്റെ കോസ്റ്റൽ റെഗുലേഷൻ സോൺ ലംഘനങ്ങളെക്കുറിച്ച്

വിശദീകരിക്കുന്നുണ്ട്. ഈ വിവരങ്ങൾ ഞെട്ടിക്കുന്നതാണ്. ഈ നിയമങ്ങൾ വേലിയേറ്റസമയത്തെ തീരത്തുനിന്ന് തുടങ്ങി 500 മീറ്റർ വിസ്തൃതിയിലുള്ള എല്ലാ സ്ഥലത്തും ബാധകമാണ്. താൻ പരിസ്ഥിതി നിയമങ്ങൾ എല്ലാം അറിയുകയും അനുസരിക്കുകയും ചെയ്യുന്നു എന്നവകാശപ്പെടുകയും തന്റെ ഭക്തർക്ക് പരിസ്ഥിതിയെ സംരക്ഷിക്കാനുള്ള സന്ദേശങ്ങൾ പഠിപ്പിക്കുകയും ചെയ്യുന്ന ആളാണ് A. എന്നാൽ *ആലപ്പാട് പഞ്ചായത്ത്* അധികാരികൾ പറയുന്നതിനനുസരിച്ച് അവർ എല്ലാ നിയമങ്ങളും ചട്ടങ്ങളും ലംഘിക്കുകയും താനൊരു സർവ്വ സ്വതന്ത്രമായ പ്രത്യേക രാജ്യത്താണ് ജീവിക്കുന്നത് എന്ന് ഭാവിക്കുകയും ചെയ്യുന്നു. പ്രസ്ഥാനം 508 ലംഘനങ്ങളിൽ കുറ്റവാളിയാണ്, കൂടാതെ എല്ലാ ചട്ടങ്ങളും ലംഘിച്ചുള്ള 83 വലിയതോതിലെ നിർമ്മാണങ്ങളും അവർ നടത്തിയിട്ടുണ്ട്. ഇതിൽ 10 നിർമ്മാണങ്ങളുടെ പ്ലാനുകൾ മാത്രമേ അധികൃതർക്ക് സമർപ്പിച്ചിരുന്നുള്ളൂ. ആ പ്ലാനുകൾ താത്ക്കാലികമായി, ഇനി ഒരു അറിയിപ്പ് ലഭിക്കും വരെ നടപ്പിലാക്കാൻ ഗ്രാമ കൗൺസിൽ അനുവാദവും കൊടുത്തിരുന്നു; പക്ഷേ ബാക്കി 73 എണ്ണത്തിന് യാതൊരുവിധ അനുമതിയും കൊടുത്തിരുന്നില്ല. 16 കിലോമീറ്റർ ദീർഘത്തിൽ കിടക്കുന്ന ആലപ്പാട് എന്ന അമൃതപുരി സ്ഥിതിചെയ്യുന്ന ഗ്രാമത്തിന്റെ വീതി 30 മുതൽ 500 മീറ്റർ വരെ മാത്രമാണ്. ചില കെട്ടിടങ്ങളും വേലിയേറ്റ സമയത്തെ ജലനിരപ്പും തമ്മിൽ കഷ്ടിച്ച് ഒരു മീറ്ററിന്റെ വ്യത്യാസമേ കാണാറുള്ളു. ഉദ്യോഗസ്ഥർ പറയുന്നത് അനുസരിച്ച് മഠം *"പരിസ്ഥിതി ലോല പ്രദേശമായ തീരദേശ മേഖലയിൽ നിയമവിരുദ്ധമായ നിർമ്മാണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിന് കുറ്റക്കാരാണ്"* എന്നുമാത്രമല്ല പലതവണ നൽകിയ നോട്ടീസുകളെല്ലാം അവഗണിക്കുകയും ചെയ്തു. *"മഠം ഞങ്ങളുടെ നോട്ടീസുകളെല്ലാം അവഗണിക്കുകയും, പരിസ്ഥിതി പ്രശ്നങ്ങളെയും തദ്ദേശിയരായ ജനതയുടെ നിലനിൽപ്പിന്റെ*

*പ്രശ്നങ്ങളെയും തൃണവൽഗണിക്കുകയും ചെയ്തു.*" ഇതുകൂടാതെ അവരുടെ ഉടമസ്ഥതയിൽ ഉള്ള സ്ഥലങ്ങളുടെ ആധാരങ്ങൾ ഹാജരാക്കുന്നതിലും അവർ പരാജയപ്പെട്ടു: "ആവർത്തിച്ചുള്ള നോട്ടീസുകൾക്ക് ശേഷവും മഠാധിപതികൾ സ്ഥലം സംബന്ധിച്ച പ്രമാണങ്ങളും, കെട്ടിടങ്ങളുടെ പ്ലാനുകളും ഹാജരാക്കി നിർമാണപ്രവർത്തനം നിയമവിധേയമാണെന്ന് സ്ഥാപിക്കുന്നതിൽ പരാജയപ്പെട്ടു." ഉദ്യോഗസ്ഥർ പറഞ്ഞതനുസരിച്ച് "*ആധാരങ്ങൾ 2004 ലെ സുനാമിയിൽ നഷ്ടപ്പെട്ടുപോയി എന്ന വാക്കാലുള്ള വിശദീകരണം മാത്രമാണ് മഠം നൽകിയത്. പക്ഷേ സുനാമിയിൽ മഠത്തിന് വളരെ ചെറിയ കേടുപാടുകളെ സംഭവിച്ചിരുന്നുള്ളൂ. കൂടാതെ സുനാമിയിൽ നഷ്ടപ്പെട്ട രേഖകൾ പുതുക്കി നൽകാനായി ഗവൺമെന്റ് ഒരുക്കിയ സൗകര്യങ്ങളൊന്നും അവർ ഉപയോഗപ്പെടുത്തിയുമില്ല.*" പ്രോപ്പർട്ടി ടാക്സ് അടയ്ക്കുന്നതിൽ നിന്നുകൂടി ആശ്രമം സ്വയം ഒഴിവായതായി കരുതണം, കോടിക്കണക്കിന് രൂപയുടെ കുടിശ്ശികയാണ് ഈ ഇനത്തിൽ അവർ അടയ്ക്കാനുള്ളത്[70]. ഇതൊന്നും കൂടാതെ പ്രസ്ഥാനത്തിന് 162 ഹെക്ടറിൽ ഏറെ ഭൂസ്വത്ത് കൈവശമുണ്ട്, കേരളത്തിലെ നിയമപ്രകാരം ഒരു സംഘടനയ്ക്ക് കൈവശം വയ്ക്കുന്ന ഭൂമി 6 ഹെക്ടറാണ്. A യുടെ മൂത്ത സഹോദരിയുടെ കൈവശം പോലും 10 ഹെക്ടറിൽ കൂടുതൽ ഭൂമിയുണ്ട് (ഒരു ഹെക്ടർ എന്നത് ഏകദേശം രണ്ടര ഏക്കറോളം വരും).

ഇനിയുമുണ്ട്, പരിസരവാസികളായ മുക്കുവർക്ക് ആശ്രമത്തിന്റെ ഈ നിയമ ലംഘനങ്ങളും പരിസ്ഥിതി നിയമങ്ങളോടുള്ള അവഗണനയും വിവേചനപരമായി തോന്നി. ഈ നിയമലംഘനങ്ങൾ കടലിലെ മണ്ണൊലിപ്പ് ക്രമാതീതമായി കൂടുന്നതിന് ഒരു കാരണമാണ്. അതിന്റെ ഫലമായി കഴിഞ്ഞ 20 വർഷത്തിനുള്ളിൽ 8000 ഹെക്ടറിലധികം കരഭൂമി കടലെടുത്തു പോവുകയും

ചെയ്തു. ധാരാളം ആളുകൾക്ക് ഇതുകാരണം അവരുടെ വീട് ഉപേക്ഷിച്ച് മറ്റിടങ്ങളിലേക്ക് മാറേണ്ടിവന്നു.

ആശ്രമത്തിന്റെ കൊച്ചിയിലെ ഭൂസ്വത്തുക്കളുടെ സ്ഥിതിയും മറ്റൊന്നല്ല, അവിടെ അനധികൃതമായി നിർമ്മിച്ച 76 കെട്ടിടങ്ങളാണ് ഇടിച്ചുനിരത്താനുള്ളത്. തദ്ദേശത്തെ അധികാര സ്ഥാപനങ്ങൾ ഇതിനായി സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ട്. ഇതിൽ കൂടുതൽ വിവരങ്ങൾ എന്റെ പക്കലില്ല, എങ്കിലും ആയിരക്കണക്കിന് സ്ഥിരം താമസക്കാരും അത്രയുംതന്നെ സന്ദർശകരുമുള്ള ഈ കെട്ടിടങ്ങളിലെയെല്ലാം മലിനജലം നേരിട്ട് കായലിലേക്ക് തള്ളുകയാണ് അവർ ചെയ്യുന്നത്. ഇത് തദ്ദേശവാസികൾക്ക് വലിയ ബുദ്ധിമുട്ടും പരിസ്ഥിതിക്ക് ഭീഷണിയും ഉണ്ടാക്കുന്നുണ്ട്. ആ ആർട്ടിക്കിളിൽ പറയുന്നതനുസരിച്ച് A, 200 കോടി രൂപ 2015 ലെ തന്റെ പിറന്നാൾദിനത്തിൽ ഗംഗാനദി ശുചീകരിക്കുന്നതിനായി സംഭാവന ചെയ്തു, എന്നാൽ അവർക്ക് സ്വന്തം ആശ്രമത്തിലെ മലിനജല പ്രശ്നത്തിന്[71] പരിഹാരം ഉണ്ടാക്കാനായി പണം മുടക്കാനായില്ല. ഇതേകാര്യം തന്നെ അവർ തൊട്ടടുത്തുള്ള അവരുടെ എഞ്ചിനീയറിങ് കോളേജിന്റെ കാര്യത്തിലും ആവർത്തിച്ചു. തദ്ദേശവാസികൾ ഇതിനെതിരെ ധർണ്ണകളും നിരാഹാരസത്യാഗ്രഹവും നടത്തി. എന്നാൽ ഈ വാർത്ത മുഖ്യധാരാ മീഡിയകളിലൊന്നും വന്നില്ല, അവർ ആശ്രമം നൽകുന്ന ഭീമമായ പരസ്യ വരുമാനത്താൽ ആശ്രമത്തോട് കടപ്പാടുള്ളവരായിരുന്നു, പോരാത്തതിന് പരസ്യങ്ങൾ നിർത്തലാക്കുമെന്ന ഭീഷണിയും[72]. A യുടെ പുറമേയുള്ള പ്രതിച്ഛായയും അവരുടെ സംഘടനയുടെ യഥാർത്ഥ പ്രവർത്തികളും തമ്മിൽ യാതൊരു ബന്ധവുമില്ല എന്നതിന് മറ്റൊരു തെളിവുകൂടിയാണിത്.

ഒരു മുൻഭക്തൻ/ഭക്ത ഇത്തരം ചർച്ചകൾക്കായുള്ള ഒരു ഫോറത്തിൽ[73] (ഇപ്പോൾ നിർത്തലാക്കിയ) എഴുതിയത്

ഇങ്ങനെയാണ്, *“അമ്മയുടെ കുടുംബത്തിന്റെ അവിശ്വസനീയമായ സമ്പത്ത് എല്ലാവർക്കും അറിയുന്നതുപോലെ ഞാനും അറിയാനിടയായി. വളരെ വിശ്വസ്തതയുള്ള ഒരു ആശ്രമവാസി പറഞ്ഞതനുസരിച്ച് അമ്മയുടെ സഹോദരനാണ് കേരളത്തിലെ, ഏറ്റവും വലിയ ഭൂവുടമ. ഒരു പബ്ലിഷിംഗ് കമ്പനിയുടെ ഉടമകളായ ദമ്പതികളെ ഞാൻ കാണാനിടയായി, അവർ ഒരു വീട് വാങ്ങാനായി ഇയാളുടെ ഉടമസ്ഥതയിലുള്ള ചില വീടുകൾ നോക്കാൻ പോവുകയായിരുന്നു. അവരും ഇതുതന്നെയാണ് പറഞ്ഞത്. കായലിന്റെ കരയിലൂടെ നടന്നപ്പോൾ അമ്മയുടെ സഹോദരിയുടെ വീട് നേരിട്ട് എന്റെ കണ്ണുകൾ കൊണ്ട് കണ്ടു, അതൊരു വീടായേ എനിക്ക് തോന്നിയില്ല, ഒരു അമ്പലമാണ് എന്നാണ് ഞാൻ കരുതിയത്. അത് വളരെ വലുതും ഭംഗിയുള്ളതും അമ്മയുടെ ചിത്രങ്ങൾ നിറഞ്ഞതുമായിരുന്നു. ഞാൻ അകത്തേക്ക് നോക്കിയപ്പോൾ “അമ്മയുടെ സഹോദരിയുടെ വീടാണിത്” എന്ന് അവിടെയുള്ള ഒരു സ്ത്രീ പറഞ്ഞു”.*

ഗെയിൽ അവരുടെ പുസ്തകത്തിൽ പലയിടത്തും സ്വർണ്ണവും പണവും നിറഞ്ഞ ഐസ്പെട്ടിയെ കുറിച്ച് പറയുന്നുണ്ട്. ഈ ഐസ്പെട്ടി ഏറ്റവും യോജിച്ച ഒരു മറയായിരുന്നു, എന്നും അത് അവരുടെ അച്ഛനമ്മമാരുടെ വീട്ടിൽ നിന്നും ആശ്രമത്തിലേക്കും തിരിച്ചും സഞ്ചരിച്ചു. A യ്ക്ക് വേണ്ടിയുള്ള മത്സ്യവിഭവങ്ങൾ എത്തിക്കുന്നതിനായിരുന്നു ഇത്. A യുടെ വീട്ടുകാരുടെ റിയൽ എസ്റ്റേറ്റ് സ്വത്തുവിവരങ്ങളെക്കുറിച്ചും, അവ എങ്ങനെ സമ്പാദിച്ചു എന്നതിനെക്കുറിച്ചുമുള്ള വെളിപ്പെടുത്തലുകൾക്കായി ഞാൻ കാത്തിരിക്കുകയാണ്. അത് കണ്ടുപിടിക്കാൻ അത്ര വിഷമമൊന്നുമില്ലെങ്കിലും ഇതുവരെയും അതന്വേഷിക്കാൻ ആരും ധൈര്യപ്പെട്ടില്ല. ആരെങ്കിലും തയ്യാറാകുമോ എന്ന് കാത്തിരുന്ന് കാണാം.

A തന്റെ സഹോദരന്മാർക്ക് പലതരം ബിസിനസുകൾ തുടങ്ങുവാനും നടത്തുവാനുമുള്ള അനുമതി നൽകിയിരുന്നു. സുരേഷ് കുമാർ എന്ന കടുപ്പക്കാരനും ദേഷ്യക്കാരനുമായ സഹോദരൻ, വിവാഹം ചെയ്തിരിക്കുന്നത് ഗീത എന്ന ഒരു ധനികനായ കോൺട്രാക്ടറുടെ മകളെയാണ്, ഇയാൾ A യുടെ ആദ്യ ലോകപര്യടനത്തിൽ ഒപ്പം ചെന്നിരുന്നു. സംശയാലുക്കളായ നാട്ടുകാർക്കുള്ള സദാചാര ഗ്യാരണ്ടിയായിരുന്നു അയാൾ. 2011 ൽ കൊച്ചിയിൽ 600,000 രൂപയ്ക്ക് മൂലധനത്തിൽ സ്ഥാപിതമായ ട്രാവൽ കമ്പനിയായ "അമൃത ഹോളിഡേയ്സ് പ്രൈവറ്റ് ലിമിറ്റഡ്"[74] [75] പോലെയുള്ള ഏതാനും കമ്പനികളുടെ ഡയറക്ടറാണ് സുരേഷ്. അതിന്റെ ആസ്ഥാനം കൊച്ചിയിലെ അമൃത വിദ്യാലയത്തിന്റെ (സെക്കൻഡറി സ്കൂൾ) വിലാസത്തിലായിരുന്നു. 2019-ൽ ഈ ഏജൻസി അപ്രത്യക്ഷമായതായി കാണുന്നു. 2018 മുതൽ ഒരു ഐടി കമ്പനിയായ ലെനിക്കോ[76] സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ കൂടി ഡയറക്ടറാണ് അയാൾ, 2014 ൽ കൊച്ചിയിൽ 2.25 ദശലക്ഷം രൂപ മൂലധനത്തിലാണ് ഈ കമ്പനി തുടങ്ങിയത്. ഇതൊരു സോഫ്റ്റ്വെയർ പബ്ലിഷിംഗ് ആൻഡ് കൺസൾട്ടിംഗ് കമ്പനിയാണ്,[77] അമൃതപുരി ക്യാമ്പസിന് അടുത്തുള്ള ഒരു റസ്റ്റോറന്റും ഇയാളുടെ ഉടമസ്ഥതയിലാണ്.

2007 ൽ സംഘടനയ്ക്കുവേണ്ടി എഴുതിയ ഒരാളുടെ അഭിപ്രായത്തിൽ, "*ഒരു സഹോദരൻ ബിൽഡിങ് കോൺട്രാക്ടറാണ്*" *അതുകൂടാതെ അയാൾക്ക്* "*ഏതോ ചോക്ലേറ്റ് ഏജൻസിയുമുണ്ട്*". *അവരുടെ മറ്റൊരു സഹോദരന്* "*പണം കടം കൊടുക്കുന്ന ബിസിനസ്സാണ്. ഭക്തർ സഹോദരന്മാരെ സഹായിക്കുന്നുണ്ട് എന്നവർ പറഞ്ഞു*".[78] ആദ്യം പറഞ്ഞിരിക്കുന്നത് സുരേഷിനെ കുറിച്ചായിരിക്കാം കാരണം അയാളുടെ ഭാര്യയുടെ അച്ഛൻ ബിൽഡിങ് കോൺട്രാക്ടറാണ്. സാധാരണഗതിയിൽ പലിശക്കാരെ നിന്ദ്യരായും, ഏറി

വരുന്ന കർഷക ആത്മഹത്യകളുടെ കൂട്ടുത്തരവാദികളായുമാണ് ഇന്ത്യൻ സമൂഹം കാണുന്നത്. കടക്കെണിയിലായ കർഷകരെ സഹായിക്കുന്ന ഒരു പ്രോഗ്രാമിലേക്ക് A 188 കോടി സംഭാവനയും കൊടുത്തിട്ടുണ്ട്[79] [80], എന്നാൽ സ്വന്തം സഹോദരൻ ഈ ദുരന്തത്തിന്റെ കാരണക്കാരനാവുന്നത് എന്തുകൊണ്ടോ അവർ തടഞ്ഞില്ല.

എല്ലാവർക്കും ജോലി ചെയ്ത് ജീവിക്കാനുള്ള അവകാശമുണ്ട്. അധികാരത്തിന്റെയും പ്രത്യേക ആനുകൂല്യങ്ങളുടെയും പ്രശ്നമെന്തെന്നാൽ അത് ആരോഗ്യകരമായ മത്സരത്തെ ഇല്ലാതാക്കുകയും മുടക്കുമുതലിനായി വായ്പയെടുക്കേണ്ടതായും അത് പലിശ ചേർത്ത് തിരിച്ചെടുക്കേണ്ടതായും വരുന്ന തദ്ദേശവാസികൾ ബിസിനസുകളിൽ നിന്ന് പുറന്തള്ളപ്പെടുകയും ചെയ്യും. A യുടെ കുടുംബാംഗങ്ങൾക്ക് ഇതിന്റെയൊന്നും ആവശ്യം വരുന്നില്ല. കരുണയും സഹാനുഭൂതിയും തുളുമ്പിനിൽക്കുന്ന, ഏറ്റവും പാവപ്പെട്ടവരെ സഹായിക്കുമെന്ന് പറയപ്പെടുന്ന ഒരാൾ അതേ ആളുകൾക്ക് ഹാനി വരത്തക്കവണ്ണം സ്വന്തം കുടുംബത്തെ സഹായിക്കുമോ? എവിടെയാണ് അവരുടെ കൂറ് എന്നനുസരിച്ചിരിക്കും അതിനുത്തരം. പൊതുവായുള്ള ഗുണത്തിനുവേണ്ടി ചെയ്യുന്ന ചേതമില്ലാത്ത ഉപകാരം എന്ന നിലയ്ക്കുപോലും തന്റെ പ്രശസ്തി കൊണ്ട് മറ്റുള്ളവർ പണമുണ്ടാക്കുന്നത് A യ്ക്ക് രസിക്കാത്ത കാര്യമാണെന്ന് എനിക്കും ഗെയിലിനും നന്നായി അറിയാം. ബഹുരാഷ്ട്ര കമ്പനികളും വലിയ ബ്രാൻഡുകളും ചെറുകിട പ്രാദേശിക കച്ചവടങ്ങളെ തകർക്കുന്നതുപോലെ തന്നെയാണിത്. കുറച്ചുകാലം മുമ്പുവരെ സന്ദർശകരെയും അന്തേവാസികളെയും ചുറ്റുവട്ടത്തുള്ള സ്റ്റാളുകളിൽ നിന്ന് ഭക്ഷണം കഴിക്കുന്നതിൽ നിന്നും ഗ്രാമത്തിലെ കടകളിൽനിന്ന് സാധനങ്ങൾ വാങ്ങുന്നതിൽ നിന്നും അവർ ശക്തിയായി

നിരുത്സാഹപ്പെടുത്തിയിരുന്നു. ആശ്രമത്തിന്റെ സ്റ്റാളുകളിൽ നിന്നുതന്നെ ഭക്ഷണവും സ്റ്റോറുകളിൽ നിന്നും സാധനങ്ങളും വാങ്ങണമായിരുന്നു. കുറച്ചു വർഷങ്ങൾക്കുമുമ്പ് ചില സന്ദർശകരുടെ അഭിപ്രായത്തിൽ ആശ്രമം ദാരിദ്ര്യത്താൽ ചുറ്റപ്പെട്ട ഒരു ആഡംബര സ്ഥലമായി തോന്നിച്ചിരുന്നു. ഇന്ത്യക്കാരും വിദേശീയരുമായ ധാരാളം സന്ദർശകരും അതിനൊപ്പമുള്ള വരുമാന സ്രോതസ്സും കാരണം ആ പ്രദേശം ആകെ വികസിക്കേണ്ടതായിരുന്നു. ഇപ്പോൾ സ്ഥിതി വ്യത്യസ്തമാണോ എന്നെനിക്കറിയില്ല.

A യ്ക്ക് മൂന്ന് സഹോദരന്മാരും മൂന്ന് സഹോദരിമാരും ഉണ്ട്. സുരേഷ് കുമാർ, സതീഷ് കുമാർ, സുധീർ കുമാർ എന്നിങ്ങനെ സഹോദരന്മാരും, കസ്തൂരി, സുഗുണമ്മ, സജിനി എന്നിങ്ങനെ മൂന്നു സഹോദരിമാരും. ഇവരിൽ മൂത്ത രണ്ടു പേരായ സുരേഷ്കുമാറിനും കസ്തൂരിക്കും മാത്രമാണ് മാന്യമായ വിദ്യാഭ്യാസം ലഭിച്ചത്.

സുധീർ കല്യാണം കഴിഞ്ഞയുടനെ പുഴയ്ക്കക്കരെ വീട് പണിതപ്പോൾ, ഈ ഭീമാകാരമായ ഇരുനില വീട് കണ്ട പ്രദേശവാസികളും ഭക്തരും ഇതിനുള്ള പണം എവിടെ നിന്ന് വന്നുവെന്ന് ആശ്ചര്യപ്പെട്ടു. ഈ സ്ഥിരമായ ചോദ്യം ചെയ്യൽ വർദ്ധിച്ചുവന്നപ്പോൾ A ആശ്രമത്തിലെ എല്ലാവരെയും ഹാളിലേക്ക് വിളിച്ചുവരുത്തി, 002 നോട് തന്റെ പിതാവിന്റെ മത്സ്യബന്ധനത്തൊഴിലിൽ[81] നിന്നാണ് വീടുവയ്ക്കാനുള്ള പണം ലഭിച്ചതെന്ന് വിശദീകരിക്കുന്ന രീതിയിൽ ഒരു പൊതുപ്രസംഗം നടത്താൻ ആവശ്യപ്പെട്ടു. അയാൾക്ക് മീൻപിടിത്തം കൊണ്ട് ഉപജീവനം നടത്താനാവുന്നില്ലെന്ന് അവർ തന്നെ പലതവണ പറഞ്ഞിരുന്നു. എന്നാൽ ഒരു നുണ കൂടി പറയുന്നതുകൊണ്ട് എന്തു വ്യത്യാസമാണ് വരുന്നത്? താമസിയാതെ സുധീർ, ജ്വല്ലറി ബിസിനസ് ആരംഭിച്ചു, A യ്ക്ക് ചാരിറ്റിയുടെ പേരിൽ സ്വർണാഭരണങ്ങൾ ദാനമായി നൽകിയ ഭക്തരോടാണ് അതിന് നന്ദി പറയേണ്ടത്. അതിൽ കണ്ണീരോടെ മാതാപിതാക്കൾ അർപ്പിച്ച

അവരുടെ ജീവിച്ചിരിപ്പില്ലാത്ത മകളുടെ ധാരാളമായ സ്വർണ്ണമോ, വിവാഹിതരായ ദമ്പതികൾ ആശ്രമത്തിൽ ചേരുമ്പോൾ സന്തോഷത്തോടെ അർപ്പിച്ച കുടുംബപരമായി കൈമാറി വന്ന സ്വർണ്ണമോ, അല്ലെങ്കിൽ ദർശന സമയത്ത് ഭണ്ഡാരപ്പെട്ടിയിൽ ഇട്ട ഒരു ചെറിയ സ്വർണ്ണ മോതിരമോ ഉണ്ടാവാം. കൊല്ലത്തു തന്നെയുള്ള ഭക്തരായ ഒരു തട്ടാൻ കുടുംബം ഇവയെല്ലാം ഉരുക്കി സുധീറിന്റെ സ്വർണ്ണക്കടയിലേക്ക് വേണ്ടുന്ന സ്വർണാഭരണങ്ങൾ ഉണ്ടാക്കി.

A കുടുംബത്തെ സഹായിക്കുന്നത് സഹോദരങ്ങളിൽ മാത്രം ഒതുങ്ങി നിന്നില്ല. കസ്തൂരിയുടെ മകൻ ശിവ അമൃത സർവ്വകലാശാലയിൽ സൗജന്യ പരിശീലനം നേടുകയും ഡോക്ടറാവുകയും ചെയ്തു. ഈ എംബിബിഎസ് പരിശീലനത്തിന് 4, 5 വർഷങ്ങളിലായി ഏകദേശം 10 ദശലക്ഷം രൂപ (ഒരു കോടി) ചെലവാകും, അനുബന്ധ ചെലവുകളും താമസവും ഭക്ഷണവും ചേർത്ത്[82], അതിനു വേണ്ട പണത്തിനുവേണ്ടി അവർ ഭക്തരിൽ നിന്നുള്ള സംഭാവനകൾ ഉപയോഗിച്ചോ അതൊ അനന്തിരവന് സീറ്റ് നൽകുന്നതിനുവേണ്ടി ഒരു സീറ്റിന്റെ പണം നഷ്ടപ്പെടുത്താൻ തീരുമാനിച്ചോ, എന്ന കാര്യം അറിയില്ല. അതുപോലെ സുഗുണമ്മയുടെ മകൾ, അവളുടെ കല്യാണദിവസം രാവിലെ, ദർശനത്തിനായി സ്റ്റെപ്പ് കയറുമ്പോൾ, അത്രയധികം സ്വർണ്ണം ദേഹത്ത് അണിഞ്ഞിരുന്നതിനാൽ, സ്വർണ്ണത്തിന്റെ ഭാരം കാരണം അവൾക്ക് നടക്കാൻ ബുദ്ധിമുട്ടുണ്ടാവുമെന്ന് പലരും സ്നേഹപൂർവ്വം തമാശ പറഞ്ഞു.

ഇങ്ങനെയൊക്കെയാണ് A അവരുടെ കുടുംബം നിശബ്ദത പാലിക്കുമെന്ന് ഉറപ്പുവരുത്തിയത്. അവർ ആരാണെന്ന് നന്നായി അറിയുകയും അവരുടെ എല്ലാ രഹസ്യങ്ങളും സൂക്ഷിക്കുകയും ചെയ്യുന്നവരാണ് A യുടെ കുടുംബം. ഒരിക്കൽ A യും അവരുടെ സഹോദരീ ഭർത്താക്കന്മാരിൽ ഒരാളും തമ്മിലുള്ള വാക്കേറ്റം ഗെയിൽ

കേൾക്കാനിടയായി (എനിക്ക് ഇയാളുടെ പേരറിയാം). A ഒരിക്കൽ അയാളെ താഴ്ത്തിക്കെട്ടി സംസാരിച്ചപ്പോൾ ക്ഷുഭിതനായ അയാൾ, പുറത്തറിഞ്ഞാൽ അവർക്ക് വലിയ ദോഷമുണ്ടാക്കാനാവുന്ന കാര്യങ്ങൾ തനിക്കറിയാമെന്നും അതിനാൽ സ്വരം കടുപ്പിക്കുന്നത് സൂക്ഷിച്ചുവേണം എന്നും A യെ ഓർമ്മിപ്പിച്ചു. അവർ ഉടൻതന്നെ ആ ചർച്ച അവിടെ അവസാനിപ്പിച്ചു. തന്റെ സഹോദരിയെ രക്ഷിക്കാനായി A പലപ്പോഴും പറയാറുള്ള ഒരു കാര്യം അവർക്ക് ഒരു ബാങ്ക് അക്കൗണ്ട് പോലുമില്ല എന്നതാണ്. ഈ കഥയെക്കുറിച്ച് ഞാൻ ഗെയിലിനോട് സംസാരിച്ചപ്പോൾ അവരത് ചിരിച്ച് തള്ളി. ബാങ്ക് അക്കൗണ്ട് ഇല്ലാതെ അവർ ജീവിക്കുന്ന രീതി കണ്ടാൽ കസ്തൂരിക്ക് വീടിനുള്ളിൽ എവിടെയോ തന്റെ സഹോദരി നൽകുന്ന കെട്ടുകണക്കിന് വരുന്ന ഡിക്ലയർ ചെയ്യാത്ത പണം സൂക്ഷിക്കാനുള്ള സേഫുണ്ടാവുമെന്ന് തീർച്ചയാണ്. എന്നിരുന്നാലും, ഇത്തരം സംഭവങ്ങളും കുടുംബത്തെ പ്രീണിപ്പിക്കുന്ന രീതികളും, കുടുംബത്തിന് ലഭിക്കുന്ന ധനത്തിന്റെ ഉറവിടത്തെക്കുറിച്ചുള്ള ചോദ്യങ്ങളുയർത്തുക മാത്രമല്ല, കുടുംബകാര്യങ്ങൾക്കായി ആത്മീയ പ്രശസ്തി ഉപയോഗിക്കുന്നതിലെ വലിയ ധാർമ്മികപ്രശ്നം കൂടി ഉയർത്തിക്കാട്ടുന്നു. കുടുംബത്തെ അവിഹിതമായി സഹായിക്കുക എന്ന ഇപ്പോഴും വ്യക്തതയില്ലാത്ത ഈ വിഷയം കൂടി ചേർത്താൽ, ഭൂമി തട്ടിപ്പ്, നിയമപരമല്ലാത്ത റിയൽ എസ്റ്റേറ്റ് സമ്പ്രദായങ്ങൾ, നികുതി വെട്ടിപ്പ്, പരിസ്ഥിതി നിയമങ്ങളോടും പ്രാദേശിക അധികാരികളോടും തദ്ദേശവാസികളോടുമുള്ള അവഗണന, ഇങ്ങനെ ചോദ്യം ചെയ്യേണ്ട അനവധി മനോഭാവങ്ങളും പ്രവർത്തികളും ഉണ്ടായിട്ടുണ്ട്. ആശ്രമത്തിന്റെ ഔദ്യോഗിക മൂല്യങ്ങളുടെയും സന്ദേശങ്ങളുടെയും പശ്ചാത്തലത്തിൽ നോക്കിയാൽ ഈ പ്രവർത്തികളിലെ കാപട്യം അധികരിക്കുകയാണ് ചെയ്യുന്നത്.

## f. അനുഭവസാക്ഷ്യങ്ങൾ

സാക്ഷ്യങ്ങൾ എഴുതാൻ കഴിയുന്ന ആളുകൾക്കിടയിലെ ഒരു ചെറിയ ശതമാനത്തിന്റേത് മാത്രമാണ് ഞാനിവിടെ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പുസ്തകം ഇത്രയും വായിച്ചതിൽ നിന്ന് നിങ്ങൾക്ക് മനസ്സിലാക്കാം, പ്രസ്ഥാനം വിട്ടുപോയിട്ടുള്ള ആളുകളിൽ എല്ലാവരും തന്നെ പൂർവകാലത്തെക്കുറിച്ച് മൗനം പാലിക്കാനും അവരവരുടെ ജീവിതവുമായി മുന്നോട്ടുപോകാനുമാണ് ആഗ്രഹിക്കുന്നത്. അനുഭവങ്ങൾ തുറന്നെഴുതാൻ ധൈര്യമുള്ളവരും അജ്ഞാതരായി എഴുതാനാണ് ആഗ്രഹിക്കുന്നത്; തിരിച്ചടികളും ഉപദ്രവവും അപകീർത്തിപ്പെടുത്തലും അക്ഷരാർത്ഥത്തിലുള്ള വ്യക്തിഹത്യയും ഭയന്നാണ്.

## ആത്മാർത്ഥതയും ഭീകരതയും

അജ്ഞാതമായി ഇരിക്കാൻ ആഗ്രഹിക്കുന്ന, ആശ്രമത്തിൽ നിന്നും വിട്ടുപോയ ഒരു ഇന്ത്യൻ ഭക്തൻ/ഭക്ത ഒരു ചർച്ചാ ഗ്രൂപ്പിൽ A യുടെ പ്രവർത്തന രീതികളെക്കുറിച്ചും കഴിവുകളെക്കുറിച്ചും[83] എഴുതിയിരിക്കുന്നു. ആ വ്യക്തി ചെറുപ്പകാലത്ത് ഒരുപാട് കാലം ആശ്രമത്തിൽ ജീവിച്ചതാണ് അതിനാൽ തന്നെ താൻ എന്താണ് പറയുന്നതെന്ന് അയാൾക്ക്/അവർക്ക് വ്യക്തമായി അറിയാം.

*(...) ഒരു വ്യക്തി അവരെ കാണാൻ ദർശനത്തിനായി ഒരു പ്രശ്നവുമായി/ചോദ്യവുമായി വരുമ്പോൾ അവർ അങ്ങേയറ്റം സ്നേഹത്തോടും അനുകമ്പയോടും ആ വ്യക്തിയോട് പെരുമാറും, നിങ്ങളെക്കൊണ്ട് അവരുടെ സ്ഥാപനത്തിന് (കുത്തുക കമ്പനിക്ക്) പ്രയോജനമുണ്ടെങ്കിൽ സ്നേഹത്തിന്റെ അളവ് ഒന്നുകൂടി*

അധികമാകുകയും, നിങ്ങളുടെ പ്രശ്നങ്ങൾക്ക് വളരെയധികം ശ്രദ്ധ നൽകുകയും ചെയ്യും; തന്നിൽ വിശ്വാസം ജനിപ്പിക്കുക എന്ന ഉദ്ദേശത്തോടെയാണ് ഇതെല്ലാം. അവർ അവിശ്വസനീയമായ ബുദ്ധിശക്തിയും കഴിവും ക്ഷമയോടെ എന്തും നടത്തിയെടുക്കാൻ പ്രാപ്തിയുള്ളവരും ആണ്. അവരിൽ വിശ്വാസം ജനിച്ചു കഴിഞ്ഞാൽ പിന്നെ നിങ്ങൾ വിശ്വാസത്തിന്റെയും ഭക്തിയുടെയും അത്ഭുത ലോകത്താണ്. ദൈവീകമായതെന്ന് കരുതുന്ന ഒരു ശക്തിയുമായുള്ള ബന്ധത്തിന്റെ പേരിൽ വ്യാജമായ ഒരു സുരക്ഷിതത്വവും ശ്രേഷ്ഠമായ ഒരു കീഴടങ്ങലും സമർപ്പണവും നിങ്ങൾ നടത്തും. ഇവിടം മുതൽ വിവേകപൂർവം ചിന്തിക്കാനുള്ള നിങ്ങളുടെ എല്ലാ കഴിവും നഷ്ടപ്പെടും. നിങ്ങളുടെ ജീവിതത്തിൽ സംഭവിക്കുന്ന ചില നല്ല കാര്യങ്ങളും ആകസ്മികതകളും നിങ്ങൾ അവരിൽ ആരോപിക്കും. അതുപോലെതന്നെ നിർഭാഗ്യകരമായ കാര്യങ്ങൾ മേലിൽ അവരുടെ വാക്കനുസരിച്ച് ജീവിക്കാനുള്ള താക്കീതുകളായി എടുക്കും. നിഷ്കാമ കർമ്മം എന്ന ആദർശം ആദരവും അത്ഭുതവും ഉളവാക്കും. ഭക്തി അന്ധമായി കഴിഞ്ഞാൽ പിന്നെ അവരോടുള്ള ഭക്തിയെ നിങ്ങൾ കൂടുതൽ കൂടുതൽ ആശ്രയിക്കും. നിങ്ങളുടെ ബുദ്ധികൊണ്ട് അവരുടെ സന്ദേശങ്ങളെ മനസ്സിലാക്കുകയും ലോകത്തെയും ജീവിതത്തെയും ഒരു പ്രത്യേക രീതിയിൽ കാണുകയും ഭക്തരുടെ സമൂഹത്തിൽ കൂടുതൽ സ്വസ്ഥരാവുകയും ചെയ്യും. ഈ പാത ദുർഘടമോ ക്ലേശകരമോ ആണെന്ന് കരുതരുത്. പ്രത്യേകിച്ച് ആദ്യകാലത്ത് ഇത് നിങ്ങൾക്ക് അത്യധികം സന്തോഷം തരും. പൊതുവെ ഒരു അന്തേവാസിയുടെ അനുഭവം ഇങ്ങനെയായിരിക്കും. ഇതിൽ വ്യത്യാസങ്ങളും പ്രത്യേകതകളും ഉണ്ടാവാം. നിങ്ങൾ പുതിയ ജീവിതവുമായി പൊരുത്തപ്പെടുകയും ചെയ്യും. ഒരുപാട് വർഷങ്ങൾക്കും അനുഭവങ്ങൾക്കും ശേഷം ഈ ജീവിതം നിരർത്ഥകമാണെന്ന് തോന്നി അവിടം വിടാൻ നിങ്ങൾ തീരുമാനിച്ചെന്നിരിക്കും. എല്ലാവർക്കും ഇത്

സംഭവിക്കില്ല, പലരും ആശയക്കുഴപ്പത്തിലായിരിക്കും. ഏതായാലും പിരിഞ്ഞുപോകുന്ന ആളുകളുടെ എണ്ണം കൂടുന്നുണ്ട്.

നിങ്ങൾ പിരിഞ്ഞുപോവാനുള്ള താൽപ്പര്യം പ്രകടിപ്പിക്കുമ്പോഴാണ് രസകരമായ ഭാഗം തുടങ്ങുന്നത്. ആദ്യം അവർ നിങ്ങൾ പ്രസ്ഥാനത്തിൽ തുടരുന്നതിനായി സ്നേഹപൂർവ്വം നിർബന്ധിക്കും. അത് നിങ്ങളുടെ അർപ്പണമനോഭാവവും അവരിലുള്ള വിശ്വാസവും അനുസരിച്ചിരിക്കും. നിങ്ങൾക്ക് അവരിലുള്ള വിശ്വാസം നഷ്ടപ്പെട്ടെന്നോ നഷ്ടപ്പെടാൻ തുടങ്ങിയെന്നോ അവർക്ക് മനസ്സിലായാൽ, അവരുടെ കഠോരമായ മറ്റേ മുഖം നിങ്ങൾക്ക് കാണാനാവും. അടുത്തത് നിങ്ങളുടെ വ്യക്തിഹത്യയാണ്, നിങ്ങളുടെ സ്വരത്തിനോ യുക്തിക്കോ അവിടെ യാതൊരു വിലയും ഉണ്ടാവരുത് എന്ന ഉദ്ദേശത്തോടെയാണിത്. നിങ്ങളുടെ ആശ്രമത്തിനുള്ളിലെ ജീവിതം വളരെ ബുദ്ധിമുട്ടുള്ളതാക്കി മാറ്റാൻ അവർ പ്രത്യേകം ശ്രദ്ധിക്കും; വളരെ തന്ത്രപൂർവ്വം ആയിരിക്കും അവരുടെ നീക്കങ്ങൾ.

ഭക്തർക്കും ശിഷ്യർക്കും പുറത്തുവന്ന് ജീവിക്കാൻ വളരെയധികം ഭയം തോന്നാം, നിങ്ങളുടെ മുഴുവൻ ജീവിതവും അന്ധമായ ഭക്തിയോടുകൂടി അവരുടെ സംഘടനയുടെ ചുറ്റും ആയിരുന്നതിനാൽ പുറത്തുവന്ന് സാധാരണ ജീവിതം നയിക്കാനുള്ള ആത്മധൈര്യം നേടുക എളുപ്പമല്ല. അന്ധമായ ഭക്തിയും ആത്മീയതയും പരിശീലിച്ച ആളുകൾക്ക് ആ വിശ്വാസം നഷ്ടപ്പെടുന്നതുതന്നെ ഒരു ആഘാതമായി മാറിയേക്കാം. അത് പ്രത്യേകമായി ചർച്ച ചെയ്യേണ്ട ഒരു വിഷയമാണ്. ആശ്രമത്തിൽ ജീവിക്കുന്ന ആളുകളും വിശ്വാസം നഷ്ടപ്പെട്ട ആളുകളുമായി ഒരു തരത്തിലുള്ള സമ്പർക്കവും അനുവദിക്കാതിരിക്കാൻ പ്രസ്ഥാനം ശ്രദ്ധിക്കും, എന്തെന്നാൽ ഇവർ പ്രസ്ഥാനം വിട്ടുപോകാൻ

*ഉദ്ദേശിക്കുന്ന മറ്റാളുകളെ പ്രോത്സാഹിപ്പിക്കുകയും ചിന്താക്കുഴപ്പത്തിലാക്കുകയും ചെയ്യാൻ സാധ്യതയുണ്ട്.*

*ഇതെല്ലാം പറയുന്നതിനൊപ്പം ഞാൻ മറ്റൊരു കാര്യം കൂടി പറയാൻ ആഗ്രഹിക്കുന്നു. അവർക്ക് ധാരാളം കഴിവുകളും വൈദഗ്ദ്ധ്യവും ഉണ്ട്, അവർക്ക് ഒരു സൈന്റിസ്റ്റിനോടും ആർട്ടിസ്റ്റിനോടും ബിസിനസ്സുകാരനോടും സാധാരണക്കാരനോടും ഒരേ ലാഘവത്തോടെ പെരുമാറാൻ സാധിക്കും, അവരുടെ പ്രായോഗിക ബുദ്ധിയാൽ ഇവരെല്ലാം സ്വാധീനിക്കപ്പെടുകയും ചെയ്യും. കരുതിക്കൂട്ടിയുള്ളതും ദീർഘദർശിത്വം എന്ന് പറയാവുന്നതുമായ തരത്തിലുള്ള തീരുമാനങ്ങളെടുക്കാൻ അവർക്ക് നല്ല കഴിവാണ്. അങ്ങേയറ്റം സ്വേച്ഛാധിപത്യപരമാണ് അവരുടെ പ്രവർത്തികൾ എന്നാൽ അതിനെ തന്ത്രപൂർവം മറക്കാൻ അവർക്ക് കഴിവുണ്ട്. എന്നാൽ ഈ പറയുന്നതെല്ലാം മാനുഷിക ഗുണങ്ങളാണ്, ദൈവീകമല്ല. എന്നാൽ വിശ്വാസം കൊണ്ട് അന്ധരായവർക്ക് അത് ദൈവികമാണ്. ഞാൻ അവരെ വിശ്വസിക്കുകയോ ആരാധിക്കുകയോ ചെയ്യുന്നില്ല, എന്നാൽ ഭക്തിവ്യവസായത്തിൽ അവരുടേതായ ഒരു കോർപറേറ്റ് ഉണ്ടാക്കാൻ കഴിഞ്ഞ കഴിവുകളെ ഞാൻ കുറച്ചു കാണുന്നില്ല. അവരുടെ കപടമായ ദൈവികതയെ ചോദ്യം ചെയ്യാൻ ഞാൻ ഈ കഴിവുകളെ അംഗീകരിക്കേണ്ടത് അത്യാവശ്യവുമാണ്. (...)* (ഇതേ വ്യക്തിയുടെ AIMS ആശുപത്രിയെ കുറിച്ചുള്ള അനുഭവസാക്ഷ്യം ചാപ്റ്റർ IV.2. ൽ ഉൾപ്പെടുത്തിയിട്ടുണ്ട്).

## വിദേശരാജ്യത്തുവച്ച് സത്യം തുറന്നു പറഞ്ഞതിന് കുടുംബത്തെ പീഡിപ്പിച്ചു.

പിരിഞ്ഞുപോവുകയും സംസാരിക്കാൻ ധൈര്യപ്പെടുകയും ചെയ്യുന്നവരെ എങ്ങനെയാണ് ഭയപ്പെടുത്തുകയും ഉപദ്രവിക്കുകയും ചെയ്യുന്നതിന്റെ

ഉത്തമോദാഹരണമാണിത്. പലപ്പോഴും കാര്യങ്ങൾ തുറന്നു പറയണോ അതോ കുടുംബത്തിന്റെ സുരക്ഷിതത്വം നോക്കണോ എന്ന് ആലോചിച്ചു പോകുന്നത്ര വലുതാണ് ഈ സംഘടനയുടെ പീഡനം. ഇത് വളരെ കൊല്ലം ആശ്രമത്തിൽ ജീവിക്കുകയും പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങൾ നോക്കുകയും ചെയ്ത ഒരു മുൻ ഇന്ത്യൻ ഭക്തന്റെ വാക്കുകളാണ്. അയാൾ വിദേശത്ത് താമസമാക്കുകയും കുടുംബം ഇന്ത്യയിൽ തന്നെ തുടരുകയും ചെയ്തു.

*ഗെയിലിന്റെ "ഹോളി ഹെൽ" എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ സ്ഥിരീകരിക്കാൻ ധാരാളം സാക്ഷ്യങ്ങൾ ആവശ്യമുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. സത്യം തുറന്നുകാട്ടാനുള്ള വ്യഗ്രതയ്ക്കും, ജീവിതത്തിലെ പ്രായോഗിക ബുദ്ധിമുട്ടുകൾക്കും ഇടയിലാണ് EX AMMA എന്ന ഫോറത്തിൽ എന്റെ അനുഭവം ഞാൻ പോസ്റ്റ് ചെയ്തത്. അത് ഞാനാണെന്ന് ആശ്രമത്തിന് മനസ്സിലായപ്പോൾ എന്റെ കുടുംബവും അച്ഛനും അമ്മയുമാണ് അതിന്റെ പീഡനം ഏറ്റുവാങ്ങേണ്ടി വന്നത്. വിവാഹിതനും അച്ഛനും ആയതിനുശേഷം എന്റെ ഭൂതകാലത്തിലെ പ്രശ്നങ്ങളിലേക്ക് അവരെ വലിച്ചിഴക്കരുതെന്ന ഉത്തരവാദിത്വബോധം എനിക്ക് തോന്നിത്തുടങ്ങി. എന്റെ ഭാര്യ എന്നെ പിന്തുണയ്ക്കുകയും എന്റെ കാഴ്ചപ്പാടുകളും, ആശ്രമത്തെക്കുറിച്ചുള്ള അഭിപ്രായവും മനസ്സിലാക്കുകയും ചെയ്യുന്നു. എന്നിരുന്നാലും, ആശ്രമത്തിന്റെ പ്രതികാരനടപടികളാൽ ഞങ്ങളുടെ കുടുംബത്തിന്റെ സുരക്ഷയെക്കുറിച്ചോർത്ത് അവർ പൊതുവെ വ്യാകുലപ്പെടുന്നു. അതിനുള്ള ധാരാളം ഉദാഹരണങ്ങളുണ്ട്, അവയെക്കുറിച്ച് എന്റെ ഭാര്യയ്ക്ക് അറിയുകയും ചെയ്യാം.*

*ഞാൻ ഗെയിലിന്റെ പുസ്തകത്തിന്റെ കുറച്ച് കോപ്പികൾ വാങ്ങി എന്റെ സുഹൃത്തുക്കൾക്ക് അയച്ചിരുന്നു, അവർ അതേക്കുറിച്ച് എന്നെ വിളിച്ചു സംസാരിക്കുകയും ചെയ്തു. ഇതെല്ലാം എന്റെ കുടുംബത്തിന്*

*ആശങ്കയുണ്ടാക്കിയിട്ടുണ്ട്. എന്നെ സംബന്ധിച്ച് കുടുംബത്തിന്റെ ഉത്കണ്ഠ ഇല്ലാതാക്കുക എന്നതാണ് അതിപ്രധാനമായ കാര്യം, അതിനായി ആശ്രമത്തെക്കുറിച്ചുള്ള സത്യങ്ങൾ തുറന്നുകാട്ടാനുള്ള എന്റെ താൽപ്പര്യത്തിൽ നിന്ന് വിട്ടുനിൽക്കാൻ ഞാൻ തീരുമാനിച്ചു.*

**സംഘടനയ്ക്ക് വേണ്ടി കളവു പറയാനായി ഒരു ഇന്ത്യൻ സ്വാമിയെ വിമാന മാർഗ്ഗം അയച്ചു.**

യൂറോപ്പിലെ ഒരു പ്രാദേശിക സംഘാടകന്റെ അനുഭവമാണ് താഴെപ്പറയുന്നത്.

ആളുടെ ഐഡന്റിറ്റി പുറത്തറിയാതിരിക്കാനായി ചില വിശദാംശങ്ങൾ ഒഴിവാക്കിയിരിക്കുന്നു.

*2013 ഓഗസ്റ്റിൽ ഒരു മുൻ ഭക്തൻ "EX AMMA" എന്ന ബ്ലോഗിനെക്കുറിച്ചും തുടർന്നുണ്ടായ ആക്ഷേപങ്ങളെക്കുറിച്ചും എന്നെ അറിയിച്ചു. അതെന്നെ വല്ലാതെ അസ്വസ്ഥമാക്കി. വായിച്ചതെല്ലാം സത്യമാണെന്ന് ഉള്ളിൽ തോന്നിയിരുന്നെങ്കിലും അംഗീകരിക്കാൻ എനിക്ക് കുറച്ച് ബുദ്ധിമുട്ടുണ്ടായിരുന്നു. ഒക്ടോബറിൽ, അമ്മ സ്വിറ്റ്സർലൻഡിൽ എത്തിയിരുന്നു. ദർശനത്തിനിടെ ഒരു റിപ്പോർട്ടർ അവരെ അഭിമുഖം ചെയ്യുകയും ഒരു സ്വാമി അത് പരിഭാഷപ്പെടുത്തുകയും ചെയ്തു. സ്വിസ് ബാങ്കുകളിൽ ഇത്രയധികം പണം നിക്ഷേപിച്ചതിന്റെ കാരണമായിരുന്നു അവസാനത്തെ ചോദ്യം. പ്രതികരണം പരിഹാസ്യമായിരുന്നുവെന്ന് മാത്രമല്ല, സ്വിസ്ബാങ്കിൽ ഒരു ഭീമമായ തുക നിക്ഷേപിച്ചിട്ടുണ്ടെന്ന് അവർക്ക് സമ്മതിക്കേണ്ടിയും വന്നു. എന്നെ സംബന്ധിച്ചിടത്തോളം പണത്തിന്റെ ദുരുപയോഗവുമായി ബന്ധപ്പെട്ട മറ്റൊരു തെളിവായിരുന്നു ഇത്. ഈ തെളിവുകളെല്ലാം പുറത്തുവന്ന സ്ഥിതിക്ക് ഞാനെങ്ങയാണ് സ്റ്റേജിൽ*

അമ്മയുടെ ഒപ്പം ഇരിക്കുക? ഇതിൽ കൂട്ടാളിയായി കാണപ്പെടാൻ എനിക്കാവില്ലെന്നും ഇതിൽ നിന്ന് വേർപിരിഞ്ഞു നിൽക്കേണ്ട ധാർമിക ഉത്തരവാദിത്വമുണ്ടെന്നും എനിക്ക് തോന്നി. അതിനിടയിൽ ഞാൻ ഗെയിലിന്റെ പുസ്തകവും വാങ്ങി, അതിൽ വായിച്ചതൊന്നും എന്നെ അത്ഭുതപ്പെടുത്തിയില്ല.

എന്നിരുന്നാലും ഏറ്റെടുത്ത ഉത്തരവാദിത്വങ്ങൾ നിറവേറ്റാനും സംഘാടകർക്ക് ബുദ്ധിമുട്ടുണ്ടാവാതിരിക്കാനുമായി ഞാൻ വീണ്ടും സമ്മേളന സ്ഥലത്തെത്തി. എന്നാൽ ഇനി മുതൽ സത്സംഗങ്ങൾക്ക് തർജ്ജമ ചെയ്യാനാവില്ലെന്നും സ്റ്റേജിൽ കയറില്ലെന്നും അമ്മ ഇതിനായി എന്നെ സമീപിക്കരുതെന്നും ഞാൻ സ്വാമിമാരെ അറിയിച്ചു. എല്ലാവരും പരിഭ്രാന്തരായി! എല്ലാം ആ മാധ്യമപ്രവർത്തകൻ കെട്ടിച്ചമച്ച കഥകളാണെന്നും, സമാഹരിച്ച പണം ദരിദ്രർക്ക് തന്നെയാണ് ലഭിച്ചതെന്നും, അമ്മ യഥാർത്ഥ ഗുരുവാണെന്നും എന്നെ ബോധ്യപ്പെടുത്താൻ ഒരു മുതിർന്ന ബ്രഹ്മചാരിണി എല്ലാവിധത്തിലും ശ്രമിച്ചു, പക്ഷേ അവർക്ക് എന്റെ മനസ്സ് മാറ്റാൻ കഴിഞ്ഞില്ല.

ഞാൻ പറഞ്ഞതെല്ലാം അതേപടി അമ്മയുടെയും സ്വാമി മുഖ്യന്റെയും ചെവികളിലെത്തി. സമ്മേളനസ്ഥലത്തെത്തി, പിരിഞ്ഞുപോകാനുള്ള കാരണം എല്ലാവരോടും തുറന്നു പറഞ്ഞത് നന്നായി എന്നെനിക്ക് തോന്നി. ആശ്രമത്തിന്റെ നിക്ഷേപങ്ങളെക്കുറിച്ചും, AIMS ആശുപത്രിയിലെ അഴിമതികളെക്കുറിച്ചും, മറ്റു ക്രമക്കേടുകളെ കുറിച്ചുമെല്ലാം ഞാൻ സംസാരിച്ചിരുന്നു. ഞാൻ കേട്ടറിഞ്ഞ കാര്യങ്ങളെക്കുറിച്ച് ചില പ്രധാന വ്യക്തികളോടും ഞാൻ സംസാരിച്ചിരുന്നു. അങ്ങനെ ഈ വിവരം എല്ലാവരും അറിയുകയും പരിഭ്രാന്തരാവുകയും ചെയ്തു. അവർ വിശദീകരണം ആവശ്യപ്പെട്ടു. അങ്ങനെ സംഘാടകരുടെ ഒരു മീറ്റിംഗ് നടത്താനും,

*സംഘർഷമുഖരിതമായ അന്തരീക്ഷം കൈകാര്യം ചെയ്യാനുമായി അമ്മ ഒരു ബ്രഹ്മചാരിയെ (ഇപ്പോൾ സ്വാമിയാണ്) ഒരു മാസത്തിനു ശേഷം ഇറ്റലിയിലേക്ക് അയച്ചു.*


*മീറ്റിങ്ങിനു മുൻപായി, എന്റെ രാജ്യത്തെ സമ്മേളനങ്ങളുടെ സംഘാടകരായ അറുപത് ആളുകൾക്ക് ഞാൻ ഒരു ഇമെയിൽ എഴുതുകയും എന്റെ പിരിഞ്ഞു പോവലിന്റെ കാര്യകാരണങ്ങൾ വിശദീകരിക്കുകയും ചെയ്തു. എന്നാൽ മീറ്റിംഗിൽ എല്ലാ ആരോപണങ്ങളും നിഷേധിക്കുകയാണ് അവർ ചെയ്തത്. അതോടെ ഭക്തർ സമാധാനമായി അവരുടെ വീടുകളിലേക്ക് മടങ്ങുകയും "നിങ്ങൾ ഞങ്ങളോട് പറഞ്ഞതൊന്നും സത്യമല്ല" എന്ന് അവരിൽ ചിലർ എനിക്കെഴുതുകയും ചെയ്തു.*

## പിടിച്ചെടുക്കൽ

ആശ്രമത്തിലേക്ക് ഔദ്യോഗികമായി ആർക്കും എപ്പോൾ വേണമെങ്കിലും വരികയോ പോവുകയോ ചെയ്യാൻ സ്വാതന്ത്ര്യമുണ്ട്. ആശ്രമത്തിൽ ഏഴുവർഷം ജീവിക്കുകയും അവിടത്തെ പടിഞ്ഞാറൻ ഭക്ഷണശാല നടത്തുകയും ചെയ്തിരുന്ന മൃദുല (ബ്രിജിറ്റ് ഷെംല) സാങ്കല്പികമായ ഈ സ്വാതന്ത്ര്യത്തെക്കുറിച്ചും മറ്റ് അഴിമതികളെക്കുറിച്ച് ഇങ്ങനെ പറയുന്നു.

*"1999 നവംബർ അവസാനത്തിൽ ഞങ്ങൾ യൂറോപ്പിലും യു.എസ്സിലെ രണ്ട് നഗരങ്ങളിലും ആറാഴ്ചത്തെ പര്യടനം കഴിഞ്ഞ് മടങ്ങിയെത്തി. ഇന്ത്യൻ ആശ്രമത്തിൽ അത് മറ്റൊരിക്കലും ഇല്ലാത്ത വിധം പരിഭ്രാന്തി നിറഞ്ഞ സമയമായിരുന്നു, ഗായത്രി എന്നറിയപ്പെടുന്ന സ്വാമിനിയമ്മ, അമ്മയുടെ ഇരുപത് വർഷങ്ങളായുള്ള പേഴ്സണൽ അറ്റൻഡന്റ് കാലിഫോർണിയൻ ആശ്രമത്തിൽ നിന്ന് അർദ്ധരാത്രിയിൽ പലായനം ചെയ്തു. എവിടേക്കാണ് അവർ പോയതെന്നോ എന്തിനുപോയെന്നോ അന്ന്*

ആർക്കും അറിയില്ലായിരുന്നു, എന്റെയും സമയമായി എന്ന് മാത്രം എനിക്ക് തോന്നി.


Brigitte Chemla

Hello Gail Tredwell, I just finished your book, at first it made me so sad, it actually gave me nightmare with reminiscence of my life back then. As you say you will have needed more than 1 book to tell everything but what you have written is so true and powerful and I thank you for that. I remember myself having to burn in emergency, upon amma's specific request, all the accounting book of the cafe I was taking care of in Ashram when the Income tax told us they were going to come to check the finance of the ashram. What I have lived there is nothing compare to you and it still haunt me time to times. I still remember Saumia throwing an ashtray in Marble to my face across the table of the bookstore in San Ramon with the intention to hurt me, I had just time to escape, it passed my face from barely 5 cm on the side. She was my personal abuser. I am so glad to have been able to get out of this hell, since I left I live in paradise and only God knows that all I did there was on his Only name and surely not and never because I loved amma. I always thought innocently that I was doing charitable activities as serving others had always been my wish and continue to this day but now I am not stupid and innocent anymore. Again thank you for your book.

Like · Comment · December 31, 2013 at 4:45am

എനിക്ക് പ്രസ്ഥാനത്തിൽ താല്പര്യം തോന്നിയത് അമ്മയോടുള്ള സ്നേഹം കൊണ്ടല്ല, ദരിദ്രരായ ആളുകളെ സേവിച്ചുകൊണ്ട് ലോകത്തിന് ഒരു മാറ്റം വരുത്തണം എന്ന അതിയായ ആഗ്രഹം കാരണമാണ്. എന്റെ ഏഴുവർഷത്തെ ഇന്ത്യൻ ആശ്രമ ജീവിതത്തിനിടയിൽ, അമ്മ അനേകം അന്തേവാസികളോട് ക്രൂരവും മോശമായി പെരുമാറുന്നതും, അമ്മയുടെ കുടുംബം നാൾക്കുനാൾ അതിസമ്പന്നരാകുന്നതും കണ്ടിരുന്നു. സംഭാവനയായി ലഭിക്കുന്ന പണത്തിന്റെ ഒരു അംശം മാത്രമേ ചാരിറ്റിക്കായി വിനിയോഗിക്കപ്പെടുന്നുള്ളൂ എന്നും എനിക്ക് മനസ്സിലായി.

എന്നെ സംബന്ധിച്ചിടത്തോളം ആ വർഷമാദ്യം അമ്മ നോർത്തിന്ത്യൻ ടൂറിന് പോയിരുന്ന സമയത്തെ ഒരു സംഭവമാണ് ഒട്ടകത്തിന്റെ നടുവൊടിച്ച അവസാന വയ്ക്കോൽ തുരുമ്പ്. എന്റെ കാന്റീൻ ജോലികളുമായി ഞാൻ ആശ്രമത്തിൽ തന്നെ ഉണ്ടായിരുന്നു. ആ സമയത്താണ് കാന്റീനിലെ എല്ലാ സാമ്പത്തിക രേഖകളും നശിപ്പിച്ചുകളയാൻ അക്കൗണ്ടിംഗ് വിഭാഗത്തിന്റെ തലവൻ എന്നോട് ആവശ്യപ്പെടുന്നത്. അമ്മയുടെ നേരിട്ടുള്ള ഉത്തരവായിരുന്നു അത്. ആശ്രമത്തിൽ ഒരു റെയ്ഡും സാമ്പത്തിക ഓഡിറ്റും നടക്കാൻ പോകുന്നതായി അവർക്ക് രഹസ്യവിവരം ലഭിച്ചിരുന്നു, അതിനാൽ എല്ലാ വകുപ്പുകളോടും സാമ്പത്തിക രേഖകൾ നശിപ്പിക്കാൻ ഉത്തരവിടുകയായിരുന്നു.

ഞാൻ ചെയ്യുന്ന ജോലികളെല്ലാം പരോക്ഷമായി പാവപ്പെട്ടവർക്ക് ഉപകാരപ്രദമാണ് എന്ന വിശ്വാസത്തോടെയാണ് ഞാൻ ജീവിച്ചിരുന്നത്. ഇന്ത്യയിലായിരിക്കുമ്പോൾ രാവും പകലുമില്ലാതെ ആശ്രമത്തിലെ വെസ്റ്റേൺ കാന്റീൻ നടത്തുകയും, വിദേശ പര്യടനങ്ങളുടെ സമയത്ത് സൗമ്യയുടെ (സ്വാമിനി കൃഷ്ണാമൃതപ്രാണ) അസിസ്റ്റന്റ് ആയി ബുക്ക്സ്റ്റാളിൽ ഉറക്കമില്ലാതെ പണിയെടുക്കുകയും ചെയ്തു. ഈ ടൂറുകളിലെ മറ്റൊരു പതിവ് സംഭവം സൗമ്യ എന്നെ വാക്കാൽ അധിക്ഷേപിക്കുന്നതായിരുന്നു. ഈ പെരുമാറ്റം എനിക്കൊരിക്കലും സ്വീകാര്യമായിരുന്നില്ലെങ്കിലും അവർ എന്റെ സീനിയറായതിനാൽ ഞാൻ പ്രതിഷേധിച്ചില്ല. ഈ അവസാന പര്യടനത്തിൽ മിഷിഗണിൽ വച്ച്, പ്രഭാത പരിപാടിക്കായി ബുക്സ്റ്റാൾ തയ്യാറാക്കാനായി വിൽപ്പനയ്ക്കുള്ള അനേകം സാധനങ്ങൾ മേശകളിൽ സജ്ജീകരിച്ച് ഞാൻ രാത്രി മുഴുവൻ ജോലി ചെയ്തു. പരിപാടി തുടങ്ങുന്നതിന് തൊട്ടുമുമ്പ് സൗമ്യ അവിടെയെത്തി, ദേഷ്യത്തിൽ ഒരു മാർബിൾ ആഷ് ട്രേ എന്റെ തലയ്ക്കുനേരെ വിലിച്ചെറിഞ്ഞു. ഞാൻ വെറും 5 സെന്റീമീറ്റർ നീങ്ങിയില്ലായിരുന്നെങ്കിൽ, എനിക്ക് മാരകമായി, ജീവഹാനി സംഭവിക്കാവുന്നതുപോലെ പരിക്കേൽക്കുമായിരുന്നു. ഈ സംഭവത്തിന്റെ ഒരു ദൃക്സാക്ഷി ഞെട്ടലോടെയും എന്നാൽ ആദരവോടെയും സൗമ്യയോട് ഈ ആശങ്ക പങ്കുവെച്ചു, അതിന് സൗമ്യ ദേഷ്യത്തോടെ ഇങ്ങനെ മറുപടി പറഞ്ഞു, "അതിനെന്താ, അത് ഞാൻ എന്തിന് ശ്രദ്ധിക്കണം." ഈ സംഭവത്തോടെ എനിക്കവിടം വിടണമെന്ന് ഞാൻ തീർച്ചപ്പെടുത്തി.

ഇന്ത്യയിൽ തിരിച്ചെത്തിയ എനിക്ക് എന്റെ ഉറ്റ സുഹൃത്തായ ഒരു ഇന്ത്യൻ പൗരയെ ഉടനെതന്നെ ആശ്രമത്തിൽ നിന്ന് രക്ഷപ്പെടാൻ സഹായിക്കണമെന്നു തോന്നി. അമ്മയുടെ അടുത്തുനിന്നും ധാരാളം പീഡനം സഹിച്ചൊടുവിൽ ഗായത്രി ഓടിപ്പോയി എന്നറിഞ്ഞ അവൾ എങ്ങനെയും രക്ഷപ്പെടണമെന്ന

ആഗ്രഹത്തിലായിരുന്നു. ഞങ്ങൾ ഒരുമിച്ച് വിദേശീയരായ കുറച്ച് ചെറുപ്പക്കാരികൾക്ക് ആശ്രമത്തിലെ അഴിമതികളെക്കുറിച്ചുള്ള മുന്നറിയിപ്പ് നൽകാൻ ശ്രമിച്ചു, അപ്പോൾ വിട്ടുപോയാൽ ഒരുപക്ഷേ പുറംലോകത്ത് ജീവിതം പുനരാരംഭിക്കാൻ അവർക്ക് അപ്പോഴും സാധിക്കുമെന്ന വിശ്വാസത്തിലായിരുന്നു അത്. എന്നാൽ, അവർ തങ്ങളുടെ ഗുരുവിനെക്കുറിച്ചുള്ള വിമർശനം കേൾക്കാൻ തയ്യാറായില്ല, പകരം ഞങ്ങളെക്കുറിച്ച് ആശ്രമം അധികാരികളോട് റിപ്പോർട്ട് ചെയ്യുകയാണ് ചെയ്തത്. ഏതാനും മണിക്കൂറുകൾക്കുള്ളിൽ, ഞങ്ങളെ രണ്ടുപേരെയും അമ്മയുടെ മുറിയിലേക്ക് വിളിപ്പിച്ചു, അവിടെ രോഷം കൊണ്ടുനിൽക്കുന്ന ഒരു സംഘം മുതിർന്ന അംഗങ്ങളുടെ മുന്നിൽ ഞങ്ങളെ വിചാരണ ചെയ്തു. അവരാദ്യം ആവശ്യപ്പെട്ടത് ഗായത്രിയെക്കുറിച്ച് ഞങ്ങൾക്ക് അറിയാവുന്നതെല്ലാം അവരോട് തുറന്നു പറയണമെന്നായിരുന്നു. ഗായത്രി എവിടെയാണെന്നും, അവരെ രക്ഷപ്പെടാൻ ആരാണ് സഹായിച്ചതെന്നും, ഗായത്രി ഞങ്ങളോട് പറഞ്ഞിരിക്കാവുന്ന മറ്റു കാര്യങ്ങളെക്കുറിച്ചുമെല്ലാം അവർ ആരാഞ്ഞു. ഞങ്ങളുടെ ഉത്തരം തികച്ചും സത്യസന്ധവും ലളിതവുമായിരുന്നു, ഞങ്ങൾക്ക് ഒന്നും അറിയില്ലായിരുന്നു. പകരം അമ്മയുടെ കളവുകൾ, വഞ്ചന, അഴിമതി, പീഡനം എന്നിവയെക്കുറിച്ച് ഞങ്ങളുടെ മനസ്സിലുള്ളത് അവരോട് ഈ അവസരത്തിൽ തുറന്നുപറഞ്ഞു. ആ നിമിഷം മുതൽ അവർ ഞങ്ങളെ വഞ്ചകരായി കാണുകയും 24 മണിക്കൂറും നിരീക്ഷിക്കുകയും ചെയ്തു. പോകാനുള്ള ഞങ്ങളുടെ തീരുമാനം ഉറച്ചതായിരുന്നു, പക്ഷേ അതെങ്ങനെ നടപ്പാക്കും എന്നതിനെക്കുറിച്ച് ഞങ്ങൾക്ക് വ്യക്തമായ രൂപമില്ലായിരുന്നു. ഞങ്ങൾക്ക് ഒരുമിച്ചു രക്ഷപ്പെടാനാവില്ല എന്ന് മാത്രം വ്യക്തമായിരുന്നു. അന്ന് രാത്രി എന്റെ സുഹൃത്ത് അവൾ ബാത്ത്റൂമിലേക്ക് പോകുന്നുവെന്ന് പറഞ്ഞ് പോയി, പക്ഷേ മടങ്ങിവന്നില്ല.

അവളുടെ ചെരുപ്പ് വാതിലിന് മുന്നിൽ തന്നെയുണ്ടെന്ന് കണ്ട് ഞാൻ രണ്ടും കൂട്ടി വായിച്ചു. അവൾ ആശ്രമം വിട്ടുപോവുകയും, എന്നാൽ ആശ്രമ ചാരന്മാരെ താൻ മുറിക്കുള്ളിൽ തന്നെയുണ്ടെന്ന് തെറ്റിദ്ധരിപ്പിക്കാനായി ചെരിപ്പ് അവിടെ ഉപേക്ഷിച്ചു പോവുകയും ചെയ്തു. അവൾ സുരക്ഷിതമായി രക്ഷപ്പെട്ടെന്നറിഞ്ഞ് ഞാൻ ഉറങ്ങാൻ പോയി. അവളുടെ കുടുംബം അടുത്ത ഗ്രാമത്തിൽ തന്നെ ഉണ്ടായിരുന്നതിനാൽ അവൾക്ക് ഇത് ഒരുതരത്തിൽ എളുപ്പമായിരുന്നു. എന്നാൽ എന്റെ കുടുംബം ഫ്രാൻസിലായിരുന്നു, എന്റെ കൈയിൽ രക്ഷപ്പെടാനുള്ള പണവുമുണ്ടായിരുന്നില്ല.

പിറ്റേന്ന് രാവിലെ എന്റെ സുഹൃത്ത് തന്ത്രപൂർവ്വം രക്ഷപ്പെട്ട വിവരമറിഞ്ഞ് അവരെന്നെ ബലമായി അറ്റാച്ച്ഡ് ബാത്ത്റൂമുള്ള മറ്റൊരു ചെറിയ മുറിയിലേക്ക് കൊണ്ടുപോകുകയും പൂട്ടിയിടുകയും ചെയ്തു. എനിക്ക് ഭക്ഷണം കൊണ്ടുവന്നിരുന്ന സൗമ്യ ഒഴിച്ചാൽ, ഞാൻ ഏകദേശം രണ്ടാഴ്ചയോളം ഏകാന്തവാസത്തിലായിരുന്നു. ഈ ചെയ്യുന്നത് നിന്റെ തന്നെ നന്മയ്ക്കുവേണ്ടി ആണെന്നും, നിനക്ക് ആലോചിക്കാനും ധ്യാനിക്കാനും കാര്യങ്ങൾ തിരിച്ചറിയാനുള്ള സമയമാണിതെന്നും അവരെന്നോട് പറഞ്ഞു. രണ്ടോ മൂന്നോ തവണ സൗമ്യ എന്നോട് സുദീർഘമായി സംസാരിച്ചു, അമ്മയോട് തെറ്റ് സമ്മതിച്ച് ക്ഷമാപണം ചെയ്താൽ നഷ്ടപ്പെട്ട സ്ഥാനമെല്ലാം വീണ്ടെടുക്കാമെന്നും വീണ്ടും അവരുടെ അസിസ്റ്റന്റ് ആയി തുടരാമെന്ന് പ്രലോഭിപ്പിക്കുകയും ചെയ്തു. ഈ സമയം എന്നെ സംബന്ധിച്ച് ഭയാനകമായിരുന്നു, എന്നന്നേക്കുമായി ജയിലിൽ കഴിയേണ്ടി വരുമോ അതോ അതിലും മോശമായി വല്ലതും സംഭവിക്കുമോ എന്ന് ഞാൻ ഭയപ്പെട്ടു. ആശ്രമം വിട്ടുപോകാനുള്ള എന്റെ തീരുമാനം ഉറച്ചതാണെങ്കിലും, അമ്മയുടെ മുന്നിൽ അവരുടെയൊപ്പം നിൽക്കുന്നതായി അഭിനയിക്കുക എന്നത് മാത്രമാണ് സ്വാതന്ത്ര്യത്തിലേക്കുള്ള ഏക മാർഗം എന്നെനിക്ക് തോന്നി. അവരെക്കുറിച്ച് മോശമായി സംസാരിച്ച സമയത്ത് ഞാൻ ഞാനല്ലായിരുന്നുവെന്ന്

ക്ഷമാപണം നടത്തി. ഞാനവരോട് വ്യാജമായി സ്നേഹപ്രഖ്യാപനം നടത്തി, ഇനിയൊരിക്കലും അവർക്കോ സംഘടനയ്ക്കോ എതിരെ മോശമായി സംസാരിക്കുകയോ പ്രവർത്തിക്കുകയോ ഇല്ല എന്ന് വാഗ്ദാനം നൽകുകയും ചെയ്തു.

എന്റെ ഉപായം ഫലിക്കുന്നതായി എനിക്ക് തോന്നി, രണ്ട് ദിവസത്തിനുശേഷം ഞാൻ തടവിൽ നിന്ന് മോചിതയായി, പക്ഷേ നിരീക്ഷണം അപ്പോഴും തുടരുന്നുണ്ടായിരുന്നു. ഡിസംബർ 22-ന്, ചില അന്തേവാസികൾ ഒരു ചെറിയ കേക്ക് മുറിച്ച് എന്റെ ജന്മദിനം ആഘോഷിക്കാൻ തീരുമാനിച്ചു. ഞാൻ സന്തോഷമഭിനയിച്ച് പുഞ്ചിരിയോടെ അവർക്കെല്ലാം മുന്നിൽ പ്രത്യക്ഷപ്പെട്ട്, സുഖം പ്രാപിച്ചുവെന്ന് എല്ലാവരെയും ബോധ്യപ്പെടുത്താൻ പരമാവധി ശ്രമിച്ചു, ഒരിക്കൽ കൂടി ഞാൻ ഒരു ഭക്തയായി. അമ്മയോടുള്ള എന്റെ സ്നേഹത്തെക്കുറിച്ച് അവർക്ക് ബോധ്യപ്പെട്ടതിനാൽ, അന്ന് ഏതാനും മണിക്കൂറുകൾ അവരെന്റെ കാവലിന് അയവുവരുത്തി. അത് ഞാനെന്റെ അവസരമായി കണ്ടു. കൈയിൽ യാതൊന്നുമില്ലാതെ ഞാൻ മെല്ലെ പുഴയുടെ അടുത്തെത്തി ഫെറിയിൽ കയറി. അക്കരെയെത്തിയപ്പോൾ ജീവിതത്തിൽ ഇന്നേവരെ ഓടിയിട്ടില്ലാത്ത പോലെ ഓടി ഞാനെന്റെ സുഹൃത്തിന്റെ സഹോദരിയുടെ കടയിലെത്തി. അതു കഴിഞ്ഞും എനിക്ക് ഒളിവിൽ ജീവിക്കേണ്ടിയിരുന്നു, ഇന്ത്യയിൽ നിന്ന് പുറത്തു കടക്കുംവരെ. രണ്ട് മാസത്തോളം ഞാൻ കർണാടകയിൽ, ആശ്രമത്തിൽ നിന്ന് അകലെ, താമസിച്ചു. എന്റെ സഹോദരൻ എനിക്ക് ഫ്രാൻസിലേക്കുള്ള ടിക്കറ്റ് അയച്ചുതരുന്നതുവരെ അതു തുടർന്നു. ആശ്രമത്തിൽ ചേരുന്നതിന് മുമ്പ്, പാരീസിന്റെ പ്രാന്തപ്രദേശത്ത് ഒരു വലിയ റീട്ടെയിൽ സ്റ്റോർ കൈകാര്യം ചെയ്യുന്ന ജോലി വിജയകരമായി ചെയ്യുന്നുണ്ടായിരുന്നു ഞാൻ. സംഘടനയുമൊത്തുള്ള എന്റെ കാലഘട്ടത്തിൽ ഞാൻ 8 ലക്ഷം രൂപ സംഭാവന

*ചെയ്തു, എന്നിട്ടും ഏഴ് വർഷത്തിന് ശേഷം ഞാനിതാ സ്വന്തം പേരിൽ ഒരു രൂപ പോലും ഇല്ലാതെ, ജീവൻ രക്ഷിക്കാൻ എന്നപോലെ പലായനം ചെയ്യുന്നു".*

## ഇന്റർനെറ്റ് മുഖേനയുള്ള പീഡനം

നമ്മൾ നേരത്തെ കണ്ടതുപോലെ, മാധ്യമങ്ങളെ ഭീഷണിപ്പെടുത്തൽ, പുസ്തകശാലകൾ ആക്രമിക്കൽ, ലോക്കൽ പോലീസിന്റെ സഹായത്തോടെയുള്ള ഭീഷണിപ്പെടുത്തൽ, അഭിപ്രായ സ്വാതന്ത്ര്യം തടയൽ, ഭീഷണികൾ, നിർബന്ധിത തടങ്കൽ, ശാരീരിക ആക്രമണം, സ്വകാര്യതയുടെ ഭംഗം, ഇന്റർനെറ്റ് മുഖേനയുള്ള പീഡനം: ഇതാണ് തങ്ങൾക്കെതിരെ ശബ്ദമുയർത്താനോ, സംഘടനയ്ക്കുള്ളിലെ തിക്താനുഭവങ്ങൾ തുറന്നു പറയാനോ പീഡനങ്ങളെ അപലപിക്കാനോ തുടങ്ങുന്ന ആർക്കെതിരെയും പ്രസ്ഥാനം ഉപയോഗിക്കുന്ന തന്ത്രങ്ങളുടെ മിശ്രണം.

പ്രസ്ഥാനം വിട്ടുപോയ പലരും പലതരം ബ്ലോഗുകളും ഫോറങ്ങളും തുടങ്ങിയിരുന്നു. ആദ്യം *അമ്മച്ചി ഫ്രീ സ്പീച്ച് സോൺ (Ammachi Free Speech Zone)*[84] എന്നൊരു ഫോറം ഉണ്ടായിരുന്നു, പിന്നീട് ഭക്തരുടെ പതിവായുള്ള ട്രോളുകൾ കാരണം, ആരോ *"അമ്മച്ചി: ദ റിയൽ ഫ്രീ സ്പീച് സോൺ (Ammachi: The Real Free Speech Zone)"*[85] സൃഷ്ടിക്കുകയും കർശനമായി നിരീക്ഷിക്കുകയും ചെയ്തു. ഈ ഫോറങ്ങൾ, പ്രത്യേകിച്ച് *"എക്സ്-അമ്മ (Ex-Amma)"* എന്ന പേരിലുള്ള ഫോറം ആളുകൾക്ക് അവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കാനും സംശയനിവാരണത്തിനും സ്ഥിരീകരണം തേടാനും അല്ലെങ്കിൽ പ്രസ്ഥാനത്തിൽ നിന്ന് പിരിഞ്ഞുപോകുന്ന സാഹചര്യത്തിൽ പിന്തുണ തേടാനും അനുവദിക്കുന്നു. ഈ ഫോറവും ചില അവസ്ഥാന്തരങ്ങളിലൂടെ കടന്നുപോയിട്ടുണ്ട്. കുറച്ച് വർഷങ്ങൾക്കുശേഷം,

അതിന്റെ സ്ഥാപകൻ ഫോറത്തിന്റെ ചുമതല പ്രസ്ഥാനം വിട്ട ഒരു കനേഡിയന് കൈമാറി, അവർ വളരെ കാര്യഗൗരവമുള്ള, പ്രസ്ഥാനത്തോട് അങ്ങേയറ്റം വിമർശനാത്മക കാഴ്ചപ്പാട് സൂക്ഷിക്കുന്ന ഒരു വ്യക്തിയായിരുന്നു. പെട്ടെന്ന് ഒരു ദിവസം അവർക്ക് ഒരുതരം ബോധോദയവും (ആപേക്ഷികം) പശ്ചാത്താപവും അനുഭവപ്പെട്ടു, അതിന്റെ ഉടമസ്ഥത മറ്റൊരാൾക്ക് കൈമാറുന്നതിനുപകരം, ആ ഫോറവും അതിലെ ഉള്ളടക്കങ്ങളും നശിപ്പിച്ചു കളയാനാണ് അവർ തീരുമാനിച്ചത്[86]. അവർ A യുടെ അടുത്തേക്ക് തിരിച്ചു പോവുകയും സ്വന്തം മുൻകാല പ്രവർത്തികളെ ഖണ്ഡിച്ചുകൊണ്ടും പശ്ചാത്തപിച്ചുകൊണ്ടും ഒരു ഓൺലൈൻ കുറിപ്പ് ഇറക്കുകയും ചെയ്തു. അവരെപ്പോലെ അസ്ഥിരരായ കുറെ ഭക്തർ കൂറുമാറി, ഒരു തവണയല്ല, ചിലപ്പോൾ തുടർച്ചയായി പലതവണ. ഓരോ കേസിലും ഗുരുവിൽ നിന്നും പ്രസ്ഥാനത്തിൽ നിന്നും പിരിയാനുള്ള തീരുമാനത്തിനൊപ്പം നിരാശയുടെ സാക്ഷി പത്രങ്ങളും ഉണ്ടായി. ഇതേത്തുടർന്ന് പ്രസ്ഥാനത്തിൽ നിന്നുള്ള ആക്രമണങ്ങളും കുറ്റപ്പെടുത്തലുകളും പിരിഞ്ഞുപോയവരുടെ ഭാവി ദുർഘടമാക്കാനും തകർക്കാനുമുള്ള ശ്രമങ്ങൾ ഉണ്ടാവുകയും ചെയ്തു. അങ്ങനെ പിരിഞ്ഞുപോയ ചിലർ പ്രസ്ഥാനത്തിലേക്ക് മടങ്ങിപ്പോവുകയും, തങ്ങളുടെ പുതുക്കിയ വിശ്വാസം ഏറ്റുപറയുകയും, തങ്ങൾ നേരത്തെ പ്രകടിപ്പിച്ചിരുന്നന്ന നിഷേധാത്മകമായ വിമർശനങ്ങളും സംശയങ്ങളും പിൻവലിച്ച് നിരുപാധികം മാപ്പ് പറയുകയും ചെയ്തു. ഈ പറഞ്ഞതെല്ലാം അവരാൽ തന്നെ രേഖപ്പെടുത്തിയിട്ടുള്ളതാണ്.

ഇതേക്കുറിച്ച് കൂടുതലറിയാൻ ആഗ്രഹിക്കുന്നവർക്ക്, സ്വന്തമായി ചെയ്യാൻ കഴിയുന്നത് ഇതാണ്: *"Embezzling the World"* എന്ന ബ്ലോഗിൽ പോയി സെർച്ച് ബോക്സിൽ *"vian"* എന്ന് ടൈപ്പ് ചെയ്യുക, നിങ്ങൾക്ക് പഴയ ചർച്ചകളുടെയും ബ്ലോഗറുടെ വിശകലനത്തിന്റെയും ലിങ്കുകൾ ലഭിക്കും.

അവിടത്തെ ഔദ്യോഗിക ജോത്സ്യന്റെ ഉദാഹരണവും കുടി പറയാം, അയാൾ അവിടുന്ന് രാജിവെച്ച ശേഷം, തന്റെ പിൻമാറ്റത്തെ ന്യായീകരിച്ച് എഴുത്തുകളെഴുതി. ഉടൻതന്നെ പ്രസ്ഥാനം അയാളെ അപലപിക്കുകയും അപകീർത്തിപ്പെടുത്താൻ തുടങ്ങുകയും ചെയ്തു, തത്സമയം അയാൾ തന്റെ വിമർശനങ്ങൾ പിൻവലിക്കുകയും, താൻ എഴുതിയതെല്ലാം നിഷേധിക്കുകയും ചെയ്തു. ഇക്കാര്യങ്ങളും രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഏതായാലും അയാളുടെ ഇടപാടുകാർ കൂടുതലും ഭക്തരായതിനാൽ ആശ്രമവുമായി നല്ല ബന്ധം നിലനിർത്തുന്നതാണ് അദ്ദേഹത്തിന് നല്ലത്. ഇന്ന് അദ്ദേഹം സ്വതന്ത്രനാണെങ്കിലും, തന്റെ മുൻ ഗുരുവുമായി വീണ്ടും നല്ല ബന്ധത്തിലാണ്.

നമുക്ക് ex-Amma forum ത്തിന്റെ വിധിയിലേക്ക് തിരിച്ചുവരാം: വീണ്ടും ഭക്തയായി മാറിയ മുൻഭക്ത ഫോറം ഡിലീറ്റ് ചെയ്തതിനുശേഷം, മറ്റുള്ളവർ അത് ബാക്കപ്പുകളിൽ നിന്നും ഇമെയിൽ നോട്ടിഫിക്കേഷനുകൾ നിന്നും പുനഃസ്ഥാപിക്കാൻ ശ്രമിച്ചു. പിന്നീട്, യാഹു അതിന്റെ ഫോറം സേവനങ്ങൾ നിർത്തലാക്കാൻ തീരുമാനിച്ചു, അതിനാൽ പുതിയ ഫോറം മറ്റൊരു പ്ലാറ്റ്ഫോമിലേക്ക് മാറ്റേണ്ടി വന്നു. ഇപ്പോൾ ഏറ്റവും പുതിയ ഫോറത്തിന് “ExAmma” എന്ന് പേരിട്ടിരിക്കുന്നു, അത് Groups.iO[87] ആണ് ഹോസ്റ്റ് ചെയ്തിരിക്കുന്നത്. സ്വാഭാവികമായും ആശ്രമം വിട്ട് കുറച്ച് സമയത്തിന് ശേഷം, ആളുകൾ അവരുടെ ജീവിതം പുനർനിർമ്മിക്കുകയും അവരുടെ ദൈനംദിന ജീവിതത്തിലും ഭാവിയിലും വ്യാപൃതരാവുകയും ചെയ്തു, അതിനാൽതന്നെ പുതിയ അംഗത്വം എടുക്കാനുള്ള അവരുടെ പ്രചോദനം അപര്യാപ്തമായിരുന്നു. ഈ മാറ്റങ്ങൾക്കെല്ലാം ഇടയിൽ ഒരുപാട് സാക്ഷ്യങ്ങൾ നഷ്ടപ്പെടാതെ സൂക്ഷിക്കാൻ കഴിഞ്ഞെങ്കിലും, കുറെയെണ്ണം നഷ്ടപ്പെട്ടുപോയി. ഏതാനും പതിറ്റാണ്ടുകൾക്ക് മുമ്പുള്ളതിനേക്കാൾ ഇന്ന്

ഫോറത്തിന്റെ പ്രവർത്തനം വളരെ കുറവാണ്. ഒരുപക്ഷേ, പുതുതായി പ്രസ്ഥാനം വിട്ട് വരുന്നവർക്ക് ഇങ്ങനെയൊരു ഫോറം നിലനിൽക്കുന്നതിനെ കുറിച്ചും, തങ്ങളുടെ സ്വന്തം ആന്തരികശക്തിയിലേക്ക് തിരികെ പരിവർത്തനം ചെയ്യുന്നതിന് തങ്ങളെ ഉപദേശിക്കാനും പിന്തുണയ്ക്കാനും കഴിയുന്ന ആളുകളുടെ ഒരു ശൃംഖല നിലനിൽക്കുന്നതിനെക്കുറിച്ചും അറിയാൻ വഴിയില്ല.

സ്വകാര്യ ബ്ലോഗുകളും ഒരു കാലത്ത് വളരെ പ്രചാരമുള്ളവയായിരുന്നു. അവയിൽ പലതും അപ്രത്യക്ഷമായി; ചിലത്, നിർത്താൻ ഉടമകൾ നിർബന്ധിതരായി. പ്രസ്ഥാനം ഇതെല്ലാം കണ്ട് മിണ്ടാതിരിക്കാറില്ലെന്നും പല്ലും നഖവും ഉപയോഗിച്ച് സ്വയം പ്രതിരോധിക്കുമെന്നും നിങ്ങൾ അറിഞ്ഞിരിക്കണം. ആശയ പ്രചാരണത്തിൽ വൈദഗ്ദ്ധ്യം നേടിയ കമ്പ്യൂട്ടർ സാങ്കേതിക വിദഗ്ദ്ധരുടെ ഒരു സംഘം ആശ്രമത്തിൽ ഉണ്ടെന്നും അവർ എതിർപ്രചാരണത്തിൽ നിരന്തരം വ്യാപൃതരാണെന്നും ന്യായമായും സംശയിക്കണം. നമ്മൾ കണ്ടെത്തുന്ന ഏതൊരു വിവരവും വളരെ വേഗത്തിൽ അപ്രത്യക്ഷമായേക്കാം, ഏതെങ്കിലും വിമർശനം അവരുടെ ശ്രദ്ധയിൽപ്പെടുകയും, ന്യായമാണെന്ന് തോന്നുകയുമാണെങ്കിൽ, അവർ ഉടനടി സ്വന്തം സൈറ്റുകളിൽ തിരുത്തലുകൾ വരുത്തുന്നതു വഴി ആ ഉദ്ധരണികളെ അടിസ്ഥാനമാക്കിയുള്ള വാദങ്ങൾ മുഴുവൻ കാലഹരണപ്പെട്ടതാക്കുന്നു. അതിനാൽ, ആവശ്യമെങ്കിൽ എല്ലാ ലിങ്കുകളും ഉദ്ധരണികളും സംരക്ഷിക്കാനായി അവ ഡൗൺലോഡ് ചെയ്യുകയും സ്ക്രീൻഷോട്ടുകൾ സൂക്ഷിക്കുകയും ചെയ്യുന്നതാണ് ഉചിതം. ഇത് വളരെ ശ്രമകരമാണ് എന്നാൽ വിവരങ്ങൾ നിലനിർത്തുന്നതിന് ഇതാണ് ഒരേയൊരു മാർഗ്ഗം. ഹാക്കർമാരുടെ അല്ലെങ്കിൽ വെബ് ഭീകരർ എന്ന് വിളിക്കാവുന്നവരുടെ സേവനങ്ങളും സംഘടന ഉപയോഗിക്കുന്നു എന്ന് കരുതണം. *"Cult of the hugging*

saint"[88] എന്ന ബ്ലോഗിന്റെ കാര്യം തന്നെ എടുക്കാം. ഈ ബ്ലോഗ് പലതവണ നശിപ്പിക്കപ്പെടുകയും പുനർനിർമ്മിക്കുകയും ചെയ്തതാണ്. പ്രസ്ഥാനം അതേ പേരിൽ മറ്റൊരു ബ്ലോഗ് തുടങ്ങി *"Cult of the hugging saint exposed"*[89] ആദ്യത്തേതിനെക്കാൾ മികച്ച ഇൻഡെക്സിങ്ങോടെ ഇത് പ്രവർത്തിക്കുകയും സേർച്ച് ഫലങ്ങളിൽ ആദ്യം പ്രത്യക്ഷപ്പെടുകയും ചെയ്തു. എന്നാൽ ആ ബ്ലോഗർ വിടാതെ വീണ്ടും അതേ പേരിൽ മൂന്നാമതൊരു ബ്ലോഗ് ഉണ്ടാക്കി *"Cult of the hugging saint exposed"*[90]. എന്നാൽ വളരെ ചുരുക്കം ചില ബ്ലോഗർമാർക്ക് മാത്രമേ ഇത്തരത്തിലുള്ള സ്ഥിരോത്സാഹമുള്ളു.

ആ ബ്ലോഗിന്റെ ഉടമ തന്റെ ബ്ലോഗിലൂടെ പ്രസ്ഥാനത്തിനെയും അതിന്റെ തലവിയെയും രൂക്ഷമായി വിമർശിക്കുന്ന അനുഭവ സാക്ഷ്യങ്ങളും ലേഖനങ്ങളും എഴുതാൻ ധാരാളം പേരെ അനുവദിച്ചു. അതിന്റെ പ്രത്യാക്രമണമെന്ന പോലെ, അതേ പേരിലുള്ള എതിർ ബ്ലോഗിലൂടെ, പ്രസ്ഥാനം രചയിതാക്കളെ വ്യക്തിഹത്യ ചെയ്യുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചു: അവരുടെ ഭൂതകാലത്തെ ഗവേഷണം ചെയ്യുക, അവരുടെ പെരുമാറ്റത്തിലോ അവരുടെ പ്രസ്താവനകളിലോ അവരുടെ സ്വകാര്യ ജീവിതത്തിലോ ഉള്ള പൊരുത്തക്കേടുകൾ പുറത്തുകൊണ്ടുവന്നു. രചയിതാക്കളുടെ വിശ്വാസ്യത നശിപ്പിക്കാൻ കഴിയുന്ന തരത്തിൽ വളരെ ശ്രദ്ധാപൂർവ്വം ഗവേഷണം ചെയ്യുകയും അവ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അത് വായിച്ചാൽ എപ്പോഴാണ് അവർ ലഹരിപദാർത്ഥങ്ങൾ ഉപയോഗിച്ചതെന്നും, ഇരുപത് വർഷം മുമ്പ് അവരുടെ സാമൂഹിക അല്ലെങ്കിൽ ലൈംഗിക സ്വഭാവം എന്തായിരുന്നെന്നും, എന്ത് അഭിപ്രായങ്ങളാണ് അവർ പ്രകടിപ്പിച്ചതെന്നും, പ്രത്യേകിച്ച് ദൗർഭാഗ്യവശാൽ അവർ ഏതെങ്കിലും സമയത്ത് ആക്ഷേപഹാസ്യം നിറഞ്ഞ അഭിപ്രായപ്രകടനങ്ങൾ നടത്തിയിരുന്നെങ്കിലോ, അവർക്ക് അപ്പോൾ കോമിക്കുകൾ

ഇഷ്ടമായിരുന്നെങ്കിലോ, അവർക്ക് എന്തെങ്കിലും പ്രത്യേക ലൈംഗികതാൽപര്യം ഉണ്ടായിരുന്നുവെങ്കിലോ, അവർ പണ്ട് എഴുതിയിരിക്കാവുന്ന കവിതകളോ, അവരുടെ തൊഴിൽ ജീവിതത്തിലേക്കുള്ള ലിങ്കുകളോ, സ്വകാര്യ വിവരങ്ങളുടെ വ്യാഖ്യാനങ്ങളോ എന്നിങ്ങനെ. ഈ വിവര സമാഹരണങ്ങൾക്കായി ചെലവഴിച്ചിരിക്കുന്ന സമയവും ഊർജ്ജവും വളരെ വലുതാണ്. ആ വ്യക്തികളുടെ സാമൂഹികവും ഔദ്യോഗികമായ ജീവിതത്തിൽ തിരിച്ചടികൾ ഉണ്ടാകുന്നു എന്നതാണ് അതിന്റെ അപകടം. ഈ നിന്ദ്യമായ പ്രതികാര നടപടിക്കെതിരെ ഓരോ കാര്യമായി എടുത്തു പറഞ്ഞ് പ്രതികരിക്കുന്നത് ഒരുപാട് സമയവും ഊർജ്ജവും നഷ്ടപ്പെടുത്തുന്നതും വലിയ പ്രയോജനം ഇല്ലാത്തതുമാണ്. വിമർശകർ ഉന്നയിച്ച പ്രശ്നങ്ങളെ ന്യായീകരിക്കാൻ പ്രസ്ഥാനത്തിന്റെ കൈയിൽ വാദമുഖങ്ങൾ ഒന്നുംതന്നെയില്ലെന്നും, സംഘടന ഒരിക്കലും സ്വയം ചോദ്യം ചെയ്യാനും തിരുത്താനോ തയ്യാറാകില്ലെന്നും മാത്രം മനസ്സിലാക്കിയാൽ മതിയാകും. പ്രസ്ഥാനത്തിന്റെ ഊർജ്ജം മുഴുവൻ നീചമായ രീതിയിൽ വ്യക്തിഹത്യയ്ക്കുവേണ്ടി മാറ്റിവയ്ക്കുകയല്ലാതെ മറ്റൊന്നും അവർ ചെയ്യില്ല.

ഈ പ്രത്യേക സംഭവത്തിൽ, വെബ് ഭീകരവാദി എന്നു വിളിക്കാവുന്ന, ജെറാർഡ് ജോ മൊറാനോ എന്ന ആളെ ഈ ആവശ്യത്തിനായി നിയമിച്ചത് ആർക്കും എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. സത്യസായിബാബയുടെ[91] വിമർശകർക്കെതിരെ തന്റെ കഴിവ് തെളിയിച്ചയാളാണ് ഇയാൾ. സത്യസായി ബാബയുടെ വിമർശകർക്ക്[92] വേണ്ടി ഉണ്ടാക്കിയിട്ടുള്ള ബ്ലോഗിന്റെ ഒരു പ്രത്യേക ഭാഗം ഇയാൾ A യ്ക്ക് വേണ്ടി വിനിയോഗിച്ചു.

ഈ കഥാപാത്രം സ്പാംഡെക്സിംഗ് എന്ന് വിളിക്കപ്പെടുന്ന, വളരെ ഫലപ്രദമായിരുന്ന കൃത്രിമ ഇൻഡെക്സിങ്ങിൽ വിദഗ്ദ്ധനായിരുന്നു. അങ്ങനെ അയാളുടെ പരദൂഷണ

പേജുകൾ സെർച്ച് എഞ്ചിൻ റിസൾട്ടുകളിൽ ഏറ്റവും മുകളിൽ വരാൻ തുടങ്ങി. ഈ ആളുകളെക്കുറിച്ചുള്ള വിക്കിപീഡിയ പേജുകളിലും അയാൾ പ്രതികൂലമായി ഇടപെടുകയും ആഖ്യാനങ്ങളെ പൊളിച്ചെഴുതുകയും വികൃതമാക്കുകയും ചെയ്തു. ഇതിനെ ഓൺലൈൻ പീഡനം എന്നോ, വിവര-നശീകരണം എന്നോ, സൈബർ സ്റ്റോക്കിങ്ങ് എന്നോ വിളിക്കാവുന്നതാണ്. ഈ കഥാപാത്രം 2011 ൽ[93] അന്തരിച്ചു, എന്നാൽ അയാളുടെ പാരമ്പര്യം തുടരാൻ അവർ മറ്റാരെയെങ്കിലും കണ്ടെത്തിയിട്ടുണ്ടാമെന്നത് ഉറപ്പാണ്.

*"ഇതു വളരെ ഭയപ്പെടുത്തുന്നതാണ്"* ഈ വെബ്സൈറ്റിലൂടെ ആക്രമണത്തിനിരയായ ഒരു മുൻഭക്തൻ പറഞ്ഞു. *"ഞാൻ കുറെ വർഷങ്ങൾക്കുമുമ്പ് പ്രസ്ഥാനം വിട്ടതാണ്, എന്നാൽ ഇപ്പോൾ അവർ എന്റെ ചെറുപ്പത്തിലെ ഫോട്ടോകൾ, പത്ത് വർഷങ്ങൾക്കുമുമ്പ് ഞാൻ നടത്തിയിരുന്ന ഇപ്പോൾ നിഷ്ക്രിയമായ വെബ്സൈറ്റിലെ വിവരങ്ങൾ, ഞാൻ സംഘടനയുടെ ഭാഗമായിരുന്നപ്പോൾ എഴുതിയ കവിത എന്നിവയെല്ലാം പോസ്റ്റ് ചെയ്യുന്നു. ഞാൻ ഇന്റർനെറ്റ് വേട്ടയാടലിന്റെ ഇരയാണ്, എല്ലാം വീണ്ടും അനുഭവിക്കുന്നതായി എനിക്ക് തോന്നുന്നു. എന്നെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കാൻ ഇവർ ചെലവഴിച്ച സമയവും ഊർജ്ജവും ഭയപ്പെടുത്തുന്നതാണ്. പലരും വിട്ടുപോകാൻ ഭയപ്പെടുന്നതിന്റെ കാരണമെന്താണെന്ന് ഈ വെബ്സൈറ്റ് വ്യക്തമാക്കുന്നു, വിട്ടുപോകുന്നവർക്കെല്ലാം സംഭവിക്കുന്നത് ഇതാണ്"*.[94]

എല്ലാ സംഭവങ്ങളും ഞാൻ ഇവിടെ വെളിപ്പെടുത്തുന്നില്ല, എന്നാൽ ശ്രീനി പട്ടത്താനത്തിന്റെ കേസിനെക്കുറിച്ച് പറയാം. അയാൾ ഒരു മുൻ പോലീസ് ഉദ്യോഗസ്ഥനായിരുന്നു, യുക്തിവാദിയായി മാറുകയും അന്വേഷണാത്മക പത്രപ്രവർത്തകനായി പ്രവർത്തിക്കുകയും ചെയ്തു, കേരളത്തിലെ നിരവധി മാസികകളുടെ എഡിറ്റർ, ഇന്ത്യൻ അസോസിയേഷൻ

ഓഫ് റാഷണലിസ്റ്റിന്റെ മുൻ സെക്രട്ടറി, *നാസ്തിക് നേഷൻ* എന്ന സ്വതന്ത്രചിന്തയുടെയും യുക്തിവാദത്തിന്റെയും ഓൺലൈൻ ഫോറത്തിന്റെ സ്ഥാപകൻ എന്ന നിലയിലെല്ലാം അറിയപ്പെടുന്ന ആളാണ്. അയാൾ *"മാതാ അമൃതാനന്ദമയി ദിവ്യകഥകളും യാഥാർത്ഥ്യവും"* എന്ന പേരിൽ വിമർശനാത്മകമായ ഒരു പുസ്തകമെഴുതി. അതിൽ നിയമപരമായ റഫറൻസുകൾ, കോടതി നടപടികൾ, പത്ര ലേഖനങ്ങൾ, അത്ഭുതപ്രവർത്തികളെ നിരാകരിക്കുന്ന പ്രമുഖ വ്യക്തികളുടെ ഉദ്ധരണികൾ എന്നിവ അടങ്ങിയിരുന്നു. സംഘടനയ്ക്ക് ചുറ്റുമുള്ള പല സംശയാസ്പദമായ മരണങ്ങളും കൊലപാതകങ്ങളാണെന്നും അതിൽ അവകാശപ്പെട്ടിരുന്നു. ഈ എഴുത്തുകാരനെയും അയാളുടെ യുക്തിവാദി സംഘടനയിലെ മറ്റുചിലരെയും പ്രോസിക്യൂട്ട് ചെയ്യാൻ പ്രസ്ഥാനം ആവുന്നതെല്ലാം ചെയ്തു. അതിന്റെ നടപടിക്രമങ്ങൾ എവിടെ എത്തി നിൽക്കുന്നു എന്ന് എനിക്കറിയില്ല. അഭിഭാഷകനായൊരു ഭടൻ 2002 ൽ ആശ്രമത്തിനുവേണ്ടി ഇയാൾക്കെതിരെ *"അമ്മയുടെ ഭക്തരുടെ മതത്തെയും മതവികാരങ്ങളെയും പ്രകോപിപ്പിക്കാനുള്ള ബോധപൂർവ്വവും നീചവുമായ ഉദ്ദേശം"* എന്ന രീതിയിൽ കേസ് കൊടുത്തു.[95]

എന്നിരുന്നാലും പ്രസ്ഥാനം *"ലാഭേച്ഛയില്ലാതെ ചാരിറ്റി പ്രവർത്തനം നടത്തുന്ന ഒരു സംഘടനയായാണ് ഇന്ത്യയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്"*. തങ്ങളുടെ പ്രവർത്തന മേഖലകളായ ആരോഗ്യം/ സാമൂഹ്യക്ഷേമം/ വിദ്യാഭ്യാസം/ ഗ്രാമവികസനം എന്നിവയിലെല്ലാം വിഭാഗീയതയില്ലാതെ പ്രവർത്തിക്കുമെന്നാണ് അവർ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ടുതന്നെ ഈ പുസ്തകം മതവികാരം വ്രണപ്പെടുത്തുമെന്ന് സമർത്ഥിക്കാൻ ബുദ്ധിമുട്ടാണ്; പ്രത്യേകിച്ചും, A യെ ചുറ്റിപ്പറ്റിയുള്ള ഈ വ്യക്ത്യാരാധന ഒരു സംഘടിത മതമാണെന്ന് തെളിയിക്കേണ്ടി വരുമെന്നതിനാൽ. ഹിന്ദുമതം വിമർശനങ്ങൾ സ്വാഗതം ചെയ്യുന്ന

മതമായാണ് എഴുത്തുകാരൻ കണ്ടത്, ആദ്യകാല താത്വികാചാര്യന്മാരായ ശങ്കരാചാര്യർ, രാമാനുജാചാര്യർ, മാധ്വാചാര്യർ എന്നിവരെല്ലാം പൊതു വിമർശനം നടത്തുകയും വിമർശിക്കപ്പെടുകയും ചെയ്തവരാണ്. അവരാരും തന്നെ തന്റെ വിമർശകരെ അധികാരമുപയോഗിച്ച് അടിച്ചമർത്തിയിട്ടില്ല. *"ഹിന്ദു ഫാസിസ്റ്റുകൾ ഒരു എഴുത്തുകാരനെതിരെ നടത്തുന്ന മനുഷ്യത്വരഹിതവും ക്രൂരവുമായ നീക്കം അവസാനിപ്പിക്കണമെന്നും"* അദ്ദേഹം ആവശ്യപ്പെട്ടു. അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞത്: *"എന്റെ പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന കുറ്റങ്ങൾ അടിസ്ഥാനരഹിതമാണെങ്കിൽ, ഭക്തർക്ക് ഒരു പ്രതികരണം പ്രസിദ്ധീകരിക്കാമായിരുന്നു. [എന്നാൽ] അവർ യുക്തിവാദികൾക്കെതിരെ അപകീർത്തിപരമായ റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയാണ് ചെയ്തത്"*. സ്വയം ഹ്യൂമനിസ്റ്റുകൾ എന്ന് വിളിക്കുന്ന യുക്തിവാദികൾ ആവശ്യപ്പെടുന്നത് കേരള ഗവൺമെന്റ് ഇന്ത്യൻ കോൺസ്റ്റിറ്റ്യൂഷനിൽ പറഞ്ഞിട്ടുള്ള മാനവികതയുടെയും മതനിരപേക്ഷതയുടെയും മൂല്യങ്ങളും, *"ഓരോ പൗരനോടും നിർദ്ദേശിക്കുന്ന ശാസ്ത്രീയ മനോഭാവവും മാനവികതയും അന്വേഷണ പരിഷ്കരണ ത്വരയും (...) ഇന്ത്യൻ പൗരന്റെ കടമ"* (ആർട്ടിക്കിൾ 51A.h)[96] ഉയർത്തിപ്പിടിക്കണം എന്നാണ്.

ഞാൻ അനുഭവിക്കേണ്ടിവന്ന പീഡനങ്ങളും, ജെയിൽ അനുഭവിച്ചതും, ജെയിലിന്റെ അഭിമുഖം പ്രസിദ്ധീകരിച്ച ടിവി പ്രൊഡക്ഷൻ കമ്പനിയും മാധ്യമപ്രവർത്തകനും, വിമർശനാത്മകമായ ലേഖനങ്ങൾ പ്രസിദ്ധീകരിച്ച വിദേശ മാധ്യമങ്ങൾ അടക്കമുള്ള പത്രമാധ്യമങ്ങളും, സ്വതന്ത്രമായി സത്യം പറഞ്ഞതിനാൽ കൈയേറ്റം ചെയ്യപ്പെട്ട ഇന്ത്യൻ സന്യാസിയും അങ്ങനെ ധാരാളം പേർ. അവരുടെയെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തി ദീർഘിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നില്ല, കുറച്ചു സോഷ്യുകൾ മാത്രം പറഞ്ഞു നിർത്തുന്നു,

താല്പര്യമുള്ളവർക്ക് സ്വന്തം രീതിയിൽ ബാക്കി അന്വേഷിക്കാവുന്നതാണ്.

## സാക്കിനെ ആക്രമിക്കാൻ 002-ന്റെ ആഹ്വാനം

പോൾ സക്കറിയ, എന്ന മലയാള സാഹിത്യകാരൻ A യുടെ സംഘടന വ്യക്തിപൂജയെ പ്രോത്സാഹിപ്പിക്കുന്നതാണെന്നും അത് ആരോഗ്യകരമല്ലെന്നും പറഞ്ഞ് നിശിതമായി വിമർശിച്ചു. സംഘടനയ്ക്ക് തീവ്രവലതുപക്ഷ ഗ്രൂപ്പായ രാഷ്ട്രീയ സ്വയംസേവക സംഘ് പോലുള്ളവയുമായുള്ള അടുത്തബന്ധം ആശങ്കാജനകമാണെന്നും അയാൾ പറഞ്ഞു. ഈ വീക്ഷണത്തിന് കോളമിസ്റ്റ് ഭാസ്കറിന്റെ പിന്തുണയുമുണ്ടായിരുന്നു, എന്നാൽ സംഘടനയുടെ ഭാരവാഹികൾ ഇത് നിഷേധിച്ചു. സംഘടനയെ വിമർശിക്കുന്ന നിരവധി ലേഖനങ്ങൾ പല സമയങ്ങളിലായി അയാൾ പ്രസിദ്ധീകരിച്ചിരുന്നു. ഒരു ദേശീയ ദിനപത്രങ്ങളിൽ തന്റെ എതിർപ്പുകൾ തുറന്നെഴുതിയ ഇയാൾക്കെതിരെ പ്രസ്ഥാനത്തിലെ രണ്ടാമനായ 002 വിദ്വേഷം വച്ചുപുലർത്തുകയും എല്ലാ ഭക്തർക്കും ഈമെയിൽ മുഖാന്തരം ഒരു സന്ദേശമയയ്ക്കുകയും ചെയ്തു. പ്രത്യക്ഷത്തിൽ ഇതൊരു ഓർമ്മപ്പെടുത്തലാണ്.[97]

> പ്രിയപ്പെട്ട ദിവ്യ സഹോദരങ്ങളെ,
>
> സക്കറിയയുടെ വിഷലിപ്തമായ മനസ്സ് കുറേ നാളുകളായി പേനയിലൂടെ വിഷം ചൊരിയുകയാണ്. മാന്യതയുടെ എല്ലാ അതിരുകളും അയാൾ മറികടന്നുകഴിഞ്ഞു. ഈ ദുഷ്ടമനസ്കനായ എഴുത്തുകാരനോട് ഉചിതമായ രീതിയിൽ പ്രതികരിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അമ്മയുടെ മക്കൾ ഇപ്പോൾ കർമ്മനിരതരാകണം. നമ്മുടെ മൗനത്തെ അയാൾ ദൗർബല്യമായാണ്

കണക്കാക്കുന്നത്. നിങ്ങളുടെ വികാരങ്ങൾ നിങ്ങൾക്ക് കഴിയുന്നത്ര ശക്തമായി പ്രകടിപ്പിക്കുക. യാതൊരു നന്മയും അവശേഷിക്കാത്ത ഈ മനുഷ്യന് പിന്നെയും പിന്നെയും അവസരങ്ങൾ നൽകുന്ന "ഇന്ത്യ ടുഡേ" മാസികയ്ക്ക് നിങ്ങൾ എഴുതൂ.

ലോകത്തിന് വേണ്ടി സ്വയം സമർപ്പിച്ച നമ്മുടെ പ്രിയപ്പെട്ട അമ്മയെ ഉപദ്രവിക്കാൻ ഈ കൊടും ക്രൂരനെ നാം അനുവദിക്കരുത്.

വരൂ..... ഇപ്പോൾ തന്നെ ഉണർന്ന് പ്രവർത്തിക്കൂ.... നിങ്ങൾക്ക് കഴിയുന്നത്ര ആളുകളെ സംഘടിപ്പിക്കുക... ഈ അധർമ്മത്തോട് ഇത്തവണ മൗനം പാലിക്കരുത്...

**സ്നേഹത്തോടെയും പ്രാർത്ഥനയോടെയും, അമൃതസ്വരൂപ്.**

<u>അമൃതപുരിയിലെ അന്തേവാസികൾക്കായി ഒരു പ്രത്യേക കുറിപ്പ്:</u>

**നിങ്ങൾ മാസികയ്ക്ക് എഴുതുമ്പോൾ നിങ്ങളുടെ വീട്ടിലെ വിലാസം ഉപയോഗിക്കുക, അമൃതപുരി വിലാസമല്ല.**

ഗെയിലിന്റെ ഹോളി ഹെൽ എന്ന പുസ്തകം താൻ വായിച്ചു എന്ന് സക്കറിയ തന്നെ "ucanews"[98] നോട് പറഞ്ഞു: "*ആദ്ധ്യാത്മിക വ്യവസായത്തിൽ അവർ അനുഭവിച്ച കാര്യങ്ങളുടെ തുറന്നുപറച്ചിലാണിത്. അത് എഴുത്തുകാരി അനുഭവിച്ച സത്യത്തെക്കുറിച്ച് സംസാരിക്കുന്നു. ഇത്തരമൊരു പുസ്തകം ഞാൻ എഴുതിയിരുന്നെങ്കിൽ, എന്നെ അവർ കശാപ്പ് ചെയ്യുമായിരുന്നു. മനുഷ്യരെ വിശുദ്ധരായി വാഴ്ത്തുന്ന ഭ്രാന്തമായ ലോകത്തുനിന്നും വളരെ അകലെയാണ് അവരിപ്പോൾ.*"

പ്രസ്ഥാനത്തെക്കുറിച്ച് വിരുദ്ധാഭിപ്രായമോ എതിരഭിപ്രായമോ സംശയമോ ഉയർത്തുന്നവരോടുള്ള 002 ന്റെ അസഹിഷ്ണുതയുടെ അളവാണ് മേൽ പറഞ്ഞ ഉദാഹരണം തുറന്നു കാണിക്കുന്നത്. തന്റെ ഗുരുവിന്റെ പാത പിന്തുടരുന്ന അദ്ദേഹം വിമർശനത്തിന്റെ ഉള്ളടക്കത്തോട് പ്രതികരിക്കാതെ എഴുത്തുകാരെയാണ് അവഹേളിക്കുന്നത്. തുടർന്ന് അയാൾ ഒരു ഉന്മാദിയെപ്പോലെ അപവാദ പ്രചാരണത്തിൽ ഏർപ്പെടുന്നു, ഭക്തരും ശിഷ്യന്മാരും ഈ സന്ദേശം കഴിയുന്നത്ര പ്രചരിപ്പിക്കണമെന്നും, പൊതുജനങ്ങൾ മീഡിയകളിൽ അവരുടെ "വികാരങ്ങൾ" പ്രകടിപ്പിക്കണമെന്നും ആഹ്വാനം ചെയ്യുന്നു. പിന്നീട്, ഈ സ്വഭാവഹത്യയ്ക്ക് പിന്നിൽ സംഘടന തന്നെയാണെന്ന വസ്തുത ബോധപൂർവ്വം മറച്ചുവയ്ക്കാനായി പഴയതും അപ്രസക്തവുമായ വീട്ടുവിലാസങ്ങൾ ഉപയോഗിക്കാൻ അന്തേവാസികളോട് ആജ്ഞാപിക്കുന്നു. കഷ്ടമെന്നു പറയട്ടെ, ഒടുവിൽ അയാളുടെ ഇമെയിൽ തന്നെ പൊതുജനങ്ങൾക്കിടയിൽ ചോരുകയും, അയാളുടെ സത്യസന്ധത ഇല്ലായ്മ മാത്രമല്ല എത്രത്തോളം കാപട്യത്തിലേക്ക് അയാൾ തരംതാഴാൻ സന്നദ്ധനാണെന്നതും തുറന്നുകാട്ടുന്നു.

## ഒരു മുൻ ആർഎസ്എസ് ചിന്തകന്റെ അഭിപ്രായത്തിൽ സംഘടന ഒരു മാഫിയയാണ്

മുൻ ആർഎസ്എസ്[99] ചിന്തകനായ ടി.ആർ.സോമശേഖരൻ പറഞ്ഞതനുസരിച്ച് മാതാ അമൃതാനന്ദമയിയും ബാബാ രാംദേവും ശ്രീ ശ്രീ രവിശങ്കറും മറ്റും ആത്മീയ മാഫിയകളാണ്. കള്ളപ്പണം വെളുപ്പിക്കുന്നവർക്കെതിരെ മാത്രമല്ല ഇത്തരം മാഫിയകളെ തടയാൻ കൂടി നടപടി വേണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ബിജെപി സംസ്ഥാന നേതൃത്വം ശരിയായ ദിശയിലല്ല പ്രവർത്തിക്കുന്നതെന്നും സോമശേഖരൻ മാധ്യമങ്ങളോട് പറഞ്ഞു.

ഈ വീഡിയോയിൽ[100] മീഡിയാ വണ്ണിലെ ഒരു റിപ്പോർട്ടർ അദ്ദേഹത്തെ ഇന്റർവ്യൂ ചെയ്തപ്പോൾ അദ്ദേഹം പറഞ്ഞതിങ്ങനെയാണ്:

"*അമൃതാനന്ദമയിയും ബാബാ രാംദേവും ശ്രീ ശ്രീ രവിശങ്കറും ആത്മീയ കച്ചവടമാണ് നടത്തുന്നത്. ബിസിനസ്സുകളും മാഫിയ നേതാക്കളും രാഷ്ട്രീയ പാർട്ടികളും തമ്മിലുള്ള ഇത്തരം സൗഹൃദം നല്ലതല്ല. കേരളത്തിലെ ഏറ്റവും വലിയ മാഫിയ അമൃതാനന്ദമയിയാണ്. ഇന്ത്യയിൽ ഇതുപോലെ ധാരാളം പേരുണ്ട്. രാംദേവ് പലചരക്ക് സാധനങ്ങൾവരെ വിൽക്കാറുണ്ടെന്നും ഇപ്പോൾ ഒരു വലിയ ബിസിനസ് സാമ്രാജ്യവും മാഫിയാ സംഘവുമുണ്ടെന്നും അദ്ദേഹം പറഞ്ഞു.*"

കേരളത്തിലെ പല മാധ്യമ ചാനലുകളും അമൃതാനന്ദമയിക്ക് എതിരാണെങ്കിലും ആശ്രമത്തിന്റെ പരസ്യങ്ങളിൽ നിന്ന് ധാരാളം വരുമാനം ലഭിക്കുന്നതിനാൽ അവർ മൗനം പാലിക്കുകയാണ്. കോവിഡ് സമയത്ത് ടിവിയിൽ മറ്റ് പരസ്യങ്ങളൊന്നും ഇല്ലാത്തപ്പോഴും അമൃതാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരസ്യങ്ങൾ സ്ഥിരമായി ഉണ്ടാവും. അതുകൊണ്ടുതന്നെ ഈ കമ്പനികളൊന്നും തങ്ങളുടെ വരുമാനം നഷ്ടപ്പെടുത്തിക്കൊണ്ട് *മാഫിയ*യ്ക്കതിരെ റിപ്പോർട്ട് ചെയ്യില്ല.

## ഡൽഹിയിലെ അക്രമികളായ ഭക്തർ

2007 ഏപ്രിലിൽ, ഡൽഹി ആശ്രമത്തിലെ അന്തേവാസികൾ A യുടെ വരാനിരിക്കുന്ന പൊതു പരിപാടിയെക്കുറിച്ചുള്ള പോസ്റ്ററുകൾ ഗ്രീൻ അവന്യൂവിന്റെ പരിസരത്ത് പതിച്ചു. A നഗരം വിട്ടതിനുശേഷം ഗ്രീൻ അവന്യൂ നിവാസികൾ പോസ്റ്ററുകൾ നീക്കം ചെയ്യാൻ ആശ്രമവാസികളോട്

ആവശ്യപ്പെട്ടെങ്കിലും അവർ നിരസിച്ചു. അതിനാൽ ഗ്രീൻ അവന്യൂ നിവാസികൾ തന്നെ പോസ്റ്ററുകൾ നീക്കം ചെയ്തെങ്കിലും ആശ്രമവാസികൾ അവരെ ഇരുമ്പ് കമ്പികൾ ഉപയോഗിച്ച് ആക്രമിക്കുകയായിരുന്നു. ആശ്രമവാസികളിൽ ഒരുവൾ സ്വന്തം വസ്ത്രം വലിച്ചുകീറുകയും പ്രദേശവാസികൾക്കെതിരെ ബലാത്സംഗ പരാതി നൽകുമെന്ന് ഭീഷണിപ്പെടുത്തുകയും കൂടി ചെയ്തു. തിരിച്ചടികൾ ഭയന്നാവണം പോലീസ് ഈ പ്രശ്നത്തിൽ ഇടപെടാൻ വിമുഖത കാണിച്ചു. വിവിധ പത്രങ്ങളിൽ വാർത്ത പ്രസിദ്ധീകരിച്ചു വന്നു[101], എന്നിട്ടും ആശ്രമവാസികളെക്കൊണ്ട് അവരുടെ ന്യായീകരിക്കാനാവാത്ത പെരുമാറ്റത്തിനും അതിക്രമത്തിനും ഉത്തരം പറയിക്കണമെന്ന ആവശ്യങ്ങൾക്കൊന്നും അമ്മ മറുപടി നൽകിയില്ല.

## <u>ആത്മീയാചാര്യന്മാർക്ക് പതിവായുണ്ടാവുന്ന പിഴവുകൾ</u>

സ്വാമി നിർഗുണാനന്ദയുമായി (മാ ആനന്ദമയിയുടെ പ്രൈവറ്റ് സെക്രട്ടറി) നടത്തിയ ചർച്ചകളുടെ ഭാഗങ്ങൾ. ഡോ. ജാക്ക് വിങ്ങ്യ ശേഖരിച്ചത്.

- *ഗുരു സർവ്വജ്ഞനോ സർവ്വശക്തനോ അല്ലെങ്കിൽ സർവ്വവ്യാപിയോ ആണെന്ന് ഇന്ത്യയിൽ പറഞ്ഞുകേട്ടിട്ടുണ്ട്. ഇതിനെ കുറിച്ച് എന്താണ് അഭിപ്രായം?*

ഗുരു യഥാർത്ഥത്തിൽ സർവ്വവ്യാപിയാണെങ്കിൽ, അദ്ദേഹത്തെ കാണാൻ ഒരാൾക്ക് അദ്ദേഹത്തിന്റെ ആശ്രമത്തിലേക്കോ പരിപാടികളിലേക്കോ പോകേണ്ടതില്ലല്ലോ. വീട്ടിൽ തന്നെ ഇരുന്നാൽ മതിയാവും. അദ്ദേഹം സർവ്വജ്ഞനായിരുന്നെങ്കിൽ, നമ്മെ ആഴത്തിൽ മനസ്സിലാക്കാൻ നമ്മെ നിരീക്ഷിക്കുകയും നമ്മോടൊപ്പം സമയം ചെലവഴിക്കുകയും ചെയ്യേണ്ടതില്ല.

അദ്ദേഹം സർവ്വശക്തനാണെങ്കിൽ, ഈ ലോകത്തിന്റെ പ്രശ്നങ്ങളെല്ലാം ഒരു കണ്ണ് ചിമ്മുന്ന ലാഘവത്തോടെ പരിഹരിക്കുമായിരുന്നു, അപ്പോൾ തീർച്ചയായും മേൽ പറഞ്ഞതൊന്നുമല്ല ഗുരു. ഈ ഗുണങ്ങളെല്ലാം ദൈവത്തിൽ മാത്രം നിക്ഷിപ്തമാണ്.

- ആത്മീയാചാര്യന്മാരുടെ രൂപത്തിലുള്ള ഭൂമിയിലെ ദൈവികതയിൽ നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?

നോക്കൂ, ഇന്ത്യയിൽ പ്രത്യേകിച്ചും, ഒരു ദൈവമാകാൻ വളരെ എളുപ്പമാണ്, എന്നാൽ അങ്ങനെ തുടരാനാണ് പ്രയാസം! ഭക്തരുടെ ഒരു ചെറിയ സംഘം നിങ്ങളെ ഉയർത്തിക്കൊണ്ടു വരികയും ആരാധിക്കുകയും ചെയ്തിരിക്കാം, യഥാർത്ഥത്തിൽ നിങ്ങളെ ദൈവികതയിലേക്ക് അടുപ്പിക്കുന്ന ചില അനുഭവങ്ങൾ നിങ്ങൾക്കുണ്ടായിയുമിരിക്കാം. എന്നാൽ കാര്യങ്ങൾ പുരോഗമിക്കുന്നതിനൊപ്പം അത് നിലനിർത്തുന്നത് വളരെ ബുദ്ധിമുട്ടാണ്. സന്യാസത്തിന്റെ കാര്യവും അതുപോലെ തന്നെയാണ്.

- *ഒരു ഗുരുവിന് തന്റെ അതിമോഹത്താൽ വഴിതെറ്റുമോ?*

അതെ തീർച്ചയായും. ഒരാളെ ഉന്നതസ്ഥാനത്ത് ഇരുത്തിയാൽ, കാലക്രമേണ അവിടെ തുടരാനായി അയാൾക്ക് കള്ളം പറയേണ്ടിവരും. ഇതു കൂടാതെ പൊതുവായി ഇത്തരം സംഘടനകളുടേതായ ഒരു രീതി തുടർന്നു പോരുന്നുണ്ട്: രാഷ്ട്രീയക്കാർ, സമ്പന്നർ, സ്വാധീനമുള്ളവർ അല്ലെങ്കിൽ കേവലം അതിമോഹമുള്ളവരെല്ലാം ഒരു വലിയ ജനക്കൂട്ടത്തെ കാണുമ്പോൾ, അതിന്റെ ഭാഗമായി കാണപ്പെടാൻ ശ്രമിക്കും.

- *എന്തും കണ്ണുമടച്ച് വിശ്വസിക്കുന്ന പൊതുജനം ഒരു ആത്മീയ ഗുരുവിന്റെ എളുപ്പത്തിലുള്ള ഉയർച്ചയ്ക്ക്*

*കാരണമാകാറുണ്ടോ, അയാളുടെ പാരമ്പര്യം എന്തുതന്നെയായാലും?*

ഗുരു ദൈവമാണെന്ന് ഇന്ത്യയിലെ ആളുകൾ പറഞ്ഞുകൊണ്ടേയിരിക്കുന്നു, കാരണമവരത് വേദങ്ങളിൽ വായിച്ചിട്ടുണ്ട്. എന്നാൽ അതിൽ ആദ്യം മുതലേ ഒരു യുക്തി വൈരുദ്ധ്യമുണ്ട്: അവർക്ക് ദൈവത്തെക്കുറിച്ച് നേരിട്ടറിവില്ല, അവർക്കതിനെക്കുറിച്ച് അവ്യക്തമായ ഒരു ബൗദ്ധിക ധാരണ മാത്രമേ ഉള്ളൂ. അങ്ങനെയെങ്കിൽ അവർക്ക് അടിസ്ഥാനപരമായി അറിയാത്ത ഒരു കാര്യവുമായി ഗുരുവിനെ എങ്ങനെ താരതമ്യം ചെയ്യാൻ കഴിയും? കൂടാതെ, വലിയ മതപ്രസ്ഥാനങ്ങളിൽ, വിശ്വാസികൾ സാധാരണയായി വേദിയിൽ മാത്രമേ ഗുരുക്കന്മാരെ കാണുന്നുള്ളൂ, ആൾക്കൂട്ടത്തിന് നടുവിൽ വച്ച്, വല്ലപ്പോഴും ഗുരുവുമായി വ്യക്തിപരമായ ഒരു അഭിമുഖം ഉണ്ടായെന്നുമിരിക്കാം, എന്നാൽ ഇത് അദ്ദേഹത്തെ ആഴത്തിൽ അറിയാൻ പര്യാപ്തമല്ല. അതിനാൽ, നിങ്ങൾക്ക് അൽപ്പംപോലും അറിയാത്ത ഒരു കാര്യത്തെ അധികം അറിയാത്ത മറ്റൊരു കാര്യവുമായി താരതമ്യം ചെയ്യുന്ന ഈ സമവാക്യം തുടക്കം മുതലേ അവ്യക്തമാവുന്നു.

ഭക്തർക്ക് എപ്പോഴും എല്ലാത്തിനും വിശദീകരണങ്ങൾ ഉണ്ടായിരിക്കും, ഇത് ഭക്തിയുടെ പാതയിലെ ഒരു അടിസ്ഥാന പ്രശ്നമാണ്, പ്രത്യേകിച്ചും ഗുരുക്കളോടുള്ള ഭക്തി. നമ്മുടെ ഹൈന്ദവ പാരമ്പര്യത്തിൽ ഗുരു ശിഷ്യനെ അടിക്കുന്ന ഉദാഹരണങ്ങൾ വളരെ വിരളമാണ്.

- എന്തുകൊണ്ടാണ് ഗുരു പ്രവചനങ്ങൾ നടത്തുന്നത്?

അത് അയാളുടെ അഹംഭാവത്തിന്റെ പ്രതീക്ഷയാണ്, അവ ശരിയായി വന്നാൽ അയാൾക്ക് വീമ്പിളക്കാൻ കഴിയും. (...) നിഷ്കളങ്കരായ ശിഷ്യന്മാർ എല്ലാത്തിനും വിശദീകരണങ്ങൾ കണ്ടെത്തുന്നു: പ്രവചനം

സത്യമായാൽ അത് ഗുരുവിന്റെ സർവജ്ഞാനത്തിന്റെ തെളിവാണ്, അത് സത്യമാവാത്ത പക്ഷം അത് ശിഷ്യന്മാരുടെ വിശ്വാസത്തിന്റെ ഒരു പരീക്ഷണമാണ്. ഒരു യഥാർത്ഥ ഗുരുവിന് ശിഷ്യന്റെ മനസ്സിൽ സംഭവിക്കുന്ന കാര്യങ്ങൾ നേരിട്ടറിവുണ്ട്, അദ്ദേഹത്തിനത് പരീക്ഷിച്ചു നോക്കേണ്ട ആവശ്യമില്ല. ഒരു ഗുരുവിന് ശിഷ്യനെ പരീക്ഷിക്കേണ്ട ആവശ്യമുണ്ടെങ്കിൽ, അയാൾ ശിഷ്യന്മാരെ സ്വീകരിക്കേണ്ട തലത്തിലല്ല.

ഫ്രഞ്ച് അറിയാവുന്ന വായനക്കാർക്ക് ഈ അഭിമുഖത്തിന്റെ പൂർണ്ണരൂപം വായിക്കാവുന്നതാണ്[102]. ഇതേ വിഷയത്തെ സംബന്ധിച്ച് ഇനിയും ധാരാളം ചോദ്യങ്ങളുടെ ഉത്തരങ്ങൾ അവിടെയുണ്ട്. ഇതരമാർഗ്ഗം എന്ന രീതിയിൽ ഓൺലൈൻ പരിഭാഷാ സേവനങ്ങൾ ഉപയോഗിക്കുകയുമാവാം.

# III.9. ജീവചരിത്രത്തിന്റെ വിമർശനാത്മക അവലോകനം

ഈ പ്രസ്ഥാനത്തെക്കുറിച്ച് പറയുമ്പോൾ അത് സ്വയം അടിസ്ഥാനപ്പെടുത്തിയിരിക്കുന്ന ആധാരശില എന്താണെന്ന് അറിയേണ്ടത് പ്രധാനമാണ്: A യുടെ വ്യക്തിത്വം, സന്ദേശം, സംഘടന, ദൗത്യം എന്നതൊക്കെ പോലെ തന്നെ പ്രധാനമാണ് എപ്പോഴെങ്കിലും എവിടെയെങ്കിലും യാഥാർത്ഥ്യവും മിഥ്യയും തമ്മിൽ മാറിമറിയുകയോ, ഒന്ന് മറ്റൊന്നിനെ മറയ്ക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ച് അറിയേണ്ടത്. അതിനാൽ ഞാൻ A യുടെ ജീവചരിത്രം “വായിക്കാൻ” തീരുമാനിച്ചു. 1980 ന്റെ തുടക്കത്തിലേ A യോടൊപ്പം ചേരുകയും, അഞ്ചുവർഷത്തിനുശേഷം A യുടെ സന്ദേശം പാശ്ചാത്യലോകത്ത് പ്രചരിപ്പിക്കാൻ യൂറോപ്പിലേക്ക് പോവുകയും ചെയ്തയാളാണ് ഞാൻ. അല്ലാതെ A യുടെ ജീവചരിത്രത്തിൽ ആകൃഷ്ടനായി അവരോടൊപ്പം ചേർന്ന ഒരാളല്ല. അവരുടെ ജീവചരിത്രം ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചതുതന്നെ ഞാൻ യൂറോപ്യൻ ദൗത്യവുമായി പോയി നാലുവർഷത്തിനുശേഷമാണ്. തിരിഞ്ഞുനോക്കുമ്പോൾ, ഈ വൈകിയ വേളയിൽ വായിച്ചതെന്തോ അതിൽ ഞാൻ തീർത്തും അസ്വസ്ഥനാണ്, എന്നാൽ പ്രസ്ഥാനത്തിന്റെ വഴിതെറ്റലിന്റെ ഉത്ഭവസ്ഥാനം എവിടെയെന്ന് ഇപ്പോൾ കൃത്യമായി മനസ്സിലാവുന്നുണ്ട്. മൂലവാക്യങ്ങൾ ഒരോവരിയായി പിന്തുടർന്നും, വസ്തുതകളോ സംഭവങ്ങളോ അതിനിടയിൽ ചേർക്കാതെയുമുള്ള ഒരു വിമർശനാത്മക അവലോകനവും

പുനർവ്യാഖ്യാനവുമാണ് ഞാൻ ഇവിടെ ചെയ്യാൻ ശ്രമിക്കുന്നത്.

## a. ജീവചരിത്രം

1986-ൽ പ്രൊഫ. എം. രാമകൃഷ്ണൻ നായരാണ് A യുടെ ജീവചരിത്രം ആദ്യമായി എഴുതിയത്. അത് മലയാളത്തിലായിരുന്നു. ഏതാണ്ട് മുഴുവനായും A വിവരിച്ചത് കാസറ്റുകളിൽ റെക്കോർഡ് ചെയ്യുകയും പിന്നീട് എഴുതുകയുമായിരുന്നു ചെയ്തിരുന്നത്. മലയാളത്തിലെ മൂലഗ്രന്ഥത്തിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് ബാലുവാണ് ഇംഗ്ലീഷ് പതിപ്പ് തയ്യാറാക്കിയത്, അത് രണ്ടുവർഷത്തിനുശേഷം 1988 ലാണ് പ്രസിദ്ധീകരിച്ചത്. തുടർന്ന് പ്രസ്ഥാനത്തിന്റെ രാഷ്ട്രീയ ആവശ്യങ്ങൾക്കനുസരിച്ച് ജീവചരിത്രം നിരവധി പരിഷ്കാരങ്ങൾക്ക് വിധേയമായിട്ടുണ്ട്- അതെ, ചരിത്രം തിരുത്തിയെഴുതുന്ന ശക്തരായ ആളുകളെപ്പോലെ. 1993 ഞാൻ പ്രസ്ഥാനം വിട്ടുപോയശേഷം ഇറങ്ങിയ പതിപ്പുകളിൽ നിന്ന് ഞാൻ ഒഴിവാക്കപ്പെട്ടു, പിന്നീട് വളരെ ചുരുങ്ങിയ തോതിലും അപകീർത്തികരവുമായി എന്റെ സാന്നിധ്യം പുനഃസ്ഥാപിക്കുകയും ചെയ്തു. 1999-ൽ പ്രസ്ഥാനം വിട്ടുപോയതിന് ശേഷം ഗെയിലിനും ഇതേ പ്രതിസന്ധികൾ നേരിടേണ്ടി വന്നു; പ്രത്യേകിച്ച്, 2013-ൽ പുസ്തകം പ്രസിദ്ധീകരിച്ചതിനുശേഷം. കേട്ടുകേൾവി ശരിയാണെങ്കിൽ, 2012 ലെ പതിപ്പിൽ ചന്ദ്രുവിനും പൈയ്ക്കും എനിക്കും (ഗംഗ) മഞ്ജുവിനും ഇതേ കാര്യം സംഭവിച്ചു, അതിൽ ഞങ്ങളെ പൂർണ്ണമായും ഒഴിവാക്കി. ഇതെഴുതുന്ന സമയത്ത് എന്റെ കൈയിൽ ഉള്ളത് 2011 ലെ പതിപ്പാണ്. അതിൽ ഞാൻ അവരുടെ മുൻ യൂറോപ്യൻ പ്രതിനിധിയായോ, യൂറോപ്പിലെ സംഘടന സ്ഥാപിച്ച ആളായോ, അവരുടെ സത്സംഘങ്ങൾ നടത്തിയിരുന്ന ആളായോ അതിനായി മാസത്തിൽ ആയിരം കിലോമീറ്റർ സഞ്ചരിച്ചിരുന്ന ആളായോ, 1993 വരെ അവരുടെ

യൂറോപ്യൻ ടൂറുകളുടെ സംഘാടകനായോ, ഫ്രഞ്ച്-സ്വിസ്- ജർമൻ ബോർഡറിലുള്ള അവരുടെ ആദ്യത്തെ യൂറോപ്യൻ സെന്ററിന്റെ സ്ഥാപകനായോ, അവരുടെ സന്ദർശനങ്ങൾക്കിടയിൽ അവരുടെ ഡ്രൈവറായോ (യൂറോപ്പിലെ വിവിധ നഗരങ്ങൾക്കിടയിൽ അവർ വിമാനത്തിൽ സഞ്ചരിക്കാത്തപ്പോൾ), വിവർത്തകനായോ ഒന്നും കാണപ്പെടുന്നില്ല. ഇത്തരമൊരു ഒഴിവാക്കൽ എല്ലാ മര്യാദകളും ലംഘിക്കുന്നതും ആക്ഷേപകരവുമാണ്.

2014 ഏപ്രിൽ 13-ന് "മാധ്യമം" എന്ന പത്രത്തിൽ ഇതുസംബന്ധിച്ച് ഒരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നു, മറ്റു കാര്യങ്ങളോടൊപ്പം ജീവചരിത്രത്തിൽ വന്ന ഈ മാറ്റങ്ങളും ആദ്യ ജീവചരിത്രകാരനായ പ്രൊഫസറുടെ ഒരു അഭിമുഖവും ഉണ്ടായിരുന്നു. *അതിൽ അദ്ദേഹം പറഞ്ഞതുപ്രകാരം ഗായത്രി (ഗെയിൽ) ഇല്ലാത്ത (A യുടെ) ജീവചരിത്രം അർത്ഥമില്ലാത്തതാണ്*.

ഈ വിശകലനം ആരംഭിക്കുന്നതിനുമുമ്പ്, ജീവചരിത്രത്തിന്റെ യഥാർത്ഥ പതിപ്പിൽ ഗായത്രിയെക്കുറിച്ച് A തന്നെ പറഞ്ഞത് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ജീവചരിത്രകാരനായ പ്രൊഫസർ ഈ വാക്കുകൾ അദ്ദേഹത്തോട് അക്ഷരാർത്ഥത്തിൽ A പറയുകയും അദ്ദേഹമെഴുതിയെടുക്കുകയും ചെയ്തതാണെന്ന് സ്ഥിരീകരിക്കുന്നു.

- "തന്നെ പരിചരിക്കാൻ പോകുന്നയാൾ തിരുവണ്ണാമലയിലുണ്ടെന്ന് [ചന്ദ്രുവിനോട്] A പ്രവചിച്ചു".
- "ഗായത്രി A യോട് അവരോടൊപ്പം ജീവിക്കാനുള്ള അനുവാദം ചോദിച്ചു. നമ്മൾ ഒരുമിച്ച് മരിക്കുമെന്ന് A ഉത്തരവും പറഞ്ഞു".
- "ഗായത്രിയെപ്പോലൊരു വ്യക്തി ഒരു സഹസ്രാബ്ദത്തിൽ ഒരിക്കൽ മാത്രം വരുന്നു. അവൾക്ക് സാധനയുടെ ആവശ്യമില്ല. അവൾ അവളുടെ [ആത്മീയ] ലക്ഷ്യം കൈവരിക്കും".

- "അവൾ ഒരു ഉത്തമ സന്യാസിനിയാണ്".
- "അവളുടെ മനസ്സ് എപ്പോഴും A യിലാണ്. ഗായത്രിക്ക് അറിയാം A എന്താണ് ചിന്തിക്കുന്നതെന്ന്".
- "ഗായത്രിയെ കുറിച്ച് സംസാരിക്കാൻ A യ്ക്ക് നൂറ് നാവാണ്".

തുടക്കം മുതലേ മയമില്ലാതെ തന്നെ പറയട്ടെ, അതിശയോക്തി അമിതാവേശം അമിതതപം എന്നിവയുടെയെല്ലാം അതിശയിപ്പിക്കുന്ന ഒത്തുചേരലാണ് നിങ്ങൾക്കാ ജീവചരിത്രത്തിൽ കാണാൻ കഴിയുന്നത്. ഇത് ആ പുസ്തകം വായിക്കുന്നത് ബുദ്ധിമുട്ടാക്കുക മാത്രമല്ല സാമാന്യബുദ്ധിക്ക് ദഹിക്കാൻ പ്രയാസമാക്കുക കൂടി ചെയ്യുന്നു. എഴുത്തുകാരൻ സ്ഥിരതയെ ബലികഴിച്ചുകൊണ്ട് തന്റെ ആഖ്യാനത്തെ അടിച്ചേൽപ്പിക്കുന്നു. എന്നാൽ ഭക്തിയും വിശ്വാസവും കൂടിക്കലരുന്നിടത്ത് എന്തും സാധ്യമാണെന്ന് നമുക്ക് പിന്നീട് കാണാൻ കഴിയും. ആമുഖത്തിൽ തന്നെ മഹാഗുരുവും യോഗിയുമായ A പൂർണ്ണബോധത്തിലാണ് ജനിച്ചതെന്ന് രചയിതാവ് മുന്നറിയിപ്പ് നൽകുന്നു. അതിന്റെ അടിസ്ഥാനത്തിലാണെങ്കിൽ ഇതിൽ കൂടുതലായി ഒന്നും വായിക്കാനില്ല, വീണ്ടും വീണ്ടും സ്വയം ബോധ്യപ്പെടുക എന്നതല്ലാതെ. "*കഠിനമായ സാധനയിലൂടെ (...) കടന്നുപോവുകയോ പ്രദർശിപ്പിക്കുകയോ (ഏത് എന്ന് നമുക്കറിയില്ല) ചെയ്തുകൊണ്ട് ഒരു ഗുരുവിന്റെ സഹായമില്ലാതെ (...) ഇരുപത്തിയൊന്നാം വയസ്സിൽ അവർ ദൈവസാക്ഷാത്കാരം പുറമെ പ്രകടിപ്പിച്ചു തുടങ്ങി*".

ഇന്ന് ആശ്രമത്തിലെത്തുന്നവർക്ക് 1978 ലും അതിനുമുമ്പും ആ മുക്കുവഗ്രാമം എങ്ങനെയായിരുന്നുവെന്ന് സങ്കൽപ്പിക്കാൻ, അപാരമായ ഭാവന ആവശ്യമായിവരും. ഇപ്പോഴത് കെട്ടിടങ്ങളാലും ബഹുനില അപ്പാർട്ട്മെന്റ് ബ്ലോക്കുകളാലും നിറഞ്ഞിരിക്കുന്നു. തെങ്ങിൻ തോപ്പിന്റെ ഇടതൂർന്ന ഓലകൾക്കടിയിലൂടെ അവിടെ പലപ്പോഴും

ഇരുട്ടായിരുന്നു കൂടാതെ വൃത്തിഹീനവും ദയനീയവും. ഉറപ്പുള്ള വീടുകൾ പോലും പ്രാകൃതമായിരുന്നു: പൂശാത്ത ചുമരുകളും, മച്ചില്ലാതെ ഓടുമേഞ്ഞ മേൽക്കൂരകളും. പാവപ്പെട്ടവർ ഓല കൊണ്ടുള്ള കുടിലുകളിലാണ് ജീവിച്ചിരുന്നത്. നടപ്പാതകൾ ഇടുങ്ങിയതും ചെളി നിറഞ്ഞതുമായിരുന്നു. ഗ്രന്ഥകർത്താവ് തന്റെ ഭാഗത്തു നിന്ന് (ഇവിടെ ഞാൻ ഇംഗ്ലീഷ് പതിപ്പിനെയാണ് പരാമർശിക്കുന്നത്) ആ ഗ്രാമത്തിന്റെ വിശുദ്ധിയും മഹത്വവും വിവരിച്ചിരിക്കുന്നു. അവിടെ അയാൾ ഒരു ഐതിഹ്യത്തെ പരാമർശിച്ചിട്ടുണ്ട്, അത് അയാൾ നാല് പേജുകളിലായി വിവരിക്കുകയും, ഇങ്ങനെ പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയും ചെയ്യുന്നു: *"അങ്ങനെയുള്ള ഈ പുണ്യസ്ഥലം വീണ്ടും ഒരു ദിവ്യനാടകത്തിന്റെ കേന്ദ്ര വേദിയായി മാറിയതിൽ അത്ഭുതപ്പെടാനുണ്ടോ?"*

A യുടെ കുടുംബത്തെ അയാൾ ഈശ്വരഭക്തിയും ധർമ്മനിഷ്ഠയും നിറഞ്ഞവരായി അവതരിപ്പിച്ചിരിക്കുന്നു, മാതൃകാപരമായ പല ദൈവഭക്തരും ഈ കുടുംബത്തിലാണത്രെ ജനിച്ചത്. A യുടെ പിതാവ് എത്ര ഭക്തനായിരുന്നുവെന്ന് കാണിക്കാനായി ലേഖകൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു: ദൈവഭക്തിമൂലം, ഒരിക്കൽ കൃഷ്ണന്റെ ഒരു നാടകാവതരണത്തിനിടെ അദ്ദേഹം വേദിയിൽ തളർന്നുവീണു. അമ്മയ്ക്ക് കുലീന എന്ന പദവിയും നൽകിയിട്ടുണ്ട്: അവർ വളരെ ഭക്തയായതിനാൽ നാട്ടുകാർ *ബ്രാഹ്മണസ്ത്രീ* എന്നാണത്രെ വിളിച്ചിരുന്നത്. അവർ പതിവുള്ള വ്രതാനുഷ്ഠാനങ്ങൾ അവസാനിപ്പിക്കുമ്പോൾ അവരുടെ ദാഹം ശമിപ്പിക്കാൻ തെങ്ങുകൾ ഇളനീർ പൊഴിച്ചിരുന്നുവത്രെ, എത്ര അത്ഭുതകരം! ബോളിവുഡിലേതുപോലെ വർണ്ണശബളമായ രീതിയിൽ യാദൃശ്ചികമായി അവിടെ ഒരു സന്യാസി വന്നതായും, അനേകം സന്യാസിമാർ ഈ സ്ഥലത്ത് ആത്മസാക്ഷാത്കാരം നേടുമെന്ന്

പ്രവചിച്ചുകൊണ്ട്, ആഹ്ളാദകരമായ ഒരു ചിരിയോടെ അദ്ദേഹം വിടവാങ്ങിയതായും എഴുതിയിരിക്കുന്നു. ആ പ്രദേശം ഒരു പുണ്യസ്ഥലമായി മാറുമെന്നും, അനേകം സന്യാസിമാർ (അത് സൂക്ഷ്മരൂപത്തിലായിരുന്നിരിക്കണം) ഇതിനകം അവിടെ ധ്യാനനിരതരായി ഇരിക്കുന്നുണ്ടെന്നും അനേകം മഹാത്മാക്കളെ അവിടെ അടക്കം ചെയ്തിട്ടുണ്ടെന്നുമെല്ലാം ആ യാദൃശ്ചിക സന്യാസി പറഞ്ഞുവയത്രെ! ഈ അവകാശവാദത്തെ ശരിവയ്ക്കുന്ന യാതൊന്നും എനിക്കറിയില്ല.

അങ്ങനെ രംഗസജ്ജീകരണം കഴിഞ്ഞ സ്ഥിതിക്ക്, കുട്ടിക്ക് പ്രത്യക്ഷപ്പെടാൻ സമയമായി. അവരുടെ അമ്മയുടെ ഗർഭകാലത്ത് മാതാപിതാക്കൾക്ക് ദർശനങ്ങൾ ലഭിച്ചിരുന്നു, കൂടാതെ, അവർക്ക് ജനിക്കാൻ പോകുന്നത് കൃഷ്ണനാണെന്നും അവർ സ്വപ്നം കണ്ടു. അതിനാൽ സുധാമണി ജനിച്ചത് കടും ചാര-നീല നിറത്തിലാണ് (കൃഷ്ണനെപ്പോലെ), കുടുംബത്തിലെ മറ്റുള്ളവരുടെ വെളുത്ത നിറം കണക്കിലെടുക്കുമ്പോൾ ഇത് അതിശയിപ്പിക്കുന്നതായിരുന്നു. അതൊരു അസുഖമായി അവർ കണക്കാക്കി, കുഞ്ഞിനെ ആറുമാസം കുളിപ്പിക്കരുത് എന്ന് അവർക്കുപദേശവും ലഭിച്ചു. 180 ദിവസത്തേക്ക് കുളിപ്പിക്കാതിരുന്ന ഒരു കുഞ്ഞിനെ നിങ്ങൾക്ക് സങ്കൽപ്പിക്കാനാകുമോ? (കൃഷ്ണനോ അതോ രോഗമോ? അതവർക്ക് ഉറപ്പില്ലായിരുന്നു, ഈ അടിസ്ഥാന സംശയം കഥയിലുടനീളം കാണാം.) ചുരുക്കത്തിൽ, അവളുടെ കറുത്തനിറം കാരണം മാതാപിതാക്കൾക്ക് ഈ കുട്ടിയോട് വെറുപ്പ് മാത്രമേ തോന്നിയുള്ളൂ, അവർ അവളെ പൂർണ്ണമായും അവഗണിച്ചു. “ധർമിഷ്ഠരായ ദൈവഭക്തർ!” പക്ഷേ പ്രത്യേകിച്ച് മിടുക്കുള്ളവരോ സഹാനുഭൂതിയുള്ളവരോ അല്ല. ശരി അത് കാര്യമാക്കേണ്ട എന്നുവയ്ക്കാം! സുധാമണിക്ക് ആറുമാസം പ്രായമുള്ളപ്പോൾ സാധാരണ കുട്ടികളെപ്പോലെ വിഷമകരമായ പഠനപ്രക്രിയയിലൂടെ കടന്നുപോകാതെ പെട്ടെന്ന് ഒരു ദിവസം നടക്കാൻ

തുടങ്ങി, അതേ സമയം തന്നെ സംസാരിക്കാനും ആരംഭിച്ചു. രണ്ടു വയസ്സിൽ പ്രാർത്ഥനകൾ ചൊല്ലാൻ തുടങ്ങുകയും, നാലു വയസ്സിൽ പാട്ടുപാടുകയും, അഞ്ചാംവയസ്സിൽ പലപ്പോഴും ഭക്തിപുരസരം കൃഷ്ണനിൽ ലയിക്കുകയും പരിസരബോധം നഷ്ടപ്പെടുകയും ചെയ്തു. ആ സമയത്താണ് മാതാപിതാക്കൾക്ക്, തങ്ങൾ അതുവരെ അവഗണിക്കുകയും വെറുക്കുകയും ചെയ്തിരുന്ന കുട്ടിക്ക് മാനസിക പ്രശ്നങ്ങൾ ഉണ്ടോ എന്ന് ആദ്യമായി സംശയം തോന്നിത്തുടങ്ങിയത്. അതിനിടയിൽ, വീട്ടിൽ സ്ഥലമുണ്ടാക്കാനായി, അവർ പശുത്തൊഴുത്തിനോടനുബന്ധിച്ച് ഒരു ചെറിയ മുറി പണിയുകയും, അവളെ അങ്ങോട്ട് മാറ്റിപ്പാർപ്പിക്കുകയും ചെയ്തു. തങ്ങൾക്ക് ഇഷ്ടമല്ലാത്ത, സ്വയം ഉൾവലിയുകയും നഷ്ടപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു ആറുവയസ്സുകാരിക്ക് പറ്റിയ മാറ്റം തന്നെ. അവളുടെ വിചിത്രമായ പെരുമാറ്റം കാരണം അവളുടെ അമ്മയും ജ്യേഷ്ഠനും അവളെ എതിർത്തിരുന്നു. കൂടാതെ, ഏഴാം വയസ്സിൽ, അവളുടെ മനസ്സ് മറ്റെങ്ങോ ആയ സമയങ്ങൾ കൂടിവരുകയും തീവ്രമാവുകയും ചെയ്തു. ഒരുദിവസം, അവൾ *"ആനന്ദത്താൽ"* നൃത്തം ചെയ്യുന്നത് അമ്മ കാണുന്നു, അവൾ നൃത്തം പഠിക്കുന്നത് നന്നായിരിക്കും എന്ന് അമ്മ കരുതുന്നു. അവൾക്ക് വേണ്ടതെല്ലാം ലഭിച്ചു. ജീവചരിത്രകാരൻ അവളെ ശുദ്ധമായ സ്നേഹത്തിന്റെയും ആനന്ദത്തിന്റെയും സമുദ്രത്തിൽ ആറാടിക്കുന്നു. എന്നാൽ അവൾ നിരന്തരം കരഞ്ഞുകൊണ്ടിരിക്കുന്നത് കണ്ടിരുന്ന പ്രദേശവാസികളുടെ അഭിപ്രായം ഇതല്ല.

A യുടെ പിതാവ്, ഭാര്യ ഇതിനകം വളരെ മോശമായ അവസ്ഥയിൽ ആയിരുന്നിട്ടുകൂടി അവരെ ഗർഭം ധരിപ്പിക്കുന്നത് തുടർന്നു. ആറ് കുട്ടികളുണ്ടായിക്കഴിഞ്ഞപ്പോൾ തന്നെ അവർക്ക് വീട്ടുകാര്യങ്ങൾ നോക്കി നടത്താൻ വയ്യാതായി എന്നിട്ടും അയാൾ അവരുടെമേൽ ഏഴ് ഗർഭകാലങ്ങൾ കൂടി

അടിച്ചേൽപ്പിച്ചു. മൊത്തത്തിൽ പതിമൂന്ന് ഗർഭവും അഞ്ച് മരണവും. ജീവിച്ചിരിക്കുന്ന മൂന്നാമത്തെ കുട്ടിയായ സുധാമണിക്ക് ശേഷം, അവർക്ക് അഞ്ച് ഗർഭങ്ങൾ കൂടിയുണ്ടായി, ആ കുട്ടികളെല്ലാം രക്ഷപ്പെട്ടു. തുടർന്നുള്ള പശ്ചാത്തലം മനസ്സിലാക്കുന്നതിന് ഇത് വ്യക്തമാക്കേണ്ടത് ആവശ്യമാണ്. അടിമുടി ദൈവഭക്തിയും ധർമ്മനിഷ്ഠയും തുളമ്പുന്ന മനുഷ്യൻ. തൽഫലമായി, വീട്ടുജോലികളെല്ലാം "വീട്ടുവേലക്കാരി" എന്ന് കരുതപ്പെടുന്ന സുധാമണിയുടെ തലയിലായി. അവരോടുള്ള പെരുമാറ്റം അടിസ്ഥാനപ്പെടുത്തിയാണെങ്കിൽ ബന്ധപ്പെട്ട വസ്തുതകൾ സത്യമായിരിക്കുന്നിടത്തോളം, അടിമ എന്ന് പറയുന്നതായിരിക്കും ഉചിതം. പത്ത് വയസ്സിൽ നാലാം ക്ലാസ് കഴിഞ്ഞതോടെ കുട്ടിക്ക് പഠനം ഉപേക്ഷിക്കേണ്ടി വന്നു, കാരണം അവൾ പുലർച്ചെ മൂന്നുമണി മുതൽ രാത്രി പതിനൊന്ന് മണിവരെ ജോലി ചെയ്തിരുന്നു. ആ പ്രായത്തിൽ, ഇരുപത് മണിക്കൂർ ജോലിചെയ്ത് തളർന്നിരിക്കുമ്പോൾ, നാല് മണിക്കൂർ ഉറക്കം എന്നത് തികച്ചും അപര്യാപ്തമാണ്: അത്തരമൊരു സാഹചര്യത്തിൽ ശാരീരികവും വൈകാരികവും മാനസികവുമായ ആരോഗ്യകരമായ വളർച്ച അസാധ്യമാണ്, ദൈവത്തോടൊപ്പമോ അല്ലാതെയോ. ആരോഗ്യപ്രശ്നങ്ങളാൽ അവശയായിട്ടും, അവളെ ക്രൂരമായി പീഡിപ്പിക്കാൻ വേണ്ടത്ര ശക്തി അവളുടെ അമ്മ കണ്ടെത്തിയിരുന്നു. അമ്മ ചെറിയ തെറ്റുകൾക്കുപോലും അവളെ ഭയപ്പെടുത്തുകയും ശിക്ഷിക്കുകയും നിഷ്കരുണം പീഡിപ്പിക്കുകയും ചെയ്തു (പദാനുപദം) – അവർ "ദൈവഭക്തിയുള്ളവരും ധർമ്മനിഷ്ഠയുള്ളവരും" ആയിരുന്നു എന്ന് മറക്കരുത്, അവരുടെ മകൾ പാവങ്ങൾക്ക് നൽകാനായി ഭക്ഷണം മോഷ്ടിക്കുന്നു എന്ന വിവരം അവരെ രോഷാകുലയാക്കി. എന്നാൽ അവർ ഏറ്റവും മോശമായി കണ്ടത് ആ കറുത്ത നിറമായിരുന്നു: മറികടക്കാനാവാത്ത ആ വിഷയമായിരുന്നു അവരുടെ വെറുപ്പിന്റെ അടിസ്ഥാനം.

അങ്ങനെ ഒരിക്കൽ സുധാമണി അവരോടു പറഞ്ഞു: *“ഞാൻ നിങ്ങളുടെ മകളല്ല, ഞാൻ നിങ്ങളുടെ മരുമകളായിരിക്കണം!”*, അങ്ങനെ ഏതാണ്ട് പത്ത് വയസ്സുള്ളപ്പോൾ, കുട്ടി സമുദ്രത്തെ തന്റെ യഥാർത്ഥ അമ്മയായി കണക്കാക്കാൻ തുടങ്ങി, ഭ്രാന്തിൽ അഭയം പ്രാപിച്ചു, ക്ഷമിക്കണം, ഭക്തിയിൽ അഭയം പ്രാപിച്ചു. അങ്ങനെ ഇത്തരം ഭക്തിയിൽ അവളുടെ മനസ്സ് *“ദൈവികതയുടെ പരകോടിയിലെത്തി”* വ്യക്തിപരമായി, അതിന്റെ അർത്ഥമെന്താണെന്ന് എനിക്കറിയില്ല, പക്ഷേ ജീവചരിത്രകാരന് അത്തരം അവസ്ഥകളെ ചുറ്റിപ്പറ്റിയുള്ള കാര്യങ്ങൾ നന്നായി അറിയാമെന്ന് തോന്നുന്നു. ദൗർഭാഗ്യകരമെന്ന് പറയട്ടെ, വിശ്വാസം, തത്വത്തിൽ, അസംഭവ്യവും യുക്തിരഹിതവുമായ കാര്യങ്ങൾ തുടങ്ങുന്ന പരിധി തിരിച്ചറിയുന്നില്ല, അതുകൊണ്ട് ഇതെല്ലാം നേരത്തെ ബോധ്യപ്പെടുന്ന ഭക്തർക്ക് പിന്നെ എന്തും വിശ്വസിക്കാൻ സാധിക്കും.

ശേഷം സുധാമണി കുറെ വർഷങ്ങൾ അവളുടെ അമ്മായിയുടെ വീട്ടിൽ ജോലിക്ക് പോയി. തൽഫലമായി, രോഗിയും പീഡകയുമായ അവളുടെ അമ്മയ്ക്ക് തനിയെ വീട്ടുകാര്യങ്ങൾ ചെയ്യേണ്ടി വന്നു, എല്ലാം അവർ സ്വന്തമായി കൈകാര്യം ചെയ്യുകയും ചെയ്തു. എന്നാൽ എന്തുകൊണ്ടാണെന്നറിയില്ല അത് ജീവചരിത്രകാരനെ അത്ഭുതപ്പെടുത്തിയില്ല. അമ്മായി അവളെ തല്ലുമ്പോൾ സുധാമണിയെ അത് ബാധിച്ചിരുന്നുപോലുമില്ല. അത്തരം പെരുമാറ്റമായിരുന്നു അവൾക്ക് പരിചിതമായത്, അതിനാൽ തന്നെ അവളത് സാധാരണ പെരുമാറ്റമായി കണക്കാക്കി. എന്നാൽ അവളുടെ ലോകത്തെക്കുറിച്ചുള്ള ദർശനം നിഷേധാത്മകമായിരുന്നു: *“ഈ ലോകം ദുഃഖവും കഷ്ടപ്പാടും നിറഞ്ഞതും, സ്വാർത്ഥത വാഴുന്നതുമാണ്. ആളുകൾ അവരവരുടെ സന്തോഷവും ആനന്ദവും മാത്രമേ ആഗ്രഹിക്കുന്നുള്ളൂ”*. പിൽക്കാലത്ത് ലോകത്തെ തിരസ്ക്കരിക്കാനുള്ള അവളുടെ തത്വചിന്തയുടെ

അടിത്തറയായി മാറി ഈ ചിന്ത. ആ സമയങ്ങളിൽ ജീവചരിത്രത്തിൽ പറയുന്നതനുസരിച്ച് അവൾ പാടാത്തപ്പോഴും കൃഷ്ണനിൽനിന്നുള്ള വിരഹവേദന അനുഭവിക്കാത്തപ്പോഴും, ഒരു പേജിൽ രണ്ടു തവണ വച്ച്, കരയുകയും ഏങ്ങലടിക്കുകയും ആക്രോശിക്കുകയും തന്റെ ദൈവത്തെ വിളിക്കുകയും ചെയ്തു. നാലുവർഷത്തിനുശേഷം അമ്മായിയുടെ വീട്ടിലെ വേലക്കാരി പണിയും പീഡനവും മടുത്തപ്പോൾ അവൾ തന്റെ അമ്മയുടെ വീട്ടിലേക്ക് മടങ്ങിവന്ന് അടിമ എന്ന സ്ഥാനം വീണ്ടെടുത്തു. അസാധ്യമെന്നു തോന്നാമെങ്കിലും, അപ്പോഴേക്കും അവളുടെ അമ്മ മുമ്പത്തേതിലും ദേഷ്യക്കാരിയും ക്രൂരയുമായി തീർന്നിരുന്നു. വെറുതെ ഒരുദാഹരണം പറയാം: അവൾ എന്തുചെയ്യുന്നു എന്ന് അമ്മ സദാ മറഞ്ഞുനിന്ന് നോക്കും. പുല്ലു പറിക്കുന്നതിനിടയിൽ അയലത്തെ പെൺകുട്ടികളോട് സംസാരിച്ചു എന്ന് കണ്ടാൽ അവൾ തിരിച്ചെത്താനായി കാത്തിരിക്കും. *തിരിച്ചെത്തുമ്പോൾ ചോറിളക്കുന്ന തടിതവി കൊണ്ട് തല്ലുകയും ചെയ്യും.* മറ്റു ചിലപ്പോൾ തേങ്ങ ഉടയ്ക്കുന്ന വെട്ടുകത്തി കൊണ്ടാവും തല്ല് (...വെട്ടുകത്തിയോ?). അവളെ തല്ലാൻ കഴിയാതെ വരുമ്പോൾ ചവിട്ടുകയും, മകൾ അവരുടെ കൈ തടുത്താൽ അവളെ കടിക്കുകയും ചെയ്യും- സുധാമണി പിന്നീട് ഗെയിലിനോട് ആവർത്തിച്ചത് ഈ പെരുമാറ്റമാണ്. ഇതെല്ലാം ഏറ്റവും അശ്ലീലമായ പദപ്രയോഗങ്ങളോടും മരണ ശാപങ്ങളോടും (പദാനുപദം) കൂടിയാണ് ചെയ്തിരുന്നത്. “ദൈവഭക്തരും ധർമ്മനിഷ്ഠരും ആണത്രെ”, സംശയമില്ല! ഏതായാലും രചയിതാവ് ഒഴികഴിവുകൾ കണ്ടെത്തി അമ്മയുടെ ഈ പെരുമാറ്റം വിശദീകരിച്ചിരിക്കുന്നു, അവരുടെ ഭക്തിയുടെ സ്വഭാവം ഔപചാരികവും അറിവില്ലാത്തതുമാണത്രെ. സുധാമണിയുടെ ഭാഗത്തുനിന്ന് അവൾ തന്റെ അമ്മയെ സ്വന്തം ഗുരുവായി കണക്കാക്കുന്നതായി വ്യക്തമാക്കിയിരിക്കുന്നത് ആരെയും അമ്പരപ്പിക്കും, അവൾക്ക് മറ്റാരും ഗുരുവായി

ഇല്ലായിരുന്നു എന്നത് ശരിയാണെങ്കിൽ പോലും. ഈ കുട്ടി ഏറ്റവും നിന്ദ്യവും കുറ്റകരവുമായ രീതിയിൽ പീഡിപ്പിക്കപ്പെട്ടിട്ടും, അവളുടെ ചർമ്മത്തിന്റെ നിറം കാരണം അവളെ അവഗണിക്കുകയും ശപിക്കുകയും ചെയ്ത ഈ അക്രമകാരിയും ക്രൂരയുമായ അമ്മയായിരുന്നു അവളുടെ ഒരേയൊരു ഗുരു എന്നത് നമ്മെ ഇരുത്തി ചിന്തിപ്പിക്കും. സുധാമണി സ്വയം പറയുന്നത് തന്റെ അമ്മ തന്നെ "*ശ്രദ്ധ, അച്ചടക്കം, ഭക്തി*" എന്നിവ പഠിപ്പിച്ചു എന്നാണ്. A യോ അവരുടെ ജീവചരിത്രകാരനോ ഈ പൊരുത്തക്കേട് കാണുന്നില്ല. നിറത്തിന്റെ പേരിൽ തന്റെ കുട്ടിയെ അവഗണിക്കുകയും തള്ളിക്കളയുകയും പീഡിപ്പിക്കുകയും ചെയ്യുന്ന അമ്മയെ അവർ വിശേഷിപ്പിക്കുന്നത് ശ്രദ്ധയും ഭക്തിയും അച്ചടക്കവുമുള്ള സ്ത്രീയായി ആണ്. ഏതായാലും സുധാമണിയുടെ ഗുരുവിന്റെ ഈ സമാനതകളില്ലാത്ത ഗുണങ്ങൾ അവരുടെ തന്നെ ഭാവിയിലെ ഗുരു എന്ന കടമയ്ക്കും അവരുടെ ഭാവി ശിഷ്യരുടെ വിധിക്കും നല്ലതായി ഭാവിച്ചില്ല. കുട്ടി പറഞ്ഞിരുന്നത് അല്ലെങ്കിൽ ഭാവിച്ചിരുന്നത്, "*ഞാൻ എന്റെ യഥാർത്ഥ അച്ഛനെയും അമ്മയെയും കണ്ടിട്ടില്ല*" എന്നാണ്. അവളുടെ നിറം കാരണം, ഗ്രാമീണർ അവളെ "*കുറച്ച് തവിടിന് പകരമായി വാങ്ങിയതായിരിക്കണം*" എന്നുപറഞ്ഞ് കളിയാക്കിയിരുന്നു.

അമ്മയുടെ യോഗ്യനായ മകനായ അവളുടെ ജ്യേഷ്ഠൻ, സുഭഗൻ അവളോട് മോശമായി പെരുമാറുകയും കാരണമില്ലാതെ ഇടയ്ക്കിടെ തല്ലുകയും ചെയ്തു. അയൽ വീടുകൾ സന്ദർശിച്ചപ്പോൾ, മുതിർന്നവർ എത്രമാത്രം ഉപേക്ഷിക്കപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്യുന്നുവെന്ന് അവൾ മനസ്സിലാക്കി, മനുഷ്യബന്ധങ്ങളുടെ ക്ഷണികതയും അടിസ്ഥാനപരമായ സ്വാർത്ഥതയും ബോധ്യപ്പെടുകയും ചെയ്തു. പട്ടിണിയുടെ വക്കിൽ നിന്ന ഒരു കുടുംബത്തെ പോറ്റാൻ അവൾ ഒരു സ്വർണ്ണ വള മോഷ്ടിച്ചപ്പോൾ, അവളുടെ പിതാവ് അവളെ മരത്തിൽ കെട്ടിയിട്ട്

പൊതിരെ തല്ലി. അങ്ങനെ ഭാര്യയ്ക്കും മൂത്തമകനുമൊപ്പം അവളുടെ പിതാവും പീഡനങ്ങളിൽ പങ്കാളിയായിരുന്നു. അവൾക്ക് യാഥാർത്ഥ്യവുമായുള്ള ബന്ധം കൂടുതലായി നഷ്ടപ്പെടുകയായിരുന്നു എന്നാണ് ജീവചരിത്രകാരൻ സൂചിപ്പിക്കുന്നത്. രാധയെക്കുറിച്ചുള്ള ചിന്ത അവളെ ഹർഷോന്മാദത്തിലേക്ക് നയിച്ചു. ഒരുവശത്ത് അവൾ തന്റെ പ്രിയപ്പെട്ട ദൈവങ്ങളെ സ്മരിച്ചു മറുവശത്ത് ദൈവങ്ങളുമായി ഒരു ഏകീഭാവം രൂപപ്പെട്ടു. വീട്ടുജോലികൾ ചെയ്യുന്നത് അവൾക്ക് കൂടുതൽ ബുദ്ധിമുട്ടായി വന്നു എന്തെന്നാൽ സദാസമയവും അവളുടെ ചുണ്ടുകൾ ദൈവനാമം ചൊല്ലിക്കൊണ്ടിരുന്നു. ജോലി കഴിഞ്ഞ് രാത്രികാലങ്ങളിൽ പാടുന്നതും പ്രാർത്ഥിക്കുന്നതും അച്ഛനമ്മമാർ വിലക്കി, അവർ അവളെ കൂടുതൽ കൂടുതൽ ഭ്രാന്തിയായി കണക്കാക്കുകയും ചെയ്തു. അവൾ മുതിർന്നവരോട് ഒരിക്കലും മനസ്സ് തുറന്നില്ല. അവരിൽ നിന്ന് അംഗീകാരം കണ്ടെത്താനാകാതെ അവൾ മൃഗങ്ങളിലേക്കും പ്രകൃതിയിലേക്കും തിരിഞ്ഞ് അവരോട് സംസാരിക്കാൻ തുടങ്ങി.

അടുത്തുള്ള ഇടവകപ്പള്ളിയിൽ തയ്യൽ ക്ലാസ്സുകൾക്ക് ചേരണമെന്ന് അവൾ അമ്മയോട് വഴക്കിട്ടു, അങ്ങനെ മൂന്നുവർഷം അവൾ ആ ക്ലാസുകളിൽ പങ്കെടുത്തു. പലപ്പോഴും അവൾ എംബ്രോയ്ഡറി പരിശീലിക്കാനും മരിച്ചുപോയവരുടെ സാന്നിധ്യം അനുഭവിക്കാനുമായി അടുത്തുള്ള സെമിത്തേരിയിൽ പോവുമായിരുന്നു. അവിടെ ധ്യാനിച്ചിരുന്ന അവൾ കൃഷ്ണന്റെ കഥ കേട്ടപ്പോൾ എന്നപോലെ വീണ്ടും ഹർഷോന്മാദത്തിലേക്ക് പോയി. രാത്രികളിൽ ഉറങ്ങാതെ കരഞ്ഞും ഏങ്ങലടിച്ചും സമയം ചെലവഴിച്ചു. മാതാപിതാക്കൾ അവളെ പലതവണ വിവാഹം കഴിപ്പിക്കാൻ ശ്രമിച്ചെങ്കിലും അവൾ ശക്തമായി എതിർത്തു, അങ്ങനെ ചെയ്താൽ താൻ ഭർത്താവിനെയും കൊന്ന് വീട്ടിലേക്ക് തിരിച്ചുവരുമെന്ന് ആണയിട്ടു, അത് അവൾ കൂടുതൽ പീഡനങ്ങൾ

ഏറ്റുവാങ്ങാൻ വഴിയൊരുക്കി. ഈ സാഹചര്യം അസഹ്യമായതോടെ അവൾ കടലിൽ ചാടി ആത്മഹത്യ ചെയ്യാൻ തീരുമാനിച്ചു. അതോടെ അവൾക്ക് മാനസിക പ്രശ്നങ്ങളുണ്ടെന്ന് അവർക്ക് ഉറപ്പായി. അപൂർവ്വസന്ദർഭങ്ങളിൽ, അവൾക്ക് വർണ്ണാഭമായ വസ്ത്രം ലഭിക്കുമ്പോഴോ സഹോദരിയുടെ സിൽക്ക് ജാക്കറ്റ് ധരിക്കുമ്പോഴോ അവർ അത് കത്തിച്ചുകളയുകയും അവളെ അധിക്ഷേപിക്കുകയും ചെയ്തു. തൽഫലമായി, പഴയതും ജീർണിച്ചതും മറ്റുള്ളവരുപേക്ഷിച്ചതുമായ വസ്ത്രങ്ങൾ മാത്രം ധരിക്കാൻ അവൾ തീരുമാനിച്ചു.

ജീവചരിത്രകാരന്റെ ആഖ്യാനം മുഖവിലക്കെടുക്കുകയാണെങ്കിൽ, ചെറുപ്പത്തിലെ ഇത്രയും കഷ്ടതകൾ അനുഭവിക്കുകയും സ്നേഹവും ശ്രദ്ധയും അംഗീകാരവുമില്ലാതെ എപ്പോഴും ചൂഷണം ചെയ്യപ്പെടുകയും, മാനസികമായും ശാരീരികമായും പീഡിക്കപ്പെടുകയും ശപിക്കപ്പെടുകയും ചെയ്തതിനാൽ, വലുതായപ്പോൾ സങ്കല്പങ്ങളിലൂടെയും സാധൂകരണങ്ങളിലൂടെയും അവളുടേതായ ഒരു ലോകം സൃഷ്ടിച്ചു. മുതിർന്നവരുടെ ലോകത്തെ അവൾ നിഷേധിച്ചു. അങ്ങനെ, അവൾ കൃഷ്ണനിലേക്ക് തിരിയുകയും, അവളുടെ ഭക്തി സ്വാഭാവികവും ആരോഗ്യകരവുമായ മനുഷ്യബന്ധങ്ങളുടെ സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. എന്നാൽ അവൾക്കതിൽ നിന്ന് പരുക്കേൽക്കാതെ പുറത്തുകടക്കാനായില്ല എന്നതിൽ അതിശയിക്കാനൊന്നുമില്ല. ചെറുപ്പം മുതലേയുള്ള നിരന്തരവും നീണ്ടുനിൽക്കുന്നതുമായ ദ്രോഹം ഒന്നോ അതിലധികമോ മാനസിക പ്രശ്നങ്ങൾക്ക് വഴിയൊരുക്കുക തന്നെ ചെയ്യും. ഈ ജീവചരിത്രകാരൻ അവളുടെ മാനസികമായ മുറിവുകളെയും അസന്തുലിതാവസ്ഥകളെയും ആധ്യാത്മിക പരിണാമമായും ആത്മീയോന്നതിയായും പരിപാവനമായ ഉന്മാദമായും അവതരിപ്പിക്കാൻ കിണഞ്ഞു

പരിശ്രമിച്ചിരിക്കുന്നു. എന്നിരുന്നാലും അയാൾ പലതവണ ചിത്തഭ്രമത്തിനെക്കുറിച്ചു പറയുന്നുണ്ട്. "*അവൾ അവളുടെ ലോകത്തെ ഏകാന്ത സഞ്ചാരിയായിരുന്നു*" എന്നാണ് ജീവചരിത്രകാരൻ എഴുതിയിരിക്കുന്നത്. ഈ നിലയിൽ ഭ്രാന്താണോ യോഗാത്മകതയാണോ അത് എന്ന് തീരുമാനിക്കാൻ പ്രയാസമാണ്. എന്നാൽ കാലക്രമേണയുള്ള പെരുമാറ്റം പരിശോധിക്കുമ്പോൾ മാത്രമാണ്, അത് ശുദ്ധമായ മനോവിഭ്രാന്തിയാണോ, യഥാർത്ഥ ആത്മജ്ഞാനമാണോ, അതോ ഇവ രണ്ടും കൂടിച്ചേർന്നതാണോ എന്ന് നമുക്ക് മനസ്സിലാകുന്നത്. അവൾ "*പൂർണ്ണമായ മനഃശാന്തി കൈവരിച്ചതായും*", "*ദൈവത്തിൽ പരമമായ വിശ്രമം കണ്ടെത്തിയതായും*", "*പരിശുദ്ധമായ സത്തയിൽ സ്ഥാപിക്കപ്പെട്ടതായും*" എല്ലാം ജീവചരിത്രകാരൻ വിവരിച്ചിരിക്കുന്നു. കഥയെ മഹത്വവൽക്കരിക്കുന്ന വാക്കുകളുടെ തിരശ്ശീല മാറ്റിക്കഴിയുമ്പോൾ കുറച്ചുകൂടി നിഷ്പക്ഷമായ രീതിയിൽ അവളുടെ പെരുമാറ്റത്തെ നോക്കിക്കാണാൻ നമുക്ക് കഴിയുന്നു. അപ്പോൾ അവളുടെ മാനസിക സന്തുലിതാവസ്ഥയെക്കുറിച്ച് ആശ്ചര്യപ്പെടാനും ആശങ്കപ്പെടാനും കാരണമുണ്ടെന്ന് നമുക്ക് മനസ്സിലാവുന്നു. പ്രത്യേകിച്ചും യാഥാർഥ്യത്തിൽനിന്ന് അകലും തോറും അവളുടെ പെരുമാറ്റം കൂടുതൽ വിചിത്രമായി മാറുന്ന സ്ഥിതിക്ക്.

അവൾ പുല്ല് ചെത്താൻ പോകുമ്പോൾ, തന്നെയും തന്റെ കൂടെയുള്ള കുട്ടികളെയും കൃഷ്ണന്റെ കഥയിലെ കഥാപാത്രങ്ങളായി കാണുന്നു. ചിലപ്പോൾ കൃഷ്ണൻ തന്റെ ചാരത്ത് നടക്കുന്നതായും മറ്റുചിലപ്പോൾ സ്വയം കൃഷ്ണനായി ധരിക്കുകയും, എല്ലാ ദൈവബിംബങ്ങളും നശിപ്പിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. എന്നാൽ ജീവചരിത്രകാരൻ അക്ഷീണനും തന്റെ ആഖ്യാനത്തിൽ ദൃഢനിശ്ചയമുള്ളവനുമാണ്. അവർ ശുദ്ധമായ ബോധത്തിന്റെയും ആനന്ദത്തിന്റെയും സമുദ്രത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നുവെന്ന് അയാൾ പറഞ്ഞു നിർത്തുന്നു.

ഈ സമയത്ത് അവർ കൃഷ്ണഭാവം പ്രകടിപ്പിക്കാൻ തുടങ്ങുന്നു, ഇത് അത്ഭുതങ്ങളുടെ കാലഘട്ടമാണ്: അവർക്ക് തന്റെ പ്രേക്ഷകരെ നിലനിർത്തേണ്ടതുണ്ട്, അവർ വെള്ളം പാലും പാൽ മിഠായിയും ആക്കുന്നു. ആയിരം പേർക്ക് വിതരണം ചെയ്തു കഴിഞ്ഞിട്ടും ആ മിഠായിയുടെ പാത്രം നിറഞ്ഞു തന്നെ ഇരിക്കുന്നു. ഇത് എവിടെയോ കേട്ടിട്ടുള്ളതുപോലെ തോന്നുന്നില്ലേ? അവർ ഒരു മരച്ചില്ലയിൽ കിടന്നുകൊണ്ട് അന്തരീക്ഷത്തിലേക്കുയരുന്നു. കത്തുന്ന കർപ്പൂരം വിഴുങ്ങുന്നു. ചുരുക്കത്തിൽ ഈ അത്ഭുതപ്രവർത്തികൾ എല്ലാ അഭിരുചികൾക്കും യോജിക്കുന്നതായതിനാൽ ആളുകൾ അത് സ്വീകരിക്കുകയും സുധാമണിയുടെ ദൈവികതയിൽ വിശ്വസിക്കുകയും ചെയ്തു. ഈ സമയത്താണ് അവൾ ഒരിക്കൽ ദൈവത്തിന്റെ ശബ്ദം കേട്ടത് "*നീ എന്റെ ഒപ്പം ഒന്നായിരിക്കുന്നു*" എന്നാണ് ആ ശബ്ദം പറഞ്ഞത്. അവളൊരു മഹാത്മാവാണെന്ന് ഒരു ജ്യോതിഷി സ്ഥിരീകരിച്ചതായും ജീവചരിത്രകാരൻ പറഞ്ഞിരിക്കുന്നു. അത്ഭുതങ്ങൾ തുടരുന്നു: ഭക്തർ ഒത്തുകൂടുന്നിടത്ത് ഒഴികെ മറ്റെല്ലായിടത്തും അവൾ മഴ പെയ്യിക്കുന്നു, അവൾ നാവുകൊണ്ട് ഒരു മൂർഖൻ പാമ്പിനെ ചുംബിക്കുന്നു, മുക്കുവരുടെ വല നിറയാനായി അവൾ കടൽത്തീരത്ത് നൃത്തം ചെയ്യുന്നു, അവൾ വിഷം കലർന്ന പാൽ കുടിക്കുകയും അത് ഒരു രീതിയിലും ബാധിക്കാതിരിക്കുകയും ചെയ്യുന്നു. ചിപ്പികൾ അവൾ വിളക്കുകളായി ഉപയോഗിക്കുന്നു, തിരികൾ എണ്ണയില്ലാതെ രാത്രി മുഴുവൻ കത്തുന്നു. പല പ്രാദേശിക വിമർശകരും അവളുടെ അത്ഭുതങ്ങളിൽ വിശ്വസിച്ചില്ല, എന്നാൽ പൊതുവിൽ അതൊരു പ്രശ്നമായി ആർക്കും തോന്നിയില്ല. ഒരിക്കൽ "*ഇന്നു മുതൽ, കുട്ടി എപ്പോഴും ശുദ്ധയായിരിക്കും*" എന്ന് അവൾ കൃഷ്ണഭാവ സമയത്ത് മറ്റു പ്രവചനങ്ങളോടൊപ്പം തന്റെ പിതാവിനെ അറിയിക്കുന്നു. പാവനമായ ഈ വാക്കുകളുടെ അർത്ഥം എന്തെന്നാൽ: അവർക്ക് ഇനി മാസംതോറും ആർത്തവമുണ്ടാകില്ല എന്നാണ്[103]. സത്യസന്ധമായി

പറഞ്ഞാൽ അതാരും ശ്രദ്ധിക്കേണ്ട കാര്യം തന്നെ ഇല്ല. അവരുടെ ചെറുപ്പകാലത്തെ ജീവിതവും പിന്നീടുണ്ടാകുന്ന സംഭവങ്ങളും കണക്കിലെടുത്താൽ അവരുടെ അമെനോറിയ (ആർത്തവമില്ലാത്ത അവസ്ഥ) ആശ്ചര്യകരമോ അത്ഭുതകരമോ ആയ സംഭവമല്ല. എന്നാൽ ഇവിടെ ഇതൊരു രോഗമായിട്ടല്ല, വിശുദ്ധിയുടെ ലക്ഷണമായാണ് കരുതപ്പെടുന്നത്. അതുകൂടാതെ, ഞങ്ങൾ ch III.4 ൽ കണ്ടതുപോലെ., അവൾക്ക് കുറച്ചുകാലം ആർത്തവമില്ലായിരുന്നിരിക്കാം, എന്നാൽ പിന്നീടവൾ അനിഷേധ്യമായി അവരുടെ ആരോഗ്യം വീണ്ടെടുത്തെങ്കിലും, ഈ ഘടകം മിഥ്യയുടെ അടിസ്ഥാനങ്ങളിലൊന്നായി തുടർന്നു.

കൃഷ്ണഭാവസമയത്ത് അവളുടെ അമ്മ അവളെ ബഹുമാനിച്ചിരുന്നുവെങ്കിലും മറ്റു സമയങ്ങളിൽ അവർ അവളെ ഉപദ്രവിക്കുന്നത് തുടർന്നു. കൃഷ്ണഭക്തനായ അവളുടെ പിതാവും ഈ ഭാവസമയങ്ങൾ ആസ്വദിച്ചു, എന്നാൽ അവളുടെ സഹോദരൻ അവൾക്ക് ഭ്രാന്താണ് (സ്കീസോഫ്രീനിയ) എന്നാണ് പറഞ്ഞത്. ഭാവങ്ങൾക്കുശേഷം ഭക്തരോട് സംസാരിക്കുന്നത് അവളുടെ അമ്മ വിലക്കിയിരുന്നു. ഒരു സായാഹ്നത്തിൽ ഈ പെൺകുട്ടിയുടെ ഭാവങ്ങൾ ഒരുതരം ഉന്മാദമാണെന്ന് ഒരയൽക്കാരൻ സുഹൃത്തിനോടു പറഞ്ഞ് ചിരിക്കുന്നതും, അവളെ വിവാഹം കഴിപ്പിച്ചാൽ എല്ലാം സുഖമായിക്കൊള്ളും എന്ന് പറയുന്നതും സുധാമണി കേട്ടു. അവൾ വീട്ടിലേക്ക് ഓടിച്ചെന്ന് കൃഷ്ണനോട് സഹായത്തിനായി അപേക്ഷിച്ചു. ഈ സംഭവം ഈ പെൺകുട്ടിയുടെ അത്യുന്നത ആത്മീയ മനോഭാവത്തെ കുറിച്ചുള്ള രചയിതാവിന്റെ സ്തുതിപാടലുകളെ അസാധുവാക്കുന്നു. എന്നാൽ പൊരുത്തക്കേടുകൾക്ക് വിശ്വാസത്തിൽ ഒരു സ്ഥാനവുമില്ല.

ഇതെല്ലാം മനസ്സിലാക്കി മൂന്ന് പേജ് കഴിയുമ്പോഴേക്കും: സുധാമണി കൃഷ്ണാവബോധത്തിൽ ഉറച്ചുനിൽക്കുകയും കൃഷ്ണനുമായി താദാത്മ്യം പ്രാപിക്കുകയും

ചെയ്തുകഴിഞ്ഞതിനാൽ, ഭക്തിപൂർവ്വമുള്ള നിരന്തരസാധനയാൽ ദൈവസമീപത്തേക്കുള്ള പരിണാമം അസാധ്യമായി. ഒരു പ്രകാശ ദർശനത്തിനിടയിൽ ദേവി പ്രത്യക്ഷയായതും അവൾ വിളിച്ചുപറഞ്ഞു *"കൃഷ്ണാ, അമ്മ വന്നിരിക്കുന്നു! എന്നെ അമ്മയുടെ അടുത്തേക്ക് കൊണ്ടുപോകൂ! എനിക്കമ്മയെ ആലിംഗനം ചെയ്യണം!"* കൃഷ്ണൻ തന്നെ മറ്റൊരു ലോകത്തേക്ക് ഉയർത്തുന്നതായി അവൾക്ക് തോന്നി, എന്നാൽ അമ്മയെ എങ്ങും കണ്ടെത്താനായില്ല. ഓർക്കൂ, ഇങ്ങനെയാണ് *"പരമാനന്ദത്തിന്റെ സാഗരത്തിൽ ആറാടുകയും" "പൂർണ്ണമായ മനഃശാന്തി കൈവരിക്കുകയും", "ദൈവത്തിൽ പരമമായ വിശ്രമം കണ്ടെത്തുകയും", "പരിശുദ്ധമായ സത്തയിൽ സ്ഥാപിക്കപ്പെടുകയും"* ചെയ്തു എന്ന് പറയപ്പെട്ട അവൾക്ക് പ്രപഞ്ചത്തിന്റെ അമ്മയായ ദേവിയെ ആരാധിക്കുകയും, ദേവിയുമായി ലയിക്കുന്നതിലേക്ക് നയിക്കുകയും ചെയ്യുന്ന ആത്മീയ പരിശീലനത്തിൽ ഏർപ്പെടേണ്ടതിന്റെയും (ജീവചരിത്രപ്രകാരം) പ്രപഞ്ചമാതാവിന്റെ രൂപത്തിലുള്ള ദൈവീകതയെ തിരിച്ചറിയേണ്ടതിന്റെയും തീവ്രമായ ആവശ്യകത തോന്നിയത്. അങ്ങനെ അവർ വീണ്ടും ആത്മീയ യാത്രയിൽ ഏർപ്പെട്ടു. അന്ധമായി എന്തും വിശ്വസിക്കുകയും ഭക്തിയിൽ മുഴുകുകയും ചെയ്യുന്ന മനസ്സുകൾക്ക് മാത്രമേ ഈ കഥയിലെ അസംബന്ധം കാണാതിരിക്കാനാകൂ. ഒരാൾ പരമാത്മാവിനെ അല്ലെങ്കിൽ "x" എന്ന ദൈവത്തിന്റെ സത്തയെ അറിയുകയും അതിൽ ലയിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ പിന്നെ മറ്റൊരു വഴിയും അയാൾക്ക് മുന്നിലുണ്ടാവില്ല, മറ്റെന്തിലൂടെയും കടന്നുപോകാൻ ആഗ്രഹവും ഉണ്ടാവില്ല, കാരണം അഹം എന്നത് പരമാത്മാവിൽ മുഴുകി കഴിഞ്ഞിരിക്കുന്നു. അതിനുശേഷം "Y" എന്ന അതേ ദൈവത്തിന്റെ മറ്റൊരു പ്രതിരൂപവുമായുള്ള വേർപാടിന്റെ വേദന അവർക്കനുഭവപ്പെടുകയും തന്മയീഭവിക്കാൻ ഇച്ഛിക്കുകയും ചെയ്യുന്നെങ്കിൽ

അതിനർത്ഥം അവർ ആദ്യം തന്നെ ലക്ഷ്യസ്ഥാനത്ത് എത്തിയിരുന്നില്ല എന്നാണ്, ജീവചരിത്രകാരൻ നമ്മെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നതിൽ നിന്നും വിഭിന്നമായി. അതു മാത്രവുമല്ല സംഭവങ്ങളുടെ ഈ വഴിത്തിരിവ് സൂചിപ്പിക്കുന്നത് ഹൃദയവേദനയും വിരഹവും ഉപേക്ഷിക്കപ്പെട്ടതിന്റെ വേദനയും കേണപേക്ഷിക്കലും തോരാത്ത കണ്ണീരുമൊക്കെയായാണ് ഈ കൗമാരക്കാരി സ്വയം തിരിച്ചറിയുന്നത് എന്നാണ്. അവളുടെ പുതിയ പാത എന്ന് വിവരിച്ചിരിക്കുന്നത് പഴയതിനെക്കാൾ ഏറെ ദുഃഖകരവും ആയിരുന്നു. അവൾ അവളുടെ പ്രിയപ്പെട്ട വിനോദം പുനരാരംഭിച്ചു: കരയുക ഏങ്ങലടിക്കുക കരയുന്നതിനോടൊപ്പം യാചിക്കുക എന്നിങ്ങനെ. എല്ലാത്തിലും അമ്മയെ കാണുകയും അമ്മയെ നിരന്തരം അന്വേഷിക്കുകയും ചെയ്തു. സ്നേഹവാത്സല്യങ്ങളുടെ അഭാവത്തിലും സ്വന്തം അമ്മയുടെ കഠിനമായ പെരുമാറ്റത്തിലും വൈകാരിക ദാരിദ്ര്യം അനുഭവപ്പെട്ട അവൾ നാലുകാലിൽ ഇഴയുന്ന ഒരു കുഞ്ഞായി സ്വയം സങ്കൽപ്പിച്ചുകൊണ്ട്, പ്രകൃതിയുടെ അമ്മയായ തന്റെ ദിവ്യമാതാവിനെ തേടിക്കരഞ്ഞു. ഒരു രണ്ടുവയസ്സുകാരിയായി സ്വയം തിരിച്ചറിഞ്ഞ അവൾ അയൽപക്കത്തെ കുഞ്ഞിനെ മുലയൂട്ടുന്ന സ്ത്രീയുടെ അടുത്തേക്ക് മുലകുടിക്കാനായി പോയി. ഇത് പലതവണ ആവർത്തിച്ചപ്പോൾ കുഞ്ഞിനെ മുലയൂട്ടുന്നത് ആ സ്ത്രീക്ക് വളരെ സ്വകാര്യമായി ചെയ്യേണ്ടി വന്നു. സുധാമണി രാത്രികാലങ്ങളിൽ ഉറങ്ങാതെ പ്രപഞ്ചമാതാവിന്റെ വിചാരത്താൽ ആസക്തയായി സമയം കഴിച്ചു. അവർ സ്വയം പറയുന്നത്: *“എനിക്ക് ഒരിക്കലും ഒരു ഗുരു ഉണ്ടായിരുന്നില്ല, ആരാലും ഞാൻ ദീക്ഷ സ്വീകരിച്ചിട്ടില്ല; എന്റെ ഏക മന്ത്രം* അമ്മാ! അമ്മാ!” എന്നത് മാത്രമാണ്. ഇത് ഗുരുവിനെക്കുറിച്ചുള്ള അവരുടെ ദർശനവുമായി ചേർത്തുവായിക്കുമ്പോൾ ആരും ആശ്ചര്യപ്പെട്ടുപോകും.

കൃഷ്ണനെ തേടി അലഞ്ഞപ്പോൾ അവർ കാണിച്ചിരുന്ന മാനസിക അസ്വാസ്ഥ്യങ്ങളുടെ പതിൻമടങ്ങ്

അധികമായിരുന്നു രണ്ടാമത്തെ തവണ അവർ പ്രദർശിപ്പിച്ചത്. അവൾ ചിറയിലെ മനുഷ്യവിസർജ്യത്തിലേക്ക് എടുത്ത് ചാടുന്നതും, ദേവിയെ കടിക്കുകയും മുടി വലിച്ചു പറിക്കുകയും, ദേവിയെ അടിക്കാനായി ഉലക്കയെടുക്കുകയും എല്ലാം ചെയ്യുന്നു. എന്നാൽ ഈ മർദ്ദനങ്ങളെല്ലാം താൻ സ്വയം ഏൽപ്പിക്കുകയാണെന്ന് അവൾ അറിയുന്നുമില്ല. ഇവിടെ ബാല്യ-ശൈശവ കാലത്തേക്കുള്ള തിരിച്ചുപോവലിനൊപ്പം, ഒരു ബന്ധത്തിൽ അവൾക്ക് ആകെ അറിയുന്ന സ്വന്തം അമ്മയുടെ അക്രമാസക്തമായ പെരുമാറ്റം (സ്വയം പീഡയും, സ്വയം ആക്രമണവും) അനുകരിച്ചിരിക്കുന്നു. എന്നാൽ ഈ അസംഭവ്യമായ കഥ നാം വിശ്വസിക്കണമെന്ന് ജീവചരിത്രകാരൻ തുടർന്നും ആഗ്രഹിക്കുകയും ഇവയെല്ലാം സാധാരണക്കാർക്ക് മനസ്സിലാവാത്ത ഭക്തിയുടെ പരകോടിയിലുള്ള പ്രവർത്തികളാണെന്ന് സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. അവളുടെ കുടുംബം അവൾക്ക് ഭ്രാന്താണെന്ന് വിശ്വസിക്കുകയും നിന്ദിക്കുന്നത് തുടരുകയും ചെയ്യുന്നു. ഇത് സഹിക്കാൻ കഴിയാതിരുന്നതിനാൽ അവൾ ഒരുതവണ കൂടി കടലിൽ ചാടി ആത്മഹത്യ ചെയ്യാൻ തീരുമാനിക്കുന്നു. എന്നാൽ കടൽതീരത്ത് എത്തിയതും അവൾ ഒരു യോഗനിദ്രയിലേക്ക് കടന്നു. അവളുടെ *"ആത്മീയതേജസ്സും എല്ലാം ഉൾക്കൊള്ളുന്ന സ്നേഹവും"* (ഈ ആശയം പറയാൻ കിട്ടുന്ന ഒരവസരവും ജീവചരിത്രകാരൻ വെറുതെവിട്ടിട്ടില്ല) തിരിച്ചറിഞ്ഞ ഗ്രാമീണർക്ക്, കുടുംബത്തിനുവേണ്ടി രാപ്പകലില്ലാതെ കഷ്ടപ്പെടുകയും ഇപ്പോൾ എല്ലാവരാലും തിരസ്കരിക്കപ്പെടുകയും ചെയ്ത അവളോട് സഹതാപം തോന്നി. കഠിനമായ തപം കൊണ്ട്, അവളുടെ ശരീരം അത്യധികം ചൂടാകുന്നതിനാൽ ഉപ്പുവെള്ളം നിറഞ്ഞ തടാകത്തിൽ ഇറങ്ങി തണുപ്പിക്കുന്നത് പതിവായിരുന്നു. അങ്ങനെയിരിക്കെ പൊടുന്നനെ, അവൾ ഒന്നുകിൽ ചിരിച്ചുകൊണ്ട് നിലത്ത് കിടന്ന് ഉരുളും, അല്ലെങ്കിൽ പൊട്ടിക്കരഞ്ഞുകൊണ്ട് നിലവിളിക്കും. അവൾ

പാടുകയും അമ്മയെ അന്വേഷിക്കുകയും ചെയ്യുമ്പോൾ നിയന്ത്രണം വിട്ട് കരയുകയും തറയിൽ കിടന്നുരുളുകയും, സ്വന്തം വസ്ത്രങ്ങൾ കീറുകയും ചെയ്യുന്നു, എന്നിട്ട് ഉന്മാദത്തോടെ ചിരിച്ചുകൊണ്ട് എഴുന്നേറ്റ് എല്ലാ ദിക്കുകളിലേക്കും ഓടാൻ തുടങ്ങുന്നു. ചിലപ്പോൾ ഗ്രാമവാസികൾ അവളെ ചെളിയിൽ നിന്ന് കണ്ടെത്തുകയും എടുത്ത് കുളിപ്പിച്ച് വസ്ത്രം ധരിപ്പിക്കുകയും ചെയ്യുന്നു. ഈ പറഞ്ഞതേതെങ്കിലും സന്യാസത്തെക്കുറിച്ചാണോ എന്ന് ഇവിടെ ആർക്കും ആത്മാർത്ഥമായി സംശയിക്കാം, എന്നാൽ ആഖ്യാനത്തെ തടസ്സപ്പെടുത്താതിരിക്കാനായി നമുക്ക് മൗനം പാലിക്കാം.

അതിനുശേഷം വരുന്നത് സെന്റ് ഫ്രാൻസിസിന്റേതുപോലെ തോന്നിക്കുന്ന ഒരു ചാപ്റ്ററാണ്. അത് മൃഗങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു, അവയുടെ സംസാരിക്കാനുള്ള കഴിവും, മനുഷ്യരെക്കാൾ നന്നായി അവളെ മനസ്സിലാക്കാനുള്ള കഴിവും: ഉദാഹരണത്തിന് അവൾ ധ്യാനത്തിൽ നിന്ന് പുറത്തുവരാനും, അവൾക്ക് അകിട് നൽകാനുമായി ഒരു പശു അവിടെ കാത്തുനിൽക്കും, അവൾ പശുവിന്റെ പാൽ നേരിട്ട് കുടിക്കുകയും ചെയ്യും. അതുകൂടാതെ മറ്റൊരു പശുവും അവൾക്ക് പാൽ നൽകാനായി ആറ് കിലോമീറ്റർ നടന്ന് വരുമായിരുന്നു. മനുഷ്യർ അവൾക്ക് ചൂടുള്ള പാൽ നൽകുമ്പോൾ അവൾ അത് ഛർദ്ദിക്കുമായിരുന്നു, പശുക്കൾക്ക് ഇത് അറിയാമായിരുന്നുവത്രെ. അവൾ കരയുമ്പോൾ തത്തകൾ സഹതപിക്കുകയും കൂടെ കരയുകയും ചെയ്യുന്നു, അവളുടെ വിശപ്പറിഞ്ഞ് പരുന്തുകൾ അവൾക്കരികിൽ മത്സ്യത്തെ ഇട്ടിട്ടു പറക്കുകയും അവളത് പച്ചയായി തന്നെ കഴിക്കുകയും ചെയ്തിരുന്നു, പ്രദേശത്തെ പൂച്ച അവളെ ചുറ്റിപ്പറ്റി നടന്നു, അവളെ അസ്വസ്ഥതകളിൽ നിന്ന് കരകയറ്റാൻ നായ അവളുടെ മുഖം നക്കുകയും അവളോടൊപ്പം കരയുകയും ചെയ്തു, ആട് അവളുടെ മടിയിൽ മരിച്ചുവീണു എന്നിങ്ങനെ. രചയിതാവ് അത്ഭുതകരമെന്ന്

നമ്മെ വിശ്വസിപ്പിക്കാൻ ഉദ്ദേശിക്കുന്ന പല കാര്യങ്ങളും മൃഗങ്ങളുടെ സ്വാഭാവിക ചേഷ്ടകളാണ്: നമ്മെ ഇഷ്ടമുള്ള പൂച്ച നമുക്ക് ചുറ്റും കറങ്ങി നടക്കുന്നതും മുട്ടി ഉരുമ്മുന്നതും, നായ നമ്മെ ഉണർത്തുന്നതും നമ്മോട് സഹതപിക്കുന്നതും അനുകരിക്കുന്നതും മറ്റും. എന്നിരുന്നാലും സുധാമണി വീമ്പ് പറയുന്നതനുസരിച്ച്, *"ഒരാൾക്ക് സമദൃഷ്ടി ലഭിക്കുമ്പോൾ, അക്രമകാരികളായ മൃഗങ്ങൾ പോലും അയാളുടെ സാന്നിധ്യത്തിൽ സൗഹൃദത്തിലാകുന്നു".* ആയിക്കോട്ടെ, എന്നാലവർ ആക്രമണകാരികളായ കാട്ടുമൃഗങ്ങളുടെ കൂടെയല്ല കഴിഞ്ഞത് എന്ന് മാത്രം ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു. തെങ്ങിൻ തോപ്പിന് താഴെ അവളുടെ വീട്ടുമുറ്റത്തെ പട്ടി, പൂച്ച, ആട് എന്നിവയാൽ ചുറ്റപ്പെട്ട ഒരു സാധാരണ പെൺകുട്ടി മാത്രമായിരുന്നു അവൾ.

"*അനശ്വര സ്നേഹത്തിന്റെ സാഗരത്തിൽ നീന്തിത്തുടിച്ച അവളുടെ സാക്ഷാത്കാരത്തിന്റെ തലം"* നമ്മെ ബോധ്യപ്പെടുത്താൻ രചയിതാവ് മറ്റൊരു അവസരം കണ്ടെത്തിയിരിക്കുന്നു. എന്നാൽ അതേ സമയം അവൾ ബോധംകെട്ടു വീഴുമ്പോൾ മാത്രം അവസാനിക്കുന്ന അവളുടെ അനിയന്ത്രിതമായ ചിരിയും കരച്ചിലും കൂടി അയാൾ വിവരിക്കുന്നുണ്ട്. സാധാരണ രീതിയിൽ ഉറങ്ങുകയോ ഭക്ഷണം കഴിക്കുകയോ ചെയ്യാതെ, അവൾ ചിലപ്പോൾ കുപ്പിച്ചില്ലും സ്വന്തം വിസർജ്ജ്യം പോലും വിഴുങ്ങുന്നു. ഹൃദയവേദനയുടെയും യാചനയുടെയും നിലയ്ക്കാത്ത കണ്ണുനീർ പ്രവാഹത്തിന്റെയും ശ്വാസംമുട്ടലിന്റെയും ആത്മഹത്യാപ്രവണതയുടെയും ഒടുവിൽ അവൾ ദേവിയുടെ സാന്നിധ്യം അനുഭവിച്ചു. ഈ അനുഭവത്തെ കുറിച്ച് വിവരിക്കുന്ന ഒരു പാട്ടിൽ അമ്മയുടെ ദിവ്യവെളിച്ചം അവളിൽ ലയിച്ചു എന്നും ശേഷം പരമമായ സത്യം വെളിപ്പെടുത്തിയെന്നും പറയുന്നു. പ്രപഞ്ച മാതാവിന്റെ ചുണ്ടുകളിൽ നിന്ന് നേരിട്ട് ലഭിച്ചതായി പറയുന്ന ആ വാക്കുകൾ *"നിന്നിൽ ലയിക്കുക നീ മനുജാ...."* എന്നതാണ്, എത്ര സാധാരണം അല്ലേ? അമ്മയുടെ വാക്കുകളുടെ ഹൃദ്യമായ

ഓർമ്മയിലാണ് അവളുടെ പാട്ട് അവസാനിക്കുന്നത്: *"പോരുകെന്റോമലേ ജോലികൾ നിർത്തി നീ എന്റേത് തന്നെയെന്നെന്നും."* സാക്ഷാത്കാരം നേടി കൊടുക്കേണ്ടിയിരുന്ന ഈ അത്ഭുതകരമായ അനുഭവത്തിനുശേഷം, അവൾക്ക് ദൃശ്യമായ ലോകത്തോട് കടുത്ത വെറുപ്പ് തോന്നുകയും സ്വയം ഒളിക്കാനായി നിലത്ത് കുഴികൾ കുഴിക്കുകയും ചെയ്തു എന്നാണ് രചയിതാവ് നമ്മോട് പറയുന്നത്. അവൾക്ക് ഭ്രാന്താണെന്ന് നേരത്തേതന്നെ കരുതിയിരുന്നവർക്ക് ഇപ്പോൾ പൂർണ്ണമായും ബോധ്യപ്പെട്ടു, എന്നാണ് അയാൾ തന്നെ പറഞ്ഞിരിക്കുന്നത്. കൃഷ്ണന്റെ രൂപത്തിൽ ഈശ്വര സാക്ഷാത്കാരം ലഭിക്കുകയും, പരമാത്മാവിൽ ലയിക്കുകയും, ജീവിതകാലത്തുതന്നെ നിത്യശാന്തി ലഭിക്കുകയും ചെയ്ത ഒരാൾക്ക്, വീണ്ടും ദേവിയിലേക്ക് ലയിക്കാനുള്ള അതിയായ ആഗ്രഹം ഉണ്ടാവുകയും, അഗാധമായ മനോവിഭ്രാന്തിയിൽ മുഴുകുകയും, ഒടുവിൽ ദേവിയുടെ പ്രകാശം അവളിൽ ലയിച്ച് ഈശ്വരസാക്ഷാത്കാരത്തിന്റെ ആനന്ദത്തിൽ ആറാടുകയും ചെയ്തശേഷം, വീണ്ടും ഭൂമിക്കടിയിൽ ഒളിച്ച് മനോനില തെറ്റി പെരുമാറുന്നത് തുടർന്നു. ഈ അതിശയകരവും പരസ്പരവിരുദ്ധവുമായ ആഖ്യാനം സ്വീകരിക്കുന്നതിന് ഒരുപാട് (അന്ധമായ) ഭക്തിയും (വിവേചനരഹിതമായ) വിശ്വാസവും വേണ്ടിവരും. കാരണം സാമാന്യബുദ്ധി തികച്ചും വ്യത്യസ്തമായ ഒരു യഥാർത്ഥ്യത്തെയാണ് തുറന്നുകാണിക്കുന്നത്. എല്ലാ കാര്യങ്ങളിലും ഏകത്വത്തെ അവൾ തിരിച്ചറിയുന്നുവെങ്കിലും, അവൾ അപ്പോഴും ദ്വന്ദ്വത്തെ അസഹനീയമായി കാണുന്നു. ഒടുവിൽ അവൾക്ക് മനുഷ്യരാശിയെ സേവിക്കാനുള്ള ഉൾവിളിയുണ്ടായി, മനുഷ്യരാശിയെ ഭൂമിയിലെ ക്ലേശകരമായ നിലനിൽപ്പിൽ നിന്ന് രക്ഷിക്കാനും ആഗ്രഹിച്ചു. അവൾ വളരെയധികം കഷ്ടപ്പെട്ടിരുന്നുവെങ്കിലും, അത് എല്ലാവരുടെയും അനുഭവമായിരിക്കണമെന്നില്ലല്ലോ. അങ്ങനെയാണ്, ലോകത്തെ മൊത്തത്തിൽ

നിരസിക്കുകയും ലോകത്തിനപ്പുറം ദൈവത്തിലേക്ക് തിരിയുക എന്നതാണ് ഏക പോംവഴി എന്ന് ചിന്തിക്കുകയും ചെയ്തത്. *"അവൾ"* കാര്യങ്ങൾ എങ്ങനെ നോക്കിക്കണ്ടു എന്നതാണ് ഇത് കാണിക്കുന്നത്.

1975 ന്റെ അവസാനത്തിൽ, കൃഷ്ണഭാവം പ്രകടിപ്പിച്ച് ആറുമാസത്തിനുശേഷം അവൾ തന്റെ ആദ്യത്തെ ദേവീഭാവം പ്രകടിപ്പിച്ചു. രചയിതാവ് ഭാവത്തെ *"മാനസികാവസ്ഥ"* ആയും, കൃഷ്ണനോടോ ദേവിയോടോ ഉള്ള അവളുടെ ആത്മബന്ധത്തിന്റെ പ്രകടനമായും വിശേഷിപ്പിക്കുന്നു, എന്നാൽ ഗ്രാമീണർക്ക് അത് തൽക്കാലത്തേക്കുള്ള ബാധ മാത്രമായിരുന്നു. കൃഷ്ണഭാവത്തിൽ നിന്ന് ദേവീഭാവത്തിലേക്കുള്ള പരിവർത്തനം സംഭവിച്ച രീതിയും വിചിത്രമാണ്. കൃഷ്ണഭാവത്തിനിടെ ചില ദേശവാസികൾ ഭക്തരെ ദ്രോഹിച്ചപ്പോൾ അവൾ ഒരു പൊട്ടിച്ചിരിയോടെ എഴുന്നേറ്റ്, ക്ഷേത്രം വിട്ടുപോയി ദേവിയായി മാറി. അപ്പോഴത്തെ വികാരം അവളുടെ സ്വന്തം വാക്കുകളിൽ പറഞ്ഞാൽ, "ഈ നീതികെട്ടവരെ നശിപ്പിക്കാൻ" എന്നതായിരുന്നു. ഈ പ്രസ്താവനയുടെ പശ്ചാത്തലത്തിൽ നോക്കിയാൽ, ഇതിനെയാണ് സർവ്വവ്യാപിയായ സ്നേഹത്തിന്റെ അവതാരമെന്ന് രചയിതാവ് വിളിക്കുന്നത്: *"ഇനി മുതൽ ഞങ്ങൾ അവളെ പരിശുദ്ധയായ അമ്മ എന്ന് വിളിക്കും"*. ഇവിടെയും, അയാളോ (അവരോ) ഈ പൊരുത്തക്കേട് കാണുന്നില്ല: *നശിപ്പിക്കും, സ്നേഹിക്കും...* എന്തൊരു വൈരുദ്ധ്യം. പക്ഷെ ഇതാണ് അവൾക്കറിയുന്ന ലോകം *"മുകളിൽ നിന്ന് അവർക്ക് ലഭിച്ച ദൗത്യം"* പോലും നിലനിൽക്കുന്നതല്ല. ഉള്ളിൽ നിന്നൊരു ശബ്ദം ഇങ്ങനെ പറയുന്നതായി തോന്നി "*എല്ലാ ജീവജാലങ്ങളുടെയും ഹൃദയത്തിൽ എന്നെ ആരാധിക്കുകയും ഭൗതിക ജീവിതത്തിന്റെ കഷ്ടപ്പാടുകളിൽ നിന്ന് അവരെ മോചിപ്പിക്കുകയും വേണം*" തത്ത്വചിന്തയുടെയോ ആത്മീയതയുടെയോ ഏതാനും പേജുകൾ വായിച്ചിട്ടുള്ളവരെല്ലാം കേട്ടിട്ടുണ്ടാവും *1. ലൗകിക*

*ജീവിതം എല്ലായ്പ്പോഴും കഷ്ടത നിറഞ്ഞതായിരിക്കും.* 2. *ലൗകിക ജീവിതമല്ല കഷ്ടപ്പാടുകളുടെ ഉറവിടം, മറിച്ച് ബന്ധങ്ങളും അവയിലെ താദാത്മ്യവുമാണ്.* ഈ അടിസ്ഥാന തത്ത്വങ്ങൾ സുധാമണിക്കോ തത്ത്വചിന്തയിൽ പരിശീലനം നേടിയ അവരുടെ ജീവചരിത്രകാരനോ വ്യക്തമാണെന്ന് തോന്നുന്നില്ല. 81 ആം പേജിൽ, "ദ റിയൽ ഫ്ലൂട്ട്" എന്ന അധ്യായത്തിൽ, തത്ത്വചിന്തയിലെ നമ്മുടെ ബിരുദാനന്തരബിരുദക്കാരൻ എഴുതിയിരിക്കുന്നത്: *"അങ്ങനെ സുധാമണി പരിശുദ്ധമായ സത്തയുടെയും ആനന്ദത്തിന്റെയും മഹാസമുദ്രത്തിൽ സ്ഥാപിതയായി, പരിപൂർണ്ണമായ മനഃശാന്തി നേടി" എന്നാണ്.*

നമ്മൾ ഒടുവിൽ അവരുടെ ആത്മീയദൗത്യത്തിന്റെ ആരംഭത്തിലെത്തിയിരിക്കുന്നു, അമ്മയുടെ രൂപത്തിലുള്ള ദൈവത്തെ അറിഞ്ഞു കഴിഞ്ഞപ്പോൾ, *"പ്രപഞ്ചം ഒരു കുമിളയായി നിലനിൽക്കുന്ന തന്റെ രൂപരഹിതമായ സത്തയിൽ നിന്നും വിഭിന്നമായി മറ്റൊന്നും അവൾക്ക് കാണാൻ കഴിഞ്ഞില്ല".* വിചിത്രമെന്നു പറയട്ടെ മേൽപ്പറഞ്ഞ അനുഭവങ്ങളിലൂടെ ആത്മസാക്ഷാത്കാരം ലഭിച്ചു കഴിഞ്ഞിട്ടും അവർ ആത്മീയ പരിശീലനം തുടർന്നുകൊണ്ടേയിരുന്നു- "എന്തിന്" വേണ്ടി "ആരാണ്" പരിശീലിക്കുന്നത്? ഈ ആവശ്യം പ്രകടിപ്പിക്കാൻ ഒരു വ്യക്തിയായി അഹംഭാവത്തിൽ നിലനിന്നിരുന്നത് ആരാണ്? എന്ന് നമ്മൾ അൽഭുതപ്പെടേണ്ടതുണ്ട് – ദൈവത്തിന്റെ എല്ലാ രൂപങ്ങളും ഒരേ ദ്വയമല്ലാത്ത യാഥാർത്ഥ്യത്തിന്റെ പല മുഖങ്ങളാണെന്ന സ്ഥിതിക്ക്, അവൾ കൃഷ്ണനിലൂടെ സാക്ഷാത്കാരം നേടിക്കഴിഞ്ഞിരുന്നതിനാൽ തത്വത്തിൽ പിന്നെ പോകാനായി ഒരിടമോ അല്ലെങ്കിൽ എവിടെയെങ്കിലും പോകാനായി ഒരാളോ ഇല്ല. പക്ഷേ അവൾക്ക് ദേവിയെ സാക്ഷാത്കരിക്കാനുള്ള മോഹമുണ്ടായി. ബോംബെയിൽ ഉള്ള ഒരാൾക്ക് ദില്ലിയിലേക്ക് ചില കാര്യനിർവ്വഹണങ്ങൾക്കും പേപ്പർ

വർക്കുകൾക്കും വേണ്ടി പോകേണ്ട ആവശ്യമുണ്ടായി എന്ന് സങ്കൽപ്പിക്കുക. ദില്ലിയിലെത്തിയ ശേഷം, എന്നാൽ ഇനി മദ്രാസിൽ നിന്ന് ദില്ലിലേക്ക് പോയി നോക്കാം എന്നയാൾ തീരുമാനിക്കുന്നു. തുടർന്ന് മദ്രാസിലേക്ക് പോവുകയും അവിടെ നിന്ന് ഒരു ട്രെയിനിൽ ദില്ലിയിലേക്ക് വരികയും ചെയ്യുന്നു. വീണ്ടും ദില്ലിയിൽ എത്തിയ അയാൾ, എന്നാൽ ഇനി കൽക്കത്തയിൽ നിന്ന് ദില്ലിയിലേക്ക് വന്നു നോക്കാം എന്ന് കരുതുന്നു. ഇങ്ങനെ അയാൾ ആഗ്രഹിക്കുന്നത്രയും തവണ നടക്കുന്നു. അയാൾ തന്റെ ഔദ്യോഗിക ആവശ്യങ്ങളും പേപ്പർ വർക്കുകളും ആദ്യത്തെ തവണ തന്നെ പൂർത്തിയാക്കിയിരുന്നെങ്കിൽ എന്താണ് അയാൾ ചെയ്യുമായിരുന്നത്? വ്യക്തമായും അയാൾ വീട്ടിൽ തിരിച്ചുപോവുകയും തന്റെ ജീവിതവുമായി മുന്നോട്ടു നീങ്ങുകയും ചെയ്യുമായിരുന്നു. എന്റെ അഭിപ്രായത്തിൽ, നമ്മൾ ചർച്ചചെയ്യുന്ന ഈ പ്രത്യേക സാഹചര്യത്തിൽ എന്ത് സംഭവിച്ചിരിക്കാമെന്നാൽ, വഴിയിൽ വച്ച് അവളുടെ രേഖകൾ നഷ്ടപ്പെടുകയും നടപടിക്രമങ്ങൾ മറക്കുകയും ചെയ്തതിനാൽ, ബോംബെ ഒഴികെയുള്ള മറ്റ് നഗരങ്ങളിൽ നിന്ന് ഒരാൾക്ക് ദില്ലിയിൽ എത്താൻ കഴിയുമോ എന്ന് പരിശോധിക്കാൻ അവൾ സമയം ചെലവഴിക്കുന്നു. എല്ലാ റോഡുകളും ദില്ലിയിലേക്ക് ആണ് നയിക്കുന്നത് എന്ന് കാണിക്കാനായിരിക്കുമോ ഇത്?

സുധാമണിയും അവരുടെ ജീവചരിത്രകാരനും, അവളുടെ അനുഭവങ്ങൾ ആകെ കുഴഞ്ഞുമറിഞ്ഞതും പരസ്പരവിരുദ്ധവുമായിട്ടും, അവൾക്ക് പരമമായ സാക്ഷാത്കാരമുണ്ടായി എന്ന് സാധ്യമായ എല്ലാ വിധത്തിലും നമ്മെ വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നു. ഇത് യാഥാർത്ഥ്യവുമായി അശേഷം പൊരുത്തപ്പെടാത്തത് ആണെങ്കിലും. സുധാമണിക്ക് ആത്മീയ “അനുഭവങ്ങൾ” ഉണ്ടായിരുന്നു എന്നത് നിഷേധിക്കാനാവാത്തതാണ്, പക്ഷേ അവർ പറയുന്നതോ അവരുടെ ജീവചരിത്രകാരൻ അവകാശപ്പെടുന്നതോ എന്തുതന്നെയായാലും അവരുടെ

യാത്ര ഒരിക്കലും ലക്ഷ്യത്തിൽ എത്തിയതായി തോന്നുന്നില്ല. അയാൾ തുടർന്നു പറയുന്നത് എന്താണെന്ന് നോക്കുമ്പോൾ നമുക്കത് വ്യക്തമായി മനസ്സിലാകും. നമ്മൾ ഗുരുവായി കാണാൻ ആഗ്രഹിക്കുന്ന ആളും നമ്മൾ തന്നെയും ആത്മീയ പരിണാമത്തിന്റെ ഏത് തലത്തിലാണെന്ന് കൃത്യമായി അറിയാൻ സാധിക്കുന്ന തരത്തിലുള്ള പ്രായോഗിക തത്ത്വചിന്തകളാൽ സമ്പന്നമാണ് ഭാരതം. അതുകൊണ്ടുതന്നെ ആർക്കും എന്തും അവകാശപ്പെടാൻ സാധ്യമല്ല. സത്യം പറഞ്ഞാൽ ഈ ജീവചരിത്രം വായിക്കുന്നവർക്ക് ഒരു കെട്ടിച്ചമച്ച ആഖ്യാനത്തിന്റെ പ്രതീതിയാണ് ലഭിക്കുന്നത്. നിർഭാഗ്യവശാൽ, പല ഇന്ത്യൻ ഗുരുക്കന്മാരുടെയും അല്ലെങ്കിൽ ഇന്ത്യക്കാരെപ്പോലെയായ ഗുരുക്കന്മാരുടെ കാര്യവും ഇങ്ങനെ തന്നെയാണ്: പരിശീലനത്തിൽ ആത്മാർത്ഥതയും അർപ്പണബോധവുമുള്ള ഒരു അന്വേഷി, ഒന്നോ അതിലധികമോ തീവ്രമായ ആത്മീയ അനുഭവങ്ങൾക്ക് ശേഷം അതിനെ ചുറ്റിപ്പറ്റി ഒരു ആഖ്യാനം ഉണ്ടാക്കുന്നു. ഈ സമയമായപ്പോഴേക്കും സഹോദരന് അവളുടെ ഈ നിഗൂഢമായ മതിഭ്രമം സഹിക്കവയ്യ എന്ന നിലയിലായിരുന്നു. അയാൾ നയത്തിൽ അവളെ ഒരയൽവാസിയുടെ വീട്ടിലെത്തിക്കുകയും, അവിടെ ഒരുപറ്റം ചെറുപ്പക്കാർ കത്തിയുമായി അവളെ വളയുകയും, കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. പിന്നീട് ഏറെ ജനപ്രിയമായ നാടക ശൈലിയിൽ, കത്തി വീശിയവൻ, അവളെ കുത്താനായി തുടങ്ങിയപ്പോഴേക്കും വേദനകൊണ്ട് കുഴഞ്ഞുവീണു. പിന്നീട് അമ്മ അവളെ അന്വേഷിച്ചു വരികയും തിരിച്ചുപോകുന്ന വഴിക്ക് സുധിമണിയെന്ന "അഹംബോധം ലവലേശം ശേഷിക്കാത്ത സാക്ഷാത്കാരം ലഭിച്ച ആത്മാവ്" മൂന്നാമത്തെ തവണ കടലിൽ ചാടി ആത്മഹത്യ ചെയ്യാൻ തീരുമാനിച്ചു. ഇത് സംഭവ്യമാണോ എന്ന് നിങ്ങൾ ആലോചിച്ചുകൊള്ളുക. അവളുടെ അമ്മ പരിഭ്രമിക്കുകയും അവളെ പിന്തിരിപ്പിക്കുകയും ചെയ്തു.

അവളെ ഭീഷണിപ്പെടുത്തിയ ബന്ധുവിനെ പിന്നീട് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും സുധാമണി അവനെ സന്ദർശിക്കുകയും ചെയ്തു. തനിക്ക് പ്രതികാരേച്ഛയില്ലെന്നും എന്നാൽ തനിക്ക് ചുറ്റുമുള്ള സൂക്ഷ്മജീവികൾ രോഷാകുലരാണെന്നും അവർ അവൾക്കുവേണ്ടി പ്രതികാരം ചെയ്യുമെന്നും അവൾ അവനോട് വിശദീകരിക്കുന്നു. അയാൾ സംശയകരമായ സാഹചര്യത്തിൽ രക്തം ഛർദ്ദിച്ച് മരിക്കുകയും ചെയ്യുന്നു. അവളുടെ ചരിത്രം നോക്കിയാൽ ഇത്തരത്തിലുള്ള പ്രതിഭാസങ്ങൾ ആവർത്തിച്ചിരിക്കുന്നതായി നമുക്ക് കാണാം - അനുയായികളെ ഭയപ്പെടുത്താനും പൂർണ്ണമായ അനുസരണ ഉറപ്പുവരുത്താനും ഇതിലും നല്ല മാർഗ്ഗം മറ്റെന്തുണ്ട്? ഇവിടെ ശ്രദ്ധിക്കേണ്ടത് എന്തെന്നാൽ ശിക്ഷയോ പ്രതികാരമോ നടപ്പിലാക്കുന്നത് ഒരിക്കലും അവളല്ല, അവൾ ഒരു മഞ്ഞുതുള്ളി പോലെ കളങ്കമില്ലാത്തവളായി തുടരുന്നു: അവൾക്കുവേണ്ടി വൃത്തികെട്ട ജോലി ചെയ്യുന്നത് എല്ലായ്പ്പോഴും മൂന്നാം കക്ഷികളാണ്. ജീവചരിത്രത്തിലെ സൂക്ഷ്മജീവികളിൽ നിന്ന് വ്യത്യസ്തമായി, ഇന്ന് മനുഷ്യരാകുന്ന മൂന്നാം കക്ഷികളാണ് അത് നടപ്പിലാക്കുന്നത്.

കൃഷ്ണ- ദേവീ ഭാവങ്ങളും ആഴ്ചയിൽ മൂന്നുദിവസം തന്റെ വീട്ടുമുറ്റത്ത് തടിച്ചുകൂടുന്ന ഭക്തജനത്തിരക്കും കാരണം അസ്വസ്ഥനായ അവളുടെ അച്ഛൻ, ദേവീഭാവ വേളയിൽ അവളുടെ അടുക്കൽ വന്ന് തന്റെ മകളെ തനിക്ക് തിരികെ നൽകാൻ ദേവിയോട് ആവശ്യപ്പെടുന്നു. മറുപടിയായി, അവൾ സംഭവസ്ഥലത്ത് നിർജീവയായി തളർന്നുവീഴുന്നു. അപ്പോൾ തന്നെ അവൾ മരിച്ചു എന്നും നിമിഷങ്ങൾക്കുള്ളിൽ അവളുടെ ശരീരം വിറങ്ങലിച്ചു എന്നും രചയിതാവ് പറയുന്നു. അത്ഭുത സംഭവം പറയാൻ കിട്ടുന്ന അവസരമൊന്നും ജീവചരിത്രകാരൻ പാഴാക്കിയിട്ടില്ല കാരണം യഥാർത്ഥവും വിരസവുമായ ലോകത്ത് മരിച്ച് മൂന്നു മണിക്കൂർ പിന്നിട്ട ശേഷം മാത്രമേ

റിഗർ മോർട്ടിസ് (ശ്രവശരീരം വിറങ്ങലിച്ചു ദൃഢമാകുന്ന അവസ്ഥ) തുടങ്ങുകയുള്ളൂ, ഒമ്പത് മണിക്കൂർ ആവുമ്പോൾ അതിന്റെ ഉച്ചസ്ഥായിയിൽ എത്തുകയും ചെയ്യുന്നു. എന്നാൽ ഇവ കഥകളും ഐതിഹ്യങ്ങളും ആയതിനാൽ, യാഥാർത്ഥ്യവുമായി പൊരുത്തപ്പെടേണ്ടതില്ല എന്നാവും. ഏതായാലും *കാരണവർ* ക്ഷമ പറയുകയും കരയുകയും പ്രാർത്ഥിക്കുകയും, വിഷമത്താൽ ബോധംകെടുകയുമൊക്കെ ചെയ്തപ്പോൾ മകൾ “*കൃഷ്ണനായി*” ജീവിതത്തിലേക്ക് തിരിച്ചുവന്നു, “*ശക്തിയില്ലാതെ കൃഷ്ണനും ഉണ്ടാകില്ല!*” എന്നും പറഞ്ഞു. സത്യസന്ധമായി പറഞ്ഞാൽ, ഈ അസംബന്ധത്തിൽ എനിക്ക് താല്പര്യം തോന്നുകയോ അതിന്റെ ഉദ്ദേശം മനസ്സിലാവുകയോ ചെയ്തിട്ടില്ല.

അധ്യായം ഒമ്പതിൽ, “*ആത്മീയാന്വേഷിയുടെ ഏറ്റവും വലിയ ആയുധം സത്യത്തിന്റെ വാളാണ്*” എന്ന് പറഞ്ഞിരിക്കുന്നു. ഇത് നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി എന്നുമാത്രം, കാരണം നമുക്കിത് പിന്നീട് ആവശ്യമായി വരും. രചയിതാവ് തന്റെ യുക്തിയിൽ തന്നെ തുടരുകയും, സുധാമണിയെ കൃഷ്ണൻ, രാമൻ, യേശു, ബുദ്ധൻ എന്നിവരുമായി തുല്യപദവിയിൽ ബന്ധപ്പെടുത്തുകയും ചെയ്യുന്നു. ഒന്ന് ശ്രമിച്ചു നോക്കുന്നതിൽ ചെലവൊന്നുമില്ലെങ്കിൽ എന്തുകൊണ്ട് ആയിക്കൂടാ? 1978 ൽ അവളുടെ കടുത്ത എതിരാളിയായിരുന്ന സഹോദരൻ കൂടുതൽ കൂടുതൽ വിഷാദത്തിലേക്കും ആത്മഹത്യാപ്രവണതയിലേക്കും പൊയ്ക്കൊണ്ടിരുന്നു: അയാൾക്ക് കലശലായ സന്ധിവാതമുണ്ടായിരുന്നു. ജീവചരിത്രത്തിലെ വിവരണം അനുസരിച്ച് സഹോദരൻ ഇനി അധികകാലം ഉണ്ടാവില്ല എന്ന് അവൾ തന്റെ അമ്മയോട് പറഞ്ഞിരുന്നു. ഒരു ദിവസം, ദർശനത്തിനെത്തിയ ഒരു മുസ്ലീം സ്ത്രീയെ അയാൾ ഉപദ്രവിക്കുകയും ക്രൂരമായി അപമാനിക്കുകയും ചെയ്തു. ആ സ്ത്രീ വല്ലാതെ നടുങ്ങുകയും, ദർശനവേളയിൽ കരഞ്ഞുകൊണ്ട് ദേവിയുടെ അടുത്തെത്തുകയും ചെയ്തു.

സുധാമണിയുടെ രക്തം തിളച്ചു, ദേവി ഇരിപ്പിടത്തിൽ നിന്ന് എഴുന്നേറ്റ് ഇങ്ങനെ ശപിച്ചു: *"ഈ ദുഃഖത്തിന് കാരണമായവൻ ഏഴുദിവസത്തിനകം മരിക്കും!"* എന്തായാലും ശപിക്കുകയും കൊല്ലുകയും ഒക്കെ ചെയ്യുന്ന മഹാത്മാക്കളെ ഇന്ത്യയിൽ കണ്ടുകിട്ടാൻ വളരെ ബുദ്ധിമുട്ടായിരിക്കും- പ്രത്യക്ഷമായോ പരോക്ഷമായോ ഇത്തരത്തിലുള്ള നിർഭാഗ്യകരമായ സംഭവങ്ങൾ അവിടെ ആവർത്തിക്കപ്പെടുകയും ചെയ്തു. ജീവചരിത്രകാരൻ പിന്നീട് പറയുന്നുണ്ട്: *"ഇന്ത്യയുടെ ആത്മീയചരിത്രത്തിൽ അവർക്ക് സമാനതകളില്ല"*. അനന്തമായ അനുകമ്പയുടെ മൂർത്തീഭാവമായ സ്നേഹമയിയായ ഞങ്ങളുടെ അമ്മ ആരെയും ശിക്ഷിക്കുന്നില്ലെന്നും, എന്നാൽ തന്റെ ഭക്തർ കഷ്ടപ്പെടുമ്പോൾ, ദൈവം പോലും അവരെ കഷ്ടപ്പെടുത്തുന്നവരോട് ക്ഷമിക്കില്ലെന്നും, ഓരോരുത്തരും അവരവരുടെ കർമ്മഫലം അനുഭവിക്കണമെന്നും രചയിതാവ് വ്യക്തമാക്കുന്നു. എന്തുതന്നെ പറഞ്ഞാലും അയാളെ ശപിച്ചത് അവളായിരുന്നു. പ്രവചനത്തെക്കുറിച്ച് (രചയിതാവ് *"ശാപത്തെക്കുറിച്ച്"* എന്നായിരുന്നു എഴുതേണ്ടിയിരുന്നത്) സഹോദരന് മുന്നറിയിപ്പ് ലഭിച്ചിരുന്നു, അയാൾ തൂങ്ങിമരിച്ചു. സഹോദരന്റെ മരണത്തെക്കുറിച്ച് മറ്റൊരു അനൗദ്യോഗിക അനുമാനം കൂടി പ്രചരിക്കുന്നുണ്ട്, അത് ഞാൻ അധ്യായത്തിന്റെ അവസാനം ചർച്ച ചെയ്യാം. തന്റെ സഹോദരൻ ആ അയൽപക്കങ്ങളിൽ എവിടെയോ തന്നെ ഒരു ആൺകുട്ടിയായി പുനർജനിക്കുമെന്ന് സ്ഥിരീകരിക്കാനാവാത്ത രീതിയിൽ അവൾ പ്രവചിക്കുന്നു, അത് മാതാപിതാക്കളെ വളരെയേറെ സമാധാനിപ്പിച്ചു. ശേഷം ഊഹിക്കാവുന്നതുപോലെ ജനിച്ചപ്പോൾ തന്നെ **ഓം** എന്ന് ചൊല്ലുകയും ധ്യാനിക്കുകയും ഒക്കെ ചെയ്യുന്ന അത്ഭുതശിശുവിന്റെ കഥയും പുറകേ വന്നു.

അവളുടെ പൊതുചരിത്രത്തിലുടനീളം, യുക്തിവാദികളും അവിശ്വാസികളും എന്നറിയപ്പെടുന്ന

അയൽവാസികൾ സുധാമണിയെ നിരന്തരം ഉപദ്രവിച്ചു, അവർക്ക് വഞ്ചനയായി അനുഭവപ്പെട്ടത് തുറന്നുപറയാൻ അവർ നിരന്തരമായി ആഗ്രഹിച്ചു. അവർ തീർത്ത മുള്ളുകളിലും കുപ്പിച്ചില്ലുകളിലും അവൾ പരിക്കില്ലാതെ നൃത്തം ചെയ്തു. വ്യക്തമായും അത്ഭുതപ്രവർത്തികൾ അവസാനിച്ചിട്ടില്ല. യുക്തിവാദികളെ വിവരമില്ലാത്തവരായും, അധർമ്മികളായും, അവിശ്വാസികളായും, ദുഷ്ടന്മാരായുമാണ് വിശേഷിപ്പിക്കുന്നത്. അവളിൽ വിശ്വസിക്കാതിരിക്കുന്നത് കുറ്റകരമാണെന്ന തരത്തിൽ അവിശ്വാസികളോടുള്ള കടുത്ത വിവേചനവും ശ്രദ്ധേയമാണ്. ഒടുവിൽ യുക്തിവാദികൾ പോലീസിനെയും രാഷ്ട്രീയക്കാരെയും സ്വാധീനിച്ച് അവളെ തകർക്കാൻ ശ്രമിക്കുന്നതായി രചയിതാവ് നിരീക്ഷിച്ചിട്ടുണ്ട്. വളരെ ഉപയോഗപ്രദമായ ഈ മാർഗ്ഗത്തിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് സുധാമണിയും സംഘടനയും പിന്നീട് അവരുടെ പ്രയോജനത്തിനായി വലിയ രീതിയിൽ ഇതേ മാതൃക പിന്തുടർന്നു.

തുടർന്നുള്ള ഭാഗത്ത് അവർ പൂർണ്ണമായ മനഃശാന്തിയിൽ ആയിരുന്നു എന്നാണ് പറഞ്ഞുവയ്ക്കുന്നത്. ഏറ്റവും പ്രയാസകരമായ സാഹചര്യങ്ങളിൽ നിന്നുപോലും ദൈവസാക്ഷാത്കാരം സാധ്യമാകുമെന്നാണ് അവരുടെ ജീവിതം തെളിയിക്കുന്നത്. ഈ ഉദ്ധരണികളിലൊന്നിൽ, അവർ തന്നെക്കുറിച്ച് ഇങ്ങനെ പറയുന്നു "*അമ്മ സർവ്വവ്യാപിയാണെന്ന് എപ്പോഴും മനസ്സിലാക്കുക. അമ്മയും നിങ്ങളും ഒന്നാണെന്ന് വിശ്വസിക്കുക. മക്കളേ, നിങ്ങളെ പ്രസവിച്ച അമ്മ നിങ്ങളുടെ ഈ ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നോക്കിയേക്കാം; ഇക്കാലത്ത് അതും വളരെ അപൂർവ്വമാണ്. എന്നാൽ ഈ അമ്മയുടെ ലക്ഷ്യം നിങ്ങളുടെ ഭാവിജീവിതങ്ങളിലെല്ലാം ആനന്ദം ആസ്വദിക്കാൻ കഴിയുന്ന തരത്തിൽ നിങ്ങളെ നയിക്കുക എന്നതാണ്.*" സർവ്വശക്തിത്വം എന്ന മിഥ്യാബോധം കൊണ്ടുള്ള ദൂഷ്യം യഥാർത്ഥത്തിൽ നിങ്ങൾ എന്താണോ

അതിൽ നിന്ന് വിഭിന്നമായി മറ്റെന്തോ/ മറ്റാരോ ആണെന്ന് ആളുകളെ തെറ്റിദ്ധരിപ്പിക്കുക എന്നത് മാത്രമല്ല, ഭക്തരോ ശിഷ്യരോ ആയി ചുറ്റും കൂടുന്നവരുടെ ജീവിതം, അവരുടെ ഊർജ്ജം, പണം, കുടുംബം, ജോലി എന്നിവയെല്ലാം പാഴാക്കാനുള്ള സാധ്യതയുമുണ്ട്. മറ്റെല്ലാത്തിനുമുപരിയായി ആ ധാരണ അജ്ഞതയെ അടിസ്ഥാനമാക്കിയുള്ളതാണ്. പരമാനന്ദം നേടുന്ന ആത്മാവിന്റെ അഹം എന്ന ബോധം എന്നന്നേക്കുമായി തകരുകയും പിന്നീട് പുനർജ്ജനിക്കാതിരിക്കുകയും ചെയ്യുന്നു, എന്തെന്നാൽ ആ കർമ്മഫലവുമായി താദാത്മ്യമുള്ള ആരും തന്നെ അവിടെയില്ല. അതുകൊണ്ടുതന്നെ പരമാനന്ദം ഒരിക്കൽ മാത്രം അനുഭവപ്പെടുന്ന ഒന്നാണ്, സാക്ഷാത്കാരം ലഭിക്കുന്ന ജന്മത്തിൽ മാത്രം. തന്നെയുമല്ല, പൊതുവായി പറഞ്ഞിരിക്കുന്ന ഈ വിമർശനം അമ്മമാർ അംഗീകരിക്കുമോ എന്നും എനിക്കുറപ്പില്ല.

*"അനശ്വരമായ ആനന്ദത്തിന്റെ അമ്മ"*, എന്ന് പേരുള്ള ചാപ്റ്റർ 10 ന്റെ 177 പേജിൽ അവരുടെ ആദ്യ ശിഷ്യന്മാരിൽ ഒരാളായ ചന്ദ്രുവിനെ പേര് മറച്ചുവെച്ച് ഒരു സാധാരണ *"യൂണിവേഴ്സിറ്റി വിദ്യാർത്ഥി"* എന്ന രീതിയിൽ പറഞ്ഞിരിക്കുന്നു. ഈ കഥാപാത്രം പ്രധാനമായതിനാൽ തന്നെ ഇത് അപലപനീയമാണ്: തിരുവണ്ണാമലയിൽ വന്ന് സുധാമണിയുടെ ആദ്യപാശ്ചാത്യ ശിഷ്യരായ അമേരിക്കൻ നീലു, ഓസ്ട്രേലിയൻ ഗായത്രി, ഫ്രഞ്ച് മധു, ഗംഗ എന്ന ഞാൻ എന്നിവരെ കണ്ടെത്തിയത് ചന്ദ്രുവാണ്. ചന്ദ്രു ഞങ്ങളെയൊക്കെ തേടി വന്നു എന്നതു മാത്രമല്ല, ഞങ്ങളെ ഭാരതീയ വിശുദ്ധഗ്രന്ഥങ്ങൾ പഠിപ്പിച്ചതും അയാളാണ്. A യുടെ പേരിൽ ബ്രഹ്മചര്യത്തിലേക്കുള്ള (മഞ്ഞവസ്ത്രം) ദീക്ഷ എനിക്ക് കൈമാറിയതും അയാളാണ്. സംഘടനയുടെ രൂപീകരണത്തിൽ വളരെ വലിയ പങ്കു വഹിച്ച ഒരാളാണ് ചന്ദ്രു, എന്നാൽ ജീവചരിത്രത്തിൽ നിന്ന് അയാളെയും ഒഴിവാക്കിയ മട്ടാണ്. ആശ്ചര്യമില്ല, ഈ പ്രസ്ഥാനത്തിന്റെ നടത്തിപ്പ് അങ്ങനെയാണ്.

ജീവചരിത്രകാരൻ അവകാശപ്പെടുന്നത് ഞങ്ങൾ നാലുപേരും ഞങ്ങളുടെ സമ്പാദ്യമെല്ലാം അവർക്ക് നൽകാമെന്ന് വാഗ്ദാനം ചെയ്തു, എന്നാൽ ഞങ്ങളുടെ ആത്മീയ പരിണാമമാണ് തന്റെ ഏക സമ്പത്തെന്ന് കരുതി A അത് ഉദാരമായി നിരസിച്ചു എന്നാണ്. എന്നാൽ നാലിൽ മൂന്നുപേർ കാലണയ്ക്ക് വകയില്ലാതെ മറ്റുള്ളവരുടെ ഔദാര്യത്തിൽ ജീവിച്ചവരാണ് എന്നതിനെക്കുറിച്ചയാൾ മിണ്ടുന്നില്ല. വെളുത്ത തൊലിയെ സമ്പത്തുമായി ബന്ധിപ്പിക്കുന്ന സ്ഥായിയായ മിഥ്യയാണിത്.

ചന്ദ്രു ഞങ്ങളെ ആദ്യമായി കണ്ടുമുട്ടിയപ്പോളല്ലാതെ എന്നെക്കുറിച്ച് ജീവചരിത്രത്തിൽ ഒരേയൊരു പരാമർശമേയുള്ളു, അതും അത്ര നല്ലതല്ലാത്തത്, ചാപ്റ്റർ പത്ത് പേജ് നമ്പർ 183 ൽ. അത്ര സത്യസന്ധമല്ലാത്ത രീതിയിലാണ് അത് പറഞ്ഞിരിക്കുന്നതും. ആത്മീയ വഴിയിൽ ഒരു തുടക്കക്കാരനായല്ല ഞാൻ A യുടെ അടുത്ത് എത്തിയത്. രമണമഹർഷിയിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് കുറച്ചു വർഷങ്ങൾ ഞാൻ തിരുവണ്ണാമലയിൽ ജീവിച്ചിരുന്നു. മുമ്പ് വിശദീകരിച്ചതുപോലെ അദ്ദേഹത്തിന്റെ “അക്ഷര മണമാല” ഞാൻ തമിഴിൽ നിന്ന് ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയിരുന്നു. നിത്യേന മറ്റ് ഭക്തരുടെ അകമ്പടിയോടെ മലയ്ക്ക് ചുറ്റും പതിനാലു കിലോമീറ്റർ നഗ്നപാദനായി പ്രദക്ഷിണം ചെയ്യുമ്പോൾ, തമിഴിലെ അതേ ഈണത്തിൽ അത് ഇംഗ്ലീഷിൽ ഞാൻ പതിവായി ചൊല്ലുമായിരുന്നു. ശ്രീരാമകൃഷ്ണ പരമഹംസരുടെയും തമിഴ്നാട്ടിലെ ഭക്തി പ്രസ്ഥാനത്തിലെ സന്യാസിമാരുടെയും ജീവിതം ഞാൻ ശ്രദ്ധയോടെ പഠിച്ചിട്ടുണ്ട്. അവിടെ തീർത്ഥാടന വേളയിൽ അൽപ ദിവസത്തേക്ക് തങ്ങിയ മുരുകഭക്തരെ പ്രചോദിപ്പിക്കുകയും അവരാൽ പ്രചോദിതനാവുകയും ചെയ്തത് ഞാനോർക്കുന്നു. അവിടെ ഞാൻ മധുവിനൊപ്പമാണ് ഉണ്ടായിരുന്നത് അവരുടെ ഭക്തി ഞങ്ങളെ ആഴത്തിൽ സ്പർശിച്ചു. സംഘടനയുടെ ഇപ്പോഴത്തെ രാഷ്ട്രീയാവശ്യങ്ങൾക്കായി നിരന്തരം

തിരുത്തി എഴുതപ്പെടുകയും വ്യാജമായി നിർമ്മിക്കുകയും വാസ്തവവിരുദ്ധത നിറഞ്ഞിരിക്കുകയും ചെയ്യുന്ന ഈ ജീവചരിത്രത്തിൽ എന്നെ സത്യസന്ധമായി ചിത്രീകരിച്ചില്ല എന്നുള്ളത് ഒരു വിഷയമേയല്ല. ഒരുകണക്കിന് ഈ വിമർശനാത്മക അവലോകനത്തിൽ എന്തെങ്കിലും ഇളവുകളോ അനുനയമോ കാട്ടേണ്ട ഉത്തരവാദിത്വത്തിൽ നിന്ന് അതെന്നെ മുക്തനാക്കി എന്നുപറയാം.

ഗായത്രിയെയോ എന്നെയോ ജീവചരിത്രത്തിൽ നന്നായി ചിത്രീകരിച്ചിട്ടില്ല, തികച്ചും പരിഹാസ്യമാണിത്. ഗായത്രി തന്റെ ഭാഗം അവരുടെ പുസ്തകത്തിലൂടെ പറഞ്ഞുകഴിഞ്ഞു ചില ഭാഗങ്ങളിൽ ഞാനും അതുതന്നെയാണ് ചെയ്യാൻ ശ്രമിക്കുന്നത്. ചരിത്രം വ്യാജമായി തിരുത്തിയെഴുതുമ്പോൾ, അതിന്റെ പഠനസാധ്യതയെ ഇല്ലാതാക്കുകയും അതിനെ വെറുമൊരു പ്രചാരണ ഉപകരണമാക്കി മാറ്റുകയും ചെയ്യുന്നു. വാസ്തവത്തിൽ, പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ നിന്ന് ഞാൻ അപ്രത്യക്ഷനായിട്ടുണ്ടെങ്കിൽ, അത് ഞാൻ വിട്ടുപോയ പ്രസ്ഥാനത്തിലെ മൂപ്പുള്ളവരിൽ പലരും ആയിത്തീർന്നതുപോലെ, ഒരു നുണയാകേണ്ടതില്ലെന്ന് ഞാൻ തീരുമാനിച്ചതുകൊണ്ടാണ്, ഞാൻ എന്തായിരുന്നു എന്നതുമായി താരതമ്യം ചെയ്തുനോക്കുമ്പോൾ എളിമയോടെ നീതിയുക്തവും സത്യസന്ധവുമായ രീതിയിൽ ജീവിക്കാൻ ഞാൻ തീരുമാനിച്ചത് കൊണ്ടാണ്, മറ്റുള്ളവരോടും എന്നോട് തന്നെയും കളവ് പറയില്ല എന്ന് തീരുമാനിച്ചതുകൊണ്ടാണ്. സംഘടനയെ അതൃപ്തിപ്പെടുത്താൻ ഞാൻ എന്താണ് ചെയ്തത്? ഒന്നും ചെയ്തിട്ടില്ല. സത്യസന്ധത പുലർത്തുകയും അവിടം വിടുകയും ചെയ്യുന്നത് അവർക്ക് കുറ്റമായാണ് തോന്നുന്നത്. അതിനാൽ എന്നെ മുൻകൂട്ടി നിശ്ശബ്ദനാക്കാൻ വേണ്ടി അവർ വ്യാജ ആരോപണങ്ങൾ ഉന്നയിച്ചു. എന്നെ എന്റെ ബന്ധങ്ങളിൽ നിന്ന് വിച്ഛേദിക്കുകയും പുറത്താക്കുകയും ചെയ്തു, നിങ്ങൾ ഒരു നുണയനോ ബലാത്സംഗിയോ വഞ്ചകനോ

അല്ലെങ്കിൽ, നിങ്ങൾ ചരിത്രത്തിൽ നിന്ന് തുടച്ചുനീക്കപ്പെടും എന്നാണോ മനസ്സിലാക്കേണ്ടത്?

അദ്ധ്യായം 10, പേജ് 188 ൽ, വിവാഹത്തിലോ ശവസംസ്കാര ചടങ്ങുകളിലോ പങ്കെടുക്കരുതെന്ന് A അവരുടെ ശിഷ്യരോട് പറഞ്ഞിരിക്കുന്നു. എന്തെന്നാൽ "*ലോകത്തിന്റെ ആകുലതകളുടെ സ്പന്ദനങ്ങൾ അന്വേഷിയുടെ ആത്മാവിലേക്ക്, അവൻ പരിത്യാഗി ആയിരുന്നിട്ടുകൂടി തുളച്ചുകയറും, അങ്ങനെ അവൻ അസ്വസ്ഥനാകുകയും ക്ഷണികവും വ്യർത്ഥവുമായ കാര്യങ്ങൾ ആഗ്രഹിക്കുകയും ചെയ്യും*". ഇവിടെ അവർക്ക് തെറ്റിയില്ല. അതേ സമയം, ഈ തെറ്റിദ്ധാരണയുടെ വിശദാംശങ്ങളിലേക്ക് പോകാൻ വളരെ സമയമെടുക്കും, കാരണം അവരുടെ ജീവിത തത്വശാസ്ത്രം തന്നെ ലോകത്തെ, ഭൗതികാനുഭവങ്ങളെ നിരാകരിക്കുന്നതിൽ അധിഷ്ഠിതമാണ്. ഭൗതിക ജീവിതത്തിന്റെ സൗന്ദര്യത്തെയും പവിത്രതയെയും കുറിച്ചും, ഭൗതിക ജീവിതം പരിത്യാഗത്തിൽ നിന്ന് വിഭിന്നമായി ആത്മീയമായി പരിണമിക്കുന്നതിനുള്ള മറ്റൊരു ഫലപ്രദമായ മാർഗ്ഗമായും അവർക്ക് സങ്കൽപ്പിക്കാൻ കഴിഞ്ഞില്ല. ചെറുപ്പത്തിലെ അവരുടെ അതിദാരുണമായ അനുഭവങ്ങൾ കണക്കിലെടുക്കുമ്പോൾ, ലോകം താൻ അനുഭവിച്ചതുപോലെയാണ് മറ്റെല്ലാവർക്കുമെന്ന് അവർ കരുതുന്നുണ്ടാവും.

അദ്ധ്യായം 10, പേജ് 192-ൽ, തത്ത്വചിന്തയും സംസ്കൃതവും പഠിപ്പിക്കുന്നതിനായി 1982 ൽ സ്ഥാപിതമായ ഒരു വേദാന്ത വിദ്യാലയത്തെ കുറിച്ച് ജീവചരിത്രകാരൻ എഴുതിയിരിക്കുന്നു. 1982 ൽ ഞാൻ അവിടുത്തെ സ്ഥിരതാമസക്കാരനായിരുന്നു. വളരെ ചെറിയ തോതിൽ ഒരു കൂട്ടായ്മയാണ് അന്നുണ്ടായിരുന്നത്, ഇങ്ങനെയൊരു വേദാന്ത വിദ്യാലയത്തെക്കുറിച്ച് ഞാൻ കേട്ടിട്ടേയില്ല. അക്കാലത്ത് ഫിലോസഫിയും സംസ്കൃതവും പഠിപ്പിക്കുന്ന രണ്ട് അധ്യാപകർ വന്നിരുന്നു,

അതിലൊരാൾ ഞങ്ങളിൽ ഒരാളുടെ യോഗ ടീച്ചർ കൂടിയായിരുന്നു. എന്നാൽ ക്ലാസ്സുകൾ വളരെ വിരസമായിരുന്നു. അവരെ മാറ്റി ചിന്മയ മിഷനിൽ നിന്ന് മടങ്ങിയെത്തിയ ചന്ദ്രുവാണ് പിന്നീട് ഈ വിഷയങ്ങളെല്ലാം പഠിപ്പിച്ചത്. കളരി എന്ന് പറയപ്പെടുന്ന ആദ്യകാല ക്ഷേത്രത്തിന്റെ വരാന്തയിലാണ് ഈ പഠനം നടന്നത്. പിന്നീട് ഇതിനായി ഒരു പുതിയ ഹാൾ ഉപയോഗിച്ചു, മറ്റു പല ആവശ്യങ്ങൾക്കും ഈ ഹാൾ ഉപയോഗിക്കുന്നുണ്ടായിരുന്നു. ഞങ്ങൾ ക്ലാസുകളിൽ പങ്കെടുത്തശേഷം അവരവരുടെ കാര്യം നോക്കി പോകുമായിരുന്നു. "വേദാന്ത വിദ്യാലയം" എന്നൊന്ന് ഞാൻ കണ്ടിട്ടില്ല. ഒരുപക്ഷേ, ചെറിയ വിശദാംശങ്ങളെപ്പോലും മഹത്തായ ഒരു കഥയായി ഊതിപ്പെരുപ്പിക്കുന്ന രചയിതാവിന്റെ രീതിയായിരുന്നിരിക്കാം ഇത്.

ആശ്രമത്തിലെ മാറ്റങ്ങളെക്കുറിച്ചും നിരന്തരം വർദ്ധിച്ചുവന്ന സന്ദർശകരുടെ എണ്ണത്തെക്കുറിച്ചും കഥാകാരൻ പറയുന്നുണ്ട്. A യുടെ മാതാപിതാക്കളെ പരാമർശിക്കുകയും, ആശ്രമത്തിൽ താമസിച്ചിരുന്ന എല്ലാ അന്വേഷികൾക്കും അവർ അച്ഛനമ്മമാരായി മാതൃകാപരമായ ഒരു കുടുംബമായി വർത്തിച്ചു എന്ന് പറയാൻ രചയിതാവ് ധൈര്യം കാണിച്ചിരിക്കുന്നു. മകളോടുള്ള അവരുടെ ക്രിമിനൽ പെരുമാറ്റത്തിൽ നിന്ന് അവർക്ക് പാപമോചനം നൽകാൻ അയാൾ ശ്രമിക്കുന്നത് ഞെട്ടലോടെയാണ് ഞാൻ വായിച്ചത്. ഇത് വളരെ ആരോചകമാണ്, ഈ കെട്ടിച്ചമച്ച കഥയിലെ അവസാന ഘടകങ്ങളിലൊന്നാണിത്, അതിൽ ആളുകളെ വാസ്തവവിരുദ്ധമായി ചിത്രീകരിക്കാനും ലോകത്തിന്റെ കണ്ണിൽ നല്ലവരാക്കാനും കഥാകാരൻ കിണഞ്ഞു പരിശ്രമിച്ചിരിക്കുന്നു.

മറ്റൊരു നട്ടാൽ കിളിർക്കാത്ത നുണ പടിഞ്ഞാറൻ ലോകത്തേക്കുള്ള ആദ്യ സന്ദർശനങ്ങളെക്കുറിച്ചാണ്. പുറത്തുള്ള മക്കളുടെ ആവർത്തിച്ചുള്ള അപേക്ഷ

അനുസരിച്ച് അമ്മ 1987 ൽ ആദ്യവിദേശയാത്ര നടത്തി എന്നാണ് ജീവചരിത്രകാരൻ എഴുതിയിരിക്കുന്നത്. അവിടത്തെ പ്രതികരണം ആകെക്കൂടി വൻവിജയമായിരുന്നുവത്രെ. എന്നാൽ വിദേശത്ത് അന്നവർക്ക് “മക്കൾ” ഉണ്ടായിരുന്നില്ല എന്നതാണ് യാഥാർത്ഥ്യം. പ്രവാസത്തിലേക്ക് പോകാൻ ഞങ്ങളെ നിർബന്ധിച്ചത് A തന്നെയായിരുന്നു- എന്റെ കാര്യത്തിൽ, 1984 അവസാനത്തോടെ- അവരുടെ പേരും സന്ദേശവും വെളിരാജ്യങ്ങളിൽ അറിയിക്കുന്നതിനായും, ഭാവിഭക്തരെ കണ്ടെത്താനും നിലനിർത്താനും അവരുടെ അങ്ങോട്ടുള്ള യാത്രയ്ക്കും താമസത്തിനും പ്രസ്ഥാനത്തിന്റെ ചെലവുകൾക്കുള്ള പണം സംഭാവനയായി നൽകുന്നതിന് പുതിയ ഭക്തരെ പ്രോത്സാഹിപ്പിക്കാനുമായി ഞങ്ങൾ ഞങ്ങളുടെ ഉത്ഭവരാജ്യങ്ങളിലേക്ക് മടങ്ങാൻ അവർ നിർബന്ധിച്ചു. അവരുടെ ആദ്യ ലോകപര്യടനസമയത്തെ സമീപനം സ്വഭാവത്തിൽ മതപരിവർത്തനം തന്നെയായിരുന്നു, അതെന്നെ അസ്വസ്ഥനാക്കി. അതുകൊണ്ട് തന്നെ ഞാൻ അധികം ആവേശഭരിതനായി അതിൽ പങ്കെടുക്കാതെ മറ്റുള്ളവർക്ക് വിട്ടുകൊടുത്തു. കൃത്യമായി പറഞ്ഞാൽ, ജീവചരിത്രത്തിൽ നിന്ന് ഒഴിവാക്കപ്പെട്ട ചന്ദ്രുവാണ് (ഗെയിലിന്റെ പുസ്തകത്തിൽ നാൽപ്പത്തിനാല് തവണ പരാമർശിക്കപ്പെട്ട), നീലുവിനോടും ഒരു അമേരിക്കൻ ഭക്തയായ കുസുമയോടും ഒപ്പം ഭക്തരെ തേടിപ്പിടിക്കാൻ പുറപ്പെട്ടത്. വിജയകരമായ പ്രതികരണത്തെ കുറിച്ചാണെങ്കിൽ, മിക്ക പ്രോഗ്രാമുകളിലും ഏകദേശം നാൽപ്പതോളം പേരാണ് പങ്കെടുത്തുത്. തൽഫലമായി, ഞങ്ങൾ താമസിച്ചിരുന്ന അപ്പാർട്ടുമെന്റുകളിലെ സ്വീകരണ മുറികൾ തന്നെ പ്രോഗ്രാമുകൾക്ക് ധാരാളമായിരുന്നു, കസേരയും മേശയും മറ്റും വശങ്ങളിലേക്ക് അൽപ്പം നീക്കണമെന്നുമാത്രം. ഈ പറഞ്ഞതിന് ജീവചരിത്രകാരൻ എഴുതിയതുപോലെ പൊലിപ്പില്ലെങ്കിലും, ഇതാണ് സത്യം.

പിന്നീട് A സാക്ഷാത്കാരം ലഭിച്ച ഒരാൾ (അവർ ഇവിടെ തന്നെയും കൂട്ടിച്ചേർത്താണ് അഭിപ്രായപ്പെടുന്നത്) ലോകത്തെയും ചുറ്റുമുള്ളവരെയും എങ്ങനെ കാണുന്നുവെന്ന് പറഞ്ഞ് ഇങ്ങനെ അവസാനിക്കുന്നു. "*അതുപോലെ, എന്റെ മക്കളേ, നിങ്ങൾ ധാർമ്മികമായും ആത്മീയമായും പൂർണ്ണത കൈവന്ന്, എല്ലാത്തിലും ദൈവികത ദർശിച്ചതിനുശേഷം മാത്രമേ നിങ്ങൾക്ക് മറ്റുള്ളവരെ അങ്ങനെയാകാൻ പഠിപ്പിക്കാൻ കഴിയൂ.*" ഈ അനുഭവസാക്ഷ്യത്തിന്റെ പശ്ചാത്തലത്തിൽ വളരെ പ്രസക്തമായ ഈ വാക്കുകൾ നമുക്ക് ഒന്നുകൂടി ശ്രദ്ധിക്കാം. മനസ്സിലാവാത്തവർക്കായി ഒന്നു കൂടി വിശദമാക്കാം, മേൽ പറഞ്ഞത് A സ്വയം പ്രാവർത്തികമാക്കുകയും അതിനുശേഷം മാത്രം പഠിപ്പിക്കാൻ ഇറങ്ങുകയും ചെയ്തിരുന്നെങ്കിൽ വളരെ നന്നാവുമായിരുന്നു എന്ന് ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു.

ഭാവങ്ങളുടെ അർത്ഥത്തെക്കുറിച്ചുള്ള 11-ാം അധ്യായത്തിൽ, ജീവചരിത്രകാരൻ സുധാമണിയെ ഒരു ദിവ്യാവതാരമായി നമ്മുടെമേൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നു. അവതാരങ്ങളെ മൂന്നായി തരം തിരിച്ചിരിക്കുന്നു, *പൂർണ്ണം, അംശം, ആവേശം* ഇതിനെല്ലാം പുരാണങ്ങളിൽ നിന്ന് ഉദാഹരണങ്ങളും പറയുന്നുണ്ട്. *വിഷ്ണു, നരസിംഹം, രാമൻ, പരശുരാമൻ, കൃഷ്ണൻ, ഹനുമാൻ* തുടങ്ങിയവർ. പരമ്പരാഗതമായി, അവതാരങ്ങൾ മറ്റ് രൂപങ്ങളിലുള്ള ദൈവങ്ങളാണ്, അവതാരങ്ങളാവാനുള്ള സമകാലിക ഗുരുക്കൻമാരുടെ മത്സരം പരിഹാസ്യമാണ്. അവസാന വിശകലനത്തിൽ, രമണ മഹർഷി പറഞ്ഞതുപോലെ ഒരുവശത്ത് നാമെല്ലാം അവതാരങ്ങളാണ്, മറുവശത്ത് ജ്ഞാനത്തിന്റെ പാത അനുസരിച്ച് അവതാരങ്ങളില്ല, സത്യം മാത്രമേയുള്ളൂ. അവതാരങ്ങളെക്കുറിച്ചുള്ള സങ്കൽപ്പം പുരാണങ്ങളിലുള്ളതാണ്, വേദങ്ങളിലേതല്ല. പുരാണങ്ങളിൽ എന്തും സാധ്യമാണ്. തന്റെ

ആഖ്യാനത്തിൽ, ജീവചരിത്രകാരൻ ഈ ആശയത്തെ സുധാമണിയുമായി സൂക്ഷ്മമായി ബന്ധപ്പെടുത്തുന്നു. തന്റെ അമ്മയെ അയാൾ ഏത് അവതാരമായാണ് തരം തിരിച്ചതെന്ന് വ്യക്തമല്ല, അഞ്ചു പേജ് വരുന്ന ഉപസംഹാരത്തിൽ നിഗമനങ്ങളൊന്നും കാണാനായില്ല. പക്ഷേ ഈ ചർച്ചകൾ അവശേഷിക്കുന്ന ധാരണ അവർ ദൈവത്തിന്റെ അവതാരമാണ് എന്നതാണ്, ഒരുപക്ഷേ അതായിരിക്കും ജീവചരിത്രകാരൻ ഉദ്ദേശിച്ച ഫലവും. ഭാവങ്ങളെക്കുറിച്ച് വിശദീകരിച്ചപ്പോൾ A പറഞ്ഞത് ഇങ്ങനെയാണ്: *"അമ്മ തന്റെ ആത്മീയ ശക്തിയുടെ ഒരു ഭാഗം പോലും ഭാവങ്ങളിൽ പ്രകടിപ്പിക്കുന്നില്ല. അത് അതേപടി പ്രകടിപ്പിക്കുകയാണെങ്കിൽ, ആർക്കും അടുത്ത് വരാൻ കൂടി കഴിയില്ല!"* അവരുടെ മകനായ, രചയിതാവ് തുടർന്നു പറയുന്നു, ഭാവങ്ങൾ *"മനുഷ്യബുദ്ധിക്ക് അപ്പുറമാണ്"* എന്നും അവ *"അമ്മയുടെ അനന്തമായ ആത്മീയ ശക്തി"* പ്രകടിപ്പിക്കുന്നു എന്നും. *"ലൗകികതയുടെ അഗാധമായ ചെളിക്കുണ്ടിൽ മുങ്ങിപ്പോയ മാനവികതയെ"* രക്ഷിക്കുന്നതിനുള്ള അമ്മയുടെ വഴിയാണ് ഇതെന്നും അയാൾ വിശദീകരിക്കുന്നു. *"ലൗകികതയുടെ ചളിക്കുണ്ട്..."* ആത്മവഞ്ചനാപരവും നിഷേധാത്മകമായ ഈ തത്വശാസ്ത്രം നിങ്ങൾ അംഗീകരിക്കുമോ? പ്രത്യേകിച്ച് രഹസ്യബന്ധങ്ങൾ അവർക്ക് പതിവായ സ്ഥിതിക്ക്. ആത്യന്തികമായി പറഞ്ഞാൽ, ഗുരുവിന്റെ മെഡലുകളുടെ എണ്ണമല്ല, അന്വേഷികളായ നമ്മൾ ആരെന്നതാണ് പ്രധാനം.

ഭാവങ്ങളെക്കുറിച്ച് പിന്നെയുമുള്ള വിവരണത്തിൽ പരമാത്മാവുമായുള്ള അവരുടെ ഐക്യത്തിന്റെ പ്രകടനമാണ് ഭാവങ്ങളെന്നും ഈ മഹാത്മാവിന് നമുക്ക് വിശദീകരിക്കാനാകാത്തവിധം ആത്മീയ ശക്തിയുണ്ടെന്നും എഴുതിയിരിക്കുന്നു. ആളുകൾക്ക് സങ്കൽപ്പിക്കാൻ കഴിയുന്നതെല്ലാം അവരാണ്. തന്റെ അമ്മയുടെ മഹത്വവും അവരുടെ മാനസികമായ ശക്തിവൈഭവും ജീവചരിത്രകാരൻ പ്രചരിപ്പിക്കുന്നു.

ഭക്തനായ ഒരു വിശ്വാസിയുടെ സ്ഥാനത്ത് സ്വയം നിന്നുകൊണ്ട് അയാൾ ഇങ്ങനെ എഴുതുന്നു: *“ഒരു സ്പർശനത്തിലൂടെയോ നോട്ടത്തിലൂടെയോ പോലും ഭയങ്കരവും ചികിത്സയില്ലാത്തതുമായ രോഗങ്ങൾ സുഖപ്പെടുത്താൻ കഴിയുന്ന അതിമാനുഷയായ സ്ത്രീയാണ് അവർ; അവർക്ക് നിങ്ങളുടെ ലൗകിക പ്രശ്നങ്ങൾ പരിഹരിക്കാനും നിങ്ങളുടെ ആഗ്രഹങ്ങളെല്ലാം എളുപ്പത്തിൽ നിറവേറ്റാനും കഴിയും. (...) നിങ്ങൾക്ക് ധാരാളം അതീന്ദ്രിയ ശക്തികൾ നൽകാനും അവർക്ക് കഴിയും. അവർ ടെലിപതിയിലും അതീന്ദ്രിയജ്ഞാനത്തിലും അഗ്രഗണ്യയാണ്. ജലത്തെ പഞ്ചാമൃതവും പാലുമാക്കി മാറ്റുന്നത് അവർക്ക് ബുദ്ധിമുട്ടുള്ള കാര്യമേയല്ല. എട്ട് അതീന്ദ്രിയ ശക്തികളും അവരുടെ നിയന്ത്രണത്തിലാണ് (...). ഒരു അന്വേഷിക്ക് സാക്ഷാത്കാരത്തിനുള്ള ആത്യന്തികലക്ഷ്യമാണ് അമ്മ. യഥാർത്ഥ അന്വേഷികൾ ഉത്ഭവിക്കുന്നതും അവർക്ക് പിന്തുണ ലഭിക്കുന്നതും അവിടെ നിന്നാണ്. ജനിമൃതികളുടെ സാഗരം കടക്കാൻ അമ്മ അവരെ സഹായിക്കുന്നു. അവരുടെ സ്ഥായിയായ സ്വഭാവം തന്നെ സ്നേഹവും അനുകമ്പയുമാണ്; വേദങ്ങളിലും ലോകത്തിലെ മറ്റെല്ലാ മതഗ്രന്ഥങ്ങളിലും പ്രതിപാദിച്ചിരിക്കുന്ന സത്യങ്ങളുടെ യഥാർത്ഥ സാക്ഷിയാണ് അവർ. നിങ്ങൾ അവരുടെ കാൽക്കൽ അഭയം പ്രാപിച്ചാൽ, ലക്ഷ്യം കൈപ്പിടിയിൽ എത്തിയെന്നാണ് അർത്ഥം. അവർ എല്ലാം തികഞ്ഞ ഒരു ആചാര്യയും മഹതിയായ അമ്മയുമാണ്. ഭക്തിയുടെ (ഭക്തിയോഗം) പാത പിന്തുടരുന്ന ഒരു വ്യക്തിയുടെ കാഴ്ചപ്പാടിൽ, അമ്മ ഒരു യഥാർത്ഥ ഭക്തയാണ്. (...) അറിവിന്റെ പാത (ജ്ഞാനയോഗം) പിന്തുടരുന്ന ഒരാൾ അമ്മയെ നിരീക്ഷിക്കുമ്പോൾ, അവരുടെ വാക്കുകളിലും പ്രവൃത്തിയിലും പരിപൂർണ്ണമായി സ്വയം അറിയുന്ന ഒരു വ്യക്തിയെ അയാൾക്ക് കാണാൻ കഴിയും. കർമ്മയോഗം ആത്മാർത്ഥമായി പിന്തുടരുന്ന ഒരു വ്യക്തിക്ക്, അമ്മ കർമ്മയോഗികളിൽ അഗ്രഗണ്യയാണെന്ന് മനസ്സിലാവും.*

*ഓരോരുത്തരുടെയും പരിമിതമായ അനുഭവത്തിലും ധാരണയിലും രൂപപ്പെട്ട ഭാഗികമായ വീക്ഷണങ്ങളാണ് ഇവയെല്ലാം. എന്നാൽ മുൻവിധിയും ധാർഷ്ട്യവുമില്ലാത്ത അടുത്ത സഹവാസത്തിലൂടെയും നിരീക്ഷണത്തിലൂടെയും അമ്മ ഇവയുടെയെല്ലാം സമന്വയമാണെന്ന് മനസ്സിലാക്കാൻ കഴിയും. (...) അമ്മ അവരെ (തന്റെ ശിഷ്യന്മാരെ) അവർ ചെയ്തേക്കാവുന്ന എല്ലാ തെറ്റുകളും ക്ഷമിച്ച് തന്റെ നിസ്വാർത്ഥ സ്നേഹത്തിൽ കുളിപ്പിക്കുന്നു."*

തുടർന്ന് ഈ ആഖ്യാനത്തെ ഏറ്റെടുത്ത് ശക്തിപ്പെടുത്തുന്നതുപോലെ A ഇങ്ങനെ പറയുന്നു. ഒരു സദ്ഗുരു (ഒരു തികഞ്ഞ ഗുരു) *"അവനെ [തന്റെ ശിഷ്യനെ] സ്നേഹിക്കുന്നു തന്റെ നിരുപാധികമായ സ്നേഹത്താൽ അവനെ ബന്ധിക്കുന്നു. (...) അമ്മ നിങ്ങളുടെ ആത്മീയ പുരോഗതിയല്ലാതെ മറ്റൊന്നും പ്രതീക്ഷിക്കുന്നില്ല."* അവർ സ്വയം സംബോധന ചെയ്തത് എങ്ങനെയെന്ന് നിങ്ങൾ ശ്രദ്ധിച്ചുകാണും, അമ്മ/ സത്ഗുരു. *"അവർ പഠിപ്പിക്കുകയും അതേ സമയം സ്വന്തം പ്രവൃത്തികളാൽ മാതൃക കാണിക്കുകയും ചെയ്യുന്നു"* എന്നും ജീവചരിത്രകാരൻ വ്യക്തമാക്കുന്നു. ഈ പുസ്തകത്തിന്റെ പശ്ചാത്തലത്തിൽ വളരെ പ്രധാനപ്പെട്ട മറ്റൊരു പ്രസ്താവനയാണിത്.

ഒരു ചർച്ചക്കിടയിൽ *"ലൗകികജീവിതം നയിക്കുന്ന വ്യക്തികളെ"* കുറിച്ച് A സംസാരിക്കുന്നു, കുടുംബവും ജോലിയുമുള്ളവർ, മറ്റൊരു വിധത്തിൽ പറഞ്ഞാൽ, സന്യാസിമാരൊഴികെ മറ്റെല്ലാവരും. അവർ പറയുന്നത് വിവേചനപരവും അപലപനീയവുമാണ്, പക്ഷേ അവരത് നല്ല ബോധ്യത്തോടെയും സ്നേഹത്തോടെയുമാണ് പറയുന്നത്: *"മക്കളേ, ഒരു ലൗകികവ്യക്തിയെ സംബന്ധിച്ചിടത്തോളം, അയാൾക്ക് തന്റെ ഭാര്യയെയും കുട്ടികളെയും നോക്കിയാൽ മതി, മറുവശത്ത്, ഒരു യഥാർത്ഥ സന്യാസി ലോകത്തിന്റെ മുഴുവൻ ഭാരം*

*ചുമക്കണം. അതിനാൽ നിങ്ങൾ കൂടുതൽ ശക്തരാകണം.''*

ജീവചരിത്രകാരൻ തന്റെ ആഖ്യാനം അവസാനിപ്പിക്കുന്നത് ഇങ്ങനെ പറഞ്ഞുകൊണ്ടാണ്, *"ഇന്ത്യയുടെ ആത്മീയചരിത്രത്തിൽ തെറ്റുചെയ്യുന്ന മനുഷ്യരാശിയോടുള്ള കൃപയുടെയും അനുകമ്പയുടെയും കാര്യത്തിൽ അമ്മ സമാനതകളില്ലാത്തവളാണ്. ശാശ്വതമായ സമാധാനവും ആത്മസാക്ഷാത്കാരം എന്ന പരമാനന്ദവും ആഗ്രഹിക്കുന്ന എല്ലാവർക്കും ഒരു വഴിവിളക്കായി അവരുടെ ദിവ്യജീവിതം വർത്തിക്കട്ടെ.''*

ഈ ജീവചരിത്രത്തിലെ ഏറ്റവും അസുഖകരമായ കാര്യം ജീവചരിത്രകാരൻ തന്റെ ഗുരുവായ അമ്മയെ എല്ലാം യുക്തിക്കും പ്രതിബന്ധങ്ങൾക്കും എതിരായി വല്ലവിധേനയും മഹാചാര്യന്മാരുടെ കൂട്ടത്തിൽ പ്രതിഷ്ഠിക്കാൻ നടത്തുന്ന നിരന്തരവും ദയനീയവുമായ ശ്രമമാണ്. അവരെ ആ പദവിയിൽ എത്തിക്കാനുള്ള ത്വരയിൽ തന്റെ സമീപനത്തിന്റെ യുക്തിയിലെ പ്രശ്നങ്ങൾ അയാൾക്ക് കാണാനേ കഴിയുന്നില്ല. അവന്റെ താൽപ്പര്യം എന്തായിരിക്കാം? ഈ ഇടപെടലിൽ നിന്ന് ഉയർന്നുവരുന്ന സഹവർത്തിത്വം രസകരമാണ്, കാരണം അവരുടെ "സന്ദേശങ്ങൾ" എന്ന് വിളിക്കപ്പെടുന്നവ എഴുതുന്നത് ഈ ജീവചരിത്രകാരൻ തന്നെയാണ്. A യുടെ പ്രവർത്തനം നിഷേധിക്കാനാവാത്തതാണെങ്കിലും, അവരുടെ രണ്ടാമന്റെ പങ്കും ശ്രദ്ധേയമാണ്: ലളിതമായി പറഞ്ഞാൽ, ഒരു വിധത്തിൽ, ഇന്നത്തെ A യെ സൃഷ്ടിച്ചത് തന്നെ ബാലുവാണെന്ന് തോന്നിപ്പോവും. പകരമായി, അവർ അയാൾക്ക് നന്നായി പ്രത്യുപകാരം ചെയ്യുന്നു. ജീവചരിത്രത്തിലെ "അന്വേഷികളുടെ അനുഭവങ്ങൾ" എന്ന വിഭാഗത്തിൽ, അദ്ധ്യായം 12, പേജ് 209 – പിന്നീടുള്ള പതിപ്പുകളിൽ നിന്ന് നീക്കം ചെയ്തതായി തോന്നുന്ന ഒരു ഭാഗത്ത് - രചയിതാവ് ജീവചരിത്ര രചനയുടെ ഈ അവസരം ഉപയോഗിച്ച് ഏറ്റവും ഉന്നതമായ സ്ഥാനം

തനിക്കായി നേടുന്നു. ബോധ്യപ്പെടുന്നതിനായി, ഒരു ഉദ്ധരണി ഞാൻ ഇവിടെ പറയുന്നു: *"അടുത്ത ദിവസം ഭജനയിൽ പങ്കെടുത്ത്, ഒരു ദൃഢനിശ്ചയത്തോടെ ഞാൻ ക്ഷേത്രത്തിൽ പ്രവേശിച്ചു: അമ്മേ, ഞാൻ നിങ്ങളുടെ മകനാണെങ്കിൽ എന്നെ സ്വീകരിക്കൂ.' എന്റെ തല അവരുടെ തോളിൽ വച്ചു. അമ്മ സ്നേഹത്തോടെ പറഞ്ഞു, "മകനേ, നീ പാടുന്നത് കേട്ടപ്പോൾ അമ്മ മനസ്സിലാക്കി, ഈ ശബ്ദം ദൈവത്തിൽ ലയിക്കാനുള്ളതാണെന്ന്. ആ നിമിഷം അമ്മ നിന്റെ അടുത്ത് വന്ന് നിന്നെ അവളിൽ സംയോജിപ്പിച്ചു. നീ എന്റെ സ്വന്തമാണ്."* ഈ പരസ്പര സേവനങ്ങളും, ഈ സഹവർത്തിത്വവും, സന്ദേശത്തിന്റെ മൊത്തത്തിലുള്ള വ്യാപ്തിയെ ആപേക്ഷികമാക്കുന്നു.

ഈ വിമർശനാത്മക വായനയെ തുടർന്ന്, ഫ്രഞ്ച് സൈക്യാട്രിസ്റ്റും സന്യാസിയുമായ ഡോ. ജാക്ക് വിഞ്ഞ്യേയുടെ ക്ലിനിക്കൽ പഠനത്തിൽ നിന്നുള്ള ചില ഘടകങ്ങളും, ഭക്തിയെ കുറിച്ചുള്ള ചില നിരീക്ഷണങ്ങളും അതിനെക്കുറിച്ചുള്ള എന്റെ ചിന്തകളും ഉപസംഹാരവും ഞാൻ ഉൾപ്പെടുത്തുന്നു.

## <u>b. ശക്തിപ്രസാദ്</u>

നിഗൂഢവും മാന്ത്രികവുമായ "ശക്തിപ്രസാദങ്ങൾ", സുധാമണിയുടെ സങ്കൽപ്പത്താൽ വന്ധ്യരായ ഭക്തരുടെ ഗർഭപാത്രത്തിൽ ഉൽഭവിച്ച കുട്ടികൾ ജീവചരിത്രത്തിന്റെ 2011 പതിപ്പിൽ നിന്ന് പൂർണ്ണമായും അപ്രത്യക്ഷമായി. പന്ത്രണ്ട് മുതൽ പതിനാറ് മാസംവരെ ഗർഭകാലമുണ്ടായിരുന്ന, മെഡിക്കൽ ഇമേജിംഗിൽ ദൃശ്യമാവാത്ത ലോകത്തെ രക്ഷിക്കാൻ വിധിക്കപ്പെട്ട സന്താനങ്ങളുടെ കഥകളാണിവ. എന്റെ ഊഹം എന്തെന്നാൽ അവ ആദ്യപതിപ്പിൽ വന്ന്, രണ്ട് പതിറ്റാണ്ടിനുശേഷം പ്രവചനങ്ങൾ തെറ്റിയ സ്ഥിതിക്ക് കഥകൾ തുടർന്നും പ്രത്യക്ഷപ്പെടുന്നത് നാണക്കേടിന്

കാരണമാവുമെന്നും, ആരെങ്കിലും ഈ രക്ഷകരെ അന്വേഷിച്ചിറങ്ങിയാൽ പ്രസ്ഥാനം പരിഹാസപാത്രമാവുമെന്നും അവർ തിരിച്ചറിഞ്ഞിരിക്കണം.

## c. ഇരുണ്ട ചർമ്മവും പൈതൃകവും

ജീവചരിത്രത്തിൽ നിരന്തരം ഉയർന്നുവന്ന വിഷയങ്ങളിലൊന്ന് അവരുടെ ഇരുണ്ട ചർമ്മമാണ്. അവരുടെ മാതാപിതാക്കളുടെ ഇഷ്ടക്കേടിന്റെയും വിവേചനത്തിന്റെയും പറഞ്ഞറിയിക്കാനാവാത്ത ക്രൂരമായ പെരുമാറ്റത്തിന്റെയും പ്രധാന ഉറവിടം. എന്നിരുന്നാലും, അവരുടെ ജനനത്തെക്കുറിച്ച് വിചിത്രമായ ഒരു കിംവദന്തി പ്രചരിക്കുന്നുണ്ട്. അതനുസരിച്ച് സുഗുണാനന്ദൻ അവരുടെ അച്ഛനല്ല, മറിച്ച് അയാളുടെ സഹോദരനാണ്. മദ്യപിച്ച ഒരു സായാഹ്നത്തിൽ കടൽത്തീരത്ത് ഇരിക്കുമ്പോൾ, അയാൾതന്നെ ആശ്രമത്തിലെ ഒരാളോട് (വ്യക്തിയുടെ സ്വകാര്യത സംരക്ഷിക്കുന്നതിനായി എനിക്ക് ഇവിടെ പേര് നൽകാൻ കഴിയില്ല) ഈ വിവരം തുറന്നു പറഞ്ഞിട്ടുമുണ്ട്. ഈ കഥ പല സംഭവങ്ങളുടെയും പിന്നിലുള്ള കാരണം വിശദീകരിക്കും. “ഔദ്യോഗിക” പിതാവായ സുഗുണാനന്ദൻ ലൈംഗികതയിൽ ഏറെ തൽപരനായി അറിയപ്പെട്ടിരുന്നു. ഒരു ദിവസം അയാളുടെ സഹോദരൻ കടലിൽ മീൻ പിടിക്കാൻ പോയ സമയത്ത് അയാൾ അവരുടെ വീട്ടിൽ പോയി സഹോദരപത്നിയെ ബലാത്സംഗം ചെയ്തു. മീൻപിടിത്തം കഴിഞ്ഞ് തിരിച്ചെത്തിയ സഹോദരൻ എന്താണ് സംഭവിച്ചതെന്ന് മനസ്സിലാക്കി, എന്നാൽ കലഹപ്രിയനും ക്രൂരനുമായി അറിയപ്പെടുന്ന സുഗുണാനന്ദനുമായി പ്രശ്നം പരിഹരിക്കാൻ അയാൾ ശ്രമിച്ചില്ല. പകരം, സുഗുണാന്ദന്റെ ഭാര്യ ദമയന്തിയോട് ഈ ദ്രോഹപ്രവൃത്തിക്ക് പ്രതികാരം ചെയ്യാനായി കാത്തിരിക്കാനാണ് അയാൾ ഇഷ്ടപ്പെട്ടത്. കിംവദന്തികൾ

അനുസരിച്ച് സുധാമണിയുടെ ജനനം സംഭവിച്ചത് ഇങ്ങനെയാണ്. നിരവധി സൂചനകൾ ഈ കഥയ്ക്ക് അനുകൂലമാണ്:

- A യുടെ ചർമ്മത്തിന്റെ നിറം അവരുടെ കുടുംബത്തിലെ മറ്റാരുടെതും പോലെയല്ല; അത് വളരെ ഇരുണ്ടതാണ്, അവരുടെ പിതൃസഹോദരന്റേത് പോലെ.
- ഇന്ത്യൻ ജനതയ്ക്കിടയിൽ ചർമ്മത്തിന്റെ നിറം വലിയ പ്രശ്നമാണ്; കറുത്ത നിറം എന്നത് വെയിലത്ത് ജോലി ചെയ്യുന്ന താഴ്ന്ന ജനവിഭാഗവുമായി ബന്ധപ്പെട്ടിരിക്കുന്നു. ജീവചരിത്രത്തിൽ, ഈ കാരണം കൊണ്ട് A അമ്മയുടെ വെറുപ്പിന് എത്രമാത്രം കാരണമായി എന്ന് മൂന്ന് തവണ പരാമർശിക്കപ്പെട്ടിരിക്കുന്നു.
- അവരുടെ പിതൃസഹോദരനും (ജീവശാസ്ത്രപരമായ പിതാവ്) അവരെപ്പോലെ വളഞ്ഞ കാലുകളായിരുന്നു
- ചെറുപ്പത്തിൽ സുധാമണി കുടുംബത്തിനുള്ളിൽ ഇത്രയധികം അവഹേളിക്കപ്പെട്ടത് എന്തുകൊണ്ടാണെന്ന് ഇത് വിശദീകരിക്കും: പിതാവിനെ സംബന്ധിച്ചിടത്തോളം, അവൾ ബലാത്സംഗത്തിന്റെ ഉൽപ്പന്നമായിരുന്നു; തന്റെ ഭാര്യയുടെ അവിഹിത ഗർഭത്തിലെ സന്തതി. അമ്മയെ സംബന്ധിച്ചിടത്തോളം, ഈ മകളുടെ സാന്നിദ്ധ്യം തന്റെ ഭർത്താവിന്റെ അവിശ്വസ്തതയെക്കുറിച്ചും തനിക്ക് അനുഭവിക്കേണ്ടി വന്ന നികൃഷ്ടമായ പ്രതികാര നടപടിയെക്കുറിച്ചും നിരന്തരം ഓർമ്മിപ്പിച്ചിരിക്കണം. കുടുംബത്തിൽ മറ്റാർക്കും ലഭിക്കാത്ത തരം അവഹേളനം ആയിരുന്നു A യ്ക്ക് ലഭിച്ചിരുന്നത്. ഈ കുടുംബത്തിൽ ഭയാനകമായ സംഭവങ്ങൾ ഉണ്ടായിരുന്നു, ഒരുപക്ഷേ A യുടെ സഹോദരന്റെ ആകസ്മികമായ മരണത്തിന് ഇത് മറ്റൊരു ഘടകമായിരുന്നിരിക്കാം.

- പിതൃസഹോദരനെ വീടിന്റെ പരിസരത്ത് വരുന്നതിൽ നിന്ന് വിലക്കിയിരുന്നു. ഞങ്ങളിൽ അധികപേരും അയാളെ കണ്ടിട്ടില്ല. കാണുകയും അയാൾ ആരാണെന്ന് മനസ്സിലാക്കുകയും ചെയ്തവരോട്, അയാളുമായി സമ്പർക്കം അരുതെന്ന് കർശനമായി നിർദ്ദേശിച്ചു.

ഡോ. ജാക്ക് വിണ്ട്യയുടെ ക്ലിനിക്കൽ വിശകലനത്തിന്റെ ഘടകങ്ങളുമായി ഈ കഥ ചേർന്നു പോകും. A യെ ചുറ്റിപ്പറ്റിയുള്ള ബലാത്സംഗത്തിന്റെ നിസ്സാരവൽക്കരണത്തിലേക്കും ഇത് വെളിച്ചം വീശും.

## d. അവളുടെ സഹോദരന്റെ മരണം

സുധാമണിയുടെ ജ്യേഷ്ഠന്റെ മരണം "മഹത്വവും പവിത്രതയും" നിറഞ്ഞതാണ് എന്ന് ജീവചരിത്രകാരൻ പറയുന്ന ഈ ഗ്രാമജീവിതത്തിന്റെ മാലിന്യം നിറഞ്ഞ അധ്യായങ്ങളിലൊന്നാണ്. യഥാർത്ഥ ജീവചരിത്രത്തിൽ സുധാമണിയുടെ പിതാവ് സുഗുണാനന്ദൻ സ്വന്തം മകനായ സുഭഗനെ കൊന്നതാണെന്ന് ഗ്രാമവാസികൾ ആരോപിച്ചിരുന്നു എന്ന് പറഞ്ഞിട്ടുണ്ട്. ഏറ്റവും അടുത്തുള്ള പോലീസ് സ്റ്റേഷൻ ഏതാനും കിലോമീറ്ററുകൾ മാത്രം അകലെയായിരിക്കെ, ഖേദകരമെന്നു പറയട്ടെ, ആ പോസ്റ്റ്മോർട്ടം റിപ്പോർട്ട് അപ്രത്യക്ഷമാവുകയും, സുഭഗന്റെ മരണത്തിന്റെ കാരണങ്ങളെയും സാഹചര്യങ്ങളെയും കുറിച്ച് ഒരു അന്വേഷണവും നടക്കാതിരിക്കുകയും ചെയ്തു. ഈ സഹോദരൻ നിരീശ്വരവാദിയും, അവിശ്വാസിയും, വീട്ടിലെ സ്ത്രീകളുടെ പെരുമാറ്റത്തിന്റെ കാര്യത്തിൽ കർക്കശക്കാരനുമിയിരുന്നു. വീട്ടിലെ സ്ത്രീകൾ വസ്ത്രധാരണത്തിലും പെരുമാറ്റത്തിലും അടക്കവും ഒതുക്കവും മാന്യതയും ഉള്ളവരായിരിക്കണം എന്നയാൾക്ക് നിർബന്ധമായിരുന്നു. ദുർനടപ്പ് ഉണ്ടാവാതിരിക്കാൻ അവർ പുറത്തുള്ള ആരോടും, മറ്റ്

സ്ത്രീകളോട് പോലും സംസാരിക്കരുത് എന്നയാൾ വിലക്കിയിരുന്നു. സുധാമണി തനിക്ക് ലഭിച്ച കളർ ബ്ലൗസ് ധരിച്ച ദിവസം അവർ ഉടൻ തന്നെ അത് മാറാനും ചുട്ടെരിക്കാനും അയാൾ ആവശ്യപ്പെട്ടു. ഭാവദർശനങ്ങളെ അയാൾ അവിശ്വസിക്കുകയും കഠിനമായി എതിർക്കുകയും ചെയ്തിരുന്നു. അനുചിതമായ പെരുമാറ്റമായിരുന്നു കാരണം: പൊതുസ്ഥലത്തുള്ള ഒരു സ്ത്രീയുടെ നൃത്തം, പുരുഷന്മാരും സ്ത്രീകളും തമ്മിലുള്ള ശാരീരിക സമ്പർക്കം, സുധാമണിയും സന്ദർശകരും തമ്മിൽ പുലർച്ചവരെയുള്ള ദർശനാനന്തര സംഭാഷണം. അത് നിർത്തിക്കാൻ അയാൾ തീരുമാനിച്ചിരുന്നു. അയാൾക്ക് തന്റെ സഹോദരിയെ വെറുപ്പായിരുന്നു. അവരുടെ ഒരു യോഗനിദ്രക്കിടയിൽ ഗ്രാമീണർ അവരെ എടുത്ത് കുളിപ്പിക്കുകയും സുഭഗന്റെ കിടക്കയിൽ കിടത്തുകയും ചെയ്തു. വീട്ടിൽ വന്ന് തന്റെ കിടക്കയിൽ സഹോദരിയെ കണ്ടപ്പോൾ അയാൾ അവളെ നിലത്തിട്ട് വലിച്ചിഴക്കുകയും: *"ആരാണ് ഈ വൃത്തികെട്ട ജീവിയെ എന്റെ കട്ടിലിൽ കിടത്തിയത്?"* എന്ന് ചോദിച്ച് ക്രോധത്താൽ തന്റെ കിടക്ക തന്നെ അയാൾ നശിപ്പിക്കുകയും ചെയ്തു.

അയാളുടെ അച്ഛന്റെ മത്സ്യബന്ധന ജോലി വലിയ വരുമാനമുണ്ടാക്കിയില്ല, ജീവചരിത്രത്തിൽ ഇത് രണ്ടുതവണ പരാമർശിച്ചിട്ടുണ്ട്. ഗെയിൽ തന്റെ പുസ്തകത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, ആദ്യ വർഷങ്ങളിൽ, ദർശന സമയത്ത് ശേഖരിക്കുന്ന പണം വീട്ടുകാർ അവരുടെ ചെലവുകൾക്കായി ശേഖരിച്ചിരുന്നു. ഭക്തജനങ്ങളുടെ ഒഴുക്കോടെ, അയാൾക്ക് മത്സ്യബന്ധനത്തിലൂടെ സമ്പാദിക്കാൻ കഴിയുന്നതിലും കൂടുതലായ തുകകൾ ദർശനത്തിലൂടെ വന്നുതുടങ്ങി. അതിനാൽ, കാലക്രമേണ അയാൾ തന്റെ ജോലി നിർത്തുകയും ദർശനത്തിനെ ചുറ്റിപ്പറ്റിയുള്ള വരവിന്റെയും പോക്കിന്റെയും ചുമതല ഏറ്റെടുക്കുകയും ചെയ്തു, ഇതെല്ലാം അയാളുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത്

സംഭവിച്ചതാണ് എന്നോർക്കണം. അങ്ങനെ അയാൾ തന്റെ മകളുമായി പക്ഷം ചേർന്നു, ഇതിന്റെ പേരിൽ അച്ഛനും മകനും പലതവണ വഴക്കുണ്ടാക്കി. ഈ പ്രദേശത്ത് പ്രചരിച്ച വാർത്ത പ്രകാരം, ഒരു സായാഹ്നത്തിൽ, മകൻ പറഞ്ഞ വാക്കുകൾ അയാൾക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു, സുഗുണാനന്ദൻ മകന്റെ നേരെ തിരിഞ്ഞ് അയാളെ നന്നായി മർദ്ദിച്ചു. വയറ്റത്ത് അടിയേറ്റ് മകൻ നിലത്ത് വീണുപോയി, രോഷാകുലനായ പിതാവ് അയാളെ മർദ്ദിക്കുന്നത് തുടർന്നു, അത് മരണത്തിൽ കലാശിച്ചു. ഈ സംഭവം അമ്മ ദമയന്തി അയൽവാസികളെ അറിയിച്ചതാണ്.

ഈ കൊലപാതകം ആത്മഹത്യയാണെന്ന് വരുത്തിത്തീർക്കാൻ കുടുംബാംഗങ്ങൾ തിടുക്കം കാണിച്ചു. ഈ കാര്യങ്ങളെല്ലാം കണ്ണൻ ശിവരാമൻ തന്റെ പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്[104]. സുഹൃത്തായ കുഞ്ഞുപണിക്കരുടെ സഹായത്തോടെ സുഗുണാനന്ദൻ സുഭഗന്റെ മൃതദേഹം വീടിനു മുന്നിലെ മരത്തിൽ കെട്ടിത്തൂക്കി. ഇത് കൊലപാതകമാണെന്ന് ബോധ്യപ്പെട്ടതിനാൽ ഈ സംഭവത്തിന് ശേഷം അയൽവാസികൾ കുടുംബവുമായുള്ള എല്ലാ ബന്ധങ്ങളും അവസാനിപ്പിച്ചു.

## e. അമ്മയുടെ വ്യക്തിത്വത്തിന്റെ മനഃശാസ്ത്രപരമായ വിശകലനം

ഡോ. ജാക്ക് വിഞ്ട്യ പാരീസിലെ സെന്റ്-അന്റോയിൻ സിഎച്ച്യുവിൽ (യൂണിവേഴ്സിറ്റി അഫിലിയേറ്റഡ് ഹോസ്പിറ്റൽ) പരിശീലനം നേടിയ സൈക്യാട്രിസ്റ്റാണ്. ബംഗാളിലെ മാ ആനന്ദമയിയോടൊപ്പം (1896 - 1982) മുപ്പത് വർഷത്തിലധികം ചെലവഴിച്ച ഫ്രഞ്ച് ഡോക്ടറായ സ്വാമി വിജയാനന്ദയുമായി നേരിട്ടുള്ള ബന്ധത്തിൽ അദ്ദേഹം മുപ്പത് വർഷത്തിലധികം

ഇന്ത്യയിൽ ചെലവഴിച്ചു. ഈ സ്വാമിയും ഓസ്ട്രിയൻ വംശജനായ ആത്മാനന്ദയുമായിരുന്നു, മാ ആനന്ദമയിയുടെ ഏറ്റവും അടുത്ത രണ്ട് പാശ്ചാത്യ ശിഷ്യന്മാർ. 1991-ൽ പ്രസിദ്ധീകരിച്ച ഡോ. വിങ്ങ്യയുടെ ആദ്യ പുസ്തകം, "ദ മാസ്റ്റർ ആൻഡ് ദി തെറാപ്പിസ്റ്റ്", ഹിന്ദുമതത്തിലെ ഗുരു-ശിഷ്യ ബന്ധത്തെക്കുറിച്ചുള്ള ഫ്രഞ്ച് ഭാഷയിലെ ഏക സമഗ്രകൃതിയാണ്. "എലിമെൻസ് ഓഫ് സ്പിരിചൽ സൈക്കോളജി" (1992), "മെഡിറ്റേഷൻ ആൻഡ് സൈക്കോളജി" (1996), "ദ ഇന്നർ മാരിയേജ്" (2001), "ദ മിസ്റ്റിസിസം ഓഫ് സൈലൻസ്" (2003) എന്നിങ്ങനെ ധാരാളം പുസ്തകങ്ങളുടെയും ലേഖനങ്ങളുടെയും[105] രചയിതാവാണ് അദ്ദേഹം. സെമിനാറുകൾക്കും പ്രഭാഷണ പര്യടനങ്ങൾക്കുമായി അദ്ദേഹം പലപ്പോഴും ഫ്രാൻസിലേക്ക് പോവാറുണ്ട്. കൂടാതെ, നേപ്പാളിലും മ്യാൻമറിലും അദ്ദേഹം മാനുഷിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. ഒരു സൈക്യാട്രിസ്റ്റ് എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ പരിശീലനവും അനുഭവവും, സ്വന്തം ആത്മീയ അന്വേഷണവും ഇന്ത്യൻ പാരമ്പര്യങ്ങളെക്കുറിച്ചുള്ള വിപുലമായ അറിവും അദ്ദേഹത്തെ ഏറ്റവും യോജിച്ച സംവാദകനാക്കുന്നു. ഗെയിലിന്റെ പുസ്തകം പുറത്തുവന്നപ്പോൾ, ഇംഗ്ലീഷ് സംസാരിക്കാത്ത ഫ്രഞ്ച് വായനക്കാർക്കായി "l"Enfer sacré" എന്നുപേരായ 15 പേജുള്ള ഒരു സംഗ്രഹം തയ്യാറാക്കി. ഗെയിലിന്റെ പുസ്തകത്തോടുള്ള സംഘടനയുടെ അപകീർത്തികരമായ പ്രതികരണത്തെ തുടർന്ന് അദ്ദേഹം 130 പേജുള്ള ഒരു ലേഖനം എഴുതി, "ഗെയിലുമായുള്ള ബന്ധത്തിലൂടെ തെളിയുന്ന അമ്മയുടെ വ്യക്തിത്വവും അവരുടെ ചെറുപ്പകാലവും - മനഃശാസ്ത്രപരമായ വിശകലനവും പ്രതിഫലനവും"[106] "മാതാ അമൃതാനന്ദമയിയുടെ മനഃശാസ്ത്രവും അവരുടെ പ്രസ്ഥാനവും"[107]. അതിനു തുടർച്ചയായി

"വിശ്വാസത്തെ ശരിയായ രീതിയിൽ എങ്ങനെ മാറ്റാം - ഡീകൺവേർഷൻ സൈക്കോളജി" എന്ന തലക്കെട്ടിൽ 20 പേജുള്ള ലേഖനവും അദ്ദേഹം എഴുതി[108]. മുകളിൽ ഉദ്ധരിച്ച ലേഖനങ്ങൾ അദ്ദേഹത്തിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

അദ്ദേഹത്തിന്റെ "അമ്മയുടെ വ്യക്തിത്വം" എന്ന തലക്കെട്ടിൽ നിന്നുള്ള ഉദ്ധരണികൾ താഴെ കൊടുക്കുന്നു, ഈ പുസ്തകത്തിന്റെ പശ്ചാത്തലത്തിൽ അവ പ്രത്യേകിച്ചും പ്രസക്തമാണ്. അദ്ദേഹത്തിന്റെ ലേഖനം പ്രസിദ്ധീകരണത്തിന് മുമ്പ് ഗെയിൽ ട്രെഡ്‌വെൽ പ്രൂഫ് റീഡ് ചെയ്യുകയും സാധൂകരിക്കുകയും ചെയ്തു. ഡോ. വിഗെനയ്ക്ക് ഈ സാധൂകരണം പ്രധാനമായിരുന്നു, കാരണം അദ്ദേഹം സ്വയം അമ്മയുമായി അടുത്ത് പ്രവർത്തിച്ചിരുന്നില്ല. ഇതിന്റെ പൂർണ്ണരൂപം ഓൺലൈനിൽ ഇംഗ്ലീഷിലും ലഭ്യമാണ്[109].

(...) സുധാമണിയുടെ കൗമാരകാലത്തെക്കുറിച്ച് മനഃശാസ്ത്രപരമായ ഒരു വായന നടത്തുകയാണെങ്കിൽ, അവൾ മാനസികാസ്വാസ്ഥ്യത്തിലൂടെ കടന്നുപോയിട്ടുണ്ടാകുമെന്ന് നിഗമനം ചെയ്യാം, അതിന്റെ വളരെ തനതായ സ്വഭാവവിശേഷങ്ങൾ ജീവചരിത്രത്തിൽ ധാരാളം ഇടങ്ങളിൽ എഴുതിരിക്കുന്നു, എന്നാൽ ജീവചരിത്രകാരൻ അതിനെ പുകഴ്ത്തി പറയുകയാണ് ചെയ്തിരിക്കുന്നത്. വിശ്വാസം അങ്ങനെയാണ്. (...)

തീർച്ചയായും അവരൊരു സവിശേഷ വ്യക്തിത്വമാണ് എന്നതിൽ തർക്കമില്ല, എന്നാൽ അതുപോലെ തന്നെ അസാധാരണമാണ് അവരുടെ ആന്തരിക വൈരുദ്ധ്യങ്ങളും. സത്യസന്ധമായി പറഞ്ഞാൽ, അത് അവരെ ഋഷി എന്ന പദവിക്കോ ലോകമാതാവായ ദേവിയുടെ അവതാരം എന്നതിനോ അർഹയാക്കുന്നില്ല. കാരണം അവരുടെ യാഥാർത്ഥ്യം സംഘടന

പ്രചരിപ്പിക്കുന്ന ഇതിഹാസകഥയിൽ നിന്ന് തുലോം വ്യത്യസ്തമാണ്. (...) അവരുടെ അപരവ്യക്തിത്വം ഹിസ്റ്റീരിയൽ സൈക്കോസിസുമായി ചേർന്നുപോകുന്ന ഒരു രോഗനിർണയമാണ്. (...)

അവരുടെ സംഘടന പ്രചരിപ്പിക്കാൻ ശ്രമിക്കുന്ന ശ്രേഷ്ഠമായ പ്രതിച്ഛായയിലും വളരെയധികം സങ്കീർണമാണ് അവരുടെ വ്യക്തിത്വം. ഗെയിലിന്റെ അനുഭവസാക്ഷ്യം അനുസരിച്ച് അവർ പ്രകടിപ്പിക്കുന്ന സ്വഭാവങ്ങൾ ഒന്നും തന്നെ മഹാന്മാരായ ഇന്ത്യൻ സന്യാസിമാരുടേതായി സംഘടന പ്രദർശിപ്പിക്കാൻ ആഗ്രഹിക്കുന്ന പ്രതിച്ഛായയുമായി യാതൊരു ബന്ധവും ഇല്ലാത്തവയാണ്.

ചൂഷണം ചെയ്യപ്പെട്ട കുട്ടികൾ അവർക്ക് സംഭവിച്ചത് പുനരാവിഷ്കരിക്കാൻ പ്രേരണയുള്ളവരാണ്. ഇത് സൈക്കോപാത്തോളജിയിലെ അടിസ്ഥാന നിയമമാണ്. (...) അടിച്ചമർത്തപ്പെട്ട കുട്ടികൾക്കിടയിൽ നുണ പറയുന്ന ശീലം പൊതുവേ കണ്ടുവരുന്നു. ചൂഷണങ്ങളെ അവർ ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ അതിജീവിക്കാൻ ശ്രമിക്കുന്നു, നുണ പറയുന്ന ശീലം അവരുടെ പ്രതിരോധ തന്ത്രത്തിന്റെ അവിഭാജ്യ ഘടകമായി മാറുന്നു. (...)

ബാലു മുന്നോട്ട് വച്ച പീഡനത്തെക്കുറിച്ചുള്ള അവരുടെ ആശയങ്ങൾ മാനസികമായി അനാരോഗ്യകരമായ ഒരു കാലാവസ്ഥയാണ് സൃഷ്ടിക്കുന്നത്. അവ ദീർഘകാലത്തെ അനിഷ്ടവും പരിഹാരമായുള്ള അഹങ്കാരോന്മാദവും ഉണ്ടാക്കാം.

ഇരുപതാം വയസ്സിൽ കൃഷ്ണവിഗ്രഹത്തിനുമുന്നിലുള്ള അവരുടെ ഭക്തി ബാലു പറയുന്നതുപോലെ ആരാധനയുടെ ഒരു പതിവ് ഘട്ടം ആണോ എന്ന് ആർക്കും സംശയം തോന്നും. അതൊ അവ സ്ഥിരതയില്ലായ്മയുടെയും വിഭ്രാന്തിയുടെയും ഒപ്പമുള്ള

രൂക്ഷമായ പൊട്ടിത്തെറികളും പിന്നെ മാറിമാറിവരുന്ന വിഷാദവും അമിതമായ ഊർജ്ജസ്വലതയുമാണോ (...)

ഇരുപത്തിയൊന്നാം വയസ്സ് മുതൽ അവർ ഭാവങ്ങൾ ആരംഭിച്ചു, ആദ്യം കൃഷ്ണന്റെയും പിന്നീട് ദേവിയുടെയും, വലിയ ആൾക്കൂട്ടത്തിനിടയിൽ ഇന്നും അവ തുടരുന്നു. ഇത് ഇന്ത്യയിലെ മഹാത്മാരായ യോഗികളുടെ ജീവചരിത്രത്തിൽ നിന്ന് വളരെ വ്യത്യസ്തമാണ്, അവരൊക്കെ ഏകാന്തതയിൽ നീണ്ട സാധനയാണ് ചെയ്തത്, അതിനി രാമകൃഷ്ണ പരമഹംസരോ അരൊബിന്ദോയോ മാ ആനന്ദമയിയോ ആരായാലും. (...)

സ്വയം ചികിത്സയുടെ ഭാഗമായാണോ സുധാമണി ആളുകളെ ആലിംഗനം ചെയ്യുന്ന പ്രത്യേകരീതിയിലുള്ള ദർശനം വികസിപ്പിച്ചെടുത്തത് എന്ന സംശയം തീർച്ചയായും ന്യായമാണ്. അവഹേളനത്താൽ തകർന്നു കഷണങ്ങളായ സ്വന്തം വ്യക്തിത്വത്തെ തിരിച്ചുപിടിക്കാനുള്ള ശ്രമമായി ഇതിനെ കാണാൻ കഴിയും.

അവരുടെ മൂത്ത ജ്യേഷ്ഠൻ താൻ അവളുടെ നല്ലതിനുവേണ്ടിയാണ് പ്രവർത്തിക്കുന്നത് എന്ന ഉത്തമ വിശ്വാസത്തോടെ, ഭാവങ്ങൾ പ്രദർശിപ്പിക്കുന്നിടത്തോളം വീട്ടിൽ വരരുതെന്ന് വിലക്കി. (...) സുഭഗന്റെ നിലപാടിന് ന്യായീകരണങ്ങളുണ്ടായിരുന്നു.

വളരെ പെട്ടെന്നുള്ള ഭക്തി കൊണ്ട് എളുപ്പത്തിൽ ഉണ്ടാകുന്ന അദ്വൈതാനുഭവത്തിന് ഏകീഭാവത്തിലുള്ള ശാരീരികബന്ധങ്ങളിലേക്ക് വ്യതിചലിക്കുന്ന ശക്തമായ പ്രവണതയുണ്ട്, ഈ പ്രതിഭാസത്തിൽ പുതിയതായി ഒന്നുമില്ല. (...)

ശക്തമായ വികാരങ്ങൾ നിമിത്തം സുധാമണിക്ക് ആർത്തവം താത്കാലികമായി തടസ്സപ്പെട്ടിരിക്കാൻ സാധ്യതയുണ്ട്, രണ്ട് വർഷത്തോളം അവരെ മുക്കിക്കളഞ്ഞ ഉന്മാദത്തിന്റെ തുടർച്ചയായ

തരംഗങ്ങളെക്കുറിച്ച് കൂടുതൽ കൃത്യമായി പറയേണ്ടതുണ്ട്. (...) കൂടാതെ, അവർ വളരെ നീണ്ടകാലം ഉപവാസങ്ങൾ എടുത്തിരുന്നു, ഇത് അനോറെക്സിക് സിൻഡ്രോമിന്റെ പശ്ചാത്തലത്തിൽ ആർത്തവം തടസ്സപ്പെടുന്നതിന് കാരണമായിട്ടുണ്ടാവാം. (…)

അത് ബോധ്യപ്പെടാതിരിക്കാനുള്ള അവകാശം നമുക്കുണ്ട്. ഈ രോഗലക്ഷണങ്ങൾ സങ്കടകരമാണ്. ക്ലാസിക്കൽ സൈക്യാട്രിയിൽ നമ്മൾ ഇപ്പോൾ പറഞ്ഞതുപോലെ, നിർബന്ധകരമായ ആവർത്തനത്തിനും എല്ലാറ്റിനുമുപരിയായി മിഥ്യാഭ്രമം കൊണ്ട് സ്വയം വികലമാക്കാനുള്ള പ്രവണതയെക്കുറിച്ചും ഇത്തരമൊരു സന്ദർഭത്തിൽ സൂചനയുണ്ട്. ഇത് സൈക്കോപത്തോളജിക്കൽ റിഗ്രേഷന്റെ ഗുരുതരമായ അടയാളമാണ്. (…)

സുധാമണി മലിനമായ വെള്ളത്തിലോ വൃത്തിഹീനമായ സ്ഥലങ്ങളിലോ വീഴുകയും, അയൽക്കാർ ബോധരഹിതയായ അവളെ എടുത്ത് പരിപാലിക്കുകയും ചെയ്ത സന്ദർഭങ്ങളെ സ്വയം ശിക്ഷിക്കുന്ന സ്വഭാവമായി ന്യായമായും വ്യാഖ്യാനിക്കാം.

അക്യൂട്ട് സൈക്കോസിസ് സമയത്ത് ശ്വാസംമുട്ടൽ ഉണ്ടാകുന്നത് വളരെ ഗുരുതരമാണ്. അത് ആത്മഹത്യയിലേക്കോ മറ്റുള്ളവരെ ആക്രമിക്കുന്നതിലേക്കോ നയിച്ചേക്കാം. (…)

ശ്വാസംമുട്ടൽ, കഴുത്ത് ഞെരിച്ച് കൊല്ലൽ, മുങ്ങിമരിക്കൽ തുടങ്ങിയ മിഥ്യാനുഭവങ്ങൾ അക്യൂട്ട് സൈക്കോസിസിന്റെ ലക്ഷണമാണ്. ആവേശം, താത്കാലിക ആനന്ദാതിരേകം എന്നിവ ഈ രോഗനിർണ്ണയത്തിനോട് യോജിക്കുന്നതാണ്, കാരണം അവ ഉന്മാദത്തിന്റെ അവസ്ഥയിൽ പതിവായി കാണപ്പെടുന്നു. (...) മനുഷ്യാത്മാവ് സങ്കീർണ്ണമായതിനാൽ, തീവ്രമായ സ്വയം ശിക്ഷയുടെ ഘട്ടങ്ങൾക്ക് ശേഷം

വിപരീത ഘട്ടങ്ങൾ വരുന്നു, അതായത് കോമ്പൻസേറ്ററി മെഗലോമാനിയ. (...)

സുധാമണിയിൽ ചെറുപ്പകാലത്തേക്ക് പിന്തിരിഞ്ഞ വിധത്തിലുള്ള സ്വഭാവങ്ങളുടെ നിരവധി ഉദാഹരണങ്ങൾ നാം കണ്ടുകഴിഞ്ഞു. ശൈശവാവസ്ഥയിലേക്കുള്ള തിരിച്ചുപോക്കിനെ വിശകലനം ചെയ്യാം. ഉദാഹരണത്തിന് ബാലു ജീവചരിത്രത്തിൽ പലയിടത്തും അവരുടെ ബാലാവസ്ഥയിലേക്കും ശൈശവാവസ്ഥയിലേക്കുമുള്ള ഗുരുതരമായ പിൻമാറ്റങ്ങളെ ദേവീസാധന കാരണമുള്ള വിജയങ്ങളായി കൊട്ടിഘോഷിച്ചിട്ടുണ്ട്. ഈ കാലഘട്ടത്തിനായി നീക്കിവച്ചിട്ടുള്ള അദ്ധ്യായം ഉപസംഹരിക്കുന്നത്: (സുധാമണി മുലകുടിക്കാൻ അയൽവാസിയുടെ അടുത്ത് പോയതും പശുക്കളുടെ അകിടിൽ നിന്ന് നേരിട്ട് പാൽ കുടിക്കുന്നതുമായ ജീവചരിത്രത്തിന്റെ ഭാഗം ലേഖകൻ ഉദ്ധരിച്ചിരിക്കുന്നു). (...)

സുധാമണി ചിലപ്പോൾ പൊട്ടിച്ചിരിക്കുകയും പൊട്ടിക്കരയുകയും നിലത്തു കിടന്ന് ഉരുളുകയും വസ്ത്രങ്ങൾ കീറുകയും ചെയ്ത സന്ദർഭങ്ങളെ കുറിച്ച് ഡോക്ടർ വിണ്ട്യെ ഇങ്ങനെ എഴുതിയിരിക്കുന്നു: ആഴത്തിൽ നോക്കിയാൽ നോക്കുന്നയാളുടെ വീക്ഷണമനുസരിച്ച് ദേവീസാധനയുടെ അനുഭവങ്ങളോ ഉന്മാദത്തിന്റെ പൊട്ടിത്തെറികളോ ആയ ഈ സംഭവങ്ങൾ സുധാമണിക്ക് നീണ്ടുനിൽക്കുന്ന മനഃശാന്തി നൽകിയില്ല. മറിച്ച്, അത് അവരുടെ സർവ്വശക്തിത്വത്തെക്കുറിച്ചുള്ള മിഥ്യാബോധം ഊട്ടിയുറപ്പിക്കുന്നതിലും, ശാന്തമാക്കുന്നതിനുപകരം അവരുടെ മാനസിക വിക്ഷോഭത്തെ ആ ദിശയിലേക്ക് നയിക്കുന്നതിലും കലാശിച്ചു. (...)

ബാലുവിന്റെയും മറ്റ് ഭക്തരുടെയും തെറ്റായ വിശ്വാസങ്ങളിലേക്ക് നിശ്ശബ്ദമായി നയിക്കപ്പെടുക എന്ന പ്രവണത യഥാർത്ഥത്തിൽ മിതൊമാനിയയുടെ

(mythomania) സവിശേഷതയാണ്, അല്ലാ അത് ശക്തമാകുകയാണെങ്കിൽ ഇന്റർപ്രട്ടീവ് ഡെല്യൂഷൻ ആണ്. (...)

കാലക്രമേണ, ഭക്തരുടെ അമിതപ്രശംസകൾക്കൊപ്പം, സുധാമണിയുടെ സർവ്വശക്തിത്വം എന്ന ആശയത്തിന് അചഞ്ചലമായ ഉറപ്പായി. (...) അതിലുപരിയായി, അൽപ്പം വളച്ചൊടിച്ചതും വാക്വൈഭവവുമുള്ള ഭാഷയിൽ പറഞ്ഞാൽ, സുധാമണി ലോകമാതാവായ അമ്മയുമായുള്ള അവരുടെ ഏകത്വം തന്റെ ശത്രുക്കളെ നശിപ്പിക്കുന്നതിനുള്ള ലളിതവും നേരിട്ടുള്ളതുമായ മാർഗമായി അവതരിപ്പിച്ചിരിക്കുന്നു. (...)

ഈ സംഭവത്തിൽ (ബന്ധുവിന്റെ കൊലപാതകശ്രമവും ആത്മഹത്യ ചെയ്യാനുള്ള അവളുടെ ആവർത്തിച്ചുള്ള ആഗ്രഹവും) കുടുംബത്തിന്റെ മൊത്തത്തിലുള്ള രോഗാവസ്ഥ വ്യക്തമായി പ്രകടമാണ്. തന്റെ മകൾ ഉയർന്ന അവബോധത്താൽ ദൈവത്താൽ പ്രചോദിപ്പിക്കപ്പെട്ടതാണെന്ന് അമ്മ അവകാശപ്പെടുന്നു. വീണ്ടും ആത്മഹത്യ ചെയ്യാൻ പോകുന്ന സുധാമണിയെ കണ്ട് കുടുംബം ഒന്നടങ്കം ഭ്രാന്തിന്റെ വക്കിലാണെന്നും അവർ പറയുകയും, ആ സാഹചര്യം മറ്റുള്ളവരെ വൈകാരികമായി ഭീഷണിപ്പെടുത്താൻ ഉപയോഗിക്കുകയും ചെയ്യുന്നു. തകർച്ചയുടെ വക്കിലുള്ള ഒരു കുടുംബ ഘടനയ്ക്കുള്ളിൽ തുടരെയുള്ള തകർച്ചകളുടെ തുടക്കമാണിത്. (...)

അവരുടെ സഹോദരൻ സുധാമണിയുടെ ശാപം മൂലം ആത്മഹത്യ ചെയ്യാൻ നിർബന്ധിതനായി, ഇത്തരത്തിൽ സഹോദരനെ ഉന്മൂലനം ചെയ്തത് അക്രമങ്ങളുടെ ഒരു പുതിയ തുടക്കം ആയിരുന്നു. ആശ്രമത്തിലെ പരമോന്നത നേതാവിന്റെ പ്രതിയോഗികൾ തുടർച്ചയായി “ഉന്മൂലനം” ചെയ്യപ്പെട്ടു, ആദ്യം അവരുടെ സൽപ്പേരും പിന്നീട് അവരുടെ സമൂഹത്തിലെ നിലനിൽപ്പ് തന്നെയും.

(…) ഏഴുദിവസത്തിനകം മരിക്കുമെന്ന് പ്രവചനം നടത്തി മനപ്പൂർവ്വം അയാളെ ആത്മഹത്യയിലേക്ക് തള്ളിവിടുകയും ചെയ്തു. അതിനാൽ “കർമ്മഫലം” എന്നൊക്കെയുള്ള അവരുടെ ഉപരിപ്ലവമായ നിഷേധിക്കൽ ഉണ്ടെങ്കിൽ കൂടിയും, മാനസികവും ആത്മീയവും കർമ്മപരവുമായ വീക്ഷണകോണിൽ നിന്ന്, അവരുടെ സഹോദരന്റെ മരണത്തിന് ഏറിയകൂറും ഉത്തരവാദി അവർക്കാണെന്ന് നമുക്ക് നിഗമനം ചെയ്യാം. (…) ഇതെല്ലാം കാണിക്കുന്നത് ഗൗരവമായ രോഗലക്ഷണങ്ങൾ ഉള്ള ഒരു കുടുംബത്തെയാണ് അല്ലാതെ ലോകമാതാവിന്റെ ഭൂമിയിലേക്കുള്ള അവരോഹണമല്ല. സുധാമണി ഗംഭീരമായി ഇങ്ങനെ പ്രഖ്യാപിച്ചിരിക്കുന്നു: “*ആദ്ധ്യാത്മികതയിൽ നിന്നും ആത്മീയ ഗുരുക്കന്മാരിൽ നിന്നും ഒരാൾക്ക് ലഭിക്കുന്നത് ശാന്തിയും സമാധാനവുമാണ്, അതില്ലാതെ ഒരാൾക്ക് ജീവിക്കാൻ കഴിയില്ല.*” സത്യത്തിൽ സുധാമണിയുമൊത്തുള്ള ഇരുപത് വർഷത്തിനിടയിൽ പോലും ഗെയിലിന് ഈ സമാധാനവും സ്വസ്ഥതയും ലഭിച്ചിട്ടില്ല. (…) ആ സമാധാനവും സ്വസ്ഥതയും കൈവരിച്ച ഒരാളായി ഗെയിൽ സുധാമണിയെ വിശേഷിപ്പിക്കുന്നുമില്ല, അത് അവരെ ചുറ്റിപ്പറ്റിയുള്ള മിഥ്യയെ പുറത്തുകൊണ്ടുവരുന്നതിലും കഠിനമാണത്. പ്രകടമായ വിനയത്തിനും ദൈവത്തോടുള്ള വിധേയത്വത്തിനും പിന്നിൽ ഈ യാഥാർത്ഥ്യം മറയ്ക്കാൻ സുധാമണിക്ക് സാധിച്ചു. (…)

രാമകൃഷ്ണപരമഹംസർ, രാംദാസ് അല്ലെങ്കിൽ രമണ മഹർഷി തുടങ്ങിയ ജ്ഞാനികളുടെ വിശുദ്ധഭ്രാന്തുമായി താരതമ്യം ചെയ്യുമ്പോൾ, വിശുദ്ധഭ്രാന്തിനെ സ്വയം ആക്രമണം, മറ്റുള്ളവരെ ആക്രമിക്കൽ എന്നിവയുടെ രൂപത്തിലുള്ള യഥാർത്ഥ ഭ്രാന്തിൽ നിന്നും വേർതിരിക്കുന്ന അതിരുകൾ സുധാമണി വലിയതോതിൽ കടന്നതായി കാണാൻ കഴിയുന്നു. യഥാർത്ഥ ഭ്രാന്തിൽ തന്നെ, കുപ്പിച്ചില്ലും സ്വന്തം വിസർജ്യവും മറ്റും

കഴിക്കുമ്പോൾ, അത് പ്രത്യേകിച്ച് ഗുരുതരമായ മാനസികരോഗ ലക്ഷണവുമായി പൊരുത്തപ്പെടുന്നു. (...)

അതായത്, സുധാമണിക്ക് ഹിസ്റ്റീരിയൽ സൈക്കോസിസിന്റെ രോഗലക്ഷണങ്ങൾ ഉണ്ടായിരുന്നുവെന്ന് ഞങ്ങൾ പ്രാരംഭനിർണയം നടത്തുമ്പോൾ, അവരെ ഈ രോഗനിർണയത്തിലേക്ക് പൂർണ്ണമായും ചുരുക്കുന്നു എന്നർത്ഥമില്ല. എന്നാൽ അതൊരു വൈകല്യമായി തുടരുന്നു എന്ന് മാത്രം, ഈ രോഗാവസ്ഥ കാരണം അവരുടെ ആത്മീയ വികാസം വിചിത്രവും വൈരുദ്ധ്യാത്മകവുമായ നിരവധി ദിശകളിലൂടെ കടന്നുപോയി. (...)

ഗുരുശിഷ്യബന്ധം എന്നത് സുപ്രധാനമായ ഒരു ശക്തിയുടെ രൂപാന്തരമാണ്: ഈ രൂപാന്തരം നടന്നില്ലെങ്കിൽ അവിടെ കോപത്തിന് സ്ഥാനമുണ്ടാവുന്നു. (...)

തന്റെ ശിഷ്യനും ജീവചരിത്രകാരനുമായ ബാലുവുമായുള്ള അമ്മയുടെ പ്രണയബന്ധത്തെക്കുറിച്ച് ഗെയിൽ പറഞ്ഞത് ശ്രദ്ധിക്കുകയാണെങ്കിൽ, അവരുടെ സർവ്വശക്തിത്വം എന്ന ആശയം അവരുടെ പ്രണയിതാവിൽ ഉണർത്തിയ മിഥ്യാഭ്രമമല്ലേ നാം നേർക്കുനേർ കാണുന്നത്? അമ്മയെ ചുറ്റിപ്പറ്റിയുള്ള ഇപ്പോഴത്തെ ആശയക്കുഴപ്പം ഈ വികലധാരണയുടെ യുക്തിസഹമായ അനന്തരഫലം മാത്രമായിരിക്കും. (...)

നമ്മൾ നേരത്തെ പറഞ്ഞതുപോലെ, സത്യബോധം ഒരു ട്രാൻസ്മിഷൻ ബെൽറ്റാണ്. ബെൽറ്റ് തകർന്നാൽ, പ്രക്ഷേപണവും തകരാറിലാവും. (...) മറ്റൊരു മഹാത്മാവിനെ പ്രചരിപ്പിക്കാനായി സുധാമണി ഒരു അത്ഭുത കഥ മെനഞ്ഞെടുത്തിരുന്നെങ്കിൽ പോലും അത് വിമർശനത്തിന് വിധേയമാകുമായിരുന്നു; എന്നാൽ ഇവിടെ, മഴപെയ്യിക്കുന്ന അത്ഭുതകഥ ഉദാഹരണമായി എടുത്താൽ അവരത് വീമ്പിളക്കുന്നതിനായി പറഞ്ഞതാണ്, ഇത് ഒരു ശൈശവാവസ്ഥയിലുള്ള

അഹന്തയുടെ അടയാളം മാത്രമാണ്. ഉപസംഹരിക്കാനായി ഒന്നുകൂടി പറയാം: ഗുരുവിൽ നിന്നുള്ള സത്യം ന്യായാനുസാരമല്ലെങ്കിൽ, അവിടെ ഗുരു ഇല്ലാതാവുന്നു: അത്രയും ലളിതമാണ് കാര്യങ്ങൾ (...) ധർമ്മം വിശ്വാസത്തിനും മേലെയാണ് (...) ധാർമ്മികത വിശ്വാസത്തിനും വികാരങ്ങൾക്കും അപ്പുറമാണ്, അത് ഗുരുവിനുമപ്പുറമാണ്. ഗുരു ധാർമ്മികതയുടെ സേവനത്തിലാണ് നിലകൊള്ളേണ്ടത്; മറിച്ചല്ല. (...)

വാസ്തവത്തിൽ, അവർ ഗുരുപരമ്പരയോ ഗുരുവോ സാധനയോ ഇല്ലാതിരുന്നതിന്റെ വിലയാണ് നൽകുന്നത്. ഇരുപത്തിരണ്ടാം വയസ്സിൽ, അവർ സ്റ്റേജിൽ ജനക്കൂട്ടത്തെ പഠിപ്പിക്കാൻ തുടങ്ങിയതാണ്. പൊതുവെ പറയപ്പെടുന്ന ഇംഗ്ലീഷ് ചൊല്ല് അനുസരിച്ച്, "*അത് സത്യമാകാൻ സാധ്യതയുള്ളതിലും വളരെ നല്ലതായിരുന്നു!*" *(It was too good to be true)*

## f. യഥാർത്ഥ ഭക്തി

രാമകൃഷ്ണ മിഷനിലെ സന്യാസിയായ പ്രവ്രാജിക ദിവ്യാനന്ദപ്രാണ ഓൺലൈനിൽ ലഭ്യമായ ഒരു പ്രസംഗത്തിൽ ഭക്തി എന്താണെന്ന് മനോഹരമായി വിവരിക്കുന്നു., "ഭക്തിയുടെ പ്രാധാന്യം"[110]. ഞാൻ അതിനെ ഇങ്ങനെ വ്യാഖ്യാനിക്കുന്നു:

"ഭക്തരുടെ അഭിപ്രായത്തിൽ, ഭക്തി അനായാസമായി ഉന്നതിയും പരിണാമവും ഉണ്ടാക്കും. മറ്റ് പാതകളിൽ കൃത്യമായ അച്ചടക്കം പാലിക്കുകയും വ്യവസ്ഥകൾ നിറവേറ്റുകയും, പുരോഗതിയെ അനുഗമിക്കുകയും വേണം. തുടക്കം മുതൽ, ഭക്തി സന്തോഷത്തിന്റെയും സ്നേഹത്തിന്റെയും പാതയാണ്. അങ്ങനെ നോക്കുമ്പോൾ അതിന്റെ ഫലങ്ങൾ ആദ്യം മുതലേ ലഭ്യമാണ്. അതിനാൽ, ഭക്തിയെ താരതമ്യേന സുലഭമായ പാതയായി കണക്കാക്കുന്നു. വികാരങ്ങളുടെ

ശുദ്ധീകരണം കുട്ടിക്കളിയല്ലെങ്കിലും ഭക്തി *സ്വയം പ്രകടമാണ്*. വികാരങ്ങളുടെ ഉയർച്ചയ്ക്കും രൂപാന്തരത്തിനും ഒരു ആത്മീയാന്വേഷിയെ അവന്റെ ലക്ഷ്യത്തിലേക്ക് നേരിട്ട് എത്തിക്കാൻ കഴിയും. ഭക്തി *ഭാവ*മായും ദൈവിക വികാരമായും മാറുന്നു (MA org ൽ നിന്ന് വ്യത്യസ്തമായ അർത്ഥമാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്), അത് തുളച്ചുകയറുന്നതും അഖണ്ഡവും പൂർണ്ണമായി തൃപ്തി തരുന്നതുമാണ്. സ്വാഭാവികമായി പ്രത്യക്ഷപ്പെടുന്നതിലൂടെ ഭക്തി അതിന്റെ ഫലം ഉടനടി നൽകുന്നു.

നാരദഭക്തി സൂത്രം പറയുന്നതനുസരിച്ച്: "*സ ത്വസ്മിൻ പരമ പ്രേമ രൂപാ*", ഭക്തി ഈശ്വരനോടുള്ള പരമോന്നത സ്നേഹത്തിന്റെ സ്വരൂപമാണ്. തന്റെ "ഭക്തി രസായനത്തിൽ" മധുസൂദന സരസ്വതി, മഹാഭക്തനായിത്തീർന്ന ഒരു മഹാനായ അദ്വൈതി പറയുന്നതനുസരിച്ച് ഭക്തിയിൽ എല്ലാ "*വൃത്തി*"കളും, "*സർവേശാം മനോവൃത്തായ*", മനസ്സിന്റെ എല്ലാ ചാഞ്ചാട്ടങ്ങളും, ദൈവത്തിലേക്ക് ശക്തമായ ഒരു പ്രവാഹമായി ഒഴുകുന്നുവെന്ന് വിവരിക്കുന്നു. ഇത്തരത്തിലുള്ള സ്നേഹം മനസ്സിലേക്ക് കടന്നുവന്ന്, അതിനെ വശീകരിക്കുകയും, ഹൃദയത്തെ അപഹരിക്കുകയും ചെയ്യുമ്പോൾ, കൂടുതലൊന്നും ആവശ്യമില്ല. അതാണ് ഭക്തിയുടെ മഹത്വം. അത്തരമൊരു അനുഭവം അവിസ്മരണീയമായ ഒരു മുദ്ര പതിപ്പിക്കുകയും മറക്കാത്ത ഓർമ്മയായി നിലനിൽക്കുകയും ചെയ്യുന്നു. ഈ സ്മരണ തന്നെ ഭക്തനെ ഉയർത്തുന്നു. യോഗി തന്റെ സന്യാസം കൊണ്ടും ജ്ഞാനി തന്റെ സമീപനം കൊണ്ടും നേടിയത് ഭക്തൻ അനായാസമായി നേടുന്നു. വിശാഖ ഗോപി തന്റെ ദേവനായ കൃഷ്ണനെ ഒരു തോട്ടത്തിൽ വച്ച് കണ്ടുമുട്ടി. കൃഷ്ണന്റെ മുഖത്തേക്ക് നോട്ടം പതിഞ്ഞതും അവൾ തന്റെ കണ്ണുകളടച്ച് ആ കാഴ്ച അമൂല്യമായും തീവ്രമായും തന്റെ ഉള്ളിൽ സൂക്ഷിച്ചു, മറ്റെല്ലാത്തിനെയും മാറ്റിവച്ചുകൊണ്ട്. ഈ കാഴ്ച ഒരു ചിത്രം പോലെ, അവളുടെ ഹൃദയത്തിൽ

പതിഞ്ഞു. തന്റെ പ്രിയതമന്റെ ചിത്രം തേജസ്സോടെ അവളുടെ ഹൃദയത്തിൽ സമാധിയോളം നിലനിന്നു. അങ്ങനെ അവൾ തന്റെ ദൈവത്താൽ മോഹിതയായും, ആകൃഷ്ടയായും ഭ്രമിതയായും സ്വന്തം മനസ്സിനെ അതിജീവിച്ചു. ഐത◌ിഹ്യമനുസരിച്ച്, ഗോപികൾ തങ്ങളുടെ മോഹിപ്പിക്കുന്ന ദൈവവുമായി പ്രണയത്തിലായ വെറും പെൺകുട്ടികളായിരുന്നില്ല. പരമോന്നത ജ്ഞാനം നേടിയ അവർ ഋഷിമാരായിരുന്നു, എന്നാൽ ഭക്തിയിൽ മുഴുകി ജീവിക്കാനുള്ള ആഗ്രഹമുണ്ടായതിനാൽ, അവർ ഗോപികമാരായി പുനർജനിച്ചു.

കൃഷ്ണന്റെ സുഹൃത്തും ഉപദേശകനുമായ ഉദ്ധവൻ വൃന്ദാവനത്തിൽ വന്ന് ഗോപികമാരെ കണ്ടെത്തി അവരോട് പറഞ്ഞു: "*നിങ്ങളുടെ കൃഷ്ണൻ യഥാർത്ഥത്തിൽ പരമമായ, സാക്ഷാൽ, സത്-ചിത്-ആനന്ദനാണെന്ന് അറിയൂ. നിങ്ങൾ അവനെ ഗോപാലൻ ആയി കണ്ടാൽ നിങ്ങളുടെ യാതന തുടരും. എന്നാൽ നിങ്ങൾ അവൻ എന്താണോ അതായി കണ്ടാൽ അവൻ നിങ്ങളിൽ നിലനിൽക്കുകയും തുടർന്ന് വിരഹം ഉണ്ടാകാതിരിക്കുകയും ചെയ്യും*". എന്നാൽ അവരെ സംബന്ധിച്ചിടത്തോളം, വിരഹത്തിലെ ആഴമേറിയതും തീവ്രവുമായ പ്രണയത്തിനായുള്ള ആഗ്രഹം, *വിരഹഭക്തി* അല്ലെങ്കിൽ *വിപ്രലംഭം*, പറഞ്ഞറിയിക്കാനാവാത്ത മാസ്മരികത, പരമാനന്ദം, ആഹ്ലാദം എന്നിവയുടെ രൂപമായിരുന്നു.

വാസ്തവത്തിൽ യഥാർത്ഥ ഭക്തർ ജ്ഞാനികളും യോഗികളും യഥാർത്ഥ ജ്ഞാനികൾ ഭക്തരുമാണ്. ആരോഗ്യകരമായ പരിണാമത്തിൽ, പാതകൾ കൂടിച്ചേരുകയും പരസ്പര പൂരകമാകുകയും ചെയ്യുന്നു. ഒന്ന് മറ്റൊന്നിൽ പൂർത്തിയാകുന്നു. അവ ശക്തിപ്പെടുത്തുകയും ശക്തി പ്രാപിക്കുകയും ചെയ്യുന്നു, അതേ സമയം അവ അതിരുകടക്കാതെ

മിതപ്പെടുത്തുകയും അധർമ്മത്തിൽ നിന്ന് സംരക്ഷിക്കുകയും ചെയ്യുന്നു.”

താമസികവും അതിരുകടന്നതും അസന്തുലിതവും അനാരോഗ്യകരവും വ്യക്തമായും മാനസികവിഭ്രാന്തി നിറഞ്ഞതുമായ “ഭക്തി”യുടെ രൂപത്തെയാണ് സുധാമണിയിൽ നാം കാണുന്നുത്. യോഗവിദ്യയിലെ മൂന്ന് ഗുണങ്ങളായ സത്വം, രജസ്സ്, തമസ്സ് എന്നിവയിൽ രണ്ടാമത്തേത് അജ്ഞത, അന്ധകാരം, ഭാരം, അഴുകൽ എന്നിവയെ സൂചിപ്പിക്കുന്നു. നേരെമറിച്ച്, ഞാൻ മുകളിൽ വിവരിച്ച സന്യാസിനിയുടെ ഭക്തിയുടെ രൂപം സാത്വികവും, സംതുലിതവും, യോജിപ്പുള്ളതും, ശുദ്ധവും, തിളക്കവുമുള്ളതായിരിക്കും. ആദ്യം പറഞ്ഞതിൽ നിന്ന് തികച്ചും വ്യത്യസ്തമായ ഒരു ലോകമാണിത്.

## 9. ജീവചരിത്രത്തെക്കുറിച്ചുള്ള നിഗമനവും പൊതുവായ ചിന്തകളും

സുധാമണി ജനിച്ചുവളർന്ന കുടുംബപശ്ചാത്തലം, ഔദ്യോഗിക വിവരണത്തിൽ നിന്ന് വ്യത്യസ്തമായി, രോഗാതുരവും പ്രവർത്തനക്ഷമമല്ലാത്തതും അധാർമികവുമാണ്. വെറുക്കപ്പെട്ട രീതിയിൽ വളരുകയും പീഡനത്തിനും ഒരുതരം അടിമത്തത്തിനും വിധേയയാവുകയും ചെയ്ത് തീർത്തും തകർത്തെറിയപ്പെട്ട കുട്ടിക്കാലം സന്തുലിതവും ആരോഗ്യകരവും സന്തോഷകരവുമായ വികസനത്തിന് വഴിയൊരുക്കിയില്ല. കുടുംബത്തിൽ നിന്നും മാറ്റി പശുത്തൊഴുത്തിൽ താമസിക്കുകയും സമുദ്രത്തെ അമ്മയായി കാണുകയും തന്നെ മനസ്സിലാക്കാൻ സാധിക്കുന്നത് മൃഗങ്ങൾക്ക് മാത്രമാണ് എന്ന് ധരിക്കുകയും ചെയ്തിരുന്നു അവർ. അവർ സ്വയം പറയുന്നതുപോലെ, മുതിർന്നവരോട് എന്തെങ്കിലും തുറന്നുപറയുന്ന അനുഭവം കുട്ടിക്കാലത്ത് ഉണ്ടായിട്ടില്ല.

വാത്സല്യവും സ്നേഹവും കുടുംബബന്ധങ്ങളും നിഷേധിക്കപ്പെട്ട അവൾ, മുതിർന്നവരെ നിരസിച്ചും ദൈവവുമായി വൈകാരികബന്ധം സ്ഥാപിച്ചും അവളുടെ ലോകം കെട്ടിപ്പടുത്തു.

അവർക്ക് തന്റെ കുടുംബത്തോടുള്ളതും മറ്റുള്ളവരുമായി പിന്നീട് ഉണ്ടായതുമായ ബന്ധത്തിന്റെ ആവിഷ്കാരം രോഗാതുരവും ഉന്മാദം നിറഞ്ഞതും അവ്യക്തവും അക്രമാസക്തവുമാണ്. അവർക്ക് തന്നോട് തന്നെയുണ്ടായിരുന്ന ബന്ധത്തിനും ഇതേ സ്വഭാവം തന്നെയായിരുന്നു: പരസ്പരവിരുദ്ധവും അമിതമായതും, മനോവിഭ്രാന്തി എന്നുതന്നെ പറയാവുന്നതും. അവർക്ക് ദൈവവുമായുള്ള ബന്ധവും അതേ തകരാറുകൾ നിറഞ്ഞതാണ്: അവ്യക്തവും ഹൃദയഭേദകവും, അക്രമാസക്തവും, അസംബന്ധങ്ങൾ നിറഞ്ഞതും, സ്വയം നശിപ്പിക്കുന്നതുമായ മനോവിഭ്രാന്തി.

പത്താം വയസ്സിൽ സുധാമണിയുടെ പഠനം മുടങ്ങി, ശേഷം അമ്മ മാത്രമേ ഗുരുവായി ഉണ്ടായിരുന്നുള്ളൂ. ആത്മീയതലത്തിൽ, അവർ സ്ഥാപിച്ച മാതൃക അജ്ഞത നിറഞ്ഞ യാഥാസ്ഥിതിക ഭക്തിയാണ് കാണിക്കുന്നത്. ആത്മീയ താൽപര്യവും പെരുമാറ്റവും തമ്മിൽ ആഴത്തിലുള്ള വിയോജിപ്പും പ്രകടമായിരുന്നു. ഏതൊരു വ്യക്തിയുടെയും ആരോഗ്യകരമായ വളർച്ചയ്ക്ക് ആവശ്യമായ വൈകാരിക പോഷണവും ബന്ധവും നഷ്ടപ്പെട്ട കുട്ടി ഒരു സാങ്കൽപ്പികലോകം നിർമ്മിക്കുകയും അതിൽ സത്യവും മിഥ്യയും വസ്തുതയും കൽപ്പിതകഥയും തമ്മിലുള്ള അതിര് അസ്ഥിരവും അവ്യക്തവും ആവുകയും ചെയ്തു.

സുധാമണി വളർന്ന വിദ്യാഭ്യാസ പശ്ചാത്തലത്തിൽ മൂന്ന് അടിസ്ഥാനകാര്യങ്ങൾ ഇല്ലായിരുന്നു: 1. വൈകാരികവും സാമൂഹികവുമായ ബന്ധം, 2. വിദ്യാഭ്യാസവും അധ്യയനവും 3. ആത്മീയപരിശീലനം. കുട്ടിയായും പിന്നീട് കൗമാരക്കാരിയായും വളർന്നത് വൈകാരികവും

സാമൂഹികവും ബൗദ്ധികവും ആത്മീയവുമായ ദാരിദ്ര്യത്തിൽ ആയിരുന്നതിനാൽ അവരിൽ: ബാല്യ-ശൈശവാവസ്ഥയിലെ പെരുമാറ്റത്തിലേക്കുള്ള തിരിച്ചുപോക്ക്, സ്വയം ആക്രമണം, സ്വയം വികലമാക്കൽ, ആത്മഹത്യാപ്രവണത തുടങ്ങിയ മാനസിക വൈകല്യങ്ങൾ കാണാൻ കഴിഞ്ഞു. ആത്മീയതയുടെ കാര്യത്തിൽ, ഒരു ഗുരുവില്ലാതെ അജ്ഞാനത്തിൽ വളർന്നതുകൊണ്ട് അവരുടെ അടിസ്ഥാന അനുഭവങ്ങൾ ആധികാരികമായ ആത്മീയ അനുഭവങ്ങളുടെ ഫലമാണോ അതോ ഒരു മാനസികരോഗത്തിന്റെ ഫലമാണോ എന്ന് നമുക്ക് തിരിച്ചറിയാൻ സാധിക്കില്ല. രണ്ടും കൂടിച്ചേർന്നതാവാം അല്ലെങ്കിൽ പ്രാദേശിക സംസ്കാരവും മതാചാരവും പുറംപൂച്ചാക്കിയ ഉന്മാദം തന്നെയാവാം. ഏറ്റവും പ്രകടമായതെന്തെന്നാൽ ഇന്ത്യയിലെ മിക്ക മഹാത്മാക്കളും ചെയ്തതിനു വിപരീതമായി, മറ്റുള്ളവരെ പഠിപ്പിക്കാനും അനുഗ്രഹിക്കാനും ശ്രമിക്കുന്നതിന് മുമ്പ് തനിക്കുണ്ടായ പുതിയ ആത്മീയാനുഭവങ്ങളുടെ യാഥാർത്ഥ്യത്തെ സമന്വയിപ്പിക്കാനും ഉൾക്കൊള്ളാനും ആഴത്തിൽ മനസ്സിലാക്കാനും വേണ്ടി വർഷങ്ങളോളം നീളുന്ന ആത്മീയ പഠനത്തിൽ അവർ മുഴുകിയിട്ടില്ല എന്നതാണ്.

കഷ്ടിച്ച് 20 വയസുള്ളപ്പോൾ തന്നെ തന്റെ അനുഭവങ്ങളും സന്ദേശങ്ങളും പങ്കുവയ്ക്കുന്നതിന് അവർ വേദികൾ കൈയടക്കി. അങ്ങനെ ചെയ്യുന്നതിലൂടെ, അവൾക്ക് ഏറ്റവും കൂടുതൽ നഷ്ടമായതും അവളുടെ വളർച്ചയിൽ ഇല്ലാതിരുന്നതുമായ ഒരുതരം സംവേദനം അവൾ വികസിപ്പിച്ചെടുത്തു: ആലിംഗനത്തിലൂടെ പ്രകടമാകുന്ന ശാരീരികവും വൈകാരികവുമായ ബന്ധമായിരുന്നു അത്. ലോകത്തെ ആശ്ലേഷിക്കുക എന്നത് അവർക്ക് ഒഴിവാക്കാൻ കഴിയാത്ത ഒരാവശ്യവും, മതിവരാത്ത പ്രതികാരവും, തന്റെ ഛിന്നഭിന്നമായ വ്യക്തിത്വത്തിന്റെ ശകലങ്ങൾ സ്വരുക്കൂട്ടുന്ന പ്രക്രിയയുമായിരുന്നു. മനശാസ്ത്രമനുസരിച്ച് ഉന്മാദത്തിന്റെ വിത്ത് ശരീരം

ചിന്നഭിന്നമായ തോന്നലും അതോടനുബന്ധിച്ച് ആകുലതയും ഉണ്ടാക്കുന്നു. ആലിംഗനത്തിലൂടെ അവർ സ്വയം സുഖപ്പെടുത്താനുള്ള ഒരു വഴിയാണ് കണ്ടെത്തിയത്, കൂടാതെ വളരെ ഫലപ്രദമായ ഒരു തന്ത്രവും. പല പുതിയ കണ്ടുപിടുത്തങ്ങളുടെയും കാര്യത്തിൽ ഇന്ന് തന്നെയാണ് സംഭവിക്കുന്നത്, പ്രസിദ്ധമായ കോഫി മെഷീൻ പോലെ, അസാമാന്യമായും സർഗാത്മകമായും ഒന്നുമില്ല എന്നാൽ ലോകമെമ്പാടും അത് ജനപ്രിയമായി മാറി. ഇന്ത്യയിൽ, ഗുരുക്കന്മാരുടെ ലോകത്ത്, ലളിതമായ തന്ത്രങ്ങൾ വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നു: പാൽ മാത്രം കുടിക്കുന്നവരും, മുടിയും നഖവും വെട്ടാത്തവരും അല്ലെങ്കിൽ ആണികൾ പതിച്ച പലകയിൽ ജീവിക്കുന്നവരും, സ്വന്തം വായിലൂടെ പ്രതിമകളെ ജനിപ്പിക്കുന്നവരും, റാപ്പും ഭക്തിയും ഇടകലർത്തുന്നവരും, എല്ലാവരെയും ആശ്ലേഷിക്കുന്നവരും എന്നിങ്ങനെ.

സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കേണ്ട മറ്റൊരു അനുമാനം എന്തെന്നാൽ തുടരെയുള്ള ദർശനങ്ങൾക്കും ആലിംഗനങ്ങളും അവർ പ്രകടിപ്പിക്കുന്ന അസാമാന്യമായ ഊർജ്ജം, അവരെ പുകഴ്ത്തുകയും ആരാധിക്കുകയും രാത്രി മുഴുവൻ അവരെ ആശ്ലേഷിക്കുകയും ചെയ്യുന്നവരിൽ നിന്നുള്ള ഔദ്യോഗിക വിവരണത്തിൽ പറയുന്നിടത്തോളം വരുന്നില്ല എന്നതാണ്. കൂടാതെ അവരുടെ മുഖ്യ തത്വചിന്തയായ ലോകപരിത്യാഗവുമായി താരതമ്യം ചെയ്യുമ്പോൾ ലോകത്തെ ആശ്ലേഷിക്കുന്ന അവരുടെ സമ്പ്രദായം അങ്ങേയറ്റം പരസ്പരവിരുദ്ധമായി തോന്നാം.

ജീവചരിത്രകാരൻ സാധനയുമായി ബന്ധപ്പെടുത്തുന്ന അവരുടെ അനുഭവങ്ങളിലും തിരസ്കരണത്തിലും വെറുപ്പിലും ഉത്ഭവിച്ച അവരുടെ ശക്തമായ അപകർഷതാബോധവും അനുബന്ധമായി ചെളിയിലും വിസർജ്യത്തിലും കിടന്നുള്ള ഏങ്ങലടിയും വിഭ്രാന്തമായ

നിലവിളിയും, ഇതിനെല്ലാമുള്ള പ്രതിവിധിയോ നഷ്ടപരിഹാരമോ അവർ സർവ്വശക്തിയുടെ മിഥ്യാധാരണയിലും ആത്മരതിപരമായ വക്രതയിലും കണ്ടെത്തുന്നു. ഈ വിഭ്രാന്തിയിൽ, യാഥാർത്ഥ്യവും കെട്ടുകഥയും തമ്മിലുള്ള, സത്യവും നുണയും തമ്മിലുള്ള മങ്ങിയ രേഖയുടെ അടിസ്ഥാനത്തിൽ, (മനഃശാസ്ത്രത്തിൽ പെർവേസ് മാനിപുലേഷൻ) വിശ്വസിക്കാൻ ആഗ്രഹിക്കുന്ന ഭക്തരോട് അവർ എന്ത് കേൾക്കാൻ ആഗ്രഹിക്കുന്നുവോ അതുപറയുന്നു. പെർവേഴ്സ് മാനിപുലേഷന്റെ മറ്റൊരുവശം അതുകൊണ്ടുണ്ടാവുന്ന മറ്റു ഗുണങ്ങളാണ്: ഉദാഹരണത്തിന് മറ്റുള്ളവർക്ക് രോഗഗ്രസ്തനായ ആളോടുള്ള പെരുമാറ്റത്തിൽ മെച്ചപ്പെട്ട ശ്രദ്ധയായും, മെച്ചപ്പെട്ട പരിചരണമായും, മെച്ചപ്പെട്ട ഭക്ഷണമായും ഉള്ള വ്യത്യാസങ്ങളും കൂടുതൽ അംഗീകാരം തുടങ്ങിയ നേട്ടങ്ങളും. സുധാമണിയുടെ കാര്യത്തിൽ ഹിസ്റ്റീരിക്ക് മോഹനിദ്ര കൊണ്ടുണ്ടായ മറ്റു നേട്ടങ്ങൾ ധാരാളമാണ്. പശുത്തൊഴുത്തിലെ ചെളിയിൽ ഉരുണ്ട്, കുപ്പിച്ചില്ല് ചവയ്ക്കുന്ന ജീവിതത്തിൽ നിന്ന് അവർ ഇന്ന് എവിടെയെത്തിയെന്ന് ആലോചിച്ചുനോക്കൂ.

അവരുടെ മനോവിഭ്രാന്തിക്കൊപ്പമുള്ള വൈരുദ്ധ്യങ്ങൾ നിറഞ്ഞ പെരുമാറ്റത്തിൽ സ്നേഹത്തിൽ നിന്ന് വെറുപ്പിലേക്കും, ഉദാരതയിൽ നിന്ന് ഒഴിവാക്കലിന്റെയും ശാപത്തിന്റെയും മരണത്തിന്റെയും പ്രതികാരവാഞ്ഛയിലേക്കും ക്ഷണനേരം കൊണ്ട് ചാഞ്ചാടുന്നു. സ്ഥിരമായി കാണുന്നവർക്ക് അവരുടെ ചഞ്ചലമായ പ്രകൃതം വളരെ അടുത്തറിയാം. അവരുടെ ചാപല്യങ്ങൾ യഥാർത്ഥത്തിൽ മൗലികമായ വേദനയുടെ പ്രകടനമാണ്. തന്റെ ഭക്തരുടെയും ശിഷ്യന്മാരുടെയും മേൽ പ്രയോഗിക്കുന്ന സർവ്വശക്തിയുടെ മിഥ്യാബോധത്തിൽ നിന്ന് അവർ പലപ്പോഴും തീവ്രവേദനയിലേക്ക് വീഴുന്നു. ഇങ്ങനെ സമ്മർദ്ദത്തിന് ഫലപ്രദമായ രീതിയിൽ, ശാന്തമായി പ്രതികരിക്കാൻ

കഴിയാതെ കടുത്ത മാനസിക വിക്ഷോഭം പ്രകടമാക്കുന്നതുവഴി, A തനിക്ക് ചുറ്റുമുള്ളവരുടെ മനസ്സിൽ ആഴത്തിലുള്ള ഭയവും അസ്വസ്ഥത ജനിപ്പിക്കുന്നു, അതവർ സ്വയം സമ്മതിച്ചില്ലെങ്കിൽ കൂടിയും, അത്തരമൊരു ഭവിഷ്യത്തിനെ കുറിച്ച് അവർ സദാ ബോധവാന്മാരാണ്. A യിൽ വിശ്വാസം നശിക്കുകയും എന്നാൽ അവരെ വിട്ടുപോവാൻ മടിക്കുകയും ചെയ്യുന്നവരോട് അനിഷ്ടം പ്രകടിപ്പിക്കുന്നത് പെരുമാറുന്ന രീതിയിലൂടെയാണ്: അത്തരക്കാരെ ഒഴിവാക്കുകയും ബഹിഷ്ക്കരിക്കുകയും പരസ്യമായി അവഹേളിക്കുകയും, ഓർമ്മയില്ലാത്തതായി ഭാവിക്കുകയും അവരുടെ ഭാവിജീവിതം സങ്കീർണ്ണമാക്കാനുള്ള തന്ത്രങ്ങൾ മെനയുകയും, ദമ്പതികളെ വേർപിരിക്കുകയും ഒക്കെ ചെയ്യും. ഇതെല്ലാം തന്നെ സ്നേഹിക്കാത്ത കുറ്റത്തിന് ശിക്ഷിക്കാനും നിശബ്ദരാക്കാനും വേണ്ടിയാണ്. തെറ്റുകളിൽ നിന്ന് പഠിക്കാനുള്ള കഴിവില്ലായ്മയാണ് ഇത്തരക്കാരുടെ മറ്റൊരു പ്രത്യേകത. അവരുടെ വിട്ടുവീഴ്ചയില്ലാത്ത യുക്തിയിൽ, തെറ്റ് എല്ലായ്പ്പോഴും മറ്റുള്ളവരിൽ നിന്നാണ് വരുന്നത്. A യുടെ ഇപ്പോഴും തുടരുന്ന ഭ്രാന്തമായ ഉത്കണ്ഠയുടെ ഒരു സൂചന ആശ്രമത്തിലെ സന്ദർശകരുടെ തീവ്രമാകുന്ന മാനസിക പ്രശ്നങ്ങളാണ്. ആശ്രമം അവരെ രക്ഷിക്കാനോ സുഖപ്പെടുത്താനോ യാതൊന്നും ചെയ്യുന്നില്ല, സ്വയം ചോദ്യം ചെയ്യുകയോ ഗുരുവിനെ ചോദ്യം ചെയ്യുകയോ ചെയ്യുന്നില്ല. പാശ്ചാത്യ സന്ദർശകരുടെ കാര്യത്തിലാണെങ്കിൽ അവർ സ്വദേശത്തേക്ക് മടങ്ങുന്നത് എത്രയും വേഗത്തിലാക്കാൻ ഇൻഷുറൻസ് കമ്പനികളുമായി ബന്ധപ്പെടുകയും, സംഘടനയുടെയും അതിന്റെ നേതാവിന്റെയും മാനസികാരോഗ്യത്തിൽ സംശയം ജനിപ്പിക്കുന്ന ഇത്തരം കേസുകൾ എത്രയും വേഗം ഇല്ലാതാക്കുകയുമാണ് ചെയ്യുന്നത്.

സ്നേഹത്തിൽ നിന്ന് വിദ്വേഷത്തിലേക്ക് നീങ്ങുന്ന അവളുടെ വൈരുദ്ധ്യം നിറഞ്ഞ പെരുമാറ്റത്തെ ഭക്തിനിർഭരമായ ന്യായീകരണങ്ങൾ കൊണ്ട്

പിന്തുണയ്ക്കുന്നു: ശിഷ്യന്മാരുടെ അഹംഭാവം ഇല്ലാതാക്കുന്നത് ഗുരുവോ കാളീദേവി തന്നെയോ ആണ്. ഇത് അവരുടെ മെഗലോമാനിയയുടെ പ്രകടനമാണ്, ചെറുപ്പത്തിൽ അവൾ തീവ്രമായി അനുഭവിച്ചറിഞ്ഞ ആഴത്തിലുള്ള അപകർഷതാബോധത്തിന്റെയും, താനായി നിലനിൽക്കാനുള്ള നിരോധനത്തിന്റെയും മറുവശം. അവരെ അനുസരിക്കാത്തവരെയും ആരാധിക്കാത്തവരെയും അവർ നശിപ്പിക്കുന്നു. ഇക്കാര്യത്തിൽ തന്റെ ഒരോയൊരു ഗുരുവായ അമ്മയിൽ നിന്ന് അവർക്ക് ചെറുപ്പത്തിൽ അനുഭവിക്കേണ്ടിവന്ന മാതൃഭാവത്തിലുള്ള അക്രമത്തെ പുനർനിർമ്മിക്കുക മാത്രമാണ് അവർ ചെയ്യുന്നത്.

മനുഷ്യർ അസാധാരണവും ആശ്ചര്യകരവുമായ കഴിവുകൾ കൊണ്ട് നിറഞ്ഞവരാണ്. അവരവരുടെ വിദ്യാഭ്യാസത്തിലേക്കോ പരിക്കുകളിലേക്കോ മാത്രമായി ആരെയും ഒതുക്കി നിർത്താനാവില്ല. ആ പെൺകുട്ടിയായി തീർന്നതും പിന്നീട് മുതിർന്നപ്പോൾ ആ സ്ത്രീക്ക് നേടാനായതും തികച്ചും അസാധാരണമാണ്, നിഷേധിക്കാനാവാത്തതുമാണ്. അവളുടെ സ്ഥിരോത്സാഹവും ജോലി ചെയ്യാനുള്ള മികച്ച കഴിവും അംഗീകരിക്കപ്പെടും. ഒന്നും കറുപ്പോ വെളുപ്പോ ആയി തരംതിരിക്കാൻ ആവാത്തതിനാൽ, അവരും ലോകനന്മ ചെയ്യുന്നു എന്നത് നമുക്ക് അവരിൽ നിന്ന് എടുത്തുമാറ്റാൻ കഴിയില്ല, എന്നിരുന്നാലും, തെറ്റുകൾക്ക് അടിസ്ഥാനപരമായ ഒരു പ്രജനനമേഖല ഉണ്ടായതും, ഭീമാകാരമായ ഘടനാപരമായ പിഴവുകൾക്ക് നിലവിലെ ദുരുപയോഗങ്ങളും അധാർമികതയും വിശദീകരിക്കാൻ കഴിയും എന്നു മാത്രമല്ല അവരെയും മറ്റുള്ളവരെയും കാര്യമായ അപകടങ്ങളിലേക്ക് അത് തള്ളിവിടുകയും ചെയ്യും.

ഏതായാലും, ആകർഷകമായ വ്യക്തിത്വവും അസാധാരണമായ ഒരു ഭാഗധേയവുമാണ് നമ്മൾ ഇവിടെ കൈകാര്യം ചെയ്യുന്നതെങ്കിലും, ജീവചരിത്രകാരനും

സംഘടനയുടെ ഔദ്യോഗിക അജണ്ടയും എല്ലാവിധത്തിലും പ്രചരിപ്പിക്കാനും വിശ്വസിപ്പിക്കാനും ശ്രമിക്കുന്നതിനെ നേരിടാൻ ശരിക്കും ബുദ്ധിമുട്ടുതന്നെയാണ്.

A യുടെ ജീവചരിത്രത്തിൽ നിരവധി തവണ ഇതുപോലുള്ള പ്രസ്താവനകൾ കണ്ടെത്താൻ കഴിയും: "*ആത്മീയാന്വേഷിയുടെ ഏറ്റവും വലിയ ആയുധം സത്യത്തിന്റെ വാളാണ്*", "*നിങ്ങൾ സ്വയം ധാർമ്മികമായും ആത്മീയമായും പൂർണതയുള്ളവരായതിനുശേഷം മാത്രമേ (...), നിങ്ങൾക്ക് മറ്റുള്ളവരെ പഠിപ്പിക്കാൻ കഴിയൂ (...)*". അവർ പറഞ്ഞത് ശരിയാണ്. ഡോ. വിണ്ട്യെ തന്റെ "ദ മാസ്റ്റർ ആന്റ് ദ തെറാപ്പിസ്റ്റ്" എന്ന കൃതിയിൽ നിരീക്ഷിക്കുന്നത് പോലെ, "ഗുരുവും ശിഷ്യനും തമ്മിലുള്ള ഒഴിച്ചുകൂടാനാവാത്ത ട്രാൻസ്മിഷൻ ബെൽറ്റാണ് സത്യബോധം. തനിക്ക് ഇല്ലാത്ത ആന്തരിക അവസ്ഥകളെക്കുറിച്ച് വിവരിക്കുകയോ പരാമർശിക്കുകയോ ചെയ്യുന്നത് എളുപ്പമുള്ള കാര്യമാണ്. ഇക്കാര്യത്തിൽ ഗുരു പറയുന്നത് സത്യമാണ് എന്ന് ശിഷ്യന്മാർക്കുള്ള ഒരേയൊരു തെളിവ് നിത്യജീവിതത്തിലുള്ള ഗുരുവിന്റെ സത്യബോധം മാത്രമാണ്. ഇത് മുറിഞ്ഞുപോയാൽ പിന്നെ അവിടെ സംവേദനം നടക്കുന്നില്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ധർമ്മം വിശ്വാസത്തിനും മുകളിലാണ്. തീർച്ചയായും, ഗെയിൽ ട്രെഡ്വെല്ലിന്റെ "ഹോളി ഹെൽ" എന്ന കൃതി വീണ്ടും വീണ്ടും സത്യത്തെ സാക്ഷ്യപ്പെടുത്തുകയാണ്, ഞാനിവിടെ ചെയ്യുന്നതുപോലെ. ഇവിടെ വാക്കും പ്രവർത്തിയും തമ്മിൽ പൊരുത്തമില്ലാത്തതിന്റെ വലിയതോതിലുള്ള ഒരു പ്രശ്നം നമ്മൾ അഭിമുഖീകരിക്കുകയാണ്.

സത്യത്തെക്കുറിച്ചും സത്യസന്ധതയെക്കുറിച്ചും വാക്കുകളും പ്രവൃത്തികളും തമ്മിലുള്ള പൊരുത്തത്തിന്റെ അഭാവത്തെക്കുറിച്ചും സംസാരിക്കുമ്പോൾ, 2020-ഡിസംബറിലെ കോവിഡ്

പ്രതിസന്ധി ഘട്ടത്തിൽ ഞാൻ ഈ പുസ്തകം എഴുതുമ്പോൾ, A യുടെ അനാരോഗ്യത്തെക്കുറിച്ചുള്ള വാർത്തകൾ എന്നെ തേടിയെത്തി. അവർ ഗുരുതരാവസ്ഥയിലാണെന്നും ആൻജിയോപ്ലാസ്റ്റിക്കും ഹിസ്റ്റെറെക്ടമിക്കും വിധേയയായിട്ടുണ്ടെന്നും അറിഞ്ഞു. എന്നാൽ ലോകം അക്കാര്യം അറിയാൻ പാടില്ലായിരുന്നു. പാസ്പോർട്ടുമായി ബന്ധപ്പെട്ട ചില നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ടെന്ന വ്യാജേന പുലർച്ചെ ഒരുമണിക്ക് അവർ ആശ്രമം വിടുകയും നേരെ അവരുടെ AIMS ആശുപത്രിയിലെത്തി ഒരു സ്വകാര്യ വാർഡിൽ പ്രവേശിക്കുകയും ചെയ്തു. അവർ അവിടെ രണ്ടുദിവസം താമസിച്ച ശേഷം വീണ്ടും രഹസ്യമായി അമൃതപുരിയിലേക്ക് മടങ്ങുന്നതിനുമുമ്പ്, അവരുടെ എല്ലാ മെഡിക്കൽ രേഖകളും നശിപ്പിക്കപ്പെട്ടു. തന്റെ ഭക്തരോടും ശിഷ്യന്മാരോടും ലോകത്തോടും ഒരിക്കൽ കൂടി നുണ പറയാനുള്ള അവരുടെ തീരുമാനം അവർക്ക് യഥാർത്ഥത്തിൽ ശക്തികളൊന്നുമില്ലെന്ന് പൊതുജനങ്ങൾ കണ്ടെത്തുമെന്ന ഭയത്താലാണോ? അതോ അവരുടെ അസുഖ വാർത്ത വരുമാനത്തെ പ്രതികൂലമായി ബാധിക്കുമെന്നതിനാലോ? കാരണം എന്തുമാകട്ടെ, ഈ ഏറ്റവും പുതിയ സംഭവവും കാണിക്കുന്നത് കാപട്യം അവരുടെ വികൃതമായ യാഥാർത്ഥ്യമായി തുടരുന്നു എന്നാണ്. – അവരുടെ സ്വന്തം വാക്കുകളിൽ, ആത്മീയ അന്വേഷിയുടെ ഒരേയൊരു ആയുധമായ സത്യത്താൽ അവർ സജ്ജയായിട്ടില്ല എന്നതിന്റെ ഏറ്റവും വലിയ തെളിവാണിത്. അവരുടെ പക്കലുള്ള വാൾ നിരന്തരമായ നുണകളാലും വഞ്ചനയാലും മുന മങ്ങിയതാണ്.

അതിനാൽ വിട്ടുവീഴ്ചകൾ അംഗീകരിക്കാത്ത ആത്മാർത്ഥ ആത്മീയാന്വേഷികൾ യഥാർത്ഥ വേദതത്വങ്ങളുടെ പശ്ചാത്തലത്തിൽ ഗുരുവുമായുള്ള ബന്ധത്തെക്കുറിച്ച് നന്നായി മനസ്സിലാക്കുന്നത് ഉചിതമായിരിക്കും. അത് അവരെ വ്യതിചലനങ്ങളിൽ നിന്നും ചൂഷണങ്ങളിൽ നിന്നും രക്ഷ നേടാൻ സഹായിക്കുകയും സാധ്യമായ

ഏറ്റവും മികച്ച സാഹചര്യങ്ങളിൽ ആത്മീയ പരിണാമം തുടരുന്നതിന് സഹായിക്കുകയും ചെയ്യും. ഈ പുസ്തകത്തിന്റെ രണ്ടാം ഭാഗത്തിൽ ഇതാണ് വിവരിച്ചിരിക്കുന്നത്.

# IV. ചാരിറ്റബിൾ സ്ഥാപനങ്ങൾ അഥവാ ബിസിനസ്സ് സാമ്രാജ്യം

A യുടെ വ്യക്തിത്വവും പ്രവർത്തികളും ചോദ്യം ചെയ്യപ്പെടുമ്പോൾ വിശ്വാസികൾ അവരുടേതായ രീതിയിൽ ന്യായീകരണങ്ങളും യുക്തിയും കണ്ടെത്തുന്നു. വർഷങ്ങളായി വളർത്തിയെടുത്ത വിശ്വാസത്തിന് ഇളക്കം തട്ടുന്ന രീതിയിൽ ചോദ്യം ചെയ്യാതിരിക്കുക, അവബോധത്തിന്റെ അനന്തരഫലങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടിവരുന്ന ഒരു സാഹചര്യത്തിൽ എത്തിപ്പെടാതെ നോക്കുക, ചോദ്യം ചെയ്യുമ്പോഴുണ്ടാകുന്ന ഉത്കണ്ഠ മന:പൂർവ്വം ഒഴിവാക്കി വിട്ടുവീഴ്ചാമനോഭാവത്തോടെയിരിക്കുക ഇതൊക്കെയാണ് അവിടെ അത്യന്തം അനിവാര്യമായി വരുന്നത്. വാസ്തവത്തിൽ, യഥാർത്ഥ ആത്മീയാന്വേഷികൾ വളരെ വിരളവും ഇതിൽനിന്നൊക്കെ ഒരുപാടകലെയുമാണ്. A യുടെ ചാരിറ്റി പ്രവർത്തനങ്ങളിലാണ് ഭക്തന്മാർ അവരുടെ ന്യായീകരണങ്ങൾ കാണുന്നത്. മരത്തിൽനിന്നും കിട്ടുന്ന ഫലത്തെ മാത്രം നോക്കിക്കൊണ്ട് 'ചെറിയ തെറ്റുകൾ' കണ്ടില്ല കേട്ടില്ല എന്നുനടിച്ച് നമ്മൾ ക്ഷമിക്കണം ഇതാണ് ഭക്തർ കാണുന്ന യുക്തി. A യും ഈ ചാരിറ്റി പ്രവർത്തനങ്ങളെ തന്റെ നേർക്കുവരുന്ന വിമർശനങ്ങളിൽനിന്നും ഒഴിവാകുന്നതിന് ഒരു രക്ഷാകവചമായി ഉപയോഗിക്കുന്നുണ്ട്. ചില "ചെറിയ തെറ്റുകളുടെ" ആഴം എത്രത്തോളമുണ്ടെന്ന് നമുക്ക് ഒരു അവലോകനം നടത്തിനോക്കാം.

ആദ്യം നമുക്ക് വിദേശഫണ്ട് സമാഹരണവും അവയുടെ ഉപയോഗവും പഠിക്കാം. അതിൽത്തന്നെ ചാരിറ്റി,

വാണിജ്യം, സംരംഭകത്വം എന്നിവ വ്യക്തമാക്കാം.

പണം, ആരോഗ്യം, വിദ്യാഭ്യാസം എന്നിവയെക്കുറിച്ച് ഇത്രയും പറയാൻ എന്തിരിക്കുന്നു എന്ന് ചോദിച്ചാൽ, A യുടെ ഓർഗനൈസേഷന്റെ പ്രവൃത്തികളിൽ പ്രധാന ഘടകങ്ങളാണിവ, ഇതിനെ ഞാൻ *അമൃത സിസ്റ്റം* എന്ന് വിളിക്കും. ഈ സിസ്റ്റത്തിന്റെ സ്വഭാവം, പ്രവൃത്തി നടത്തിപ്പ് എന്നിവ മനസ്സിലായാൽ നമുക്ക് മൊത്തത്തിലുള്ള നിഗൂഢത മനസ്സിലാക്കാൻ പറ്റും. ചില സാഹചര്യങ്ങളെ വിശകലനത്തിന് വിധേയമാക്കുമ്പോൾ ഈ സിസ്റ്റം അവർക്ക് പ്രധാനപ്പെട്ടത് എന്നതുപോലെ നമുക്കും അങ്ങനെയാകുന്നു.

# IV. 1. വിദേശസംഭാവനകളും ചാരിറ്റിയും

ധാരാളിത്തത്തെക്കുറിച്ച് പറയുമ്പോൾ, പണവുമായി ബന്ധപ്പെട്ടവരെക്കുറിച്ച് പരാമർശിക്കാതിരിക്കാനാകില്ല. ലാഭേച്ഛയില്ലാത്ത NGO കൾക്ക് സത്യസന്ധവും സുതാര്യവുമാകാനുള്ള ധാർമ്മികബാധ്യതയുണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാം. വർഷാവർഷമുള്ള വരവ്-ചെലവ്, പ്രത്യേകിച്ച് വലിയ ഫണ്ട് വരുന്നതിന്റെ സോഴ്സ് എന്നിവ കാണിച്ചുകൊണ്ടുള്ള സാമ്പത്തികറിപ്പോർട്ട് പൊതുവായി സമർപ്പിക്കുന്നത് പതിവാണ്. എന്നാൽ മുപ്പതു വർഷത്തിലേറെയായി ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്നു എന്നുപറയപ്പെടുന്ന A യുടെ സംഘടന ഇന്നേവരെ ഈ കണക്കുകൾ പൊതുസമക്ഷം വച്ചിട്ടില്ല. ഇത് ശ്രദ്ധേയമാണെങ്കിലും ഇനി പറയാൻ പോകുന്ന കാര്യങ്ങളെ മുൻനിർത്തി നോക്കുമ്പോൾ ഇപ്പറഞ്ഞത് വളരെ നിസ്സാരമായ ഒരു പിശകാണെന്നുമാത്രം.

എന്നിരുന്നാലും, ഡൊണേഷൻ കിട്ടുന്ന പണം എങ്ങനെ ഉപയോഗപ്പെടുത്തുന്നു എന്നറിയാൻ വേറെയും മാർഗ്ഗങ്ങൾ ഉണ്ട്. ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്നവർക്ക് വിദേശധനസഹായം എങ്ങനെ സ്വീകരിക്കാം എന്ന് നിയന്ത്രിക്കുന്ന ഇന്ത്യൻ ആഭ്യന്തരമന്ത്രാലയത്തിന്റെ FCRA[111] (Foreign Contribution Regulation Act) പ്രകാരം NGO കൾ അവരുടെ വിദേശവരുമാനവും, ഉപയോഗവും നികുതിയധികാരികളെ[112] ബോധിപ്പിക്കേണ്ടതാണ്. അതാകട്ടെ, അവർ പിന്നീട് അവരുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു. എന്നാൽ, ഇവിടെയും കണക്കിൽ ഉൾപ്പെടുത്തേണ്ടത് ബാങ്കുവഴിയുള്ള ഇടപാടുകൾ മാത്രമാണ്. നമുക്കറിയാം, ഈ പറയുന്ന തുക വിദേശത്തുനിന്നുവരുന്ന പണത്തിന്റെ ചെറിയ ഒരു ഭാഗം മാത്രമേ ആകുന്നുള്ളൂ, കാരണം അവയിൽ ഭൂരിഭാഗവും ഇന്ത്യയിലേക്കു വരുന്നത് ബാങ്ക് വഴിയല്ല. പലവഴിക്കുവരുന്ന ഈ പണം ഒരു കണക്കിലും ഉൾപ്പെടുത്തേണ്ടതായി വരുന്നില്ല. ഗെയിൽ സാക്ഷ്യപ്പെടുത്തിയ പ്രകാരവും എന്റെ സ്വന്തം അനുഭവവും വച്ച് നോക്കിയാൽ ബാങ്കിന്റെ പടി കാണാത്ത ഒരു കുന്ന് സ്വർണ്ണവും പണവുമുണ്ട്. ഈ കൊള്ളപ്പണം എവിടെയാണ് സൂക്ഷിച്ചിരിക്കുന്നത് എന്ന് കൃത്യമായി അറിയാമെങ്കിലും അവരുടെ സുരക്ഷയെക്കരുതി ഞാനത് പറയുന്നില്ല. A ഇടയ്ക്കിടെ തനിക്ക് നേരിട്ട് ലഭിച്ച സ്വർണ്ണക്കൂമ്പാരവും പണവും പുറത്തെടുത്ത് അതിലേക്ക് കണ്ണും നട്ടിരിക്കുമെന്നും ഗെയിൽ സാക്ഷ്യപ്പെടുത്തുന്നു. ഒരു പിശുക്കിയെപ്പോലെ തന്റെ സ്വർണ്ണത്തിനുമേൽ കിടന്നുറങ്ങുന്നു; കൃത്യമായി പറഞ്ഞാൽ മറ്റുള്ളവരുടെ സ്വർണ്ണത്തിനുമേൽ. ഒരു കാലത്ത് പട്ടിണിയും പരിവട്ടവുമായി കഴിയേണ്ടിവന്നൊരു മുക്കുവന്റെ മകൾക്ക് തീർച്ചയായും ഇതെല്ലാം വിശ്വസിക്കാവുന്നതിനും അപ്പുറമാണ്. ഈ സാഹചര്യത്തിൽ അല്ലായിരുന്നെങ്കിൽ ഞാൻ അതൊരു തമാശയായി മാത്രമേ കാണുമായിരുന്നുള്ളു. തല്ക്കാലം

ഈ ഉപകഥകൾ നിർത്തി നമുക്ക് കാര്യത്തിലേക്ക് കടക്കാം.

ഇവിടെ ഞാൻ ഓർഗനൈസേഷൻ[113] പരസ്യമാക്കിയ വിവരങ്ങൾ മാത്രമാണ് വിശകലനം ചെയ്യുന്നത്. അതുകൊണ്ടുതന്നെ ഈ കണക്കുകൾ ആർക്കും പരിശോധിക്കാവുന്നതാണ്. 2006 മുതൽ ഉള്ളതാണ് ആഭ്യന്തരമന്ത്രാലയം പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഞാൻ 2019 മാർച്ച് വരെ അതായത് കഴിഞ്ഞ പതിമൂന്ന് സാമ്പത്തികവർഷത്തെ ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെയുള്ള സ്റ്റേറ്റ്മെന്റുകൾ ഡൗൺലോഡ് ചെയ്തിട്ടുണ്ട്. അതിന്റെ ഉള്ളടക്കം ഒരു സ്പ്രെഡ്ഷീറ്റിലേക്ക് എഴുതുകയും, എളുപ്പത്തിനുവേണ്ടി 15 അക്കമുള്ള സംഖ്യകൾ രൂപയിൽനിന്നും ഡോളറിലേക്ക് മാറ്റിയെഴുതുകയും ചെയ്തു: അതേകാരണത്താൽ ദശാംശവും ഒഴിവാക്കി.

2006- 2019 കാലത്തെ FCRA റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഞാൻ തയ്യാറാക്കിയ റിപ്പോർട്ടും അതിനോട് അനുബന്ധമായ നിയമങ്ങളും അനുബന്ധത്തിൽ പറഞ്ഞിട്ടുള്ള ആർക്കൈവ്[114] ഫോൾഡറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അതിൽ ഉൾപ്പെടുന്നത്:

- ലഭിച്ച ഫണ്ടുകളുടെ ഉത്ഭവം, വിഹിതം, ഉപയോഗം എന്നിവയുടെ പരസ്യപ്പെടുത്തൽ.
- കണക്കുകൾ, ഗ്രാഫുകൾ, ശതമാനം എന്നിവയുടെ വിശകലനം.
- ലഭിച്ച ഫണ്ടിന്റെ വിഹിതവും ഉപയോഗിച്ച ഫണ്ടിന്റെ വിഹിതവും തമ്മിലുള്ള താരതമ്യം.
- പതിമൂന്നു വർഷത്തെ സംഗ്രഹം.
- ബാങ്ക് പലിശയും അതിനാവശ്യമായുള്ള മൂലധനത്തിന്റെ എസ്റ്റിമേറ്റും (കണക്കുകളും).
- അടിയന്തിര ദുരിതാശ്വാസങ്ങൾക്കുവേണ്ടി

സമാഹരിച്ച ഫണ്ടുകളും അവയുടെ മൊത്തത്തിൽ ഉള്ള ഫണ്ടുമായുള്ള ശതമാനത്തിന്റെ വിശകലനവും.

- ലഭിച്ച ഫണ്ടുകളും വിശദാംശവും സംഗ്രഹവും തമ്മിലുള്ള വ്യത്യാസം.
- ലോകമെമ്പാടുമുള്ള അറുപത്തിയഞ്ചോളം അനുബന്ധ ഡോണർ സ്ഥാപനങ്ങൾ സമാഹരിച്ച ഫണ്ടുകളുടെ വിഹിതത്തിന്റെ സംഗ്രഹം.[115]
- വർഷാവർഷം വ്യക്തിഗതസംഭാവനകളിൽ വരുന്ന ഏറ്റക്കുറച്ചിലുകൾ.
- വ്യക്തിഗതസംഭാവനകളുടെ വിശകലനവും അവയുടെ വിഹിതവും.

a. ***<u>FCRA പ്രഖ്യാപനങ്ങളെക്കുറിച്ചുള്ള എന്റെ റിപ്പോർട്ടുകളുടെ ഹൈലൈറ്റുകൾ.</u>***

1. എന്റെ ആദ്യത്തെ നിരീക്ഷണം എന്തെന്നാൽ, ഈ വെളിപ്പെടുത്തിയ കണക്കുകൾ ഒട്ടുംതന്നെ പ്രൊഫഷണൽ രീതിയിൽ പൂർത്തീകരിക്കപ്പെട്ടതല്ല.
2. ഒരു കാര്യത്തിനുവേണ്ടി ലഭിച്ച ഫണ്ട് മറ്റൊരു കാര്യത്തിനുവേണ്ടി ഉപയോഗിക്കപ്പെടുന്നു.
3. വർഷാവസാനം കോടികളോളം വരുന്ന ശിഷ്ടത്തുക കൃത്യമായി അടുത്ത വർഷക്കണക്കുകളിൽ ചേർക്കപ്പെടാതെ പോകുന്നു.
4. പലയിടങ്ങളിലെയും കൂട്ടൽ-കിഴിക്കൽ പൊരുത്തക്കേടുകൾ കാരണം വർഷാവസാനബാലൻസ് ഒരു സാങ്കല്പികതുകയിൽ ചെന്നെത്തുന്നു (2014 വർഷാവസാന ബാലൻസിൽ 300 കോടിയുടെ വ്യത്യാസം ഉണ്ടായിരുന്നു).
5. അക്കൗണ്ടിംഗിനെക്കുറിച്ച് യാതൊരു ധാരണയുമില്ലാത്ത വ്യക്തികളാണ് കണക്കുകൾ

പൂർത്തിയാക്കിയതെന്നും അവയൊന്നും ഓഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലെന്നും തോന്നുന്നു. 30 വർഷത്തിലേറെ ലോകപര്യടനം നടത്തിയ ആൾ എന്ന നിലയ്ക്ക് ഇതു വിശ്വസിക്കാൻ ബുദ്ധിമുട്ടാണ്. അതുമാത്രമല്ല, ഒരു ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ ഇടപെടലും ബാങ്ക് അക്കൗണ്ടുകളുടെ ഏകീകരണവും നിയമം അനുശാസിക്കുന്നുണ്ട്. അതുകൊണ്ട് ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റുകളും വെളിപ്പെടുത്തിയ കണക്കുകളും യോജിച്ചുപോകേണ്ടതാകുന്നു.

6. പടിഞ്ഞാറ് നടത്തുന്ന പ്രോഗ്രാമുകളിൽ ചാരിറ്റിപ്രവർത്തനങ്ങളുടെ പേരിൽ സമഹരിക്കപ്പെടുന്ന ഫണ്ടുകൾ വാസ്തവത്തിൽ വരുമാനമായി കണക്കാക്കപ്പെടുന്നു. ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളും ആശുപത്രികളും ഉപയോഗിച്ച്, ഈ സ്ഥാപനം ഇന്ത്യയിൽ ധാരാളം പണമുണ്ടാക്കുന്നു. ഇതിനെക്കുറിച്ച് ഞാൻ അടുത്ത അദ്ധ്യായത്തിൽ പറയാം.

7. ഈ പതിമൂന്ന് വർഷത്തിൽ, വിദേശഫണ്ട് സമാഹരിച്ചതിൽ 53% ഹോസ്പിറ്റൽ പ്രോജക്ടുകൾക്കുവേണ്ടിയായിരുന്നെങ്കിലും അതിൽ 13% മാത്രമാണ് ഇതിനായി ഉപയോഗപ്പെടുത്തിയത്. എന്നിരുന്നാലും, അത് (സ്റ്റേറ്റ്മെന്റിൽ പറഞ്ഞ പ്രകാരം) "കൺസ്ട്രക്ഷൻ/ ഹോസ്പിറ്റൽ/ ഡിസ്പെൻസറി/ ക്ലിനിക്" പോലെ പണമടച്ച് സേവനം ലഭിക്കുന്ന സ്ഥാപനങ്ങളുടെ നടത്തിപ്പാണ്. പാവപ്പെട്ടവരെ പരിചരിക്കാൻവേണ്ടി എന്നു കരുതപ്പെടുന്ന ആശുപത്രിയിൽ (AIMS) വളരെ ചെറിയ ഒരു ശതമാനം മാത്രമാണ് അവർ അതിനുവേണ്ടി നീക്കിവയ്ക്കുന്നത്. സത്യത്തിൽ, മാറ്റിവയ്ക്കപ്പെടുന്ന ആ ചെറിയ ശതമാനത്തിൽനിന്നും വീണ്ടുമൊരു വിഹിതം

സംസ്ഥാനസബ്സിഡിയായി പ്രധാനമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിലേക്ക് (PMNRF)[116] പോകുന്നു. ഇതിനെക്കുറിച്ച് നമുക്ക് പിന്നീട് പറയാം.

8. ഇതുതന്നെയാണ് സ്കൂൾ-കോളജുകളുടെ കാര്യത്തിലും നടക്കുന്നത്. സംഭാവനകളുടെ 5% ഇവിടേക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇവയെല്ലാം പണം വാങ്ങുന്ന സ്ഥാപനങ്ങൾ തന്നെയാണ്; അതും താരതമ്യേന ചെലവേറിയതെന്ന് പറയപ്പെടുന്നവ. ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ സ്വകാര്യമേഖലയിലെ വിദ്യാഭ്യാസവും ആരോഗ്യവും ഉറപ്പായും അഭിവൃദ്ധി പ്രാപിക്കുന്നവയാണ്.
9. 13 വർഷക്കാലയളവിൽ, 600 കോടിയിലേറെ (ശരാശരി വർഷത്തിൽ ഏതാണ്ട് 50 കോടി രൂപ) വിദേശത്തുനിന്നും സമാഹരിച്ചു എന്നാൽ 33 കോടി രൂപ (ശരാശരി വർഷത്തിൽ രണ്ടരക്കോടി) മാത്രമേ ദുരിതാശ്വാസത്തിനും ചാരിറ്റിക്കും വേണ്ടി ചെലവാക്കിയിട്ടുള്ളു എന്നാണ് കണക്കുകൾ കാണിക്കുന്നത്. ഇതു ലഭിച്ച ഫണ്ടിന്റെ 4% മാത്രമേ ആകുന്നുള്ളൂ. എന്നിരുന്നാലും, ശരാശരി കണക്കുകൾ യാഥാർത്ഥ്യത്തെ കുറച്ചുകാണിക്കുന്നതിനാൽ നമുക്കിത് വിശദമായി പരിശോധിക്കാം.
    a. 009-2017, ഈ എട്ടുവർഷക്കാലയളവിൽ വിദേശത്തുനിന്ന് സമാഹരിച്ച 400 കോടി രൂപ ഫണ്ടിൽ ചാരിറ്റിക്ക് വേണ്ടി ചിലവഴിച്ചത് 0% ആണ്.
    b. 2013- ൽ ഒഴികെ, ആ വർഷം സമാഹരിച്ച ഫണ്ടിൽ 10 ലക്ഷം രൂപ അല്ലെങ്കിൽ 1.18% ഇതിനായി ശേഖരിച്ചു. അതേസമയം തുച്ഛമായ ഒരു തുക 4 ലക്ഷം രൂപ അഥവാ 0.64% അടിയന്തരസഹായത്തിനായി ചെലവാക്കിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

10. പൊതുവേ നമ്മൾ നിരീക്ഷിച്ചിട്ടുള്ളത് എന്തെന്നാൽ, അടിയന്തര ദുരിതാശ്വാസപ്രവർത്തനങ്ങൾക്കുവേണ്ടി സംഘടന തങ്ങളുടെ കൈയിൽനിന്നും ഒന്നും തന്നെ ചെലവാക്കാറില്ല എന്നതാണ്. അവർ വിദേശത്ത് പണപ്പിരിവ് നടത്തുന്നു. എന്നിട്ട് ഫീൽഡിലേക്ക് അയയ്ക്കുന്നു. ചിലപ്പോൾ ഈ തുകയിൽ 1% കൂടെ അധികം ചേർക്കുന്നു- ഒരുപക്ഷേ ലഭിച്ച മറ്റു തുകകളിൽനിന്നും പിൻവലിക്കാൻ സാധിച്ച ഒരു ശതമാനം ആവാം, കാരണം ഫണ്ടുപിരിവും അത് ചെലവാക്കുന്ന ഇടവും തമ്മിൽ യാതൊരു ബന്ധവുമില്ല[117]. എന്തുതന്നെയായാലും ഇതിൽനിന്നുമുള്ള മെറിറ്റ് അവരുടെ മാനുഷികപ്രവർത്തനങ്ങൾക്ക് കിട്ടുകയും, ലക്ഷക്കണക്കിന് ആളുകളെ ആരോഗ്യ-വിദ്യാഭ്യാസ ബിസിനസ്സിലേക്ക് ആകർഷിക്കുന്നതിനോ മൂലധനം വർദ്ധിപ്പിക്കുന്നതിനോ ഉള്ള അടുത്ത ക്യാമ്പയിനിന്റെ അടിസ്ഥാനമാക്കുകയും ചെയ്യുന്നു.
11. A യ്ക്ക് തന്റെ ചാരിറ്റിപ്രവർത്തനങ്ങൾ വിറ്റുള്ള ധനശേഖരണം എത്രത്തോളം പ്രാധാന്യമുള്ളതാണെന്ന് അവരുടെ സംഘടനയുടെ ഹൃദയഭാഗത്തുനിന്ന് പ്രവർത്തിച്ച എനിക്ക് അറിയാമായിരുന്നെങ്കിലും ഇത്രത്തോളം ആഴത്തിലുള്ളതാണെന്ന് അറിഞ്ഞിരുന്നില്ല. വിദേശ നികുതിദായകരുടെ കൈയിൽനിന്നും പ്രതിവർഷം ശരാശരി 60 കോടി ഈടാക്കുമ്പോൾ കേവലം 1% മാത്രമാണ് ഈ സംഘടനയുടെ പ്രചരണ മുഖംമൂടിക്കു പുറകിലുള്ള ഉദാരതയുടെ യാഥാർത്ഥ്യം. ഒരിക്കൽക്കൂടി പറയാം, ഈ 1% മറ്റുള്ള കാര്യത്തിനുവേണ്ടി അനുവദിച്ച തുകയിൽനിന്ന് എടുത്തതുമാകാം. അങ്ങനെയുള്ള

സാഹചര്യത്തിൽ വിദേശഫണ്ടിൽനിന്നും മുടക്കിയ തുക 0% ആകുന്നു.

12. ഉപയോഗിച്ച ഫണ്ടുകളുടെ വാർഷികശതമാനം എത്രയെന്ന് നമുക്കു നോക്കാം:
    a. വിശകലനം ചെയ്ത പതിമൂന്നു വർഷക്കാലയളവിൽ, ശേഖരിച്ച വിദേശഫണ്ടുകളിൽ ശരാശരി 55% മാത്രമാണ് ഉപയോഗിച്ചത്.
    b. 2007 -ൽ, ശേഖരിച്ച 55 കോടിയിൽ 31% മാത്രമാണ് ഉപയോഗിച്ചത്.
    c. 2008 -ൽ, 116 കോടിയിൽ 13% ഉപയോഗിച്ചു.
    d. 2009 -ൽ, ഇത് ശേഖരിച്ച (16 കോടി രൂപ ബാങ്ക് പലിശ ഒഴിവാക്കിക്കൊണ്ട്) 36 കോടി രൂപ 0.66% അഥവാ 34 ലക്ഷം രൂപ മാത്രമാണ് NGO നടത്തിപ്പിനുവേണ്ടി ഉപയോഗിച്ചത്. ബാക്കി 99.34% എന്തിനുവേണ്ടി ഉപയോഗിച്ചു എന്നതിനെപ്പറ്റി യാതൊരു അറിവുമില്ല. ഈ തുക എന്തിനുവേണ്ടി ഉപയോഗിച്ചു എന്നതിന് തെളിവില്ല, നിക്ഷേപിച്ചുകാണും എന്നു വിശ്വസിക്കാം. വർഷത്തിൽ 24 കോടി രൂപ പലിശ കിട്ടുന്നതിൽ അഭിമാനിക്കുന്ന സംഘടനയുടെ മൂലധനം എത്രയാകും എന്നത് നിങ്ങളുടെ ഭാവനയ്ക്ക് വിടുന്നു. ആപേക്ഷികമായ കണക്കുവച്ച് ഒരു പട്ടികയുണ്ടാക്കി ഞാൻ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. പടിഞ്ഞാറൻ രാജ്യങ്ങളിൽ അത്തരം പലിശ കിട്ടാൻ കുറഞ്ഞത് 1800 കോടി രൂപയെങ്കിലും വേണം. അതേസമയം ഇന്ത്യയിൽ സ്ഥിരനിക്ഷേപത്തിന് 5 - 7% നിരക്കുകളുള്ളപ്പോൾ, ഏകദേശം 450 കോടി രൂപ മതിയാകും.

13. ശേഖരിച്ച ഫണ്ടിന്റെ 8% താഴേയ്ക്കിടയിലുള്ള കുട്ടികൾക്ക് ബോർഡിംഗ് സ്കൂൾ പണിയാൻ വേണ്ടിയായിരുന്നെങ്കിലും 3% മാത്രമാണ് ഇതിനായി ഉപയോഗിച്ചത്.
14. ശേഖരിച്ച ഫണ്ടിന്റെ 5% സ്കൂളുകളുടെ നിർമ്മാണത്തിനും അവയുടെ നടത്തിപ്പിനും വേണ്ടിയായിരുന്നു. ഇതിലേക്ക് മറ്റു ആവശ്യങ്ങൾക്കനുവദിച്ച അധികഫണ്ടെടുത്ത് സംഘടന 7% കൂടെ കൂട്ടിച്ചേർത്തതാവാം.
15. ഡിക്ലറേഷൻ ഫോമുകളുടെ നിയന്ത്രണങ്ങളും പരിമിതികളും ആണെങ്കിൽപ്പോലും ഫണ്ടുകൾ അനുവദിക്കുന്നത് ഏകപക്ഷീയമായി തോന്നുന്നു. ഉദാഹരണത്തിന്, 2006, 2009, 2010 തുടങ്ങിയ വർഷങ്ങളിൽ ഭക്തർ/ വിദേശചാരിറ്റിസംഘടനകൾ കൊടുത്ത സംഭാവനകൾ (57 കോടി രൂപ) ചാരിറ്റി പ്രവർത്തനങ്ങൾക്കായല്ല, മറിച്ച് കെട്ടിടനിർമ്മാണത്തിനായാണ് വിനിയോഗിക്കപ്പെട്ടത് എന്ന് ഇവർക്ക് (ഭക്തർക്ക്) അറിയാമോ/ തിരിച്ചറിഞ്ഞിട്ടുണ്ടോ? 2009, 2010 എന്ന വർഷങ്ങളിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുവേണ്ടി[118] സംഭരിച്ച 57 കോടിയോളം വരുന്ന പണത്തെപ്പറ്റി അറിയാമോ? എന്തായാലും ഈ രണ്ട് ആവശ്യങ്ങളും റിപ്പോർട്ടുപോലും ചെയ്യപ്പെട്ടിട്ടില്ല എന്ന് കാണാം. 20 പേജ് ഡിക്ലറേഷൻ വിശദമായി പരിശോധിച്ചാൽ മാത്രമേ ഇത് മനസിലാകൂ. ഇതിൽനിന്നും മനസ്സിലാകുന്നത് എന്തെന്നാൽ ഡിക്ലറേഷന്റെ വിശദാംശങ്ങളും സംഗ്രഹവും പൊരുത്തപ്പെടുന്നില്ല.

<u>ഡിക്ലറേഷനിൽ ഫണ്ട് അനുവദിച്ചതിന്റെ കുറച്ച് ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.</u>

a. 2009-2010 വർഷങ്ങളിൽ "ഡയറക്റ്റ് റിലീഫ് ഇന്റർനാഷണൽ" എന്ന US NGO പല പ്രാവശ്യമായി വലിയ തുക (3 കോടി രൂപ) സംഭാവന ചെയ്തിട്ടുണ്ട്. പക്ഷേ ഇതൊന്നും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാതെ "മറ്റുള്ള ആവശ്യങ്ങൾക്ക്" ആണ് ഉപയോഗിച്ചത്.
b. ബൽജിയമിലുള്ള അമ്മ യൂറോപ്പ്, 2010 ൽ എൻഡോവ്മെന്റ് ഫണ്ടിലേക്ക് 8 കോടി രൂപ സംഭാവന ചെയ്തോ?
c. 2011 ൽ, 71 കോടി രൂപ "മറ്റാവശ്യങ്ങൾക്കുവേണ്ടി" അനുവദിച്ചിരുന്നു. ആഗോള വ്യക്തിഗതസംഭാവനകളുടെ 96%, മൊത്തത്തിൽ 9 കോടി രൂപ ഇത് ബാധകമാണ്.
d. 2011-ൽ ഓസ്ട്രിയൻ ബെനഡിക്റ്റിൻ ആശ്രമം സംഭാവന ചെയ്ത 3 കോടി രൂപ മറ്റ് ആവശ്യങ്ങൾക്കായാണ് ഉപയോഗിക്കപ്പെട്ടതെന്ന് അവർക്കറിയാമോ?
e. 2012-ൽ, ഫണ്ടുകളുടെ ഭൂരിഭാഗവും (ഉദാ:- ആഗോള വ്യക്തിഗത സംഭാവനകളുടെ 58%), ഏതാണ്ട് 26 കോടി രൂപ, മറ്റ് ചെലവുകൾക്കായി നീക്കിവച്ചു.
f. ലിസ്റ്റ് ഇനിയും നീണ്ടുപോകുന്നു. വിശദമായുള്ള റിപ്പോർട്ട് അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

16. കൂടാതെ, മിക്കവാറും എല്ലാ വർഷവും, സ്ഥാപനപരവും വ്യക്തിഗതവുമായ സംഭാവനകളുടെ വിശദാംശവും ഡിക്ലറേഷനിൽ കൊടുത്തിട്ടുള്ള സംഗ്രഹറിപ്പോർട്ടും തമ്മിൽ വലിയ പൊരുത്തക്കേടുകളുണ്ട്. ചിലപ്പോൾ തുകകൾ നെഗറ്റീവും മറ്റു ചിലപ്പോൾ

പോസിറ്റീവും ആണ്. മൊത്തം 27 കോടി രൂപയുടെ വ്യത്യാസമാണ് കാണിക്കുന്നത്.

17. അടുത്ത വർഷത്തേക്ക് മാറ്റുന്ന ബാക്കി തുക എല്ലാംതന്നെ തെറ്റാണ്, ചിലപ്പോൾ ഈ വ്യതിയാനങ്ങൾ മൊത്തം 1131 കോടി രൂപ വരും. ഇത് മൊത്തത്തിലുള്ള അക്കൗണ്ടിംഗ് അപാകതകളാണ്. ഡിക്ലറേഷനിൽ മുൻവർഷത്തെ ബാലൻസ് എഴുതിച്ചേർക്കുക എന്നത് ഒട്ടും ബുദ്ധിമുട്ടില്ലാത്ത പണിയാണ്. 13 വർഷത്തെ കണക്കുകളിൽ ഒരിക്കൽമാത്രം, മുൻവർഷത്തെക്കാൾ 1914 രൂപയുടെ വ്യത്യാസത്തിൽ ഒരു ബാലൻസ് കാരി-ഫോർവേഡ് ഞങ്ങൾ കണ്ടെത്തി. ഇതിൽനിന്നും മനസ്സിലാകുന്ന കാര്യം എന്തെന്നാൽ റിപ്പോർട്ടിലുള്ള അപാകതകൾ ഒന്നുംതന്നെ അശ്രദ്ധമൂലം വന്നതല്ല.
18. അതുകൂടാതെ ഞങ്ങൾ ശ്രദ്ധിച്ച ഒരു കാര്യം, 2014 വരെ ഈ സംഘടനയ്ക്ക് കൂട്ടാനും കിഴിക്കാനും അറിയില്ലായിരുന്നു എന്നാണ്. അതുകാരണം വർഷാവസാന ബാലൻസിലുള്ള പിഴവുകൾ കൂടിക്കൂടി 500 കോടി രൂപ അധികമായി.
19. ചില സമയം ലഭിച്ച തുകയുടെ 200% അതേവർഷം ചെലവാക്കിയതായി കാണാം. എന്നാൽ വർഷാവസാനം ബാലൻസ് അപ്പോഴും പോസിറ്റീവ് ആയിരിക്കും. അസമതങ്ങൾ ഗുരുതരമാണ്; അപാകതകളുടെ തോത് അസാധാരണവും.
20. കൂടാതെ, വിദേശപരിപാടികൾക്കിടയിൽ നടക്കുന്ന ഉല്പന്നങ്ങളുടെ വില്പനയിൽനിന്നുള്ള വരുമാനം ഔദ്യോഗികമായി എവിടെയും രേഖപ്പെടുത്തി കാണാറില്ല. ഗെയിൽ തന്റെ സേവനസമയത്ത്, ഓരോ വർഷവും ഓരോ പരിപാടിയിൽ ദേവീഭാവത്തിനുശേഷം നടന്നിരുന്ന ചടങ്ങിൽ ലഭിച്ചിരുന്ന

സംഭാവനകളും, മറ്റു വരുമാനങ്ങളും എഴുതിവച്ചിരുന്നു. ഉദാഹരണത്തിന്, 1999-ൽ അതായത് 20 വർഷം മുമ്പ്, സാൻ രമോനിലെ കാലിഫോർണിയ സെന്ററിൽ 14 ദിവസം താമസിച്ചു പ്രോഗ്രാം നടത്തിയപ്പോൾ, 14 ലക്ഷം രൂപ സംഭാവനയായി പിരിക്കുകയും, വില്പനയിൽനിന്നും ലഭിച്ചത് ഇതിന്റെ ഏഴിരട്ടി 1 കോടി രൂപയാണെന്ന് ഗെയിൽ കുറിച്ചുവച്ചിട്ടുണ്ട്. സംഭാവനകളുമായി താരതമ്യം ചെയ്യുമ്പോൾ ഉല്പന്നങ്ങളുടെ വിൽപ്പനയിൽനിന്നുള്ള വരുമാനം യൂറോപ്പിനെ അപേക്ഷിച്ച് യുണൈറ്റഡ് സ്റ്റേറ്റ്സിൽ ആനുപാതികമായി കൂടുതലാണ്, ഇത് തീർച്ചയായും കുറച്ച് ലക്ഷങ്ങൾ ഉണ്ടാകും. ഈ സഞ്ചരിക്കുന്ന കടയുടെ വരുമാനം ശേഖരിക്കുന്നത് ബൽജിയമിലുള്ള അമ്മ-യൂറോപ്പും, യു.എസിൽ എം.എ.സെന്ററും ആണെന്നാണ് എന്റെ അനുമാനം. വിദേശഫണ്ടുകളുടെ ഡിക്ലറേഷനിൽ, ഈ പറഞ്ഞ തുക അവസാനമായി പലയിടങ്ങളിൽ കൂട്ടിച്ചേർത്തത് കാണാം. എന്നാൽ എല്ലാംതന്നെ സംഭാവനയായി ലഭിച്ചതുപോലെയാണ് കാണിച്ചിട്ടുള്ളതെന്നത് രസകരമായ ഒരു കാര്യമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഒട്ടും ലാഭേച്ഛയില്ലാതെയാണ് ഈ സ്ഥാപനം വാണിജ്യപ്രവർത്തനങ്ങൾ നടത്തിയതെന്ന് തോന്നും. കാരണം അവർ വില്പനയിൽനിന്നുള്ള എല്ലാ വരുമാനവും മാതൃസ്ഥാപനത്തിന് സംഭാവനയെന്നപോലെ കൈമാറിയിരിക്കുന്നു. അങ്ങനെ വരുമ്പോൾ, ഇന്ത്യനധികാരികളുടെ കണ്ണിൽ പണം വരുന്നത് വാണിജ്യപ്രവർത്തങ്ങളിൽ നിന്നല്ല, മറിച്ച് നിസ്വാർത്ഥമായ സംഭാവനകളിൽനിന്നുമാണ്.

21. അവസാനമായി, ഇന്ത്യയിൽനിന്നുള്ള പണമൊഴുക്കിനെപ്പറ്റി യാതൊരറിവുമില്ല. 25 വർഷം മുമ്പുതന്നെ ഇന്ത്യയിൽനിന്നുള്ള വരുമാനം വിദേശത്തുനിന്നുള്ള വരുമാനത്തെക്കാൾ കൂടുതലാണെന്ന് A എന്നോട് സൂചിപ്പിച്ചിരുന്നു. ഈ ടാക്സ് റിട്ടേണിൽ കാണിച്ചിരിക്കുന്നത് യഥാർത്ഥത്തിൽ ഉള്ളതിന്റെ ഒരംശം മാത്രമാണ്. പക്ഷേ, സംഘടനയുടെ പ്രവർത്തനങ്ങളെയും അതിന്റെ ദുരുപയോഗത്തെയും കുറിച്ച് കൃത്യമായ ഒരു ധാരണയുണ്ടാക്കാൻ ഇത് നമ്മളെ അനുവദിക്കുന്നു.
22. 2014 മുതൽ ഡിക്ലറേഷൻ ഫോമുകൾ മാറിയതിനാൽ മറ്റു വർഷങ്ങളുമായി താരതമ്യം ചെയ്യാൻ കഴിയില്ല. അതുകൊണ്ട് സ്ഥാപനപരവും വ്യക്തിഗതവുമായ ഫണ്ടുകൾ ഒരുമിച്ചുകൊണ്ടുവരുന്ന പൈ ചാർട്ടുകളിൽ 2006-നും 2014-നും ഇടയിലുള്ള 8 വർഷത്തെ (13-ൽ) ശതമാനം ഞാൻ സംഗ്രഹിച്ചിരിക്കുന്നു. മാർച്ച് 2019 വരെയുള്ള കാലയളവിൽ ആകെ വരുമാനം 754 കോടി രൂപയാണ്.

വായനക്ഷമതയ്ക്കുവേണ്ടി ഡിക്ലറേഷനിലുള്ള പലതും ചുരുക്കി കോഡുകളാക്കി എഴുതിയിട്ടുണ്ട്. അവ ചുവടെ കൊടുക്കുന്നു.

ഡിക്ലറേഷൻ ഫോമിൽ സൂചിപ്പിച്ചിരിക്കുന്ന ഉദ്ദേശ്യങ്ങളുടെ ചുരുക്കെഴുത്ത്:

HOS ആശുപത്രി/ ക്ലിനിക്/ ഡിസ്പെൻസറിയുടെ നിർമാണവും നടത്തിപ്പും (Hospital)

EDU സ്കൂൾ/ കോളജ്/ വിദ്യാഭ്യാസപരമായ നിർമ്മാണവും നടത്തിപ്പും (Educational)

SOC സാമൂഹികം (Social)

| |
|---|
| REL പ്രകൃതിദുരന്തങ്ങൾക്ക് ഇരയായവർക്ക് ദുരിതാശ്വാസവും പുനരധിവാസവും (relief) |
| COR കോർപ്പസ് ഫണ്ടിന്റെ സ്ഥാപനം (corpus fund) |
| OFF ഓഫീസ് അഡ്മിനിസ്ട്രേഷൻ കെട്ടിടങ്ങളുടെ നിർമ്മാണവും മരാമത്ത് പണികളും (office) |
| OEX മറ്റു ചെലവുകൾ - Other expenses |
| OAC മേൽപ്പറഞ്ഞതിൽനിന്നും വ്യത്യസ്തമായ പ്രവൃത്തികൾ (other activities) |

ചിത്രങ്ങളിൽ കൊടുത്തിട്ടുള്ള നിറങ്ങളുടെ കോഡുകൾ: *


1. പച്ചയും നീലയും: HOS ആശുപത്രിയും EDU വിദ്യാഭ്യാസപ്രവർത്തനങ്ങളും ലാഭേച്ഛയുള്ള സംരംഭകപ്രവർത്തനങ്ങളാണ്. അതായത് 'ബിസിനസ്സ്' ആണ്.

1. ഗ്രേ: ദരിദ്രർക്ക് സാമൂഹികവും മാനുഷികവുമായ സഹായത്തിന്റെ ചട്ടക്കൂടിൽപ്പെടാത്ത പ്രവർത്തനങ്ങൾ, അതായത് COR, OFF, OEX, OAC. അതായത് 'അജ്ഞാതമായത്'.

2. മഞ്ഞയും ഓറഞ്ചും: SOC സാമൂഹികവും, REL ദുരിതാശ്വാസ പ്രവർത്തനങ്ങൾ. അതായത് 'സാമൂഹികം'.

ഇതിലൂടെ എങ്ങനെയാണ് ഫണ്ട് അനുവദിക്കുന്നതെന്ന് ഒറ്റനോട്ടത്തിൽ കാണാൻ കഴിയും. ഈ കളർ കോഡുകൾക്ക് ഇനി മാറ്റമില്ല.

ഇടതുവശത്ത് ലഭിച്ച ഫണ്ടുകളും അവ എങ്ങനെ അനുവദിച്ചെന്നും വലതുവശത്ത് ഫണ്ടുകൾ എങ്ങനെ ഉപയോഗപ്പെടുത്തിയതെന്നും കാണാം, “ബാധകമെങ്കിൽ”.




നമ്മളിവിടെ നോക്കുന്നത് കണക്കുകൾ ആണ്. അല്ലാതെ, സംഘടനയുടെ വെബ്സൈറ്റുകളിലെ പ്രമോഷനും കോംപ്ലിമെന്ററി പ്രചരണവും പടിഞ്ഞാറ് പ്രോഗ്രാമുകളിൽ കാണിക്കുന്ന പരസ്യബ്രോഷറുകളും അല്ല.

**അച്ചടിച്ചെലവും വിൽപ്പന വിലയും കുറയ്ക്കാൻ, പുസ്തകം ഒടുവിൽ ബ്ലാക്ക് ആൻഡ് വൈറ്റിൽ അച്ചടിച്ചു. പുസ്തകത്തിന്റെ വെബ്സൈറ്റിൽ ലഭ്യമായ PDF ഡോക്യുമെന്റുകളിൽ യഥാർത്ഥ നിറമുള്ള ഗ്രാഫിക്ക് നിങ്ങൾക്ക് കാണാം:* ***www.theammaempire.com****.*

## *b. NGO യുടെ ബാധ്യതകളും സംഘടനയുടെ യാഥാർത്ഥ്യവും:*

സംഘടന UN മായി കൺസൾട്ടേറ്റീവ് പദവി നേടിയിട്ടുണ്ടാകാം. *എന്നിട്ടും സദ്ഭരണം, സുതാര്യത,*

*ഉത്തരവാദിത്വം, സ്വതന്ത്രമായ ഓഡിറ്റിംഗ്/ മൂല്യനിർണയം, ധാർമ്മികതയോടും നടപടിക്രമങ്ങളോടുമുള്ള ബഹുമാനം* എന്നിവ പോലുള്ള അന്താരാഷ്ട്രസംഘടനകളുടെ സ്ഥാപകതത്വങ്ങളൊന്നും അത് സ്വാംശീകരിച്ചതായി തോന്നുന്നില്ല.

***സാമാന്യബുദ്ധിക്ക് നിരക്കുന്നത് അല്ലെങ്കിൽ നിന്ദ്യമായ യാഥാർത്ഥ്യം ഇനി പറയുന്നതാണ്: ഒരുഭാഗത്ത് 754 കോടി*** രൂപ ***വിദേശത്തുനിന്ന് ചാരിറ്റിക്കുവേണ്ടി ശേഖരിച്ചു എന്ന് പറയുമ്പോൾ മറുഭാഗത്ത് ഇതി***ന്റെ ***4% മാത്രമാണ് ചാരിറ്റിക്കായി ചെലവാക്കിയത്. ബാക്കിയുള്ളതിൽ 41% ത***ന്റെ ***ബിസിനസ്സ് സാമ്രാജ്യം വളർത്തുന്നതിനുവേണ്ടിയും 55% ബാങ്കിൽ കോടിക്കണക്കിന് പലിശ സൃഷ്ടിക്കാൻവേണ്ടിയും ഉപയോഗിച്ചു. അതായത്, നിങ്ങൾ 1000*** രൂപ ***കൊടുത്താൽ, 40*** രൂപ ***ആവശ്യക്കാർക്കും, 410*** രൂപ ***ബിസിനസ്സിനും, 550*** രൂപ ***അവരുടെ സമ്പാദ്യമായും പോകും. നിങ്ങൾക്കിതിനെ വഞ്ചന, തട്ടിപ്പ്, വിശ്വാസലംഘനം, സംഭാവനകളുടെ ദുരുപയോഗം, തെറ്റായ രീതിയിൽ പിരിച്ചെടുക്കുന്ന പണം ഇങ്ങനെ എന്തു വേണമെങ്കിലും വിളിക്കാം, പക്ഷേ ഇത് മനസ്സിലാക്കാനോ വിശദീകരിക്കാനോ ഏതാണ്ട് അസാധ്യമാണ്.***


***"സ്നേഹിക്കപ്പെടുന്നു" എന്ന് തോന്നുന്ന എല്ലാ ഭക്തരെയും കുറിച്ച് നമുക്ക് ചിന്തിക്കാം..." ഗെയിൽ അടുത്തിടെ എന്നോട് പറഞ്ഞു, "ആ 'സ്നേഹം' യഥാർത്ഥമായിരുന്നെങ്കിൽ, അവരുടെ സമ്മാനങ്ങളെ ആദരിച്ചും ബഹുമാനിച്ചും A അത് അവർക്ക് തിരികെ നൽകേണ്ടതല്ലേ? അവരുടെ വിശ്വാസത്തെ വഞ്ചിക്കാതെ അത് മുഴുവൻ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കേണ്ടതല്ലേ?"***

***ഇന്ത്യയിൽനിന്നുള്ള വരുമാനമെടുത്ത് അവരുടെ സ്ഥാപനങ്ങളിലുള്ളവർക്ക് സുഖമായി കഴിയാൻ പറ്റുന്നതിനൊപ്പം അവരുടെ ബിസിനസ്സ് സാമ്രാജ്യം കെട്ടിപ്പടുക്കാൻ കഴിഞ്ഞുവെങ്കിൽ, അതിന് പാശ്ചാത്യരുടെ പണത്തിന് നന്ദി പറയണം. സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും പേരിൽ സ്വീകരിച്ച പണത്തിന് നന്ദി, പക്ഷേ അവർ അത് സത്യസന്ധമല്ലാതെയും വിശ്വാസയോഗ്യമല്ലാതെയും ഉപയോഗിച്ചു.***

അതുകൊണ്ട് നമുക്ക് അടിസ്ഥാനമില്ലാത്ത ന്യായീകരണങ്ങളും യുക്തികളും ആവർത്തിക്കുന്നത് നിർത്തിയിട്ട് കണക്കുകൾ നോക്കാം. **സ്ഥാപനത്തി**ന്റെ **വഞ്ചനയുടെ നിരക്ക് 96%!** പക്ഷേ നമുക്കറിയാം, ഈ ലോകത്ത് കൊള്ളരുതായ്മകൾ എത്രത്തോളം വലുതാണോ അത്രത്തോളം അവ മൂടിവയ്ക്കപ്പെടുന്നു. എന്നിരുന്നാലും ഈ വഞ്ചന കൂടുതൽ വികൃതമാണ്. കാരണം ഒരു മനുഷ്യൻ ജീവിതകാലം മുഴുവൻ ആഗ്രഹിക്കുന്ന മനസ്സ്, സ്നേഹം, ഹൃദയം, ആത്മീയത എന്നിങ്ങനെ ശ്രേഷ്ഠമായതിനെയെല്ലാമാണ് ഇത് ഉപകരണമാക്കുന്നത്. സേവനമാണെന്നവകാശപ്പെട്ടുകൊണ്ട് ചെയ്യുന്നത് ഒരേ ശൃംഖലയുടെ രണ്ടറ്റങ്ങളെയും ബാധിക്കുന്നുണ്ട്; ഒരുവശത്ത് സ്നേഹവും സ്വീകാര്യതയും ബോധോദയവും തേടുന്ന ഭക്തരും, മറുവശത്ത് അശരണരായ, നിരാലംബരായ ദാരിദ്ര്യമനുഭവിക്കുന്നവരും. ഈ രണ്ടുകൂട്ടരുടെയും പേരിൽ, സേവനത്തിന്റെ മറവിൽ, അദ്ധ്വാനിക്കുന്നവന്റെ പോക്കറ്റിൽ കൈയിട്ടുവാരുന്നു.

സംഘടനയുടെ വെബ്സൈറ്റുകൾ പ്രമോഷനുവേണ്ടിമാത്രം ഉള്ളതാണ്, യാതൊരു തരത്തിലുള്ള കണക്കുകളും അവിടെ രേഖപ്പെടുത്തിയിട്ടില്ല. ഒരു ഉപകഥ: കുറച്ചു വർഷങ്ങൾക്കുമുമ്പ്, A പാരിസ് സന്ദർശിക്കുമ്പോൾ, ഞാനവർക്ക് “റസ്റ്റോ ദു കൗർ” (അശരണരെ ഊട്ടുന്ന

(ഫ്രഞ്ച് ചാരിറ്റി) -ന്റെ ഇമെയിലിൽ എനിക്ക് ലഭിച്ച വാർഷികറിപ്പോർട്ട് കൊണ്ടുകൊടുത്തു. അത് A3 ഷീറ്റ് രണ്ടായി മടക്കിയ നാലുപേജിൽ എല്ലാ കണക്കുകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശദമായ ഒരു റിപ്പോർട്ടായിരുന്നു. ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ സാധാരണമായ ഒരു രീതിയാണ്. ഞാൻ അത് A യ്ക്ക് മുമ്പാകെ വയ്ക്കുകയും, ഇത്തരത്തിൽ സുതാര്യമായ രീതികൾ നമ്മുടെ സംഘടനയുടെ ധനശേഖരണത്തിന്റെ വിശ്വാസ്യത വർദ്ധിപ്പിക്കുകയും ചെയ്യുമെന്ന് തർക്കിച്ചു. അവർ ഒന്നും മിണ്ടാതെ അത് ആ സമയം അവിടെ ഉണ്ടായിരുന്ന സംഘടനയുടെ ഡയറക്ടറായ ബാലുവിന്റെ (002) കൈയിൽ കൊടുത്തു. പുള്ളി അത് പുച്ഛത്തോടെ നോക്കുകയും ഒരക്ഷരംപോലും ഉരിയാടാതെ, ഇറങ്ങിപ്പോകാൻ നേരം അവിടെയെവിടെയോ വച്ചിട്ടുപോയി. ആ വിഷയം അവിടെ അവസാനിച്ചു.



ഇരുപതു വർഷം ജനീവയിൽ MSF സ്വിറ്റ്സർലൻഡിന്റെ (അതിരുകളില്ലാത്ത ഡോക്ടർമാർ) കൂടെയും, ICRC (International committee of Red Cross) ന്റെ കൂടെയും പ്രവർത്തിച്ചതുകൊണ്ട് എനിക്ക് അന്താരാഷ്ട്രസംഘടനകൾ, NGO കൾ, മാനുഷികസംഘടനകൾ, UN എന്നിവയുടെ പരിസ്ഥിതിയും ലോകവും സുപരിചിതമാണ്. താരതമ്യപ്പെടുത്തുമ്പോൾ, കുറച്ചുവർഷങ്ങൾക്കുമുമ്പ്, MSF സ്വിറ്റ്സർലൻഡ് അതിന്റെ ധനസമാഹരണത്തിന്റെ 78% ഗുണഭോക്താക്കൾക്കായി നീക്കിവച്ചതിൽ അഭിമാനിച്ചിരുന്നു. അത്തരം ഓർഗനൈസേഷനുകൾക്ക് A യുടെ സ്ഥാപനത്തെക്കാൾ ശമ്പളത്തിൽമാത്രംതന്നെ വളരെ ഉയർന്ന പ്രവർത്തനച്ചെലവുണ്ട്. വ്യത്യസ്തമായ ഭരണവും നയതന്ത്രപദവിയും ഉള്ള ICRC പോലും, അതിന്റെ 14,000 കോടി രൂപ ബജറ്റിന്റെ 56% ഈ മേഖലയ്ക്കായി നീക്കിവച്ചു (ശതമാനം കുറഞ്ഞു പോയതിനു സ്വിസ് കോൺഫെഡറേഷൻ ഇവരെ ശാസിക്കുകയും ചെയ്തു). IRCR ഉം MSF ഉം, അവയുടെ വലിപ്പം കണക്കിലെടുക്കുമ്പോൾ ഇവിടെ ഒഴിവാക്കപ്പെടുന്നു. MSF സ്വിറ്റ്സർലൻഡിന്റെ 200 ജീവനക്കാർ ജനീവയിലും 2000 പേർ ലോകമെമ്പാടും ഉണ്ട്. ഇതിന്റെ പത്തിരട്ടിയാണ് ICRC യുടെ ജീവനക്കാരുടെ കണക്ക്; എന്നുപറഞ്ഞാൽ ശമ്പളയിനത്തിൽത്തന്നെ ഒരുപാടു ചെലവായി. ചെറിയ NGO കൾ ചുരുങ്ങിയത് വരുമാനത്തിന്റെ 80% പ്രവൃത്തിമേഖലയിൽ ചെലവാക്കണം എന്നതാണ് പൊതുചട്ടം. ചില സ്ഥാപനദാതാക്കൾ ഇത് 88% വരെ പോകാം എന്നവകാശപ്പെടുന്നു. പ്രവൃത്തിമേഖലയിലെ പ്രോജക്ടുകൾക്കായി തന്റെ ഫണ്ടിന്റെ 80 ശതമാനത്തിൽ കുറവാണ് ഒരു NGO ചെലവാക്കുന്നതെങ്കിൽ അവർ പരസ്യമായി വിമർശിക്കപ്പെടുന്നു. അവർക്ക് പിന്നീട് ഫണ്ടുകൾ നൽകുന്നുമില്ല. NGO ഒരു പ്രത്യേക ആവശ്യത്തിനുവേണ്ടി സ്വീകരിച്ച പണം മറ്റ് ആവശ്യങ്ങൾക്കായി എടുത്താൽ സ്ഥാപനദാതാവ് അത്

തിരിച്ച് ആവശ്യപ്പെടുകയും സംഘടനയെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുകയും ചെയ്യുമെന്ന് എടുത്തുപറയാതെ വയ്യ. മാത്രമല്ല, അവരുടെ പൊതുതാല്പര്യവും നികുതിയിളവും സംസ്ഥാനം റദ്ദാക്കും. A യുടെ സ്ഥാപനം ലോകത്ത് ഈ കാര്യത്തിൽ ഒരു പ്രത്യേകനേട്ടം കൈവരിച്ചിട്ടുണ്ടെന്ന് സമ്മതിക്കണം. കാരണം അവരുടെ ദാതാക്കളോ അല്ലെങ്കിൽ സംസ്ഥാനമോ ഒന്നും ചോദ്യം ചെയ്യുന്നില്ല.

## ***C. അനുബന്ധ സ്ഥാപനങ്ങളിൽനിന്നുള്ള സംഭാവന:***

വിദേശഫണ്ടുകളെക്കുറിച്ചുള്ള എന്റെ വിശകലനറിപ്പോർട്ടിൽ നിങ്ങൾക്കു കാണാം, ഓരോ അനുബന്ധസ്ഥാപനങ്ങളും (ലോകമെമ്പാടുമുള്ള A യുടെ നിയമപരമായ സ്ഥാപനങ്ങളും A യുടെ സെന്ററുകളും) ഇന്ത്യയിലുള്ള മാതൃസ്ഥാപനത്തിലേക്ക് എത്രത്തോളം പണം കൊടുക്കുന്നു എന്നും എന്തിന് കൊടുക്കുന്നു എന്നും. യൂറോപ്പിലുള്ള ഇരുപതോളം അനുബന്ധസ്ഥാപനങ്ങളുടെയും വിശദാംശങ്ങളിൽനിന്നുമെടുത്ത ചില ഉദാഹരണങ്ങൾ പറയാം. 2006- 2019 കാലഘട്ടത്തിലെ ഡാറ്റ പ്രകാരം യൂറോപ്പിൽനിന്നും പിരിച്ചെടുത്ത 270 കോടി രൂപ ഒന്നുംതന്നെ അടിയന്തിര ദുരിതാശ്വാസത്തിനുവേണ്ടി (REL) ആയിരുന്നില്ല. അയച്ച മൊത്തം തുക എന്തിനുവേണ്ടി ചെലവാക്കി എന്നുള്ളതിന്റെ ചില ഉദാഹരണങ്ങൾ നോക്കാം:

ഈ കണക്കുകളിൽനിന്നും അനുബന്ധസ്ഥാപനങ്ങൾ അയച്ച ഫണ്ടും/ അയച്ച ഫണ്ടുകൾ മാതൃസ്ഥാപനം എന്തിനൊക്കെവേണ്ടി അനുവദിച്ചുകൊടുത്തു എന്നും കാണാം:

1. ഓഫീസുകളുടെ നിർമ്മാണത്തിനുവേണ്ടി ഫ്രഞ്ച് സെന്റർ 7 കോടി രൂപ (13 വർഷമായി ആകെ ഉള്ളതിന്റെ 23%) മറ്റു കാര്യങ്ങൾക്കുവേണ്ടി 4 കോടി രൂപയും (13%).


2. അമ്മ യൂറോപ്പ് ഒരു എൻഡോവ്മെന്റ് ഫണ്ടിനായി 19 കോടി രൂപയും (20%), 10 കോടി രൂപ ഓഫീസ് നിർമാണത്തിനും (10%), 15 കോടി രൂപ (16%) മറ്റു ചെലവുകൾക്കും, 1 കോടി രൂപ (1.3%) മറ്റ് ആവശ്യങ്ങൾക്കും വേണ്ടി സംഭാവന നൽകി.

3. അങ്ങനെ പോകുന്നു; അനുബന്ധസ്ഥാപനങ്ങൾക്ക് അവരുടെ അക്കൗണ്ടിംഗ് ബുക്കുകളുടെ അനുബന്ധത്തിൽ വിശദാംശങ്ങൾ ഏകീകരിക്കാൻ ആഗ്രഹമുണ്ടെങ്കിൽ ഓൺലൈനിൽ ലഭ്യമായ ഫയലുകൾ ഉപയോഗിച്ച് അത് ചെയ്യാൻ കഴിയും (അനുബന്ധം കാണുക)[119].


ഡിക്ലറേഷൻ അനുസരിച്ച് അനുബന്ധസ്ഥാപനങ്ങൾക്ക് യൂറോപ്പിൽ ലഭിച്ച മൊത്തം തുകയും അവയുടെ വിതരണവും ചുവടെ കൊടുക്കുന്നു.

| | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Centre Amma — France, 5 214 109 $ dont, | | | | | | | | | | | | | | | |
| HOS : | 0 | EDU : | 3 297 565 | SOC : | 0 | REL : | 0 | COR : | 0 | OFF : | 1 212 371 | OEX : | 0 | OAC : | 704 173 |
| Amrita EV — Allemagne, 5 906 590 $ | | | | | | | | | | | | | | | |
| HOS : | 994 078 | EDU : | 2 195 363 | SOC : | 259 782 | REL : | 0 | COR : | 713 747 | OFF : | 146 312 | OEX : | 940 209 | OAC : | 657 099 |
| Amma Europe — Belgique, 16 338 909 $ dont, | | | | | | | | | | | | | | | |
| HOS : | 1 151 089 | EDU : | 4 852 723 | SOC : | 2 392 081 | REL : | 0 | COR : | 3 351 155 | OFF : | 1 720 042 | OEX : | 2 662 299 | OAC : | 209 522 |
| Amma Italia, 1 256 938 $ dont, | | | | | | | | | | | | | | | |
| HOS : | 113 610 | EDU : | 728 785 | SOC : | 0 | REL : | 0 | COR : | 191 548 | OFF : | 0 | OEX : | 222 996 | OAC : | 0 |
| Fundación Filokalia Amigos de Amma — Espagne, 2 860 455 $ dont | | | | | | | | | | | | | | | |
| HOS : | 200 908 | EDU : | 573 016 | SOC : | 357 964 | REL : | 0 | COR : | 266 749 | OFF : | 243 466 | OEX : | 824 605 | OAC : | 384 747 |
| Amrita Vereinigung — Suisse, 4 893 373 $ dont | | | | | | | | | | | | | | | |
| HOS : | 805 509 | EDU : | 981 047 | SOC : | 0 | REL : | 0 | COR : | 1 112 569 | OFF : | 508 178 | OEX : | 959 735 | OAC : | 526 336 |

യു എസ് എയിലെയും കാനഡയിലെയും കണക്കുകളും ചുവടെ ചേർക്കുന്നു:




ലോകം മുഴുവനുമുള്ള കണക്കുകൾ:





ഈ ഓരോ പൈ ചാർട്ടിലും ഗ്രെ ഏരിയയ്ക്ക് ഒരേ വലിപ്പമാണ്. വ്യക്തിഗതസംഭാവനയുടെയും കാര്യത്തിൽ ഇങ്ങനെയല്ല എന്ന് താഴെ കാണാം.

അനുബന്ധസ്ഥാപനങ്ങളിൽനിന്നും ലഭിച്ച 543 കോടി രൂപ മാറ്റിനിർത്തിയാൽ, മറ്റു സ്വതന്ത്രസംഘടനകൾ 440 കോടി രൂപ സംഭാവന ചെയ്തു.

## *d. വ്യക്തികളിൽനിന്നുള്ള സംഭാവനകൾ:*

ലോകമെമ്പാടുമുള്ള വ്യക്തികളിൽനിന്ന് ശേഖരിച്ച സംഭാവനകൾ ഡിക്ലയർ ചെയ്തതും (കാരണം ബാങ്കുവഴിയാണ് പണം അയച്ചത്) അവയുടെ വിതരണവും ഇങ്ങനെയാണ്. 13 വർഷത്തെ കാലയളവിൽ ഇത് മൊത്തം 102 കോടി രൂപ വരും, 2007- 2008 ഒഴികെ.

ഈ രണ്ടു വർഷങ്ങളിൽ വ്യക്തിഗതസംഭാവനകൾ ഡിക്ലറേഷനിൽനിന്നും ഒഴിവാക്കപ്പെട്ടു- അതിശയകരമാണ്! അധികാരികൾ എന്തുകൊണ്ട് ഇത് ശ്രദ്ധിച്ചില്ല? 2006 മുതൽ 2019 വരെയുള്ള പതിമൂന്നിൽ പതിനൊന്നു വർഷം:





ഇതേകാര്യം നിങ്ങൾക്കിവിടെ ശതമാനത്തിൽ കാണാം. ആവശ്യങ്ങൾ ഇടതുവശത്തും, മുകളിൽ രാജ്യം/പ്രദേശം എന്നിവയും എഴുതിയിട്ടുണ്ട്: യൂറോപ്പ്, യുണൈറ്റഡ് സ്റ്റേറ്റ്സ്, കാനഡ, മിഡിൽ ഈസ്റ്റ്, ബാക്കി ലോകവും:

| INDIVIDUAL DONATIONS PER REGION AND PURPOSE 2006-2019 | | | | | |
|---|---|---|---|---|---|
| | EU | USA-CDN | ASIA | MEA | WORLD |
| HOS | 21,64% | 13,86% | 36,52% | 34,43% | 26,61% |
| EDU | 6,97% | 3,94% | 1,44% | 6,25% | 4,65% |
| SOC | 1,41% | 2,60% | 0,72% | 0,21% | 1,23% |
| REL | 0,94% | 0,51% | 2,05% | 0,45% | 0,99% |
| COR | 20,13% | 18,14% | 10,41% | 10,92% | 14,90% |
| OFF | 8,08% | 24,32% | 4,25% | 13,70% | 12,59% |
| OEX | 13,10% | 14,83% | 37,81% | 28,25% | 23,50% |
| OAC | 27,73% | 21,80% | 6,80% | 5,79% | 15,53% |
| | 100% | 100% | 100% | 100% | 100% |
| *IN OTHER WORDS:* | | | | | |
| | EU | USA-CDN | ASIA | MEA | WORLD |
| SOCIAL (REL+SOC) | 2,35% | 3,11% | 2,78% | 0,66% | **2,22%** |
| BUSINESS (EDU+HOS) | 28,60% | 17,80% | 37,96% | 40,68% | **31,26%** |
| UNKNOWN (THE REST) | 69,04% | 79,09% | 59,27% | 58,66% | **66,51%** |

കളർ കോഡ് പഴയതുതന്നെയാണ്. താഴെയുള്ള മൂന്നുവരികൾ മുകളിലുള്ള പട്ടികയുടെ സംഗ്രഹമാണ്. കണക്കുകൾ സ്വയം സംസാരിക്കുന്നു: വ്യക്തിഗതസംഭാവനയിൽനിന്നും കേവലം 2.22% മാത്രമാണ് സാമൂഹികവും മാനുഷികവുമായ ഉദ്ദേശ്യങ്ങൾക്കുവേണ്ടി അനുവദിച്ചത്. മറ്റൊരുതരത്തിൽ പറഞ്ഞാൽ 2006 മുതൽ 2019 വരെയുള്ള കാലയളവിൽ, A യുടെ ചാരിറ്റിപ്രവർത്തനങ്ങൾക്കുവേണ്ടി നിങ്ങളുടെ വ്യക്തിഗതസംഭാവനയായി കൊടുത്ത 10000 രൂപയിൽ കേവലം 222 രൂപയാണ് ഈ ആവശ്യങ്ങൾക്കായി ചെലവായത്. ബാക്കിയുള്ളതിൽ 3126 രൂപ ബിസിനസ്സാവശ്യങ്ങൾ ശക്തിപ്പെടുന്നതിനും 6652 രൂപ “മറ്റാവശ്യങ്ങൾക്ക്” അല്ലെങ്കിൽ എന്തെല്ലാമോ ആവശ്യങ്ങൾക്കായോ വിനിയോഗിച്ചിരിക്കാം, അതുമല്ലെങ്കിൽ നിക്ഷേപമായി സൂക്ഷിച്ചിരിക്കാം.

വ്യക്തിഗതസംഭാവനയെക്കുറിച്ചു പറയുമ്പോൾ, 6 ലക്ഷം രൂപയിൽ കൂടുതലുള്ള സംഭാവനകളുടെയും അവയുടെ

വിഹിതത്തിന്റെയും ഒരവലോകനം ഇതാ: പതിമൂന്നു വർഷത്തെ കാലയളവിൽ, 289 പേർ കൂടി 40 കോടി രൂപ കൊടുത്തു, ചിലർ 90 ലക്ഷം, ഒന്നര കോടി അല്ലെങ്കിൽ രണ്ടര കോടി വരെ. ഈ തുക എങ്ങനെയൊക്കെയാണ് അനുവദിച്ചത് എന്ന് ഗ്രാഫിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്: 5% സാമൂഹികം (0% അടിയന്തിര സഹായം ഉൾപ്പെടുത്തിക്കൊണ്ട്), 25% ബിസിനസ്സ്, 73% മറ്റ് ആവശ്യങ്ങൾക്കായി, ഓഫീസ് നിർമ്മാണം, എൻഡോവ്മെന്റ് ഫണ്ടുകൾ. ചാർട്ടുകളിൽ ഏറ്റവും മോശമായത് ഇതാണ്: 'ഗ്രേ'യുടെ അളവ് വളരെ കൂടുതലാണ്.




നിങ്ങൾക്ക് ഇപ്പോഴും ആരോഗ്യ-വിദ്യാഭ്യാസസൗകര്യങ്ങൾ ജീവകാരുണ്യപ്രവർത്തനത്തിന്റെ ഭാഗമാണെന്ന് അനുമാനിക്കാൻ ആഗ്രഹമുണ്ടാകും. ഇനിയിപ്പോ അങ്ങനെ തന്നെയാണെന്നിരിക്കട്ടെ, പക്ഷേ ചാർട്ടിൽ ഗ്രേയുടേയും മറ്റു കളറിന്റെയും ഭാഗങ്ങൾ തമ്മിലുള്ള വ്യത്യാസം നോക്കൂ. ഇത് ഇമേജ് മെച്ചപ്പെടുത്തുമെങ്കിലും,

നഗ്നനേത്രങ്ങൾക്ക് ദൃശ്യമാകുന്ന പ്രശ്നത്തിന്റെ ഭൂരിഭാഗവും അടിസ്ഥാനപരമായി അതേപടി നിലനിൽക്കും. അതായത്, സാമൂഹികവും മാനുഷികവുമായ ലക്ഷ്യങ്ങൾക്കല്ലാതെ മറ്റ് ആവശ്യങ്ങൾക്കായിട്ടാണ് സംഭാവനകളുടെ ഏറിയ പങ്കും വിനിയോഗിക്കുന്നത്.

### *e. ഉപസംഹാരം*

ഉപസംഹാരമായി, ഈ കാരണങ്ങളാൽ, ഗൗരവമായ ചോദ്യം ചെയ്യപ്പെടേണ്ട ആവശ്യമുണ്ടെന്ന് ഞങ്ങൾക്ക് തോന്നുന്നു (ബാക്കിയുള്ള അധ്യായങ്ങളിൽ ഇത് സ്ഥിതീകരിക്കുന്നതാണ്).

1. സ്ഥാപനം യഥാർത്ഥത്തിൽ ഒരു ലാഭേച്ഛയില്ലാത്ത സ്ഥാപനമാണെങ്കിൽ.
2. വിദേശപരിപാടികൾക്കിടയിൽ ജോലിയുള്ള നികുതിദായകരിൽനിന്നും ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് എന്ന പേരിൽ പരസ്യം നൽകി പണം സമാഹരിച്ചതിനുശേഷം അത് അവശ്യകൈകളിൽ എത്തിച്ചേരുന്നില്ലെന്ന സത്യം, പരസ്യമായി വ്യഖ്യാനിക്കാൻ പറ്റാത്ത സാഹചര്യം വന്നാൽ അതിനെയെങ്ങനെ സമീപിക്കും?
3. വൻതോതിലുള്ള വഞ്ചനയ്ക്കു പാത്രമായത് ദാതാക്കൾ മാത്രമല്ല, ഇന്ത്യൻ ഭരണകൂടവും ജനതയും ഇവരെല്ലാവരെക്കാളുമുപരി സഹായം ആവശ്യമുള്ളവരുമാണ്.

ഒരു തീരുമാനം എടുക്കുന്നതിനുമുമ്പ് നമുക്ക് സ്ഥാപനത്തിന്റെ വിദ്യാഭ്യാസ-ആരോഗ്യപ്രവർത്തനങ്ങൾ വിലയിരുത്താം.

# IV. 2. ആരോഗ്യം

മിക്കവരും AIMS "അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്" (അമൃത ഹോസ്പിറ്റൽ) -നെക്കുറിച്ച് കേട്ടിട്ടുണ്ടാകും. ഇതിന്, 1952 -ൽ സ്ഥാപിച്ച "All India Institute of Medical Sciences", കേരള ഗവൺമെന്റിന്റെ "Agriculture Information Management System" ഇവയുടെ സംക്ഷിപ്തരൂപത്തിനോട് സാമ്യമുണ്ട്. ഇത് ആവശ്യകതയാണോ യാദൃച്ഛികമാണോ? ആവശ്യകതയാണെങ്കിൽ അത് AIIMS (രണ്ട് i) ന്റെ പ്രസിദ്ധിയെ മുതലെടുക്കാൻ വേണ്ടിയാണോ? പക്ഷേ ഇതൊക്കെ വളരെ ചെറിയ കാര്യമാണെന്ന് മുമ്പോട്ട് വായിക്കുന്തോറും നിങ്ങൾക്കു മനസ്സിലാകും.

ഹോസ്പിറ്റലിന്റെ വെബ്സൈറ്റിൽ പറയുന്നത്, പാവപ്പെട്ടവർക്ക് നൂതനവൈദ്യസഹായം നൽകാനുള്ള AMMA യുടെ കാഴ്ചപ്പാടാണ് അമൃത ആശുപത്രിക്ക്[120] പ്രചോദനമായത് എന്നാണ്. വെബ്സൈറ്റ് പ്രകാരം, 1100 കിടക്കകളുള്ള മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ഒരു ദിവസം 3500 രോഗികളെ കൈകാര്യം ചെയ്യുന്നു. അവിടത്തെ താമസനിരക്ക് ഏതാണ്ട് 95% ആണ്. 12 പ്രത്യേക വകുപ്പുകളും 12 ഓപ്പറേഷൻ തിയേറ്ററുകളുമുള്ള ഇവിടെ 4500 സപ്പോർട്ട് സ്റ്റാഫും 670 ഫാക്കൽറ്റി (അധ്യാപകർ) മെമ്പർമാരും ഉണ്ട്. എന്റെ ഉദ്ദേശം ഒരു അഡ്വർടൈസിംഗ് ബ്രോഷർ[121] ഉണ്ടാക്കുക എന്നതല്ലാത്തതുകൊണ്ട് ഞാനിവിടെ മുഴുവൻ വിവരിക്കുന്നില്ല. വെബ്സൈറ്റിലെ വിവരമനുസരിച്ച്

ഇവരുടെ സേവനം ലോകത്തെ ഏറ്റവും നല്ല ഹോസ്പിറ്റലുകളുമായി കിടപിടിക്കാൻ പോന്നതാണ്.

ഇവിടെ പരസ്യവും യാഥാർത്ഥ്യവും തമ്മിൽ അല്പവ്യത്യാസമേ ഉള്ളൂ എന്നു പറഞ്ഞാൽ ന്യൂനോക്തിയാകും. ഇവരുടെ തത്വങ്ങളും പ്രയോഗങ്ങളും തമ്മിലുള്ള വൈരുദ്ധ്യം പ്രകടമാകുന്ന ലേഖനങ്ങളും വീഡിയോകളും സാക്ഷ്യപ്പെടുത്തലുകളും സ്ഥിരമായി പ്രചരിക്കുന്നു. കാര്യങ്ങൾ വിശ്വസ്തമായിരിക്കണം എന്നതുകൊണ്ട് ഞാൻ ഇവിടെ പ്രധാനപ്പെട്ട രണ്ടുപേരുടെ സാക്ഷ്യം മാത്രം ഉൾപ്പെടുത്തുന്നു; സ്ഥാപനത്തിന്റെ മുൻജോയിന്റ് സെക്രട്ടറിയുടെയും പിന്നെ ക്ഷണം സ്വീകരിച്ച് ഓഡിറ്റ് നടത്തിയ മുൻ അമേരിക്കൻ ഭക്തന്റെയും സാക്ഷ്യങ്ങൾ. ഇപ്പോൾ രണ്ടുപേരും സംഘടന വിട്ടു, അതും സെക്രട്ടറി കുറച്ച് കൂടുതൽ ചലനമുണ്ടാക്കിക്കൊണ്ടുതന്നെ. അവരുടെ വാക്കുകൾ സ്ഥിരീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി, മറ്റ് വ്യക്തമായ സാക്ഷ്യങ്ങളും വിവരങ്ങളും താഴെ ചേർക്കുന്നു.

## *a. മുൻജോയിന്റ് സെക്രട്ടറി ജനറലിന്റെ സാക്ഷ്യം:*

മുൻജോയിന്റ് സെക്രട്ടറിയുമായി എനിക്ക് പരിചയമുണ്ടായിരുന്നു. അദ്ദേഹം ഒരു കഠിനാദ്ധ്വാനിയും ആത്മാർത്ഥതയുള്ളവനും ആശ്രയിക്കാൻ പറ്റിയതുമായ ഒരു വ്യക്തിയായിരുന്നു. ബാങ്ക് അക്കൗണ്ടുകൾ, അഡ്മിനിസ്ട്രേഷൻ ഇൻവെസ്റ്റ്മെന്റുകൾ എന്നിവയുടെ ചുമതല അദ്ദേഹത്തിനായിരുന്നു. സംഘടന വിടാൻ തീരുമാനിച്ചപ്പോൾ അദ്ദേഹത്തെ പരസ്യമായി അപമാനിക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്തിരുന്നു. തന്റെ ധാർമ്മികബോധത്തിന് വിരുദ്ധമായ പ്രവർത്തനങ്ങളെയും പ്രയോഗങ്ങളെയും കുറിച്ചുള്ള

വിവരങ്ങൾ പ്രചരിപ്പിച്ചുകൊണ്ട് അദ്ദേഹം സ്വയം ന്യായീകരിക്കാൻ തീരുമാനിച്ചു. അദ്ദേഹം സ്വയമേ എഴുതുന്നതുപോലെ, തന്റെ സാക്ഷ്യപത്രം പിൻവലിക്കുന്നതിന് പകരമായി നൽകാം എന്നുപറഞ്ഞ "നഷ്ടപരിഹാരവും" അദ്ദേഹം നിരസിച്ചു; സാക്ഷ്യപത്രം ചുവടെ:[122 123]

*"കൊച്ചിയിലെ ഹോസ്പിറ്റൽ ഉദ്ഘാടനത്തിന് തൊട്ടുമുമ്പ് ഞങ്ങൾ ഈ ഹോസ്പിറ്റൽ ഒരു ചാരിറ്റിസ്ഥാപനമായി പ്രഖ്യാപിക്കാൻ നിർദ്ദേശിച്ചിരുന്നു. പക്ഷേ അമ്മ ഞങ്ങളോട് കർശനമായി പറഞ്ഞു, 'ഇതൊരു സൗജന്യ ഹോസ്പിറ്റലായി പ്രഖ്യാപിക്കപ്പെടും'. കാരണം അമ്മയുടെ ഉദ്ദേശ്യം ആദ്യംമുതലേ അതായിരുന്നത്രെ. ഇൻഡോ-യുഎസ് കരാർ പ്രകാരം ആശ്രമത്തിൽ ഇറക്കുമതി ചെയ്യുന്ന എല്ലാ മെഡിക്കൽ ഇനങ്ങളുടെയും കസ്റ്റംസ് ഡ്യൂട്ടി പൂർണ്ണമായി ഒഴിവാക്കുന്നതിന്, ആശുപത്രി സൗജന്യമായി വൈദ്യചികിത്സ നൽകുമെന്ന് ഇന്ത്യാഗവൺമെന്റിന് (മാറ്റാനാവാത്ത) വാഗ്ദാനം നൽകിയിട്ടുണ്ട്. പക്ഷേ യഥാർത്ഥത്തിൽ, എല്ലാവർക്കും അറിയുന്നതുപോലെ, കൊച്ചിയിലുള്ള ആശ്രമത്തിന്റെ ഹോസ്പിറ്റൽ സൗജന്യമല്ല. ഇതൊരു ചാരിറ്റി ഹോസ്പിറ്റലായി കാണാനും പറ്റുകയില്ല. കാരണം അർഹരായ പാവപ്പെട്ട രോഗികൾക്കായുള്ള നിശ്ചിതശതമാനം സൗജന്യകിടക്കകൾ നീക്കിവച്ചിട്ടില്ല. സമൂഹത്തിൽ താഴേക്കിടയിലുള്ള അർഹരായ ഒരുപാട് രോഗികളെ ആശുപത്രി തിരിച്ചയയ്ക്കുന്നു. വിരലിലെണ്ണാവുന്ന, ഭാഗ്യമുള്ള കുറച്ചുപേർക്ക് കിഴിവ് കിട്ടുന്നു. സമൂഹത്തിലെ മദ്ധ്യവർഗത്തിൽനിന്നുള്ള ഒരാൾക്ക് താങ്ങാനാവുന്ന നിരക്കിൽ ചികിത്സ ലഭിക്കും. എന്നാൽ സമ്പന്നർക്ക് വളരെ ഉയർന്ന നിരക്കിലാണ് ചികിത്സ ലഭിക്കുന്നത്. ചാരിറ്റബിൾ ട്രസ്റ്റ് ആയിട്ടുള്ള മഠം ഇപ്പോൾ കാണുന്നപോലെ വാണിജ്യസ്ഥാപനം ആയിട്ടല്ല ഹോസ്പിറ്റൽ നടത്തേണ്ടത്. ആശ്രമം, കൊച്ചിയിലെ ഹോസ്പിറ്റൽ, സൗജന്യമായി അല്ലെങ്കിൽ പൂർണ്ണമായും*

*ചാരിറ്റിക്കായി യഥാർത്ഥത്തിൽ എന്നു തുറക്കും?"* എന്നാൽ ഒഫീഷ്യൽ വെബ്സൈറ്റ് പറയുന്നത്: *"അമൃത ഹോസ്പിറ്റൽ മാതാ അമൃതാനന്ദമയി മഠം നടത്തുന്ന ഒരു ലാഭേച്ഛയില്ലാത്ത, രജിസ്റ്റർ ചെയ്ത പൊതുചാരിറ്റബിൾ ട്രസ്റ്റ് ആണെന്നാണ്".*[124]

ഹോസ്പിറ്റലിൽ നടക്കുന്ന ചാരിറ്റി അഴിമതിയുടെ തെളിവുകൾ അക്കൗണ്ട് സ്റ്റേറ്റ്മെന്റുകൾ, ഡോക്യുമെന്റുകൾ എല്ലാംതന്നെ തന്റെ കൈയിലുണ്ടെന്ന് സെക്രട്ടറി കൂട്ടിച്ചേർക്കുന്നു. മാനേജ്മെന്റ് കാര്യങ്ങൾ തനിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിർബന്ധമുള്ള A യാണ് എല്ലാ തീരുമാനങ്ങളും എടുക്കുന്നതെന്ന് ഞാൻ ഇവിടെ ഓർമ്മപ്പെടുത്തുന്നു. മുൻ-സെക്രട്ടറിയുടെ സാക്ഷ്യത്തിൽ പാവപ്പെട്ടവർക്കുവേണ്ടിയുള്ള ഭവനനിർമ്മാണത്തെക്കുറിച്ചും പറയുന്നുണ്ട്; പക്ഷേ അത് വേറെ വിഷയമാണ്; അതിനെക്കുറിച്ച് ഞാനിവിടെ ഉൾപ്പെടുത്തിയിട്ടില്ല.

### *b. പ്രാഥമിക ഓഡിറ്റിനുശേഷമുള്ള കൺസൾട്ടന്റുകളുടെ സാക്ഷ്യം:*

2000-ൽ ഒരു അമേരിക്കൻ ഭക്തനായ അനിരുദ്ധൻ[125] A അയാളുടെ മാനേജ്മെന്റ് കൺസൾട്ടന്റ് പ്രാവീണ്യം ഉപയോഗപ്പെടുത്താൻ വേണ്ടി AIMS ന്റെ ചട്ടക്കൂടിനുള്ളിലേക്ക് ക്ഷണിച്ചു. ഒരു ഹാർവേർഡ് ഗ്രാജുവേറ്റായ ഇദ്ദേഹത്തിന് വിയറ്റ്നാമിലെ തന്റെ മെഡിക്കലനുഭവത്തിൽ ആശുപത്രിപ്രാക്ടീസുകളും നടപടിക്രമങ്ങളും പരിചിതമായിരുന്നു. അയാളുടെ പങ്കാളിയും അയാൾക്കൊപ്പം ക്ഷണം കിട്ടി വന്നിരുന്നു. ഹെൽത്ത് കെയർ സ്ഥാപനങ്ങളിൽ പരിചയസമ്പന്നയായ ഒരു കൺസൾട്ടന്റായിരുന്നു അവർ; ഒരു വലിയ ഓഡിറ്റിംഗ് കമ്പനിയിൽ വർഷങ്ങളോളം ജോലി ചെയ്തിട്ടുണ്ട്. 2013-ൽ മുൻമെമ്പർമാരുടെ ഒരു ഡിസ്കഷൻ

ഫോറത്തിൽ (എക്സ്-അമ്മ ഫോറം) വന്ന അദ്ദേഹത്തിന്റെ ഒരു സാക്ഷ്യപത്രം ഞാനിവിടെ കൊടുക്കുന്നു.[126]

*"ഒരു കൺസൾട്ടന്റ് സാധാരണയായി ചെയ്യുന്ന ആദ്യത്തെ കാര്യം ഒരു എന്റർപ്രൈസസിന്റെ മിഷൻ സ്റ്റേറ്റ്മെന്റ് അവലോകനം ചെയ്യുക എന്നതാണ്. ഇതിനെത്തുടർന്ന് എന്റർപ്രൈസ് അതിന്റെ ലക്ഷ്യങ്ങളെ എത്രത്തോളം നിറവേറ്റുന്നുവെന്ന് നിർണ്ണയിക്കാൻ നിങ്ങൾ ശ്രമിച്ചു. ഹോസ്പിറ്റലിന്റെയും ആശ്രമത്തിന്റെയും വെബ്സൈറ്റുകൾ അവകാശപ്പെടുന്നത്: പാവപ്പെട്ടവന്റെ പരിരക്ഷ ഒരു ചെലവുമില്ലാതെ എന്ഡോമെന്റ് ഫണ്ട് ചെയ്യും "(...)" അമ്പതു ശതമാനത്തിൽ കൂടുതൽ രോഗികൾക്ക് സൗജന്യമായാണ് ചികിത്സ ലഭിക്കുന്നത് "(..)" ഇന്ത്യയിലെ പാവപ്പെട്ടവർ വൻതോതിൽ ആരോഗ്യസംരക്ഷണത്തിനായി AIMS ലേക്ക് തിരിയുന്നു." എന്നാണ്.*

*2001 ജനുവരിയിൽ AIMS ലെ എന്റെ ആദ്യദിവസം അമൃതപുരിയിൽ വച്ച് എനിക്ക് പരിചയമുള്ള, ദയാലുവായ, പരിത്യാഗിയായ ഒരു ഭരണാധികാരിയുമായി അഭിമുഖം നടത്തി. ഞാൻ അവരോട് എയിംസ് മിഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം "50 ശതമാനത്തിൽ കൂടുതൽ എയിംസ് കെയർ ചാരിറ്റി ആണെന്ന് ..." എന്ന ഭാഗം ചോദിക്കാൻ തുടങ്ങിയപ്പോൾ അവരുടെ പെരുമാറ്റത്തിൽ വ്യത്യാസം വന്നു. ഞാൻ പറയുന്നത് മുഴുമിപ്പിക്കാൻ സമ്മതിക്കാതെ അവർ പൊട്ടിത്തെറിച്ചു, "അത് സത്യമല്ല!" ഞാൻ ആശയക്കുഴപ്പത്തിലായി. അപ്പോൾ അവർ തുടർന്ന് സംസാരിച്ചു. വളരെ പാവപ്പെട്ടവരെ വല്ലപ്പോഴും മാത്രമേ ചികിത്സിക്കാറുള്ളൂ, അതുമല്ല, സൗജന്യചികിത്സ നൽകിയവർക്ക് മരുന്നുകളൊന്നുംതന്നെ നൽകുന്നില്ല. എയിംസിലേക്ക് മരുന്നുകൾ സംഭാവനയായി കിട്ടിയാൽ ഹോസ്പിറ്റൽ അവരുടെ സാധാരണ ലിസ്റ്റിൽ ചേർത്ത് കാശ് ഈടാക്കുന്നു എന്നും അവർ കൂട്ടിച്ചേർത്തു. അവർക്കിത്*

മനസ്സിലായപ്പോൾ, നിർധനരായ രോഗികൾക്ക് വിതരണം ചെയ്യുന്നതിനായി, വ്യക്തിപരമായി സ്വന്തം നിലയ്ക്ക് മരുന്നുകൾ സംഭാവനയായി സ്വീകരിക്കാനുള്ള ശ്രമങ്ങൾ തുടങ്ങി. അമ്മയുടെ കൂടെ യാത്ര പോകുമ്പോൾ, എയിംസിൽ ചികിത്സയിൽ കഴിയുന്ന പാവപ്പെട്ടവരുടെ, പ്രത്യേകിച്ച് കുട്ടികളുടെ എണ്ണം പൂർണ്ണമായും തെറ്റായി കാണിച്ചുകൊണ്ട് സംഭാവനകൾ തേടുന്ന അറിയിപ്പുകൾ കേൾക്കാറുണ്ടെന്നുകൂടി അവർ പറഞ്ഞു. ദരിദ്രരായ കുട്ടികൾക്ക് സൗജന്യ കൊറോണറി ഓപ്പറേഷൻ ചെയ്തു എന്നുപറഞ്ഞ് പ്രഖ്യാപിച്ചതിന്റെ എണ്ണം എയിംസ് ഇതുവരെ ചെയ്തിട്ടുള്ള എല്ലാ ഓപ്പറേഷനുകളുടെയും എണ്ണത്തേക്കാൾ കൂടുതലാണ് എന്നും കൂട്ടിച്ചേർത്തു..!

ഈ അപ്രതീക്ഷിത ഇന്റർവ്യൂവിനുശേഷം ബാക്കിയുള്ള ഞങ്ങളുടെ സംഭാഷണത്തിൽ ചാരിറ്റിപ്രവർത്തനങ്ങളെക്കുറിച്ച് കൂടുതൽ ചോദ്യങ്ങൾ ഞങ്ങൾ ഉൾപ്പെടുത്തി. മിക്ക അഡ്മിനിസ്ട്രേറ്റർമാരും പാവപ്പെട്ടവർക്കുള്ള സൗജന്യചികിത്സ വളരെ കുറവാണ് നടക്കുന്നത് എന്ന് പെട്ടെന്നുതന്നെ സമ്മതിച്ചു. ഞങ്ങളുടെ അഭിമുഖങ്ങൾ, കിടക്ക വിനിയോഗ ഡാറ്റ, എയിംസ് സാമ്പത്തികപ്രസ്താവനകൾ എന്നിവ പ്രകാരം പണമടയ്ക്കാത്ത രോഗികൾക്ക് എയിംസ് നൽകുന്ന പരിചരണത്തിന്റെ യഥാർത്ഥ കണക്ക് ആശുപത്രിയുടെ മൊത്തം പരിചരണത്തിന്റെ ഏകദേശം 5% ആയിരുന്നു. മുമ്പ് ആശ്രമത്തിലെ അക്കൗണ്ടുകൾ നോക്കിനടത്തിയിരുന്ന സ്വാമി പറയുന്നതനുസരിച്ച് (മുകളിൽപറഞ്ഞ അതേ ജോയിന്റ് സെക്രട്ടറി), എയിംസ് സൗജന്യചികിത്സ നൽകുമെന്നുപറഞ്ഞ്, ഇന്ത്യാഗവൺമെന്റിന് പിൻവലിക്കാനാകാത്ത [നിഷേധിക്കാനാകാത്ത തരത്തിലുള്ള] സത്യവാങ്മൂലം നൽകണമെന്ന് അമ്മ നിർദ്ദേശിച്ചിരുന്നു. ഇത് ചെയ്യുന്നതിലൂടെ ഇറക്കുമതി ചെയ്ത എല്ലാ മെഡിക്കൽ ഉപകരണങ്ങളുടെയും കസ്റ്റംസ് ഡ്യൂട്ടിയിൽ ഇളവ് ലഭിക്കും. വാസ്തവത്തിൽ, എയിംസ് ഒരു സൗജന്യ

ആശുപത്രി ആയിരുന്നില്ല. പാവപ്പെട്ട രോഗികൾക്കായി കിടക്കയുടെ ഒരു ശതമാനം നീക്കിവയേക്കണ്ട ഒരു ചാരിറ്റബിൾ ആശുപത്രി പോലുമായിരുന്നില്ല അത്.

ആദ്യവർഷങ്ങളിൽ, എയിംസ് ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായിരുന്നു, കാരണം അത് ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് കൊറോണറി പരിചരണത്തിൽ ആയിരുന്നു. ഇന്ത്യൻ സർക്കാരിന് പ്രൈംമിനിസ്റ്റർ നാഷണൽ റിലീഫ് ഫണ്ട് (PMNRF)[127] എന്ന പേരിൽ ദരിദ്രരായ കൊറോണറി, കിഡ്നി, കാൻസർ രോഗികളുടെ ചികിത്സയ്ക്കായി പണം നൽകുന്ന ഫണ്ടുണ്ട്. (മരുന്നുകൾ ഒഴികെയുള്ള ചികിത്സാചെലവുകൾ ഈ പദ്ധതി പ്രകാരം ലഭിക്കും, എയിംസിൽ പാവപ്പെട്ടവർക്ക് മരുന്നുകൾ ലഭിക്കാത്തത് ഇതുകാരണമാണ്. PMNRF ഫണ്ട് സ്വീകരിക്കുന്ന മറ്റ് ആശുപത്രികൾ അവരുടെ ചാരിറ്റി രോഗികൾക്ക് മരുന്നുകൾ സൗജന്യമായി നൽകുന്നുണ്ടെങ്കിലും AIMS ൽ അങ്ങനെ ചെയ്യുന്നില്ല). ദരിദ്രരെ സഹായിക്കുന്നതിനായി എയിംസ് സമാഹരിക്കുന്ന ഫണ്ടിൽ നിന്ന് ഒരിക്കലും പാവപ്പെട്ടവർക്ക് സൗജന്യ വൈദ്യസഹായം കൊടുക്കാറില്ല. അത്തരം പരിചരണത്തിന്റെ ചെലവിനുള്ള റീഇംബേഴ്സ്മെന്റ് (തിരിച്ചടവ്) PMNRFൽ നിന്നാണ് വരുന്നത്. അക്കാര്യത്തിലും എയിംസ് ലാഭമുണ്ടാക്കുന്നു എന്നാണ് അർത്ഥമാകുന്നത്. എയിംസിൽ നിന്നുള്ള സൗജന്യ പരിചരണം യഥാർത്ഥത്തിൽ കിട്ടുന്നത് VIP കളായ സർക്കാർ ഉദ്യോഗസ്ഥർക്കും അമ്മയുടെ കുടുംബാഗങ്ങൾ തുടങ്ങിയവർക്കുമാണ്.

അമ്മയുടെ ബന്ധുവിനെ എയിംസിൽ സൗജന്യചികിത്സ ലഭിച്ചുകൊണ്ടിരിക്കുമ്പോൾ ഞാൻ ഇന്റർവ്യൂ ചെയ്തിട്ടുണ്ട്. അയാൾ എന്നോട് പറഞ്ഞിരുന്നു, "അവിടെ ജോലി ചെയ്തിരുന്ന ഒരു പാവപ്പെട്ട നഴ്സിന് തന്റെ അച്ഛനെ സൗജന്യചികിത്സയ്ക്കുവേണ്ടി അവിടെ അഡ്മിറ്റ് ചെയ്യാൻ

പറ്റിയിട്ടില്ലെന്ന്". ഒരു അഡ്മിനിസ്ട്രേറ്റർ എന്നോട് പറഞ്ഞു, "പാവപ്പെട്ടവർ ഇപ്പോൾ എയിംസിൽ ചികിത്സയ്ക്ക് ശ്രമിക്കാറില്ല, കാരണം അവർക്കറിയാം, ആശുപത്രി അവരെ പരിഗണിക്കില്ലെന്ന്". മറ്റൊരാൾ എന്നോട്, എയിംസിൽ ചികിത്സ ലഭിക്കാൻവേണ്ടി തന്റെ ഓട്ടോറിക്ഷ വിൽക്കേണ്ടിവന്ന ഒരു കുടുംബത്തെക്കുറിച്ച് പറഞ്ഞു. അമ്മയോടുള്ള ഭക്തി കാരണമാണ് അവരിത് ചെയ്യാൻ തയ്യാറായത്. ഓട്ടോറിക്ഷ അവരുടെ ഏകജീവിതമാർഗ്ഗം ആയതുകൊണ്ടുതന്നെ ഇതിനുശേഷം അവർ ദാരിദ്ര്യത്തിലേക്ക് കൂപ്പുകുത്തി.

60 പേരുള്ള ഒരു സെക്യൂരിറ്റി ഫോഴ്സ് എയിംസിൽ എന്തിനാണെന്ന് ഞാനൊരു അഡ്മിനിസ്ട്രേറ്ററിനോട് അന്വേഷിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, ഇവർ ആശുപത്രിഫീസ് പിരിക്കാൻ സഹായിക്കുന്നവരാണ്. ഇന്ത്യയിൽ ആശുപത്രിച്ചെലവ്, ചികിത്സാച്ചെലവ് എല്ലാംതന്നെ മുൻകൂട്ടി അടയ്ക്കണം. ചിലപ്പോൾ ചെലവ് ആദ്യം അടച്ച തുകയെക്കാൾ കൂടിയെന്നു വരാം. അങ്ങനെയുള്ളപ്പോൾ ഈ രോഗികളെ എയിംസിൽ നിരീക്ഷണത്തിൽ വയ്ക്കുന്നു. മുഴുവൻ പൈസയും അടയ്ക്കാതെ രോഗികളെ ഹോസ്പിറ്റൽ വിടാൻ അനുവദിക്കുന്നതല്ല. ഒരു രോഗിയെ ഹോസ്പിറ്റലിൽ പിടിച്ചുനിർത്തുമ്പോൾ വീണ്ടും ഹോസ്പിറ്റൽ ചാർജ്ജ് അധികമാകുന്നു.

ഞങ്ങളുടെ അഭിമുഖത്തിന്റെ അവസാനം ഞാൻ ഫിനാൻസ് ഡയറക്ടറെ കണ്ടു. അദ്ദേഹം എനിക്ക് ഹോസ്പിറ്റലിന്റെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിന്റെ ഒരു കോപ്പി കൈമാറി. അതുപ്രകാരം 2000-ൽ, AIMS- ന്റെ 8% ചികിത്സ സൗജന്യമായിരുന്നു. എന്നാൽ ഈ തുക വി.ഐ.പികളുടെയും PMNRF തിരിച്ചുനൽകിയ തുകയും എല്ലാംകൂടി ചേർത്താണ്.

സംഭാവനകൾ സ്വീകരിക്കുന്നതിനായി ഒരു എൻഡോവ്മെന്റ് ഏർപ്പെടുത്തുന്നതാണ് ഒരു

ആശുപത്രിക്ക് ജീവകാരുണ്യ പ്രവർത്തനത്തിനുള്ള ശരിയായ മാർഗ്ഗം. വെബ്സൈറ്റിൽ പറയുന്നതുപോലെ AIMS ന് ഒരു എൻഡോവ്മെന്റ് ഫണ്ട് ഇല്ലായിരുന്നു. ദരിദ്രർക്ക് യഥാർത്ഥത്തിൽ എത്രമാത്രം പരിചരണം നൽകുന്നുവെന്ന് നിർണ്ണയിക്കുന്നത് ആരാണെന്ന് ഞാൻ ഫിനാൻസ് ഡയറക്ടറോട് ചോദിച്ചു. ഇത് പൂർണ്ണമായും അമ്മയുടെ തീരുമാനമാണെന്നും അവർക്ക് ആശുപത്രിയിൽ ഇപ്പോഴും പണമൊഴുക്ക് ഉണ്ടാകണമെന്നാണ് ആഗ്രഹമെന്നും അദ്ദേഹം എന്നോട് പറഞ്ഞു.

ഒരുപാടുമാസത്തെ കൺസൾട്ടിംഗിനുശേഷം ഞങ്ങൾ ഉന്നതഭരണസമിതിയെ കണ്ട് പ്രാഥമിക നിർദ്ദേശങ്ങൾ അടങ്ങുന്ന ഞങ്ങളുടെ റിപ്പോർട്ട് സമർപ്പിച്ചു. അമ്മയുടെ അനുമതിയോടുകൂടി ഞങ്ങൾ അവരോടൊപ്പം ഉത്തരേന്ത്യൻ പര്യടനത്തിൽ യാത്ര ചെയ്യാൻ അവധിയെടുത്തു. യാത്രയ്ക്കിടയിൽ എനിക്ക് അമൃതപുരിയിൽ വച്ചു പരിചയമുള്ള രണ്ടു അന്തേവാസികളോട് ഹോസ്പിറ്റലിന്റെ ചാരിറ്റി പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചില ആശങ്കകൾ പങ്കുവച്ചു. അവർക്ക് ഇതിനെക്കുറിച്ച് അറിയാമോ എന്നായിരുന്നു എന്റെ ജിജ്ഞാസ. അറിയുമെങ്കിൽ എന്താണ് നടക്കുന്നത് എന്നറിയാൻ അവരെന്നെ സഹായിക്കും എന്ന് പ്രതീക്ഷിച്ചു. കൈറോപ്രക്ടറായ (ഞരമ്പുരോഗത്തിന് ചികിത്സിക്കുന്ന ആൾ) ഒരു അന്തേവാസി എന്നോട് പറഞ്ഞു, അയാൾ റോൺ ഗോട്ട്സജനെ (Ron Gottsegen- എയിംസിന്റെ മുൻ അഡ്മിനിസ്ട്രേറ്റിവ് ഡയറക്ടർ) ചികിത്സിച്ചിട്ടുണ്ടെന്ന്. എയിംസ് പാവപ്പെട്ടവരെ ചികിത്സിക്കാൻവേണ്ടി അവരുടെ പകുതിയും ചെലവാക്കുന്നതിൽ തനിക്ക് സന്തോഷമുണ്ടെന്നും അയാൾ റോണിനോട് പറഞ്ഞു. അപ്പോൾ പാവപ്പെട്ടവർക്ക് കൊടുക്കുന്നത് വെറും 5% ആണെന്ന് റോൺ തിരുത്തി.

സൗജന്യചികിത്സ 5% ആയിട്ടും എന്തുകൊണ്ടാണ് എയിംസ് ഇത് പകുതിയിൽ കൂടുതലുണ്ടെന്ന് അവകാശപ്പെടുന്നതെന്ന് അമ്മയോടു നേരിട്ടു ചോദിക്കാൻ ഞാൻ തീരുമാനിച്ചു. എനിക്ക് തെറ്റുപറ്റിയതാണെന്നും ശരിക്കും എയിംസിന്റെ സൗജന്യചികിത്സ പകുതിയിൽ കൂടുതലുണ്ടെന്നും ഞാൻ സാഹചര്യം ശരിക്കും മനസ്സിലാക്കിയിട്ടില്ലെന്നും ഞങ്ങളുടെ കൂടിക്കാഴ്ചയിൽ എന്നോടു പറഞ്ഞു. ഇത് മനസ്സിലാക്കാൻ എന്നെ സഹായിക്കാമോ എന്നു ഞാൻ അവരോടു ബഹുമാനത്തോടെ ചോദിച്ചു. അവരത് ചെയ്തുതരാമെന്ന് സമ്മതിക്കുകയും ഫിനാൻസ് ഡയറക്ടറെ വിളിച്ചുവരുത്തുകയും ചെയ്തു. അദ്ദേഹം പൂനെയിൽവച്ച് പര്യടനത്തിന് ഒപ്പം കൂടി. അദ്ദേഹം വിശദീകരിച്ചു, ഇന്ത്യയിലെ പ്രൈവറ്റ് ആശുപത്രികൾ എയിംസിനെക്കാൾ ഇരട്ടി കാശാണ് വാങ്ങുന്നത്. എയിംസ് കൊടുക്കുന്നത് ചാരിറ്റിയിളവാണ്. ഞാനൊഴികെ ബാക്കിയെല്ലാവരും ആ വിശദീകരണം അംഗീകരിച്ചു. പക്ഷേ ഇത്, കൊക്കകോളയ്ക്ക് $20 പെപ്സിക്ക് $10 ആകുമ്പോൾ കൊക്കകോള പാവപ്പെട്ടവർക്ക് $10 ചാരിറ്റിയിളവ് നൽകുന്നതുപോലെയാണ്. പാവപ്പെട്ടവർക്ക് കൊക്കകോളയോ പെപ്സിയോ രണ്ടും താങ്ങാൻ പറ്റില്ല എന്നതാണ് വസ്തുത. അതുപോലെതന്നെ എയിംസിലെ ചികിത്സയും ഈ പറയുന്ന "ചാരിറ്റിയിളവ്" ഉണ്ടെങ്കിൽപ്പോലും അവർക്ക് താങ്ങാൻ പറ്റില്ല.

ഇതിനുശേഷം ഞങ്ങൾ തിരികെ എയിംസിലേക്ക് വരണമെന്നില്ല എന്ന് റോൺ പറഞ്ഞു. ഞങ്ങൾ പര്യടനം പാതിവഴിയിൽ ഉപേക്ഷിച്ചു. കുറച്ച് ആഴ്ചകൾക്കുശേഷം ഞാനവിടത്തെ എന്റെ ചില സുഹൃത്തുക്കളെ കണ്ടു. അവർ, ഞങ്ങൾ യാത്ര അവസാനിപ്പിച്ച് പോയതിനുശേഷമുള്ള ചില കാര്യങ്ങൾ പറഞ്ഞു. എയിംസിന്റെ കൈയിൽ തൽക്കാലം പാവപ്പെട്ടവരെ സഹായിക്കാനുള്ള പണമില്ലെന്നും പിന്നീട് അത് ചെയ്യുന്നതാണെന്നും അമ്മ എല്ലാവരോടുമായി

പറഞ്ഞത്രെ. പക്ഷേ അത് സാധ്യമല്ലെന്ന് ഞങ്ങൾക്കറിയാമായിരുന്നു. കാരണം എയിംസിന് വളരെ ചെലവേറിയ ഹൈടെക് മെഡിക്കൽ ഉപകരണങ്ങൾ സ്വന്തമാക്കാനും ലാഭം സൃഷ്ടിക്കുന്ന മെഡിക്കൽ കോളേജ് നിർമ്മിക്കാനും പദ്ധതിയുണ്ട്. തുടക്കത്തിൽ ഇങ്ങനത്തെ ഉപകരണങ്ങൾക്ക് എത്ര പണം ചെലവാക്കി എന്നെനിക്കറിയില്ല. പിന്നീട് ഞാൻ "ഹെൽത്ത് കെയർ ചാരിറ്റീസ് Inc"[128] ന്റെ സാമ്പത്തികവർഷം 2009 -ലെ ടാക്സ് റിട്ടേൺ കണ്ടിരുന്നു; AIMS പ്രോജക്ട്. ചില സങ്കീർണമായ ഉപകരണങ്ങൾ കാലഹരണപ്പെട്ടതായി മാറുന്നു എന്ന് അതിൽ പറയുന്നുണ്ടായി. അതുകൊണ്ട് ആ കൊല്ലം AIMS നുവേണ്ടി 26 കോടി രൂപയ്ക്ക് അവർ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിച്ചു. പുതിയ MRI, ഗാമ ക്യാമറ, PET CT, 3 കാത് ലാബുകളും ഇതിൽ ഉൾപ്പെട്ടിരുന്നു. അതിനടുത്ത വർഷത്തെ ടാക്സ് റിട്ടേണിൽ എയിംസിനുവേണ്ടി എട്ടര കോടി രൂപയ്ക്ക് ലീനിയർ ആക്സിലറേറ്റർ വാങ്ങിച്ചത് കാണാം. കൂടാതെ 2019-ൽ എയിംസ് മെഡിക്കൽ ഉപകരണങ്ങൾക്കുവേണ്ടി 5 കോടി രൂപ ചെലവാക്കിയതായി ടാക്സ് റിട്ടേണിൽ കാണാം. സംഭാവന കിട്ടിയതിൽനിന്നും മെഡിക്കൽ ഉപകരണങ്ങൾ വാങ്ങാൻവേണ്ടി എയിംസ് ആകെ ചെലവാക്കിയത് 40 കോടി രൂപയാണ്. പാവപ്പെട്ടവർക്ക് സൗജന്യചികിത്സ കൊടുക്കാൻ അതിലെ ഒരു പൈസയും ഉപയോഗിച്ചിരുന്നില്ല. സാമ്പത്തികവർഷം 2005-2008 കാലയളവിൽ എയിംസ് പ്രോജക്ടിന് 37 കോടി രൂപ സംഭാവന ലഭിച്ചിരുന്നു. ഇവിടെ പാവപ്പെട്ടവർക്ക് സൗജന്യചികിത്സ നടത്തുന്നതിനുവേണ്ടി ഒരു എൻഡോവ്മെന്റ് ഫണ്ട് ഒരിക്കലും രൂപപ്പെട്ടില്ല.

വിലകൂടിയ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനുപുറമെ, എയിംസ് വളരെ വലുതും സമഗ്രവുമായ ഒരു മെഡിക്കൽ കോളേജ് നിർമ്മിച്ചു[129]. 2011-ലെ സെൻസസ് അനുസരിച്ച് കേരളത്തിലെ

ജനസംഖ്യ 3.34 കോടിയും കാലിഫോർണിയയിലെ ജനസംഖ്യ 3.77 കോടിയുമാണ്; കാലിഫോർണിയയിൽ 8 മെഡിക്കൽ സ്കൂളുകളാണുള്ളത്. എന്നാൽ, കേരളത്തിൽ 22 മെഡിക്കൽ കോളേജുകളും!! (ആയുർവേദം, ഹോമിയോപ്പതി എന്നിവ ഒഴിവാക്കിക്കൊണ്ട്). ഇതിൽ 5 എണ്ണം ചെലവ് കുറവുള്ള ഗവൺമെന്റ് മെഡിക്കൽ കോളേജുകളും ബാക്കിയെല്ലാം ഫൈനാൻസിംഗുമാണ്. എന്നിരുന്നാലും, ഹൈടെക് മെഡിക്കൽ ഉപകരണങ്ങളും ഉയർന്ന ശമ്പളമുള്ള സ്പെഷ്യാലിറ്റി ഡോക്ടർമാരും, അമൃത സ്കൂൾ ഓഫ് മെഡിസിന്റെ ട്യൂഷൻ ഫീസ് കേരളത്തിലെ ബാക്കിയുള്ള 17 ഫൈനാൻസിംഗ് മെഡിക്കൽ കോളേജുകളെക്കാൾ രണ്ടിരട്ടി വാങ്ങാൻ കാരണമാകുന്നു. ഗവൺമെന്റ് സ്കൂളിന്റെ ഫീസ് താരതമ്യം ചെയ്യുമ്പോൾ ഇത് വളരെ കൂടുതലാണ്. അമ്മയുടെ വെബ്സൈറ്റിൽ അവരുടെ 60 സ്കൂളുകളും ചാരിറ്റിപ്രവർത്തനങ്ങളുടെ ഭാഗമായിട്ടാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇതെല്ലാം അവരുടെ സംഘടനയിലെ ലാഭം കൊയ്യുന്ന സെന്ററുകളാണ്[130].

ഈ വിവരങ്ങളെല്ലാമായി ഇപ്പോൾ ഞാനെന്തിന് മുന്നോട്ടു വരുന്നു എന്ന് പലർക്കും തോന്നാം. ആദ്യമായി പറഞ്ഞുകൊള്ളട്ടെ[131], അധികമാരും ഈ പറയുന്നതൊന്നും അംഗീകരിക്കുമെന്ന് എനിക്ക് തോന്നിയിരുന്നില്ല. എന്നാൽ ഇപ്പോൾ അത് മാറുന്നതായി തോന്നുന്നു. കാരണം, അമ്മയുടെ ആശ്രമത്തിനെയും ട്രസ്റ്റിനെയുംപറ്റി കൂടുതൽ വസ്തുതാപരമായ വിവരങ്ങൾ ഇപ്പോൾ ലഭ്യമാണ്. രണ്ടാമതായി, അമ്മ പറഞ്ഞിരുന്നതുപോലെ എയിംസിന് അതിന്റെ ബിസിനസ്സ് രീതികൾ മാറ്റാനും ഭാവിയിൽ അത് ദരിദ്രർക്ക് കാര്യമായ കൂടുതൽ പരിചരണം നൽകുമോ എന്ന് നോക്കാനും ഞാൻ ആഗ്രഹിച്ചു. നിർഭാഗ്യകരമെന്നു പറയട്ടെ, അതൊന്നും ഉണ്ടായില്ല.

*എയിംസിലെ വെബ്സൈറ്റിൽ (http://www.aimshospital.org/aboutus/message.html) എയിംസിന്റെ മെഡിക്കൽ ഡയറക്ടർ ഡോക്ടർ പ്രേം നായരുടെ സ്റ്റേറ്റ്മെന്റ്* (2013-ൽ പറഞ്ഞത്[132]) *ഇങ്ങനെയാണ്: "മരുന്നുകൾ വാങ്ങിക്കാൻ കഴിവില്ലാത്ത രോഗികൾക്കുവേണ്ടി ഹോസ്പിറ്റൽ ക്യാംപസിൽ സൗജന്യമായ ഒരു മെഡിക്കൽ സ്റ്റോർ തുറന്ന് പ്രവർത്തിക്കുന്നുണ്ട്. ഇവിടെനിന്നും അവർക്ക് സൗജന്യമായി മരുന്നുകൾ ലഭ്യമാകും. ആരോഗ്യ പരിപാലനസേവനങ്ങൾക്കായിമാത്രം വകയിരുത്തിയിട്ടുള്ളത് ഏകദേശം 73 കോടി രൂപയാണ്."*

*ഒരുപാട് വർഷത്തോളം മരുന്ന് വാങ്ങാൻ പണമില്ലാത്ത രോഗികൾക്ക് എയിംസ് മരുന്ന് നൽകിയിരുന്നില്ല. ഹൃദയശസ്ത്രക്രിയയ്ക്കുശേഷം രോഗികൾക്ക് സാധാരണ വേദനസംഹാരികൾ, ഡൈയൂററ്റിക്സ്, ബീറ്റ ബ്ലോക്കറുകൾ, ബ്ലഡ്തിന്നറുകൾ, ACE ഇൻഹിബിറ്ററുകൾ, സ്റ്റാറ്റിൻ/ഫൈബ്രേറ്റ് അല്ലെങ്കിൽ നൈട്രേറ്റ് എന്നിവയൊക്കെ ആവശ്യം വരാറുണ്ട്. എയിംസിൽ ഹൃദയശസ്ത്രക്രിയ (PMNRF ചെലവ് വഹിക്കുന്നത്) നടത്തുന്ന പാവപ്പെട്ട രോഗികൾക്ക് ഈ വക മരുന്നുകളൊന്നും നൽകുന്നില്ല എന്നത് ക്രൂരവും വളരെ മോശപ്പെട്ട ചികിത്സാരീതിയുമാണ്. പുതിയ "സൗജന്യ മരുന്നുബാങ്ക്" പ്രവർത്തിക്കുന്ന രീതി എങ്ങനെയാണെന്നുവച്ചാൽ പൈസ അടയ്ക്കുന്ന രോഗികൾക്ക് കൂടുതൽ മരുന്നിനുള്ള കാശ് ഈടാക്കും. ഈ രോഗികൾ ഹോസ്പിറ്റലിൽനിന്ന് ഡിസ്ചാർജ് ആകുമ്പോൾ, അധികംവന്ന മരുന്നുകൾ സൗജന്യമായി ചികിത്സ തേടുന്നവർക്ക് നൽകും. ഇത് അമ്മയുടെ കോളേജുകളിലുള്ള "പേ ഇറ്റ് ഫോർവേർഡ്" പദ്ധതിക്ക് സമാനമാണ്. ഈ സ്കീമിൽ മുൻവിദ്യാർത്ഥികളിൽനിന്നും സഹായം ലഭിച്ചു പുതിയതായി പഠിച്ചിറങ്ങിയ ചില ഗ്രാജുവേറ്റുകൾ അവിടെ പഠിക്കുന്ന പാവപ്പെട്ട വിദ്യാർത്ഥികളെ സാമ്പത്തികമായി സഹായിക്കും.*

*കോളേജ് ട്യൂഷനിൽ ലാഭം കൊയ്യുന്നപോലെ അവർ സൗജന്യ മരുന്നുബാങ്കിലും ലാഭമുണ്ടാക്കുന്നു.*

*'പേ-ഇറ്റ്-ഫോർവേർഡ്' മരുന്നുബാങ്ക് പദ്ധതിയല്ലാതെ, അതേ പാവപ്പെട്ട രോഗികൾക്ക് സൗജന്യമരുന്ന് ഇന്ന് കൊടുക്കാൻ അവർക്ക് വേറെയൊരു വഴിയുമുണ്ട്; ക്ലിനിക്കൽ ട്രയലിന്റെ ഭാഗമായിവരുന്ന പരീക്ഷണമരുന്നുകൾ കൊടുക്കുക. സംശയാസ്പദമായ 10000-ലധികം മെഡിക്കൽ ക്യാമ്പ് രോഗികളിൽ എയിംസ് ഡോക്ടർമാർ അധാർമ്മികമായി മരുന്നുകൾ പരീക്ഷിച്ചതായി ഇന്ത്യാവിഷൻ ടെലിവിഷൻ റിപ്പോർട്ട് ചെയ്തു. ഈ ക്ലിനിക്കൽ ഡ്രഗ് ട്രയലുകളുമായി*[133] *ബന്ധപ്പെട്ട് കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ 10 രോഗികൾ മരിച്ചതായി ആരോഗ്യകുടുംബക്ഷേമ മന്ത്രാലയം റിപ്പോർട്ട് ചെയ്തു.*

(ഈ വിവാദം മറ്റു പല മാധ്യമങ്ങളും ചർച്ച ചെയ്തിരുന്നു).[134]

ഡോക്ടർ നായർ തുടരുന്നു: *"എയിംസിന്റെ ഉദ്ഘാടനത്തിനുശേഷം നമ്മൾ ശ്രദ്ധേയമായ പുരോഗതിയാണ് ഉണ്ടാക്കിയത്. കേരള സർക്കാർ, ഭാരത സർക്കാർ, ആത്മാർത്ഥതയുള്ള ഡോക്ടർമാർ, നഴ്സുമാർ ഈ സ്ഥാപനത്തിലെ മറ്റ് ആരോഗ്യപ്രവർത്തകർ; ഇവരിൽനിന്നും ലഭിച്ച സഹായവും സഹകരണവും കൊണ്ടുമാത്രമാണ് നമ്മൾക്ക് ഇത് സാധ്യമായത്."*

സ്ഥാപനത്തിന്റെ വെബ്സൈറ്റ് പറയുന്നു (2013-ൽ രേഖപ്പെടുത്തിയത്): *"ഈ സ്ഥാപനങ്ങളുടെ കിരീടം1600 കിടക്കകളുള്ള കൊച്ചിയിലെ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലായ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് അല്ലെങ്കിൽ എയിംസ് ആണ്. പണമടയ്ക്കാനുള്ള കഴിവ് പരിഗണിക്കാതെ എല്ലാവർക്ക്കും മികച്ചതും താങ്ങാനാവുന്നതുമായ*

*വൈദ്യസഹായം നൽകാനുള്ള അമ്മയുടെ ആഗ്രഹത്തിൽനിന്നും ജനിച്ച- സൗജന്യമായോ അല്ലെങ്കിൽ ഇളവിൽ ചികിത്സ ലഭിച്ച- ഗുണഭോക്താക്കൾ 63% ആണ്...''*

*ചികിത്സയിലുള്ള പൈസയിളവ് എന്താണെന്ന് ഞാൻ നേരത്തെ ചൂണ്ടിക്കാണിച്ചു. എയിംസിന്റെയോ അമ്മയുടെ ചാരിറ്റബിൾ ട്രസ്റ്റിന്റെയോ സംഭാവനകളെക്കുറിച്ച് ഡോക്ടർ നായർ പരാമർശിച്ചിട്ടില്ല. പാവപ്പെട്ടവരെ ചികിത്സിക്കുന്നതിനായി ആശ്രമം സമാഹരിച്ച എല്ലാ പൊതുസംഭാവനകളെക്കുറിച്ചും പരാമർശമില്ല. ഡോക്ടർ നായർ കേരള സർക്കാരിനെയും ഒഴിവുസമയങ്ങളിൽ പണിയെടുക്കുന്ന എയിംസ് ഡോക്ടർമാരെയും ഇന്ത്യാഗവൺമെന്റിനെയും മാത്രം പരാമർശിക്കുന്നു. കാരണം സൗജന്യമായി ചികിത്സിക്കുന്ന മിക്ക രോഗികളും കേരളസംസ്ഥാനം ഫണ്ട് ചെയ്യുന്ന അമ്മയുടെ പ്രാദേശികാശുപത്രികളിലാണ്. എയിംസിലെ ഡോക്ടർമാർ ശമ്പളമില്ലാത്ത സന്നദ്ധപ്രവർത്തകർ എന്ന നിലയിൽ ആദിവാസിഗ്രാമങ്ങളിൽ ചെറിയ ഔട്ട്പേഷ്യന്റ് നടപടിക്രമങ്ങൾ നടത്തുന്നു. എയിംസിൽ സൗജന്യചികിത്സ തേടുന്ന രോഗികൾ മിക്കവരും ഹൃദയം, കിഡ്നി അല്ലെങ്കിൽ കാൻസർ ചികിത്സയ്ക്ക് വരുന്നവരാണ്. ഇതിന്റെ ചെലവ് PMNRF ആണ് വഹിക്കുന്നത്.*

*എയിംസിൽ ഇപ്പോൾ എന്തു നടക്കുന്നു എന്നുള്ളതിന് ചുവടെയുള്ള ഉദാഹരണം നോക്കാം. ഇത് എയിംസിന്റെ വിക്കിപീഡിയ പേജിൽ വന്നതാണ്. ഇത് അമ്മയെ പിന്തുണയ്ക്കുന്നവർ എടുത്തുമാറ്റിയിരുന്നു.*

*''ജൂലൈ 2012-ൽ സ്വാതികൃഷ്ണ എന്നു പേരുള്ള ഒരു പെൺകുട്ടി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആൻഡ് റിസർച്ച് സെന്ററിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയമായി. പാവപ്പെട്ട*

വീട്ടിൽനിന്നായതുകൊണ്ട് അവർക്ക് ശസ്ത്രക്രിയയുടെ ചെലവ് താങ്ങാൻ പറ്റാത്തതായിരുന്നു. തുടക്കത്തിൽ ഹോസ്പിറ്റൽ അധികാരികൾ സ്വാതിക്ക് യാതൊരു ഇളവും നൽകിയില്ല. പിന്നീട് ചില ഫേസ്ബുക്ക് ഉപയോക്താക്കൾ അമ്മയ്ക്കും ഹോസ്പിറ്റലിനുമെതിരെ അവരുടെ തന്നെ പ്രഖ്യാപനങ്ങൾ ലംഘിച്ചതിന് ശബ്ദമുയർത്തി. അവരുടെ പ്രഖ്യാപനമനുസരിച്ച്, ദരിദ്രർക്ക് വിവിധ ചാരിറ്റബിൾ ക്ലിനിക്കുകളിലൂടെ അടിസ്ഥാന വൈദ്യസഹായം ലഭിക്കാറുണ്ടെങ്കിലും അത്യാധുനിക വൈദ്യസഹായം അവർക്ക് സ്വപ്നം കാണാൻ പറ്റാത്തതായിരുന്നു എന്ന് അമൃതാനന്ദമയി കണ്ടതുകൊണ്ടാണ് ഈ ആശുപത്രി നിർമ്മിതമായത്. ഈ ഉദ്ദേശത്തോടെ തുടങ്ങിയ ഒരു ഫേസ്ബുക്ക് പേജിന് 6000 ലൈക്കുകൾ കിട്ടി. സ്വാതിയുടെ നാട്ടുകാരും പണം ശേഖരിക്കാൻ സഹായിച്ചു. ജനകീയ പ്രചാരണത്തിലൂടെ ₹27,00,000 സ്വരൂപിച്ചു. കേരള സർക്കാർ ₹5,00,000 സംഭാവന ചെയ്തു. പ്രചാരണത്തിന്റെ വിജയത്തെത്തുടർന്ന് സ്വാതിയുടെ ചികിത്സയ്ക്കായി ആശുപത്രി അധികൃതർ ₹4,00,000 ഇളവ് അനുവദിച്ചു. അമൃതാനന്ദമയിയെയും അവരുടെ ഹോസ്പിറ്റലിനെയും അപകീർത്തിപ്പെടുത്താൻ ശ്രമിച്ചെന്നുപറഞ്ഞ് കൊച്ചി പോലീസ്, പ്രതിഷേധക്കാർക്കെതിരെ കേസെടുത്തു. ഇത്തരം പോസ്റ്റുകൾ ലൈക്ക് ചെയ്യുകയോ ഷെയർ ചെയ്യുകയോ ചെയ്യുന്നവർക്കെതിരെ കേസെടുക്കാമെന്ന് പോലീസ് നിരീക്ഷിച്ചു.

പൊതുജനാഭിപ്രായത്താൽ സമ്മർദ്ദം ചെലുത്തുന്നതുവരെ പെൺകുട്ടിക്ക് എയിംസ് 11% ഇളവ് നൽകാൻപോലും തയ്യാറായിരുന്നില്ല. ഈ കാപട്യത്തിന് എതിരെ സംസാരിച്ചാലോ, നമ്മൾ ജയിലിൽ പോകും.[135]

2011 അവസാനത്തിൽ എയിംസിലെ നഴ്സുമാർ ശമ്പളം കൂട്ടിച്ചോദിച്ചതിന് എയിംസിലെ ഹോസ്പിറ്റൽ സ്റ്റാഫ് അവരെ മർദ്ദിച്ചെന്നുപറഞ്ഞ് നഴ്സുമാർ സമരത്തിൽ

*ഇറങ്ങിയിരുന്നു. എയിംസിലെ അവിദഗ്ദ്ധതൊഴിലാളികൾക്ക് മണിക്കൂറുകളോളം ജോലിയെടുക്കുന്ന നഴ്സുമാരെക്കാൾ കൂടുതൽ ശമ്പളം ഉണ്ടായിരുന്നു. വർഷങ്ങളുടെ ട്രെയിനിങ് കഴിഞ്ഞുവന്ന ഇവർക്ക് താരതമ്യേന വളരെ തുച്ഛമായ ശമ്പളമായിരുന്നു.*

*ചില മാറ്റങ്ങൾ കൊണ്ടുവരാൻ ഇത് സഹായിക്കുമെന്ന പ്രതീക്ഷയിൽ, മാസങ്ങൾക്കുള്ളിൽ വിവരശേഖരണചർച്ചകൾക്കും വിശകലനങ്ങൾക്കും ശേഷം ഞങ്ങൾ രണ്ടുപേരും ചേർന്ന് തയ്യാറാക്കിയ കൺസൾട്ടിംഗ് ശുപാർശകളുടെ PDF ഫയലുകൾ ഞാൻ അറ്റാച്ചുചെയ്യുന്നു. എന്റെ കൈയിൽ ഇപ്പോഴും എയിംസിന്റെ സാമ്പത്തികപ്രസ്താവനകളും, സ്വകാര്യ ഇ-മെയിൽ ഇടപാടുകളും, എയിംസിന്റെ ഉന്നതതല മാനേജ്മെന്റ്, അഡ്മിനിസ്ട്രേറ്റർമാർ, ഡോക്ടർമാർ എന്നിവരുടെ ഈ വിശകലനങ്ങളെയും ശുപാർശകളെയും പിന്തുണയ്ക്കുന്ന അഭിമുഖക്കുറിപ്പുകളും ഉണ്ട്. എയിംസിലെ സ്ഥിതിഗതികൾ ഇനി മറ്റുള്ളവർ അന്വേഷിക്കും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. "അതുമാത്രമല്ല, പാവപ്പെട്ടവർക്ക് സൗജന്യ നൂതന വൈദ്യസഹായം ലഭിക്കുന്ന ഒരു ആശുപത്രിയെന്ന അവരുടെ പ്രഖ്യാപിതലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഇത് പ്രചോദിപ്പിക്കും."*

കൺസൾട്ടന്റിന്റെ സാക്ഷ്യം ഇവിടെ അവസാനിക്കുന്നു.

ഇനിയും ആഴത്തിൽ ഈ വിഷയത്തെക്കുറിച്ച് അറിയണമെങ്കിൽ നിങ്ങൾക്ക് ഒന്നുരണ്ട് സാക്ഷ്യംകൂടി നോക്കാം. തൽക്കാലം അവയൊന്നും ഞാനിവിടെ ഉൾപ്പെടുത്തുന്നില്ല. വായനക്കാർക്ക് കുറച്ചു കൂടുതലായിപ്പോകും. സംഘടനയുടെ അപകീർത്തികരമായ ബ്ലോഗുകളിലൊന്നായ അമ്മ-സ്കൻഡലിൽ[136] ആശ്രമത്തിലെ ചീഫ് അക്കൗണ്ടിംഗ് ഓഫീസർ ബ്രഹ്മചാരി മാതൃദാസ് പോസ്റ്റുചെയ്ത

സംഘടനയുടെ പ്രതികരണമാണിത്[137]. ഈ ഉത്തരം കണ്ട് തെറ്റിദ്ധരിക്കാതിരിക്കാൻ ഒരാൾക്ക് അക്കൗണ്ടിംഗിലും ഫിനാൻസിലും അനുഭവപരിചയം ഉണ്ടായിരിക്കണമെന്ന് ചൂണ്ടിക്കാട്ടി, കൺസൾട്ടന്റ് സ്വയം തന്നെ "എംബെസെല്ലിങ് ദെ വേൾഡ് (Embezzling The-World)"[138] എന്ന ബ്ലോഗിൽ പറഞ്ഞിട്ടുണ്ട്. അമൃതയിലെ തിരശ്ശീലയ്ക്കുപിന്നിൽ എന്താണ് സംഭവിക്കുന്നത് എന്നതിനെക്കുറിച്ചുള്ള മൂടുപടം നീക്കാൻ ശ്രമിക്കുന്ന ബ്ലോഗുകളിലെ പ്രധാനപ്പെട്ട ഒന്നാണിത്. ഇത് അവരുടെ വീക്ഷണങ്ങളെ കൂടുതൽ മനസ്സിലാക്കാൻവേണ്ടി മാത്രമല്ല, ഔദ്യോഗിക വാചാടോപത്തെക്കുറിച്ചും അതിന്റെ ചതിക്കുഴികളെക്കുറിച്ചും അറിയാൻകൂടിയാണ്. എയിംസിന്റെ സന്നദ്ധപ്രവർത്തനവും അവിടെ ചികിത്സിക്കുന്ന രോഗികളുടെ എണ്ണത്തിന്റെ കാര്യത്തിലും ഈ സംഘടന നടത്തുന്ന പ്രചരണത്തിനെ പൊളിച്ചെഴുതുന്ന ഒരു ലേഖനവും നിങ്ങൾക്കിവിടെ കാണാം[139].

### *c. മറ്റു സാക്ഷ്യങ്ങളും വിവരങ്ങളും (തെരഞ്ഞെടുപ്പ്):*

1. ഇന്റർനെറ്റിൽ നമ്മൾ മിക്കപ്പോഴും കാണുന്ന ഒരു കാര്യമാണ് എയിംസിലെ ചികിത്സയ്ക്ക് സഹായം തേടുന്നവർ[140].

2. എയിംസിനെ[141] സംബന്ധിച്ചുള്ള മൂല്യനിർണ്ണയത്തിൽ ഇവിടെ നിങ്ങൾക്ക് മുപ്പതോളം സാക്ഷ്യങ്ങൾ കാണാം. അതിൽ 25 എണ്ണവും ഭയാനകവും ഭീകരവുമാണ്. നല്ലതു പറയുന്ന ചില കമന്റുകൾ സത്യസന്ധമായി തോന്നുന്നില്ല. ഇത് അവർ നിയോഗിച്ച ആളുകളിൽനിന്നും വന്നതാണെന്ന് തോന്നുന്നു. 2009 മുതൽ 2020 വരെയുള്ള കാലഘട്ടത്തെ

പറ്റിയുള്ള സാക്ഷ്യങ്ങളാണിത്. തെറ്റായ രോഗനിർണ്ണയം നടത്തപ്പെട്ട രോഗികൾ, തെറ്റായ ചികിത്സ ലഭിച്ചവർ, കഴിവില്ലാത്ത ജീവനക്കാർ, ചികിത്സയിൽ ഗുരുതരമായുള്ള വീഴ്ചകൾ, അമിതമരുന്ന്, ഒരുപാട് പണച്ചെലവുള്ള എന്നാൽ ലാഭകരമായ ചികിത്സകൾ, നൂതന ഉപകരണങ്ങളുടെ ചെലവ് വഹിക്കാൻ വേണ്ടിയുള്ള ചികിത്സകൾ, അത്യാഗ്രഹവും അന്യായമായ വിലകളും, ബില്ലുകൾ കൂട്ടാനുള്ള കുതന്ത്രങ്ങൾ, നിർബന്ധിത സംഭാവനയായി വാങ്ങിയ ബില്ലിലെ അധികം പണം തിരിച്ചുതരാത്തത്, യോഗ്യതയുള്ള ആൾക്കാർ ലഭ്യമല്ലാത്തത്, മനുഷ്യത്വരഹിതമായ പരിചരണം, പരിഗണനയുടെ അഭാവം, മര്യാദയുടെ അഭാവം, അഴുക്കും വൃത്തിഹീനമായ പരിചരണവും, അവിടെ ചികിത്സയിൽ ഇരിക്കുമ്പോൾ ഈ കാരണങ്ങളാൽ മരിച്ച രോഗികളും സ്ഥിതി വഷളായവരും, ഇതിനെപ്പറ്റിയൊക്കെ പല രോഗികളുടെയും സാക്ഷ്യങ്ങൾ ഉണ്ട്. ലിസ്റ്റ് സമഗ്രമല്ലെങ്കിലും ഞെട്ടിപ്പിക്കുന്നതും ഔദ്യോഗിക പ്രമോഷണൽ വിവരണത്തിൽ ഉൾപ്പെടുത്താത്തതുമാണ്.

3. പതിവു പരിശോധനയ്ക്കുവന്ന ഒരു ഹൃദ്രോഗിയുടെ മകളുടെ സാക്ഷ്യപത്രത്തിൽ പറയുന്നത്, കള്ളത്തരം, തെറ്റുകൾ, മോശം വിശ്വാസം, കൊള്ളയടിക്കൽ, കഴിവുകേടുകൾ ഇതെല്ലാം കൂടിച്ചേർന്ന് അവസാനം രോഗിയുടെ മൃതദേഹമാണ് പുറത്തുവന്നതെന്നാണ്[142]. യുഎസ്സിൽനിന്നും അവരുടെ കുടുംബം തിരക്കിട്ട് എത്തിയപ്പോഴേക്കും, മൃതദേഹം എംബാം ചെയ്യുകയും ടേപ്പുവച്ച് ഒട്ടിക്കുകയും ചെയ്തിരുന്നു. ഹോസ്പിറ്റലിന് ഓട്ടോപ്സി ചെയ്യണമെന്ന് തോന്നിയില്ല. കുടുംബത്തിന്റെ

വിശ്വാസം കണക്കിലെടുത്താൽ മൃതദേഹം ഡീഎംബാം ചെയ്തു പോസ്റ്റ്മോർട്ടം നടത്തുന്നത് അവർക്ക് ചിന്തിക്കാൻകൂടി കഴിയാത്ത കാര്യമാണ്. ഇത് മുന്നിൽക്കണ്ട് ഹോസ്പിറ്റൽ കളിച്ച ഒരു കളിയാകാം.

4. സർവ്വകലാശാലയുടെ വാണിജ്യപരമായ താല്പര്യത്തെ ഔദ്യോഗികമായി വെല്ലുവിളിക്കാനാകില്ലെന്ന് വൈദ്യുതബോർഡിന്റെ ഒരു സംഭവത്തോടെയാണ് വെളിപ്പെട്ടത്. കെട്ടിടനിർമ്മാണം കാരണം 1994-ൽ മുൻഗണന◌ാനിരക്കിൽ വൈദ്യുതിവിതരണം അനുവദിച്ചു. ഇതൊരു ചാരിറ്റി സ്റ്റാർ സ്ഥാപനമാണെന്ന കാരണത്താൽ ഇതേ നിരക്ക് നീട്ടിക്കൊടുത്തു, പക്ഷേ 1999-ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഒരു സ്വകാര്യസ്ഥാപനം വാണിജ്യപരമാണെന്നതിന്റെ പേരിൽ വാണിജ്യസംരംഭങ്ങൾക്ക് നിശ്ചയിച്ചിരുന്ന നിരക്കിലേക്ക് മാറ്റി. മധ്യസ്ഥതയ്ക്കിടെ സംഘടന, കൂട്ടത്തിൽ ഒരു യൂണിവേഴ്സിറ്റി ഉള്ളതിനാൽ വിദ്യാഭ്യാസസ്ഥാപനത്തിൽനിന്നും ലാഭം ഉണ്ടാകും എന്ന കാരണത്താൽ പ്രത്യാക്രമണം നടത്തി. അതിനാൽ വാണിജ്യപരവും ജീവകാരുണ്യപരമല്ലാത്തതുമായ വാദത്തെ എതിർക്കാനായില്ല. പവർ ബോർഡിന്റെ വെബ്സൈറ്റിൽ ഇപ്പോൾ പിഡിഎഫ് ലഭ്യമല്ല; അത് ഈ ലിങ്കിൽ ഉണ്ട്[143].

5. 2004 മെയ് മാസത്തിൽ “അമൃത എക്സികെയർ (AmritaExecare)” ഡൈനാമിക് എക്സിക്യൂട്ടീവുകളെ ലക്ഷ്യം വച്ചുള്ളതായിരുന്നു. വൈകിട്ട്

ജോലിക്കുശേഷമാണ് തുറക്കുന്നത്. ഇത് പ്രവർത്തിച്ചിരുന്നോ എന്ന് നമുക്കറിയില്ല[144].

6. 2008 ഒക്ടോബറിൽ കൊച്ചിയിലെ വെൽനെസ് ക്ലിനിക്?[145]
7. 2009 ഫെബ്രുവരിയിൽ മൈസൂരിലെ ആയുർവേദ ക്ലിനിക് ഉദ്ഘാടനം[146].
8. 2016. തലസ്ഥാനമായ ഡൽഹിയിൽനിന്ന് 50 കിലോമീറ്റർ തെക്കുഭാഗത്തുള്ള ഫരീദാബാദിൽ ഒരു പുതിയ ഹോസ്പിറ്റലിന് നിർമ്മാണം ആരംഭിച്ചു. ഇതിൽ 2000 ബെഡുകൾ ഉണ്ടാകും (കൊച്ചിയിൽ 925). അതിന്റെ ഡയറക്ടർ പറഞ്ഞതനുസരിച്ച്, "*ചാരിറ്റി, ചികിത്സയിലെ ഇളവ് എന്നിവയിലെ ശക്തമായ സാന്നിദ്ധ്യമുള്ള പാരമ്പര്യം പുതിയ ഹോസ്പിറ്റലിലും ഉണ്ടാകും. ഇവിടെയും ഒരു റിസർച്ച് സെന്ററും ഫാക്കൽറ്റിയും ഇതിനോടനുബന്ധിച്ച് ഉണ്ടാകുമെന്നു ഞങ്ങൾക്കുറപ്പുണ്ട്*[147] [148]."
9. എയിംസ് കോസ്മെറ്റിക് സർജറിയും തുടങ്ങുന്നുണ്ട്[149].
10. എണ്ണമറ്റ ചെറിയ അമൃത ക്ലിനിക്കുകളും ഉണ്ട്. പക്ഷേ ഇവരുടെ ലിസ്റ്റ് കണ്ടുപിടിക്കാൻ ബുദ്ധിമുട്ടാണ്.

ഇതെല്ലാം ശരി തന്നെ, എന്നാൽ ആത്മീയാന്വേഷികൾക്ക് ഇവിടെ അസ്വസ്ഥതയും അസ്ഥാനത്താണെന്ന തോന്നലും ഉണ്ടായേക്കാം. മുകളിൽ പറഞ്ഞ എല്ലാ സാഹചര്യങ്ങളും കാണിക്കുന്നത് മത്സരം, പൈസ, ബിസിനസ് എന്നിവയ്ക്കാക്കെയാണ് പ്രാമുഖ്യം എന്നതാണ്; അല്ലാതെ ദരിദ്രരെയും അവശരെയും സേവിക്കുന്നതുമായി വിദൂരമായിപ്പോലും യാതൊരു ബന്ധവുമില്ല. സംഭാവനകൾ ആകർഷിക്കാൻ സ്ഥാപനം അവരെ ഉപയോഗിച്ചിട്ടും അവർ ഉപേക്ഷിക്കപ്പെട്ടവരും

ആരാലും ശ്രദ്ധിക്കപ്പെടാതെ പോകുന്നവരുമാണ്. പക്ഷേ അതിനിടയിൽ സംഘടന ചാരിറ്റബിൾ ഹെൽത്ത് കെയറിന്റെ കാര്യത്തിനായി ശരിക്കും എന്ത് വാഗ്ദാനം ചെയ്തു എന്ന് നോക്കാം.

## *d. അമൃതയുടെ യഥാർത്ഥ ജീവകാരുണ്യ ആരോഗ്യസംരംഭങ്ങൾ:*

നമുക്കറിയാവുന്നതുപോലെ, സൂപ്പർസ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, സേവനത്തിന് പൈസ ഈടാക്കുന്നതും ചെലവേറിയതുമാണ്. പാവങ്ങൾ അങ്ങോട്ടു പോകാറില്ല. പക്ഷേ യഥാർത്ഥത്തിലുള്ള 5 അമൃതാ ചാരിറ്റബിൾ ആശുപത്രികൾ എയിംസ് കൈകാര്യം ചെയ്യുന്നുണ്ട്. പല സ്ഥലങ്ങളിലുള്ള ഈ ചെറിയ സ്ഥാപനങ്ങളെ വിളിക്കുന്നത് 'അമൃതകൃപ' എന്നാണ്.

ആശ്രമത്തിനടുത്ത തീരദേശറോഡിൽ[150] ഒരെണ്ണമുണ്ട്. ഇത് തീരദേശഗ്രാമീണരെയും കോളേജ് ബോർഡിംഗ് സ്കൂളിലെ മൂവായിരം നിവാസികളെയും ആശ്രമത്തിന് സമീപമുള്ളവരെയും ആശ്രമം സന്ദർശകരെയും ലക്ഷ്യം വച്ചുള്ളതാണ്. ഡോക്ടർമാർ 200 രോഗികളെ ഒരു ദിവസം പരിശോധിക്കുന്നുണ്ട്. ചെറിയൊരു അതിതീവ്ര പരിചരണവിഭാഗവും ഇവിടെയുണ്ട്. ഹൃദയസ്തംഭനം, ആസ്ത്മ, ഹാർട്ട് അറ്റാക്ക്, മറ്റ് അടിയന്തര നടപടിക്രമങ്ങൾ ചെയ്യാനുള്ള സൗകര്യവും ഇവിടെയുണ്ട്. പത്തു രോഗികളെവരെ ഇവിടെ ഉൾക്കൊള്ളിക്കാം. നാല് ഡോക്ടർമാരും, രണ്ടു നഴ്സുമാരും, മൂന്ന് സഹായികളുമാണ് ഇവിടെയുള്ളത്.

വേറെ ഒരെണ്ണമുള്ളത് മലമ്പ്രദേശമായ വയനാട്ടിലെ കൽപ്പറ്റയിലാണ്[151]. പകുതി, രോഗികളും ആദിവാസികളാണ്. സാമ്പത്തിക ഭേദമന്യേ രോഗികൾക്ക് ഇവിടെ ചികിത്സ ലഭ്യമാണ്. ഇങ്ങനത്തെ

ചെറിയ ഹോസ്പിറ്റലുകൾ ഈ പ്രദേശങ്ങളിൽ ഹെൽത്ത് ക്യാമ്പും നടത്താറുണ്ട്. അവർക്ക് ടെലിമെഡിസിൻ വഴി കൊച്ചിയിലെ പ്രധാന ഹോസ്പിറ്റലിലേക്ക് ബന്ധപ്പെടാനും മാർഗ്ഗങ്ങളുണ്ട്.

അയൽസംസ്ഥാനത്തെ മൈസൂർ സിറ്റിയിൽ 20 കിടക്കകളുള്ള ഒരു സ്ഥാപനമുണ്ട്. ഇവിടെ പ്രസവചികിത്സ, ജനറൽ സർജറി, ഓർത്തോപീഡിക്, ഗൈനക്കോളജി, എൻഡോസ്കോപ്പി, യൂറോളജി അങ്ങനെ പല സേവനങ്ങളും ലഭ്യമാണ്.

അമൃതയിൽ ആദിവാസികൾക്കുള്ള ശ്രദ്ധയും ചികിത്സയും സൗജന്യമാണ്. മറ്റുള്ളവർക്ക് കുറഞ്ഞ ചെലവിൽ പരിചരണം ലഭിക്കും. ഇതിലൊക്കെ എത്രമാത്രം സത്യമുണ്ട് എന്ന് അറിയില്ല. എയിംസ് സൗജന്യമായും കുറഞ്ഞ നിരക്കിൽ ചികിത്സ ലഭിച്ചവരുടെയും കണക്കുകൾ പ്രസിദ്ധീകരിക്കുമ്പോൾ ഇതിൽ സ്ഥാപനത്തിന്റെ ഒരേയൊരു ചാരിറ്റി ഹോസ്പിറ്റൽ ആയ 'അമൃതകൃപ'യിലെ കണക്കുകൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ ഇല്ലയോ എന്ന് കൃത്യമായി പറയാറില്ല. എയിംസിന് പാവപ്പെട്ടവർക്ക് സൗജന്യ ആരോഗ്യസംരക്ഷണം നൽകുന്നു എന്ന് പറയാനുള്ള സാധ്യത ഇതോടെ കൈവരിക്കുന്നു.

## *e. സ്നേഹവും കരുണയും സേവനവും നഷ്ടമാരും:*

A യുടെ എയിംസിനുവേണ്ടിയുള്ള പ്രചോദനവും കാഴ്ചപ്പാടും ദൗത്യവും താഴെ കൊടുക്കുന്നു:

> ***<u>പ്രചോദനം:</u>*** *"ഹൃദയത്തിൽനിന്നുള്ള ആരോഗ്യപരിചരണം: ഞങ്ങളുടെ സ്ഥാപകയായ ശ്രീ മാതാ അമൃതാനന്ദമയി ദേവി (അമ്മ എന്ന് അറിയപ്പെടുന്നു) പാവപ്പെട്ടവർക്കുവേണ്ടി*

*അത്യാധുനിക മെഡിക്കൽ സൗകര്യങ്ങളുള്ള സ്നേഹവും കാരുണ്യവും നിറഞ്ഞ, ലാഭേച്ഛയില്ലാത്ത ഹോസ്പിറ്റൽ കേരളത്തിൽ തുടങ്ങണം എന്ന് വിഭാവനം ചെയ്തു. അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ഇന്നിപ്പോൾ വൈദ്യശാസ്ത്രം, അക്കാദമിക്, ഗവേഷണം എന്നീ രംഗങ്ങളിലെ ലോകോത്തരസ്ഥാപനമാണ്*[152].

***ദൗത്യം:*** *"(അമൃത) പ്രിവന്റീവ് മെഡിസിന്റെയും മെഡിക്കൽ വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും ഗുണമേന്മയുള്ള പ്രോഗ്രാമുകളിലൂടെ ആരോഗ്യ സംരക്ഷണ മികവിന്റെ ഒരു കേന്ദ്രം സ്ഥാപിക്കുന്നതിനും സമൂഹത്തിന്റെ ക്ഷേമം മെച്ചപ്പെടുത്തുന്നതിനുമായി സമർപ്പിച്ചിരിക്കുന്ന, ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. ജാതി-സാമ്പത്തികഭേദമന്യേ, കാരുണ്യത്തോടെ സൗഹാർദ്ദപരമായ ഒരു അന്തരീക്ഷത്തിൽ രോഗിക്ക് മികച്ചതും താങ്ങാനാവുന്നതുമായ വൈദ്യസഹായം നൽകാൻ നമ്മൾ ബാധ്യസ്ഥരാണ്. ആവശ്യമുള്ളവർക്കുവേണ്ടി ഞങ്ങളെക്കൊണ്ട് ആവുന്ന വിധത്തിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുന്നു*[153]*."*

അതാണ് എയിംസിന്റെ മുദ്രാവാക്യം. പക്ഷേ ആ കാഴ്ചപ്പാടും യാഥാർത്ഥ്യവും തമ്മിൽ എന്തെങ്കിലും പൊരുത്തമുണ്ടോ?

2011-ൽ ഇന്ത്യയിൽ അഞ്ചുമാസത്തേക്ക് 1,64,000 നഴ്സുമാർ അവരുടെ ദയനീയമായ തൊഴിൽസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഓൺലൈനിൽ പ്രകടനം നടത്തി. ആയിരത്തോളം നഴ്സുമാർ ഹോസ്പിറ്റലിൽ നിന്നുതന്നെയാണ് പങ്കെടുത്തത്. അതിലെ ഒരു പ്രധാന വ്യക്തി "Open The Magazine (ഓപെൺ ദി മാഗസിൻ)"[154]

നോട് സംസാരിച്ചു. അമൃതയിൽ എന്തുണ്ടായി എന്നു നോക്കാം.

എല്ലാത്തിന്റെയും തുടക്കം ഒരു ആത്മഹത്യയിൽനിന്നാണ്. കഠിനാധ്വാനിയായിരുന്ന ഒരു സ്ത്രീ നഴ്സായി ജോലി നോക്കിക്കൊണ്ട് തന്റെ ജീവിതനിലവാരം ഉയർത്താൻ ശ്രമിച്ചു; പക്ഷേ അവളുടെ തൊഴിലുടമയാൽ വഞ്ചിക്കപ്പെട്ടു. കടത്തിലും ബോണ്ടിലും കുടുങ്ങിയ ബീന ബേബി എന്ന 22 വയസ്സുകാരി ഒക്ടോബർ 2013-ന് രാവിലെ ആത്മഹത്യ ചെയ്തു. ഈ നിരാശാജനകമായ പ്രവൃത്തി ഇന്ത്യയിലുടനീളമുള്ള നഴ്സുമാരെ ബാധിച്ചു. അതുകഴിഞ്ഞ് മറ്റൊരു നഴ്സ് ഇതുപോലെ സമ്മർദ്ദത്തിലാണെന്നും, വളരെ മോശപ്പെട്ട അവസ്ഥയിലൂടെ കടന്നുപോവുകയാണെന്നും തന്റെ ജീവൻ അവസാനിപ്പിക്കുന്നതിനെപ്പറ്റി ചിന്തിക്കുകയാണെന്നും പറഞ്ഞപ്പോൾ അവരുടെ സഹപ്രവർത്തകർ ഒരുമിച്ചുകൂടി അവരെ സഹായിക്കാൻ തീരുമാനിച്ചു.

അങ്ങനെ ചെയ്തപ്പോൾ ഇത് ഒറ്റപ്പെട്ട സംഭവമല്ല എന്നവർ കണ്ടെത്തി. പലരും തങ്ങളുടെ പഠിപ്പിനായി വായ്പ എടുക്കുകയും അതിനുശേഷം തീർച്ചയായും ന്യായമായ ശമ്പളം തരുന്ന ഒരു ജോലി വേണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു. പക്ഷേ ഇവിടത്തെ ശമ്പളം ജീവിക്കാനും വായ്പ തിരിച്ചടയ്ക്കാനുംകൂടി മതിയാകുന്നില്ല. തൊഴിലുടമയായ ഹോസ്പിറ്റലിന്റെ നിന്ദ്യമായ ബോണ്ട് സിസ്റ്റം ഇവരുടെ സർട്ടിഫിക്കറ്റുകളും ഡിപ്ലോമകളും വാങ്ങിവയ്ക്കുന്നതുകൊണ്ട് ഇവർക്ക് ഭേദപ്പെട്ട തൊഴിലവസരങ്ങൾ തേടിപ്പോകാൻ തടസ്സമാകുന്നു. കരാർ ലംഘിച്ചാൽ ഭീമമായ തുക പിഴയായി ഇവർക്ക് കെട്ടേണ്ടി വരും (₹2,00,000: കുറെ വർഷത്തെ ശമ്പളം).

ഈ വസ്തുതകൾ എല്ലാമറിഞ്ഞ് രോഷാകുലരായ ജാസ്മിനും അയാളുടെ സഹപ്രവർത്തകരും തുടങ്ങിവച്ച സമരം

വിജയിച്ചു. അയാൾ ഒരു ഫേസ്ബുക്ക് പേജ് തുടങ്ങുകയും അത് പിന്നീട് യുണൈറ്റഡ് നഴ്സസ് അസോസിയേഷന് (UNA) ജന്മം നൽകുകയും ചെയ്തു. ഇതിലൂടെ യുഎൻഎയുടെ ശാഖകൾ ഇന്ത്യയിലുടനീളവും കേരളത്തിലെ ആശുപത്രികളിലും തുറക്കണമെന്ന ആവശ്യം ഉടലെടുത്തു.

> *"വിജയത്തെക്കുറിച്ചുള്ള വാർത്തകൾ പരന്നപ്പോൾ യുഎൻഎയുടെ യൂണിറ്റുകൾ കേരളത്തിലുടനീളം ഉയർന്നുവരാൻ തുടങ്ങി. വളരെ പെട്ടെന്നുതന്നെ 100 ഹോസ്പിറ്റലുകളിൽ അസോസിയേഷന്റെ ശാഖ സ്ഥാപിതമായി. അവർക്ക് ഒരുപാട് പ്രതിരോധങ്ങൾ നേരിടേണ്ടിവന്നു. പ്രൈവറ്റ് ഹോസ്പിറ്റൽ മാനേജ്മെന്റുകൾ പലതരത്തിലുള്ള കുതന്ത്രങ്ങൾ ഉപയോഗിച്ച് നഴ്സുമാരെ പുറത്താക്കാനും അതിനോടൊപ്പംതന്നെ യുഎൻഎയുടെ തലപ്പത്തിരിക്കുന്നവരെ ഭീഷണിപ്പെടുത്താനും കൈക്കൂലി കൊടുക്കാനും ശ്രമിച്ചു."*

എയിംസ് എങ്ങനെയാണ് പ്രതികരിച്ചത്?

> *"ഉദാഹരണത്തിന് എയിംസ്, ആൾദൈവം മാതാ അമൃതാനന്ദമയി സ്ഥാപിച്ച കൊച്ചിയിലെ മെഡിക്കൽ കോളേജും സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ലോക്കൽ UNA പ്രസിഡന്റ് ശ്രീകുമാറിനെ പിരിച്ചുവിടുകയും രണ്ട് ഭാരവാഹികളെ മൈസൂരിലേക്ക്* (അയൽസംസ്ഥാനത്തിലുള്ള നഗരം, 400 കിലോമീറ്റർ ദൂരം, അതായത്, 9 മണിക്കൂർ യാത്രാസമയം) *സ്ഥലം മാറ്റുകയും ചെയ്തു. യൂണിയൻ രൂപീകരിച്ച് 25 മണിക്കൂറിനുള്ളിൽ ഇത് സംഭവിച്ചു.*

അമൃതയിൽ, ഒരു സംഘട്ടനം നടക്കുന്ന സാഹചര്യത്തിൽ, ശാന്തിയും സ്നേഹവും പ്രവർത്തിക്കുമ്പോൾ തീർച്ചയായും അതിശയിപ്പിക്കുന്ന ഫലങ്ങൾ ലഭിക്കും!

*"യുഎൻഎയുടെ നേതാക്കൾ പ്രതിഷേധിച്ചപ്പോൾ അവരെ ചർച്ചയ്ക്ക് വിളിപ്പിച്ചു. ഡിസംബർ അഞ്ചാം തിയതി ജാസ്മിൻ, സുധീപ് കൃഷ്ണൻ ഉൾപ്പെടെ ആറുപേർ ഹോസ്പിറ്റലിൽ വന്നു. ജാസ്മിൻ പറഞ്ഞത്, "എച്ച് ആർ ഡിപ്പാർട്ട്മെന്റിലെ ഒരു ജീവനക്കാരൻ ഞങ്ങളെ സ്നേഹപൂർവ്വം സ്വീകരിച്ചു. ഞങ്ങൾ അയാളുടെ പുറകേ പോയി. അയാൾ ഒരു ഇടനാഴിയിൽ കയറി അപ്രത്യക്ഷനായി. കാവിമുണ്ട് ധരിച്ച ഒരു കൂട്ടം ആൾക്കാർ പുറകിലൂടെ വന്ന് ഞങ്ങളെ ക്രൂരമായി മർദ്ദിച്ചു. അവരുടെ കൈയിൽ ആയുധങ്ങൾ ഉണ്ടായിരുന്നു. ഞങ്ങളെ കൊല്ലുമെന്നും അവർ ഉറക്കെ വിളിച്ചു പറയുന്നുണ്ടായിരുന്നു. എന്റെ ഇടതുകൈ ഒടിഞ്ഞു. ഞങ്ങളുടെ സ്റ്റേറ്റ് കമ്മിറ്റി മെമ്പറുടെ വലത്തെ മുട്ട് പൊട്ടിച്ചിതറി. അദ്ദേഹത്തിന് പിന്നീട് ഒന്നിലധികം ശസ്ത്രക്രിയകൾക്ക് വിധേയനാകേണ്ടി വന്നു."*[155]

പ്രതിനിധികളെ 16 മണിക്കൂർ പൂട്ടിയിട്ടു. ഗൾഫ് ന്യൂസിലെ[156] ലേഖനത്തിൽ പറയുന്നത് നാലു നഴ്സുമാർക്ക് ഗുരുതരമായ പരിക്ക് ഉണ്ടായിരുന്നു എന്നും അവരെ ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തു എന്നുമാണ്. പോലീസ് നഴ്സുമാരെ ആക്രമിച്ച "ഭക്ത-ഗുണ്ടകളെ" അറസ്റ്റ് ചെയ്യാൻ വന്നപ്പോൾ അമ്മയുടെ ഭക്തർ കുത്തിയിരുപ്പ് സമരം നടത്തി അവർ കെട്ടിടത്തിൽ കയറുന്നത് തടഞ്ഞു. നിങ്ങൾക്ക് അത് വീഡിയോയിൽ കാണാം. അക്രമികൾ അപ്പോഴും അഴിഞ്ഞാടുകയായിരുന്നു.

ഇത്തരം പ്രവൃത്തികൾ എങ്ങനെയാണ് ശിക്ഷിക്കപ്പെടാതെ പോകുന്നത്? ഉത്തരം ലളിതമാണ്, ഇത് എല്ലായ്പ്പോഴും അങ്ങനെ തന്നെ ആയിരുന്നു: A യും അവരുടെ സ്ഥാപനങ്ങളും എപ്പോഴും നിരപരാധികൾ. അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി, സംശയാസ്പദമായ പ്രവർത്തനങ്ങൾക്ക് ഉത്തരവാദികളായ മറ്റുള്ളവരുടെയോ ഭക്തരുടെയോ

അജ്ഞാതവ്യക്തികളുടെയോ പേരിൽ അവർ പഴിചാരുന്നു.

> *"പോലീസ്, കേസ് രജിസ്റ്റർ ചെയ്തിട്ടും അന്വേഷണം ഇപ്പോഴും തുടരുന്നു. ഹോസ്പിറ്റൽ അധികൃതർ അവർക്ക് യാതൊരു പങ്കുമില്ലെന്ന് അവകാശപ്പെടുന്നു. 'പുറത്തുനിന്നുള്ള ഗുണ്ടകൾ ആകാം അത് ചെയ്തത്', അമൃതയുടെ പബ്ലിക് റിലേഷൻ ഓഫീസർ ശശി കളരിയിൽ പറയുന്നു".*

പച്ചയ്ക്കുപറഞ്ഞാൽ ആൾക്കാരെ മണ്ടന്മാരാക്കുക. അധികാരി പറഞ്ഞതനുസരിച്ച് ആയുധമേന്തിയ ഗുണ്ടകൾ സെക്യൂരിറ്റിയുടെ കണ്ണിൽപ്പെടാതെ ഹോസ്പിറ്റൽ കെട്ടിടത്തിനുള്ളിൽ കയറിപ്പറ്റി. കൂടാതെ യാദൃച്ഛികമായി അവർ അതേ ഇടനാഴിയിൽ എത്തുകയും, നഴ്സിന്റെ പുറകിൽ പ്രത്യക്ഷപ്പെടുകയും അതേസമയം അവരെ സ്വീകരിച്ചെത്തിയ ആൾ അപ്രത്യക്ഷമാകുകയും ചെയ്തു. തീർച്ചയായും ഇതെല്ലാം ദൈവത്തിന്റെ കൈയൊപ്പുള്ള കൃപയുടെ പ്രകടനമാണ്.

ഇതൊക്കെയാണെങ്കിലും നഴ്സുമാർ പിന്മാറാതിരിക്കുകയും സമരം ഫലം കാണുകയും ചെയ്തു. പ്രശ്നപരിഹാരത്തിന് സ്ഥാപനം ഭക്തരെ നിയോഗിക്കുകയും വീഡിയോ റിപ്പോർട്ടിൽ[157] കാണുന്നതുപോലെ പോലീസുകാരെയും സഹായത്തിന് വിളിച്ചു. (അധ്യായം അവസാനിക്കുന്നിടത്ത് ലിങ്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്).

> *ആശുപത്രിയിലെ ജീവനക്കാർ എല്ലാംമറന്ന് മുന്നോട്ടുപോകാൻ തയ്യാറായിരുന്നില്ല എന്ന് അമൃത മനസ്സിലാക്കി. ആയിരത്തിമുന്നൂറോളം നഴ്സുമാർ സമരത്തിനിറങ്ങി. ശസ്ത്രക്രിയകൾ മാറ്റിവയ്ക്കേണ്ടി വന്നു. "തീവ്രപരിചരണ വിഭാഗത്തിലെ (ICU, CCU) പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടില്ല" കൃഷ്ണൻ പറയുന്നു. "ഞങ്ങൾ അതിനെക്കുറിച്ച് വളരെ ശ്രദ്ധാലുക്കളായിരുന്നു."*

*തുടക്കത്തിൽ എല്ലാ ചർച്ചകളും നിരസിച്ചിരുന്നു. ഹോസ്പിറ്റൽ മാനേജ്മെന്റ് അമൃതാനന്ദമയിയുടെ ഭക്തരെ നഴ്സുമാരായി ഉപയോഗിക്കാൻ ശ്രമിക്കുകയും എന്നാൽ മൂന്നാംദിവസം മുട്ടുമടക്കുകയും അവരുടെ ആവശ്യങ്ങൾ എല്ലാം മൂന്നുമാസത്തിനുള്ളിൽ നടപ്പിലാക്കാമെന്നും സമ്മതിച്ചു".*

ഇനിപ്പറയുന്ന വീഡിയോ ജനപ്രിയമല്ലെങ്കിലും അതിന്റെ വ്യാഖ്യാനം സ്വയം വിശദീകരിക്കുന്നതാണ്.[158]

*"നഴ്സുമാർ അടിമകളല്ല.."*

പോലീസുകാർ സമരക്കാർക്കുനേരെ ലാത്തി വീശി ഓടിയടുക്കുന്ന കാഴ്ച ഓർമ്മിപ്പിക്കുന്നത് എന്തെന്നാൽ അമൃതയുടെ സ്ഥാപനങ്ങൾ ദൈവികമല്ല ഭൗമികമാണ്, ഭക്തിയല്ല പ്രായോഗികമാണ്. മറ്റുള്ളവരെപ്പോലെ അവരും അടിസ്ഥാന തൊഴിലാളിവർഗ്ഗത്തിനെ ചൂഷണം ചെയ്ത് വലിയ ലാഭമുണ്ടാക്കുന്ന മുതലാളിത്ത വാണിജ്യസംരംഭങ്ങളാണ്. നമുക്ക് കണക്കുകൾ നോക്കാം.

ലേഖനത്തിൽ പറയുന്ന പ്രകാരം കേരളത്തിലെ സ്വകാര്യ ആശുപത്രികളിൽ നഴ്സുമാർക്ക് 12-16 മണിക്കൂറുകൾവരെ ഒരുദിവസം പണിയെടുക്കുന്നതിന് പ്രതിമാസം മാസം 2500 രൂപ വരെ കൊടുക്കുന്നുണ്ട്. 10-12 വർഷത്തെ പ്രവൃത്തിപരിചയത്തിനുശേഷം അവർക്ക് 6500 അല്ലെങ്കിൽ അതിനേക്കാൾ കുറവാണ് കിട്ടുന്നത്. ഡോക്ടർമാരുടേതിൽനിന്ന് വേറിട്ട് ഗുണനിലവാരമില്ലാത്ത ഭക്ഷണം കൊടുക്കുന്ന കാന്റീൻ ആണ് അവർക്കുള്ളത്. ഗർഭിണികളായ നഴ്സുമാരെ ഒഴിവാക്കുകയും പിന്നീട് കുറഞ്ഞ ശമ്പളത്തിന് ഒരു തുടക്കക്കാരിയെപ്പോലെ വീണ്ടും ജോലിക്ക് എടുക്കുകയും ചെയ്യുന്നു. മറ്റൊരു ഗൾഫ് ന്യൂസ്[159] ലേഖനത്തിൽ എയിംസിലെ നഴ്സുമാർക്ക് അവരുടെ യോഗ്യത പരിഗണിക്കാതെ, തുടക്കത്തിൽ 4500 രൂപയാണ് ശമ്പളമായി ലഭിക്കുന്നതെന്ന് കണ്ടു. എന്നാൽ

സർക്കാർ ഒരു തുടക്കക്കാരിയായ നഴ്സിന് ഏറ്റവും ചുരുങ്ങിയത് 8,000 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. കൊച്ചിയിൽനിന്നുള്ള ഒരു നഴ്സ് സാക്ഷ്യപ്പെടുത്തി:

> *"കൊച്ചിപോലുള്ള ഒരു നഗരത്തിൽ ഞങ്ങൾ ഈ തുകകൊണ്ട് എങ്ങനെ ജീവിക്കാനാണ്." നഴ്സ് പറഞ്ഞു. ഞങ്ങളുടെ ശമ്പളം ഭക്ഷണത്തിനുപോലും തികയുന്നില്ല, അതിനുപുറമേ താമസവും മറ്റു ചെലവുകളുമുണ്ട്. കേരളത്തിൽ ഒരു കർഷകത്തൊഴിലാളിക്ക് ലഭിക്കുന്നത് പ്രതിദിനം 500 രൂപയാണ്. പൂർണ്ണമായ അർപ്പണബോധത്തോടെയും ഉത്തരവാദിത്വത്തോടെയും മനുഷ്യജീവനെ കൈകാര്യം ചെയ്യുന്ന ഞങ്ങൾക്ക് ഇതിന്റെ പകുതിപോലും കിട്ടുന്നില്ല".*

ഈ ലേഖനം എഴുതിയ വ്യക്തി പറയുന്നത് പ്രകടനങ്ങൾ ഒന്നുംതന്നെ നിയമാനുസൃതമായ ശമ്പളവും ആനുകൂല്യങ്ങളും കൊടുത്തിരുന്ന ക്രിസ്ത്യൻ സ്ഥാപനങ്ങളെ ബാധിച്ചില്ല. യൂണിയന്റെ ആവശ്യങ്ങൾ, സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം (പ്രതിമാസം ഏകദേശം 15,000 രൂപ), ബോണ്ട് സിസ്റ്റം ഇല്ലാതാക്കുക, എട്ടുമണിക്കൂർ ജോലി, ഹെൽത്ത് ഇൻഷുറൻസ്, റിസ്ക് പ്രീമിയം, ജോലിസ്ഥലത്ത് ചൂഷണമില്ലാതിരിക്കുക എന്നിവയാണ്.

ഈ സമരം കൊല്ലങ്ങളായി തുടർന്നുകൊണ്ടേയിരിക്കുന്നു എന്ന് സ്പഷ്ടമായി മനസ്സിലാക്കാം. കാരണം അടുത്ത സമരം ഒക്ടോബർ 2013-ലും മൂന്നാമത്തെ സമരം 2014[160] ജനുവരിയിലും ഉണ്ടായി. തീർച്ചയായും, ഹോസ്പിറ്റൽ മാനേജ്മെന്റ് ഗവൺമെന്റ് ഉത്തരവുകൾ നടപ്പിലാക്കാനും അംഗീകരിച്ച ആവശ്യങ്ങൾ നടപ്പിലാക്കാനും ഒരുപാട് സമയം എടുക്കുന്നുണ്ടായിരുന്നു. 2017-ലും[161] 2020-ലും അതായത് പാൻഡമിക്കിന്റെ[162] (കോവിഡ്) ഇടയ്ക്കും ഇതു തുടർന്നു.

ചുരുക്കിപ്പറഞ്ഞാൽ അമൃതയിൽപ്പോലും നഴ്സിംഗ് സ്റ്റാഫുകളുടെ അവസ്ഥ ഇതാണ്:

- ചൂഷണം ചെയ്യപ്പെടുകയും അവർക്ക് കിട്ടുന്ന ശമ്പളത്തിൽ ജീവിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു.
- സർക്കാർ നിർദ്ദേശിച്ച വേതനനിരക്കിനേക്കാൾ കുറവാണ് ഇവർക്ക് ലഭ്യമാകുന്നത്.
- യാതൊരു ആനുകൂല്യങ്ങളും ലഭിക്കുന്നില്ല.
- യൂണിയനിൽ ചേർന്നാൽ പിരിച്ചുവിടുകയോ അല്ലെങ്കിൽ ഒമ്പത് മണിക്കൂറോളം യാത്ര ചെയ്യേണ്ട സ്ഥലത്തേക്ക് നോട്ടീസില്ലാതെ സ്ഥലംമാറ്റം ചെയ്യപ്പെടുകയോ ചെയ്യുന്നു.
- ക്ഷണിച്ചിട്ട് ചർച്ചയ്ക്കുവേണ്ടി വന്നവർ കുടുങ്ങിപ്പോകുന്നു.
- ചർച്ചയ്ക്കുവേണ്ടി ഉപസ്ഥിതരായാൽ ആക്രമിക്കപ്പെടുകയും ഗുരുതരമായി പരിക്കേല്പിക്കുകയും ചെയ്യുന്നു.

**എയിംസ് ഹോസ്പിറ്റൽ കൂടാതെ:**

- ഗുണ്ടകളെ സ്വാമിമാരായി വേഷം കെട്ടിച്ച് അല്ലെങ്കിൽ ഗുണ്ടാസ്വഭാവം പുറത്തെടുത്ത സ്വാമിമാരെക്കൊണ്ട് ജീവനക്കാരെ ആക്രമിക്കാനും ഗുരുതരമായി പരിക്കേല്പിക്കാനും ഉപയോഗിക്കുന്നു.
- ക്ഷണിച്ചിട്ട് ചർച്ചയ്ക്കുവന്ന ആൾക്കാരെ പൂട്ടിയിടുന്നു.
- പ്രതിഷേധക്കാരെ ഒതുക്കാൻ പോലീസുകാരെ വിളിക്കുന്നു.
- സമരത്തിലുള്ള നഴ്സുമാർക്ക് പകരം ഭക്തരെ ഉപയോഗിക്കാൻ ശ്രമിക്കുന്നു.
- പോലീസ് ഭക്ത-ഗുണ്ടകളെ അറസ്റ്റ് ചെയ്യാൻ വന്നപ്പോൾ അനുസരണയുള്ള ഭക്തരെ

നിരത്തിയിരുത്തി അവർ കെട്ടിടത്തിൽ കയറുന്നത് തടഞ്ഞു.

- ആ പരിസരത്ത് കാവലുണ്ടായിട്ടും ഗുണ്ടകൾ പുറത്തുനിന്നുവന്ന അജ്ഞാതരാണെന്ന് അവകാശപ്പെടുന്നു.
- അവസാനമായി ജീവനക്കാരുടെ ആവശ്യങ്ങൾ അംഗീകരിച്ചെങ്കിലും അത് നടപ്പിലാക്കാൻ ഒരുപാടു സമയമെടുക്കുന്നു.

ഈ പെരുമാറ്റം, രീതികൾ, അഭിനയരീതി, സവിശേഷമായ ധാർമ്മികബോധം എന്നിവയെ എങ്ങനെയാണ് ഒരാളെ യോഗ്യനാക്കുന്നത്? പ്രവർത്തനത്തിൽ അവകാശപ്പെടുന്ന സ്നേഹം, അനുകമ്പ, സേവനബോധം.....? തുറന്ന് പറയാം, ഞാൻ ഈ ശ്രമം ഉപേക്ഷിച്ചു. ഇത് അത്യധികം നീചമായതുകൊണ്ട് ഞാൻ എന്നെത്തന്നെ പരിമിതപ്പെടുത്തിക്കൊണ്ട് ഒരു കാര്യം മാത്രം പറയാം: ഇതിൽ അതിശയകരമായി ഒന്നും തന്നെയില്ല.

ഈ വിഷയത്തെക്കുറിച്ച് വിശദമായി അറിയണമെങ്കിൽ താഴെ കൊടുത്തിട്ടുള്ള ലിങ്കുകളിൽ ലഭ്യമാണ്[163].

നിങ്ങൾ കണ്ടതുപോലെ, പാവപ്പെട്ടവർക്ക് സൗജന്യ, അത്യാധുനിക, ആരോഗ്യ സംരക്ഷണത്തിന്റെ പേരിൽ, അമൃതയുടെ വളരെ ലാഭകരമായ ആരോഗ്യ ബിസിനസ്സ് സ്ഥാപനം ജീവനക്കാരെ ചൂഷണം ചെയ്യുകയും കുറഞ്ഞ ശമ്പളം നൽകുകയും, സർക്കാറിന്റെ ഫണ്ട് ഉപയോഗപ്പെടുത്തുകയും അത് പണക്കാർക്കുവേണ്ടി ഉപയോഗിക്കുകയും ചെയ്യുന്നു. അടുത്ത അധ്യായത്തിൽ, ഈ സ്ഥാപനം വഞ്ചനയെ എങ്ങനെ അടുത്ത ലെവലിലേക്ക് കൊണ്ടു പോകുന്നു എന്നു നോക്കാം. പാവപ്പെട്ടവരെ പഠിപ്പിക്കുന്നു എന്ന പേരിൽ, അത്യാധുനിക ആരോഗ്യ പരിചരണത്തെക്കാൾ ലാഭകരമായ ഒരു സ്വകാര്യ വിദ്യാഭ്യാസസാമ്രാജ്യം തന്നെ പടുത്തുയർത്തിയതായി കാണാം.

# IV. 3. വിദ്യാഭ്യാസം

അമൃതയുടെ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്നതിനായി നിലവിൽ വന്നവയാണ്. പാവപ്പെട്ടവരുടെ സൗജന്യവിദ്യാഭ്യാസത്തിന് വേണ്ടിയാണ് ഭക്തർ അമ്മയ്ക്ക് പണം സംഭാവനയായി നൽകുന്നത്. എന്നാലോ വാസ്തവത്തിൽ പ്രതിവർഷം 657 കോടി വരുമാനമുണ്ടാക്കുന്ന ഒരു സ്വകാര്യവിദ്യാഭ്യാസസാമ്രാജ്യം സ്ഥാപിക്കുന്നതിനാണ് ആ ധനസഹായം വിനിയോഗിക്കപ്പെട്ടത് (സെക്ഷൻ 3.a. യുടെ അവസാനം കാണുക). എൻജിനീയറിങ് മേഖലയിലാണ് അമൃതയുടെ വിദ്യാഭ്യാസസാമ്രാജ്യത്തിന്റെ തുടക്കം. പിന്നീട് എയിംസ് ഹോസ്പിറ്റലിനോടുചേർന്ന് മെഡിക്കൽ കോളേജ് സ്ഥാപിച്ചതോടെ വിദ്യാഭ്യാസ വ്യവസായം നാൾക്കുനാൾ വളർന്നു. 2014-ൽ എയിംസ് കൺസൾട്ടന്റായ അനിരുദ്ധൻ ഈ രണ്ടാം സാക്ഷ്യപത്രം എഴുതിയിരിക്കുന്നത് രണ്ടു ഭാഗങ്ങളായാണ്.[164]

അമൃതയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിഷയത്തിൽ ഞാൻ അധികസമയം ചെലവഴിക്കുന്നുണ്ടെങ്കിൽ അതിനുകാരണം A യുടെ മാനസികാവസ്ഥ മനസ്സിലാക്കാനും, പ്രചരണത്തിന്റെ മറക്കപ്പുറം സ്ഥാപനത്തിന്റെ യഥാർത്ഥ ഉദ്ദേശം മനസ്സിലാക്കാനും അത് നമ്മെ സഹായിക്കുന്നതുകൊണ്ടാണെന്ന് നിങ്ങൾക്ക് പിന്നീട് കാണാം. ആകസ്മികമായി, ഈ ആത്മീയസംഘടനകളുടെ പ്രവർത്തനമണ്ഡലത്തിലെ സാദ്ധ്യതകളും നമ്മുക്ക് കണ്ടെത്താനാവും.

## a. ***എയിംസ് കൺസൾട്ടന്റിന്റെ രണ്ടാമത്തെ സാക്ഷ്യപത്രം:-***

ഈ ഹോസ്പിറ്റലിനെ കുറിച്ച് "the tree that hides the forest" എന്നാണ് കൺസൾട്ടന്റ് വിശദമാക്കിയിരിക്കുന്നത്. മറ്റൊരു ഭാഷയിൽ പറഞ്ഞാൽ, ഈ ഹോസ്പിറ്റലിനെ ആശ്രയിച്ചുകൊണ്ട് മെഡിക്കൽ സ്കൂളുകൾ എങ്ങനെ സ്വന്തമായി വൻലാഭം ഉണ്ടാക്കുന്നു എന്നത്- ഇത് പൊതുവായി അമൃതയുടെ എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളെപ്പറ്റിയും പറയാവുന്നതാണ്. 2014-ൽ അദ്ദേഹം നൽകിയ കണക്കുകൾ എനിക്ക് കണ്ടെത്താൻ സാധിച്ച ഏറ്റവും പുതിയ കണക്കുകൾക്കൊപ്പം ഞാൻ ചേർത്തു.

*രാമകൃഷ്ണമിഷൻ, വിവിധ ക്രിസ്ത്യൻ ഗ്രൂപ്പുകൾ തുടങ്ങിയ മതസംഘടനകൾ സ്പോൺസർ ചെയ്യുന്ന ചാരിറ്റബിൾ ഹോസ്പിറ്റലുകൾ ഇന്ത്യയിലുണ്ട്. ഈ ആശുപത്രികൾ പൊതുവെ പാവപ്പെട്ടവർക്ക് സൗജന്യമായും അല്ലെങ്കിൽ വളരെ കുറഞ്ഞ നിരക്കിലും ചികിത്സ നൽകുന്നു. സ്ഥാപനത്തിന്റെ പരിമിതമായ സാഹചര്യങ്ങളിൽ ഏറ്റവും കൂടുതൽ പ്രയോജനം നൽകുന്ന പ്രാഥമികാരോഗ്യപരിചരണത്തിൽ അവർ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. അമ്മ ചില ക്ലിനിക്കുകളും ചാരിറ്റി ഹോസ്പിറ്റലുകൾക്കുംവേണ്ടി പൈസ മുടക്കുന്നുണ്ട്. പിന്നെ അമ്മ എന്തിനാണ് എയിംസുപോലെ വളരെ കുറച്ച് രോഗികൾക്കുമാത്രം സൗജന്യപരിചരണം ലഭിക്കുന്ന ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ സ്ഥാപിച്ചതെന്ന് അത്ഭുതം തോന്നാം. അവരുടെ വെബ്സൈറ്റ് നൽകുന്ന കാരണം:*

*സാമൂഹ്യസേവനത്തിൽ അഭിമാനം കൊള്ളുന്ന കമ്മ്യൂണിസ്റ്റ് സ്റ്റേറ്റായ കേരളത്തിൽ സൗജന്യമായും കുറഞ്ഞ ചെലവിലും വൈദ്യസഹായം വ്യാപകമായി ലഭിക്കുമെന്നത് ഒരു യാഥാർത്ഥ്യമാണ്. കേരളത്തിന്റെ 94%*

സാക്ഷരതാനിരക്ക് ഇന്ത്യയിലെ ഏറ്റവും ഉയർന്ന കണക്കാണ്. കേരളത്തിൽമാത്രം 26 പാശ്ചാത്യശൈലിയിലുള്ള മെഡിക്കൽ സ്കൂളുകളുണ്ട് (AN: 2014-ൽ). കേരളത്തിലെ 14 ജില്ലകളിലും സർക്കാർവക ആശുപത്രികളും പ്രാഥമിക ഹെൽത്ത് സെന്ററുകളുമുണ്ട്. കേരളത്തിലെ ശിശു-മാതൃമരണനിരക്ക് പല വികസിതരാജ്യങ്ങളുടേതുമായി താരതമ്യപ്പെടുത്താനാവുന്നതാണ്. കേരളത്തിലെ ആയുർദൈർഘ്യം 74 വയസ്സും ഇന്ത്യയിലാകമാനം 64 വയസ്സും ലോകത്താകമാനം 67 വയസ്സുമാണ്.

ഇന്ത്യയിലെ പാവപ്പെട്ടവർക്ക് ഹൃദയശസ്ത്രക്രിയ അല്ലെങ്കിൽ കിഡ്നി മാറ്റിവയ്ക്കൽപോലുള്ള ആധുനികവൈദ്യസഹായം ലഭിക്കുന്നില്ല എന്ന അമ്മയുടെ പ്രസ്താവനയ്ക്ക് എന്തുപറ്റി? ഈ അവസ്ഥയെക്കുറിച്ച് ഭാരതസർക്കാറിന് ഒരുപാടുകാലമായി അറിവുള്ളതാണ്. ഹൃദയശസ്ത്രക്രിയകൾ, കിഡ്നി മാറ്റിവയ്ക്കൽ, കാൻസർ ചികിത്സകൾ പോലുള്ള നൂതനവൈദ്യസഹായനടപടികൾ പാവപ്പെട്ടവർക്ക് ലഭിക്കാൻ വേണ്ടിയാണ് വർഷങ്ങൾക്കുമുമ്പെ പ്രധാനമന്ത്രിയുടെ ദേശീയദുരിതാശ്വാസ നിധി (PMNRF) തുടങ്ങിയത്. PMNRF അംഗീകരിച്ച ആശുപത്രികൾക്ക് ഈ ചികിത്സാപണം തിരികെ ലഭിക്കുന്നതാണ്. കേരളത്തിലെ അഞ്ചു സർക്കാർ ആശുപത്രികൾക്കും, എയിംസിനുപുറമെ കൊച്ചിയിലെ മറ്റു രണ്ട് ആശുപത്രികൾ ഉൾപ്പെടെ കേരളത്തിലെ 21 സ്വകാര്യ ആശുപത്രികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട് (http://pmindia.nic.in/relief.php?nodeid=108). കൊച്ചിയിലെ മറ്റു രണ്ട് ആശുപത്രികളും എയിംസിനെക്കാൾ ഒരുപാട് കാലംമുമ്പേ നിലവിൽ വന്നതാണ്. പാവപ്പെട്ടവർക്ക് ലഭ്യമാകുന്നില്ല എന്ന് അമ്മ പറയുന്ന തരത്തിലുള്ള പരിചരണം യഥാർത്ഥത്തിൽ ഒരുപാട് സ്പെഷ്യാലിറ്റി കെയർ ഹോസ്പിറ്റലുകൾ നൽകുന്നുണ്ട്.

പാവപ്പെട്ടവർക്ക് അത്യാധുനിക സൗകര്യത്തോടെയുള്ള പരിചരണം കൊടുക്കാൻ വേണ്ടി താല്പര്യമുള്ളവർ ചെയ്യേണ്ടതെന്തെന്നാൽ സൗജന്യചികിത്സക്കുള്ള പണം ലഭിക്കുന്ന തരത്തിൽ എൻഡൗവ്മെന്റ് ഫണ്ടോടുകൂടിയുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി തുടങ്ങുക. (അക്കൗണ്ടുകളുടെ ചുമതലയുണ്ടായിരുന്ന മുൻജോയിൻസെക്രട്ടറി പറഞ്ഞതനുസരിച്ച് നികുതിയിളവുകൾ ലഭിക്കുന്നതിനുവേണ്ടി എയിംസ് ഒരു സൗജന്യ ഹോസ്പിറ്റലായാണ് സ്ഥാപിച്ചത്, പക്ഷേ അത് നടപ്പിലാക്കിയില്ല) ഞാൻ അവിടെയുള്ളപ്പോൾ എയിംസിന് എൻഡോവ്മെന്റ് ഉണ്ടായിരുന്നില്ല. വെറും 5% മാത്രമാണ് പാവപ്പെട്ടവർക്കുവേണ്ടി ചെലവാക്കിയിരുന്നത്. അതിൽ മരുന്നുകൾ ഉൾപ്പെട്ടിരുന്നില്ല, കാരണം PMNRF മരുന്നുകൾ നൽകിയിരുന്നില്ല. (ഇപ്പോൾ അവർക്ക് ഒരു മരുന്നുബാങ്കുണ്ട്. മറ്റു രോഗികൾ തങ്ങളുടെ മിച്ചം വരുന്ന മരുന്നുകൾ രോഗികളായ പാവപ്പെട്ടവർക്കുവേണ്ടി ഇവിടെ കൊടുത്തുപോകുന്നു. അതുകൊണ്ടുതന്നെ ഹോസ്പിറ്റലിന് ഇവർക്കുവേണ്ടി മരുന്നിന് പൈസ ചെലവാക്കേണ്ടി വരുന്നില്ല) അഞ്ച് ശതമാനത്തിൽ ഭൂരിഭാഗവും PMNRF നൽകുന്നു. അതായത് പാവപ്പെട്ടവർക്ക് സൗജന്യം കൊടുക്കുന്നു എന്ന പേരിലും ഇവർ ലാഭം കൊയ്യുന്നു. ഇതിനു വിപരീതമായി തെക്കേ ഇന്ത്യയിലുള്ള രണ്ട് ശ്രീ സത്യസായി സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകൾ സൗജന്യമായി ഹൃദയശസ്ത്രക്രിയ, കിഡ്നി മാറ്റിവയ്ക്കൽ പോലത്തെ അത്യാധുനിക വൈദ്യസഹായം നൽകുന്നു.

(**http://en.wikipedia.org/wiki/Sri_Sathya_Sai_Super_Speciality_Hospital**). ഷിർദ്ദി സായിബാബ ഓർഗനൈസേഷന്റെ കീഴിലും ഇതുപോലെ സൗജന്യമായി അത്യാധുനിക മെഡിക്കൽസഹായം നൽകുന്ന ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുണ്ട്. (**http://bit.ly/109mZGV**)

*ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ വേണമെന്ന് അമ്മയ്ക്കുതോന്നാൻ മറ്റെന്തെങ്കിലും കാരണം ഉണ്ടായിരിക്കുമോ? അങ്ങനെ ചിന്തിക്കുമ്പോൾ, പരിഗണിക്കേണ്ടതായ ഒരു സാഹചര്യം ഇവിടെ പറയുന്നു. എല്ലാ മെഡിക്കൽ കോളേജുകൾക്കും ഒരു ഹോസ്പിറ്റൽ വേണം; പാവങ്ങളെ പരിചരിക്കുന്നതിനുപകരം അമ്മയുടെ സംഘടനയ്ക്ക് സംഭാവനയും മറ്റു ഫണ്ടുകളുമെടുത്ത്, എയിംസിനടുത്ത് ഒരു വലിയ ഹെൽത്ത് സർവീസ് കോളേജ് കോംപ്ലക്സ് പണിയുന്നതിന് ഉപയോഗിക്കാം. അമ്മയുടെ വിദ്യാഭ്യാസസ്ഥാപനങ്ങളെ മാനുഷികപരിഗണനയുള്ള പ്രവർത്തനങ്ങളോട് ചേർത്തുവച്ചിരുന്നതിനാൽ അവരുടെ സംഘടനയ്ക്ക് ഇതുചെയ്യാൻ കഴിയും.*

*അത്യാധുനികസൗകര്യങ്ങളും സ്പെഷ്യാലിറ്റി ഡോക്ടർമാരുമുള്ള ഒരു സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ കൂടെയുണ്ടെങ്കിൽ (അമ്മ വൈസ് ചാൻസലറായി ഇരിക്കുന്നതിന്റെ സൽപ്പേരിനൊപ്പം) അമ്മയുടെ മെഡിക്കൽകോളേജിന് വൻതുക ഫീസിനത്തിൽ വാങ്ങാം. വാസ്തവത്തിൽ അവരുടെ മെഡിക്കൽ കോളേജ് കേരളത്തിലെ മറ്റ് സ്വാശ്രയകോളേജുകളെക്കാൾ ഏകദേശം ഇരട്ടി ഫീസ് ഈടാക്കുന്നുണ്ട്. ഗവൺമെന്റ് കോളേജുകളെ അപേക്ഷിച്ച് അതിനെക്കാൾ വളരെ കൂടുതലും:*

***https://www.thehindu.com/todays-paper/tp-national/tp-kerala/Private-medical-colleges-fee-fixed/article14689941.ece**.*
***www amrita edu admissions mbbs fee-seat-details** (link obsolete)*
https://www.amrita.edu/program/mbbs/ (new link)

*അമ്മയുടെ കോളേജിൽ ചേർന്നുപഠിക്കാനുള്ള ചെലവ് വളരെ ഉയർന്നതാണെന്നതുകൊണ്ട് മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലേക്ക് സമ്പന്നരായ വിദ്യാർത്ഥികളെ തേടി റിക്രൂട്ടർമാരെ അയയ്ക്കുന്നു. എയിംസ്, സമ്പന്നരായ ഡോക്ടർമാർക്ക് പ്രയോജനപ്പെടുന്നതുപോലെ- 2001-ൽ*

*ഞാൻ അവിടെയുള്ള സമയത്ത്, ചില സ്പെഷ്യലിസ്റ്റുകൾക്ക് കൊടുത്തിരുന്നത് പ്രതിവർഷം 40 ലക്ഷം രൂപയാണ്- അവരുടെ മെഡിക്കൽ കോളജ് ഇങ്ങോട്ട് കുട്ടികളെ അയച്ചുപഠിപ്പിക്കാൻ കഴിവുള്ള സമ്പന്നകുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്നു.*

*അമൃത സ്കൂൾ ഓഫ് മെഡിസിന്റെ വെബ്സൈറ്റിലുള്ള ഒരു ഉദാഹരണം ഇതാണ്. പ്രതിവർഷം 100 കുട്ടികൾക്ക് അവരുടെ മെഡിക്കൽ കോളേജിൽ MBBS ന് പ്രവേശനം നൽകുന്നു. ഈ കോഴ്സ് നാലര വർഷമാണ്.*

*അതായത് എല്ലായ്പ്പോഴും അവിടെ 450 മെഡിക്കൽ വിദ്യാർത്ഥികൾ ഉണ്ടായിരിക്കും. ഒരു ഇന്ത്യൻ വിദ്യാർത്ഥിക്ക് ട്യൂഷൻ ഫീസ്, ഹോസ്റ്റൽ, ബോർഡ് അങ്ങനെ എല്ലാം ചേർന്ന് പ്രതിവർഷം 5,18,000*[165] *രൂപയാണ് ചെലവ് [AN: 2013 ൽ]. (വിദേശികൾക്കും പ്രവാസികൾക്കും പ്രതിവർഷം ട്യൂഷൻ ഫീസ് മാത്രം 15,40,000 രൂപയാണ്) വിദേശികൾ ആരും തന്നെയില്ലെന്ന് കരുതിയാലും, 450 കുട്ടികളിൽനിന്നുമുള്ള സ്കൂളിന്റെ പ്രതിവർഷവരുമാനം 23 കോടി രൂപയാണ്.*

*240 ദന്തൽ (BDS) വിദ്യാർത്ഥികൾക്ക് പ്രതിവർഷം ₹4,22,000 കൊടുക്കുമ്പോൾ (പ്രതിവർഷം ട്യൂഷൻഫീസായി മാത്രം ₹8,25,000 കൊടുക്കുന്ന വിദേശവിദ്യാർത്ഥികളെ തൽക്കാലം നമുക്ക് ഒഴിവാക്കാം) കോളേജിന്റെ വാർഷികവരുമാനം 10 കോടി രൂപയാണ്. എംബിബിഎസ്, ബിഡിഎസ് പ്രോഗ്രാമുകളിൽ നിന്ന്, അമൃത മെഡിക്കൽ, ദന്തൽ സ്കൂളുകൾ ഓരോ വർഷവും 35 കോടിയിലധികം വരുമാനം ഉണ്ടാക്കുന്നു. എയിംസിനടുത്തുള്ള ഹെൽത്ത് സർവീസ് കോളേജുകളിൽ നൽകപ്പെടുന്ന 15 ഡിഗ്രികളിൽ രണ്ടെണ്ണത്തെക്കുറിച്ച് മാത്രമാണ് ഇവിടെ പരാമർശിച്ചത്.* ആദ്യത്തെ ഭാഗം ഇവിടെ അവസാനിക്കുന്നു.

[AN: 2021-ൽ എത്തിനിൽക്കുമ്പോൾ ഇന്ത്യൻ MBBS[166] വിദ്യാർത്ഥിക്ക് നാലര വർഷത്തെ ട്യൂഷൻ ഫീസും മറ്റു ചെലവുകളും ചേർത്ത് ഏകദേശം പ്രതിവർഷം 21,50,000 രൂപ ചെലവുണ്ട്; എന്നാൽ ഒരു പ്രവാസിക്ക് 38 ലക്ഷവും. BDS-ന്[167] എല്ലാം ചേർത്ത് നാലു വർഷത്തേക്കുള്ള ചെലവ് പ്രതിവർഷം ₹8,96,450 വരും; എന്നാൽ പ്രവാസികൾ കൊടുക്കുന്നത് 15 ലക്ഷവും. ഇത് ഒരു ഏകദേശക്കണക്കാണ്. പേജിൽ "മറ്റ് ഫീസുകളും" "ഹോസ്റ്റൽ/മെസ്സ് ഫീസുകളും" ആദ്യവർഷത്തേക്കുമാത്രമേ സൂചിപ്പിച്ചിട്ടുള്ളു. ഇതിനു പിന്നീട് മാറ്റം വരാം എന്നാണ് പറയുന്നത്. എന്റെ കണക്കുകൂട്ടൽ പിന്നീട് വരുന്ന വർഷങ്ങളിൽ ഉള്ള മാറ്റം കണക്കിലെടുക്കാതെ ആദ്യവർഷഫീസുവച്ചാണ്. കൺസൾട്ടന്റിന്റെ പ്രാഥമികകണക്ക് ഇനി പറയുന്ന പ്രകാരം ആയിരിക്കണം:

2021-ൽ MBBS ന്റെ വാർഷികവരുമാനം ഏകദേശം 105 കോടി രൂപയാണ്. BDS ന്റെ 2021-ലെ വാർഷികവരുമാനം 22 കോടി രൂപയാണ്. MBBS, BDS, മറ്റു കോഴ്സുകൾ എല്ലാംകൂടി: വാർഷികവരുമാനം 128 കോടി രൂപയാണ്. കൺസൾട്ടന്റിന്റെ വിശദീകരണത്തിന് ഒരു മാറ്റവുമില്ല എന്നു മാത്രമല്ല, അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ ഇപ്പോഴും സാധുവാണ്.

<u>തുടർന്ന് ലേഖനത്തിലെ രണ്ടാംഭാഗം:</u>[168]

അമൃതകോളേജുകൾ നൽകുന്ന ബിരുദങ്ങളും അവയിൽ ഇന്ത്യക്കാരുടെയും പ്രവാസികളുടെയും വാർഷികഫീസ് വിവരപ്പട്ടികയും താഴെയുള്ള ലിങ്കിൽ ലഭ്യമാണ്: http://amrita.edu/admissions/coursefees-nri-2012.pdf (old link)

(AN: കാലഹരണപ്പെട്ട ലിങ്ക്, താഴെ കൊടുത്തിരിക്കുന്ന ആർക്കൈവ് കാണുക)

https://web.archive.org/web/20121024153017/http://amrita.edu/admissions/coursefees-nri-2012.pdf

***https://drive.google.com/open?id=0B9WZKacY06_DVnZGTS1lZ3ltYVk***

(AN: അല്ലെങ്കിൽ റിസോർസ് ഫോൾഡറിലെ ബന്ധപ്പെട്ട ഫയൽ നോക്കുക; അനുബന്ധം നോക്കുക)

*റൂം, ബോർഡ് ചാർജ് എന്നിവ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. വിദേശവിദ്യാർഥികളുടെ ട്യൂഷൻഫീസ് ഇന്ത്യൻവിദ്യാർത്ഥികളെക്കാൾ ശരാശരി 50 ശതമാനം കൂടുതലാണ്. അമൃതകോളേജുകളുടെ ജനകീയമായ കോഴ്സുകളുടെ ഫീസ് വിവരപ്പട്ടിക താഴെ കൊടുക്കുന്നു (വിദേശികളുടെ ട്യൂഷൻഫീസ് മാത്രമേ ചേർത്തിട്ടുള്ളൂ):*

(AN: ഇടതുവശത്തെ പട്ടിക 2012 -ലെ നമ്പറുകൾ അടിസ്ഥാനപ്പെടുത്തി കൺസൾട്ടന്റ് തയ്യാറാക്കിയതും വലതുവശത്ത് എനിക്ക് ഇന്റർനെറ്റിൽനിന്നും ഇതിനോടനുബന്ധിച്ച് ലഭ്യമായ പിന്നീടുള്ള ചില വർഷങ്ങളുടെ കണക്കും കാണാം. 2018 - നീല, 2019- പച്ച, 2020 - മഞ്ഞ)

| Tuition fees per year in 2012 | | | | | | Tuition fees 2018, 19, 20 | | |
|---|---|---|---|---|---|---|---|---|
| College | Location | Degree | Resident INR | Resident USD | Foreigner USD | Resident INR | Resident USD | Foreigner USD |
| | | | | | | | | |
| **Medical** | Kochi | **MBBS** | 518 000 | 9 400 | 28 000 | 1 800 000 | **24 324** | **44 000** |
| **Dental** | Kochi | **BDS** | 422 000 | 7 680 | 15 000 | 500 000 | **6 757** | **NA** |
| **Dental** | Kochi | **MDS** | 556 900 | 10 170 | ? | 560 000 | **7 568** | **NA** |
| **Pharmacy** | Kochi | **Pharm D** | 287 550 | 5 230 | 7 000 | 345 000 | **4 662** | **7 000** |
| **Pharmacy** | Kochi | **M Pharm** | 232 550 | 4 230 | 8 000 | 245 000 | **3 311** | **8 000** |
| **Nursing** | Kochi | **BSc** | 184 000 | 3 350 | 4 000 | 100 000 | **1 351** | **3 500** |
| **Nursing** | Kochi | **MSc** | 224 000 | 4 000 | 9 000 | * 266 000 | **3 543** | **9 000** |
| **Business** | Kochi | **MBA** | 276 725 | 5 030 | 7 500 | 330 000 | **4 459** | **7 500** |
| **Business** | Amritapuri | **MBA** | 264 225 | 4 800 | 7 500 | 330 000 | **4 459** | **7 500** |
| **Business** | Bangaluru | **MBA** | 446 725 | 8 120 | 12 000 | 540 000 | **7 297** | **12 000** |
| **Business** | Coimbatore | **MBA** | 408 725 | 7 430 | 12 000 | 540 000 | **7 297** | **12 000** |
| **Engineering** | Bengaluru | **B Tech** | 208 000 | 3 780 | 5 000 | 260 000 | **3 514** | **6 000** |
| **Engineering** | Amritapuri | **B Tech** | 199 500 | 3 620 | 5 000 | 225 000 | **3 041** | **5 500** |
| **Engineering** | Coimbatore | **B Tech** | 232 000 | 4 220 | 7 000 | 308 000 | **4 162** | **7 000** |
| | | | | | | average | * 2021 | |
| USD Rate | 2012: 55 | | 2018: 68 | | 2019: 70 | | 2020: 74 | |

മത്സരമുള്ളതുകൊണ്ടാകാം എൻജിനീയറിംഗിന് പൊതുവേ പൈസ കുറവാണ്. കേരളത്തിൽ എണ്ണിത്തിട്ടപ്പെടുത്തിയാൽ എൺപതില് കൂടുതൽ എൻജിനീയറിംഗ് കോളേജുകളുണ്ട്. എന്നിട്ടും അമ്മ ആദ്യം സ്ഥാപിച്ചത് ഒരു എൻജിനീയറിംഗ് കോളേജാണ്. ഒരുപാട് ഇന്ത്യക്കാർ എൻജിനീയറാകാൻ താല്പര്യപ്പെടുന്നതുകൊണ്ട് എഞ്ചിനീയറിംഗ് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് മൊത്തത്തിലുള്ള ലാഭസാധ്യതകൾ കൂടുതലാണ്.

അമൃതയിലുള്ള 690 മെഡിക്കൽ, ദന്തൽ ബിരുദവിദ്യാർത്ഥികൾ എങ്ങനെ പ്രതിവർഷം 33 കോടി രൂപ വരുമാനം ഉണ്ടാക്കിക്കൊടുക്കുന്നു എന്ന് നാം കണ്ടു. അമൃതയുടെ വെബ്സൈറ്റ് പറയുന്നത് 16000 വിദ്യാർത്ഥികൾ അമ്മയുടെ സ്കൂളിൽ ചേർന്നിട്ടുണ്ട് എന്നാണ്. മുകളിലത്തെ പട്ടികയനുസരിച്ച്, ഒരു കുട്ടിക്ക് പ്രതിവർഷം 2,75,000 രൂപ ചാർജ്ജ് ചെയ്താൽ 16,000 കുട്ടികൾക്ക് അമൃതയ്ക്ക് കിട്ടുന്ന വരുമാനം 440 കോടി

രൂപയാണ്. സാമ്പത്തികസഹായം നൽകുന്ന രീതി കാരണം ഞാൻ അവിടെയുണ്ടായിരുന്നപ്പോൾ പാവപ്പെട്ട വിദ്യാർത്ഥികൾപ്പോലും അമ്മയുടെ കോളേജുകളുകൾക്ക് ലാഭമുണ്ടാക്കിയിരുന്നു. സംഘടന ഓരോ വർഷവും കോടിക്കണക്കിന് വരുമാനം നേടുന്നുണ്ടെങ്കിലും, "പേ-ഇറ്റ്-ഫോർവേർഡ്" പ്രോഗ്രാം വഴി സഹായം ലഭിച്ച ബിരുദധാരികൾ കുറഞ്ഞ ശമ്പളം ആണെങ്കിൽപ്പോലും മറ്റുള്ളവരുടെ വിദ്യാഭ്യാസത്തിന് പണം നൽകേണ്ട ബാധ്യതയിൽപ്പെടുന്നു. (എയിംസിലെ പാവപ്പെട്ട രോഗികൾക്ക് മരുന്നുബാങ്കുള്ളതിന് സമാനമാണിത്). അമ്മയുടെ കോളേജുകൾ ഓരോ വിദ്യാർത്ഥിയിൽനിന്നും ലാഭമുണ്ടാക്കുന്നത് തുടരുന്നു.

ഒരു കോളേജ് നടത്തിക്കൊണ്ടുപോവാൻ തീർച്ചയായും ചെലവുകളുണ്ട്. (എന്നിരുന്നാലും സ്റ്റുഡന്റ് സ്റ്റോറുകൾ, കാന്റീനുകൾ എന്നിവയിൽനിന്നും ലഭിക്കുന്ന അധികവരുമാനവുമുണ്ട്). വിദ്യാഭ്യാസത്തിലെ ഏറ്റവും വലിയ ചെലവ് അധ്യാപകരുടെ ശമ്പളമാണ്; എന്നാൽ കേരളത്തിൽ അത് വളരെ കുറവാണെന്ന് കാണാം.

http://paycommissionupdate.blogspot.com/2009/09/tamilnadu-college-teachers-lusted-to.html

നമ്മൾ ന്യായമായ വിദ്യാർത്ഥി-അധ്യാപക അനുപാതം എടുത്താൽ, ടീച്ചർമാരുടെ ശമ്പളം വരുമാനത്തിന് 15 ശതമാനത്തിൽ കൂടുതൽ വരില്ല. (1990-ൽ അമൃതപുരിയിൽ താമസിക്കുന്ന കാലത്ത് അമ്മയുടെ എൻജിനീയറിംഗ് കോളേജിലെ ചില ഭക്തരായ അധ്യാപകരെ കണ്ടു. അവർക്ക് താമസസൗകര്യമല്ലാതെ മറ്റാനുകൂല്യങ്ങളൊന്നും ഉണ്ടായിരുന്നില്ല). വരുമാനത്തിന്റെ 10% അഡ്മിനിസ്ട്രേഷൻ ചെലവുകൾ, വിദ്യാർത്ഥികളുടെ ഭക്ഷണം, താമസം, ക്ലാസ് റൂം തുടങ്ങി മറ്റു ചെലവുകൾക്കുവേണ്ടി എടുത്താലും ബാക്കി 75% ലാഭമാണ്. ഈ കണക്കുകൾ ശരിയാണെങ്കിൽ ഒരു വർഷം

*330 കോടി രൂപയാണ് മൊത്തം ലാഭം! ഉയർന്ന ലാഭവിഹിതവും കുറഞ്ഞ മൂലധനച്ചെലവും ഉന്നതവിദ്യാഭ്യാസത്തെ വളരെ ലാഭകരമായ ഒരു ബിസിനസ്സാക്കി മാറ്റുന്നു. അമ്മയുടെ വെബ്സൈറ്റ് പ്രകാരം ദക്ഷിണേന്ത്യയിൽ 5 അമൃത കാമ്പസുകൾ ഉണ്ട്. ഇന്ത്യയിലുടനീളം എട്ടു കാമ്പസുകൾകൂടി സ്ഥാപിക്കാൻ പദ്ധതിയുണ്ടെന്ന് വെബ്സൈറ്റ് പറയുന്നു. അമ്മയുടെ ഉയർന്ന ലാഭകരമായ വിദ്യാഭ്യാസ ബിസിനസ്സിൽനിന്നുള്ള ലാഭം ഇപ്പോൾ സംഘടനയുടെ വിദേശവരുമാനത്തെക്കാൾ (128 കോടി രൂപ) കൂടുതലാണ്. അമ്മയുടെ ലാഭകരമായ കോളേജ് ബിസിനസ്സ് ഭാവി ലക്ഷ്യവും ദിശയും പ്രതിനിധീകരിച്ചേക്കാം.*

AN: 2020 ൽ 6 കാമ്പസുകൾ ഉണ്ടായിരുന്നു. അമൃത സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം ഇപ്പോൾ 18000 ആണ്. ഒരു ഇന്ത്യൻ വിദ്യാർത്ഥിക്ക് ശരാശരി 4,50,000 രൂപയാണ് ട്യൂഷൻ ഫീസ്; ഒരു പ്രവാസിക്ക് 8 ലക്ഷം രൂപയും.

18000 വിദ്യാർത്ഥികളിൽ10% പ്രവാസികൾ ആണെന്ന് അനുമാനിച്ചാൽ, ഈ ലേഖനമെഴുതി ആറു വർഷം കഴിയുമ്പോൾ, അമൃത സ്കൂളുകളുടെ മൊത്തം വരുമാനം പ്രതിവർഷം 660 കോടി രൂപയായി ഉയർന്നിട്ടുണ്ടാകും[169]. മുൻവർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ 2018-19-ൽ വിദേശത്തുനിന്നും സംഭാവനയായി ലഭിച്ച വരുമാനം 17.6 കോടി രൂപയായിരുന്നു; ഇത് 36 മടങ്ങ് കുറവുമാണ്.

## ***b. മറ്റു സാക്ഷ്യപത്രങ്ങളും വിവരങ്ങളും:***

1. അമൃത പ്രൈവറ്റ് വിദ്യാഭ്യാസസാമ്രാജ്യം വടക്കേ അമേരിക്കയിലുള്ള പ്രാഥമികസ്കൂൾ (ബാലകേന്ദ്രം)[170] മുതൽ, സെക്കന്ററി സ്കൂളുകൾ (വിദ്യാലയം)[171], കോളേജുകൾ (വിദ്യാപീഠം)[172]

വരെ (ആറു കാമ്പസുകൾ, 15 അനുബന്ധ സ്കൂളുകൾ, 207 പ്രോഗ്രാമുകൾ) എല്ലാ തലങ്ങളും ഉൾക്കൊള്ളുന്നു. സംസ്ഥാനം[173] അംഗീകരിച്ച സർവ്വകലാശാലപദവിയും ഉണ്ട്.

2. യൂണിവേഴ്സിറ്റി ലബോറട്ടറികൾ നിർമ്മിക്കുന്ന സാങ്കേതിക കണ്ടുപിടിത്തങ്ങളുടെ വാണിജ്യവൽക്കരണത്തിലൂടെ സർവ്വകലാശാലകളും ഗവേഷണകാമ്പസുകളും പരോക്ഷമായി വരുമാനം നൽകുന്നു. അവരുടെ കൈവശം അമ്പതോളം പേറ്റന്റുകളും, നൂറോളം തീർപ്പാക്കാത്ത പേറ്റന്റുകളും, ഏഴായിരത്തോളം ശാസ്ത്രപ്രസിദ്ധീകരണങ്ങളുമുണ്ട്[174]. അവർ "ഫാർമാമൃതകോൺ 2020" പോലുള്ള ഫോറങ്ങളും സംഘടിപ്പിക്കുന്നു. യൂറോപ്പിലെയും യുഎസ്എയിലെയും ചില യൂണിവേഴ്സിറ്റികളുമായി എക്സ്ചേഞ്ച് കരാറുകളുമുണ്ട്.

3. വിദ്യാഭ്യാസസ്ഥാപനങ്ങൾ അതിലുപരിയായി സർവകലാശാലകൾ അക്ഷരാർത്ഥത്തിൽ റാങ്കിംഗിനുവേണ്ടി പരിശ്രമിക്കുന്നവരാണ്. ഇതിന്റെ യാഥാർത്ഥ്യവ◌ും മത്സരത്തിനായുള്ള ഭ്രാന്തമായ ഓട്ടവും വിദ്യാർത്ഥികളുടെ ക്ഷേമത്തിനും മാനസികാരോഗ്യത്തിനും ഹാനികരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു. ഗവേഷണത്തിന്റെ ഗുണനിലവാരത്തെയും ഇത് ബാധിക്കുന്നു.

4. ദേശീയത' എന്നത് സംഘടന ഉയർത്തിപ്പിടിക്കുന്ന ഒരു മൂല്യമായതിനാൽ, അവരുടെ ഗവേഷണങ്ങൾ സേനയെയും സംബന്ധിക്കുന്നവയാണ്, നാഷണൽ ബുള്ളറ്റ്പ്രൂഫ് വെസ്റ്റിന്റെ[175] കാര്യത്തിൽ എന്നതുപോലെ. അതിനെക്കുറിച്ച്

പറഞ്ഞിരിക്കുന്നത് *“ഇന്ത്യൻ യുദ്ധങ്ങൾ ജയിക്കുന്നതിന് ഇന്ത്യയിൽ തന്നെ വികസിപ്പിച്ച പ്രതിവിധികൾ, അമൃത സർവ്വകലാശാല ഇന്ത്യൻ സൈന്യത്തിന്റെ പ്രവർത്തിമണ്ഡലത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കുന്നു”*[176] എന്നാണ്. (പങ്കെടുക്കുന്നവർക്ക് സംശയം വരാതിരിക്കാനാവണം ഇന്ത്യൻ എന്നുള്ള വാക്ക് തലക്കെട്ടിൽ മൂന്നുപ്രാവശ്യം ഉപയോഗിച്ചതായി കാണാം). മാത്രമല്ല, കാമ്പസുകളിൽ ചിലപ്പോൾ സേനയിലേക്ക് ആളെ ചേർക്കാനുള്ള ഫോറങ്ങൾ സംഘടിപ്പിക്കാറുമുണ്ട്.[177]

5. രാഷ്ട്രീയ- ദേശീയ- ഹിന്ദു രജിസ്റ്ററിനെ പിന്തുടർന്ന് എല്ലാ വർഷവും ഇന്ത്യൻ സ്വാതന്ത്ര്യദിനത്തിന്[178] സ്കൂളുകൾ കുട്ടികളുടെയും സൈന്യത്തിന്റെയും പരേഡ്, പതാക ഉയർത്തൽ, ദേശഭക്തിഗാനങ്ങൾ, ഭക്തിഗാനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു. പടിഞ്ഞാറുള്ള “ആയുധ്” എന്ന യുവശാഖയ്ക്ക് കുറച്ചുകൂടി മൃദുവായുള്ള ലക്ഷ്യമാണ്: പാരിസ്ഥിതികവും ജൈവവും സുസ്ഥിരവും ആയ ഒന്ന്. എന്നാൽ ഇന്ത്യയിൽ കുറച്ച് കഠിനമായ ലക്ഷ്യങ്ങളാണ്: ഹിന്ദുദേശഭക്തിയും അതിനായി ഉയരുന്ന മുഷ്ടിയും.

6. ഈ അമൃത യൂണിവേഴ്സിറ്റി പ്രൊമോഷണൽ വീഡിയോയിൽ, എല്ലാ ഇന്ത്യക്കാരോടും അവരുടെ വ്യത്യാസങ്ങൾക്കതീതമായി ഒന്നിക്കാൻ ആഹ്വാനം ചെയ്യുന്നു, പതാക എല്ലായിടത്തും കാണപ്പെടുന്നു, ആയോധനസംഗീതം, ഗുസ്തി, കനത്ത സായുധസൈനികർ[179] എന്നിവയെ ഉയർത്തിക്കാണിക്കുന്നു. കവാടത്തിൽ സ്ഥിരം ശത്രുക്കളായ പാകിസ്ഥാനും ചൈനയും,

നീണ്ടുനിൽക്കുന്നതായ ആഭ്യന്തര-സ്വാതന്ത്ര്യ കലഹങ്ങളും ഇന്ത്യയിലുണ്ടെന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്. അതുകൊണ്ടുതന്നെ ഈ താല്പര്യങ്ങൾ ഉത്തേജിപ്പിക്കുന്നതിന്റെ സന്ദർഭം നമ്മൾക്ക് മനസ്സിലാകും.

7. സർവകലാശാലയിൽപ്പോലും *“എല്ലാദിവസവും വേദശ്ലോകങ്ങളിൽ നിന്നുള്ള സാർവത്രിക പ്രാർത്ഥനയോടെയാണ് ക്ലാസുകൾ ആരംഭിക്കുന്നത്. എല്ലാ വിദ്യാർത്ഥികളും പ്രാർത്ഥന ആരംഭിക്കുന്നതിന് മുമ്പ് ക്ലാസിൽ എത്തിയിരിക്കണം”* ഇത് വിദ്യാലയത്തിലെ പെരുമാറ്റചട്ടത്തിൽ നിന്ന് എടുത്തതാണ്[180]. പ്രാർത്ഥനകൾ[181] നിഷ്പക്ഷമാണെങ്കിൽക്കൂടി മറ്റു മതത്തിലുള്ള വിദ്യാർത്ഥികൾ എന്തു വിചാരിക്കുന്നുവെന്ന് എനിക്കറിയില്ല.

8. വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒരു പുതിയ തരം ഗുരുകുലമാണെന്ന് സ്വയം അഭിമാനിക്കുന്നു. ഇതിനെക്കുറിച്ച് വിശദമായി രണ്ടാം ഭാഗത്തിൽ പറയാം. ചുരുക്കിപ്പറഞ്ഞാൽ ഗുരുകുല (പദോല്പത്തിപ്രകാരം ഗുരുവിന്റെ കുലം) സമ്പ്രദായത്തിൽ വളരെ കുറച്ച് വിദ്യാർത്ഥികൾ ഗുരുവിനൊപ്പം നിന്ന് പഠിക്കുന്നു. ഇത് അധ്യാപകന് അവരെ പിന്തുടരാനും തത്സമയം കാണാനും അവരെ അടുത്തറിയാനും അറിവിന്റെ കൈമാറ്റം സമഗ്രമായ രീതിയിൽ നടത്താനും അനുവദിക്കുന്നു. ഗുരുവിനുള്ള ഭക്ഷണം വിദ്യാർത്ഥികൾ കൊണ്ടുവരികയും അവർക്കുള്ള ഭക്ഷണം ഗുരുപത്നി നൽകുകയും ചെയ്തിരുന്നു. എന്നാൽ നമ്മൾക്ക് പിന്നീട് കാണാം, അവരുടെ ഈ തലക്കെട്ട് നമ്മുടെ പാരമ്പര്യത്തെ പരിഹസിക്കുന്നതും മറ്റുള്ളവരോടുള്ള തികഞ്ഞ അവജ്ഞയുമാണ് കാണിക്കുന്നത്. അമൃത

വിദ്യാലയത്തിന്റെ മിഷൻവാക്യം[182] ശ്രദ്ധയർഹിക്കുന്നതാണ്:

> ***ദൗത്യം:*** *നമ്മുടെ ദൗത്യം സമ്പന്നമായ പഠനാന്തരീക്ഷത്തിൽ ശാസ്ത്രീയവിദ്യാഭ്യാസത്തോടൊപ്പം നമ്മുടെ സംസ്കാരത്തിലും ആത്മീയമൂല്യങ്ങളിലും സമാനതകളില്ലാത്ത വിദ്യാഭ്യാസം പ്രധാനം ചെയ്യുക എന്നതാണ്. ഇവിടെ ശാരീരികം, മാനസികം, ആത്മീയം, സാംസ്കാരികം തുടങ്ങി എല്ലാത്തലങ്ങളിലുമുള്ള വ്യക്തിത്വത്തിലൂടെ, നിർഭയമായി മികവ് പുലർത്താൻ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുന്നു. ഞങ്ങളുടെ വിദ്യാർത്ഥിയുടെ ജീവിതത്തിൽ സ്വയംപൂർത്തീകരണത്തിന്റെയും സാമൂഹിക ഉത്തരവാദിത്വത്തിന്റെയും അടിത്തറ പാകാൻ ഞങ്ങൾ ശ്രമിക്കുന്നു.*
>
> ***കാഴ്ചപ്പാട്:*** *21-ാം നൂറ്റാണ്ടിലെ കുട്ടികളുടെ അഭിലാഷങ്ങളും ആവശ്യങ്ങളും നിറവേറ്റുന്നതിനൊപ്പം ഗുരുശിഷ്യപരമ്പരയുടെ പരമ്പരാഗതമൂല്യങ്ങളെ അടിസ്ഥാനമാക്കി സ്കൂൾവിദ്യാഭ്യാസത്തിൽ ഒരു പുതിയ മാതൃക സൃഷ്ടിക്കാൻ ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു.*

*ഇതാണ് പ്രസിദ്ധമായ ഗുരു-ശിഷ്യപരമ്പര, വംശപരമ്പരയുടെ കൈമാറൽ. ഗുരുപരമ്പരയില്ലാത്ത ഒരു ഗുരുവിൽ നിന്നാണ് ഇത് എന്ന വൈരുദ്ധ്യം നമുക്ക് പിന്നീടു കാണാം. പരമ്പരാഗതപദങ്ങളുടെയും ആശയങ്ങളുടെയും ദുരുപയോഗം അവരെ ഒട്ടും അലട്ടുന്നതായി തോന്നുന്നില്ല.*

9. എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും വെബ്സൈറ്റിൽ സ്ഥാപനങ്ങളുടെ ചാൻസിലറെ വലിയ മനുഷ്യസ്നേഹിയായ

ജനനേതാവായിട്ടാണ്[183] അവതരിപ്പിച്ചിട്ടുള്ളത്. അവർക്കുവേണ്ടി ആ പദം ഉപയോഗിക്കുന്നത് അതിനെ ദുരുപയോഗം ചെയ്യലാണെന്ന് നാം കണ്ടിട്ടുള്ളതാണ്. ഒരു കൂട്ടം ആളുകളുടെ മാത്രം ആരാധനാമൂർത്തിയായി അവരെ കാണാതിരിക്കാൻ വേണ്ടിയാണത്.

10. മറുവശത്ത്, വിദ്യാർത്ഥികളും രക്ഷിതാക്കളുമായും ഉള്ള തർക്കങ്ങൾ പരിഹരിക്കപ്പെടുന്ന രീതി തികച്ചും സമൂലമായതും പരുഷവുമാണ്. അനുകമ്പ, സേവനം, പാരമ്പര്യം, തുറന്ന മനസ്സ്, ജനാധിപത്യം, സംവാദം, നീതി, അഭിപ്രായസ്വാതന്ത്ര്യം എന്നിവ ഉണർത്താൻ ഇവർ ഒന്നും ചെയ്യുന്നില്ല.

11. ഇതൊന്നും കൂടാതെയും ഒരുപാടു പരാതികളുണ്ടെന്ന് നമുക്ക് കാണാം; കോഴ്സുകൾ, ഹോസ്റ്റൽ, ഭക്ഷണം എന്നിവയുടെ ഗുണമേന്മ, ഫീസ്, നിർബന്ധിതസംഭാവനകൾ, കർശനമായ നിയന്ത്രണങ്ങൾ, വിദ്യാർത്ഥികളോടുള്ള കർശനസമീപനം, ഇന്റർനെറ്റ് ഉപയോഗത്തിന്റെ നിയന്ത്രണങ്ങൾ, കായികവിനോദം, സഞ്ചാരസ്വാതന്ത്ര്യം എന്നിവയെക്കുറിച്ചുള്ള പരാതികൾ, അതുകൂടാതെ കടുത്ത മത്സരവും ആത്മഹത്യകളും അവിടെ അരങ്ങേറുന്നുണ്ട്.

## ***c. അമ്മയുടെ വിദ്യാഭ്യാസസമ്പ്രദായത്തിന്റെ കാഴ്ചപ്പാട്:***

ആത്മഹത്യപ്രശ്നം കൈകാര്യം ചെയ്യുകയും ഇന്റർനെറ്റിലുള്ള വിമർശനങ്ങൾ, പരാതികൾ എന്നിവയുടെ ഉദ്ധരണികളിലൂടെ കടന്നുപോവുകയും ചെയ്യുന്നതിനുമുമ്പ് നമുക്ക് ഔദ്യോഗികപ്പതിപ്പ്

പരിശോധിക്കാം. വിദ്യാഭ്യാസസ്ഥാപനങ്ങൾ അതിന്റെ പങ്ക് എങ്ങനെ കാണുന്നു, അതിന്റെ കാഴ്ചപ്പാട് എന്താണ് എന്നു നോക്കാം. നാല് സൈറ്റുകളിലായി വ്യാപിച്ചുകിടക്കുന്ന ആർട്സ് ആന്റ് സയൻസ് ഫാക്കൽറ്റികളുടെ ഫ്ലൈയറുകൾ മാത്രമേ ഞങ്ങൾ ഇവിടെ അവലോകനം ചെയ്യുന്നുള്ളൂ. നമുക്ക് കൊച്ചിയിലെയും മൈസൂരിലെയും കാമ്പസുകൾ കൂടി നോക്കാം.

104 പേജുള്ള കൊച്ചിൻ ഫാക്കൽറ്റി പ്രോസ്പെക്ടസിൽ[184] ഒരാൾ ആദ്യം ശ്രദ്ധിക്കുന്നത് മൂന്ന് ഫോട്ടോകളാണ്: ഒന്ന് A പോപ്പിന്റെ അടുത്തുനിൽക്കുന്നത്, മറ്റൊന്ന് അവർ 2010-ൽ ന്യൂയോർക്ക് സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽനിന്നും ഓണററി ഡോക്ടറേറ്റ് സ്വീകരിക്കുന്നത്, മൂന്നാമത്തേത് അവർ ന്യൂയോർക്കിൽ യുഎന്നിൽ സാങ്കേതികവിദ്യയെയും സുസ്ഥിരവികസനത്തെയും (ഈ വിഷയത്തിൽ അപാരജ്ഞാനം ഉണ്ടല്ലോ?!) കുറിച്ച് സംസാരിക്കുന്നത്.

തുടർന്ന് "അമ്മ പറയുന്നു..." എന്ന അവരുടെ സ്ഥിരം പല്ലവിയാണ്. ആശ്രമത്തിലെ അന്തേവാസികൾ കാര്യങ്ങൾ വേഗത്തിലാക്കുന്നതിനായി ഉപയോഗിക്കുന്നതും ഇതേ തന്ത്രമാണ്; "അമ്മ പറഞ്ഞു" എന്നു പറഞ്ഞാൽ ഒട്ടുമിക്കവരും യാതൊരു എതിർപ്പുമില്ലാതെ പെട്ടെന്ന് അനുസരിക്കും. മറ്റൊരാൾ എഴുതിക്കൊടുക്കാതെ ഇവർക്ക് പ്രഭാഷണം പറയാനുള്ള കഴിവില്ല എന്നത് സ്പഷ്ടമായ കാര്യമാണ്. 002 അവർക്ക് എന്തെഴുതിക്കൊടുത്തു (ആദ്യത്തെ വരിയിൽനിന്നുതന്നെ ആ ശൈലി മനസ്സിലാക്കാം) എന്ന് നമുക്ക് നോക്കാം. സംഗ്രഹമായതുകൊണ്ടാണ് ഉദ്ധരണികളുടെ അഭാവം:

> ***<u>അമൃത വിദ്യാഭ്യാസസമ്പ്രദായം</u>***
> *വിദ്യാർത്ഥികൾക്ക് മറ്റു സ്ഥാപനങ്ങളിലെപ്പോലെ ഉപജീവനത്തിനായി വിദ്യാഭ്യാസം നൽകുന്നതിൽ മാത്രമൊതുങ്ങുന്നില്ല, മറിച്ച് ലോകത്തെയും തങ്ങളെയും കുറിച്ച് ആഴത്തിൽ മനസ്സിലാക്കാൻ*

*പഠിപ്പിക്കുന്നു എന്ന കാര്യത്തിൽ അവർ സ്വയം അഭിമാനിക്കുന്നു. വിദ്യാഭ്യാസത്തിന്റെ പ്രധാനലക്ഷ്യം ഹൃദയത്തിന്റെ സംസ്ക്കാരം നൽകുക എന്നതായിരിക്കണം- ആത്മീയമൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു സംസ്കാരം. വാക്കുകളിലൂടെയും പ്രവൃത്തിയിലൂടെയും നമ്മ പ്രകടിപ്പിക്കുന്ന ഹൃദയങ്ങൾ തമ്മിലുള്ള ആശയവിനിമയത്തെക്കുറിച്ച് അദ്ദേഹം സംസാരിക്കുന്നു. സമൂഹത്തിലെ അന്ധകാരമകറ്റി, സമാധാനം, അഹിംസ എന്നിവയിലൂടെ ലോകത്തെ പ്രകാശമാനമാക്കി വിളങ്ങുന്നതിനും അതിലൂടെ മറ്റുള്ളവർക്ക് മാതൃകയാവുന്നതിനും പ്രേരണയാവുന്നതിനെക്കുറിച്ച് സംസാരിക്കുന്നു.*

ആത്മീയമൂല്യങ്ങളിൽ അധിഷ്ഠിതമായ ഹൃദയത്തിന്റെ കപട- താത്വിക- ആത്മീയപരമായ സംസ്കാരത്തിൽ നാം അധികനേരം ചെലവഴിക്കേണ്ടതില്ല. ശാസ്ത്രത്തെയും ആത്മീയതയെയും കുറിച്ചുള്ള ഒഴിച്ചുകൂടാനാവാത്ത ഭാഗവും സ്ഥാപനത്തിന്റെ റാങ്കിംഗിനെക്കുറിച്ചുള്ള ആദ്യപേജും കണ്ടതിനുശേഷം മാത്രമേ ഒരാൾക്ക് വിവരങ്ങളുടെ ഹൃദയഭാഗത്തേക്ക് എത്താൻ കഴിയൂ.

പിന്നെ നമ്മൾ യൂണിവേഴ്സിറ്റിയുടെ *ദൗത്യത്തിലെത്തുന്നു:* *"മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നൽകാനും ശാസ്ത്രത്തിന്റെയും ആത്മീയതയുടെയും സമന്വയത്തിലൂടെ യുവതലമുറയുടെ സ്വഭാവം രൂപപ്പെടുത്തുകയും അങ്ങനെ ജീവിതത്തിൽ പുരോഗതിയും അഭിവൃദ്ധിയും കൈവരിക്കാനുള്ള അവരുടെ ആത്മാർത്ഥമായ പരിശ്രമം സമൂഹത്തിന് നിസ്വാർത്ഥമായ സേവനങ്ങൾ നൽകാനുള്ള തീവ്രമായ ആഗ്രഹവുമായി ഒത്തുചേരുന്നു."*

യൂണിവേഴ്സിറ്റി സ്ഥാപനം മാതാഅമൃതാനന്ദമയി മഠമാണ് നടത്തുന്നത് എന്ന് പിന്നീടുള്ള വിശദീകരണത്തിൽ നമുക്കു കാണാം. മഠം എന്ന് പറഞ്ഞാൽ ഹിന്ദു-ജെയിൻ-

ബുദ്ധസന്യാസിമാരുടെ ലാഭേച്ഛയില്ലാത്ത ആത്മീയ സ്ഥാപനങ്ങളാണ്. ഒരു ആശ്രമം, പഠനകേന്ദ്രം, ധ്യാനകേന്ദ്രം, മതസ്ഥാപനം എന്ന അർത്ഥത്തിലാണ് ഈ പദം ഉപയോഗിക്കുന്നത്. ആദിശങ്കരന്റെ പാരമ്പര്യത്തിൽ ആദ്യം ഉപയോഗിച്ചിരുന്ന പദം, ശ്രീരാമകൃഷ്ണപരമഹംസന്റെ സംഘടനയും പിന്നീട് A യും കടമെടുത്തു. നിയമപരമായ ഒരു സ്ഥാപനമെന്ന നിലയിൽ അത് ചട്ടങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. ഇതിനകം സൂചിപ്പിച്ചതുപോലെ, അത്തരം ചട്ടങ്ങളോ ഉപനിയമങ്ങളോ അറിയിക്കേണ്ടത് പ്രസക്തമാണെന്ന് ഓർഗനൈസേഷൻ കരുതുന്നില്ല, എന്നാൽ ഒരു ചാരിറ്റി എന്ന നിലയിൽ അതവരുടെ പ്രാഥമിക കടമയാകുന്നു. പ്രോസ്പെക്റ്റസിന്റെ 100-ാം പേജിൽ സംഘടന വെളിപ്പെടുത്തുന്ന ഒരേയൊരു കാര്യം അത് മനുഷ്യരാശിയുടെ സേവനത്തിനായി സമർപ്പിക്കപ്പെട്ട ഒരു പൊതുചാരിറ്റബിൾ ട്രസ്റ്റ് എന്നതാണ്. പകൽവെളിച്ചത്തിൽ വെളിപ്പെട്ട അവ്യക്തത ആരും ശ്രദ്ധിച്ചതായി തോന്നുന്നില്ല. തീർച്ചയായും മുൻജോയിന്റ് ജനറൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയതുപോലെ (chapter IV.2.a.), ചാരിറ്റബിൾ മഠത്തിന്റെ നിയമവശങ്ങൾ അതിനെ ലാഭമുള്ള സ്വകാര്യസ്ഥാപനം എന്ന രീതിയിൽ നടത്താൻ അനുവദിക്കുന്നില്ല. പക്ഷേ ഇതിൽ ആർക്കും ഒരു ബുദ്ധിമുട്ടുള്ളതായി തോന്നുന്നുമില്ല. ഇവിടെ ഒന്നും ശ്രദ്ധിക്കാനില്ല എന്ന മട്ടിൽ അവർ തുടരുന്നു.

അവസാനം നമ്മൾ സ്ഥാപനത്തിന്റെ 'വിഷൻ' നിലേക്ക് എത്തുന്നു. ശൈലി കണ്ടിട്ട് അതും 002 ന്റെ തലയിൽനിന്ന് വന്നതാണെന്ന് തോന്നുന്നു. എളുപ്പത്തിനുവേണ്ടി ഞാനത് ചുരുക്കിയെഴുതാം.

> അറിവിന്റെ സമൃദ്ധിയും വിവേചനശക്തിയുമുള്ള ഒരു ലോകം; മനുഷ്യരാശിയുടെ നന്മയ്ക്കായി ആരോഗ്യകരവും സമഗ്രവുമായ രീതിയിൽ വിജ്ഞാനപോഷണവും വ്യാപനവും; മറ്റുള്ളവരെ പ്രാപ്തരാക്കുകയും സഹായിക്കുകയും ചെയ്യുന്ന,

ആരോഗ്യകരമായ അറിവാൽ ശാക്തീകരിക്കപ്പെട്ട ഒരു മനുഷ്യൻ; ശ്രേഷ്ഠവും ആരോഗ്യകരവുമായ മൂല്യങ്ങളുടെ വികാസത്തിന് അനുകൂലമായ രീതിയിൽ ആശയങ്ങൾ, ചിന്തകൾ, വികാരങ്ങൾ, പ്രവൃത്തികൾ എന്നിവയുടെ മികച്ച കൈമാറ്റം സാധ്യമായ ഒരു വ്യവസ്ഥിതി; ഓരോ ചിന്തയിലും പ്രവർത്തിയിലും വ്യക്തമായ ദിശാബോധത്തോടെ ധർമ്മത്തിന്റെ പാത പിന്തുടരുന്ന, സ്നേഹത്തിന്റെയും ഐക്യത്തിന്റെയും സമാധാനത്തിന്റെയും അറിവിന്റെയും ലോകം കെട്ടിപ്പടുക്കാൻ പ്രവർത്തിക്കുന്ന മനുഷ്യർ.

പിന്നീട് സൈറ്റിലെ വിവരണത്തിൽ, സ്ഥാപനം *അതിരുകളില്ലാത്ത മഹത്വത്തിലേക്കും പ്രശസ്തിയിലേക്കും കുതിക്കുകയാണെന്ന് ആഖ്യാതാവ്* വിവരിക്കുന്നു. (ഇത് വിശ്വസിക്കുന്ന മാതാപിതാക്കളും കുട്ടികളും ഉണ്ടാകുമെന്നത് ആശ്ചര്യകരമാണ്. എന്നാൽ അതിലും ആശ്ചര്യപ്പെടുത്തുന്നത് ഉള്ളടക്കത്തിന്റെ ഏതാണ്ട് ഭ്രമാത്മകസ്വഭാവം രചയിതാവ് മനസ്സിലാക്കുന്നില്ല എന്നതാണ്.)

**പാഠ്യേതരപ്രവർത്തനത്തിൽ** ബ്രോഷറിന്റെ സാംസ്കാരിക സംഘം എന്ന തലക്കെട്ടിൽ പറയുന്നത്, "*അമ്മയുടെ സന്ദേശത്തിൽ നിന്ന് പ്രചോദനമുൾക്കൊണ്ട്, ധാർമ്മികമൂല്യങ്ങൾ പരിശീലിപ്പിക്കുന്നതിനും സഹജീവികളെ സേവിക്കുന്നതിനുമാണ് ഗ്രൂപ്പ് ലക്ഷ്യമിടുന്നത്.*" എന്നാണ് (p 64).

അൽപ്പം കൂടി മുന്നോട്ടുപോകുമ്പോൾ സ്ഥാപനത്തിന്റെ ഫിലോസഫിയും മെച്ചങ്ങളും എന്ന തലക്കെട്ടിൽ, "*അമ്മ ഉൾക്കൊള്ളുന്ന നിരുപാധികമായ സ്നേഹവും അനുകമ്പയും അമൃതാസ്ഥാപനങ്ങൾ നടത്തുന്ന നിസ്വാർത്ഥ സംരംഭങ്ങളുടെ വ്യാപ്തി വർദ്ധിപ്പിച്ചു*" (p 66) എന്നും നമുക്ക് കാണാം.

ആഖ്യാനമനുസരിച്ച്, അവിടുത്തെ അച്ചടക്കമുള്ള ദിനചര്യയും വ്യക്തിത്വവളർച്ചയും, വ്യത്യസ്തമായ ഒരു അധ്യയന അന്തരീക്ഷം സൃഷ്ടിക്കുന്നു. വിദ്യാർത്ഥികളും ജീവനക്കാരും പ്രാർത്ഥനയോടും ധ്യാനത്തോടും കൂടി ദിവസം ആരംഭിക്കുന്നു. തുടർന്ന് പ്രമുഖവ്യക്തികൾ നയിക്കുന്ന സംഭാഷണങ്ങൾ, ചർച്ചകൾ, റോൾ പ്ലേകൾ എന്നിവ ഉൾപ്പെടുന്ന വ്യക്തിപരവും ആത്മീയവുമായ വികസനപരിപാടികളിൽ പങ്കെടുക്കാൻ വിദ്യാർത്ഥികൾക്ക് അവസരമുണ്ട്. ട്രാൻസാക്ഷണൽ അനാലിസിസ്, ന്യൂറോ-ലിംഗ്വിസ്റ്റിക് പ്രോഗ്രാമിംഗ്, ക്രിയേറ്റീവ് വിഷ്വലൈസേഷൻ, സംസ്കൃത പഠനം, യോഗ, മെഡിറ്റേഷൻ, ആരോഗ്യപരിചരണം, ജീവിതശൈലിയെക്കുറിച്ചുള്ള അവബോധം തുടങ്ങിയ സെഷനുകൾ ഇതിന്റെ ഭാഗമാണ്. വിദ്യാർത്ഥികളുടെ അന്തർലീനമായ കഴിവുകൾ പുറത്തുകൊണ്ടുവരുന്നതിനും വിശാലമനസ്കതയുടെയും നിസ്വാർത്ഥതയുടെയും വികാരം വളർത്തിയെടുക്കുന്നതിനും ഈ പ്രോഗ്രാമുകൾ ഉപയോഗപ്രദമാണ്. സോഫ്റ്റ്-സ്കിൽ പരിശീലനവും അഭിരുചി മെച്ചപ്പെടുത്തലും നിർബന്ധിതവിഷയങ്ങളാണെന്നും കാണാം. (p. 69)

ആത്മവിശ്വാസം വളർത്തുന്നതിനായി യോഗ, ജീവിതമൂല്യങ്ങൾ, ജീവിതപ്രാപ്തി എന്നിവയിൽ ഹോസ്റ്റൽനിവാസികൾക്കായി പ്രത്യേക മെന്ററിംഗ് സെഷനുകൾ നടത്തുന്നു. മാനുഷികപ്രവർത്തനങ്ങൾ എന്ന് വിളിക്കപ്പെടുന്ന കാര്യങ്ങളുടെ ശ്രദ്ധേയമായ ഒരു ലിസ്റ്റ് സംഘടന ഒടുവിൽ അവതരിപ്പിക്കുന്നു. ആഫ്രിക്കൻ കുട്ടികളാൽ ചുറ്റപ്പെട്ട അമ്മയുടെ ഫോട്ടോ നമുക്ക് കാണാം. ആശ്രമത്തിന്, ഇന്ത്യയിലെ 23 കേന്ദ്രങ്ങൾ കൂടാതെ മറ്റ് 27 രാജ്യങ്ങളിലും കേന്ദ്രങ്ങളുണ്ട്. (p 100). മുൻപ് രണ്ടുതവണ പരാമർശിച്ചത് കൂടാതെ, റാങ്കിംഗിനായി മാത്രം നീക്കിവച്ചിരിക്കുന്ന ഒരു പേജിലാണ് പ്രോസ്പെക്ടസ് അവസാനിക്കുന്നത്.

44 പേജുള്ള ‘മൈസൂർ ഫാക്കൽറ്റി ഫ്ലയർ’[185] 002 ന്റെ ഫോട്ടോസഹിതം ഭാവി വിദ്യാർത്ഥികളെ സ്വാഗതം ചെയ്യുന്നു. അതിനടുത്തായി ഇനിപ്പറയുന്ന വാചകം കാണാം: *“അമ്മയുടെ അനന്തമായ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും ഈ മഹത്തായ സ്ഥാപനത്തിലേക്ക് ഞങ്ങൾ, അമൃതകുടുംബം, നിങ്ങളെ ഇരുകൈകളും നീട്ടി സ്വാഗതം ചെയ്യുന്നു.”* അക്കാദമിക മികവ് മാത്രം പോരെന്നും ഏറ്റവും പ്രധാനം നമ്മുടെയുള്ളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും അന്തർലീനമായ കഴിവുകൾ പ്രകടിപ്പിക്കാനുമുള്ള പ്രാപ്തിയുമാണെന്ന് സ്വാമി പറയുന്നു. ആന്തരികസ്രോതസ്സിലേക്ക് ഇറങ്ങിച്ചെല്ലാനും തന്റെ ജോലിയിൽ കൃപാകടാക്ഷം കൊണ്ടുവരാനുമുള്ള കഴിവും ആയിരിക്കും തൊഴിലിടങ്ങളിലെ മത്സരത്തിൽ മാറ്റം കൊണ്ടുവരുക എന്നദ്ദേഹം പറയുന്നു. അമൃതയിൽ ലഭ്യമാകുന്ന അത്ഭുതകരമായ അവസരങ്ങളിലേക്ക് ഒരാൾക്ക് ഇറങ്ങിച്ചെല്ലാൻ കഴിയുന്നിടത്തോളം മാത്രമേ ഇത് സാധ്യമാകൂ എന്ന് വ്യക്തമായ ഒരു മുന്നറിയിപ്പ് നൽകിക്കൊണ്ട് അവസാനിപ്പിക്കുന്നു. അദ്ദേഹം കൂട്ടിച്ചേർക്കുന്നു, *“അമ്മയുടെ കൃപ എപ്പോഴും നിങ്ങളിൽ ഉണ്ടായിരിക്കട്ടെ; സ്നേഹത്തോടെയും പ്രാർത്ഥനയോടെയും.”* ഇതൊരു സ്വകാര്യയൂണിവേഴ്സിറ്റിയുടെ പ്രോസ്പെക്ടസ് ആണെന്ന് ഓർക്കണം; അല്ലാതെ ആരാധനാലയത്തിലേക്ക് പുതിയ ഭക്തന്മാരെയോ അംഗങ്ങളെയോ ആകർഷിക്കാനുള്ളതല്ല.

പ്രോ-ചാൻസലറുടെ വാക്കുകൾ: *“സാർവ്വത്രിക മാനുഷിക മൂല്യങ്ങളാൽ അഭിരമിക്കുന്ന ഒരു അക്കാഡമിക്സ് ജീവിതം നയിക്കാൻ അമൃതകുടുംബത്തോടൊപ്പം ഉണ്ടായിരിക്കുക. നിങ്ങളെ ആരോഗ്യകരമായ അറിവിലൂടെ ശാക്തീകരിക്കുകയും ഞങ്ങളുടെ അംബാസാഡർമാരായി നിങ്ങളുടെ സ്പെഷ്യലൈസേഷൻ മേഖലയിലേക്ക് അയയ്ക്കുകയും ചെയ്യും.”* ഈ അവസാനവാചകം വളരെ രസകരമാണ്. കാരണം നമ്മൾ പിന്നീട് IV.3.1 ശ്രദ്ധിക്കുമ്പോൾ

മനസ്സിലാകും; 2020-ൽ ഇറങ്ങിയ 38 പേജ്[186] അധികമുള്ള പ്രോസ്പെക്ടസിൽ പക്ഷേ ഇത് ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു.

*"ഏറ്റവും പ്രധാനമായി അമൃത (സർവ്വകലാശാല) നയിക്കുന്നത് അമ്മ- പരിശുദ്ധയായ മാതാ അമൃതാനന്ദമയി ദേവിയും, നിയന്ത്രിച്ചുവരുന്നത് ഒരു സേവനാധിഷ്ഠിത ആഗോള ആത്മീയ സംഘടനയായ മാതാ അമൃതാനന്ദമയീ മഠവുമാണ്."* (P15)

ഫാക്കൽറ്റി ഡയറക്ടർ പറഞ്ഞ പ്രകാരം: *"വിദ്യാർത്ഥികളിൽ ധൈര്യവും ആത്മവിശ്വാസവും ശാശ്വതമായ ജീവിതമൂല്യങ്ങളോടുള്ള വിലമതിപ്പും, ഉപേക്ഷിക്കേണ്ട കാര്യങ്ങളെക്കുറിച്ചുള്ള തിരിച്ചറിവും വികസിപ്പിക്കുന്നു. ഏത് തീരുമാനം കൈക്കൊള്ളുമ്പോഴും, വിദ്യാർത്ഥികളുടെ വിജയത്തെ മാത്രം ഹൃദയത്തിൽ പ്രതിഷ്ഠിക്കുകയും അത്രമേൽ പ്രതിബദ്ധതയും കരുതലും കൈമുതലായുമുള്ള ഒരു ടീം ഉണ്ട് എന്നുള്ളത് ഞങ്ങളുടെ സ്കൂളിന് അങ്ങേയറ്റം ഭാഗ്യമാണ്. അമൃത മൈസൂർ കാമ്പസിൽ ഞങ്ങൾ വിദ്യാർത്ഥികളെ ശരിയായ പെരുമാറ്റരീതിയിൽ പരിശീലിപ്പിക്കാൻ ശ്രമിക്കുന്നു; അങ്ങനെ അവരുടെ സ്വഭാവം ശക്തിപ്പെടുത്തുന്നു. സ്കൂൾ പ്രാർത്ഥന, പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ, ഉത്സവാഘോഷങ്ങൾ, ക്ലബ്ബ് പ്രവർത്തനങ്ങൾ, മറ്റു പരിപാടികൾ എന്നിവയെല്ലാം നമ്മുടെ പ്രാഥമികശ്രദ്ധ കേന്ദ്രീകരിക്കുന്ന അക്കാദമിക് മികവിന് പുറമെ മാനുഷിക മൂല്യങ്ങളുടെ വ്യാപനത്തിനു വേണ്ടിയുള്ളതാണ്."* (p.17)

*മൈസൂർ ASAS മനുഷ്യവർഗ്ഗത്തെയും പ്രകൃതിയെയും സ്നേഹത്തോടും വിശ്വാസത്തോടും സഹിഷ്ണുതയോടും മാനവികതയോടും (...) കൂടി സേവിക്കാൻ (..) ശ്രമിക്കുന്നു. പുരാതനകലയിൽനിന്നും യോഗ, ധ്യാനം എന്നിവയുടെ ശാസ്ത്രത്തിൽനിന്നും ഉൾക്കാഴ്ചകൾ നൽകുന്നു; സാംസ്കാരികവിദ്യാഭ്യാസത്തിന്റെ നിർബന്ധിത*

*കോഷ്ഠുകളിലൂടെ ആഴത്തിലുള്ള മൂല്യങ്ങൾ ഉൾക്കൊള്ളുന്നു.''* (p.18, 19)

*''അമ്മയുടെ നിസ്വാർത്ഥസേവനത്താൽ പ്രചോദിതരായ അധ്യാപകരുടെയും വിഷയവിദഗ്ദ്ധരുടെയും കൺസൾട്ടന്റുമാരുടെയും സമർപ്പണബോധമുള്ള ഒരു സംഘമാണ് കോളേജ് ഫാക്കൽറ്റിയുടെ കാതൽ.''* (p. 32) *''വിദ്യാർത്ഥികളുടെ ഓരോ ബാച്ചും നിർബന്ധമായും 'IAM Technique- യോഗ, പ്രാണായാമം, ധ്യാനം എന്നിവയുടെ സംയോജനം, അമ്മയുടെ സൃഷ്ടി എന്നിവ ചെയ്തിരിക്കണം.''* (p.36)

അമൃതവിദ്യാഭ്യാസസമ്പ്രദായത്തിന്റെ ദൗത്യം, കാഴ്ചപ്പാട്, സിദ്ധാന്തങ്ങൾ എന്നിവയിലൂടെയുള്ള ഈ ചെറിയ പര്യടനത്തിൽ നമ്മളിൽ ബാക്കിയാകുന്നത് എന്താണ്?

1. വേറിട്ടുനിൽക്കുന്ന ആദ്യത്തെ കാര്യം A യുടെ പ്രശസ്തിയെ തന്ത്രപൂർവ്വം ഉപയോഗപ്പെടുത്തിയിരിക്കുന്നു എന്നതാണ്. പ്രശസ്തിക്കായി പ്രയത്നിക്കുന്നത് എന്തിനെന്നാൽ ഇത് ആശയവിനിമയത്തിനുള്ള മൂലധനം ആകുകയും ധന-വിഭവ സമാഹരണങ്ങൾക്ക് ഉതകുകയും ചെയ്യും.

2. മറ്റ് മേഖലകളിലെന്നപോലെ, സംഘടനയിലെ അധികാരികളും ചിന്തകരും അമ്മയുടെ (എന്ന് അനുമാനിക്കുന്ന) സന്ദേശങ്ങളായ; ഹൃദയത്തിന്റെ അഭിവൃദ്ധി, ആത്മീയ മൂല്യങ്ങൾ, സേവനം, ശാസ്ത്രവും ആത്മീയതയും തമ്മിലുള്ള സമന്വയം മുതലായവയുടെ ഒരു സംയുക്തചിത്രം നിർമ്മിച്ചതായി തോന്നുന്നു.

3. വിജ്ഞാനം, വിവേചനബുദ്ധി, പൊതുനന്മയെക്കുറിച്ചുള്ള അവബോധം എന്നിവയുടെ സംയോജനത്തിലൂടെ, അധ്യാപനവും വിദ്യാഭ്യാസവും തമ്മിൽ

വേർതിരിക്കപ്പെടുന്നു. പ്രത്യേകിച്ചും ഹൈന്ദവസംസ്കാരത്തോടും ആത്മീയതയോടും അതിന്റെ സമ്പ്രദായത്തോടും നിർബന്ധിതസമ്പർക്കം പുലർത്തണം എന്ന ആശയത്തിലൂടെയാണത് നടപ്പിലാക്കിയിരിക്കുന്നത്.

4. ഉയർന്ന നിലയിലുള്ള യുവാക്കളായ ബിരുദധാരികളെ മാത്രമല്ല, സ്ഥാപനത്തിന്റെ ഭാവി അംബാസഡർമാരാകുന്ന മുഴുവൻ ആളുകളുടെയും വ്യക്തിവളർച്ചയാണ് നമ്മുടെ ലക്ഷ്യം.

5. അമ്മയുടെ അനുകമ്പ, അനന്തമായ സ്നേഹം, ആത്മാവിന്റെ വികാസപൂർത്തീകരണം സാധ്യമാകുന്നതെങ്ങനെ? ദൈവകൃപ എങ്ങനെ സ്വീകരിക്കാം? എന്നതിനെക്കുറിച്ചൊക്കെ ധാരാളം പറയുന്നുണ്ട്.

6. മൂല്യങ്ങൾ, നല്ല പെരുമാറ്റം, പ്രാർത്ഥനകൾ, ആശ്രമത്തിന്റെ ആധ്യാത്മിക ചര്യകളുടെ നിർബന്ധിത ആചരണം എന്നിവയെക്കുറിച്ച് ധാരാളം പറയുന്നുണ്ട്.

ഇതിൽനിന്നെല്ലാം അനുമാനിക്കേണ്ടത്, ബിസിനസ്സും ആത്മീയതയും തമ്മിലുള്ള കഴിവുറ്റതും സൂക്ഷ്മവുമായ സംയോജനമാണ്. അതിന്റെയെല്ലാം കേന്ദ്രബിന്ദുവായി ചാൻസലറുടെ പ്രശസ്തിയും ഉയർന്ന ലാഭത്തിനായുള്ള ആത്മീയതയുടെയും സാംസ്കാരികതയുടെയും ഉപയോഗവുമാണ്. തെറ്റിദ്ധരിക്കരുത്, വ്യക്തികൾക്കും രാജ്യത്തിനും ഉപകാരപ്രദമായ അർത്ഥത്തിൽ മനസ്സുകളെ രൂപപ്പെടുത്തുന്നതിനുള്ള ആത്മാർത്ഥമായ കാഴ്ചപ്പാട് ഇല്ല എന്നല്ല ഉദ്ദേശിക്കുന്നത്. എന്നിരുന്നാലും, ഈ ഓർഗനൈസേഷന്റെ പ്രവർത്തനങ്ങളെ ചുറ്റിപ്പറ്റിയുള്ള

എല്ലാ കാര്യങ്ങളിലും അവ്യക്തത കാണാവുന്നതാണ്; വ്യക്തതയ്ക്കായി ഇവ പരാമർശിക്കേണ്ടതുമാണ്.

സ്ഥാപകരുടെയും ഭരണാധികാരികളുടെയും ഫാക്കൽറ്റിയുടെയും മതാന്ധതയിലൂടെയും വിഭാഗീയതയിലൂടെയും ഉരുത്തിരിഞ്ഞ വിശ്വാസങ്ങളും ബോധ്യങ്ങളും കൊണ്ടുതന്നെ, ഹിന്ദുമതം, പാരമ്പര്യം, സംസ്കാരം, ആത്മീയത, ആചാരങ്ങൾ എന്നിവ തമ്മിലുള്ള അപകടകരവും പക്ഷപാതപരവുമായ സഹവർത്തിത്വവുമായി A ചേർന്നുനിൽക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നുവെന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ. ഭക്തരുടെ ദൃഷ്ടിയിൽ ഈ മൗലികമായ മതഭ്രാന്ത് അവരെ ധൂർത്തും വക്രതയും വേർതിരിച്ചറിയുന്നതിൽനിന്ന് തടയുന്നു. നേരെമറിച്ച്, സംസ്കാരം, ആത്മീയത, ഗുരു രൂപപ്പെടുത്തിയ ആചാരങ്ങൾ എന്നിവയുടെ കുത്തകാവകാശത്തിലൂടെ പ്രപഞ്ചത്തിന് ലഭ്യമായ ഏറ്റവും മികച്ചത് വാഗ്ദാനം ചെയ്യാമെന്നവർക്ക് ഉത്തമബോദ്ധ്യമുണ്ട്. ഇത് ഈ സംഘടനയുടെ മാത്രം പ്രശ്നമല്ല, മറിച്ച് പൊതുവായ അവ്യക്തതയ്ക്ക് കാരണമാകുന്നു. കാരണം, ഇത് സംസ്കാരത്തിന്റെയും ആത്മീയതയുടെയും കൈമാറ്റത്തിന്റെ മറവിൽ, ഗുരുവിനോടും അവരുടെ സംഘടനയോടും വിശ്വസ്തത വളർത്തിയെടുക്കാൻ സഹായിക്കുകയാണ് ചെയ്യുന്നത്.

താഴെപ്പറയുന്ന ഭാഗങ്ങളിലൂടെ കടന്നുപോകുമ്പോൾ, അമൃതവിദ്യാഭ്യാസസമ്പ്രദായത്തിന്റെ അധികാരികളുടെ കാഴ്ചപ്പാട് ഈ മേഖലയുമായി വിച്ഛേദിക്കപ്പെട്ടിട്ടില്ലേ എന്നു നമുക്ക് സംശയിക്കാം. അതോ, ഭാവനാ സമ്പുഷ്ടമായ മനസ്സുകളിൽ മുളപൊട്ടിയ ദർശനങ്ങൾ, നയങ്ങളും ചട്ടങ്ങളും ഒക്കെ കഴിഞ്ഞ് പ്രായോഗിക തലത്തിലെത്തുമ്പോൾ, ആത്യന്തികമായി തികച്ചും വ്യത്യസ്തമായ മറ്റെന്തെങ്കിലുമായി മാറുന്നതാണോ? ഇതാണ് നമ്മൾ ഒരുമിച്ച് ഈ അധ്യായത്തിൽ അറിയാൻ ശ്രമിക്കുന്നത്.

***d. പരാതികളും വിമർശനങ്ങളും (ഒരു തെരഞ്ഞെടുപ്പ്):***

ഇനി അമൃത-ഗുരുകുലസാമ്രാജ്യത്തിൽ എന്താണ് കുഴപ്പം എന്നു നമുക്ക് നോക്കാം. പ്രതിവർഷം 18,000 കുട്ടികൾ പഠിക്കുന്ന സ്ഥലത്ത് ചെറിയ രീതിയിലുള്ള തടസ്സങ്ങളും ചെറിയ ശതമാനം പ്രശ്നകരമായ കേസുകളും ഉണ്ടാകുന്നത് സ്വാഭാവികമാണ്. ഇത്രയും ഫീസ് താങ്ങാൻ കഴിയുന്ന മാതാപിതാക്കളുടെ കുട്ടികൾ കുറച്ച് വഷളായവരും നിർബന്ധബുദ്ധിയുള്ളവരും ആകാൻ സാധ്യതയുണ്ട്. അതേസമയം, ഉയർന്ന തുക ഈടാക്കുന്നത് കണക്കിലെടുത്താൽ, നിലവാരമുള്ള സേവനം ആവശ്യപ്പെടാൻ അവർക്ക് അർഹതയുണ്ട്. അമൃതസ്കൂളുകൾ ഉൾപ്പെടുന്ന ഹൈപ്പർ-മത്സരസ്വഭാവമുള്ള സ്വകാര്യ ദേശീയ വിദ്യാഭ്യാസാന്തരീക്ഷം ഈ അവസരത്തിൽ ഓർക്കണം. വിവരങ്ങളുടെ അടിച്ചമർത്തൽ, പ്രതിഷേധിക്കാനുള്ള അവകാശം, സംഘടന ചെലുത്തിയ സമ്മർദ്ദം എന്നിവയും നമുക്ക് അനുസ്മരിക്കാം. ഈ സാഹചര്യത്തിൽ, പലപ്പോഴും അജ്ഞാതമായി പരാതിപ്പെടാൻ ധൈര്യപ്പെടുന്ന ധീരരായ ന്യൂനപക്ഷം, ഭയത്താൽ നിശ്ശബ്ദത പാലിക്കുന്ന അസംതൃപ്തരായ നിശബ്ദഭൂരിപക്ഷത്തിന്റെ ലക്ഷണമാകാം. ഗുരുവിന്റെ കുടുംബം എന്ന് വിളിക്കപ്പെടുന്ന വിദ്യാഭ്യാസസാമ്രാജ്യത്തിനുള്ളിലും ആശ്രമത്തിൽ ആചരിച്ചു പോരുന്ന ഒമെർട്ട സമ്പ്രദായം പ്രയോഗിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന ലിസ്റ്റ് പരിമിതമായ കാലയളവിൽനിന്ന് ഞങ്ങൾക്ക് ശേഖരിക്കാൻ കഴിഞ്ഞ വിവരങ്ങളുടെ ഒരു തെരഞ്ഞെടുപ്പ് മാത്രമാണ്: ഒരുപാട് ആഴത്തിൽ പോകാൻ സമയമില്ല. വിവരങ്ങൾ എല്ലാവർക്കും ലഭ്യമാണ്. ആർക്കുവേണമെങ്കിലും ഗവേഷണം നടത്തിനോക്കാവുന്നതാണ്.

എതിർപ്രചരണങ്ങൾക്കെതിരെ നിരന്തരം പ്രവർത്തിക്കുന്ന, ഇന്റർനെറ്റ് വൃത്തിയാക്കുന്നതിൽ വൈദഗ്ധ്യമുള്ള ആശ്രമത്തിലെ കമ്പ്യൂട്ടർ ടെക്നീഷ്യൻമാരുടെ ഒരു ടീമുള്ളതുകൊണ്ട്, കണ്ടെത്തുന്ന ഏതൊരു വിവരവും വളരെ വേഗത്തിൽ അപ്രത്യക്ഷമായേക്കാം. ഏതെങ്കിലും വിമർശനം ശ്രദ്ധിക്കപ്പെടുകയും ന്യായമെന്ന് കരുതപ്പെടുകയും ചെയ്താലുടനെ അതിനെ അസാധുവാക്കുന്ന തിരുത്തലുകൾ വന്നുചേരും. അതുകൊണ്ടുതന്നെ അവയെ ഡൗൺലോഡ് ചെയ്യുകയും സ്ക്രീൻഷോട്ട് എടുത്ത് വയ്ക്കുകയും ചെയ്യുന്നതാണ് നല്ലത്. കുറച്ച് മടുപ്പുള്ള പണിയാണ്. പക്ഷേ തെളിവ് ശേഖരിക്കാനും സൂക്ഷിക്കാനുമുള്ള ഒരു വഴിയിതാണ്.

1. **വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം:**

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മാതാപിതാക്കളും[187] വിമർശിക്കുന്നുണ്ട്. എന്നാൽ പരാതിപ്പെടാനുള്ള മറ്റുകാരണങ്ങൾ മറന്നുപോകരുത്. ഇവർ ഗൾഫ് രാജ്യങ്ങളിൽ വിദ്യാർത്ഥികളെ റിക്രൂട്ട് ചെയ്യുന്നതിനായി മേളകൾ സംഘടിപ്പിക്കുന്നു. സ്ഥാപനം അതിന്റെ വാഗ്ദാനങ്ങൾ പാലിക്കേണ്ടതും അത്യാവശ്യമാണ്.

കോളേജുകളിലെ അധ്യാപനത്തിന്റെ ഗുണനിലവാരവും മറ്റൊന്നല്ല[188]. കാവ്യാത്മകമായ ദൗത്യപ്രസ്താവനകൾക്ക് യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ല. ചിലർക്ക് സ്ഥാപനം വെറുമൊരു തട്ടിപ്പാണ്[189] (ഈ വിമർശനം പ്രധാനമായും എൻജിനീയറിംഗ് സ്കൂളിനെപ്പറ്റിയാണ്). മറ്റു കാര്യങ്ങളിൽ മാനേജ്മെന്റ് കഴിവുകെട്ടതായി കണക്കാക്കപ്പെടുന്നു[190]. നിലവാരം വളരെ മോശമാണ്, ഇത് പഠിക്കാനുള്ള ചെലവ് കൂട്ടുന്നു. പലയിടത്തും സമതുലിതമായ കാഴ്ചപ്പാടുകൾ നമുക്ക് കാണാമെങ്കിലും നിലവാരം അവരുടെ

അവകാശവാദം പോലെയല്ല എന്നു നമുക്ക് മനസ്സിലാക്കാം.[191]

അകാരണമായി കുട്ടികളെ മർദ്ദിച്ച പ്രിൻസിപ്പലിനും മാനേജ്മെന്റിനുമെതിരെ പരാതിയുന്നയിക്കാൻ ബെൽഗാം (ഗോവയുടെ അടുത്ത്) കോളേജിലെ രക്ഷിതാക്കൾ കാമ്പസിൽ ഒത്തുകൂടി. അധ്യാപകരിൽ ചിലർക്ക് യോഗ്യതയില്ലെന്നതും, അധ്യാപകർ ഇടയ്ക്കിടെ മാറുന്നതും ആയിരുന്നു മറ്റുള്ള കാരണങ്ങൾ. ഈ ലേഖനത്തെ തുടർന്നുള്ള കമന്റുകൾ വളരെ രസകരമാണ്. അധ്യാപകരുടെ ശമ്പളം നൽകുന്നത് സംസ്ഥാനമാണെന്ന് അവകാശപ്പെടുന്ന ഒരെണ്ണവുമുണ്ട്; പിന്നെ കുട്ടികളോട് അമ്മയെ ആരാധിക്കാനും അവരുടെ പുസ്തകങ്ങൾ വാങ്ങാനും പറയുന്നുണ്ട്. മറ്റൊരു രക്ഷിതാവ് പറയുന്നത്, പ്രിൻസിപ്പാൾ ഒരു ഫസ്റ്റ് ക്ലാസ് സ്വേച്ഛാധിപതിയാണ് എന്നാണ്. ഒപ്പം വിദ്യാഭ്യാസേതരജീവനക്കാർ മോശമായി പെരുമാറുന്നുവെന്നും സ്കൂൾ നടത്തുന്നത് ഗുണ്ടകളാണ് എന്ന തരത്തിലുള്ള കമന്റുകളും കാണാം.[192]

2. **ഭക്ഷണത്തിന്റെ ഗുണമേന്മ:**

വിദ്യാർത്ഥികൾ സ്ഥിരമായി ഗുണനിലവാരമില്ലാത്ത ഭക്ഷണം നൽകുന്ന കാന്റീനുകളെക്കുറിച്ച് പരാതിപ്പെടുന്നു. സാക്ഷ്യപത്രങ്ങൾ കണക്കിലെടുക്കുമ്പോൾ, അതൊരു തെറ്റായ ആരോപണമായി തോന്നുന്നില്ല. കാന്റീൻ ഫീസ് നിർബന്ധമാകുമ്പോഴും അവർ കാമ്പസ് റസ്റ്റോറന്റുകളിലേക്കും സ്റ്റാളുകളിലേക്കും തിരിയാൻ നിർബന്ധിതരാകുന്നു. 2019 ലുള്ള ഈ സാക്ഷ്യപത്രംപോലെ ഒരുപാടെണ്ണം ഇനിയും കാണാം.[193]

3. **ട്യൂഷൻഫീസും മറ്റു ചെലവുകളും:**

ഉയർന്ന ട്യൂഷൻ ഫീസ് എന്നത് എല്ലാവരും ആവർത്തിച്ചുപറയുന്ന ഒരു പ്രശ്നമാണ്. നിങ്ങളുടെ കുട്ടിയെ 3-4 വർഷത്തെ കോഴ്സിനായി ചേർക്കുമ്പോൾ, എപ്പോൾ വേണമെങ്കിലും നിങ്ങൾക്ക് ഫീസ് വർദ്ധനവ് ഉണ്ടായേക്കാം. ഒരു SMS വഴി ഇത് നിങ്ങളെ അറിയിക്കുന്നതാണ്[194]. ഈ വർദ്ധനവ്, ഫീസ് അടയ്ക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് ട്രാൻസ്ഫർ കൊടുക്കുന്നു. ഇത് നയപരമായി അവരെ പുറത്താക്കുന്നതിന് തുല്യമാണ്. മറ്റൊരു കോളേജ് കണ്ടുപിടിക്കേണ്ടത് അവരുടെ ആവശ്യമാണ്[195]. കോഴ്സിനിടയ്ക്ക് ഫീസ് വർധിപ്പിക്കുന്നത് നിയമപ്രകാരം തെറ്റാണ്. ആദ്യലേഖനത്തിൽ, അവരുടെ താല്പര്യം സംരക്ഷിക്കാൻ തങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയില്ലെന്ന് ബന്ധപ്പെട്ട സംസ്ഥാന ഏജൻസികൾ സമ്മതിച്ചതായി മാതാപിതാക്കൾ സാക്ഷ്യപ്പെടുത്തുന്നു. അവരുടെ അഭിപ്രായത്തിൽ, സ്വകാര്യസ്കൂൾ മാനേജ്മെന്റ് വളരെ ശക്തമാണ്.

അധികച്ചെലവ് നൽകാൻ രക്ഷിതാക്കൾ വിസമ്മതിച്ചാൽ, അടുത്ത വർഷം കുട്ടികളെ പ്രവേശിപ്പിക്കാതിരിക്കുകയോ ആവശ്യമായ പഠനോപകരണങ്ങൾ നൽകാതിരിക്കുകയോ ചെയ്തുകൊണ്ട് സ്കൂളിന് കുട്ടിയുടെ വിദ്യാഭ്യാസം അട്ടിമറിക്കാൻ കഴിയും. സ്കൂൾ വിദ്യാഭ്യാസസമയത്ത് ഫീസ് ചിലപ്പോൾ 4 മടങ്ങുവരെ വർദ്ധിപ്പിച്ചാൽ പ്രതിഷേധിക്കുന്ന രക്ഷിതാക്കളോട് ഇവർ മോശമായി പെരുമാറിയേക്കാം.[196]

അതൃപ്തി പ്രകടിപ്പിച്ച് പ്രതിഷേധിക്കുന്ന രക്ഷിതാക്കളെ ചിലപ്പോൾ പോലീസ് അറസ്റ്റ് ചെയ്യാറുണ്ട്[197]. സാധാരണയായി പ്രാദേശികപത്രങ്ങളാണ് വസ്തുതകൾ റിപ്പോർട്ട്

ചെയ്യുന്നത്. എന്നാൽ പ്രധാന പത്രങ്ങൾ അമ്മയെ കൂടുതൽ അനുകൂലിക്കുന്ന പ്രവണത കാണിക്കുന്നു.[198]

സ്കോളർഷിപ്പിന് യോഗ്യത നേടുന്നതിന് നിങ്ങൾക്ക് മികച്ച മാർക്ക് ഉണ്ടായിരിക്കണം. എന്നിരുന്നാലും, ഒരു വർഷത്തെ കാത്തിരിപ്പിനും നിരവധി ഓർമ്മപ്പെടുത്തലുകൾക്കുശേഷവും ചിലപ്പോൾ തുക ലഭിക്കുന്നില്ല. സ്കൂൾ മാനേജ്മെന്റ് സർക്കാരുമായി ബന്ധപ്പെട്ട് ആവശ്യമായ കാര്യങ്ങൾ ചെയ്തുവെന്ന് അവകാശപ്പെടുകയും ഇനിയൊന്നും ചെയ്യാനില്ലെന്നുപറഞ്ഞ് കൈയൊഴിയുകയും ചെയ്യുന്നു[199]. സ്കോളർഷിപ്പിന്[200] കാത്തിരിക്കുന്ന രക്ഷിതാക്കൾ ചിലപ്പോൾ കടക്കെണിയിൽ പെട്ടുപോകുന്നു. നിർഭാഗ്യവശാൽ ഇത് വർഷം തോറും ആവർത്തിക്കുന്നു.[201]

വിദ്യാർത്ഥികൾ നിരവധി മാസത്തെ ഇന്റേൺഷിപ്പിനായി പോകുമ്പോൾ, യൂണിവേഴ്സിറ്റി സാധാരണഗതിയിൽ അവർക്ക് അനുബന്ധതാമസച്ചെലവുകൾ തിരികെ നൽകണം. എന്നാൽ അവർ കുട്ടികളെ ഭീഷണിപ്പെടുത്തുകയും ചെലവ് തുക കൊടുക്കാൻ വൈകിക്കുകയും ചെയ്യുന്നു.[202]

പരാതികളുടെ സൈറ്റിൽ[203], സ്കൂൾ തുടങ്ങുമ്പോൾ 5000 രൂപ ഡെപ്പോസിറ്റ് ചെയ്യുകയും 3000 രൂപ വരെ മാത്രമെ അതിൽനിന്ന് തിരികെ നൽകുകയും ചെയ്യുന്നുള്ളു എന്ന് ഒരാൾ പരാതിപ്പെടുന്നു. ബാക്കിയുള്ള തുക മാനേജ്മെന്റ് കൈവശം വയ്ക്കുന്നു. എല്ലാ വർഷവും എല്ലാ വിദ്യാർത്ഥിയെയും പിഴിയുന്നത് ഒന്നു സങ്കല്പിച്ചുനോക്കൂ എന്നുകൂടി ഇയാൾ പറയുന്നു.

(AN, ഈ തുക എത്ര വരുമെന്ന് നമുക്ക് ഒന്ന് കണക്കാക്കാം: 18,000 കുട്ടികൾ x 2000 രൂപ, അതായത് 6 കോടി രൂപ. ഏറ്റവും കുറഞ്ഞത് 7.4 കോടി രൂപ പ്രതിവർഷം ഡെപ്പോസിറ്റ് റീഫണ്ടായി ലഭിക്കുന്നു.)

ഈ പഠനച്ചെലവ് ഒരു ഇന്ത്യൻ ഇടത്തരകുടുംബം എങ്ങനെ കാണുന്നു എന്ന് നോക്കാം. എന്റെ കണക്കുകൂട്ടൽ ശരിയാണെങ്കിൽ കോളേജിൽനിന്നും പഠിച്ചിറങ്ങി പത്തുകൊല്ലം കഴിയുമ്പോൾ ഒരു ജനറൽ പ്രാക്ടീഷണർ ശരാശരി 10 ലക്ഷം രൂപ[204] വർഷത്തിൽ സമ്പാദിക്കുന്നു. അതായത് മാസത്തിൽ 83000 രൂപ. അയാൾക്ക് എംബിബിഎസിന് പഠിക്കുന്ന ഒരു മകനുണ്ടെങ്കിൽ, നാലര വർഷത്തേക്ക് ട്യൂഷൻ ഫീസ് 90 ലക്ഷം രൂപയും, ഹോസ്റ്റൽ ഫീസ് 3,15,000 രൂപയും, കാന്റീൻ ചെലവ് 3,10,000 രൂപയും, മറ്റു ചെലവുകൾ എല്ലാം ചേർത്ത് 96 ലക്ഷം രൂപയുമാകും[205]. എളുപ്പത്തിനുവേണ്ടി ഡോളറിൽ എഴുതാം. അച്ഛൻ കൊല്ലത്തിൽ 13,500 ഡോളർ (10 ലക്ഷം രൂപ) സമ്പാദിക്കുമ്പോൾ മകന്റെ വിദ്യാഭ്യാസത്തിന് ചെലവാക്കുന്നത് 1,30,000 ഡോളർ (1 കോടി രൂപ) അല്ലെങ്കിൽ മറ്റു ചെലവുകൾ കൂടി കണക്കിലെടുക്കുമ്പോൾ പ്രതിവർഷം, ഏറ്റവും കുറഞ്ഞത് $29000 (21 ലക്ഷം രൂപ). ഏകമകന്റെ വിദ്യാഭ്യാസത്തിനായി പിതാവിന് പ്രതിമാസ ശമ്പളത്തിന്റെ 40% അല്ലെങ്കിൽ പ്രതിമാസം $400 (33000 രൂപ) മാറ്റിവയ്ക്കാൻ കഴിയുമെന്ന് കരുതിയാൽ, മകന്റെ പഠനത്തിന് പണം നൽകാൻ അദ്ദേഹത്തിന് 24 വർഷത്തിലധികം വേണ്ടിവരും. ഇത് നടക്കുന്ന കാര്യമല്ല; പ്രത്യേകിച്ച് അദ്ദേഹത്തിന് ഡോക്ടറാവാൻ താല്പര്യമുള്ള മൂന്നു മക്കളുണ്ടെങ്കിൽ!! മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഒന്നുകിൽ അയാൾ ഇതിൽ കൂടുതൽ സമ്പാദിക്കണം അല്ലെങ്കിൽ അയാളുടെ ഭാര്യ ഒരു ഡോക്ടറോ എക്സിക്യൂട്ടീവോ ആകണം അല്ലെങ്കിൽ അവരുടെ മാതാപിതാക്കൾക്ക്

കാര്യമായ സമ്പാദ്യം ഉണ്ടായിരിക്കണം. അതുമല്ലെങ്കിൽ അയാൾക്ക് വായ്പയെടുക്കേണ്ടിവരും അല്ലെങ്കിൽ മകൻ സ്കോളർഷിപ്പ് ഹോൾഡർ ആയിരിക്കണം. ഇതിനൊന്നും കഴിഞ്ഞില്ലെങ്കിൽ, അവൻ തത്ത്വശാസ്ത്രം പഠിക്കും, അത് 200 മടങ്ങ് ചെലവ് കുറവാണ്. ഡോക്ടറായ അച്ഛൻ വെറും രണ്ടുമാസം സമ്പാദിച്ചാൽ മതിയാകും. എന്നാൽ ഇന്ത്യക്കാർ അത്യധികം ലക്ഷ്യബോധം ഉള്ളവരാണ്. വാർദ്ധക്യ ഇൻഷുറൻസ് ഇല്ലാത്തതും ആൺമക്കൾ തന്റെ വയസ്സായ രക്ഷിതാക്കൾക്ക് ചെലവിന് കൊടുക്കേണ്ടി വരുന്നതുമായ ഒരു രാജ്യത്ത് അതിജീവനത്തിനായുള്ള ഓട്ടം ശക്തമാണ്.

4. **സംഭാവനയ്ക്കുവേണ്ടിയുള്ള ശക്തമായ സമ്മർദ്ദം:**

സാക്ഷ്യപത്രങ്ങളിൽ പലപ്പോഴും ഇന്ത്യൻസമൂഹത്തിന്റെ കടുത്ത മത്സരക്ഷമതയെക്കുറിച്ചുള്ള പരാതി കാണാം. എനിക്ക് ജോലികിട്ടാൻ നല്ല ഒരു സ്ഥാപനത്തിൽനിന്നും ബിരുദം കിട്ടുന്നതാണ് ഉത്തമം. നല്ല നിലവാരമുള്ള സ്ഥാപനങ്ങൾ ഈ സാഹചര്യം മുതലെടുത്ത് കൈക്കൂലി ചോദിക്കുന്നു. ഇതിനെ അവർ “സംഭാവന”[206] എന്ന് വിളിക്കുന്നു. നിങ്ങൾ ഈ പറഞ്ഞ “സംഭാവന” കൊടുക്കാൻ തയ്യാറാണെങ്കിൽ കുട്ടി അഡ്മിഷൻ ടെസ്റ്റ് വിജയിക്കുന്നു. നിയമവിരുദ്ധമായതാണെങ്കിലും ഇക്കാര്യം സർവ്വസാധാരണമായതുകൊണ്ട് ആളുകൾ അതിനെക്കുറിച്ച് തുറന്നു സംസാരിക്കുന്നു[207]. ഒരു സ്കൂളിൽ ചേരുന്നതിനുമുമ്പ് വിദ്യാർത്ഥികൾ നിർബന്ധ◌ിതസംഭാവന എത്രയാണെന്ന് കണ്ടെത്തുന്നു. കോയമ്പത്തൂരുള്ള[208] അമൃത സ്കൂൾ ഓഫ് എൻജിനീയറിംഗിലെ ഒരുദാഹരണം പറയാം. സംഭാവനകൾക്കായുള്ള വർദ്ധിച്ചുവരുന്ന

അഭ്യർത്ഥനയെക്കുറിച്ച് ഒരു വിദ്യാർത്ഥിയുടെ അമ്മ പരാതിപ്പെട്ടു[209]. “ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്” ഫീസിനുപുറമെ, സ്ഥാപനത്തിൽ കുട്ടി പൂർത്തിയാക്കാത്ത വർഷത്തേയ്ക്കുള്ള മുഴുവൻ പണവുമടയ്ക്കാൻ സ്കൂൾ ആവശ്യപ്പെടുന്നു. അതോടെ അവർ അവിടെ പെട്ടുപോകുന്നു.

ചില സമയങ്ങളിൽ “സംഭാവനകൾ” ഒരു അപ്രതീക്ഷിത രൂപത്തിൽ വരാറുണ്ട്, ഈ ഉദാഹരണത്തിൽ വിദ്യാർത്ഥികൾ അവരുടെ കായിക ഉപകരണങ്ങൾ അമിത വിലയ്ക്ക് സ്കൂളിൽ നിന്ന് വാങ്ങാൻ നിർബന്ധിതരാകുന്നു അല്ലെങ്കിൽ മറ്റെന്തെങ്കിലും; അവർക്ക് വരും വർഷത്തേക്ക് പഠന സാമഗ്രികൾ ലഭിക്കില്ല, വർഷം തോറും വിലകൾ ചിലപ്പോൾ ഇരട്ടിയാകും. സ്കൂൾ ഫീസ് മുമ്പ് ഗഡുക്കളായി അടയ്ക്കാമായിരുന്നു, എന്നാൽ ഇപ്പോൾ എല്ലാം മുൻകൂറായി നൽകണമെന്ന് രക്ഷിതാക്കൾ വ്യക്തമാക്കുന്നു[210].

5. **നിയമങ്ങളുടെ അതിനിയന്ത്രിതസ്വഭാവം:**

ഹോസ്റ്റൽ നിയമങ്ങൾ എല്ലാവർക്കും ബാധകമാണ്. മാംസാഹാരം നിരോധിച്ചിരിക്കുന്നു. സ്ഥാപനത്തിന് പുറത്തുള്ള താമസം പ്രോത്സാഹിപ്പിക്കുന്നില്ല. കാമ്പസിനുള്ളിലും ബോർഡിംഗ് സ്കൂളിലും മൊബൈൽ ഫോണുകളും ലാപ്ടോപ്പുകളും കർശനമായി നിരോധിച്ചിരിക്കുന്നു. ഓരോ തവണ വീട്ടിലേക്ക് പോകുമ്പോഴും, അവർക്ക് പണമടച്ച് തങ്ങളുടെ ഫോൺ എടുത്തുകൊണ്ടുപോകാം. ആശ്രമത്തിനടുത്ത്[211] താമസിക്കുന്ന ഹോസ്റ്റൽ നിവാസികൾ എല്ലാ ദിവസവും രാവിലെ ലളിതാസഹസ്രനാമവും, അഷ്ടോത്തരശതനാമാവലിയും (A യുടെ ആകാം, പക്ഷേ ഉറപ്പിച്ചുപറയുന്നില്ല) ചൊല്ലണമെന്നതും

വൈകിട്ട് ഭക്തിഗാനങ്ങൾ പാടണമെന്നതും നിർബന്ധമാണ്. 2012-ലെ[212] ലേഖനത്തിൽ നമുക്ക് കാണാം, ഒരു വിഷയത്തിൽ തോറ്റാൽ അതിനുള്ള ഫൈൻ 6000 രൂപയാണ് എന്ന്. ഒരാൾ തന്റെ പിറന്നാളാഘോഷിച്ചാൽ അതിനുള്ള ഫൈൻ 25000 രൂപയും ആറുമാസത്തെ പുറത്താക്കലുമാണ്.

ഈ ഡൽഹി കോളേജ് നിയമങ്ങൾ നോക്കുമ്പോൾ, വൃത്തിയുള്ള നഖങ്ങൾ, മുടിവെട്ടൽ, മുടി ഡൈയിംഗ് തുടങ്ങിയവയെ കുറിച്ചുള്ള വിശദാംശങ്ങൾ കൂടാതെ "ഫൈൻ" എന്ന പദം 11 തവണ പരാമർശിക്കപ്പെട്ടിട്ടുണ്ട്.[213]

## സഞ്ചാരസ്വാതന്ത്ര്യത്തിന്മേൽ കടുത്ത നിയന്ത്രണങ്ങൾ:

വിഷാദത്തിലോ കലാപത്തിലോ മാത്രം കലാശിച്ചേക്കാവുന്ന കഠിനമായ ശിക്ഷകളോടെ ഒരു പിന്തിരിപ്പൻ സ്വേച്ഛാധിപത്യ ഭരണകൂടത്തിന് വിധേയരായ വിദ്യാർത്ഥികൾ തടവിലാക്കപ്പെട്ടതായും അനാദരവ് അനുഭവിക്കുന്നതായും പ്രസ്താവിച്ചുകൊണ്ട് നിവേദനം പ്രചരിപ്പിച്ചു. ഇങ്ങനെയുള്ള വിദ്യാർത്ഥികൾ നിരന്തരം നിരീക്ഷിക്കപ്പെടുന്നവരാണെന്നും സ്വാതന്ത്ര്യമില്ലായ്മ ഒരുപാട് ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും അവർ പറഞ്ഞു. എന്നാൽ വൃത്തിയും ഭക്ഷണത്തിന്റെ ഗുണനിലവാരവും പോലുള്ള കടമകൾ സ്കൂൾ നിർവഹിക്കുന്നില്ലെന്ന് അവർ കുറ്റപ്പെടുത്തുന്നു. നേരം പുലരുംവരെ പഠിച്ചുകൊണ്ടിരിക്കുമ്പോൾ, ദാഹം ശമിപ്പിക്കാനോ ഭക്ഷണം കഴിക്കാനോ കഴിയാത്തത് വിഷമമുള്ള കാര്യമാണെന്ന് അവർ പറയുന്നു. കർഫ്യൂ നിയന്ത്രണം യുക്തിരഹിതമായതും പ്രതിലോമകരവും നീതീകരിക്കാനാവാത്തതുമാണെന്ന് അവർ

കരുതുന്നു. അവർക്ക് കാമ്പസിൽനിന്നും പുറത്തുപോകാൻ ഗാർഡിന്റെ പാസ് വേണം. എന്നാൽ നാട്ടിലേക്ക് മടങ്ങാൻപോലും മാസത്തിൽ ഒന്നോ രണ്ടോ തവണ മാത്രമേ ഇത് കൊടുക്കൂ. പെൺകുട്ടികളെ സംബന്ധിച്ചിടത്തോളം കുറച്ചുകൂടി മോശമാണ് കാര്യങ്ങൾ. കാരണം രക്ഷിതാക്കളുടെ അനുമതി ഫാക്സ് ആയി വന്നാലല്ലാതെ അവർക്ക് പുറത്തുകടക്കാൻ പറ്റില്ല. അവധിദിവസങ്ങളിൽപ്പോലും കുട്ടികൾക്ക് കാമ്പസിന് പുറത്തുപോകാൻ പറ്റില്ല. ഭക്ഷണത്തിനായി മതിൽ ചാടുന്ന വിദ്യാർത്ഥികൾ പിടിക്കപ്പെട്ടാൽ അവർക്ക് ഒരു സെമസ്റ്റർ സസ്പെൻഷൻ അല്ലെങ്കിൽ പതിനായിരം രൂപ പിഴ ചുമത്തും. പണം നൽകുന്ന തടവുകാരെപ്പോലെയാണ് തങ്ങളോട് പെരുമാറുന്നതെന്ന് അവർക്ക് തോന്നുന്നു. കാമ്പസിനുള്ളിൽ തങ്ങൾ നൂറ്റാണ്ടുകൾ പുറകിലാണെന്ന് പെൺകുട്ടികൾക്ക് തോന്നുന്നു. തങ്ങളെ മുതിർന്നവരായി കണക്കാക്കണമെന്നും സ്കൂൾ കുട്ടികളെപ്പോലെ പരിഗണിക്കാൻ ആഗ്രഹിക്കുന്നില്ലെന്നും അവർ പറയുന്നു. ലിംഗഭേദമില്ലാതെ രാത്രി 10 മണിവരെ ചുറ്റിക്കറങ്ങാൻ, പാസുകൾ നോക്കാതെ അവധിദിവസങ്ങളിൽ വീട്ടിലേക്ക് പോകാൻ, പെൺകുട്ടികൾക്ക് ഫാക്സ് ഇല്ലാതെയും ഒന്ന് പുറത്തിറങ്ങാൻ, ഇതിനൊക്കെ വേണ്ടിയുള്ള സ്വാതന്ത്ര്യമാണ് അവരാവശ്യപ്പെടുന്നത്. യുക്തിസഹവും വിവേകപൂർണ്ണവുമായുള്ള നിയന്ത്രണങ്ങളുടെ ആവശ്യകത അവർ മനസ്സിലാക്കുന്നു.[214]

6. **ജീവിതവും പഠനവും:**

2012-ലെ ഒരു ബി-ടെക് വിദ്യാർത്ഥി അഞ്ചുവർഷത്തിനുശേഷം സർവകലാശാലയിലെ[215]

തന്റെ ജീവിതവും നിരാശയും ഇങ്ങനെ വിവരിക്കുന്നു. യാന്ത്രികമായ പഠനമുള്ള ഒരു ഹൈസ്കൂൾ അന്തരീക്ഷം, പതിനഞ്ചു കൊല്ലത്തോളം പഴക്കമുള്ള രീതികൾ; സാമൂഹിക ജീവിതമില്ല, ക്രൂരവും പരുഷവുമായ നിരീക്ഷണം, മോശം ഭക്ഷണം, പ്രാർത്ഥനകൾ, യൂണിഫോമുകൾ, സങ്കീർണ്ണവും പരിമിതവുമായ യാത്രകൾ, ഗുണനിലവാരമില്ലാത്ത ജലം, ഓരോ ചട്ടലംഘനത്തിനും മാപ്പപേക്ഷയുടെയും പണപ്പിഴയുടെയും നിരന്തരമായ ആവശ്യം. ഈ പിഴത്തുക ചിലപ്പോൾ ഓരോ ആഴ്ചയും മാറുന്നു.

സ്ഥാപനത്തിന്റെ മൂല്യനിർണ്ണയത്തിനായുള്ള ഈ സൈറ്റിൽ നമുക്ക് കാണാം: വിദ്യാർത്ഥികളുടെമേൽ മോശം മേൽനോട്ടം, മോശം മാനേജ്മെന്റ്, കൊള്ള, ജീവനക്കാരോടുള്ള നന്ദികേട്, പ്രസിദ്ധീകരണങ്ങളുടെ ഗുണനിലവാരത്തേക്കാളുപരി മത്സരത്തിൽ ആദ്യമെത്താനുള്ള ഓട്ടം.[216]

വിദ്യാർത്ഥികൾ ചിലപ്പോൾ അധ്യാപകർക്ക് സ്വകാര്യപാഠങ്ങൾ നൽകേണ്ടിവരുമെന്ന് മറ്റൊരു അഭിപ്രായം സൂചിപ്പിക്കുന്നു. കാമ്പസിന് ചുറ്റുമുള്ള മുള്ളുവേലി വൈദ്യുതീകരിച്ചിട്ടുണ്ടെന്നും ഒരാൾ കണ്ടുപിടിച്ചു.[217]

ഈ ചോദ്യോത്തരസൈറ്റിൽ[218] പല കമന്റ്സും നമുക്ക് വായിക്കാവുന്നതാണ്; സൂപ്പർവൈസർമാർ ഇംഗ്ലീഷ് സംസാരിക്കില്ല, അതുകൊണ്ട് അവർ മറ്റു ഭാഷകൾ സംസാരിക്കുന്ന കുട്ടികളെ ഒറ്റപ്പെടുത്തുന്നു. ക്ലാസുകൾ നാലുമണിക്ക് അവസാനിക്കുകയും പെൺകുട്ടികൾ അഞ്ചരയാകുമ്പോഴേക്കും ഹോസ്റ്റലിലെത്തുകയും ചെയ്യണം. പെൺകുട്ടികൾക്ക് അടുത്തുള്ള ഹോട്ടലിലെ സ്റ്റേഷനറിക്കടയിൽ ഒറ്റയ്ക്ക്

പോകാനുള്ള അനുവാദമില്ല. തങ്ങളെ വെറും ആട്ടിൻകൂട്ടം പോലെയാണ് പരിഗണിക്കുന്നതെന്ന് അവർക്ക് തോന്നുന്നു. ആൺകുട്ടികളുടെ കൂടെക്കണ്ടാൽ സൂപ്പർവൈസർ അവരോട് ഒരുപാട് ചോദ്യങ്ങൾ ചോദിക്കും. നിയമങ്ങൾ ഒരു ജയിലിലെപ്പോലെ വളരെ കർക്കശമാണ്. ബോർഡിംഗ് സ്കൂളിൽ ഒരു ഡിസ്പെൻസറി ഇല്ല, അതുകൊണ്ട് അവർക്കെന്തെങ്കിലും ആവശ്യം വന്നാൽ പുറത്തുപോകണം. ആൺകുട്ടികൾ ട്രൗസർ ധരിക്കുന്നത് നിരോധിച്ചിരിക്കുന്നു. അവർക്ക് എട്ടരയാകുമ്പോൾ ബോർഡിംഗ് സ്കൂളിൽ എത്തിച്ചേരണം. കാന്റീനിലെ ഭക്ഷണം ഇടത്തരം നിലവാരം പുലർത്തുന്നു. കാമ്പസിനുള്ളിൽ സെൽഫോണുകൾ വളരെ പരിമിതമായെ ഉപയോഗിക്കാൻ പറ്റുകയുള്ളൂ. മുഴുവൻ യൂണിഫോം നിർബന്ധമായും ധരിക്കണം. നിയമങ്ങൾ എല്ലാം തന്നെ പഴഞ്ചൻ രീതിയിലുള്ളതും വിദ്യാർത്ഥികൾക്ക് സമ്മർദ്ദം ഉളവാക്കുന്നതുമാണ്.

പരസ്യമായി വിമർശിക്കാനും നിയമങ്ങളിൽ മാറ്റങ്ങൾ നിർദ്ദേശിക്കാനും അനുവദിക്കുന്ന ഒരു വിദ്യാർത്ഥ◌ിഫോറം സർവകലാശാലയിലില്ല. വിമർശിക്കുന്ന വിദ്യാർത്ഥികൾക്കെതിരെ സർവകലാശാല തിരിയുന്നു. അതുകൊണ്ട് അജ്ഞാതനായി തുടരുന്നതാണ് ഉചിതം. അഡ്മിനിസ്ട്രേഷൻ അസഹനീയമാണ്. ഭക്ഷണം മോശമാണ് എന്നതിന് അഡ്മിനിസ്ട്രേഷന്റെ മറുപടി, "*ആശ്രമത്തിൽ നൽകുന്ന അതേ ഭക്ഷണമാണ് ഇവിടെയും നൽകുന്നത്*" എന്നാണ്. പക്ഷേ മോശമാണെന്ന് പറയുമ്പോൾ ഞങ്ങൾ ഭക്തന്മാരല്ലെന്ന് അവർ മറുപടി കൊടുക്കും. ഞങ്ങൾ പണമടയ്ക്കുന്ന വിദ്യാർത്ഥികളാണ്. ഡിപ്പാർട്ട്മെന്റുകൾ തമ്മിലുള്ള

സംഘർഷങ്ങൾപോലും പരിഹരിക്കാൻ മാനേജ്മെന്റിന് കഴിയാത്തതുകൊണ്ട് അവർ പരിപാടികൾ ക്യാൻസൽ ചെയ്യുന്നു. മയക്കുമരുന്ന് സംഭവങ്ങൾ പോലീസിൽ റിപ്പോർട്ട് ചെയ്യുന്നതിനുപകരം, ആ കുട്ടികളെ ഒഴിവാക്കുകയും പൊതുസ്ഥലത്ത് ധാർമ്മികതയെക്കുറിച്ച് പതിവായി പ്രസംഗിക്കുകയും ചെയ്യുന്നു.[219]

ഇതിനെത്തുടർന്ന്, ഗൾഫ് രാജ്യങ്ങളിൽ പോയി പണക്കാരുടെ മക്കളെ ക്യാൻവാസ് ചെയ്യുന്ന മുതിർന്ന യൂണിവേഴ്സിറ്റി ഉദ്യോഗസ്ഥരുമായി നടത്തിയ കൂടിക്കാഴ്ചയെപ്പറ്റി വിദ്യാർത്ഥിയുടെ പിതാവ് സാക്ഷ്യപ്പെടുത്തുന്നു. പഠനച്ചെലവ് വളരെ ഉയർന്നതും നിലവാരം വളരെ താഴ്ന്നതുമാണ്. മിക്ക അധ്യാപകരും പരിചയക്കുറവുള്ള പുതിയ ബിരുദധാരികളാണ്. അവർക്ക് ഇംഗ്ലീഷ് സംസാരിക്കാനും ബുദ്ധിമുട്ടുണ്ട്. മിക്കപ്പോഴും ക്ലാസുകൾ തമിഴിലാണ്. പുറമേയുള്ള കുട്ടികൾ സംശയം ചോദിക്കുമ്പോൾ അവരെ പരസ്യമായി അപമാനിക്കുന്നു. മാനേജ്മെന്റിനോട് ഒരു പിതാവ് ഇതിനെക്കുറിച്ച് പരാതിപ്പെട്ടപ്പോൾ അവർ പറഞ്ഞു: *“നിങ്ങൾ നല്ല അധ്യാപകരെ കൊണ്ടുവരൂ, ഞങ്ങൾക്ക് ആരേയും കിട്ടുന്നില്ല. അവർക്ക് ഒരു ലക്ഷം രൂപവരെ കൊടുക്കാൻ ഞങ്ങൾ തയ്യാറാണ്”.* കാമ്പസിൽ അടിച്ചമർത്തലിന്റെ അന്തരീക്ഷമാണ്. ജീവനക്കാർ കുട്ടികളെ അപമാനിക്കുകയും മോശമായി പെരുമാറുകയും മനോവീര്യം കെടുത്തുകയും ചെയ്യുന്നു. ഇവരോടുള്ള പേടി കാരണം കുട്ടികൾ ഒന്നുംതന്നെ തുറന്ന് സംസാരിക്കുന്നില്ല. ഹോസ്റ്റലിലെ ജീവിതസാഹചര്യം പരിതാപകരമാണ്; പ്രത്യേകിച്ചും ഭക്ഷണം. ഇതിനാൽ കാമ്പസിലെ സ്വതന്ത്ര റസ്റ്റോറന്റുകളിൽനിന്നും സ്റ്റാളുകളിൽനിന്നും ഉയർന്ന

ചെലവിൽ ഭക്ഷണം കഴിക്കാൻ വിദ്യാർത്ഥികൾ നിർബന്ധിതരാകുന്നു. കാന്റീൻ ഫീസ് തിരിച്ചു നൽകപ്പെടുന്നതല്ല. കാന്റീനിൽ ഇടത്തരം ഭക്ഷണം വിളമ്പുന്നത് കാമ്പസിലെ റസ്റ്റോറന്റുകൾക്ക് കൂടുതൽ പണം സമ്പാദിക്കാൻ വഴിയൊരുക്കുന്നു.

മറ്റു വിദ്യാർത്ഥികളുടെ സാക്ഷ്യപത്രത്തിൽനിന്നും വിദ്യാർത്ഥിക്ഷേമത്തിനായുള്ള ഓഫീസ് കാര്യക്ഷമമല്ല എന്ന് മനസ്സിലാക്കാം. മാനേജ്മെന്റിന് വിദ്യാർത്ഥികളോട് യാതൊരു ബഹുമാനമോ സഹാനുഭൂതിയോ ഇല്ല; വിദ്യാർത്ഥികളോട് എങ്ങനെ പെരുമാറണം എന്നുപോലുമറിയില്ല. വിദ്യാർത്ഥികൾക്ക് പറയാനുള്ളത് കേൾക്കാതെ അവർക്കുനേരെ ആക്രോശിക്കുന്നു. അവരുടെ പെരുമാറ്റം സർവകലാശാലയുടെ ദൗത്യത്തിന് നേർവിപരീതമാണ്.

വിദ്യാർഥിക്ഷേമ ഓഫീസ്, ഡീൻ, വൈസ് പ്രസിഡന്റുമാർ എന്നിവർ സഹായത്തിനായി സമീപിക്കുന്ന വിദ്യാർഥികളുടെമേൽ നിരന്തരം ശകാരവർഷം ചൊരിയുന്നതായി മറ്റൊരാൾ സാക്ഷ്യപ്പെടുത്തുന്നു. അവർ കാട്ടാളന്മാരെപ്പോലെ പെരുമാറുകയും വിദ്യാർത്ഥികളെ നിരാശപ്പെടുത്തുകയും ചെയ്യുന്നു.

മറ്റൊരാൾ ഭീഷണിപ്പെടുത്തുന്ന മനോഭാവത്തെക്കുറിച്ചും വാക്കാലുള്ള അധിക്ഷേപങ്ങളെക്കുറിച്ചും പറയുന്നു. അതുവഴി സ്ഥാപനം യഥാർത്ഥത്തിലുള്ള പ്രവർത്തനവൈകല്യങ്ങളെ മറയ്ക്കുകയും പോസിറ്റീവ് ഇമേജ് നിലനിർത്തുകയും ചെയ്യുന്നു.

ഭക്ഷണത്തിൽ പുഴുക്കളെ കണ്ടെത്തിയ സംഭവം സ്ഥിതിഗതികൾ വഷളാക്കി. വിദ്യാർത്ഥികൾ

പ്രകടനം നടത്തുകയും സഹായത്തിനായി പോലീസിനെ വിളിക്കേണ്ടിയും വന്നു.[220]

മറ്റൊരു സാക്ഷ്യപത്രം[221] ഇങ്ങനെയാണ്: പ്രോഗ്രാം സങ്കീർണമല്ല; പൊതുവിദ്യാലയങ്ങളെപ്പോലെ തന്നെയാണ്. 90% ഫാക്കൽറ്റികളും 90% പ്രോഗ്രാമുകളെക്കുറിച്ചും അജ്ഞരാണ്. അഹംഭാവമുള്ള ഡിപ്പാർട്ട്മെന്റ് മാനേജർമാർ യാതൊരു പ്രയോജനവുമില്ലാത്തവരാണ്. ഇവർക്ക് നിസ്സാരപ്രശ്നങ്ങൾ പരിഹരിക്കാൻപോലും കഴിവില്ല. ഈ സ്ഥാപനം വംശീയവും ലൈംഗികവും സാംസ്കാരികവുമായ വിവേചനം പ്രകടിപ്പിക്കുന്നു. മലയാളികൾ (കേരളീയർ) പ്രിയങ്കരരാണ്. സ്ഥാപനത്തിന്റെ റാങ്കിംഗാണ് ഏറ്റവും മോശം; ലോകത്തിലെ ഏറ്റവും മികച്ച കോളേജ് എന്നവകാശപ്പെടുന്ന ഇവർ കുട്ടികളോട് വളരെ മോശമായ രീതിയിലാണ് പെരുമാറുന്നത്. അയാൾ കൂട്ടിച്ചേർക്കുന്നു: *"ഞാൻ, ആത്മാർത്ഥമായി പറഞ്ഞ ഈ വാക്കുകളിൽ ഉറച്ചുനിൽക്കുന്നു. പക്ഷേ ചില കാരണങ്ങളാൽ പേര് വെളിപ്പെടുത്താൻ നിർവ്വാഹമില്ല."* ഒരു കാര്യം വ്യക്തമാണ്. വിദ്യാഭ്യാസസ്ഥാപനങ്ങൾ ബിസിനസ്സ് സെന്ററുകളും വിദ്യാർത്ഥികൾ ഉപഭോക്താക്കളുമായി മാറിയിട്ടുണ്ട്. വിദ്യാർത്ഥികളെയും ജീവനക്കാരെയും ഹിന്ദുമതം ആചരിക്കാൻ നിർബന്ധിക്കുന്നു. ഹലോ, ബൈ, തീർച്ചയായും, നന്ദി[222] എന്നീ വാക്കുകൾക്കു പകരമായി "നമശിവായ" എന്ന് പറയാൻ എല്ലാവരും നിർബന്ധിതരാവുന്നു. എല്ലാ മാസവും ജീവനക്കാരുടെ ശമ്പളത്തിൽനിന്നുംം അമ്മയുടെ പരിപാടികൾക്കുവേണ്ടി ഒരു തുക നിർബന്ധമായും കുറയ്ക്കുന്നു. ഇത് നിയമവിരുദ്ധമാണെന്ന് അദ്ദേഹം പറയുന്നു.

ഇതിനെക്കുറിച്ച് 2010-ലെ ഒരു മുൻവിദ്യാർത്ഥി പറയുന്നു[223]: *"മൂല്യങ്ങൾ?? ഞങ്ങൾക്ക് മൂല്യങ്ങളല്ല വേണ്ടത്. നല്ല അധ്യാപകരെയും ലക്ചർമാരെയും പഠിക്കാൻ ഒരു നല്ല അന്തരീക്ഷവുമാണ് വേണ്ടത് (...). യോഗക്ലാസുകൾ, സാംസ്കാരികവിദ്യാഭ്യാസം (ഇതൊന്നും ഞങ്ങൾക്കാവശ്യമില്ല)- ഞങ്ങളെ വിശ്വസിക്കൂ... ഈ വിഷയത്തിനുവേണ്ടി ഒരു ടെക്സ്റ്റ് ബുക്കുവരെ അവർ സമാഹരിച്ചിട്ടുണ്ട്[224]. അതിൽ 5000 വർഷങ്ങൾക്കുമുമ്പ് ഇന്ത്യയ്ക്ക് ആണവായുധങ്ങൾ ഉണ്ടായിരുന്നു. ജീൻസ്[225] ഉണ്ടാക്കിയത് നമ്മളാണ്... എന്നതുപോലുള്ള ചില ഭ്രാന്തൻ കാര്യങ്ങൾ പറയുന്നു. (...) മൂല്യങ്ങൾക്ക് പ്രധാന്യമുണ്ട്; പക്ഷേ അവ ഒരു വിദ്യാർത്ഥി കോളേജിൽ ചേരുന്നതിനുമുമ്പേതന്നെ പഠിച്ചിരിക്കേണ്ട കാര്യങ്ങളാണ് (..) അധ്യാപകർ അവരുടെ മേഖലയിലെ പുതിയ കാര്യങ്ങളെക്കുറിച്ച് അജ്ഞരാണ്. അവർക്ക് അടിസ്ഥാനകാര്യങ്ങൾപോലും അറിയില്ല. ഏതു വിഡ്ഢിയാണ് അവരെ നിയമിക്കുന്നത് എന്നറിയില്ല. (...) ഈ കോളേജിന്റെ നല്ല വശങ്ങളിലൊന്ന് എന്തെന്നാൽ എല്ലാവർക്കും ഒരു ജോലി കിട്ടുന്നു!"*

മറ്റൊരു വിദ്യാർത്ഥി പറയുന്നു: നെഗറ്റീവ് കമന്റുകൾ കൂടുതലായി തോന്നുന്നുണ്ടെങ്കിൽ ഇവരുടെ പ്രചരണവും കൂടുതലാണ്.

7. **അധ്യാപകർക്കുപോലും ഇങ്ങനെയാണ്:**

കോയമ്പത്തൂർ കാമ്പസിലെ[226] ജീവനക്കാരുടെ സാക്ഷ്യങ്ങളും നമുക്കു കാണാം: അത്യധികം ജോലിഭാരം, ഒരുപാട് അഡ്മിനിസ്ട്രേഷൻ ജോലികൾ, ഗവേഷണത്തിനനുവദിച്ച സമയക്കുറവ്, അധ്യാപകരെ അടിമകളെപ്പോലെ കരുതുന്നു, പ്രമോഷനുകളുടെ അഭാവം, ശമ്പളവർദ്ധനവിന്റെ

അഭാവത്തിനൊപ്പം ഉള്ളതുതന്നെ കുറയ്ക്കാനുള്ള കാരണം കണ്ടെത്തൽ, പലവിധ സാമ്പത്തിക സംഭാവനകളുടെ ആവശ്യം പറഞ്ഞ് ശമ്പളം കുറയ്ക്കുക, ജോലിയും വിശ്രമവും തമ്മിലുള്ള സന്തുലിതാവസ്ഥയുടെ അഭാവം, മെഡിക്കൽ വിദ്യാർത്ഥികളുടെ ശരാശരി നിലവാരം, വിദ്യാർഥികൾക്കുവേണ്ടി സ്വകാര്യജീവിതത്തിലെ സമയംകൂടി ഉപയോഗിക്കേണ്ടിവരിക. കൂടാതെ, കോവിഡ്-19 കാലയളവിൽ, മുന്നറിയിപ്പില്ലാതെ 50% ശമ്പളം കുറയ്ക്കുകയും അതേസമയം മുഴുവൻ വർഷത്തേക്കുള്ള ട്യൂഷൻ ഫീസ് ഈടാക്കുകയും ചെയ്തിട്ടുണ്ട്. സാഹചര്യം മോശമായി കൈകാര്യം ചെയ്യുക; NRIF (National Institutional Ranking Framework)-ന്റെ നാഷണൽ റാങ്കും യാഥാർത്ഥ്യവുമായി യാതൊരു ബന്ധവും ഇല്ലാതിരിക്കുക, അക്കാദമിജീവനക്കാർക്ക് മാനേജ്മെന്റിനോടുള്ള വിശ്വാസക്കുറവ്.

മറ്റൊരു ജീവനക്കാരന്റെ സാക്ഷ്യപത്രം[227] ഇവിടെ കാണാം. പദങ്ങളൊക്കെ ഏതാണ്ട് ഒന്ന് തന്നെയാണ്. അദ്ദേഹവും പക്ഷപാതത്തെക്കുറിച്ച് സംസാരിക്കുന്നു. ശമ്പളത്തിൽ വർദ്ധനവില്ലായ്മ. കഴിവ്, വിദ്യാഭ്യാസം, സ്വഭാവം എന്നിവ ശ്രദ്ധിക്കാതെയുള്ള ആൾക്കാരുടെ തെരഞ്ഞെടുപ്പ്. ഒരുപാട് എൻജിനീയറിംഗ് കോളേജുള്ളപ്പോൾ രക്ഷിതാക്കൾ ഈ കോളേജ് തെരഞ്ഞെടുക്കുന്നത് അമൃത എന്ന പേര് കൊണ്ടാണ്. അടുത്തതായി, മറ്റൊരാൾ ഈ സ്ഥാപനങ്ങൾ നിയന്ത്രിക്കുന്ന മതമാഫിയയെക്കുറിച്ച് പറയുന്നു. ഈ മാഫിയയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുന്നില്ലെന്ന് മാത്രമല്ല, ഇവർ ആത്മാർത്ഥതയെക്കുറിച്ചും ജീവിതത്തിലെ ലാളിത്യത്തെക്കുറിച്ചും വിനയത്തെക്കുറിച്ചും പ്രസംഗിക്കുന്നു. "സംഘത്തിന്റെ നീചമായ പ്രവൃത്തികൾ" പുറത്തു വരേണ്ടതുണ്ടെന്നും അയാൾ പറയുന്നു.

ഇതിനെത്തുടർന്നുവന്ന മറ്റൊരു കമന്റ് നോക്കാം. നിലവാരമില്ലാത്ത പ്രോഗ്രാമുകൾ, കഴിവില്ലാത്ത അധ്യാപകർ, അഹങ്കാരികളായ ഭരണാധികാരികൾ, നിസ്സംഗരായ നേതാക്കൾ, അപര്യാപ്തമായ പ്ലെയ്സ്മെന്റുകൾ ഇങ്ങനെയൊക്കെയായിട്ടും രാജ്യത്തെ ഏറ്റവും നല്ല സർവകലാശാലയെന്ന് അവകാശപ്പെടുന്നു. അയാൾ എഴുതുന്നു: *"എന്തുകൊണ്ട് ഈ കോളേജ് ഒഴിവാക്കണമെന്നതിനെക്കുറിച്ച് ആയിരം കാരണങ്ങൾ ഞാൻ ഇവിടെ നിരത്താം; പക്ഷേ എഴുതാൻ സ്ഥലം മതിയാകില്ല."*

8. **കടുത്ത മത്സരവും ആത്മഹത്യകളും:**

130 കോടി ആൾക്കാരുള്ള ഇന്ത്യയിൽ മണിക്കൂറിൽ ഒരു വിദ്യാർത്ഥി ആത്മഹത്യ ചെയ്യുന്നു[228]. ഓരോ ദിവസവും 28 ആത്മഹത്യാറിപ്പോർട്ടുകളാണ് രാജ്യത്തെ പോലീസിന് ലഭിക്കുന്നത്. 2018-ൽ, 10159 വിദ്യാർത്ഥികളാണ് ആത്മഹത്യ ചെയ്തത്. നമ്മളിവിടെ ആത്മഹത്യാശ്രമങ്ങളെക്കുറിച്ചോ പരാജയപ്പെട്ട ശ്രമങ്ങളെക്കുറിച്ചോ അല്ല പറയുന്നത്, ജീവനൊടുക്കിയ കുട്ടികളെക്കുറിച്ചാണ്. അമൃതാവിദ്യാഭ്യാസ സമ്പ്രദായത്തിലെ ഗുരുവിന്റെ കപട-കുടുംബവും ഇതിനൊരപവാദമല്ല. അവിടെ ആത്മഹത്യകൾ പെരുകുന്നുണ്ട്. ചില സാക്ഷ്യപത്രങ്ങൾ പ്രവർത്തകർ മറച്ചുവച്ച ആത്മഹത്യയുടെ എണ്ണവും വിളിച്ചോതുന്നുണ്ട്[229]. ആരതി, ജിതേന്ദ്ര, വയോള, ഹർഷ എന്നിവർ നിർഭാഗ്യകരമായി ഇതിൽ വിജയിച്ച കുറച്ചുപേരാണ്:

a. **ആരതി, 2009 മാർച്ച്**: അഡ്മിനിസ്ട്രേറ്റർ മാനേജരാൽ ഉപദ്രവിക്കപ്പെട്ട ആരതി മാർച്ച് 2009-ന് നാലാം നിലയിൽനിന്നും ചാടി ജീവനൊടുക്കി.[230]

b. **ജിതേന്ദ്ര, 2012 ജനുവരി**. പരീക്ഷയിൽ പരാജയപ്പെട്ടപ്പോൾ കനത്ത പിഴ ചുമത്തിയതിനെത്തുടർന്ന് മനംനൊന്ത് അയാൾ സ്വന്തം മുറിയിൽ കെട്ടിത്തൂങ്ങി. അപ്പോഴും ശ്വസിച്ചുകൊണ്ടിരുന്നു അതിനാൽ സുഹൃത്തുക്കൾ അയാളെ സഹായിക്കാൻ ശ്രമിച്ചു. എന്നാൽ ഇത് ക്രൈം സീനാണെന്നുപറഞ്ഞ് ജീവനക്കാർ വിസമ്മതിച്ചു, പോലീസ് വരുന്നതുവരെ കാത്തിരിക്കേണ്ടിവന്നു. അവൻ മരിച്ചപ്പോൾ ഉപേക്ഷിക്കപ്പെട്ടു. പതിവുപോലെ രോഷാകുലരായ വിദ്യാർത്ഥികളുടെ പ്രകടനം[231]. മറ്റൊരു ലേഖനത്തിൽ അവന്റെ അവസാനനിമിഷങ്ങളെപ്പറ്റി വിശദമായി പറയുന്നുണ്ട്. 2009 മുതൽ എഴുപതോളം നിയന്ത്രണങ്ങളും മാനദണ്ഡങ്ങളും മാറ്റപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന് പിറന്നാളാഘോഷം നിരോധിച്ചിരിക്കുന്നു. അവർ പറയുന്നു: അവർ പണി നടന്നുകൊണ്ടിരിക്കുന്ന ഹോസ്റ്റലിൽ താമസിച്ചുകൊണ്ട് പണി നടന്നുകൊണ്ടിരിക്കുന്ന യൂണിവേഴ്സിറ്റിയിൽ (2012) പഠിക്കുന്നു. ചിലപ്പോഴൊക്കെ പാറ്റകളും കല്ലും വയർ കഷണങ്ങളും ഭക്ഷണത്തിൽ കാണാറുണ്ടെന്ന് അവർ വിവരിക്കുന്നു. കാമ്പസ് ഡോക്ടർമാർ കഴിവില്ലാത്തവരാണെന്ന് പറയുന്നു. അവർ കുട്ടികൾക്ക് വേദനസംഹാരികൾ കൊടുക്കുകയും എന്ത് ചെറിയ ആവശ്യത്തിനും ഹോസ്പിറ്റലിൽ പറഞ്ഞുവിടുകയുമാണ് ചെയ്യാറുള്ളത്. വിദ്യാർത്ഥികളും അധ്യാപകരും

തമ്മിലുള്ള ആശയവിനിമയം വളരെ കുറവായിരുന്നു; അവർ സംശയനിവാരണത്തിന് ലഭ്യമല്ലായിരുന്നെന്നും പറഞ്ഞുവയ്ക്കുന്നു. കായികം/ കളിസ്ഥലം ഇല്ലാത്തതിൽ അവർക്ക് ദുഃഖമുണ്ട്. പരീക്ഷകൾ പലപ്പോഴും തലേദിവസം പ്രഖ്യാപിക്കാറുണ്ടെന്നും ചോദ്യങ്ങൾ പലപ്പോഴും പാഠ്യപദ്ധതിക്ക് പുറത്തുനിന്നാകാറുണ്ടെന്നും അവർ പറയുന്നു. കഠിനമായ നിയന്ത്രണങ്ങളും പീഡനവുമാണ് ജിതേന്ദ്രയെ തിരുത്താനാകാത്തത് ചെയ്യാൻ പ്രേരിപ്പിച്ചതെന്ന് പോലീസ് സമ്മതിച്ചു[232].

c. **വയോള, സെപ്റ്റംബർ 2019**. മെഡിസിൻ ആദ്യവർഷം, അവൾക്ക് അനാട്ടമിയിൽ നല്ല മാർക്ക് ലഭിച്ചില്ല. അതിനുവേണ്ടി അവൾക്ക് കൂടുതൽ പരിശ്രമിക്കേണ്ടതായിവന്നു. അവളുടെ ആത്മഹത്യയുടെ കൃത്യമായ കാരണം മാധ്യമങ്ങൾക്ക് ആ സമയത്ത് അറിയില്ലായിരുന്നു[233] . അവളുടെ സഹോദരി ഒരു നിവേദനം[234] പ്രസിദ്ധീകരിക്കുകയും അതിൽ ആൺകുട്ടികളെക്കാൾ പെൺകുട്ടികൾക്കുള്ള ശോചനീയമായ അവസ്ഥകളും, കടുത്ത നിയന്ത്രണങ്ങളെപ്പറ്റി വെളിപ്പെടുത്തുകയും ചെയ്യുന്നുണ്ട്. അധ്യാപകരിൽനിന്നുള്ള പിന്തുണയുടെയും പരിശീലനത്തിന്റെയും അഭാവത്തെക്കുറിച്ചും അവർ പരാമർശിക്കുന്നു. *ഗുരുകുലം* എന്നാണോ

നിങ്ങൾ പറഞ്ഞത്? മോശം ഭക്ഷണം, എപ്പോഴും അടഞ്ഞുകിടക്കുന്ന ജിമ്മിന്റെ വാതിൽ, കാമ്പസിന് പുറത്തേക്ക് പോകുന്നതിനുള്ള വിലക്ക്, സെൽഫോൺ കൈവശം വയ്ക്കുന്നതിനുള്ള വിലക്ക് എന്നിവയെക്കുറിച്ചും പരാതി പറഞ്ഞു. വിജയിക്കാമായിരുന്ന ഒരു പെൺകുട്ടിയെ കുറിച്ചും ശരിയായ മേൽനോട്ടത്തിൽ പൂർണ്ണമായും തടയാൻ കഴിയുമായിരുന്ന ഒരു മരണത്തെക്കുറിച്ചും അവൾ പറയുന്നു.

d. **ശ്രീഹർഷ, ഒക്ടോബർ 2019**. കാന്റീനിലെ ജലക്ഷാമത്തിനും ഭക്ഷണത്തിന്റെ മോശം നിലവാരത്തിനും എതിരെയുള്ള വിദ്യാർത്ഥികളുടെ പ്രകടനത്തെത്തുടർന്ന്, ഈ യുവാവിനോട് അവൻ ചെയ്യാത്ത കാര്യത്തിന്റെ കുറ്റം ഏറ്റെടുക്കണം എന്നുപറഞ്ഞ് ഭീഷണിപ്പെടുത്തി, സമ്മതിച്ചില്ലെങ്കിൽ മറ്റു പലരെയുംപോലെ ഒരു വർഷത്തേക്ക് സസ്പെൻഡ് ചെയ്യുമെന്നും പറഞ്ഞു. ഡിസിപ്ലിനറി കൗൺസിലിന് മുമ്പാകെ അവൻ ചെയ്യാത്ത കുറ്റം ഏറ്റെടുക്കാൻ വിസമ്മതിക്കുകയും അതിനുപകരമായി ശിക്ഷിക്കപ്പെടുകയും ചെയ്തു. ഈ സസ്പെൻഷന്റെ അർത്ഥം അവന്റെ എൻജിനീയറിങ് അവസാന വർഷം നഷ്ടമാകുമെന്നും, ഒരു വലിയ കമ്പനിയിൽനിന്നും ഉയർന്ന ശമ്പളമുള്ള ജോലി നഷ്ടപ്പെടുമെന്നുമായിരുന്നു. ഈ അനീതി സഹിക്കവയ്യാതെ അവൻ ഏഴാംനിലയിലേക്ക് കയറി തന്റെ ശരീരം ശൂന്യതയിലേക്ക് വലിച്ചെറിഞ്ഞു. കഥയുടെ ക്രൂരമായ വിരോധാഭാസം

എന്തെന്നാൽ, തന്റെ മകനെ ഡിസിപ്ലിനറി കൗൺസിലിൽ അനുഗമിക്കാൻ ആഗ്രഹിച്ച പിതാവിന് പ്രവേശനം അനുവദിക്കാത്തതുകൊണ്ട് പുറത്ത് കാത്തിരിക്കേണ്ടിവന്നു. ആ ചെറുപ്പക്കാരൻ താഴേക്ക് ചാടിയപ്പോൾ അവന്റെ പിതാവ് ഇതൊന്നുമറിയാതെ ഗേറ്റിന് മുന്നിൽ കാത്തുനിൽക്കുകയായിരുന്നു. അയാളുടെ വിദൂരസാന്നിധ്യത്തിൽ അവൻ താഴോട്ട് പതിച്ചു. പിതാവിന്റെ സാക്ഷ്യമനുസരിച്ച്[235], ആരോഗ്യസ്ഥിതി മോശമായതിനാൽ മകനെ ആശുപത്രിയിലേക്ക് മാറ്റിയെന്ന് പിന്നീടാണ് അദ്ദേഹത്തെ അറിയിച്ചത്... നിർഭാഗ്യവശാൽ അദ്ദേഹം ഹോസ്പിറ്റലിലെത്തിയപ്പോൾ ആംബുലൻസിൽനിന്ന് ഇറക്കുന്ന തന്റെ മകന്റെ ശവശരീരമാണ് കണ്ടത്. കുറച്ച് നിമിഷങ്ങൾക്കുശേഷം തന്റെ മകൻ എവിടെയാണ് വീണത് എന്നു കാണാൻ വേണ്ടി കോളജിലേക്ക് തിരിച്ചെത്തിയപ്പോഴേക്കും എല്ലാം വൃത്തിയാക്കിയിട്ടുണ്ടാ-യിരുന്നു. അധ്യാപകർ ഉൾപ്പെടെ 10 ജീവനക്കാർ പോലീസ് എത്തുന്നതിനുമുമ്പ് നിലത്തുണ്ടായ അപകടത്തിന്റെ എല്ലാ അടയാളങ്ങളും തുടച്ചുമാറ്റിയിരുന്നു. വിദ്യാർത്ഥി അശ്രദ്ധമായി വഴുതിവീണെന്നാണ് ഇവരുടെ വാദം. തെളിവ് നശിപ്പിക്കൽ, ആത്മഹത്യപ്രേരണ എന്നീ കുറ്റങ്ങളാണ് ഇവർക്കെതിരെ ചുമത്തിയിരിക്കുന്നത്. യൂണിവേഴ്സിറ്റി ജീവനക്കാരുടെ പീഡനമാണ്

> ആത്മഹത്യയ്ക്ക് കാരണമെന്ന് പോലീസ് റിപ്പോർട്ടിൽ പറയുന്നു[236]. ഇവർക്കെതിരെയുള്ള ചാർജ് ഫയൽ ചെയ്തിരുന്നോ എന്നെനിക്ക് അറിയില്ല.

> ഈ ദുരന്തത്തിനുശേഷം അവന്റെ സുഹൃത്തുക്കൾ വിവിധ ലിഖിതങ്ങളുള്ള പ്ലക്കാർഡുകൾ ഉപയോഗിച്ച് പ്രകടനം നടത്തി. "നിങ്ങളുടെ നിയമങ്ങളെക്കാൾ വിലയുണ്ട് ഞങ്ങളുടെ ജീവന്" എന്നും അതിൽ എഴുതിയിരുന്നു. 16 വർഷമായി ഈ കാമ്പസിൽ പ്രതിഷേധങ്ങൾ പതിവാണെന്നും, മാനേജ്മെന്റ് ചെവി കൊടുക്കുന്നില്ല എന്ന കാരണത്താൽ, ചുരുങ്ങിയ കാലയളവിൽ ഇത് ആറാമത്തെ ആത്മഹത്യയാണെന്നും അവർ സാക്ഷ്യപ്പെടുത്തി[237]. ഈ ലേഖനം ദുരന്തത്തിന്റെ കാരണമന്വേഷിക്കുന്നു[238]. ഒരു വിദ്യാർത്ഥിപ്രതിനിധി പറയുന്നു: "85000 രൂപയാണ് എല്ലാവർഷവും ഞങ്ങൾ ഹോസ്റ്റൽ ഫീസായി അടയ്ക്കുന്നത്. ആ തുകയ്ക്ക് വൃത്തിയുള്ള ഭക്ഷണവും വെള്ളവും പോയിട്ട് അടിസ്ഥാനസൗകര്യങ്ങൾപോലും ഞങ്ങൾക്ക് ലഭിക്കുന്നില്ല. ടാപ്പുകളിലും ടോയ്ലറ്റുകളിലും വെള്ളം ലഭിക്കാത്ത ഒരുപാട് ദിവസങ്ങൾ ഞങ്ങൾക്കുണ്ടായിട്ടുണ്ട്. നൂറ്റമ്പത് കുട്ടികളുള്ള ഓരോ ഫ്ലോറിലും ആകെ ഒരു എമർജൻസി വാട്ടർ ലൈനാണ് ഉണ്ടായിരുന്നത്. ഇതിനെപ്പറ്റി വിശദമായ വിവരണം ബാക്കിയുള്ള ലേഖനത്തിലുണ്ട്.[239]

പക്ഷേ 2010-ൽ, 19 വയസ്സുള്ള അമലയും ആത്മഹത്യ ചെയ്തിരുന്നു; 2014-ൽ 19 വയസ്സുള്ള ലെന ലക്ഷ്മണൻ, ലോകേഷ്, ആനന്ദ് നിർമ്മലൻ, 18 വയസ്സുള്ള ലീന എന്നിവരും ജീവിതമവസാനിപ്പിച്ചു. അവസാനത്തെ മൂന്ന്

പേരും ഒരേ കാമ്പസിൽ ഉള്ളവരായിരുന്നു; 2015-ൽ വെങ്കട്ട് കൃഷ്ണനും ജീവനൊടുക്കിയതായി എനിക്കു മനസ്സിലായി. തുടർന്നുള്ള വർഷങ്ങളിലെ വിവരം തിരയുന്നത് ഞാൻ നിർത്തി. ഈ ഭയാനകമായ കണക്ക് കൂടാതെയും നമ്മൾക്ക് ജീവിതമുണ്ട്. എന്നാൽ ഈ യുവാത്മാക്കൾ ഗുരുവിന്റെ കുടുംബമായ ഗുരുകുലത്തെ ഇഷ്ടപ്പെട്ടിരുന്നതായി തോന്നുന്നില്ല.

## e. *വിദ്യാർത്ഥികൾക്കിടയിലെ ആത്മഹത്യ:*

ഇന്ത്യയിലെ 'വിദ്യാർത്ഥി ആത്മഹത്യ' എന്ന വിഷയത്തെക്കുറിച്ച് നമുക്ക് ഒരു നിമിഷം ചിന്തിക്കാം. അത് A അവരുടെ വിദ്യാഭ്യാസ സാമ്രാജ്യം ഈ രീതിയിൽ കെട്ടിപ്പടുക്കാൻ തീരുമാനിച്ചത് എന്തുകൊണ്ടാണെന്ന് നമ്മളെ മനസ്സിലാക്കാൻ സഹായിക്കും.

ഇന്ത്യയിലെ വിദ്യാർത്ഥി ആത്മഹത്യകൾ ഒരു യഥാർത്ഥവിപത്താണ്. യുവാക്കളുടെ, ലോകത്തെ ഏറ്റവും ഉയർന്ന ആത്മഹത്യനിരക്കുള്ള രാജ്യങ്ങളിലൊന്നാണിത്. ഇതിന്റെ ഒരു കാരണം കോളജിനുപുറത്തേക്ക് വ്യാപിക്കുന്ന വിദ്യാഭ്യാസസമ്മർദ്ദമാണ്. ജയത്തെയും ഉയർന്ന വരുമാനത്തെയും മാനിക്കുന്ന പൊതുസംസ്ക്കാരം സ്ത്രീധനവും, പെൻഷൻ സംവിധാനവുമില്ലാത്ത സമൂഹത്തിൽ ഒരു വലിയ പങ്കുവഹിക്കുന്നുണ്ട്. കഠിനമായ നിയന്ത്രണങ്ങളും അമിതഭാരവും അവരെ ക്ഷീണിതരും വിഷാദരോഗികളുമാക്കുന്നു. അവരുടെ മാനസികാരോഗ്യം ശരിയായ രീതിയിൽ പരിപാലിക്കപ്പെടുന്നില്ല. കുട്ടികളുടെ മേലുള്ള ഈ സമ്മർദ്ദത്തിന് ചെറിയ രീതിയിൽ രക്ഷിതാക്കളും ഉത്തരവാദികളാണ്. കൂടാതെ മാനസികപ്രശ്നങ്ങൾ സമൂഹം മറച്ചുപിടിക്കാൻ ശ്രമിക്കുന്നു. ഈ ലേഖനത്തിന്റെ രചയിതാവ് സൂചിപ്പിക്കുന്നത്[240], എയിംസ്

(AIIMS- ശരിക്കുള്ളത്, പകർപ്പല്ല) സർവകലാശാലയിലേക്കുള്ള പ്രവേശനം ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യമാണ്. യുഎസ്എയിലെ എംഐടി അല്ലെങ്കിൽ ഹാവാർഡ് പോലുള്ള പ്രശസ്തമായ സ്കൂളുകൾക്ക് അഡ്മിഷൻ നിരക്ക് 7%-9% ആയിരിക്കുമ്പോൾ എയിംസിന്റെ നിരക്ക് 0.1% ആണ്. നല്ല സ്ഥാപനത്തിൽ പ്ലേസ്മെന്റ് ലഭിക്കാത്തവരെ പരാജയപ്പെട്ടവരായാണ് ഇന്ത്യൻ സമൂഹം കാണുന്നത്. സർവ്വകലാശാലകൾ പഠനത്തിനൊടുവിൽ അവരുടെ പ്ലേസ്മെന്റ് ശേഷിയും ശമ്പളനിരക്കും എടുത്തുപറയുന്നത് കൂടുതൽ സമ്മർദ്ദത്തിന് വഴിയൊരുക്കുന്നു. യുവാക്കളുടെ തൊഴിലില്ലായ്മാനിരക്ക് ഏകദേശം 22% ആണ്. മറുവശത്ത്, 130 കോടി നിവാസികളുള്ള രാജ്യത്ത്, അവരിൽ 50% 25 വയസ്സിന് താഴെയുള്ളവരാണ്: അതായത് 14 കോടി യുവാക്കൾ തൊഴിൽരഹിതരാണ്. ഓരോ വർഷവും രണ്ടു-രണ്ടര കോടി കുട്ടികൾ ജനിക്കുന്ന ഈ രാജ്യത്തെ ദൈനംദിനജീവിതം എന്തെന്ന് മനസ്സിലാക്കാൻ ഒരാൾ ഇന്ത്യയിൽ (ആശ്രമത്തിനുപുറത്ത്) ജീവിച്ചിരിക്കണം.

## *f. ഇന്ത്യയിലെ സാഹചര്യം:*

സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പിനെപ്പറ്റി കൂടുതൽ മനസ്സിലാക്കാൻ നമുക്ക് ഇന്ത്യയിലെ സാഹചര്യം നോക്കാം.

### കുടുംബനിക്ഷേപം:

2016-ലെ ഫെയർ ഒബ്സർവറിലെ[241] ഒരു വാർത്ത പ്രകാരം ഇന്ത്യയിൽ, രാജ്യത്തെ ഏറ്റവും മികച്ച സ്ഥാപനങ്ങളിലേക്ക് പ്രവേശനം നേടുന്നതിന് തയ്യാറെടുക്കുന്ന സ്വകാര്യ കോച്ചിംഗിന്റെ ഫീസിൽ കഴിഞ്ഞ 30 വർഷത്തിനുള്ളിൽ 250 അല്ലെങ്കിൽ 500 മടങ്ങ് വർധനവുണ്ട്. അതേസമയം തയ്യാറെടുപ്പിന്

വേണ്ടുന്ന വർഷങ്ങളും നാലുമടങ്ങ് വർദ്ധിച്ചു. വഞ്ചനയും അഴിമതിയും ശാശ്വതമാണെന്ന് പറയപ്പെടുന്നു. മധ്യവർഗ്ഗരക്ഷിതാക്കൾ തങ്ങളുടെ മാസവരുമാനത്തിന്റെ മൂന്നിലൊന്ന് കുട്ടികൾക്കായി സ്വകാര്യ ട്യൂഷൻ ക്ലാസുകൾക്കായി ചെലവഴിക്കുന്നു. ഈ ആവശ്യങ്ങൾക്ക് പണം മുടക്കാൻവേണ്ടി, വരുമാനം കുറവുള്ളവർ വായ്പ അടയ്ക്കാനായി തങ്ങളുടെ വസ്തു വിൽക്കേണ്ടിവരുന്നു. എന്നാൽ സമ്പന്നർ അവരുടെ മക്കളെ വിദേശത്ത് അയയ്ക്കുന്നു. അതും പോരാഞ്ഞ് സർവ്വകലാശാലകളിൽനിന്ന് പുറത്തുപോകുന്ന 75 മുതൽ 90% വിദ്യാർത്ഥികളെ വ്യവസായസ്ഥാപനങ്ങൾ അയോഗ്യരായി കണക്കാക്കുന്നു.

## സ്വകാര്യവ്യവസായം:

ലേഖനമനുസരിച്ച് യൂണിവേഴ്സിറ്റി എൻറോൾമെന്റ് നിരക്ക് 50 മുതൽ 95 ശതമാനത്തിനിടയിൽ വരുന്നു. ഇന്ത്യയിൽ അത് 23% ആണ്. എൻജിനീയറിംഗ്, ബിസിനസ്, മെഡിസിൻ എന്നിവയിൽ സ്പെഷ്യലൈസ് ചെയ്ത ഏറ്റവും പ്രശസ്തമായ പൊതുസ്ഥാപനങ്ങൾ രാജ്യത്തെ 0.5% പ്രവേശനവുമായിമാത്രം ബന്ധപ്പെട്ടിരിക്കുന്നു. 75% വിദ്യാർത്ഥികളും അമൃതയെപ്പോലെ അഭിവൃദ്ധി പ്രാപിക്കുന്ന വലിയ വരുമാനമുണ്ടാക്കുന്ന അഫിലിയേറ്റഡ് കോളേജ് സിസ്റ്റത്തിലേക്ക് പോകുന്നു. 50 മുതൽ 80% വരെ സ്വകാര്യസർവ്വകലാശാലകളെ പ്രതിനിധീകരിക്കുന്ന ഈ പുതിയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഏറ്റവും വലിയ വിതരണക്കാരായി രാഷ്ട്രീയക്കാർ (AN, ഞാൻ ഗുരുക്കളെയും ചേർക്കുന്നു) മാറിയിരിക്കുന്നു. ഇതൊക്കെയാണെങ്കിലും, ലേഖകൻ പറയുന്നതനുസരിച്ച്, സ്വാതന്ത്ര്യം ലഭിച്ച് 70

വർഷങ്ങൾക്കുശേഷവും ഇന്ത്യയിൽ ഒരു ലോകോത്തര മൾട്ടി ഡിസിപ്ലിനറി റിസർച്ച് യൂണിവേഴ്സിറ്റിയില്ല.

## അമൃത സിസ്റ്റവും നമ്മളും:

ഈ സന്ദർഭത്തിന്റെ വെളിച്ചത്തിൽ, നൂതനത്വത്തെക്കുറിച്ചും ഗുരുകുലശൈലിയിലുള്ള പരിശീലനത്തെക്കുറിച്ചും ഇത്രയധികം ചർച്ചകൾ നടത്തിയിട്ടും, തിരശ്ശീലയ്ക്കു പിന്നിലെ ചില കാഴ്ചകളിലൂടെ ഈ ബിസിനസ്സിന്റെ സാഹചര്യവും കാരണങ്ങളും മനസ്സിലാക്കാൻ എളുപ്പമാണ്. വിദ്യാഭ്യാസമില്ലാത്ത ദരിദ്രരെയും നിരാലംബരെയും പരിചരിക്കുന്നതിനായി പാശ്ചാത്യരിൽനിന്നും വർഷങ്ങളായുള്ള ഫണ്ട് ശേഖരണത്തിലൂടെയാണ് ഇതെല്ലാം ആരംഭിച്ചതെന്ന് നാം മറക്കരുത്. നമ്മളുടെ നിഷ്കളങ്കമായ ആത്മവിശ്വാസത്തിലൂടെയാണ് ഇതിനെ കെട്ടിപ്പെടുക്കാൻ സഹായിച്ചത്. പടിഞ്ഞാറ് സന്ദർശിക്കുമ്പോൾ ഓരോ പട്ടണത്തിലെയും അവസാനത്തെ പരിപാടിയിൽ സംഭാവനകൾക്കായുള്ള നിർബന്ധവും പൈസയുടെ ഒഴുക്കും നിങ്ങൾ ഓർക്കുന്നുണ്ടോ? ഇത് ഞാൻ നിങ്ങളോട് ചോദിക്കുന്ന ചോദ്യമാണ്: ഇതെല്ലാം കണ്ടും പഠിച്ചും കഴിഞ്ഞപ്പോൾ, ദരിദ്രരോടുള്ള സഹായമനസ്കതയും കാരുണ്യവുമാണ് അമൃതയെ നയിക്കുന്നതെന്ന് നിങ്ങൾ ശരിക്കും വിശ്വസിക്കുന്നുണ്ടോ? ബൈനറിയിൽ വിശ്വസിക്കാത്ത, കറുപ്പ്- വെളുപ്പ് എന്നുമാത്രമല്ലാതെ, എല്ലാ വിഭാഗങ്ങളുടെ മിശ്രിതവും, ഈ കൃത്രിമത്വവും വാണിജ്യവാദവും ഒരുപക്ഷേ അവരുടെ ആത്മീയതയെക്കുറിച്ചുള്ള സങ്കല്പമായിരിക്കാം. എന്നാൽ, നമ്മുടെ സങ്കല്പവും ഇതാകണമോ എന്ന ചോദ്യം നാം സ്വയം ചോദിക്കണം.

### g. സർവകലാശാല റാങ്കിംഗ്:

അമൃത സർവ്വകലാശാല അവരുടെ റാങ്കിങ്ങിനെപ്പറ്റി എപ്പോഴും എടുത്തുപറയുന്നു. ഇത് വില്പനയ്ക്കുവേണ്ടിയുള്ള ഒരു പ്രധാന കാര്യമാണ്. ഈ വ്യവസ്ഥിതിയെ ഹ്രസ്വമായി മനസ്സിലാക്കാനും അതിന്റെ പോരായ്മകൾ കാണാനും ഈയവസരത്തിൽ അതിന്റെ ഉപയോഗത്തെക്കുറിച്ച് മനസ്സിലാക്കാനും നമുക്ക് ഒരുപടി പിന്നോട്ടുപോകാം.

ബെൽജിയം നാഷണൽ ന്യൂസ്പേപ്പറിൽ 2020 -ൽ പ്രസിദ്ധീകരിച്ച "Voyage en absurdie: les rankings des Universities"[242] എന്ന ലേഖനം കമ്മിറ്റി ഓഫ് കാർത്ത അക്കാദമിയ[243] എന്ന അക്കാദമിക്ക് ചിന്താ ശൃംഖല ഒപ്പിട്ടതായിരുന്നു. ഈ ലേഖന പ്രകാരം "താരതമ്യം യുക്തമല്ല": *സംഖ്യകൾ അഭിനിവേശമായുള്ളവരെപ്പോലെ, വൈവിധ്യമാർന്ന അനേകം സവിശേഷതകളും വിശേഷഗുണങ്ങളും ഒരേയൊരു സംഖ്യയിൽ പ്രതിപാദിക്കാൻ ശ്രമിക്കുന്നത്, മനുഷ്യബുദ്ധിക്കും സർവകലാശാലയുടെ അന്തസ്സിനും ഏറെക്കുറെ അപമാനകരമാണ്. ചില ഉദ്ധരണികൾ താഴെ കൊടുക്കുന്നു:*

> വിവിധ സ്ഥാപനങ്ങൾ പ്രസിദ്ധീകരിച്ച നിരവധി റാങ്കിംഗുകൾ ഉണ്ട്. അവരുടെ മാനദണ്ഡമനുസരിച്ച്, സ്ഥാപനങ്ങളെ ഒരേ തരത്തിലോ ഒരേ റാങ്കിലോ തരംതിരിച്ചതായി കാണുന്നില്ല. *"ഷാങ്ഹായ് റാങ്കിംഗിന്റെ മാനദണ്ഡം നോക്കുമ്പോൾ, ഈ റാങ്കിംഗിൽ ഒന്നാംസ്ഥാനത്തുള്ളതിനാൽ ലോകത്തെ ഏറ്റവും മികച്ച സർവകലാശാലയായി യോഗ്യത നേടുന്നത് അസംബന്ധമാണെന്ന് നിങ്ങൾക്ക് മനസ്സിലാകും."* പ്രകടന മാനദണ്ഡങ്ങളുടെ പ്രവണത കാരണം, ഒരർത്ഥവുമില്ലെങ്കിലും ആപേക്ഷികമാണെങ്കിലും ഒരു കണക്ക്

ആവശ്യമാണ്. ഇത് *ബിബ്ലിയോമെട്രിക്സ്* എന്ന പുതിയ കപടശാസ്ത്രമാണ്. ഈ സൂചിക വിലയിരുത്തേണ്ട പ്രവർത്തനരീതികളുടെ ഒരു നിർദ്ദേശകനാകുന്നു എന്നതാണ് പ്രശ്നം. അക്കങ്ങൾക്കായുള്ള ഓട്ടം ഗവേഷണത്തിന്റെ ഗുണനിലവാരത്തെ ദോഷകരമായി ബാധിച്ചു. പ്രസിദ്ധീകരണങ്ങൾക്കായുള്ള ഭ്രാന്തമായ ഓട്ടത്തിന്റെ ഫലമായി മൂല്യച്യുതി ബാധിച്ച ഒരു വരുമാനയൂണിറ്റായി പ്രസിദ്ധീകരണം മാറിയിരിക്കുന്നു. ഗവേഷണം, വിദ്യാഭ്യാസം, സാമൂഹ്യസേവനം എന്നിവയുടെ നിലവാരം മെച്ചപ്പെടുത്താനുള്ള ലക്ഷ്യങ്ങൾക്കുപകരം റാങ്കിംഗ് സ്കോർ മെച്ചപ്പെടുത്തുന്നതിനുള്ള ലക്ഷ്യം സർവ്വകലാശാലകളെ ഭ്രാന്തവും ചെലവേറിയതുമായ മത്സരയോട്ടങ്ങളിലേക്ക് വലിച്ചിഴച്ചു. പണം സമ്പാദിക്കുന്നതിന് ആവശ്യമായ സൂചകങ്ങൾ സർഗ്ഗാത്മകഗവേഷണത്തെ ഇല്ലാതാക്കുന്നു. ഈ കരുണയില്ലാത്ത മത്സരങ്ങൾ ഡോക്ടറൽ വിദ്യാർത്ഥികളുടെ മാനസികാരോഗ്യത്തിൽ നിരവധി വികലമായ ഫലങ്ങൾ ഉണ്ടാക്കുന്നു. ഈ അക്കങ്ങളോടുള്ള അഭിനിവേശം ശാസ്ത്രത്തെ വഴിതെറ്റിക്കുകയും ശാസ്ത്രീയ ജേർണലുകളെ സാരമായി ബാധിക്കുകയും ചെയ്യുന്നു. റാങ്കിംഗിൽ ഉയരാൻ സർവ്വകലാശാലകൾ വളരെയധികം പരിശ്രമിക്കുകയും കാര്യമായ ചെലവ് ചെയ്യുകയും ചെയ്യുന്നു. ലോകത്തിലെ ഏറ്റവും മികച്ച ആയിരത്തിൽ ഇടംപിടിക്കാൻ ആഗ്രഹിക്കുന്ന ഓരോ സർവകലാശാലയും റാങ്കിംഗ് സ്ഥാപനങ്ങൾക്ക്, ആവശ്യപ്പെടുന്ന ഡാറ്റ നൽകാൻ ടീമുകളെ സജ്ജമാക്കണം. 2011 മുതൽ, നിരവധി കോൺഫറൻസുകളിലും കൃതികളിലും ശാസ്ത്രീയമൂല്യനിർണ്ണയത്തിലെ

വ്യതിയാനത്തെ, നിർണ്ണായകമായി വിലയിരുത്തിയിട്ടുണ്ട് (ലേഖനത്തിൽ റഫറൻസ് ഉണ്ട്). സർവ്വകലാശാല റാങ്കിനുവേണ്ടി ശാസ്ത്രമൂല്യനിർണയം നടത്തുന്ന വിദഗ്ദ്ധർ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾ പാലിച്ചില്ലെങ്കിൽ നിങ്ങൾ ഈ ഓട്ടത്തിൽനിന്നും പുറത്താക്കപ്പെടും. റാങ്കിംഗ് ചെയ്യുന്ന മിക്ക സ്ഥാപനങ്ങളും ഇവ ലംഘിക്കുന്നു. മാധ്യമങ്ങളും സർവകലാശാല അധികൃതരും ഇന്നും ഈ റാങ്കിംഗിൽ നൽകുന്ന ശ്രദ്ധ ഭീകരമാണ്. സർവ്വകലാശാലയ്ക്ക് ഭാരമാകുന്ന മാനേജ്മെന്റ് വ്യതിയാനത്തെ അടിവരയിട്ട് കാണിക്കുകയും അക്കങ്ങളുടെ മായാലോകം ഒരു കെണിയാണെന്ന് കാണിച്ചുതരികയും ചെയ്യുന്നു. സർവകലാശാലയെ ചരക്കാക്കി മാറ്റാൻ പണം ആവശ്യമുണ്ട്. ഈ കെണികൾ മാധ്യമങ്ങൾ ഇപ്പോഴും ഉപയോഗപ്പെടുത്തുന്നുണ്ട്; ഒരുപോലെ അനവധി പ്രിൻസിപ്പൽമാരുടെയും കുട്ടികളുടെയും അടുത്ത്. സൂചകങ്ങളോടുള്ള ഈ അഭിനിവേശം സർവ്വകലാശാലകളുടെ ഭാവിയെയും ഗുണനിലവാരമുള്ള ഗവേഷണത്തെയും സ്വാധീനിക്കുന്ന മാരകമായ അപകടങ്ങളെക്കുറിച്ച് ശാസ്ത്രവൃത്തങ്ങളും നിരവധി മൂല്യനിർണ്ണയവിദഗ്ദ്ധരും ബോധവാന്മാരാണ്. റാങ്കിംഗിൽ ഉയരാൻ ശ്രമിക്കുന്നതിലൂടെ, ഓരോ സർവകലാശാലയും അനന്തമായ വിഭവസമ്പത്തുള്ള ആംഗ്ലോ സാക്സൺ മാതൃകയിൽ നിർമ്മിച്ച സൂചകങ്ങളുടെ അച്ചിൽ വാർത്തതുപോലെയാകാൻ ശ്രമിക്കുന്നു. റാങ്കിംഗ് അവരുടെ കാഴ്ച മറയ്ക്കുന്നതിനാൽ, സർവ്വകലാശാലയുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു സ്ഥാപനത്തിന്റെ

തലപ്പത്ത് ഒരു ദിവസം അവർ സ്വയം കണ്ടെത്തിയേക്കാം. ഇത്തരത്തിലുള്ള മൂല്യനിർണ്ണയവും റാങ്കിംഗും സൃഷ്ടിക്കുന്ന വിനാശകരമായ ചുഴിയിൽനിന്ന് കരകയറാൻ, ഈ റാങ്കിംഗുകൾ നിരസിക്കുകയും ഇനിയും അവർക്ക് കീഴടങ്ങാതിരിക്കുകയും ചെയ്യുന്ന ഒരു പ്രസ്ഥാനത്തിന്റെ നേതൃത്വം ഏറ്റെടുക്കുന്നതിൽ സർവകലാശാലകൾ ബഹുമാനിക്കപ്പെടും.

ഈ വായനസന്ദർഭം അമൃത സിസ്റ്റത്തിന്റെ ഭാഗത്തെ റാങ്കിംഗിലുള്ള അഭിനിവേശം മനസ്സിലാക്കാൻ സഹായിക്കുന്നു. സ്ഥാപനത്തിന്റെ അക്കാദമിക് സൈറ്റിലെ[244] പേജ് പരിശോധിക്കുമ്പോൾ, “1” എന്ന അക്കങ്ങളുടെ വിന്യാസം നമുക്കു കാണാം, അതായത് ഇതിൽ ആദ്യം, അതിൽ ആദ്യം എന്നിങ്ങനെ. സർവ്വകലാശാലയുടെ പേജുകളിൽ, ഇന്ത്യൻ NIRF[245] (National institutional ranking frameworks) പ്രകാരം, നാലാമതാണ്; യഥാർത്ഥത്തിൽ പതിമൂന്നാം സ്ഥാനത്താണ്. അവരുടെ വെബ്സൈറ്റിലെ 2020-ലെ ലിസ്റ്റിൽ കാണാം. ഇതും ഒരു നല്ല റാങ്ക് തന്നെയാണ്.

യുണൈറ്റഡ് ന്യൂസ് ഓഫ് ഇന്ത്യയിലെ[246] 2019-ലെ ലേഖനത്തിൽ, *ടൈംസ് ഹയർ എജുക്കേഷൻ ലണ്ടന്റെ* ഡാറ്റ ഓഫീസർ അമൃത വിശ്വവിദ്യാപീഠത്തിന് ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യസർവകലാശാല എന്ന സർട്ടിഫിക്കറ്റ് കൊടുത്തിട്ട് പറഞ്ഞു: “*സർട്ടിഫിക്കറ്റ് നൽകുന്നതിൽ വളരെ സന്തോഷമുണ്ട്. കാരണം അമൃ സർവ്വകലാശാല ശരിക്കും ഒരു മികച്ച സ്ഥാപനവും ലോകത്തിലെ പ്രമുഖസ്ഥാപനങ്ങളിൽ ഒന്നുമാണ്.*” ലോകത്തിലെ? സ്ഥിതിഗതികൾ യഥാർത്ഥത്തിൽ എന്താണെന്നറിയാനും, അതിന്റെ അന്താരാഷ്ട്ര റാങ്കിംഗ് കണ്ടെത്താനും “വേൾഡ് യൂണിവേഴ്സിറ്റി റാങ്കിംഗിന്റെ” സൈറ്റിൽ നോക്കിയാൽ അത് 801-ാം സ്ഥാനത്തിനും

1000-ാം സ്ഥാനത്തിനും ഇടയിലാണെന്ന് കാണാം. ഇവിടെയെത്തുമ്പോൾ 200 സ്ഥാപനങ്ങളുള്ള[247] ബാച്ചുകളായിട്ടാണ് റാങ്ക് ചെയ്യുന്നത്; അതല്ലാതെ വ്യക്തിഗതമായ റാങ്കിംഗല്ല.

ആവശ്യമുള്ള കണക്കുകൾ സ്വയം ഉണ്ടാക്കുമെന്ന് നമുക്കെല്ലാവർക്കും അറിയാം. ചുരുക്കിപ്പറഞ്ഞാൽ എന്തിനാണ് അന്തസ്സിനുവേണ്ടിയുള്ള ഈ ഭ്രാന്തമായ ഓട്ടം? വരുമാനത്തിനു വേണ്ടിത്തന്നെ. ഞാൻ എത്രത്തോളം മികച്ചതായി റേറ്റുചെയ്യപ്പെടുന്നുവോ അത്രയും കൂടുതൽ വിദ്യാർത്ഥികളെ ഞാൻ എൻറോൾ ചെയ്യുകയും എന്റെ സേവനങ്ങൾക്ക് കൂടുതൽ തുക ഈടാക്കുകയും ചെയ്യും.

*നാഷണൽ അസസ്സ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ കൗൺസിൽ* (NAAC)[248] ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് ഗ്രേഡ് നൽകുന്നു. അമൃതയുടെ A ആണ്[249]. ഇതിനുമുകളിൽ A+, A++ എന്ന് രണ്ടെണ്ണം കൂടിയുണ്ട്; മൊത്തത്തിൽ 7 തലങ്ങളുമുണ്ട്.

ഒരു സെർച്ച് എഞ്ചിൻ എടുത്ത് അഴിമതിയും യൂണിവേഴ്സിറ്റി റാഗിങ്ങും എന്നു ടൈപ്പ് ചെയ്താൽ നിങ്ങൾക്ക് ധാരാളം ലിങ്കുകളും വിവരങ്ങളും ലഭ്യമാകും. റാങ്കിംഗ് വാച്ച്[250] ബ്ലോഗിൽനിന്നുള്ള ഈ ലേഖനം തെളിയിക്കുന്നതുപോലെ, പ്രശ്നം യഥാർത്ഥത്തിലുള്ളതാണ്. ഇതിൽ കാൺപൂരിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ (ഇന്ത്യയിലെ "യഥാർത്ഥത്തിൽ" ഏറ്റവും മികച്ച സർവകലാശാലകളിൽ ഒന്ന്) ഡയറക്ടർ പരാമർശിക്കുന്നു: *"അധ്യാപന ഗവേഷണനിലവാരവും ജോലിനിയമനവുമല്ല റാങ്കിംഗ് നിശ്ചയിക്കുന്നത്, പകരം അത് സ്ഥാപനത്തിന്റെ പണം ചെലവാക്കാനുള്ള കഴിവുകളെ അടിസ്ഥാനമാക്കിയുള്ളതാണ്. ലിസ്റ്റിൽ നല്ല റാങ്ക് നേടണമെങ്കിൽ എങ്കിൽ 1 കോടി വരെ നൽകണം"* എന്ന്

അദ്ദേഹം അവകാശപ്പെട്ടു. ഇദ്ദേഹം പറയുന്നത് സത്യമാണെങ്കിൽ, അമൃത വാങ്ങിച്ചുവയ്ക്കുന്ന പണം കാണുമ്പോൾ അക്കാഡമിക് സ്ഥാപനത്തിന്റെ റാങ്കിങ്ങിനെക്കുറിച്ച് അതിശയമില്ല.

ലേഖനത്തിൽനിന്നും USA യിലുള്ള[251] ഒരു കോളേജ് ഉപദേശകന്റെ വാക്കുകൾ: *"കൃത്യമായ കണക്കുകൂട്ടലുകളും കുതന്ത്രങ്ങളുംവഴി കോളേജുകളിലെയും സർവകലാശാലകളിലെയും റാങ്ക് ചെയ്യുന്നത് വികലവും ഭ്രമാത്മകവും ആത്യന്തികമായി നാമെല്ലാവരും പങ്കിടുന്ന ജനാധിപത്യമൂല്യങ്ങൾക്ക് ഹാനികരവുമാണ്. ഒരിക്കൽക്കൂടി നിരാലംബർ പരാജിതരാകുന്നു. അവർ പരാജയപ്പെടുമ്പോൾ നമ്മളും പരാജയപ്പെടുന്നു."* റോബർട്ട് എൽ വുഡ്ബറി, മുൻ പ്രസിഡന്റ് മെയിൻ യൂണിവേഴ്സിറ്റി, USA. ഉന്നത വിദ്യാഭ്യാസത്തിനുള്ള ന്യൂ ഇംഗ്ലണ്ട് ബോർഡിൽ പ്രസിദ്ധീകരിച്ച ലേഖനമാണിത്.

ഇടയ്ക്ക് വല്ലപ്പോഴും ഇതുപോലെ ചെറിയ ആത്മീയചിന്തകൾ കേൾക്കാനും ഒരു സുഖമാണ്.

ഈ ഭ്രാന്തമായ ഓട്ടം സാമൂഹികതയെയും ധാർമ്മികതയെയും ആത്മീയസൂക്ഷ്മതകളെയും സ്ഥാപനങ്ങളുടെ യഥാർത്ഥ അക്കാദമിക് മൂല്യത്തെയും മറയ്ക്കുന്ന മത്സരത്തിന്റെ പ്രാഥമികരൂപത്തെ പ്രതിനിധീകരിക്കുന്നുവെന്ന് നമ്മൾക്ക് മനസ്സിലാക്കാവുന്നതാണ്. അത് നല്ല പോലെ മനസ്സിലുറപ്പിക്കുക... ഞാൻ ഒരിക്കൽക്കൂടി പറയുന്നു, *"ഈ ഭ്രാന്തമായ ഓട്ടം സാമൂഹിക, ധാർമ്മിക, ആത്മീയസൂക്ഷ്മതകളെയും സ്ഥാപനങ്ങളുടെ യഥാർത്ഥ അക്കാദമിക് മൂല്യത്തെയും മറയ്ക്കുന്ന മത്സരത്തിന്റെ പ്രാഥമികരൂപത്തെ പ്രതിനിധീകരിക്കുന്നു."* അതുകൊണ്ട് ശാസ്ത്രീയവും ധാർമ്മികവും ആത്മീയവുമായ മികവ് അവകാശപ്പെടുന്ന ഒരു സ്ഥാപനം റാങ്കിനായുള്ള ഓട്ടത്തിൽ പങ്കെടുക്കുന്നത് ആശ്ചര്യജനകമാണ്, അല്ലേ?

പഴയകാല മുതലാളിത്തത്തിന്റെ ജീർണ്ണിച്ച ദിനോസറുകളെ കൈകാര്യം ചെയ്യുന്ന പ്രതീതിയാണ് ഉണ്ടാക്കുന്നത്, അവർ ഒന്നാംസ്ഥാനത്തെത്താൻ വേണ്ടി വഴിയിലുള്ള സകലതിനെയും ഞെരിച്ചമർത്തുന്നു. കുറച്ചുകൂടി സൂക്ഷ്മമായി പറഞ്ഞാൽ നമ്മൾ സംസ്കാരം, ആഴത്തിലുള്ള പ്രതിഫലനം, ബുദ്ധി, സൂക്ഷ്മത എന്നിവയുടെ അഭാവം ഒക്കെ വീണ്ടും അഭിമുഖീകരിക്കുന്നു. പക്ഷേ നിർഭാഗ്യവശാൽ, ഈ സ്ഥാപനത്തിൽ ഇത്തരം കാര്യങ്ങൾ ശീലിച്ചുപോയി.

യഥാർത്ഥത്തിൽ ഇന്ത്യൻ സർവ്വകലാശാലകളിൽനിന്ന് നേടുന്ന ബിരുദങ്ങൾപോലും, വികസിതരാജ്യങ്ങളിൽ അംഗീകരിക്കപ്പെടുന്നില്ല. അതായത് റാങ്കിനുവേണ്ടി സ്ഥാപനങ്ങൾ അമിതാവേശവും ഭ്രാന്തവും ചെലവേറിയതുമായ കാര്യങ്ങൾ ചെയ്താലും, വിദ്യാർത്ഥികൾക്ക് വിദേശത്ത് ജോലി ചെയ്യണമെങ്കിൽ അവരുടെ ഡിപ്ലോമകൾ അംഗീകരിക്കപ്പെടുകയോ അല്ലെങ്കിൽ പരീക്ഷകളിൽ വീണ്ടും വിജയം നേടുകയോ ചെയ്യണം. ഇതാണ് ഈ ലോകത്ത് ശരിയായ യാഥാർത്ഥ്യം. ഇത് പെട്ടെന്നുതന്നെ നമ്മളെ അവസാനചിന്തയിലേക്കു നയിക്കുന്നു: ഇത് വിദ്യാർത്ഥികൾക്ക് ഉപകാരപ്പെടുന്നില്ലെങ്കിൽ പിന്നെ ഇതുകൊണ്ട് ആർക്കാണ് ലാഭം? ഉത്തരം നിസ്സാരമാണ്: കമ്പനിക്ക്, ക്ഷമിക്കണം ഗുരുകുലത്തിന്റെ വിറ്റുവരവ് തന്നെയാണ് ലക്ഷ്യം.

## *h. അമൃത-ശൈലിയിലുള്ള ഗുരുകുലം:*

ഇനി നമുക്ക് അമൃതസ്ഥാപനങ്ങൾ അഭിമാനം കൊള്ളുന്ന *ഗുരുകുലത്തെപ്പറ്റിയും ഗുരുശിഷ്യപരമ്പരയെക്കുറിച്ചും* സംസാരിക്കാം.

2002 സെപ്റ്റംബറിൽ കൊച്ചിയിലെ എയിംസ് ആശുപത്രിയോട് ചേർന്നുള്ള മെഡിക്കൽ ഫാക്കൽറ്റി

ഉദ്ഘാടനം ചെയ്തു. സംഘടന എഴുതിയ ലേഖനത്തിൽനിന്നുള്ള ഒരു ഉദ്ധരണി ഇതാണ്:[252]

> *"മൂല്യാധിഷ്ഠിതവിദ്യാഭ്യാസം നൽകാനും ശാസ്ത്രത്തിന്റെയും ആത്മീയതയുടെയും സമന്വയത്തിലൂടെ യുവതലമുറയുടെ സ്വഭാവം രൂപപ്പെടുത്തുന്നതിനുമാണ് കോളേജ് പാഠ്യപദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്. അങ്ങനെ ജീവിതത്തിൽ പുരോഗതിയും സമൃദ്ധിയും കൈവരിക്കാനുള്ള അവരുടെ ആത്മാർത്ഥമായ പരിശ്രമങ്ങൾ നിസ്വാർത്ഥമായ സേവനം നൽകാനുള്ള ആഗ്രഹവുമായി പൊരുത്തപ്പെടുന്നു. ഒരു ഗുരുകുലം മാതൃകയിലാണ് കോളേജുകൾ രൂപപ്പെടുത്തിയിരിക്കുന്നത്. ഓരോ സംഘം വിദ്യാർത്ഥികൾക്കും അക്കാദമിക മാർഗ്ഗദർശനങ്ങൾ നടത്താനും വ്യക്തിത്വം വളർത്തിയെടുക്കാനും സഹായിക്കുന്ന ഒരു പ്രൊഫസർ ഉണ്ട്. കോളേജ് പ്രിൻസിപ്പൽ പറയുന്നത് കേൾക്കൂ..: "മികച്ച ഡോക്ടർമാരെ സൃഷ്ടിക്കാൻ മാത്രമല്ല, ഇത് അമ്മയുടെ സ്ഥാപനമായതിനാൽ അവരിൽ സേവനാധിഷ്ഠിത മാനസികാവസ്ഥ സ്ഥാപിക്കാനും കൂടിയാണ് ഞങ്ങൾ ശ്രമിക്കുന്നത്."*

നമുക്ക് ഒരു നിമിഷം നിർത്താം. വിദ്യാർത്ഥികളെ മേൽനോട്ടം വഹിക്കുക എന്നത് സാധാരണയായി യൂണിവേഴ്സിറ്റി പ്രൊഫസർമാരുടെ ജോലിയല്ലേ? അതിനെയല്ലേ മാർഗ്ഗദർശനം എന്നു പറയുന്നത്? കാനഡയിലെ ഷെർബ്രൂക്ക് യൂണിവേഴ്സിറ്റി നൽകിയ നിർവ്വചനം ഇതാണ്: *"ഒരാളുടെ വ്യക്തിപരവും തൊഴിൽപരവുമായ വികസനവുമായി ബന്ധപ്പെട്ട ലക്ഷ്യങ്ങൾക്കനുസൃതമായി ആ വ്യക്തിയുടെ പ്രത്യേകാവശ്യങ്ങൾ നിറവേറ്റുന്നതിനായി ഒരു ഉപദേഷ്ടാവ് ദീർഘകാലമായി നൽകുന്ന രഹസ്യസ്വഭാവമുള്ള സ്വമേധയാ ഉള്ള സഹായവും,*

*നൽകിയിരിക്കുന്ന പരിസ്ഥിതിയിലുള്ള പഠനവും"*[253] എന്നാണ്. അമൃത സർവ്വകലാശാല വാണിജ്യാവശ്യങ്ങൾക്കായി ക്ലാസിക്കൽ പരമ്പരാഗതാശയങ്ങളെ ജനപ്രിയമാക്കുന്നതിനുപുറമെ എന്താണ് ഇത്ര സവിശേഷമായി ചെയ്തത്?

ഇന്ത്യയിൽ പ്രശസ്തനും ഒരുപാടു മെഡൽ ലഭിച്ചിട്ടുള്ളതുമായ, മഹാനായ ഒരു ശാസ്ത്രജ്ഞൻ 2011-ൽ എഴുതിയ ഒരു ലേഖനം വിവിധ പത്രസ്ഥാപനങ്ങൾ ഏറ്റെടുത്തു.[254] [255] ആത്മീയതയെക്കുറിച്ചും ശാസ്ത്രത്തെക്കുറിച്ചും ദീർഘമായി സംസാരിക്കുന്ന അദ്ദേഹം പറയുന്നു, *"അമ്മ പുരാതന ഗുരുകുലസമ്പ്രദായത്തെ പുനരുജ്ജീവിപ്പിക്കുകയും അത് വിദ്യാഭ്യാസത്തിൽ ഒരു പുതിയ പരിവർത്തനം കൊണ്ടുവരികയും ചെയ്തു"* എന്ന്. ശരിക്കും എന്താണ് പുനരുജ്ജീവിപ്പിച്ചത്? ലാഭത്തിനായി പാരമ്പര്യത്തെ ഉപയോഗിച്ചതോ? തത്ത്വചിന്തകയായ അമൃതയെ ഉദ്ധരിക്കാൻ ശാസ്ത്രത്തിന്റെ മഹാനായ മനുഷ്യൻ ഭയപ്പെടുന്നില്ല: *"പരമമായ സത്യം അല്ലെങ്കിൽ അറിവ് അത് ഒന്നേയുള്ളൂ, രണ്ടില്ല. ശാസ്ത്രീയവും ആത്മീയവുമായ അറിവുകൾ എങ്ങനെ വ്യത്യസ്തമാകും? രണ്ടും ഒരേ സത്യത്തിന്റെ രണ്ട് വ്യത്യസ്തമുഖങ്ങളാണ്. (...) ആത്മീയമായ അറിവ് മനസ്സിനെ എയർകണ്ടീഷൻ ചെയ്യുന്നു; ശാസ്ത്രീയമായ അറിവ് ശരീരത്തെയും. മനുഷ്യരാശിക്ക് രണ്ടും ആവശ്യമാണ്."* വിഷയത്തിന്റെ വാചാടോപത്തെയും ശാസ്ത്രീയസ്വഭാവത്തെയും ഒരാൾ അഭിനന്ദിക്കും. ഈ ലേഖനമെഴുതാൻ അദ്ദേഹത്തിന് എന്ത് പ്രോത്സാഹനമാണ് ലഭിച്ചതെന്ന് ആശ്ചര്യപ്പെടും. ഏറ്റവും വലിയ ബൗദ്ധികവും മഹത്തായതുമായ ശാസ്ത്രമനസ്സുകൾപോലും വിശ്വാസത്തിനും അന്ധവിശ്വാസത്തിനും കഴിവുള്ളവരാണെന്ന് ഓർമ്മിക്കുക. അവർ അവകാശപ്പെടുന്നതിന് വിരുദ്ധമായി അവരുടെ മനസ്സിൽ ശാസ്ത്രവും വിശ്വാസവും തമ്മിൽ ശരിയായ ഒരു വിഭജനമുണ്ട്.

വിദ്യാർത്ഥികളുടെ തൊഴിൽവൈദഗ്ദ്ധ്യം മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടു കൊണ്ടുള്ള സൗജന്യ യൂണിവേഴ്സിറ്റി ഡിസ്റ്റൻസ് സപ്പോർട്ട് പ്രോഗ്രാമിനെ "*ഓൺലൈൻ ഗുരുകുലം*"[256] എന്നാണ് വിളിക്കുന്നത്. കുറച്ച് ഫോളോ-അപ്പും റിമോട്ട് കോച്ചിംഗും ഒക്കെയായി ഈ ഗുരുകുലം അമൃതയുടെ ഒരു പുതിയ തരംഗമാണ്. ആത്മീയപ്രവർത്തനങ്ങളിലും ഈ സംവിധാനം പ്രയോഗിക്കപ്പെടുന്നുണ്ട്. പക്ഷേ അത് പണമടയ്ക്കേണ്ടതും ചെലവേറിയതുമാണ്. യഥാർത്ഥത്തിൽ അതിൽ ഈ പരമ്പരാഗതാശയങ്ങളുടെ അർത്ഥം എന്താണെന്ന് നമ്മൾക്ക് ഈ കൃതിയുടെ രണ്ടാം ഭാഗത്തിൽ കാണാം.

അവസാനമായി ഒരിക്കൽക്കൂടി പറയാം. അമൃത അടിസ്ഥാനപരമായി ഗുരുകുലത്തെക്കുറിച്ചും പരമ്പരാഗതപ്രദർശനങ്ങളെക്കുറിച്ചും കാര്യമാക്കുന്നില്ലെന്ന് നമുക്കെങ്ങനെ അറിയാം? ഈ പരമ്പരാഗതവ്യവസ്ഥയിൽ അമൃത ഏർപ്പെടുത്തിയ പിഴകൾ അത് തുറന്ന് കാണിക്കുന്നു. യുവാക്കളിൽ ആവശ്യമില്ലാതെ ചെലുത്തുന്ന അധികസമ്മർദ്ദം കാണുമ്പോൾ ഇന്ത്യൻ വിദ്യാഭ്യാസസമ്പ്രദായം വേണ്ടത്ര മത്സരാധിഷ്ഠിതമല്ലാത്തതും ഉത്കണ്ഠ ഉളവാക്കാത്തതും ആണെന്നതുപോലെയാണ്. ഈ അധികസമ്മർദ്ദം ചേർക്കുന്നതിൽ സ്ഥാപനത്തിന് ഒരു മടിയുമില്ല, കാരണം റാങ്കിംഗിൽ മുന്നേറുകയും അവിടെ തുടരുകയും ചെയ്യേണ്ടത് സർവകലാശാലയുടെ ആവശ്യമാണ്- അതിന് വിദ്യാർത്ഥികളുടെ വിജയം അനിവാര്യമാണ്. അടിസ്ഥാനപരമായി, അവരുടെ വ്യക്തിപരമായ വികസനം, ക്ഷേമം, മാനസികാവസ്ഥ, സന്തോഷം അല്ലെങ്കിൽ ജീവനെക്കാൾ ഒക്കെ മുകളിൽ നിൽക്കുന്നത് റാങ്കിംഗും സ്ഥാപനത്തിന്റെ വിജയവുമാണ്. ചുരുക്കിപ്പറഞ്ഞാൽ, വിറ്റുവരവ് തന്നെയാണ് ലക്ഷ്യമെന്നർത്ഥം.

## *i. ശാസ്ത്രവും ആത്മീയതയും/ പടിഞ്ഞാറും കിഴക്കും*

A യും അവരുടെ സ്ഥാപനങ്ങളും സ്വീകരിച്ച, ഇന്ത്യയിൽ സ്ഥിരമായി കേൾക്കുന്ന ആത്മീയതയും ശാസ്ത്രവും എന്ന ആശയത്തെക്കുറിച്ച് നമുക്കൊന്ന് ചെറുതായി വിലയിരുത്താം. കാമ്പസ് വെബ്സൈറ്റിൽ ഉള്ളത് ഇതാണ്:


*"ശാസ്ത്രവും ആത്മീയതയും സമന്വയിപ്പിക്കുന്ന ഒരു പഠനാന്തരീക്ഷം സർവകലാശാല കാമ്പസ് പ്രദാനം ചെയ്യുന്നു."*[257]

ശാസ്ത്രത്തിന്റെയും ആത്മീയതയുടെയും ഏകീകരണം പതിറ്റാണ്ടുകളായി ഇന്ത്യക്കാരെ ആകർഷിച്ച ഒരു വിഷയമാണ്. അവർക്ക് അവരുടെ മതം, ആത്മീയയുക്തികൾ എന്നിവയിലെ തത്വശാസ്ത്രപരമായ നിഗമനങ്ങൾ ശാസ്ത്രീയമാണെന്ന് തെളിയിക്കേണ്ടത് വളരെ പ്രധാനമാണ്. അവരുടെ വാദത്തിൽ ശാസ്ത്രീയമായി ഒന്നുമില്ലെങ്കിലും ഈ ചർച്ച എല്ലായേ്പ്പാഴും വളരെ അഭിനന്ദിക്കപ്പെടുന്നു. 1984-ന്റെ അവസാനം എന്റെ മുൻവിധിയുള്ള ആശയങ്ങളുമായി നല്ല സന്ദേശം പ്രചരിപ്പിക്കാൻ ഞാൻ യൂറോപ്പിൽ തിരിച്ചെത്തിയപ്പോൾ, ഇത്തരത്തിലുള്ള പ്രഭാഷണത്തിലൂടെ ഞാൻ പ്രേക്ഷകരെ പ്രതികൂലമായി അത്ഭുതപ്പെടുത്തി. ശാസ്ത്രത്തിലോ സാങ്കേതികവിദ്യയിലോ പ്രത്യക്ഷമായോ പരോക്ഷമായോ ഇടപെടുന്ന ആർക്കും അവരുടെ വിശ്വാസത്തെയും ആത്മീയതയെയോ മതത്തെയോ ശാസ്ത്രവുമായോ സാങ്കേതികവിദ്യയുമായോ സമന്വയിപ്പിക്കേണ്ട ആവശ്യമില്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ആരെങ്കിലും പ്രണയത്തിന്റെ ശാസ്ത്രീയപ്രഖ്യാപനം നടത്തിയിട്ടുണ്ടോ? വാദം ശാസ്ത്രീയമാണെങ്കിൽ നമ്മുടെ പ്രണയഭാജനത്തിന്

നമ്മുടെ പ്രണയം ബോധ്യപ്പെടുമോ? ഇതിൽ യാതൊരർത്ഥവുമില്ല. പടിഞ്ഞാറുകാർക്ക് ഈ രണ്ട് വശങ്ങളും അതാത് സ്ഥലങ്ങളിൽ വയ്ക്കുന്നതാണ് തൃപ്തികരം. കൂടാതെ, പാശ്ചാത്യർ തങ്ങളുടെ പ്രത്യേക ആത്മീയസമീപനം ശാസ്ത്രീയമാണെന്ന് ബോധ്യപ്പെടുത്താൻ എല്ലാ വിധത്തിലും ശ്രമിക്കുന്ന ഇന്ത്യക്കാരെ വാത്സല്യത്തോടെയും സഹതാപത്തോടെയും ശ്രദ്ധിക്കുന്നു. തങ്ങളുടെ മതവും ആത്മീയതയും വിശ്വാസവും അവ്യക്തവും അന്ധവിശ്വാസവുമാകാമെന്ന ചിന്ത ആഴത്തിൽ വേരൂന്നിയ പുരാതനമായ സാംസ്കാരികബോധത്തിൽ നിന്നാണോ ഉടലെടുക്കുന്നത്? ഒരുപക്ഷേ കൊളോണിയലിസത്തിന്റെ പിന്തുടർച്ചയാകാം. അവരുടെ ദാർശനികവും ആത്മീയവുമായ പ്രഭാഷണങ്ങൾ ഈ ബോധത്താൽ ആഴത്തിൽ മുറിപ്പെട്ടിരിക്കുന്നു. ഇത് ഇന്ത്യൻ ആത്മാവിൽ വേരൂന്നിയ ഒരു സംസ്കാരമായി മാറിയിരിക്കുന്നു; അമൃത വിദ്യാഭ്യാസ സമ്പ്രദായത്തെക്കുറിച്ചുള്ള പ്രചരണങ്ങളിൽ ഇത് ധാരാളമായി കാണാം.

അമൃതയുടെ പ്രഭാഷണങ്ങളിൽ സ്റ്റീരിയോടൈപ്പ് പല രൂപത്തിൽ കാണാവുന്നതാണ്. യുവാക്കളുടെ ബ്രാഞ്ചുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രഭാഷണം പരസ്പരവിരുദ്ധമാണ്. പാശ്ചാത്യരാജ്യങ്ങളിൽ ബുദ്ധി അമിതമായി ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കില്ല. എന്നാൽ ഇന്ത്യയിലിത് നേരെ മറിച്ചാണ്. താഴത്തെ ചിത്രത്തിൽ നമുക്ക് കാണാം, ഇടത്തുള്ളത് പടിഞ്ഞാറിനും വലതുവശത്തുള്ളത് ഇന്ത്യയ്ക്കും വേണ്ടിയാണ്[258].



ഇടതുവശത്തുള്ള ചിത്രം ഒരു ട്വീറ്റാണ്, വലതുവശത്തുള്ളത് ഒരു കോളേജ് ബ്ലോഗിൽ നിന്നാണ്.

ബുദ്ധിയുടെ ആധിപത്യമാണ് ജീവിതനിലവാരത്തിന്റെ തകർച്ചയ്ക്ക് കാരണമെന്ന് പറയുന്നത്, കത്തിയുടെ ആധിക്യമാണ് മനുഷ്യജീവിതത്തിന്റെ നാശത്തിന് കാരണമെന്ന് പറയുന്നതുപോലെ തെറ്റാണ്. ഈ വിചിത്രമായ പ്രസ്താവന ആരെയും ബുദ്ധിമുട്ടിക്കുന്നതായി തോന്നുന്നില്ല.

## *j. അമൃതയുടെ വിദ്യാഭ്യാസസമ്പ്രദായത്തെക്കുറിച്ചുള്ള ചിന്തകൾ:*

എല്ലാ വിവരങ്ങളിൽനിന്നും സാക്ഷ്യങ്ങളിൽനിന്നും നാമെന്താണ് എടുക്കേണ്ടത്? സത്യത്തിൽ എല്ലാ വിദ്യാർത്ഥികളുടെയും പരാതികൾ മുഖവിലയ്ക്കെടുക്കാൻ പറ്റില്ല. സ്വന്തം ജീവിതത്തിലെ നിയന്ത്രണങ്ങളും പരിമിതികളും യുവാക്കൾ ഈ വളരുന്ന പ്രായത്തിൽ പഠിച്ച് വരുമ്പോഴുണ്ടാകുന്ന ചില പ്രശ്നങ്ങളാകാം. എല്ലാ കഥയ്ക്കും രണ്ട് പക്ഷമുണ്ട്. എന്നിരുന്നാലും, ഒരുവശത്ത് പറയാത്ത കാര്യങ്ങളുമായി ഒരു ഔദ്യോഗിക വിവരണവും മറുവശത്ത് പറയാത്ത കാര്യങ്ങൾക്കൊപ്പം കലാപത്തിന്റെയും ഭയത്തിന്റെയും വിവരണവുമുള്ളതിനാൽ, ഞാൻ ഇത്രയേ പറയൂ: തീയില്ലാതെ പുകയുണ്ടാവില്ല. യാഥാർത്ഥ്യവും ഔദ്യോഗിക പ്രസ്താവനയും തമ്മിൽ പ്രശ്നമുള്ളതായി കാണുന്നു. ഈ എല്ലാ പോയിന്റുകളും A യെ ചുറ്റിപ്പറ്റിയുള്ള എല്ലാത്തിന്റെയും ലക്ഷണമാകയാൽ യഥാർത്ഥത്തിൽ പ്രശ്നമുണ്ടെന്ന നിഗമനത്തിൽ ഒരാൾക്കെത്തിച്ചേരാം. ഉറപ്പ്!! ഓരോരുത്തർക്കും അവരവരുടെ ഗവേഷണങ്ങളും നിഗമനങ്ങളുമാണ്.

“അനുകമ്പയുടെയും ബുദ്ധിയുടെയും മികവിന്റെയും ദ്വീപുകൾ” എന്ന പരസ്യവും അവകാശവാദങ്ങളും നടത്തുന്ന അമൃതാസ്കൂളും സർവ്വകലാശാലയും ഒരു അപവാദമല്ല എന്നാണ് ഏറ്റവും ചുരുക്കത്തിൽ പറയാനുള്ളത്. ഇതിൽനിന്നും ഉരുത്തിരിഞ്ഞ് വരുന്നത്, ദരിദ്രർക്കുള്ള സൗജന്യവിദ്യാഭ്യാസത്തെ പിന്തുണയ്ക്കുന്നുവെന്ന് കരുതി ഈ വ്യവസ്ഥിതിക്ക് ധനസഹായം നൽകിയ പാശ്ചാത്യർക്ക്ക് വിറ്റഴിച്ചത് ഒരു സാഹചര്യത്തിലും ഒത്തുപോകില്ല. വിരോധാഭാസമെന്ന് പറയട്ടെ, മഹത്തായ ഒരു മനുഷ്യസ്നേഹിയായ നേതാവ്, മഹത്തായ ഒരു ആത്മീയഗുരു എന്ന പ്രതിച്ഛായയാണ് അവർ സംഭാവനകൾ ശേഖരിക്കാൻ ഉപയോഗിക്കുന്നത്. എന്നിട്ടും അവർ ഒരു വിദ്യാഭ്യാസക്കച്ചവടം നടത്തുകയും, തന്റെ ഇമേജ് വച്ച് മാർക്കറ്റ് ഷെയറുകൾക്ക് അധികമൂല്യം നിരന്തരം സ്വന്തമാക്കുകയും, പഴയ പരമ്പരാഗതസങ്കല്പങ്ങളെ അവരുടെ നേട്ടത്തിനായി വഴിതിരിച്ചുവിടുകയും ചെയ്യുന്നു. ഇതെല്ലാം നിങ്ങളെ എന്തിനെക്കുറിച്ചാണ് ചിന്തിക്കാൻ പ്രേരിപ്പിക്കുന്നത്? ഒരുപക്ഷേ വഞ്ചന? അവർ എല്ലാവരെയും വഞ്ചിക്കുകയാണെന്ന ബോധ്യം അവർക്കില്ലേ?

- ❖ സമാനതകളില്ലാത്ത ആത്മീയഗുരുവിനെയും, അനുകമ്പയുടെ മാതാവിനെയും, ദൈവത്തിന്റെ അവതാരത്തെയും കണ്ടെത്തി എന്നു വിചാരിക്കുന്ന അവരുടെ ഭക്തരെയും അനുയായികളെയും അവർ വഞ്ചിക്കുന്നു;
- ❖ ചെലവേറിയതാണെങ്കിലും അസാധാരണമായ സ്ഥാപനം കണ്ടെത്തിയെന്ന് കരുതുന്ന വിദ്യാർത്ഥികളെയും അവരുടെ മാതാപിതാക്കളെയും ചൂഷണം ചെയ്യുന്നതും കൊള്ളയടിക്കുന്നതുമായ രീതിയിൽ അവർ വഞ്ചിക്കുന്നു;
- ❖ ദരിദ്രരുടെ പേരിൽ ലക്ഷക്കണക്കിന് പണം ശേഖരിച്ച്, അവരെ അത് കാണിക്കുകപോലും

ചെയ്യാതെ അവർ ആ പാവങ്ങളെയും വഞ്ചിക്കുന്നു;

- ❖ നികുതി ഒഴിവാക്കാൻവേണ്ടി ചാരിറ്റിപദവി കാണിച്ച് ഇന്ത്യൻ ഭരണകൂടത്തെ വഞ്ചിക്കുന്നു; വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ഭീമമായ സംഭാവനയുടെ കാര്യത്തിലും ഇതുതന്നെയാണ് സംഭവിക്കുന്നത്;
- ❖ സംഭാവന നൽകുന്ന ഇന്ത്യൻ നികുതിദായകനെയും അവർ വഞ്ചിക്കുന്നു, സംസ്ഥാനനികുതിയുടെ പരോക്ഷമായ പ്രയോജനം ലഭിക്കുന്നില്ല.

ആഗോള അമൃതസംവിധാനം നുണകളും വഞ്ചനകളും നിറഞ്ഞതാണ്. ദരിദ്രർക്കുള്ള ആരോഗ്യസംരക്ഷണം അമൃത ആരോഗ്യസമ്പ്രദായത്തിന്റെ ഒരു ചെറിയ ഭാഗത്തെ മാത്രമേ പ്രതിനിധീകരിക്കുന്നുള്ളൂവെങ്കിൽ ദരിദ്രർക്കുള്ള സൗജന്യവിദ്യാഭ്യാസം എന്തിനെ പ്രതിനിധീകരിക്കുന്നു? അമൃതവിദ്യാഭ്യാസസമ്പ്രദായം പ്രതിനിധീകരിക്കുന്ന ഭീമാകാരമായ ധനഫാക്ടറിയുടെ അടുത്ത് നിസാരമായ ഒരു ചിത്രം മാത്രമായി അവശേഷിക്കുന്നു!!

ചിലസമയം സൗജന്യവിദ്യാഭ്യാസം ദയനീയാവസ്ഥ ഉള്ളവരുടെ അടുത്തുവരെ എത്താറുണ്ട്. ഉദാഹരണത്തിന് ഇവിടെ, ഗ്രാമീണവനിതകളെ സൗജന്യകോഴ്സുകൾക്ക് ചേർക്കുന്നു. പക്ഷേ എന്തിനാണെന്ന് അവർക്കറിയില്ല. കമ്പ്യൂട്ടിംഗ് പഠിക്കാനാണെന്ന് കരുതി അവർ ആവേശം കൊള്ളുന്നു. കാരണം വീട്ടിലുള്ള കമ്പ്യൂട്ടർ തൊടാൻ ഭർത്താക്കന്മാർ അവരെ അനുവദിക്കാറില്ല. കോഴ്സ് തുടങ്ങുമ്പോഴാണ് പ്ലംബിംഗ് പഠിക്കാനുള്ള വെർച്ചൽ കമ്പ്യൂട്ടർ പാഠങ്ങളായിരുന്നു[259] അതെന്ന് അവർക്ക് മനസ്സിലാകുന്നത്. ചിലർ നിരാശരാകുന്നു; എന്നാൽ ബാക്കിയുള്ളവർ അമ്മയിലുള്ള വിശ്വാസവും സംഘടനയുടെ വിശ്വാസ്യതയും കണക്കിലെടുത്ത് തുടരുന്നു. ഇത് നമ്മൾക്ക്/ഭക്തർക്ക് ഹൃദിസ്ഥമാണ്:

“നമുക്ക് എന്താണ് വേണ്ടതെന്ന് ദേവിക്ക് നമ്മേക്കാൾ നന്നായി അറിയാം, അതിനാൽ എല്ലാം നന്ദിയോടെ സ്വീകരിക്കണം!” എല്ലാം UN[260] ന്റെ ചെലവിൽ നടക്കുന്നതാണ്. ആകസ്മികമായി, ഈ ലേഖനം വിപരീതവാചാടോപത്തിന്റെ ഉജ്ജ്വലമായ ഉദാഹരണമായതിനാൽ, വരികൾക്കിടയിൽ വായിക്കാനുള്ള നല്ലൊരു വ്യായാമമാണിത്; ഭക്തമനസ്സിന്റെ ശുദ്ധമായ ഉല്പന്നം. ഈ മാനസിക കസറത്ത് ഔദ്യോഗികഗ്രന്ഥങ്ങളിലോ സംഘടന ശുപാർശ ചെയ്യുന്നതോ അല്ലെങ്കിൽ സ്പോൺസർ ചെയ്യുന്നതോ ആയ ഭക്തരുടെ സാക്ഷ്യങ്ങൾ എന്നിവയിൽ പ്രയോജനപ്രദമായി പ്രയോഗിക്കും.

ലേഖനത്തിന്റെ രചയിതാവ് മാനുഷികസംരംഭങ്ങൾ എന്നു വിളിക്കുന്നത് വാസ്തവത്തിൽ, പ്രാദേശിക തൊഴിൽവിദ്യാഭ്യാസത്തിലൂടെയും സാമൂഹികപിന്തുണയിലൂടെയും വരുന്ന ഗ്രാമീണവികസന സംരംഭങ്ങളാണ്. ഓർഗനൈസേഷന്റെ അസാധാരണമായ സമ്പത്തുമായി താരതമ്യപ്പെടുത്തുമ്പോൾ ലോകമെമ്പാടുമുള്ള ചെറിയ ബഡ്ജറ്റുകളുള്ള ലക്ഷക്കണക്കിന് എൻജിഒകൾ, ഇപ്പോൾ ഇതാണ് ചെയ്യുന്നത്. അതുകൊണ്ട് അവർ കൊട്ടിഘോഷിക്കുന്നതുപോലെ അസാധാരണമോ അനിതരസാധാരണമാംവിധം ഉദാരമോ അല്ല, പ്രത്യേകിച്ച് അന്താരാഷ്ട്രസ്ഥാപനങ്ങൾ സ്ഥാപിച്ച ഓർഗനൈസേഷൻ. താരതമ്യേന നിഴലിൽ പ്രവർത്തിക്കുന്ന എണ്ണമറ്റ ചെറുകിട എൻജിഒകൾ അവരുടെ പ്രവർത്തനത്തെക്കുറിച്ച് വീമ്പിളക്കുന്നില്ല. അവർ തന്റെ കുടുംബകാര്യങ്ങൾക്കും ജോലികൾക്കുമിടയിൽ ഇതിനുവേണ്ടിയും സമയം കണ്ടെത്തുന്നു. അവരുടെ ഈ പ്രവൃത്തിയെ മഹത്വവൽകരിക്കാൻ ആരും തന്നെയില്ല. റിപ്പോർട്ടുകൾ അമൃതയിൽ ഫണ്ടുശേഖരണം കൂട്ടാൻവേണ്ടി ഉപയോഗിക്കുന്നു, ഇതേ ഫണ്ട്, പണമടച്ചുള്ള സ്വകാര്യവിദ്യാഭ്യാസവ്യവസ്ഥിതിയിലേക്ക്

കുത്തിവയ്ക്കപ്പെടുന്നു. അവർ ധാരാളം കഴിവുള്ള ആൾക്കാരെ ഉപയോഗപ്പെടുത്തി, ഫണ്ടിന്റെ ഒരു ചെറിയ അംശം ഉപയോഗിച്ചാലും, മാനുഷികപ്രവർത്തനത്തിന്റെ വ്യാപ്തി പ്രദർശനയോഗ്യവും പ്രാധാന്യമർഹിക്കുന്നതുമാക്കും. എന്നാൽ അവരുടെ വിദ്യാഭ്യാസവ്യവസ്ഥയെ മൊത്തമായി വീക്ഷിക്കുന്നതിലൂടെ, സൗജന്യവിദ്യാഭ്യാസത്തിനായി സമർപ്പിച്ചിരിക്കുന്ന യഥാർത്ഥാനുപാതങ്ങളും നിക്ഷേപവും നമുക്ക് നന്നായി മനസ്സിലാക്കാനാകും.

ദരിദ്രരായ ആയിരക്കണക്കിനാളുകളെ പരിശീലിപ്പിച്ചതായി ലോക സംഘടന അവകാശപ്പെടുന്നു, ഇത് വെർച്ചൽ പരിശീലനമാണ്. ഉപകരണങ്ങളെല്ലാമായി ഒരു പ്രൊഫഷണലിനെക്കൊണ്ട് വരുന്നതിനെക്കാൾ ചെലവ് തുലോം കുറവാണ് വെർച്ചൽ പരിശീലനത്തിന്. ഒരു ലാപ്ടോപ്പ് കമ്പ്യൂട്ടറുമായി ഭക്തനെ (വെള്ളക്കാരൻ) അയയ്ക്കുകയും ഗ്രാമവാസികളെ അനിമേഷനും വീഡിയോയും കാണിച്ചുകൊടുത്ത് പാട്ടിലാക്കുകയും ചെയ്യുന്നു.

## *k. പരസ്പരവിരുദ്ധ പ്രഭാഷണം*

നമ്മൾ കണ്ടതുപോലെ, ബൗദ്ധികമായി അത്യുത്തേജനം ലഭിച്ച പടിഞ്ഞാറ് എന്ന A യുടെ ആശയം, വസ്തുതകൾക്ക് അനുസൃതമായതല്ല. 35 വർഷമായി പടിഞ്ഞാറൻ രാജ്യങ്ങൾ സന്ദർശിച്ചിട്ടും 40 വർഷമായി പതിവായി പാശ്ചാത്യരുമായി ഇടപഴകിയിട്ടും യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാത്ത തികച്ചും സ്റ്റീരിയോടൈപ്പിക്കൽ സങ്കല്പങ്ങളുള്ള ഒരു മോശം വിദ്യാഭ്യാസമുള്ള ഒരു അപരിഷ്കൃതയുടെ കാഴ്ചപ്പാടാണ്. വിമാനത്താവളങ്ങൾ, വാഹനഗതാഗതം, അവർ താമസിച്ച ഭക്തരുടെ അപ്പാർട്ട്മെന്റുകൾ, അവർ ചുംബിച്ച ലക്ഷക്കണക്കിന്

ആളുകൾ എന്നിവയല്ലാതെ അവർ ഒന്നും കണ്ടില്ലെന്ന് നമുക്ക് മനസ്സിലാക്കാം. നഗരപ്രദേശങ്ങൾക്കുപുറത്ത് സജ്ജീകരിച്ചിട്ടുള്ള എക്സിബിഷൻ ഹാളുകളിൽ ചാരുകസേരയിലിരുന്ന് രാജ്യങ്ങളെ നോക്കി മനസ്സിലാക്കുന്നതിന് പരിമിതികളുണ്ട് എന്നത് സത്യമാണ്. അവരുടെ ഭൂരിഭാഗം ഭക്തരും ഉൾപ്പെടുന്ന പാശ്ചാത്യസംസ്കാരത്തിൽ അല്പം ജിജ്ഞാസയും താല്പര്യവും കാണിക്കാമായിരുന്നു; എന്നാലത് മറന്നുകളയാൻ അവർക്ക് സന്തോഷമായിരുന്നു. പാശ്ചാത്യരാജ്യക്കാർ വൈകാരികമായി ഉത്തേജിപ്പിക്കപ്പെടുകയും അതേസമയം ദുർബ്ബലമാവുകയും ചെയ്യുന്നു എന്ന് ഞാൻ കരുതുന്നു. ഇന്ത്യയിലെ കുടുംബഘടനയിൽ പ്രശ്നങ്ങളുണ്ടെങ്കിലും വൈകാരികസ്ഥിരതയുണ്ട്. അതേസമയം സമൂഹം മത്സരം, പഠനം, ബിരുദം, വിജയം എന്നിവയിൽ ഭൗതികോത്തേജനം കാണിക്കുന്നു. മുൻവിധിയുള്ള ആശയങ്ങളുടെ അടിസ്ഥാനത്തിൽപ്പോലും, A യുടെ ഇരട്ട നിലപാട് വ്യക്തമാണ്.

മുൻവിധികളെ അടിസ്ഥാനപ്പെടുത്തിയാണെങ്കിൽ കൂടിയും A യുടെ പരസ്പര വിരുദ്ധ നിലപാടുകൾ താഴെപ്പറയുന്ന വസ്തുതകളിൽ നിന്ന് വളരെ വ്യക്തമാണ്:

- ❖ ധനസമാഹരണത്തിനുള്ള മാനുഷികപ്രഭാഷണം,
- ❖ ഒരു സംരംഭകസാമ്രാജ്യം കെട്ടിപ്പടുക്കുന്നതിനായി സേവനത്തിന്റെയും അനുകമ്പയുടെയും പ്രഭാഷണം,
- ❖ സ്വകാര്യവിദ്യാഭ്യാസത്തിലൂടെ കോടിക്കണക്കിന് സമ്പാദിക്കാൻ പാവപ്പെട്ടവരുടെ വിദ്യാഭ്യാസത്തെപ്പറ്റിയുള്ള പ്രഭാഷണം,
- ❖ വളരെ ലാഭകരമായ അത്യാധുനിക ആശുപത്രികളും ഗവേഷണ ലബോറട്ടറികളും നിർമ്മിക്കുന്നതിനായി അധഃസ്ഥിതർക്കുള്ള ആരോഗ്യസംരക്ഷണത്തിന്റെ പ്രഭാഷണം,
- ❖ വ്യക്തിത്വാരാധനയുടെ അകമ്പടിയോടെ

ഭക്തർക്കുള്ള ശാക്തീകരണത്തിന്റെ പ്രഭാഷണം,

- അവരുടെ ശിഷ്യന്മാരെ ബന്ധിപ്പിച്ച് അടിമകളാക്കി, സ്വാതന്ത്ര്യത്തിനും സംസാരസ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള ആഗ്രഹമുണ്ടായാൽ അവരെ ഭയപ്പെടുത്തിക്കൊണ്ടുള്ള വിമോചനത്തിന്റെ പ്രഭാഷണം,
- സ്ത്രീവിരുദ്ധതയും പുരുഷാധിപത്യവും നിലനിർത്തിക്കൊണ്ട് സ്ത്രീശാക്തീകരണത്തിനുള്ള പ്രഭാഷണം.

ശരിക്കുമാലോചിച്ചാൽ ഈ ലോകനേതാവിന്റെ ചുറ്റും ഇരട്ട നിലപാട് മാത്രമാണ്.

അവരുടെ ജീവിതചരിത്രത്തിൽ കലർത്തിയിട്ടുള്ള ഭക്തിനിർഭരമായ നുണകൾ, ചതിയും വഞ്ചനയും ആധാരമാക്കി ഒരു ചിത്രം നിർമിച്ചിട്ടുണ്ട്:

- ഭക്തിനിർഭരമായ കുടുംബം,
- അത്ഭുതകരമായ ജനനം,
- അത്ഭുതങ്ങൾ,
- വിശുദ്ധി,
- ആത്മീയതിരിച്ചറിവ്,
- പരിശുദ്ധി,
- ദി ഗാന്ധി-കിംഗ് സമാധാനത്തിനുള്ള സമ്മാനം,
- യു.എൻ രാഷ്ട്രങ്ങൾക്കിടയിലെ കപടവേഷം,
- ഉപദേശങ്ങളും പ്രഭാഷണങ്ങളും അവർക്കുവേണ്ടി സമ്പൂർണ്ണമായി എഴുതി നൽകുന്നത്.

**വഞ്ചനയുടെ വ്യാപ്തി വളരെ വലുതാണ്:**

- താങ്കൾ എന്ത് അല്ലയോ അത് ആണെന്ന് ലോകത്തെ വിശ്വസിപ്പിക്കുന്നു,
- പാശ്ചാത്യലോകത്തെ ഭക്തരിൽനിന്ന് കോടിക്കണക്കിന് ധനം ശേഖരിക്കുന്നു;
- അത് പാവപ്പെട്ടവർക്ക് നൽകുന്നതിന് പകരം

സ്വന്തം കുടുംബവും സ്വന്തം സാമ്രാജ്യവും കെട്ടിപ്പടുക്കാൻ ഉപയോഗിക്കുന്നു,

❖ അവർക്കുപോലും സ്വയം കണ്ടെത്താൻ സാധിച്ചിട്ടില്ലാത്ത ആത്മ-സാക്ഷാത്കാരം മറ്റുള്ളവർക്ക് നൽകാമെന്ന് വാഗ്ദാനം ചെയ്യുന്നു.

ഇതെല്ലാം തന്നെ ചിന്തിക്കാനുള്ള വക നൽകുന്നുണ്ട്. ഇത് വിശ്വാസത്തിന്റെ കാര്യമാണെങ്കിൽ, അങ്ങനെ വിശ്വസിക്കേണ്ടത് പ്രധാനമാണെങ്കിൽ, നമ്മൾ തുടരണം. എന്തെന്നാൽ, മറ്റുള്ളവർ എന്ത് വിശ്വസിക്കുന്നുവെന്നും എന്ത് ചെയ്യുന്നുവെന്നും ആരും ശ്രദ്ധിക്കാറില്ല- അത് പരസ്പരവിരുദ്ധമാണെന്ന് ഞാൻ ഊഹിക്കുന്നു. നിങ്ങൾ ചോദ്യം ചെയ്യുന്ന വ്യക്തിയാണെങ്കിൽ നിങ്ങൾക്കിവിടെ സ്വന്തം നിഗമനത്തിലെത്തിച്ചേരാൻ അനുവദിക്കുന്ന കാര്യങ്ങൾ കാണാം.

## *I. കള്ളത്തരമുള്ള, കൃത്രിമത്വം നിറഞ്ഞ സംവിധാനം, റിക്രൂട്ട്മെന്റിന്റെ ഉറവിടം:*

*“ഗുണനിലവാരമുള്ള വിദ്യാഭ്യാസം നൽകുന്നതിനായി, മാതാ അമൃതാനന്ദമയി മഠം സ്ഥാപിച്ചതും നിയന്ത്രിക്കുന്നതുമായ മൂല്യാധിഷ്ഠിതവിദ്യാഭ്യാസം വാഗ്ദാനം ചെയ്യുന്ന സ്കൂളുകളാണ് അമൃതവിദ്യാലയം. എല്ലാത്തിലും മികവ് പുലർത്തുക എന്നതാണ് ഞങ്ങളുടെ മുദ്രാവാക്യം. എല്ലാ അമൃതവിദ്യാലയങ്ങളും അമ്മയുടെ അതിരുകളില്ലാത്ത സ്നേഹത്തിന്റെയും കരുണയുടെയും സംരക്ഷണയിലാണ്. അവരുടെ/ കുട്ടികളുടെ നിർണ്ണായകവർഷങ്ങളിൽ സ്വാഭാവികമായും സ്വയമേവയും പരിണമിക്കാൻ കുട്ടികളെ അനുവദിക്കണമെന്ന അമ്മയുടെ സിദ്ധാന്തത്തെ അടിസ്ഥാനമാക്കിയുള്ള സ്കൂളുകളാണിവ.”*[261]

**ദൗത്യവും മൂല്യങ്ങളും:** *ഗുരുശിഷ്യപരമ്പരയുടെ പരമ്പരാഗതമൂല്യങ്ങൾ നിലനിർത്തിക്കൊണ്ട് ഏറ്റവും മികച്ചതും ആധുനികവുമായ ശാസ്ത്രീയ വിദ്യാഭ്യാസം നൽകുന്നതിനൊപ്പം നമ്മുടെ സാംസ്കാരികവും ആത്മീയവുമായ മൂല്യങ്ങളെക്കുറിച്ചുള്ള ശക്തമായ അവബോധം വിദ്യാർത്ഥികളിൽ വളർത്തുക എന്നതാണ് അമൃതവിദ്യാലയങ്ങളുടെ കാഴ്ചപ്പാട്. സ്കൂൾവിദ്യാഭ്യാസത്തിൽ വഴിത്തിരിവ് സൃഷ്ടിക്കുന്ന ഒരു മാതൃക നമുക്കുണ്ട്. കുട്ടികൾക്ക് ഇന്ത്യയുടെ ഊർജ്ജസ്വലമായ പ്രാചീനസംസ്ക്കാരം തുറന്ന് കാട്ടണമെന്നും അവരുടെ ഉള്ളിലുള്ള കഴിവുകളെക്കുറിച്ച് ബോധവാന്മാരാകണമെന്നും അമ്മ ആഗ്രഹിക്കുന്നു. അമ്മ പറയുന്നതുപോലെ, "മനസ്സിന്റെമേൽ ആധിപത്യം നേടുന്നതാണ് യഥാർത്ഥ വിദ്യാഭ്യാസം". പുരാതനകാലത്ത് വിദ്യാർത്ഥികൾ അവരുടെ ജീവിതം എങ്ങനെ ജീവിക്കണമെന്നും ലോകത്ത് എങ്ങനെ പെരുമാറണമെന്നും പഠിപ്പിച്ചു. അവർ ശക്തമായ മനസ്സ് വളർത്തിയെടുക്കുകയും ബുദ്ധിമുട്ടുകൾ അല്ലെങ്കിൽ പ്രതിബന്ധങ്ങളെ എളുപ്പത്തിൽ നേരിടുകയും ചെയ്യുന്നു. അവർ സത്യത്തിനായി സമർപ്പിക്കപ്പെട്ടവരായിരുന്നു, മരണത്തെ ഭയപ്പെട്ടിരുന്നില്ല. അമൃതയുടെ കുഞ്ഞായി അനന്തമായ സ്നേഹത്തിന്റെയും അനുകമ്പയുടെയും*[262] *സംരക്ഷണത്തിൽ കഴിയുന്നതിനെക്കാൾ വലിയ അനുഗ്രഹം മറ്റൊന്നില്ല. അമൃതവിദ്യാലയം അമ്മയുടെ പ്രത്യയശാസ്ത്രത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ചരിത്രം: അദ്ധ്യാപികയുടെ ഏറ്റവും ഉയർന്ന രൂപമാണ് അമ്മ- ജഗദ്ഗുരു, ലോകത്തിന് യഥാർത്ഥ അറിവ് പകരുന്നു."* [263]

പ്രൈമറി, സെക്കന്ററി സ്കൂളുകളുടെ ദൗത്യത്തെക്കുറിച്ചുള്ള ഔദ്യോഗികമായ രൂപവത്ക്കരണം അങ്ങനെ പോകുന്നു. അമൃത വിദ്യാഭ്യാസസമ്പ്രദായത്തിന് ഒരു പ്രത്യേകതയുണ്ട്; പ്രൈമറിസ്കൂൾ മുതൽ വിദ്യാർത്ഥികളെ A യെ പരിചയപ്പെടുത്തുകയും, അവരുടെ ഉപദേശങ്ങൾ, ഔദ്യോഗികചരിത്രം എന്നിവ പകർന്നുനൽകുകയും ചെയ്യുന്നു. സ്കൂൾ വിദ്യാർത്ഥികൾക്ക് അമൃതകോളേജുകളിൽ പഠനം തുടരാൻ പ്രലോഭനമുണ്ടാകും. അവരുടെ ഫാക്കൽറ്റികളിൽ അവരുടെ ജീവിതത്തെയും അദ്ധ്യാപനരീതികളെയും കുറിച്ചുള്ള കോഴ്സുകൾ *"സാംസ്കാരിക വിദ്യാഭ്യാസകോഴ്സുകൾ"*, *"അമൃതമൂല്യപരിപാടികൾ"* എന്നിവ പാഠ്യപദ്ധതിയുടെ അവിഭാജ്യഘടകമാണ്. അവരുടെ സർവ്വകലാശാലയിൽ സാംസ്കാരികവകുപ്പ് എന്നൊരു സ്പെഷ്യൽ ഡിപ്പാർട്ട്മെന്റുമുണ്ട്[264]. വിദ്യാർഥികൾക്ക് ഇഷ്ടപ്പെട്ടാലുമില്ലെങ്കിലും സർവ്വകലാശാല ഹോസ്റ്റലുകളിൽ ആശ്രമവുമായി സംബന്ധിച്ചുള്ള പാഠ്യേതരപ്രവർത്തനങ്ങൾക്ക് കീഴിൽ നിർബന്ധിതവും കർശനവുമായ അച്ചടക്കമാർഗ്ഗങ്ങളിലൂടെ ഈ ബന്ധം ശക്തിപ്പെടുത്തുന്നു. ഒരു ചെറിയ ശതമാനം വിദ്യാർത്ഥികൾ അവരുടെ ഗവേഷണം, പ്രൊഫഷണൽ പ്രവർത്തനങ്ങൾ, അല്ലെങ്കിൽ സന്നദ്ധപ്രവർത്തനം എന്നിവയിലൂടെ ഓർഗനൈസേഷനുകളുമായി സമ്പർക്കം പുലർത്താനാണ് ആദ്യം ആഗ്രഹിക്കുന്നതെങ്കിലും പിന്നീടത് ധാരാളം ആളുകളായി മാറുന്നു. ഓരോ വർഷവും 18000 വിദ്യാർത്ഥികളിൽ 1% എന്നുപറഞ്ഞാൽ 180 പേർ പ്രതിവർഷം; 10 വർഷത്തിൽ 1800 ആൾക്കാർ. അതിലുപരി, *"സാമൂഹികവും മാനുഷികവുമായ പദ്ധതികൾക്കായി സന്നദ്ധസേവനം നടത്താനുള്ള അവസരം"* എന്ന തരത്തിലുള്ള കണക്കുകൾ, മാസ്റ്റേഴ്സ്

പ്രോഗ്രാംസ് ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ (MCA)[265] യുടെ വിശദാംശങ്ങളിൽ ഒരു നേട്ടമായി പറഞ്ഞിരിക്കുന്നു.

അതിനാൽ, വിദ്യാഭ്യാസസമ്പ്രദായത്തിൽനിന്നുള്ള സൗജന്യ സാമ്പത്തികേതരപരിപാടികൾ സ്ഥാപനത്തിന് കഴിവുറ്റവരും നന്മനിറഞ്ഞവരുമായ ഒരു പറ്റം ആൾക്കാരെ നൽകുക, സാധ്യതയുള്ള പങ്കാളിത്തങ്ങളുടെ ഒരു വലിയ ശൃംഖല രൂപപ്പെടുത്തുക, ഏത് മേഖലയിലായാലും അത് പാാരത്യേതരമോ സാമൂഹികമോ രാഷ്ട്രീയമോ സാമ്പത്തികമോ ആകട്ടെ, ലക്ഷ്യങ്ങളും പ്രോഗ്രാമുകളും വികസിപ്പിക്കാനും പിന്തുണയ്ക്കാനും അവസരം നൽകുന്നു; അതും ഒരു ചെലവുമില്ലാതെ!! ചെലവുണ്ടെങ്കിൽത്തന്നെ വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ കൈയിൽ നിന്നെടുക്കുകയും ചെയ്യും. "*നിങ്ങളുടെ സ്പെഷ്യലൈസേഷൻ മേഖലയിലേക്ക് ഞങ്ങളുടെ അംബാസഡറായി നിങ്ങളെ അയയ്ക്കും*" (ട്രെയിനിംഗ് കഴിഞ്ഞിട്ട്), എന്ന് മൈസൂർ പ്രോസ്പെക്റ്റസിൽ റെക്കൂർ വ്യക്തമായി പറയുന്നു. ഇതിനെക്കാൾ വ്യക്തമായി പറയാനാവില്ല. ഈ ശൃംഖലയോടൊപ്പം എന്നും കണ്ടുമുട്ടുന്ന ഭക്തൻമാരുടെ സത്സംഗ് ഗ്രൂപ്പുകളുടെ ശൃംഖല, ബന്ധങ്ങൾ സ്ഥാപിക്കുന്നതിനും പരിശീലനത്തെക്കുറിച്ചുള്ള വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനും വിഐപിയെ ചേർക്കുന്നതിനും പൊതു റിവാർഡുകൾ സംഘടിപ്പിക്കുന്നതിനും എല്ലാം ലഭ്യമാണ്; സൗജന്യമായ സദ്ഗുണമുള്ള ഒരു ചക്രം.. പ്രൈമറി സ്കൂളുകൾ മുതൽ സർവ്വകലാശാലകൾവരെ എല്ലായ്പ്പോഴും ഫലപ്രദമായില്ലെങ്കിലും ഈ വ്യവസ്ഥിതിയെ മറയ്ക്കാൻ സംഘടന ശ്രമിക്കുന്നു. അവരുടെ ഭാഷ മെച്ചപ്പെട്ടിട്ടുണ്ട്, ഇപ്പോൾ അന്തർദേശീയമായി അംഗീകരിക്കപ്പെട്ടിട്ടുള്ള പദപ്രയോഗങ്ങളാൽ നിറഞ്ഞുനിൽക്കുന്നു. എന്നാൽ അടിസ്ഥാനസന്ദേശം അവശേഷിക്കുന്നു. നമുക്കവയെ ഒരുമിച്ച് കണ്ടെത്താം.

**“പരാതികളും വിമർശനങ്ങളും” എന്നതിലെ 3.d. യിലുള്ള സാക്ഷ്യപത്രങ്ങൾ ഓർക്കുന്നുണ്ടോ, സംഗ്രഹം ചുവടെ ചേർക്കുന്നു:**

- കുട്ടികൾ അമ്മയെ ആരാധിക്കുകയും പുസ്തകങ്ങൾ വാങ്ങുകയും ചെയ്യേണ്ടി വരുന്നെന്ന് പരാതിപ്പെടുന്ന ഹൈസ്കൂൾ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ,[266]
- ആശ്രമത്തോട് ചേർന്നുള്ള കാമ്പസിലെ ഹോസ്റ്റലിലെ താമസക്കാർക്ക് ലളിതാസഹസ്രനാമവും അമ്മയുടെ നൂറ് നാമങ്ങളുടെ പാരായണവും വൈകുന്നേരം ഭക്തിഗാനങ്ങളും നിർബന്ധമാണെന്ന് വിദ്യാർത്ഥി സാക്ഷ്യപ്പെടുത്തി.[267]
- വിദ്യാർത്ഥികളെ മുതിർന്നവരായി കണക്കാക്കാതെയുള്ള സമീപനം, സാമൂഹികജീവിതത്തിന്റെ അഭാവം, ക്രൂരമായ നിരീക്ഷണം, പ്രാർത്ഥനകൾ എന്നിവയെക്കുറിച്ച് സംസാരിക്കുന്ന ബി-ടെക് വിദ്യാർത്ഥി.[268]
- ഹലോ, ബൈ, തീർച്ചയായും, നന്ദി എന്നതിനുപകരം “നമഃ ശിവായ” എന്ന് പറയാൻ എല്ലാവരും നിർബന്ധിതരാകുന്നു. ഹിന്ദുമതത്തിന്റെ പ്രമാണങ്ങൾ പാലിക്കാൻ വിദ്യാർത്ഥികളും ജീവനക്കാരും നിർബന്ധിതരാണെന്ന് അദ്ദേഹം പരാമർശിക്കുന്നു.[269]
- 2010-ലെ മുൻവിദ്യാർത്ഥി പറയുന്നു (കുടുംബം[270] എന്ന പോയിന്റ് പിന്തുടർന്നുകൊണ്ട്), *“നിങ്ങളുടെ മൂല്യങ്ങൾ ഞങ്ങൾക്ക് വേണ്ട. ഞങ്ങൾക്ക് നല്ല അധ്യാപകരും ലക്ചർമാരും പഠിക്കാൻ നല്ല സ്ഥലവും വേണം (...). യോഗക്ലാസുകളോ, സാംസ്കാരികവിദ്യാഭ്യാസമോ ഞങ്ങൾക്ക് വേണ്ട. 5000 വർഷങ്ങൾക്കുമുമ്പ് ഇന്ത്യയ്ക്ക് ആണവപോർമുനകൾ ഉണ്ടായിരുന്നു, ജീനുകൾ*

*കണ്ടുപിടിച്ചു എന്നിങ്ങനെയുള്ള ചില ഭ്രാന്തൻകാര്യങ്ങൾ പറയുന്ന വിഷയങ്ങൾ ഉൾപ്പെട്ട അവർ ഒരു പാഠപുസ്തകം*[271] *തയ്യാറാക്കിയിട്ടുണ്ട്."*

ഈ പരാതികൾ വസ്തുതകളെ അടിസ്ഥാനമാക്കിയുള്ളതാണെന്ന് തോന്നുന്നു. കൊച്ചിയിലെ അമൃത സ്കൂൾ ഓഫ് ആർട്സ് ആൻഡ് സയൻസസിൽനിന്നുള്ള 104 പേജുള്ള പ്രോസ്പെക്ടസ് എന്താണ് പറയുന്നതെന്ന് നമുക്ക് നോക്കാം[272]:

*"ഹോസ്റ്റൽ ദിനചര്യയിൽ (ആശ്രമം നേരിട്ട് കൈകാര്യം ചെയ്യുന്നത്) രാവിലെയും വൈകുന്നേരവും നിർബന്ധിത സാധനയുണ്ട്. അതിൽ സത്സംഗ്, ജപം, ധ്യാനം, യോഗ, അമ്മയുടെ അഷ്ടോത്തരാർച്ചന, ശ്രീലളിതാസഹസ്രനാമം, ഭഗവത്ഗീത, ഭജനകൾ എന്നിവ ഉൾപ്പെടുന്നു. ഹോസ്റ്റൽ നിയമങ്ങൾ അങ്ങേയറ്റം അച്ചടക്കം ആവശ്യപ്പെടുന്നു. ആശ്രമദിനചര്യ ഹോസ്റ്റൽ നിവാസികൾക്കും നിർബന്ധമാണ്.(...) 40 കിലോമീറ്ററോ അതിലധികമോ ഉള്ള താമസക്കാർക്കും മാതാപിതാക്കൾക്കോ രക്ഷിതാക്കൾക്കോ ഒപ്പം താമസിക്കാത്ത വിദ്യാർത്ഥികൾക്കും ഹോസ്റ്റൽ നിർബന്ധമാണ്. ആത്മീയദിനചര്യയുടെ ലക്ഷ്യം യുവമനസ്സുകളിൽ ദൈവിക വിശ്വാസം, നിസ്വാർത്ഥ മനോഭാവം, ദേശീയത, സ്വാവബോധം, അവരുടെ ഭാവി തൊഴിലിലും സാമൂഹിക ജീവിതത്തിലും ഉണ്ടാകാനിടയുള്ള വെല്ലുവിളികളെ നേരിടാനുള്ള മാനസികശക്തി എന്നിവ വളർത്തിയെടുക്കുക എന്നതെല്ലാമാണ്. ആശ്രമം-ഹോസ്റ്റൽ നിയമങ്ങൾ ലംഘിക്കുന്നവരെ അവരുടെ റസിഡന്റ് അക്കാദമിക് പ്രോഗ്രാം തുടരാനനുവദിക്കില്ല.(...) കാമ്പസുകളിലും ഹോസ്റ്റലുകളിലും വിദ്യാർത്ഥികൾ മൊബൈൽ*

*ഫോൺ ഉപയോഗിക്കുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു.*[273]

മൈസൂർ അമൃത സ്കൂൾ ഓഫ് ആർട്സ് ആൻഡ് സയൻസിന്റെ പ്രോസ്പെക്ടസ്സിലും ഇതേകാര്യം കാണാം:[274]

> "*അമൃതയുടെ മൈസൂർ കാമ്പസിൽ ഞങ്ങൾ വിദ്യാർഥികളെ നല്ല പെരുമാറ്റരീതികൾ പരിശീലിപ്പിച്ച് സ്വഭാവം ശക്തിപ്പെടുത്തുന്നു. സ്കൂൾ പ്രാർത്ഥനാപാഠ്യപദ്ധതിയും സഹപാഠ്യപ്രവർത്തനങ്ങളും ഉത്സവാഘോഷങ്ങളും ക്ലബ്ബ് പ്രവർത്തനങ്ങളും മറ്റുപരിപാടികളുമെല്ലാം മാനുഷികമൂല്യങ്ങൾ പ്രചരിപ്പിക്കുന്നതിനുവേണ്ടിയുള്ളതാണ്. (...) ഈ വിദ്യാലയം പ്രാചീനകലയിൽനിന്നും യോഗ, ധ്യാനം എന്നിവയുടെ ശാസ്ത്രത്തിൽനിന്നും ഉൾക്കാഴ്ചകൾ നൽകുകയും സാംസ്കാരിക വിദ്യാഭ്യാസത്തിലെ നിർബന്ധിത കോഴ്സുകളിലൂടെ ആഴത്തിലുള്ള മൂല്യങ്ങൾ പഠിപ്പിക്കുകയും ചെയ്യുന്നു. എല്ലാ ബാച്ച് വിദ്യാർത്ഥികളും നിർബന്ധമായും 'I AM' ടെക്നിക്കിലൂടെ കടന്നുപോകുന്നു- യോഗ, പ്രാണായാമം, ധ്യാനം എന്നിവയുടെ സംയോജനത്തോടെ AMMA സൃഷ്ടിച്ചെടുത്തതാണത്.*"

കൊച്ചി അമൃതകോളേജിലെ പതിവുചോദ്യരേഖ സൂചിപ്പിക്കുന്നത്:[275]

> *പോയിന്റ് 3: ഹോസ്റ്റൽ കൈകാര്യം ചെയ്യുന്നത് ആശ്രമമാണ്. ആശ്രമഹോസ്പിറ്റലിലെ ദിനചര്യ എല്ലാ നിവാസികളും നിർബന്ധമായും പാലിക്കണം. കാമ്പസിലും ഹോസ്റ്റലുകളിലും മാംസാഹാരം കർശനമായി നിരോധിച്ചിരിക്കുന്നു. ദൂരെ സ്ഥലങ്ങളിൽ നിന്നുള്ള വനിതാവിദ്യാർത്ഥികളെ കാമ്പസിനുപുറത്ത് മറ്റെവിടെയെങ്കിലും പേയിംഗ്*

*ഗസ്റ്റായിട്ട് താമസിക്കുന്നത് അധികാരികൾ പ്രോത്സാഹിപ്പിക്കുന്നില്ല. ഹോസ്റ്റലിലും കാമ്പസിലും മൊബൈൽഫോൺ, ലാപ്ടോപ്പ് എന്നിവയ്ക്ക് കർശനമായ വിലക്കുണ്ട്. ആശ്രമഹോസ്റ്റൽ നിവാസികൾ നിർബന്ധമായും രാവിലെ ലളിതാസഹസ്രനാമവും വൈകിട്ട് അഷ്ടോത്തരശതനാമാവലിയും ചൊല്ലുകയും ഭജനയിൽ പങ്കെടുക്കുകയും വേണം. പോയിന്റ് 12: അമ്മ ഉൾക്കൊള്ളുന്ന ദൈവികേച്ഛയും നിരുപാധികമായ സ്നേഹവും അനുകമ്പയും ഉൾച്ചേർന്നുകൊണ്ട് അമൃതസ്ഥാപനങ്ങളുടെ നിസ്വാർത്ഥ സംരംഭങ്ങളുടെയും സാമൂഹിക പ്രതിബദ്ധതയുടെയും ശ്രേണി വിപുലീകരിച്ചു. ഇത് ലോകമെമ്പാടുമുള്ള മികച്ച മനുഷ്യവിഭവശേഷിയെ ബഹുമുഖപ്രവർത്തനങ്ങളിലേക്ക്, പ്രത്യേകിച്ച്, വിദ്യാഭ്യാസരംഗത്തേക്ക് ആകർഷിച്ചു.*

അവസാനത്തെ ഈ രണ്ടുവാചകങ്ങളിൽ സംഘടന തന്നെ പറയുന്നു: നേട്ടങ്ങൾ:- വിദ്യാർത്ഥികളെ ആകർഷിക്കാനുദ്ദേശിച്ചുള്ള വിവരമായതിനാൽ നേട്ടങ്ങൾ വിദ്യാർത്ഥികളുടേതായിരിക്കണം- ശരിക്കും നേട്ടം സ്ഥാപനങ്ങൾക്കാണ്. രക്ഷിതാക്കൾ കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി പണം കൊടുക്കുന്നു. സ്ഥാപനം പണം ഈടാക്കി ട്രെയിനിംഗ് കൊടുക്കുന്നു എന്നിട്ട് ചാരിറ്റിയും സൗജന്യമായ മാനുഷികപ്രവർത്തനങ്ങളുമാണിതെന്ന് ഊന്നിപ്പറയുന്നു. അവരുടെ ഉദാരത എന്ന് തോന്നുന്ന എല്ലാം തന്നെ അവരുടെ ലാഭത്തിന് വേണ്ടിയുള്ളതാണ്.

കൗമാരത്തിന് ശേഷമുള്ള വിദ്യാർത്ഥികളുടെ കണ്ടീഷനിംഗ് ഹോസ്റ്റലിന്റെ പശ്ചാത്തലത്തിൽ പ്രത്യേകിച്ചും ഫലപ്രദമാണ്. വീട്ടിൽനിന്നും അവരുടെ പ്രിയപ്പെട്ടവരിൽനിന്നും വളരെയകലെ, ജീവിതത്തിന്റെ ഒരു ഘട്ടത്തിൽ, നമുക്കറിയാവുന്നതുപോലെ, അവർ

തങ്ങളെക്കുറിച്ചും അവരുടെ ഭാവിയെക്കുറിച്ചും ഐഡന്റിറ്റിയെക്കുറിച്ചും കാര്യങ്ങളുടെ അർത്ഥത്തെക്കുറിച്ചും ആശ്ചര്യപ്പെടുന്നു. മറ്റുള്ളവരുമായും പുറംലോകവുമായുള്ള അവരുടെ ബന്ധം പര്യവേക്ഷണം ചെയ്യുന്നത് തുടരുന്നു. ഈ പുതിയ പരിതസ്ഥിതിയിൽ അടച്ച വാതിലുകൾക്ക് പിന്നിൽ അവരുടെ ആവശ്യങ്ങൾ നൽകപ്പെടുന്നു, പ്രത്യേകിച്ച് സ്വാതന്ത്ര്യം പരിമിതമായ പെൺകുട്ടികൾക്ക് (യാഥാസ്ഥിതികമായ സമൂഹത്തിലെ പെൺമക്കളുടെ രക്ഷിതാക്കളുടെ ചിന്തകളുമായി ഇത് ചിലപ്പോൾ പൊരുത്തപ്പെടുന്നുണ്ടാകാം). ഈയൊരു സാഹചര്യത്തിൽ അവർ സ്കൂളിന്റെയും കോളേജിന്റെയും ഒക്കെ സ്ഥാപകയായ ചാൻസിലറെ (A) ആദരിക്കാൻ നിർബന്ധിതരാകുന്നു. പ്രാർത്ഥനയുടെയും മറ്റ് ഹൈന്ദവ ആത്മീയവ്യായാമങ്ങളുടെയും ഈ ടൈംടേബിൾ അനുസരിച്ചില്ലെങ്കിൽ അവരെ ഒഴിവാക്കുമെന്ന് ഭീഷണിപ്പെടുത്തുന്നു. ബഹുവിശ്വാസങ്ങളുള്ള രാജ്യത്താണ് എനിക്ക് ഹിന്ദു എന്ന് ഊന്നിപ്പറയേണ്ടി വരുന്നത്. അമൃതയിലെ കുട്ടികൾ ക്രിസ്ത്യാനികളോ മുസ്ലീങ്ങളോ അതോ ഇനി നിരീശ്വരവാദികളോ ആകട്ടെ, അവരുടെ കാര്യം കഷ്ടമാണ്. സ്കൂളുകളും സർവ്വകലാശാലകളും വളരെ വ്യക്തമായി ഹിന്ദുപക്ഷപാതിത്വമുള്ളതാണെന്ന് പറയുമ്പോൾ, മറ്റു മതസ്ഥർ അവിടെ പഠിക്കുന്നുണ്ടോ എന്നു ഞാൻ അത്ഭുതപ്പെടുന്നു.

ആർട്സ് ആന്റ് സയൻസ് ഫാക്കൽറ്റിയുടെ മിക്ക പരിശീലനപരിപാടികളിലും “സാംസ്കാരിക വിദ്യാഭ്യാസം I, II”, “അമൃതമൂല്യങ്ങൾ പ്രോഗ്രാം I, II” എന്നീ കോഴ്സുകൾ ഉൾക്കൊള്ളുന്നു. ഉദാഹരണത്തിന്, 10 സെമസ്റ്ററുകളിലുള്ള[276] ഇംഗ്ലീഷ് സാഹിത്യസംയോജിത ബി.എ/എം.എ പരിശീലനത്തിൽ സാംസ്കാരികവിദ്യാഭ്യാസം I, ഒന്നാം സെമസ്റ്റർ, II, രണ്ടാം

സെമസ്റ്റർ, മൂല്യങ്ങളെക്കുറിച്ചുള്ള കോഴ്സ് I മൂന്നാം സെമസ്റ്റർ, കോഴ്സ് II നാലാം സെമസ്റ്റർ എന്നിവ ഉൾപ്പെടുന്നു.

സാംസ്കാരികവിദ്യാഭ്യാസം 1-നെക്കുറിച്ചുള്ള[277] കോഴ്സിന്റെ വിശദാംശങ്ങളിലേക്ക് പോകുമ്പോൾ, ഉള്ളടക്കത്തിന്റെ വിവരണവും കോഴ്സിനെ പിന്തുണയ്ക്കുന്ന പുസ്തകങ്ങളുടെയും മാനുവലുകളുടെയും ലിസ്റ്റും നമുക്കു കാണാം. വിവരണം ഇതാ: *"ഇന്ത്യൻ സംസ്കാരത്തെക്കുറിച്ചുള്ള ആമുഖം, അമ്മയുടെ ജീവിതവും ഉപദേശങ്ങളും ഉൾപ്പെടുന്ന ആമുഖം, പുരാതനേന്ത്യയിലെ ഇന്ത്യൻ സംസ്കാരത്തിന്റെയും ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും പ്രതീകങ്ങൾ, പ്രാചീന ഇന്ത്യയിലെ വിദ്യാഭ്യാസം, ജീവിതലക്ഷ്യങ്ങൾ-പുരുഷാർത്ഥങ്ങൾ, വേദത്തിന്റെയും ഭഗവദ്ഗീതയുടെയും ആമുഖം, യോഗയുടെ ആമുഖം, പ്രകൃതിയും ഇന്ത്യൻ സംസ്കാരവും, ഇന്ത്യൻ ചരിത്രത്തിൽ നിന്നുള്ള മൂല്യങ്ങൾ, മഹാന്മാരായ ഇന്ത്യൻ ദാർശനികരുടെ ജീവിതവും പ്രവർത്തനവും (1)."* പാഠപുസ്തകങ്ങളായി അവരുടെ രണ്ട് സ്വന്തം പ്രസിദ്ധീകരണങ്ങളും കാണാം: *"ദി ഗ്ലോറി ഓഫ് ഇന്ത്യ (ഇൻ-ഹൗസ് പ്രസിദ്ധീകരണം) ദ മദർ ഓഫ് സ്വീറ്റ് ബ്ലിസ്സ് (അമ്മയുടെ ജീവിതവും ഉപദേശങ്ങളും)"* A യുടെ ജീവചരിത്രം!

സാംസ്കാരികവിദ്യാഭ്യാസം II[278] എന്ന കോഴ്സിൽ അടങ്ങുന്നത് ഇനി പറയുന്നവയാണ്: *"ഭഗവദ്ഗീതയും ജീവിതപരിപാലനവും, രാമായണത്തിന്റെയും മഹാഭാരതത്തിന്റെയും ചരിത്രപരമായ ആധികാരികത, പതഞ്ജലിയുടെ യോഗസൂത്രങ്ങളുടെ അവലോകനം, പുരാണത്തിലെ പ്രധാന ഭാഗങ്ങൾ, ഇന്ത്യൻ സമൂഹം: അതിന്റെ ശക്തിയും ബലഹീനതകളും, ഇന്ത്യൻ സമൂഹത്തിൽ സ്ത്രീകളുടെ സ്ഥാനം, സമ്പദ്വ്യവസ്ഥ, ബിസിനസ് മാനേജ്മെന്റ് എന്നിവയുടെ ഇന്ത്യൻ മാതൃകകൾ, ആരോഗ്യം- ജീവിതശൈലി എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, സാംസ്കാരിക*

*പൈതൃകസംരക്ഷണം, ഇന്ത്യയിലെ മഹാത്മാരായ ദാർശനികരുടെ ജീവിതവും പ്രവർത്തനവും(2).''* പാഠപുസ്തകങ്ങളായി രണ്ട് സ്വന്തം പ്രസിദ്ധീകരണങ്ങളും കാണാം: വീണ്ടും *''ദി ഗ്ലോറി ഓഫ് ഇന്ത്യ (ഇൻ ഹൗസ് പ്രസിദ്ധീകരണം) സനാതനധർമ്മം (ഇന്ത്യൻ സംസ്കാരത്തെക്കുറിച്ചുള്ള അമ്മയുടെ വാക്കുകളുടെ സമാഹാരം)''.*

അമൃതയുടെ മൂല്യങ്ങൾ പഠിപ്പിക്കുന്ന പ്രോഗ്രാം, അതിന്റെ 2016 പതിപ്പിലും പിന്നീട് (ref.15AVP501) ഇനിപ്പറയുന്ന കോഴ്സുകൾ വാഗ്ദാനം ചെയ്തു. (സ്ഥാപനത്തിനുള്ളിൽ പ്രചരിക്കുന്ന അച്ചടിച്ച പതിപ്പ്), അതിൽ രണ്ടെണ്ണം തെരഞ്ഞെടുക്കണം: ''**അമ്മയിലൂടെ ആർട്ട് ഓഫ് ലിവിങ്, രാമായണത്തിൽ നിന്നുള്ള ഉൾക്കാഴ്ചകൾ, മഹാഭാരതത്തിൽ നിന്നുള്ള ഉൾക്കാഴ്ചകൾ, ഉപനിഷത്തുകളിൽ നിന്നുള്ള ഉൾക്കാഴ്ചകൾ, ഭഗവദ്ഗീതയിൽ നിന്നുള്ള ഉൾക്കാഴ്ചകൾ, സ്വാമി വിവേകാനന്ദനും അദ്ദേഹത്തിന്റെ സന്ദേശവും, ഇന്ത്യയുടെ മഹാത്മാരായ ആത്മീയഗുരുക്കൾ (ശ്രീരാമൻ, ശ്രീകൃഷ്ണൻ, ശ്രീബുദ്ധൻ, ആദിശങ്കരാചാര്യൻ, ശ്രീരാമാനുജാചാര്യർ, ശ്രീ മാധവാചാര്യർ, ശ്രീരാമകൃഷ്ണ പരമഹംസ, സ്വാമി വിവേകാനന്ദൻ, ശ്രീ രമണമഹർഷി, മാതാ അമൃതാനന്ദമയി ദേവി), ഇന്ത്യൻകലയും സാഹിത്യവും, ജീവിതത്തിൽ യോഗയുടെയും ധ്യാനത്തിന്റെയും പ്രാധാന്യം, കേരളത്തിന്റെ ചുവർചിത്രകലയെ അഭിനന്ദിക്കുക, ജൈവകൃഷി പരിശീലിക്കുക, പുരാതന ശാസ്ത്രവും സാങ്കേതികവിദ്യയും.''* വെബ്സൈറ്റിൽ (2019-2020) ഇതേ സിലബസിലെ ഒന്നാംഭാഗത്തിൽ[279] വ്യത്യസ്തമായ കോഴ്സുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്: *''ഇന്ത്യൻ ശാസ്ത്രീയസംഗീതത്തിലേക്കുള്ള ഉൾക്കാഴ്ച, പരമ്പരാഗത ഇന്ത്യൻ ചിത്രകലയിലേക്കുള്ള ഉൾക്കാഴ്ച, ശാസ്ത്രീയ നൃത്തത്തിലേക്കുള്ള ഉൾക്കാഴ്ച, ആയോധനകലകളിലേക്കും*

*സ്വയംപ്രതിരോധത്തിലേക്കുമുള്ള ഉൾക്കാഴ്ച, സാമൂഹിക ബോധവൽക്കരണപ്രചാരണം, കേരളത്തിലെ ക്ഷേത്രചുവർച്ചിത്രകലകൾ, പ്രായോഗിക ജൈവകൃഷി, ജീവിതശൈലി പരിഷ്ക്കരണത്തിന് ആയുർവേദം, യോഗ ഉപയോഗിച്ചുള്ള ചികിത്സ."* രണ്ടാംഭാഗം ഒരുപോലെ തന്നെയാണ്.

* "അമ്മയിലൂടെ ആർട്ട് ഓഫ് ലിവിങ്", കോഴ്സിന്റെ വിവരണം (ശരിക്കുള്ള അസംബന്ധം ചെറുതായി മാറ്റിയെഴുതിയശേഷം) പ്രോഗ്രാമിന്റെ മറ്റു പതിപ്പുകളിൽ ചിലപ്പോൾ വേറെ ശീർഷകമാകാം (ref. 18AVP211): *"ആധുനികലോകത്തിന് അമ്മയുടെ ജീവിതത്തിൽ നിന്നുള്ള സന്ദേശം"* [280]*: "അമ്മയുടെ സന്ദേശങ്ങൾ പ്രായോഗികതയിലൂടെയും നമ്മുടെ ചിന്തകളുടെ ക്രിയാത്മകമായ സമന്വയത്തിലൂടെയും നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ കഴിയും. ഏതൊരു മേഖലയിലും അമ്മ പറയുന്ന ഓരോ വാക്കും ഉപദേശങ്ങളും, അത് എത്ര നിസ്സാരമായിക്കൊള്ളട്ടെ, ഉള്ളടക്കം കൊണ്ട് സമ്പന്നവും നമ്മുടെ ഉള്ളിനെ സ്പർശിക്കുന്നതുമാണ്. മാതൃകാപരമായ മൃദുകഴിവുകളുടെ കലയായ അവരുടെ ഉപദേശങ്ങളിലൂടെ, നമ്മുടെ മനസ്സിന്റെ സന്തുലിതാവസ്ഥ നിലനിർത്തിക്കൊണ്ട് നമുക്ക് ചുറ്റുമുള്ള സംഭവങ്ങൾക്ക് സാക്ഷികളാകാം."*

ജേർണലിസത്തിലെ ബിരുദാനന്തര ഡിപ്ലോമ പ്രോഗ്രാമിന്റെ[281] അവിഭാജ്യഘടകമെന്ന നിലയിൽ മറ്റൊരു സാംസ്കാരിക വിദ്യാഭ്യാസ കോഴ്സ് (18CUL501)[282]. കോഴ്സിന്റെ ലക്ഷ്യങ്ങളെ ഇനിപ്പറയുന്ന രീതിയിൽ വിവരിക്കുന്നു:

> *"സ്നേഹമാണ് ജീവിതത്തിന്റെയും ആത്മീയതയുടെയും അടിസ്ഥാനം. സ്നേഹമില്ലെങ്കിൽ ജീവിതം അർത്ഥശൂന്യമാകും. ഇന്നത്തെ ലോകത്ത് മൂല്യമാകുന്ന മുത്തുകളെ*

*കോർത്തിണക്കുന്ന ചരടായി സ്നേഹത്തെ ഉപയോഗിച്ചാൽ ജീവിതം സുഗന്ധമുള്ള പുഷ്പം പോലെ അമൂല്യവും സുന്ദരവുമാകുന്നു. മൂല്യങ്ങൾ ഒറ്റയ്ക്ക് പഠിക്കാനുള്ളതല്ല. അവ ആന്തരിക ചൈതന്യത്തിലേക്ക് ഉൾക്കൊള്ളുകയും പ്രായോഗികമാക്കുകയും വേണം; നിങ്ങളുടെ ഹൃദയം തുറന്നിരിക്കുമ്പോൾ, നിങ്ങൾക്ക് ചൈതന്യവും ശക്തിയുമുള്ള സമയത്ത് വേണം ഇത് സംഭവിക്കേണ്ടത്. മൂല്യവിദ്യാഭ്യാസത്തിലെ ഇപ്പോഴത്തെ കോഴ്സ്, മികച്ച നേട്ടങ്ങൾ കൈവരിക്കുന്നതിലേക്ക് വിദ്യാർത്ഥികളുടെ ആന്തരികസ്വഭാവത്തെ പരിവർത്തനം ചെയ്യുന്ന പ്രക്രിയയിലൂടെ നയിക്കാനും രൂപാന്തരപ്പെടുത്താനുമുള്ള അനുഭവാധിഷ്ഠിതശ്രമമാണ്. അമ്മയുടെ ജ്ഞാനവചനങ്ങളും സ്നേഹപ്രവൃത്തികളുമാണ് നമ്മുടെ മാർഗ്ഗദർശനതത്വങ്ങൾ.. അമ്മയുടെ തത്വചിന്ത നമ്മുടെ ഭാവിയെക്കുറിച്ചുള്ള ഉൾക്കാഴ്ച നൽകുന്നു.”*[283]

അത് മൂല്യങ്ങളോ സംസ്കാരമോ ആകട്ടെ, എല്ലാംതന്നെ തീർച്ചയായും A യ്ക്കുവേണ്ടി പ്രചരണം നടത്താനും വിദ്യാർത്ഥികളെ മാനസികമായി പരിവർത്തനം ചെയ്യാനും ഉപയോഗിക്കുന്നു. അല്ലാത്തപക്ഷം സംസ്കാരവും മുകളിലെ പാഠപുസ്തകവും തമ്മിലുള്ള ബന്ധം ഞാൻ കാണുന്നില്ല. റഫറൻസുകൾക്കായി 17 പുസ്തകങ്ങളുണ്ട്, അവയിൽ: സ്ഥാപനത്തിലെ സ്വാമിമാർ A യുടെ വചനങ്ങൾ ആധാരമാക്കിയും ഭക്ത/ ശിഷ്യന്മാരായുള്ളവരുടെ അനുഭവങ്ങൾ എഴുതിയതും ആറെണ്ണത്തിൽ കുറയാതെ കാണും. മൂന്നെണ്ണം രാമകൃഷ്ണമിഷന്റെ, “എറ്റർണൽ വാല്യൂസ് ഓഫ് ലൈഫ് ചെയ്ഞിങ് സൊസൈറ്റി (1958)” യും “ലേണിംഗ് ടു ലീവ്” രണ്ടു ഭാഗങ്ങളും, മൂന്നെണ്ണം ദീപക് ചോപ്രയുടെ അതിൽ “ദ ആൽഫ ആൻഡ് ഒമേഗ ഓഫ് ഗോൾഡ്” “സെവൻ

സ്പിരിച്ച്വൽ റൂൾസ് ഫോർ സക്സസ്" എന്നിവയും പിന്നെ വ്യക്തിത്വവികാസത്തിനുള്ള 2 പാശ്ചാത്യപുസ്തകങ്ങളുമാണ്. 17 പുസ്തകത്തിൽ പത്തും മതവിശ്വാസികൾ എഴുതിയതോ മതസ്ഥാപനങ്ങൾ പ്രസിദ്ധീകരിച്ചതോ ആണ്, മൂന്നെണ്ണം ആത്മീയചിന്തയുള്ള എഴുത്തുകാരന്റേതാണ്. അപ്പോൾ, അത് ഏതുതരം "സംസ്കാര"ത്തെക്കുറിച്ചായിരിക്കാം? കൾട്ട് സമ്പ്രദായമോ? തീർച്ചയായും "കൾട്ട് വിദ്യാഭ്യാസം" ഒരിക്കലും വിറ്റുപോകുന്ന ഒന്നല്ല.

തുടരുന്നതിനുമുമ്പ് ഇതുവരെ നമ്മൾ കണ്ടെത്തിയ കാര്യങ്ങൾ ഒന്നു ചുരുക്കിയെഴുതാം:

**1. "സാംസ്കാരിക വിദ്യാഭ്യാസം"**

- ഇന്ത്യൻസംസ്കാരത്തിന്റെ ആമുഖത്തിനുശേഷം അമ്മയുടെ ജീവിതത്തെയും വചനങ്ങളെയും സംഘടന അവതരിപ്പിക്കുന്നു. (AN: ഇത് സംസ്കാരത്തെ കുറിച്ചാണോ?)
- പാഠപുസ്തകങ്ങൾ മൂന്നെണ്ണം സ്വന്തം പ്രസിദ്ധീകരണങ്ങളാണ്: അമ്മയുടെ ജീവചരിത്രം (സാംസ്കാരികം?), ഇന്ത്യയുടെ മഹത്വവും ഇന്ത്യൻ സംസ്കാരത്തെക്കുറിച്ചുള്ള അമ്മയുടെ ഉപദേശങ്ങളുടെ സമാഹാരവും. (A സംസ്കാരത്തിന്റെ അധികാരിയാണെന്ന് ആർക്കറിയാമായിരുന്നു!)
- ചിലപ്പോൾ സാംസ്കാരികവിദ്യാഭ്യാസം മൂല്യങ്ങളെക്കുറിച്ചുള്ള വിദ്യാഭ്യാസത്തിന്റെ അതേ ആശയം പിന്തുടരുന്നു, അതേസമയം വ്യക്തിപൂജ ആശയങ്ങൾ സേവിക്കുന്നതും തുടരുന്നു.
- അവർ ഒരിക്കലും വിഭാവനം ചെയ്യാൻ സാധ്യതയില്ലാത്ത ആശയങ്ങൾ A യെക്കൊണ്ട് പറയിച്ചിട്ടുണ്ട്. ഉദാഹരണത്തിന് സാംസ്കാരിക വിദ്യാഭ്യാസത്തെ വൈകാരികബുദ്ധിയുമായി സംയോജിപ്പിക്കുക. ഇതുപോലുള്ള

അസംബന്ധങ്ങൾ ഈ പേജിനു കീഴെ നിങ്ങൾക്ക് കാണാം.[284] [285]

## 2. "അമൃത വാല്യൂസ് പ്രോഗ്രാം"[286]

- ആദ്യത്തെ ആശയം "അമ്മയിലൂടെ ആർട്ട് ഓഫ് ലിവിങ്" അല്ലെങ്കിൽ "ആധുനികലോകത്തിന് അമ്മയുടെ ജീവിതത്തിൽ നിന്നുള്ള സന്ദേശം" *(A യും ജീവിതകലയും? അവരുടെ കൂടെ ജീവിച്ചവർ അത്ഭുതപ്പെടും..)*
- ഇന്ത്യയിലെ മഹത്തായ ആത്മീയാചാര്യന്മാരെ കുറിച്ചുള്ള കോഴ്സിൽ, ബുദ്ധനുൾപ്പെടെ, ചരിത്രത്തിൽ ഇന്ത്യ സൃഷ്ടിച്ച ഏറ്റവും മഹത്തായ വ്യക്തിക്ക് തുല്യമായ സ്ഥാനത്താണ് സംഘടന A യെ പ്രതിഷ്ഠിച്ചത്.

ഇതിനെക്കുറിച്ച് നിങ്ങൾ എന്താണ് ചിന്തിക്കുന്നതെന്ന് എനിക്കറിയില്ല, പക്ഷേ ഞങ്ങൾക്ക് ഏറ്റവും കുറഞ്ഞത് പറയാൻ കഴിയുന്നത് ഇത് വസ്തുനിഷ്ഠമോ നിഷ്പക്ഷമോ അല്ല എന്നതാണ്. എന്നെ സംബന്ധിച്ചിടത്തോളം, ഇത് മതഭ്രാന്ത് നിറഞ്ഞതും വിശ്വാസ പരിവർത്തനത്തിനായി ശ്രമിക്കുന്നതുമാണെന്ന് ഞാൻ പറയും. "സംസ്കാരം" എന്ന പേരിൽ "വ്യക്ത്യാരാധനയുടെ" സന്ദേശം നൽകുന്നു. ശാസ്ത്രീയവും സാംസ്കാരികവുമായ കാര്യങ്ങൾ അത്യന്താപേക്ഷിതമായവയെ മറച്ച് പിടിക്കുന്നു. അവരവരുടെ മതപരമായ തെരഞ്ഞെടുപ്പ് തന്നെയാവണം ബാക്കി ലോകത്തിന്റേതും എന്ന് വിശ്വസിക്കുന്നവരെയാണ് നമ്മൾ അഭിമുഖീകരിക്കുന്നത്. ഈ മാനസികാവസ്ഥയിൽ, ഒരാൾക്ക് പ്രബോധനവും വിദ്യാഭ്യാസവും, ആരാധനയും സംസ്കാരവും തമ്മിലുള്ള വ്യത്യാസങ്ങൾ മനസ്സിലാകാതെ വരുന്നു. വിദ്യാർത്ഥികൾ ബന്ദികളായതുകൊണ്ട് ഒരു മടിയും കൂടാതെ അവർക്കിത് ചെയ്യാം. പരീക്ഷയെഴുതാൻ അനുവാദം ലഭിക്കില്ല എന്നും വിദ്യാർത്ഥികൾ ഭയപ്പെടുന്നു.

അതിനാൽ പരിശീലനത്തിനൊടുവിൽ ഈ സമീപനത്താൽ പൂർണ്ണമായും പ്രകോപിതരായ ചിലരുടെ പ്രതികരണം കാണാം. 2011 -ൽ അനിൽ എഴുതി, "ഏറ്റവും മോശം കാര്യം അമ്മ എന്ന സ്ത്രീയാണ്, (...) വിദ്യാർത്ഥികൾ ഈ അമ്മയെ ആരാധിക്കാനും അവരെക്കുറിച്ച് എഴുതിയ പുസ്തകങ്ങൾ വാങ്ങാനും നിർബന്ധിതരാകുന്നു."[287] മറ്റുള്ളവർ ഒന്നുകിൽ താൽപര്യമില്ലാത്തവരായിരിക്കും അല്ലെങ്കിൽ ഭക്തരായി രൂപാന്തരപ്പെടും. തങ്ങളെ ഉപയോഗപ്രദമാക്കാനും ലോകത്തെ സേവിക്കാനും ആഗ്രഹിക്കുന്ന ഭക്തരുടെ ഈ വിശാലമായ ശൃംഖല A യുടെ സംഘടനയിലൂടെ ലോകസേവനത്തിൽ പങ്കാളികളാകുന്നു; "ഞങ്ങളുടെ അംബാസഡറായി" എന്നത് പ്രത്യേകം ഓർക്കണം.

പാവപ്പെട്ടവരുടെ വിദ്യാഭ്യാസത്തിനായി നൽകുന്നുവെന്ന് കരുതിയ പാശ്ചാത്യഭക്തരുടെ ഔദാര്യത്തിനും നിഷ്കളങ്കതയ്ക്കും നന്ദി. അവർ ഭീമമായ വരവ് ലഭിക്കുന്ന ഒരു ഗവേഷണ വിദ്യാഭാസസാമ്രാജ്യം കെട്ടിപ്പടുക്കുകയും ഇതേ സാമ്രാജ്യം ഉപയോഗിച്ച് ഈ ചെറുപ്പക്കാരെ നിലനിർത്തുകയും അതിൽ കുറച്ചുപേരെ തന്റെ ഭക്തന്മാരാക്കുകയും ചെയ്യുന്നു. ഇത് എല്ലാ തലങ്ങളിലും കഴിവുകളുടെയും സുമനസ്സിന്റെയും ഒരു വലിയ ശൃംഖല കെട്ടിപ്പടുക്കുന്നു. ഇതവരുടെ ആഗ്രഹങ്ങൾ സാധ്യമാക്കാനും അധികാരം ശക്തിപ്പെടുത്താനും സഹായകമാകുന്നു; സമ്പത്തും സ്വാധീനവും സൃഷ്ടിച്ചുകൊണ്ട് വളർന്നുകൊണ്ടിരിക്കുന്ന ഒരു സാമ്രാജ്യമായി മാറുന്നു. ഇത്രയും സമ്പത്തുള്ളപ്പോൾ, സംഘടനയുടെ മാനുഷികവും അഭിവൃദ്ധിപ്പെടുത്തുന്നതുമായ പ്രവർത്തനങ്ങളിലൂടെ മാനവികതയുടെ മഹത്തായ ഗുണഭോക്താവായി അവർക്ക് ലോകത്തിനു മുന്നിൽ നിൽക്കാൻ കഴിയും. യഥാർത്ഥത്തിൽ അവർ ചെലവാക്കുന്നത് അവരുടെ വരുമാനത്തിന്റെ വളരെ ചെറിയൊരു ഭാഗമാണ്. അപ്പോഴും, ഒന്നും നഷ്ടപ്പെടില്ല, കാരണം ഈ ചെലവ് പരോക്ഷമായ നേട്ടങ്ങളുടെ ഉറവിടവും ഈ

നിക്ഷേപത്തിന്റെ വരുമാനം ഗണ്യമായതുമാണ്. അങ്ങനെ ശക്തിപ്പെടുത്തിയ പ്രശസ്തി വഴി, തീരുമാനമെടുക്കുന്നവരുമായും ദാതാക്കളുമായും അവരുടെ വിശ്വാസ്യത വർദ്ധിപ്പിക്കുകയും വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും അവരുടെ വരുമാനം ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾ വിപുലീകരിക്കുകയും ചെയ്യും. ഈ ഉജ്ജ്വലമായ അമ്മപദ്ധതി നഷ്ടം കാണുന്നില്ല, കേവലം ലാഭവും വളർച്ചയും മാത്രം!!

ഈ യുവാക്കളെ തത്ത്വങ്ങളിലേക്കും മൂല്യങ്ങളിലേക്കും ബ്ലോക്ക്ബസ്റ്റർ സിനിമകളിലോ സോഷ്യൽ നെറ്റ്വർക്കുകളിലോ അവർ സ്വയം കണ്ടെത്തുന്നതിനെക്കാൾ ഉദാത്തമായ ആശയങ്ങളിലേക്കും തുറന്നുകാട്ടുന്നത് ശ്ലാഘനീയമാണെന്ന് ഞാൻ സമ്മതിക്കുന്നു. അക്കാദമിക് അറിവിലേക്ക് സ്വയം പരിമിതപ്പെടുത്താതെ ഒന്നിലധികം തലങ്ങളിൽ സമ്പൂർണ്ണമായ വികാസത്തിലേക്ക് വ്യക്തിത്വത്തെ രൂപപ്പെടുത്താൻ ശ്രമിക്കുന്നു. വിദ്യാർത്ഥികൾക്ക് ജീവിതപ്രാപ്തി ഉൾപ്പെടെ കൂടുതൽ സമഗ്രമായ വിദ്യാഭ്യാസം നൽകുന്നു[288]. യുവമനസ്സുകളെ അവരുടെ സ്വന്തം സംസ്കാരത്തിന്റെ സമ്പന്നത തുറന്നുകാട്ടുകയും അതിന്റെ മനോഹാരിത കണ്ടെത്താൻ സഹായിക്കുകയും ചെയ്യുന്നു. അതുവഴി യുവമനസ്സുകളിലുള്ള ഒട്ടും മെച്ചമല്ലാത്ത പാശ്ചാത്യ സ്വാധീനത്തെ സമതുലിതമാക്കുകയും ചെയ്യുന്നു. പൊതുവെ, പഠനത്തെ മാത്രം പ്രോത്സാഹിപ്പിക്കുന്ന ഒരു ലോകത്ത് വിദ്യാർത്ഥികൾക്ക് വേരുകൾ കണ്ടെത്താനും അവരുടെ സംസ്കാരത്തിലേക്കൊന്ന് കണ്ണ് തുറക്കാനും അവസരം നൽകുന്നത് ഒരനുഗ്രഹമാണ്. അവർ ഉൾപ്പെടുത്തിയിട്ടുള്ള പ്രോഗ്രാമുകൾ സമ്പന്നവും വിലപ്പെട്ടതുമാണ്, വിഷയങ്ങളുടെ വ്യാപ്തി വിശാലവും നിരവധി തെരഞ്ഞെടുപ്പുകളും ഉള്ളതാണ്. യോഗ, ധ്യാനം തുടങ്ങിയ കാര്യങ്ങൾ പരിചയപ്പെടുത്തുന്നത് അവരെ സ്വയം അറിയുവാനും സമ്മർദ്ദപൂരിതമായ

സാഹചര്യങ്ങളെയും ജീവിതവെല്ലുവിളികളെയും നേരിടുന്നതിന് കൂടുതൽ സജ്ജരാകാനും സഹായിക്കുന്നു. സ്വാഭാവികമായ അലസതയെയും അതുമൂലമുണ്ടാകുന്ന ചെറുത്തുനിൽപ്പിനെയും മറികടക്കാനും ഒഴിവുകഴിവുകൾ ഇല്ലാതാക്കാനും ആദ്യം പക്ഷപാതത്താൽ നിഷേധാത്മകതയുണ്ടാകാനിടയുള്ള കാര്യങ്ങൾ അവരെ പരിചയപ്പെടുത്താനും ബോധ്യപ്പെടുത്താനും ചില പ്രോത്സാഹനം ആവശ്യമായി വന്നേക്കാം. എന്നിരുന്നാലും, എല്ലാം അത് നടപ്പിലാക്കുന്ന രീതിയെ ആശ്രയിച്ചിരിക്കുന്നു. ഈ യുവാക്കൾക്ക് പരമ്പരാഗത സാംസ്കാരിക ജ്ഞാനം പകർന്നു കൊടുക്കേണ്ടത്, സ്വതന്ത്രമായും അവതാനതയോടുകൂടിയും വേണം, എല്ലാത്തിനുമുപരിയായി ഒരു പ്രത്യേക ജ്ഞാനത്തിലേക്കോ തത്വശാസ്ത്രത്തിലേക്കോ മതവിഭാഗത്തിലേക്കോ ആചാരത്തിലേക്കോ ഒരു ആത്മീയ ഗുരുവിലേക്കോ ഏകപക്ഷീയമായി നയിക്കപ്പെടാതെ പൊതുവായ സാംസ്കാരിക പാരമ്പര്യ ജ്ഞാനം പകർന്നുകൊടുക്കുന്ന രീതിയാണ് അവലംബിക്കേണ്ടത്. അല്ലാതെ സംസ്കാരത്തിന്റെ കൈമാറ്റം വ്യക്തിപൂജയ്ക്കുള്ള ഒഴികഴിവായി മാറ്റുകയല്ല വേണ്ടത്. സർവ്വകലാശാലാവിദ്യാഭ്യാസത്തിന് അവർ നൽകുന്ന വൻതുകകൾ നാം മറക്കരുത്. മാത്രമല്ല, സംസ്കാരത്തിന്റെയും ആത്മീയതയുടെയും മറവിൽ മനസ്സുകളെ സ്വാധീനിക്കാനും അവരെ അമൃതയുടെ അച്ചിൽ വാർത്തെടുക്കാനുള്ള (IAM ധ്യാനത്തിലൂടെ (IAM meditation)-അവരുടെ തന്നെ വാക്കുകളിൽ- അദ്ധ്യായം III.3)[289] നിർബന്ധിതശ്രമങ്ങൾ (അവരുടെ തന്നെ വാക്കുകളിൽ, അങ്ങേയറ്റത്തെ അച്ചടക്കം പാലിച്ചില്ലെങ്കിൽ പുറത്താക്കൽ) നടക്കുന്നു എന്നത് നിഷേധിക്കാനാവില്ല. ഈ പ്രതിഭാസം ഇന്ത്യയിലെ ഗുരുക്കന്മാരുടെ ഇടയിൽ പതിവുള്ളതാണെങ്കിലും ധാർമ്മികമായി ശരിയല്ലെന്ന് മാത്രമല്ല, വിനാശകരവുമാണ്. ആത്യന്തികമായി,

സംയോജിതസേവനത്തിനും ബിസിനസ്സിനും പ്രശസ്തിക്കുവേണ്ടിയും, നൈപുണ്യവും കഴിവുകളുമുള്ള മനസ്സുകളെ A യ്ക്കും അവരുടെ ഓർഗനൈസേഷനും നൽകിക്കൊണ്ട് സംഘടനയുടെ താല്പര്യം നിറവേറ്റുന്നു.

## *m. ആശയമോഷണമോ അതോ സഹവർത്തിതമോ?*

സ്കൂളോ കോളേജോ ആകട്ടെ, സ്ഥാപനം മുന്നോട്ടുവയ്ക്കുന്നത് നൂതനവും നവീനവും വ്യത്യസ്തവുമായ പുതിയ ഒരു വിദ്യാഭ്യാസമാതൃകയാണ്. *ഗുരു-ശിഷ്യപരമ്പര, ഗുരുകുലം* എന്നീ വാക്കുകളാണ് പ്രചരണത്തിന് ഉപയോഗിക്കുന്നത്. ഈ മാതൃകയിലുള്ള വിദ്യാഭ്യാസസമ്പ്രദായത്തിൽ യഥാർത്ഥത്തിൽ അദ്വിതീയമായതൊന്നും നമുക്ക് കണ്ടെത്താൻ കഴിയില്ല. നമുക്ക് സായിബാബ ട്രസ്റ്റും രാമകൃഷ്ണമിഷനും ആയിട്ടുള്ള മത്സരമൊന്ന് നോക്കാം.[290]

> **രാമകൃഷ്ണമിഷനിൽ**: *"സ്വാമി വിവേകാനന്ദൻ വിശ്വസിച്ചത്, നമ്മുടെ രാജ്യത്ത് വ്യാപകമാകുന്ന എല്ലാ തിന്മകൾക്കും പരിഹാരം വിദ്യാഭ്യാസമെന്നാണ്. സ്വഭാവരൂപീകരണവും സാമൂഹികോന്നമനവും ഉറപ്പാക്കുന്ന ഒരു വിദ്യാഭ്യാസസമ്പ്രദായം അദ്ദേഹം വിഭാവനം ചെയ്തു. അത്തരമൊരു വിദ്യാഭ്യാസസമ്പ്രദായം യഥാർത്ഥവും പ്രായോഗികവുമാകുന്നതിനും വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കേണ്ടതുണ്ട്. പഠനത്തിന്റെയും പരിശീലനത്തിന്റെയും സന്തോഷകരമായ സംയോജനത്തിലൂടെ, വിദ്യാർത്ഥികൾക്ക് സന്തോഷമായി പഠനത്തിൽ ഏർപ്പെടാൻ കഴിയും. പുരാതന ഗുരുഗൃഹവാസത്തിന്റെ മാതൃകാപ്രയോഗമായിരുന്നു സ്വാമിജിയുടെ പരിഹാരം. പ്രകൃതിരമണീയമായ ചുറ്റുപാടിൽ,*

*ഇന്ത്യൻ ജീവിതത്തിന്റെ ധാർമ്മികവും സാംസ്കാരികവുമായ രീതികളാൽ നിയന്ത്രിക്കപ്പെടുന്ന, ഒരേ താമസസ്ഥലം പങ്കിടുന്ന അദ്ധ്യാപകരും വിദ്യാർത്ഥികളും രാമകൃഷ്ണാശ്രമത്തിലെ ജ്ഞാനികളായ ഋഷിമാർ തെരഞ്ഞെടുത്ത മാതൃകയായിരുന്നു. നരേന്ദ്രപുർ രാമകൃഷ്ണ മിഷൻ റസിഡൻഷ്യൽ കോളേജ്, വിദ്യാഭ്യാസം 'മനുഷ്യനിലുള്ള പൂർണ്ണതയുടെ പ്രകടനമാണ്' എന്ന സ്വാമിജിയുടെ തിരിച്ചറിവിന്റെ പ്രതീകമായി മാറാൻ വിധിക്കപ്പെട്ടതായിരുന്നു.*

ഈ സാഹചര്യത്തിൽ റസിഡൻഷ്യൽ യൂണിവേഴ്സിറ്റിയുടെ നിയമങ്ങൾ അമൃതകോളേജുകളിൽനിന്ന്[291] വ്യത്യസ്തമല്ല. കൂടുതൽ വിപുലമായ നിർബന്ധിത അച്ചടക്കത്തോടുകൂടിയ പ്രകടമായ കർശനമായ സ്വഭാവത്താൽ രണ്ടാമത്തേത് യഥാർത്ഥത്തിൽ വേർതിരിക്കപ്പെടുന്നുവെന്ന് നമുക്കു പറയാം.

സത്യസായി ബാബയുടെ സംഘടനയുടെ കോളേജായ ശ്രീ സത്യസായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ ലേണിംഗ് (SSIHL) പറയുന്നത് ഇതാണ്:[292]

*"വിദ്യാഭ്യാസത്തോടുള്ള സമഗ്രമായ സമീപനം, SSSIHL അതിന്റെ സ്ഥാപകചാൻസലറായ ഭഗവാൻ ശ്രീ സത്യസായി ബാബയുടെ ജീവിതം, വചനങ്ങൾ, നേരിട്ടുള്ള നിർദ്ദേശങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ളതാണ്."*

സ്ഥാപനങ്ങളെക്കുറിച്ച് അദ്ദേഹം തന്നെ പറയുന്നത് ഇതാണ്:

*"സായിവിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിതമായത് വിദ്യാർത്ഥികളെ ഉപജീവനം സമ്പാദിക്കാൻ പ്രാപ്തരാക്കാൻവേണ്ടി മാത്രമല്ല, അവർക്ക് നല്ല സ്വഭാവവിശേഷങ്ങൾ സ്വായത്തമാക്കാനും,*

ആദർശജീവിതം നയിക്കാനും, അവർക്ക് ധാർമ്മികവും ആത്മീയവുമായ ശക്തി നൽകാനും കൂടി വേണ്ടിയാണ്. സ്നേഹം വളർത്താനും വിദ്യാർത്ഥികളെ നല്ല ഗുണങ്ങൾ പഠിപ്പിക്കാനും ലക്ഷ്യമിട്ടാണ് ഞാനവ സ്ഥാപിച്ചത്. വിനയവും അച്ചടക്കവും വിശ്വാസവും അവരിവിടെ പഠിക്കും.

ആത്മീയവിദ്യാഭ്യാസം ഒരു പ്രധാന ഘടകമായും ലൗകികവിദ്യാഭ്യാസം രണ്ടാമതായും പകർന്നുകൊടുക്്കാൻ വേണ്ടിയാണ് ഞാൻ ഈ സ്ഥാപനങ്ങൾ രൂപപ്പെടുത്തിയത്. വിദ്യാഭ്യാസം ഒരാളിൽ നല്ല സ്വഭാവങ്ങളും ഭക്തിയും വളർത്തിയെടുക്കണം. സർവ്വകലാശാലയിലെ പാഠ്യപദ്ധതിയുടെ അദ്ധ്യാപനം അതിനുള്ള മാർഗ്ഗമാണ്; അതായത്, ആത്മീയ ഉന്നമനം, സ്വയം കണ്ടെത്തൽ, സ്നേഹത്തിലൂടെയും നിസ്സംഗത്വത്തിലൂടെയും ഉള്ള സാമൂഹികസേവനം.

ഇതൊരു ഗുരുകുലമായിരിക്കും- അദ്ധ്യാപകരും പഠിക്കുന്നവരും സ്നേഹത്തിലും ജ്ഞാനത്തിലും ഒരുമിച്ച് വളരുന്ന ഇടം. പുരാതന വിദ്യാഭ്യാസ സമ്പ്രദായം പോലെ, അത് അതിന്റെ വിദ്യാർത്ഥികളിൽ ഒരു വിശാലമായ വീക്ഷണം വികസിപ്പിക്കുകയും സമൂഹത്തിൽ ഉദാത്തമായ ആദർശം വളർത്തിയെടുക്കാൻ സഹായിക്കുന്ന സദ്ഗുണങ്ങളും ധാർമ്മികതയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

മനുഷ്യരാശിയെ സേവിക്കുകയെന്ന ലക്ഷ്യത്തോടെ യുവാക്കളെ സ്വയംപര്യാപ്തരും സംതൃപ്തരും ത്യാഗത്തിന്റെയും പ്രവർത്തനത്തിന്റെയും സംരംഭകനായകന്മാരായി രൂപപ്പെടുത്തിയെടുക്കുന്ന ഒരു പഠനക്ഷേത്രമായിരിക്കും.'' <u>**“കാഴ്ചപ്പാട്**</u>: ആത്മത്യാഗം വളർത്താനും ആത്മസാക്ഷാത്കാരം നേടാനും വേണ്ടി ആത്മവിശ്വാസവും

ആത്മജ്ഞാനവും ലഭിക്കാൻ വിദ്യാർത്ഥികളെ സഹായിക്കാനും അവിടെ അവരെ സമൂഹത്തിന് ഗുണം ചെയ്യുന്നതുമായ നേതാക്കളായി വാർത്തെടുക്കുക. **<u>ദൗത്യം:</u>** എല്ലാം തികഞ്ഞ സമഗ്രമായ വ്യക്തികളെ- തൊഴിൽപരമായി മികച്ചതും സാമൂഹിക ഉത്തരവാദിത്വമുള്ളതും ആത്മീയബോധമുള്ളതും- മാനുഷികവ്യക്തിത്വത്തിന്റെ ശാരീരികവും ബൗദ്ധികവും വൈകാരികവും മാനസികവും ആത്മീയവുമായ മാനങ്ങൾ നിറവേറ്റുന്ന എഡ്യൂകെയറിലൂടെ (മാനുഷിക മൂല്യങ്ങളെ അടിസ്ഥാനമാക്കിയുള്ള സമഗ്രവിദ്യാഭ്യാസം) ഉദാത്തമായ മൂല്യങ്ങളും ശരിയായ മനോഭാവവും ഉൾക്കൊള്ളുന്നവരെ വാർത്തെടുക്കുക.

**<u>പ്രധാന ലക്ഷ്യം:</u>** യഥാർത്ഥവും മാതൃകാപരവുമായ വിദ്യാഭ്യാസം നൽകുകയും സമൂഹത്തിന്റെ സേവനത്തിനായി വിദ്യാർത്ഥികളെ ഉത്തമപൗരന്മാരായി വാർത്തെടുക്കുകയും ചെയ്യുക. യുവാക്കൾ ബുദ്ധി വളർത്തിയെടുക്കുമ്പോൾ, അവരുടെ പ്രേരണകളെയും വികാരങ്ങളെയും ശുദ്ധീകരിക്കുകയും അവരുടെ ഹൃദയങ്ങളിൽ കിടക്കുന്ന ശാന്തതയുടെയും സന്തോഷത്തിന്റെയും ഉറവകളിലേക്ക് ഇറങ്ങിച്ചെല്ലാൻ ആവശ്യമായ ശാരീരികവും മാനസികവുമായ അച്ചടക്കങ്ങൾകൊണ്ട് അവരെ സജ്ജരാക്കുകയും ചെയ്യുന്ന വിദ്യാഭ്യാസം പ്രദാനം ചെയ്യുക. ഓരോരുത്തർക്കും ത്യാഗവും ആത്മസാക്ഷാത്കാരവും പഠിക്കാൻ കഴിയുന്ന തരത്തിൽ ആത്മജ്ഞാനവും ആത്മവിശ്വാസവും വളർത്തിയെടുക്കാൻ വിദ്യാർത്ഥികളെ സഹായിക്കുക. സഹിഷ്ണുതയും ചാരിറ്റിയും സാഹോദര്യവും ലോകമെമ്പാടും പ്രചരിപ്പിക്കുന്ന ഭാരതീയ സംസ്കൃതിയുടെ യഥാർത്ഥ

*പ്രതിനിധികളായി വിദ്യാർത്ഥികളെ വളർത്തുക. സത്യത്തിന്റെയും നീതിയുടെയും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും ആൾരൂപങ്ങളായി, സമഗ്രതയും സത്സ്വഭാവവും ഉള്ള വ്യക്തികൾ എന്ന നിലയിൽ, ഭാവിയിലെ ഇന്ത്യയുടെ നേതാക്കളായി വിദ്യാർത്ഥികളെ സജ്ജമാക്കുക. അനീതി, അച്ചടക്കമില്ലായ്മ, അധാർമ്മികത, അസത്യം എന്നിവയ്ക്കെതിരെ നിലകൊള്ളാനുള്ള ധൈര്യം അവർക്ക് പകർന്നുനൽകുക.''*

അത് നിങ്ങളെ എന്തെങ്കിലും ഓർമ്മപ്പെടുത്തുന്നുണ്ടോ? തീർച്ചയായും കുറച്ച് തിരുത്തലുകൾ വരുത്തി കോപ്പി പേസ്റ്റ് ചെയ്തതുപോലെയുണ്ട്. എന്നാൽ അമൃത[293] വിദ്യാഭ്യാസ സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിനും 26 വർഷം മുമ്പാണ് SSSIHL ന്റെ ഫാക്കൽറ്റികൾ സ്ഥാപിച്ചത്! അതുകൊണ്ട് കോപ്പി-പേസ്റ്റ് നടന്നത് തിരിച്ചാകാനാണ് വഴി. നന്നായി ഗവേഷണം ചെയ്താൽ മറ്റെവിടുന്നെങ്കിലും പകർത്തിയെടുത്ത ആശയങ്ങൾ കണ്ടെത്തുമെന്ന് എനിക്കുറപ്പുണ്ട്. അങ്ങനെയെങ്കിൽ, അമൃത സമ്പ്രദായം അവകാശപ്പെടുന്നതുപോലെ അതുല്യമാണോ? SSSIHL-ന്[294] മാത്രമുള്ള വിദ്യാഭ്യാസസംവിധാനത്തിൽ ഞങ്ങൾ കണ്ടെത്തിയത് ഇതാണ്:

*''ശ്രീ സത്യസായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ ലേണിങ് അതിന്റെ തുടക്കം മുതലേ, സർവകലാശാലയിലെ എല്ലാ വിഷയങ്ങളുടെയും അന്തർധാരയായി നൈതികതയും മൂല്യങ്ങളും സമന്വയിപ്പിക്കുന്നു. അക്കാദമിക് മികവിനൊപ്പം, യൂണിവേഴ്സിറ്റി അതിന്റെ വിദ്യാർത്ഥികൾക്ക് വ്യക്തിഗതവികസനത്തിന്റെ സമഗ്രമായ ഒരു ചട്ടക്കൂട് നൽകുന്നു. വിദ്യാർത്ഥികൾ അവിടെ താമസിച്ച് പഠിക്കണം എന്നത് നിർബന്ധമായതുകൊണ്ട് ഇത് വിദ്യാർത്ഥിയുടെ മനസ്സിനെയും ശരീരത്തിനെയും ആത്മാവിനെയും*

പ്രാചീന ഇന്ത്യൻ ഗുരുകുല വിദ്യാഭ്യാസസമ്പ്രദായത്തിന് സമാനമായ ഒരു പരിതസ്ഥിതിയിൽ പരിശീലിപ്പിക്കുന്നു.

'ടെംപിൾ ഓഫ് ലേണിംഗ്' ഡയഗ്രാമിൽ ചിത്രീകരിച്ചിരിക്കുന്നതുപോലെ, പഠനത്തിന്റെ അക്കാദമിക് (മതേതര) വശങ്ങൾ സ്വഭാവരൂപീകരണവുമായി (ആത്മീയമായ) സമന്വയിപ്പിക്കാൻ സർവകലാശാല എല്ലാ തലത്തിലും ശ്രമിക്കുന്നു. ഇത് വിദ്യാർത്ഥികളെ ആരോഗ്യകരവും സമതുലിതവുമായ വ്യക്തിത്വം വികസിപ്പിക്കാൻ സഹായിക്കുന്നു, അതായത് അക്കാദമിക് കഴിവുകളോടൊപ്പം നല്ല സ്വഭാവം കുട്ടികൾക്കുണ്ടാകുന്നു.

ഒരു ഉത്തമ സായ് വിദ്യാർത്ഥി: CSIR ഇന്ത്യയുടെ മുൻഡയറക്ടർ ജനറലായ ഡോ. ആർ.എ.മശേക്കറുടെ വാക്കുകളിൽ, "ചിന്തകളിൽ പുതുമയും ഹൃദയത്തിൽ അനുകമ്പയും ഉദരത്തിൽ അഭിനിവേശവും ഉള്ള വിദ്യാർത്ഥികളെ വളർത്തിയെടുക്കാൻ സർവകലാശാല ശ്രമിക്കുന്നു." കഴിവും കുലീനതയും സമന്വയിപ്പിച്ച് തലച്ചോറും ഹൃദയവും കൈകളും തമ്മിലുള്ള സന്തുലിതാവസ്ഥ കൈവരിക്കുക എന്നതാണ് ലക്ഷ്യം. 'ഒരു ഉത്തമസായ് വിദ്യാർത്ഥി' യുടെ രൂപരേഖയിൽ ഈ സന്തുലിതാവസ്ഥ ചിത്രീകരിച്ചിട്ടുണ്ട്. പരമ്പരാഗത വിദ്യാഭ്യാസസമ്പ്രദായത്തിൽ ഹൃദയം എന്ന ആശയം സാധാരണയായി പരിഗണിക്കപ്പെടുന്നില്ല. അങ്ങനെ കഴിവും കുലീനതയും സമന്വയിപ്പിച്ച് നല്ല മനുഷ്യരെ സൃഷ്ടിക്കുകയാണ് സർവകലാശാല ലക്ഷ്യമിടുന്നത്. ബഹുമാനപ്പെട്ട സ്ഥാപക ചാൻസലർ നിരീക്ഷിക്കുന്നു, "അറിവ്, നൈപുണ്യം എന്നിവയുള്ളപ്പോൾ, സന്തുലിതാവസ്ഥയിലേക്ക് നയിക്കുന്നു. അത് സമൂഹത്തിന്റെ പ്രയോജനത്തിനായി അറിവിന്റെ


*പ്രയോഗത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച നൽകുന്നു.” അതിനാൽ ഈ സർവ്വകലാശാലകളിൽനിന്ന് ബിരുദം നേടുന്ന വിദ്യാർത്ഥികൾ ഇത്തരം ഉൾക്കാഴ്ചകൾ കൈവശപ്പെടുത്തണമെന്ന് അദ്ദേഹം (ഡയഗ്രാമിൽ കാണിച്ചിരിക്കുന്നതുപോലെ) ആഗ്രഹിച്ചു. ആദിശങ്കരാചാര്യരുടെ ശിരസ്സ് ജ്ഞാനത്തിലേക്ക് നയിക്കുന്ന അറിവിന്റെ പ്രതീകമായും, ജനകമഹാരാജാവിന്റെ കൈകൾ സാമൂഹികനേട്ടങ്ങൾക്കായി ജ്ഞാനത്തെ നൈപുണ്യമാക്കുന്നതിന്റെ പ്രതീകമായും ശ്രീബുദ്ധന്റെ ഹൃദയം ശിരസ്സിനെയും കൈകളെയും സന്തുലിതമാക്കുന്ന കരുണയെയും പ്രതിനിധാനം ചെയ്യുന്നു.*

*“ശ്രീസത്യസായി മൂല്യങ്ങളെ അടിസ്ഥാനമാക്കിയുള്ള സമഗ്രവിദ്യാഭ്യാസം”* എന്ന വിഷയത്തിൽ ഒരു ഭാഗവുമുണ്ട്. *“(..) 18 വയസ്സുള്ള ഒരു വിദ്യാർത്ഥി സർവ്വകലാശാലയിൽ ചേരുന്നതിനും അവനോ അവളോ ബിരുദം നേടുന്നതിനുമിടയിൽ (21-23 വയസ്സ്) ആഴത്തിലുള്ള ആന്തരികപരിവർത്തനം സംഭവിക്കുന്നു. ഈ ആശയം സർവ്വകലാശാലാതലത്തിൽ വളരെ സവിശേഷമാണ്. (...) SSSIHL-ലെ എല്ലാ ബന്ധങ്ങളെയും പ്രവർത്തനങ്ങളെയും നിലനിർത്തുന്ന ഒരു ആധുനികഗുരുകുലത്തിന്റെ ആശയമാണ് അടിസ്ഥാനം. അധ്യാപക-വിദ്യാർത്ഥി ഇടപെടൽ വളരുന്നതിനും വികസിപ്പിക്കുന്നതിനും ആവശ്യമുള്ളത്ര സൗഹാർദ്ദപരമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും നിലനിർത്തുന്നതിനും ഇത് കാരണമാകുന്നു. എല്ലാ ഇടപെടലുകളും ഉൾക്കൊള്ളുന്ന രണ്ട് പ്രധാന വശങ്ങളാണ് അച്ചടക്കവും ഉചിതമായ പെരുമാറ്റവും. സത്യം, ശരിയായ പെരുമാറ്റം, സമാധാനം, സ്നേഹം, അഹിംസ എന്നീ അഞ്ച് മാനുഷികമൂല്യങ്ങൾ എല്ലാ*

*മാനങ്ങളിലും സമഗ്രവിദ്യാഭ്യാസത്തിന്റെ അടിസ്ഥാനമാണ്. ഈ മാനങ്ങൾ ഇവയാണ്: ബൗദ്ധികം, ശാരീരികം, സാംസ്കാരികം, ഭക്തി, സേവനം. ഈ ഓരോ മാനങ്ങളുടെയും പ്രധാന പ്രവർത്തനങ്ങളാണ് SSSIHL-ൽ വിദ്യാർത്ഥികൾ ചെലവഴിക്കുന്ന ഭൂരിഭാഗം സമയത്തിന്റെയും അടിസ്ഥാനം. SSSIHL-ലെ മൂല്യാധിഷ്ഠിത സമഗ്രവിദ്യാഭ്യാസ സമ്പ്രദായത്തിന്റെ ഫലം മൂന്ന് മടങ്ങാണ്. എല്ലാ ബിരുദധാരികളെയും സാമൂഹിക പ്രതിബദ്ധതയുള്ളവരും തൊഴിൽപരമായി നൈപുണ്യമുള്ളവരും ആത്മീയമായി അവബോധമുള്ളവരുമായിരിക്കാൻ ഇത് സജ്ജമാക്കുന്നു.''*


അമൃതയുടെ അതുല്യമായ ഗുരുകുലസമ്പ്രദായവും മൂല്യബോധമുള്ള വിദ്യാഭ്യാസവും ആർക്കെങ്കിലും മനസ്സിലായോ?

ഇത് കോളേജുകളുടെ കാര്യം മാത്രമല്ല. ശ്രീ സത്യസായി ഹൈസ്കൂളിന്റെ[295] മിഷൻ സ്റ്റേറ്റ്മെന്റ് ഇതാണ്. ഇത് മറ്റെന്തിനെയോ ഓർമ്മിപ്പിക്കുന്നതായി നിങ്ങൾക്ക് കാണാം.




*“അക്കാദമികമികവോടെയുള്ള സ്വഭാവവികസനം” എന്നത് സ്കൂളിലെ എല്ലാ ശ്രമങ്ങളുടെയും ഭരണതത്വമാണ്.* ***“വിദ്യാഭ്യാസം കേവലം ജീവിക്കാൻ വേണ്ടിയല്ല, ജീവിതത്തിന് വേണ്ടിയുള്ളതായിരിക്കണം”*** *എന്ന് ശക്തമായി വാദിക്കുന്ന ഭഗവാൻ ബാബയുടെ സമഗ്രമായ വിദ്യാഭ്യാസ തത്വചിന്തയാണ് ഈ വിദ്യാലയത്തിലെ വലുതോ ചെറുതോ ആയ ഓരോ ഘട്ടത്തിലും നയിക്കപ്പെടുന്നത്.*

ഇത് മുമ്പ് കേട്ടതായി തോന്നുന്നുണ്ടോ?




Excerpts from the 2020 Amrita Mysore prospectus

Education for Life, Education for Living - Sri Mata Amritanandamayi Devi's (Amma's) refreshing redefinition of learning has successfully carved for Amrita Vishwa Vidyapeetham a niche in higher education. Her commitment to harnessing academic research to a larger humanitarian cause has earned Amrita a sterling reputation both in India and abroad. As Chancellor, Amma continues to inspire the University to harmonize ancient wisdom and modern science to empower everyone.

***ദൗത്യം***: *സ്കൂളിന്റെ അശ്രാന്തപരിശ്രമം ഇതായിരുന്നു: സാഹോദര്യം, ദേശസ്നേഹം, ത്യാഗം, ധാർമ്മികസമഗ്രത എന്നിവയുടെ ശാശ്വതവും സാർവ്വത്രികവുമായ മൂല്യങ്ങൾ യുവമനസ്സുകളിൽ സന്നിവേശിപ്പിച്ച് ഒരു ഉദാത്തസ്വഭാവത്തിന്റെ അടിത്തറ പാകുന്നതിലൂടെ, അവർ രാജ്യത്തിന്റെയും ലോകത്തിന്റെയും ഭാഗധേയം രൂപപ്പെടുത്താൻ കഴിയുന്ന ഉത്തമനേതാക്കളായി വളർന്നുവരികയും ചെയ്യുന്നു.*

***ലക്ഷ്യങ്ങൾ:*** *ബൗദ്ധികവും വൈകാരികവും ആത്മീയവുമായ മൂല്യങ്ങൾ സമന്വയത്തോടെ വികസിപ്പിച്ചെടുത്ത സമതുലിതമായ വ്യക്തിത്വമാണ് യഥാർത്ഥ വിദ്യാഭ്യാസം സൃഷ്ടിക്കേണ്ടത്. അതിനാൽ, സ്കൂളിലെ എല്ലാ പാഠ്യപദ്ധതികളും കുട്ടികളിൽ ഇനിപ്പറയുന്ന* ***ഗുണങ്ങൾ*** *ഉൾക്കൊള്ളുന്ന തരത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്:*

- ദൈവത്തിലുള്ള വിശ്വാസത്തോടുകൂടിയ ആത്മവിശ്വാസം.
- അക്കാദമികമികവ്.
- വിശകലനകഴിവുകൾക്കൊപ്പം ആശയവിനിമയവും സാമൂഹിക

കഴിവുകളും.

- നല്ല പോഷണമുള്ള ആരോഗ്യകരവും ചടുലവുമായ ശരീരത്തിന്റെ പരിപാലനം.
- അച്ചടക്കമുള്ളതും നിയന്ത്രിതവുമായ ജീവിതത്തോട് താല്പര്യം വളർത്തുന്നു.
- സമൂഹത്തിന് നിസ്വാർത്ഥസേവനത്തിന്റെ മൂല്യങ്ങൾ പകരുന്നു.
- നല്ല ചിന്തകളും വാക്കുകളും പ്രവൃത്തികളും സമന്വയിപ്പിക്കുന്നു.
- ഇന്ത്യൻ സംസ്കാരത്തോടും ജീവിതരീതിയോടുമുള്ള ബഹുമാനവും ആദരവും.
- മുതിർന്നവരോടും മാതാപിതാക്കളോടുമുള്ള ബഹുമാന-ത്തോടൊപ്പം എല്ലാ മനുഷ്യരുടെയും അന്തസ്സ് ഉയർത്തിപ്പിടിക്കുന്നു.

വിവേചനവും അറിവും ഇതിനാണ്: കെണികൾ കണ്ടെത്താനും നെല്ലും പതിരും വേർതിരിച്ചറിയാനും വസ്തുതകളെക്കുറിച്ചുള്ള പൂർണ്ണ ബോധ്യത്തോടെ തെരഞ്ഞെടുപ്പുകൾ നടത്താനും സാധിക്കണം. മറ്റുള്ളവരുടെ ആശയങ്ങൾ മോഷ്ടിക്കുന്നത് നല്ലതല്ല; പ്രത്യേകിച്ച് അതൊരു എതിരാളി സംഘടനയുടെ ബൗദ്ധികസ്വത്തായിരിക്കുമ്പോൾ!! ഈ ചിന്തകളെല്ലാം ഇവരുടെയാണെന്ന് സ്ഥാപിക്കാനും അവരുടെ എതിരാളികളിൽ പ്രത്യേകിച്ച്, ആവർത്തിച്ചുള്ള അഴിമതികളും സായിബാബയുടെ വിയോഗവും മോശം രീതിയിൽ ബാധിച്ച അദ്ദേഹത്തിന്റെ സ്ഥാപനങ്ങളെ മത്സരത്തിൽ അടിച്ചമർത്താനും ഇവരുടെ സാമ്പത്തികശക്തിക്കും ശൃംഖലയ്ക്കും കഴിഞ്ഞു. അവസാനമായി, ഈ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ സവിശേഷവും നൂതനവുമായ ഈ അമൃത "മാതൃക" എന്താണ്? ഇത് എവിടുന്നെങ്കിലും പകർത്തിയതാണോ? ധാർമ്മികതയുടെ അടിസ്ഥാന അഭാവം? സംസ്കാരത്തിന്റെ മറവിൽ വ്യക്ത്യാരാധനയാണോ അതോ മൂല്യങ്ങൾ

വളർത്തിയെടുക്കുന്നതിന്റെ മറവിൽ പരിപൂർണ്ണ നിയന്ത്രണമാണോ ഉദ്ദേശ്യം? അല്ലെങ്കിൽ ചെലവില്ലാതെ ലാഭവും വളർച്ചയും സൃഷ്ടിക്കാൻ സേവനത്തെ ഉപയോഗിക്കുന്ന ഒരു ബിസിനസ് മോഡൽ? അപ്പോൾ, പ്രിയപ്പെട്ട വായനക്കാരാ നിങ്ങൾക്കെന്തു തോന്നുന്നു?

ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി (IGNOU), സ്കൂൾ ഓഫ് വൊക്കേഷണൽ എജ്യുക്കേഷൻ ആൻഡ് ട്രെയിനിംഗ് എന്നിവയുടെ പ്രോഗ്രാമുകളിൽ നിന്നാണ് അമൃതവിദ്യാഭ്യാസം പ്രചോദനം ഉൾക്കൊണ്ടതെന്ന് തെളിയിക്കുന്ന രേഖകളും എഴുത്തുകുത്തുകളും ഞങ്ങൾക്ക് ലഭിച്ചിട്ടുണ്ട്, പ്രത്യേകിച്ചും "ബിസിനസ് ആശയവിനിമയത്തിലെ സാമൂഹികകഴിവുകൾ" എന്ന കോഴ്സുമായി ബന്ധപ്പെട്ടുള്ളതാണത്. അമൃതയിൽ തിരശ്ശീലയ്ക്കുപിന്നിൽ അഹോരാത്രം പണിയെടുക്കുന്ന ചിലരുണ്ട്, പക്ഷേ പ്രൊഫസർമാരുടെ വരെ ജോലി ചെയ്യുന്ന ഇവർക്ക് അർഹതപ്പെട്ട അംഗീകാരം ലഭിക്കുന്നില്ല. ഉള്ളടക്കം പുനർനിർമ്മിച്ചതിനാൽ ജോലി വളരെ നന്നായി പൂർത്തിയാകുന്നു. നോക്കൂ, ഇത്തരത്തിലുള്ള സമ്പ്രദായം സ്ഥാപനത്തിൽ വ്യാപകമാണ്. വിശുദ്ധിയും സ്നേഹവും സേവനവും ധർമ്മവും തുളുമ്പുന്ന സ്ഥാപനമാണിതെന്ന് നമുക്ക് പറയാം. ഇത് സാധാരണ സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്തമായി പെരുമാറുമെന്ന് നിഷ്കളങ്കമായി പ്രതീക്ഷിക്കുന്നു; ഒരു കാര്യവുമില്ലാതെ. പ്രത്യേക മാനദണ്ഡങ്ങളോ മുൻധാരണകളോ ഇല്ലാത്ത ഏതൊരു ഓർഗനൈസേഷനിലെയും പോലെ മുൻ-പിൻ വശങ്ങളുണ്ട്.

അമൃത ബിസിനസ്സ് മോഡലിനെക്കുറിച്ച് പറയുമ്പോൾ, "*അമൃതദർശനം എന്ന അന്താരാഷ്ട്ര ആത്മീയപഠനകേന്ദ്രത്തിന്റെ തത്വം*"[296] വ്യക്തിപരമായി എനിക്ക് വളരെ ഇഷ്ടമാണെന്നുകൂടി ഞാൻ പറയണം. ഒരു തരത്തിൽ അത് തത്വചിന്തയുടെ ഫാക്കൽറ്റിയാണ്. 1970-കളിൽ ഞാൻ മെഡിസിനോ ബിസിനസ്സോ പഠിക്കാനല്ല

ഇന്ത്യയിൽ വന്നത്. എന്നാൽ അങ്ങനെയൊരു സ്ഥലത്തെക്കുറിച്ച് അറിയാമായിരുന്നെങ്കിൽ തീർച്ചയായും ഞാൻ സന്ദർശിക്കുമായിരുന്നു. സർവ്വകലാശാല ഗവേഷണത്തിന്റെയും ദാർശനികവും ആത്മീയവുമായ അധ്യാപനത്തിന്റെയും സമന്വയമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

## *n. അമൃതയിലെ ആർട്സും സയൻസും (കലയും ശാസ്ത്രവും)*

അവസാനമായി, ആർട്സിന്റെയും സയൻസിന്റെയും ഫാക്കൽറ്റിയുടെ പ്രോഗ്രാമിനെക്കുറിച്ചുള്ള ഒരു ഉപകഥ. കലയുടെയും ശാസ്ത്രത്തിന്റെയും ഫാക്കൽറ്റികളിൽനിന്നുള്ള പ്രോസ്പെക്ടസുകൾ നിങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ നിങ്ങൾക്ക് അതിശയകരമായ ഒരു പ്രോഗ്രാം കാണാം. അനുബന്ധഫാക്കൽറ്റികളുടെയും പ്രോഗ്രാമുകളുടെയും കാര്യങ്ങൾ മനസ്സിലാക്കാൻ നമുക്ക് ആദ്യം യൂണിവേഴ്സിറ്റിയുടെ വെബ്സൈറ്റ് നോക്കാം:

1. കലയുടെയും (ആർട്ട്) മാധ്യമങ്ങളുടെയും (മീഡിയ), കോമേഴ്സ്-ന്റെയും ഫാക്കൽറ്റികള്:

   മൂന്നു ഡിപ്പാർട്ട്മെന്റുകൾ:

   a. കോമേഴ്സ് ആൻഡ് മാനേജ്മെന്റ്
   b. വിഷ്വൽ മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ
   c. കമ്മ്യൂണിക്കേഷൻ

2. ഹ്യുമാനിറ്റീസിന്റെയും സോഷ്യൽ സയൻസിന്റെയും ഫാക്കൽറ്റികള്:

   അഞ്ച് ഡിപ്പാർട്ട്മെന്റുകൾ:

a. ആത്മീയപഠനം
b. വിദ്യാഭ്യാസം
c. സാമൂഹികപ്രവർത്തനം
d. ലാംഗ്വേജുകൾ
e. സാംസ്കാരികവിദ്യാഭ്യാസം

എന്നാൽ നാല് ആർട്സ് ആന്റ് സയൻസ് ക്യാമ്പസുകളിൽ യഥാർത്ഥത്തിൽ നൽകപ്പെടുന്ന പ്രോഗ്രാമുകൾ താഴെപ്പറയുന്നവയാണ്:

1. സയൻസിൽ ഭൗതികശാസ്ത്രം, രസതന്ത്രം, ഗണിതശാസ്ത്രം എന്നിവ കൂടാതെ, നിങ്ങൾക്ക് പ്രധാനമായും നൽകുന്നത്: ടാക്സേഷൻ ആൻഡ് ഫിനാൻസ്, പ്രൊഫഷണൽ അക്കൗണ്ടിംഗ്, ഫിനാൻസ് ആൻഡ് സിസ്റ്റംസ്, അഡ്മിനിസ്ട്രേഷൻ, അഡ്വർടൈസിംഗ് ആൻഡ് കോർപ്പറേറ്റ് കമ്മ്യൂണിക്കേഷൻ, കൊമേഴ്സ് ആൻഡ് മാനേജ്മെന്റ്, ലോജിസ്റ്റിക്സ്, ഐടിയിൽ ഡോക്യുറേറ്റ്, ഡാറ്റാബേസുകൾ, സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് ഡാറ്റാ അനാലിസിസ്, സയന്റിഫിക് ഐടി, കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്. സോഷ്യൽ സയൻസ്; നിങ്ങൾക്ക് സാമൂഹികപ്രവർത്തനം മാത്രമേ കാണാൻ കഴിയൂ.
2. ആർട്സിൽ ഉൾപ്പെടുത്തിയിട്ടുള്ളത്: വിഷ്വൽ കമ്മ്യൂണിക്കേഷൻ, അഡ്വർടൈസിങ് ആൻഡ് വെബ്ഡിസൈൻ, ആനിമേഷൻ ആൻഡ് വെബ്ഡിസൈൻ, ജേർണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ, അപ്ലൈഡ് ആർട്സ് ആൻഡ് അഡ്വർടൈസിംഗ്, ഇംഗ്ലീഷ് ലിറ്ററേച്ചർ ആൻഡ് ലാംഗ്വേജ്, ലിറ്റററി തിയറി, ഫിലോസഫി.

പ്രധാനമായും ഐടിയും വെബും ഉൾപ്പെടുന്ന കലയെയും ശാസ്ത്രത്തെയും കുറിച്ചുള്ള ഈ സങ്കല്പം വിപണിയുടെ ആവശ്യവുമായി പൊരുത്തപ്പെടുന്നതാണ്.

ഇവ പ്രൈവറ്റ് സ്കൂളുകളായതിനാൽ അതിനോട് പൊരുത്തപ്പെടുന്നത് മനസ്സിലാക്കാം. ഒരു താരതമ്യത്തിനായി കലയും ശാസ്ത്രവും കൊണ്ട് മോൺട്രിയൽ സർവകലാശാല എന്താണ് അർത്ഥമാക്കുന്നത് എന്ന് നമുക്കു നോക്കാം:[297]

**അക്ഷരങ്ങളും മനുഷ്യശാസ്ത്രവും** (Letters and Human Sciences): ഇംഗ്ലീഷ് പഠനം, ഫ്രഞ്ച് ലിറ്ററേച്ചർ, ചരിത്രം, ആർട്ട് ഹിസ്റ്ററി, സിനിമാറ്റോഗ്രാഫി പഠനങ്ങൾ, ഭാഷാശാസ്ത്രവും വിവർത്തനവും, സാഹിത്യവും ആധുനിക ഭാഷകളും, താരതമ്യ സാഹിത്യം, തത്വശാസ്ത്രം.

**സോഷ്യൽ സയൻസും തത്വശാസ്ത്രവും** (Social Sciences and Psychology): ആന്ത്രപ്പോളജി, സ്കൂൾ ഓഫ് ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ്, കമ്മ്യൂണിക്കേഷൻ, ക്രിമിനോളജി, സൈകോ എജുക്കേഷൻ, സൈക്കോളജി, ഇൻഡസ്ട്രിയൽ റിലേഷൻസ്, പൊളിറ്റിക്കൽ സയൻസ്, ഇക്കണോമിക്സ്, സോഷ്യൽ വർക്ക്, സോഷ്യോളജി.

സയൻസ്: കെമിസ്ട്രി, ബയോകെമിസ്ട്രി, ജോഗ്രഫി, കമ്പ്യൂട്ടർ സയൻസ് ആൻഡ് ഓപ്പറേഷനിൽ റിസർച്ച്, ഫിസിക്സ്, മാത്തമാറ്റിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ്, ബയോളജിക്കൽ സയൻസസ്, ഡിപ്പാർട്ട്മെന്റ് ഓഫ് എജ്യൂക്കേഷൻ ആൻഡ് കമ്പ്യൂട്ടർ സർവീസ്.

ചുരുക്കത്തിൽ, ആർട്സ് ആൻഡ് സയൻസസ് ഫാക്കൽറ്റി അമൃത പ്രധാനമായും കമ്പ്യൂട്ടർ ശാസ്ത്രജ്ഞർ, കമ്മ്യൂണിക്കേറ്റർമാർ, വെബ്-മീഡിയ പ്രൊഫഷണലുകൾ, മാനേജർമാർ, അക്കൗണ്ടന്റുമാർ, സ്റ്റാറ്റിസ്റ്റിഷ്യൻമാർ, പരസ്യദാതാക്കൾ, സാമൂഹികപ്രവർത്തകർ എന്നിവരെ പരിശീലിപ്പിക്കുന്നു;

സാഹിത്യത്തിലും തത്ത്വചിന്തയിലും നൽകിയിട്ടുള്ള ഡിപ്ലോമകൾക്ക് പുറമെയാണത്.

അവസാനം പറഞ്ഞത് രണ്ടെണ്ണം ഒഴികെ, മനുഷ്യന്റെ പ്രമേയങ്ങൾ, സമൂഹത്തിൽ അവന്റെ സ്ഥാനം, ശക്തി, ചരിത്രത്തിന്റെ പാഠങ്ങൾ, അവന്റെ മനഃശാസ്ത്രം, അവന്റെ വിദ്യാഭ്യാസം എന്നിവയെക്കുറിച്ചുള്ള അടിസ്ഥാനപരമായ പ്രതിഫലനത്തിലൂടെ സമൂഹത്തിന്റെ ശരിയായ പ്രവർത്തനത്തിൽ പങ്കുചേരുന്ന ആരും തന്നെ ഈ സ്കൂളുകളിൽനിന്ന് ഇറങ്ങുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ ഈ ഫാക്കൽറ്റി പരിശീലനം ചെയ്തെടുക്കുന്നത് ടെക്നീഷ്യന്മാരെയും മാനേജർമാരെയും കമ്മ്യൂണിക്കേറ്റ്സിനെയും ആണ്, ചിന്തകരെയല്ല. എന്നിരുന്നാലും, സന്തുലിതവും ആരോഗ്യകരവുമായ രീതിയിൽ സമൂഹത്തെ വികസിപ്പിക്കുന്നതിന്, വ്യക്തികളെപ്പോലെ ചിന്തകർ ആവശ്യമാണ്. ശക്തമായ മനസ്സുകളെ വാർത്തെടുക്കുമെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും അമൃത വിദ്യാഭ്യാസസമ്പ്രദായത്തിന്റെ ലക്ഷ്യം അതല്ല എന്നു തോന്നുന്നു. ആർട്ടിനെക്കുറിച്ച് തൽക്കാലം നമ്മൾക്ക് സംസാരിക്കുകയേ വേണ്ട. ആഡംബരത്തോടെ ആർട്സ് ആൻഡ് സയൻസ് എന്ന് വിളിക്കുന്ന വിഭാഗം പ്രധാനമായും ആഗോളവ്യവസായത്തിൽ മികച്ച ശമ്പളമുള്ള ജോലികൾ കണ്ടെത്തുന്നതിനുള്ള ട്രെൻഡി കഴിവുകളിലും സാങ്കേതികവിദ്യയുമാണ് പരിശീലിപ്പിക്കുന്നത്. സ്വതന്ത്രരും കീഴ്പ്പെടാത്തവരുമായ കലാകാരന്മാരെയും ചിന്തകരെയും അപേക്ഷിച്ച് ലോകത്തെ നിയന്ത്രിക്കുന്ന ഭാവിയിലെ സാങ്കേതിക തീരുമാനങ്ങൾ എടുക്കുന്നവരെ വ്യവസ്ഥപ്പെടുത്തുന്നത് എളുപ്പമാണ്.

ഇതാണ് സംഘടനയുടെ വിദ്യാഭ്യാസസമ്പ്രദായത്തിൽ എന്തെല്ലാം തെറ്റുകളുണ്ടെന്നതിന്റെ രത്നചുരുക്കം: മനസ്സിന്റെ സ്വാതന്ത്ര്യം, ആരോഗ്യകരമായ മനഃശാസ്ത്രം, നീതി, സത്യം, സമഗ്രത എന്നിവയെക്കാൾ വരുമാനം,

റാങ്കിംഗ്, സാമ്രാജ്യം കെട്ടിപ്പടുക്കൽ എന്നിവയിൽ ശ്രദ്ധിക്കുന്ന ഒരു വിദ്യാഭ്യാസമില്ലാത്ത നേതാവുണ്ടെങ്കിൽ ഇതാണ് ഫലം.

## IV. 4. വ്യവസായവും സെലിബ്രിറ്റികളും

നാം അമൃതസംരംഭങ്ങളിലൂടെ കടന്നുപോകുമ്പോൾ നമുക്കുണ്ടാകുന്ന അവ്യക്തത വിദ്യാഭ്യാസം, ആരോഗ്യപരിപാലനം എന്നീ രംഗങ്ങളിൽ മാത്രമൊതുങ്ങുന്നില്ല; ആത്മീയതയും ബിസിനസ്സും തമ്മിലും ത്യാഗം, വിജയം, റാങ്കിംഗ് എന്നിവയ്ക്കുവേണ്ടിയുള്ള നെട്ടോട്ടത്തിലും, ലാളിത്യവും വളർച്ചയും തമ്മിലും, കരുണയും രാജ്യത്തിന്റെ മഹത്വവും തമ്മിലും, സേവനവും പ്രശസ്തിയും തമ്മിലും, ഡിറ്റാച്ച്മെന്റും വില്പനവരുമാനവും തമ്മിലുമെല്ലാം ഈ അവ്യക്തത തെളിഞ്ഞുകാണാം. ഗവേഷണം, ശാസ്ത്രീയാവലംബങ്ങൾ, പേറ്റന്റുകൾ, നവീകരണങ്ങൾ, സാങ്കേതികവിദ്യ, സ്റ്റാർട്ടപ്പുകൾ എന്നിവയും ഹിന്ദുഭൂരിപക്ഷത്തിന്റെ താല്പര്യസംരക്ഷണവും ദേശീയപ്രതിരോധവും ഉൾക്കൊള്ളുന്നതാണ് അമൃതസമ്പ്രദായം. മാത്രമല്ല, ബിസിനസ്സ് സ്വയം ഉണ്ടാകുന്നതല്ല, അത് ആളുകളുടെ മനസ്സിൽ പൊട്ടിമുളയ്ക്കുകയും കൃത്യമായ നെറ്റ്വർക്കും സ്വാധീനവും അതിനെ വളരാൻ സഹായിക്കുകയും പ്രശസ്തമാക്കുകയും ചെയ്യുന്നു. അതിനാലാണ് ഈ അധ്യായത്തിന് ഇരട്ടപ്രമേയം കൈവന്നത്.

ആത്മീയതയ്ക്കായി ദാഹിക്കുന്ന പാശ്ചാത്യരുടെ അടുത്ത്, A സേവനവും അനുകമ്പയും അടുത്തിടെയായി പരിസ്ഥിതി അവബോധവും അവതരിപ്പിക്കുന്നു.

ഇതെല്ലാം സ്വീകാര്യമായ പ്രേക്ഷകരെ പ്രത്യേകമായി ലക്ഷ്യം വച്ചുള്ള അവരുടെ സന്ദേശത്തിന്റെ ഒരു ചെറിയ ഭാഗം മാത്രമാണ്. സന്ദേശത്തിന്റെ ഭൂരിഭാഗവും അവരുടെ ദേശീയപ്രേക്ഷകർക്കായി നീക്കിവച്ചിരിക്കുന്നു.

എന്നാൽ അവരുടെ സന്ദേശത്തിന്റെ അവ്യക്തത കൊവിഡ് പ്രതിസന്ധിക്കുശേഷം കൂടുതൽ വ്യക്തമാണ്. ഈയൊരു പ്രത്യേക സാഹചര്യത്തിൽ ആഴത്തിലുള്ള മനനം ആവശ്യമാണ്. ആയുർവേദവൈദ്യശാസ്ത്രത്തിലെ സാമ്പ്രദായികവും പുരാതനവുമായ ആന്തരികവിവരങ്ങളുടെ ലഭ്യതയുണ്ടായിട്ടും, അവർക്ക് സ്വന്തമായി ആശുപത്രികൾ, ഡോക്ടർമാർ, നഴ്സുമാർ, ഗവേഷണം എന്നിവയുണ്ടായിരുന്നിട്ടും, 001 ഉം 002 ഉം അതിൽ കാര്യമായി ഒന്നും തന്നെ നൽകുന്നില്ല; അസാധാരണമായ യാതൊരു ഫലങ്ങളുമില്ല ഇതിനെല്ലാമുള്ള അവരുടെ അടിസ്ഥാനപരമായ ഉത്തരം പ്രകൃതി സ്വയം സംരക്ഷിക്കുകയും അപായ സൈറൺ മുഴക്കുകയുമാണെന്ന സ്ഥിരപല്ലവിയും, ഗ്രാമീണമായ അന്ധവിശ്വാസങ്ങളും, നരവംശപരമായ പൂർവ്വചിന്തനവും, "പൊന്നുമക്കൾ ഒന്നുകൊണ്ടും ഭയപ്പെടേണ്ട" എന്ന സാന്ത്വനവുമാണ്. പരിഹാരമായി അവർ നിർദ്ദേശിക്കുന്നത് പ്രാർത്ഥനയും, അനുസരണയും സുരക്ഷാമാനദണ്ഡങ്ങളുടെ പാലനവുമാണ് (നാം സമ്മതിച്ചാലും വിയോജിച്ചാലും). ആശ്രമത്തിലേക്കുള്ള പ്രവേശനവും പുറത്തുകടക്കലും കർശ്ശനമായി നിയന്ത്രിച്ചുകൊണ്ടാണ് ഇത്. വളരെ മോശമാണ്, പക്ഷേ അതിശയിക്കാനൊന്നുമില്ല. കാരണം ഈ സംഘടനയിൽ സ്വതന്ത്രമായി ചിന്തിക്കുന്നവരില്ല തന്നെ.

സാങ്കേതികവും ശാസ്ത്രീയവും കപടശാസ്ത്രപരവുമായ ഈ പുതിയ കാലഘട്ടത്തിൽ, വ്യവസായവും പ്രഭുവർഗ്ഗവും പണം നൽകി, അഴിമതിക്കാരായ ശാസ്ത്രജ്ഞരുടെയും രാഷ്ട്രീയക്കാരുടെയും മാധ്യമങ്ങളുടെയും പിന്തുണയോടെ ഭരണം നടത്തുന്ന ചില ഉന്നതർ, ലോകമെമ്പാടുമുള്ള മനുഷ്യരാശിയുടെ

മേൽ, മനുഷ്യത്വവിരുദ്ധത അടിച്ചേൽപ്പിക്കുമ്പോൾ A എന്ത് വാഗ്ദാനമാണ് നൽകുന്നത്? അവർ കൂടുതൽ ആത്മീയതയും കൂടുതൽ മനുഷ്യത്വവും വാഗ്ദാനം ചെയ്യുന്നു; എന്നാൽ വസ്തുതകൾ മറ്റൊരു കഥ പറയുന്നു. അവർ അവരുടെ പ്രതിച്ഛായ, ആകർഷണം, ഊർജ്ജസ്വലത, അവബോധം എന്നിവ സാങ്കേതികസാമ്രാജ്യം സൃഷ്ടിക്കാനായി വമ്പൻ സ്രാവുകൾക്ക് വിറ്റു. രാഷ്ട്രീയക്കാരും മതമേലധ്യക്ഷന്മാരും എപ്പോഴും കൈകോർത്ത് പ്രവർത്തിക്കുന്നത് എന്തുകൊണ്ടാണെന്ന് നമുക്കു വ്യക്തമായി കാണാൻ കഴിയും. സ്വന്തം പ്രശസ്തിയിലൂടെയും സമാരാധ്യതലൂടെയും അവർക്ക് പ്രതിഫലം ലഭിക്കുന്നു. അതിനാൽ ഇപ്പോഴത്തെ സംഭവവികാസങ്ങൾ വെച്ച് നോക്കിയാൽ, ഈ പറയുന്ന നുണകൾ, കൃത്രിമം, തെറ്റിദ്ധരിപ്പിക്കൽ, അവിശ്വസ്തത, അല്ലെങ്കിൽ ചിലർ പറയുന്നതുപോലെ ചതി, ഇവയ്ക്കെല്ലാം അവൾ സ്വയം ഉത്തരവാദിയായി മാറും. ആത്മീയത തേടുന്നവർ ആ ദിശയിലേക്ക് പോകാൻ അവരെ ആശ്രയിക്കുന്നു, എന്നാലവർ വിപരീതദിശയിലേക്ക് നയിക്കുന്നു. ദൈവികനിയമങ്ങൾ മാനുഷിക നിയമങ്ങളെക്കാൾ ശ്രേഷ്ഠമാണെന്ന് അവകാശപ്പെട്ടതിനുശേഷം ജനങ്ങളോട് ആരോഗ്യകാര്യങ്ങളിൽ ശ്രദ്ധിക്കാൻ പറയുന്നു, അവരുടെ ലക്ഷക്കണക്കിന് വരുന്ന ഭക്തർ അത് ചോദ്യം ചെയ്യാതെ അനുസരിക്കുകയും ചെയ്യുന്നു.

അവരുടെ അവ്യക്ത സ്വഭാവം ശരിവയ്ക്കും പോലെ, സ്വയം ഒരു ബിസിനസ്സ് സാമ്രാജ്യം കെട്ടിപ്പടുക്കുന്നതിനിടയിൽ, അവർ ബിസിനസ്സിന്റെ വ്യാപനത്തെയും ജീവിതത്തിന്റെ എല്ലാ വശങ്ങളിലും ലാഭമുണ്ടാക്കുന്ന മാനസികാവസ്ഥയെയും ചോദ്യം ചെയ്യുന്നു. ശുചിത്വപ്രതിസന്ധിയുമായി ബന്ധപ്പെട്ട് 2020 മെയ് 25-ന്[298] അവർ പറഞ്ഞത് ഇതാണ്: *“നാം ലോകത്തെ മുഴുവൻ ഒരു ബിസിനസ്സ് പോലെയാണ് കാണുന്നത്: ഒരു*

*കുടുംബം പോലെയല്ല. ലോകത്തെ ഒരു സമ്പദ്വ്യവസ്ഥയോ ബിസിനസ്സോ ആയി കാണുമ്പോൾ, പരിധിയില്ലാത്ത വളർച്ചയുടെ സാധ്യതയെ മാത്രമേ നമ്മൾ ശ്രദ്ധിക്കൂ. (...) എടുക്കുന്നതിനെക്കുറിച്ച് മാത്രമേ നമ്മൾ ചിന്തിക്കൂ.(...) എല്ലായിടത്തും സ്നേഹത്തിന്റെയും ഐക്യത്തിന്റെയും പരസ്പരാശ്രിതത്വത്തിന്റെയും മനോഹരമായ ചിത്രങ്ങൾ പ്രകൃതി നമുക്കു കാണിച്ചുതരുന്നു. (..)"* പരസ്പരാശ്രിതത്വം...., ഞാൻ സമ്മതിക്കുന്നു. എന്നാൽ സ്നേഹത്തിനും ഐക്യത്തിനും പ്രകൃതിയുമായി എന്ത് ബന്ധമുണ്ട്? അവ സംസ്കാരവുമായി ബന്ധപ്പെട്ടതല്ലേ? എന്നാൽ ഇവിടെ ചർച്ച ഇതല്ല. ഞാൻ ചോദിക്കാൻ ആഗ്രഹിക്കുന്ന ചോദ്യം, അവർ ശരിക്കും എന്താണ് ചെയ്യുന്നത്? വളരെയധികം മലിനീകരണമുണ്ടാക്കുന്ന, ഊർജ്ജതീവ്രമായ, പുനരുപയോഗം ചെയ്യാൻ പ്രയാസമുള്ള കമ്പ്യൂട്ടർ വ്യവസായത്തെയും, നാനോടോക്സിസിറ്റിയുള്ള ബയോടെക്നോളജി, നാനോടെക്നോളജി എന്നിവയെയും അവർ പിന്തുണയ്ക്കുകയും വികസിപ്പിക്കുകയും ചെയ്യുന്നു. എന്തായാലും നമുക്കിവിടെ സ്വാധീനമുള്ള ചില പ്രധാന വ്യക്തികളെ നോക്കിക്കൊണ്ട് ആരംഭിക്കാം.

## *a. ചില പ്രധാന വ്യക്തികൾ:*

**<u>റോൺ:</u>** സമ്പന്നകുടുംബത്തിലെ നീലുവിനെ കണ്ടുമുട്ടിയത് A യ്ക്ക് രണ്ടുതരത്തിൽ നിർണ്ണായകമായിരുന്നു. ഒന്നാമതായി, നീലു അവരുടെ വീടിന് ധനസഹായം നൽകി. രണ്ടാമതായി, അവരുടെ ഉയർച്ചയിൽ കാര്യമായി പങ്കുവഹിച്ച അദ്ദേഹത്തിന്റെ അകന്ന ബന്ധുവും ധനികനുമായ[299] റോൺ എന്നറിയപ്പെടുന്ന റൊണാൾഡ് ഗോട്ട്സജനെ റിക്രൂട്ട് ചെയ്തു. കാലിഫോർണിയയിലെ പ്രധാന കേന്ദ്രമായ എം എ സെന്റർ സൃഷ്ടിക്കാൻ റോൺ തന്റെ വിപുലമായ സ്വത്ത്

സംഭാവന ചെയ്തു. അത് ഒരു നിയമപരമായ സ്ഥാപനമെന്ന നിലയിൽ അമൃതയുമായി[300] ബന്ധപ്പെട്ട മിക്ക രജിസ്റ്റർ ചെയ്ത ട്രേഡ്മാർക്കുകളുടെയും നിയമപരമായ ഉടമസ്ഥതയുള്ള സ്ഥാപനമായി. AIMS ആശുപത്രിയുടെ നിർമ്മാണത്തിൽ അദ്ദേഹത്തിന്റെ പങ്ക് നിർണ്ണായകമായിരുന്നു (Healthcare Charities Inc.[301]), ആശുപത്രിയിലെ അത്യാധുനികോപകരണങ്ങളിൽ ഭൂരിഭാഗവും ശേഖരിക്കുന്നതിനും കയറ്റുമതി ചെയ്യുന്നതിനുമായി അദ്ദേഹമാണ് മുഖ്യപങ്ക് വഹിച്ചത്. അദ്ദേഹം അതിന്റെ അഡ്മിനിസ്ട്രേറ്ററുമായി. അമൃതയുടെ അന്താരാഷ്ട്രവത്ക്കരണത്തിനും വ്യവസായവത്ക്കരണത്തിനും റോൺ ഗണ്യമായ സംഭാവന നൽകി.

**<u>റോബ്:</u>** അന്താരാഷ്ട്രതലത്തിൽ A യുടെ പ്രതിച്ഛായ വികസിപ്പിക്കുന്നതിന്റെ ചുമതല റോബ് സിഡോണായിരുന്നു. 1974 മുതൽ സാൻഫ്രാൻസിസ്കോ ബേ ഏരിയയിലെ നവയുഗലോകത്ത് അറിയപ്പെടുന്ന "കോമൺ ഗ്രൗണ്ട്"[302] എന്ന മാസികയുടെ പ്രസാധകനും എഡിറ്ററുമായ അദ്ദേഹം, A യുടെ പര്യടനത്തെ വിപുലമായി പ്രമോട്ട് ചെയ്തു. സോഷ്യൽ എന്റർപ്രൈസസിലേക്ക് തന്റെ കൺസൾട്ടിംഗ് സ്ഥാപനം തുറക്കുന്നതിനുമുമ്പ് "മാറ്റം വരുത്തുന്നയാൾ" എന്ന് വിളിക്കപ്പെടുന്ന ഈ വ്യക്തി വാൾട്ട് ഡിസ്നിയിൽ 6 വർഷം ജോലി ചെയ്തിരുന്നുവെന്ന് ബയോഡാറ്റയിൽനിന്നും[303] നമുക്ക് മനസ്സിലാക്കാം. 1998 മുതൽ A യുടെ സംഘടനയുടെ ആശയവിനിമയാസൂത്രണത്തിന്റെ ചുമതല അദ്ദേഹത്തിനാണ്. മഹത്തായ ഒരു മനുഷ്യസ്നേഹിയുടെ പ്രതിച്ഛായ അവർക്ക് കെട്ടിച്ചമച്ചത് ഇദ്ദേഹമാണ്. ഗാന്ധി-കിംഗ് പ്രൈസ് ചർച്ച ചെയ്ത് വാങ്ങാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ കഴിവാണ് (റസുമെ (resume) നോക്കാം). യുഎൻ മില്ലേനിയം ഉച്ചകോടിയിലും 2000-ൽ ന്യൂയോർക്കിൽ[304] നടന്ന യുഎന്നിന്റെ മത-ആത്മീയ നേതാക്കളുടെ മില്ലേനിയം വേൾഡ് പീസ്

ഉച്ചകോടിയിലും അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തിയത് അദ്ദേഹമാണ്. A യ്ക്ക് ചുറ്റും നടന്ന നിരവധി അത്ഭുതസംഭവങ്ങൾക്ക് താൻ സാക്ഷ്യം വഹിച്ചതായി അദ്ദേഹം അവകാശപ്പെടുന്നു[305].

**കാരൺ:** എയിംസിന്റെ സപ്പോർട്ട് ഓർഗനൈസേഷനായ ഹെൽത്ത് കെയർ ചാരിറ്റികളുടെ സിഇഒ ആയി റോണിന് പകരമായി കാരൺ സ്നേഹ മൊവാദിനെ നിയമിച്ചു. ഒരു മാനേജ്മെന്റ് കൺസൾട്ടിംഗ് സ്ഥാപനമായ ഹമ്മിംഗ് ബേർഡ് അസോസിയേറ്റ്സ് സ്ഥാപക. ഓൺലൈനിലും ഇന്ത്യയിലും സ്ത്രീശാക്തീകരണത്തെ പിന്തുണച്ചുകൊണ്ട് സംസാരിക്കുന്ന ഇവരെ, ഐക്യരാഷ്ട്രസഭയുടെ സ്ത്രീകളുടെ സാമ്പത്തികശാക്തീകരണത്തിന്റെ മറ്റ് 72 ആഗോളചാമ്പ്യന്മാരിൽനിന്ന് തെരഞ്ഞെടുത്തതാണ്.

**മാനുവൽ:** ഫ്രാൻസിൽ, 2005-ൽ കാൻ ചലച്ചിത്രമേളയിൽ മത്സരിക്കാതെ[306] അവതരിപ്പിച്ച "ദർശൻ" എന്ന സിനിമ നിർമ്മിച്ച് അവരെ പ്രൊമോട്ട് ചെയ്യാൻ സഹായിച്ചത് മാനുവൽ കൊളാസ് ഡി ലെ റോഷാണ് (Manuel Collas De La Roche). അമൃതയൂണിവേഴ്സിറ്റിയുടെ പത്രക്കുറിപ്പ്[307] പ്രകാരം ഫ്രഞ്ച്, അമേരിക്കൻ ചലച്ചിത്രതാരങ്ങളും പങ്കെടുത്തു[308]. പുതിയ വിദ്യാഭ്യാസ മാതൃക എന്ന് വിളിക്കപ്പെടുന്ന അമൃത സർവകലാശാലയും ഹോളിവുഡും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് നമുക്കത്ഭുതം തോന്നാം. ഒരു വശത്ത്, സർവ്വകലാശാലകൾ ലോകത്തിന്റെ സ്വാധീനത്തെയും മോശമായി കണക്കാക്കപ്പെടുന്ന സെലിബ്രിറ്റികളുടെ ഉപരിപ്ലവങ്ങളെയും സമതുലിതമാക്കാൻ ലക്ഷ്യമിട്ടുള്ള മൂല്യങ്ങളും സംസ്കാരവും കൈമാറാൻ ശ്രമിക്കുന്നു: മറുവശത്ത് A യുടെ സെലിബ്രിറ്റി സ്റ്റാറ്റസും പ്രശസ്തിയും വർദ്ധിപ്പിക്കാൻവേണ്ടി അവർക്ക് ആവശ്യമുള്ളപ്പോൾ സെലിബ്രിറ്റികളുടെ തിളക്കത്തെക്കുറിച്ച് അവർ സംസാരിക്കുന്നു.

മറ്റുള്ളവരെ അപേക്ഷിച്, ഇവരുടെ വളർച്ചയും സ്വാധീനവും കാണുമ്പോൾ, A യുടെ ലോകമെമ്പാടുമുള്ള വിജയം, ആഗോളവൽക്കരണ പ്രൊഫഷണലുകളുടെ സഹകരണത്തിന്റെ ഫലമാണെന്ന് നമുക്ക് മനസ്സിലാക്കാം. ഉല്പന്നങ്ങളോ സേവനങ്ങളോ വിൽക്കുന്നതിനുപകരം, അവർ ഒരു വ്യക്തിത്വവും ആത്മീയസന്ദേശവും വിൽക്കുകയാണ് എന്നതൊഴിച്ചാൽ, ഇത് അന്താരാഷ്ട്ര ബിസിനസ്സിന്റെ രീതികളാണ്. പരമ്പരാഗത സമ്പദ്‌വ്യവസ്ഥയിലെന്നപോലെ, വളർച്ച ശാശ്വതമായിരിക്കണം. ഇന്ത്യക്കാർ ഇത് ഇഷ്ടപ്പെടുന്നു: വ്യക്തിപ്രഭാവത്തിലും പ്രശസ്തിയിലും അവർ ആകൃഷ്ടരാകുന്നു.

## *b. സാങ്കേതികവിദ്യയും വ്യവസായവും*

### നാനോ ടെക്നോ (Nanotechno)

A പറയുന്നതനുസരിച്ച്, നാം ഭൂമി മാതാവിനെ ബഹുമാനിക്കുകയും അതിനെ പറുദീസയാക്കി[309] മാറ്റുകയും വേണം, അതേസമയം അവർ പുതിയ സാങ്കേതികവിദ്യകളെ, പ്രത്യേകിച്ച് നാനോടെക്നോളജികളെ[310] പിന്തുണയ്ക്കുന്നു. വീണ്ടും അവ്യക്തമായ ഒരു സന്ദേശം. കാരണം നാനോവിഷാംശത്തിന്റെ[311] പ്രശ്നത്തെക്കുറിച്ച് പരിസ്ഥിതി മാധ്യമങ്ങൾക്ക് നല്ല രീതിയിൽ അറിവുണ്ട്. 2006-ൽ ഇത് സൃഷ്ടിക്കപ്പെട്ടതിനുശേഷം, അമൃത നാനോ സയൻസ് ഇൻസ്റ്റിറ്റ്യൂട്ട് 400 രേഖകൾ പ്രസിദ്ധീകരിക്കുകയും 30 പേറ്റന്റുകൾ[312] രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പതിവുപോലെ A നേർവിപരീതമായ കാര്യങ്ങൾ പറയുന്നു: പാശ്ചാത്യരാജ്യങ്ങളിൽ ഇത് പരിസ്ഥിതി, വിനയം, സ്നേഹം എന്നിവയെക്കുറിച്ചും; ഇന്ത്യയിൽ അത് സാങ്കേതികവിദ്യ, ശാസ്ത്രം, വ്യവസായം, ശക്തി,

മത്സരശേഷി, വികസനത്തിനായുള്ള ഓട്ടം, രാഷ്ട്രസേവനം എന്നിവയെക്കുറിച്ചുമാണ്. പാശ്ചാത്യരാജ്യങ്ങളിൽ അവൾ പാവപ്പെട്ടവരെ ആശ്വസിപ്പിക്കാൻ സംഭാവനകൾ വാങ്ങുന്നു; ഇന്ത്യയിൽ ഗവൺമെന്റ്, യുഎൻ, യൂറോപ്യൻ യൂണിയൻ, എച്ച്പി, മൈക്രോസോഫ്റ്റ്, ഇന്റെൽ, സിസ്കോ, ഒറാക്കിൾ, ഐബിഎം, സനോഫി-അവന്റിസ്, ഫുജിറ്റ്സു എന്നിവയും മറ്റ് വൻകിട വ്യവസായഗ്രൂപ്പുകളും[313] അവരെ സ്പോൺസർ ചെയ്യുകയും പിന്തുണയ്ക്കുകയും ചെയ്യുന്നു.

## അമൃത ടെക്

അവരുടെ സാങ്കേതികസാമ്രാജ്യമായ[314] അമൃതടെക്കിന്റെ കാര്യവും ഇതുപോലെതന്നെ. വൻകിട വ്യവസായികളുമായി ചേർന്ന് സ്ഥാപിതമായ ഇത്, ടെലിമെഡിസിൻ സംവിധാനം ഉൾപ്പെടെ 14 ഹോസ്പിറ്റലുകൾക്കായി (A-HIS)[315] ഒരു പുതിയ തലമുറ ഐടി ഉല്പന്നങ്ങൾ രൂപകല്പന ചെയ്യുകയും നിർമ്മിക്കുകയും ചെയ്തു. 2015-ൽ, അമൃത സർവകലാശാല റോബോട്ടിക്സിൽ ലോക രണ്ടാം നമ്പറായ എബിബിയുമായി(ABB)[316] ഒരു പങ്കാളിത്തം സ്ഥാപിച്ചു. സർവകലാശാല പറയുന്നത്: *"ഇന്ന്, റോബോട്ടിക്സ് ആപ്ലിക്കേഷന്റെ 90%-വും വ്യാവസായികമാണ്. അടുത്ത 5 വർഷത്തിനുള്ളിൽ ഇന്ത്യ ഏറ്റവും വലിയ രണ്ടാമത്തെ ഉല്പാദനരാജ്യമാകുമെന്ന് പ്രതീക്ഷിക്കുന്ന പ്രവചനങ്ങൾക്കൊപ്പം, ആഗോളതലത്തിൽ മത്സരാധിഷ്ഠിതമായി ഇന്ത്യൻ വ്യവസായം അത്യാധുനിക ഓട്ടോമേഷൻ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നു. വ്യവസായാവശ്യങ്ങൾ നിറവേറ്റുന്നതിനായി നിർമ്മാണത്തിലും വ്യാവസായിക ആപ്ലിക്കേഷനുകളിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു പാഠ്യപദ്ധതി ഉപയോഗിച്ച് റോബോട്ടിക് എഞ്ചിനീയറിംഗിൽ ഉൾപ്പെട്ടിരിക്കുന്ന*

*ബഹുമുഖകഴിവുകളുള്ള വിദ്യാർത്ഥികളെ പരിശീലിപ്പിക്കേണ്ടത് അടിയന്തിരാവശ്യമാണ്.''* ലേഖനമനുസരിച്ച്, ഈ വ്യാവസായിക ലക്ഷ്യത്തെക്കുറിച്ച് പരാമർശിക്കുന്നതിനുമുമ്പ്, അമൃതയ്ക്ക് സ്വതസിദ്ധമായ അവ്യക്തതയിൽ, പ്രസംഗം ആരംഭിച്ചത് മാനുഷികതയെക്കുറിച്ചു പറഞ്ഞുകൊണ്ടാണ്. വാസ്തവത്തിൽ ഒന്ന് നിരീക്ഷിച്ചാൽ, ഏതൊരു വലിയ മുതലാളിത്തസംരംഭത്തെയുംപോലെ അതേ കാപട്യമാണ് സംഘടനയും കാണിക്കുന്നത്: മാനുഷികോദ്ദേശമാണ് പ്രദർശിപ്പിക്കുന്നതെങ്കിലും അവസാനം അത് അധികാരത്തെയും പണത്തെയും കുറിച്ചുള്ളതാകുന്നു.

## അമൃത TBI

അമൃത ടിബിഐ[317] (ടെക്നോളജി ബിസിനസ് ഇൻകുബേറ്റർ) എന്നത് ഗവൺമെന്റും അമൃത യൂണിവേഴ്സിറ്റിയും പിന്തുണയ്ക്കുന്ന ഒരു ബിസിനസ് ഇൻകുബേറ്ററാണ്. അത് ഇന്ത്യയിലുടനീളമുള്ള സ്റ്റാർട്ടപ്പുകൾക്കും സംരംഭകർക്കും പ്രാരംഭഘട്ടത്തിലായാലും അവരുടെ തുടർന്നുള്ള വികസനത്തിനായാലും ധനസഹായം നൽകുകയും പിന്തുണയ്ക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നു. എക്കണോമിക്സ് ടൈംസ് ദിനപ്പത്രം പ്രകാരം ഇന്ത്യയിലെ ഏറ്റവും സമൃദ്ധമായ അഞ്ച് ഇൻകുബേറ്ററുകളിൽ[318] ഒന്നായിരിക്കും ഇത്. 2017-ൽ ഇവർക്ക് ഇന്ത്യയിലെ ഏറ്റവും മികച്ച ഇൻകുബേറ്ററിനുള്ള അവാർഡ് ലഭിച്ചു. 167 സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കുകയും 400 സ്റ്റാർട്ടപ്പ് ആശയങ്ങൾ പരാമർശിക്കുകയും ചെയ്തു.

## ആരാണ് ഉപദേഷ്ടാക്കൾ?

ഐടി, നെറ്റ്വർക്കുകൾ, ക്ലൗഡ്, ഇൻഡസ്ട്രിയൽ ഡിസൈൻ, ഇന്റെൽ മാർക്കറ്റിംഗ്, ബിസിനസ് ഡെവലപ്പർമാർ, ബിസിനസ് മാനേജ്മെന്റ്, സിസ്റ്റം

സ്പെഷ്യലിസ്റ്റ്, വെഞ്ചർ ക്യാപിറ്റൽ, പ്രൈവറ്റ് ഇക്വിറ്റി എന്നിവയിൽ നിന്നുള്ള ബിസിനസ്സ് മാനേജർമാർ, സ്ട്രാറ്റജിസ്റ്റുകൾ, ആപ്പിൾ, ഫേസ്ബുക്ക് തുടങ്ങിയ ഉല്പന്നങ്ങളുടെ മാനേജർമാർ, മീഡിയ കമ്പനികളുടെ ഡയറക്ടർമാർ, അഡ്വാൻസ്ഡ് മെഡിസിൻ, ഇ-കൊമേഴ്സ്, വാണിജ്യാഭിഭാഷകർ, വിതരണശൃംഖലയിലെ വിദഗ്ദർ, കമ്പ്യൂട്ടർ സുരക്ഷയിൽ ബ്ലോക്ക്ചെയിൻ, സോഫ്റ്റ്‌വെയർ, ടെലികോം, ഇൻവെസ്റ്റ്മെന്റ് നെറ്റ്‌വർക്കുകൾ, വിശ്വസ്തർ, മധ്യസ്ഥർ, കൂടാതെ തീർച്ചയായും അമൃത ബിസിനസ് സ്കൂളിന്റെ പ്രസിഡന്റും സർവകലാശാലയുടെ വൈസ് പ്രസിഡന്റും ഒക്കെയടങ്ങിയ വലിയ പാനലാണ് ഉപദേഷ്ടാക്കൾ.

ഭാഗ്യവശാൽ, ഒരു ഇൻകുബേറ്ററിന് കഴിവുള്ള ഉപദേശകരുണ്ടെന്ന്[319] നിങ്ങൾക്ക് പറയാം. എന്നാൽ പ്രശ്നം അതല്ല, സംഘടനയുടെ ഇരട്ടനയമാണ്.

അങ്ങനെ ഇനിയും ഒരുപാട് അറിയാനുണ്ട്..

- **വി ലാബ് (V Lab )**: സർവ്വകലാശാല വിർച്വൽ ലാബുകൾ.
- **റിസർച്ച് സെന്ററുകൾ (Research Centers)**: ബയോടെക്നോളജി, സൈബർ സുരക്ഷ, എൻജിനീയറിങ്, ഹരിത-സാങ്കേതികവിദ്യകൾ, ഹ്യുമാനിറ്റേറിയൻ-റോബോട്ടിക്സ്, പഠന-സാങ്കേതികവിദ്യകൾ, മാനേജ്മെന്റ്, വൈദ്യശാസ്ത്രം, നാനോസയൻസ്, സാമൂഹികശാസ്ത്രം, സ്ത്രീശാക്തീകരണം, വയർലെസ്...
- **അമൃത അക്കാദമി (Amrita Academia)**: മുന്നൂറിൽ കൂടുതൽ ഡിപ്പാർട്ട്മെന്റുകളുള്ള കോളേജുകൾ.
- **അമൃത ക്രിയേറ്റ് (Amrita CREATE)**: സെന്റർ ഫോർ റിസർച്ച് ഇൻ അഡ്വാൻസ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ.

- **സൈബർ അമൃത (Cyber Amrita)**: McAfee ക്കുവേണ്ടിയുള്ള മത്സരം.
- **അമൃതപഠനകേന്ദ്രം (Amrita Learning):** 65000 ഉപയോക്താക്കളുള്ള കമ്പ്യൂട്ടർ, സ്മാർട്ട്ഫോൺ സഹായത്തോടെയുള്ള പഠനം.
- **A-View**: അവരുടെ സ്വന്തം സ്കൈപ്പ് അല്ലെങ്കിൽ സൂമിന്റെ പതിപ്പ്.
- **അമൃത ഓ ലാബുകൾ (Amrita OLabs)**: ഇലക്ട്രോണിക്സ്, ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം ധനസഹായം നൽകുന്ന ഓൺലൈൻ ലാബുകൾ.
- **അമൃത റോബോട്ടിക്സ് (Amrita Robotics):** 11 മുതൽ 17 വയസ്സുവരെയുള്ള കുട്ടികൾക്ക് റോബോട്ടിക്സ് പരിചയപ്പെടുത്തുക, ചലിക്കുന്ന റോബോട്ട് നിർമ്മിക്കുന്നതിനുള്ള ഇലക്ട്രോണിക്സിന്റെ അടിസ്ഥാനകാര്യങ്ങൾ പഠിപ്പിക്കുക.
- **AIBS**: അമൃത ഇന്റർനെറ്റ് ഓഫ് തിങ് ആൻഡ് ബിഗ് ഡാറ്റ സൊല്യൂഷൻസ്.
- **AD2**: അമൃത ഡൈനാമിക് ഡാഷ്ബോർഡ്.
- **ABDF:** അമൃത ബിഗ് ഡാറ്റാ ഫ്രെയിം വർക്ക്**.**
- **അമൃതഹൈഡ് (Amritahyd):** ലിനക്സ്, റെഡ് ഹാറ്റ്, ക്ലൗഡ്, പൈത്തൺ, DevOps എന്നിവ പഠിപ്പിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് (Linux, Red Hat, Cloud, Python, DevOps)
- **അമൃത CBT (Amrita CBT)**: ഓൺലൈനായി സൗജന്യ ജാവ പ്രോഗ്രാമിംഗ്..
- **അമൃത HIS (Amrita HIS):** എയിംസ് ഉപയോഗിക്കുന്ന ഒരു വെബ് അധിഷ്ഠിത സംയോജിത ആരോഗ്യ സംരക്ഷണ സാങ്കേതിക സൊല്യൂഷൻ.
- **അമൃത ഹെൽത്ത് (Amrita Health):** മറ്റുള്ളവർക്ക് സമർപ്പിക്കപ്പെട്ട അതേസേവനം തന്നെ.
- **അമൃത കൺസൾട്ടൻസി (Amrita Consultancy):** മുകളിൽ സൂചിപ്പിച്ചതുപൊലെ തന്നെ.
- **അമൃത PHR (Amrita PHR):** സ്മാർട്ട്ഫോണുകളിലോ ടാബ്ലെറ്റുകളിലോ

ലഭ്യമായ രോഗിയുടെ മെഡിക്കൽ വിവരങ്ങൾക്കായുള്ള വ്യക്തിഗത ആരോഗ്യ രേഖ.

- **ACE:** അമൃത സെന്റർ ഫോർ എന്റർപ്രണർഷിപ്പ് (Amrita Center for Entrepreneurship)
- **TAE:** ദി അമൃത എന്റർപ്രണേഴ്സ് ഗ്രൂപ്പ് (The Amrita Entrepreneurs Group).
- **YES അമൃത (YES Amrita):** ഫേസ്ബുക്കിലും ഇൻസ്റ്റഗ്രാമിലും സാന്നിധ്യമുള്ള യുവസംരഭകരുടെ സൊസൈറ്റി.

ഇവയിൽ ഭൂരിഭാഗവും സ്വതന്ത്രവരുമാനം ഉണ്ടാകേണ്ട സംരംഭങ്ങളാണ്. എന്നിട്ടും, ചിലരുടെ ഓഫീസുകൾ അമൃത സർവകലാശാല ക്യാമ്പസുകളിലോ അമൃതപുരിയിലോ ഉണ്ട്. ചിലർ A യുടെ ജന്മദിനംപോലും പരസ്യപ്പെടുത്തുന്നു. ആത്മീയത തേടിപ്പോയ നിങ്ങൾ ഈ കുരുക്കിൽ അകപ്പെട്ടുവെങ്കിൽ നിങ്ങൾ തെറ്റായ സ്ഥലത്താണ് എത്തിപ്പെട്ടത്. കൂടുതൽ വിശദാംശങ്ങൾക്ക് ബ്ലോഗ് നോക്കുക.[320]

2014 ൽ വത്തിക്കാനിൽ[321] പോപ്പ് ഫ്രാൻസിസും A യും കണ്ടുമുട്ടിയതിനെക്കുറിച്ച് സംഘടന വലിയ പ്രചാരണം കൊടുത്തു. എന്തായിരുന്നു സന്ദർഭം? 2020 കഴിയുമ്പോഴേക്കും ആധുനികാടിമത്തവും മനുഷ്യക്കടത്തും ഇല്ലാതാക്കാനുള്ള ചരിത്രപരമായ സംരംഭം. ഒരു ഫോട്ടോ എടുക്കാനും മാർപാപ്പപോലും അമ്മയെ കണ്ടു എന്ന് എല്ലായ്പ്പോഴും പരാമർശിക്കാനുമുള്ള ഒരു അവസരമായിരുന്നു അവർക്കത്. നിരവധി ലോകമതനേതാക്കൾ പ്രതിനിധീകരിച്ച പരിപാടി ആയിരുന്നു. A ഹിന്ദുമതത്തെ പ്രതിനിധീകരിച്ചു; എന്തായിരുന്നു ഫലം? സംഘടന ഈ വിഷയത്തിൽ കുറച്ച് ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു[322], അമൃത സർവകലാശാലയിലെ സോഷ്യൽ വർക്ക് വിഭാഗം 2015-ൽ[323] മനുഷ്യക്കടത്ത് വിരുദ്ധ പരിശീലനപരിപാടി സംഘടിപ്പിച്ചു, അമൃത CREATE “ട്രാഫിക്കിങ് അവെയർ

(TraffickingAware)[324]" എന്ന പേരിൽ ഒരു ആപ്ലിക്കേഷൻ വികസിപ്പിച്ചെടുത്തു. അതിനിടെ ലോകത്ത് ഏറ്റവുമധികം അതായത്, ഏകദേശം 80 ലക്ഷം അടിമകളുള്ള ഇന്ത്യയിൽ, ആപ്പ് 50 തവണ ഡൗൺലോഡ് ചെയ്തു, 50... അവരുടെ വിദ്യാർത്ഥികളും ഭക്തരും ആയിരിക്കാം. എന്നാൽ ലോകത്തെ ഏറ്റവുമധികം അടിമകളുള്ള ഇന്ത്യയിൽ, അതായത് ഏകദേശം 80 ലക്ഷം[325], ഇത് അടിമകളുടെ ലോകജനസംഖ്യയുടെ അഞ്ചിലൊന്ന് വരും; 38 ലക്ഷമുള്ള[326] ചൈനയെക്കാൾ വളരെ മുന്നിലാണ്. ഹിന്ദുമതത്തിന്റെ പേരിൽ അവർ ചെയ്ത പ്രതിജ്ഞയ്ക്ക് എന്തുപറ്റി?

വ്യക്തമായും സംഘടനയ്ക്ക് മറ്റ് മുൻഗണനകളുണ്ട്. ഒരു വലിയ പിആർ സ്റ്റണ്ടായി പോപ്പിനൊപ്പം അവർ നിൽക്കുന്നത് പരസ്യം ചെയ്യുക. ലോകമെമ്പാടും ഏറ്റവും കൂടുതൽ അടിമകളുള്ള ഒരു രാജ്യത്തിന്റെ മതത്തെ പ്രതിനിധീകരിക്കുക, ആരും ഉപയോഗപ്രദമെന്ന് കരുതാത്ത ഒരു ആപ്പ് വികസിപ്പിക്കുക, ഇതൊക്കെയാണ്. അതേസമയം, ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം, സാങ്കേതികസാമ്രാജ്യങ്ങൾ ഒക്കെ വളരുന്നത് ഒരിക്കലും അവസാനിക്കില്ല. ഇവ വരുമാനം കൊണ്ടുവരുന്നു. മാർപ്പാപ്പയുടെ അരികിൽ നിൽക്കുന്ന ചിത്രം സഹിതം, മാനുഷികനേതാവെന്ന വാക്ക് പരസ്യം ചെയ്തതിനും ഇതിൽ ചെറിയ പങ്കുണ്ട് (സർവ്വകലാശാലകളിൽ പരസ്യം ചെയ്യുന്ന 100 പേജുള്ള ലഘുലേഖകളിൽ, മറ്റുള്ള ചിത്രങ്ങൾക്കൊപ്പം ഇതും നമുക്ക് കാണാനാകും).

*"പ്രിയപ്പെട്ട കുട്ടികളേ വിഷമിക്കേണ്ട"* എന്ന് പറയുകയും മുഖ്യധാരയിലേക്ക് തന്റേതായ രീതിയിൽ മുന്നോട്ടുവരികയും ചെയ്യുന്നതിനൊപ്പം സമീപകാല ആധുനികദുരിതങ്ങൾ ലഘൂകരിക്കാൻ അവർ എന്താണ് ചെയ്യുന്നത്? അവരുടെ സാങ്കേതികസാമ്രാജ്യം വൈദ്യസഹായം വിതരണം ചെയ്യുന്നതിനായി ഒരു ഡ്രോൺ സംവിധാനം വികസിപ്പിച്ചെടുത്തു. കോവിഡ്-19 രോഗികൾക്ക് കുറഞ്ഞ ചെലവിൽ വെന്റിലേറ്റർ- അത്തരം

രോഗികളെ ചികിത്സിക്കാനുള്ള വഴി ഇതല്ലെന്ന് ലോകം പിന്നീട് കണ്ടെത്തി- ആരോഗ്യപ്രവർത്തകർക്ക് മാസ്കും ഫെയ്സ് ഷീൽഡും, സാമൂഹികാകലം പാലിക്കാൻ ആപ്ലിക്കേഷൻ, ഒരു റിമോട്ട് ബെഡ്സൈഡ് മോണിറ്റർ എന്നിവയും നൽകി. ദൈവത്തിന്റെ സൃഷ്ടികളോടുള്ള സേവനത്തിന്റെ യോഗയിൽ ഇത് യഥാർത്ഥത്തിൽ സ്നേഹം, പരിചരണം എന്നിവ പ്രതിഫലിപ്പിക്കുന്നില്ല. ഇതൊരു നല്ല പ്രവൃത്തിയായി തോന്നുമെങ്കിലും ശരിക്കും ഇത് അവസരവാദവും ബിസിനസ്സുമാണ്. അവരുടെ ഉപദേശങ്ങൾക്ക് എന്തുപറ്റി? ആരെങ്കിലും അവരെ മാതൃകയായി എടുത്തോ?

വിദ്യാഭ്യാസമില്ലാത്ത ആളും ജീവിതത്തിൽ ഒരിക്കലും ഏറ്റവും അടിസ്ഥാന പ്രവർത്തനങ്ങൾക്കുപോലും ഒരു കമ്പ്യൂട്ടർ ഉപയോഗിച്ചിട്ടില്ലാത്തതുമായ ഒരാൾ ഈ സാമ്രാജ്യത്തിന്റെ തലപ്പത്തിരിക്കുമ്പോൾ, ഈ സാമ്രാജ്യത്തെ നിയന്ത്രിക്കുന്നത് ആരാണ് എന്ന ചോദ്യമാണ് ഉയർന്നുവരുന്നത്. അതൊരു വലിയ ചോദ്യമാണ്..!! അവർക്ക് പ്രായമേറുകയും അവരുടെ ആരോഗ്യം മോശമാവുകയും ചെയ്യുന്നുണ്ട്. അവരുടെ വിയോഗത്തിനുശേഷം ഈ സാമ്രാജ്യത്തിന് എന്തു സംഭവിക്കും? മറ്റൊരു വലിയ ചോദ്യം..!! എല്ലാ മുതിർന്ന ശിഷ്യന്മാരും അവരുടെ പ്രായത്തിലുള്ളവരാണെന്ന വസ്തുതയും കണക്കിലെടുക്കുന്നു. അവരുടെ സംഘടനയുടെയും പ്രവർത്തനങ്ങളുടെയും ആത്മീയവശം എന്താണ്? യഥാർത്ഥപ്രസ്ഥാനത്തിൽ നിഴൽ വീഴ്ത്തുകയും കീഴടക്കുകയും ചെയ്ത പ്രവർത്തനങ്ങളുടെ ഒരു ആത്മീയപ്രദർശനമായി മാത്രമേ അതിനിപ്പോൾ പ്രവർത്തിക്കാൻ കഴിയൂ എന്നാണോ? ഓർഗനൈസേഷന്റെ ആത്മീയമായ പ്രത്യേകതകൾ, A യും അവരുടെ ഓർഗനൈസേഷനും നേരിട്ട് പിന്തുണയ്ക്കുന്ന ബിസിനസ്സ് സാമ്രാജ്യത്തിന്റെ അധികമൂല്യമായി വർത്തിക്കുന്നു. അതുകൊണ്ട് അവരുടെ പ്രധാന താല്പര്യമെന്താണെന്ന് അധികം ശ്രദ്ധിക്കാതെ പോകുന്നു.

### *c. മനുഷ്യക്കച്ചവടത്തിന്റെയും അടിമത്തത്തിന്റെയും ഉന്മൂലനം എന്ന സന്ദേശം ലോകത്തിന് നൽകുക*

അമ്മയുടെ അന്തർദേശീയവേദി, മാർപ്പാപ്പയുടെ സന്ദർശനം, 5 വർഷത്തിനുള്ളിൽ മനുഷ്യക്കടത്തും അടിമത്തവും തുടച്ചുനീക്കുമെന്ന അവരുടെ പ്രതിജ്ഞ എന്നീ വിഷയങ്ങൾ നമ്മൾ സംസാരിക്കുന്ന സ്ഥിതിക്ക്, വത്തിക്കാനിൽ അവർ നടത്തിയ പ്രസംഗത്തിന്റെ 300 വാക്കുകളുടെ സംക്ഷിപ്തരൂപം ഇവിടെ കൊടുക്കുന്നു. ശരിക്കുള്ള പ്രസംഗം 2600[327] വാക്കുകൾ ദൈർഘ്യമുള്ളതാണ്, പക്ഷേ അത്യാവശ്യമായ ഒന്നും ഞാൻ ഉപേക്ഷിച്ചതായി എനിക്കു തോന്നുന്നില്ല.

> "ദൈവത്തിന്റെ നിയമം ധർമ്മമാണ്. (...) മനുഷ്യക്കച്ചവടം അധർമ്മമാണ്; പക്ഷേ സങ്കീർണ്ണമാണ്. (..) മൗനം പാലിക്കുന്നതും അധർമ്മമാണ്. (...) പരിഹാരം ബഹുമുഖമായിരിക്കണം. ധർമ്മം, ദാരിദ്ര്യം, നിയമപരമായ വശങ്ങൾ മുതലായവയെ നാം അഭിസംബോധന ചെയ്യണം. സാമൂഹികസേവനത്തിനും ബോധവൽക്കരണ ക്യാമ്പെയ്നുകൾക്കും ഈ പ്രക്രിയയിൽ വലിയ പങ്കുണ്ട്. എല്ലാ വശങ്ങളും പരിഗണിക്കുമ്പോൾ, ഒരു സഹകരണസമീപനത്തിലൂടെ മാത്രമേ നമുക്ക് സാഹചര്യം മെച്ചപ്പെടുത്താൻ കഴിയൂ. (...) അമ്മയുടെ ഭക്തർ തൊഴിലധിഷ്ഠിത പരിശീലനം നൽകാൻ ഗ്രാമങ്ങളിലേക്ക് പോകുമ്പോൾ സ്ത്രീകൾക്ക് ലൈംഗികവിദ്യാഭ്യാസവും ജീവിതം സമ്പന്നമാക്കാനുതകുന്ന വിദ്യാഭ്യാസവും നൽകുന്നു. തൽഫലമായി, പല യുവതികൾക്കും വേശ്യാവൃത്തിക്കായി വിൽക്കാൻ ശ്രമിക്കുന്ന

ആളുകളിൽനിന്ന് സ്വയം രക്ഷ നേടാൻ കഴിഞ്ഞു, ചിലപ്പോൾ സ്വന്തം മാതാപിതാക്കളിൽനിന്നുപോലും. വേശ്യാവൃത്തിക്ക് നിർബന്ധിതരായ 80% സ്ത്രീകളെയും സഹായിക്കാൻ അമ്മയ്ക്ക് കഴിഞ്ഞു. (...) ഇരകൾക്ക് അവബോധം വളർത്തുന്ന ഒരു വിദ്യാഭ്യാസം നൽകേണ്ടതുണ്ട്(...) ജീവിക്കാനുള്ള വിദ്യാഭ്യാസവും അതിനുതകുന്ന വിദ്യാഭ്യാസവും (...) ഹൃദയത്തിന്റെ സംസ്കാരം പകർന്നുകൊടുക്കാൻ. ജീവിതത്തിലെ എല്ലാറ്റിനും, പ്രത്യേകിച്ച് കാമത്തിനും നാം സംയമനം പാലിക്കേണ്ടതുണ്ട്. (...) അമ്മയുടെ അമ്മ (അവരുടെ ഏക ഗുരു) പറയും, "ഒരിക്കലും നദിയിൽ മൂത്രമൊഴിക്കരുത്, നദി ദൈവമാണ്." അതുകൊണ്ട് ബഹുമാനിക്കൂ, (...) ദൈവത്തിലുള്ള ഭക്തിയും വിശ്വാസവും സമൂഹത്തിൽ ധർമ്മം നിലനിർത്താൻ സഹായിക്കുന്നു. (...) ആത്മീയമൂല്യങ്ങൾ (ജീവിതത്തിന്റെ) നിയമങ്ങളെ ബഹുമാനിക്കാൻ നമ്മെ സഹായിക്കുന്നു. (...) ബാലവേലയും മനുഷ്യക്കടത്തും തടയാൻ ശക്തമായി മുന്നോട്ടുപോകുന്നതിനുമുമ്പ് നമുക്കാദ്യം വേണ്ടത് (നിർധനരായ) കുടുംബങ്ങളെ സ്വയം പര്യാപ്തമാക്കുകയാണ് (..) ആത്മീയത ആരംഭിക്കുന്നതും അവസാനിക്കുന്നതും കാരുണ്യത്തിലാണ്. (..) നാം ആദ്യം ദാരിദ്ര്യത്തെ നേരിടേണ്ടതുണ്ട്, കാരണം സ്നേഹവും അനുകമ്പയും തോന്നുമ്പോൾ മാത്രമേ നാം ഭൗതികദാരിദ്ര്യത്തിൽ മുങ്ങിക്കുളിച്ചവരെ സേവിക്കാൻ ചായ്‌വുള്ളവരാകൂ. (...) മനുഷ്യക്കടത്തിന് ഇരയായവരെ നിസ്വാർത്ഥസ്നേഹത്തോടെ പരിചരിക്കുന്നത് അവരുടെ മുറിവുകൾ ഉണക്കും. (..) മറ്റുള്ളവരുടെ വേദന നമ്മുടെ വേദനയായി നമുക്കു കാണാം(...)".

മൊത്തത്തിലുള്ള സംരംഭകപ്രവർത്തനങ്ങളുടെ ഒരു അംശം മാത്രം പ്രതിനിധീകരിക്കുന്ന അവരുടെ സ്വന്തം

ഗ്രാമവികസനപ്രവർത്തനത്തിന് പുറമെ, ഇന്ത്യയിലെ അടിമത്തം ഉന്മൂലനം ചെയ്യുന്നതിനുള്ള പോരാട്ടത്തിൽ മൂർത്തവും സമൂലവുമായ പ്രവർത്തനത്തിനുള്ള ശക്തമായ അഭിവൃദ്ധിയെ ഈ സന്ദേശം യഥാർത്ഥത്തിൽ നൽകുന്നില്ല. അതിനാൽ, ചോദ്യം ഇതാണ്: റോം സന്ദർശനത്തിന്റെയും അന്താരാഷ്ട്രമീറ്റിംഗിൽ പങ്കെടുത്തതിന്റെയും യഥാർത്ഥ ഉദ്ദേശ്യം എന്തായിരുന്നു? ഇതിന്റെ ഉത്തരം നിങ്ങളുടെ പക്കലുണ്ട്, ഞാൻ വീണ്ടും പറയേണ്ടതില്ല.

## *d. അജ്ഞതയും വ്യാജമായ എളിമയും*

തനിക്ക് ബിസിനസ്സിനെക്കുറിച്ച്[328] ഒന്നും അറിയില്ലെന്നും ആചാരങ്ങളിലും പാരമ്പര്യത്തിലും[329] തനിക്ക് ആധികാരികതയില്ലെന്നും A തുറന്നുസമ്മതിക്കുന്നു.

2003-ൽ അവരുടെ 50-ാം പിറന്നാൾ ആഘോഷത്തിനായിരുന്നു ആദ്യസംഭവം. ഇന്ത്യൻ യൂണിയൻ പ്രസിഡന്റ് ശ്രീ അബ്ദുൾ കലാം ആവേശഭരിതമായ പ്രസംഗം നടത്തി: *"എനിക്ക് ബിസിനസ്സിനെക്കുറിച്ച് ഒന്നും അറിയില്ല. അതിനെക്കുറിച്ച് നിങ്ങളോട് പറയുന്നത് ഒരു അണ്ണാൻ എങ്ങനെ മരം കയറാമെന്ന് പഠിപ്പിക്കുന്നതിന് തുല്യമായിരിക്കും"* എന്ന് ഏറ്റുപറഞ്ഞ് A അത് അവതരിപ്പിച്ചു. വിദഗ്ദ്ധസമിതിക്കുമുന്നിൽ അവരുടെ എളിമയെ തന്ത്രപരമായി കാണിക്കുന്നത് ഗുണം ചെയ്യും. വാസ്തവത്തിൽ, അവർ ഒരു ബിസിനസ്സ് സ്കൂളിൽനിന്ന് ബിരുദം നേടിയിട്ടില്ലെങ്കിലും, അവർക്ക് ശക്തമായ ക്ഷമയുള്ള അവബോധമുണ്ട്, അവസരങ്ങൾ കാണാനുള്ള കഴിവുമുണ്ട്.

10-നും 50-നും ഇടയിൽ പ്രായമുള്ള സ്ത്രീകളുടെ പ്രവേശനം പരമ്പരാഗതമായി കർശനമായി നിരോധിച്ചുകൊണ്ട് ശബരിമലയിലെ

അയ്യപ്പക്ഷേത്രവുമായി ബന്ധപ്പെട്ട വിവാദത്തിന്റെ പശ്ചാത്തലമാണ് രണ്ടാമത്തേത്. വിവാദത്തിലേക്ക് വലിച്ചിഴക്കപ്പെടാൻ ആഗ്രഹിക്കുന്നില്ലെന്ന് A ലേഖനത്തിൽ ഉദ്ധരിക്കുന്നു: *"ആചാരങ്ങൾ, പാരമ്പര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഒന്നും പറയാൻ ഞാൻ ആരുമല്ല. (...) ഓരോ ക്ഷേത്രത്തിനും ചില ആചാരങ്ങളുണ്ട്, അതിൽ മാറ്റം വരുത്താൻ ഞാൻ ആളല്ല. (...) ദൈവത്തെ സംബന്ധിച്ചിടത്തോളം സ്ത്രീ-പുരുഷവ്യത്യാസമില്ല. പക്ഷേ, ചില ആരാധനാലയങ്ങളിൽ ആചാരങ്ങൾ പിന്തുടരുന്നു. (...) ഭൂരിപക്ഷാഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അന്തിമതീരുമാനം എടുക്കണം. ഇത്തരം കാര്യങ്ങളിൽ ജനങ്ങൾ തീരുമാനിക്കട്ടെ."*

ഇതിനെക്കുറിച്ച് അറിയാത്തവർക്കുവേണ്ടി പറയാം, അയ്യപ്പൻ ഒരു *നൈഷ്ഠിക ബ്രഹ്മചാരിയാണ്*. എന്നിരുന്നാലും ഒരു വിഭാഗം ആളുകൾ സ്ത്രീകൾക്കും പെൺകുട്ടികൾക്കും ക്ഷേത്രത്തിൽ പ്രവേശനം അനുവദിക്കുന്ന ഒരു പരിഷ്കരണം ആവശ്യപ്പെടുകയും സുപ്രീം കോടതിയെ സമീപിക്കുകയും ചെയ്തു. 2018 സെപ്തംബറിൽ സ്ത്രീകൾക്ക് ക്ഷേത്രത്തിൽ പ്രവേശനം അനുവദിച്ചു. അല്ലെങ്കിൽ അത് ഭരണഘടനാവിരുദ്ധവും തൊട്ടുകൂടായ്മയുടെ ഒരു രൂപമെന്ന നിലയിൽ വിവേചനപരവുമാണ്. പാരമ്പര്യവാദികൾ പ്രതിഷേധിച്ചു, കോടതിയുടെ വിധി പുനഃപരിശോധിക്കുന്നതിനായി അനേകം ഹർജികൾ സമർപ്പിച്ചു. പ്രവേശിക്കാൻ ശ്രമിക്കുന്ന സ്ത്രീകളെ ക്രൂരമായി ഉപദ്രവിക്കുകയും ചെയ്തു. 9 ജഡ്ജിമാരുടെ പാനൽ മുമ്പാകെ അതിന്റെ വിധി പുനഃപരിശോധിക്കാൻ കോടതി സമ്മതിച്ചു. എന്റെ അറിവിൽ സുപ്രീം കോടതി വിധിയിൽ എത്തിച്ചേർന്നിട്ടില്ല, ചർച്ചകൾ നടക്കുന്നു. പുരുഷാരാധകർക്ക് തങ്ങളുടെ ബ്രഹ്മചാരിയായ ദൈവത്തെ ആരാധിക്കുന്നത് തുടരാം.

രണ്ടാമത്തെ പ്രസ്താവനയും വ്യത്യസ്തമായി കപടമാണ്. വാസ്തവത്തിൽ, ആവേശഭരിതവും ചൂടുപിടിച്ചതുമായ ഈ വിവാദത്തിൽ അകപ്പെടാൻ അവർ ആഗ്രഹിക്കുന്നില്ല. പക്ഷം പിടിക്കാനും ഒരു വിഭാഗം അനുയായികളെ എതിർക്കാനുള്ള ധൈര്യവും അവർക്കില്ല. A ബ്രഹ്മസ്ഥാനം പോലുള്ള പുതിയതരം ഹിന്ദുക്ഷേത്രങ്ങളുടെ സ്ഥാപകയാണെന്നുകൂടി ഓർക്കണം. അവർ ഇന്ത്യയൊട്ടാകെ ഇരുപതോളം[330] അമ്പലങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. നാല് ദിക്കുകളിലും നാല് വശങ്ങളുള്ള ബഹുദൈവപ്രതിമയോടെ, അഭൂതപൂർവ്വമായ ഒരു ആരാധനാരീതിയുള്ള ഈ ക്ഷേത്രങ്ങൾ അവർ[331] സ്വയം രൂപകല്പന ചെയ്തതാണ്. അവിടെ ഭക്തർക്ക് ആചാരങ്ങളിലൂടെയും ഭജനകളിലൂടെയും ധ്യാനത്തിലൂടെയും അധ്യയനത്തിലൂടെയും ഗ്രഹങ്ങളുടെ ദോഷകരമായ സ്വാധീനത്തെ മാറ്റിയെടുക്കാൻ സ്വയം ശ്രമിക്കാം. ഇവിടെ അവർ സ്ത്രീപുരോഹിതരെ നിയമിക്കുകയും ചെയ്തു; ഇൻഡ്യയിൽ ഈ തൊഴിൽ പുരുഷന്മാർക്ക്[332] മാത്രമായി സംവരണം ചെയ്തിട്ടുള്ളതായിരുന്നു.
പരമ്പരാഗതക്ഷേത്രങ്ങളിലെന്നപോലെ[333], മൂന്നാമനിലൂടെയും കലാപരമായ പ്രതിനിധാനങ്ങളിലൂടെയും ആരാധന നടത്തുന്നതിനുപകരം, ആത്മീയാഭ്യാസത്തിലേക്ക് നയിക്കുന്ന ക്ഷേത്രങ്ങൾ, നേരിട്ട് വ്യക്തിപരമായ ഇടപെടൽ ഉൾപ്പെടെയുള്ളവയാണ് ഈ ക്ഷേത്രങ്ങൾ. അതിനാൽ, അവർ അവരുടെ രാജ്യത്തിന്റെ വൈവിധ്യമാർന്ന പാരമ്പര്യങ്ങളിൽ വിദഗ്ദ്ധയല്ലെങ്കിലും, ഇത് കൂടുതൽ നയതന്ത്രപ്രഭാഷണമാണ്.

എന്നിരുന്നാലും, ഈ ക്ഷേത്രങ്ങളുടെ തത്വങ്ങളിൽ ഇവിടെ മറ്റൊരു അവ്യക്തതയുണ്ട്. ഇടയ്ക്കുള്ള പുരോഹിതനെ എടുത്തുകളഞ്ഞിട്ട് ഭക്തരുടെ നേരിട്ടുള്ള പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുകയായിരുന്നു അവർ. അതേസമയം, വിവിധ ആവശ്യങ്ങൾക്കായി നടത്തിയ

ചടങ്ങുകളിൽ പുരോഹിതന്മാർ ഉണ്ടാവുകയും അവരത് ഇന്ത്യയിലും വിദേശത്തും വലിയ തുകയ്ക്ക് പരസ്യം ചെയ്യുകയും വിൽക്കുകയും ചെയ്തു. ഇത് വിവാദത്തിന് കാരണമായി. ഇത് ചിലപ്പോൾ ക്ഷേത്രവുമായി അധികം അടുപ്പമില്ലാത്തവർക്കുവേണ്ടിയോ അല്ലെങ്കിൽ സ്വയം കാര്യങ്ങൾ ചെയ്യാൻ പറ്റാത്തവരെ സഹായിക്കാൻ വേണ്ടിയോ ചെയ്തതാകാം. ഒരു പേജിൽ ചടങ്ങിന്റെ ലിസ്റ്റ്, നൽകുന്ന സേവനം, അനുബന്ധ ഫീസ്[334] എന്നിവ നൽകിയിട്ടുണ്ട്. ക്രിസ്മസിന് 300 യുഎസ്ഡോളറിനും (₹21,000/-), പുതുവർഷത്തിന് 250 യുഎസ്ഡോളറിനും (₹17,500/-), A യുടെ പിറന്നാളിന് 500 യുഎസ്ഡോളറിനും[335] (₹35,000/-) ചടങ്ങുകൾ നടത്താം.

# IV. 5. പുരുഷാധിപത്യ സമൂഹത്തിലെ പരിശുദ്ധയായ അമ്മ.

അവ്യക്തതയുള്ള മറ്റൊരു വിഷയമാണ് ലിംഗഭേദം, സ്ത്രീകളുടെ പങ്കും അവരുടെ ശാക്തീകരണവും. യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു ഇമേജാണ് A ലോകത്തിനുമുന്നിൽ നിലനിർത്തുന്നത്. നമുക്ക് ഇതൊന്ന് പരിശോധിക്കാം. 2002 ഒക്ടോബർ 7-ന് ജനീവയിൽ ഗാന്ധി കിംഗ് പീസ് പ്രൈസ് സ്വീകരിക്കുന്ന വേളയിൽ അവർക്കായി 002 തയ്യാറാക്കിയത് ഈ വിഷയം അടിസ്ഥാനമാക്കിയ ഒരു പ്രഭാഷണമാണ്. വൈരുദ്ധ്യങ്ങൾ നിറഞ്ഞതും ലിംഗ വിഷയത്തിൽ ഒട്ടും കൃത്യതയില്ലാതെ എഴുതിയ ഈ പ്രസംഗം തീർച്ചയായും ഒരു പുരുഷന്റെ ബുദ്ധിയിൽ ഉദിച്ചതാണ്. പ്രത്യക്ഷമായ പല വൈരുദ്ധ്യങ്ങളെയും വിവിധ പശ്ചാത്തലത്തിൽ വിശദീകരിച്ചുകൊണ്ട് സാധൂകരിക്കാൻ കഴിഞ്ഞാലും, പിന്നെയും അവ ധാരാളം അവശേഷിക്കുന്നു. അവരുടെ

10 പേജുള്ള പ്രഭാഷണത്തിന്റെ വിമർശനാത്മകവായനയാണ് ഇനിപ്പറയുന്നവ. അതിലെ വാദങ്ങൾ കൂടുതൽ സംക്ഷിപ്തത, വ്യക്തത, എളുപ്പം എന്നിവയ്ക്കായി പുനഃസംഘടിപ്പിക്കുകയും ചിട്ടപ്പെടുത്തുകയും ചെയ്തിരിക്കുന്നു; ഒപ്പം ഇരട്ടത്താപ്പ് വെളിപ്പെടുത്തുകയും ചെയ്യുന്നു. അവർ പറഞ്ഞതിനെ അതേപടി ഉദ്ധരിക്കുകയല്ല, അല്പം മാറ്റങ്ങൾ വരുത്തി ഉപയോഗിക്കുകയാണ് ചെയ്തിരിക്കുന്നത്. സത്യസന്ധമായി ആശയങ്ങൾ മാത്രം വേർതിരിച്ചെടുത്തിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഉദ്ധരണിചിഹ്നങ്ങൾ ഉപയോഗിച്ചിട്ടില്ല. താല്പര്യമുള്ള വായനക്കാർക്ക് അവരുടെ യഥാർത്ഥപ്രസംഗം പരിശോധിക്കാവുന്നതാണ്[336].

## a. ***അമ്മയുടെ ഗുണങ്ങളെ വാഴ്ത്തൽ.***

*സ്ത്രീകളിലെ മാതൃത്വത്തിന്റെ സഹജമായ ഗുണങ്ങളെ A പ്രശംസിക്കുന്നു; മാതൃത്വം അവളുടെ സ്വഭാവവും അസ്തിത്വത്തിന്റെ അടിത്തറയുമാണ്; ഈ നൈസർഗ്ഗികമായ സ്വഭാവം അവൾ തിരിച്ചറിയുന്നതിനനുസരിച്ച് അവളുടെ ആന്തരികശക്തി വർദ്ധിക്കുന്നു; സമാധാനവും ഐക്യവും എന്ന നമ്മുടെ സ്വപ്നം സാക്ഷാത്കരിക്കാൻ സ്ത്രീ അവളുടെ മാതൃത്വത്തിന്റെ ഗുണങ്ങൾ സ്വയം സാക്ഷാത്കരിക്കണം.* പുരുഷന്റെ അബോധാവസ്ഥയിൽ ഒരു സ്ത്രീ ഉണ്ടെന്ന് അവർ സമ്മതിച്ചാലും, ഈ പ്രഭാഷണം യഥാർത്ഥത്തിൽ പുരുഷന്മാരെ അഭിസംബോധന ചെയ്യുന്നില്ല, കാരണം, A യെ സംബന്ധിച്ചിടത്തോളം, അവർ പ്രതിനിധീകരിക്കുന്ന പുരുഷപാരമ്പര്യത്തെ സംബന്ധിച്ചിടത്തോളം, ജോലി ചെയ്യേണ്ടത് സ്ത്രീകളാണ്, പുരുഷന്മാർ വേണ്ടത്ര ഉത്തരവാദിത്തമുള്ളവരല്ല. *ആചാരങ്ങളും പാരമ്പര്യങ്ങളും സ്ത്രീകളെ കീഴ്പ്പെടുത്താനും ചൂഷണം*

*ചെയ്യാനുമായി പുരുഷന്മാർ കെട്ടിച്ചമച്ചതാണെന്ന് അവർ സമ്മതിക്കുന്നു; അവർ സ്ത്രീകളെ ചട്ടിയിലിരിക്കുന്ന ചെടികൾ എന്നപോൽ പരിമിതപ്പെടുത്തുകയും പുരുഷന്മാരുടെ ഇഷ്ടങ്ങൾക്കനുസരിച്ച് നിയന്ത്രിക്കുകയും ചെയ്യുന്നു*[337].

b. ***ലിംഗഭേദങ്ങൾക്കിടയിലെ സംഭാവനയും ഉത്തരവാദിത്വവും.***

**സാഹചര്യം വീണ്ടും സന്തുലിതമാക്കാൻ പുരുഷന്മാരോട് അവർ ഈ പ്രസംഗത്തിൽ എന്താണ് നിർദ്ദേശിക്കുന്നത്?** *സ്ത്രീപുരുഷന്മാർ പരസ്പരം പിന്തുണ നല്കണം. പുരുഷന്മാർ അവരുടെ സ്ത്രൈണഗുണത്തിലേക്ക് ഉണരണം; സ്ത്രീകളുടെ വളർച്ച തടയുന്നത് നിർത്തുകയും അവരെ പ്രോത്സാഹിപ്പിക്കുകയും വേണം; സ്ത്രീകളും പുരുഷന്മാരും കുടുംബത്തിലും സമൂഹത്തിലും പരസ്പരം സഹകരിക്കണം. അത്രയേയുള്ളൂ! പുരുഷന്മാരുടെ സംഭാവന അല്പം പരിമിതമാണെന്ന് പറയാം, പക്ഷേ അത് അവർ വിശദീകരിക്കുന്നതിങ്ങനെയാണ്: പുരുഷന്മാരെ അവരുടെ ജന്മസിദ്ധമായ ഗുണങ്ങൾകൊണ്ട് പരിമിതപ്പെടുത്തിയിരിക്കുന്നു; അവരുടെ ചിന്തകളും പ്രവർത്തികളും തിരിച്ചറിയുന്നു. അവരുടെ ഊർജ്ജം നിശ്ചലമാണ്; മനസ്സിന് വഴക്കം കുറവാണ്. അവരുടെ ശ്രദ്ധ അവർ ഏറ്റെടുത്ത കാര്യത്തിൽ മാത്രമാവും. ഒരേസമയം ഒന്നിൽ കൂടുതൽ കാര്യങ്ങൾ ചെയ്യാനവർക്ക് ബുദ്ധിമുട്ടാണ്. അതിനാൽ, അവരുടെ പ്രൊഫഷണൽ ജീവിതത്തെ സ്വകാര്യ ജീവിതത്തിൽ നിന്ന് വേർപെടുത്താൻ കഴിയില്ല. പാവങ്ങൾ!*

മറുവശത്ത്, മെച്ചപ്പെട്ട ഒരു ലോകത്തിനായി സ്ത്രീകൾ എന്താണ് സംഭാവന ചെയ്യുന്നത് എന്നാണ് ഈ പ്രഭാഷണത്തിൽ പറയുന്നത്? ബാക്കിയുള്ളതെല്ലാം!!

സ്ത്രീകൾ ഗുണങ്ങളാലും ശക്തിയാലും നിറഞ്ഞിരിക്കുന്നതിനാൽ അവർക്ക് ലോകത്തെ രക്ഷിക്കാതിരിക്കാൻ കഴിയില്ല. സ്ത്രീകൾക്ക് അമ്മമാരാകാനുള്ള സ്വാഭാവികകഴിവുകൾ ഉണ്ട്; ഒരേസമയം സഹയാത്രികയായും കൂട്ടുകാരിയായും വഴികാട്ടുകയും ബുദ്ധിയുപദേശിക്കുകയും ചെയ്തുകൊണ്ട് അവരുടെ ഭർത്താക്കന്മാരെ പിന്തുണയ്ക്കുന്നു; അവരുടെ മാതൃഭാവം അവരുടെ ഉള്ളിൽ സമാധാനത്തിന്റെയും ഐക്യത്തിന്റെയും ആഴത്തിലുള്ള ബോധം ഉണ്ടാക്കുന്നു; ചിന്തയെ പ്രവൃത്തിയുമായി സംയോജിപ്പിക്കാൻ അവർക്ക് കഴിയും. അവരുടെ മാതൃഭാവത്തിന് സമൂഹത്തിൽ ആഴത്തിലുള്ള മാറ്റം കൊണ്ടുവരാൻ കഴിയും. അവർക്ക് പുരുഷന്മാരെപ്പോലെതന്നെ കാര്യങ്ങൾ ചെയ്യാൻ കഴിയും. പുരുഷന്മാരുടെ അന്തർലീനമ◌ായ ആക്രമണാത്മകവും ക്ഷുബ്ധവുമായ പ്രവണതകളെ സ്ത്രീകളുടെ അടിസ്ഥാനഗുണങ്ങൾകൊണ്ടു മാത്രമേ കുറയ്ക്കാൻ കഴിയൂ: സ്നേഹം, സഹാനുഭൂതി, സഹിഷ്ണുത, ക്ഷമ; ലോകത്തിലെ നമ്മുടെ അസ്തിത്വത്തിന്റെ അടിത്തറയാണ് സ്ത്രീകൾ; മനുഷ്യവംശത്തിന്റെ സ്രഷ്ടാക്കൾ, നമ്മുടെ ആദ്യത്തെ ഗുരുക്കന്മാരും മാനവരാശിയുടെ ഉപദേഷ്ടാക്കളും സ്ത്രീകളാണ്; കുട്ടികളുടെ വിദ്യാഭ്യാസത്തിൽ അവർക്കു നല്കപ്പെട്ട ഉത്തരവാദിത്വം വിലമതിക്കാനാവാത്തതാണ്; അവർ തന്നെയാണ് സ്നേഹത്തിന്റെയും ബന്ധുത്വത്തിന്റെയും ക്ഷമയുടെയും വിത്തുകൾ മനസ്സുകളിൽ നട്ടുപിടിപ്പിക്കുന്നത്. ഓരോ പുരുഷന്റെയും വിജയത്തിനുപിന്നിൽ തീർച്ചയായും ഒരു സ്ത്രീയുടെ ശക്തിയുണ്ട്; മത്സരവും കോപവും പതിവായിത്തീർന്ന ഒരു ലോകത്ത്, ഐക്യം സൃഷ്ടിക്കുന്നത് സ്ത്രീകളുടെ ക്ഷമയും സഹിഷ്ണുതയുമാണ്; സമൂഹത്തിൽനിന്ന് എന്ത് ലഭിക്കുമെന്നതിനെക്കുറിച്ച് വേവലാതിപ്പെടുകയല്ല, മറിച്ച് അവൾക്ക് നല്കാൻ കഴിയുന്ന കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതാണ് അവളുടെ കടമ; സ്ത്രീക്ക്

*ആരിൽനിന്നും സ്വീകരിക്കാനോ നേടാനോ ഒന്നുമില്ല. മറിച്ച്, അവൾക്ക് തന്നോടും ലോകത്തോടുതന്നെയും കടമയുണ്ട്*[338].

സ്ത്രീകളുടെ അസാധാരണമായ ഗുണങ്ങൾ കാരണം അവരുടെമേൽ വന്നുചേരുന്ന ഉയർന്ന ഉത്തരവാദിത്വത്തെക്കുറിച്ച്, എ. പറയുന്നത് ഇതാണ്: *സ്ത്രീകൾക്ക് സമൂഹത്തിലെ പുരുഷന്മാരെക്കാൾ ഉയർന്ന ഉത്തരവാദിത്വമുണ്ട്; കുടുംബത്തിലും സമൂഹത്തിലും അവർ സമഗ്രതയുടെയും ഐക്യത്തിന്റെയും ചുക്കാൻ പിടിക്കുന്നു. സ്ത്രീകൾ തങ്ങളുടെ സഹജമായ സ്വഭാവത്തിൽനിന്ന് വിച്ഛേദിക്കുമ്പോൾ, ലോകത്ത് സമാധാനം ഇല്ലാതാകുകയും നാശം സംഭവിക്കുകയും ചെയ്യുന്നു; സ്ത്രീകൾ അവരുടെ അടിസ്ഥാനസ്വഭാവം വീണ്ടും കണ്ടെത്തിയാൽമാത്രമേ ലോകത്തെ രക്ഷിക്കാൻ കഴിയൂ; സ്ത്രൈണതത്വത്തോട് സ്ത്രീകൾ പുറംതിരിഞ്ഞു നിൽക്കുകയാണെങ്കിൽ, ഈ ലോകം പാപ്പരാവുകയും, പ്രശ്നങ്ങൾ കൂടുതൽ വഷളാക്കുകയും ചെയ്യും.*

അതുകൊണ്ട് തീരുന്നില്ല. അവൾ അവളായിത്തന്നെ ഏറ്റവും മികച്ചതായിരിക്കെ, പുരുഷനിലെ ഏറ്റവും ഉത്തമമായവയെയും അവളിൽ സമന്വയിപ്പിക്കണം: *ഒരു സ്ത്രീയുടെ സഹജമായ സ്വഭാവം എത്രമേൽ ഉജ്ജ്വലമായിരിക്കുന്നുവോ, അതുപോലെ സ്വാതന്ത്ര്യവുമായി കൂടുതൽ അടുപ്പം കാണിക്കാതെതന്നെ, അവൾ പുരുഷഗുണങ്ങളും നേടണം. എന്നിരുന്നാലും, സ്ത്രീ അവളുടെ മാതൃഗുണങ്ങൾ കാത്തുസൂക്ഷിക്കേണ്ടതുണ്ട്, അവളുടെ ദൗർബല്യങ്ങളെക്കുറിച്ച് ബോധവതിയാകുകയും ഇച്ഛാശക്തിയിലൂടെയും നിസ്വാർത്ഥസേവനത്തിലൂടെയും ആത്മീയപരിശീലനത്തിലൂടെയും അവയെ മറികടക്കുകയും വേണം. ചില സ്ത്രീകൾക്ക് അവരുടെ നന്മയും വിശുദ്ധിയും അവരെ നിശ്ചലമാക്കാതിരിക്കാൻ*

*പുരുഷ ഗുണങ്ങൾ ആവശ്യമാണ്; അവർ സ്വാതന്ത്ര്യത്തിന്റെ അർത്ഥം മനസ്സിലാക്കണം, അതു മറ്റുള്ളവരെക്കുറിച്ച് ആകുലപ്പെടാതെ പെരുമാറുന്നതോ അല്ലെങ്കിൽ തന്റെ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞു മാറുന്നതോ അല്ല; സ്ത്രീകൾ പുരുഷഗുണങ്ങൾമാത്രം വളർത്തുമ്പോൾ, ലോകത്തിലെ അസന്തുലിതാവസ്ഥ വർദ്ധിക്കുന്നു. സ്ത്രീകൾക്ക് നൽകപ്പെടുന്ന വിലകുറഞ്ഞ സ്ഥാനത്തിന് അവരും ഉത്തരവാദികളാണ്, അതിൽ അവർ രൂപത്തിന് കൂടുതൽ പ്രാധാന്യം നൽകുമ്പോൾ പുരുഷന്മാർക്ക് അവരെപ്പറ്റിയുള്ള ആശയങ്ങൾ (പുരുഷന്മാർക്ക് അവർ സ്വയം വിൽക്കുകയാണ് എന്നു പറയാം.) ശരിയാണെന്ന് അവർ സ്വയം അംഗീകരിക്കുകയാണ്.*

അടിസ്ഥാനപരമായി, ഇത് ഐക്യരാഷ്ട്രസഭയിൽ അവർ നടത്തിയ അസ്പഷ്ടമായ പ്രസംഗമാണ്. വളരെ നീണ്ട, കടുപ്പവും വ്യക്തതയും ഘടനയുമില്ലാത്ത ഒന്നാണെന്ന് പ്രത്യേകം പറയേണ്ടതില്ല. പ്രത്യക്ഷത്തിൽ, അവളുടെ ഭക്തരെന്ന ആട്ടിൻകൂട്ടം ഈ തർക്കരഹിതവും തെറ്റില്ലാത്തതുമായ ജ്ഞാനത്താൽ ആകർഷിക്കപ്പെടുകയും കീഴടക്കപ്പെടുകയും ചെയ്തു. ഒരു മനുഷ്യൻ എന്ന നിലയിൽപ്പോലും അത്തരം കാര്യങ്ങൾ പറയാൻ ഞാൻ ലജ്ജിക്കുമായിരുന്നു. ഒന്നിനുവേണ്ടിയും അത്തരം ഒരു രേഖയിൽ ഒപ്പിടാൻ ഞാൻ ആഗ്രഹിക്കില്ലായിരുന്നു. എന്നാൽ സമൂഹത്തെക്കുറിച്ചുള്ള ഈ സങ്കൽപ്പത്തിന്റെ ഉദാഹരണമാണ് ഇവർ, പുരുഷസ്വാധീനത്തിന്റെ സങ്കീർണ്ണമായ ബന്ധനത്തെ മാത്രം സ്ഥിരീകരിക്കുന്ന ഈ കപടമായ സ്തുതിപാടകാഖ്യാനത്തിന്റെ ഉദാഹരണം; അവരുടെ ഭക്തരുടെ അഭിപ്രായത്തിൽ, അതിരുകളില്ലാത്ത സ്നേഹം, അളവറ്റതും നിശ്ശബ്ദവുമായ വേദനയ്ക്കനുസൃതമായി, അജ്ഞരായ മാനവികതയുടെ സേവനത്തിൽ ദർശനം നടത്തി, പതിനായിരക്കണക്കിന് മണിക്കൂർ തന്റെ പതുപതുത്ത സിംഹാസനതുല്യമായ

മെത്തയിൽ സ്വയം ബലിയർപ്പിക്കുന്നു. അവർ അവരിൽ അടിച്ചേൽപ്പിക്കുന്ന, ന്യായീകരിക്കാൻ കഴിയാത്ത വേഷത്തിന് തീർച്ചയായും ഒരു മറുവശമുണ്ട്. അവൾ സ്വയം അടിച്ചേൽപ്പിക്കുന്ന താങ്ങാനാകാത്ത പാതയ്ക്ക് പ്രത്യക്ഷമായും മറുവശമുണ്ട്: അവരുടെ അനുകമ്പ നിറഞ്ഞ മാതൃത്വത്തിന്റെ മറവിൽ തന്റെ ഏറ്റവും അടുത്ത ആൾക്കാരോട് പ്രത്യേകിച്ച് സ്ത്രീകളോട് അക്രമാസക്തമായ രീതിയിൽ പെരുമാറുകയും, നിസ്സംഗത പ്രകടിപ്പിക്കുകയും, പുച്ഛിക്കുകയും എന്നാൽ ഏറ്റവും അടുപ്പമുള്ള ചില പുരുഷന്മാരുമായി അവൾ സ്വയം ലൈംഗികജീവിതം നയിക്കുകയും ചെയ്യുന്നു. ഗെയിലിന്റെ തിരശ്ശീലയ്ക്ക് പിന്നിലുള്ള സാക്ഷ്യവും എന്റെ വ്യക്തിപരമായ അനുഭവവും സാക്ഷ്യവും ഇതിന് സ്ഥിരീകരണമാണ്. തീർച്ചയായും, പൊതുപ്രകടനത്തിന്റെ മണിക്കൂറുകളിൽമാത്രമെ ഈ കെട്ടുകഥ ഉയർത്തിപ്പിടിച്ചുകാണിക്കാൻ കഴിയൂ. അവർ തന്റെ സ്വകാര്യയിടത്തിലേക്ക് പിൻവാങ്ങുമ്പോൾ പൊതുസമ്മർദ്ദം കൂടുതൽ കനത്ത് അക്രമാസക്തമായ "*അവമർദ്ദം*" ആയി അത് പൊട്ടിത്തെറിക്കുന്നു.

## *c. കൂലി എഴുത്ത്- സ്ത്രീപുരുഷ ഭേദം?*

ലിംഗഭേദത്തെക്കുറിച്ചുള്ള പൊതുബോധത്തിന്റെ ചിന്തകളുടെ ഭയാനകമായ തലം കണക്കിലെടുക്കുമ്പോൾ, പ്രഭാഷണത്തിന്റെ മറ്റ് ഘടകങ്ങൾ ഇത് ഒരു പുരുഷൻ എഴുതിയതാണെന്ന് സൂചിപ്പിക്കുന്നു: പുരുഷന്മാർ സ്ത്രീകളിൽ അവരുടെ അമ്മമാരെ തിരയുന്നു, അതുകൊണ്ടാണ് അവർ സ്ത്രീകളിലേക്ക് ആകർഷിക്കപ്പെടുന്നത്; *പുരുഷന്മാർ കൈക്കരുത്തിൽ വിശ്വസിക്കുന്നു. ഉപരിപ്ലവമായി അവർ സ്ത്രീകളെ അവരുടെ അമ്മമാരോ ഭാര്യമാരോ സഹോദരിമാരോ ആയി കാണുന്നു.* മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ലൈംഗികതയും ജനിതകശാസ്ത്രവും ഉണ്ട്;

സൗഹൃദം, ഇല്ല. വിവാഹത്തിന്റെ പശ്ചാത്തലത്തിൽ ഒരിക്കൽ മാത്രമേ സൗഹൃദം പരാമർശിക്കപ്പെട്ടിട്ടുള്ളൂ; അവിവാഹിതരായ സ്ത്രീകൾക്ക് തീർച്ചയായും പുരുഷസുഹൃത്തുക്കൾ ഉണ്ടാവില്ല!! സ്ത്രീകൾക്ക് ആത്മീയ ലക്ഷ്യത്തിലെത്താനുള്ള രാജകീയ പാതയായ മാതൃത്വത്തെ പ്രഭാഷണത്തിൽ വേണ്ടുവോളം സ്തുതിച്ചിട്ടുണ്ട്. എന്നിരുന്നാലും ജനനത്തിന്റെ കാര്യത്തിൽ, *പുരുഷന്റെ ഏകപങ്ക് അവന്റെ ബീജം സമർപ്പിക്കുക എന്നതാണെന്ന് അവർ പറയുന്നു.* പുരുഷനെ സംബന്ധിച്ചിടത്തോളം ഇത് ആനന്ദത്തിന്റെ ഒരുനിമിഷം മാത്രമാണ്, അതേസമയം സ്ത്രീയെ സംബന്ധിച്ചിടത്തോളം ഇത് ഒമ്പതുമാസത്തെ കഠിനമായ നിഷ്ഠയാണ്. സ്ത്രീകൾ പൊതുവെ ഗർഭധാരണവും പ്രസവവും അവരുടെ ജീവിതത്തിലെ ഏറ്റവും മഹത്തരവും മനോഹരവുമായ നിമിഷങ്ങളിലൊന്നായി അനുഭവിക്കുന്നില്ല എന്ന മട്ടിൽ പറഞ്ഞുപോവുന്നു!! തീർച്ചയായും, നമ്മുടെ ചങ്ങാതിയായ പ്രസംഗരചയിതാവിന്, ഒന്നുകിൽ സ്ത്രീകളെക്കുറിച്ചോ അല്ലെങ്കിൽ പങ്കാളികളുടെ ചലനാത്മകതയെക്കുറിച്ചോ കൂടുതൽ അറിവില്ല. അറിയപ്പെടുന്ന പുരുഷാധിപത്യപൊതുബോധങ്ങളാണ് ആത്മീയതയുടെ ഉപ്പുവിതറി ആ പ്രസംഗം സംവേദനം ചെയ്യുന്നത്. കന്യക, സ്നേഹസമ്പന്ന, തളരാത്ത അമ്മ എന്നീ മിഥ്യാധാരണകൾ പുരുഷന്മാർ കണ്ടുപിടിച്ചതായിരിക്കണം. ഇത് ഒരു കെട്ടുകഥയാണ്, യാഥാർത്ഥ്യമല്ല. എന്നിരുന്നാലും, ലീഗ് ഓഫ് നേഷൻസിന് (യുഎൻ) മുമ്പിൽത്തന്നെ അത് പ്രതിനിധാനം ചെയ്യാനും അവരുടെ മൂല്യങ്ങൾ പ്രചരിപ്പിക്കാനും കഴിഞ്ഞതിൽ A അഭിമാനിക്കുന്നു - അസാധാരണവും അജയ്യയുമായ ഒരു അമ്മയായി സ്ത്രീയെ അവതരിപ്പിക്കുന്ന ഒരു പ്രസംഗം. അവൾ അവളുടെ നിരുപാധികസ്നേഹം പ്രചരിപ്പിക്കുകയും അക്ഷീണം സ്വയം ബലിയർപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ ഭാര്യ/അമ്മ/ വിശുദ്ധ എന്നിവരാൽ പിന്തുണയ്ക്കപ്പെടുകയും

സ്നേഹിക്കപ്പെടുകയും ചെയ്യുന്ന പുരുഷന് അവന്റെ സ്വാതന്ത്ര്യവും അധികാരവും ആസ്വദിക്കാൻ കഴിയുന്നു.

## *d. സ്ത്രീശാക്തീകരണം*

സ്ത്രീശാക്തീകരണം എന്നാൽ A യെ സംബന്ധിച്ചിടത്തോളം എന്താണ് അർത്ഥമാക്കുന്നത്? തെരഞ്ഞെടുത്ത ഏതാനും ഗ്രാമീണസ്ത്രീകൾക്ക് അടിസ്ഥാനപരമായ സാങ്കേതികകഴിവുകൾ കൈമാറുന്നതാണോ? കമ്പ്യൂട്ടിംഗ്[339] പഠിക്കാൻ ആഗ്രഹിക്കുന്നവരെ പ്ലംബിംഗ് പഠിപ്പിക്കുക എന്നതാണോ? അതുമല്ലെങ്കിൽ അവരുടെ ചെറുകിടസംരംഭങ്ങൾക്ക് ചെറിയ വായ്പകൾ അനുവദിക്കുക എന്നതോ? ഒരു സ്ത്രീശിഷ്യയ്ക്ക് A യുടെ പ്രസംഗങ്ങൾ എഴുതാൻ അവകാശമുണ്ടോ? ബിസിനസ്സ്, മാർക്കറ്റിംഗ്, മാനേജ്മെന്റ്, അക്കൗണ്ടിംഗ്, ഐ.ടി അല്ലെങ്കിൽ മീഡിയ എന്നിവിടങ്ങളിൽ സംഘടനയിലെ സ്ത്രീകൾക്ക് പ്രധാന സ്ഥാനങ്ങളിലേക്ക് സ്ഥാനക്കയറ്റം കൊടുക്കാറുണ്ടോ? സംഘടനയുടെ നടത്തിപ്പുകാർ എല്ലാവരും പുരുഷന്മാരാണെന്ന് നമുക്കെല്ലാം അറിയാം. അവരുടെ ചുറ്റുമുള്ള സ്ത്രീകളുടെ പങ്ക് നമുക്ക് നോക്കാം. മലയാളത്തിൽ ഒഴുക്കോടെ സംസാരിക്കാൻ കഴിയുമായിരുന്നെങ്കിലും ഗെയിലിനോട് അവർക്കായി പരിഭാഷപ്പെടുത്താൻ ഒരിക്കലും ആവശ്യപ്പെട്ടിട്ടില്ല. A യ്ക്ക് എപ്പോഴും പുരുഷന്മാരാണ് വിവർത്തനം ചെയ്തു കൊടുത്തിരുന്നത് പലപ്പോഴും ജൂനിയർ ആയവർ. സ്ത്രീകൾ മണിക്കൂറുകളോളം ദർശനത്തിനായുള്ള ക്യൂ നിയന്ത്രിക്കുകയും തളർന്നു പോവുകയും ചെയ്യുന്നു. ഈ സമയത്ത് പുരുഷന്മാർ എവിടെയാണ്? മറ്റൊരിടത്ത് തിരക്കിലാണ്; ദർശനം കഴിയാൻകാത്ത് ഒരു മുറിയിൽ വിശ്രമിക്കുന്നു, നിരന്തരമായ യാത്രകൾക്കുശേഷം അവരുടെ നഷ്ടപ്പെട്ട ഉറക്കം തിരിച്ചുപിടിക്കുന്നു, ഭക്തർ കൊണ്ടുവരുന്ന പ്രത്യേക വിഭവങ്ങൾ

വലിച്ചുവാരിത്തിന്നുന്നു അല്ലെങ്കിൽ പുറത്തുനിന്ന് ഭക്ഷണം ഓർഡർ ചെയ്യുന്നു[340], വിരസത മാറ്റാൻ കറങ്ങിനടക്കുന്നു, അവരുടെ പ്രസംഗങ്ങളോ ഉപദേശങ്ങളോ തയ്യാറാക്കുന്നു, അവരുടെ സിംഹാസനത്തിൽ ചാരിനിന്ന് തമാശ പറയുകയും അവരുടെ സാമ്രാജ്യം നടത്താൻ വേണ്ടുന്ന കാര്യങ്ങൾ ചെയ്തുകൊടുക്കുകയും അതിനായി ഫോണുകൾ കൈമാറുകയും ചെയ്യുന്നു. ദർശനരംഗം അക്ഷീണം യത്നിക്കുന്ന സ്ത്രീകളുടെയും ലക്ഷ്യമൊന്നുമില്ലാതെ പ്രവർത്തിക്കുന്ന പുരുഷൻമാരുടെയും കാഴ്ചയാണ്. A സ്ത്രീകളെയും ഒരുപക്ഷെ തന്നെത്തന്നെയും ആത്മാഭിമാനം കുറച്ചുള്ളവർ ആയി കണക്കാക്കുന്നു. അവർ കുറെയധികം പേർക്ക് ഒരുമിച്ച് ദീക്ഷ നൽകുമ്പോൾ മഞ്ഞവസ്ത്രവും കാവിവസ്ത്രവും ധരിച്ച പുരുഷൻമാരുടെയും സ്ത്രീകളുടെയും എണ്ണം താരതമ്യം ചെയ്തു നോക്കിയാൽ ഇത് മനസ്സിലാക്കാവുന്നതേയുള്ളൂ. പറഞ്ഞതുപോലെ, പുരുഷാധിപത്യാവശ്യങ്ങളുമായി പൊരുത്തപ്പെടാൻ അവർ തന്റെ അസ്തിത്വം ത്യജിക്കുന്നു. പുരുഷകേന്ദ്രീകൃത സമൂഹത്തിലെ നിയമങ്ങൾ അനുസരിക്കുന്നതിനനുസരിച്ച്, ഈ ജയിലിനുള്ളിൽ അവർ കൂടുതൽ ശക്തി നേടുന്നു- സാമൂഹിക ചങ്ങലകളുടെ ഭാരം ലഘൂകരിക്കാൻ ലോകമെമ്പാടുമുള്ള സ്ത്രീകൾ പലപ്പോഴും സ്വീകരിക്കുന്ന ഒരു തന്ത്രമാണിത്.

സാമൂഹ്യശാസ്ത്രപരവും ചരിത്രപരവുമായ ചെറിയ കുറിപ്പുകൾ. വിരോധാഭാസമെന്നു പറയട്ടെ, 1925 മുതൽ ഔദ്യോഗികമായി നിർത്തലാക്കപ്പെട്ടിട്ടുണ്ടെങ്കിലും 50 വർഷംമുമ്പുവരെ മാതൃവംശപിന്തുടർച്ച നിലനിന്നിരുന്ന ഇന്ത്യയിലെ അപൂർവപ്രദേശങ്ങളിൽ ഒന്നാണ് കേരളം. ഹിന്ദുക്കളിലെ ഉയർന്ന ജാതിയിൽ, ഇന്ന് നമുക്കറിയാവുന്ന രീതിയിലുള്ള വിവാഹം നിരോധിക്കപ്പെട്ടിരുന്നു. കുടുംബം എന്ന ആശയം നമുക്കറിയാവുന്നതിൽനിന്ന് വ്യത്യസ്തമായിരുന്നു: ഭാര്യാഭർത്താക്കന്മാർ എന്ന ആശയം ഉണ്ടായിരുന്നില്ല.

വലിയ തറവാട്ടിലെ സ്ത്രീകൾ പ്രത്യുല്പാദന ഉദ്ദേശ്യങ്ങൾക്കായി പുറത്തുനിന്നുള്ള പുരുഷന്മാരുമായി *(സംബന്ധം) ഉഭയസമ്മതപ്രകാരം* ബന്ധത്തിൽ ഏർപ്പെട്ടു (ഓർക്കാൻ ഇഷ്ടപ്പെടുന്നതുപോലെ). ആചാരപരമായ എണ്ണവിളക്ക് കത്തിച്ച്, സ്വർണ്ണനിറത്തിൽ കസവുകരയുള്ള *മങ്ങിയ മുണ്ട് (പുടവ)* സ്ത്രീക്ക് കൊടുക്കുന്ന ലളിതമായ പുടവകൊടുക്കൽ ചടങ്ങിൽ ഉറപ്പിക്കുന്ന സഹവാസ ഉടമ്പടിയായിരുന്നു സംബന്ധം. അവർക്ക് ഒന്നിലധികം ബന്ധങ്ങൾ ഉണ്ടാകാം, കുട്ടികൾ സ്ത്രീകളുടേതാണ്, ആരുടെ മക്കൾ എന്നതിൽ പുരുഷന്മാർക്ക് പ്രസക്തിയില്ല. പൊതുവെ മൂന്നോ നാലോ ആയിരുന്നെങ്കിലും പങ്കാളികളുടെ എണ്ണം പരിമിതമായിരുന്നില്ല. അതുപോലെ, പുരുഷന്മാരുടെ ഭാഗത്ത്, ലൈംഗികബന്ധം സാമൂഹികമായിരുന്നില്ല. ഇന്ന് ആ പദപ്രയോഗത്തിന് അപകീർത്തികരമായ അർത്ഥങ്ങളുണ്ടെങ്കിലും പിതാവിനെ ഒരുവന്റെ *'അമ്മയുടെ നായർ'* എന്ന് വിളിച്ചുപോന്നു. അതേരീതിയിൽ അവരുടെ ആദ്യനാളുകളിലെങ്കിലും അമ്മയുമായുള്ള ബന്ധത്തിന് വാത്സല്യപൂർവ്വം ഊന്നൽ നൽകിക്കൊണ്ട്, തന്റെ ഭക്തരെ അവർ *'തന്തയില്ലാത്തവൻ'* എന്ന് ഇടയ്ക്കിടെ അഭിസംബോധന ചെയ്യുന്നത് പാശ്ചാത്യരെ അന്ന് ഞെട്ടിച്ചിരുന്നു. എങ്കിലും, അതിന്റെ സാംസ്കാരികപശ്ചാത്തലം ഒരുവന് മനസ്സിലാക്കാൻ കഴിയുമെന്ന് ഞാൻ കരുതുന്നു. ഗെയിലിന്റെ അഭിപ്രായത്തിൽ, ഇതൊരു പ്രത്യേക സാംസ്കാരികമോ സ്നേഹപൂർവ്വമോ അല്ലാത്ത, അർത്ഥമില്ലാത്ത സാധാരണ മത്സ്യബന്ധനക്കാരുടെ സംസാരശൈലി മാത്രമാണ്. എന്തായാലും, ഈ കൗതുകകരമായ സാമൂഹികഘടനയുടെ സാംസ്കാരികനുറുങ്ങുകൾ A യിൽനിന്നോ സമൂഹത്തെക്കുറിച്ചുള്ള അവരുടെ സങ്കല്പത്തിൽനിന്നോ പൂർണ്ണമായും മാഞ്ഞുപോയിട്ടില്ല. കാരണം അവരുടെ സാമൂഹിക വർഗ്ഗത്തെയോ ചരിത്രപരമായി വ്യവസ്ഥിതിയെയോ ഇത് ബാധിക്കാത്തതുകൊണ്ടാകും. മറുവശത്ത് 002 ഒരു നായർ

ആണ്. അദ്ദേഹവും സഹോദരന്മാരും ഇതെല്ലാം പാലിക്കുന്നു.

### *e. അമ്മയുടെ യഥാർത്ഥ ലൗകിക (താത്കാലിക) ശക്തി:-*

നമ്മുടെ വിഷയത്തിലേക്കു മടങ്ങിവരാം. കഴിഞ്ഞ അധ്യായത്തിൽ സൂചിപ്പിച്ചതുപോലെ, ബിസിനസ്സിനെക്കുറിച്ച് അവർക്കറിവില്ല എന്ന് പറയുന്നു. എന്നിട്ടും എങ്ങനെയാണ് അവർ ഒരു അന്താരാഷ്ട്ര സാമ്രാജ്യത്തിന്റെ തലപ്പത്തിരിക്കുന്നത്? അവർക്ക് ഇതൊന്നും അറിയില്ലെങ്കിൽ പിന്നെ ആരാണ് തീരുമാനമെടുക്കുന്നതും കാര്യങ്ങൾ നടത്തിക്കൊണ്ടു പോകുന്നതും? നിരവധി ആളുകൾ അവരുടെ ഭാഷ പഠിച്ചു, എന്നാൽ 40 വർഷത്തിനുള്ളിൽ ദശലക്ഷക്കണക്കിന് ഭക്തരുമായി നേരിട്ട് ആശയവിനിമയം നടത്താൻ ഇംഗ്ലീഷിന്റെയോ ഹിന്ദിയുടെയോ അടിസ്ഥാനകാര്യങ്ങൾ പഠിക്കാൻ അവർക്കു കഴിഞ്ഞിട്ടില്ല. അവർക്കു ബാങ്ക് അക്കൗണ്ടില്ല, സ്ഥാപനത്തിന്റെ അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നത് അക്കൗണ്ടന്റുമാർ ആണ്. അവർക്ക് കമ്പ്യൂട്ടർ എങ്ങനെ ഉപയോഗിക്കണമെന്നറിയില്ല, ഇന്റർനെറ്റ് ബ്രൗസ് ചെയ്യാൻ അറിയില്ല, ഇപ്പോഴും വിവരങ്ങൾക്കായി മറ്റുള്ളവരെ ആശ്രയിക്കുന്നു. അവർക്ക് ഡ്രൈവിംഗ് ലൈസൻസ് ഇല്ല, ഇപ്പോഴും യാത്രയ്ക്കായി ആരെയെങ്കിലും ആശ്രയിക്കുന്നു. പുരാണസംബന്ധമായ അമർച്ചിത്രകഥകളല്ലാതെ മറ്റൊന്നും അവർ വായിക്കുന്നില്ല[341]. അവർ ലോകമെമ്പാടും സഞ്ചരിക്കുന്നു, പക്ഷേ ഒരു വിമാനടിക്കറ്റ് എങ്ങനെ ബുക്ക് ചെയ്യണമെന്ന് അറിയില്ല. അവരുടെ ആശ്രിതത്വത്തിന്റെ വ്യാപ്തി ശ്രദ്ധേയമാണ്! ആരും അറിയാത്ത ഒരു രാജ്യത്ത് അവരെ തനിച്ചാക്കിയാൽ, അവർക്ക് സ്വന്തമായി എന്തുചെയ്യാൻ കഴിയും? അവർ

ഒരു കാർ ഓടിക്കുന്നതും ഇന്റർനെറ്റിൽ തിരയുന്നതും വിമാനടിക്കറ്റ് ബുക്കുചെയ്യുന്നതും എ.ടി.എമ്മിൽനിന്ന് പണം പിൻവലിക്കുന്നതും സങ്കല്പിക്കാൻ പ്രയാസമാണ്. മറുവശത്ത്, അവരുടെ പാചകം, വൃത്തിയാക്കൽ, കഴുകൽ, തൂത്തുവാരൽ, വെള്ളം കൊണ്ടുവരൽ, മൃഗങ്ങൾക്ക് ഭക്ഷണം നൽകൽ, ശാരീരികാദ്ധ്വാനം എന്നിവ ഞങ്ങൾ കണ്ടിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളിൽ അവരുടെ ഇടപെടൽ വിനയത്തിന്റേതായ രൂപത്തിൽ പ്രകടനമാണെങ്കിലും, അവരുടെ കഴിവുകളും ആശ്രിതത്വവും അവികസിതരാജ്യത്തെ അധികാരമില്ലാത്ത ഏതൊരു സ്ത്രീക്കും തുല്യമാണ്. **അവർ ശരിക്കും സ്ത്രീശാക്തീകരണത്തിന്റെ ഒരു മാതൃകയാണോ?** ഒരു കൂറ്റൻ അന്താരാഷ്ട്ര മില്യൺ ഡോളർ ബിസിനസ്സ് സാമ്രാജ്യത്തിന്റെ മുകളിൽ ഇരിക്കുന്നതല്ലാതെ, അത്തരം അവകാശവാദത്തിന് യഥാർത്ഥത്തിൽ അടിസ്ഥാനമുണ്ടോ?

## *f. സാർവത്രികപിതൃത്വത്തിലേക്കുള്ള ഉണർവ്:-*

അവസാനമായി, അവരുടെ പ്രസംഗത്തിൽനിന്നുള്ള മറ്റൊരു വൈരുദ്ധ്യത്തോടെ നമുക്കവസാനിപ്പിക്കാം: *ലോകത്തിലെ മിക്ക കുറ്റകൃത്യങ്ങളും കൊലപാതകങ്ങളും ചെയ്യുന്നത് പുരുഷന്മാരാണെന്നും സ്ത്രീകളല്ലെന്നും സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നു. ശരി, എന്താണ് അവരുടെ പരിഹാരം? സ്ത്രീകളും പുരുഷന്മാരും പരസ്പരം സഹകരിക്കാനും പിന്തുണയ്ക്കാനും തുടങ്ങിയാൽ സംഘർഷങ്ങളും യുദ്ധങ്ങളും, ഇന്ന് ലോകത്തിലെ എല്ലാ കഷ്ടപ്പാടുകളും സമാധാനത്തിന്റെ അഭാവവും മിക്കവാറും കുറയും.* പരസ്പരമോ? സ്ത്രീകൾ നൂറ്റാണ്ടുകളായി സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു, എന്നിട്ടും യുദ്ധങ്ങൾ തുടരുന്നു! A ദശലക്ഷക്കണക്കിന് ആളുകളെ ആലിംഗനം ചെയ്യുകയും

അനുഗ്രഹിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും, അതിനുശേഷം ലോകത്ത് എന്തെങ്കിലും മാറിയിട്ടുണ്ടോ? അതിനാൽ, പുരുഷന്മാരെ മാറ്റാൻ സ്ത്രീകൾ എന്താണ് ചെയ്യേണ്ടത്? കൊല്ലുന്നത് പുരുഷരാണെങ്കിൽ, അത് നിർത്തേണ്ടതും അവർ തന്നെയല്ലേ! ആത്യന്തികമായി നമ്മൾ ലക്ഷ്യമിടേണ്ടത് പുരുഷന്മാരെയാണ്. അവർക്ക് ഒരു യഥാർത്ഥ പ്രസംഗം നടത്താൻ താല്പര്യമുണ്ടെങ്കിൽ, അവർ സാർവത്രിക പിതൃത്വത്തിന്റെ ഉണർവിനെ കുറിച്ചാണ് സംസാരിക്കേണ്ടത്. എന്നാൽ പല പുരുഷന്മാരും, പ്രത്യേകിച്ച് പാശ്ചാത്യ സമൂഹങ്ങളിൽ, ഈ ആവശ്യമായ വികസനത്തിൽ ഇതിനകം തന്നെ മുന്നിലാണ്. എന്തായാലും, സ്ത്രീകളെ മഹത്വവത്കരിക്കുന്നതായി പറയപ്പെടുന്ന എന്നാൽ യഥാർത്ഥത്തിൽ ഒരു സമൂഹത്തിന്റെ പുരുഷാധിപത്യ സ്റ്റീരിയോടൈപ്പുകളുടെ ഒരു ശേഖരമായ ഈ പ്രഭാഷണം മുറുകെപ്പിടിക്കുന്ന ഒരുപാട് പുരുഷന്മാരെ ഒന്നും എനിക്കറിയില്ല.

> കടപ്പാട്: അധ്യായം പ്രധാനമായും "എംബെസെല്ലിംഗ് ദെ വേൾഡ് (Embezzling The World)[342]" ബ്ലോഗിനെ അടിസ്ഥാനമാക്കിയാണ്. തീർച്ചയായും, പോസ്റ്റിന്റെ അഭിപ്രായങ്ങൾ ഞാൻ പൂർണ്ണമായും യോജിക്കുന്നില്ലെങ്കിലും പ്രതിഫലനങ്ങൾ പ്രസക്തമാകുമ്പോൾ അവ അവഗണിക്കാൻ ഒരു കാരണവുമില്ല.

# V. ഒന്നാം ഭാഗത്തിന്റെ ഉപസംഹാരം

എന്റെ ഈ അനുഭവസാക്ഷ്യം എഴുതിത്തുടങ്ങിയ കാലത്ത് ഞാൻ അബദ്ധധാരണകളിൽനിന്ന് മുക്തനായിരുന്നില്ല, എന്നു മാത്രമല്ല A യ്ക്കുവേണ്ടി

മുടന്തൻ ന്യായങ്ങൾ കണ്ടെത്തുവാനും മടിച്ചില്ല. എന്നിരുന്നാലും വഞ്ചന, ഉപജാപം, അതിക്രമം, ലൈംഗികവൈകൃതങ്ങൾ, സാമാന്യത എന്നിവയുടെ ധാരാളം തെളിവുകൾ അവതരിപ്പിക്കുകയും വിവരിക്കുകയും ചെയ്യുന്നതിലൂടെ ഈ കെട്ടുകഥ ചെറുതായെങ്കിലും വിശ്വസിക്കുക എന്നത് അസാധ്യമായിത്തീർന്നു. അതുകൊണ്ടുതന്നെ ഈ കഥപറച്ചിലിൽ പലയിടങ്ങളിലും ഞാൻ ഒരു ദോഷൈകദൃക്കായോ പരുഷമായോ കാണപ്പെടുകയാണെങ്കിൽ അത് ഈ തെളിവുകളുടെ മുമ്പിൽ ഒരു കെട്ടുപാടുകളും തടസ്സമല്ലാത്തതുകൊണ്ടാണ്. എന്റെ പ്രിയപ്പെട്ട ഓർമ്മകൾ മാറ്റിവച്ച്, പ്രത്യേക പരിഗണനയില്ലാത്ത നിർവ്വികാരവും വിരസവുമായ അഭിപ്രായങ്ങൾ മാത്രമേ എഴുതിയിട്ടുള്ളൂ. കാരണം പൊതുനന്മ സംരക്ഷിക്കുകയും സേവിക്കുകയും ചെയ്യുക എന്നതാണ് പരമപ്രധാനം. തെറ്റുകൾ ഒരു ശിക്ഷയ്ക്കും വിധേയമാകാതെ ആവർത്തിക്കുകയും എന്നാൽ ചെയ്ത കുറ്റകൃത്യങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുക്കുക എന്നത് അജണ്ടയിൽപ്പോലും ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ അത് ഫലത്തിൽ അരോചകവും തീർത്തും അസഹനീയവും ആയിത്തീരുന്നു.

എന്റെ ഈ അനുഭവസാക്ഷ്യം സ്വതന്ത്രവും തന്നിഷ്ടപ്രകാരം ഉള്ളതുമാണ്. ഇത് ഗെയിലിന്റെ സാക്ഷ്യത്തെ പിന്തുണയ്ക്കുന്ന ഒന്നായിരിക്കും. അവർ A യ്ക്കുവേണ്ടി ജോലിചെയ്യുമ്പോഴും അവിടെനിന്ന് പിരിഞ്ഞുപോയതിനുശേഷവും ഞങ്ങൾ ഒരുപാടുതവണ സുദീർഘങ്ങളായ സംഭാഷണങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. അവർ എന്താണെന്നും കടന്നുവന്ന അനുഭവങ്ങൾ എന്തൊക്കെ ആണെന്നും എനിക്കു നന്നായി അറിയാം. തന്റെ അനുഭവങ്ങൾ ഒരാൾ തുറന്നു പറയുന്നതുകൊണ്ട് അയാൾ ഒരിക്കലും അസ്വസ്ഥനോ ദുഷ്ടനോ പ്രതികാരദാഹിയോ ആവുന്നില്ല. എനിക്കറിയാം, ഞങ്ങളുടെ സാക്ഷ്യങ്ങൾ അസ്വസ്ഥത

ഉളവാക്കുന്നവയാണ്, എനിക്കതിൽ വിഷമമുണ്ട്. പക്ഷേ ഇത്തരം കാര്യങ്ങൾ കണ്ടുനിൽക്കേണ്ടിവന്നതിലും അനുഭവിക്കേണ്ടിവന്നതിലും അതിലേറെ ദുഃഖമുണ്ട്. ഈ സാക്ഷ്യപ്പെടുത്തലിനൊടുവിൽ തീർച്ചയായും ഗെയിലിന്റെ പുസ്തകത്തിനുശേഷം അവർ വിധേയയായപോലുള്ള ഔദ്യോഗികമായ അപകീർത്തിപ്പെടുത്തലിലൂടെയും ചോദ്യം ചെയ്യലിലൂടെയുമൊക്കെ ഞങ്ങൾ കടന്നുപോകേണ്ടി വരും[343]. അതുകൊണ്ടുതന്നെ ആരാണിത് വിനോദത്തിനായി ചെയ്യുക? ബഹുമാനിച്ചും പ്രശംസിച്ചും പുസ്തകം എഴുതണം എന്നുതന്നെയാണ് എന്റെയും ആഗ്രഹം, പക്ഷേ തീയില്ലാതെ പുക ഉണ്ടാവില്ലല്ലോ. റിലേഷണൽ ഇന്റലിജൻസ് എന്നാൽ നമുക്കറിയാവുന്നതുപോലെ കാര്യങ്ങൾ നല്ല രീതിയിൽ അവസാനിപ്പിക്കുക എന്നതുകൂടിയാണ്. എന്നാൽ A യ്ക്ക് ഇതിൽ എന്തെങ്കിലും കഴിവുണ്ട് എന്ന് എനിക്ക് തോന്നുന്നില്ല. എല്ലാം കറുപ്പോ വെളുപ്പോ ആകണമെന്ന് നിർബന്ധം പിടിക്കുന്നില്ല, പക്ഷേ ഞാൻ വിനയത്തിലും ഉത്തരവാദിത്വത്തിലും വിശ്വസിക്കുന്നു. ആരും പരമാത്മാക്കളോ സർവ്വശക്തരോ അല്ല, എല്ലാവരും സ്വയം അവനവനെത്തന്നെ വിലയിരുത്തുന്നത് നല്ലതാണ്. ആത്മീയഗുരുക്കന്മാർപോലും വിമർശനങ്ങൾക്ക് അതീതരാകരുത്.

എന്നെ സംബന്ധിച്ചിടത്തോളം, ഞാൻ എന്നെത്തന്നെ പരിപാലിച്ചു, സുഖപ്പെടുത്തി, പുനഃസൃഷ്ടിച്ചു, സമൂഹത്തിലേക്ക് എന്നെ പുന:സംയോജിപ്പിച്ചു, പുതിയ തൊഴിലും നേടി.. ഇരുപത്തിയേഴുവർഷങ്ങൾക്കിപ്പുറം, എന്റെ വേദനാജനകമായ ഭൂതകാലത്തെയും അതിലെ പ്രധാന കഥാപാത്രത്തെയും നിസ്സംഗതയോടെ നോക്കിക്കാണാനും, എനിക്കും മറ്റു കഥാപാത്രങ്ങൾക്കും അർഹിക്കുന്ന ബഹുമാനം കൊടുത്തുകൊണ്ട് സമചിത്തതയോടെ സംസാരിക്കാനും സാധിക്കുന്നുണ്ട്. ബഹുമാനം എന്നുള്ളതുകൊണ്ട് അലിവുകാട്ടുക എന്നോ

ആനുകൂല്യം കാട്ടുക എന്നോ അർത്ഥമാക്കുന്നില്ല. ഞാൻ എന്റെ വാക്കുകൾ അളന്നുമുറിച്ചാണ് ഉപയോഗിക്കുന്നത്. കാരണം ഇക്കാര്യത്തിൽ ആനുകൂല്യം കാട്ടുക എന്നുപറഞ്ഞാൽ അത് കുറ്റം ചെയ്യുന്നതിനും കുറ്റത്തിൽ പങ്കുചേരുന്നതിനും തുല്യമാകും. അതെ, കാര്യം ആധികാരിതയ്ക്കും ബാധകമാണ്. A യെ കണ്ടുമുട്ടുന്നതിനുമുമ്പ് എന്റെ ജീവിതത്തിന്റെ ഭാഗമായിരുന്ന കർക്കശമായ സത്യസന്ധത ഇന്നും എന്നോടൊപ്പം തുടരുന്നു. ഞാൻ സംസാരിക്കാൻ ഇത്രയുംകാലം കാത്തിരുന്നെങ്കിൽ, അത് മറ്റു ക്രിയാത്മകമായ കാര്യങ്ങളിൽ ഏർപ്പെട്ടതുകൊണ്ട് മാത്രമല്ല, മറിച്ച് എന്റെ വാക്ക് കഴിയുന്നത്ര സന്തുലിതമായും നിഷ്പക്ഷവും നീതിയുക്തവുമായും നിലനിർത്തുന്നതിനുവേണ്ടി കൂടിയായിരുന്നു.

ആത്മീയമായി ദരിദ്രരായവരുടെ സേവനത്തിലാണ് താനെന്നാണ് A എന്നും അവകാശപ്പെടുന്നത്. ഇവിടെ ദരിദ്രർ എന്ന പദംകൊണ്ട്, വിദ്യാഭ്യാസമില്ലാത്ത, വൈദഗ്ദ്ധ്യമില്ലാത്ത, അടിസ്ഥാനപരമായ ഒന്നിനെക്കുറിച്ചും ഗ്രാഹ്യമില്ലാത്ത ആളുകൾ എന്നാണ് A ഉദ്ദേശിച്ചത് എന്നാണ് ഞാൻ മനസ്സിലാക്കിയത്. ഒറ്റനോട്ടത്തിൽ അവരുടെ സമീപനം ഉദാരവും അനുകമ്പയുള്ളതുമായി തോന്നും. പക്ഷേ, അതൊരു തന്ത്രമാണ്, കാരണം അത് ഒരാളെ അവരുടെ കളിപ്പാവയാക്കുന്നു; അത് അയാളെ അവരുടെ ആളുകളോട് അടുപ്പിക്കുന്നു; പിന്നീടയാളെ അവർ അതിവിദഗ്ദ്ധമായി ചൂഷണം ചെയ്യുന്നു. അവരുടെ വ്യക്തിത്വപ്രശ്നങ്ങൾ നോക്കാതെ, അവരുടെ ഉപദേശത്തെ (അവരുടെ സത്സംഗങ്ങൾ മെച്ചപ്പെടുത്താൻവേണ്ടി 002 നിരന്തരമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് എന്നാൽപ്പോലും സമീപിച്ചാൽ അവരുടെ അധ്യാപനത്തിന്റെ നിലവാരം മനസ്സിലാക്കാൻ സാധിക്കും.

ഇന്ത്യ എന്നാൽ ഒരു ഗുരുവിന്റെ ആശ്രമം മാത്രമാണെന്ന് തെറ്റിദ്ധരിക്കാതെ കുറച്ചുകൂടെ വിവേകത്തോടെ വിദേശഭക്തർ *ഇന്ത്യയെ* സമീപിക്കേണ്ടിയിരിക്കുന്നു എന്ന് ഞാനും കരുതുന്നു. ഗുരു, ഇന്ത്യ, ആശ്രമം ഇത് മൂന്നും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. എങ്കിലും എനിക്ക് ഇവയെ എപ്പോഴും വേർതിരിച്ചു കാണാൻ കഴിയാറുണ്ട്. ഇന്ത്യയുടെ സംസ്കാരം എന്നാൽ ഏതാനും ആശ്രമവാസികളുടെ ആശയങ്ങളും പ്രവർത്തനങ്ങളും മാത്രമല്ല. പന്ത്രണ്ടുവർഷത്തോളം ഈ രാജ്യത്ത് താമസിച്ച ഒരാൾ എന്ന നിലയിൽ ഇതിന്റെ സംസ്കാരവും ആത്മാവും ഏറെക്കുറെ എനിക്കു പരിചിതമാണ്, ഞാൻ ഇതിന്റെ പ്രതിഭയെ തിരിച്ചറിയുകയും ഇതിന്റെ ശക്തിദൗർബല്യങ്ങൾ കാണുകയും ചെയ്തിട്ടുണ്ട്. ഞാൻ, ഞാൻ തന്നെ ആയിരുന്നുകൊണ്ട് ഈ രാജ്യത്തെ സ്നേഹിക്കുന്നു. ഇതിന്റെ സമ്പന്നമായ തത്വചിന്തയും ആത്മീയതയും, ഇതിലെ ആകർഷണീയരായ നിവാസികളും, എന്നെ ഇവിടെ ചേർത്തുനിർത്തുന്ന ചില ബന്ധങ്ങളുമാണ് അതിനു കാരണം. അതേസമയം ചില കാര്യങ്ങൾ എന്നെ വല്ലാതെ അലോസരപ്പെടുത്തുകയും ചെയ്യുന്നു; ലളിതമായ കാര്യങ്ങളിലെ സങ്കീർണ്ണത, അഴിമതി, എപ്പോഴും ആളുകൾ എന്തു പറയും എന്ന ചിന്ത, സ്വകാര്യതയെക്കുറിച്ചുള്ള അറിവില്ലായ്മ, ലൈംഗികകാര്യങ്ങളിലെ അമിതമായ ആശങ്ക, പലപ്പോഴും വഴിപിഴച്ചുപോകുന്ന ആത്മീയത എന്നിവയാണവ. എന്നിരുന്നാലും ഇന്ത്യ എന്നാൽ സമ്പന്നവും ആകർഷകവുമാണ്.

എന്നിരുന്നാലും എന്നെ ഇന്നും പ്രചോദിപ്പിക്കുന്നതും, ഏതൊരു സാധകനെയും മുന്നോട്ടുനയിക്കേണ്ടതുമായ ഭാരതീയാത്മീയതയുടെ യഥാർത്ഥ സവിശേഷതകളായ അവബോധത്തിനായുള്ള ഉൾവിളി, ഈ നിമിഷത്തിന്റെ പ്രാധാന്യം, അനുകമ്പ, പരസേവനം എന്നിവ ഏതൊരു ആത്മാന്വേഷണത്തിന്റെയും കേന്ദ്രബിന്ദുവായി കാണപ്പെടുന്നു. ഒരു ആത്മീയാന്വേഷകൻ എന്ന നിലയിൽ, പരിണാമത്തിന്റെ വിവിധ ഘട്ടങ്ങളിൽ,

*ഉത്തരവാദിത്വബോധത്തെ ശാക്തീകരിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുന്ന ഒരു അവബോധത്തെ* പിന്തുണയ്ക്കുന്നതിന് കൂടുതൽ പരിചയസമ്പന്നരായ ആത്മീയഗുരുക്കന്മാരുടെ മാർഗ്ഗനിർദ്ദേശം നമുക്കാവശ്യമാണ്. എന്നാൽ അതൊരിക്കലും നമ്മെ പിന്നോട്ടുനയിക്കുന്ന മാതൃകകളോ നിഗൂഢവൈകാരികത പ്രകടിപ്പിക്കുന്ന പിതാക്കന്മാരോ അമ്മമാരോ ആവരുത്. പ്രത്യേകിച്ച് ഭക്തന്മാർ എപ്പോഴും അവരുടെ വിശ്വാസം സംരക്ഷിക്കാനും ഗുരുക്കന്മാരുടെ ഹീനമായ പ്രവൃത്തികൾപോലും ന്യായീകരിക്കാനും യുക്തിസഹമാക്കാനുമാണ് പരിശ്രമിക്കുന്നത് എന്നതുകൊണ്ട്. യാന്ത്രികമായ ഈ ന്യായീകരണത്തിന് ഒരു പരിധിയും ഉണ്ടാവില്ല. എല്ലാ സാമാന്യബുദ്ധിയെയും ഗ്രാഹ്യത്തെയും ധിക്കരിക്കാൻ പോന്നവയാകുമത്. മാത്രമല്ല, ആത്മീയമായി പക്വതയില്ലാത്ത ഭക്തരാൽ ചുറ്റപ്പെട്ട ഗുരുക്കന്മാർ സ്വയം അപകടത്തിലാകും, കാരണം അവർക്ക് അവരെ എതിർക്കാനും അവരുടെ നാഴികക്കല്ലുകൾ ഓർമ്മിപ്പിക്കാനും തെറ്റുകൾ ചൂണ്ടിക്കാണിക്കാനും അവരുടെ ഭൂമികയിലെ ചതിക്കുഴികളിൽനിന്ന് അവരെ കാത്തുസൂക്ഷിക്കാനും ആരുമുണ്ടാവില്ല.

ആത്മാർത്ഥത, നിരന്തരമായി ചോദ്യം ചെയ്യപ്പെടുന്ന ധാർമ്മികത, സത്യത്തോടുള്ള ബഹുമാനം, സമർപ്പണത്തോടുള്ള സത്യസന്ധത എന്നീ സദ്ഗുണങ്ങൾ ആത്മീയാന്വേഷികൾക്ക് മാത്രമല്ല, പൊതുവെ എല്ലാ ഗുരുക്കന്മാർക്കുംകൂടെ ബാധകമാക്കണം. എന്നെ സംബന്ധിച്ചിടത്തോളം, എന്റെ ഹൃദയത്തിലും ആത്മാവിലും ഉടലിലും കുടികൊണ്ടിരുന്ന ഒരാളുടെ ആഴത്തിലുള്ള വൈരുദ്ധ്യങ്ങൾ ഞാൻ അനുഭവിച്ചിട്ടുണ്ട്. ഒരുപാടു തെറ്റുകൾ ചെയ്യുന്നതിനാൽ പതിവായി അവർ കാപട്യത്തിലേക്കും വൈരുദ്ധ്യങ്ങളിലേക്കും അവ്യക്തതയിലേക്കും നിർഭാഗ്യവശാൽ വഞ്ചനാപരവും

അധാർമികവും ദുഷിച്ചതുമായ പെരുമാറ്റത്തിലേക്കും വീണുപോകുന്നു.

ഇപ്പൊ നിങ്ങൾക്ക് മനസ്സിലായിക്കാണും ഞാൻ എന്തുകൊണ്ടാണ് "അമ്മ" എന്നോ "അമൃതാനന്ദമയി" എന്നോ അവരെ സംബോധന ചെയ്യാതെ A എന്നുമാത്രം പറയുന്നതെന്ന്. അസാധാരണമാംവിധം ദുരുപയോഗം ചെയ്യപ്പെടുന്ന തെറ്റുകളും പിശകുകളും വൈകല്യങ്ങളും ഉള്ള ഒരാളെ ഇത്ര പരിപാവനമായ ഒരു പേരുവച്ച് അഭിസംബോധന ചെയ്യുന്നത് എത്ര ലജ്ജാവഹമാണ്. തീർച്ചയായും അവർക്ക് ഗുണങ്ങളും അഭിരുചികളും ഇല്ലെന്നല്ല. മാത്രമല്ല, ബംഗാളിൽനിന്നുള്ള മാ ആനന്ദമയിയുടെ പേരിൽനിന്നും വസ്ത്രത്തിൽനിന്നും പ്രചോദനം ഉൾക്കൊണ്ട് A സ്വീകരിച്ച പേരും വെളുത്ത വസ്ത്രവും അവരുടെ കാര്യത്തിൽ എന്തുകൊണ്ടും അനുചിതമാണ്. ഒളിക്കാനും മറയ്ക്കാനും പിന്നണിയിൽ ഒരുപാട് കാര്യങ്ങൾ ഉള്ളതിനാൽ, സാധന അനുഭവങ്ങളിൽ ചില ഉപരിപ്ലവമായ സമാനതകൾ ഉണ്ടെങ്കിൽപ്പോലും അവരെ മാ ആനന്ദമയിയുമായോ ശ്രീരാമകൃഷ്ണ പരമഹംസരുമായോ ഭക്തിയുടെ വിഷയത്തിൽ സ്വാമി രാംദാസുമായോ തുലനം ചെയ്യുകപോലും സാധ്യമല്ല. A യുടെ ആശ്രമത്തിലെ ഇന്ത്യൻസ്വാമിമാരുടെ (സഹോദരന്മാരുടെ) കൂടെ ചേർന്ന മറ്റ് ആദ്യകാല പാശ്ചാത്യരെപ്പോലെ, തുടക്കത്തിൽ ആ അതികായരുമായി അവരെ താരതമ്യം ചെയ്തുതുടങ്ങുന്നതിന് ഞാനും ഭാഗഭാക്കായി എന്നത് ഞാൻ ഇന്നും പശ്ചാത്തപിക്കുന്ന ഒരു തെറ്റാണ്. അവരെ ബുദ്ധൻ, യേശു (ആ പേര് പറയാതിരിക്കാൻ ശ്രദ്ധിച്ചുകൊണ്ടുതന്നെ)[344], കൃഷ്ണൻ തുടങ്ങിയവരുമായി താരതമ്യം ചെയ്യാൻ സംഘടന ചെയ്യുന്ന കാര്യങ്ങൾ വെറും പരിഹാസ്യമാണ്.

ഈ കാര്യത്തിൽ ബുദ്ധമതം നമ്മെ പഠിപ്പിക്കുന്നത് ഹിന്ദുമതത്തെക്കാൾ വ്യക്തമാണ്: അവിടെ എല്ലാ പ്രതിബന്ധങ്ങൾക്കും മറുപടി കരുണയും ദയയും

ആകുന്നു. എന്നെ ഈ സാക്ഷ്യം എഴുതാൻ പ്രേരിപ്പിക്കുന്നതും മറ്റുള്ളവരോടുള്ള ഇതേ കരുണയും ദയയുമാണ്; അതായത് ഈ വഞ്ചനയുടെ ഇരയായവരോടും ഇനി ഇരയായേക്കാം എന്നുള്ളവരോടുമുള്ള കരുണയും ദയയും. അതേസമയം എന്റെ പഴയ ഗുരുവിനായി ധർമ്മത്തിന്റെ മറ്റൊരു വശം മാത്രമേ ഞാൻ തൽക്കാലം കരുതിവയ്ക്കുകയുള്ളൂ. അത് സത്യം, സത്യസന്ധത, വിശ്വാസ്യത, സുതാര്യത, ഉത്തരവാദിത്വം എന്നിവയോടുള്ള എന്റെ കർക്കശമായ അനുവർത്തനമാണ്. എന്നാൽ അവരോട് നിഷേധാത്മകവികാരങ്ങൾ വച്ചുപുലർത്തുന്നില്ലെന്ന് ഞാൻ ഇവിടെ ആവർത്തിക്കുന്നു. എന്നാൽ അതെന്നെ സത്യസന്ധമായി സംസാരിക്കുന്നതിൽനിന്നും എന്റെ മൂല്യങ്ങൾ എന്നും ഉയർത്തിപ്പിടിക്കേണ്ടതിൽനിന്നും മാറ്റിനിർത്തുന്നില്ല താനും. എന്നെ അവരുടെ അടുത്തെത്തിച്ച അതേ മൂല്യങ്ങൾ എന്നെ അവരോടൊപ്പം തുടരാനും, ഒടുവിൽ അവിടെനിന്ന് പിരിഞ്ഞുപോരാനും സഹായിച്ചു. ഒരു വ്യവസ്ഥിതിയായി നിന്നുകൊണ്ട് തെറ്റിദ്ധരിപ്പിക്കാൻ ചെയ്യുന്ന പ്രവൃത്തികൾക്കുനേരെ കണ്ണടച്ചുകൊണ്ട്, അതും എല്ലാത്തരം വൈകൃതങ്ങൾക്കും മോശമായ പെരുമാറ്റത്തിനും സാക്ഷിയായി, നമ്മുടെ വിശ്വാസത്തെയും അതിന്റെ സ്വപ്നതുല്യമായ ആഖ്യാനത്തെയും സംരക്ഷിക്കാൻ കഴിയില്ലെന്ന് അംഗീകരിക്കുവാനുള്ള ധൈര്യം നമുക്കുണ്ടാവണം.

ഗുരുക്കന്മാരുടെ അപഭ്രംശം, ഗുരു-ശിഷ്യബന്ധത്തിലെ വൈകൃതങ്ങൾ, ഇന്ത്യയുടെ ഗുരുതത്വത്തിന്റെ ജീർണ്ണത എന്നിവയുടെ നിരവധി ഉദാഹരണങ്ങളുണ്ട്. പലപ്പോഴും ഇത്തരം കോമാളികഥാപാത്രങ്ങളെ പരമാനന്ദത്തോടെ പിന്തുടരാൻ ലക്ഷക്കണക്കിന് ആളുകൾ തയ്യാറാണെന്നതും, അസഹനീയമായ അധിക്ഷേപം ശ്രദ്ധിക്കാതെ അവർക്ക് എങ്ങനെയാണ് ഈ വിഡ്ഢിക്കഥകൾ കേട്ടിരിക്കാൻ കഴിയുന്നതെന്നതും

അമ്പരപ്പിക്കുന്നതാണ്. ഇന്ത്യ അതിന്റെ പ്രാഥമികവും പ്രാചീനവുമായ ധർമ്മത്തിലേക്ക് മടങ്ങേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അടുത്ത അധ്യായങ്ങളിൽ ഞാൻ ഇത് കൂടുതൽ വിശദമായി ചർച്ച ചെയ്യാം. അടിസ്ഥാനപരമായി, ഒരു ഗുരു പ്രതിനിധാനം ചെയ്യേണ്ടത് ഉപനിഷത്തുക്കളുടെ പരമ്പരാഗതമായ അദ്ധ്യാപനമാണ്, ഏതെങ്കിലും തരത്തിലുള്ള കാല്പനികവ്യാഖ്യാനമോ വിചിത്രമായ അനുരൂപീകരണമോ അല്ല. സ്വയം ഒരു മാതൃകയായി അദ്ദേഹം അത് കൈമാറണം. ഒരു ഗുരുവുമായി ഇടപഴകുന്നതിനുമുമ്പ് ആത്മീയാന്വേഷകർ അടിസ്ഥാനകാര്യങ്ങളിൽ സ്വയം ബോധവത്കരിക്കണം; അതുവഴി ഗുരു ധർമ്മത്തിൽനിന്ന് വ്യതിചലിക്കുകയാണെങ്കിൽ അവരെ നിരസിക്കാനുള്ള കഴിവ് അവർക്കുണ്ടാകും.

വിവിധ മതവിഭാഗങ്ങളെക്കുറിച്ചു പഠിക്കുന്ന UNADFI, MIVILUDES എന്നീ രണ്ട് ഫ്രഞ്ച് സംഘടനകളുടെ പട്ടികയിൽ A യുടെ സംഘടന ഇല്ലെന്നത് അതിശയകരമാണ്. 2014 മുതലുള്ള ഇന്ത്യൻ ദിനപത്രങ്ങളിൽനിന്നുള്ള വിവിധ ലേഖനങ്ങൾ ഉൾക്കൊള്ളുന്ന ഒരു PDF പോലും UNADFI യുടെ പക്കലുണ്ട്, അതിൽ ഗെയയിലിന്റെ പുസ്തകത്തെയും അവരുടെ പരാമർശങ്ങളെയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നിട്ടും ഈ സംഘടനകൾക്കുള്ളിൽ ആരും അവരുടെ പുസ്തകത്തിലെ ഉള്ളടക്കം സംശയാസ്പദവും ഭയാനകവുമാണെന്ന് കരുതുന്നില്ല. A യുടെ പ്രവർത്തനങ്ങളുടെ സാമൂഹികവും മാനുഷികവുമായ ഘടകം മറ്റു കാര്യങ്ങൾക്കുനേരെ കണ്ണടയ്ക്കാൻ അവരെ പ്രേരിപ്പിച്ചിട്ടുണ്ടാകാം. ലാ-ലാ ഭൂമിയിലെ ടെലിറ്റബ്ബികളെപ്പോലെ, ആലിംഗനങ്ങളിലും ചുംബനങ്ങളിലും പാവകളിലും മയങ്ങി ആളുകൾ അവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് ആഴത്തിൽ ചിന്തിക്കാതെ പോകുന്നു. മധുരമായി പെരുമാറുന്നതുകൊണ്ട് അവരെ സംശയത്തിന്റെ

നിഴലിൽനിന്ന് ഒഴിവാക്കരുത്; സാമൂഹികപ്രവർത്തനം പുറത്തു പരസ്യപ്പെടുത്തുന്ന ഒരു മറ മാത്രമാണ്. ഒരു ബ്ലോഗിന് ഈ വിഷയത്തിൽ അതിന്റേതായ സിദ്ധാന്തമുണ്ട്: ഫ്രഞ്ച് പശ്ചാത്തലത്തിൽ, അത് ചിലപ്പോ ഫ്രഞ്ച് വിദേശനയത്തെക്കുറിച്ചായിരിക്കാം[345].

പ്രസ്ഥാനത്തിൽനിന്ന് പുറത്തുപോകുന്നവർ നിശ്ശബ്ദത പാലിക്കുന്നത് ബ്ലോഗർ ശ്രദ്ധിക്കുന്നു: "*മുൻഭക്തർ നിശ്ശബ്ദരായി പ്രസ്ഥാനം വിട്ടുപോകുന്നത് ദൗർഭാഗ്യകരമായി തോന്നിയതിനാലാണ് മറ്റു കാര്യങ്ങൾക്കിടയിലും ഞാൻ ഈ ബ്ലോഗ് നിർമ്മിച്ചത്. ഞാൻ A യുടെ അടുത്തെത്തുന്നതിനുമുമ്പെ, ആത്മാർത്ഥമായ, വ്യക്തിപരമായ സാക്ഷ്യങ്ങൾ കണ്ടെത്തിയിരുന്നെങ്കിൽ അതെന്നെ അന്ന് വളരെയധികം സഹായിച്ചേനെ. ഇംഗ്ലീഷിൽ ധാരാളം കാര്യങ്ങൾ പ്രചരിക്കുന്നുണ്ട്. പക്ഷേ അഭിനന്ദനങ്ങളല്ലാതെ, ഫ്രഞ്ച് ഭാഷയിൽ അവരെക്കുറിച്ച് ബദൽവിവരങ്ങളൊന്നും ലഭ്യമല്ല. അജ്ഞാതരായോ സ്വകാര്യമായോ ആണെങ്കിൽപ്പോലും ഇപ്പോൾ ആളുകൾ സംസാരിച്ചു തുടങ്ങിയിരിക്കുന്നു എന്നത് നല്ല കാര്യമാണ്. സ്നേഹം പ്രചരിപ്പിക്കുന്നു എന്ന് അവകാശപ്പെടുന്ന ഒരാൾ എങ്ങനെയാണ് ഇത്രയധികം ഭയം ഉണർത്തുന്നത് എന്നത് ആശ്ചര്യകരമാണ്*". തീർച്ചയായും, ഗെയിൽ തന്നെ പറയുന്നതുപോലെ, പ്രത്യേകിച്ച് ഇന്ത്യയിൽ, പ്രസ്ഥാനത്തിൽനിന്ന് പുറത്തുപോകാനോ അതിനെ വിമർശിക്കാനോ ധൈര്യപ്പെടുന്ന വ്യക്തികൾക്ക് ആശങ്കയുണ്ട്, അവരുടെ കുടുംബാംഗങ്ങളെ സംഘടന ഭയപ്പെടുത്തപ്പെടുന്നു. അധ്യായം III.8.f-ലെ സാക്ഷ്യപത്രങ്ങളുടെ തെരഞ്ഞെടുപ്പ് കാണുക.

"Neo-Hindu movements: controversies around the book of an ex-disciple of Mata Amritanandamayi"[346] എന്ന സ്വിസ് സൈറ്റായ റിലിജിയോസ്കോപ്പിന്റെ ഈ നിഷ്പക്ഷവും സന്തുലിതവുമായ വിശകലനം ശ്രദ്ധിക്കുക. ഈ

വെബ്സൈറ്റ് സമകാലികലോകത്തിലെ മതപരമായ ഘടകങ്ങളെക്കുറിച്ചുള്ള വിവരങ്ങളും വിശകലനങ്ങളും വാഗ്ദാനം ചെയ്യുന്നു. ചരിത്രകാരനും നിരവധി ലേഖനങ്ങളുടെയും പുസ്തകങ്ങളുടെയും[347] രചയിതാവായ ജീൻ-ഫ്രാങ്കോയിസ് മേയറിന്റേതാണ് ഇത്. ഈ സ്വതന്ത്ര സൈറ്റ് മതപരമായ വാർത്തകൾ മനസ്സിലാക്കുന്നതിനുള്ള സൂചനകൾ നൽകുന്നു.

ആത്മീയസാഫല്യം ആഗ്രഹിച്ചുവരുന്നവർക്ക് വഴി തെറ്റാതിരിക്കാനും സമയവും ഊർജ്ജവും നഷ്ടമാവാതിരിക്കാനുമുള്ള അടിസ്ഥാനകാര്യങ്ങൾ അടുത്തഭാഗത്തു പറയാൻ ശ്രമിക്കുന്നതാണ്. ഹൈന്ദവ ആത്മീയതയുടെ മഹത്വം, വ്യതിയാനം, പ്രത്യേകിച്ച് ഗുരു-ശിഷ്യബന്ധം, ഒരു ഗുരു എന്നാൽ എന്താണ്, ഗുരുവും ദൈവവുമായി ഉള്ള ബന്ധം എന്നിവയും ഇത് കൈകാര്യം ചെയ്യും. ഗുരു എന്ന സങ്കല്പം എങ്ങനെയാണ് ഉത്ഭവിച്ചതെന്നും അതെങ്ങനെ യുഗങ്ങളായി പരിണമിച്ച് ഇന്ന് നമുക്കറിയാവുന്ന രൂപത്തിലായി എന്നും നമുക്ക് നോക്കാം. വഴിതെറ്റിപ്പോകാതിരിക്കാൻ സാധ്യമായ സുരക്ഷാമാർഗ്ഗങ്ങൾ നമ്മൾ തയ്യാറാക്കും. വിവേചനം, സ്വതന്ത്രചിന്ത, ഉൾക്കാഴ്ച, അനുസരണം എന്നിവയ്ക്കിടയിൽ നിലനിൽക്കുന്ന ഉപരിപ്ലവമായ എതിർപ്പിനെക്കുറിച്ച് നമ്മൾ സംസാരിക്കും. ആത്മീയതയിൽ മികച്ച തുടക്കം ലഭിക്കുന്നതിന് അല്ലെങ്കിൽ കൂടുതൽ സന്തുലിതവും സമ്പുഷ്ടവുമായ ആത്മീയവികാസത്തിനും, നാം നമ്മുടെ സ്വന്തം മനസ്സിൽ കുടുങ്ങിപ്പോകാതിരിക്കാനും സൈക്കോതെറാപ്പിയുടെ ഗുണങ്ങളെക്കുറിച്ച് നമ്മൾ ചർച്ച ചെയ്യും. ചില വാക്കുകളെയും ആശയങ്ങളെയും കുറിച്ചുള്ള തെറ്റിദ്ധാരണകളും അതുപോലെതന്നെ ഹിന്ദുമതത്തിന്റെ ചില പ്രധാന തത്ത്വങ്ങളുടെ പതിവുവൈകൃതങ്ങളും നമ്മൾ ചർച്ച ചെയ്യുകയും വിശ്വാസത്തെക്കുറിച്ച് പരിചിന്തനം ചെയ്യുവാനുള്ള രൂപരേഖ തയ്യാറാക്കുകയും ചെയ്യും. “ഡീകൺവേർഷൻ (പരിവർത്തനം)” എന്ന

മനഃശാസ്ത്രത്തിന്റെ പ്രമേയത്തെ, അല്ലെങ്കിൽ വിശ്വാസങ്ങളെ ഉപയോഗപ്രദവും പ്രയോജനകരവുമായ രീതിയിൽ എങ്ങനെ മാറ്റാം എന്ന വിഷയം പറഞ്ഞുകൊണ്ട് നാം ഇത് ഉപസംഹരിക്കും. സമഗ്രമായതിൽനിന്ന് വളരെ അകലെയാണെങ്കിലും, ലഭ്യമായ വിവരങ്ങൾവച്ചുള്ള ഈ സമീപനം, ഹിന്ദുമതത്തിന്റെ അവിശ്വസനീയമാംവിധം സമ്പന്നമായ വനത്തിൽ തുടക്കം മുതൽ വഴിതെറ്റാതെ സ്വയം നയിക്കാൻ സാധകർക്ക് ഉപയോഗപ്രദമായ സൂചകങ്ങൾ നൽകണം. വഴിതെറ്റുകയോ തെറ്റിക്കുകയോ ചെയ്താൽ, ഈ സൂചകങ്ങൾ സാധകരെ അതിൽനിന്ന് പുറത്തുവരാൻ സഹായിക്കും.

# ഭാഗം II

അടിസ്ഥാനകാര്യങ്ങളിലേക്കുള്ള മടക്കം.

തെറ്റായ വഴികളിലേക്ക് നയിക്കപ്പെടാതെ ശരിയായ
പാതയിൽ തുടരാം

# VI 1. ആമുഖം- A യെ കണ്ടുമുട്ടുമ്പോൾ ഗംഗ ആരായിരുന്നു?

A യുമായി ചെലവഴിച്ച സമയമത്രയും നിസ്സംശയമായും എന്റെ ആത്മീയജീവിതത്തിന്റെ ഒരു പ്രധാന ഘട്ടമായിരുന്നു. ആമുഖത്തിൽ വിശദീകരിച്ചതുപോലെ, അവരെ കാണാൻ വരുമ്പോൾ, ആത്മീയപഠനങ്ങളിലും പരിശീലനങ്ങളിലും ഞാൻ പുതിയ ആളായിരുന്നില്ല. വർഷങ്ങളുടെ തീവ്രമായ അന്വേഷണത്തിലൂടെ ഞാൻ എന്നെത്തന്നെ നവീകരിച്ചുകൊണ്ടിരുന്നു. നിരവധി ഗുരുക്കന്മാരുടെയും മുതിർന്ന അന്വേഷകരുടെയും അടുത്തുള്ള പതിവുസന്ദർശനങ്ങളും എന്നെ എന്നും പ്രചോദിപ്പിച്ചിരുന്നു. A യുമായുള്ള എന്റെ കുറ്റമറ്റതല്ലാത്ത ശിഷ്യത്വത്തിനിടയിലും, മതവും വേദഗ്രന്ഥങ്ങളും വ്യാഖ്യാനങ്ങളും പഠിക്കാൻ ഞാൻ ഗണ്യമായ സമയം ചെലവഴിച്ചു. അത് എനിക്ക് ഉറച്ച അടിസ്ഥാനാശയങ്ങൾ നല്കുകയും എന്റെ അനുഭവങ്ങളെ ആപേക്ഷികമായി കാണാൻ എന്നെ സഹായിക്കുകയും ചെയ്തു. ആത്മീയതയിൽ ഏറെ മുന്നേറാൻ ഒരു ഗുരുവിനെത്തേടിയാണ് ഞാൻ A യുടെ അടുത്തെത്തുന്നത്. അവരുടെ സാന്നിധ്യത്തിൽ ഞാൻ തേടുന്നതെന്താണോ അതിന്റെ കാതൽ സ്വായത്തമാക്കാൻ എനിക്ക് ചെയ്യാനാവുന്നതെല്ലാം ചെയ്തു; ഒപ്പം സ്വയം പൊരുത്തപ്പെടാനും പരിണമിക്കാനും തയ്യാറായി. ഞാൻ അവരുടെ ഭാഷ പഠിക്കുക മാത്രമല്ല, അവരുടെ സംസ്കാരങ്ങൾ പാലിക്കുകയും സമന്വയിപ്പിക്കുകയും ചെയ്തു. ചില അവസരങ്ങളിൽ ഞാൻ അതീന്ദ്രിയമായ കാല്പനികഘട്ടത്തിലൂടെ കടന്നുപോയെങ്കിലും, എന്റെ ആത്മീയവും ബൗദ്ധികവുമായ ശിക്ഷണത്തിന്റെ ഉറച്ച

അടിത്തറയുമായുള്ള ബന്ധം എനിക്ക് ഒരിക്കലും നഷ്ടപ്പെട്ടിരുന്നില്ല.

അവരിൽനിന്ന് പഠിക്കാൻ എന്റെ യുക്തി എന്നെ അനുവദിച്ച അറ്റംവരെ ഞാൻ പോയി; എല്ലായ്പ്പോഴും നൈപുണ്യത്തോടെയോ വഴക്കത്തോടെയോ അല്ല, എന്റെ സ്വന്തം തത്വങ്ങളുമായി ആവശ്യത്തിലേറെ വിട്ടുവീഴ്ചകൾ ചെയ്തുകൊണ്ട്, അത് എന്നോടുതന്നെയുള്ള നെറികേട് ആകുന്നതുവരെ. അപ്പോഴേക്കും ആ രീതിയിൽ തുടരുന്നത് അസാധ്യമായിത്തീർന്നു. ഞാൻ വളർന്നുവന്ന സാഹചര്യങ്ങളിൽനിന്ന് വളരെ വ്യത്യസ്തമായ പാരമ്പര്യങ്ങളും അറിവുകളും സംസ്കാരങ്ങളും അംഗീകരിക്കാനും സ്വീകരിക്കാനും തയ്യാറായ തുറന്ന മനസ്സോടെയായിരുന്നു ഞാൻ വന്നത്. എന്നാൽ ഈ രീതിയിൽ പൊരുത്തപ്പെടുന്നതിനും പഠിക്കുന്നതിനും എത്രത്തോളം വിട്ടുവീഴ്ച ആവശ്യമാണെന്ന് നിർഭാഗ്യവശാൽ അവർക്ക് (ഒരുപക്ഷേ അന്നത്തെ എന്റെ ഇന്ത്യൻ സഹോദരീസഹോദരന്മാർക്കും) ഒരു സൂചനയും ഉണ്ടായിരുന്നില്ല. A അവരുടെ സ്വന്തം സാംസ്കാരികപശ്ചാത്തലത്തിലും പ്രതിച്ഛായയിലും കുടുങ്ങിക്കിടന്നു. സ്വയം നിർവ്വചിച്ച വേഷത്തിൽ അവരുടെ വ്യക്തിപരമായ യാത്ര തുടരുകയും അവിടെ നിന്നുകൊണ്ട് അവരുടെ ലോകം ഭരിക്കുകയും ചെയ്തു. ആ ലോകത്തിനപ്പുറം കാണാൻ അവർക്കു കഴിഞ്ഞതേയില്ല അല്ലെങ്കിൽ അവരത് ആഗ്രഹിച്ചില്ല. അവരെ സംബന്ധിച്ചിടത്തോളം ഞാനൊരു നിസ്സാരക്കാരനായിരുന്നു. വിവിധ സാംസ്കാരികപശ്ചാത്തലങ്ങളിൽനിന്ന് വന്നവർക്കെല്ലാം എന്നെപ്പോലെ അവരുടെ പശ്ചാത്തലവുമായി പൊരുത്തപ്പെടേണ്ടി വന്നു.

എനിക്ക് പഠിക്കാനും മനസ്സിലാക്കാനുമുള്ള തീവ്രമായ ജിജ്ഞാസയും താല്പര്യവും ഉണ്ടായിരുന്നു. അതെ, ഒരുപക്ഷേ ഞാൻ ബൗദ്ധികമായി കുറച്ചധികം

ഉത്തേജിതനായിരുന്നു, ഇതാണ് അവരുടെ അടുത്തേക്കുവരാൻ തുനിഞ്ഞതിന്റെ കാരണങ്ങളിലൊന്ന്. ഒരു വർഷംമുമ്പ് തിരുവണ്ണാമലയിൽവച്ച് സ്വന്തമായി മനസ്സിലാക്കി പരിശീലിച്ചുവന്നിരുന്ന ഭക്തിമാർഗ്ഗത്തിൽ പ്രേമം എന്നതുകൂടി കൂട്ടിച്ചേർക്കാൻ ഞാൻ ആഗ്രഹിച്ചു.

അറിവ് അഗാധമായ സമുദ്രമാണ്. ഒരാൾ അറിവ് നേടിത്തുടങ്ങുന്നതിന്റെ ലക്ഷണം അയാൾ അയാളുടെ അറിവില്ലായ്മയുടെ വ്യാപ്തി തിരിച്ചറിയുന്നതാണ്. ശരിയായ രീതിയിൽ അറിവു സമ്പാദിക്കുന്നതിലൂടെ ഒരാൾ വിനയാന്വിതനായി മാറുകയാണ് ചെയ്യുന്നത്. ഒരു യഥാർത്ഥബുദ്ധിശാലി തന്റെ അറിവിന്റെ വ്യാപ്തി എത്ര ആപേക്ഷികവും എളിമയുള്ളതുമാണെന്ന് തിരിച്ചറിയുന്നു. അതായത്, എന്റെ സംസ്കാരവും വിദ്യാഭ്യാസവും എന്നെ പഠിപ്പിച്ചത്, ഒരിക്കൽ പഠിച്ചതും ധ്യാനിച്ചതും ചർച്ച ചെയ്തതും പ്രത്യേക ആളുകളെ കണ്ടുമുട്ടിയതുമായ കാര്യങ്ങൾ മറച്ചുവയ്ക്കുകയോ അതിൽ കുറ്റബോധം തോന്നുകയോ ചെയ്യേണ്ട ആവശ്യമില്ലെന്ന ലളിതമായ വസ്തുതയാണ്. ഞാൻ ഇങ്ങനെയൊക്കെയായിരുന്നു. ഇക്കാര്യങ്ങൾ ഞാനിവിടെ വെളിപ്പെടുത്തുമ്പോൾ അത് വെറുമൊരു സാക്ഷ്യം മാത്രമല്ല. ഏതോ ഒരു അപരിചിതലോകത്ത്, ഒന്നുമറിയാതെ, സ്വന്തം സാംസ്കാരികപക്ഷപാതവുംകൊണ്ട് നൂൽ കെട്ടിയിറങ്ങിയ ഒരു നവാഗതനല്ല ഞാൻ, എന്ന് എന്റെ ഇന്ത്യൻ വിമർശകർ മനസ്സിലാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. എനിക്ക് നന്നായി അറിയാവുന്ന, പിന്തുടരുന്ന, ഇപ്പോഴും ആരാധിക്കുന്ന, സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന, ഇപ്പോഴും എന്നെ പരിപോഷിപ്പിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്ന ഒരു പാരമ്പര്യത്തിന്റെ കാതൽ, അതിനെ വിമർശിക്കാൻ ഞാൻ യോഗ്യനും അർഹനുമാണ്. ചോദ്യോത്തരങ്ങളിൽ അധിഷ്ഠിതമായ

ഒരു പാരമ്പര്യത്തിന് ആത്മപരിശോധനയിൽനിന്നും നവീകരണത്തിൽനിന്നും മാത്രമേ പ്രയോജനം ലഭിക്കൂ.

ആശ്രമത്തിൽനിന്ന് പുറത്തുപോയി എന്നുവച്ചാൽ; ഞാൻ ദൈവകൃപ നഷ്ടപ്പെട്ടവനാണെന്നോ, ആത്മീയമാർഗ്ഗത്തിൽനിന്ന് വ്യതിചലിച്ചവനാണെന്നോ അർത്ഥമില്ല. എന്റെ കാര്യത്തിൽ A പ്രചരിപ്പിക്കുന്ന അപവാദങ്ങൾ മറുത്തുചിന്തിക്കാതെ വിശ്വസിച്ചിരിക്കാവുന്ന എന്റെ പാശ്ചാത്യവിമർശകർ ഈ കാര്യം മനസിലാക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

A യുടെ അടുത്തേക്കുവരാൻ എന്നെ പ്രേരിപ്പിച്ച അതേ സാംസ്കാരികവും ദാർശനികവും ആത്മീയവുമായ പശ്ചാത്തലം തന്നെയാണ് എന്നെ അവിടെ താമസിക്കാനും ഒടുവിൽ അവിടം വിട്ടുപോകാനും പ്രേരിപ്പിച്ചത്. അതുതന്നെയാണ് അവരിൽനിന്നുള്ള ദൗർഭാഗ്യകരമായ അനുഭവങ്ങൾക്കിടയിലും ആത്മീയാന്വേഷണം തുടരാനും ഹിന്ദുസംസ്കാരത്തെയും പാരമ്പര്യങ്ങളെയും മതിക്കാനും എന്നെ സഹായിച്ചത്. തങ്ങളുടെ പ്രേക്ഷകരെ നിലനിർത്താനും കോപ്രായങ്ങൾ വിറ്റഴിക്കാനുംവേണ്ടി പല ഇന്ത്യൻ ആത്മീയനേതാക്കന്മാർപോലും അനുയായികളിൽനിന്ന് മറച്ചുവയ്ക്കുന്ന പാരമ്പര്യങ്ങളുടെ ആഴം ഈ പുസ്തകത്തിൽ എടുത്തുകാണിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. ജനങ്ങളുടെ പൊതുവായ പ്രവണതയ്ക്ക് വിരുദ്ധമായാലും ചോദ്യം ചെയ്യപ്പെടാത്തവയെ അസ്വസ്ഥമാക്കിയാലും വിശ്വാസനിർമ്മിതികളെ ഇളക്കിമറിച്ചാലും ശരി സംസാരിക്കേണ്ട സമയമാണിത്. ഇതുമായി ബന്ധപ്പെട്ട്, മറ്റൊരു കൂട്ടം ആളുകളെയും ഇവിടെ അഭിസംബോധന ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു: ഹതാശരായവർ. സ്വന്തം നിരാശയാലോ വേദനയാലോ വഞ്ചിക്കപ്പെട്ടു എന്ന തോന്നലിനാലോ ഇച്ഛാഭംഗത്താലോ ഭാരതീയമോ ഹൈന്ദവമോ ആത്മീയമോ ആയ എല്ലാം നിരസിക്കുകയോ പരിത്യജിക്കുകയോ ചെയ്തവർ. തീർച്ചയായും, ഓരോരുത്തർക്കും അവരവരുടെ

തീരുമാനങ്ങളെടുക്കാനും അതിന്റെ അനന്തരഫലങ്ങൾ അനുഭവിക്കുവാനുമുള്ള സ്വാതന്ത്ര്യവും ഉത്തരവാദിത്വവുമുണ്ട്. ശരിയായ കാരണങ്ങളാൽ പുതിയ പാത തെരഞ്ഞെടുക്കാനോ പഴയതു മാറാനോ ആഗ്രഹിക്കുന്നവരുടെ കാര്യം വ്യത്യസ്തമാണ്. എന്നാൽ ഈ പാരമ്പര്യങ്ങളുടെ സമൃദ്ധമായ സമ്പത്തിൽനിന്ന് ലഭിക്കുന്ന ശരിയായ വിവരങ്ങളും ഗ്രാഹ്യവും മറ്റുള്ളവർക്ക് അടിയുറച്ച വിശ്വാസം വളർത്താനും യാത്ര തുടരാനുമുള്ള സൂചനകൾ നൽകും.

കൊഴിഞ്ഞുപോകുന്നവരിൽ ഒരുപാടുപേരുടെ ഹൃദയം തകർന്നുപോകുകയും അവർ വർഷങ്ങളോളം അനാവശ്യമായി വിഷാദം, ഒറ്റപ്പെടൽ എന്നിവയിലേക്ക് വഴുതിവീഴുകയും ചെയ്യുന്നു. ഇനി വരുന്ന ഭാഗം, നമുക്ക് വിലപ്പെട്ടതൊന്നും മറ്റൊന്നിനുവേണ്ടിയും ബലി കൊടുക്കേണ്ടതില്ലെന്ന് നിങ്ങളെ ബോധ്യപ്പെടുത്തുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

എന്തായാലും ഞാൻ എന്തിനാണ് A യ്ക്കരികിലേക്ക് വന്നത്, അവരോടൊപ്പമായിരുന്നപ്പോൾ എന്റെയുള്ളിൽ എന്തായിരുന്നു എന്നതിന്റെയൊക്കെ അടുക്കും ചിട്ടയുമില്ലാത്തൊരു സംക്ഷിപ്തരൂപരേഖയാണിത്. ഇതിൽ വ്യത്യസ്തകഥാപാത്രങ്ങൾ, മഹാത്മാക്കൾ, തത്ത്വചിന്തകർ, സ്ഥാപകപിതാക്കന്മാർ അല്ലെങ്കിൽ പുനരുദ്ധാരകർ, യോഗിവര്യന്മാർ -പുരാതന, ആധുനിക അല്ലെങ്കിൽ സമകാലിക - എന്നിവരെപ്പറ്റി വിവരിക്കുന്നു. ഇവരെല്ലാം എന്റെ ഉദാഹരണങ്ങളും ചിലപ്പോൾ മാതൃകകളും ആയിരുന്നു. ഇന്ത്യ, അതിന്റെ ജ്ഞാനങ്ങൾ, ആത്മീയതകൾ, തത്ത്വചിന്തകൾ മുതലായവയുമായി ഇടപഴകിത്തുടങ്ങിയപ്പോൾ മുതൽ, വിവിധ ഇന്ത്യൻ ഗുരുക്കന്മാരെ എനിക്ക് പരിചയമുണ്ടായിരുന്നു. അവരിൽ ചിലരെ പല അവസരങ്ങളിലായി കണ്ടുമുട്ടിയിട്ടുമുണ്ട്. സമകാലീനരിൽ, ആനന്ദമയി മാ (ശ്രദ്ധേയമായ സാന്നിധ്യം), ജിദ്ദു കൃഷ്ണമൂർത്തി (അദ്ദേഹത്തെ ശ്രവിക്കുക എന്നാൽ ആത്മസാക്ഷാത്കാരംവരെ

ധ്യാനത്തിന്റെ പാതയിലൂടെ സഞ്ചരിക്കുക എന്നതായിരുന്നു), നിസർഗദത്ത മഹാരാജ് (സന്ദർശകരെ തന്റെ ചോദ്യങ്ങളിലൂടെ കുരുക്കുക ശീലമായിരുന്നു), സ്വാമി ചിന്മയാനന്ദ (ആധുനികവേദാന്തത്തിന്റെ ഒരു പ്രമാണപുരുഷൻ), സത്യസായി ബാബ (വേദിക് പാരമ്പര്യങ്ങളോടുള്ള അദ്ദേഹത്തിന്റെ പിന്തുണയെ ഞാൻ അംഗീകരിക്കുന്നു, അദ്ദേഹത്തിന്റെ കൈവച്ചുള്ള വിരുതുകളോടോ, അത്ഭുതകരമായ ജാലവിദ്യകളോടോ താല്പര്യമില്ലെങ്കിലും), രജനേഷ്/ ഓഷോ (ഒരു മികച്ച തത്ത്വചിന്തകനും ശ്രേഷ്ഠനായ വാഗ്മിയും), സ്വാമി മുക്താനന്ദ (സിദ്ധയോഗ, അദ്ദേഹത്തിന്റെ ശക്തിപാഠിന് പേരുകേട്ടത്) എന്നിവരുണ്ട് - അവസാനത്തെ മൂന്ന് പേർ അവരുടെ ജീവിതാവസാനകാലത്ത് വിവിധ കുറ്റകൃത്യങ്ങൾക്കും അഴിമതിപ്രശ്നങ്ങൾക്കും വിമർശിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ 1970 കളിൽ അതൊന്നും പുറത്തറിഞ്ഞിട്ടില്ലായിരുന്നു. അക്കാലത്ത് എന്റെ ഭൂമികയുടെ ഭാഗമായിരുന്നവർ മറ്റു പലരുമായിരുന്നു; അവരുടെ ആശയങ്ങൾ എന്നിൽ അലകൾ ഉണ്ടാക്കിയിരുന്നില്ലെങ്കിലും. സ്വാമി പ്രഭുപാദ (കൃഷ്ണാവബോധം), ചന്ദ്രശേഖര സരസ്വതി (ആദിശങ്കരന്റെ പാരമ്പര്യത്തിൽനിന്നുള്ള കാഞ്ചിയിലെ മഹർഷി), മഹർഷി മഹേഷ് യോഗി (ബീറ്റിൽസ് എന്ന പാശ്ചാത്യഗായകരുടെ ഗുരു, അതീന്ദ്രിയധ്യാനം), തുടങ്ങിയവർ.

19, 20 നൂറ്റാണ്ടുകളിലെ മറ്റു ഗുരുക്കൻമാരുടെ കൃതികളും കഥകളും ജീവചരിത്രങ്ങളും എന്നെ ആകർഷിച്ചിരുന്നു. ഉദാഹരണത്തിന്, ഭഗവാൻ നിത്യാനന്ദ (1897 - 1961, അദ്ദേഹത്തിന് 'ഹൃദയം എല്ലാ പുണ്യസ്ഥലങ്ങളുടെയും കേന്ദ്രമായിരുന്നു'), ലാഹിരി മഹാശയാ (1828 - 1895, യോഗി കുടുംബനാഥൻ), നർസിൻഹ് മേത്ത (1414 - 1481, ഭക്തകവി), നീം കരോളി ബാബ (ഏകദേശം 1900 - 1973, കമ്പിളി ബാബ), സ്വാമി രാമ തീർത്ഥ (1873 - 1906, പ്രായോഗിക വേദാന്തം), രാമകൃഷ്ണ പരമഹംസ (1836 - 1886, ദക്ഷിണേശ്വരന്റെ ഭക്തൻ), രമണ മഹർഷി (1879 -

1950, അദ്ദേഹത്തിന്റെ 'ഞാൻ ആര്?' എന്ന അന്വേഷണം), ഷിർദ്ദി സായി ബാബ (1838 - 1918, ഹിന്ദുക്കൾക്കും മുസ്ലീങ്ങൾക്കും ഒരുപോലെ അഭിവന്ദ്യൻ), സ്വാമി രാംദാസ് (1884 - 1963, അദ്ദേഹത്തിന്റെ ശ്രീരാം ജയ് റാം മന്ത്രം), സ്വാമി വിവേകാനന്ദൻ (1863 - 1902, 1893-ൽ ചിക്കാഗോയിലെ സർവ്വമതസമ്മേളനം), ശ്രീ യുക്തേശ്വർ (1855 - 1936, 'ദി ഹോളി സയൻസ്'), നാരായണഗുരു (1856 - 1925), പ്രബുദ്ധതയും സാമൂഹികസമത്വവും) തുടങ്ങിയവർ.

സ്വാഭാവികമായും, ആദിശങ്കരൻ (എട്ടാം നൂറ്റാണ്ട്, വേദാന്തത്തിന്റെ പുനർജന്മത്തിന്റെയും അടിസ്ഥാനാശയത്തിന്റെയും പിതാവ്), അഗസ്ത്യ (വൈദികമുനി), ജ്ഞാനേശ്വരൻ (13-ാം നൂറ്റാണ്ട്, അദ്വൈതവാദം, ഭക്തി, യോഗ), ഏകനാഥ് (16-ാം നൂറ്റാണ്ട്, വൈഷ്ണവ ഭക്തി), ഗോരഖ്നാഥ് (പത്തോ പതിനൊന്നോ നൂറ്റാണ്ട്, ദ്വൈതവും അദ്വൈതവും തമ്മിലുള്ള വ്യത്യാസം പ്രായോഗികാനുഭവത്തിൽ ഒന്നാണ് എന്ന ആശയം), കബീർ (15-ാം നൂറ്റാണ്ട്, ഹിന്ദുമതത്തിന്റെയും ഇസ്‌ലാമിന്റെയും വിമർശനാത്മകകവിയും ഇരുകൂട്ടരാലും ആദരിക്കപ്പെടുന്നവനും, മാധ്വാചാര്യ (13-ാം നൂറ്റാണ്ട്, ദ്വൈതവാദത്തിന്റെ പിതാവ്), മീരാബായി (15-ാം നൂറ്റാണ്ട്, കവയിത്രി, കൃഷ്ണന്റെ നിഗൂഢാരാധിക), രാമാനുജ (11-ാം നൂറ്റാണ്ട്, നിംബർകപാരമ്പര്യത്തിനുശേഷം വിശിഷ്ടാദ്വൈതസിദ്ധാന്തത്തിന്റെ പിതാവ്), ഗോസ്വാമി തുളസീദാസ് (16-ാം നൂറ്റാണ്ട്, രാമനെ ദൈവമായി ആരാധിക്കുന്ന കവി) തുടങ്ങിയ ഹിന്ദു ആത്മീയതയുടെ സമ്പൂർണ്ണ പരാമർശങ്ങളായി ഇന്ത്യയിൽ പരിഗണിക്കപ്പെടുന്ന ഋഷിമാരുടെ രചനകളും വിവരണങ്ങളും ഞാൻ പരിചയപ്പെട്ടു.

മുകളിൽ സൂചിപ്പിച്ച സമകാലികഗുരുക്കന്മാരിൽ ചിലർ ഒടുവിൽ നിയമത്തിനുമുമ്പിൽ അസംബന്ധകഥകളിൽ കുടുങ്ങി. അവരുടെ ചില ക്രിമിനൽ ഗൂഢാലോചനകൾ നോവലുകളുടെ വിഷയമാക്കാവുന്നതാണ്. ആരെയും

വ്രണപ്പെടുത്താതിരിക്കാൻ പേരുകൾ പറയാതിരിക്കാനാണ് ഞാൻ ഇഷ്ടപ്പെടുന്നത്. എന്നാൽ ആ കള്ളക്കൂട്ടത്തെ അല്ലെങ്കിൽ അവതാരപ്പിറവികളാണെന്ന് സ്വയം പറയുന്ന സമകാലികകോമാളികളെ പരാമർശിക്കാതെ ആ തെരഞ്ഞെടുപ്പ് പൂർത്തിയാകില്ല. വിചിത്രമായ രീതിയിൽ വസ്ത്രം ധരിക്കുകയും നടിക്കുകയും ചെയ്യുന്ന, പരിഹാസ്യമായ പ്രസംഗങ്ങൾ നടത്തുന്ന, ബുദ്ധിശൂന്യമായ ഉത്തരങ്ങൾ നൽകുന്ന, അപലപനീയമായ പെരുമാറ്റത്തിന് കാരണമാവുന്ന, കുറ്റകൃത്യങ്ങളിൽ കുറ്റാരോപിതനാകുകയോ, ജയിലിലാകുകയോ ചെയ്യുന്ന (ഇപ്പോഴല്ലെങ്കിൽ വരുംകാലങ്ങളിൽ) അവരെയൊക്കെ, പക്ഷേ ഇപ്പോഴും ലക്ഷക്കണക്കിന് ആളുകൾ പിന്തുടരുന്നു. പൊതുവിദ്യാഭ്യാസവും യൂണിവേഴ്സിറ്റിപരിശീലനവും ഒക്കെ നേടിയിട്ടുള്ള ബുദ്ധിമാന്മാർ, മതവിശ്വാസത്തിന്റേയോ വിശ്വാസ പ്രമാണങ്ങളുടെയോ കാര്യം വരുമ്പോൾ സാമാന്യബുദ്ധിയില്ലാത്തവരായി മാറുന്നത് എങ്ങനെയെന്നത് ശ്രദ്ധേയമാണ്. ഈ ജനക്കൂട്ടം പെരുമാറുന്ന രീതി കാണുമ്പോൾ, ഡ്രൈവിംഗ് പഠിക്കാതെയോ പരിശീലിക്കാതെയോ ആർക്കും വാഹനമോടിക്കാവുന്ന സ്ഥിതിവിശേഷത്തെ എനിക്ക് ഓർമ്മ വരുന്നു. അത് സമ്പൂർണ്ണ അരാജകത്വമായിരിക്കും; ഓരോരുത്തരും അവരവരുടെ പ്രേരണകൾക്കും ബലഹീനതകൾക്കും അനുസൃതമായി സ്വന്തം ഉത്തരവാദിത്വത്തിലും അപകടസാധ്യതയിലും തുടരുന്നു; ഇളക്കിവിടുന്ന വികാരങ്ങളാൽ നയിക്കപ്പെടുകയും ബാഹ്യരൂപത്തിൽ ആകർഷിക്കപ്പെടുകയും ചെയ്യുന്നു. പലപ്പോഴും മറ്റൊരു സംസ്കാരത്തിൽനിന്നും മറ്റു ഭൂഖണ്ഡങ്ങളിൽനിന്നുമുള്ള പുതിയ ഭക്തരും സാധകരും, ആവശ്യമായ അടിസ്ഥാന ആത്മീയസംസ്കാരമില്ലാതെ, ഘടനയോ അച്ചടക്കമോ ഇല്ലാതെ, പലപ്പോഴും മാനസികമായ തകരാറുകൊണ്ടോ, കൈകാര്യം ചെയ്യാൻ കഴിയാത്ത കുടുംബ, തൊഴിൽ അല്ലെങ്കിൽ സാമൂഹിക സാഹചര്യങ്ങളിൽനിന്ന്

ഓടിരക്ഷപ്പെടുന്നതിനുവേണ്ടിയോ ഗുരുക്കന്മാരെ പിന്തുടരുന്നു; ദുഃഖകരമാണത്. വാസ്തവത്തിൽ, ആത്മീയവൃത്തങ്ങളിൽ, ആധികാരികവും ശക്തവുമായ ആത്മീയാന്വേഷകർ ന്യൂനപക്ഷമാണ്.

സമകാലിക കാലഘട്ടത്തിലെ (19-ഉം 20-ഉം നൂറ്റാണ്ടുകളിലെ) ആത്മീയഗുരുക്കന്മാർ മാതൃകകളായി ബഹുമാനിക്കപ്പെടുന്നുവെങ്കിൽ, ചിലപ്പോൾ അവരുടെ ജീവിതം ആരും സൂക്ഷ്മമായി പരിശോധിക്കാത്തതുകൊണ്ടോ, വിവരങ്ങളുടെ നിലവാരം ഇന്നത്തെപ്പോലെ അല്ലാത്തതുകൊണ്ടോ, കഥകൾ നന്നായി മെനഞ്ഞെടുത്തതിനാൽ നല്ല മുഖം മാത്രം പുറമേക്ക് പ്രചരിച്ചതുമാകാമെന്ന് എനിക്ക് തോന്നിപ്പോകുന്നു. നമുക്കറിയാൻ കഴിയില്ല. A യുടെ ജീവചരിത്രം അവരുടെ ജീവിതകാലത്ത് വരുത്തിയ പരിഷ്കാരത്തിന്റെ അളവ് കാണുമ്പോൾ, പതിറ്റാണ്ടുകൾക്കും നൂറ്റാണ്ടുകൾക്കുംമുമ്പ് മരിച്ച വ്യക്തികളുടെ അവസ്ഥ എന്തായിരിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

ആത്മീയതയെക്കുറിച്ച് ബൗദ്ധികവിദ്യാഭ്യാസം നല്കാതെ, ഗുരുക്കന്മാരുടെ കഥകൾ, രചനകൾ, അഭിപ്രായങ്ങൾ, അവരുടെ ജീവിതാനുഭവങ്ങൾ എന്നിവ ഉപയോഗിച്ച് പ്രചോദിപ്പിക്കപ്പെടാൻ അനുവദിക്കുന്നത് അപകടകരമായ സാഹസികതയാണ്. സനാതനധർമ്മത്തിന്റെ (അഥവാ ഹിന്ദുമതത്തിന്റെ) സാംസ്കാരികപ്രതീകങ്ങളായ പാരമ്പര്യങ്ങളും, വേദാന്തം, അദ്വൈതം, ശൈവ, വൈഷ്ണവ, ഷക്ത, യോഗ, തന്ത്ര തുടങ്ങിയ മതപഠനങ്ങളും, കർമ്മം, ജന്മം (ജനനം) എന്നീ സങ്കല്പങ്ങളും, കൂടാതെ ധർമ്മം, മോക്ഷം, നിർവാണം എന്നിവയും മനസ്സിലാക്കുന്നതിലൂടെയാണ് ഭാരതത്തിന്റെ പരമ്പരാഗതവും സാംസ്കാരികവും ആത്മീയവും മതപരവുമായ പശ്ചാത്തലത്തിൽ ഒരാൾക്ക് ഒരു ഗുരുവുമായി ബന്ധം സ്ഥാപിക്കാൻ കഴിയുക. സ്വന്തം പാരമ്പര്യത്തിന്റെ ധർമ്മത്തെ മാനിക്കാതെ ലോകത്തെ

വഞ്ചിക്കുന്ന ഒരു വഴിപിഴച്ച ഗുരുവിന്റെ വശ്യതയെയോ കൗശലത്തെയോ പ്രതിരോധിക്കാൻ നമ്മൾ സ്വയം സജ്ജരാകുന്നത് ഇങ്ങനെയാണ്. അങ്ങനെ നമുക്ക് ദുരുപയോഗങ്ങളും മാർഗ്ഗവ്യതിചലനങ്ങളും പെട്ടെന്ന് തിരിച്ചറിയാനും അവയ്ക്കെതിരെ ജാഗ്രത പാലിക്കാനും കഴിയും.

തുടർന്നുള്ള അധ്യായങ്ങളിൽ, വായനക്കാർക്ക് അത്തരത്തിലുള്ളവയിൽനിന്ന് രക്ഷനേടാനും കൂടുതൽ ശക്തവും സ്വാശ്രയമേകുന്നതുമായ മാർഗ്ഗം സ്വയം തിരിച്ചറിയുന്നതിനുമുള്ള ചില അടയാളങ്ങൾ നല്കാൻ ഞാൻ ഉദ്ദേശിക്കുന്നു. വ്യതിചലനങ്ങൾ ധാരണപ്പിശകുകളിൽനിന്ന് ആവാം. അല്ലെങ്കിൽ അടിസ്ഥാനതത്വങ്ങളുടെ അർത്ഥം ശരിയായി മനസ്സിലാക്കാത്തതുകൊണ്ടുമാകാം. "ആത്മീയ അന്വേഷകൻ", "അഹം" തുടങ്ങിയ പദപ്രയോഗങ്ങളുടെ ഭാഷാസംവേദനങ്ങൾ, ആത്മസാക്ഷാത്കാരത്തിന്റെ ആശയങ്ങൾ, കർമ്മം, ധർമ്മം എന്നീ പദങ്ങളുടെ യഥാർത്ഥ അർത്ഥം എന്നിവ നാം പരിശോധിക്കും. സമർത്ഥവും സമതുലിതവുമായ രീതിയിൽ പരിശീലിക്കുന്ന യോഗയുടെ നാലുവഴികൾ ആന്തരികകുരുക്കുകളിൽനിന്നും ബാഹ്യദുരുപയോഗത്തിൽനിന്നും നമ്മെ എങ്ങനെ സംരക്ഷിക്കുമെന്നും നോക്കാം. പിന്നീട് നാം ഗുരു, ഗുരുവും ദൈവവും, ഗുരു-ശിഷ്യബന്ധം എന്നിവയെപ്പറ്റി കൂടുതൽ നോക്കുന്നു. അവസാനമായി, ഗുരുതത്വത്തെ അതിന്റെ വേദാത്മക അടിത്തറയുടെ വെളിച്ചത്തിൽ പരിശോധിക്കും. അത്തരം അടിസ്ഥാനതത്വങ്ങളിലേക്കുള്ള ഒരു തിരിച്ചുപോക്ക് എണ്ണിയാലൊടുങ്ങാത്ത ഗുരുക്കന്മാരും അവരുടെ ഭക്തസമൂഹവും ഉള്ള ഈ സമകാലികലോകം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കുമെന്ന് നോക്കും. ഒടുവിൽ,

സ്വയംപരിവർത്തനം ചെയ്യുന്നതിനെക്കുറിച്ചുള്ള ചില ചിന്തകളോടെ നമ്മൾ അവസാനിപ്പിക്കും.

# VI. 2. അന്വേഷകനോ കണ്ടെത്തുന്നവനോ?

നമ്മുടെ ജീവിതയാത്രയിൽ അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങളുടെയോ കഷ്ടപ്പാടുകളുടെയോ അനന്തരഫലമായുണ്ടാകുന്ന അസംതൃപ്തികൊണ്ടാണ് നമ്മിൽ ഭൂരിഭാഗവും ആദ്ധ്യാത്മികപാതയിലെത്തിച്ചേരുന്നത്. നമ്മുടെ ദുരിതകാലത്താണ് നാം ജീവിതാർത്ഥത്തെ കണ്ടെത്താൻ ശ്രമിക്കുന്നത്; യഥാർത്ഥത്തിൽ നമ്മളാരാണ്? മറ്റുള്ളവരുമായുള്ള ബന്ധത്തിന്റെ സ്വഭാവമെന്താണ്? എന്നൊക്കെയുള്ള വസ്തുതകൾ നമ്മുടെ ചിന്തയിലേക്ക് കടന്നുവരുന്നു. കൂടാതെ, നമ്മളിൽ മിക്കവർക്കും ബന്ധങ്ങൾ കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ടാണ്, അത് നമ്മുടെ മാതാപിതാക്കളോടായാലും, കുട്ടികൾ, സമപ്രായക്കാർ, സുഹൃത്തുക്കൾ, കാമുകന്മാർ എന്നിവരോടായാലും. ചുറ്റുപാടുകളുമായി ഇഴുകിച്ചേരാനും നമ്മുടെ ഭാഗം നിയന്ത്രിക്കാനും സമൂഹത്തിൽനിന്ന് പ്രതികരണം നേടാനും അതിന്റെ ഭാഗമാകാനും അംഗത്വബോധം അനുഭവിക്കാനുമൊക്കെ നമുക്ക് പലപ്പോഴും പാടാണ്. ലോകം വെല്ലുവിളികളും അപകടങ്ങളും നിറഞ്ഞതാണ്. ചോദ്യം ചെയ്യുന്നത് പ്രശ്നകരവും അസുഖകരവുമാണ്. ഒരാൾ എല്ലാ തലങ്ങളിലുമുള്ള വെല്ലുവിളികൾ തരണം ചെയ്യാൻ, സ്വയം മെച്ചപ്പെടുത്താൻ, വിമർശനം, കുറ്റപ്പെടുത്തൽ, തെറ്റിദ്ധാരണ, മുൻവിധി അല്ലെങ്കിൽ അനീതി എന്നിവ നേരിടാൻ പഠിക്കണം. ആത്മീയാന്വേഷകരുടെ ഒരു വലിയ വിഭാഗം ഈ സാഹചര്യത്തിന്റെ സങ്കീർണ്ണതയും അസ്വാസ്ഥ്യവും "*ഉപേക്ഷിച്ച്*" മറ്റൊരു പ്രപഞ്ചത്തിലേക്ക്,

മറ്റൊരു ജീവിതോദ്ദേശ്യത്തിലേക്ക്, മറ്റൊരു വ്യക്തിത്വത്തിലേക്ക് ഓടിപ്പോകുന്നു. അന്വേഷകൻ ഒരു സംഘത്തെ കണ്ടെത്തുമ്പോൾ, അല്ലെങ്കിൽ അയാൾ അംഗീകരിക്കപ്പെടുകയും തിരിച്ചറിയപ്പെടുകയും ചെയ്യുന്ന ഒരു പുതിയ കുടുംബത്തെ കണ്ടെത്തുമ്പോൾ, പലപ്പോഴും ഒരു പുതിയ സ്വത്വം നേടുന്നു; പുതിയതും വിചിത്രവുമായ ഒരു വസ്ത്രരീതി സ്വീകരിക്കുന്നു; അത് അയാൾ ഈ പുതിയ കുടുംബത്തിൽപ്പെട്ടയാളാണെന്ന് അടിവരയിടുന്നു. ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽനിന്ന്, അത് എത്രയേറെ അകന്നുനിന്നാലും, ഒടുവിൽ അവിടെ താൻ സംരക്ഷിക്കപ്പെട്ടതായി അല്ലെങ്കിൽ രക്ഷപ്പെട്ടതായി അയാൾക്ക് തോന്നുന്നു. അവൻ വ്യത്യസ്തവും എന്നാൽ ലളിതവുമായ നിയമാവലി ഉള്ളതും, തന്നെ അവരിൽ ഒരാളായി സ്വീകരിക്കും എന്ന് ഉറപ്പുള്ളതുമായ ഒരു കുടുംബത്തെ കണ്ടെത്തി ഈ ലോകത്തിന്റെ സങ്കീർണ്ണതയിൽനിന്ന് അത്ഭുതകരമായി രക്ഷപ്പെട്ടു എന്ന് വിചാരിക്കുന്നു. കൂടാതെ, അവനെ സ്വാഗതം ചെയ്യുന്ന, സ്വീകരിക്കുന്ന, പിന്തുണയ്ക്കുന്ന, അവന്റെ ദൈനംദിന ആത്മീയദാഹം ശമിപ്പിക്കുന്ന ഒരു മാതൃ/പിതൃതുല്യമായ ആത്മീയഗുരുകൂടി ഉണ്ടാകുമ്പോൾ ഇത് തികച്ചും അനുയോജ്യമാണ് എന്നു കരുതും. ബലഹീനതയുടെ തലത്തിൽനിന്ന്, അവൻ പുതിയ ശക്തി നേടുന്നു. മുമ്പ് സാധാരണക്കാരനായിരുന്ന അവൻ, അതേ സാധാരണക്കാരിൽനിന്നുള്ള ഈ ഒരു വ്യത്യാസത്തിന്റെ മറവിലേക്ക് പിൻവാങ്ങുന്നു. ഈ പുതിയ കഥാപാത്രം, തത്ത്വചിന്തയും നിയമങ്ങളും ദൃഢമായ ന്യായീകരണങ്ങളുംകൊണ്ട് സ്വയം ചോദ്യം ചെയ്യാൻ പലപ്പോഴും മറക്കുന്നു. ഇത്തരം ആത്മീയവൃത്തങ്ങളിൽ സ്വയം പരിഹസിക്കുന്ന രീതി വിരളമാണ്. ഈ സാഹചര്യത്തിൽ, “കണ്ടെത്തുക” എന്നത് ഒരു മുൻഗണനയല്ല. തന്റെ അഹം എന്ന ഭാവത്തെ അന്വേഷകന്റെ, സാധകന്റെ വേഷത്തിൽ നിലനിർത്തുക എന്നതാണ് പ്രധാന കാര്യം. അന്വേഷണം സ്വയംപര്യാപ്തമാണ്, അത് സ്വയം ഇന്ധനമാകുന്നു. പഠനം,

സംവാദം, കൈമാറ്റങ്ങൾ എന്നിവ അനന്തമായ അന്വേഷണങ്ങളുടെ തുടർച്ചയെ ലക്ഷ്യമാക്കിയുള്ളതാണ്. ഏതുതരം ഒഴിവുകഴിവുകളും നമ്മെ നമ്മുടെ മാർഗ്ഗത്തിൽനിന്ന് വ്യതിചലിപ്പിക്കുന്നവയാണ്, അത് ആരും മനസിലാക്കുന്നില്ല. കാരണം, നമ്മൾ ഇതിൽനിന്ന് ഉണരുന്ന നിമിഷം, സ്ഥിരീകരണങ്ങളുടെയും ഉറപ്പുകളുടെയും ചീട്ടുകൊട്ടാരത്തിന്റെ അടിത്തറയിളകും; എല്ലാം തകരും. നമ്മൾ കണ്ടതുപോലെ, മിക്ക അന്വേഷകരും ഉത്കണ്ഠയ്ക്ക് വിധേയരാണ്. അതിനാൽ അടിസ്ഥാനപരമായ ഉത്കണ്ഠയുണ്ടാക്കുന്ന എന്തും പരമശത്രുവായി കണക്കാക്കപ്പെടുന്നു; നിങ്ങളിൽ വിശ്വസിക്കുന്ന ഒരു കൂട്ടരുടെയും വിശ്വസിക്കാത്ത മറ്റൊരു കൂട്ടരുടെയും ഇടയിൽ; ഭയവും അവിശ്വാസവും ഒരുവശത്തും അമിതപ്രതീക്ഷ മറ്റൊരു വശത്തും. ഇതിനിടയിൽ സർവ്വശക്തിത്വം എന്ന മാനസികഭാവത്തിലേക്ക് നിങ്ങൾ വഴുതിവീഴാനുള്ള സാധ്യതയുണ്ട്. ആത്മീയാന്വേഷകൻ, അവന്റെ പുതിയ കുടുംബത്തിനകത്ത്, പുതുതായി രൂപംകൊണ്ട അസ്തിത്വ- വ്യക്തിത്വത്തിലേക്ക് ഉൾവലിഞ്ഞ്, ആത്മീയചിന്തകൾ തീർത്തും വെടിഞ്ഞുകൊണ്ട് സുഖലോലുപനായി മാറുന്നു. കാരണം അവൻ ഉണർന്നാൽ ഇതെല്ലാം അവസാനിക്കും.

അടിസ്ഥാനപരമായി, അഹംഭാവത്തിന്റെ ലക്ഷ്യം സ്വന്തം അസ്തിത്വം നിലനിർത്തുക എന്നതാണ്. അതിനാൽ, അതിനെ ദുർബലപ്പെടുത്തുന്നതിനുള്ള രീതികളും സമീപനങ്ങളും നിങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടായാൽ, അത് മറ്റൊരു വിധത്തിൽ അതിന്റെ അസ്തിത്വം രൂപാന്തരപ്പെടുത്താനും ദീർഘിപ്പിക്കാനുമുള്ള തന്ത്രങ്ങൾ കണ്ടെത്തും. അങ്ങനെ തുടക്കത്തിലേ ആത്മീയമാർഗ്ഗത്തെ അപകടത്തിലാക്കും. ദുർബലനായ ആത്മീയാന്വേഷകന്റെ (ഭൂരിപക്ഷത്തിന്റെയും) കാര്യത്തിൽ, മുറിവേറ്റ അഹം സംരക്ഷിതവും

ഉറപ്പുനൽകുന്നതുമായ അഹംഭാവമായി മാറുന്നു. പുതിയ നീതീകരണങ്ങളും പുതിയ ഉറപ്പുകളുടെ സൗകര്യവുംകൊണ്ട്, അയാൾ ഈ പൊയ്മുഖത്തിൽ തുടരാൻ താല്പര്യപ്പെടുന്നു[348].

ആത്മീയമാർഗ്ഗത്തിലാണെങ്കിലും, ഒന്നും കണ്ടെത്താൻ ഉദ്ദേശിക്കുന്നില്ലെന്ന് സമ്മതിക്കില്ല; എന്നാലോ ആത്മീയതയെ പിന്തുണയ്ക്കുന്നതാവും അയാളുടെ മുഴുവൻ വാചകക്കസർത്തും. പുരോഗതിയും അനന്തമായ ഘട്ടങ്ങളും, പരിണാമത്തിന്റെ സങ്കീർണ്ണതയും വിശദാംശങ്ങളും, വിവിധ തലങ്ങളിലുള്ള ആത്മസാക്ഷാത്കാരവും ഒക്കെ അതിൽ വരും. ഇവ നൂറ്റാണ്ടുകളായി നടന്നുകൊണ്ടിരിക്കുന്നു. ആത്മീയാന്വേഷണം ഒരു പുതുജീവിതമാണ്; അനിശ്ചിതമായി നീട്ടേണ്ട ഒന്ന്. തത്വത്തിൽ അത് വ്യക്തിയുടെ മരണമായിരിക്കണം (വ്യക്തിത്വം എന്ന മുഖംമൂടിയിൽനിന്ന്..). അങ്ങനെ ആത്മീയാചാരങ്ങളും പരിശീലനങ്ങളും ഒരു തൊഴിലും ആത്മീയസംഭാഷണങ്ങൾ നാട്ടുകാർക്ക് ഒരു നേരമ്പോക്കും ആയി മാറുന്നു. കള്ളത്തരങ്ങളുടെ ബാഹുല്യവും അതിന്റെ സാംസ്കാരികസമൃദ്ധിയും പുതിയ വ്യക്തികൾ ആത്മീയാന്വേഷണത്തിലേക്ക് ആകർഷിക്കപ്പെടുന്നതിന് തടസ്സമാകുന്നില്ല. എല്ലാവരും അതിനെ പരിപാലിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്നു. പൊയ്മുഖങ്ങളെ ചോദ്യം ചെയ്യുന്നവൻ സ്വയം ശത്രുവാകുന്നു; ഒപ്പം സംഘത്തിന്റെയും. നുഴഞ്ഞുകയറ്റക്കാരനെ നാം ഒഴിവാക്കണം; ഉള്ളുകള്ളികളെക്കുറിച്ച് അയാൾക്കറിയാമെങ്കിൽ, നമുക്ക് ഹാനികരമായത് ചെയ്യുന്നതിൽനിന്ന് അവനെ തടയണം.

അടിസ്ഥാനപരമായി, യഥാർത്ഥ ആത്മീയാന്വേഷകൻ സ്വന്തം "മരണം" ആഗ്രഹിക്കുന്നു. അവൻ തന്ത്രങ്ങൾ മനസ്സിലാക്കുന്നു. അത് അവസാനിപ്പിക്കാൻ ആഗ്രഹിക്കുന്നു. അപ്പോൾ, ഉടനടി, അവനത്

വലിച്ചെറിഞ്ഞില്ലെങ്കിൽ, അടുത്തഘട്ടത്തിലേക്ക് കടക്കുന്നു. ധ്യാനിക്കാൻ ഇരിക്കുമ്പോഴെല്ലാം അവൻ എല്ലാറ്റിനോടും വിടപറയുന്നു, എല്ലാമോർത്ത് വിലപിക്കുന്നു, ത്യജിക്കുന്നു. സ്വയം ഒന്നുമില്ലായ്മയിലേക്ക് കൂപ്പുകുത്തുന്നു. അവൻ താൻ പെട്ടിരിക്കുന്ന കുരുക്ക് മനസിലാക്കുന്നു. വിഡ്ഢിത്തം കാണിക്കാനോ, നീട്ടിവയ്ക്കാനോ, സ്വയം വ്യാപൃതനാകാനോ, ആത്മീയമായി കൂട്ടുകൂടാനോ അവിടെ പിന്നെ അവന് കഴിയില്ല. ആത്മാഭിമാനത്തിനു മുന്നിലുള്ള അഹംഭാവം മായ്ക്കലാണ് പരിഹാരമെന്ന് അവൻ മനസ്സിലാക്കുന്നു. എങ്ങനെ? അഹം അതിന്റെ യഥാർത്ഥസ്വഭാവം തിരിച്ചറിയുമ്പോൾ, ആത്മാവിലാണ് തന്റെ ഉത്ഭവം എന്നറിയുമ്പോൾ, പ്രജ്ഞ സ്വത്വത്തിൽ അഭിരമിക്കുന്ന അവസ്ഥയിൽ. ഈ വിഷയത്തിലേക്ക് ഞാൻ പിന്നീട് വരും.

## VI. 3. അഹംഭാവത്തോടുള്ള ആഭിമുഖ്യം

നിങ്ങളുടെ ഈഗോയെ മറ്റൊരാളായി കണ്ടുകൊണ്ട് സംസാരിക്കുന്നത് മറ്റൊരു ശീലമാണ്. “ഇത് ഞാനല്ല, എന്റെ അഹന്തയാണ്!” “ഇത് അഹങ്കാരം കൊണ്ടല്ല, ഞാൻ ഇത് ചെയ്യാൻ ആഗ്രഹിച്ചു, പക്ഷേ എന്റെ അഹന്ത എന്നെ മറ്റൊരു ദിശയിലേക്ക് വലിച്ചുകൊണ്ടുപോയി, അതുകൊണ്ട് ഞാൻ തെറ്റുകൾ വരുത്തി!” എന്നിങ്ങനെ. ഈ ശീലം ‘ഒരാൾക്ക് രണ്ട് അസ്തിത്വങ്ങൾ ഉണ്ടാകും’ എന്ന ദ്വന്ദ്വസിദ്ധാന്തത്തിൽനിന്നാണ് ഉത്ഭവിക്കുന്നത്, ഒരു മോശം മനുഷ്യൻ എന്നത് അവന്റെ അഹന്തയായും, ഒരു നല്ല വ്യക്തി എന്നത് സ്വയം അവൻ തന്നെയായും കരുതപ്പെടുന്നു. ഈ ശീലം ഒരുവനെ അവന്റെ മുഖംമൂടിക്കു പിറകിൽ തുടരാൻ സഹായിക്കും.

ഗ്രന്ഥങ്ങളും അവയുടെ വ്യാഖ്യാനങ്ങളും ഒരുവനിലെ അഹന്തയെയും ആത്മാവിനെയും ഉണർത്തുന്നുണ്ടെങ്കിൽ, അത് സമാന്തരമായി നിലനിൽക്കുന്ന രണ്ട് അസ്തിത്വങ്ങൾ ഉള്ളതുകൊണ്ടല്ല, മറിച്ച് അഹന്ത എന്നത് സ്വയം മറന്നുപോയ ആത്മാവ് തന്നെയാണ്; ആത്മാവ് എന്നത് അസ്തിത്വത്തിൽ നങ്കൂരമിട്ടിരിക്കുന്ന ബോധമാണ്. അഹം എന്നത് ദൈനംദിനജീവിതത്തിൽ ഒരു മൂർത്തമായ യാഥാർത്ഥ്യമാണെങ്കിലും, അത് ലോകം മുഴുവൻ അസുഖകരമായ രീതിയിൽ അഭിമുഖീകരിക്കുന്ന ഒന്നാണ്. ആത്മീയതലത്തിൽ അഹം ഒരു മരീചികയാണ് എന്നതാണ് വസ്തുത. മൗലികബോധം വികസിക്കുന്നതുവരെ മാത്രമേ അത് നിലനിൽക്കുകയുള്ളൂ. ബോധത്തിന്റെ തുളച്ചുകയറുന്നതും ശ്രദ്ധയുള്ളതുമായ നോട്ടം അതിലേക്കു തിരിക്കുമ്പോൾമാത്രമേ അത്

നിലനിൽക്കുന്നില്ലെന്ന് നാം മനസ്സിലാക്കുകയുള്ളു. നമ്മുടെ ശ്രദ്ധയിൽനിന്ന് സ്വതന്ത്രമായി അതിന് നിലനില്പില്ല. അതുമായുള്ള നമ്മുടെ താദാത്മ്യത്താൽമാത്രമേ അതിന് നിലനിൽക്കാൻ പറ്റുകയുള്ളു. ചെറുപ്പം മുതൽ നാം പഠിച്ചു വളർത്തിക്കൊണ്ടുവന്നതാണത്.

മുമ്പ് പലരും പറഞ്ഞ കാര്യങ്ങൾ മാത്രമേ എനിക്ക് ആവർത്തിക്കാൻ കഴിയൂ. ഞാൻ ജെയ്ൻ ആണ് അല്ലെങ്കിൽ ഞാൻ പീറ്റർ ആണ്, ഞാൻ ഡോക്ടറാണ്, ഞാൻ ഗൃഹനാഥനാണ്, ഞാൻ തടിച്ചവനാണ്, ഞാൻ ബുദ്ധിമാനാണ് എന്നിങ്ങനെ പറയുമ്പോൾ, ഈ പ്രസ്താവനകളിൽ മൂന്ന് ഘടകങ്ങൾ ഉൾപ്പെടുന്നു. "ഞാൻ" - അസ്തിത്വം, "ആണ്" - ബോധം, "പീറ്റർ, ഡോക്ടർ, വീട്ടുകാരൻ മുതലായവ." വ്യക്തി ഒരേസമയം അസ്തിത്വം എന്ന സർക്കസിന്റെ ഉല്പന്നവും ഉല്പാദകനും ആകുന്നു. അത് സ്രഷ്ടാവും സൃഷ്ടിയുമാണ്. ഒരേസമയം രചയിതാവും സംവിധായകനും തിരക്കഥാകൃത്തും നിർമ്മാതാവും അഭിനേതാക്കളും പ്രേക്ഷകരും ഒക്കെ ആകാം. ഒരു വ്യക്തിക്ക് ഈ വൈദഗ്ദ്ധ്യം നേടുവാനായി അവന്റെ ബുദ്ധിയെ പ്രബുദ്ധമാക്കുന്ന ബോധത്തിന്റെ പ്രകാശത്തിന് നന്ദി പറയാം, സ്വന്തം അസ്തിത്വത്തിന്റെ പ്രതിഫലനമായ ബോധം. ഇവ രണ്ടും അഭേദ്യമാണ്. നമ്മുടെ അടിസ്ഥാനപരമായ അജ്ഞതയുടെ മറകൊണ്ടും അറിവില്ലായ്മകൊണ്ടും, "ഞാൻ" എന്ന സത്തയെ നിസ്സാരമായി കാണുകയും ബാഹ്യവ്യക്തിക്കുമാത്രം പ്രാധാന്യം നല്കുകയും ചെയ്യാൻ ഇടയാകുന്നു. നിലനിൽക്കുന്നതെല്ലാം വ്യക്തിയെ അടിസ്ഥാനമാക്കിയുള്ളതാണ്. സ്രോതസ്സ് തിരിച്ചറിയാൻ നാം പഠിക്കണമെന്ന് മാർഗ്ഗം കൃത്യമായി ആവശ്യപ്പെടുന്നു: ഞാൻ എന്ന സത്തയുടെ/ബോധത്തിന്റെ ഏകത്വം. മാർഗ്ഗം അത്ര സങ്കീർണ്ണമല്ല എന്ന് നമുക്കിവിടെ സങ്കല്പിക്കാം. പുരാതനഗ്രന്ഥങ്ങൾ മനസ്സിലാക്കാൻ വിശുദ്ധഭാഷകൾ പഠിക്കേണ്ടതില്ല.

പതിറ്റാണ്ടുകളോളം അവ്യക്തമായ ശിക്ഷണങ്ങൾ പരിശീലിക്കാൻ എല്ലാം സ്വയം നഷ്ടപ്പെടുത്തുകയും രക്തസാക്ഷിത്വം വരിക്കുകയും ചെയ്യേണ്ടതില്ല. ദയവായി എന്റെ ആശയത്തെ തെറ്റിദ്ധരിക്കരുത്, ഞാൻ വ്യവസ്ഥിതികളെയെല്ലാം തള്ളിക്കളയുകയല്ല. പാരമ്പര്യങ്ങൾ, ഗ്രന്ഥങ്ങൾ, വ്യാഖ്യാനങ്ങൾ, ശിക്ഷണങ്ങൾ, പ്രയത്നങ്ങൾ, ഗുരുക്കന്മാർ ഇങ്ങനെയെല്ലാം തന്നെ നമുക്കാവശ്യമാണ്. എന്നാൽ അവയുടെ തെരഞ്ഞെടുപ്പിൽ പ്രത്യേകം ശ്രദ്ധിക്കണം. അവയെല്ലാം എന്തിനുവേണ്ടി നിലകൊള്ളുന്നുവെന്നും കൂടുതൽ സങ്കീർണ്ണമാവാതെ അവയെ എങ്ങനെ ആവശ്യാനുസരണം തെരഞ്ഞെടുക്കണമെന്നും നിങ്ങൾ അറിഞ്ഞിരിക്കണം. ചിലപ്പോൾ ലാളിത്യവും നിരുപദ്രവകരമായ തുറന്ന സമീപനവും അഹങ്കാരത്തിന് ലളിതമായി തോന്നാം. അതിന് എല്ലായ്പ്പോഴും സംശയങ്ങളുണ്ടാകും. അതിന് ഉത്തരങ്ങൾ ആവശ്യമാണ്. അടുക്കും ചിട്ടയോടും കൂടിയ വിശ്വാസയോഗ്യമായ ചിന്ത, സിദ്ധാന്തങ്ങൾ, തത്ത്വചിന്ത എന്നിവ അത്യാവശ്യമാണ്. അത് ഒരുവനെ തൃപ്തിപ്പെടുത്തണം; അല്ലാത്തപക്ഷം അവൻ ശല്യപ്പെടുത്തിക്കൊണ്ടിരിക്കും. നേരെമറിച്ച്, യാഥാർത്ഥ്യം ലളിതവും ഉടനടി നമ്മുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതും (im-mediate: മധ്യസ്ഥത കൂടാതെ, അതായത് നേരിട്ട്) ആണെന്ന് നാം മറക്കരുത്; അത് തുറന്നുപറയാൻ നാം വിചാരിക്കുന്നതിലും വളരെ കുറച്ച് പ്രയത്നവും യാത്രയും മാത്രമേ ആവശ്യമുള്ളു. വ്യക്തമായും, അഹംഭാവം അതിന്റെ നിലനില്പില്ലായ്മ തിരിച്ചറിയുന്നതിനുള്ള സമയപരിധി മന്ദഗതിയിലാക്കാൻവേണ്ടിമാത്രം കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കുന്നതാണ്.

അഹന്തയും ഞാനാണ്! ആത്മാവും ഞാൻ തന്നെയാണ്! ഒന്ന്, മറ്റൊന്നിനെ മൂടുന്ന മൂടുപടമാണ്, ഒന്ന് മറ്റൊന്നിന്റെ സ്ഥാനം കവർന്നെടുക്കുകയും അതിന്റെ പ്രകാശത്താൽ പ്രകാശിക്കുകയും ചെയ്യുന്നു. അതിലേക്ക് ശ്രദ്ധ ചെലുത്തുന്നതിലൂടെ ഞാൻ അതിന് ജീവൻ പകരുന്നു,

അതുകൊണ്ടുമാത്രമാണ് അഹന്ത നിലനിൽക്കുന്നത്. നാം അതിലേക്ക് തിരിയുമ്പോൾ, അതിനെ നമ്മുടെ സ്വത്വത്തിൽനിന്ന് വേർപെടുത്തി നിരീക്ഷിക്കുക, അതിന്റെ വേരുകളെത്തേടിപ്പോകുക. ബോധപൂർവ്വമായ ഇത്തരം ശ്രമങ്ങളാൽ അത് അപ്രത്യക്ഷമാകുന്നു; കാരണം അതൊരു മരീചിക മാത്രമാണ്.

ആത്മീയവൃത്തങ്ങളിലെ മറ്റൊരു അസംബന്ധമാണ് അഹന്തയെ മെരുക്കണം, അതിൽനിന്ന് അകലം പാലിക്കണം, അല്ലെങ്കിൽ അതിലും മോശമായി, അതിനെ ഉന്മൂലനം ചെയ്യുകയോ സംഹരിക്കുകയോ ചെയ്യണം എന്ന് അവകാശപ്പെടുന്നത്. ഇത് മുൻവിശ്വാസത്തിന്റെ അനന്തരഫലവും തികച്ചും പിടിവാശിയുള്ള നിലപാടുമാണ്. അഹം, ആത്മാവ് എന്നിങ്ങനെ രണ്ട് അസ്തിത്വങ്ങളുണ്ടെങ്കിൽ, ആദ്യത്തേതിനെ ഇല്ലാതാക്കുന്നത് രണ്ടാമത്തേതാണ്. എന്നാൽ രണ്ട് അസ്തിത്വങ്ങളല്ല, ഒന്നേ ഉള്ളൂ എന്ന് നാം കണ്ടു. ആര് എന്താണ് ചെയ്യാൻ പോകുന്നത്? ഈഗോ സ്വയം മെരുങ്ങുമോ? ഈ വിഡ്ഢിത്തം ആരും വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. ഉറങ്ങാൻ കിടക്കുമ്പോൾ ഉണർന്നിരിക്കുന്ന ബോധത്തെ ശക്തമായി ഉന്മൂലനം ചെയ്യാൻ പോകുന്നുവെന്ന് അവകാശപ്പെടുന്നതുപോലെയാണ് ഇത്. ശ്രമിച്ചു നോക്കൂ! കിടന്നിട്ട് ഉണർന്നിരിക്കുന്ന അവസ്ഥയെ സജീവമായും തീവ്രമായും ഇല്ലാതാക്കാൻ ശ്രമിക്കൂ! ഉറക്കമല്ലാതെ മറ്റെന്തും അനുഭവപ്പെടും.

മോശം അഹന്തയെ നല്ല അഹന്തവച്ച് മാറ്റിസ്ഥാപിക്കാൻ പോകുകയാണോ നമ്മൾ? മനോഹരമായ ആത്മീയഗുണങ്ങളുള്ള അഹംഭാവം വളർത്തിയെടുക്കലാണ◌ോ പാതയുടെ ലക്ഷ്യം? അങ്ങനെയുള്ള കഥാപാത്രങ്ങളുണ്ട്. അവർക്കു ചുറ്റും നല്ല ആളുകളുണ്ട്, ഒരു കോടതിയുണ്ട്, പിന്തുണക്കാരുണ്ട്. ഒരു അഹന്ത മാറ്റി മറ്റൊന്നുകൊണ്ട് എന്ത് പ്രയോജനം? വിഭജിക്കുന്ന, അസന്തുഷ്ടി പരത്തുന്ന, നല്ലതൊന്നും

കൊണ്ടുവരാത്ത നിഷേധാത്മകമായ ഗുണങ്ങൾ മാറ്റി ഒരുമിപ്പിക്കുന്ന, പിന്തുണയ്ക്കുന്ന, സന്തോഷം പരത്തുന്ന, സഹായിക്കുന്ന, പ്രചോദിപ്പിക്കുന്ന, ആകർഷിക്കുന്ന, മാതൃകാഗുണങ്ങളാക്കി മാറ്റുന്ന പരിവർത്തനം തീർച്ചയായും അഭികാമ്യമാണ്. ഇത് ലക്ഷ്യത്തിലേക്കുള്ള ഒരു ഇടത്തരം ചുവടുവയ്പ്പുമാത്രമാണെന്ന് മനസ്സിലാക്കണം; അഹംഭാവത്തെ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തിലേക്കുള്ള ഒരു മാർഗ്ഗം. നിങ്ങൾ ഒരു യാത്ര നടത്തുകയാണെങ്കിൽ, എവിടെയെങ്കിലും ഒരു റോഡരികിലെ ബഞ്ചിലിരുന്നിട്ട് മടങ്ങുക, അതായത് നിങ്ങളുടെ ലക്ഷ്യസ്ഥാനത്ത് എത്തുന്നതിനുമുമ്പ് അതുപേക്ഷിച്ചു മടങ്ങുക. അതിൽ കാര്യമില്ല. ആത്യന്തികലക്ഷ്യം തീർച്ചയായും നല്ല വികാരങ്ങൾ വഴിഞ്ഞൊഴുകുന്ന ഒരു നല്ല വ്യക്തിയാകണം എന്നതായിരിക്കരുത്.

മാർഗ്ഗത്തെ ലക്ഷ്യമായി കരുതുന്ന ഈ പ്രതിഭാസം യോഗികൾക്കിടയിലും ഞാൻ കണ്ടിട്ടുണ്ട്; അസാധാരണരായവർ. സ്വയം അസാധാരണമാണെന്ന് അറിയുകയും വിശ്വസിക്കുകയും ചെയ്തവർ. "ദൈവവും ഗുരുവും" എന്ന അധ്യായത്തിൽ ഞാൻ അതിനെക്കുറിച്ച് പറയുന്നുണ്ട്.

മറ്റുള്ളവരെ വിലയിരുത്തുമ്പോഴും ഈ തെറ്റിദ്ധാരണ പ്രകടമാണ്: ആരെയും ദ്രോഹിക്കാത്ത, നിഷ്കളങ്കനായ സത്യസന്ധനായ എടുത്തുചാട്ടക്കാരൻ, ആസൂത്രിതമായ പദ്ധതികളിലൂടെ മറ്റുള്ളവർക്ക് കഷ്ടപ്പാടുകളുണ്ടാക്കുന്ന, മിതമായ സ്വരമുള്ള, ആത്മവഞ്ചകരെക്കാൾ വലിയ അഹംഭാവമുള്ളയാളായി എപ്പോഴും വിലയിരുത്തപ്പെടും; അതേ പഴയ മുഖംമൂടി!!

# VI. 4. ആത്മസാക്ഷാത്കാരത്തോടുള്ള അഭിനിവേശം

ഹിന്ദുമതത്തിലെ മറ്റൊരു മഹത്തായ വിഷയമാണ് ആത്മസാക്ഷാത്കാരം. പാശ്ചാത്യമനഃശാസ്ത്രത്തിന് പ്രിയപ്പെട്ട, ആത്മസാക്ഷാത്കാരവുമായി യാതൊരു ബന്ധവുമില്ലാത്ത പദപ്രയോഗങ്ങൾ നമ്മൾ തിരിച്ചറിയണം. ആത്മസാക്ഷാത്കാരം എന്നത് ഈ ലോകത്ത് നമ്മുടെ ഇടം വെളിവാക്കുന്നതോ സമ്പന്നമാക്കുന്നതോ കണ്ടെത്തുന്നതോ ആയ ഒന്നല്ല. ഈ ആശയം ഇതിനെല്ലാം തികച്ചും വിപരീതമാണ്; കാരണം ഇത് ഉന്മൂലനത്തിന്റെ കാര്യമാണ്. എന്താണ് അഹം (അഹങ്കാരം)? ഞാൻ സ്വയം എന്താണ്? (അഹങ്കാരം, ആത്മാവ്, ബ്രഹ്മം മുതലായവ) തുടങ്ങിയവ ഞാൻ ഇവിടെ ചർച്ച ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. ഈ വിഷയങ്ങൾ പലതവണ പലതരത്തിൽ പറഞ്ഞുകഴിഞ്ഞതാണ്. ഇനി കൂടുതലൊന്നും ചേർക്കാനില്ല. അസ്തിത്വം, ഞാൻ എന്ന ബോധം എന്നിവയെക്കുറിച്ചാണ് നമ്മൾ ഇതുവരെ സംസാരിച്ചത്. അഹങ്കാരത്തിൽ, "അഹം" അല്ലെങ്കിൽ ഞാൻ ഉണ്ട്, പിന്നെ 'കാര' എന്നത് ചെയ്യുക അല്ലെങ്കിൽ കർമ്മം എന്നതിന്റെ 'കർ' എന്ന ധാതുവിൽനിന്ന് വരുന്നു. അതിനാൽ അഹങ്കാരം എന്നത് നമ്മൾ സ്വയം കരുതിയിരുന്നതുപോലെ 'ഞാൻ' എന്നത് മാത്രമല്ല, 'ചെയ്യുന്നതും' കൂടിയാണ്. ആത്മാവ് സ്വയംമറന്ന് ഒരു വ്യക്തിയോ അല്ലെങ്കിൽ ആരെങ്കിലുമോ ആണെന്ന തോന്നലിനെയാണ് അഹങ്കാരം എന്ന് പറയുന്നത്. അതായത് "ഞാൻ" എന്നതുമാറി, "ഞാൻ ഇന്നയാളാണ് അല്ലെങ്കിൽ ഇതാണ്" എന്നു തോന്നുന്നതാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഇത് വ്യക്തിത്വത്തിന്റെ

അവബോധം, അല്ലെങ്കിൽ വ്യക്തി (മുഖംമൂടി) യുമായുള്ള തിരിച്ചറിയലിന്റെ അടിസ്ഥാനമാണ് (persona, ലാറ്റിൻ).

ആത്യന്തികമായി, വിഷയത്തിന്റെ സങ്കീർണ്ണതയിലും സമ്പന്നതയിലും മുഴുകി വഴിതെറ്റുകയും നമ്മെത്തന്നെ നഷ്ടപ്പെടുത്തുകയും ചെയ്യാതിരിക്കാനായി ഏറ്റവും ലളിതമായി പറയാനാണ് ഞാൻ ശ്രമിക്കുന്നത്. കാരണം അന്തഃകരണത്തെ രൂപപ്പെടുത്തുന്ന നാല് ഘടകങ്ങളിൽ (മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം) ഒന്നാണ് അഹങ്കാരം എന്ന ആശയം. ഈ തിരിവ് ആത്മസാക്ഷാത്കാരത്തിന്റെ തത്വത്തെക്കുറിച്ച് ഒരു പ്രായോഗിക വീക്ഷണകോണിൽനിന്ന് കൂടുതൽ നന്നായി മനസ്സിലാക്കാൻ നമ്മെ സഹായിക്കും. ഈ നാലിൽ രണ്ടെണ്ണം വളരെ രസകരമാണ്: മനസ്സും ബുദ്ധിയും. ലാറ്റിൻഭാഷയിൽ 'mens' (മെൻസ്) എന്ന വാക്കിനോട് സംസ്കൃതത്തിലെ മനസ് എന്ന വാക്കിനുള്ള ഭാഷാപരമായ ബന്ധം നമുക്ക് ശ്രദ്ധിക്കാം. 'mens sana in corpore sano'/ 'ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള മനസ്സ്' എന്ന ചൊല്ല് നിങ്ങൾക്ക് നന്നായി അറിയാം. വ്യത്യസ്തമായ ആശയങ്ങളിൽ കുരുങ്ങിപ്പോകുക എന്ന അപകടമുള്ളതിനാൽ (പ്രത്യേകിച്ച് ഒരു സംസ്കാരവും നാഗരികതയും മറ്റൊന്നുമായി വലിയ ബന്ധമില്ലാതെയിരിക്കുമ്പോൾ) മനസ്സിനെയും ആത്മാവിനെയും കുറിച്ചുള്ള പാശ്ചാത്യസങ്കല്പങ്ങളെ നാം തല്ക്കാലം നോക്കുന്നില്ല. പാശ്ചാത്യഭാഷകളിൽ മനസ്സിനോട് ഏറ്റവും അടുത്തു നിൽക്കുന്ന പദം ഇംഗ്ലീഷിലെ മൈൻഡ് ആണ്.

മനസ്സ് എന്ന സങ്കല്പത്തിൽ നമ്മുടെയുള്ളിലെ ഏതൊരു ചലനവുമടങ്ങുന്നു. അത് ഒരു ധാരണയോ, അവബോധമോ, ചിന്തയോ അല്ലെങ്കിൽ മറ്റെന്തെങ്കിലുമോ ആകട്ടെ. ഇംഗ്ലീഷിലെ ആത്മീയസംസാരരീതിയിൽ, നമുക്ക് അതിനെ ഒരു "മെന്റേഷൻ"/മനസ്സിന്റെ ചലനം എന്ന് വിളിക്കാം. അതുകൊണ്ട് മനസ്സ്, ചിന്തയും വികാരവും തമ്മിൽ വേർതിരിക്കുന്നില്ല.

ഭാരതീയജ്ഞാനം, ശുദ്ധമായ യുക്തി എന്ന പാശ്ചാത്യാശയത്തിനുപകരം മറ്റൊരു സങ്കല്പം നിർദ്ദേശിക്കുന്നു അല്ലെങ്കിൽ മറ്റൊരു രൂപത്തിൽ അതിനെ സമീപിക്കുന്നു. അതാണ് 'ബുദ്ധി'. പദോല്പത്തിപ്രകാരം, 'ബുദ്ധ്', 'ധി' എന്നീ രണ്ട് ധാതുവിൽനിന്നാണ് ബുദ്ധി വരുന്നത്. 'ധി' എന്നാൽ ധിഷണ, 'ബുദ്ധ്' എന്നാൽ ഉണർവ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ബുദ്ധി എന്നത് പ്രബുദ്ധമായ അറിവാണ്; വിവേചിക്കാനുള്ള കഴിവ്, വിധിക്കാനുള്ള കഴിവ്, മനസ്സിലാക്കാനും അറിയാനുമുള്ള കഴിവ്. ഈ ചെറിയ ആമുഖത്തോടെ, പുരാതന ഇന്ത്യൻ മനഃശാസ്ത്രദർശനത്തിന്റെ, ഇക്കാര്യത്തിൽ സാംഖ്യതത്ത്വചിന്തയുടെ, സങ്കീർണ്ണതയുടെ ഒരു ഭാഗംമാത്രമേ പറയുന്നുള്ളു. ആ മനഃശാസ്ത്രത്തിൽ മനുഷ്യാത്മാവ് അല്ലെങ്കിൽ വ്യക്തി, 1. മനസ്സ്, 2. പ്രബുദ്ധമായ ധിഷണ(ബുദ്ധി), 3. ചിത്തം (ഓർമ്മ, വേണമെങ്കിൽ പാശ്ചാത്യരീതിയിൽ അബോധമനസ്സ് എന്നും പറയാം), 4. അഹങ്കാരം, അഹം, ഞാൻ എന്ന ബോധം എന്നിവയാൽ നിർമ്മിതമാണെന്ന് മനസ്സിലാക്കണം.

ഇനി നമുക്ക് ആത്മസാക്ഷാത്കാരം എന്ന വിഷയത്തിലേക്ക് തിരിച്ചുവരാം. ഇന്ത്യയിൽ അതിനെ വിവിധ പദങ്ങൾ ഉപയോഗിച്ച് അഭിസംബോധന ചെയ്യുന്നു, ഉദാഹരണത്തിന്: മോക്ഷം, 'മുക്' എന്ന മൂലത്തിൽ നിന്നാണ് ഉരുത്തിരിഞ്ഞത്, മോചിപ്പിക്കുക എന്നർത്ഥം. അതായത്, കുതിരയെ അതിന്റെ കടിഞ്ഞാണിൽനിന്ന് മോചിപ്പിക്കുന്നതുപോലെ, വിമോക്ഷ, മുക്തി, വിമുക്തി, ആത്മജ്ഞാനം, ആത്മബോധം, കൈവല്യം, നിർവാണം, സമാധി (സഹജ, നിർവികല്പ എന്നിങ്ങനെയുള്ള അതിന്റെ ഒന്നിലധികം വകഭേദങ്ങൾ), ബ്രഹ്മാനുഭവം എന്നിങ്ങനെ. വിദേഹമുക്തി (മരണാനന്തരമോചനം) അല്ലെങ്കിൽ ജീവൻമുക്തി (ജീവിച്ചിരിക്കുമ്പോൾ തന്നെയുള്ള മോചനം), കൂടാതെ ക്രമമുക്തി (ക്രമേണ മുക്തി),

അക്രമമുക്തി (പെട്ടെന്നുള്ള വിമോചനം) തുടങ്ങിയവയും ഉണ്ട്. സഹസ്രാബ്ദങ്ങളായി മോക്ഷം എന്ന ആശയം എങ്ങനെ ഇന്ത്യൻമനസ്സിൽ പതിഞ്ഞുവെന്നും അത് വേദകാലം മുതൽ എങ്ങനെ രൂപപ്പെട്ടുവെന്നും ഇനി പറയുന്നു. യുഗങ്ങളിലൂടെയുള്ള അതിന്റെ പരിണാമം മനസ്സിലാക്കുക എന്നത് നമ്മുടെ ഇപ്പോഴത്തെ ലക്ഷ്യമല്ലാത്തതിനാൽ അത് ഇവിടെ പറയുന്നില്ല. മൊത്തത്തിൽ അത് വൈദികമോ യോഗപരമോ ഭക്തിപരമോ ആകട്ടെ, മോക്ഷം എന്ന സങ്കല്പത്തിന് വ്യത്യസ്ത നിറങ്ങളോ നിറഭേദമോ ഉണ്ടെന്ന് നമുക്ക് പറയാം. വേദകാലഘട്ടത്തിൽ (നമ്മുടെ യുഗത്തിന് ആയിരക്കണക്കിന് വർഷങ്ങൾക്കുമുമ്പ്) പ്രപഞ്ചവുമായുള്ള നമ്മുടെ ബന്ധം പുനഃസ്ഥാപിക്കുന്ന ആചാരങ്ങളിലൂടെയാണ് മോക്ഷം നേടുന്നതെന്ന് വിശ്വസിക്കപ്പെട്ടിരുന്നു. യോഗയിൽ, ശിക്ഷണങ്ങളുടെ പരിശീലനത്തിലൂടെയാണ് മോക്ഷം ലഭിക്കുന്നത്. ഭക്തിയിൽ, അത് ആചാരങ്ങളിലൂടെയോ ശിക്ഷണങ്ങളിലൂടെയോ ലഭിക്കുന്നതല്ല; മറിച്ച് ദൈവത്തോടുള്ള സ്നേഹം, ധ്യാനം, അവനോട്/ അവളോട് ഉള്ള ഐക്യപ്പെടൽ എന്നിവയിലൂടെയാണ്. ഹിന്ദുമതം, ജൈനമതം, ബുദ്ധമതം, സിഖ് മതം എന്നിവയ്ക്കിടയിലും മോക്ഷം എന്ന സങ്കല്പം വികസിച്ചിരുന്നു.

അടിസ്ഥാനപരമായും പരമ്പരാഗതമായും, ഭാരതം ഇഹലോകജീവിതത്തെ വെറുക്കുന്നുവെന്നും <u>ഭൗമികാസ്തിത്വം</u>, മനുഷ്യർ, പ്രകൃതി എന്നിവയുമായുള്ള ബന്ധം ഇല്ലാതാക്കി പരിത്യാഗത്തിലും നിരാകരണത്തിലും അഭിനിവേശം ഉള്ളവരാണെന്നും പറയുന്നത് അന്യായമാണ്. ഇന്നത്തെ ചിന്തകളിലും വിശ്വാസങ്ങളിലും പതിഞ്ഞ പ്രാചീനദർശനത്തിന്റെ തലതിരിഞ്ഞ പ്രതിച്ഛായകാരണം അങ്ങനെ കരുതുന്നത് പൂർണ്ണമായും തെറ്റുമല്ല. നാം അടിസ്ഥാനകാര്യങ്ങളിലേക്ക് മടങ്ങിവരുകയാണെങ്കിൽ, മോക്ഷം എന്നാൽ നിലനിൽപ്പിന്റെ വിവിധ

ലക്ഷ്യങ്ങളിലൂടെ (നാലു പുരുഷാർത്ഥങ്ങൾ: ധർമ്മം, അർത്ഥം, കാമം, മോക്ഷം) ഉള്ള വ്യക്തിയുടെ പുരോഗതിയുടെ ഭാഗമാണ്: മറ്റൊരു വിധത്തിൽ പറഞ്ഞാൽ നന്മ, തൊഴിൽ, സമൃദ്ധി, ആനന്ദം, മോക്ഷം എന്നിവയ്ക്കായുള്ള പരിശ്രമമമാണ്. ധർമ്മം എന്ന ആശയം വളരെ കൗതുകകരമാണ്, അതിനുതന്നെ ഒരു അധ്യായം ആവശ്യമായി വരും. ഭൗതികസുഖങ്ങൾ, ആനന്ദങ്ങൾ, നല്ലത്, ശരി, ഒടുവിൽ ഇപ്പറഞ്ഞ എല്ലാ ഭൗതികച്ചങ്ങലകളിൽനിന്നുമുള്ള വിമോചനത്തിനായുള്ള ത്യാഗം എന്നിവയ്ക്കിടയിൽ മോക്ഷം എന്ന ആശയം എങ്ങനെ വ്യക്തിയുടെ വികാസത്തിന്റെ സമ്പൂർണ്ണദർശനത്തിൽ സന്തുലിതമായി കാണപ്പെടുന്നു എന്നത് വായനക്കാരന്റെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ആഗ്രഹിക്കുന്നത്. അതായത്, വേദർഷികൾ, മോക്ഷം മറ്റെല്ലാ അനുഷ്ഠാനങ്ങൾക്കും ഒടുവിൽ നേടേണ്ട ഒന്നായി കരുതുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഏറ്റവും ഒടുവിലായി മോക്ഷം നേടുന്നതിനുമുമ്പ് മറ്റ് അനുഷ്ഠാനങ്ങളെല്ലാം സാധ്യമായ ഏറ്റവും മികച്ച രീതിയിൽ പൂർത്തിയാക്കണം. ആധുനികലോകത്ത്, ഈ ക്രമം അല്പം അസ്വസ്ഥത ഉണ്ടാക്കുന്നതാണ്. അതിനാൽ, അടിസ്ഥാനപരമായി, തിരസ്കാരമോ ഒളിച്ചോട്ടമോ ഉത്കണ്ഠയോ വിധിവൈപരീത്യത്തിൽനിന്നുള്ള മാനസികവിഭ്രാന്തിയോ ജീവിതത്തിലെ വെല്ലുവിളികളോ ഭൗതികവ്യവഹാരങ്ങളോ മോക്ഷത്തിനായുള്ള കാരണമായി കണക്കാക്കപ്പെടുന്നില്ല. മറിച്ച്, അതൊരു പുരോഗതിയാണ്. ഈ ലോകത്ത് ഭൂമിയിലും മനുഷ്യർക്കിടയിലും ഒരു വ്യക്തിയുടെ ജീവിതത്തിലെ വിവിധ തലങ്ങളുടെയും വശങ്ങളുടെയും പൂർത്തീകരണവും വികാസവും വഴിയുള്ള ആരോഗ്യകരമായ പരിണാമമമാണ്.

ഞാൻ എന്താണ് പറയാൻ ശ്രമിക്കുന്നതെന്ന് നിങ്ങൾക്ക് മനസിലാകുന്നുണ്ടോ? പ്രധാന വിഷയത്തിൽനിന്ന് മാറി

മറ്റു കാര്യങ്ങൾ പറയുന്നതിലൂടെ, ഹിന്ദുമതത്തിന്റെ അടിസ്ഥാനസങ്കല്പങ്ങൾ എങ്ങനെയൊക്കെ വളച്ചൊടിക്കപ്പെട്ടിട്ടുണ്ടായിരിക്കുമെന്ന് നിങ്ങളെ കാണിക്കാനാണ് ഞാൻ ശ്രമിക്കുന്നത്. ഹിന്ദുമതത്തിന്റെ മൗലികമായ ചരിത്രപരവും സാംസ്കാരികവും ദാർശനികവുമായ സന്ദർഭം മനസ്സിലാക്കുന്നത് സ്വയംകെണിയിൽ അകപ്പെടാതിരിക്കാനുള്ള ഒരു മാർഗ്ഗമാണ്. കാരണം, മോക്ഷം എന്ന ആശയം ഒരു കുറുക്കുവഴിയായി മാറുമ്പോൾ, അതിന്റെ അർത്ഥത്തിൽ വ്യതിയാനങ്ങളും തെറ്റായ വ്യാഖ്യാനങ്ങളും പ്രതീക്ഷിക്കാം. എന്നാൽ, മാനസികപരാജയം അല്ലെങ്കിൽ പൊരുത്തപ്പെടായ്മ, സന്തുലിതവും ആരോഗ്യകരവുമായ വൈദികസമൂഹത്തിലെ മനുഷ്യന്റെ ഏറ്റവും ഉയർന്ന വികസനം എന്നിവയ്ക്കിടയിൽ പരുക്കനായും ലളിതമായും നമുക്കതിനെ അവതരിപ്പിക്കാം.

ഭാരതീയദാർശനിക പാരമ്പര്യത്തിൽ, ഒരുവശത്ത് ഭൗതികസുഖാന്വേഷണവും അതിനായുള്ള കർമ്മങ്ങളും അതിൽനിന്നുള്ള ആനന്ദവും, മറുവശത്ത് മോക്ഷവും തമ്മിലുള്ള വൈരുദ്ധ്യത്തിന്റെയോ വ്യത്യാസങ്ങളുടെയോ പശ്ചാത്തലത്തിൽ ഭഗവദ്ഗീതയിൽ ഒരു പുതിയ പ്രവണത നമുക്ക് കാണാം; നിഷ്കാമകർമ്മം അല്ലെങ്കിൽ നിസ്വാർത്ഥകർമ്മം: കർമ്മത്തിൽ ആസക്തനാകാതെ, ഫലങ്ങൾ പ്രതീക്ഷിക്കാതെ, സന്തോഷിക്കാനോ അഭിമാനം കൊള്ളാനോ അല്ലാതെ നിർമ്മമനായി കർമ്മം ചെയ്തുകൊണ്ട് ഈ ലോകത്തിൽ തുടരുക.

കാലക്രമേണ, ധാരണയിൽ മാറ്റങ്ങൾ വന്നു. തുടക്കത്തിലുള്ള സങ്കല്പങ്ങൾ അല്പം വഴിപിഴച്ചു പോകുകയും ചെയ്തു. എട്ടാം നൂറ്റാണ്ടിൽ, വേദാന്തത്തിന്റെ അടിസ്ഥാനവാക്യങ്ങളിലൊന്നിനെക്കുറിച്ച് സംസാരിക്കുമ്പോൾ, ശരീരം എന്നാൽ മലം ശേഖരിക്കുന്ന ഒരു സഞ്ചിയാണെന്നും ഭൂമിയിലെ ജനനം മലദ്വാരത്തിനും മൂത്രനാളിക്കും ഇടയിലുള്ള

മനുഷ്യശരീരത്തിന്റെ “താഴ്ന്ന” ഭാഗത്തിലൂടെ രക്തം, മൂത്രം, മലം, വിയർപ്പ്, നിലവിളി, വേദന എന്നിവയിലൂടെയുള്ള ഒരു താഴ്ന്നതരത്തിലുള്ള ജനനമാണെന്നും ശങ്കരാചാര്യൻ അഭിപ്രായപ്പെടുന്നു. ഈ ആളുകളിലോ, ചരിത്രത്തിന്റെ ഈ ഘട്ടത്തിലോ, ഈ അറപ്പിന്റെ കാരണം എന്തായിരിക്കുമെന്ന് എനിക്കറിയില്ല, അതിനാൽ ആ ഉത്തരവാദിത്വം അവരെത്തന്നെ ഏല്പിച്ച് നമുക്കത് വിട്ടേക്കാം. Dr.Vigne (ഡോ.വിഗ്നെ) പറയുന്നതനുസരിച്ച്, ഏകദൈവപാരമ്പര്യങ്ങൾക്ക് സമാനമായ വീക്ഷണങ്ങളുണ്ടായിരുന്നു. സ്വാർത്ഥതയുടെ മൂർത്തിമദ്ഭാവമായ മനുഷ്യൻ സ്വന്തം താല്പര്യങ്ങൾക്കുവേണ്ടിമാത്രമാണ് സ്നേഹിക്കുന്നതെന്നും ഭക്തിയോടെ ദൈവത്തിലേക്ക് തിരിയുന്നവർക്കുമാത്രമേ ഇച്ഛാഭംഗം, നിരാശ, കയ്പ്പ്, മനുഷ്യന്റെ തിരസ്കരണം എന്നിങ്ങനെയുള്ള അവസ്ഥകളിലും സ്നേഹിക്കാൻ കഴിയൂ എന്ന് ദൈവസ്നേഹത്തെ മഹത്വവത്കരിക്കുന്ന ഭക്തർ അവകാശപ്പെടുന്നു. ശങ്കരാചാര്യരുടെ വെറുപ്പും ഭക്തരുടെ നിരാശയും, ഈ രണ്ട് പ്രവണതകളുടെയും പശ്ചാത്തലത്തിൽ, ഈ ലോകത്തിന്റെ ചങ്ങലകളിൽനിന്നുള്ള മോചനം വേദോല്പത്തിയുടെ അസ്തിത്വത്തിന്റെ ലക്ഷ്യത്തിലൂടെയുള്ള ആരോഗ്യകരമായ വികാസപരിണാമങ്ങളിൽനിന്ന് വ്യത്യസ്തമായി ഒരു പുതിയ, കൂടുതൽ ശുദ്ധമായ അർത്ഥം നേടിയെടുക്കുകയായിരുന്നു. ഇന്ത്യയിൽ ഇന്നുവരെ ഈ അർത്ഥവ്യതിയാനം മതചിന്തകളിലേക്ക് നുഴഞ്ഞുകയറിയിട്ടുണ്ട്.

തിരിച്ചറിവിന്റെ അല്ലെങ്കിൽ ആത്മജ്ഞാനത്തിന്റെ ചരിത്രപരവും സാംസ്കാരികവും ആത്മീയവുമായ ഉത്ഭവത്തിന്റെ പശ്ചാത്തലം മനസ്സിലാക്കിക്കഴിഞ്ഞാൽ, നമുക്ക് ഇപ്പോൾ വ്യാഖ്യാനങ്ങളിലെ വ്യതിചലനങ്ങളെയും ധാരാളിത്തത്തെയും സമീപിക്കാം. മനുഷ്യനെയും ജീവജാലങ്ങളുമായുള്ള അവന്റെ

സമന്വയത്തെയും കുറിച്ചുള്ള വിവരണത്തിലെ ഭാരതീയചിന്തയുടെ സമ്പന്നതയും ആഴവും സങ്കീർണ്ണതയും നാം ഇപ്പോൾ കണ്ടു. തത്ത്വചിന്തകളുടെയും സമീപനങ്ങളുടെയും ബഹുസ്വരത കണ്ടെത്തുന്നതിനുള്ള യാത്ര തീർച്ചയായും ആകർഷകമാണ്. കൂടാതെ, അഹംഭാവത്തിന് സ്വയം ചോദിക്കാൻ കഴിയുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകാൻ ഈ പാരമ്പര്യങ്ങൾക്ക് കഴിവുണ്ട്. ശാന്തമായി യാത്ര തുടരുന്നതിൽനിന്ന് അന്വേഷകനെ വ്യതിചലിപ്പിക്കുന്ന തടസങ്ങളാണ് ഈ സംശയങ്ങളും ചോദ്യങ്ങളും. അതിനാൽ, അവയ്ക്ക് ഉത്തരം നൽകേണ്ടതുണ്ട്. ഇന്ത്യൻപാരമ്പര്യങ്ങളും ജ്ഞാനങ്ങളും സമ്പന്നതയോടും സമൃദ്ധിയോടും ശ്രേഷ്ഠതയോടുംകൂടി അത് ചെയ്യുന്നുമുണ്ട്. എന്നിരുന്നാലും, തത്ത്വചിന്തകളോടുള്ള അഭിനിവേശവും ചിന്തയുടെ വികാസവും ‘ലക്ഷ്യം’ (അതായത്, ചിന്തയുടെയും ബന്ധങ്ങളുടെയും അടിമത്തത്തിൽനിന്ന് സ്വയം ഉള്ള മോചനവും വ്യക്തവും പൂർണ്ണവുമായ ബോധത്തിലേക്കുള്ള മടക്കവും) കൈവരിക്കുന്നതിന് തടസ്സമാകാം.

അതിനാൽ, ഒരു വശത്ത്, അവതരണത്തിന്റെ അനന്തമായ വിശദാംശങ്ങളും സങ്കീർണ്ണതയും ഉപയോഗപ്രദമാണ്, മറുവശത്ത് അത് സ്വയം ദോഷം ചെയ്യുന്നു. സാമ്പ്രദായികവീക്ഷണപ്രകാരം, ആത്മസാക്ഷാത്കാരം ഒരു പ്രയാസകരവും തന്ത്രപരവും സങ്കീർണ്ണവും നീണ്ടതുമായ പ്രക്രിയയാണ്. അന്വേഷകൻ അവന്റെ പാതയിൽ അസാധാരണമായ ഗുണങ്ങൾ വികസിപ്പിക്കേണ്ടതുണ്ട്. എന്നാൽ ഒരു കാര്യമുണ്ട്: ഒരുവൻ അവനെ തിരിച്ചറിയുന്നതെങ്ങനെ എന്നതാണ് പ്രശ്നത്തിന്റെ മൂലകാരണം. മൗലികബോധം വീണ്ടെടുക്കാൻ ഈ തിരിച്ചറിയലിന്റെ കെട്ടഴിച്ചാൽ മതിയാകും. അതെപ്പോൾവേണമെങ്കിലും ഏതു ഘട്ടത്തിലും ചെയ്യാൻ കഴിയും. അതിനാൽ,

ക്രമാനുഗതമനഃസ്ഥിതി, പെട്ടെന്നുള്ള ഉണർവ്വിന്റെ മനഃസ്ഥിതി ഇവയ്ക്കിടയിലുള്ള എതിർപ്പാണ് നാം നേരിടുന്നത്. പുരാതനകാലംമുതൽ, പണ്ഡിതന്മാർ ഒന്നിനുമേൽ മറ്റൊന്നിനുള്ള മേൽക്കോയ്മയെക്കുറിച്ച് വാദിച്ചിട്ടുണ്ട്.

ഭാരതീയപാരമ്പര്യങ്ങളിൽ ഗ്രാഡുവലിസവും (ക്രമാനുഗത) സുബിറ്റിസവും (പെട്ടെന്നുള്ള ഉണർവ്വ്/ ബോധോദയം) സമാന്തരമായി വികസിച്ചു. ഉദാഹരണത്തിന്, അഷ്ടാവക്രഗീതപോലുള്ള പുരാതനഗ്രന്ഥങ്ങളിൽ ഒരാൾക്ക് സുബിറ്റിസം (പെട്ടെന്നുള്ള ഉണർവ്വ്/ ബോധോദയം) കാണാം. മിക്കവർക്കും കൂടുതൽ പ്രാപ്യമായ ഗ്രാഡുവലിസം (ക്രമാനുഗത) വിശാലമായ സ്വീകാര്യത കണ്ടെത്തുകയും കൂടുതൽ വ്യാപകമാവുകയും ചെയ്തു. ഇരുപതാം നൂറ്റാണ്ടിൽ രമണമഹർഷിയെപ്പോലുള്ള അപൂർവ്വഋഷിമാർ കാലികമായി സുബിറ്റിസം (പെട്ടെന്നുള്ള ഉണർവ്/ ബോധോദയം) കൊണ്ടുവന്നപ്പോൾ, പല ഗുരുക്കന്മാരും അദ്ദേഹത്തെ പിന്തുടർന്ന് ഈ പാരമ്പര്യേതരസമീപനം വികസിപ്പിച്ചെടുത്തു, ചിലർ ഇതിനെ നവാദ്വൈതമെന്ന് വിളിക്കും. സ്വാമി വിവേകാനന്ദനും അദ്ദേഹത്തിനുശേഷം വന്ന തത്ത്വചിന്തകനായ ജിദ്ദു കൃഷ്ണമൂർത്തിയെപ്പോലുള്ള പലരോടും ഒപ്പം ഈ നവവേദാന്തം വികസിച്ചു. കൂടുതൽ വിശാലമായ കാഴ്ചപ്പാടിൽ അതിനെ നവഹിന്ദുയിസം എന്നും വിളിക്കാം. ഈ പദങ്ങൾക്ക് വിശാലമായ സമവായം ഇല്ലെങ്കിലും, അവ ഹിന്ദുമതത്തിന്റെ സമകാലികപരിണാമത്തിന് അടിവരയിടുന്നു, പ്രത്യേകിച്ചും പാശ്ചാത്യലോകവുമായുള്ള സമ്പർക്കത്തിൽ. ഇത്രയും വിശദമാക്കിയതിൽനിന്ന് നമുക്ക് മനസിലാക്കാൻ കഴിയുന്നത്, പരമ്പരാഗതമായി, നമ്മൾ ഇതിനകം പറഞ്ഞതുപോലെ, യാത്ര ദീർഘവും കഠിനവുമായ അധ്വാനമാണ്. ഇപ്പോൾ നവവേദാന്തം

അവകാശപ്പെടുന്നത്, ഇപ്പറഞ്ഞ പ്രാഥമിക പരിശീലനങ്ങളും മനസ്സിന്റെ ഈ പരിവർത്തനങ്ങളും ഒന്നും അവർക്ക് ആവശ്യമില്ല, കാരണം മോക്ഷം എന്നത് പെട്ടെന്നുള്ള സംഭവമാണെന്നാണ്. കൂടാതെ, നമ്മൾ ഇനി മോക്ഷത്തെക്കുറിച്ചല്ല, ബോധോദയത്തെക്കുറിച്ചാണ് സംസാരിക്കുന്നത്. ആത്മീയയാത്രയിൽ പെട്ടെന്നുള്ള ബോധോദയത്തിനു സ്ഥാനമുണ്ടെങ്കിലും അത് എല്ലാ വ്യതിചലനങ്ങളിലേക്കുമുള്ള തുറന്ന വാതിൽ കൂടിയാണ്. അതുകൊണ്ടുതന്നെ ഇന്ന് വളരെ സമൃദ്ധമായ ആദ്ധ്യാത്മികവിപണിയിൽ വ്യാജന്മാരുടെ എണ്ണവും ഏറെയാണ്.

പ്രായോഗികമായി നിരീക്ഷിച്ചാൽ, ആത്മീയവഴിയിൽ ഒരു വ്യക്തിയെ രൂപപ്പെടുത്തുന്നത്, തീർച്ചയായും കഠിനവും ദീർഘവുമായ ജോലിയാണ്; സ്ഥിരോത്സാഹം ആവശ്യമാണ്; വ്യക്തിയുടെ മെച്ചപ്പെടുത്തലിനും ശുദ്ധീകരണത്തിനുമുള്ള ഒരു ജോലിയാണ്, ഉള്ളിൽനിന്നുള്ള പ്രകാശത്തെ സ്വീകരിക്കാൻ നമ്മെ പ്രാപ്തമാക്കുന്ന ഒരു ജോലി. പാരമ്പര്യത്തെ പരാമർശിച്ചുകൊണ്ട്, ആദിശങ്കരൻ തന്റെ ഗ്രന്ഥത്തിൽ തത്ത്വബോധം അല്ലെങ്കിൽ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള അറിവ് നേടുന്നതിനുള്ള പ്രാഥമികമായ നാല് യോഗ്യതകളെപ്പറ്റി (*സാധന ചതുഷ്ടായ|* നാല് തലത്തിലുള്ള ശിക്ഷണം) സൂചിപ്പിക്കുന്നു:

1. വിവേകം
2. വൈരാഗ്യം (നിസ്സംഗത്വം)
3. ഷട് സമ്പത് (ആറ് ഗുണങ്ങൾ)
    a. ക്ഷമ, ശാന്തത,
    b. ദമ, ഇന്ദ്രിയങ്ങളുടെ നിയന്ത്രണം,
    c. ഉപരാതി, മൗനമവലംബിക്കൽ,
    d. തിതിക്ഷ, സഹിഷ്ണുത
    e. ശ്രദ്ധ, വിശ്വാസം
    f. സമാധാനം, സമചിത്തത.

4. മുമുക്ഷുത്വം (മോക്ഷത്തിനായുള്ള തീവ്രമായ ആഗ്രഹം).

ഓരോന്നിന്റെയും വിശദാംശങ്ങളിലേക്ക് കടക്കാൻ ഒരു നീണ്ട അധ്യായം തന്നെ വേണ്ടിവരും. ഞാൻ കാര്യങ്ങൾ ശരിയായ വീക്ഷണകോണിൽ കൊണ്ടുവരാൻ ശ്രമിക്കുകയാണ്: ഇത് ജോലിയാണ്, തമാശയല്ല! അതേസമയം, ദീർഘവും കർക്കശവുമായ സന്യാസം, തിരിച്ചറിയലിന്റെ കെട്ട് എപ്പോൾ വേണമെങ്കിലും അഴിഞ്ഞുപോകാനുള്ള സാധ്യതയെ ഒഴിവാക്കുന്നില്ല. ഈ അർത്ഥത്തിൽ സാക്ഷാൽക്കാരമല്ല ക്രമേണ നേടിയെടുക്കപ്പെടുന്നത് മറിച്ച് അവബോധവും, വിവേകവും ശ്രദ്ധയും പരിഷ്കരിക്കാനുള്ള വ്യക്തിയുടെ തയ്യാറെടുപ്പാണ് ക്രമേണ സംഭവിക്കുന്നത്. പാരമ്പര്യമനുസരിച്ച്, അഹന്ത എന്ന ഉള്ളിയുടെ അകക്കാമ്പിലെത്താൻ അതിന്റെ ഓരോ പാളിയായി പൊളിച്ചുമാറ്റേണ്ടതുണ്ട്. മാലിന്യങ്ങൾ, ആഗ്രഹങ്ങൾ, അഭിനിവേശം, അനുകമ്പ, വികാരങ്ങൾ, മുൻകാലജീവിതധാരണകൾ, ബന്ധങ്ങൾ, ഭയങ്ങൾ, മുൻവിധികൾ, വിശ്വാസങ്ങൾ, അനുമാനങ്ങൾ, അഭിപ്രായങ്ങൾ, വിധികൾ, ഭാഷ, കഴിവുകൾ, തൊഴിലുകൾ, ലോകത്തെക്കുറിച്ചുള്ള അറിവ് ഇതെല്ലാം മാറി സ്വത്വംമാത്രം അവശേഷിക്കുംവരെ അതിന്റെ തൊലി കളയണം. അതൊക്കെ ശരിയാണ്, എന്നാൽ ഈ കഠിനമായ മുഴുവൻ സമയജോലി ഒരുവൻ അവന്റെ അഹംബോധത്തെ എത്രത്തോളം മനസ്സിലാക്കിയിരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു സത്തയുടെ വേരിലേക്കു ശ്രദ്ധ കേന്ദ്രീകരിച്ചാൽ ഈ കെട്ട് ഏതുഘട്ടത്തിലും അഴിച്ചുമാറ്റാൻ കഴിയും. ഈ തീവ്രവും സമ്പൂർണ്ണവുമായ പ്രവൃത്തിയാണ് നോട്ടം, ധാരണ, അറിവ്, മനസ്സാക്ഷി എന്നിവയുടെ ശുദ്ധീകരണം സാധ്യമാക്കുന്നതും കെട്ടഴിക്കലിനെ കൂടുതൽ കൂടുതൽ സാധ്യമാക്കുന്നതും വിശ്വസനീയമാക്കുന്നതും. അതിനാൽ, ഒന്ന് മറ്റൊന്നില്ലാതെ സാധ്യമല്ല.

ദീർഘകാലത്തെ ആത്മാർത്ഥമായ ശ്രമം ബോധോദയ അനുഭവത്തെ ഉണർത്താൻ സഹായിക്കുന്നതാണ്. ഈ അർത്ഥത്തിൽ, ബോധോദയത്തിൽ ക്രമാനുഗതതയും (ഗ്രാഡ്വുവലിസവും) പെട്ടെന്നുള്ള ഉണർവ്വ്/ ബോധോദയം (സബ്റ്റിസവും) തമ്മിൽ വൈരുദ്ധ്യം ഉണ്ടാകണമെന്നില്ല. കൂടാതെ, പരിശ്രമങ്ങളില്ലാതെയും അടിസ്ഥാനപരമായ പരിവർത്തനമില്ലാതെയും ഉണ്ടാവുന്ന പെട്ടെന്നുള്ള ബോധോദയം വഴിതെറ്റിക്കുന്ന തരത്തിലുള്ള ആത്മീയ വൈചിത്രങ്ങൾ പ്രകടിപ്പിച്ചു കൊണ്ട് നിഴലിൽ മറഞ്ഞിരിക്കുന്ന അഹംഭാവത്തെ പലവിധത്തിൽ പ്രകടമാക്കുന്നു. ഇതിനെ സംബന്ധിച്ച് പിന്നീട് ഗുരുക്കന്മാരെക്കുറിച്ചുള്ള അധ്യായങ്ങളിൽ പറയാം. പെട്ടെന്നുള്ള ബോധോദയത്തിന്റെ അനുഭവംപോലെ അടിസ്ഥാനപരമാണ് ദീർഘമായ തപസ്സ്. അത് വ്യക്തിയുടെയും അവന്റെ ജീവിതത്തിന്റെയും എല്ലാ വശങ്ങളെയും ഉൾക്കൊള്ളുന്നതിനും മനസ്സിൽ പതിപ്പിക്കുന്നതിനും ക്രമേണ ശക്തിപ്പെടുത്തുന്നതിനും ഏകീകരിക്കുന്നതിനും ആവശ്യമായ ഒന്നാണ്. യഥാർത്ഥഗുരുക്കന്മാരുടെ കാര്യത്തിൽ പത്തുവർഷം വരെയുള്ള ധ്യാനം ഇതിനാവശ്യമാണ്. അതിനാൽ രണ്ട് സമീപനങ്ങളും പരസ്പരപൂരകമാണ്. പക്ഷേ നമ്മൾ വ്യക്തതയോടെ നിലകൊള്ളണം: ബോധോദയം എന്നത് ഒരു കാര്യവും, അതിന്റെ ഏകീകരണവും വ്യക്തിയുടെ അഗാധമായ പരിവർത്തനവും മറ്റൊന്നുമാണ്. A യുടെ ഉദാഹരണം ഇതിന്റെ വെളിച്ചത്തിൽ കാണുക. നവപ്രബുദ്ധർക്ക് ഇല്ലാത്തതും ഇതാണ്. പ്രശ്നം അടിസ്ഥാനാനുഭവത്തിന്റേതല്ല, അതിനുശേഷം ഇനി എന്തുമാവാം എന്ന ചിന്തയാണ്.

അന്തിമവിശകലനത്തിൽ, ഒരു സാങ്കല്പികലക്ഷ്യത്തിനായി വളരെയധികം പരിശ്രമിക്കുന്നത് യാത്രയുടെ പവിത്രതയെ അവ്യക്തമാക്കുന്നു. പാത തന്നെയാണ് ലക്ഷ്യം. ആനന്ദം കഴിയുന്നിടത്തോളം നിലനിർത്തുകയും, ഒരിക്കലും ലക്ഷ്യസ്ഥാനത്ത് എത്താതിരിക്കുകയും ചെയ്യുക എന്ന

അർത്ഥത്തിലല്ല, മറിച്ച് അവബോധത്തോടെ ഓരോ ചുവടും എടുക്കുക; ഈ നിമിഷമാണ് അടിസ്ഥാനം എന്ന അർത്ഥത്തിലാണ്. ഇതാണ് നമ്മൾ ആഘോഷിക്കുന്നത്, ഈ വർത്തമാനനിമിഷത്തിലാണ് നാം വികസിക്കുകയും സ്വയം തിരിച്ചറിയുകയും ചെയ്യുന്നത്. *"ചെറിയ കാര്യങ്ങളിലാണ് പൂർണത"*, എന്ന് ചൈനീസ് സന്യാസി ലാവോ സൂ പറഞ്ഞിട്ടുണ്ട്. അങ്ങനെയാണെങ്കിൽ, ശരിയായ പ്രവർത്തനത്തിലും അവബോധത്തിലും, ജ്ഞാനോദയത്തിന്റെ പലതരങ്ങളെക്കുറിച്ച് അമിതാവേശത്തോടെയും അഭിനിവേശത്തോടെയും പിന്തുടരുന്നതിനും, അത് പെട്ടെന്നാണോ ക്രമേണയാണോ എന്നതിനെക്കുറിച്ചുള്ള ഫലശൂന്യമായ വാദങ്ങൾക്കും ഇനി കാര്യമില്ല. അവ തനിയെ അപ്രത്യക്ഷമാവുകയും എവിടെനിന്ന് വന്നോ അവിടേക്കു മടങ്ങുകയും ചെയ്യുന്നു. അടിസ്ഥാനപരമായി, ഉന്മൂലനം ചെയ്യപ്പെടേണ്ടതും അജ്ഞതയിൽനിന്ന് പുറത്തുവരേണ്ടതുമായ ഒരു സ്വതന്ത്രാസ്തിത്വം നമ്മിലില്ല. തുടക്കത്തിൽ വിശദീകരിച്ചതുപോലെ, അഹന്തയും സ്വത്വവും ഒന്നാകുന്നില്ല. "ഒന്നേ" ഉള്ളൂ: അഹംബോധത്തിൽ സ്വയം മറക്കുന്ന ആത്മാവും, തന്റെ ഉത്ഭവം മനസ്സിലാക്കി അപ്രത്യക്ഷമാകുന്ന അഹംബോധവും, ആത്മാവ് ശാശ്വതമായും തടസ്സമില്ലാതെയും സ്വയം പ്രകാശിക്കുന്നതിന് മുമ്പ് അഹംബോധം മഹത്തായ ശൂന്യതയിലേക്ക് അപ്രത്യക്ഷമാകുന്നു.

# VI. 5. പദത്തിന്റെ അർത്ഥങ്ങൾ.

ഭാരതസംസ്കാരം അതിന്റെ പൂർണ്ണാർത്ഥത്തിൽ ഉൾക്കൊണ്ടുകൊണ്ട് ആത്മീയമാർഗ്ഗത്തിലൂടെ സഞ്ചരിക്കുമ്പോൾ സംസ്കൃതഭാഷയ്ക്ക് ഏറെ പ്രാധാന്യമുണ്ട്. സന്ദർഭത്തിനനുസൃതമായി പ്രയോഗിക്കേണ്ടതായ നിരവധി സംസ്കൃതപദങ്ങൾ ദൈനംദിനഭാഷയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാശ്ചാത്യഭാഷകളിലുള്ള അവയുടെ വിവർത്തനവും ഉപയോഗവും നിർഭാഗ്യവശാൽ അർത്ഥത്തിൽ കുറവുണ്ടാക്കുകയും ചിലപ്പോൾ പൂർണ്ണമായും വികൃതമാകാനും ഇടയാക്കിയിട്ടുണ്ട്. ആഗോളയിടപാടുകൾ പാശ്ചാത്യസംസ്കാരങ്ങളെ ഉൾക്കൊള്ളുവാൻ ഏഷ്യയിലെ യുവജനതയ്ക്ക് സാഹചര്യമൊരുക്കി. അങ്ങനെ പദങ്ങളുടെ അർത്ഥത്തിൽ വന്ന ഈ വൈകൃതം അതിന്റെ മൂലരാജ്യമായ ഇന്ത്യയിലേക്ക് തിരികെ വന്ന് ആത്മീയതയുടെയും തത്ത്വചിന്തയുടെയും പരമ്പരാഗതവീക്ഷണത്തെ മാറ്റുകയും ചെയ്തു. അത് പിന്നീട് വലിയ തെറ്റിദ്ധാരണകളുടെ ഉറവിടമായി മാറുകയും മാർഗ്ഗഭ്രംശത്തിനുള്ള ഒരു കാരണമാവുകയും ചെയ്തു.

ഇത്തരം പദങ്ങളിൽ ചിലതാണ് കർമ്മം (വിധി), ധർമ്മം (കടമ, ജീവിതത്തിന്റെ അർത്ഥം), മായ (മിഥ്യാധാരണ), സംസാരം (ദേഹാന്തരപ്രാപ്തി/ പുനർജ്ജന്മം) എന്നിവ. ശ്രദ്ധയും (വിശ്വാസവും) സത്യവും പാശ്ചാത്യരാജ്യങ്ങളിൽ ചെറുതായി അറിയപ്പെടുന്നതാണെങ്കിലും കുറച്ചുകൂടെ വ്യക്തമായി പറയേണ്ടതുണ്ട്. അതായത് വിശ്വാസം, സത്യം എന്നീ

വാക്കുകളുടെ ഉല്പത്തിയുടെ വെളിച്ചത്തിൽ അവയുടെ ആശയം വിശദീകരണമർഹിക്കുന്നുണ്ട്. അവയുടെ ഉത്ഭവസംസ്ക്കാരത്തിന്റെ പശ്ചാത്തലത്തിൽ ഈ വാക്കുകളുടെ അർത്ഥം നമ്മെ പ്രബുദ്ധരാക്കുകയും തത്ത്വങ്ങളും അവയിൽ അന്തർലീനമായിരിക്കുന്ന അർത്ഥങ്ങളും തമ്മിലുള്ള ബന്ധങ്ങളും ശാഖോപശാഖകളിലൂടെയുള്ള വളർച്ചയും കൂടുതൽ മനസ്സിലാക്കിത്തരികയും അത് ആത്മീയയാത്രയ്ക്ക് അടിവരയിടുകയും പിന്തുണയേകുകയും ചെയ്യും.

**<u>കർമ്മത്തെപ്പറ്റി</u>** ധാരാളം ഗ്രന്ഥങ്ങൾ ഉള്ളതിനാൽ ഞാൻ ഇവിടെ ഒരു പൂർണ്ണാവതരണം നൽകാൻ ഉദ്ദേശിക്കുന്നില്ല. സെമിറ്റിക് സംസ്കാരങ്ങൾ (പ്രത്യേകിച്ച് ക്രിസ്ത്യാനികൾ) ഈ ആശയം സ്വീകരിച്ചതുവഴി ഇതിനുവന്ന അർത്ഥമാറ്റത്തിലേക്ക് എന്റെ വിവരണം പരിമിതപ്പെടുത്താം. കുറ്റബോധത്തിൽ മുഴുകിയിരിക്കുന്ന ഒരാൾക്ക് വിധി എന്നത് തന്നിൽനിന്നന്യമായി പുറമേക്ക് അനുഭവിക്കുന്നതാണ്. പാശ്ചാത്യഭാഷകളിലെ കർമ്മം എന്ന ആശയം പലപ്പോഴും ന്യായവിധി എന്ന അർത്ഥത്തിലാണ് ഉപയോഗിക്കുന്നത്. അതിന് അതിന്റെ അടിസ്ഥാനസങ്കല്പവുമായി യാതൊരു ബന്ധവുമില്ല. കർമ്മത്തെക്കുറിച്ചുള്ള സങ്കല്പം മോക്ഷമാണ്. അത് നടന് അഭിനയിക്കാനുള്ള സ്വാതന്ത്ര്യം നൽകുന്നതിനോടൊപ്പം സംജാതമാകുന്ന ഉത്തരവാദിത്വത്തെക്കുറിച്ച് അവനെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. പ്രവർത്തിക്കുക എന്നർത്ഥം വരുന്ന "കൃ" എന്ന ധാതുവിൽനിന്നാണ് കർമ്മം എന്ന വാക്ക് ഉത്ഭവിക്കുന്നത്. അതിനാൽ കർമ്മമാണ് പ്രവൃത്തിയുടെ കാതൽ. എനിക്ക് അനന്തരഫലമായി നല്ലതോ ചീത്തയോ കിട്ടുന്നതിനെ നിർണ്ണയിക്കുന്നത് എന്റെ ഇപ്പോഴത്തെ പ്രവൃത്തിയാണ്. ലളിതമായി പറഞ്ഞാൽ ഒരുവന്റെ നിരന്തരമായ പ്രവൃത്തിയാണ് അവന്റെ ഫലത്തെ നിർണ്ണയിക്കുന്നത്; വിതയ്ക്കുന്നവൻ അതിന്റെ ഫലം കൊയ്യുകയും ചെയ്യും.

കർമ്മം എന്നത് ഞാൻ ബാഹ്യമോ ഏകപക്ഷീയമോ അന്യായമോ ആയി അനുഭവിക്കേണ്ടുന്ന ഒന്നല്ല, മറിച്ച്, അത് അടിസ്ഥാനപരമായി ഭൗതികശാസ്ത്രത്തിലെപ്പോലെ പ്രവർത്തനത്തിന്റെയും പ്രതികരണത്തിന്റെയും നിയമമാണ്. അതിനാൽ, “നിർഭാഗ്യവശാൽ, ഇത് എന്റെ കർമ്മമാണ്!” എന്നതുപോലുള്ള കാര്യങ്ങൾ പറയുന്നത് നാം ഒഴിവാക്കണം. കാരണം ഇത് ഭാരതീയജ്ഞാനത്തിന്റെ യഥാർത്ഥവീക്ഷണമല്ല. മറിച്ച്, എന്റെ കർമ്മം ഈ നിമിഷം എന്റെ തന്നെ കൈകളിലാണെന്ന് നാം ഓർക്കണം. അത് ശരിയായ രീതിയിൽ ഉൾക്കാഴ്ചയോടെ പ്രവർത്തിക്കുന്നതിന് ഊർജ്ജം പകരും.

**ധർമ്മം** എന്ന വാക്ക്, പിന്തുണയ്ക്കുക, പരിപാലിക്കുക, സംരക്ഷിക്കുക എന്നൊക്കെ അർത്ഥംവരുന്ന “ധൃ” ധാതുവിൽനിന്നാണ് വരുന്നത്. ധർമ്മം സാർവ്വത്രികമായി സൂചിപ്പിക്കുന്നത്, ക്രമം, നിയമം, ധാർമ്മികത, കർത്തവ്യം, ആചാരം, ഗുണനിലവാരം, മാതൃക, ജീവിതത്തിന്റെ ഉദ്ദേശ്യം തുടങ്ങി നിരവധി കാര്യങ്ങൾക്ക് അനുസൃതമായ അർത്ഥങ്ങളിലൂടെയാണ്. അതായത് പ്രയോഗിക്കപ്പെടുന്ന സന്ദർഭത്തിനനുസരിച്ച് ആശയം വ്യത്യസ്തമാക്കപ്പെടുന്നു. അതുകൊണ്ടുതന്നെ പല പദങ്ങളും ആശയങ്ങളും പാശ്ചാത്യഭാഷകളിലേക്ക് വിവർത്തനം ചെയ്യുന്നതിനുള്ള ബുദ്ധിമുട്ടാണ് വെളിപ്പെടുന്നത്. അടിസ്ഥാനപരമായി, ധർമ്മം എന്നത് അസ്തിത്വത്തിന്റെ നിയമമാണ്. ഒരു വസ്തുവിനെ അതിന്റെ യഥാർത്ഥസ്വഭാവത്തിൽ തന്നെ നിലനിൽക്കാൻ അനുവദിക്കുന്നതാണ് ധർമ്മം. അങ്ങനെ പറഞ്ഞത് അല്പം അവ്യക്തമായി തോന്നാം, അതിനാൽ നമുക്ക് അതൊന്നു നോക്കാം. ജലത്തിന്റെ സ്വഭാവം നനവുള്ളതും ഒഴുകുന്നതുമാണ്. ജലത്തെ അതിന്റെ നൈസർഗ്ഗികസ്വഭാവത്തിൽനിന്ന് വേർതിരിക്കുകയാണെങ്കിൽ, എന്താണ്

അവശേഷിക്കുന്നത്? രണ്ടും വേർപെടുത്താനാവാത്തതാണ്. വെള്ളം കരിങ്കല്ലുപോലെ കഠിനവും വരണ്ടതും ഒഴുകാതിരിക്കുകയുമായിരുന്നെങ്കിൽ, അതെങ്ങനെയിരിക്കും? അപ്പോഴും നാം അതിനെ വെള്ളം എന്ന് വിളിക്കുമോ? അതുപോലെയാണ് തീയും. തീ കത്തി ചൂട് ഉണ്ടാക്കുന്നു. തീ അതിന്റെ ആന്തരികസ്വഭാവം നഷ്ടപ്പെടുകയും നനയുന്നതും ഒഴുകുന്നതും ആയാൽ, അപ്പോഴും നാം അതിനെ തീ എന്ന് വിളിക്കുമോ? ഒരു പദാർത്ഥത്തിന്റെ ധർമ്മം എന്നത് അതിന്റെ കാതലായ സ്വഭാവത്തിൽനിന്ന് വേർതിരിക്കാനാവാത്തതാണ്. അതൊരു സാർവത്രികതത്ത്വമാണ്.

ഇനി നമുക്ക് ഈ തത്ത്വം മനുഷ്യരിലും പ്രയോഗിക്കാം. എന്തായിരിക്കാം മനുഷ്യധർമ്മം? മനുഷ്യരെ അവരുടെ സ്വഭാവത്തിൽനിന്ന് വേർപെടുത്താൻ കഴിയാത്തത് എന്താണ്? മനുഷ്യന്റെ നൈസർഗ്ഗികസ്വഭാവം എന്താണ്? മനുഷ്യസ്വഭാവം അറിയുന്നതിന് മാനുഷികഭാവങ്ങളെ അറിയേണ്ടതുണ്ട്. നന്മയിൽനിന്ന് തിന്മയെ തിരിച്ചറിയാൻ കഴിയുക, പ്രച്ഛന്നവേഷം തുടരുന്നതിനോ യഥാർത്ഥസ്വഭാവത്തിലേക്ക് മടങ്ങുന്നതിനോ ഉള്ള സ്വാതന്ത്ര്യം പ്രകടിപ്പിക്കുക എന്നതാണ്. ഒന്നുകൂടി ചോദിച്ചാൽ, എന്തായിരിക്കാം അവന്റെ അടിസ്ഥാനധർമ്മം? അത് സ്വന്തം സത്തയെ അറിയുകയും ഈ അവബോധം അസ്തിത്വത്തിന്റെ ഓരോ അണുവിലും വ്യാപിപ്പിക്കുകയും ചെയ്യുക എന്നതാണ്. അത്തരമൊരു ലക്ഷ്യത്തിന് സഹായകമായ എന്തും ധാർമ്മികമായി കണക്കാക്കാം. പൊതുവായി പറഞ്ഞാൽ, മുൻഅദ്ധ്യായത്തിൽ പരാമർശിച്ച അസ്തിത്വത്തിന്റെ ആദ്യത്തെ മൂന്ന് ലക്ഷ്യങ്ങളിൽക്കൂടി കടന്നുപോകുന്നതിലൂടെ[349], ധർമ്മത്തിലൂന്നിയുള്ള ജീവിതം വ്യക്തിയെ ക്രമേണ നാലാമത്തെ ലക്ഷ്യത്തിലേക്ക് കൊണ്ടുവരുന്ന ഒന്നായിരിക്കും,

അതായത് മൂലതതവത്തിലേക്ക്. അതിനാൽ, എന്റെ ധർമ്മം എന്റെ അടിസ്ഥാനസ്വഭാവത്തെ നിലനിർത്തുന്നതായിരിക്കണം. ഇവിടെ കടമയെന്ന സദുപദേശം ഇല്ലെന്ന് നിങ്ങൾ ശ്രദ്ധിക്കുമല്ലോ. ഭാഷകളുടെയും സംസ്കാരങ്ങളുടെയും സമ്മിശ്രണം മൂലമുള്ള അർത്ഥമാറ്റങ്ങളാണിവയെന്ന് എനിക്ക് തോന്നുന്നു.

ധർമ്മം അല്ലെങ്കിൽ അസ്തിത്വനിയമത്തിന് ജീവിതത്തിന്റെ നീതിശാസ്ത്രത്തിലേക്ക്, കടമയിലേക്ക് ഒഴുകാൻ കഴിയുമെന്നത് രസകരമാണ്. നേരെമറിച്ച്, യഥാർത്ഥ അർത്ഥത്തിൽ, ധർമ്മവുമായി കടമയെയും ധാർമ്മികതയെയും ബന്ധിപ്പിക്കുന്നത്, ഈ വാക്കുകൾക്കും ആശയങ്ങൾക്കും ഒരു പുതിയ ഭാവം നൽകുന്നു. ധർമ്മത്തിന്റെ നിലവാരവും വ്യത്യാസപ്പെടാം. കുറ്റവാളികളും അവരുടെ ധർമ്മം പിന്തുടരുന്നു. അതാത് സമയത്ത് അവർക്ക് മനസ്സിലാകുന്ന രീതിയിലാണെന്നുമാത്രം. അവരുടെ പ്രവൃത്തികൾ ശരിയാണെന്ന് അവർക്ക് ബോധ്യപ്പെട്ടില്ലെങ്കിൽ, അവർ അത് ചെയ്യില്ല.

മറ്റ് രണ്ടു വാക്കുകളും മോക്ഷം ലഭിക്കുന്ന സാംസ്കാരികവും ദാർശനികവുമായ പശ്ചാത്തലത്തിന്റെ ഭാഗമാണ്. *സംസാരവും (ജനന-മരണചക്രം) മായയും.* മനുഷ്യലക്ഷ്യത്തിന്റെ (യുഗാന്തശാസ്ത്രം) പശ്ചാത്തലത്തിൽ വിവരിച്ചിരിക്കുന്ന മോക്ഷം വ്യക്തിയെ ജനന-മരണ ചക്രങ്ങളിൽനിന്ന് മോചിപ്പിക്കാൻ ലക്ഷ്യമിട്ടുള്ളതാണ്. പദോല്പത്തിയിൽ, *സംസാരം* എന്ന വാക്കിന്റെ അർത്ഥം "കറങ്ങിക്കൊണ്ടിരിക്കുന്നത്" എന്ന് മാത്രമല്ല, "അലഞ്ഞുതിരിയുന്നത്" എന്നുമുണ്ട്. അത്, പല ജന്മങ്ങളിലൂടെ, നിരവധി ശരീരങ്ങളിലൂടെ, കർമ്മത്തിന്റെ ശേഖരണത്തിലൂടെ, ആത്മാവിന്റെ ക്രമാനുഗതമായ പരിണാമത്തിലൂടെ പുനർജന്മങ്ങളുടെ കാരണമാകുന്നു;

പിന്നെ മോക്ഷത്തിലൂടെയുള്ള വിടുതലും ആകുന്നു. കൂടാതെ കഷ്ടപ്പാടുകളിൽനിന്നും ആസക്തിയിൽനിന്നുമുള്ള മോചനം സാദ്ധ്യമാകുന്നു. അങ്ങനെ അജ്ഞതയുടെ അപ്രത്യക്ഷമാകൽ എന്നും അർത്ഥം സംഗ്രഹിക്കാം.

**മായ,** അതിന്റെ വിവർത്തനങ്ങളിൽ പൊതുവെ "മിഥ്യ" എന്ന് തെറ്റിദ്ധരിക്കപ്പെടുകയും വികലമാക്കപ്പെടുകയും ചെയ്യാറുണ്ട്. അതിന്റെ പദോല്പത്തി വ്യക്തമല്ല. ഓരോരുത്തരും അവരവരുടെ വ്യാഖ്യാനം ശരിയെന്ന് അവകാശപ്പെടുന്നു. ഞാൻ ഇവിടെ ഊന്നിപ്പറയാൻ ആഗ്രഹിക്കുന്നത്, ഈ വാക്കിന്റെ ഉത്ഭവം, "ഒരിക്കലും അതല്ല" എന്നർത്ഥം വരുന്ന "മാ, യാ" എന്നീ രണ്ട് മൂലപദങ്ങളിൽനിന്നാണ് എന്നാണ്. അർത്ഥം മിഥ്യയിലേക്ക് ചുരുങ്ങുമ്പോൾ, കാഴ്ചക്കാരന്റെ കാഴ്ചയെ ചോദ്യം ചെയ്യുന്ന ഒരു ബാഹ്യപ്രതിഭാസമായി മാറുന്നു; മരുഭൂമിയിലെ മരീചികപോലെ. മായ എന്ന വാക്കിന് ഇംഗ്ലീഷിലെ അല്പം ഭേദപ്പെട്ട വിവർത്തനമായ "ഡെലൂഷൻ", വ്യക്തിയിൽ ആശയക്കുഴപ്പവും ചിലപ്പോൾ ഫാന്റസിയും സൂചിപ്പിക്കുന്നു. മായ പ്രതിനിധീകരിക്കുന്നത് ബാഹ്യമായ മിഥ്യാധാരണയുടെ ഒരു പ്രതിഭാസത്തെയല്ല, മറിച്ച് മോശമായ അകക്കാഴ്ചയുടെ ഒരു പ്രക്രിയയാണ്, നോട്ടത്തിലെ പിഴവ് നിരീക്ഷകനിൽത്തന്നെയാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, മായ എന്ന ആശയം, അല്ലെങ്കിൽ മിഥ്യാധാരണ, കാഴ്ചക്കാരന് തന്റെ കാഴ്ചകളെ ഫിൽറ്റർ ചെയ്തെടുക്കുവാനുള്ള, അവന്റെയുള്ളിലെ വികാരവിചാരങ്ങളെ അവലോകനം ചെയ്യുവാനുള്ള കഴിവിനെ ഊന്നിപ്പറയുന്നു. വളച്ചൊടിക്കാനും നിറം കൊടുക്കുവാനുമുള്ള ഫിൽറ്റർ അവന്റെ മനസ്സിലാണുള്ളത്. അവന്റെ അടിസ്ഥാനപരമായ അജ്ഞതയാണ് അവൻ പുറംലോകത്ത് ആരോപിക്കുന്നത്. അതിനാൽ, മോക്ഷം അല്ലെങ്കിൽ ബോധോദയം എന്നത് അടിസ്ഥാനമിഥ്യാധാരണയുടെ മൂടുപടം നീക്കുക, അങ്ങനെ സ്വയം അജ്ഞതയിൽനിന്നു

മോചിപ്പിക്കുക എന്ന അർത്ഥം ഉൾക്കൊള്ളുന്നു. അല്ലാതെ ലോകം എന്ന അത്ഭുതപ്രതിഭാസത്തിലേക്ക് (phenomenon, പദോൽപത്തി പ്രകാരം തിളങ്ങാൻ, ദൃശ്യമാകുന്നവ, ദൃശ്യമാക്കുന്നത് എന്നെല്ലാം അർത്ഥമുള്ള ഗ്രീക്ക് ഭാഷയിലെ *phaino* എന്ന വാക്കിൽ നിന്ന്) വിരൽ ചൂണ്ടുകയോ അവിടെ തെറ്റു കണ്ടെത്തുകയോ ചെയ്യുന്നതല്ല.

എങ്കിലും മായ എന്ന സങ്കല്പത്തിന്റെ തെറ്റിദ്ധാരണ തീർച്ചയായും അതിന് കാരണമാകുന്നു. ലോകമല്ല മോശമായത്, ലോകമല്ല നിരസിക്കപ്പെടേണ്ടത്, പരിവർത്തനം ചെയ്യപ്പെടേണ്ടത് എന്റെ കാഴ്ചപ്പാടാണ്. മായ എന്ന പദത്തിന്റെ അർത്ഥം മാറുമ്പോൾ, സാധകൻ ഒരു തെറ്റായ പ്രക്രിയയിൽ ലോകത്തെ ഉപേക്ഷിക്കുകയും ദൈവത്തിലേക്ക് തിരിയുകയും ചെയ്യുന്നു എന്നാണ് സൂചിപ്പിക്കുന്നത്. യഥാർത്ഥത്തിൽ, പോസിറ്റീവായി വീക്ഷിക്കുമ്പോൾ, ഈശ്വരാംശം ഈ ലോകവും അതിനോടൊപ്പം നടക്കുന്ന എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്നു - ഒരാളുടെ കാഴ്ചപ്പാട് ശരിയാക്കുക എന്ന അനിവാര്യതയിലേക്ക്. വ്യാഖ്യാനത്തിലെ ഈ വ്യതിയാനങ്ങൾ സൂചിപ്പിക്കുന്ന അടിസ്ഥാനപരമായ വ്യത്യാസം നിങ്ങൾ മനസ്സിലാക്കുന്നുണ്ടോ? അവ ഏറെക്കുറെ വിപരീതമാണ്. അത് ആത്മീയാന്വേഷണത്തിലെ അടിസ്ഥാനപരമായ ഒരു മാറ്റത്തെ സൂചിപ്പിക്കുന്നു: സാധകൻ ജീവിതം നിരാകരിക്കുന്നതിൽനിന്നു മാറി പൂർണ്ണമായും സ്വീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു.

മായയെക്കുറിച്ചും ലോകത്തിന്റെ ഭ്രമാത്മകസ്വഭാവത്തിന്റെ യാഥാർത്ഥ്യത്തെക്കുറിച്ചും സംസാരിക്കുമ്പോൾ, ഇന്ത്യൻഭാഷകളിൽ “ലോകം” എങ്ങനെ അനുയോജ്യമായി വിഭാവന ചെയ്യുന്നു എന്ന് മനസ്സിലാക്കാം. സംസ്കൃതത്തിൽ “ലോകം” എന്ന വാക്ക് “ലോക്” എന്ന ധാതുവിൽനിന്നാണ് വരുന്നത്. ആ മൂലധാതുവിന് “കാണുന്നത്” എന്നർത്ഥം. ഗ്രീക്ക് ഫൈനോ,

പ്രതിഭാസത്തിലെന്നപോലെ, ദൃശ്യമാകുന്നതിനെ ഊന്നിപ്പറയാൻ താല്പര്യപ്പെടുന്നു. ഒരു വശത്ത് എന്റെ കാഴ്ചപ്പാടിന്റെ ഫലമായി ഞാൻ കാണുന്നതിനാണ് പ്രാധാന്യം, ആ കാഴ്ചപ്പാട് എന്നിൽ തന്നെയുള്ളതാണ്. മറുവശത്ത് അവ അവയുടെ യഥാർത്ഥ രൂപത്തിൽ, പുറമേനിന്ന്, അതിന്റേതായ രീതിയിൽ എങ്ങനെ ദൃശ്യമാകുന്നു എന്നതിനാണ് പ്രാധാന്യം. ഹിന്ദുപ്രപഞ്ചോത്പത്തിസിദ്ധാന്ത പ്രകാരം ലോക എന്ന പദത്തിന് "നിലനിൽപ്പിന്റെ തലം" എന്നും അർത്ഥമുണ്ട്, ലോകം എന്ന് വിളിക്കുന്ന നമ്മൾ നിലനിൽക്കുന്ന തലം മറ്റു 14 ലോകങ്ങളിൽ ഒന്നാണെന്നും, അവയോരോന്നിലും ജീവൻ ഉള്ളതെന്നും ഇല്ലാത്തതെന്നും രണ്ടുതരം ബോധ വസ്തുക്കളുണ്ടെന്നും അറിഞ്ഞു കൊണ്ടാണിത്. മനുഷ്യർ, മൃഗങ്ങൾ, പ്രാണികൾ, ബാക്ടീരിയകൾ, സസ്യങ്ങൾ മുതലായവയ്ക്ക് ആതിഥേയത്വം വഹിക്കുന്ന ഒരേയൊരു ലോകം എന്ന് നാം കരുതുന്ന ലോകം പോലെ തന്നെയാണീ മറ്റു പതിനാല് ലോകങ്ങളും. ലോകവുമായി ബന്ധപ്പെട്ട്, *പുനർജ്ജന്മം* എന്ന വാക്ക് സംസ്കൃതത്തിൽ നിലവിലില്ല, അവിടെ ശരീരത്തിലേക്ക് (carne) തിരിച്ചുവരവില്ല, എന്നാൽ പുനർജ്ജന്മം എന്ന വാക്കിന്റെ നിരുക്തിയിങ്ങനെ. പുനർ: = വീണ്ടും, ജന്മം: = ജനനം. ഏത് രൂപത്തിൽ, ഏത് ലോകത്തിൽ ആണ് പുനർജ്ജന്മം എന്ന് വ്യക്തമാക്കിയിട്ടില്ല എന്നർത്ഥം. ഇവിടെ ശ്രദ്ധിക്കേണ്ട രസകരമായ കാര്യം, വേദാന്തത്തിൽ അല്ലെങ്കിൽ മഹായാനബുദ്ധമതത്തിലെ cittamātra (മാത്രം, ആത്മാവ്, ചിത്ത) തുടങ്ങിയ പ്രധാനപ്പെട്ട ഇന്ത്യൻ തത്വചിന്താ വീക്ഷണങ്ങളിൽ പറയുന്നത്, നമ്മുടെ നോട്ടത്തിൽനിന്ന് സ്വതന്ത്രമായി ലോകത്തിനു മാത്രമായി ഒരു അസ്തിത്വവും ഇല്ല; "കാണുന്നു" എന്നതുകൊണ്ടുമാത്രമാണ് അത് നിലനിൽക്കുന്നത് എന്നാണ്. ഇത് അടിസ്ഥാനപരമായി നമ്മുടെ വീക്ഷണം തന്നെ മാറ്റുന്നു, ലോകവീക്ഷണത്തെ കുറിച്ച് പറയാനുമില്ല.

നിരുക്തിപരമായി, **ശ്രദ്ധ** (വിശ്വാസം) എന്നത് സത്യത്തോടു ചേർന്നുനിൽക്കുന്നതാണ്, "ശ്രദ്" എന്നത് സത്യവും "ധാ" (ധർത്താ എന്നതിന്റെ ചുരുക്കെഴുത്ത്/ ധർത്താ = ധാരണ ഉണ്ടാക്കിയെടുക്കുന്നവൻ) വഹിക്കുന്നത് എന്നുമാണ്. വിവേകചൂഡാമണി വാക്യം 25-ൽ[350] ശങ്കരാചാര്യർ പറയുന്നതനുസരിച്ച്, *"വേദഗ്രന്ഥങ്ങളും ഗുരുവും അനുശാസിക്കുന്ന കാര്യങ്ങളെ സത്യമെന്ന് ദൃഢമായി സ്വീകരിക്കുന്നതാണ് ശ്രദ്ധ/ വിശ്വാസം, അതിലൂടെ യഥാർത്ഥജ്ഞാനം മനസ്സിലാക്കുന്നു."* സ്വാമി ചിന്മയാനന്ദയുടെ അഭിപ്രായത്തിൽ, *"തീർച്ചയായും വേദസത്യങ്ങളിൽ പ്രാവീണ്യം നേടാൻ ശ്രമിക്കുന്ന ഏതൊരാൾക്കും വിശ്വാസം അനിവാര്യമാണ്. പരിമിതമായ ശബ്ദങ്ങളും വാക്കുകളും കൊണ്ട് അനന്തമായ സത്യത്തെക്കുറിച്ചുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ വേദങ്ങൾ നമുക്ക് നൽകുന്നു. യാഥാർത്ഥ്യത്തിന്റെ കാതലായ ശുദ്ധബോധം വാക്കുകളാൽ നിർവ്വചിക്കാനോ പ്രകടിപ്പിക്കാനോ കഴിയില്ല; മനുഷ്യപരിണാമത്തിന്റെ ഈ പരമോന്നതലക്ഷ്യം ധർമ്മശാസ്ത്രഗ്രന്ഥങ്ങൾക്കു മാത്രമേ സൂചിപ്പിക്കാൻ കഴിയൂ. അതിനാൽ, സത്യത്തെ സൂചിപ്പിക്കുന്ന വാക്കുകൾ ശരിയായി വ്യാഖ്യാനിക്കുന്നതിനും മനസ്സിലാക്കുന്നതിനും കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും വിദ്യാർത്ഥികളുടെ ഭാഗത്തുനിന്ന് സത്യസന്ധവും ആത്മാർത്ഥവുമായ പരിശ്രമം അത്യന്താപേക്ഷിതമാണ്. ഈ ധർമ്മശാസ്ത്രങ്ങളിലെ വാക്കുകളുടെ അർത്ഥവും അവ ദ്യോതിപ്പിക്കുന്ന മറ്റു നിർദ്ദേശങ്ങളും മനസ്സിലാക്കാനുള്ള കഴിവിനെ ശ്രദ്ധ[351] എന്ന് പറയുന്നു."* സംസ്കൃതത്തിൽ വേറൊരു വാക്കും കൂടി ഉണ്ടെന്നറിയുക, *"വിശ്വാസം"*. അത് മിക്കപ്പോഴും ശ്രദ്ധ എന്നതിനോട് ചേർത്തുപറഞ്ഞ് ആശയക്കുഴപ്പം ഉണ്ടാക്കുന്നു. വിശ്വാസം എന്നത് ആത്മവിശ്വാസം, വിശ്വാസ്യത എന്നൊക്കെ അർത്ഥമാക്കുന്നു.

വിശ്വാസവും ഭക്തിയും തമ്മിലുള്ള എളുപ്പമുള്ള സമവാക്യത്തിൽനിന്ന് നമ്മൾ വളരെയകലെയാണ്. വിശ്വാസം ഏകപക്ഷീയമാണ്, ചർച്ചചെയ്യാൻ കഴിയില്ല. ഹിന്ദുമതത്തിലെ വിശ്വാസം, "വിശ്വസിക്കുക" എന്ന പൊതുപ്രയോഗത്തിനതീതമാണ്. വിശ്വാസം ഇവിടെ അർത്ഥമാക്കുന്നത്, എപ്പോഴാണോ സത്യത്തെ തിരിച്ചറിയുന്നത്, എപ്പോഴാണോ അതായിത്തീരുന്നത് അപ്പോൾ അതിനെ ഉൾക്കൊള്ളുക എന്നാണ്. ഈ അനുസരണ അന്ധമല്ല, കാരണം അതിന്റെ അടിസ്ഥാനം വേദഗ്രന്ഥങ്ങളുടെ ആത്മീയവും ദാർശനികവുമായ തത്ത്വങ്ങളുടെ ആഴത്തിലുള്ള അർത്ഥത്തിലാണ്, ഗുരുവിന്റെ മാതൃകാപരമായ വാക്കുകളിലും ജീവിതത്തിലും പ്രതിഫലിക്കുന്ന തത്ത്വങ്ങളാണത്. വേദശാസ്ത്രങ്ങളുടെ ജ്ഞാനതത്ത്വങ്ങളിൽ ഉറച്ചുനിൽക്കുന്നതിന്റെ സുരക്ഷ ഇവിടെ മനസ്സിലാക്കാം. അതാകട്ടെ, ഒരു നവപ്രബുദ്ധനായ ഗുരുവിന്റെ വൈകാരികാതീന്ദ്രിയപ്രവൃത്തികളാൽ ഉദ്ദീപിപ്പിക്കുന്നതും അതിനനുബന്ധമായി നമ്മിൽ ഉണ്ടാകുന്ന, ആനന്ദം കലർന്ന, ആരാധന തോന്നുന്ന അടുപ്പത്തേക്കാൾ എത്രയോ അകലെയാണ്.

അനേകം തെറ്റിദ്ധാരണകളിലേക്ക് നയിക്കുന്ന മറ്റൊരു ആശയം **"സത്യം"** എന്നതാണ്. നിരുക്തിപരമായി, സത്യം "സത്", (അതായിരിക്കുക, അല്ലെങ്കിൽ യാഥാർത്ഥ്യം), യ അല്ലെങ്കിൽ യം (മുന്നോട്ട് നീങ്ങൽ, പിന്തുണയ്ക്കൽ) എന്നിവയിൽനിന്നാണ് ഉരുത്തിരിഞ്ഞത്. ഈ അർത്ഥത്തിൽ സത്യം എന്നത് അടിസ്ഥാനപരമായി അർത്ഥമാക്കുന്നത് ബാഹ്യമായ യാഥാർത്ഥ്യമല്ല, ഒരു നിഗൂഢമായ അനുഭവമാണ്, യാഥാർത്ഥ്യത്തെ അല്ലെങ്കിൽ സമ്പൂർണ്ണതയെ നിലനിർത്തുകയോ വികസിപ്പിക്കുകയോ ചെയ്യുന്നതിനെയാണ്. വിശദമായി പറഞ്ഞാൽ, യാഥാർത്ഥ്യത്തെ പ്രതിനിധീകരിക്കുന്നു, അതിനർത്ഥം യഥാർത്ഥമായത്, സത്യസന്ധമായത്, ഉള്ളത്, ആധികാരികമായത്, വിശ്വാസയോഗ്യമായത്,

സാധുതയുള്ളത് എന്നൊക്കെയാണ്. വേദങ്ങളിൽ, ഈ വാക്ക് സത്യസന്ധതയുടെ ധാർമ്മികാർത്ഥം സ്വീകരിക്കുകയും ഒരു സദ്ഗുണമായി മാറുകയും ചെയ്യുന്നു. അത് സത്യവും യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നതും ഒരാളുടെ പ്രവൃത്തികളെ വാക്കുകളുമായും വാക്കുകളെ ചിന്തകളുമായും യോജിപ്പിക്കുന്നു. പൊതുവായി പറയുന്നത്, ഓരോരുത്തർക്കും അവരുടേതായ സത്യമുണ്ട്, അത് എല്ലാവരും എല്ലായിടത്തും പരാമർശിക്കുകയും ചെയ്യുന്നു; നുണയന്മാർപോലും. ഇരകളും അവരെ സൃഷ്ടിച്ച പീഢകരും നീതിമാന്മാരും അങ്ങനെ ഓരോരുത്തരും തന്റെ സത്യം എന്ന് അവകാശപ്പെടുന്നതിലൂടെ ഉച്ചരിക്കുന്ന വാക്കാണിത്. അതിനാൽ, ദൈനംദിനഭാഷയിൽ അത് ഇതിൽ കൂടുതൽ അർത്ഥമാക്കുന്നില്ല. ഗ്രന്ഥങ്ങളിൽ സത്യം എന്ന് വിവർത്തനം ചെയ്തതിലൂടെ, സത്യത്തിന് യഥാർത്ഥത്തിലില്ലാതിരുന്ന ഒരു ആധികാരികമായ മൂല്യം കുറഞ്ഞ വ്യംഗ്യാർത്ഥം കൈവന്നു. അതിനാൽ അതിന്റെ യഥാർത്ഥാർത്ഥം ഓർമ്മിക്കേണ്ടത് ആവശ്യമാണ്: യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നത്, നിലനിർത്തുന്നതും പ്രകടമായ ലോകത്ത് മുന്നോട്ടുനയിക്കുന്നത് എന്നിങ്ങനെ അർത്ഥം പറയാം.

ഉപനിഷത്തുകൾ മൂന്നുതരം സത്യങ്ങളെ പരാമർശിക്കുന്നു: പ്രതിഭാസിക (പുറമേ പ്രകടമാകുന്നത്), വ്യവഹാരിക (ദൈനംദിന വ്യവഹാരത്തിൽ കാണുന്നത്), പരമാർത്തിക (അഖണ്ഡമായത്). നവപ്രബുദ്ധരും അവരുടെ കൂട്ടരും ഈ അവ്യക്തതയിലാണ് സഞ്ചരിച്ചുകൊണ്ടിരിക്കുന്നത്, അല്ലെങ്കിൽ അവർക്ക് ഇതിനെക്കുറിച്ച് അറിയുകയേയില്ല എന്ന ഇതിലും മോശം സ്ഥിതിയിലാണ്. ഇതേക്കുറിച്ച് പിന്നീട് വിശദമാക്കുന്നുണ്ട്. പ്രതിഭാസികസത്യം സ്വപ്നത്തിലെ സർപ്പം പോലെയാണ്. പാരീസ് ഫ്രാൻസിന്റെ തലസ്ഥാനമാണ്, മനുഷ്യശരീരം ജലത്താൽ

നിർമ്മിതമാണ്, സൂര്യകിരണങ്ങൾ ചൂടാക്കുന്നു എന്നതാണ് വ്യാവഹാരികസത്യം. പരമോന്നതസത്യം അല്ലെങ്കിൽ കേവലയാഥാർത്ഥ്യം ഇനിപ്പറയുന്ന ഉദാഹരണങ്ങളിലൂടെ ഒരു പ്രത്യേക രീതിയിൽ മനസ്സിലാക്കാൻ കഴിയും: ആഭരണങ്ങളിലെ സ്വർണ്ണം എന്നത് ഒന്നാണ്, അവയുടെ രൂപങ്ങൾ എന്തുതന്നെയായാലും. കളിമണ്ണുപയോഗിച്ച് ഉണ്ടാക്കുന്ന വസ്തുവായാലും ജീവിയായാലും അത് കളിമണ്ണുതന്നെയാണ്. നമ്മുടെ ഇപ്പോഴത്തെ വിഷയത്തിൽനിന്ന് വളരെ അകന്നുപോകുന്ന ഈ പോയിന്റ് നമുക്ക് ഉപേക്ഷിക്കാം.

ചുരുക്കിപ്പറയാം. പൊതുവായ ധാരണകളനുസരിച്ച്, *കർമ്മം, ധർമ്മം, മായ, ലോകം, പുനർജന്മം, ശ്രദ്ധ, വിശ്വാസം, സത്യം* എന്നിവയുണ്ട്. ഈ വാക്കുകളുടെ ആഴമേറിയതും യഥാർത്ഥവുമായ അർത്ഥം ശരിയായി ധരിച്ചാൽ, നമുക്ക് കർമ്മത്തിലൂടെ മെച്ചപ്പെട്ട ഭാവി സൃഷ്ടിക്കാൻ കഴിയുന്ന പ്രവർത്തനത്തിനുള്ള സ്വാതന്ത്ര്യവും ഉത്തരവാദിത്വവും ലഭിക്കുന്നു. **ധർമ്മ**ത്തിലൂടെ നമ്മെ സംതൃപ്തരും നീതിനിഷ്ഠരുമായ മനുഷ്യരാക്കുന്ന നമ്മുടെ ആന്തരികസ്വഭാവം തിരിച്ചറിയാൻ കഴിയുന്നു. നാം കാണുന്ന ഈ ലോകത്തിന് മിഥ്യയായ യാഥാർത്ഥ്യമൊന്നുമില്ലെന്നും എന്നാൽ **മായ** എന്ന മിഥ്യാബോധം നമ്മുടെ കാഴ്ചപ്പാടിൽനിന്ന് ഉടലെടുക്കുന്നുവെന്നും അത് നമുക്ക് ശരിയാക്കാൻ കഴിയുമെന്നും നാം മനസ്സിലാക്കുന്നു. **സത്യമാണ്** എപ്പോഴും നിലനിൽക്കുന്നതും യാഥാർത്ഥ്യത്തെ പ്രതിനിധീകരിക്കുന്നതും. **വിശ്വാസം/ശ്രദ്ധ** എന്നത് സാധകന്റെ "ധർമ്മശാസ്ത്രങ്ങളുടെ സത്യങ്ങൾ" തിരിച്ചറിയാനുള്ള ഗുണമാണ് അല്ലെങ്കിൽ നമ്മൾ കണ്ടതുപോലെ, "ധർമ്മശാസ്ത്രങ്ങളിൽ" വിവരിച്ചിരിക്കുന്നത് പോലുള്ള "**യാഥാർത്ഥ്യം**", ഉചിതമായ ഇടങ്ങളിൽ ആ തത്വങ്ങൾ ഒരു ഗുരു പകർന്നുനൽകുമ്പോഴും, അന്ധമായ വിശ്വാസത്തിൽനിന്ന്

വളരെ വ്യത്യസ്തമാണിത്. ഈ വേദശാസ്ത്രാർത്ഥങ്ങൾ മനസ്സിലാക്കുന്നത് നമുക്ക് കൂടുതൽ ആരോഗ്യകരവും സമതുലിതവും ശാക്തീകരിക്കുന്നതുമായ കാഴ്ചപ്പാട് നൽകുന്നുവെന്ന് നമുക്ക് കാണാൻ കഴിയും. പഠനം മനനം എന്നിവയുടെ ഫലമായി വികലധാരണകൾ, ദുരുപയോഗം, കെണികൾ എന്നിവയിൽ നിന്നും നമുക്ക് സംരക്ഷണം ലഭിക്കും എന്നതിന്റെ മറ്റൊരു ഉദാഹരണമാണിത്.

തത്ത്വചിന്തയ്ക്ക്, സംസ്കൃതത്തിൽ രണ്ട് പദങ്ങളുണ്ട്: "അന്വേഷി" (അറിവുവഴിയുള്ള അന്വേഷണം), "ദർശന" (ലോകത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്). ഒന്നാമത്തേതിന്റെ ഫലമാണ് രണ്ടാമത്തേത്. ഇത് ജ്ഞാനത്തോടുള്ള (സോഫോസ്) സ്നേഹത്തിൽനിന്ന് (ഫിലോ) വ്യത്യസ്തമാണ്. മതത്തിന്, സംസ്കൃതത്തിൽ, ധർമ്മം, അസ്തിത്വനിയമം അല്ലെങ്കിൽ സാധാരണമതം, ആരാധന എന്നീ അർത്ഥങ്ങൾ നിർദ്ദേശിക്കുന്നു. അതുകൊണ്ട് ഇന്ത്യൻ സംസ്കാരത്തിൽ പറയുന്ന തത്ത്വചിന്തയുടെയും ധാർമ്മികതയുടെയും മതത്തിന്റെയും സങ്കല്പങ്ങൾ നമ്മുടേതിൽനിന്ന് വ്യത്യസ്തമാണ്. പാശ്ചാത്യനും ഇന്ത്യക്കാരനും ഇംഗ്ലീഷിൽ ഒരേ പദങ്ങൾ ഉപയോഗിക്കുകയാണെങ്കിൽപ്പോലും അവരുടെ മനസ്സിൽ, സ്വന്തം സാംസ്കാരികപശ്ചാത്തലത്തിൽ, അവയുടെ അർത്ഥങ്ങൾ വ്യത്യസ്ത-മായിരിക്കും.

# VI. 6. യോഗയുടെ നാലു മാർഗ്ഗങ്ങളും അവയുടെ സന്തുലിതാവസ്ഥയും.

യോഗയുടെ നാലു മാർഗ്ഗങ്ങളിലൂടെയുള്ള സമീപനം നമ്മുടെ ആരോഗ്യകരമായ സന്തുലിതാവസ്ഥ ഉറപ്പാക്കുന്നു. അത് സാധകന് തന്റെ മുഴുവൻ വ്യക്തിത്വത്തെ ഊട്ടിയുറപ്പിക്കാനും അതിന്റെ സാമൂഹികവും ശാരീരികവും വൈകാരികവും ബൗദ്ധികവുമായ ഘടകങ്ങളിൽ വളരാനും സഹായിക്കുന്നു. ഈ മാർഗ്ഗങ്ങളിലൂടെ എങ്ങനെ പരമമായ അവസ്ഥ പ്രാപ്തമാക്കാമെന്നും ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് ആരോഗ്യകരമായ മാറ്റം സാധ്യമാണെന്നതും മനസ്സിലാക്കുന്നത് മോശമായ പെരുമാറ്റത്തിൽനിന്നും ദുരുപയോഗത്തിൽനിന്നും സ്വയം സംരക്ഷിക്കുന്നതിനുള്ള ഒരു ഉപാധിയാണ്.

യോഗ ഏറ്റവും പഴക്കമേറിയതും മഹത്തായതുമായ ദാർശനികപാരമ്പര്യങ്ങളിൽ ഒന്നാണ്. വെറുമൊരു ശാരീരികമായ അച്ചടക്കത്തെക്കാൾ വളരെ മുകളിലാണ് അതിന്റെ സ്ഥാനം. വേദത്തിനുമുമ്പുള്ള കാലഘട്ടത്തിൽ, അതായത് നിരവധി സഹസ്രാബ്ദങ്ങൾക്കുമുമ്പ് ആവിർഭവിച്ച യോഗ, ചരിത്രത്തിന്റെ ഒഴുക്കിൽ വികസിച്ചു. അതിന് പ്രധാനമായും ബിസി രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പതഞ്ജലിമുനിക്കും പിന്നീട് ഇരുപതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന സ്വാമി വിവേകാനന്ദനും നന്ദി പറയാം.

യോഗ നാലു വ്യത്യസ്തപാതകളെ വിഭാവനം ചെയ്യുന്നു; കർമ്മയോഗം, ഭക്തിയോഗം, രാജയോഗം (യോഗാഭ്യാസം ഇതിൽനിന്നാണ് ഉൽഭവിച്ചത്), ജ്ഞാനയോഗം.

ചുരുക്കത്തിൽ, കർമ്മയോഗത്തിലൂടെ, സാധകൻ നിസ്വാർത്ഥസേവനത്തിൽ മുഴുകുന്നു. അയാൾ ദൈവത്തെ ആരാധിക്കുന്നത് കർമ്മത്തിലൂടെയാണ്. ഭക്തിയോഗത്തിൽ സ്നേഹമാണ് പ്രധാനം. കവിത, പാട്ട്, നൃത്തം എന്നിവയിലൂടെ ദൈവത്തെ ആരാധിക്കുന്നതും ഭക്തിയാണ്. രാജയോഗത്തിലൂടെ, അവൻ മാനസികവും ശാരീരികവുമായ അച്ചടക്കങ്ങളിൽ സ്വയം അർപ്പിക്കുന്നു. അതായത് യോഗമുറകൾ, ശ്വസനം, മന്ത്രങ്ങൾ, ധ്യാനം എന്നിവയിലൂടെ സ്വയം നിയന്ത്രണം നേടാൻ ശ്രമിക്കുന്നു. അവസാനമായി, ജ്ഞാനയോഗത്തിലൂടെ, സാധകൻ പഠനം, മനനം, സംവാദം, വിവേചനം (വിവേകം), അന്വേഷണം (വിചാരം) എന്നിവ വളർത്തിയെടുക്കുകയും ധ്യാനം പരിശീലിക്കുകയും ചെയ്യുന്നു. ഈ നാലു പാതകളും വ്യത്യസ്തമാണെങ്കിലും, ഒരു അന്വേഷകന് ദിവസത്തിന്റെ വ്യത്യസ്തസമയങ്ങളിൽ അല്ലെങ്കിൽ അവന്റെ പരിശീലനത്തിന്റെ വ്യത്യസ്തഘട്ടങ്ങളിൽ അവയെ കൂട്ടിയിണക്കി അതിൽ മുഴുകാം. ആത്മീയപരിണാമത്തിന്റെ വിവിധ ഘട്ടങ്ങളിൽ, യോഗയുടെ ഏതെങ്കിലും ഒരു മാർഗ്ഗത്തിന് ആവശ്യാനുസരണം മുൻതൂക്കം നൽകാം. ഈ വിവരണം എത്ര സാമ്പ്രദായികമായാലും, ഇനി പറയുന്ന ആശയങ്ങൾ മനസ്സിലാക്കിത്തരാൻ അത് മതിയാകും. ശ്രദ്ധിക്കേണ്ടത് ഇവയാണ്. 1. അവയുടെ ക്രമം (കർമ്മം, ഭക്തി, രാജ, ജ്ഞാനം), 2. അവ സൂചിപ്പിക്കുന്ന ഒരു വ്യക്തിയുടെ വിവിധ ഘടകങ്ങൾ (സാമൂഹികം, വൈകാരികം, ശാരീരികം, മാനസികം, ബൗദ്ധികം) കൂടാതെ, 3. ആത്മീയമാർഗ്ഗത്തിൽ മുന്നേറുന്നതിന് സമീകൃതമായ രീതി അവലംബിക്കുന്നത് എങ്ങനെ എന്നത്. ആത്മീയാന്വേഷകർക്ക്, ചില ആന്തരിക സംഘർഷങ്ങൾ മൂലമോ അല്ലെങ്കിൽ ബാഹ്യമായ സാഹചര്യങ്ങളാൽ, അതായത് ഗുരുക്കന്മാരുമായോ ആത്മീയക്കൂട്ടായ്മകളുമായോ ഇടപെടുമ്പോൾ ഉണ്ടാകാവുന്ന ആശയക്കുഴപ്പവും ഒപ്പം

വീണുപോയേക്കാവുന്ന കെണികളും ഒഴിവാക്കാൻ ഈ സന്തുലിതാവസ്ഥ സഹായിക്കുന്നു.

നിസ്വാർത്ഥപ്രവർത്തനത്തിനും ശുദ്ധമായ ഭക്തിക്കുമപ്പുറം, ഹൈന്ദവപാരമ്പര്യം ജ്ഞാനയോഗത്തെ ഏറ്റവും ഉയർന്ന തലത്തിൽ സ്ഥാപിച്ചിരിക്കുന്നു; അതായത്, അറിവിന്റെ വഴി. പഠനം, മനനം, വിവേചനശക്തി, സംവാദം, അന്വേഷണം എന്നിവയിലൂടെ മറ്റു സമീപനങ്ങളുടെ അമിതത്വം ലഘൂകരിക്കാനാകുന്നു. ഈയൊരു സമീപനത്തിലൂടെ, ജ്ഞാനയോഗം ഓരോ വ്യക്തിയുടേയും തിരിച്ചറിയാനും മനസ്സിലാക്കാനുമുള്ള കഴിവിനെ ശക്തിപ്പെടുത്തുന്നു. മറ്റു കെണികളിൽ പെടാതിരിക്കാൻ ആരോഗ്യകരവും ആവശ്യമുള്ളതുമായ ദൂരം പാലിക്കാൻ ഇതവനെ സഹായിക്കുന്നു.

സ്വന്തമായി, മറ്റുള്ളവരെ ഒഴിവാക്കി, തെറ്റായ കാരണങ്ങൾക്കുവേണ്ടി ഈ സമീപനങ്ങൾ പിന്തുടരുന്നത് അസന്തുലിതാവസ്ഥ ശക്തിപ്പെടുത്തുകയേയുള്ളൂ. ഉദാഹരണത്തിന്, നിസ്വാർത്ഥസേവനത്തിന്റെ പേരിൽ, അംഗീകാരത്തിനോ അഭിനന്ദനത്തിനോവേണ്ടി ഈ പാത പരിശീലിക്കുന്ന വ്യക്തികളെ കാണാൻ കഴിയും. മറ്റൊരുവിധത്തിൽ പറഞ്ഞാൽ പൊതുജനസേവനം എന്നത് ശ്രദ്ധ നേടാനുള്ള ഒരു ഉപായം മാത്രമാണ്. ഭക്തിയോഗത്തിൽ, യഥാർത്ഥ സാമൂഹിക ചുറ്റുപാടിൽ, ദൈനംദിനജീവിതത്തിൽ ഒക്കെ, വികാരങ്ങൾ നിയന്ത്രിക്കാൻ ബുദ്ധിമുട്ടുന്ന വ്യക്തികളെ കാണാം. അവർ ഈശ്വരനോട്, ഗുരുവിനോടുള്ള സ്നേഹത്തിന്റെ ഈ മാർഗ്ഗത്തെ അസന്തുലിതമായ രീതിയിൽ സമീപിക്കുന്നു, ഒരുന്മാദാവസ്ഥപോലെ. അവർ തങ്ങളുടെ പുതിയ ദൈവത്തെയും പുതിയ സമൂഹത്തെയും സ്നേഹിക്കും. കാരണം അവർ അവരിൽ ആശ്വാസവും പുറംലോകത്ത് അവർക്ക് നേരിടാനാവാത്ത സാഹചര്യങ്ങളിൽനിന്നുള്ള സംരക്ഷണവും കണ്ടെത്തും. അറിവിന്റെ പാതയിൽ, സാധകർ അഹങ്കാരികളും

അകൽച്ച പാലിക്കുന്നവരും ആവാം. തങ്ങൾ ശ്രേഷ്ഠരാണെന്ന തോന്നൽ അവരെ മറ്റുള്ളവരുടെ കഷ്ടപ്പാടുകളിലേക്കും അനുകമ്പയിലേക്കും സഹാനുഭൂതിയിലേക്കും ഇറങ്ങിച്ചെല്ലുന്നതിൽനിന്ന് തടഞ്ഞേക്കാം. എന്നാൽ ഈ മാർഗ്ഗങ്ങൾ സംയോജിപ്പിക്കുമ്പോൾ അവ മറ്റുള്ളവരെ ഒഴിവാക്കിച്ചെയ്യുന്ന പരിശീലനവുമായി ബന്ധപ്പെട്ടുണ്ടായേക്കാവുന്ന അപകടസാധ്യതകളും കെണികളും കുറയ്ക്കുകയും അന്വേഷകന്റെ സമീപനത്തെ സന്തുലിതമാക്കുകയും ചെയ്യുന്നു. കർമ്മയോഗം പരിശീലിക്കുന്ന ഒരാളെ സംബന്ധിച്ചിടത്തോളം, ഭക്തി, ദൈവത്തോടും അതിന്റെ സൃഷ്ടികളോടുമുള്ള സ്നേഹത്താൽ അവന്റെ സേവനമനോഭാവത്തെ വർദ്ധിപ്പിക്കുന്നു. ജ്ഞാനം അവന്റെ സമീപനം സന്തുലിതമായി നിലനിർത്തുവാൻ വേണ്ട ബൗദ്ധികസംരക്ഷണം നൽകുകയും അങ്ങനെ യഥാർത്ഥ കർമ്മയോഗം എന്താണെന്ന് മനസ്സിലാക്കാൻ സഹായിക്കുകയും ചെയ്യുന്നു. ഭക്തനെ സംബന്ധിച്ചിടത്തോളം, കർമ്മയോഗം അവന്റെ സമീപനത്തിൽ ദൈവത്തിന്റെ സൃഷ്ടികളെ ഉൾപ്പെടുത്താൻ അനുവദിക്കും. അതേസമയം ജ്ഞാനം അവന്റെ ഭക്തിക്ക് കൂടുതൽ ആഴവും കാർക്കശ്യവും നൽകും. രാജയോഗിയെ സംബന്ധിച്ചിടത്തോളം മറ്റുള്ളവരുടെ സേവനവും ദൈവത്തോടുള്ള ഭക്തിയും അവന്റെ സ്വാർത്ഥത കുറയ്ക്കുവാനും, ജ്ഞാനം അവന്റെ മാർഗ്ഗത്തിൽ കൂടുതൽ ആദ്ധ്യാത്മികമായ ആഴങ്ങൾ കണ്ടെത്താൻ സഹായിക്കുകയും ചെയ്യും. ജ്ഞാനയോഗിയെ സംബന്ധിച്ചിടത്തോളം, ഭക്തിയും സേവനവും അവനെ മയപ്പെടുത്തുകയും മറ്റുള്ളവരെ ഒഴിവാക്കിയല്ല ഏകത്വം അനുഷ്ഠിക്കുന്നതെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യും. അതേസമയം രാജയോഗം, അവന്റെ മാർഗ്ഗത്തിൽ ശാരീരികവും മാനസികവുമായ ഒരു ആരോഗ്യാവസ്ഥ നൽകുന്ന ഘടകമായിരിക്കും.

ഈ നാലു വ്യത്യസ്തതലങ്ങളിൽ പരിശീലിക്കുന്നവർക്ക്, വ്യക്തിത്വത്തിന്റെ വിവിധ വശങ്ങളെ സമന്വയിപ്പിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്നതിലൂടെ, അവരുടെ മാർഗ്ഗത്തിൽ അവരെ ശക്തരും സമതുലിതരുമാക്കുന്ന ആരോഗ്യകരമായ ഒരു സമീപനം ഉണ്ടായിരിക്കും. അവരുടെ പുരോഗതി അവരെ കൂടുതൽ സ്വാശ്രയരാക്കുകയും വ്യാജഗുരുക്കന്മാരുടെ മിഥ്യാകല്പനകളോട് സംവേദനക്ഷമത കുറയ്ക്കുകയും ചെയ്യും. അവരുടെ സമീപനത്തിന്റെ സമഗ്രവും വൈവിധ്യപൂർണ്ണവുമായ സ്വഭാവമനുസരിച്ച് അവർക്ക് ആശ്രിതത്വം കുറവായിരിക്കും. എപ്പോഴെങ്കിലും അവർ അസാമാന്യരായ വ്യക്തികളെ അഭിമുഖീകരിക്കേണ്ടിവന്നാൽ (പോസിറ്റീവോ നെഗറ്റീവോ ആയ), തന്റേതായ അഭിപ്രായങ്ങൾ രൂപപ്പെടുത്തുന്നതിനും പ്രതികരണങ്ങളെ സന്ദർഭോചിതമാക്കാനും അനുഭവങ്ങൾ വ്യാഖ്യാനിക്കാനും കൂടുതൽ സജ്ജരായിരിക്കും - പ്രത്യേകിച്ചും തങ്ങൾക്ക് അന്യമായ ഒരു സംസ്കാരത്തെ പരിചയപ്പെടാൻ ശ്രമിക്കുന്ന പാശ്ചാത്യർക്ക്, അല്ലെങ്കിൽ ആദ്ധ്യാത്മികലോകത്തെ ഒരു പുതിയ സാധകന്. ഇത്തരം അസാധാരണമായ കണ്ടുമുട്ടലുകൾ അവരുടെ മാർഗ്ഗത്തിനു യോജിച്ചതാണോ എന്നും അവരുടെ വ്യക്തിഗത പരിണാമത്തിനു സഹായകമാകുമോ എന്നും അവർക്ക് നന്നായി തിരിച്ചറിയാൻ കഴിയും. തങ്ങൾക്ക് പ്രചോദനമാകുന്ന ഒരാളെ കണ്ടുമുട്ടുകയും അവനെ/ അവളെ ഭാഗികമായോ പൂർണ്ണമായോ പിന്തുടരുകയും ചെയ്താൽപ്പോലും, ഈ അനുഭവങ്ങളെ സമതുലിതമായി കൈകാര്യം ചെയ്യാനും അവ പരമാവധി പ്രയോജനപ്പെടുത്താനും അവർ സജ്ജരായിരിക്കും. മാത്രമല്ല, ദുരുപയോഗങ്ങളോ മോശം പെരുമാറ്റങ്ങളോ ഒക്കെ കണ്ടെത്താനുള്ള സാധ്യതയും കൂടുതലാണ്. ഒരു വശത്ത്, അവർ മനസ്സിലാക്കുകയും സമന്വയിപ്പിക്കുകയും ചെയ്ത സാംസ്കാരിക പശ്ചാത്തലത്തിൽ ഇങ്ങനെയുള്ളവരെ എവിടെ

നിർത്തണമെന്ന് അവർക്കറിയാം. മറുവശത്ത് അവർക്ക് അതിരുകടന്നതും ദോഷകരവുമായ മാറ്റങ്ങൾ വേർതിരിച്ചറിയാൻ കഴിയും. കൂടാതെ, അവർ തങ്ങളുടെ സ്വാതന്ത്ര്യം വീണ്ടെടുക്കാൻ ആഗ്രഹിക്കുമ്പോൾ, സ്വന്തം ധാരണകളെ നിയന്ത്രിക്കാനും പുതിയ അടിത്തറയിൽ യാത്ര തുടരാനും കൂടുതൽ സജ്ജരായിരിക്കും.

മുകളിൽ വിവരിച്ച സംസ്കാരത്തിലും ദാർശനികവും ആത്മീയവും മതപരവുമായ പാരമ്പര്യങ്ങളിലും പരിചിതരായ ഇന്ത്യക്കാർ സ്വാഭാവികമായും കെണികൾക്ക് വിധേയരാകുന്നത് കുറവാണ് എന്നതും ശ്രദ്ധിക്കേണ്ടതാണ്. അതേസമയം, ഇത്തരം സംസ്കാരങ്ങൾ അറിയാനുള്ള സാഹചര്യങ്ങളില്ലാത്തവരാണ് പാശ്ചാത്യരിൽ കൂടുതലും. അവർ ഗുരുവിന്റെ ഒരു നോട്ടം, അവന്റെ/ അവളുടെ ആലിംഗനം, പാട്ടുകൾ, കെട്ടുകഥകളും മതപ്രസംഗങ്ങളുംമൂലം എളുപ്പത്തിൽ സ്വാധീനിക്കപ്പെട്ട് വഴിതെറ്റാൻ സാധ്യതയുള്ളവരാണ്. പ്രത്യേകിച്ചും ഇന്ത്യൻ സഹോദരങ്ങളെപ്പോലെ ഈ സംസ്കാരത്തിന്റെ പിൻബലം അവർക്ക് ലഭിച്ചിട്ടില്ലാത്തതിനാലാണത്.

അവസാനമായി, യഥാർത്ഥഭക്തർ ജ്ഞാനികളും യോഗികളും യഥാർത്ഥജ്ഞാനികൾ ഭക്തരും ആണെന്ന് മനസ്സിലാക്കേണ്ടതാണ്. ആരോഗ്യകരമായ പരിണാമത്തിൽ, മാർഗ്ഗങ്ങൾ പരസ്പരം വേർതിരിക്കപ്പെടുന്നുണ്ടെങ്കിലും പരസ്പരപൂരകങ്ങളുമാണെന്ന് നാം ഓർക്കേണ്ടതുണ്ട്. ഒന്ന് മറ്റൊന്നിനോടൊപ്പം സഫലമാകുന്നു. അവർ സ്വയം ശക്തിസ്രോതസ്സ് ആകുകയും, മിതത്വം പാലിക്കാൻ സഹായിക്കുകയും, തിന്മയിൽനിന്ന് സംരക്ഷണകവചമാക്കി മാറ്റുകയും ചെയ്യുന്നു.

# VI. 7. ദൈവവും ഗുരുവും

ഈശ്വരനെയും ഗുരുവിനെയും കുറിച്ചുള്ള പരാമർശങ്ങൾ നിരവധി ഗ്രന്ഥങ്ങളിലുണ്ട്. ഇത് ഹിന്ദുമതത്തിന്റെ മൂലസിദ്ധാന്തമാണ്. അതുമായി ബന്ധപ്പെട്ട സംവാദങ്ങൾ ചൂടേറിയതായി മാറാം. ഗുരു എന്ന ആശയത്തെ സമഗ്രമായി കൈകാര്യം ചെയ്യുക എന്നതല്ല ഇവിടെ എന്റെ ലക്ഷ്യം. അതിനാൽ അടിസ്ഥാനപരവും അചഞ്ചലവുമായ ആശയങ്ങളിലേക്കു മടങ്ങണം എന്നാണ് എന്റെ അഭിപ്രായം. അവയുടെ നിയതാർത്ഥം വീണ്ടെടുത്ത് വരാനിരിക്കുന്ന കെണികളും അനാവശ്യവുമായ കാര്യങ്ങൾ ഒഴിവാക്കാനുതകുന്ന ഒരു സമീപനം നിർദ്ദേശിക്കുകയും ചെയ്യാം. ഉത്ഭവം പുനരവലോകനം ചെയ്യുമ്പോൾ, ഗുരു എന്ന സങ്കല്പം വികസിപ്പിച്ചെടുത്ത ഹൈന്ദവപാരമ്പര്യങ്ങളുടെ കൃത്യമായ സന്ദർഭം നമുക്കു മനസ്സിലാകും. ഇത് നമ്മെ സമകാലികസാഹചര്യം നന്നായി മനസ്സിലാക്കാൻ സഹായിക്കും.

## a. ***<u>ഹിന്ദുമതം</u>***

ഹിന്ദുമതത്തെക്കുറിച്ച് ഏതാനും ഖണ്ഡികകളിൽ സംഗ്രഹിക്കാനാവില്ല. എന്നാൽ ചില പ്രധാന പോയിന്റുകൾ അവലോകനം ചെയ്യുന്നത് ഇന്ത്യയിലെ ഗുരുപ്രസ്ഥാനത്തിന്റെ സാംസ്കാരികപശ്ചാത്തലം നന്നായി മനസ്സിലാക്കാൻ സഹായിക്കും. കാരണം അടിസ്ഥാനകാര്യങ്ങൾ അറിയാതെ ഒരു ഗുരുവിനെ പിന്തുടരുന്നത് വഴിതെറ്റാനുള്ള ഒരു കാരണമായിരിക്കാം.

ഒരു പാശ്ചാത്യൻ ഹിന്ദുമതത്തെ സമീപിക്കുമ്പോൾ ആഴത്തിലുള്ള തെറ്റിദ്ധാരണ ഏറെക്കുറെ ഉറപ്പാണ്. പ്രവാചകമതങ്ങൾ എന്ന് വിളിക്കപ്പെടുന്ന സെമിറ്റിക് മതങ്ങളിൽനിന്ന് വരുന്ന ഒരാൾക്ക്, പൂർണ്ണമായും വ്യത്യസ്തമായ ഘടനയിൽ സംയോജിപ്പിച്ച ഒരു മതത്തെ സങ്കല്പിക്കാൻ കഴിയില്ല. മുൻവിധികളില്ലാതെ ഹിന്ദുമതത്തെ സമീപിക്കുക എന്നതൊരു സാഹസം തന്നെയാണ്. ഒന്നാമതായി, ഹിന്ദുയിസം എന്ന പദം ഒരു വിദേശപദമാണ്, അതൊരു ഭൂമിശാസ്ത്രപരമായ നാമമാണ്, ഇന്നത്തെ പാകിസ്ഥാൻ പ്രവിശ്യയായ സിന്ധിൽനിന്നാണ് അതിന്റെ ഉത്ഭവം. “s” ഒരു “h” ലേക്ക് വഴിമാറി, ഏഴാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പേർഷ്യക്കാരും അറബികളുമാണ് ഇത് ആദ്യമായി ഉപയോഗിച്ചത്. പതിനാറാം നൂറ്റാണ്ടിൽ ചില രണ്ടാംനിര ഇന്ത്യൻ ഗ്രന്ഥങ്ങൾ അതേറ്റെടുക്കുകയും 18-ാം നൂറ്റാണ്ടിൽ ഇംഗ്ലീഷുകാർ ഇത് സ്വീകരിക്കുകയും ചെയ്തു. സാധാരണയായി, “-ism” എന്നതിലെ പേരുകൾ സിദ്ധാന്തങ്ങളെ സൂചിപ്പിക്കുന്നു. എന്നാൽ ഹിന്ദുമതം ഒരു സിദ്ധാന്തമല്ല; ജീവിതചര്യയാണ്. ഭാരതീയർ അവരുടെ മതങ്ങൾ, തത്ത്വചിന്തകൾ, ആദ്ധ്യാത്മികവിദ്യാലയങ്ങൾ, അച്ചടക്കങ്ങൾ, ജീവിതകലകൾ എന്നിവയെ “സനാതനധർമ്മം” അല്ലെങ്കിൽ “ശാശ്വതനിയമം” അല്ലെങ്കിൽ “നിത്യമായ ജീവിതനിയമം” എന്നു വിളിക്കുന്നു. “സനാതനം” എന്ന വാക്ക് ആരംഭമില്ലാത്തതിനെ (അനാദി), മനുഷ്യനാൽ സ്ഥാപിക്കപ്പെട്ടതല്ലാത്തതിനെ (അപൗരുഷേയ) സൂചിപ്പിക്കുന്നു. അതിന്റെ ഏറ്റവും പഴയ ഗ്രന്ഥമായ (യഥാർത്ഥത്തിൽ വാമൊഴിയായി കൈമാറ്റം ചെയ്യപ്പെട്ടത്) ഋഗ്വേദത്തിന് ഒരു ചരിത്രപരമായ ഉത്ഭവമുള്ളതായി കണക്കാക്കുന്നില്ല. ചില ഭാഷാശാസ്ത്രജ്ഞരുടെ അഭിപ്രായത്തിൽ, ഇതിന് ഭാഷാപരവും സാംസ്കാരികവുമായ സമാനതകളുണ്ട്, ഇത് പ്രോട്ടോ-ഇന്തോ-ഇറാനിയൻ കാലഘട്ടത്തെ ചൂണ്ടിക്കാണിക്കുന്നു. ക്രിസ്തുവിന് ഏകദേശം മൂന്നു സഹസ്രാബ്ദങ്ങൾക്ക്

മുമ്പാണെന്നാണ് അവർ പറയുന്നത്. സനാതനധർമ്മം വൈവിധ്യമാർന്ന പാരമ്പര്യങ്ങൾ, ദാർശനിക-ആത്മീയവിദ്യാലയങ്ങൾ എന്നിവ ഉൾക്കൊള്ളുന്നു. കൂടാതെ പൗരോഹിത്യപരമോ മതപരമായ അധികാരമോ ഭരണസമിതിയോ പ്രവാചകനോ അതുല്യവും ബന്ധിതവുമായ വിശുദ്ധഗ്രന്ഥമോ ഇതിനില്ല. വിശ്വാസത്തിൽ അധിഷ്ഠിതമായി എഴുതപ്പെട്ട ഒരു ഏകീകൃത വിശ്വാസസമ്പ്രദായം ഇതിലില്ല. മറുവശത്ത്, ഇതിന് വിവിധങ്ങളായ വിശുദ്ധഗ്രന്ഥങ്ങളും ഗുരുക്കന്മാരും ഉണ്ട്. ഇവിടെ ഗുരു ഒരു പുരോഹിതനല്ല, മറിച്ച് ഒരു മാതൃകയാണ്; വേദങ്ങളെക്കുറിച്ച് തികഞ്ഞ അറിവുള്ളവനും അതിന്റെ തത്ത്വങ്ങൾ ജീവിതത്തിലും പെരുമാറ്റത്തിലും ഉൾക്കൊള്്ളുന്ന ഒരാളുമാണ്.

ചരിത്രപരമായി, മുഗൾ സൈനികാധിനിവേശത്തിന്റെ തരംഗത്തെയും മതപരിവർത്തനത്തിനുള്ള എട്ട് നൂറ്റാണ്ടുകളുടെ ശ്രമങ്ങളെയും ഒരുതരം നിഷ്ക്രിയരീതിയിൽ ഇന്ത്യ ചെറുത്തുനിന്നത് മഹത്തായ ഇത്തരം ഗുരുക്കന്മാരുടെ സ്ഥാപനങ്ങളിലൂടെയും ഗുരു-ശിഷ്യ ബന്ധത്തിലൂടെയുമാണ്. ഗുരുക്കന്മാരുടെ ബാഹുല്യം, ബലപ്രയോഗത്തിലൂടെ രാജ്യം മുസ്ലിം പ്രത്യയശാസ്ത്രത്തിലേക്ക് മാറുന്നതിൽനിന്ന് തടഞ്ഞു. ഗുരുകുലസമ്പ്രദായവും ഗുരുവുമായുള്ള വൈകാരികവും വിശ്വസ്തവുമായ ബന്ധവും ഇടനിലക്കാരില്ലാത്ത ഒരു മതത്തോട് ചേർന്നുനിൽക്കുന്നതിനെക്കാൾ ശക്തമായിരുന്നു. അവസാനമായി, ജാതിവ്യവസ്ഥ (അത് അധർമ്മമാണെങ്കിൽപ്പോലും), ഹിന്ദുസ്ത്രീകൾ മുസ്ലിം ആക്രമണകാരികളെ വിവാഹം ചെയ്യുന്നത് പരിമിതപ്പെടുത്തുവാൻ ഇടയാക്കി. ഈ സംവിധാനങ്ങൾ ഇല്ലായിരുന്നെങ്കിൽ, നൂറുകോടി ഹിന്ദുക്കൾക്കുപകരം, പാക്കിസ്ഥാൻ മാതൃകയിലുള്ള, നൂറുകോടി മുസ്ലിങ്ങളുള്ള ഒരു ഇന്ത്യ നമുക്ക് ഉണ്ടാകുമായിരുന്നു. ഈ സംവിധാനങ്ങൾ നൽകുന്ന സ്വാതന്ത്ര്യവും, ചിട്ടകളിലെ അയവുകളുമാണ് അവയുടെ ഗുണവും ബലഹീനതയും.

ഒരാൾക്ക് “ഹിന്ദു” ആയിരിക്കുന്നതിനോടൊപ്പം ബഹുദൈവവിശ്വാസിയോ അദ്വൈതവാദിയോ ഏകദൈവവിശ്വാസിയോ അവിശ്വാസിയോ അജ്ഞേയവാദിയോ മാനവികവാദിയോ നിരീശ്വരവാദിയോ ആകാം[352]. അമേരിക്കൻ ഇൻഡോളജിസ്റ്റും സംസ്കൃതപണ്ഡിതനുമായ വെൻഡി ഡോണിഗർ ഒ”ഫ്ലാഹെർട്ടിയുടെ അഭിപ്രായത്തിൽ, ഹൈന്ദവവിശ്വാസത്തിന്റെയും ജീവിതശൈലിയുടെയും പ്രധാന തത്ത്വങ്ങളായ സസ്യാഹാരം, അഹിംസ, പുനർജ്ജന്മവിശ്വാസം എന്നിവയെക്കൂടാതെ ജാതികളായി അധഃപതിച്ച സാമൂഹികമായ തരംതിരിവ് പോലും നിയമങ്ങളല്ല, മറിച്ച് “സംവാദ”വിഷയങ്ങളാണ്[353]. അതിനാൽ, ഹിന്ദുമതത്തെ നിർവ്വചിക്കുക എന്നത് ഒരു വെല്ലുവിളിയാണ്. ഒരു സാഹചര്യത്തിലും (പാശ്ചാത്യ, മിഡിൽ ഈസ്റ്റേൺ അർത്ഥത്തിൽ) അതിനെ ഒരു മതമെന്നോ “ഇസം (ism)” എന്നോ വിളിക്കാൻ കഴിയില്ല. ഈ അതിബൃഹത്തായ ഒന്നിനെ നമ്മുടെ മുൻവിധികളുടെ ഇടുങ്ങിയ ഡ്രോയറിൽ പൂട്ടിയിടാനുള്ള വൃഥാശ്രമത്തെ ചെറുക്കുക എന്നത് അതിന്റെ സമ്പന്നതയും ബഹുത്വവും കണ്ടെത്തുന്നതിനുള്ള ആദ്യപടിയാണ്.

സനാതനധർമ്മം ഒരു പ്രവാചകനേക്കാൾ ദൈവത്തെയോ യാഥാർത്ഥ്യത്തെയോ കേന്ദ്രീകരിച്ച് വിവരിച്ചിരിക്കുന്നു. സിദ്ധാന്തങ്ങളെയോ വിശ്വാസങ്ങളെയോ അല്ലാതെ അനുഭവത്തെ അടിസ്ഥാനമാക്കി, ഉത്ഭവത്തിന് ഒരു നിശ്ചിതതീയതിയില്ലാതെ, സർവ്വന്തര്യാമിയായതും ശ്രേഷ്ഠമായതും മറയില്ലാത്തതും എന്തും ഉൾക്കൊള്ളുന്നതും നാനാത്വത്തിൽ ഏകത്വത്തെ പിന്തുണയ്ക്കുന്നതും പൗരോഹിത്യപരമായ അധികാരമില്ലാത്തതും ആണിത്. ഹിന്ദുമതത്തെ വൈദികധർമ്മം (വേദങ്ങളിൽനിന്ന് ഉത്ഭവിച്ച ധർമ്മം) എന്ന് സൂചിപ്പിച്ചിരിക്കുന്നു. അതിന്റെ സഹോദരമതങ്ങളായ ജൈനമതം, ബുദ്ധമതം, ചാർവാകം

എന്നിവയെ അവൈദികധർമ്മം (വേദങ്ങൾ ആധാരമാവാത്തത്) എന്ന് വിളിക്കുന്നു. ഈ മതങ്ങളെയെല്ലാം ഒരു വിഭാഗത്തിന് കീഴിൽ കൂട്ടിച്ചേർത്ത് ധാർമ്മികമതം എന്നു പറയുന്നു

ഹിന്ദുമതത്തിന്റെ വിവിധ വീക്ഷണങ്ങളിലും ധാരകളിലും മനുഷ്യജീവിതത്തിന്റെ നാല് ലക്ഷ്യങ്ങളെക്കുറിച്ച് പറഞ്ഞുകാണുന്നുണ്ട്. പുരുഷാർത്ഥങ്ങൾ - ധർമ്മം (നന്മ, ധാർമ്മികത, സദാചാരമൂല്യങ്ങൾ), അർത്ഥം (ഭൗതികാഭിവൃദ്ധി തേടൽ), കാമം (ആനന്ദം, സ്നേഹം, മനഃശാസ്ത്രപരമായ മൂല്യങ്ങൾ), മോക്ഷം (ആത്മീയമൂല്യങ്ങൾ, സാക്ഷാത്കാരം) ഇവയാണ്. അവസാനം പറഞ്ഞതാണ് ഹിന്ദുമതത്തിന്റെ ആത്യന്തികലക്ഷ്യം. മറ്റു പൊതുവായ ഘടകങ്ങളെന്ന നിലയിൽ മനുഷ്യജീവിതത്തിന്റെ നാലു ഘട്ടങ്ങളായ നാല് ആശ്രമങ്ങളും നമുക്ക് കാണാം: ബ്രഹ്മചര്യം (പഠനം), ഗാർഹസ്ഥ്യം (കുടുംബജീവിതം), വാനപ്രസ്ഥം (വിരമിക്കൽ), സന്ന്യാസം (ത്യാഗം) എന്നിങ്ങനെ. മറ്റെല്ലാ ഘട്ടങ്ങളുടെയും പൂർത്തീകരണത്തിനും വികാസത്തിനും “ശേഷം” സന്ന്യാസം സംഭവിക്കുന്നു എന്നത് ഇവിടെ വീണ്ടും ശ്രദ്ധിക്കേണ്ടതാണ്. സാമ്പ്രദായികമാ`യി ഹിന്ദുമതത്തിന്റെ സന്ദേശം ഇപ്രകാരമാണ് എന്നു പറയാം: ദൈവികത നിങ്ങളിലുണ്ട്, വേദശാസ്ത്രങ്ങളിലെ ഉപദേശങ്ങൾ പിന്തുടരുക, പ്രബുദ്ധനായ ഒരു ഗുരുവിനെ സ്വീകരിക്കുക, യോഗ (ലളിതമായ വ്യായാമങ്ങൾക്കപ്പുറമുള്ള തത്ത്വചിന്ത) ആചരിക്കുക, മനുഷ്യന്റെ അസ്തിത്വത്തിന്റെ ആത്യന്തിക ലക്ഷ്യം കൈവരിക്കുക, അത് അജ്ഞതയിൽനിന്നും ബന്ധങ്ങളിൽനിന്നുമുള്ള മോചനമാണ് (ശ്രദ്ധിക്കുക, പരിമിതവും സങ്കീർണ്ണവുമായ ലോകത്തിൽനിന്ന് സ്വയം മോചിതരാകാൻ ഞാൻ പറയുന്നില്ല). ആ മതത്തിന്റെ പേരുതന്നെ (സനാതനധർമ്മം) മനുഷ്യന്റെ


ദൈവികസ്വഭാവത്തിന്റെ പൂർത്തീകരണത്തെയും വികാസത്തെയും സൂചിപ്പിക്കുന്നു.

പാശ്ചാത്യസമൂഹങ്ങൾക്ക് ഹിന്ദുമതത്തിൽ താല്പര്യം തോന്നി. അത് പ്രധാനമായും കേന്ദ്രീകരിച്ചതും പോഷിപ്പിച്ചതും ഇംഗ്ലീഷ് സംസാരിക്കുന്ന യുണൈറ്റഡ് കിങ്ഡത്തിലും യുഎസ്എയിലും ആണ്. അങ്ങനെ വിദേശങ്ങളിലെത്തിയ ഹിന്ദുമതം ഒരു പരിധിവരെ പാശ്ചാത്യവൽക്കരിക്കപ്പെടുകയും അതിനുശേഷം ആഗോളവൽക്കരിക്കപ്പെട്ട് ലളിതമായ രൂപത്തിൽ ഇന്ത്യയിലെ ആധുനികതലമുറകളിലേക്ക് മടങ്ങിവന്നു. ഹിന്ദുമതത്തിന്റെ ചൈതന്യത്തിന്റെ ഉത്ഭവസ്ഥാനമായ പുരാതനമായ ഗുരുപാരമ്പര്യം പതുക്കെ വികൃതമായി. ഇൻസ്റ്റന്റ് കാപ്പിപോലെ സാക്ഷാത്കാരവും ഇൻസ്റ്റന്റായി മാറിയിരിക്കുന്നു. വിരക്തിയും ദശാബ്ദങ്ങളുടെ തപസ്സും സ്ഥിരമല്ലാത്ത ബോധോദയത്തിന് വഴിമാറി. ജ്ഞാനോദയം തത്ക്ഷണമായി മാറിയിരിക്കുന്നു. അച്ചടക്കത്തിനും ധാർമ്മികതയ്ക്കും പകരം വ്യാമോഹം, വൈചിത്ര്യം, അസന്മാർഗ്ഗികത എന്നിവ തൽസ്ഥാനം കൈയടക്കി. ലളിതമായി പറയാം. ഹിന്ദുമതത്തിലെ ഈ അതിവേഗത്തിന്റെ വഴി ആധുനികലോകത്തിലെ "ധർമ്മത്തിന്റെ ദുരുപയോഗവും ഗുരുക്കന്മാരുടെ അഴിമതിയും" എന്ന പ്രശ്നവുമായി ബന്ധപ്പെടുത്താൻ നമ്മെ സഹായിക്കുന്നു. അതിന്റെ അനുഗ്രഹങ്ങളിൽനിന്ന് പ്രയോജനം നേടുന്നതിനൊപ്പം അപകടസാധ്യതകളിൽനിന്ന് സ്വയം സംരക്ഷിക്കുന്നത് എങ്ങനെയെന്നും നമുക്കൊരുമിച്ച് പരിശോധിക്കാം.

## b. ***<u>വിശുദ്ധഗ്രന്ഥങ്ങൾ</u>***

ഇനിപ്പറയുന്ന ചാർട്ടിൽനിന്ന് കാണാൻ കഴിയുന്നതുപോലെ, ഇന്ത്യൻഗ്രന്ഥങ്ങൾ അല്ലെങ്കിൽ വിശുദ്ധഗ്രന്ഥങ്ങൾ നിരവധിയാണ്, അവ മൂന്ന് പ്രധാന വിഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു:

1. പ്രാഥമികഗ്രന്ഥങ്ങൾ - വേദങ്ങൾ. അതായത് സംഹിതകൾ, ആരണ്യങ്ങൾ, ബ്രാഹ്മണങ്ങൾ, ഉപനിഷത്തുക്കൾ. ഇവയാണ് "ശ്രുതികൾ" എന്നറിയപ്പെടുന്നത്. അതായത് വാമൊഴിയാൽ കേട്ടുപകർന്നത് എന്നർത്ഥം. അങ്ങനെ പകർന്നുകൊടുക്കപ്പെട്ടുവന്ന ശാശ്വതമായ അറിവ്, മാനുഷികമോ ദൈവികമോ അല്ലാത്തത്.
2. രണ്ടാംനിര ഗ്രന്ഥങ്ങൾ - ധർമ്മ-ശാസ്ത്രങ്ങൾ, ധർമ്മ ഗ്രന്ഥങ്ങൾ.
3. മൂന്നാംനിര ഗ്രന്ഥങ്ങൾ:- പതിനെട്ട് പുരാണങ്ങളും ഇതിഹാസങ്ങളും (രാമായണം, മഹാഭാരതം[354] പിന്നെ ഭഗവദ്ഗീതയും. ഇവിടെ ഭഗവദ്ഗീത മഹാഭാരതത്തിന്റെ ഒരു അധ്യായമാണെങ്കിലും ഒരു ഗ്രന്ഥമായി പരിഗണിക്കപ്പെടുന്നു. പുരാണങ്ങൾ അല്ലെങ്കിൽ "സ്മൃതികൾ" ഓർത്തെടുത്ത് എഴുതിയവയാണ്. ഇവയ്ക്കൊപ്പം പതിനെട്ട് ഉപപുരാണങ്ങളും ഉണ്ടെന്നറിയുക.




*http://www.vedaboys.com/2017/01/30/what-is-the-difference-between-vedas-upanishads-and-puranas/*

പ്രാഥമികഗ്രന്ഥങ്ങൾ ആധികാരികമായി സ്ഥാപിക്കപ്പെട്ട പ്രമാണങ്ങളാണ്. അവ പരിഷ്കരിക്കാനാവില്ല. അവയിൽ,

ഉപനിഷത്തുക്കളാണ് ആദ്യം എഴുതിയത്. പക്ഷേ എപ്പോൾ എന്ന് കൃത്യമായി അറിയില്ല. അതിന്റെ കാതലായ ഭാഗം എഴുതിയത് ബിസി 7-ാം നൂറ്റാണ്ടിനും അഞ്ചാം നൂറ്റാണ്ടിനും ഇടയിലാണെന്നാണ് പറയപ്പെടുന്നു. മധ്യകാലഘട്ടംവരെ അവ പരിഷ്കരിക്കപ്പെട്ടു. മനഃപാഠമാക്കുകയും പാരായണം ചെയ്യുകയും ചെയ്ത, ഏറ്റവും പ്രധാനപ്പെട്ടതായി കരുതുന്നപ്പെടുന്നത് പന്ത്രണ്ടെണ്ണം ആണെങ്കിലും ഇവ മൊത്തത്തിൽ ഇരുന്നൂറെണ്ണമുണ്ട്.

നേരെമറിച്ച്, പുരാണങ്ങൾ (മൂന്നാംനിരയിൽപ്പെട്ട ഗ്രന്ഥങ്ങൾ) ഏകദേശം രണ്ട് സഹസ്രാബ്ദങ്ങൾക്കിടയിൽ പരിഷ്ക്കരിക്കുകയും പൂർത്തിയാക്കുകയും ചെയ്തു. 11-ാം നൂറ്റാണ്ടിനും 16-ാം നൂറ്റാണ്ടിനും ഇടയിലുള്ള കാലഘട്ടത്തിലായിരുന്നു അത്. ഹിന്ദുമതത്തിൽ തിയതികൾ രേഖപ്പെടുത്തുക എന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. കാരണം ഇന്ത്യക്കാർ ഒരിക്കലും ചരിത്രത്തിന്റെ കണിശതയ്ക്ക് വലിയ പ്രാധാന്യം നൽകിയിട്ടില്ല. യുഗങ്ങളുടെ (ഹിന്ദുമതത്തിലെ 4 യുഗങ്ങൾ) കണക്കുകൾ ജ്യോതിശാസ്ത്ര കണക്കുകളാണ്. അത് ഇന്ന് ചരിത്രം രേഖപ്പെടുത്തുന്ന രീതികളുമായി യോജിക്കുന്നില്ല. നൂറ്റാണ്ടുകളായി പുരാണങ്ങൾ പരിഷ്കരിക്കപ്പെടുകയും നവീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നതിനാൽ അവയുടെ കൃത്യമായ കാലഗണന നിർണ്ണയിക്കാൻ പ്രയാസമാണ്. പണ്ഡിതന്മാർക്കിടയിൽ ഇത് ചർച്ച ചെയ്യപ്പെടുന്നുണ്ടെങ്കിലും ഇവ വേദകാലത്തെതായി കണക്കാക്കപ്പെടുന്നില്ല[355].
ഇതിഹാസങ്ങളിലൊന്നിലേക്കുള്ള അമൂല്യവും അനിവാര്യവുമായ പ്രവേശനകവാടമാണ് ഭഗവദ്ഗീത. അതിൽ വേദാന്തം, മറ്റൊരുതരത്തിൽ പറഞ്ഞാൽ വേദങ്ങളുടെ പരിപൂർണ്ണത പറഞ്ഞുസ്ഥാപിച്ചിരിക്കുന്നു.

പുരാണങ്ങളുടെയും ഇതിഹാസങ്ങളുടെയും കർത്തവ്യം എന്നു പറയുന്നത്, വേദാന്തത്തിലെ

നിഗൂഢസിദ്ധാന്തങ്ങളെയും ഉപനിഷത്തുകളുടെ തത്ത്വചിന്തകളെയും ആധാരമാക്കി, അവ ജനങ്ങൾക്ക്, പ്രത്യേകിച്ച് പണ്ഡിതന്മാരല്ലാത്തവർക്ക് പ്രാപ്യമാക്കുന്നതിനായി അവയെ ജനകീയമാക്കുക എന്നതാണ്. അങ്ങനെ ചെയ്യുന്നതിലൂടെ, പുരാണങ്ങൾ അവയെ സർവ്വവിജ്ഞാനകോശങ്ങളാക്കി മാറ്റുന്ന എല്ലാത്തരം കാര്യങ്ങളും കൈകാര്യം ചെയ്യുന്നു. ഇന്ന് ഹിന്ദുദേവാലയത്തിൽ നിലനിൽക്കുന്ന എണ്ണമറ്റ ദേവീദേവന്മാരുടെ ഉത്ഭവം പുരാണങ്ങളിൽനിന്നാണ്; യാഥാസ്ഥിതിക പ്രാഥമികഗ്രന്ഥങ്ങളിൽ നിന്നല്ല. കല്പിതകഥകൾ മുതൽ വസ്തുതകൾ, പ്രായോഗികനിർദ്ദേശങ്ങൾ, അമൂർത്തതത്ത്വചിന്ത, സൃഷ്ടിയും സംഹാരവും, പുരാണങ്ങൾ, ക്ഷേത്രങ്ങളും തീർത്ഥാടനങ്ങളും, ആചാരങ്ങൾ, ജീവിതവും മരണവും, രാജാക്കന്മാരുടെയും ദേവന്മാരുടെയും വംശപാരമ്പര്യം, വീരന്മാർ, ഋഷിമാർ, ദേവതകൾ, പ്രപഞ്ചശാസ്ത്രം, പ്രപഞ്ചോത്പത്തിസിദ്ധാന്തം, ധാർമ്മികത, ദൈവശാസ്ത്രം, പ്രപഞ്ചത്തിലെ ദൈവികയിടപെടൽ, മനുഷ്യകാര്യങ്ങൾ, പ്രണയകഥകൾ, ഐതിഹ്യങ്ങൾ, നാടോടിക്കഥകൾ, ചരിത്രം, ഭൂമിശാസ്ത്രം, വൈദ്യശാസ്ത്രം, വ്യാകരണം, സുഗന്ധദ്രവ്യങ്ങൾ, ധാതുശാസ്ത്രം, ജ്യോതിശാസ്ത്രം, കലണ്ടറുകൾ, ചടങ്ങുകൾ, ആഘോഷങ്ങളും ഉത്സവങ്ങളും, കലകൾ എന്നിങ്ങനെ വിവിധ വിഷയങ്ങൾ പുരാണങ്ങൾ കൈകാര്യം ചെയ്യുന്നു. പൊതുവായി ഭക്തിയുടെ പശ്ചാത്തലത്തിൽ ദൈവങ്ങളും മനുഷ്യരും തമ്മിലുള്ള ബന്ധം സ്ഥാപിക്കുകയാണ് പുരാണങ്ങൾ ചെയ്യുന്നത്. അങ്ങനെ അവയിൽ ദൈവകൃപ, സാധനയോടുള്ള ഭക്തി, ദൈവത്തിൽനിന്നുള്ള അനുഗ്രഹം മുതലായവ കണ്ടെത്താനാവുന്നു. അവ സംസ്കൃതത്തിലും പ്രാദേശികഭാഷകളിലും എഴുതിയിരിക്കുന്നു. ഓരോ പുരാണങ്ങളും ഓരോ പ്രത്യേക ദേവതയ്ക്ക് പ്രാധാന്യം നൽകുന്നു. ഉദാഹരണത്തിന്, എല്ലാ ദിവസവും രാവിലെ A യുടെ സ്ഥാപനത്തിൽ പാരായണം ചെയ്യപ്പെടുന്ന

ലളിതാദേവിയുടെ 1000 നാമങ്ങളുടെ സ്തുതി ബ്രഹ്മാണ്ഡപുരാണത്തിൽ ഉൾപ്പെടുന്നതാണ്. ഗുരുഗീതയുടെ ഉത്ഭവം സ്കന്ദപുരാണത്തിൽനിന്നാണ്. പുരാണങ്ങൾ ഭക്തിഗ്രന്ഥങ്ങളാണെന്ന് പൊതുവായി കണക്കാക്കാം. ഇത് അല്പം അസംബന്ധമാണെന്നു തോന്നിയേക്കാം. അവ പാരമ്പര്യത്തിന്റെ അവിഭാജ്യഘടകവും ഹിന്ദുസംസ്കാരത്തിൽ കാര്യമായ സ്വാധീനം ചെലുത്തുന്നതുമാണെങ്കിലും, പ്രാഥമികാടിസ്ഥാനഗ്രന്ഥങ്ങളുടെ യാഥാസ്ഥിതികാധികാരത്തെ പ്രതിനിധീകരിക്കുന്നില്ല. ഉപനിഷത്തുക്കളിലെപ്പോലെ "അറിയുക" എന്ന വാക്കിനുപകരം "സ്നേഹം" എന്ന വാക്ക് പ്രധാനമായി ഉപയോഗിച്ചിരിക്കുന്നു എന്നു നമുക്ക് പൊതുവെ പറയാൻ കഴിയും. പ്രത്യേകിച്ച് പ്രയോജനമില്ലാത്തത് എന്നു തോന്നുന്ന, ചിന്ത, യുക്തി, മനനം, ഏകാഗ്രത എന്നിവ, പുരാണങ്ങളിൽ ഈശ്വരനോടും ഗുരുവിനോടുമുള്ള സ്നേഹത്താലുള്ള സമ്പൂർണ്ണമായ സ്വയംസമർപ്പണത്തിന് (അതായത് ശരീരത്തിന്റെയും മനസ്സിന്റെയും സ്വത്തുക്കളുടെയും സമർപ്പണം) വഴി മാറുന്നു.

അതിനാൽ ഗുരു എന്ന സങ്കല്പവും നിലവിലുള്ള ദുരുപയോഗ സാധ്യതയും ഉപനിഷത്തുക്കളിൽനിന്നാണ് ഉത്ഭവിച്ചതെന്ന് വ്യക്തമായി ഉറപ്പിച്ചുപറയുവാൻ പ്രയാസമാണ്. അങ്ങനെ ആണെന്നോ അല്ലെന്നോ പറയാം: മുമ്പ് അല്ലായിരുന്നു, പിന്നീട് തീർച്ചയായും അതെ. ഉപനിഷത്തുക്കളിൽനിന്നാണ് ഈ ആശയം ഉടലെടുത്തത്. അവിടെ അത് ഹ്രസ്വമായി പരാമർശിക്കപ്പെട്ടു. പിന്നീടത് പുരാണങ്ങളിൽ ഇന്നത്തെ നിലയിലേക്ക് പരിണമിച്ചു. ബിസി ഏഴാം നൂറ്റാണ്ടിനും അഞ്ചാം നൂറ്റാണ്ടിനുമിടയിൽ (അതായത് 2700 വർഷത്തിനും 2500 വർഷങ്ങൾക്കു മുമ്പ്) ഉപനിഷത്തുക്കളും എ.ഡി 11-നും 16-ാം നൂറ്റാണ്ടിനും ഇടയിൽ (അതായത് 1100 വർഷത്തിനും 600 വർഷത്തിനും മുമ്പ്) പുരാണങ്ങളും എഴുതപ്പെട്ടതാണെന്ന് നാം ഓർക്കണം. അതായത് ഉപനിഷത്തുക്കളുടെ രചനയുടെ

ആരംഭത്തിനും പുരാണങ്ങളുടെ രചനയുടെ അവസാനത്തിനും ഇടയിലുള്ള കാലഘട്ടം 2,000 വർഷമാണ്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ പുരാണങ്ങളുടെ മധ്യകാല-സാമൂഹികസ്ഥിതി ഇന്നത്തെ സമൂഹത്തിൽനിന്ന് തികച്ചും വ്യത്യസ്തമായിരുന്നുവെങ്കിൽ, രണ്ട് സഹസ്രാബ്ദങ്ങൾക്കുമുമ്പ് എന്തായിരിക്കും? ഉപനിഷത്തുകളുടെ തുടക്കത്തിൽ പരാമർശിച്ച ഗുരു എന്ന സങ്കല്പം രണ്ട് സഹസ്രാബ്ദങ്ങളോളം പരിണമിച്ചു എന്ന് ഇതിൽനിന്നും മനസ്സിലാക്കാം. എന്നാൽ അറുന്നൂറ് വർഷങ്ങൾക്കുശേഷം നമ്മുടെ ആധുനികസമൂഹങ്ങളിൽ പരിണാമം സംഭവിച്ചുവരുന്നതിനുമുമ്പ് അങ്ങനെയൊരു മാറ്റം വന്നോ എന്നത് ചിന്തനീയമാണ്. (അല്ലെങ്കിൽ ഒഴുക്കിനൊത്തുള്ള നീക്കം എന്ന് പറയണോ?)

കൂടാതെ, ഉപനിഷദ് എന്ന പദത്തിന്റെ ഉല്പത്തി വിജ്ഞാനപ്രദമാണ്: ഉപ-നി-ഷദ് ("അരികിൽ-താഴെ-ഇരുന്ന്") അല്ലെങ്കിൽ ഗുരുവിന്റെ അടുത്ത് (കൃത്യമായി ഗ്രഹിക്കുന്നതിനുവേണ്ടി), കാൽക്കൽ (വിനയത്തെ സൂചിപ്പിക്കുന്നു - താണനിലത്തെ നീരോടു) ഇരിക്കുന്നതിനെ സൂചിപ്പിക്കുന്നു. ശ്രദ്ധിക്കൂ, ഗുരുവിന്റെ കാൽക്കലിരിക്കുന്നു എന്നാണ് അർത്ഥം. അല്ലാതെ അല്പം ഹാസ്യാത്മകമായി പറഞ്ഞാൽ A യുടെ അവിടെ സംഭവിക്കുന്നതുപോലെ "എന്റെ മടിയിൽ- ആലിംഗനം -ചെയ്തുകൊണ്ട്" എന്നോ "എന്റെ മുന്നിൽ-മുട്ടിൽ-ഇരിക്കുക" എന്നോ "എന്റെ-കൂടെ-കിടക്കൽ" എന്നോ വിളിക്കപ്പെടുന്നില്ല.

### c. ***<u>ആചാര്യന്മാരും ഗുരുക്കന്മാരും: -</u>***

ഉപനിഷത്തുക്കളിൽ അദ്ധ്യാപകൻ ഒരു ആചാര്യനാണ്. ഈ വാക്ക് ആചാരത്തിൽനിന്നാണ് വന്നിരിക്കുന്നത്; ഒന്നുകിൽ പ്രമാണത്തിൽ അല്ലെങ്കിൽ തത്ത്വത്തിൽ. ഇത് ഒരു നിയമത്തെയോ പ്രവർത്തനരീതിയെയോ

സൂചിപ്പിക്കുന്നു. അനങ്ങുക, പ്രവർത്തിക്കുക, നടക്കുക, പെരുമാറുക, ചലിക്കുക, പരിശീലിക്കുക എന്നൊക്കെ അർത്ഥമുള്ള "ചര" എന്നതിൽനിന്നാണ് ഉരുത്തിരിഞ്ഞത്. ഉദാഹരണത്തിന്, "ബ്രഹ്മചാരി"യിലെ "ചാരി" എന്നതിന് ചലിക്കുക, നടക്കുക, ജീവിക്കുക എന്നൊക്കെ അർത്ഥം ഉള്ളതുപോലെ. ആചാര്യൻ നമുക്ക് സഞ്ചരിക്കാനുള്ള പാത നിർണ്ണയിക്കുന്ന തത്ത്വങ്ങൾ കൈമാറുന്നു. ഗുരു എന്നതിൽനിന്നു വ്യത്യസ്തമാണിത്, "ഗു + രു" എന്ന പദത്തിന്റെ അർത്ഥം "അന്ധകാരത്തെ ഇല്ലാതാക്കുന്നത്[356]" എന്നാണ്. ആചാര്യന്റെയടുത്ത് ഒരു വിദ്യാർത്ഥിക്ക് പ്രയത്നം, പഠനം, മനസ്സിലാക്കൽ, അച്ചടക്കം എന്നിവയെക്കുറിച്ചുള്ള ഒരു ധാരണയുണ്ട്. അതിനനുസരിച്ച് അവൻ നീങ്ങുകയും പെരുമാറുകയും പരിശീലിക്കുകയും വേണം. ഗുരു അദ്ദേഹത്തിൽ നിന്നുവരുന്ന ജ്ഞാനോദയത്തെ ആശ്രയിക്കാൻ ഊന്നിപ്പറയുമ്പോൾ, ആചാര്യൻ നമ്മെ ആന്തരികഗുരുവിലേക്ക് നയിക്കുന്നു. ചരിത്രം നോക്കിയാൽ, ആചാര്യന്മാർ ആഴത്തിൽ പഠിക്കുക മാത്രമല്ല, ദീർഘകാലപരിശീലനത്തിലൂടെ ആദ്ധ്യാത്മികമാർഗ്ഗത്തിൽ സ്വയംപരിവർത്തനം സംഭവിച്ചിട്ടുള്ളവരുമാണ്. തങ്ങളുടെ മേഖലയിൽ വിദഗ്ധരായതിനാൽ, അവർ അദ്ധ്യാപനത്തിൽമാത്രം ഒതുങ്ങാതെ, തങ്ങളുടെ ആശയങ്ങളുടെ ശ്രേഷ്ഠത സ്ഥാപിക്കാൻ മറ്റ് വിദ്യാലയങ്ങളിൽനിന്നുള്ള പണ്ഡിതന്മാരുമായി ബൗദ്ധികമത്സരങ്ങളിൽ ഏർപ്പെടുകയും ചെയ്തിരുന്നു. അവർ വിഭാഗീയചിന്താഗതി ഉള്ളവരാവാം; ഒരു വിധത്തിൽ പറഞ്ഞാൽ ഗുരുക്കന്മാരും. അവരുടെ കാര്യത്തിൽ, ഏതെങ്കിലും പാരമ്പര്യേതരരീതിയിൽ നേടിയ അനുഭവം അവരുടെ പ്രഭാഷണത്തെ പരിമിതപ്പെടുത്തും. ഗുരു വേദശാസ്ത്രങ്ങൾ പഠിച്ചവനാകണമെന്നില്ല; അയാൾക്ക് ശാസ്ത്രജ്ഞാനം ഉണ്ടായിരിക്കണമെന്നില്ല. അപ്രതീക്ഷിതമായി ഉദ്ബുദ്ധനാകുക, ഒരു ദർശനം

അല്ലെങ്കിൽ തപോനിദ്ര എന്നിവയിൽനിന്ന് അവന്റെ അനുഭവം ഉണ്ടാകാം. ഗുരു തന്റെ അറിവും അനുഭവവും മാത്രമല്ല കൈമാറുക, നിർഭാഗ്യവശാൽ അവന്റെ അജ്ഞത, മുൻവിധികൾ, പക്ഷപാതം എന്നിവയും കൂടിയാണ്. അത് അപകടത്തിലാക്കുന്നതാണ്. ഈ സാക്ഷ്യത്തിന്റെ സന്ദർഭം ഓർക്കുന്നുണ്ടോ?

എന്നിരുന്നാലും, *ഗുരു, ആചാര്യൻ* എന്നീ പദങ്ങൾ ഒരർത്ഥത്തിലല്ലെങ്കിൽ മറ്റൊരർത്ഥത്തിൽ ഉപയോഗിക്കാം, ഇന്ത്യൻ പാരമ്പര്യത്തിൽ *ജ്ഞാനി, സിദ്ധൻ, യോഗി, മുനി, ഋഷി* തുടങ്ങിയ സമാനാർത്ഥങ്ങളുള്ള പദങ്ങൾ നിലനിൽക്കുന്നു. ജ്ഞാനി പരമമായ (ആത്മജ്ഞാനം) അറിവ് നേടിയിരിക്കുന്നു. സിദ്ധൻ, പൂർണ്ണത നേടിയവൻ, ഒന്നോ അതിലധികമോ ശക്തികളിൽ പ്രസിദ്ധൻ. യോഗി യോഗയുടെ ലക്ഷ്യം പൂർത്തീകരിക്കുകയും സാക്ഷാത്കരിക്കുകയും ചെയ്യും, ഋഷി അല്ലെങ്കിൽ മുനി, ഉൾക്കാഴ്ച ഉള്ളവനാണ്. സൂക്ഷ്മതയും സന്ദർഭവുംവച്ച്, ഈ പദങ്ങൾ ഒരേ കാര്യം അർത്ഥമാക്കുന്നവയാകാം. നാലുപേരിൽ ആരും തന്നെ ഗുരുവോ ആചാര്യനോ ആകണമെന്നില്ല. അതേ സമയം, കാലം ചെല്ലുമ്പോൾ ചില ആചാര്യന്മാർ സംശയാസ്പദമായ കഥാപാത്രങ്ങളായി അറിയപ്പെടുന്നു.

### d. ***<u>വേദങ്ങളിലെയും ഉപനിഷത്തുകളിലെയും ഗുരു</u>***

വേദങ്ങളിൽ പ്രത്യേകിച്ച് ഋഗ്വേദത്തിൽ (IV.5.6), ആത്മജ്ഞാനത്തിന്റെ പ്രചോദനാത്മകമായ തത്ത്വങ്ങളുടെ പ്രേരകശക്തികൾ അഗ്നിദേവൻ ഇന്ദ്രൻ എന്നിവരാണ്. മനുഷ്യന്റെ ഇടപെടൽ കർശനമായി പരിമിതപ്പെടുത്തിയിരിക്കുന്നു. അതിൽ വൈദിക ദൈവങ്ങളുടെ പ്രീതിക്കാണ് ആത്മജ്ഞാനം നേടുന്നതിനെക്കാൾ പ്രാധാന്യം. നമ്മുടെ യുഗത്തിന് 3,000

വർഷങ്ങൾക്കുമുമ്പുള്ള, അതായത് 5,000 വർഷങ്ങൾക്കുമുമ്പുള്ള സങ്കല്പങ്ങളെക്കുറിച്ചാണ് നമ്മൾ ഇവിടെ സംസാരിക്കുന്നതെന്ന് ഓർക്കുക.

2,500 വർഷങ്ങൾക്കുമുമ്പ് ഉപനിഷത്തുകളിൽനിന്ന് നമുക്കെന്താണ് കണ്ടെത്താൻ കഴിയുകയെന്ന് നോക്കാം.

**ഛാന്ദോഗ്യോപനിഷത്ത്**[357] IV.9.3-ൽ, സത്യകാമൻ തന്റെ ഗുരു ഗൗതമനെ സമീപിക്കുന്നു. ഇവിടെ ഗുരുസൂചകമായി ആചാര്യൻ എന്നുപയോഗിച്ചിരിക്കുന്നു.

**തൈത്തിരിയത്തിൽ** III.1.1-ൽ[358], ഭൃഗു തന്റെ പിതാവും ഗുരുവുമായ വരുണനെ സമീപിച്ചു, "ശ്രീമൻ, എനിക്ക് ബ്രഹ്മത്തെ പഠിപ്പിച്ചു തരൂ!" എന്നപേക്ഷിക്കുന്നു. ഉപനിഷത്തുക്കൾപ്രകാരം ബ്രഹ്മത്തെ അഥവാ പരമാത്മാവിനെയാണ് ദൈവമായി കണ്ട് ആരാധിച്ചിരുന്നത്[359]. ഇന്ന് കാണുന്ന പുരാണദൈവങ്ങൾ അന്നുണ്ടായിരുന്നില്ല; ഗുരു- ആചാര്യപ്രയോഗങ്ങളും ഉപയോഗത്തിലില്ലായിരുന്നു.

1.2.8[360] :- **കഠോപനിഷത്തിൽ** അദ്ധ്യാപകനെക്കുറിച്ച് പരാമർശമുണ്ടെങ്കിലും പ്രത്യേകിച്ച് സ്ഥാനപ്പേരൊന്നും കാണുന്നില്ല. സ്വയം പഠിക്കാൻ കഴിയാത്തത്ര സൂക്ഷ്മമായ വിഷയങ്ങൾ മറ്റൊരു വ്യക്തിയിൽനിന്ന് (അനന്യ) പഠിക്കുന്നതിനെ സൂചിപ്പിക്കുന്നിടത്താണ് അദ്ധ്യാപകപരാമർശമുള്ളത്. അർഹതയില്ലാത്ത വ്യക്തി പഠിക്കുന്നതിനെക്കുറിച്ചും പരാമർശിച്ചിട്ടുണ്ട് (അവരേന -നരേന). 3,000 വർഷങ്ങൾക്ക് മുമ്പ്, പൊളിറ്റിക്കൽ കറക്ട്നെസ്സ് (മറ്റുള്ളവരെ വിഷമിപ്പിക്കുന്ന വാക്കുകൾ ഉപയോഗിക്കാതിരിക്കുക) എന്നത് ഒരു പ്രവണത ആയിരുന്നില്ല എന്നത് ശ്രദ്ധിക്കുക.

ഗുരു എന്ന പദം പ്രയോഗിക്കപ്പെട്ടുകാണുന്ന ചുരുക്കം ചില ഉപനിഷത്തുക്കളിൽ ഒന്നാണ് **ശ്വേതാശ്വതരം** VI.23[361]. ബി സി അഞ്ചോ ആറോ നൂറ്റാണ്ടുകളിലാണ് ഈ

ഉപനിഷത്കാലമെന്ന് കരുതപ്പെടുന്നു. ദൈവത്തെയും ഗുരുവിനെയും ഒരേ മാഹാത്മ്യത്തോടെ ആരാധിക്കുന്നതിനെക്കുറിച്ച് അതിൽ എടുത്തുപറയുന്നുണ്ട്. 113 ശ്ലോകങ്ങളിൽ ഒരു ശ്ലോകം, ദൈവം തന്നെയാണ് ജ്ഞാനിയായ മനുഷ്യ ഗുരുവിലൂടെ ശിഷ്യനെ ഉപദേശിക്കുന്നത് എന്നറിഞ്ഞുകൊണ്ട്, ആത്മജ്ഞാനത്തിലേക്ക് നയിക്കുന്ന അറിവ് നേടുന്നതിന് ഗുരുവിന്റെ പ്രധാന പങ്കിനെ അടിവരയിടുന്നു, മാത്രമല്ല ഈശ്വരനോടും ഗുരുവിനോടും ഭക്തി (ഭക്തി എന്ന പദവും ഇവിടെ പ്രത്യക്ഷമാകുന്നു) ഉള്ള സാധകനിൽ മാത്രമേ ഗുരുവിന്റെ ഉപദേശം ഫലപ്രദമാകൂ എന്നും പറയുന്നു. അതിനാൽ ഗുരു ഒരു വാഹകൻ മാത്രമാണ്.

**മുണ്ഡകോപനിഷത്തിൽ** I.2.12[362], വേദങ്ങളിൽ (ശ്രോത്രിയം) പരിപൂർണ്ണമായ അറിവും അവ ആഖ്യാനം ചെയ്യുകയും അവയുടെ ഉള്ളടക്കത്തെക്കുറിച്ചു ധാരണയുള്ളവനും ബ്രാഹ്മനിഷ്ഠനുമായ ഒരു ഗുരുവിനെ സാധകൻ സമീപിക്കണമെന്ന് പരാമർശിക്കുന്നു.

അപ്പോൾ പ്രധാന ഉപനിഷത്തുകൾ ഉൾക്കൊള്ളുന്ന ഏതാണ്ട് 1,500 ശ്ലോകങ്ങളിൽ വെറും "2" എണ്ണം ആണ് ഇപ്പറഞ്ഞത്. ശരി, എന്നാൽ ഇതുവച്ച് ഇന്ന് നമുക്കറിയാവുന്ന ഗുരു ആരാധനയുടെ പാരമ്പര്യം ഉപനിഷത് കാലഘട്ടത്തിലാണ് ഉത്ഭവിച്ചത് എന്ന് അവകാശപ്പെടുന്നത് അൽപ്പം ധാർഷ്ട്യമാണ്. ഈ പോയിന്റ് പിന്നീട് കൂടുതൽ വിശദമായി പറയാം.

വേദാന്ത തത്ത്വചിന്തയുടെ അടിസ്ഥാനം യുക്തിസഹമായ ന്യായവാദത്തിലും മനനത്തിലും അധിഷ്ഠിതമാണ്. ഇത് ദൈവവചനത്തെക്കുറിച്ചോ മതപരമായ കൽപ്പനകളെക്കുറിച്ചോ അല്ല. തത്ത്വങ്ങൾ ചർച്ച ചെയ്യാവുന്നതാണ്, അവ ചോദ്യം ചെയ്യപ്പെടാം, കാരണം അവയും ഇതേ ആത്മീയ സത്യാന്വേഷണത്തിന്റെ ഫലമായുള്ളതാണ്. ചോദ്യം ചെയ്യലും ഉത്തരങ്ങൾ തേടലും, നേതി-നേതി (ഇതല്ല-ഇതല്ല) എന്ന സമീപനത്തിലൂടെ ആശയങ്ങൾ

അടുക്കുകയും അരിച്ചെടുക്കുകയും ചെയ്യുന്നത് സത്യത്തെ അറിയുവാൻ ഉപയോഗിക്കുന്ന അധ്യാപന രീതിയാണ്.

ചിട്ടയായ വേദാന്തപഠനം സാദ്ധ്യമാകുന്നത് നാലു ഭാഗങ്ങളിലൂടെയാണ്: വിവേകം, ശ്രവണം, മനനം, നിധിധ്യാസനം.

1. വിവേകം: ശാശ്വതവും ക്ഷണികവും തമ്മിലുള്ള വിവേചനം, ആത്മീയമാർഗ്ഗത്തിലെ പുരോഗതിക്ക് അനുകൂലവും ഹാനികരവും തമ്മിലുള്ള തിരിച്ചറിവ്.

2. ശ്രവണം: ശ്രദ്ധയോടെ കേൾക്കുകയും പഠിക്കുകയും ചെയ്യുക.
3. മനനം: ആവർത്തിച്ചു ചിന്തിച്ചുറപ്പിക്കുക.
4. നിധിധ്യാസനം: ജ്ഞാന തത്ത്വങ്ങളെക്കുറിച്ചുള്ള ധ്യാനം, ഒരു വൈജ്ഞാനിക പ്രക്രിയ.

ഈ സമീപനം ഗുരുവുമായുള്ള ബന്ധത്തെ സംബന്ധിച്ചതും പൊതുവായതുമാണ്. ആചാര്യനും വിദ്യാർത്ഥിയും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനങ്ങളിലൊന്നായ ചോദ്യം ചെയ്യൽ ഇത് ശക്തിപ്പെടുത്തുന്നു. ഗുരു-ശിഷ്യ ബന്ധത്തിന്റെ അടിസ്ഥാന തത്വം നമുക്ക് ഓർക്കാം.

## e. ***<u>പുരാണങ്ങളിലെ ഗുരുവും ദൈവവും</u>***

ഏകദേശം 1,000 വർഷങ്ങൾക്ക് ശേഷമുള്ള പുരാണങ്ങൾ എന്താണ് പറയുന്നതെന്ന് നോക്കാം (400,000 ശ്ലോകങ്ങൾ). ഗുരുവിനെക്കുറിച്ചുള്ള പരാമർശങ്ങൾ അനവധിയാണ്, ശിഷ്യനെ നയിക്കാൻ ഗുരു നടത്തിയ ഇടപെടലുകളുടെ അത്ഭുത കഥകളും ഐതിഹ്യങ്ങളും ധാരാളമുണ്ട്.

ഗുരുവിനെ പ്രകീർത്തിക്കുന്ന ഗുരുഗീതയിലൂടെ അറിയുന്ന സ്കന്ദ-പുരാണം (8-ാം നൂറ്റാണ്ട്) കൂടുതൽ സ്പഷ്ടവും സമഗ്രവുമാകാൻ സാധ്യതയില്ല. ചുരുക്കത്തിൽ, ഗുരു നിങ്ങൾ-ആഗ്രഹിക്കുന്നതും-ഇനിയും കൂടുതൽ-ആഗ്രഹിക്കുന്നതുമാകുന്നു: അദ്ദേഹം ബ്രഹ്മാവ് (സൃഷ്ടികർത്താവ്), വിഷ്ണു (പ്രപഞ്ചത്തെ സംരക്ഷിക്കുന്ന ദൈവം), മഹേശ്വരൻ (മഹാനായ വിനാശകൻ) ആകുന്നു; ഗുരുവാണ് പൂർണ്ണമായ ദൈവം, ഈ ഗുരുവിന് എന്റെ അഭിവാദ്യങ്ങൾ"[363]. അല്ലെങ്കിൽ "അദ്ദേഹത്തിന്റെ രൂപമാണ് ധ്യാനത്തിന്റെ ഉറവിടം (പാഠപരമായി, വേര്), അദ്ദേഹത്തിന്റെ പാദങ്ങളാണ് ആരാധനയുടെ ഉറവിടം, അദ്ദേഹത്തിന്റെ വാക്കുകളാണ് മന്ത്രത്തിന്റെ ഉറവിടം, അദ്ദേഹത്തിന്റെ കൃപയാണ് മോക്ഷത്തിന്റെ കേന്ദ്രം."[364] 100 മുതൽ 400 വരെ (പതിപ്പിനെ ആശ്രയിച്ച്) ശ്ലോകങ്ങൾ ഉൾക്കൊള്ളുന്ന ഗുരുഗീത, ഗുരുവിനെയും അദ്ദേഹത്തിന്റെ കൃപയെയും ആരാധിക്കുന്ന ശ്ലോകങ്ങളാൽ നിറഞ്ഞിരിക്കുന്നു. മോക്ഷത്തിന്റെ പാതയിലെ സാധകർക്ക് അത്യന്താപേക്ഷിതവും ഒഴിച്ചുകൂടാനാവാത്തതുമായ ഒരു ഗ്രന്ഥമായി ചില ആത്മീയ വിദ്യാലയങ്ങൾ ഇതിനെ കണക്കാക്കുന്നു. ഇതിൽ പ്രകീർത്തിച്ചതിനെക്കാൾ കൂടുതലായി പറഞ്ഞിട്ടുള്ള മറ്റേതെങ്കിലും ഗ്രന്ഥം സങ്കൽപ്പിക്കാൻ പ്രയാസമാണ്. തെരഞ്ഞെടുത്ത ഒരു ശ്ലോകം ഞാൻ ഇവിടെ വ്യാഖ്യാനിക്കാം. അജ്ഞതയെ കഴുകിക്കളയാനും പുനർജന്മ ചക്രത്തിൽ നിന്ന് മോചിപ്പിക്കാനും കഴിയുമെന്ന് കരുതപ്പെടുന്ന ഗുരുവിന്റെ പാദം കഴുകിയ വെള്ളം കുടിക്കാൻ പ്രേരിപ്പിക്കുന്ന ശ്ലോകങ്ങൾ നമുക്ക് ഇതിൽ കാണാം. അതേ ശൈലിയിൽ ഗംഗ മുതലായ പുണ്യനദികളെക്കാൾ പുണ്യമേറിയതാണ് അദ്ദേഹത്തിന്റെ പാദസ്നാനത്തിൽ നിന്ന് ഒഴുകുന്ന ജലം എന്നും പറഞ്ഞിരിക്കുന്നു. ശിഷ്യന്റെ ഹൃദയം ഗുരുവിനെ പൂർണമായി ഉൾക്കൊള്ളണം. ഗുരുവിനെ പ്രസാദിപ്പിക്കുന്നതും അതിലധികമായതും എല്ലാം നാം സമർപ്പിക്കുകയും ചിന്ത, വാക്ക്, പ്രവൃത്തി

എന്നിവയിലൂടെ അദ്ദേഹത്തിന്റെ സേവനത്തിൽ സ്വയം അർപ്പിക്കുകയും വേണം. സ്വന്തം ശരീരവും ആത്മാവും അദ്ദേഹത്തിന് സമർപ്പിക്കണം. കൂടുതൽ കൃത്യമായി പറഞ്ഞാൽ, നിങ്ങളുടെ ശരീരം, നിങ്ങളുടെ ഇന്ദ്രിയങ്ങൾ, നിങ്ങളുടെ ജീവശക്തി എന്നിവ മാത്രമല്ല, നിങ്ങളുടെ ഭർത്താവിനെയും/ ഭാര്യയെയും, ചുരുക്കത്തിൽ നിങ്ങളുടേതെന്ന് നിങ്ങൾ കരുതുന്ന എല്ലാം തന്നെ സമർപ്പിക്കണം. അദ്ദേഹത്തിന്റെ ദിവ്യശക്തി ആ നോട്ടം സ്പർശിക്കുന്ന എല്ലാറ്റിനെയും പ്രകാശിപ്പിക്കുന്നു. അവനാണ് പരമസത്യം. ദൈവങ്ങൾ നിങ്ങളോട് കോപിച്ചാലും ഗുരുവിന് നിങ്ങളെ രക്ഷിക്കാൻ കഴിയും, എന്നാൽ ഗുരു നിങ്ങളോട് കോപിച്ചാൽ ദൈവങ്ങൾക്ക് പോലും ഒന്നും ചെയ്യാൻ കഴിയില്ല- തന്റെ ശിഷ്യന്മാരിൽ ഭയം ജനിപ്പിക്കാൻ A ധാരാളമായി ഉപയോഗിച്ച ഒരു ഉദ്ധരണിയാണിത്. അദ്ദേഹത്തിന്റെ പാദങ്ങളിൽ നിന്നുള്ള പൊടിയുടെ ഏറ്റവും ചെറിയ കണിക നമ്മെ പുനർജ്ജന്മം എന്ന മഹാസമുദ്രത്തിന് അപ്പുറം കൊണ്ടുപോകാൻ പര്യാപ്തമായ പാലമാണ്. ഗുരുവിൽനിന്നു നിർഗ്ഗമിക്കുന്ന ആ പരമമായ അറിവ് അവന്റെ കൃപയാൽ മാത്രമേ നേടാനാകൂ; അത്യനുരുക്തയായ ഭാര്യയെപ്പോലെ നിങ്ങളുടെ ഗുരുവിനെ എപ്പോഴും ഹൃദയത്തിൽ നിറയ്ക്കുക.[365]

നാം ഈ ശ്ലോകങ്ങൾ പഠിക്കുകയും, എല്ലാ ദിവസവും അവ പാരായണം ചെയ്യുകയും, അവയുടെ അർത്ഥത്തെക്കുറിച്ച് ധ്യാനിക്കുകയും, അവ നമ്മുടെ ഗുരുവിനെ അറിയിക്കുകയും ചെയ്യുമ്പോൾ, നാം യുക്തിയുടെ സംരക്ഷണത്തിലല്ല: അന്ധമായ ഭക്തിയുടെ മേഖലയിലാണ്, പഠനത്തിന്റെയും മനനത്തിന്റെയും ചട്ടക്കൂടിലല്ല. അതിപുരാതന ശാസ്ത്രഗ്രന്ഥങ്ങളിലെ പരമ്പരാഗത തത്ത്വങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഗുരുവിന്റെ ചട്ടക്കൂട്ടിൽ നിന്നല്ല പഠിക്കുന്നത്; ചോദ്യോത്തര പഠനത്തിൽ നിന്നും നാം സമർപ്പണത്തിലേക്കും വിശ്വാസത്തിലേക്കും മാറി; അപ്പോൾ എല്ലാം സാധ്യമാണ്;

അമിതാസക്തിയും ദുരുപയോഗവും പോലും ഗുരുവിനോടുള്ള ഭക്തിയുടെയും സമർപ്പണത്തിന്റെയും പ്രകടനമായി തോന്നും.

പുരാണങ്ങൾ ഉത്ഭവിച്ച് ഇപ്പോൾ 1,300 വർഷം പിന്നിടുമ്പോൾ, നാം മറ്റൊരു സാഹചര്യത്തിലേക്ക് മാറിയിരിക്കുന്നു: വിചിത്രമെന്നു പറയട്ടെ, ഗുരു മനുഷ്യന്റെ പരിണാമത്തെ പ്രതിനിധീകരിക്കുമ്പോൾ, അവനെ ആരാധിക്കുന്ന പ്രായപൂർത്തിയായ ഒരു ശിഷ്യൻ, അവന്റെ നിലവിലുള്ള അവസ്ഥയിൽ നിന്ന് താഴേക്ക് പോയി ശിശുവായി മാറുന്നു. വിദ്യാർത്ഥി ഉപാധികളില്ലാത്ത ശുദ്ധഹൃദയനായ ഒരുത്തമ ശിഷ്യനാകാൻ കിണഞ്ഞു പരിശ്രമിക്കുന്നു, വിവേകം ത്യജിച്ച് യുക്തിഹീനമായതിനെ സ്വീകരിക്കുന്നു, സ്വാശ്രയത്വം വിട്ട് അടിമത്തമനോഭാവത്തെ സ്വാഗതം ചെയ്യുന്നു. ഉപനിഷത്തുക്കൾക്ക് ശേഷം ലോകം ഒരുപാട് മാറിയിട്ടുണ്ട്. എല്ലാത്തരം സ്ഥാനഭ്രംശങ്ങളും അമിതത്ത്വവും സാധ്യമാണ്.

ഇതിനെ ഇന്നത്തെ സാഹചര്യവുമായി താരതമ്യം ചെയ്ത് കാലഗണന പ്രകാരം സംഗ്രഹിക്കാം, കാരണം ഇവയ്ക്കെല്ലാം അതിന്റേതായ അനന്തരഫലങ്ങളുണ്ട്.

- 5,000 വർഷം മുമ്പ്, വേദങ്ങളിൽ, പഞ്ചഭൂതങ്ങളല്ലാതെ ദൈവങ്ങളോ ഗുരുക്കന്മാരോ ഇല്ല.
- 2,500 വർഷങ്ങൾക്ക് മുമ്പ്, ഉപനിഷത്തുകളിൽ, യാഥാർത്ഥ തത്ത്വമല്ലാതെ ദൈവങ്ങളില്ല; ഗുരു എന്ന ആശയം 1,500 ശ്ലോകങ്ങളിൽ വെറും രണ്ടുതവണയാണ് പരാമർശിക്കപ്പെട്ടിരിക്കുന്നത്. അതും ഒന്നിൽ പ്രധാനമായും ആചാര്യന്മാരെക്കുറിച്ചാണ് പറയുന്നത്.
- 1,000 വർഷങ്ങൾക്ക് മുമ്പ്, പുരാണങ്ങൾ ആവിർഭവിച്ചതോടെയാണ് അസംഖ്യം

ദേവന്മാരും ഗുരുക്കന്മാരും ഉടലെടുത്തത്; ഒപ്പം ഭക്തി ഉദയം കൊണ്ടതും അതോടെയാണ്.

- 21-ാം നൂറ്റാണ്ട്: 2 സഹസ്രാബ്ദങ്ങൾക്കുമുമ്പ് പ്രത്യക്ഷപ്പെട്ട്, മധ്യകാലഘട്ടത്തിൽ വികാസം പ്രാപിച്ച ഗുരു എന്ന പ്രസ്ഥാനത്തെ യഥാർത്ഥ ഗുരുസങ്കൽപ്പവുമായി താരതമ്യപ്പെടുത്താനാവില്ല. 2,000 വർഷങ്ങൾക്ക് മുമ്പുള്ള പൗരന് ഇന്നത്തെ സാമൂഹികാവസ്ഥയുമായി ഒരു ബന്ധവുമില്ല.

ഹാസ്യാത്മകമായി പറഞ്ഞാൽ, ബാക്കിയുള്ളവയെ അപേക്ഷിച്ച് പുരാണങ്ങളിൽ ദേവന്മാരുടെയും ഗുരുക്കന്മാരുടെയും സ്ഥാനം നന്നായി മനസ്സിലാക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, വേദങ്ങൾ സാഹിത്യവും ഉപനിഷത്തുകൾ നാടകവേദിയുമാണെങ്കിൽ, പുരാണങ്ങൾ സർക്കസാണ്.

## f. ***<u>സമകാലികജീവിതത്തിൽ ഗുരുവിന്റെ സ്ഥാനം.</u>***

ഗുരു എന്ന് പറയുമ്പോൾ, ഒരാൾ മാനസികവും ശാരീരികവുമായ രോഗശാന്തി ശക്തികളുണ്ടെന്ന് കരുതുന്ന ആൾദൈവങ്ങളെക്കുറിച്ചാണ് പറയുക. അവർ പ്രയോഗിക്കുന്ന നിഗൂഢമായ സൈക്കോതെറാപ്പി "ആത്മീയ ഉപഭോക്താവിനെയാണ്" ആകർഷിക്കുന്നതല്ലാതെ വേദപാഠം, ദാർശനിക പരിജ്ഞാനം, അല്ലെങ്കിൽ ആത്മീയ നേട്ടങ്ങൾ എന്നിവയ്ക്കായി തയ്യാറെടുക്കുന്ന പരമ്പരാഗത സാധകനെയല്ല. കൂടുതൽ സാധാരണ മനുഷ്യരിൽ, ഒരു ശിഷ്യന്റെ ജീവിതത്തിലെ ഏറ്റവും മഹത്തായ നിമിഷം, ഒരു കൊച്ചുകുട്ടിയെന്ന പോലെ, ആൾദൈവത്തെ കണ്ടുമുട്ടുകയും അവരിൽ ഒരു ദൈവിക മാതാപിതാക്കളുടെ പ്രതിരൂപം ദർശിക്കുകയും ചെയ്യുമ്പോഴാണ്. ഗുരു ആധികാരികമായി

ദൈവവൽക്കരിക്കപ്പെട്ടു കഴിഞ്ഞാൽ പിന്നെ സ്വാശ്രയനും സ്വതന്ത്രനുമാകുക എന്നത് മിക്കവാറും അസാധ്യമായിരിക്കും. ഗുരുവിനെ ദൈവമാക്കുന്ന പ്രക്രിയയിൽ വൈകാരിക സാഹിത്യം, അന്ധവിശ്വാസം, മതപ്രസംഗങ്ങൾ, പാട്ടുകൾ, ചടങ്ങുകൾ, സാധകന്റെ അതുവരെയുള്ള ജീവിതത്തിൽ ഇല്ലാതിരുന്ന ആചാരങ്ങൾ ഇതെല്ലാം ഉണ്ടാകും, പ്രത്യേകിച്ചും മറ്റൊരു സംസ്കാരത്തിൽ നിന്നുള്ളവരാണെങ്കിൽ. ഈ അനാരോഗ്യകരമായ പശ്ചാത്തലം ഗുരുവിന്റെ മഹത്വവൽക്കരണത്തിനും കെട്ടുകഥകളുടെ സൃഷ്ടിക്കും ദൈവവൽക്കരണത്തിനും അങ്ങനെ തെറ്റായ ആത്മീയതയിലേക്കുള്ള അപകടസാധ്യതയ്ക്കും വഴി തുറക്കുന്നു. പരമ്പരാഗത ഗുരുവിനെയും ഗുരുകുലങ്ങളെയും ഇന്നത്തെ ആൾദൈവങ്ങൾ നീക്കം ചെയ്തിരിക്കുന്നു. വിശ്വാസം സ്വീകരണമുറികളിൽ എത്തിയിരിക്കുന്നു. എളുപ്പത്തിൽ ലഭ്യമാകുന്നതും ടെലിവിഷനുകൾ വഴി പ്രചരിപ്പിക്കുന്നതുമാണ് അവ. കുറച്ച് കോൺഫറൻസുകളും സെമിനാറുകളും കൊണ്ട് ഒരാൾക്ക് എല്ലാം ഗ്രഹിച്ചതായി തോന്നും. കൂടാതെ, സാമൂഹിക-രാഷ്ട്രീയ അജണ്ടകൾ ആത്മീയതയുമായി ഇടകലർന്നിരിക്കുന്നു. ആധുനിക ഗുരുവിനെ പുരാതന മാതൃകാഗുരുക്കന്മാരിൽനിന്ന് വ്യത്യസ്തനാക്കുന്നത് അദ്ദേഹത്തിന്റെ ആകർഷകമായ നേതൃത്വവും അമാനുഷിക ശക്തികളും സ്വാധീനമുള്ള രാഷ്ട്രീയ ബന്ധങ്ങളുമാണ്. മാസ്മര ചിന്തകളും അത്ഭുതകരമായ നേട്ടങ്ങളും ഒരു മാനദണ്ഡമായി വർത്തിക്കുന്നു.

VI.4 "ആത്മസാക്ഷാത്കാരത്തോടുള്ള അഭിനിവേശം" എന്ന അദ്ധ്യായത്തിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ, നിലനിന്നുപോന്ന കീഴ്‌വഴക്കങ്ങൾക്ക് വിരുദ്ധവുമായി രമണ മഹർഷി, ജിദ്ദു കൃഷ്ണമൂർത്തി, നിസർഗദത്ത മഹാരാജ് എന്നിവരെപ്പോലുള്ള മഹാന്മാരായ ഗുരുക്കന്മാർക്ക് അവരവരല്ലാതെ മറ്റൊരു ഗുരു ഇല്ലായിരുന്നു. എന്നാൽ ഇത് കപട പ്രബുദ്ധരായ

അസംഖ്യം കോമാളികൾക്ക് വഴി തുറന്നു. മേൽപ്പറഞ്ഞ ആധികാരിക ഗുരുക്കന്മാരുടെ ആത്മസാക്ഷാത്കാരത്തിനായുള്ള സമീപനം, പെട്ടെന്നുള്ളതോ ഉടനടിയോ (മധ്യസ്ഥത കൂടാതെ) സംഭവിക്കുന്നതാണെങ്കിലും അവയ്ക്ക് പാരമ്പര്യത്തിൽ സ്ഥാനമുണ്ട്. അതേസമയം ഈ ആചാരങ്ങൾ ഒരിക്കലും കപട സാക്ഷാത്കാര വഴിയിലേക്കുള്ള സൗജന്യ പ്രവേശനമല്ല. സാമ്പ്രദായികമായ പാരമ്പര്യത്തിൽ വിവരിച്ചതുപോലെ, ദീർഘവും കഠിനവും അച്ചടക്കമുള്ളതുമായ തയ്യാറെടുപ്പിന്റെ മാതൃകയായി ഈ യാത്ര നിലനിൽക്കുന്നു. ഇന്ത്യയിലും പാശ്ചാത്യരാജ്യങ്ങളിലും ഉള്ള പല ഗുരുക്കന്മാരും, ശിഷ്യന്മാരോട്, തങ്ങൾക്ക് സാക്ഷാത്കാരം കിട്ടി എന്ന് അവകാശപ്പെടുകയോ സൂക്ഷ്മമായി അതിനെപ്പറ്റി സൂചന നൽകുകയോ ചെയ്തു. അവരാകട്ടെ കെട്ടുകഥകൾ സൃഷ്ടിച്ച്, തങ്ങളുടെ ഗുരുവിന്റെ പ്രതിച്ഛായ ഉണ്ടാക്കിയെടുക്കുന്നതിനുള്ള ചുമതല ഏറ്റെടുത്തു. ആത്മജ്ഞാനത്തിനുവേണ്ടി പരിശ്രമിക്കുന്ന ശിഷ്യൻ വിശ്വസിക്കാൻ അത്യധികം തല്പരനാണ്, ബോധ്യപ്പെടാൻ വ്യഗ്രതയുള്ളവനാണ്, ആത്മീയമാർഗ്ഗത്തിലുള്ള തന്റെ ദൈനംദിന ജീവിതത്തിൽ സഹായവും പിന്തുണയും കണ്ടെത്താൻ അവൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് തന്റെ (യഥാർത്ഥ) ഗുരുവിനെ കണ്ടെത്തി എന്ന് യുക്തികൾ സൃഷ്ടിച്ച് ആവേശത്തോടെ വിശ്വസിക്കാൻ അവന് വളരെ എളുപ്പമാണ്. മാത്രമല്ല, മിക്ക ഭക്തരും/ ശിഷ്യന്മാരും വ്യക്തിപരമായ പരിവർത്തനത്തിനായുള്ള കഠിനമായ വ്രതങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്നു. തങ്ങൾക്കു നേടാനാകാത്ത ആദർശത്തെ അവർ ഗുരുവിൽ പ്രതിഷ്ഠിക്കുന്നു. അതുകാരണം, ഗുരുക്കന്മാർ അവരുടെ ഭക്തരുടെ/ ശിഷ്യന്മാരുടെ പെരുപ്പിച്ചുകാണിക്കുന്ന സിദ്ധാന്തങ്ങളുടെ തടവറയിൽ ആകുന്നു; മാത്രമല്ല അവർക്ക് അവരുടെ യഥാർത്ഥ അസ്തിത്വമായ സാധാരണ മനുഷ്യനെപ്പോലെ പെരുമാറാൻ കഴിയില്ല. എന്തെന്നാൽ വഞ്ചിക്കപ്പെട്ടതായി കരുതുന്ന അവരുടെ ഭക്തനാൽ

ക്രൂശിക്കപ്പെടുവാൻ കാരണമാകും. A ഇതും പ്രസംഗിക്കാറുണ്ടായിരുന്നു: "*നിങ്ങൾ ചെയ്യേണ്ടത് സ്വയം സമർപ്പിക്കുകയും ഗുരുവിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുക, മറ്റെല്ലാം വേണ്ടപോലെ നടത്തപ്പെടും. മറ്റ് ജോലികളൊന്നും ആവശ്യമില്ല.*" നാം ഇന്ന് അഭിമുഖീകരിക്കുന്നത് ഈ അനാരോഗ്യകരമായ പ്രവണതയുടെ അപകടമാണ്. എനിക്ക് ഉറപ്പുണ്ട് എന്റെ അനുഭവത്തിലെന്നപോലെ ഗുരുവിന്റെ ഭക്തർക്ക് ഉപദേശം നൽകാൻ, ആത്മീയ "ജേഷൻ", ആയി അയയ്ക്കപ്പെട്ട ശിഷ്യൻ, ഇതേ അസുഖകരമായതും അപകടസാധ്യതയുള്ളതുമായതും സ്വന്തം യാഥാർഥ്യത്തിൽ നിന്നു വിച്ഛേദിക്കപ്പെട്ട അവസ്ഥയിൽ ആയിത്തീരുന്നു. ഒരു ഘട്ടത്തിൽ, അവൻ ഗുരുവിന്റെ ദൂതൻ ആണ്, എല്ലാവരും അവനെ ബഹുമാനിക്കുന്നു. മറുവശത്ത്, പലപ്പോഴും അവൻ എടുത്ത സ്വാതന്ത്ര്യവും ആധികാരികതയും ഭീഷണിയായി കരുതുന്ന ഗുരുവിന്റെ അംഗീകാരത്തോടെ അവൻ തിരസ്കരിക്കപ്പെടുകയും മറയ്ക്കപ്പെടുകയും ചെയ്യുന്നു.

നവ-പ്രബുദ്ധനായ ഒരാളുടെ നവ-അദ്വൈതത്തെ ഈ വാക്കുകളിൽ സംഗ്രഹിക്കാം: "അന്വേഷിക്കുന്നത് നിർത്തുക, നിങ്ങൾ ഇതിനകം തന്നെ ആത്മാവ് ആണ്, അതിനാൽ ഒരു ശ്രമവും നടത്തേണ്ടതില്ല, അത് വിപരീതഫലം ഉളവാക്കുന്നതാണ്!". ഇത് എന്നെ തിരുവണ്ണാമലയിൽ സന്ദർശിച്ച്ച രണ്ട് പാശ്ചാത്യ സഹോദരിമാരെ ഓർമ്മിപ്പിക്കുന്നു. പാത്രങ്ങൾ കഴുകാൻ സമയമാകുമ്പോൾ, ഒരാൾ മറ്റൊരാളോട് പറയും: "നാം ഒന്നായതിനാൽ, നീ എനിക്ക് വേണ്ടി പാത്രങ്ങൾ കഴുകിക്കോളൂ!" എന്ന്. "ആത്മസാക്ഷാത്കാരത്തോടുള്ള അഭിനിവേശം" എന്ന അധ്യായം VI.4-ൽ നമ്മൾ പറഞ്ഞ പ്രാവർത്തികതലവുംം കേവലതലവും തമ്മിലുള്ള ആശയക്കുഴപ്പത്തിന്റെ ലക്ഷണമാണിത്. നമ്മൾ ഒന്നായതുകൊണ്ടല്ല, നിങ്ങൾ ജോലികൾ ചെയ്യേണ്ടത്; ആത്മാവ് എല്ലായിടത്തും എല്ലാത്തിലും ഉള്ളതുകൊണ്ടല്ല, ചിട്ടകൾ ആവശ്യമില്ലാത്തത്; സാക്ഷാത്കാരം കിട്ടി

ഞാൻ അങ്ങേയറ്റത്ത് എത്തിയിരിക്കുന്നു എന്ന അനുഭവം ഉണ്ടായതുകൊണ്ടല്ല, മറിച്ച് സാഹചര്യം മുതലെടുക്കുകയാണ് എന്നു മനസ്സിലാക്കുക. ഇതേ അധ്യായത്തിൽ, ആദി ശങ്കരൻ നിർദ്ദേശിക്കുന്ന അനുഷ്ഠാനത്തിന് ആവശ്യമായ മുൻവ്യവസ്ഥകൾ നാം കണ്ടു. സാക്ഷാത്കാരം ഒരു ചെറിയ ചാട്ടമാണെങ്കിലും (കുതിപ്പാണെങ്കിലും) അതിന് വളരെയധികം തയ്യാറെടുപ്പുകൾ ആവശ്യമാണെന്ന് പാരമ്പര്യം സ്ഥിരീകരിക്കുന്നു. ഈ മുൻവ്യവസ്ഥയെ നവ അദ്വൈതി അവഗണിക്കുന്നു. ഈ സാധനകൾ മിഥ്യാധാരണയുടെ ഭാഗമാണെന്ന്, അഹംഭാവത്തിന്റെ കളികൾ ആണെന്ന് ഇക്കൂട്ടർ കണക്കാക്കുന്നു. വാസ്തവം മറിച്ചാണ്, കാരണം ഇത് ധാരണാപിശക് ആണ്. മോഹങ്ങൾ, പ്രതികരണങ്ങൾ, പ്രവചനങ്ങൾ, അഹംഭാവം, മിഥ്യാബോധം എന്നിവ നമ്മെ അമ്മാനമാടുമ്പോഴും നമ്മൾ ആത്മാവ് ആണെന്നും, ഇതിനകം എത്തേണ്ടിടത്ത് എത്തിയെന്നും ഉള്ള മിഥ്യാ ധാരണകൾ തന്റെയും മറ്റുള്ളവരുടെയും ജീവിതം പാഴാക്കുന്നതിനും ആശയക്കുഴപ്പത്തിനും കഷ്ടപ്പാടുകൾക്കും ഇടയാക്കും.

നവ-അദ്വൈതിയെ പ്രാവർത്തിക- ആത്മതലങ്ങൾ ആശയക്കുഴപ്പത്തി-ലാക്കുമ്പോഴും, എല്ലാം ഒന്നായതുകൊണ്ടും ഒന്നിന്റെ ആവിഷ്കാരം ആയതുകൊണ്ടും, നീതി, സത്യസന്ധത, ധാർമ്മികത, മറ്റ് ഗുണങ്ങൾ എന്നിവ അർത്ഥശൂന്യമാണെന്ന് സമർത്ഥിക്കും. എന്നാൽ രമണ മഹർഷി, ഒരു മാസ്റ്റർപീസ് ആയ തന്റെ തത്ത്വചിന്താപര കാവ്യം *"ഉള്ളത് നാൽപ്പത്, യാഥാർത്ഥ്യത്തെക്കുറിച്ചുള്ള നാൽപ്പത് വാക്യങ്ങൾ"* ("അനുബന്ധം" 39-ാം വാക്യം) എന്നതിന്റെ അനുബന്ധത്തിൽ ശങ്കരാചാര്യരെ ഉദ്ധരിച്ചുകൊണ്ട് പറയുന്നത്,

*"അദ്വൈതത്തെ എപ്പോഴും ഹൃദയത്തിൽ വയ്ക്കുക, പ്രവൃത്തിയിൽ കൊണ്ടുവരരുത്. മൂന്നുലോകത്തിൽ*

*ഉപയോഗിച്ചാലും, മകനെ അത് ഗുരുവിൽ ഒരിക്കലും പ്രതിഷ്ഠിക്കരുത്"* എന്നാണ്.

*ഞാൻ തിരുവണ്ണാമലയിൽ താമസിച്ചിരുന്നപ്പോൾ എനിക്ക് നേരിട്ട് അറിയാമായിരുന്ന ഡേവിഡ് ഗോഡ്മാൻ ഈ വിഷയം വിശദമായി ചർച്ച ചെയ്യുന്ന ഈ ലേഖനം കാണുക.*[366]

അതിരുകളും പ്രതലങ്ങളും അവ്യക്തമാക്കുന്നത് ഒഴിവാക്കുക, ശരിയും തെറ്റും തിരിച്ചറിയുന്നത് തുടരുക. നവ-അദ്വൈതി തന്റെ ശിഷ്യനെ ഒരു സാധാരണയിൽ കവിഞ്ഞ ലളിതവൽക്കരണത്തിന് പ്രോത്സാഹിപ്പിക്കുന്നു, ബുദ്ധി ഉപയോഗിക്കുന്നത് മോശമാണ് എന്നാൽ ഹൃദയം ഉപയോഗിക്കുന്നത് നല്ലതാണ്- ഇതുപോലെയുള്ള ബൈനറി ലോജിക് ആണ് ഇവിടെ ഉപയോഗപ്പെടുത്തുന്നത്- അവിടെ, ബുദ്ധിക്കെതിരായി ഹൃദയത്തെ നിർദ്ദേശിക്കുന്ന ലളിതമായ പ്രഭാഷണത്തിന്റെ രാജ്ഞിയായ A യ്ക്കും അവർക്കുവേണ്ടി എഴുതുന്ന (002) എളുപ്പമായി.

Eckhart Tölle[367] യെ കുറിച്ചുള്ള ഒരു അവലോകനത്തിൽ Morten Tolboll തന്റെ ബ്ലോഗിൽ എഴുതിയതുപോലെ, ഇതിനെയാണ് ആർതർ വെർസ്ലൂയിസ് "ഇമ്മീഡിയറ്റിസം"[368] അല്ലെങ്കിൽ ഇമ്മീഡിയറ്റിസ്റ്റ് ഗുരുക്കൾ എന്ന് വിളിക്കുന്നത്. ഒരു പരമ്പരാഗത മതവുമായും ബന്ധമില്ലെന്ന് അവകാശപ്പെടുന്ന, ജ്ഞാനോദയവും തൽക്ഷണ മോക്ഷവും വാഗ്ദാനം ചെയ്യുന്ന, ഇക്കാർട്ട് ടോലെ, രാം ദാസ്, ആദി ദാ, പൂഞ്ചയുടെ ശിഷ്യൻ ആൻഡ്രൂ കോഹൻ, സഹപ്രവർത്തകർ തുടങ്ങിയവരെപ്പോലെ ഉള്ള ഗുരുക്കന്മാരാണ് അവർ. ആചാര്യനോ തപസോ ഇല്ലാതെ യാഥാർത്ഥ്യത്തെക്കുറിച്ചുള്ള ഒരു ദർശനത്തിന്റെ മതപരമായ സ്ഥിരീകരണത്തെയാണ് ഇമ്മീഡിയറ്റിസം. ചിലർ ബോധോദയം എന്ന് വിളിക്കുന്നു. മതത്തിന്റെ ഫലം നമുക്ക് വേണം എന്നാൽ അതിന്റെ നിയന്ത്രണങ്ങൾ

വേണ്ട. മായ മറ്റുള്ളവരുടെ തോന്നലാണെന്ന് ഇക്കൂട്ടർ അവകാശപ്പെടാം. തന്റെ “ഉദ്ബോധനം” വഴി, അയാൾ മായയല്ലാത്ത സ്വന്തമായ ഒരു യാഥാർത്ഥ്യം സൃഷ്ടിക്കുന്നു (അദ്ദേഹത്തിന്റെയും ശിഷ്യന്മാരുടെയും അഭിപ്രായത്തിൽ). ഈ ആശയക്കുഴപ്പം, പരമ്പരാഗത തത്ത്വങ്ങളിൽ നിന്ന് വ്യതിചലിച്ച്, സ്വന്തം താൽപ്പര്യങ്ങൾക്കായുള്ള ഈ വ്യാഖ്യാനം, ഫാന്റസി, ആപേക്ഷികതാസിദ്ധാന്തം, ശൂന്യതാവാദം എന്നിവയിലേക്ക് നയിക്കുന്നു.

പാശ്ചാത്യ രാജ്യങ്ങളിൽ, ഇതുപോലെ “നവ-പ്രബുദ്ധ”രായ ധാരാളം ആളുകൾ ഉണ്ട്, അവർ അവരുടെ കിറുക്ക് ഒരു അലങ്കാരമായി കൊണ്ടുനടക്കുന്നു. അവർ പരസ്പരം പിന്തുണയ്ക്കുകയും അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു. പരസ്പരം ക്ഷണിക്കുകയും അവരുടെ അറിവുകളെ സ്ഥിരീകരിക്കുകയും സഹിഷ്ണുത കാണിക്കുകയും ശിഷ്യന്മാരുടെ മുമ്പിൽ വൈചിത്ര്യങ്ങളെ സാധൂകരിക്കുകയും ചെയ്യുന്നു. ഒന്നും പറയുവാനാവാത്തവിധം ഇത് നിങ്ങളെ ആശ്ചര്യപ്പെടുത്തുന്നു അല്ലേ? ഇന്ത്യയിൽ കാര്യങ്ങൾ വ്യത്യസ്തമാണ്. ഗുരുക്കന്മാർ പരസ്പരം പരസ്യമായി സാധൂകരിക്കുന്നില്ല. അവർ അവരുടേതായ രീതിയിൽ പൂർണ്ണമായും ഉന്മത്തരാകാം, എന്നാൽ അത് പതിനായിരക്കണക്കിന് ആളുകൾ അവരെ പിന്തുടരുന്നതിനോ അവരുടെ പരിഹാസ്യമായ പ്രസ്താവനകൾ കേൾക്കുന്നതിനോ തടസ്സമാവുന്നില്ല. ഇന്ത്യയിലും അന്താരാഷ്ട്ര തലത്തിലും അംഗീകൃത വ്യാജ ഗുരുക്കൻമാരുടെ പട്ടിക പങ്കിടണമെന്ന് ഞാൻ ആഗ്രഹിച്ചിരുന്നു. പക്ഷേ അത് വേണ്ടെന്നുവച്ചു. നിങ്ങൾക്കും എനിക്കും ആ സമയം കൊണ്ട് നല്ല കാര്യങ്ങൾ ചെയ്യാം. എന്നാൽ അത്തരക്കാർ ധാരാളം ഉണ്ട്, അവരുടെ ഇത്തരം “ആത്മബോധം” പരസ്പരവിരുദ്ധമോ അവ്യക്തമോ അധാർമ്മികമോ ആകുന്നതിൽ നിന്ന് അവരെ തടയുന്നില്ല. ഇത് തികച്ചും ആശങ്കാജനകമാണ്.

മറ്റൊരിടത്ത് പറഞ്ഞതുപോലെ, ഇന്ത്യയിൽ വീണ്ടും സന്നിവേശിപ്പിക്കുന്ന നവ-ഹിന്ദുത്വത്തിന്റെ ഈ പുതിയ യുഗം, സ്വാഭാവികമായും, അതിന്റെ സാംസ്കാരിക ഐതിഹ്യകഥകളെ അതിനോട് ചേർത്തുവയ്ക്കുന്നു. നാം ആത്മജ്ഞാനത്തെക്കുറിച്ചല്ല സംസാരിക്കുന്നത്, സാക്ഷാത്കാരം, അവതാരം, സദ്ഗുരു മുതലായവയെക്കുറിച്ചാണ്. A യ്ക്കും മോക്ഷത്തെക്കുറിച്ച് അവരുടേതായ സങ്കൽപ്പമുണ്ട്: ഗുരുവിനെ ആരാധിക്കുന്നത് മാർഗ്ഗത്തിന്റെ പരമകാഷ്ഠയായി അവൾ പിന്തുണയ്ക്കുന്നു, അവളെ സ്നേഹിക്കുകയും അവളെയും എല്ലാ ജീവജാലങ്ങളെയും സേവിക്കുകയും സ്വയം മറക്കുകയും ചെയ്യുന്നതിലൂടെ പൂർണ്ണത കൈവരിക്കുന്നു, ഒപ്പം പരമാനന്ദവും മോക്ഷവും.[369] ഈ വ്യാജ അധ്യാപനം വെറും വാചക കസർത്ത് ആണ്.

വാസ്തവത്തിൽ, ഇന്ത്യയിലെ ആത്മീയ പ്രമുഖർക്കിടയിലെ അടിസ്ഥാന പ്രശ്നം അവരുടെ അഗാധമായ നിരക്ഷരതയാണ്. A, മാ ആനന്ദമയി, സ്വാമി രാംദാസ്, രമണ മഹർഷി തുടങ്ങിയ സ്കൂളിൽ പോകാത്തവരുടെയോ പഠനം പൂർത്തിയാക്കാത്തവരുടെയോ പ്രത്യക്ഷമായ നിരക്ഷരതയായാലും/ ആധുനികലോകത്തെ കൂടുതൽ ഗുരുതരമായ മറ്റൊരുതരം നിരക്ഷരതയുടെ പ്രശ്നമായാലും, ഉദാഹരണത്തിന് പഠിപ്പും വിവരവുമുള്ള എന്നാൽ വലിയ മണ്ടത്തരങ്ങൾ പറയാൻ കഴിവുള്ള ഒരു ശങ്കരാചാര്യനെപ്പോലെ, ഹിന്ദു രാഷ്ട്രത്തെ (ക്രമാനുഗതമായി വളരുന്ന മുസ്ലിം ശതമാനത്തിൽനിന്ന്) രക്ഷിക്കാൻ ഒരു കുടുംബത്തിൽ 10 കുട്ടികളെ ജനിപ്പിക്കാൻ തന്റെ മതസ്ഥരെ ഉപദേശിക്കുകയാണ് ആ ശങ്കരാചാര്യൻ ചെയ്തത്. അതും പതിറ്റാണ്ടുകളായി അതിരുകടന്ന ജനപ്പെരുപ്പമുള്ള ഇന്ത്യയിൽ.[370]

ഗുരുവിന്റെ ദൈവത്വത്തെക്കുറിച്ചുള്ള മിഥ്യാധാരണ അവലോകനം ചെയ്യുന്നതിലൂടെയും ചിന്തകളും വാക്കുകളും പ്രവൃത്തികളും തമ്മിലുള്ള

പൊരുത്തത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലൂടെയും, അവബോധം, ശ്രദ്ധ, ബഹുമാനം, സ്വാതന്ത്ര്യം, ഉത്തരവാദിത്വം എന്നിവയുടെ സംസ്കാരത്തിൽനിന്ന് പിന്നോട്ട് പോകാതിരിക്കാനും ഒപ്പം, ചോദ്യോത്തരം, അനുകമ്പ, വിനയം, പാരമ്പര്യത്തിലും ഗുരുക്കന്മാരുടെ ആത്മീയവളർച്ചയിലുമുള്ള തീവ്രതാല്പര്യം, നല്ല ഗുരുവിന്റെ ശിക്ഷണം ലഭിച്ചവരെ അംഗീകരിക്കുക എന്നതിലൂടെ ആത്മീയ ഇന്ത്യയ്ക്ക് തീർച്ചയായും പ്രയോജനം ഉണ്ടാക്കാനും കഴിയും.

### g. ***നെല്ലും പതിരും***.

ഭഗവദ് ഗീത (700 ശ്ലോകങ്ങൾ, ബിസി അഞ്ചാം നൂറ്റാണ്ടിനും രണ്ടാം നൂറ്റാണ്ടിനും ഇടയിലുള്ളത്) മറ്റു പല വിഷയങ്ങൾക്കുമൊപ്പം ഗുരുവിന്റെ പങ്കും അദ്ദേഹവുമായുള്ള ബന്ധവും പറയുന്നതിനൊപ്പം യഥാർത്ഥ ഗുരുവിനെ വിവരിക്കാൻ ശ്രമിക്കുകയും തിരിച്ചറിയാനുള്ള മാനദണ്ഡം വിവരിക്കുകയും ചെയ്യു. IV:34[371]: [അക്ഷരാർത്ഥത്തിൽ] “സമർപ്പിച്ചും ചോദ്യം ചെയ്തും പഠിക്കണം, അറിവുള്ള വ്യക്തി, ആത്മജ്ഞാനം ലഭിച്ചവർ, ജ്ഞാനം ഉപദേശിക്കും”. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അറിവുള്ളവൻ, തത്ത്വങ്ങളുടെ അർത്ഥം കാണുകയും അനുഭവിക്കുകയും ചെയ്തവനാണ്. പ്രശ്നം വ്യാമോഹമാണ്:/ ന്യായീകരണ ബുദ്ധിയോടെ, നാം പിന്തുടരാനും ആരാധിക്കാനും ആഗ്രഹിക്കുന്ന വ്യക്തി, വേദശാസ്ത്രങ്ങൾ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുമായി പൊരുത്തപ്പെടുന്നതായി നമ്മൾ എപ്പോഴും കണ്ടെത്തും.

കൂടാതെ ഗീതയിലെ X: 15[372]- ശ്ലോകത്തിൽ, “തീർച്ചയായും, നിങ്ങൾക്ക് മാത്രമേ നിങ്ങളിലൂടെ നിങ്ങളെ അറിയാൻ കഴിയൂ” എന്നു പറയുന്നു. ഈ ശ്ലോകം യഥാർത്ഥഗുരുവിന്റെ സ്വഭാവം വിവരിക്കുക മാത്രമല്ല, ശിഷ്യന്റെ മാർഗ്ഗത്തിന്റെ ലക്ഷ്യം അവൻ

തന്നെയാണെന്നും അവനു മാത്രമേ സ്വയം കണ്ടെത്താനാവൂ എന്നും സൂചിപ്പിക്കുന്നു. കൂടാതെ X: 38[373] ശ്ലോകത്തിൽ, "രഹസ്യങ്ങൾക്കിടയിൽ ഞാൻ നിശ്ശബ്ദനാണ്; അറിയുന്നവരുടെ ഇടയിൽ ഞാൻ അറിവാണ്" എന്നും പറയുന്നു.

ആദിശങ്കരൻ എട്ടാം നൂറ്റാണ്ടിൽ തന്റെ സ്ഥാപക വ്യാഖ്യാനശാസ്ത്ര ഗ്രന്ഥങ്ങളിലൊന്നായ ഉപദേശസഹസ്രിയുടെ ("ആയിരം പഠിപ്പിക്കലുകൾ") ഒന്നാം അധ്യായത്തിൽ[374], ഗുരുവിന്റെ പങ്കിനെയും അയാൾക്ക് പഠിപ്പിക്കാൻ കഴിയേണ്ട കഴിവുകളെക്കുറിച്ചും വിവരിക്കുന്നു:

1.6. *"അധ്യാപകൻ സ്ഥിരവും വിരുദ്ധവുമായ വാദങ്ങൾ നൽകാനും വിദ്യാർത്ഥിയുടെ ചോദ്യങ്ങൾ മനസ്സിലാക്കാനും അവ ഓർമ്മിക്കാനും കഴിവുള്ളവനാണ്. അയാൾക്ക് ശാന്തതയും ആത്മനിയന്ത്രണവും അനുകമ്പയും മറ്റുള്ളവരെ സഹായിക്കാനുള്ള ആഗ്രഹവുമുണ്ട്; അവൻ ശ്രുതിഗ്രന്ഥങ്ങളിൽ (വേദങ്ങൾ, ഉപനിഷത്തുകൾ) വൈദഗ്ദ്ധ്യം നേടിയിട്ടുണ്ട്, ദൃശ്യവും അദൃശ്യവുമായ (അല്ലെങ്കിൽ, ഇവിടെയും പരലോകത്തും) സുഖങ്ങളോട് ആസക്തിയില്ലാത്തവനാണ്, കർമ്മങ്ങളുടെ ഉപാധികൾ ത്യജിച്ചവനാണ്, വിഷയത്തെ അറിയുകയും ആ അറിവിൽ ഉറച്ചുനിൽക്കുകയും ചെയ്യുന്നവനാണ്. അവൻ ഒരിക്കലും നിയമങ്ങൾ ലംഘിക്കുന്നവനല്ല. ആഡംബരം, അഹങ്കാരം, വഞ്ചന, കൗശലം, കൃത്രിമത്വം, അസൂയ, അസത്യം, അഹംഭാവം, അടുപ്പം തുടങ്ങിയ ബലഹീനതകളില്ലാതെ പെരുമാറുന്നവനാണ്.* [375]

മുമ്പത്തെ രണ്ട് ശ്ലോകങ്ങളിൽ, അധ്യാപകൻ തന്റെ കർത്തവ്യം എങ്ങനെ നിർവഹിക്കണമെന്ന് അദ്ദേഹം വിശദീകരിക്കുന്നു:

“വിദ്യാർത്ഥിക്ക് അറിവ് ലഭിച്ചിട്ടില്ലെന്നോ തെറ്റായി മനസ്സിലാക്കിയിട്ടുണ്ടെന്നോ ഗുരു തിരിച്ചറിയുമ്പോൾ (ലക്ഷണങ്ങളിൽനിന്ന് കണ്ടെത്തുമ്പോൾ), വിദ്യാർത്ഥിയിലെ ഗ്രഹണശക്തിയില്ലായ്മയുടെ കാരണങ്ങൾ അദ്ദേഹം നീക്കം ചെയ്യണം. വിദ്യാർത്ഥിയുടെ ഭൂത-വർത്തമാനകാലങ്ങളിലെ അറിവ്, വിവേചനത്തിന്റെ വിഷയങ്ങളും ന്യായവാദത്തിനുള്ള നിയമങ്ങളും രൂപീകരിക്കുവാനുള്ള മുന്നറിവ്, അനിയന്ത്രിതമായ പെരുമാറ്റവും സംസാരവും, ജനപ്രീതിയിലുള്ള താല്പര്യം, കുടുംബമഹിമയിലെ പൊങ്ങച്ചം, മാർഗ്ഗത്തിന് വിരുദ്ധമായ ധാർമ്മിക പിഴവുകൾ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. ശ്രുതി, സ്മൃതി എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ള കോപം ഒഴിവാക്കൽ, അഹിംസ മുതലായവ അടങ്ങുന്ന യമങ്ങൾ[376], അറിവിന് വിരുദ്ധമല്ലാത്ത പെരുമാറ്റച്ചട്ടങ്ങൾ മുതലായവ പാലിക്കുവാൻ ഗുരു നിർബന്ധിക്കണം”.

1.5- ഈ അദ്ധ്യായത്തിൽ, *“അദ്ദേഹം (അധ്യാപകൻ) അറിവിലേക്കുള്ള ഉപാധികളായ വിനയം പോലെയുള്ള ഗുണങ്ങളാൽ ശിഷ്യനിൽ മതിപ്പുളവാക്കണം.”*

അനുഷ്ഠാനങ്ങൾ വിശദവും പൂർണ്ണവുമായതിനാൽ നിർദ്ദേശങ്ങൾ അത്രയും കഠിനമാകും എന്നത് ശ്രദ്ധിക്കേണ്ടതാണ്. ഇത് തീർച്ചയായും രസകരമായ ഒന്നല്ല, വളരെ ബുദ്ധിമുട്ടാണ്, എന്നാൽ വിശ്വാസയോഗ്യവും ഫലപ്രദവുമായ പുരോഗമനത്തിന് ഗൗരവമേറിയതും അർപ്പണബോധമുള്ളതുമായ ഒരു ആത്മീയവിദ്യാർത്ഥി നൽകാൻ തയ്യാറുള്ള വിലയാണിത്.

ഹഠയോഗയെക്കുറിച്ചുള്ളതിൽ പുതിയ മധ്യകാലഗ്രന്ഥമായ **ശിവ-സംഹിത,** ഗുരു ഉണ്ടായിരിക്കുക എന്നത് മോക്ഷത്തിന് അത്യന്താപേക്ഷിതമാണെന്ന് വിവരിക്കുകയും ശിഷ്യൻ തന്റെ എല്ലാ ഭൗതികസ്വത്തുക്കളെയും

കന്നുകാലികളെയും ദീക്ഷസമയത്ത് ഗുരുവിന് സമർപ്പിക്കണമെന്ന് പ്രസ്താവിക്കുകയും ചെയ്യുന്നു.

വിഷ്ണു-സ്മൃതി XXX.46, XXXI- 1-10 എന്നിവയിലാണത് പറഞ്ഞിട്ടുള്ളത്. മനുസ്മൃതി II.153, II.170, XI.60 എന്നിവയിൽ അച്ഛനോ അമ്മയോ കഴിഞ്ഞാൽ ആത്മീയഗുരുവാണ് മൂന്നാമത്തെ പ്രധാന വ്യക്തിയെന്ന് പറയുന്നു.

ആത്മാവിനെക്കുറിച്ചും അതിന്റെ പ്രവർത്തനത്തെക്കുറിച്ചും അറിവ് നേടിയവനും നാം ആഗ്രഹിക്കുന്ന തലത്തിൽ ജ്ഞാനത്തെ പ്രസരിപ്പിക്കുന്നവനുമാണ് ഗുരു. വേദങ്ങളോ ഉപനിഷത്തുകളോ വായിക്കുന്നതിലൂടെ മാത്രമല്ല, അവ പരാമർശിക്കുന്ന അവബോധാവസ്ഥകൾ തിരിച്ചറിയുന്നതിലൂടെയും, അതായത്, സ്വയം രൂപാന്തരപ്പെടുന്നതിലൂടെയും ഒരു മനുഷ്യമധ്യസ്ഥൻ ഗുരു എന്ന പദവി കൈവരിക്കുന്നു. ഒരു ശിഷ്യന്റെ മനസ്സിലേക്കും ബോധത്തിലേക്കും ഈ ശക്തി പകരാനും ഗുരുവിന് കഴിവുണ്ട്. “സാക്ഷാത്കാരം” എന്നത് കേവലം പുസ്തകവിജ്ഞാനമല്ല, മറിച്ച് അഗാധമായ പരിവർത്തനമാണ്. ഗുരു മറ്റൊരു വിഷയം പഠിപ്പിക്കുകയാണെങ്കിൽ, ഗുരു എന്ന പദം അതിന്റെ വൈദിക, ഉപനിഷത്ത് അർത്ഥത്തിൽ എടുക്കില്ല.

ഭാരതീയ സംസ്കാരത്തിൽ ഗുരു എന്ന വാക്ക് തികച്ചും സാധാരണമാണ്. പഠിപ്പിക്കുന്നവൻ എന്ന അർത്ഥത്തിലാണ് പ്രാദേശികഭാഷകളിൽ ഇത് ഉപയോഗിക്കുന്നത്. അതിനാൽ, ഡ്രൈവിംഗ് സ്കൂൾ ഗുരുക്കന്മാരും ട്യൂട്ടറിംഗ് ഗുരുക്കന്മാരും ഉണ്ടാകും. കലകളിൽ, പാരമ്പര്യം നിലനിർത്തുന്നുണ്ട്. ഉദാഹരണത്തിന്, ഒരു വയലിൻ അധ്യാപകൻ, പ്രത്യേകിച്ച് അദ്ദേഹം ഒരു പ്രമുഖവ്യക്തിയാണെങ്കിൽ, തീർച്ചയായും അദ്ദേഹത്തിന്റെ വിദ്യാർത്ഥികളുടെ ഗുരുവാണ്. അച്ഛനും അമ്മയുമാണ് കുട്ടിയുടെ ആദ്യഗുരുക്കൾ,

സംസ്കാരത്തിന്റെ ഭാഗമായി കുട്ടി മാതാപിതാക്കളെ വണങ്ങുകയും ഒരു യാത്രയ്ക്ക് പുറപ്പെടുന്നതിനുമുമ്പ് അവരുടെ അനുഗ്രഹം ചോദിക്കുകയും ചെയ്യുന്നത് സാധാരണമാണ്. നേരെമറിച്ച്, യൂറോപ്യൻഭാഷകളിൽ ഈ പദത്തിന്റെ ഉപയോഗം തികച്ചും തെറ്റായ രീതിയിലാണ്. ഈ പ്രാദേശിക ഉപയോഗങ്ങളെ സമതുലിതമാക്കുന്നതിന്, ഒരു ഗുരുവും സത്-ഗുരുവും തമ്മിൽ വേർതിരിച്ചറിയാൻ പാരമ്പര്യം നിർദ്ദേശിക്കുന്നു. സത് എന്നാൽ സത്യം. അതിനാൽ ഒരു സദ്ഗുരു യഥാർത്ഥ ഗുരു ആയിരിക്കും, വിശദമായി പറഞ്ഞാൽ ഒരു സാക്ഷാത്കാരം ലഭിച്ച ഗുരു. ഈ പദം ചില വിദഗ്ദ്ധർ തന്റെ ചിട്ട കൈമാറുന്നതിനെക്കുറിച്ചല്ല, മറിച്ച് താൻ പഠിച്ച തത്ത്വങ്ങൾ ഉൾക്കൊള്ളുന്ന തന്റെ ദൈനംദിന ജീവിതത്തിൽ പ്രാവർത്തികമാക്കുന്ന ഒരാളെക്കുറിച്ചാണ്, സ്വയം മാറാൻ അനുവദിക്കുന്നയാളെക്കുറിച്ചാണ്. നിർഭാഗ്യവശാൽ, ഇത് യഥാർത്ഥഗുരുവിനെ തിരിച്ചറിയുന്നതിനുള്ള പ്രശ്നം പരിഹരിക്കുന്നില്ല, കാരണം മുൻ ഖണ്ഡികയിൽ സൂചിപ്പിച്ചതുപോലെ, ഇത് ശിഷ്യന്റെ വ്യാമോഹത്തെ ആശ്രയിച്ചിരിക്കുന്നു. വ്യാജന്മാർക്ക്കും തങ്ങളെ സദ്ഗുരു എന്നു വിളിക്കാം.

ഇന്ന്, ഒരു മാസ്റ്ററെ കണ്ടുമുട്ടുന്നതും അദ്ദേഹത്തിന്റെ ശിഷ്യനാകുന്നതും ഒരു നിശാക്ലബ്ബിലോ ഡേറ്റിംഗ് സൈറ്റിലോ ആകസ്മികമായി ഒരാളെ കണ്ടുമുട്ടുകയും പ്രണയത്തിലാകുകയും അവനുമായി അല്ലെങ്കിൽ അവളുമായി ജീവിക്കാൻ ആലോചിക്കുകയും ചെയ്യുന്ന (നല്ലതിനോ മോശമായതിനോ) അതേ രീതിയിലാണെന്നു തോന്നുന്നു. ഒരു വ്യക്തി യഥാർത്ഥത്തിൽ എന്താണെന്നത് കണ്ടെത്തുന്നത് കുറെ കാലം കഴിയുമ്പോഴാണ്.

സംശയമുള്ളതും അപകടകരവുമായ ഈ വ്യത്യാസവും, യാഥാർത്ഥ്യവും വ്യാജനും തമ്മിലുള്ള വ്യത്യാസം കണ്ടെത്തുന്നതിലെ ഈ ബുദ്ധിമുട്ടും കണക്കാക്കുമ്പോൾ, നിങ്ങൾ സുരക്ഷിതമായ അകലം പാലിച്ച് സ്വന്തം യാത്രയിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് എനിക്ക്

തോന്നുന്നു. ഗുരു വഴിയിൽ നമ്മെ അനുഗമിക്കുന്ന ഒരു സഹോദരനെ/ സഹോദരിയെപ്പോലെയോ ആയിരിക്കണം. ബുദ്ധമതത്തിൽ, ഗുരു ഒരു ആത്മീയസുഹൃത്താണ്, "കല്യാണ മിത്ര". ഏത് സാഹചര്യത്തിലും അവൻ പിന്തുണയ്ക്കുന്ന തത്ത്വങ്ങൾക്ക് അനുസൃതമായി അവന്റെ വാക്കുകളും പ്രവൃത്തികളും ആത്മവിശ്വാസം പ്രചോദിപ്പിക്കുകയും സ്ഥിരത പുലർത്തുകയും വേണം. സ്വന്തം ബോധോദയമാണ് പ്രധാനം ഗുരുവിന്റെയല്ല. അതിനായി സഹായകമാകുന്നതിനെ സ്വാഗതം ചെയ്യുകയും മറിച്ചുള്ളതിനെ നിരസിക്കുകയും ചെയ്യുന്ന സമീപനം സ്വീകരിക്കുന്നതാണ് അനുയോജ്യം.

താത്ത്വിക നിർദ്ദേശങ്ങൾ, സിദ്ധാന്തങ്ങൾ പഠിക്കൽ എന്നിവ നാം അവഗണിക്കരുതെന്ന് ഞാൻ കരുതുന്നു. കാരണം ഇതാണ് ബുദ്ധിപരമായ പ്രധാന അവലംബം, കെണികൾ കൂടുതൽ കൃത്യമായി മനസ്സിലാക്കാനും ആവശ്യമെങ്കിൽ സ്വയം അകന്നുപോകാനും അതിലൂടെ നമുക്ക് കഴിയും. അതിലുപരിയായി, അത്യന്താപേക്ഷിതമായത് പലപ്പോഴും വളരെ ലളിതമാണെന്ന് പാതയുടെ പരിശീലനം നമുക്ക് വെളിപ്പെടുത്തും: ശ്രദ്ധയും നിസ്വാർത്ഥതയുമാണ് യാത്രയുടെ ഹൃദയഭാഗത്ത്. ഇവ രണ്ടും നാം ബോധപൂർവ്വം വളർത്തിയെടുത്താൽ, ഗുരുക്കന്മാരിൽനിന്ന് സ്വയം വേർപെടുത്താൻ ആഗ്രഹിക്കുമ്പോൾ അവരെ വിട്ട് സ്വാശ്രയരാകുവാൻ നമുക്ക് എളുപ്പമായിരിക്കും, കാരണം ഈ ഗുണങ്ങൾ ബാഹ്യകൃപയെയോ മാന്ത്രികശക്തിയെയോ ആശ്രയിച്ചുള്ളതല്ല, മറിച്ച് നമ്മിൽത്തന്നെ കുടികൊള്ളുന്നതാണ്.

h. ***<u>ഗുരുവിന്റെ ദൈവവൽക്കരണം</u>***

ഇനി ഇതിലെല്ലാം ദൈവത്തിന്റെ കാര്യമോ? എന്റെ ലക്ഷ്യം തീർച്ചയായും അതിന്റെ അസ്തിത്വത്തെക്കുറിച്ചോ അസ്തിത്വമില്ലായ്മയെക്കുറിച്ചോ സ്ഫോടനാത്മകമായ രീതിയിൽ പറയുകയോ അതിനെ ഏതെങ്കിലും വിധത്തിൽ നിർവ്വചിക്കാൻ ശ്രമിക്കുകയോ അല്ല. വിശ്വാസം സംവാദത്തിന് വഴി തുറന്നിട്ടില്ല, മറ്റുള്ളവരുടെ വിശ്വാസങ്ങളെ വിമർശിക്കുന്നത് പൊതുവെ ക്രിയാത്മകമോ അധാർമ്മികമോ ആയി കണക്കാക്കുന്നു. തുടർച്ചയായുള്ള മതപ്രഭാഷണകഥകൾകൊണ്ട് ആശയക്കുഴപ്പത്തിലാക്കി ആളുകളുടെ മോക്ഷത്തിനായുള്ള ആഗ്രഹത്തെ ആസൂത്രിതമായി കൈകാര്യം ചെയ്യുന്നത്, അതായത് A യുടെ ഓരോ പരിപാടിയുടെയും തുടക്കത്തിലെ അത്ഭുതകഥകൾ, ശിശുവത്ക്കരണം, അന്ധവിശ്വാസപരമായ ആത്മീയത എന്നിവയുടെ പ്രഭാഷണം പോലെയുള്ളവ, എന്റെ അഭിപ്രായത്തിൽ, വിമർശനാതീതമല്ല. ഇത് ശരിക്കും വിദ്യാഭ്യാസവിരുദ്ധതയായി കണക്കാക്കാം. ബൗദ്ധികമായ അറിവും വ്യക്തികളുടെ വിവേചനശേഷിയും ശക്തിപ്പെടുത്തുന്നതിനുപകരം, അകത്തുനിന്നോ പുറത്തുനിന്നോ ഉള്ള ദുരുപയോഗങ്ങളെയും കെണികളെയും ചെറുക്കാൻ അനുവദിക്കുന്നതിനുപകരം, ചർച്ചായോഗ്യമായ തലത്തിൽനിന്ന് ചിന്താക്കുഴപ്പം വരുത്തി അവരെ ദുർബ്ബലപ്പെടുത്തുന്നു.

ദൈവം ശുദ്ധമായ വിശ്വാസത്തിൽപ്പെട്ടതാണ്, വിശ്വാസം തർക്കസാധ്യമായതല്ല. പിന്നെ എന്താണ് അവശേഷിക്കുന്നത്? പുരാണങ്ങൾക്കും എട്ടാംനൂറ്റാണ്ടിലെ സ്കന്ദപുരാണത്തിൽനിന്നുള്ള ഗുരുഗീതയ്ക്കും മുമ്പുള്ള ഗ്രന്ഥമായ ഭഗവദ്ഗീത, ഹിന്ദുമതത്തിലെ ഒരു പ്രധാന ഗ്രന്ഥമാണ്. മിക്ക ഹിന്ദുക്കൾക്കും, ഗീത സ്വയംപര്യാപ്തമാണ്. ദൈവവും ഗുരുവും തമ്മിലുള്ള വ്യക്തമായ ബന്ധം ഇതിൽ അടങ്ങിയിരിക്കുന്നു. എന്നാൽ ഈ ഗ്രന്ഥത്തിൽ,

ഭൂമിയിലെ ദൈവമായ കൃഷ്ണൻ (പാരമ്പര്യവും വിശ്വാസവും അനുസരിച്ച്), ആദ്യം അർജ്ജുനന്റെ സൈനികരഥസാരഥിയുടെ വേഷം ഉൾക്കൊള്ളുകയും തുടർന്ന് അർജ്ജുനൻ ആവശ്യപ്പെടുമ്പോൾ അവന്റെ ഗുരുവായി മാറുകയും ചെയ്യുന്നു. കഥയുടെയും പഠിപ്പിക്കലിന്റെയും മുന്നോട്ടുള്ള ഗതിയിൽ, കൃഷ്ണൻ അർജ്ജുനനു മുന്നിൽ പ്രപഞ്ചത്തിന്റെ ദൈവമായി സ്വയം വെളിപ്പെടുത്തുന്നു. ഹിന്ദുമതത്തിൽ, ദൈവവും ഗുരുവും തമ്മിൽ അധികം വേർതിരിവ് കാണിക്കുന്നില്ല. **എന്നിരുന്നാലും, ഈ അടിസ്ഥാനപരമായ വ്യത്യാസം ഊന്നിപ്പറയുന്നത് മൂല്യവത്താണ്: പ്രധാന കഥാപാത്രമായ അർജ്ജുനൻ, അവനെ പഠിപ്പിക്കാൻ ആരെയും വിളിക്കുന്നില്ല, തുടർന്ന് അവൻ ദൈവത്തിന് തുല്യനായി മാറുന്നു. മനുഷ്യനായി പ്രത്യക്ഷപ്പെടുന്നതും അവനെ ഉപദേശിക്കുന്നതും ദൈവം തന്നെയാണ്. അതിനാൽ, ഇവിടെ നാം ഒരു ഗുരുവിനെ ദൈവമായി പ്രതിഷ്ഠിക്കുക എന്നതിൽനിന്ന് വ്യത്യസ്തമായ ഒരു അവസ്ഥയിലാണ് എന്ന് മനസ്സിലാക്കണം. പൊതുവായി പറയുന്നതിന് വിരുദ്ധമായി, ഈ ഗ്രന്ഥം അതിന്റെ ചരിത്രത്തിലൂടെ അടിവരയിടുന്നത് കൃഷ്ണന്റെ “മനുഷ്യവൽക്കരണ”ത്തെയാണ്, അല്ലാതെ സാരഥിയുടെ ദൈവവൽക്കരണമല്ല.**

മുകളിൽ സൂചിപ്പിച്ച ശ്വേതാശ്വതരോപനിഷത്തിലെ VI.23-ാം ശ്ലോകത്തിൽ, ഈശ്വരനോടും പ്രബുദ്ധനും സാക്ഷാത്കാരം ലഭിച്ചവനുമായ ഗുരുവിനോടും ഭക്തിയുള്ള സാധകനിൽമാത്രമേ ഗുരുവിന്റെ ഉപദേശം ഫലവത്താകൂ എന്ന് പ്രസ്താവിച്ചിരിക്കുന്നു. ഗുരുവിലൂടെ ശിഷ്യനെ പഠിപ്പിക്കുന്നത് ദൈവം തന്നെയാണ്. **ഗുരു ദൈവമാണെന്ന് ഗ്രന്ഥം പറയുന്നില്ല**.

അതിനാൽ, പുരാണങ്ങൾക്കുമുമ്പ് (ഉപനിഷത്തുകൾക്ക് ഏകദേശം 2,000 വർഷങ്ങൾക്കുശേഷംവന്ന) ദൈവവും

ഗുരുവും തമ്മിൽ വ്യക്തമായ സമവാക്യം "ഇല്ല" എന്ന് വാദിക്കാം. പരമ്പരാഗതമായി ഈ പുരാണങ്ങൾ, ഇന്ത്യൻപാരമ്പര്യത്തിലെ പ്രാഥമികശാസ്ത്രഗ്രന്ഥങ്ങളുടെ യാഥാസ്ഥിതിക ആത്മീയാധികാരത്തിന്റെ മുദ്ര വഹിക്കുന്നില്ല. പുരാണങ്ങൾ (1100 - 600-നും വർഷങ്ങൾക്ക് ഇടയിൽ) വേദാന്തത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ പ്രചാരത്തിലാക്കുകയും അവയിൽ ദേവതകൾ, അവരുടെ ആരാധന, ഭക്തി, സ്വയംസമർപ്പണം എന്നിവ കൂട്ടിച്ചേർക്കുകയും ചെയ്യുന്നു. മുകളിൽ പറഞ്ഞതുപോലെ, ചിന്തയുടെയും യുക്തിയുടെയും മനനത്തിന്റെയും ഏകാഗ്രതയുടെയും തൃപ്തികരമായ പ്രവൃത്തിയുടെ കുറവ് ദൈവത്തിന്റെയും ഗുരുവിന്റെയും കൃപയ്ക്കും സ്നേഹത്തിനും വഴിയൊരുക്കുന്നു. മൊത്തത്തിൽ, ഒരു സഹസ്രാബ്ദത്തിനുശേഷം, ഏകദേശം അമ്പത് വർഷമായി നിലവിലുള്ള ആധിക്യങ്ങളും വ്യതിചലനങ്ങളും കണക്കിലെടുക്കുമ്പോൾ, വ്യക്തിയുടെ ആത്മീയപരിണാമത്തിൽ ഗുരുക്കന്മാരുടെ ആവശ്യകതയെ പിന്തുണയ്ക്കാനായി പുരാണങ്ങളുടെ പാരമ്പര്യത്തെ തുടർന്നും ആശ്രയിക്കുന്നതിന്റെ ഗുണങ്ങളെ ചോദ്യം ചെയ്യുന്നത് ന്യായമാണെന്ന് എനിക്ക് തോന്നുന്നു. ഇന്ത്യയിലായാലും വിദേശത്തായാലും സമകാലിക ഹൈന്ദവ ആത്മീയരംഗത്ത് നിലവിലുള്ള ശോച്യമായ അഭ്യാസപ്രകടനങ്ങൾ നിർമ്മാർജ്ജനം ചെയ്യുവാനും വേദാന്ത യഥാസ്ഥിതികത്വത്തിലേക്ക് മടങ്ങാനും സമയമായെന്നാണ് എന്റെ പക്ഷം.

ഗുരു ദൈവമാണെങ്കിൽ, നാം ദൈവത്തിന് നൽകുന്ന ഭക്തിക്ക് തുല്യമായ ഭക്തി അർഹിക്കുന്നുവെങ്കിൽ, ആ വ്യക്തി നമ്മുടെ ഭക്തിക്കും സമർപ്പണത്തിനും യോഗ്യനാണോ എന്ന് പരിശോധിക്കേണ്ടത് നമ്മുടെ കടമയാണ്. ഗുരു അടിസ്ഥാനപരമായി ഒരു മനുഷ്യനായതിനാൽ, ജാഗ്രത പാലിക്കുകയും സ്വന്തം ഉള്ളിലെ ഗുരുവിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. നമ്മുടെ ആന്തരികധാരണയും ദർശനവും ഉൾക്കാഴ്ചയും

വർദ്ധിപ്പിക്കുന്നതിനുപകരം ബാഹ്യഗുരു അവന്റെ ബാഹ്യമായ ആരാധനയെ അനുകൂലിക്കുന്നുവെങ്കിൽ, നാം കൂടുതൽ യോഗ്യമായ പ്രേരകശക്തിയെ തേടേണ്ടതുണ്ടെന്ന് വ്യക്തമാണ്.

അനേകം ദൈവങ്ങളെ ആരാധിക്കുന്നതിലൂടെ, വിവിധ നാമങ്ങളിലും രൂപങ്ങളിലും പ്രകടമായ ഒരു സമ്പൂർണ്ണതത്ത്വത്തെ മാത്രമേ താൻ ആരാധിക്കുന്നുള്ളൂ എന്ന് വിദ്യാസമ്പന്നനായ ഹിന്ദുവിന് അറിയാവുന്നതുപോലെ, ഒരു ഗുരുവിനോടുള്ള ഭക്തി, ഗുരു പ്രതിനിധാനം ചെയ്യുന്നു എന്ന് കരുതുന്ന ആത്മീയമോ ദൈവികമോ ആയ തത്ത്വങ്ങളിലാണ് നയിക്കുന്നത്, അല്ലാതെ വ്യക്തിയിലേക്കല്ല എന്ന് ഓർക്കണം. ഈ വീക്ഷണകോണിൽനിന്ന്, നാം ഗുരുവെന്ന വ്യക്തിയെ ആരാധിക്കുന്നില്ല, എന്നാൽ ആത്മീയതത്ത്വങ്ങളെ ആരാധിക്കുന്നത് തുടരുന്നു. ഓരോ ഘട്ടത്തിലും താൻ ആരാധിക്കുന്ന ഗുരു തന്റെ ഹൃദയത്തോട് ചേർന്നുള്ള തത്ത്വങ്ങൾ സൂക്ഷ്മമായി ഉൾക്കൊള്ളുന്നുവെന്ന് ഉറപ്പാക്കേണ്ടത് ആത്മീയാന്വേഷകനാണ്. ആധിക്യമോ ദുരുപയോഗമോ ഉണ്ടായാൽ അയാൾക്ക് സ്വതന്ത്രനാകാനും ഗുരുവില്ലാതെ തന്റെ വഴിയിൽ തുടരാനും എളുപ്പമായിരിക്കും, കാരണം അവന്റെ "തത്ത്വങ്ങളോടുള്ള" ആരാധനയും താല്പര്യവുമാണ് അവനെ പ്രചോദിപ്പിച്ചതും ഒരു ഗുരുവിനോടൊപ്പം തുടരാൻ പ്രേരിപ്പിച്ചതും.

ഹിന്ദുദേശീയതയുടെ ഉദയത്തോടെ, തത്ത്വങ്ങളെയും ആചാരങ്ങളെയും വിമർശിക്കുന്നത് കൂടുതൽ സൂക്ഷ്മമായി കൈകാര്യം ചെയ്യേണ്ടതായിത്തീരുന്നു. കാരണം വിശിഷ്ടവ്യക്തികളും രാഷ്ട്രീയക്കാരും ഏത് ന്യായമായ വിമർശനത്തിനും എതിരെ നിരന്തരം പ്രതികരിക്കുന്നതിനാൽ. എന്നിരുന്നാലും, ക്രിയാത്മകമായ വിമർശനം സാധ്യമാകണമെന്ന് ഞാൻ വിശ്വസിക്കുന്നു. പൊതുവ്യക്തികളുടെ കാര്യത്തിൽ, അവരുടെ പ്രവർത്തനങ്ങളും പെരുമാറ്റവും ചോദ്യം

ചെയ്യാവുന്നതും പരിശോധിക്കാവുന്നതും വിമർശനത്തിന് വിധേയമാകാവുന്നതുമായിരിക്കണം. പരിധിവിടുന്ന പെരുമാറ്റങ്ങളെയും ദുരുപയോഗങ്ങളെയും ചോദ്യം ചെയ്യുകയും മൂലതത്ത്വത്തിലേക്ക് മടങ്ങാൻ നിർദ്ദേശിക്കുകയും അതുവഴി സഹസ്രാബ്ദപാരമ്പര്യത്തിന്റെ കേന്ദ്രത്തിന് ആദരവ് അർപ്പിക്കുകയും ചെയ്യുന്നത് ഒരു മതത്തിന്റെ അടിത്തറ തകർക്കാൻ ലക്ഷ്യമിടുന്നതല്ല- പ്രത്യേകിച്ചും ചോദ്യങ്ങൾ ചോദിക്കുന്നതിലും അന്വേഷണത്തിലും അധിഷ്ഠിതമായ പാരമ്പര്യമുള്ള ഈ മതത്തിന്റെ/ ധർമ്മത്തിന്റെ. മറിച്ച്, വിമർശനം എന്നത് അതിനെ ശക്തിപ്പെടുത്താൻ നിർദ്ദേശിക്കുന്നതാണ്.

# VI. 8. ഗുരുപരമ്പര

ഭാരതത്തിലെ ഗുരു-ശിഷ്യ-പരമ്പര സാധ്യമായ പല ദുരുപയോഗങ്ങൾക്കും ലൈംഗികവൈകൃതങ്ങൾക്കും എതിരെ സംരക്ഷണം നൽകുന്ന ഒന്നാണ്. ഈ പിന്തുടർച്ച സമ്പ്രദായമനുസരിച്ച്, പരമോന്നതമായ അറിവ് തലമുറകളിലൂടെ, ഒരു ഗുരുവിൽനിന്ന്, തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നു. ഇതിനെ ചിലപ്പോൾ വേദവിജ്ഞാനത്തിന്റെ കൈമാറ്റം എന്ന് വിളിക്കുന്നു. ഒരു പരമ്പര സ്ഥാപിക്കപ്പെടുമ്പോൾ, അതിനെ സമ്പ്രദായം അല്ലെങ്കിൽ ചിന്താധാര എന്നു വിളിക്കുന്നു. ഈ പിന്തുടർച്ച സമ്പ്രദായത്തിൽ, നിലവിലുള്ള ഗുരു മാത്രമല്ല അദ്ദേഹത്തിന് മുമ്പുള്ള നാല് തലമുറകൾവരെ ബഹുമാനിക്കപ്പെടുന്നു.[377]

ഈ സമ്പ്രദായത്തിന് അപൂർവ്വമായ ചില അപവാദങ്ങളുണ്ടെങ്കിലും, ഇപ്പോഴുള്ള ഗുരുക്കന്മാർ വേദപാരമ്പര്യമനുസരിച്ച് തത്വങ്ങളിൽ വേരൂന്നിയതും വേദജ്ഞാനത്തോട് ചേർന്നുനിൽക്കുന്നതുമായ ശിക്ഷണമാണ് നൽകുന്നതെന്ന് ഉറപ്പാക്കാൻ ഈ സമ്പ്രദായം സഹായിക്കുന്നു. അതിനാൽ തലമുറകളായി സ്ഥാപിതമായതും സ്ഥിരീകരിക്കപ്പെട്ടതുമായ ഒരു പരമ്പരയിൽനിന്ന് ഗുരുവിനെ തെരഞ്ഞെടുക്കുന്നതാണ് അഭികാമ്യം.

# VI. 9. ഗുരു-ശിഷ്യബന്ധം

ഗുരു എങ്ങനെയുള്ള ആളാവണമെന്ന് പൂർണ്ണമായി വിവരിച്ചുകഴിഞ്ഞതിനാൽ ഇനി നമുക്ക് സംസ്കൃതത്തിൽ ശിഷ്യൻ എന്ന വാക്കിന്റെ അർത്ഥം നോക്കാം. ശിഷ്യൻ എന്ന വാക്കിന്റെ അർത്ഥം "ശിക്ഷണയോഗ്യൻ", വിദ്യാഭ്യാസം നേടാൻ "യോഗ്യതയുള്ളവൻ" എന്നാണ്. "വിദ്യ സ്വീകരിക്കാൻ അർഹതയുള്ളവൻ" എന്നതിന് അവൻ അതിനായി സ്വയം തയ്യാറെടുത്തിരിക്കുന്നു എന്നർത്ഥം. പരമ്പരാഗതമായി, ഹിന്ദുമതം 'യോഗ്യത' എന്ന അടിസ്ഥാനാശയം നടപ്പിലാക്കിയിട്ടുണ്ട്. അതായത് യോഗ്യതയുള്ളവൻ ധാർമ്മികവും മതപരവുമായ അച്ചടക്കങ്ങളിലൂടെ മനസ്സിനെ ശുദ്ധീകരിച്ച് ഈ ഗുരു-ശിഷ്യബന്ധത്തിന് തയ്യാറായ ഒരു വ്യക്തിയാണ്. ഈ തയ്യാറെടുപ്പ്, പണ്ടുകാലത്തെപ്പോലെ നടക്കുകയും നല്ല രീതിയിൽ മേൽനോട്ടം വഹിക്കുകയും ചെയ്യപ്പെടുമ്പോൾ, ആ സവിശേഷവും എന്നാൽ വെല്ലുവിളിനിറഞ്ഞതുമായ ബന്ധത്തിനായുള്ള അടിസ്ഥാനശുദ്ധീകരണം എന്ന പ്രക്രിയ സാദ്ധ്യമാകുന്നു. ഇന്ന്, ഈ ആധുനികലോകത്ത്, അലങ്കോലപ്പെട്ടുകിടക്കുന്ന ഇന്നത്തെ സമൂഹത്തിൽ, ജ്ഞാനങ്ങളും പാരമ്പര്യങ്ങളും അധികമാരും പിന്തുടരുന്നില്ല. നമ്മൾ പന്ത്രണ്ട് നൂറ്റാണ്ടുകൾക്കുമുമ്പുള്ള സമൂഹത്തിലല്ല നിലകൊള്ളുന്നത്. സമകാലികഭക്തർ പൊതുവെ മാനസികമായി ദുർബ്ബലരാണ്. കുടുംബത്തിന്റെ തകർച്ച, സ്വാർത്ഥത, സമൂഹത്തിന്റെ ശിഥിലീകരണം, സോഷ്യൽ നെറ്റ്വർക്കുകളുടെ അതിപ്രസരം, സംഘടനകളിലുള്ള വിധേയത്വം, മുതലായവ ഉള്ള ആധുനിക ലോകത്തിന് ഈ ഗ്രന്ഥങ്ങളും സമ്പ്രദായങ്ങളും യഥാർത്ഥത്തിൽ

ഉദ്ദേശിച്ചിരുന്ന രീതിയിൽ സമൂഹവുമായി യാതൊരു ബന്ധവുമില്ല. ഭാഗ്യവശാൽ, സൈക്കോതെറാപ്പിയിലൂടെ ഒരാൾക്ക് സ്വയംസജ്ജമാക്കാനുള്ള സാധ്യത പ്രയോജനപ്പെടുത്താം. ഈ സമീപനത്തിലൂടെ ഒരാൾക്ക് തന്റെ പ്രശ്നങ്ങളും ബലഹീനതകളും തിരിച്ചറിയാനും സ്വന്തം മേഖലയെക്കുറിച്ച് ബോധവാന്മാരാകാനും ഒരു ചിട്ട രൂപപ്പെടുത്താനും കഴിയും. അതിനാൽ, നമ്മുടെ മാനസികസംവിധാനങ്ങളിലേക്കും കണ്ടീഷനിംഗിലേക്കും സുപ്രധാനമായ വെളിച്ചം വീശുന്നതിനും കൂടുതൽ സ്വതന്ത്രരും സ്വാശ്രയരുമായ മനുഷ്യരായി വളരാൻ നമ്മെ സഹായിക്കുന്നതിനുള്ള വളരെ പ്രയോജനകരമായ മാർഗ്ഗമാണിത്. ആ തയ്യാറെടുപ്പിനും അർഹതയുള്ള ബന്ധത്തിനും അധ്യയനത്തിനും ഒക്കെയുള്ള പ്രാവീണ്യം കൈവരിക്കുന്നതിനും പ്രയോജനകരമായ സംഭാവന നൽകാനും മാത്രമല്ല, വഞ്ചിക്കപ്പെടാനും തെറ്റിദ്ധരിക്കപ്പെടാനുമുള്ള ഉയർന്ന അപകടസാധ്യത കുറയ്ക്കാനും സൈക്കോതെറാപ്പിക്ക് കഴിയും. ആത്മീയതയാണ് എല്ലാറ്റിനും ഉത്തരം എന്ന തെറ്റിദ്ധാരണ അന്വേഷകർക്ക് പലപ്പോഴും ഉണ്ട്. നിർഭാഗ്യവശാൽ, അത് അങ്ങനെയല്ലെന്ന് പതിറ്റാണ്ടുകൾക്കുശേഷം തിരിച്ചറിഞ്ഞ് നിരാശരായേക്കാം. അതിനിടയിൽ അവർക്ക് ഒരുപാട് നാശനഷ്ടങ്ങൾ ഉണ്ടായിട്ടുമുണ്ടാകും.

പരമ്പരാഗതമായി, ഗുരു-ശിഷ്യബന്ധം രണ്ട് കൂട്ടരും മുൻകൂട്ടി അംഗീകരിച്ചുറപ്പിച്ചതാണ്. ഇത് ആചാരപരമായി ഒരു ദീക്ഷയിലൂടെയും കൃതജ്ഞതയുടെ പ്രതീകമായി ഒരു *ഗുരുദക്ഷിണ*, ഒരു ഉപഹാരം, എന്ന ആചാരത്താലും സ്ഥിരീകരിക്കപ്പെടുന്നു. ഈ സമ്മാനം ഗുരുവിനുള്ള സേവനമല്ല, പൊതുവെ അത് ധനംപോലെ ഒരു ഭൗതികസമ്മാനമാണ്, എന്നാൽ ഇത് വളരെ ലളിതമായ ഒരു കുട്ട ഫലങ്ങളുമാവാം. ഇതിഹാസമായ മഹാഭാരതത്തിൽ, നിഷാദ രാജകുമാരനും വില്ലാളിയുമായ ഏകലവ്യൻ തന്റെ

പെരുവിരൽ ഗുരുവിന് സമർപ്പിച്ചു. ബന്ധത്തിന്റെ ഔപചാരികമായ അംഗീകാരത്തിലൂടെ, തന്റെ പുതിയ ശിഷ്യന്റെ ആത്മീയക്ഷേമത്തിനും പുരോഗതിക്കും വേണ്ടിയുള്ള ഉത്തരവാദിത്വം ഗുരു സ്വീകരിക്കുന്നു.

ഇതിനോടകം സൂചിപ്പിച്ചതുപോലെ, അദ്വൈതവേദാന്തത്തിൽ ഒരു ഗുരു ശാസ്ത്രങ്ങളുടെ ഘടനയിലും ഉള്ളടക്കത്തിലും വിദഗ്ദ്ധനാണ്. അദ്ദേഹത്തിന്റെ പെരുമാറ്റത്തിലും ദൈനംദിനജീവിതത്തിലും ആ ജ്ഞാനതത്വങ്ങൾ ഉൾക്കൊള്ളുന്നു. അദ്ദേഹത്തിന് യാഥാർത്ഥ്യത്തിന്റെ നേരിട്ടുള്ള അനുഭവമുണ്ട്. അദ്ദേഹത്തിന്റെ അസ്തിത്വത്തിന്റെ ഓരോ നിമിഷത്തിലും അത് പ്രകടമാകുന്നു.

*ശക്തിപാതയുടെ* പാരമ്പര്യം, സംസാരം, മന്ത്രം, നോട്ടം, ചിന്ത, സ്പർശനം എന്നിവയിലൂടെ ഗുരു ശിഷ്യന് തന്റെ ഊർജ്ജം പകരുന്നു. കുണ്ഡലിനീസമ്പ്രദായത്തിൽ ഈ രീതി വളരെ പ്രധാനമാണ്. ശിഷ്യന് ഒരു പ്രശ്നം നേരിടുകയോ ആദ്ധ്യാത്മികവഴിയിൽ തടസ്സം അനുഭവപ്പെടുകയോ ചെയ്യുമ്പോൾ, ഗുരു (കുണ്ഡലിനി ഉണർന്നിരിക്കുന്ന ആൾ!) തന്റെ തള്ളവിരൽ ശിഷ്യന്റെ തൃക്കണ്ണിൽ സ്പർശിക്കുകയോ ദൂരെനിന്ന് അത് നിർവ്വഹിക്കുകയോ ചെയ്യുന്നു. ഈ പ്രാരംഭസ്പർശനം സാധകനിൽ കുണ്ഡലിനീശക്തിയുടെ ഉണർവ്വിന് കാരണമാകും. അത്യധികം ഗാഢമായതും അതിരുവിടാൻ സാധ്യതയേറിയതുമായ ഈ സമ്പ്രദായം നല്ലവനല്ലാത്ത ഗുരുവിൽനിന്നു പല തരത്തിലുള്ള മോശം പെരുമാറ്റത്തിന് കാരണമാവാൻ കഴിയും. അതിനാൽ, സൂക്ഷ്മത പുലർത്തുകയും ഒരു യഥാർത്ഥഗുരു എന്നാൽ ആരാണെന്നും അദ്ദേഹത്തിന്റെ ഗുണങ്ങൾ എന്താണെന്നും നന്നായി മനസ്സിലാക്കിയിരിക്കണം.

ഭക്തിപാരമ്പര്യത്തിൽ, ദൈവമായി കണക്കാക്കുന്ന ഗുരു, ദീക്ഷയും ആത്മസാക്ഷാത്കാരവും നൽകും.

ശിഷ്യനാകട്ടെ, അത് ലഭിക്കുന്നതിനായി തന്റെ ഭക്തി തീവ്രമായി അദ്ദേഹത്തിൽ കേന്ദ്രീകരിക്കുന്നു. അത് മാർഗ്ഗത്തിൽനിന്ന് വ്യതിചലിക്കുന്നതിനും ആശ്രിതത്വം ഉണ്ടാകുന്നതിനും അങ്ങനെ ദുരുപയോഗം ചെയ്യപ്പെടാനുള്ള സാദ്ധ്യതകൾ ഉണ്ടാകുകയും ചെയ്യുന്നു. ആധുനികലോകത്ത്, ഈ അപകടസാധ്യത ഉയർന്നതാണ്. *ശക്തിപാതയായാലും ഭക്തിയായാലും*, ഒരു ആധികാരികഗുരുവിനെ കണ്ടുമുട്ടുക വളരെ അപൂർവ്വമാണ്. മദ്ധ്യകാലഘട്ടത്തിലെ ഈ ആശയം വളരെയധികം ദുരുപയോഗം ചെയ്യപ്പെടുകയോ അമിതമായി ഉപയോഗിക്കപ്പെടുകയോ ചെയ്തിട്ടുണ്ട്.

നമ്മൾ സംസാരിക്കുന്നത് ഭക്തിയെക്കുറിച്ചായതിനാൽ, ഭക്തിയുടെ ഒരു ഭാവമായ ഗുരുഭക്തിയെ അവഗണിക്കാൻ കഴിയില്ല. സാധകന്റെ വിദ്യാഭ്യാസം, ബുദ്ധി, തുറന്ന മനസ്സ് എന്നിവയെ ആശ്രയിച്ച്, ഇത് അതിരുകടന്നേക്കാം. തന്റെ ഗുരു എത്ര നിരുപദ്രവകാരിയാണോ, അത്രയും നല്ലത്. സൈക്യാട്രിസ്റ്റായ ജാകസ് വിഗെ പറയുന്നതനുസരിച്ച്, എന്റെ അമ്മ ഏറ്റവും നല്ലവൾ, എന്റെ അച്ഛൻ ഏറ്റവും ശക്തൻ എന്ന് ഒരു കുട്ടി അവകാശപ്പെടുന്നത് പോലെയുള്ള കുട്ടിത്തമനോഭാവത്തെ ഇന്ത്യക്കാർ അംഗീകരിക്കുന്നുണ്ട്.

ഗുരു-ശിഷ്യബന്ധത്തിന്റെ ഘടകങ്ങളിലൊന്നാണ് പ്രപത്തി (അക്ഷരാർത്ഥത്തിൽ, സ്വയം കീഴടങ്ങുക), സ്വയം സമർപ്പിക്കുക എന്നത് (തീർച്ചയായും അത് ശിഷ്യന്റെ ഭാഗത്തു ആയിരിക്കും) നാം മറക്കരുത്. സാക്ഷാത്കാരം നേടുന്നതിന് ഒരു ശിഷ്യനു വേണ്ട യോഗ്യതയായി (തന്റെ ഗുരുവിനാൽ നിരീക്ഷിക്കപ്പെടാനും ഉപദേശിക്കപ്പെടാനുമുള്ള) ഇത് മുൻകൂട്ടി നിശ്ചയിച്ചിട്ടുണ്ടെങ്കിലും, ഇത് ദുർവിനിയോഗം ചെയ്യാനുള്ള സാധ്യതയുണ്ട്. ഗുരുവിനോടുള്ള സമർപ്പണത്തിൽ ഉള്ള ഭക്തിയുടെ പ്രകടനങ്ങളാണ് (അയാളുടെ പാദങ്ങൾ വണങ്ങുക, പാദങ്ങൾ അല്ലെങ്കിൽ കൈകൾ ചുംബിക്കുക പോലുള്ളവ), ശിക്ഷകൾ

സ്വീകരിക്കൽ, ശിഷ്യന്റെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഗുരു മേൽനോട്ടം വഹിക്കുന്നു എന്ന സ്വീകാര്യത, സമ്പൂർണ്ണാനുസരണം എന്നിവ. (ഗുരു തന്റെ ശിഷ്യന്റെ സമർപ്പണത്തെ, പ്രത്യേകിച്ച് ആത്മീയസാക്ഷാത്കാരത്തിനായുള്ള അവരുടെ സമർപ്പണത്തെ പരിശോധിക്കാൻ ചില പരീക്ഷണങ്ങൾ നടപ്പാക്കാറുണ്ട് എന്ന് പുരാണങ്ങൾ പറയുന്നു.) ഭക്തി അതിശയോക്തി കലർന്നതാണ്. ഉദാഹരണത്തിന്, അതിശക്തമായ വികാരത്തള്ളിച്ചയിൽ, നാം ഉയരത്തിലുള്ള പാറയിൽനിന്ന് ചാടാൻ പോകുന്നു എന്ന് പറയുമെങ്കിലും നമുക്കറിയാം, നാം അങ്ങനെ ചെയ്യില്ലെന്ന്. എന്നാൽ വ്യത്യസ്തമായ സാംസ്കാരിക പശ്ചാത്തലത്തിലുള്ള, വേണ്ടുംവിധത്തിലുള്ള ഉൾക്കാഴ്ചയില്ലാത്ത, വാക്കുകളും പ്രവൃത്തികളും മുഖവിലയ്ക്കെടുക്കുന്ന പാശ്ചാത്യർക്ക് ഇത് അപകടകരമാണ്.

ഏഷ്യൻ ഗുരുക്കന്മാരുടെയും ശിഷ്യന്മാരുടെയും, പ്രത്യേകിച്ച് പാശ്ചാത്യ ശിഷ്യൻമാരുടെ ഈ സമ്പ്രദായങ്ങൾ മൂലമുള്ള അപകടസാധ്യതകളും ദുരുപയോഗങ്ങളും ഒന്നുകിൽ പരസ്പരമുള്ള തെറ്റിദ്ധാരണയുടെയോ അല്ലെങ്കിൽ സാംസ്കാരിക പശ്ചാത്തലത്തെക്കുറിച്ചുള്ള അജ്ഞതയുടെയോ ഫലമാണെന്ന് വ്യക്തമാണ്. ട്രാൻസ്ഫറൻസ് പ്രിൻസിപ്പിൾ അനുസരിച്ചാണെങ്കിൽ, ശിഷ്യൻ അവനിൽ തന്നെയുള്ള ഗുണങ്ങളാണ് ഗുരുവിൽ കാണുന്നത്, അവ വെളിപ്പെടുകയോ വികസിപ്പിക്കുകയോ ചെയ്യേണ്ടതുണ്ടെങ്കിൽ പോലും. ഈ കൈമാറ്റപ്രകാരം ഭക്തൻ ഗുരുവിന് പൂർണ്ണാധികാരം കൽപ്പിച്ചു നൽകുന്നു. ഇത് ശിഷ്യന് ഒരു നിശ്ചിത ഉൾക്കാഴ്ചയും പ്രചോദനവും നൽകുമെങ്കിലും അതോടൊപ്പമുള്ള വലിയ അപകടസാധ്യതകൾ തുറന്നു വയ്ക്കുകയും ചെയ്യുന്നു. തന്റെ പ്രതീക്ഷകളെ ഗുരുവിൽ ആരോപിക്കുന്നത് വഴി ശിഷ്യൻ തന്റെ മനസ്സിലെ ഉത്തമ മാതൃകയെയാണ്

ഗുരുവിൽ കാണുന്നത്, ഗുരു യഥാർത്ഥത്തിൽ എങ്ങനെയാണ് എന്നതുമായി ഇതിന് ബന്ധമൊന്നുമില്ലെങ്കിലും. ഇവിടെ നാം പൂർണ്ണമായി മനോവ്യാപാരത്തിൽ മുഴുകിയിരിക്കുന്നു. അങ്ങനെ, *ശക്തിപാതയുടെ* ആദ്യാനുഭവങ്ങൾ മാനസികവിഭ്രാന്തിയുളവാക്കുന്നത് ആയിത്തീരാം. അതിനാൽ, എന്റെ വിനീതമായ അഭിപ്രായത്തിൽ, കൂടുതൽ സുരക്ഷിതത്വത്തിനും വിശ്വാസ്യതയ്ക്കുംവേണ്ടി, മുമ്പു വിവരിച്ച യാഥാസ്ഥിതിക വേദാന്തപ്രമാണങ്ങളിലേക്ക് മടങ്ങുന്നത് ഉചിതമായിരിക്കും. അത് വേദങ്ങളുടെ ജ്ഞാനത്തെയും തെളിയിക്കപ്പെട്ട അനുഭവത്തെയും അടിസ്ഥാനമാക്കിയുള്ളതാണ്.

ഗുരു സമ്പ്രദായം ബഹുമുഖമായതും സ്വതന്ത്രവുമാണ്; എന്നാൽ ആത്മീയത പകർന്നുകൊടുക്കുന്ന കാര്യത്തിൽ അല്പം അമിതവുമാണ്. ഒരു സ്ഥാപനത്തിലോ പൊതുവായ സാഹചര്യത്തിലോ ഒരു നിശ്ചിതതലത്തിനപ്പുറം ആത്മീയത കൈമാറ്റം ചെയ്യാനാവില്ല. അതിന് ശരിക്കും കഴിവുള്ള ഒരാളുടെ, അതായത് ഒരു ആത്മീയഗുരുവിന്റെ, ഒഴിവാക്കാനാവാത്ത വ്യക്തിഗതമാർഗ്ഗനിർദേശം ആവശ്യമാണ്. ജനാധിപത്യത്തെക്കുറിച്ചുള്ള ചർച്ചിലിന്റെ വരികൾ കടമെടുക്കുകയാണെങ്കിൽ, ആത്മീയ നേതൃത്വസമ്പ്രദായം, ഇന്ത്യയിലും ഹിന്ദുമതത്തിലും മാത്രമായി പരിമിതമല്ല, അതൊരുപക്ഷേ ഏറ്റവും മോശമായ സംവിധാനമാണ്, എന്നാൽ പകരം വയ്ക്കാനില്ലാത്തതുമാണ്.[378]

പാരമ്പര്യം, പ്രതിബദ്ധതയുടെ അളവ്, തയ്യാറെടുപ്പിന്റെ തലം ഇതെല്ലാം എന്തുമാകട്ടെ, അന്തിമവിശകലനത്തിൽ അതെല്ലാം സാധകനെക്കുറിച്ചാണ്: അവന്റെ ആഗ്രഹം, സമീപനം, ഗവേഷണം, ബോധ്യങ്ങൾ, വിശ്വാസം, അവന്റെ ലക്ഷ്യം, എല്ലാറ്റിനുമുപരിയായി, അവന്റെ ഗുരു അവന്റെ “ആന്തരിക” ശബ്ദം. മറ്റൊരു വിധത്തിൽ

പറഞ്ഞാൽ, ഒരു വ്യക്തിയോടുള്ള ഭക്തിയെക്കാളും ധർമ്മത്തിന് പ്രാധാന്യം നല്കുന്നു. അങ്ങനെയാകുന്നില്ല എന്ന് കണ്ടാൽ സാധകൻ തന്നെ കടിഞ്ഞാൺ എടുക്കണം. തന്റെ ഓരോ അനുഭവങ്ങളും ഈ ദിശയിലേക്ക് ചൂണ്ടിക്കാണിക്കുന്നതായിരിക്കണം എന്ന് ഒരു സാധകൻ എപ്പോഴും ഓർമ്മിക്്കണം; അതായത് തന്റെ ഉള്ളിലുള്ള ഗുരുവിനെ അനാവരണം ചെയ്യുക, സ്വന്തം ജ്ഞാനം ശക്തിപ്പെടുത്തുക, തന്റെ മനസ്സ് പറയുന്നത് മനസ്സിലാക്കാനും പഠിക്കാനും കഴിയുക, ആ മാർഗ്ഗനിർദേശം പിന്തുടരുക എന്നതാണെന്ന് മനസ്സിലാക്കണം.

എന്തുതന്നെ സംഭവിച്ചാലും, ഗുരു ഒരു പിന്തുണ മാത്രമാണ്; തന്റെ ഉള്ളിലേക്ക് പ്രവേശിക്കുന്നതിനുള്ള ഒരു മാർഗം. ദൗർഭാഗ്യവശാൽ, ചില സമകാലികാചാര്യന്മാർ അങ്ങനെയാണെന്ന് അവകാശപ്പെട്ടാലും, അവർ തങ്ങളെ ഒഴിച്ചുകൂടാനാവാത്തവരാക്കിത്തീർക്കുന്നു. അദൃശ്യമായ ഒരു പൊക്കിൾക്കൊടിയാൽ ബന്ധിക്കപ്പെട്ടതുപോലെ അവരില്ലാതെ എങ്ങനെ മുന്നോട്ടുപോകുമെന്ന് സങ്കല്പിക്കാൻ കഴിയാത്തവിധം ഭക്തനെ മത്തുപിടിപ്പിക്കാൻ അവർക്ക് കഴിയുന്നു. അവരില്ലാതെ ഒരു ജീവിതവും പാതയും സങ്കല്പിക്കാൻ ഭക്തന് കഴിയില്ല എന്ന അവസ്ഥയിലെത്തിക്കും. സ്വാതന്ത്ര്യത്തിനും സ്വാശ്രയത്തിനും അവർ പ്രാധാന്യം നൽകുന്നില്ല. ഇത്തരം വാക്കുകൾ അവരുടെ പദാവലിയിൽത്തന്നെ ഉണ്ടാവില്ല. ഗുരു ദൈവത്തിലേക്കുള്ള ഒരു ജാലകമാണെങ്കിൽ, ആരും അതിന്റെ വാതിൽ തുറക്കാതെ നമ്മെ തടഞ്ഞുനിർത്താൻ പാടില്ല! നമുക്ക് ജനൽ തുറന്ന് പ്രകാശം ആസ്വദിക്കാം!

# VI. 10. ഭക്തിയുടെ പാതയും ഗുരുവും

ചരിത്രപരമായി, ഭക്തിപ്രസ്ഥാനത്തിന്റെ ഉത്ഭവം ഇന്ത്യൻ മധ്യകാലഘട്ടത്തിലാണ്. ഇത് പുരാണങ്ങളുടെ ആവിർഭാവവുമായി സമന്വയിപ്പിക്കപ്പെട്ടിരിക്കുന്നു. എട്ടാം നൂറ്റാണ്ടിൽ ഇത് ദക്ഷിണേന്ത്യയിൽനിന്ന് ആഴ്വാർ (വിഷ്ണുമാർ) [വൈഷ്ണവർ], നായനാർ (ശൈവർ) എന്നീ വിഭാഗങ്ങളിൽ തുടങ്ങി 15-നും 16-ാം നൂറ്റാണ്ടിനുമിടയിൽ അതിന്റെ ഔന്നത്യത്തിലെത്തി. പുരാണങ്ങളിലെ ദേവന്മാരെയും ദേവതകളെയും ചുറ്റിപ്പറ്റിയാണ് ഇത് വികസിച്ചത്. വൈഷ്ണവം, ശൈവം, ശക്തിമതം തുടങ്ങി നിരവധി വിഭാഗങ്ങളുടെ ഉത്ഭവമായിരുന്നു അത്. പിന്നീട് ഇത് പ്രാദേശികഭാഷകളിലേക്ക് വ്യാപിക്കുകയും വിവിധ മതവിഭാഗങ്ങളുമായി ബന്ധപ്പെട്ട നിരവധി വിശുദ്ധകവികളാൽ പ്രചോദനമുൾക്കൊണ്ട് പോഷിക്കുകയും ചെയ്തു. ജനനം, ലിംഗഭേദം, അറിവ് എന്നിവയുടെ കുലീനതയിൽനിന്ന് വിച്ഛേദിക്കപ്പെട്ട ഒരു ബദൽപാത വാഗ്ദാനം ചെയ്ത ഒരു സാമൂഹികപരിഷ്കരണംപോലെ ഈ പ്രസ്ഥാനം ഹിന്ദുമതത്തിന്റെ പുനർജന്മമായി കണക്കാക്കപ്പെടുന്നു. ഭക്തിപ്രസ്ഥാനത്തിന്റെ വികാസവുമായി ബന്ധപ്പെട്ട മറ്റൊരു സിദ്ധാന്തം ഇസ്ലാമിന്റെ ആഗമനവുമായി ബന്ധപ്പെടുത്തിയുള്ളതാണ്. കൂടാതെ സമാന്തരമായി സംഭവിച്ച ബുദ്ധമതത്തിന്റെ പിൻവാങ്ങൽ അല്ലെങ്കിൽ ഹിന്ദുമതത്തിലേക്കുള്ള ഏകീകരണവും ഇതിന് കാരണമായതായി പറയുന്നു. ഇത് പ്രാദേശികസൂഫിസത്തിന്റെ ആവിഷ്കാരത്തെ സ്വാധീനിച്ചു. ഈശ്വരനുമായി നേരിട്ടുള്ള ബന്ധം സ്ഥാപിക്കാൻ താഴ്ന്ന സാമൂഹികശ്രേണിയിലുള്ളവരെ ഭക്തി അനുവദിച്ചു. അങ്ങനെ "ക്ഷേത്രത്തിന്റെ സംരക്ഷകർ" ആയ, അധഃപതിച്ചവരും അഴിമതിക്കാരും ആയിത്തീർന്ന ബ്രാഹ്മണരുടെ നുകത്തിൽനിന്ന് സ്വയം

മോചിതരാകാൻ അവർക്ക് കഴിഞ്ഞു. സമൂഹഗാനാലാപനങ്ങൾ, ദൈവങ്ങളുടെ ആരാധനകൾ, ഉത്സവങ്ങൾ, തീർത്ഥാടനങ്ങൾ എന്നിങ്ങനെ പുതിയ രീതികൾ ഉയർന്നുവന്നു. അതേസമയം, കമ്മ്യൂണിറ്റി സെന്ററുകളുടെ നിർമ്മാണം, ചാരിറ്റി, പൊതുഭക്ഷണവിതരണം, അധഃസ്ഥിതർക്കുള്ള സഹായം മുതലായവപോലുള്ള സന്നദ്ധ സാമൂഹികസേവനത്തിന്റെ പുതിയ രൂപങ്ങളുണ്ടായി.

ശ്വേതാശ്വതരോപനിഷത്തിൽ II.7.h-ൽ ഇത് (ഭക്തി) പരാമർശിച്ചിരിക്കുന്നു. ഭഗവദ്ഗീത മറ്റ് മൂന്നു യോഗങ്ങളെപ്പോലെ (കർമ്മയോഗത്തിന് പ്രാധാന്യം നൽകിക്കൊണ്ട്) ഭക്തിയെയും ഒരു യോഗമായി അവതരിപ്പിച്ചിരിക്കുന്നു. ശാണ്ഡില്യൻ, നാരദൻ എന്നീ മഹർഷിമാർ രണ്ടു പ്രധാന ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ശാണ്ഡില്യഭക്തിസൂത്രം (സി. ബിസി മൂന്നാം നൂറ്റാണ്ട് (100 സൂക്തങ്ങൾ), നാരദഭക്തിസൂത്രങ്ങളും (84 സൂക്തങ്ങൾ). ഭാഗവതപുരാണം (എട്ടാം നൂറ്റാണ്ടിനും പതിനൊന്നാം നൂറ്റാണ്ടിനും ഇടയിൽ, അതായത്, ഗീതയ്ക്ക് ഏകദേശം 1,000 വർഷങ്ങൾക്കുശേഷം) ഈ വിഷയം കൂടുതൽ ആഴത്തിൽ അവതരിപ്പിച്ചിരിക്കുന്നു (ആകെ 12 വാല്യങ്ങൾ, 332 അധ്യായങ്ങൾ, 18,000 ശ്ലോകങ്ങൾ). വിഷയാനുസന്ധാനമായി ധാരാളം ഗ്രന്ഥങ്ങൾ ലഭ്യമാണ്. ഇതിൽ രണ്ടാമത്തെ ഗ്രന്ഥം മധ്യകാലഘട്ടത്തിൽ ഏകദേശം എൺപതോളം പണ്ഡിതന്മാർ അവലോകനം ചെയ്യുകയും വ്യാഖ്യാനിക്കുകയും ഭക്തിമാർഗ്ഗത്തിലെ അഞ്ച് പ്രധാന പ്രവണതകൾക്കനുസരിച്ച് ഓരോരുത്തരും അവരവരുടെ റഫറൻസ് കൃതികൾ എഴുതുകയും ചെയ്തു. ഈ മൂന്ന് കൃതികളും ഭക്തിയുടെ സ്ഥാപക ഗ്രന്ഥങ്ങളായി കണക്കാക്കപ്പെടുന്നു. ഇതുകൂടാതെ, ഭക്തിമാർഗ്ഗത്തിന്റെ ഏറ്റവും വലിയ പ്രതിനിധികളായി കണക്കാക്കപ്പെട്ടിരുന്നത് രാമാനുജൻ (12-ാം നൂറ്റാണ്ട്), മാധ്വൻ (13-ാം നൂറ്റാണ്ട്), നിംബാർകൻ (തീയതി അജ്ഞാതമാണ്, പക്ഷേ പിന്നീട്), വല്ലഭൻ (16-ാം നൂറ്റാണ്ട്)

എന്നിവരെയാണ്. ഗുരുനാനാക്ക് (സിഖ് മതം), രവിദാസ്, മീരാ ഭായ്, കബീർ, ഗോസ്വാമി തുളസീദാസ്, നാംദേവ് (എല്ലാവരും 15-ഉം 16-ഉം നൂറ്റാണ്ടുകളിൽ നിന്നുള്ളവർ) തുടങ്ങിയ മഹത്തായ വ്യക്തികൾ ഇത് (വേദേതര) പിന്തുടർന്നു. നിങ്ങൾക്ക് ഭക്തിയുടെ അടിസ്ഥാനകാര്യങ്ങൾ പര്യവേക്ഷണം ചെയ്യണമെങ്കിൽ, അവലംബങ്ങൾ ഇതാണ്.

പദോല്പത്തിപരമായി, ഭക്തി "ഭജ്" എന്ന വാക്കിൽനിന്നാണ് വരുന്നത്. വിഭജിക്കുക, പങ്കിടുക, പങ്കെടുക്കുക, സന്തോഷിക്കുക, ഉൾപ്പെടുക, ആരാധിക്കുക (ആരാധനയിലെന്നപോലെ) എന്നൊക്കെ അർത്ഥമാക്കുന്നു. ഭക്തിയെ "ഭക്തി" എന്ന് വിവർത്തനം ചെയ്യുന്നത് അതിന്റെ അർത്ഥത്തെ ലഘൂകരിക്കുന്ന ഒന്നാണ്. കാരണം ഭക്തി എന്നത് വിമർശനാത്മക ചിന്തകളില്ലാത്ത കേവലമായ ഭക്തിയല്ല, മറിച്ച് യഥാർത്ഥത്തിൽ യുക്തിയും സംസ്കാരവും ശാസ്ത്രത്തിന്റെ അടിത്തറയും ചേർന്ന ബോധപൂർവ്വമായ സമീപനമാണ്. ഭക്തിയുടെ പാത എന്നത് പെരുമാറ്റം, ധാർമ്മികത, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ആത്മീയത എന്നിവ ഉൾപ്പെടുന്ന ഒരു പ്രക്രിയയാണ്. മനസ്സിനെ ശുദ്ധീകരിക്കുക, ദൈവസ്നേഹത്തിൽ വളരുക, അവനെ അറിയുക, അവന്റെ സാന്നിധ്യത്തിൽ പങ്കുചേരുക, അവനെ സമന്വയിപ്പിക്കുക, ആന്തരികവൽക്കരിക്കുക എന്നിവയുമാണ്. ഭക്തി എന്ന പദം ചില വേദഗ്രന്ഥങ്ങളിൽ കാണാം. എന്നാൽ അത് പരസ്പര അടുപ്പം അല്ലെങ്കിൽ മമതയെ അർത്ഥമാക്കുന്നു. മാത്രമല്ല, സഗുണഭക്തിയിൽ (ഗുണങ്ങളും രൂപവും ഉള്ളത്) കാണുന്നതുപോലെ ഭക്തി ഒരു ദൈവത്തിലേക്ക് നയിക്കപ്പെടണമെന്നില്ല. നിർഗുണഭക്തിയിൽ (രൂപരഹിതം) കേവലമായ, അവ്യക്തമായ, ദിവ്യശക്തിയുടെ അല്ലെങ്കിൽ പരമാത്മബോധത്തോടുള്ള സ്നേഹത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ കലാശിക്കുന്നു.

18,184 വാക്യങ്ങളുടെയും സൂക്തങ്ങളുടെയും സാരാംശം മൂന്ന് ഖണ്ഡികകളിലായി അവതരിപ്പിക്കാൻ എനിക്ക് കഴിയില്ലെന്ന് നിങ്ങൾക്കു മനസ്സിലാകുമല്ലോ. ഏതാനും ഭക്തിഗാനങ്ങൾ, അത്ഭുതകഥകൾ, ഭക്തിയുടെ ചില അന്തർസ്ഫുരണങ്ങൾ, ഒരു ഗുരുനാഥനിൽനിന്നുള്ള ചില സാമാന്യകാര്യങ്ങൾ എന്നിവയെക്കാൾ ഉപരിയാണ് ഭക്തിയുടെ പാതയെന്ന് മുൻഖണ്ഡികകളിലെ ഹ്രസ്വമായ ആമുഖത്തിലൂടെ വായനക്കാരോട് സൂചിപ്പിക്കാൻ കഴിഞ്ഞു എന്ന് ഞാൻ കരുതുന്നു. യോഗയുടെ മറ്റു രീതികൾപോലെ, ഇതും ഒരു സമ്പൂർണ്ണവിജ്ഞാനശാഖയാണ്. ചിലർ അതിൽ മുഴുകുന്നതിനു പകരം, അനുബന്ധഗ്രന്ഥങ്ങൾ, പ്രധാന വ്യാഖ്യാനങ്ങൾ എന്നിവയുടെ ഉള്ളടക്കത്തെക്കുറിച്ച് വിചിന്തനം ചെയ്യുക, മറ്റുള്ളവരുമായി അവരുടെ തത്ത്വങ്ങൾ പങ്കുവയ്ക്കുക, അവയിൽനിന്ന് പ്രചോദനം ഉൾക്കൊള്ളുക, വ്യവഹാരത്തിൽ അവ ഉപയോഗിക്കുക, മന്ത്രം ചൊല്ലുക, ഭക്തിനിർഭരമായ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുക, ചടങ്ങുകളും അനുഷ്ഠാനങ്ങളും നടത്തുക, പാടുക, നൃത്തം ചെയ്യുക, മനനം ചെയ്യുക, സ്നേഹിക്കുക എന്നിങ്ങനെ പലതും ചെയ്യാൻ തുടങ്ങും. ഈ മാർഗ്ഗത്തെ പ്രതിനിധീകരിക്കുന്ന ഒരു ആത്മീയഗുരു, അദ്ദേഹം നല്ലതോ ചീത്തയോ ആകട്ടെ, ഈ അറിവിന്റെ ഒരു ഭാഗം മാത്രമേ തന്റെ വാക്കുകളിലൂടെയും, (നിങ്ങൾ ഭാഗ്യവാനാണെങ്കിൽ), പ്രവർത്തനങ്ങളിലൂടെയും പ്രതിനിധീകരിക്കുകയും പകരുകയും ചെയ്യുകയുള്ളൂ എന്ന് നിങ്ങൾ മനസ്സിലാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അറിവിന്റെയും ജ്ഞാനത്തിന്റെയും നല്ലതോ ചീത്തയോ ആയ ഒരു പ്രതിനിധിയായിരിക്കും അദ്ദേഹം. ഇതെല്ലാം മനസ്സിലാക്കിയിട്ടാണെങ്കിൽ, അദ്ദേഹത്തിന്റെ ഉപദേശങ്ങളും പെരുമാറ്റങ്ങളും സംബന്ധിച്ച് ആരോഗ്യകരമായ അകലം പാലിക്കാൻ നിങ്ങൾക്ക് കഴിയും. അദ്ദേഹത്തിന്റെ വാക്കുകളുടെ ഗുണനിലവാരം വിലയിരുത്തുന്നതിന് ആവശ്യമായ റഫറൻസ് പോയിന്റുകൾ നേരത്തെയുള്ള പ്രമാണങ്ങളിൽ

കൃത്യമായി ഉണ്ടായിരിക്കും. അങ്ങനെ, ആവശ്യം വന്നാൽ ഇതിൽനിന്നുവിട്ട് മറ്റൊരു ഗുരുവിനെ കണ്ടെത്തുന്നതിനുമുമ്പ് മൂലതത്ത്വങ്ങളിലേക്ക് മടങ്ങാൻ കഴിയുമെന്ന കാര്യം നിങ്ങൾ മനസ്സിലാക്കിയിരിക്കും.

ഭക്തിമാർഗ്ഗം ദൈവസ്നേഹത്തെയും സേവനത്തെയും ഒരാളുടെ ആരാധനാമൂർത്തിയുമായി ലയിപ്പിക്കുന്നതിനുള്ള ഒരു മാർഗ്ഗമായി അവതരിപ്പിക്കുന്നു. അത് ഞാനെന്ന ബോധം ഇല്ലാതായി ഈശ്വരനിൽ ലയിക്കുന്ന, അല്ലെങ്കിൽ രണ്ടായി നിന്നത് ഒന്നായി മാറുന്നതിലേക്കുള്ള പരിണാമത്തെ സൂചിപ്പിക്കുന്നു. ഈ മാർഗ്ഗം ഗുരുവിനെ സ്നേഹത്തിന്റെയും ഭയഭക്തിയുടെയും പ്രതീകമായി സൂചിപ്പിക്കുന്നു. ഗുരുവാകട്ടെ തന്റെ മാനുഷിക അസ്തിത്വത്തിന്റെ എല്ലാ വശങ്ങളിലും, ശാരീരികവും വൈകാരികവും ബൗദ്ധികവും ആത്മീയവുമായ പ്രകടനങ്ങളിൽ, ദൈവികഗുണങ്ങളെ തികച്ചും അനുകരിക്കുന്നു. ഇവിടെയാണ് മാർഗ്ഗം വളരെ വഴുവഴുപ്പുള്ളതും അപകടസാധ്യതകൾ നിറഞ്ഞതുമാകുന്നത്. കാണാത്ത ഒരു ദേവതയെ ആരാധിക്കുന്നതിൽ നിങ്ങൾക്ക് വലിയ അപകടമൊന്നുമില്ല. നേരെമറിച്ച്, നിങ്ങൾ ആരാധിക്കുന്ന ദൈവികഗുണങ്ങളെ ഒരു മനുഷ്യനിൽ സങ്കല്പിച്ച് ആരാധിക്കുന്നതിൽ വലിയ അപകടസാധ്യതയുണ്ട്. നിങ്ങളുടെ സംസർഗ്ഗം, അനുമാനങ്ങൾ, ഭാവന, നടക്കാത്തത് ആഗ്രഹിക്കൽ എന്നിവ തെറ്റായ ഗുരുവിനെ ഫലപ്രദമായും വസ്തുനിഷ്ഠമായും തിരിച്ചറിയാനുള്ള കഴിവിനെ തടസ്സപ്പെടുത്തുന്നവയാണ്. ഗുരുവിന് ഉണ്ടാകാവുന്ന തടസ്സങ്ങൾ പറഞ്ഞാൽ, അദ്ദേഹത്തിന്റെ സ്വഭാവശുദ്ധീകരണം, മാനസികാരോഗ്യം, ധർമ്മനിഷ്ഠ ഇവയൊക്കെ പൂർണ്ണമാകാത്തത് ആവാം. ഇന്നത്തെ രാഷ്ട്രീയത്തിലെന്നപോലെ, ഒരു മനുഷ്യൻ അധികാരത്തിൽ വരുമ്പോൾ, അത് ആധ്യാത്മികവിഷയത്തിലാണെങ്കിൽപ്പോലും ചില

തകരാറുകൾ സംഭവിക്കുന്നു. അധികാരവും ചുറ്റുമുള്ളവരുടെ പ്രശംസയും അവരെ യാഥാർത്ഥ്യങ്ങളിൽനിന്ന് വിച്ഛേദിക്കും. പ്രലോഭനങ്ങൾ ശക്തമായിരിക്കും, കപട ധാർമ്മിക കാരണങ്ങൾ പറഞ്ഞ് ഏതു പ്രവൃത്തിയെയും ന്യായീകരിക്കാൻ അവരുടെ മനസ്സ് തിടുക്കം കൂട്ടും. വീണ്ടും നിങ്ങളുടെ കാര്യം പരിശോധിച്ചാൽ, നിങ്ങളുടെ പ്രതീക്ഷകൾ വളരെ വലുതായിരിക്കും, ജീവിതകാലം മുഴുവൻ ഈ ഒരു നിമിഷത്തിനായി നിങ്ങൾ കാത്തിരിക്കുകയായിരുന്നു, നിങ്ങളുടെ പുതിയ സംഘടന നിങ്ങൾ അനുമാനിക്കുന്നത് തന്നെയാണ് ശരി എന്ന് സ്ഥിരീകരിക്കുകയും ചെയ്യും. നിങ്ങളുടെ പ്രതീക്ഷകളുടെ തീവ്രത കാരണം സംഘടനയിൽനിന്നും ഗുരുവിൽനിന്നും യഥാർത്ഥത്തിൽ എന്താണ് വരുന്നതെന്നറിയാൻ കഴിയില്ല. നിങ്ങളുടെ വിശ്വാസത്തെ വർധിപ്പിക്കുന്ന ഒരു സംവിധാനത്തിലേക്ക് നിങ്ങൾ പ്രവേശിക്കുകയും, അത് നിങ്ങളുടെ വിമർശിക്കാനുള്ള, തീരുമാനങ്ങൾ എടുക്കാനുള്ള കഴിവിനെ കുറയ്ക്കുകയും ചെയ്യും.

യഥാർത്ഥ ആത്മീയഗുരു തിരിച്ചറിയുകയും ഓർക്കുകയും ചെയ്യേണ്ട കാര്യങ്ങളാണ്, അദ്ദേഹത്തോടുള്ള നിങ്ങളുടെ ഭക്തി അദ്ദേഹത്തിനുവേണ്ടിയുള്ളതല്ലെന്നും നിങ്ങൾ ബഹുമാനിക്കുന്നത് അദ്ദേഹത്തെയല്ലെന്നും, നിങ്ങളുടെ അനുസരണ തത്ത്വങ്ങളോടുള്ള വിധേയത്വമാണ് എന്നത്. അദ്ദേഹത്തിന്റെ പ്രവർത്തിയിൽ സുതാര്യത ഉണ്ടായിരിക്കുകയും നിങ്ങളുടെ ഉത്തരവാദിത്വം ശക്തിപ്പെടുത്തുകയും വേണം. അദ്ദേഹത്തോടല്ല, അവനവനോടാണ് ഭയഭക്തി വേണ്ടത് എന്ന് അദ്ദേഹം നിങ്ങളെ നിരന്തരം ഓർമ്മിപ്പിക്കണം. ഗുരു മാറിനിന്നുകൊണ്ട് നിങ്ങളെ ശാക്തീകരിക്കുകയാണ് വേണ്ടത്. അങ്ങനെ നിങ്ങളെ അകറ്റി നിർത്തുന്നതുവഴി സ്വന്തം കാലിൽ നിൽക്കാനും കൂട്ടിൽനിന്ന് പറന്നുപോകാനും കഴിയും. ഒരു സമയത്തും ഒരു

തരത്തിലും ഗുരു നിങ്ങളെ താനെന്ന വ്യക്തിയുമായി ബന്ധം സ്ഥാപിക്കാൻ ഇടവരുത്തരുത്. അടിസ്ഥാനപരമായി ഗുരുഭക്തി എന്നത് തത്വങ്ങളുടെ ആരാധനയാണ്, ഒരു വ്യക്ത്യാരാധനയല്ല.

തത്ത്വങ്ങളുടെ ആരാധന തീവ്രമാകുന്നത് അവ ഒരു ഗുരു പ്രതിനിധാനം ചെയ്യുമ്പോഴാണ്. അതേസമയം, ഇരുകൂട്ടരും (ശിഷ്യരും ഗുരുവും) അതിരുവിടാനും മാർഗ്ഗച്ചലനം സംഭവിക്കാനുമുള്ള സാധ്യതകൾ ഉണ്ടെന്നത് ഒരു യാഥാർത്ഥ്യമാണ്. ഉറക്കക്കുറവ്, ബുദ്ധിമുട്ടുണ്ടാക്കുന്ന ആരാധനാക്രമങ്ങൾ, മറ്റു ചിട്ടകൾ, സമൂഹാരാധന എന്നിവ പലപ്പോഴും നമ്മുടെ മാനസികസന്തുലനം ഇല്ലാതാക്കുന്നു. അടിസ്ഥാനകാര്യങ്ങൾ മറന്ന് ആത്മജ്ഞാനത്തിനു പകരം ബാഹ്യാരാധനയിലേക്കു മാറുന്നത് അപകടമാണെന്ന് നാം മറക്കുന്നു. ഗുരു ഒരു മനുഷ്യനാണെന്നും ഏതൊരു മനുഷ്യനെയുംപോലെ അദ്ദേഹത്തിനും അദ്ദേഹത്തിന്റേതായ ബലഹീനതകളും ആന്തരികസംഘർഷങ്ങളും ഉണ്ടാകുമെന്നും നാം ഒരിക്കലും കാണാതെ പോകരുത്. നിങ്ങൾ ഗുരുവിനെ ആദർശപുരുഷൻ ആക്കിയത് പുരാണേതിഹാസങ്ങളിലെ വിവരങ്ങൾ കാരണമാണ്. നിർഭാഗ്യവശാൽ, വളരെ വൈകിയ സമയത്തായിരിക്കും നിങ്ങൾ എന്നെ വിശ്വസിക്കാൻ സാധ്യത.

തന്റെ ആത്മീയസഹചാരിയോട് തോന്നുന്ന അതീന്ദ്രിയപ്രേമം, ആത്മീയാസക്തി ഇവ ഭക്തനെ സംശയരഹിതമായ സ്വാധീനവലയത്തിലേക്ക് എളുപ്പത്തിൽ കൊണ്ടുപോകും. ഈ നിഗൂഢമായ സ്നേഹം നിങ്ങൾ ഗുരുവിനെ അറിയിക്കുന്ന നിമിഷം, ലൈംഗികദുരുപയോഗത്തിന്റെ അപകടസാധ്യതകളിലേക്കുള്ള വാതിൽ നിങ്ങൾ തുറക്കുന്നു. നിങ്ങളുടെ ഭക്തിക്കൊപ്പം, സ്നേഹം, നിഷ്കപടമായ അനുസരണ, ഉപാധിരഹിതമായ സമർപ്പണം എന്നിവ ചേർന്നാൽ പിന്നെ നിങ്ങളുടെ വീഴ്ച

തടയാൻ കഴിയില്ല. അതിനാൽ, പ്രണയത്തിന്റെ പാതയിലെ ഈ കാവ്യാത്മകസൗന്ദര്യവും ആകർഷകമായ സ്വഭാവവും ഗുരു-ശിഷ്യ ബന്ധത്തിൽ ചേർക്കുമ്പോൾ പ്രത്യേകം ശ്രദ്ധിക്കണം. ഞാൻ ഇതിനകം പറഞ്ഞതുപോലെ, ഈ വക അറിവുകൾ ഉണ്ടായ കാലത്തെ അപേക്ഷിച്ച് മനുഷ്യനും സമൂഹവും ഏറെ മാറിയിരിക്കുന്നു. ഏറ്റവും കുറഞ്ഞത്, ഒരു സഹസ്രാബ്ദത്തിന്റെ വ്യത്യാസം ഉണ്ട്, ഒരു നൂറ്റാണ്ടിൽ അല്ലെങ്കിൽ വെറും 50 വർഷത്തിനുള്ളിൽപ്പോലും സമൂഹം എങ്ങനെ മാറി എന്ന് എനിക്കും നിങ്ങൾക്കും അറിയാം. കൂട്ടുകുടുംബത്തിന്റെ ശിഥിലീകരണം, അണുകുടുംബത്തിന്റെ വീണ്ടുമുള്ള ചുരുങ്ങൽ (വിവാഹമോചനം), ജീവിതത്തിന്റെ ഭ്രാന്തമായ വേഗത, മാധ്യമങ്ങൾ, സോഷ്യൽ നെറ്റ്‌വർക്കുകൾ, പ്രകൃത്യാലുള്ള ജീവിതരീതികളിൽനിന്നുള്ള മാറ്റം, പാരമ്പര്യങ്ങളെ ഉന്മൂലനം ചെയ്യൽ, മലിനീകരണം ഇതെല്ലാം നമ്മെ മാനസികമായും വൈകാരികമായും ദുർബ്ബലരാക്കി; ഒപ്പം യോഗികളെയും. ലോകം മാറി, അതിനനുസരിച്ച് നമ്മളും മാറി. മധ്യകാലഘട്ടത്തിലെ ആളുകൾക്കുവേണ്ടിയുള്ള തത്വങ്ങൾ ഇന്നത്തെക്കാലത്ത് അന്ധമായി അനുകരിക്കാനും പ്രാവർത്തികമാക്കാനു ം കഴിയില്ല. പ്രത്യേകിച്ച് ഇന്ത്യൻ മധ്യകാലഘട്ടത്തെക്കുറിച്ച്, യാതൊരു ധാരണയുമില്ലാത്ത പാശ്ചാത്യരായ നമുക്ക്.

ഇന്ന്, ഭക്തിമാർഗ്ഗത്തിൽ, ഗുരുവിനെ ഒരു മൂത്ത സഹോദരനോ സഹോദരിയോ ആയി കണക്കാക്കുക എന്നതാണ് സുരക്ഷിതവും ഉചിതവുമായ മാർഗ്ഗം. ശിക്ഷണരീതിയിലും ആരാധനയിലും അദ്ദേഹത്തിന്റെ മാതൃക ഒരു പ്രചോദനമായിരിക്കണം. മാത്രമല്ല അത്, പിന്തുടരേണ്ട ദിശയുടെ വ്യക്തമായ സൂചകമായിരിക്കണം. സൂചകത്തെ ലക്ഷ്യസ്ഥാനമായി തെറ്റിദ്ധരിക്കുന്നത് വർഷങ്ങളുടെ നഷ്ടം മാത്രമല്ല, അവസരം, ഊർജ്ജം, പണം, ജീവിതം, പ്രതീക്ഷ, ഗതി, ശക്തി എന്നിവ പാഴാകുന്നതിനു കാരണമാകും. നിങ്ങൾ

എന്ത് വായിച്ചാലും, എന്ത് കേട്ടാലും, എല്ലായ്പ്പോഴും നിങ്ങളുടെ വിവേചനബുദ്ധി ഉപയോഗിക്കണം. ഒരു പടി പിന്നോട്ടുപോകുക, ചിന്തിക്കുക, പരിശോധിക്കുക, താരതമ്യം ചെയ്യുക, ആവശ്യത്തിനു സാവകാശം എടുത്ത് മാത്രം സ്വീകരിക്കുക. ഭക്തിമാർഗ്ഗത്തിൽ വിവേചനബുദ്ധിയെ ഒരിക്കലും ഉപേക്ഷിക്കുന്നില്ല. നാലു യോഗങ്ങളും ആരോഗ്യകരമായ ഒരു സമതുലനാവസ്ഥയിൽ ആയിരിക്കണം എന്ന് ഞാൻ പറഞ്ഞത് ഓർക്കുക: ശാരീരിക യോഗ, ശക്തി യോഗ, നിസ്വാർത്ഥപ്രവർത്തനത്തിന്റെയും സേവനത്തിന്റെയും യോഗ, പിന്നെ ജ്ഞാനയോഗവും. ഈ ഒരു ബാലൻസ് നിങ്ങളെ വഴിതെറ്റുന്നതിൽനിന്ന് തടയും.

ആ സമയത്ത് അത് ആചാരലംഘനമായി തോന്നാമെങ്കിലും, ഗുരുവിന് കീഴടങ്ങുക എന്ന തത്വം തീർച്ചയായും ഏറ്റവും അപകടകരമായ വശമാണ്. എന്റെ അഭിപ്രായത്തിൽ, നമ്മൾ കണ്ടതുപോലെ, ഇന്നത്തെ ആധുനികസമൂഹത്തിന് ഇത് അനുയോജ്യമല്ല.

# VI. 11. വിവേകവും അനുസരണയും

പണ്ടുകാലത്ത് സങ്കീർണ്ണവും ബുദ്ധിമുട്ടേറിയതുമായിരുന്ന നിരവധി കാര്യങ്ങൾ ഇന്ന് വളരെ ആയാസരഹിതവും താരതമ്യേന ലളിതവുമാണ്. എല്ലാത്തിനും നമുക്ക് കുറുക്കുവഴികളുണ്ട്. ഓരോ കാലഘട്ടവും എത്രത്തോളം പുരോഗമിക്കുന്നുവോ അത്രത്തോളം നമുക്ക് പരിശ്രമിച്ചുകൊണ്ടിരിക്കാനും ദീർഘകാലലക്ഷ്യം നിലനിർത്താനുമുള്ള കഴിവു കുറയും. അമിതമായി അധ്വാനിക്കുന്ന നമ്മുടെ മസ്തിഷ്കം പെട്ടെന്ന് ക്ഷീണിക്കുന്നു. മനസ്സ് ഏതാനും നിമിഷങ്ങൾപോലും ഒന്നിൽത്തന്നെ പിടിച്ചുനിർത്താൻ നമുക്ക് ഉത്തേജനങ്ങൾ ആവശ്യമായി വരുന്നു. ഇന്റർനെറ്റിന്റെയും പ്രത്യേകിച്ച് സോഷ്യൽ നെറ്റ്‌വർക്കുകളുടെയും ആവിർഭാവത്തോടെ, ആഴത്തിലുള്ള വായന നന്നേ കുറഞ്ഞു. പകരം ഓൺലൈൻ സൈറ്റുകളും ചാനലുകളും മാറിമാറിനോക്കി നാം സമയം ചെലവഴിക്കുന്നു. ഒന്നിൽത്തന്നെ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള നമ്മുടെ കഴിവ് അമ്പരപ്പിക്കുന്ന തരത്തിൽ കുറഞ്ഞിരിക്കുന്നു. എല്ലാം വേഗത്തിലായിരിക്കണം എന്ന ഇന്നത്തെ രീതിക്കു ഇണങ്ങുന്നതാണത്. ഈ ഫാസ്റ്റ്ഫുഡ് യുഗത്തിൽനിന്ന്, ഏതാനും പതിറ്റാണ്ടുകൾക്കുമുമ്പുള്ള ആരോഗ്യകരമായ ഭക്ഷണത്തിലേക്കും മന്ദഗതിയിലുള്ള ഉപഭോഗരീതിയിലേക്കും മടങ്ങണം. അതിനായി 'സ്ലോ ഫുഡ്' പോലുള്ള പുതിയ വാക്കുകൾ നാം കണ്ടുപിടിക്കണം. ആത്മീയത അടക്കം ഒന്നും അതിൽനിന്ന് ഒഴിവാകുന്നില്ല. സമകാലികലോകത്തെ ഗുരുക്കന്മാർ ഇൻസ്റ്റന്റ് കാപ്പിപോലെയാണ്. ഇവർ ഒരു ഗുരുപരമ്പരയിൽപ്പെട്ടവരല്ല, അവർ അവരുടെ

പ്രേക്ഷകരെ ഉടനടി ആരാധന പഠിപ്പിക്കുന്നു. പ്രേക്ഷകർ എന്ന് ഞാൻ പറയാൻ കാരണം, പണ്ടുകാലങ്ങളിൽ ഉണ്ടായിരുന്ന ആത്മീയദാഹികളായ ശിഷ്യന്മാരുടെ യോഗ്യത നമ്മിൽ മിക്കവർക്കും ഇല്ലാത്തതുകൊണ്ടാണ്. മിക്കവരും കുറച്ച് പുസ്തകങ്ങൾ വായിച്ച്, കുറച്ച് റെക്കോർഡിംഗുകൾ ശ്രദ്ധിച്ച്, കുറച്ച് വീഡിയോകൾ കണ്ട്, കുറച്ച് വർക്ക്ഷോപ്പുകളിൽ പങ്കെടുത്ത് എന്നിങ്ങനെയുള്ള കപടന്യായത്തിൽ യോഗ്യരാണെന്ന് സങ്കല്പിക്കുന്നു. ആധുനികഗുരുക്കന്മാർക്ക് ഇതൊക്കെ മതിയാകും. അവർ അന്വേഷിക്കുന്നത് അവരിൽത്തന്നെയുണ്ടെന്ന് ഇത്തരം ഗുരുക്കന്മാർ അവരെ ബോധ്യപ്പെടുത്തും. തത്വത്തിൽ അത് ശരിയുമാണ്. എന്നാൽ ആ ജ്ഞാനം നേടുന്നത് ഒരു നീണ്ട പ്രക്രിയയാണ് എന്നത് ഈ ആധുനികഗുരു അവരോട് പറയില്ല. നാം നേരിട്ട് അവസാനഭാഗത്തുനിന്നു തുടങ്ങുന്നു. പഴയകാലത്തെപ്പോലെ വേദശാസ്ത്രങ്ങളിലുള്ള താല്പര്യം, പെരുമാറ്റച്ചട്ടങ്ങൾ തുടങ്ങി ഒന്നിനുംതന്നെ പ്രാധാന്യമില്ല. അന്ന് അത് തീർച്ചയായും അർത്ഥവത്തായിരുന്നിരിക്കണം, പക്ഷേ ഇന്ന് അങ്ങനെ തോന്നിയാൽപ്പോലും അതിനെ ബഹുമാനിക്കാനും അതിൽ ജീവിക്കാനും നമുക്ക് സമയമില്ല. ഇത് വളരെ വിഷമകരവും സങ്കീർണ്ണവും അനാവശ്യമായി വികസിപ്പിച്ചതും വിശദവുമാണ്. അതൊരു നിശ്ശബ്ദസിനിമ പോലെയാണ്, പഴയ രീതിയിലുള്ളത്. ആളുകൾ ഇത് എങ്ങനെ കാണുമെന്ന് നിങ്ങൾ ആശ്ചര്യപ്പെടുന്നു. ദിവസവും മണിക്കൂറുകളോളം ടിവിയുടെ മുന്നിലോ ഇന്റർനെറ്റിലോ സ്മാർട്ട്ഫോണിലോ ചെലവഴിച്ചാലും ബഹുമാനത്തോടെ കേൾക്കാനും കാത്തുനിൽക്കാനും നമുക്ക് സമയമില്ല. ഇന്ന് നമുക്ക്, ജ്ഞാനോദയത്തിലേക്കുള്ള വഴിയിൽ, നമ്മുടെ ശ്രദ്ധ പിടിച്ചുപറ്റുന്നതിനായി കാണാനും കേൾക്കാനും പറ്റുന്ന തരത്തിൽ ആനിമേഷനുകളുള്ള ഒരു 'ആപ്പ്' ആവശ്യമാണ്, ലക്ഷ്യത്തിലേക്ക് അടുക്കാറായോ എന്നറിയാൻ സഹായിക്കുന്ന ഒരു സ്കോറും. പക്ഷേ,

തമാശ മാറ്റിവച്ചു പറഞ്ഞാൽ, നമ്മുടെ മാനസികവും വൈകാരികവുമായ ദുർബ്ബലത, നവഗുരുക്കന്മാരുടെ എന്ത് കോമാളിത്തരങ്ങൾ അംഗീകരിക്കാനും സ്വീകരിക്കാനും ഉള്ള രീതിയിൽ നമ്മെ ആക്കിത്തീർക്കുന്നു. പോരെങ്കിൽ അവരുടെ “മാസ്മര” പെരുമാറ്റവും വിപണനനൈപുണ്യവുംകൊണ്ട് നാം വളരെ പെട്ടെന്നുതന്നെ ആകർഷിതരാവുകയും ചെയ്യുന്നു.

# VI. 12. സൈക്കോതെറാപ്പിയും ആത്മീയതയും

സ്വാമി പ്രജ്ഞാനപാദ (1891-1974), ഫ്രാൻസിലെ അർനാഡ്, ഡെനിസ് ഡെസ്ജാർഡിൻസ് എന്നിവരുടെ ഗുരു, ഇരുപതാം നൂറ്റാണ്ടിൽ, ഗ്രന്ഥങ്ങളും ജ്ഞാനമാർഗ്ഗങ്ങളും എഴുതപ്പെട്ടതിനുശേഷം മനുഷ്യന്റെ മനഃശാസ്ത്രപരമായ ഘടന ദുർബലമായതായി മനസ്സിലാക്കി. സ്വയമേവ അദ്ദേഹം ഒരു വിദ്യ നടപ്പിൽ വരുത്തുകയും അതിനെ "കിടപ്പ്" എന്നു വിളിക്കുകയും ചെയ്തു. കാരണം ഒരു ശിഷ്യന് പുറമേക്ക് കാണപ്പെടുന്നവിധം മാനസികതടസ്സമുണ്ടായപ്പോൾ, ഒരു സൈക്കോതെറാപ്പിസ്റ്റിനെപ്പോലെ, അവനെ പരിശോധിക്കുന്നതിനുവേണ്ടി കിടക്കാൻ ആവശ്യപ്പെട്ടു. കാലക്രമേണ അങ്ങനെ ഒരു ചികിത്സാരീതി ആയി അത് രൂപപ്പെട്ടു. പിന്നീടത് അർനോസും ഡെനിസ് ഡെസ്ജാർഡിൻസും ഇവരുടെ പിന്തുടർച്ചക്കാരും ഏറ്റെടുത്തു.

അനന്തരചിന്തയായി, ഇതോടൊപ്പം സ്വാമി പ്രജ്ഞാനപാദയുടെ (അല്ലെങ്കിൽ ഫ്രഞ്ചുകാർ അദ്ദേഹത്തെ വിളിക്കുന്നതുപോലെ "പ്രജ്ഞൻപാദ്"), ശ്രദ്ധേയമായ ഗുരുപരമ്പര കൂടി ചേർക്കുന്നു. അദ്ദേഹം നിരാലംബസ്വാമിയുടെ (1877-1930) ശിഷ്യനാണ്. നിരാലംബസ്വാമിയാകട്ടെ, സോഹം സ്വാമിയുടെ (1858-1918) ശിഷ്യൻ, സോഹം സ്വാമിയോ മഹാനായ ടിബറ്റിബാബയുടെ (അദ്ദേഹത്തിന്റെ ബർമീസ് ശിഷ്യന്മാർ അദ്ദേഹത്തെ വിളിച്ചിരുന്നതുപോലെ) ശിഷ്യൻ (1930-ൽ അന്തരിച്ചു). ഇവർക്കോരോരുത്തർക്കും ആകർഷകമായ ഓരോ നിയോഗം ഉണ്ടായിരുന്നു, പ്രത്യേകിച്ച്

അവസാനത്തെ ആളിന്. അദ്ദേഹം നേപ്പാളിലെ തന്റെ ആദ്യഗുരുവിൽനിന്ന് ദീക്ഷ സ്വീകരിച്ചു; തുടർന്ന്, രണ്ടാമത്തെ ഗുരുവായ ഒരു ടിബറ്റൻ ലാമയാലും. കൈലാസ് മാനസസരോവറിനടുത്തുള്ള ഒരു ഗുഹയിൽ ധ്യാനിക്കുന്നതിനിടയിലാണ് അദ്ദേഹം തന്റെ രണ്ടാമത്തെ ഗുരുവിനെ കണ്ടുമുട്ടിയത്. അതിനുശേഷം മൂന്നാമതായി പരമാനന്ദ താക്കർ എന്ന പേരുള്ള മഹാനായ ടിബറ്റൻ ലാമയുടെ ശിഷ്യനായി. അങ്ങനെയാണ് അദ്ദേഹം അദ്വൈതവേദാന്തത്തിന്റെ മാത്രമല്ല, മഹായാനബുദ്ധിസത്തിലും തന്റെ വൈദഗ്ദ്ധ്യം തെളിയിച്ചതും പരിശീലകനായിത്തീർന്നതും. നാല്പതുവർഷം ടിബറ്റിൽ ജീവിച്ച അദ്ദേഹം പിന്നീട് വിവിധ അയൽരാജ്യങ്ങളിലേക്ക് യാത്ര ചെയ്തു. ടിബറ്റിലെന്നപോലെ നേപ്പാൾ, ബംഗ്ലാദേശ്, പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, മ്യാൻമർ തുടങ്ങിയ രാജ്യങ്ങളിലും അദ്ദേഹം ബഹുമാനിക്കപ്പെട്ടു.

എന്തായാലും സ്വാമി പ്രജ്ഞാനപാദയിലേക്കും ചികിത്സയിലേക്കും മടങ്ങിവരാം. സ്വാമിയെ ഉദ്ധരിച്ച് André Comte Sponville[379] എഴുതിയ ലേഖനത്തിലെ ഒരു ഭാഗം ഞാൻ ഇവിടെ പരാമർശിക്കുന്നു. *"ഉണ്ടായിരുന്നത് ഇപ്പോഴില്ല, ഉണ്ടാകാനുള്ളത് ഇതുവരെ ഉണ്ടായിട്ടുമില്ല. പിന്നെ ആരാണ് ഭൂതമോ ഭാവിയോ സൃഷ്ടിക്കുന്നത്? മനസ്സ് തന്നെ." ഒരു ആത്മീയാന്വേഷകൻ ഭൂത-ഭാവി-വർത്തമാനകാലങ്ങളുമായി ഇഴുകിച്ചേർന്നുനിൽക്കുന്ന തന്റെ ഞാനെന്ന ഭാവത്തിന്റെ കുരുക്കഴിക്കാൻ ശ്രമിക്കുന്നു. എന്നാൽ "അസംതൃപ്തമായ ഭൂതകാലം വർത്തമാനകാലത്തെ അതിന്റെ പിടിയിൽ ഒതുക്കുന്നു". അതിനാൽ നല്ലൊരു ഭാവിക്കായി നാം വീണ്ടും കാത്തിരിക്കുന്നു. അങ്ങനെ ഒരു പുതിയ അസംതൃപ്തി രൂപപ്പെടുന്നു. പ്രതീക്ഷയും ഭയവുമാണ് മനുഷ്യന്റെ ഏറ്റവും വലിയ ശത്രുക്കൾ: അത് നമ്മെ വർത്തമാനകാല യാഥാർത്ഥ്യങ്ങളിൽനിന്ന് എന്നു മാത്രമല്ല സകലതിൽ നിന്നും വേർപെടുത്തുന്നു. കാരണം അത് നമ്മെ*

ഭാവിയിലും അഹംഭാവത്തിലും പൂട്ടിയിടുന്നു. ഭൂതകാലത്തിൽനിന്ന് സ്വയം മോചിതരാകുന്നതിലൂടെ മാത്രമേ നമുക്ക് അതിൽനിന്ന് രക്ഷപ്പെടാൻ കഴിയൂ. അതിനാൽ, സ്വാതന്ത്ര്യവും അനശ്വരതയും പരസ്പരപൂരകങ്ങൾ ആണ്. എന്നാൽ അഹംഭാവം അതിനെ നിരാകരിക്കുന്നു: അത് നശിക്കാതിരിക്കാൻ ആഗ്രഹിക്കുകയും സാധിക്കാതെ വരികയും ചെയ്യുന്നു. അത് മരിക്കാതിരിക്കാനായി ജീവിക്കുന്നത് സ്വയം വിലക്കുന്നു. എന്താണ് മനസ്സ്? യാഥാർഥ്യമല്ലാത്തത് ആഗ്രഹിക്കുന്ന നമ്മുടെ ചിന്തകൾ. അത് സത്യത്തിന് എതിരാണ്, അത് മായ (മിഥ്യ) ആണ്. അപ്പോൾ നാം യഥാർത്ഥ്യത്തിലാണോ മനസ്സിലാണോ എന്ന് എങ്ങനെയറിയാം? വികാരത്തിന്റെ സാന്നിധ്യമോ അഭാവമോകൊണ്ട് അറിയാം. വികാരമാണ് മാനദണ്ഡം: ഞാൻ വികാരാധീനനാണെങ്കിൽ, അതിനു കാരണം ഞാൻ യാഥാർത്ഥ്യത്തിന് മുകളിൽ യാഥാർത്ഥ്യമല്ലാത്ത മറ്റെന്തെങ്കിലും (എന്റെ ആഗ്രഹം, എന്റെ നിരസിക്കൽ, എന്റെ പ്രതീക്ഷ) ആരോപിക്കുകയും, അത് എന്നെ യാഥാർഥ്യത്തിൽനിന്ന് വേർപിരിക്കുകയും 'മനസ്സിൽ' തന്നെ തളച്ചിടുകയും ചെയ്യുന്നു. അതുകൊണ്ട് വികാരത്തിൽ നിന്ന് മോചനം നേടാൻ ആദ്യം വികാരത്തെ ഉൾക്കൊള്ളുകയാണ് വേണ്ടത്.

മിഥ്യയുടെ വിപരീതമാണ് സത്യം. മനസ്സിന്റെ വിപരീതം കാഴ്ചയാണ്. ചിന്തിക്കരുത്, വ്യാഖ്യാനിക്കരുത്, വിധിക്കരുത്, താരതമ്യം ചെയ്യരുത്, എന്നാൽ ഉള്ളത് ഉള്ളതുപോലെ കാണുക. മൂല്യത്തെ വിധിക്കുന്നില്ല. വിസമ്മതമില്ല. മാനസികവിക്ഷോഭമില്ല (വികാരങ്ങൾമാത്രം അവശേഷിക്കുന്നു, അനുഭവങ്ങൾ മാത്രം അവശേഷിക്കുന്നു)).

സംഭവിക്കുന്നത് അംഗീകരിക്കുക. പരിവർത്തനത്തിനായുള്ള ഒരേയൊരു മാർഗ്ഗമാണിത്. "പ്രവർത്തിച്ചുകൊണ്ടേയിരിക്കുക!" സംഭവിക്കുന്നതുമായി പൊരുത്തപ്പെടാൻ

*കഴിയാത്തപ്പോൾ വർത്തമാനകാലത്ത് തുടരുക: വികാരമുണ്ട്, അത് നമ്മൾ അംഗീകരിക്കണം. വിസമ്മതിക്കുകയോ നിരസിക്കുകയോ വേണ്ട. പ്രതീക്ഷയോ പശ്ചാത്താപമോ വേണ്ട. അവനവനെ അറിയാനും അതേപോലെ സ്വീകരിക്കാനും കഴിയണം. "സ്വയം സ്വീകരിച്ച് സന്തോഷവാനായിരിക്കുക."*

*ഏറ്റവും ഉയർന്ന ആത്മീയാനുഭവം ഏകത്വമാണ്. നമ്മെ എല്ലാത്തിൽനിന്നും വിഭിന്നമാക്കിയിരിക്കുന്നത് മനസ്സാണ്- അതും നമ്മൾ തന്നെ. സത്യം, നേരെമറിച്ച്, നമ്മെ ഒന്നിപ്പിക്കുന്നു: കാരണം അത് ഏകമാണ്, അത് സാർവത്രികമാണ്, അത് അനന്തമാണ്. ഇത് നമ്മുടെ അഹംബോധത്തെ ഭീഷണിപ്പെടുത്തുന്നതല്ല, മറിച്ച് അത് വിശാലമാക്കുവാൻ ഉള്ളതാണ്. "ഒന്നിനേയും ചുറ്റിപ്പിടിക്കാൻ കഴിയാത്തവിധം വളരെ വിശാലമായിത്തീർന്ന ഒരു വൃത്തം, അനന്തമായ വ്യാസമുള്ള ഒരു വൃത്തം: ഒരു നേർരേഖ!" എങ്കിൽ മാത്രമേ സന്തോഷം ലഭിക്കൂ. അഹങ്കാരവും സ്വാർത്ഥതയും ഒരിക്കലും സന്തോഷം തരില്ല. അതുകൊണ്ട് നാം ഞാനെന്ന ഭാവത്തിൽനിന്ന് സ്വയം മോചിതരാകണം. എല്ലാവരോടും തുറന്ന മനസ്സോടെ ഇടപെടണം. അത് ജ്ഞാനത്തിന്റെ പാതയാണ്. അതാണ് സന്തോഷത്തിലേക്കുള്ള വഴി. "എവിടെ നീ ഉണ്ടോ അവിടേക്കാണ് പോകേണ്ടത്. എല്ലാം ഇവിടെത്തന്നെ ഇപ്പോൾ ഉണ്ട്."*

ആത്മീയപാതയിലെ കഴിഞ്ഞ അമ്പത് വർഷത്തെ എന്റെ വ്യക്തിപരമായ അനുഭവവും, A യുമായി ചെലവഴിച്ച വർഷങ്ങളും, നിരവധി പാശ്ചാത്യർക്ക് A യുടെ വ്യാഖ്യാതാവും ഇടനിലക്കാരനുമായി പ്രവർത്തിച്ചതും, തുടർന്ന് വിവിധ യൂറോപ്യൻരാജ്യങ്ങളിൽ നടന്ന പതിനഞ്ചോ അതിലധികമോ വർഷത്തെ ആത്മീയപ്രവർത്തനങ്ങളും കൊണ്ട് എനിക്കു മനസ്സിലായത്, പലരും കൗൺസിലിങ് മുതലായ

ചികിൽസയിൽ ഏർപ്പെടുന്നത് ഒഴിവാക്കി ആത്മീയപാതയിൽ മുന്നോട്ടുപോകാൻ ശ്രമിക്കുന്നതിലൂടെ പ്രശ്നങ്ങൾ സ്വയം പരിഹരിക്കപ്പെടുമെന്ന് കരുതുന്നു എന്നാണ്. ഇത്തരത്തിലുള്ള കാര്യങ്ങൾ ആവശ്യമില്ലെന്നും അത് മോശമായ കാര്യമാണെന്നും വിവിധ ആത്മീയഗ്രൂപ്പുകളും, പ്രത്യേകിച്ച് A യും അവകാശപ്പെടുന്നു എന്ന് എനിക്കറിയാം. പക്ഷേ അവർ ഇതുപോലെ പ്രഖ്യാപിച്ച/ അവകാശവാദം ഉന്നയിച്ച പല കാര്യങ്ങളും ഈ പുസ്തകത്തിൽ പൊളിച്ചെഴുതിയിട്ടുണ്ട്. A സ്വന്തം പ്രസംഗങ്ങളിൽ സ്വയം പുകഴ്ത്തി പറയാറുണ്ടായിരുന്നു: *"A എല്ലാം കിട്ടുന്ന സൂപ്പർമാർക്കറ്റാണ്"*, അതായത് നിങ്ങൾ A യുടെ അടുത്ത് എത്തിച്ചേർന്നാൽപ്പിന്നെ നിങ്ങൾക്ക് മറ്റൊന്നും ആവശ്യമില്ല. ഇത്തരത്തിലുള്ള ആത്മീയാന്വേഷകരെ ആകർഷിക്കുന്നത് അന്തർമുഖരോ വികാരപ്രകടനങ്ങളിൽ നിഷ്പക്ഷരോ ആയ ഗുരുക്കന്മാരല്ല, മറിച്ച് തികച്ചും വൈകാരികതലത്തിൽ ഇടപെട്ട് ക്ഷണിക്കുന്ന ഒരാളാണ്. നിർഭാഗ്യവശാൽ, ഇത്തരം ആളുകൾ തെറ്റായ ആവശ്യങ്ങൾക്കായി ആത്മീയപാതയിലെത്തുകയും, തെറ്റായ സ്ഥാപനത്തെയും തെറ്റായ ഗുരുവിനെയും തെരഞ്ഞെടുക്കുകയും ചെയ്യുന്നു. പതിറ്റാണ്ടുകൾക്കുശേഷവും, മനഃശാസ്ത്രപരമായ പ്രശ്നങ്ങൾ ഇപ്പോഴും പരിഹരിക്കപ്പെടാത്തതിനാൽ, ഈ ആളുകൾ ഒരിക്കലും അവരുടെ ലക്ഷ്യം കൈവരിക്കില്ല: അവർ മനസ്സുമായി പോരാടുന്നത് തുടരും. ദുഃഖകരമായ കാര്യം എന്താണെന്നുവെച്ചാൽ അവർ തനിക്കും മറ്റുള്ളവർക്കും യാതൊരു പ്രയോജനവും ഇല്ലാത്തവരാകും. A യെപ്പോലുള്ള ഗുരുക്കന്മാർ തങ്ങളോടുതന്നെ സത്യസന്ധത പുലർത്തുന്നവരാണെങ്കിൽ, ഈ ആളുകളെ കൗൺസിലിങ്ങിലേക◌്ക് റഫർ ചെയ്യുമായിരുന്നു. പക്ഷേ അത്, അവരുടെ അനുയായികൾ, ഭക്തർ, ഇടപാടുകാർ

ഒക്കെ ഗണ്യമായി കുറയാൻ കാരണമാകും; അതുവഴി അവരുടെ സ്വാധീനവും വരുമാനവും.

ഡെനിസ് ഡെസ്ജാർഡിൻസ്, ക്രിസ്റ്റ്യൻ സിംഗർ (അവരുടെ ഓസ്ട്രിയൻ കേന്ദ്രത്തിൽവച്ചുള്ള കുടുംബസംഗമത്തിൽ) എന്നിവരുമായുള്ള കൗൺസിലിങ്ങിലൂടെ എല്ലാവരേയുംപോലെ എനിക്കും എന്റെ സ്വന്തം പ്രശ്നങ്ങളെ അഭിമുഖീകരിക്കാനും പരിഹരിക്കാനും കഴിഞ്ഞു. ന്യൂനത എന്ന തോന്നലിന് അഹംബോധത്തിന്റെ അസ്തിത്വവുമായും വികാരവുമായും നേരിട്ടുള്ള ബന്ധമുണ്ട്. വികാരം കഴിഞ്ഞകാലത്ത് ഉറച്ചു നിൽക്കുന്നതാണ്, ന്യൂനതയുടെ വക്താവാണ്. ശൂന്യതയുടെ പ്രേതം (ഹിസ്റ്ററോസ്, ഗ്രീക്കിൽ). ഭൂതകാലത്തിൽ ഉറച്ചിരുന്നുകൊണ്ട് വർത്തമാനത്തിൽ സ്വതന്ത്രമായി വിഹരിക്കുവാൻ കഴിയില്ല, പ്രത്യേകിച്ചും ഭക്തിയുടെ പാതയിൽ. കാരണം ഭക്തിമാർഗ്ഗത്തിൽ സ്നേഹത്തിന്റെ പേരിൽ ഏത് കപടവികാരവും സാധ്യമാണ്. യഥാർത്ഥ ആത്മീയാനുഭവങ്ങളും ന്യൂറോസിസിന്റെയോ ഹിസ്റ്റീരിയയുടെയോ പ്രകടനങ്ങളും തമ്മിൽ വേർതിരിച്ചറിയാൻ ഒരു ആത്മീയാന്വേഷകന് മിക്കവാറും അസാധ്യമായിരിക്കും. എന്നിരുന്നാലും വലിയ തോതിൽ സൈക്കോതെറാപ്പിയും ആത്മീയാന്വേഷണവും സ്വയം ചെയ്ത, ഇതിൽനിന്നൊക്കെ വിട്ടുനിൽക്കുന്ന, ഒരു സാക്ഷിക്ക് ബുദ്ധിമുട്ടില്ലാതെ ഈ വ്യത്യാസം തിരിച്ചറിയാൻ കഴിയും.

സൈക്യാട്രിസ്റ്റും സന്ന്യാസിയുമായ (ഹിന്ദുസന്യാസി) ഡോ. ജാക്വസ് വിഗെ മുമ്പു പറഞ്ഞതുപോലെ, "അല്പം ഉല്ലാസവും വൈകാരികമായ തിരിച്ചറിവും ആഴത്തിലുള്ള ആത്മീയാനുഭവമായി വളരെ എളുപ്പത്തിൽ തെറ്റിദ്ധരിക്കപ്പെടും. ദർശനത്തിനിടയിൽ പൂർണ്ണമായും അതിൽ മുഴുക്കിയിരിക്കുമ്പോൾ, ദൈവികമായ എന്തോ സംഭവിച്ചുവെന്ന് നമ്മൾ നമ്മോടുതന്നെ പറയുന്നു. വഴിതെറ്റിക്കാൻ മിടുക്കുള്ള

നമ്മുടെ മനസ്സിനെ സൂക്ഷിക്കണമെന്നും ഹൃദയം പറയുന്നത് കേൾക്കണമെന്നും അമ്മ ഉപദേശിക്കാറുണ്ട്. ഇത് പക്ഷേ വിമർശനാത്മകചിന്താശേഷി നഷ്ടപ്പെടുന്നതിനും വികാരത്തിന് അടിമപ്പെടുന്നതിനും കാരണമായേക്കാം. വൈകാരികമായി സ്വാധീനിക്കാവുന്ന ആളുകൾക്ക് A യെ പോലുള്ള ഒരു പ്രശസ്തവ്യക്തിത്വത്താൽ ആലിംഗനം ചെയ്യപ്പെട്ടതിൽ മതിപ്പു തോന്നും, അവരുടെ അഹംഭാവം തൃപ്തിപ്പെടുകയും, അവർ കൂടുതൽ വേണമെന്ന് ആഗ്രഹിക്കുകയും ചെയ്യും. അവർ അമ്മയുടെ ഏറ്റവും പുതിയ അനുയായി ആയിത്തീരുന്നു". "Understanding the psychology of Mata Amritanandamayi and her movement" എന്ന ലേഖനത്തിൽ നിന്ന് എടുത്തത്. ഓൺലൈനിൽ ഡൗൺലോഡ് ചെയ്യാവുന്നതാണ്.[380]

ഗെയിൽ ട്രെഡ്‌വെല്ലിന്റെ സാക്ഷ്യത്തിലൂടെയും എന്റെ ഈ കൃതിയിലൂടെയും, A യുടെ സ്ഥാപനത്തിന്റെ പ്രധാന സ്വാമി മനശ്ചാഞ്ചല്യം ഉള്ള ആളാണെന്നു നാം കണ്ടു. ഇത്രയും വലിയ ഒരു സ്ഥാപനത്തിന് ഇത് പ്രത്യേകിച്ചും ആശങ്കാജനകമാണ്. മറ്റുള്ളവർക്കുവേണ്ടിയെങ്കിലും അദ്ദേഹം സ്വയം ചികിത്സയ്ക്ക് വിധേയനായിട്ടുണ്ടാകും എന്ന് ആശിക്കുന്നു.

ഉപസംഹാരമായി, നമ്മുടെ മാനസികാവസ്ഥ ദുർബലവും അസ്ഥിരവുമാണെങ്കിൽ, നാം തീർച്ചയായും മനസ്സിന്റെ കെണികൾക്കും മറ്റുള്ളവരുടെ കൗശലങ്ങൾക്കും ദുരുപയോഗത്തിനും ഇരയാകും. അതിലുപരിയായി, നമ്മൾ സമീപിക്കുന്ന ഗുരുക്കന്മാർ തന്നെ അവരുടെ മനസ്സിന്റെ കൗശലങ്ങൾക്ക് അടിമയാണെങ്കിൽ, ഏറ്റവും മോശമായതുപോലും സാധ്യമാണ്. അതിനാൽ, ദുരുപയോഗത്തിൽനിന്ന് സംരക്ഷിക്കുന്നതിന്, നമ്മെത്തന്നെ ശരിയായി പരിപാലിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

# VI. 13. വിശ്വാസത്തെയും പുനഃപരിവർത്തനത്തെയും കുറിച്ചുള്ള ചിന്തകൾ.

*ഈ അധ്യായമെഴുതാൻ പ്രേരണ കിട്ടിയത് അധ്യായം I.9.e ൽ പ്രതിപാദിച്ചിട്ടുള്ള Dr. ജാക്വസ് വിഗെ യുടെ "How to change beliefs in a fair way, Psychology of deconversion" എന്ന തലക്കെട്ടിലുള്ള രചനയാണ്. അത് അദ്ദേഹത്തിന്റെ വെബ്സൈറ്റിൽനിന്ന് ഡൗൺലോഡ് ചെയ്യാൻ സാധിക്കും.*[381]

ഡി-കൺവേർഷൻ (de-conversion) എന്ന വിഷയമെങ്ങനെ കൈകാര്യം ചെയ്യാമെന്നുനോക്കുമ്പോൾ, നിങ്ങൾ വിശ്വസിക്കുന്ന/ വിശ്വസിച്ചിരുന്ന പ്രസ്ഥാനത്തെയോ ഗുരുവിനെയോ ഉപേക്ഷിക്കേണ്ടിവരുന്ന സാഹചര്യത്തിൽ, ആ ചിന്ത നിങ്ങളിൽ ഒരുപക്ഷേ ആശങ്കയുളവാക്കിയേക്കാം. അങ്ങനെയുള്ള സാഹചര്യത്തിൽ, നമുക്കുണ്ടാകുന്ന നഷ്ടം അത്രമേൽ കുറയ്ക്കുവാനും ഒപ്പം ആ അനുഭവത്തിൽനിന്ന് പോസിറ്റീവും ഉപകാരപ്രദവുമായ എന്തെങ്കിലും ഉണ്ടാക്കുവാനും നാം ആഗ്രഹിച്ചേക്കാം. ആദ്യം നമുക്ക് വിശ്വാസത്തിന്റെ കാര്യം നോക്കാം. അതിനെക്കുറിച്ച് ചിന്തിക്കുമ്പോൾ ആദ്യം മനസ്സിൽ വരുന്നത് യുക്തിരഹിതം, അസംബന്ധം, അന്ധവിശ്വാസം തുടങ്ങിയ നെഗറ്റീവായ കാര്യങ്ങൾ ആണ്. *"അതൊരു വിശ്വാസമാണ്"* എന്ന് പറയുന്നതുതന്നെ അത് ഒരു യാഥാർത്ഥ്യമല്ലെന്ന് പറയുന്നതിന് തുല്യമാണ്. ഭൂമി

പരന്നതാണെന്ന് വിശ്വസിക്കുന്നതുപോലെ പല തെറ്റായ വിശ്വാസങ്ങളും ഉണ്ട്. ചില വിശ്വാസങ്ങൾ മറ്റുള്ളവയെക്കാൾ യോഗ്യമാണ് എന്നുമാത്രം. വിശ്വാസങ്ങളെ യുക്തിയും തെളിവുംകൊണ്ട് സമർത്ഥിക്കുന്ന രീതി മതങ്ങളുടെ കാര്യത്തിലില്ല. ചിലരാകട്ടെ, അനുഭവംകൊണ്ട് അറിയാത്ത കാര്യങ്ങളിൽ വിശ്വസിക്കുക എന്നതിനെ എതിർക്കുന്നു. ചില *''യഥാർത്ഥ വിശ്വാസങ്ങളും''* ഉണ്ട്: ഉദാഹരണത്തിന്, കൂണുകളെക്കുറിച്ച് എനിക്ക് വലിയ അറിവില്ലെങ്കിലും ഫാലോയിഡ് അമാനിറ്റ (phalloid amanita) എന്ന കൂൺ വിഷമാണെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാനത് സ്വയം അനുഭവിച്ചതുകൊണ്ടല്ല, മറ്റുള്ളവർ അനുഭവിച്ചറിയുകയും രേഖപ്പെടുത്തുകയും ചെയ്തതുകൊണ്ടാണ്. അങ്ങനെ, വിശ്വാസം പല രൂപത്തിൽ ഉണ്ട്.

പൊതുവേ പറഞ്ഞാൽ, വിശ്വസിക്കുക എന്നത് സത്യത്തിന് ഉറപ്പുനൽകാത്തതോ യഥാർത്ഥവും ശക്തവുമായ ഒരു വസ്തുത പിന്തുണയ്ക്കാത്ത പ്രാതിനിധ്യത്തിനോ വിധിക്കോ സമ്മതം നൽകുക എന്നതാണ്. നമുക്ക് അറിയാൻ കഴിയാത്തിടത്ത് വിശ്വസിക്കാൻ ചിലപ്പോൾ നാം വിധിക്കപ്പെട്ടിരിക്കുന്നു. വിശ്വാസങ്ങൾ ഒരു സാംസ്കാരികപ്രതിഭാസം കൂടിയാണ്: ചില സമൂഹങ്ങൾ അറിയപ്പെടുന്നതുതന്നെ അവയിലൂടെയാണ്. ചില വിശ്വാസങ്ങൾ കാലഹരണപ്പെടും; പകരം വേറെ ചിലത് ആ സ്ഥാനത്തേക്ക് വരുന്നു. ശാസ്ത്രത്തിന്റെ പുരോഗതിയിൽ വിശ്വാസങ്ങൾ ഇല്ലാതാകുന്നില്ല. അവയിൽ ചിലത് ശാസ്ത്രവുമായി ചേർന്ന് ആധുനികതയ്ക്കൊപ്പം വികസിക്കുന്നു. അതിനാൽ വിശ്വാസങ്ങൾ വൈവിധ്യമാർന്നതും നമ്മുടെ സമൂഹം, നമ്മുടെ അഭിലാഷങ്ങൾ, നമ്മുടെ ഭയം, സാമൂഹികബന്ധങ്ങൾ, നമ്മുടെ ചരിത്രം മുതലായവയ്ക്ക് സാക്ഷ്യം വഹിക്കുന്നതുമാണ്. ഒടുവിൽ, യുക്തിരഹിതമായതോ ആത്മീയമായതോ ആയ വിശ്വാസങ്ങളെ

ന്യായീകരിക്കാൻ ശ്രമിക്കുന്നത് അവയെ ദുരുപയോഗം ചെയ്യുവാൻ കാരണമാകും.

ഈ അധ്യായത്തിൽ നാം ഇതുവരെ പറഞ്ഞുവന്ന ഒരു വിഷയമാണ് എടുത്തിരിക്കുന്നത്; അതായത് ഒരു ആത്മീയഗുരുവിനെക്കുറിച്ച്. നമ്മുടെ പ്രതീക്ഷകൾ, ആദർശങ്ങൾ, യുക്തി ഇവയെല്ലാം ഉൾക്കൊള്ളുന്ന ഒരാൾ, എടുത്തുപറഞ്ഞാൽ A യെക്കുറിച്ച്. അവരിലുള്ള വിശ്വാസത്തിന്റെയോ അവരുടെ ഉപദേശങ്ങളുടെയോ സാധുത നാം ഇവിടെ ചർച്ച ചെയ്യുന്നില്ല. വളരെക്കാലമായി നാം വിശ്വസിച്ചിരുന്ന കാര്യത്തിലോ വ്യക്തിയിലോ ഒരു സുപ്രഭാതത്തിൽ വിശ്വാസം നഷ്ടപ്പെടാം. അത് വളരെ സാധാരണമാണ്. അവിചാരിതമായി സംഭവിക്കുന്ന വിശ്വാസം അതേപോലെ തന്നെ നഷ്ടപ്പെടുകയും ചെയ്യാം. യാഥാർത്ഥ്യം നമ്മുടെ മുന്നിൽ അനാവരണം ചെയ്യുന്നതുവരെ എല്ലാ വിശ്വാസങ്ങളും നിലനില്ക്കും. വിശ്വാസങ്ങൾക്കു മാറാനും പരിണമിക്കാനും പ്രത്യക്ഷപ്പെടാനും അപ്രത്യക്ഷമാകാനും കഴിയും എന്നു മനസ്സിലാക്കാം. വിശ്വാസവുമായി ചേർന്നുനിൽക്കുന്ന പോസിറ്റീവ് ചിന്തയിലൂടെ, അത് നഷ്ടപ്പെടുമ്പോൾ ഉണ്ടാകാൻ സാധ്യതയുള്ള തകർച്ച നമുക്ക് ഒഴിവാക്കാം. ഈ പോസിറ്റീവ് ചിന്ത, ക്രിയാത്മകവും ഊർജ്ജസ്വലമായതുമായ യാഥാർത്ഥ്യമാണ്. ഒരു ഗുരുവിനെ, അവരുടെ ഉപദേശങ്ങളെ വിശ്വസിക്കുന്നതുകൊണ്ടുള്ള നേട്ടം, നാം വിശ്വസിക്കുന്നതിന്റെ മൂല്യമാണ്. നാം വിശ്വസിക്കുന്ന വ്യക്തി നമ്മുടെ പ്രതീക്ഷകളുമായോ മാനദണ്ഡങ്ങളുമായോ പൊരുത്തപ്പെടുന്നില്ലെങ്കിൽത്തന്നെയും, ആ മൂല്യങ്ങളിലുള്ള നമ്മുടെ വിശ്വാസം നിലനില്ക്കും. മൂല്യത്തിനാണ് നാം പ്രാധാന്യം കല്പിച്ചത് എന്നതുകൊണ്ട് അത് നമ്മോടൊപ്പം എന്നും ഉണ്ടാവുകയും ചെയ്യും. അതിൽനിന്ന് നമുക്കുലഭിച്ച നന്മ, ബാഹ്യപിന്തുണയിൽനിന്ന് മാത്രമല്ല നമ്മുടെ

ഉള്ളിൽനിന്നുകൂടിയാണ് വന്നത്. മതങ്ങളും വിശ്വാസങ്ങളും മാറുന്നു. ആത്മീയഗുരുക്കന്മാർ മനുഷ്യരായതിനാൽ അവർക്കും മാറാം. നാം സ്വയം മാറുന്നു, നാം പരിണമിക്കുന്നു, പലതരത്തിലുള്ള മാർഗ്ഗങ്ങളിലൂടെയും അവബോധത്തിലൂടെയും വളരുന്നു. നമ്മുടെ ജീവിതപങ്കാളികളുമായുള്ള ബന്ധങ്ങളിലെന്നപോലെ, നാം കുറച്ചു കാലത്തേക്ക് ഒരേ രീതിയിൽ ചിന്തിക്കുന്നവരായിരിക്കുകയും, പിന്നീട് വർഷങ്ങൾക്കുശേഷം വ്യത്യസ്തരീതികൾ അവലംബിക്കുകയും പരസ്പരം അകന്നുപോകുകയും ചെയ്യും എന്നതും നമുക്ക് തിരിച്ചറിയാൻ കഴിയും. ഇത് സമാധാനത്തോടെയും ആദരവോടെയും ഉൾക്കാഴ്ചയോടെയും തിരിച്ചറിഞ്ഞ് ആവശ്യമായ നിഗമനങ്ങളിൽ എത്തിച്ചേരുക എന്നത് പക്വതയാണ്. നമ്മുടെ വളർച്ചയുടെ ചില ഘട്ടങ്ങളിൽ പലതും വിശ്വസിച്ചിരിക്കാം, പിന്നീട് അത് മാറിയിരിക്കാം. അന്നേരം ഈ ആശ്രയം നമുക്കിനി ആവശ്യമില്ലെന്ന് മനസ്സിലാകും.

ഇതിൽനിന്നെല്ലാം നമുക്ക് പഠിക്കാൻ കഴിയുന്നത്, നമ്മൾ ഒരു ഗുരുവിനാൽ വഞ്ചിക്കപ്പെട്ടാൽപ്പോലും, നിരാശപ്പെടാതെ, നമ്മുടെ വിശ്വാസങ്ങൾ, മൂല്യങ്ങൾ, ആചാരങ്ങൾ എന്നിവ പൂർണ്ണമായും നഷ്ടപ്പെടുത്താതെ നമുക്കതിൽനിന്നു ലഭിച്ച നന്മയെ സ്വീകരിച്ച് നന്മയെ മാത്രം സ്വീകരിച്ച് തിന്മയെ ഉപേക്ഷിക്കുവാൻ കഴിയണം എന്നാണ്.[382] നമുക്ക് അത്യധികമായ അല്ലെങ്കിൽ ഭ്രാന്തമായ ഒരു വിശ്വാസം ഉണ്ടായിരുന്നത് നഷ്ടപ്പെടുകയാണെങ്കിൽ, അത്രയും തീവ്രമായ വിശ്വാസനിരാസം, അത്യധികമായ നിരാശ, നീരസം, ഒരു നിന്ദാഭാവം [നിന്ദഭാവം] എന്നിവ ഉണ്ടാകാമെങ്കിലും നാം അതിൽനിന്ന് എത്ര ബുദ്ധിമുട്ടിയാണെങ്കിലും തിരികെ വരും, അല്ലാത്തപക്ഷം അത് നമ്മെ വിഷലിപ്തമാക്കും. ഒരാളുടെ വിശ്വാസങ്ങൾക്കൊപ്പം, ആത്മീയപരിണാമത്തിനൊപ്പം സഞ്ചരിക്കുന്നത്

സാധാരണമായ കാര്യമാണെങ്കിൽ, ആ വിശ്വാസങ്ങളെ ഉപേക്ഷിക്കുന്നതിനോ അല്ലെങ്കിൽ അവയെ രൂപാന്തരപ്പെടുത്തുന്നതിനോ ഉള്ള പ്രക്രിയയും അതേ തരത്തിലുള്ള ഒന്നാണെന്ന് കണക്കാക്കാം. ഒരു പ്രസ്ഥാനത്തെയോ ഒരു ഗുരുവിനെയോ ഉപേക്ഷിക്കുന്നത് വളരെ പ്രയാസകരമായ അനുഭവമായിരിക്കാം. പിന്നീട്, നമ്മുടെ ഈ ആഘാതം, നിരാശകൾ, വികാരങ്ങൾ, കഷ്ടപ്പാടുകൾ എന്നിവ കാരണം നേരായ ദിശയിൽ തുടരാൻ ബുദ്ധിമുട്ടാകും. നമ്മുടെ ഉള്ളിലുണ്ടായിരുന്ന മൂല്യങ്ങളെയും ഗുണങ്ങളെയും പുറത്ത് ഉയർത്തിക്കാട്ടുന്നതിലൂടെ, നമുക്ക് അവ നഷ്ടപ്പെടുകയും നമ്മുടെ സത്തയിൽനിന്ന് ഇല്ലാതാവുകയും ചെയ്യുന്നു. അങ്ങനെ, വേർപിരിയൽ ഒരു യഥാർത്ഥനഷ്ടമായി മാറുന്നു. കാരണം നാം ആർജ്ജിച്ചവ, നമ്മുടെ മൂലധനം, നമ്മുടെ വ്യക്തിപരമായ സമ്പുഷ്ടീകരണം, നമ്മുടെ സ്വന്തം ആന്തരികമൂല്യത്തിന്റെ ഉല്പന്നം, അവയെ പരിവർത്തനം ചെയ്യാനും സംരക്ഷിക്കാനുമുള്ള മാർഗ്ഗങ്ങൾ നാം ചെയ്യുന്നില്ല. എന്നാൽ അത് പരിഹരിക്കാനാകാത്തതല്ല, ചെയ്യണം എന്നുമാത്രം.

നാം ഇതിനെയൊക്കെ അതിജീവിച്ച് മുന്നോട്ടുപോകാൻ ശ്രമിക്കുമ്പോൾ നമ്മെ പരാജയപ്പെടുത്താൻ ഈ ആത്മീയഗുരുക്കന്മാരും അവരുടെ അനുയായികളും ശ്രമിക്കും. അവർ നമ്മളെ കുറ്റപ്പെടുത്താനും ഭയപ്പെടുത്താനും ശ്രമിക്കും. A യുടെ കാര്യത്തിൽ നമ്മൾ കണ്ടതുപോലെ, എന്തെങ്കിലും കാരണങ്ങളാൽ നാം അവർക്ക് പ്രാധാന്യമുള്ള ഒരാളാണെങ്കിൽ, അവർ ആദ്യം നമ്മെ വശീകരിക്കാൻ ശ്രമിക്കും, നമ്മുടെ മനസ്സിൽ സംശയം ജനിപ്പിക്കും, പിന്നെ നമ്മൾ എതിർത്താൽ, അവർ നമ്മെ ഒഴിവാക്കും, പുറത്താക്കും. ആ കമ്മ്യൂണിറ്റിയുമായുള്ള എല്ലാ സമ്പർക്കങ്ങളിൽനിന്നും നമ്മെ വിലക്കും. ഈ മോശം കാര്യങ്ങൾ അവരുടെ അനുയായികൾ അറിയാതിരിക്കാൻ അവിടെയുള്ള മറ്റ് അംഗങ്ങളെ ഞങ്ങളുമായി സമ്പർക്കം

സ്ഥാപിക്കുന്നതിൽനിന്ന് വിലക്കും. ഞങ്ങളെക്കുറിച്ച് തെറ്റായ കിംവദന്തികൾ പ്രചരിപ്പിക്കും. പ്രസ്ഥാനത്തിൽനിന്ന് പുറത്തുപോകുന്നതിലൂടെ നമുക്ക് ദൈവാനുഗ്രഹം നഷ്ടമാവുമെന്നും, സാധാരണ ജീവിതത്തിലേക്ക് തിരികെ ഇറങ്ങുന്നത് ബുദ്ധിമുട്ടുള്ളതും വിനാശകരവുമാകുമെന്നും, നമ്മുടെ ജീവിതം പാഴാകുകയും വഴിതെറ്റുകയും ചെയ്യുമെന്നും അവരുടെ അനുയായികൾ നമ്മെ വിശ്വസിപ്പിക്കാൻ ശ്രമിക്കും. ആ അനുഭവം ഒരു കാര്യവുമില്ലെങ്കിലും ബുദ്ധിമുട്ടേറിയതായിരിക്കും. അതിനാൽ, ദമ്പതികളും സുഹൃത്തുക്കളും ഒന്നിക്കുമ്പോൾ, എങ്ങനെ ബുദ്ധിപരമായി വേർപിരിയാമെന്ന് പഠിപ്പിക്കുന്നതുപോലെ, നമ്മുടെ സത്ത സംരക്ഷിച്ചുകൊണ്ട് സ്വയം വീണ്ടെടുക്കാനുള്ള മാർഗങ്ങൾകൂടി ആത്മീയപഠനകാലത്ത് നിർബന്ധമായും നാം ഉൾപ്പെടുത്തണം. അതിൽ തെറ്റുപറ്റരുത്: കാരണം ഇത്തരം സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിലും വിശ്വാസമാറ്റത്തെയോ നഷ്ടത്തെയോ മാനിക്കുന്നതിലും, ആ വ്യക്തിയെ മുന്നോട്ടുപോകുന്നതിൽ സഹായിക്കേണ്ടതിന്റെ ആവശ്യകതയിലും ആത്മീയവൃത്തങ്ങൾ അവിശ്വസനീയമാംവിധം മോശമാണ്.

അടിസ്ഥാനപരമായി, നമ്മുടെ വിശ്വാസങ്ങളെ നോക്കുകയാണെങ്കിൽ, നാം എന്തിലാണ് വിശ്വസിച്ചത്? നീതി, ധർമ്മം, സ്നേഹം, അനുകമ്പ, സേവനം, സത്യം, സത്യസന്ധത, ലാളിത്യം, വിനയം, വ്യക്തത, വിവേചനാധികാരം, അനുഭവത്തിൽ അധിഷ്ഠിതമായ അറിവ്, കരുതൽ, അവബോധം, വിശുദ്ധി, സമർപ്പണം അങ്ങനെ പലതും നാം അറിഞ്ഞതാണ്. ആ മൂല്യങ്ങൾ നിലനില്ക്കും. നമ്മുടെ നന്മക്കായി ഈ ഗുണങ്ങൾ എപ്പോഴും നിലനില്ക്കാനും, ഈ തത്ത്വങ്ങൾ എല്ലായ്പ്പോഴും പരിപോഷിപ്പിക്കപ്പെടാനും പിന്തുടരാനും അർഹമാണ്. താത്കാലികമായി നാം തെറ്റായ വഴിയിൽ (ഗുരു), അല്ലെങ്കിൽ ചട്ടക്കൂടിൽ (മതം, വിഭാഗം),

ആണെങ്കിലും ഇവയൊന്നും മാറില്ല. ഈ തത്ത്വങ്ങൾ കൈവിടാതിരിക്കുക, നാം അവയെ എത്രമാത്രം വിലമതിക്കുന്നു, നമുക്കുവേണ്ടി അവ ഉപയോഗിച്ച് നാം എന്താണ് ചെയ്യുന്നത്, നമ്മൾ അവയെ എങ്ങനെ സമന്വയിപ്പിച്ചു, അവ നമ്മുടെ ജീവിതത്തെ എങ്ങനെ മാറ്റിമറിച്ചു എന്നത് പ്രധാനമാണ്. അവയുടെ മൂല്യം നമുക്കും നമുക്കു ചുറ്റുമുള്ളവർക്കും വേണ്ടിയുള്ള നമ്മുടെ വ്യക്തിപരമായ പ്രയത്നത്തിന് ആവശ്യമാണ്. ഒരു ബാഹ്യപിന്തുണ, അനുഗമിക്കാൻ ഒരു വ്യക്തിത്വം എന്നത് നിർബന്ധമല്ല, അല്ലെങ്കിൽ തികച്ചും ആവശ്യമില്ല. വേർപിരിയൽപ്രക്രിയയിൽ, ഈ തത്ത്വങ്ങൾ നമ്മുടെ ഉള്ളിൽനിന്നുതന്നെ തിരിച്ചറിയണം: അവ നമ്മുടെ മൂല്യത്തെയും നമ്മുടെ വ്യക്തിപരമായ ധാർമ്മികതയെയും പ്രതിനിധീകരിക്കുന്നു, നാം എവിടെപ്പോയാലും അവ നമ്മോടൊപ്പം ഉണ്ടാകും. അവ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്നതല്ല, നാം അവയെ നട്ടുവളർത്തി പരിപോഷിപ്പിച്ചെടുത്തതാണ്. മതങ്ങൾക്ക് പുറത്തുപോലും ഈ തത്ത്വങ്ങൾ നിലനിൽക്കുന്നു.

ധാർമ്മികതയെ വിശ്വാസത്താൽ മറികടക്കുമ്പോൾ, അത് മതഭ്രാന്തിലേക്കുള്ള തുറന്ന വാതിലായി മാറുകയാണ്. യഥാർത്ഥ ആന്തരികപുരോഗതിയുടെ അടയാളങ്ങൾ എന്താണെന്ന് ബുദ്ധനോട് ചോദിച്ചപ്പോൾ, *"അജ്ഞതയും അത്യാഗ്രഹവും കോപവും കുറയ്ക്കൂ!"* എന്ന് അദ്ദേഹം മറുപടി നൽകി. ഏറ്റവും നല്ല മതത്തെക്കുറിച്ച് ചോദിച്ചപ്പോൾ ദലൈലാമ മറുപടി പറഞ്ഞു: *"ഏറ്റവും നല്ല മതം നിങ്ങളെ ഒരു മികച്ച വ്യക്തി ആക്കുന്ന ഒന്നാണ്!"* കാര്യങ്ങളെക്കുറിച്ചുള്ള ഈ വലിയ വീക്ഷണം നാം സ്വീകരിക്കുകയും മുകളിൽ സൂചിപ്പിച്ച ഘടകങ്ങളെ സമന്വയിപ്പിക്കുകയും ചെയ്യുമ്പോൾ, ഒരു വിശ്വാസത്തിൽനിന്ന് മറ്റൊന്നിലേക്കുള്ള മാറ്റം വളരെ സുഗമമാക്കാൻ കഴിയും. ദയവായി ശ്രദ്ധിക്കുക, മറ്റൊന്നിലേക്ക് മാറുക എന്നു ഞാൻ പറയുമ്പോൾ, അതിനർത്ഥം മറ്റൊരു ഗുരുവിനെ, മറ്റൊരു സമൂഹത്തെ,

മറ്റൊരു വിശ്വാസവ്യവസ്ഥയെ കണ്ടെത്തേണ്ടത് നിർബന്ധമാണെന്നല്ല. നമ്മുടെ തത്ത്വങ്ങളും മൂല്യങ്ങളും മുറുകെപ്പിടിക്കുന്നത് തുടരുക എന്നതാണ്. എല്ലാത്തിനുമുപരി, ഗുരുവിന്റെ പങ്ക് നമ്മെ നമ്മിലേക്ക്, ആന്തരികസത്തയിലേക്ക് എത്തിച്ചേരാൻ സൂചന നൽകുക എന്നതാണ്. വേർപിരിയൽ അതിനായി സ്വയം സമർപ്പിക്കാനുള്ള സമയമായി കണക്കാക്കാം. ഈ അർത്ഥത്തിൽ, വേർപിരിയൽ ഒരു തുടർച്ചയുടെ പ്രകടനമാണ്, പാതയുടെ ശക്തിപ്പെടുത്തൽ.

വൈകാരികവും വ്യക്തിപരവുമായ വേർപിരിയലുകൾ സങ്കീർണ്ണമാണെങ്കിൽ, ആത്മീയവേർപിരിയലുകളുടെ കാര്യത്തിലും ഇത് വളരെ കൂടുതലാണ്. കഴിഞ്ഞകാലത്തെ മനോഹരമായ അനുഭവങ്ങളും ഓർമ്മകളും പ്രതീക്ഷകളും ചെറിയ സന്തോഷങ്ങളും ദൗർഭാഗ്യങ്ങളും ഉള്ളതിനാൽ ആത്മീയബന്ധം കൂടുതൽ മൃദുവായതാണ്. കാരണം ഗുരുവുമായി മാത്രമല്ല അവിടുത്തെ മറ്റ് അംഗങ്ങളുമായുള്ള സ്നേഹബന്ധവും ഇതിൽ കെട്ടുപിണഞ്ഞു കിടക്കുന്നുണ്ട്. അതെല്ലാം നഷ്ടമാവും എന്ന ആശങ്കയും ഉണ്ടാകുന്നു. അന്യായമായ പുറത്താക്കൽ, വ്യക്തിബന്ധങ്ങളിലെന്നപോലെ, അപക്വമായ പെരുമാറ്റത്തിനും അനിശ്ചിതമായ വൈകാരികപ്രശ്നങ്ങൾക്കും കാരണമാകുന്നു. ഇപ്രകാരം നമ്മൾ പക്വതയില്ലാത്ത രീതിയിൽ പ്രതികരിക്കുകയും പ്രതികാരം ചെയ്യുകയും ചെയ്യുമ്പോൾ നാം നമ്മെത്തന്നെ വേദനിപ്പിക്കുന്നു; കൂടാതെ ഇങ്ങനെ സ്വയം താഴ്ത്തുന്നതിലൂടെ നാം നമ്മെ സാധാരണ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്നത് കൂടുതൽ ബുദ്ധിമുട്ടുള്ളതാകും. കൂടാതെ, വെറുപ്പും ഒഴിവാക്കലും ഒക്കെ മമതയുടെ ഒരു നിഷേധാത്മകരൂപമാണെന്നും നാം ഉപേക്ഷിക്കുന്നതുവരെ ഈ ഭാരം തുടരുമെന്നും എല്ലാവർക്കും അറിയാം. ഇതിലൊക്കെ നമ്മുടെ ഊർജ്ജം വളരെയധികം പാഴാകും എന്ന കാര്യം പറയേണ്ടതില്ലല്ലോ. നിങ്ങളുടെ അനുഭവത്തിന്റെ കണക്കെടുക്കാനും, വിശ്വാസങ്ങൾ പരിശോധിക്കാനും,

നിങ്ങളുടെ വളർച്ചയ്ക്ക് സംഭാവന നൽകാത്തവയെ ഉപേക്ഷിക്കാനും, നിങ്ങളുടെ നേട്ടങ്ങൾ, അതിന്റെ മൂല്യം, ആത്മീയസമ്പന്നത എന്നിവയെക്കുറിച്ചുള്ള ചിന്തകൾ തിരിച്ചറിയാനും ഈ വേർപിരിയൽ ഒരു മികച്ച അവസരമാണ്. അങ്ങനെ ശക്തിപ്പെടുത്തുകയും പക്വത കൈവരിക്കുകയും ചെയ്ത് നിങ്ങളുടെ ആത്മീയപാത തുടരാൻ സ്വയം തയ്യാറാക്കുക.

വിശ്വാസം അപകടകരമാകാൻ സാധ്യതയുള്ള മൂന്ന് പോയിന്റുകൾ നാം ശ്രദ്ധിക്കണം, അതായത് നമുക്കുതന്നെ ഹാനികരമായവ:

1. ശിശുവൽക്കരണത്തിന്റെ അപകടം.
2. സർവ്വശക്തിക്കായുള്ള വ്യാമോഹം.
3. സാമാന്യബുദ്ധിയുണ്ടായിട്ടും ന്യായീകരിക്കൽ.

ശിശുവൽക്കരണം എന്ന പ്രതിഭാസം മിക്ക മതങ്ങളിലും കാണപ്പെടുന്നു. വിശ്വാസത്തിന്റെ സംവിധാനം തന്നെ ശിശുവൽക്കരണത്തിന്റെ ഒരു രൂപമാണ്. ഇതിന് ഒരു ആസക്തിയുടെ സ്വഭാവമുണ്ട്; പ്രത്യേകിച്ച് ദൈവികഗുണങ്ങൾ ഉണ്ടെന്ന് വിശ്വസിക്കുന്ന ഗുരുവിലേക്ക് നയിക്കുന്ന വിശ്വാസത്തിൽ. നിങ്ങൾ ഒരു ദിവസം ദൈവത്തിൽ വിശ്വസിക്കുകയും മറ്റൊരു ദിവസം വിശ്വസിക്കാതിരിക്കുകയും ചെയ്താൽ അത് വലിയ നഷ്ടമല്ല. ദൈവത്തെക്കുറിച്ചുള്ള സങ്കല്പങ്ങൾ എണ്ണമറ്റതാണ്. എന്നാൽ നിങ്ങൾ ദൈവത്തിന്റെ പ്രതിബിംബം എന്നു വിചാരിക്കുന്ന ഒരു മനുഷ്യനിൽ വിശ്വസിക്കുമ്പോൾ, അയാൾ നിങ്ങളിൽ ശക്തമായ ഒരു പ്രേരകശക്തി ആയിരിക്കാം, അതുകൊണ്ടുതന്നെ അത് ഒരു അഗാധമായ വീഴ്ചയിലേക്കും നയിച്ചേക്കാം. ഈ അപകടസാധ്യത നാം തുടക്കത്തിൽത്തന്നെ സ്വീകരിക്കുന്നു. ഒരു ഗുരുവിലുള്ള വിശ്വാസവും ആസക്തിയാണ്. കാരണം അത് മാനുഷികവികാരങ്ങളെ വിശ്വാസം, അതീന്ദ്രിയാനുഭവം എന്നിവയുമായി കൂട്ടിക്കലർത്തുന്നു. അങ്ങനെ ഭക്തൻ

ആശയക്കുഴപ്പത്തിലും, വൈകാരികമായി അസ്ഥിരതയിലും, സമനില തെറ്റിയതും, ഉന്മത്താവസ്ഥയിലും ഒക്കെയായിത്തീരും. ഇതെല്ലാം അപകടത്തെ പ്രതിനിധീകരിക്കുന്നു.

ശിശുവൽക്കരണവുമായി ബന്ധപ്പെടുത്തിയിരിക്കുന്ന അപകർഷതാബോധത്തിന് സർവശക്തിയുമായി ബന്ധപ്പെടുത്തിയിരിക്കുന്ന ആധിപത്യമനോഭാവം പകരം നിൽക്കും. അതിനാൽ, സർവ്വശക്തിയും ശിശുവൽക്കരണത്തിന്റെ അനന്തരഫലമാണ്. ഒരു ഗുരുവിനെ നേരത്തെതന്നെ ഒരു പീഠത്തിൽ ഇരുത്തുകയും അവൻ സ്വയം ദൈവീകരിക്കപ്പെടുകയും ചെയ്യുമ്പോൾ, അവന്റെ സ്വഭാവത്തിന്റെയും വ്യക്തിത്വത്തിന്റെയും യാഥാർത്ഥ്യം കാലക്രമേണ പുറത്തുവരും. ബലഹീനതകളും തെറ്റുകളും അപവാദങ്ങളും ഒന്നൊന്നായി പിന്തുടരും. എല്ലാവരാലും ആരാധിക്കപ്പെടുന്ന ഗുരു ഒരു അധികാരാസക്തിയുള്ളവനാകുന്നു. നാഡീശാസ്ത്രപരമായി, സർവശക്തനെന്ന വികാരം വേർപിരിയലിന്റെ കാരണത്തെ തടഞ്ഞുകൊണ്ട് കോപത്തിനും ലൈംഗിക അത്യാഗ്രഹത്തിനും കളമൊരുക്കുന്നു[383]. സർവ്വാധികാരത്തിനായുള്ള ആഗ്രഹം ആ സംഘടനയിലെ എല്ലാവരിലേക്കും കൈമാറ്റം ചെയ്യപ്പെടാം, തങ്ങൾ പുറത്തുള്ള മറ്റുള്ളവരെക്കാൾ ഉയർന്നവരാണെന്നു തോന്നും. ഗുരുക്കന്മാർക്ക് ചുറ്റുമുള്ളവർ പലപ്പോഴും തങ്ങളെ തിന്മയുടെ സമുദ്രത്തിലെ വിശുദ്ധിയുടെ ദ്വീപുകളായി സ്വയം സങ്കല്പിക്കുന്നു. ഈ അവസ്ഥയിൽനിന്ന് പുറത്തുവരുമ്പോൾ അവർ യഥാർത്ഥത്തിൽ ഈ ലോകത്തിൽത്തന്നെയാണ് ഉണ്ടായിരുന്നത്, പുറത്തൊന്നുമല്ല എന്ന് തിരിച്ചറിയും.

വിശ്വാസത്തിന്റെ അനന്തരഫലങ്ങളിൽ ന്യായീകരണങ്ങളും ഉൾപ്പെടുന്നു. ഇവയിലൂടെ,

ഗുരുവിന്റെ പെരുമാറ്റങ്ങൾ അസംബന്ധമോ ഹാനികരമോ ആണെങ്കിലും അതിനെ സമർത്ഥിച്ചു ന്യായീകരിക്കും. ഭക്തന്റെ ന്യായവാദങ്ങൾ എല്ലായ്പ്പോഴും ഗുരുവിനെ പിന്തുണയ്ക്കുന്നതും അത് ഭക്തന് ഹാനികരമായിത്തീരുകയും ചെയ്യും. വിശ്വാസത്തെ ശക്തിപ്പെടുത്തുന്നതിനും ചോദ്യം ചെയ്യലിൽനിന്നും വിവേചനാധികാരത്തിൽനിന്നും വിമർശനാത്മക കണ്ണിൽനിന്നും സംരക്ഷിക്കുന്നതിനും സഹായിക്കുന്ന ഒരു സംവിധാനമാണ് ന്യായീകരണം.

അടിസ്ഥാനപരമായി, ഒരു ഗുരുവിലുള്ള വിശ്വാസത്തിന്റെ പ്രശ്നം അവരുടെ ദൈവീകരണത്തിൽനിന്നാണ് ഉണ്ടാകുന്നത്. ആത്മീയാചാര്യൻ ഒരു മനുഷ്യനാണെന്നും അതിനാൽ അയാൾക്ക് അല്ലെങ്കിൽ അവൾക്ക് ബലഹീനതകളോ കുറവുകളോ ഉണ്ടായിരിക്കുമെന്നും ഓർമ്മയുണ്ടായിരിക്കണം. ഗുരുക്കന്മാരിൽ തെറ്റുകൾ തിരഞ്ഞാൽ നമുക്ക് തെറ്റുകൾ കണ്ടെത്താം, ഗുരുവിനെയല്ല. അതിനാൽ, ആ വ്യക്തിയെ ഒരു മനുഷ്യൻ എന്നതിനപ്പുറം അയാളുടെ ഗുണങ്ങൾ, നേട്ടങ്ങൾ, വിജയങ്ങൾ എന്നിവയിൽനിന്നൊക്കെ പ്രചോദനമുൾക്കൊണ്ട്, എങ്ങനെ നോക്കിക്കാണണമെന്നു നാം മനസ്സിലാക്കണം. ഒരു ഗുരുവിന്റെ മുന്നിൽ വിവേകബുദ്ധി പാടില്ലെന്ന് ആരും പറഞ്ഞിട്ടില്ല.

യഥാർത്ഥ ആത്മീയഗുരുക്കന്മാർ ഒരാൾ സങ്കല്പിക്കുന്നതിലും വളരെ വിരളമാണ്. നാം കണ്ടതുപോലെ, തികഞ്ഞ ആത്മീയഗുരു എന്ന് വിളിക്കപ്പെടുന്ന സമ്പൂർണ്ണസങ്കല്പത്തിന്റെ അപകടത നാം മനസ്സിലാക്കണം. ഈ വേർപിരിയൽ അല്ലെങ്കിൽ മാറ്റം എന്ന സംഭവം അത്ര പരിതാപകരമായതല്ലെന്ന് തിരിച്ചറിയണമെങ്കിൽ നിങ്ങളുടെ ഈ ആത്മീയയാത്രയെ മുഴുവനായും ഒന്നു മാറിനിന്ന് അല്ലെങ്കിൽ ഒരു കഴുകനെപ്പോലെ ഉയരത്തിൽനിന്ന് നോക്കിക്കാണണം. നിങ്ങളെ കബളിപ്പിക്കുകയോ, ദുരുപയോഗം ചെയ്യുകയോ, ഉപയോഗിക്കുകയോ

ചെയ്തതായി നിങ്ങൾക്ക് തോന്നുന്നുവെങ്കിൽ, നിങ്ങൾ ആ പ്രവർത്തനരീതി മനസ്സിലാക്കുകയും നിങ്ങളുടെ തെറ്റുകൾ അംഗീകരിക്കുകയും അവയിൽനിന്ന് പഠിക്കുകയും അതിനുശേഷം തുടരുകയും വേണം. അംഗീകരിക്കുക എന്നത് പകുതി പരിഹാരമാണ്. അതിൽ പല സാമൂഹികവെല്ലുവിളികളെയും നേരിടേണ്ടിവരും: 'വിശ്വാസി' എന്ന് തരംതാഴ്ത്തൽ, വിമർശനം, സുഹൃത്തുക്കളെ മനസ്സിലാക്കാനുള്ള കഴിവില്ലായ്മ, ബന്ധങ്ങളുടെ വിള്ളൽ, എന്നിങ്ങനെ. അതേസമയം, ഇതുവരെയുള്ള നമ്മുടെ ആത്മീയയാത്രയിൽ ഒപ്പമില്ലാതിരുന്ന സുഹൃത്തുക്കളുമായി വീണ്ടും ഒന്നിക്കുന്നതിനും സാഹചര്യം ഉണ്ടാകുന്നു. ഈ വേർപിരിയൽ തൊഴിൽപരമായ മാറ്റത്തിനും കാരണമാകും. ഏത് സാഹചര്യത്തിലും, നിങ്ങളുടെ കംഫർട്ട് സോണിന് പുറത്ത് സ്വയം കണ്ടെത്തുന്നതിന്റെ അനുഭവം, അത് എത്ര അസുഖകരമായാലും, നെഗറ്റീവ് ആയിരിക്കണമെന്നില്ല.

രണ്ടാം നൂറ്റാണ്ടിലെ ടിബറ്റൻ തത്ത്വചിന്തകനും സന്യാസിയുമായ നാഗാർജ്ജുന (ഇന്ത്യയിലെ ഇന്നത്തെ ആന്ധ്രാപ്രദേശിൽ 8,000 സന്യാസിമാരുള്ള ആശ്രമത്തിന്റെ മഠാധിപതി) വിശ്വാസങ്ങളുടെ ആവശ്യകതയെക്കുറിച്ച് നന്നായി മനസ്സിലാക്കിയിരുന്നെങ്കിലും അവ നഷ്ടപ്പെടുത്തുന്ന സമയത്തെയും ഊർജ്ജത്തെയും കുറിച്ചുകൂടി ബോധവാനായിരുന്നു. അദ്ദേഹത്തിന്റെ ബുദ്ധിപരമായ സൂത്രവാക്യം ഇതായിരുന്നു: "നിങ്ങൾക്ക് എന്താണോ വേണ്ടത് അതിൽ വിശ്വസിക്കുക, എന്നാൽ അതിനോട് മമത പാടില്ല!" ആപേക്ഷികമായ കാര്യങ്ങളെ മുഖവിലയ്ക്കെടുക്കുന്നതാണ് മനുഷ്യകുലത്തിന്റെ ഏറ്റവും വലിയ പിഴവ് എന്ന് അദ്ദേഹം മനസ്സിലാക്കി.

നമ്മുടെ ആദ്ധ്യാത്മികഗുരുക്കന്മാരോട് നാം ബഹുമാനം നിലനിർത്തിയാലും, നമ്മുടെ ലക്ഷ്യം സ്വാതന്ത്ര്യവും സ്വാശ്രയവുമാണ്. തങ്ങൾക്ക് ആരും വേണ്ടെന്നു

കരുതുന്നവർ, ആരെങ്കിലുമില്ലാതെ ഒന്നും ചെയ്യാൻ കഴിയില്ലെന്ന് കരുതുന്നവർ: ഇത് രണ്ടും അന്ധതയാണ്. ഇതിന് രണ്ടിനുമിടയിൽ ഒരു വഴിയുണ്ട്; നടുവിലുള്ള ഈ വഴി രാജപാതയാണ്; സ്വയം തിരിച്ചറിയുക എന്നതാണ് പ്രധാനം. ഗുരുവിൽനിന്നുള്ള വേർപിരിയലും ഇതിന് വേണ്ടിയാണ്. മറ്റൊരു ഗൈഡിന്റെ ആവശ്യം തോന്നിയാൽ, നാം കണ്ടെത്തിയിരിക്കും. വ്യക്തിബന്ധങ്ങളിലെന്നപോലെ, നമ്മുടെ സന്തോഷത്തിന്റെ ഉത്തരവാദിത്വം മറ്റുള്ളവരെ ഏല്പിച്ച്, സങ്കടം വരുമ്പോൾ മറ്റൊരാളെ ആശ്രയിക്കാതെ, നമ്മുടെ സ്വന്തം സത്ത കണ്ടെത്തുന്നതുവരെ കാത്തിരുന്ന്, ആ ഒരു മാനസികപകത കൈവരിച്ച ശേഷം മാത്രം മുന്നോട്ടുപോകുന്നതാണ് നല്ലത്.

# രണ്ടാം ഭാഗത്തിന്റെ ഉപസംഹാരം

ഇതിൽ നിന്നെല്ലാം എന്താണ് നാം മനസ്സിലാക്കേണ്ടത്? എന്ത് ഉപദേശമാണ് നൽകേണ്ടത്? പാരമ്പര്യത്തെ അതിന്റെ സത്ത മനസ്സിലാക്കാൻ മാത്രം ഉപയോഗിക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇതുവരെ പറഞ്ഞത് നമുക്ക് വേഗത്തിൽ ഒന്ന് അവലോകനം ചെയ്യാം.

1. ഒരാൾ സ്വയം ആത്മീയാന്വേഷകൻ എന്ന് വിളിക്കുമ്പോൾ, കണ്ടെത്തൽ എന്ന ആശയം അത്യന്താപേക്ഷിതമാണ് (അധ്യായം 2). ഒരു ആത്മീയ ഗ്രൂപ്പിന്റെ സാധൂകരണം, സാമൂഹിക അംഗീകാരം നമുക്ക് നോക്കേണ്ടതില്ല കാരണം അതിന് ആത്മീയതയുമായി ഒരു ബന്ധവുമില്ല.
2. നമുക്ക് വാക്കുകളുടെയും ആശയങ്ങളുടെയും ആഴമേറിയ അർത്ഥങ്ങൾ പഠിക്കുകയും ശരിയാക്കിയെടുക്കുകയും ചെയ്യാം (അധ്യായം 3 മുതൽ 5 വരെ). അതിനായി ഈ പുസ്തകം ഒരു പരിധിവരെ നിങ്ങളെ സഹായിച്ചിട്ടുണ്ടാകും. നിങ്ങൾക്ക് അറിയാത്ത മറ്റെന്തെങ്കിലും കാണുകയാണെങ്കിൽ, നിങ്ങളോടൊപ്പം ചിന്തിക്കാൻ കഴിയുന്ന, അറിവുള്ള ഒരാളുടെ അഭാവത്തിൽ, ഇന്റർനെറ്റിൽ ഗവേഷണം ചെയ്യുക; പദോൽപ്പത്തികൾ ഗവേഷണം ചെയ്യുക, ആഴത്തിലുള്ള അർത്ഥങ്ങളും അവ ഉപയോഗിച്ച സന്ദർഭവും മനസ്സിലാക്കുക; അഭിപ്രായങ്ങൾ തേടുക, ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ; ഉദ്ധരണികൾക്കായി തിരയുക, യഥാർത്ഥ ധർമ്മ

ശാസ്ത്രങ്ങൾ കണ്ടെത്തുക. ഇന്ന്, എല്ലാം കുറച്ച് ക്ലിക്കുകളിലൂടെ ലഭ്യമാണ്.

3. വ്യക്തിയുടെ എല്ലാ വശങ്ങളും (സാമൂഹികവും ശാരീരികവും വൈകാരികവും ബൗദ്ധികവുമായ) ഉൾക്കൊള്ളുന്ന ഒരു സമതുലിതമായ സമ്പ്രദായം നമുക്കുണ്ടാക്കാം. (അദ്ധ്യായം 6)
4. ഒരു ഗുരു എന്താണെന്നും അവർ യഥാർത്ഥത്തിൽ എന്തിനുവേണ്ടിയാണെന്നും ഓർമ്മിക്കുക. അവരെ വേർതിരിക്കുന്ന മാനദണ്ഡങ്ങൾ നമുക്ക് എപ്പോഴും ഓർക്കാം. ആചാര്യൻ, ഗുരു, ആത്മീയ ജ്യേഷ്ഠ സഹോദരൻ/ ജ്യേഷ്ഠ സഹോദരി എന്നിവരെയെല്ലാം തന്നെ വേർതിരിച്ച് കാണേണ്ടിയിരിക്കുന്നു. മറ്റെല്ലാം പരാജയപ്പെടുമ്പോഴും ആധികാരികമായി നിലനിൽക്കുന്ന പ്രാഥമിക ഗ്രന്ഥങ്ങളുടെ അടിസ്ഥാന തത്വങ്ങളിൽ നിന്ന് നമുക്ക് പ്രചോദിതരാകാം. യുഗങ്ങളിലൂടെയുള്ള ആ ആശയങ്ങളുടെ പരിണാമവും, ഇന്നത്തെപ്പോലെ അത് ഒരുപക്ഷെ മാറ്റത്തിന് വിധേയമായിരുന്നില്ല എന്ന വസ്തുതയും നമുക്ക് മനസ്സിലാക്കാം. രണ്ട് സഹസ്രാബ്ദങ്ങൾക്ക് മുമ്പ് ഗുരുവും ദൈവവും തമ്മിൽ ബന്ധിപ്പിച്ച സാംസ്കാരിക പശ്ചാത്തലവും ഓർക്കുക, ഗുരു മറ്റൊരു മനുഷ്യനാണെന്ന് നാം മറക്കരുത്.
5. ഒരു ഗുരുവിനെ സ്വീകരിക്കുന്നതിന് മുമ്പ്, കഴിയുമെങ്കിൽ ആ ഗുരുവിന്റെ ഗുരുപരമ്പര എന്താണെന്ന് പരിശോധിക്കേണ്ടതാണ്. (അദ്ധ്യായം 8)
6. ഗുരുവിനായുള്ള നമ്മുടെ അന്വേഷണം ശരിയാണെന്ന് ഉറപ്പ് വരുത്തുന്നതിനോടൊപ്പം, നമ്മുടെ ആത്മീയാന്വേഷണത്തിന്റെ പ്രചോദനങ്ങളും പരിശോധിക്കാം. ചാപല്യങ്ങൾ കണ്ടെത്താനും, പ്രശ്നങ്ങളുടെ ഉത്ഭവസ്ഥാനത്തുതന്നെ സ്വയം പ്രതിവിധി

നൽകാനും ശ്രമിക്കാം, ഇതൊരുതരം സൈക്കോതെറാപ്പ്യൂട്ടിക്ക് ജോലിയാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ വിശുദ്ധനായ അതിഥിയെ സ്വീകരിക്കുന്നതിനു മുമ്പ് ആദ്യം നമ്മുടെ വീട് വൃത്തിയാക്കാം. നമ്മുടെ പ്രചോദനങ്ങൾ ആരോഗ്യകരമാണെന്നും അവ നമ്മുടെ കുറവുകളിൽ നിന്ന് ഉത്ഭവിച്ചതല്ല എന്നും നമുക്ക് ഉറപ്പാക്കാം. അടിസ്ഥാനപരമായി ഇത് ഒരു പ്രണയബന്ധത്തിൽ നിന്ന് വ്യത്യസ്തമല്ല. നമുക്ക് എന്തെങ്കിലും കുറവുണ്ട് എന്ന തോന്നലിൽ നിന്ന് നമ്മുടെ സന്തോഷമില്ലായ്മയുടെ ഉത്തരവാദിത്തം മറ്റൊരാളിൽ നിക്ഷേപിച്ചുകൊണ്ടാണ് ബന്ധം തുടങ്ങുന്നതെങ്കിൽ, ആ ബന്ധം അസന്തുലിതമാവുകയും പരാജയപ്പെടാൻ വിധിക്കപ്പെടുകയും ചെയ്യും. ആരോഗ്യകരമായ ഒരു ബന്ധത്തിന്, ഓരോ പങ്കാളിയും സ്വന്തമായി പ്രയത്നിക്കണം, അവരുടെ സന്തോഷത്തിന് അവർ വ്യക്തിപരമായി ഉത്തരവാദികളാണെന്ന് അറിഞ്ഞിരിക്കണം. ഈ അടിസ്ഥാനത്തിലാണ് പങ്കാളികൾ തമ്മിലുള്ള ബന്ധം സമ്പന്നമാകുന്നത്. ഒരു ഗുരുവുമായുള്ള ബന്ധത്തിലേക്ക് തിരികെ വന്നാൽ, ഭ്രാന്തമായ ആസക്തി അസന്തുലിതാവസ്ഥയെ ശക്തിപ്പെടുത്തും. ആത്മീയത എല്ലാ രോഗങ്ങൾക്കും പരിഹാരമല്ല. മനഃശാസ്ത്രപരമായും നമ്മൾ സ്വയം പ്രവർത്തിക്കേണ്ടതുണ്ട്, അത് നമ്മെ ആ സവിശേഷവും എന്നാൽ ആവശ്യമുള്ളതുമായ ബന്ധത്തിന്റെ അനുയോജ്യരായ സ്വീകർത്താക്കളാക്കുന്നു, അതുവഴി ഒഴിവാക്കാവുന്ന നാശങ്ങളിൽ നിന്ന് നമ്മെ രക്ഷിക്കുന്നു. (അദ്ധ്യായം 9)

7. നമ്മെ പ്രചോദിപ്പിക്കുന്ന ഒരു ഗുരുവിനെ കണ്ടുമുട്ടുമ്പോൾ, നമ്മുടെ ആദർശങ്ങളുടെയും

പ്രതീക്ഷകളുടെയും ഭാരം അവരിൽ നിക്ഷേപിക്കരുത്, അവരെ ചുറ്റിപ്പറ്റിയുള്ള പ്രസംഗങ്ങളും സർക്കസും നമ്മെ ഉന്മത്തരാക്കരുത്, മറിച്ച് നമ്മെ സ്പർശിച്ചതും പ്രചോദിപ്പിച്ചതും നമ്മുടെ ആത്മീയ അന്വേഷണവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നും, ഇതുവരെയുള്ള നമ്മുടെ പരിശ്രമങ്ങൾ, നമ്മുടെ ഉദ്ദേശ്യം, നമ്മുടെ പാത എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നും മനസ്സിലാക്കുക. ഗുരു പ്രതിനിധീകരിക്കുന്നത് നമ്മുടെ ഉള്ളിൽ തന്നെയുള്ള ഏറ്റവും മികച്ച ഒന്നിനെയാണ്, നാം നേടാൻ ആഗ്രഹിക്കുന്ന, അനാവരണം ചെയ്യാനാഗ്രഹിക്കുന്ന ഒന്നിനെയാണ് എന്ന് എപ്പോഴും ഓർക്കുക. നമുക്ക് ആരോഗ്യകരമായ കരുതൽ സൂക്ഷിക്കാം, കാരണം എന്തും സാധ്യമായ വളരെ മോശപ്പെട്ട ഒരു കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. അതിന്റെ ദോഷഫലങ്ങളിൽ നിന്ന് ആരും ഒഴിവാക്കപ്പെടുന്നില്ല. ബലഹീനതയും അഴിമതിയും മനുഷ്യസ്വഭാവത്തിന്റെ അവിഭാജ്യ ഘടകമാണ്. (അദ്ധ്യായം 11)

8. പാരമ്പര്യത്തിന്റെ അടിസ്ഥാന തത്വങ്ങളിലും അഹങ്കാരത്തിനപ്പുറമുള്ള വെളിച്ചത്തിലും നമ്മുടെ വിശ്വാസം ശക്തിപ്പെടുത്താൻ നമുക്ക് സ്വയം പഠിക്കാം (അധ്യായം 5). വിശ്വാസങ്ങൾ, അന്ധവിശ്വാസങ്ങൾ, അധാർമ്മികമായ പെരുമാറ്റത്തെ ന്യായീകരിക്കാൻ ശ്രമിക്കുന്ന ആസൂത്രണങ്ങൾ, ന്യായീകരിക്കൽ എന്നിവയിൽ നിന്ന് നമുക്ക് അകലം പാലിക്കാം. പകരം നമ്മുടെ വിവേചനാധികാരത്തെ ഉപയോഗിക്കാൻ ശ്രമിക്കാം (അദ്ധ്യായം 10)
9. നമുക്ക് മനഃശാസ്ത്രപരമായി പ്രവർത്തിക്കുകയും നമ്മുടെ ഭൂതകാലത്തിൽ നിന്നും മോചിതരാരാവുകയും ചെയ്യാം, കാരണം

ഭൂതകാലത്തിൽ തന്നെ ഉറച്ചുനിന്നാൽ നമുക്ക് വർത്തമാനത്തിൽ സ്വതന്ത്രമായി പ്രവർത്തിക്കാൻ “കഴിയില്ല”. (അദ്ധ്യായം 12)

10. വേർപിരിയൽ സംഭവിക്കുമ്പോൾ, നമ്മെ ഗുരുവിലേക്ക് എത്തിച്ചത് മറ്റാരുമല്ല, നമ്മൾ തന്നെയാണെന്ന് ഓർക്കുക. നമ്മെ നാമാക്കി മാറ്റിയ, നമ്മുടെ സ്വന്തമായ, നാം നമ്മിൽത്തന്നെ വളർത്തിയെടുത്ത ആന്തരിക മൂല്യം വീണ്ടെടുക്കാൻ നമുക്ക് പഠിക്കാം. (അധ്യായം 13).

# ഉപസംഹാരം

എന്റെ യാത്രയിൽ നിന്ന് ഞാൻ മനസ്സിൽ സൂക്ഷിക്കുന്നത് ഇന്ത്യയുടെ അസാധാരണമായ സമ്പത്തും വൈവിധ്യവും ഉദാരതയും അതിന്റെ സംസ്കാരത്തെയും ജ്ഞാനത്തെയും ആത്മീയതയെയും കുറിച്ചുള്ള ബഹുമാനവും അതോടൊപ്പം അതിന്റെ തനതായ ഗുരുപാരമ്പര്യത്തിന്റെ ചൈതന്യവുമാണ്. എന്നിരുന്നാലും, ഈ പാരമ്പര്യങ്ങളുടെ സ്വാതന്ത്ര്യവും സമൃദ്ധിയും നിരവധി അപകടസാധ്യതകൾ ഉൾക്കൊള്ളുന്നതാണ്.

എന്റേത് ഒരു അസാധാരണമായ യാത്രയായിരുന്നു. യൂറോപ്പിൽ എന്റെ കൗമാരത്തിന്റെ അവസാനത്തിൽ യോഗയുടെ കണ്ടെത്തൽ മുതൽ, പല ദേശങ്ങളിലൂടെയുള്ള യാത്രകൾവരെ, വിവിധ പ്രതിഭകളുമായുള്ള കണ്ടുമുട്ടൽ മുതൽ A യോടൊപ്പമുള്ള സാഹസികതകളിലേക്കും, വേർപിരിയലിന്റെ ഹൃദയഭേദകമായ അനുഭവം മുതൽ എന്റെ പുനർനിർമ്മാണത്തിലേക്കും പിന്നീടുള്ള കണ്ടുമുട്ടലുകളും അനുഭവങ്ങളും ഒക്കെ സന്തുലിതവും വിശാല ചിന്താഗതിയുള്ളതും, ഇന്ന് എനിക്ക് കൈവന്നിട്ടുള്ള പക്വതയുള്ള കാഴ്ചപ്പാടിലേക്ക് എത്തിച്ചേരുവാനും ആയിരുന്നു എന്ന് ഞാൻ വിശ്വസിക്കുന്നു.

ഇത് എല്ലായ്പ്പോഴും എളുപ്പമുള്ള ഒരു യാത്ര ആയിരുന്നില്ല, ചില സമയങ്ങളിൽ ഒരു റോളർകോസ്റ്ററിൽ എന്നപോലെ ആയിരുന്നെങ്കിലും, ഈ സാഹസികയാത്ര ഒരു ജന്മത്തിൽ നിരവധി ജീവിതങ്ങൾ എന്നപോലെ ജീവിക്കാൻ എന്നെ പ്രേരിപ്പിച്ചു: തത്വചിന്തകരെ പഠിക്കുകയും പ്രായോഗിക മാർഗനിർദ്ദേശം തേടി

വടക്കൻ യൂറോപ്പിൽ അലഞ്ഞുതിരിയുകയും ചെയ്തു; ഉപജീവനം നേടുന്നതിനിടയിൽ തെക്കൻ യൂറോപ്പിൽ ഒരു ഉപദേഷ്ടാവിനൊപ്പം ആത്മീയപഠനം തുടരുകയും ഇന്ത്യയിലേക്ക് പതിവായി യാത്ര ചെയ്യുകയും ഗുരുക്കന്മാരെ കാണുകയും ആശ്രമങ്ങളിൽ താമസിക്കുകയും ചെയ്തു; പാശ്ചാത്യരെ വിട്ട് ഇന്ത്യയിൽ ഒരു സ്വതന്ത്ര പരിവ്രാജകനാകാൻ; ദക്ഷിണേന്ത്യയിൽ ഒരു ഗുരുവിനോടൊപ്പം വസിക്കുകയും പ്രതിജ്ഞയെടുക്കുകയും ചെയ്തു; അവരുടെ പ്രതിനിധിയായും വ്യാഖ്യാതാവായും യൂറോപ്പിലുടനീളം സഞ്ചരിക്കുന്നു; ജോലി ഉപേക്ഷിക്കുക, സാധാരണക്കാരനാകുക, വിവാഹിതനായി ജീവിക്കുക, അദ്ധ്യാപനം തുടരുക; മറ്റ് ഗുരുക്കന്മാരെയും ചിന്തകരെയും രോഗശാന്തിക്കാരെയും കണ്ടുമുട്ടുകയും സ്വയം പുതിയ സമീപനങ്ങൾ കണ്ടെത്തുകയും ചെയ്യുക; വേർപെടുത്തുക, ജനീവയിലേക്ക് മാറുക, മാനുഷിക, വികസന മേഖലയിൽ പ്രവർത്തിക്കുക എന്നിങ്ങനെ. നിരവധി പുതിയ തുടക്കങ്ങളും ചുറ്റുപാടുകളും. അതിനുശേഷം ഇപ്പോൾ എല്ലാത്തിൽനിന്നും വിരമിച്ചിരിക്കുന്ന ഈ അവസരത്തിൽ അനുഭവങ്ങളുടെ ഈ നിരയും, ആത്മീയതയും ഐഹികതയും തമ്മിൽ അനുരഞ്ജനത്തിനായുള്ള അക്ഷീണമായ അന്വേഷണവും, അവസാനം പഠനകാലത്തെ ആശ്രിതത്വത്തിൽ നിന്നും സ്വയം നയിക്കാനും സ്വാശ്രയത്തിലേക്കുമുള്ള ഈ പരിണാമം തന്നെയാണ് അവസാനം നേടിയത്.

ആത്മീയപാതയുടെ ഔപചാരികവശം വളരെക്കാലമായി ഉപേക്ഷിച്ചതിനാൽ, അവശേഷിക്കുന്നത് അതിന്റെ പ്രധാന സത്തയാണ്: അതായത് അവബോധത്തിന്റെ ജാഗ്രത, ചെറിയ കാര്യങ്ങളിൽ ശ്രദ്ധ, കാരുണ്യത്തിന്റെയും സേവനത്തിന്റെയും അനിവാര്യത, എന്നെയും മറ്റുള്ളവരെയും ബഹുമാനിക്കുക, എന്നെ നേർവഴിക്ക് നയിക്കുന്നതിന്റെയും സ്വാതന്ത്ര്യത്തിന്റെയും ഉത്തരവാദിത്തം സ്വയം നിർവഹിക്കുക എന്നിവ.

അവസാനമായി, അറിവിലുള്ള താൽപ്പര്യം, പാരമ്പര്യങ്ങളുടെ യഥാർത്ഥമായ ഉദ്ദേശ്യം മനസ്സിലാക്കുക, നാനാത്വത്തിൽ ഏകത്വം കണ്ടെത്തുക എന്നിവ ഇന്നും എന്നെ അനുഗമിക്കുന്നു. ഈ സാക്ഷ്യത്തിന്റെ പ്രത്യേകത എന്തെന്നാൽ അത് സാധ്യമാക്കിയ പിന്നാമ്പുറക്കാഴ്ചകളാണ്. ഒരു ഗുരുവിൽ സമർപ്പിക്കുകയും, എന്നിൽ അവിഹിതമായ സ്വാധീനം ചെലുത്താൻ അനുവദിക്കുകയും ചെയ്തത് എന്നെ എന്റെ സ്വത്വത്തിലേക്ക് കൂടുതൽ അടുപ്പിച്ചു, പക്ഷേ അതിന് ഞാൻ വലിയ വില നൽകേണ്ടി വന്നു. അരനൂറ്റാണ്ട് മുമ്പ് ഞാൻ ആത്മീയ യാത്ര ആരംഭിച്ചപ്പോൾ, അതിന്റെ പരിണാമം ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. ഒരു പ്രത്യേക ഘട്ടത്തിൽ, അത് യുക്തിപരമായ മാർഗ്ഗത്തിൽ തെളിഞ്ഞുവരുമെന്ന് ഞാൻ പ്രതീക്ഷിച്ചപ്പോൾ, അത് തികച്ചും വ്യത്യസ്തമായ വഴിയിലേക്ക് തിരിയുകയും ചെയ്തു. എന്നെ ആദ്യം മുതലെ പ്രേരിപ്പിച്ച അർത്ഥം കണ്ടെത്തുന്നത് ഇവിടെ ഇപ്പോഴാണ്, ഒരു ആശയത്തിലോ മാതൃകയിലോ അല്ല. എന്തായാലും, ജാഗ്രതയോടെയും ഉൾക്കാഴ്ചയോടെയും ഇടപെടുന്ന ഒരു പ്രബുദ്ധമായ സമീപനം, ചെയ്തത് തന്നെ വീണ്ടും ചെയ്യുന്നതിൽ നിന്ന് എന്നെ രക്ഷിക്കുമായിരുന്നു.

"എനിക്ക് അറിയില്ലായിരുന്നു!" എന്ന് ഇനിയാരും പറയാൻ ഇടവരരുത്. നമ്മുടെ പ്രചോദനം ആരായാലും, നമ്മുടെ തനതായ പാത ഏത് വിധത്തിൽ ചുറ്റിത്തിരിഞ്ഞാലും, അത് നമുക്കറിയുന്ന ഒരു യാത്രയാകട്ടെ, നമ്മെ സമ്പന്നമാക്കുന്നതും ശാക്തീകരിക്കുന്നതുമായ ഒന്ന്, ഉള്ളിലും പുറത്തും സ്വയം നയിക്കാൻ സ്വാതന്ത്ര്യം നൽകുന്ന പഠനരീതിയെ ഉൾക്കൊള്ളുന്ന ഒന്ന്. നാമെല്ലാവരും യഥാർത്ഥത്തിൽ അന്വേഷിക്കുന്നത് ഈ ജന്മത്തിൽ തന്നെ കണ്ടെത്തുവാൻ കഴിയട്ടെ.

# അനുബന്ധം (Appendix) 1, 2 & 3.

## 1. അടിക്കുറിപ്പുകൾ, ഉറവിടങ്ങൾ& ആർക്കൈവ് (ചരിത്രരേഖകൾ ക്രമീകരിച്ച് സൂക്ഷിക്കുന്ന സ്ഥലം)

ഇന്റർനെറ്റിലെ വിവരങ്ങൾ പൊതുവായതും എല്ലാവർക്കും ലഭ്യമാകുന്നതുമാണെങ്കിലും, അത് അസ്ഥിരവും ഏത് നിമിഷവും മാറാനോ അപ്രത്യക്ഷമാകാനോ സാധ്യതയുണ്ട്. വിവരങ്ങൾ അപ്ഡേറ്റ് ചെയ്തു, പേജുകൾ പുനഃസംഘടിപ്പിച്ചു. പറയുന്നത് പ്രസക്തമായിരിക്കണം എന്നുള്ളതുകൊണ്ട്, വാദങ്ങളുടെ അടിസ്ഥാനം സംരക്ഷിക്കുവാൻ തുടക്കത്തിൽ കണ്ടെത്തിയ വിവരങ്ങളുടെ പകർപ്പുകൾ പരമപ്രധാനമാണ്.

ഇംഗ്ലീഷ് പതിപ്പിലും ഫ്രഞ്ച് പതിപ്പിലും* ഉള്ള അടിക്കുറിപ്പു- കളുടെയും ഞങ്ങളുടെ ഫയൽ റിസോഴ്സ് ഫോൾഡറിൽ ഉള്ള അനുബന്ധ ഫയലുകളുടെയും സൂചികയാണ് താഴെ. രണ്ടാമത്തേതിൽ എല്ലാ സ്ക്രീൻഷോട്ടുകളും അടങ്ങിയിരിക്കുന്നു. മെറ്റീരിയൽ വളരെ വലുതായിരിക്കുമ്പോഴെല്ലാം PDF ആക്കിയിട്ടുണ്ട്. പ്രസക്തമായ പകർപ്പവകാശ വിവരങ്ങളും ചേർത്തിട്ടുണ്ട്.

*ഇംഗ്ലീഷ് പതിപ്പിന്റെ വിവർത്തനമാണ് മലയാളം പതിപ്പ്

Concordance: http://tiny.cc/footnote-index

File resource: http://tiny.cc/TAE-Resources

സാഹചര്യങ്ങൾക്കനുസരിച്ച്, ഈ ലിങ്കുകൾ മാറ്റത്തിന് വിധേയമായേക്കാം. അപ്ഡേറ്റ് ചെയ്ത വിവരങ്ങൾക്ക് ദയവായി പുസ്തകത്തിന്റെ ബ്ലോഗ്/വെബ്സൈറ്റ് കാണുക: www.theammaempire.com

## 2. ബ്ലോഗും സോഷ്യൽ നെറ്റ്‌വർക്കുകളും

ഈ പുസ്തകം തീർച്ചയായും കൂടുതൽ ചോദ്യങ്ങൾ ഉന്നയിക്കുകയും ചർച്ചകൾ സൃഷ്ടിക്കുകയും ഒരുപക്ഷേ സംവാദങ്ങൾ ഉണ്ടാക്കുകയും ചെയ്യും. അതിനാൽ, കൂടുതൽ ലേഖനങ്ങളും അഭിപ്രായങ്ങളും വിശദാംശങ്ങളും പ്രസിദ്ധീകരിക്കുന്നതിനായി ഞാൻ ഒരു ബ്ലോഗ് സൃഷ്ടിച്ചു: www.theammaempire.com കൂടാതെ അതേ പേരിൽ ഒരു Facebook പേജും: www.facebook.com/theammaempire. (ഗെയിലിന്റെ പുസ്തകം പ്രസിദ്ധീകരിച്ചതിന് ശേഷം പൊട്ടിപ്പുറപ്പെട്ട ഡിജിറ്റൽ യുദ്ധത്തിലൂടെ, വ്യാജ പേജുകൾ പ്രതീക്ഷിക്കാം, അതിനാൽ ജാഗ്രത ആവശ്യമാണ്.)

## അസോസിയേറ്റീവ്

അതിനുപുറമെ, എന്റെ സ്വിസ് സെക്യുലർ, ഇൻഡിപെൻഡന്റ് അസോസിയേഷൻ “ഉഷഗ്രാം സൂയിസ്” വഴി അധഃസ്ഥിതർക്കും അഭയാർത്ഥികൾക്കും വേണ്ടിയുള്ള എന്റെ പ്രവർത്തനങ്ങളിൽ പങ്കെടുക്കാനോ പിന്തുണയ്ക്കാനോ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, അതിന്റെ വെബ്‌പേജും www.ushagram-suisse.org എന്ന പേജും അതിന്റെ Facebook പേജും ഇവിടെ കാണാം. https//www.facebook.com/ushagram.suisse .

# Notes

[←1]

Vigne Jacques, Le maître et le thérapeute, Editions du Relié, new edition 2011

[←2]
http://jacquesvigne.org/

[←3]
https://youtu.be/O82lIyYSmuo

[←4]

Ch. 7, “The organisation’s nr. 2”, footnote.

[←5]
https://gailtredwell.com/

[←6] https://ushagram-suisse.org/en/our-action/

[←7]

ഈ ജീവചരിത്രത്തിന്റെ ഉല്പത്തിയെക്കുറിച്ച് ഞാൻ അല്പം ആഴത്തിൽ ചിന്തിക്കുന്നെങ്കിൽ, അതിനു കാരണം, ജീവചരിത്രത്തിന്റെ ചില പതിപ്പുകളിൽ നിന്ന് ഞാൻ അപ്രത്യക്ഷനായിട്ടുണ്ടെങ്കിലും, പിന്നീടുള്ള പതിപ്പുകളിൽ അത്ഭുതകരമായി വീണ്ടും പ്രത്യക്ഷപ്പെട്ടത്തിന്റെ കാരണമോ സാഹചര്യമോ എനിക്കറിയില്ല- ഇതിനെക്കുറിച്ചു ഞാൻ പിന്നീട് കൂടുതൽ വിശദമായി പറയാം- തീർച്ചയായും ഞാൻ, ശോഭനമായ ഭാവി വാഗ്ദാനം ചെയ്ത ആദ്യത്തെ കുറച്ചുപേരിൽ ഒരാളും ഏറ്റവും അടുപ്പമുള്ളയാളുമായിരുന്നു, പ്രത്യേകിച്ച് ഒരു യൂറോപ്യൻ പ്രതിനിധി എന്ന നിലയിൽ. കാരണം ഞങ്ങൾ പ്രസ്ഥാനത്തിന്റെ മൂന്ന് തൂണുകളും പ്രധാന പ്രതിനിധികളുമായിരുന്നു: ഇന്ത്യൻ (ബാലു), അമേരിക്കൻ (നീലു), യൂറോപ്യൻ (ഗംഗ, രചയിതാവ്).

[←8]

ചർച്ചകൾ, സംഭാഷണങ്ങൾ, ധ്യാനം, മന്ത്രം കൂടാതെ/ അല്ലെങ്കിൽ നിശബ്ദത എന്നിവയാൽ പ്രബുദ്ധമായ ആത്മീയ കൂട്ടായ്മകളും മീറ്റിംഗുകളും.

[←9]

Clinical definition: fusion-rejection ambivalence

[←10]

ഈ ടെലിഫോൺ സംഭാഷണം റെക്കോർഡ് ചെയ്യാനുള്ള മനസ്സ് എനിക്കുണ്ടായിരുന്നു. അത് ഞാൻ സൂക്ഷിച്ചു വച്ചിട്ടുമുണ്ട്.

[←11]

ഇത് വെറുതെ പറയുന്ന വാക്കുകളല്ല. യഥാർത്ഥ സംഭവങ്ങൾ, പറഞ്ഞ വാക്കുകൾ, എടുത്ത തീരുമാനങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയുള്ള എണ്ണിയാലൊടുങ്ങാത്ത കഥകൾ ഗെയിലിന്റെ ഓർമ്മയിലും എന്റെ മനസ്സിലും നങ്കൂരമിട്ടിരിക്കുന്നു. ഞങ്ങൾ എല്ലാം രേഖപ്പെടുത്തിയിട്ടുണ്ട്. അവ വെളിപ്പെടുത്താൻ ഞങ്ങൾ നിർബന്ധിതരാകുന്ന തരത്തിൽ സമ്മർദ്ദം ചെലുത്തിയില്ലെങ്കിൽ എല്ലാവർക്കും കൊള്ളാം.

[←12]

അവർ കൃഷ്ണന്റെയോ ദേവിയുടെയോ വേഷത്തിൽ വരുന്ന മോഹനിദ്രാവസ്ഥ. ഈ പ്രതിഭാസത്തെ വിശദീകരിക്കുന്ന ഒരു എത്നോളജിക്കൽ പഠനത്തെക്കുറിച്ച് എനിക്കറിയില്ല. ഗെയിലിന്റെയും എന്റെയും അനുഭവത്തിൽ നിന്ന്, ഭക്തിഗാനങ്ങൾ പാടുമ്പോൾ അവരുടെ ഭാവം മാത്രമല്ല, മുഖത്തിന്റെ ആകൃതിയും ശബ്ദവും മാറുമായിരുന്നു. പിന്നീട്, വിദേശ പര്യടനങ്ങളും പ്രധാനഹാളിലെ ക്ഷേത്ര നിർമ്മാണവും ആയപ്പോൾ, അവർ കൃഷ്ണഭാവം ഉപേക്ഷിച്ച്, തന്റെ സാധാരണ സ്വഭാവത്തോട് സാദൃശ്യമുള്ള ദേവീഭാവത്തിലേക്ക് സ്വയം പരിമിതപ്പെടുത്തി.

[←13]

A യുടെ ശിഷ്യനായിരുന്നു ചന്ദ്രു. ഞങ്ങൾ അവരെ കാണുന്നതിന് മുമ്പ് ഞങ്ങളുടെ ആദ്യത്തെ കോൺടാക്റ്റ് അദ്ദേഹമായിരുന്നു. ബോംബെയിലെ ചിന്മയ മിഷനിൽ വേദാന്തവും വേദഗ്രന്ഥങ്ങളും പഠിച്ചുകൊണ്ടിരുന്ന അദ്ദേഹം പിന്നീട് പഠിച്ച കാര്യങ്ങൾ ഞങ്ങളെയും പഠിപ്പിച്ചു. ഏറ്റവുമാദ്യം പ്രഥമ ശിഷ്യന്മാർക്ക് ബ്രഹ്മചര്യ ദീക്ഷ (മഞ്ഞ വസ്ത്രം) നൽകിയതും അദ്ദേഹമാണ്. നമുക്ക് പിന്നീട് കാണാനാകുന്നതുപോലെ, അദ്ദേഹം സംഘടനയുടെ തുടക്കത്തിലെ ഒരു പ്രധാന കഥാപാത്രമായിരുന്നു, പക്ഷേ അദ്ദേഹത്തെ ജീവചരിത്രത്തിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു. അദ്ദേഹം തീർച്ചയായും ഞങ്ങളിൽ ഒരാളായിരുന്നുവെങ്കിലും, ചിന്മയ മിഷന്റെ പേരിൽ പഠിപ്പിക്കാൻ അദ്ദേഹം ബാധ്യസ്ഥനായിരുന്നു, കൂടാതെ സ്വന്തം പട്ടണത്തിൽ സ്വന്തമായി ഒരു ചെറിയ കേന്ദ്രമുണ്ടായിരുന്നു.

[←14]
അദ്വൈത വേദാന്തത്തിൽ നിന്ന്

[←15]
ഫ്രഞ്ച് ഭാഷയിലുള്ള ലഘുലേഖയിൽ നിന്ന് വിവർത്തനം ചെയ്തത്

[←16]

മോഹങ്ങളുടെ പൂർത്തീകരണത്തിനോ സംഭവങ്ങൾ തടയാനോ ഭൗതിക ഇടപെടലുകളില്ലാതെ പ്രശ്നങ്ങൾ പരിഹരിക്കാനോ ഉള്ള മനസ്സിന്റെ ശക്തി അവകാശപ്പെടുന്ന ഒരു ആവിഷ്ക്കാരമാണ് മാന്ത്രിക ചിന്ത.

[←17]
എല്ലാ ആരാധനാ സമ്പ്രദായങ്ങളിലും ഇതുപോലുള്ള ചില വ്യവസ്ഥിതികൾ കാണപ്പെടാറുണ്ട്.

[←18]

പരമ്പരാഗതമായി, മറ്റുള്ളവരുടെ ഇടയിൽ, സന്ന്യാസം കർശനമായ ബ്രഹ്മചര്യവും ഇന്ദ്രിയനിഗ്രഹവും സൂചിപ്പിക്കുന്നു

[←19]

https://amritavirtualacademy.com

*ഇവിടം മുതൽ, അടിക്കുറിപ്പുകളിൽ നൽകിയിരിക്കുന്ന ലിങ്കുകൾ മാറുകയോ അസാധുവാകുകയോ അല്ലെങ്കിൽ അവയുടെ ഉള്ളടക്കം പരിഷ്ക്കരിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, ദയവായി പുസ്തകത്തിന്റെ അവസാനഭാഗത്തുള്ള "അടിക്കുറിപ്പുകളും അവലംബങ്ങളും" എന്ന അനുബന്ധം പരിശോധിക്കുക.*

[←20]

പറഞ്ഞുവരുന്നത്, ഇത് പൂർണ്ണമായും തെറ്റല്ല, ഒരുപക്ഷേ ഇവിടത്തെ ഉദ്ദേശം അതല്ലെങ്കിലും, കാരണം എ. വ്യാകരണപരമായും വാക്യഘടനയിലും ശരിയായ മലയാളം സംസാരിക്കാറില്ല. മലയാളം മാതൃഭാഷയായുള്ള ആളുകൾക്ക് പോലും എ യുടെ സംസാരത്തിന്റെ ഭാവങ്ങളും കുറുക്കുവഴികളും പൂർണ്ണമായി മനസ്സിലാക്കാൻ സമയം ആവശ്യമാണ്.

[←21] https://courses.amritavirtualacademy.com/collections?category=gardening വിഷയങ്ങൾ വിപുലീകരിച്ചതിനാൽ പേജ് മാറി, കോഴ്സിന്റെ പേരുകളും മാറി. യൂട്യൂബിൽ ഇപ്പോഴും ഇവ കണ്ടെത്താൻ കഴിയും.

[←22] https://www.amritatv.com/about.php

[←23] https://www.rediff.com/money/report/amma/20040728.htm

[←24]
https://www.mail-archive.com/fairfieldlife@yahoogroups.com/msg184853.html

[←25] https://www.indiantelevision.com/interviews/y2k6/executive/sudhakar_jayaram.htm

[←26] http://www.amritatech.com/about.html

[←27]
http://www.amritatech.com/services.html

[←28]

http://www.amritalife.com/ & https://web.archive.org/web/20200615164920/http://www.amritalife.com:80/amrita-life.html

[←29]
ചർമ്മത്തിലൂടെയും ദഹനവ്യവസ്ഥയിലൂടെയും വിഷവസ്തുക്കളെ പുറന്തള്ളുകയും ഇല്ലാതാക്കുകയും ചെയ്യുന്ന ചികിത്സകളിലൂടെ നിരവധി ആഴ്ചകൾ നീണ്ട, അഞ്ച്-ഘട്ട വിഷവിമുക്തമാക്കുന്ന പ്രക്രിയ നടത്തുന്നു.

[←30] https://www.tapatalk.com/groups/srfblacklist/amma-inc-borg108-t1736.html

[←31] https://drive.google.com/open?id=0B9WZKacY06_DcmNaV0NwNl8za0E (അനുബന്ധത്തിലെ ഞങ്ങളുടെ ആർക്കൈവിലും)

[←32] https://www.tapatalk.com/groups/srfblacklist/amma-inc-borg108-t1736.html

[←33] http://forum.culteducation.com/read.php?12,124116,page=7

[←34] https://www.indiamike.com/india/spirituality-and-religion-in-india-f54/sri-mata-amritanandamayi-t79527/2/#post765739

[←35] https://www.amritapuri.org/on/orphanage

[←36] https://www.amritapuri.org/activity/social/orphanage

[←37] https://amritaworld.org/amma/amma-timeline/amma-takes-over-paripally-orphanage/

[←38] https://www.rediff.com/news/2001/apr/16spec.htm

[←39] https://www.ucanews.com/story-archive/?post_name=/2001/03/26/communists-and-hindu-spiritual-woman-join-to-set-up-health-village&post_id=18119#

[←40] https://amritayoga.com/who-we-are/genesis-of-amrita-yoga-living-master/

[←41]
സൈഡ് നോട്ട്: ഈ വാക്ക് ലളിതമായും വ്യക്തമായും എഴുതുകയും ഉച്ചരിക്കുകയും ചെയ്യുന്നത് ഒരു “t” ഉപയോഗിച്ചാണ്, അല്ലാതെ “d” ഉപയോഗിച്ചല്ല, ചിലപ്പോൾ ഇത് മറ്റ് സംഘടനകൾ “dh” ഉപയോഗിച്ചാണ്. ഇവയെല്ലാം സംസ്കൃതത്തിലെ വ്യത്യസ്ത അക്ഷരങ്ങളാണ്.

[←42]

വിവാഹിതർക്ക് പോലും ബ്രഹ്മചര്യം ദൈവത്തിലേക്കുള്ള വഴിയാണെന്ന് എ. നിർദ്ദേശിച്ചു, അവർ ഈ ‘തെറ്റ്’ ചെയ്താൽ ശിക്ഷിക്കപ്പെടുകപോലും ചെയ്തു.

[←43]

1998-ൽ അവരിൽ ഒരാൾ തനിക്ക് ലൈംഗികരോഗം ബാധിച്ചതായി രേഖാമൂലം പരാതിപ്പെട്ടു. അത് ആരാണെന്ന് എനിക്കറിയാം, പക്ഷേ അദ്ദേഹത്തിന്റെ പേര് ഇവിടെ പരാമർശിക്കുന്നില്ല. കത്ത് വായിച്ചതിനുശേഷം, അവരുടെ മറ്റ് ചില "മക്കൾ" അറിയുമെന്ന് ഭയന്ന് കത്ത് കുളിമുറിയിൽ ഇട്ട് കത്തിച്ചു കളഞ്ഞു.

[←44]
നിഷ്കാമ കർമ്മം/ സേവനം

[←45]
https://gailtredwell.com/

[←46] https://www.tagesanzeiger.ch/zuerich/stadt/schwere-vorwuerfe-gegen-umarmerin-amma/story/27141074

[←47]
1.3 ബില്യൺ ജനങ്ങളുള്ള ഇന്ത്യ എന്ന രാജ്യത്തെ പരിചയമില്ലാത്തവർക്ക് അത് ആപേക്ഷികമാണ്.

[←48] http://www.newindianexpress.com/states/kerala/Vatican-Secret-Agency-Behind-Campaign-against-Mata-VHP/2014/03/15/article2110038.ece#.UyT7KSg-OIY

[←49]

സ്വാമി ചിന്മയാനന്ദയുടെ ശിഷ്യനും ഭഗവദ്ഗീത ട്രസ്റ്റ് ചെയർമാനും പ്രശസ്ത വാഗ്മിയുമായ സ്വാമി സന്ദീപാനന്ദ ഗിരി. https://www.indiatoday.in/india/south/story/amritanandamayi-math-accused-of-assaulting-spiritual-leader-and-publisher-187511-2014-04-03

[←50] https://gailtredwell.com/colorful-reactions-to-holy-hell/

[←51] https://gailtredwell.com/my-statement-in-the-face-of-the-present-crisis-in-the-midst-of-opinions-requests-accusations-and-agendas/

[←52] https://embezzlingtheworld.blogspot.com/2014/04/e-lie-inspires-real-violence.html

[←53]
എന്നോടും അതേപോലെ പെരുമാറുന്നത് ആ വ്യക്തികൾ തന്നെയാകും എന്ന് ഞാൻ സംശയിക്കുന്നു.

[←54]

ഗെയിലിന്റെ സാക്ഷ്യം പുറത്തുവരുന്നതിനുമുമ്പ് തന്നെ ഇതിന് കൈകൊണ്ട് എഴുതിയ തെളിവുണ്ട്. പിന്നീട് മനസ്സ് മാറിയോ എന്നറിയില്ല.

[←55] https://en.wikipedia.org/wiki/Milarepa

[←56]
III.3 പിന്നാമ്പുറ കഥ / A യും പാശ്ചാത്യരും

[←57]

കുടുംബ കാരണങ്ങളാൽ ആശ്രമം വിട്ട് ബോംബെയിലെ ജോലിയിലേക്ക് മടങ്ങാൻ നിർബന്ധിതനായ തന്റെ ആത്മീയ സഹോദരന്മാരിൽ ഒരാൾക്ക് വേണ്ടി ആ നിമിഷം എ. കൂടുതൽ സ്വയം സമർപ്പിക്കുകയായിരുന്നു. A യുടെ സാന്ത്വനവും അടുപ്പവും വേണമെന്ന ആ സഹോദരന്റെ ആവശ്യം 002 ന് രുചിച്ചിരുന്നില്ല.

[←58]

ഗോസിപ്പുകൾ പ്രചരിപ്പിക്കുകയോ ആരെയും പരസ്യമായി അപമാനിക്കുകയോ അല്ല എന്റെ ലക്ഷ്യം എന്നതിനാൽ എനിക്കറിയാവുന്ന കാര്യങ്ങളുടെ ഒരു ഭാഗം മാത്രമാണ് ഞാൻ ഇവിടെ പരാമർശിക്കുന്നത്. എന്നാൽ ഗെയിലിന്റെ ആത്മാർത്ഥമായ സാക്ഷ്യം നുണകൾ നിറഞ്ഞതാണെന്നും അവൾ പൊതുസമൂഹത്തിൽ അപകീർത്തിപ്പെടുത്തുന്നുവെന്നും അവർ നടിക്കുമ്പോൾ, അവൾ ഒറ്റയ്ക്കല്ലെന്നും ഞങ്ങളുടെ വെളിപ്പെടുത്തലുകളെ ശക്തിപ്പെടുത്താൻ ഞങ്ങൾ ഇപ്പോഴും ധാരാളം വിവരങ്ങൾ കൈവശം വച്ചിട്ടുണ്ടെന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

[←59]
https://pubmed.ncbi.nlm.nih.gov/28589545/

[←60]

Neuburger Robert, «Violences sexuelles intra-familiales. De la dénonciation à l'énonciation», Thérapie Familiale, 2001/1 (Vol. 22), p. 39-50. https://www.cairn.info/revue-therapie-familiale-2001-1-page-39.htm

[←61] http://www.filactions.org/les-violences-conjugales/violences-sexuelles/

[←62]
ബാലു ഗുരുവിന്റെ കാമുകനായതിനാൽ A.യുടേതായതെല്ലാം അവനുള്ളതാണെന്നും അതിനാൽ അവളുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടാൻ അവനു അർഹതയുണ്ടെന്നും അവൾ ഇവിടെ സങ്കൽപ്പിക്കുന്നു. മനസ്സിലാക്കാൻ പ്രയാസം.

[←63] https://www.indiatoday.in/magazine/controversy/story/20140310-embraced-by-scandal-800327-2014-02-28

[←64]
ഈ വിഷയത്തെക്കുറിച്ച്, അതിന്റെ സാമൂഹിക-സാംസ്കാരിക പശ്ചാത്തലത്തെക്കുറിച്ച് അദ്ധ്യായം III.9 ൽ ജീവചരിത്രത്തിന്റെ വിമർശനാത്മക അവലോകനത്തിൽ പറയുന്നു.

[←65]

“മനുഷ്യ ബുദ്ധിയുടെ പരിധിക്കപ്പുറമുള്ള സൂക്ഷ്മമായ പരിഗണനകൾ”, ഒരുപക്ഷേ തട്ടിപ്പിന്റെ ഒരു പുതിയ നിർവചനം.

[←66]
ഇന്ന് ഞാൻ കേട്ട കിംവദന്തികൾ അനുസരിച്ച്, ജീവചരിത്രത്തിന്റെ അടുത്ത പതിപ്പ് “എല്ലാ” അത്ഭുതങ്ങളും നീക്കംചെയ്ത് പുനർനിർമ്മിക്കും; ഉപദേശങ്ങളും മാതൃകയും മാത്രമേ ഉണ്ടാകൂ. സാധാരണയായി ഒരു ജീവചരിത്രം, ബന്ധപ്പെട്ട വ്യക്തിയുടെ വികാസത്തെ പിന്തുടർന്ന് രൂപാന്തരപ്പെടുന്നു, എന്നാൽ ഇവിടെ പരിവർത്തനങ്ങൾ ഭൂതകാലത്തെ മാറ്റുന്നു. ഒരുപക്ഷേ വീണ്ടും “മനുഷ്യ ബുദ്ധിയുടെ പരിധിക്കപ്പുറമുള്ള സൂക്ഷ്മമായ പരിഗണനകൾ”.

[←67]
ഹിസ്റ്റീരിയയുടെ ലക്ഷണം: കൃത്രിമത്വം, ദൃശ്യമായ അവസ്ഥകൾ (അതായത്, പുറമെ പ്രകടമാകുന്ന ലക്ഷണങ്ങൾ, അങ്ങനെ അതുമൂലമുണ്ടാവുന്ന ആനുകൂല്യങ്ങളുടെയും സൗജന്യങ്ങളുടെയും ഗുണഭോക്താവാവുകയും ചെയ്യുന്നു)

[←68] https://cvpcontrelaviolencepsychologique.com/2013/02/02/le-lourd-secret-du-manipulateur-pervers/

[←69] http://web.archive.org/web/20201020032650/https://www.huffingtonpost.in/entry/mata-amritanandamayi-crz-violation-alappad-kollam-kerala_in_5e33f61ac5b6f26233277114

[←70]

A crore is 10 million, and in 2020 equivalent to 135,000 USD

[←71] https://groups.io/g/ExAmma/message/1386 (ഈ ഫോറം സ്വകാര്യമാണ്. ഇതിന്റെ ഉള്ളടക്കം കാണുന്നതിന് നിങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്)

[←72] http://asu.thehoot.org/media-watch/media-practice/reporting-or-covering-up-9028 (7th till 10th paragraph)

[←73]
ഒറിജിനൽ രേഖ ഞങ്ങളുടെ പക്കലുണ്ട്. റിസോഴ്സസ് നോക്കുക.

[←74]

https://www.amritaholidays.com/home/welcome & https://www.amritaholidays.com/cms/about_us/

[←75] https://www.zaubacorp.com/company/AMRITA-HOLIDAYS-INDIA-PRIVATE-LIMITED/U63040KL2011PTC029977

[←76] https://www.zaubacorp.com/company/LENIKO-SOLUTIONS-PRIVATE-LIMITED/U72200KL2014PTC036556

[←77] https://groups.io/g/ExAmma/message/867

[←78] https://web.archive.org/web/20080409184924/http://www.shvoong.com/humanities/1717325-mata-amritanandamayi-math/

[←79] http://www.lokvani.com/lokvani/article.php?article_id=5814

[←80] https://sustainabledevelopment.un.org/content/sustdev/csd/csd16/PF/presentations/farmers_relief.pdf

[←81] https://groups.io/g/ExAmma/message/5

[←82] https://www.amrita.edu/program/mbbs/

[←83] https://www.mail-archive.com/fairfieldlife@yahoogroups.com/msg184853.html

[←84]

https://groups.yahoo.com/neo/groups/ammachi_free_speech_zone/conversations/messages

2004 മാർച്ചിൽ സൃഷ്ടിച്ചത്, 320 അംഗങ്ങൾ. ലിങ്ക് കാലഹരണപ്പെട്ടതാണ്; Yahoo ഇപ്പോൾ ഇത്തരം ഫോറങ്ങൾ നിർത്തലാക്കി.

[←85] https://groups.yahoo.com/neo/groups/Ammachi-Real-Free-Speech/conversations/messages 2012 സെപ്റ്റംബറിൽ സൃഷ്ടിച്ചത്, 46 അംഗങ്ങൾ (അതിന്റെ പ്രവർത്തനത്തിന്റെ ഉന്നതിയിൽ ഏകദേശം 900 അംഗങ്ങൾ ഉണ്ടായിരുന്നു) ലിങ്ക് കാലഹരണപ്പെട്ടതാണ്; Yahoo ഇപ്പോൾ ഇത്തരം ഫോറങ്ങൾ നിർത്തലാക്കി.

[←86] https://groups.io/g/ExAmma/message/1083

[←87]

https://groups.io/g/ExAmma
2013 മാർച്ചിൽ സൃഷ്ടിച്ചത്, 443 അംഗങ്ങൾ. ഈ ഫോറം സ്വകാര്യമാണ്. അതിന്റെ ഉള്ളടക്കം കാണുന്നതിന് നിങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്.

[←88] http://cultofthehuggingsaint4.blogspot.com/

[←89] http://cult-of-the-hugging-saint-exposed.blogspot.com/

[←90] http://cult-of-the-hugging-saint-exposed-exp.blogspot.com/

[←91] http://cult-of-the-hugging-saint-exposed-exp.blogspot.com/2009/06/gerald-joe-moreno-internet-terrorist.html

[←92] https://sathyasaibaba.wordpress.com/category/mata-amritanandamayi/

[←93] https://kevinrdshepherdcommentaries.info/2013/11/gerald-joe-moreno.html

[←94] http://forum.culteducation.com/read.php?4,73400

[←95] https://www.countercurrents.org/hr-pattathanam040404.htm In the same theme, one can also read this https://www.countercurrents.org/comm-sidharth180304.htm

[←96] https://www.constitutionofindia.net/constitution_of_india/63/articles/Article%2051A

[←97] http://web.archive.org/web/20110725163243/http://amma.hindunet.org/amma-l/archives/1002/0067.html

[←98] https://www.ucanews.com/news/facebook-critics-of-indias-god-woman-face-investigation/70349#

[←99] https://en.wikipedia.org/wiki/Rashtriya_Swayamsevak_Sangh

[←100]
https://youtu.be/bblZsn7G6CI

[←101] https://drive.google.com/file/d/0B9WZKacY06_DaGdXS3lLNjN4Z1E/edit

[←102]

യഥാർത്ഥ ശീർഷകം: “Some of the frequent deviances among religious and spirituel teachers” ലേഖനം ഫ്രഞ്ച് ഭാഷയിലുള്ളതാണ് http://www.jacquesvigne.com/JV/traductions2015/quelques_deviations_frequentes.pdf

[←103]
ഈ വിഷയം സ്ത്രീകൾക്കിടയിൽ മാത്രം സംസാരിക്കുന്ന ഒരു സമൂഹത്തിൽ അവൾ തന്റെ പിതാവിനോട് ഇത് പറയുന്നത് വിചിത്രമാണ്.

[←104]

“Matha Amritanandamayee: The death of her own brother and other mysterious stories” (Nastik Nation, Trivandrum, 2020)

[←105]
http://jacquesvigne.com/

[←106] http://embezzlingtheworld.blogspot.com/p/download.html

[←107] http://www.jacquesvigne.com/JV/traductions2015/Comprendre_la_psychologie_de_Amma_et_de_son_mouvement.pdf

[←108] http://www.jacquesvigne.com/JV/traductions2015/Comment_changer_de_croyance.pdf

[←109] http://embezzlingtheworld.blogspot.com/p/download.html

[←110]
https://youtu.be/H3ghu0GcLgQ

[←111]

Foreign Contribution Regulation Act http://www.fcra.co.in/introduction-fcra.html

[←112]
ഈ ഔദ്യോഗിക വെബ്സൈറ്റിൽ നിങ്ങൾക്ക് നിയമത്തെക്കുറിച്ചുള്ള ലേഖനങ്ങൾ കാണാം: https://www.indiacode.nic.in/handle/123456789/2098?locale=en
എന്നാൽ ഈ വെബ്സൈറ്റ് കൂടുതൽ വ്യക്തവും ലേഖനങ്ങൾ പരിഷ്കരിച്ചു അവതരിപ്പിക്കുന്നതുമാണ്: http://www.bareactslive.com/ACA/ACT2417.HTM

[←113] https://fcraonline.nic.in/fc3_amount.aspx (ഡാറ്റ കിട്ടുന്നതിനുള്ള നടപടിക്രമം അനെക്സിൽ സൂചിപ്പിച്ചിരിക്കുന്നു)

[←114]
സ്പ്രെഡ്ഷീറ്റുകളും (അറുപത്) അനുബന്ധ രേഖകളും വിദഗ്ദ്ധാഭിപ്രായത്തിനും സ്ഥിരീകരണത്തിനുമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. അനുബന്ധം നോക്കുക.

[←115]
ഓരോ സംഘടനയുടെയും തുകകളും, ഗ്രാഫുകളും, തുകകളുടെ വിന്യാസവും അടങ്ങിയ ഈ സംഗ്രഹം ആവശ്യമെങ്കിൽ ആഗോളതലത്തിലോ വർഷാവർഷപ്രകാരമോ ഉള്ള FCRA ഡിക്ളയറേഷനുകളും സംഘടനകളുടെ അക്കൗണ്ടിങ് ബുക്കുകളും തമ്മിലുള്ള ഏകോപനം സാധ്യമാക്കും.

[←116] https://pmnrf.gov.in/en/

[←117]

തീർച്ചയായും, X എന്ന ലക്ഷ്യത്തിനു വേണ്ടി ലഭിച്ച പണം അതുമായി ബന്ധമില്ലാത്ത Y എന്ന ലക്ഷ്യത്തിനായി ചെലവഴിക്കാം. ഉദാഹരണത്തിന്, പ്രളയബാധിതർക്കായി സമാഹരിച്ച ഫണ്ട് വരൾച്ചബാധിതർക്കായി വിനിയോഗിക്കുന്നതിനെക്കുറിച്ചു അല്ല ഞാൻ ഇവിടെ പറയുന്നത്. നമ്മൾ കാണും പോലെ, ഇവ പലപ്പോഴും "മനുഷ്യത്വപരമായ" ആവശ്യങ്ങൾക്കായി സമാഹരിക്കുന്ന ഫണ്ടുകളാണ്, പക്ഷെ അത് "കച്ചവട അല്ലെങ്കിൽ സമ്പാദ്യ" ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു.

[←118] https://corporatefinanceinstitute.com/resources/knowledge/trading-investing/endowment-fund/

ഇതെല്ലാം തീർച്ചയായും ഈ ഫണ്ട് എങ്ങനെ ഉപയോഗിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഈ സംഘടന പരസ്യപ്പെടുത്തുന്നവയുടെ സുതാര്യതയില്ലായ്മയും ഫണ്ട് കൈകാര്യം ചെയ്യുന്ന രീതിയും പരിഗണിച്ച്, സംവരണം ശുപാർശ ചെയ്യുന്നു.

[←119]

മാത്രവുമല്ല, Embezzlling the world-ൽ നിന്നുള്ള ടീം കാലിഫോർണിയൻ MA സെന്ററിന്റെ പ്രഖ്യാപനങ്ങളും ഇന്ത്യയിലെ സംഘടനയുടെ FCRA പ്രഖ്യാപനങ്ങളും തമ്മിൽ പൊരുത്തക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. MA Math FCRA ഫോമിൽ സംഭാവന കിട്ടിയതിൽ 0 ഡോളർ എന്ന് പരാമർശിക്കുമ്പോൾ, US സെന്റർ ദശലക്ഷക്കണക്കിന് ഡോളർ സംഭാവനയായി നൽകിയതായി പരസ്യപ്പെടുത്തിയിരിക്കുന്നു. ലോകത്തിലെ എല്ലാ കേന്ദ്രങ്ങളെയും ഏകീകരിക്കാൻ ടീം ക്ഷണിക്കുന്നു. https://embezzlingtheworld.blogspot.com/2015/01/financial-discrepancies-between-indian.html

[←120]
https://www.amritahospitals.org/About-Us

[←121] http://amritahospitals.org/SubPages/About-Amrita-Hospital

[←122] https://cultofthehuggingsaint.wordpress.com/testimony-from-ammas-former-joint-secretary/

[←123]
https://groups.io/g/ExAmma/message/11

[←124] http://www.amritahospitals.org/How-To-Help

[←125]
അദ്ദേഹത്തിന്റെ സിവിൽ നാമം ഉദ്ധരിക്കുന്നത് അദ്ദേഹത്തിന്റെ ഔദ്യോഗിക ജീവിതത്തെ തടസ്സപ്പെടുത്തുമെന്നതിനാൽ ഞാൻ അദ്ദേഹത്തിന്റെ ഇന്ത്യൻ പേര് മാത്രമാണ് പരാമർശിക്കുന്നത്.

[←126]

https://groups.io/g/ExAmma/message/16 (ഉൾപ്പെടുത്തിയിരിക്കുന്ന ലിങ്കുകളും റഫറൻസുകളും അതിനുശേഷം മാറിയിരിക്കാം.)

[←127] https://pmnrf.gov.in/en/about

[←128]
എയിംസിലേക്ക് ഉപകരണങ്ങൾ കൈമാറുന്നതിനായി യുഎസ്എയിൽ സൃഷ്ടിച്ച സംഘടന.

[←129] https://www.amrita.edu/campus/healthscience

[←130]
കോളേജിൽ ഇന്ന് പ്രതിവർഷം 2500 വിദ്യാർത്ഥികൾ പഠിക്കുന്നു.

[←131]
12 വർഷങ്ങൾക്ക്  ശേഷം, 2013 മാർച്ചിൽ.

[←132]
AN: രചയിതാവിന്റെ കുറിപ്പ്

[←133]

http://en.wikipedia.org/wiki/Amrita_Institute_of_Medical_Sciences_and_Research_Centre

വിക്കിപീഡിയ പേജ് അനുസരിച്ച്, 2012 ൽ നടത്തിയ ഈ വെളിപ്പെടുത്തൽ നിരസിക്കപ്പെട്ടതായി കരുതപ്പെടുന്നു. രണ്ട് സാഹചര്യങ്ങളിലും റഫറൻസുകളോ ഡോക്യുമെന്റേഷനുകളോ നൽകിയിട്ടില്ല, കൂടാതെ വിക്കിപീഡിയ പേജുകൾ പലപ്പോഴും എഡിറ്റിംഗുകൾക്ക് വിധേയമാണ്, എന്തുതന്നെയായാലും നീതിയുക്തമായ വിധി മാറ്റിവെക്കണം. എന്നിരുന്നാലും, പുക രഹിത തീ ഇപ്പോഴും കണ്ടുപിടിക്കേണ്ടതുണ്ട്.

[←134] https://www.newindianexpress.com/cities/kochi/2012/aug/25/ima-panel-to-study-illegal-drug-trials-400370.html

[←135]

ലേഖകന്റെ കുറിപ്പ്: സ്വാതി കേസിനെ പിന്തുണയ്ക്കുന്നവരെ ഫേസ്ബുക്കിൽ ഭീഷണിപ്പെടുത്തി, തുടർന്ന് "ലൈക്ക്" ചെയ്ത 6,000 പേരും പേജ് പിന്തുടരുന്ന 13,000 പേരും പ്രോസിക്യൂഷൻ നേരിടുന്നു. എല്ലാം ഡിലീറ്റ് ചെയ്തു. ഔദ്യോഗിക നിലപാടിനെ പ്രതിരോധിക്കുന്ന ഒരു ബ്ലോഗ് അല്ലാതെ ഈ സംഭവത്തിന്റെ ഒരു സൂചനയും ഇല്ലെന്ന് തോന്നുന്നു.

http://hridayapoorvamnjan.blogspot.com/2012/07/much-ado-about-nothing.html

[←136]

ഗെയിൽ ട്രെഡ്‌വെല്ലിന്റെ ഹോളി ഹെൽ എന്ന പുസ്തകം പ്രസിദ്ധീകരിച്ചതിന് ശേഷം സൃഷ്ടിച്ച ബ്ലോഗാണ് അമ്മ സ്കാൻഡൽ. ഗെയിൽ തന്റെ പുസ്തകത്തിൽ ഉന്നയിക്കുന്ന അടിസ്ഥാന പ്രശ്നങ്ങളെ യഥാർത്ഥത്തിൽ അഭിസംബോധന ചെയ്യാതെ, വ്യക്തിപരമായ ആക്രമണങ്ങളിലൂടെ, സംഘടന സുതാര്യമാണെന്നും ഗെയിൽ ഒരു രോഗിയായ രാക്ഷസിയാണെന്നും ഭക്തർ തങ്ങളുടെ സാക്ഷ്യങ്ങളിലൂടെ ആളുകളെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നു.

[←137] https://ammascandal.wordpress.com/2014/02/21/claims-against-the-ashram-regarding-foreign-funds-are-false/

[←138] https://embezzlingtheworld.blogspot.com/2014/02/not-open-book.html

[←139] https://embezzlingtheworld.blogspot.com/2015/06/free-healthcare-at-aims-for-poor.html

[←140] https://www.newindianexpress.com/cities/kochi/2013/nov/22/Kidney-patient-seeks-financial-aid-540224.html

[←141] https://www.mouthshut.com/product-reviews/Amrita-Institute-of-Medical-Sciences-and-Research-Centre-Kochi-reviews-925720111

[←142] https://cultofthehuggingsaint.wordpress.com/aims-hospital-horrors/

[←143] https://drive.google.com/file/d/1GXH4wI1C0oF19R7birYjV7U4uksHuuLO/view

[←144] https://timesofindia.indiatimes.com/city/thiruvananthapuram/Commercialisation-of-medicare-worries-minister/articleshow/692223.cms

[←145] https://timesofindia.indiatimes.com/city/kochi/Wellness-clinic-opened-in-AIMS/articleshow/11139724.cms

[←146] https://timesofindia.indiatimes.com/city/mysuru/Ayurvedic-clinic-launch-on-Feb-5/articleshow/4071390.cms

[←147] https://www.amrita.edu/news/2000-bed-amrita-institute-medical-sciences-come-faridabad

[←148] https://www.youtube.com/watch?v=vPXPgZQ1nkI

[←149] https://www.karmakerala.com/news/2011/10/21/men-in-kerala-ranks-first-in-opting-for-cosmetic-surgeries/

[←150] https://www.amritapuri.org/3277/charitable-hospital.aum

[←151] https://www.amrita.edu/school/medicine/outreach/amritakripa-hospital/kalpetta

[←152]
http://www.amritahospitals.org/Amma

[←153] https://www.amrita.edu/sites/default/files/amrita-hospitals-overview-2018.pdf

[←154] https://openthemagazine.com/features/india/indias-own-jasmin-revolution/

[←155]
https://www.youtube.com/watch?v=CXblesJLm1Y

[←156] https://gulfnews.com/world/asia/india/nurses-walk-out-over-pay-and-conditions-1.947687

[←157]
https://youtu.be/PFkVw7A69QM

[←158]
https://youtu.be/FDK03umQZVM

[←159] https://gulfnews.com/world/asia/india/nurses-walk-out-over-pay-and-conditions-1.947687

[←160] https://www.deccanchronicle.com/140118/news-current-affairs/article/nurses-again-warpath-over-wages

[←161]
https://cgpi.org/5836

[←162]

https://www.ndtv.com/kerala-news/intern-nurses-at-kerala-medical-colleges-strike-over-pay-hike-demand-amid-pandemic-2283409

[←163]
കൊച്ചിയിലെ അമൃത ആശുപത്രിയിൽ നഴ്സുമാരുടെ സമരം. ന്യൂസ് അവർ ഡിസംബർ 08. 2011
https://www.youtube.com/watch?v=DCaVLC_uW5E
വിദേശത്ത് ആവശ്യക്കാരുണ്ടെങ്കിലും നാട്ടിൽ ചൂഷണം ചെയ്യപ്പെടുന്ന കേരളത്തിലെ നഴ്സുമാർ
https://www.ndtv.com/assembly-kerala/kerala-nurses-in-demand-abroad-but-exploited-at-home-567131
Nurses’ strike at Amrita continues
https://www.thehindu.com/news/cities/Kochi/nurses-strike-at-amrita-continues/article2697619.ece
Nurses again on warpath over wages
https://www.deccanchronicle.com/140118/news-current-affairs/article/nurses-again-warpath-over-wages
നിങ്ങൾ സ്വയം ഗവേഷണം നടത്തുകയാണെങ്കിൽ കണ്ടെത്തുന്നത് ഇതായിരിക്കും: https://www.youtube.com/results?search_query=nurse+strike+Amrita+AIMS+Kochi

[←164]

https://groups.io/g/ExAmma/message/655 &
https://groups.io/g/ExAmma/message/656

[←165] https://en.wikipedia.org/wiki/Exchange_rate_history_of_the_Indian_rupee

[←166]
https://www.amrita.edu/program/mbbs/

[←167] https://www.amrita.edu/program/bds/

[←168]
https://groups.io/g/ExAmma/message/656

[←169] https://www.amrita.edu/admissions/msc-nursing/fee-structure

[←170]

https://www.balakendra.org/index.php/en/ here in California, but also in Toronto

[←171] http://amritavidyalayam.org/schools-and-location/

[←172]
https://www.amrita.edu/contact-us

[←173]

Section 3 of UGC act of 1956: “deemed university”.
https://www.ugc.ac.in/deemed_uniinfo.aspx?id=130

[←174]
https://www.amrita.edu/publications

[←175] https://amritanews.wordpress.com/2017/06/22/this-professors-bulletproof-jackets-designed-for-the-indian-army-could-save-%E2%82%B9-20000-crores/

[←176]
https://www.amritapuri.org/67105/17army.aum

[←177]
https://www.facebook.com/amritapuricampus/photos/a.457137824358088.109885.440833332655204/843415505730316

[←178] https://www.facebook.com/amritapuricampus/photos/%20%20a.457137824358088.109885.440833332655204/737418089663392/?type=1&theater

[←179] https://www.youtube.com/watch?v=pF6yIoe9j-k

[←180] https://www.amrita.edu/international/rules

[←181] https://www.amrita.edu/news/our-prayers

[←182]
https://www.avdelhi.com/

[←183] https://www.amrita.edu/about/leadership

[←184] https://www.amrita.edu/asas/kochi/prospect/2019ProspWeb.pdf

[←185]
https://www.amrita.edu/sites/default/files/pdf/mysore-asas-prospectus.pdf (prospectus without date)

[←186] https://www.amrita.edu/asas/mysore/Admissions/2020/Prospectus_2020.pdf

[←187] https://www.complaintboard.com/amrita-university-ettimadai-coimbatore-l11890.html

[←188] https://www.consumercomplaints.in/complaints/amrita-vidyalaya-c174367.html

[←189] https://www.consumercomplaints.in/complaints/amrita-school-of-engineering-c344037.html

[←190] https://www.consumercomplaints.in/complaints/amrita-school-of-engineering-c348775.html

[←191] https://www.quora.com/What-is-the-best-and-worst-part-of-being-in-Amrita-University

[←192] http://allaboutbelgaum.com/news/education/parents-fight-together-against-amrita-vidyalayam/

[←193] https://www.complaintsboard.com/amrita-university-pathetic-quality-of-mess-food-c730524

[←194] https://www.newindianexpress.com/cities/hyderabad/2016/jun/12/Parents-stage-protest-against-school-fee-hike-939292.html

[←195] https://timesofindia.indiatimes.com/city/hyderabad/Parents-protest-against-fee-hike-at-Tarnaka-school/articleshow/52789065.cms

[←196] https://www.thehindu.com/news/cities/Coimbatore/Complaint-against-Amrita-Vidyalaya/article12057354.ece

[←197]

https://www.youtube.com/watch?v=n8znQjvdirw & https://embezzlingtheworld.blogspot.com/2016/08/angry-parents-arrested-parents.html

[←198]

https://www.youtube.com/watch?v=n8znQjvdirw
https://www.youtube.com/watch?v=hB00ejfV5nc
https://www.youtube.com/watch?v=Y97AgkwgZ7o

[←199] http://getup4change.org/rti/4595/gate-2010-stipend-reg-amrita-vishwa-vidyapeetham-University/

[←200] https://www.consumercomplaints.in/complaints/amrita-student-kerala-c589324.html & https://www.consumercomplaints.in/complaints/thennarasu-m-gate-scholarship-c751024.html

[←201] https://www.consumercomplaints.in/complaints/amrita-student-kerala-c589324.html

[←202] https://www.consumercomplaints.in/complaints/amrita-vishwa-vidyapeetham-c524981.html

[←203] https://www.complaintsboard.com/amrita-vishwa-vidyapeetham-b106864

[←204]

https://www.glassdoor.com/Salaries/india-doctor-salary-SRCH_IL.0,5_IN115_KO6,12.htm

[←205] https://www.amrita.edu/program/mbbs/

[←206] http://www.admissionjankari.com/report-donation

[←207] https://www.parentree.in/India/Chennai/8339-any-feed-back-abt-amrita-vidyalayam-chennai

[←208]

shorturl.at/wNT13 (ലിങ്ക് കാലഹരണപ്പെട്ടു)

[←209] https://www.consumercomplaints.in/complaints/amrita-vidyalaya-c174367.html

[←210] https://simplicity.in/coimbatore/english/news/45258/Parents-of-Amrita-Vidyalayam-petition-District-Collector-on-inflated-price-of-compulsory-sportswear-fees-

[←211] https://www.amrita.edu/sites/default/files/faq.pdf

[←212] https://www.deccanherald.com/content/220949/students-suicide-singes-college.html

[←213] https://www.avdelhi.com/rulesandregulations

[←214] https://www.change.org/p/vice-chancellor-amrita-vishwavidyapeetham-ease-curfew-rules-at-amrita-school-of-engineering-coimbatore?redirect=false

[←215] https://www.quora.com/How-difficult-is-it-to-adjust-at-Amrita-University

[←216] https://www.glassdoor.co.in/Reviews/Amrita-University-Reviews-E459353_P2.htm

[←217] https://www.complaintsboard.com/amrita-University-ettimadai-coimbatore-false-promises-c272382

[←218] https://www.quora.com/How-is-life-at-Amrita-University-Amritapuri

[←219] https://www.quora.com/How-is-life-at-Amrita-University-Amritapuri

[←220]

https://youtu.be/13pBK399x6I

[←221] https://www.complaintsboard.com/amrita-University-ettimadai-coimbatore-false-promises-c272382#

[←222] https://www.complaintsboard.com/amrita-University-ettimadai-coimbatore-false-promises-c272382#c863577

[←223] https://www.complaintsboard.com/amrita-University-ettimadai-coimbatore-false-promises-c272382#c1025687

[←224]
"ടെക്സ്റ്റ് ബുക്കും റഫറൻസുകളും" എന്നതിന് കീഴിൽ ഇത് പരാമർശിച്ചിട്ടുണ്ട്. https://www.amrita.edu/course/cultural-education-ii-2

[←225]
വിദ്യാർത്ഥി 'ജീനുകൾ' എന്നാണ് അർത്ഥമാക്കിയത് എന്ന് തോന്നുന്നു...

[←226]
https://www.glassdoor.co.in/Reviews/Employee-Review-Amrita-University-RVW33661938.htm

[←227] https://www.complaintsboard.com/amrita-University-ettimadai-coimbatore-false-promises-c272382#

[←228] https://en.wikipedia.org/wiki/Suicide_in_India

[←229] https://www.consumercomplaints.in/profile-1682265 (go to “amanda”)

[←230] https://www.dnaindia.com/bangalore/report-amrita-suspends-official-1237142

[←231] https://www.deccanherald.com/content/220949/students-suicide-singes-college.html

[←232] https://www.deccanherald.com/content/220939/you-touch-him-you-risk.html

[←233] https://www.deccanchronicle.com/nation/current-affairs/250919/kochi-medico-jumps-off-college-to-end-her-life.html

[←234] https://www.change.org/p/the-indian-government-provide-psychological-counceling-in-medical-colleges

[←235] https://www.thenewsminute.com/article/amrita-college-responsible-my-son-s-death-sri-harsha-s-father-speaks-out-111146

[←236] https://www.thenewsminute.com/article/amrita-student-suicide-10-staff-members-booked-allegedly-tampering-crime-scene-111057

[←237] https://www.youtube.com/watch?v=zPcEdwmixc0&feature=emb_logo

[←238]
https://www.thenewsminute.com/article/apathy-and-simmering-anger-events-led-amrita-college-student-harsha-s-death-111147

[←239] https://www.thenewsminute.com/article/amrita-college-suicide-college-shut-till-november-4-students-forced-end-protest-111162

[←240] https://www.fairobserver.com/region/central_south_asia/india-student-suicides-mental-health-south-asia-news-75495/

[←241] https://www.fairobserver.com/region/central_south_asia/time-reform-indias-education-system-now-23203/

[←242] https://plus.lesoir.be/321330/article/2020-08-29/voyage-en-absurdie-les-rankings-des-universites?fbclid=IwAR0LQxJLSoD1anM5fFeAF6JQAwnOHRS4zV10HkMWhFByEJYr74F7xpzChac

[←243] https://www.cartaacademica.org/

[←244] https://www.amrita.edu/rankings

[←245]
https://www.nirfindia.org/Home

[←246] http://www.uniindia.com/amrita-vishwa-vidyapeetham-ranked-number-1-private-University-in-india/south/news/1786838.html

[←247] https://www.timeshighereducation.com/world-University-rankings/amrita-vishwa-vidyapeetham

[←248]

https://en.wikipedia.org/wiki/National_Assessment_and_Accreditation_Council

[←249]
https://www.amrita.edu/iqac

[←250] http://rankingwatch.blogspot.com/2013/09/corruption-and-rankings.html

[←251] http://college-advisor.com/articles/fudging.html

[←252] https://www.amritapuri.org/14248/college-medicine.aum

[←253] https://www.usherbrooke.ca/personnel/fileadmin/sites/recherche/documents/Documentation/programme_mentorat.pdf

[←254] http://archive.indianexpress.com/news/when-science-alone-is-not-enough/757093/0

[←255] https://www.dnaindia.com/mumbai/report-grand-synthesis-of-science-spirituality-service-1514487

[←256] https://www.india.com/education/amrita-University-free-online-tution-programme-launched-1594954/

[←257] https://www.amrita.edu/campus/amritapuri/about

[←258] https://www.amrita.edu/news/google-summer-code-stipend-amrita-student

[←259] https://ammascandal.wordpress.com/2013/12/23/is-ammas-support-for-womens-rights-a-fraud-a-letter-from-srividya-sheshadri/

[←260] https://www.amrita.edu/research/project/empowerment-women-india-through-innovative-vocational-education-and-training-vet

[←261] http://amritavidyalayam.org/schools-and-location/

[←262] http://amritavidyalayam.org/vidyalayams-best-top-schools/mission-and-values/

[←263] http://amritavidyalayam.org/vidyalayams-best-top-schools/history/

[←264] https://www.amrita.edu/school/engineering/coimbatore/cultural-education

[←265] https://www.amrita.edu/admissions/mca-amritapuri/program-details

[←266] http://allaboutbelgaum.com/news/education/parents-fight-together-against-amrita-vidyalayam/

[←267]

https://www.amrita.edu/sites/default/files/faq.pdf

[←268] https://www.quora.com/How-difficult-is-it-to-adjust-at-Amrita-University

[←269] https://www.complaintsboard.com/amrita-University-ettimadai-coimbatore-false-promises-c272382#c863577

[←270] https://www.complaintsboard.com/amrita-University-ettimadai-coimbatore-false-promises-c272382#c1025687

[←271]
'ടെക്സ്റ്റ് ബുക്കും റഫറൻസുകളും' എന്നതിന് കീഴിൽ ഇത് പരാമർശിച്ചിരിക്കുന്നു.
https://www.amrita.edu/course/cultural-education-ii-2

[←272] https://www.amrita.edu/asas/kochi/prospect/2019ProspWeb.pdf

[←273]

അതേ സമയം, ബോർഡിംഗ് സ്കൂൾ നെറ്റ്‌വർക്കിൽ രജിസ്റ്റർ ചെയ്ത മൊബൈൽ ഫോൺ ഉപയോഗിച്ചോ അല്ലെങ്കിൽ land ലൈനുകൾ ഉപയോഗിച്ചോ, വൈകുന്നേരം ബന്ധുക്കളുമായി ഫോൺ ചെയ്യാനുള്ള സാധ്യതയെക്കുറിച്ച് പരാമർശിക്കുന്നത് കാണാം. അവർക്ക് നിരീക്ഷിക്കാവുന്ന രീതിയിൽ.

[←274] https://www.amrita.edu/sites/default/files/pdf/mysore-asas-prospectus.pdf

[←275] https://www.amrita.edu/sites/default/files/faq.pdf

[←276] https://www.amrita.edu/asas/kochi/ug_course_int_ba_ma.html

[←277] https://www.amrita.edu/course/cultural-education-i

[←278] https://www.amrita.edu/course/cultural-education-ii

[←279] https://www.amrita.edu/course/amrita-values-programme-i

[←280]

ഇത്തരത്തിലുള്ള സന്ദേശങ്ങളുടെ വക്താക്കളായ രാമകൃഷ്ണ മഠം പ്രസിദ്ധീകരണങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടതാണ് ഈ പ്രയോഗം: “The Message of Swami Vivekananda: To the Modern World”, by K. S. Ramaswami Sastri (https://en.wikipedia.org/wiki/Bibliography_of_Swami_Vivekananda)

[←281] https://www.amrita.edu/program/pg-diploma-journalism

[←282] https://www.amrita.edu/sites/default/files/pg-general-subjects-pg-diploma-journalism.pdf

[←283] https://www.amrita.edu/sites/default/files/2018-curriculum/faculty-of-arts-media-and-commerce/pgdj/pg/18cul501-cultural-education.pdf

[←284] https://events.asaskochi.ac.in/cultural.html “അമ്മയുടെ വിദ്യാഭ്യാസ തത്ത്വചിന്തയിൽ ഉൾക്കൊള്ളുന്ന നിസ്വാർത്ഥ സേവനത്തിന്റെയും സാധനയുടെയും പ്രായോഗിക സമീപനത്തിലൂടെ ആരംഭിച്ച പ്രവർത്തനങ്ങളെ വൈകാരിക ബുദ്ധിയുടെ ആഴത്തിലുള്ള തലങ്ങളിലേക്ക് ഉയർത്താൻ വകുപ്പ് എപ്പോഴും പ്രോത്സാഹിപ്പിക്കുന്നു.”

[←285]
ബി.ടെക് വിദ്യാർത്ഥികൾക്കായി ഇമോഷണൽ ഇന്റലിജൻസ് എന്ന കോഴ്സ് വരെയുണ്ട്. https://www.amrita.edu/course/emotional-intelligence

[←286]
https://www.amrita.edu/course/amrita-values-programme-i/
https://www.amrita.edu/course/amrita-values-programme-ii

[←287] http://allaboutbelgaum.com/news/education/parents-fight-together-against-amrita-vidyalayam/

[←288] https://www.amrita.edu/course/life-skills-i / https://www.amrita.edu/course/life-skills-ii

[←289]

III.3 പിന്നാമ്പുറ കഥ / A യും പാശ്ചാത്യരും

[←290] https://rkmrc.in/our-journey/

[←291]
https://rkmrc.in/hostels%e2%80%8b/ ('ഹോസ്റ്റൽ നിയമങ്ങൾ' എന്നതിലേക്ക് സ്ക്രോൾ ചെയ്യുക)

[←292] https://www.sssihl.edu.in/about-us/vision-mission-philosophy/

[←293] https://www.sssihl.edu.in/about-us/campuses/

[←294] https://www.sssihl.edu.in/about-us/educare/

[←295]
https://www.ssshss.edu.in/index.php?option=com_content&view=article&id=47&Itemid=138

[←296] https://www.amrita.edu/center/amrita-darshanam-international-center-for-spiritual-studies

[←297] https://fr.wikipedia.org/wiki/Facult%C3%A9_des_arts_et_des_sciences_de_l%27Universit%C3%A9_de_Montr%C3%A9al

[←298] https://www.amritapuri.org/80108/20pandemic.aum

[←299] https://amritamedical.com/aboutus

[←300]

https://amma.org/trademark-list

[←301] https://charitopedia.com/943231546-healthcare-charities-inc-aims-project/

[←302] https://web.archive.org/web/20210526082928/https://commongroundmag.com/main-page.html

[←303] http://www.highgroundconsulting.com/resume.htm

[←304] http://www.millenniumpeacesummit.org/mwps_about.html

[←305] https://wrldrels.org/2016/10/08/ammachi/

[←306]

https://www.thehindu.com/features/friday-review/peace-meal/article5780595.ece

[←307] https://www.amrita.edu/press-media/french-film-biz-embraces-amma-hugging-saint

[←308] https://www.hollywoodreporter.com/news/french-film-biz-embraces-amma-252999

[←309] https://www.amritapuri.org/41411/15heaven.aum

[←310]

http://www.etw-france.org/le-professeur-shanti-nair-damrita-recoit-le-prix-india-nanosciences/

[←311] https://www.bastamag.net/Nanotechnologies-ces-redoutables

[←312] https://www.amrita.edu/center/nanosciences/about

[←313] https://www.amrita.edu/center/cyber-security/partners

[←314]

http://www.amritatech.com/

[←315] https://www.amrita.edu/research/project/amrita-hospital-information-system-ahis

[←316]
https://www.amrita.edu/news/amrita%E2%80%99s-abb-robotics-lab-impresses-and-delivers

[←317]
https://www.amritatbi.com/

[←318] https://www.amritatbi.com/accelerator.html

[←319] https://www.amritatbi.com/mentors.html

[←320] http://embezzlingtheworld.blogspot.com/2020/12/techno-compassion-in-action.html

[←321] https://www.amrita.edu/press-media/mata-amritanandamayi-our-chancellor-meets-pope-francis-vatican-city

[←322] https://www.amritapuri.org/international/vatican

[←323] https://www.amrita.edu/event/training-program-anti-human-trafficking-interventions-labor-exploitation

[←324] https://play.google.com/store/apps/details?id=org.amritacreate.TraffickingAware

[←325] https://www.globalslaveryindex.org/2018/data/maps/#prevalence

[←326]

പാക്കിസ്ഥാനും അതിന്റെ 3.2 ദശലക്ഷവും ബംഗ്ലാദേശിലെ ലക്ഷവും ഉള്ള ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ലോക അടിമകളിൽ ഏകദേശം 30% ഉണ്ട്, മൊത്തം 40 ദശലക്ഷത്തിൽ 12 ദശലക്ഷം പേർ.

[←327] https://www.amritapuri.org/19035/14slavery.aum

[←328] https://timesofindia.indiatimes.com/india/Kalams-dream-gets-ammas-blessing/articleshow/204154.cms

[←329] https://www.ndtv.com/kerala-news/mata-amritanandamayi-declines-comment-on-womens-entry-into-sabarimala-1466793

[←330] https://www.amritapuri.org/activity/cultural/temple

[←331]
തീർച്ചയായും, A ജ്യോതിഷികളോടും പുരോഹിതന്മാരോടും കൂടിയാലോചിക്കുകയും ചിത്രങ്ങളിൽ ശക്തി പകരുന്നതിനായി പരമ്പരാഗത രീതിയിൽ ഉദ്ഘാടനം നടത്തുകയും ചെയ്തു.

[←332] https://www.amritapuri.org/activity/cultural/wpriest

[←333]

പരമ്പരാഗത ക്ഷേത്രങ്ങളിൽ കലാപരിപാടികളും മറ്റും സംഘടിപ്പിക്കുന്നതിനെ എ വിമർശിക്കുന്നു. തികച്ചും പരമ്പരാഗതമായി നടത്തുന്ന ഇത്തരം വിശുദ്ധ കലകളെ പിന്തുണയ്ക്കുക എന്നത് അവരുടെ കടമ ആണെന്നത് ശ്രദ്ധിക്കേണ്ടതാണ്. പവിത്രമായ ഇത്തരം ആവിഷ്കാരങ്ങൾക്ക് അനുയോജ്യമായി പരമ്പരാഗത ഹൈന്ദവ ക്ഷേത്രങ്ങൾക്ക് ചുറ്റും നിരവധി അങ്കണങ്ങളും കൂത്തമ്പലങ്ങളും ഒക്കെ നിർമ്മിച്ചിരിക്കുന്നു. സംഗീതം, പാട്ട്, നൃത്തം, പാരായണം എന്നിവ തീർച്ചയായും അതിന്റെ ഭാഗമാണ്. നാം എത്രത്തോളം ആഴത്തിലേക്ക് ഇറങ്ങിച്ചെല്ലുന്നുവോ അത്രയധികം യാതൊരു ബാഹ്യ പ്രകടനവുമില്ലാതെ, ആന്തരിക നിശബ്ദതയുടെ പൂർണ്ണതയിൽ, അവബോധത്തിൽ ജീവിക്കാനുള്ള കലയുടെ ഏറ്റവും ഉയർന്ന രൂപത്തിലേക്ക് എത്തുന്നു.

[←334] https://static.amritapuja.org/types_of_puja.html

[←335] https://static.amritapuja.org/special_pujas.html

[←336]
https://www.amritapuri.org/1957/02-motherhood.aum

[←337]
മാർഗരറ്റ് താച്ചർ, ഹിലാരി ക്ലിന്റൺ, മഡലീൻ ആൽബ്രൈറ്റ്, കോണ്ടലീസ റൈസ് എന്നിവരെക്കുറിച്ചാണ് ഞാൻ ചിന്തിക്കുന്നത്... അവർ പുരുഷന്മാരിൽ നിന്ന് വ്യത്യസ്തമായി പെരുമാറിയതായി എനിക്ക് തോന്നുന്നില്ല. അതിനാൽ ഈ അവസാന പ്രസ്താവന ഒന്ന് അവലോകനം ചെയ്യണം.

[←338]
ഇവ കൃത്യമായ ഉദ്ധരണികളല്ല. ചെറുതായി പരാവർത്തനം ചെയ്തതിനാൽ, ഞാൻ ഉദ്ധരണി ചിഹ്നങ്ങളൊന്നും പ്രയോഗിച്ചിട്ടില്ല. താൽപ്പര്യമുള്ള വായനക്കാർക്ക് ഒറിജിനൽ നോക്കാം.

[←339] https://ammascandal.wordpress.com/2013/12/23/is-ammas-support-for-womens-rights-a-fraud-a-letter-from-srividya-sheshadri/ കംപ്യൂട്ടറിനെ കുറിച്ച് പഠിക്കുവാനായി അവർ രജിസ്റ്റർ ചെയ്തു. അവസാനം ഒരു കമ്പ്യൂട്ടർ കോഴ്സിലൂടെ അവരെ പ്ലംബിംഗ് പഠിപ്പിച്ചു.

[←340]
ഗെയിലും ഭക്തരും പറയുന്നതനുസരിച്ച്, “ഒരു കോളേജ് പാർട്ടിക്ക് ശേഷം പോകുന്ന വിദ്യാർത്ഥികളെന്നപോലെ ദേവീഭാവത്തിന് ശേഷം സ്വാമികൾ ഹോട്ടൽ മുറികൾ വിട്ടു പോകുന്നു: പിസ്സ ബോക്സുകൾ, എച്ചിൽ പാത്രങ്ങൾ, ചായക്കപ്പുകളും ചായയും എല്ലാം അവിടവിടെയായി ചിതറി കിടക്കും, അടുക്കളയിൽ കുമിഞ്ഞുകൂടിയ മാലിന്യങ്ങൾ” എന്നിങ്ങനെ.

[←341]
അമർ ചിത്ര കഥ, അറിയാവുന്നവർക്കായി.

[←342] http://embezzlingtheworld.blogspot.com/2014/01/etw-i-contradictions.html

[←343]

“Ammascandal” എന്ന തലക്കെട്ടിലുള്ള ബ്ലോഗ്. രണ്ടാമത്തേത്, “letterstothemother”, പക്ഷേ അത് ഇല്ലാതാക്കിയതായി തോന്നുന്നു. എന്തായാലും, സംഘടനയുടെ തലവൻ എന്ന നിലയിൽ, എനിക്ക് വ്യക്തിപരമായി ഉത്തരവാദിത്തമുണ്ട്.

[←344]
മറ്റ് മതങ്ങൾക്ക് അമിതമായ ക്രെഡിറ്റ് നൽകാതിരിക്കാനും ഹിന്ദുമതത്തിന്റെ മഹത്വം ഊന്നിപ്പറയാനും വേണ്ടി.

[←345]
https://amma.liviscobal.fr/reflexions-personnelles/le-role-de-la-miviludes.html (french)

[←346] https://www.religion.info/2014/03/14/controverses-autour-livre-ex-disciple-de-mata-amritanandamayi/

[←347]
https://www.mayer.info/biblio/

[←348]
നിർവ്വചനം: കപട കോമഡി, വഞ്ചനാപരമായ സ്റ്റേജിംഗ്. വിചിത്രമായ പ്രച്ഛന്നവേഷം, പരിഹാസ്യമായ വസ്ത്രധാരണം. വേഷംമാറി മുഖംമൂടി ധരിച്ച ആളുകളുടെ മീറ്റിംഗ് അല്ലെങ്കിൽ പരേഡ്. യഥാർത്ഥത്തിൽ, സംഗീതം, നൃത്തം, കവിത എന്നിവയുമായി ഇഴചേർന്ന, മുഖംമൂടി ധരിച്ച കഥാപാത്രങ്ങളുടെ രംഗങ്ങൾ അല്ലെങ്കിൽ സാങ്കൽപ്പിക, പുരാണ, ആക്ഷേപഹാസ്യ അല്ലെങ്കിൽ ബൃഹത്തായ എൻട്രികൾ അടങ്ങുന്ന, ഇറ്റാലിയൻ വംശജരുടെയും കുലീന സ്വഭാവമുള്ളവരുടെയും വിനോദം.

[←349]
നാല് പുരുഷാർത്ഥങ്ങൾ: ധർമ്മം, അർത്ഥം, കാമം, മോക്ഷം. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നന്മ, തൊഴിൽ, സമൃദ്ധി, ആനന്ദം, വിമോചനം എന്നിവ തേടൽ.

[←350]

शास्त्रस्य गुरुवाक्यस्य सत्यबुद्ध्यवधारणम् । सा श्रद्धा कथिता सद्भिर्यया वस्तूपलभ्यते ॥ śāstrasya guruvākyasya satyabuddhyavadhāraṇam | sā śraddhā kathitā sadbhiryayā vastūpalabhyate || വേദഗ്രന്ഥങ്ങളും ഗുരുവും അനുശാസിക്കുന്ന കാര്യങ്ങൾ സത്യമാണെന്ന് ഉറച്ച വിധിയിലൂടെയുള്ള സ്വീകാര്യതയെ ഋഷിമാർ ശ്രദ്ധ അല്ലെങ്കിൽ വിശ്വാസം എന്ന് വിളിക്കുന്നു, അതിലൂടെ യാഥാർത്ഥ അറിവ് നേടുന്നു. https://www.wisdomlib.org/hinduism/book/Vivekachudamani/d/doc144473.html

[←351]
The Penguin Chinmayānanda Reader, p 106

[←352]
“ഇന്ത്യൻ” എന്ന് പറയാത്തത് ശ്രദ്ധിക്കുക, ചില ആളുകൾ വിശ്വസിക്കുന്നതിന് വിരുദ്ധമായി, ഇന്ത്യയിലെ നിവാസികൾ ഹിന്ദുക്കളല്ല, ഇന്ത്യക്കാരാണ്. 80% ഹിന്ദുക്കളും 15% മുസ്ലീങ്ങളും 2% ക്രിസ്ത്യാനികളും 1.7% സിഖുകാരും മൊത്തം 2% ബുദ്ധമതക്കാരും ജൈനരും സൊരാഷ്ട്രിയക്കാരും ജൂതന്മാരും ബഹായികളും ഗോത്ര മതങ്ങളുടെ അനുയായികളും ചേർന്നതാണ് ഇന്ത്യ. 85% സുന്നികളും 13% ഷിയാകളും ഉൾപ്പെടെ 195 ദശലക്ഷം പേരുള്ള ഇന്തോനേഷ്യ കഴിഞ്ഞാൽ ലോകത്തിലെ രണ്ടാമത്തെ മുസ്ലീം രാജ്യമാണിത്. ഈ റിപ്പബ്ലിക്കിന്റെ പന്ത്രണ്ട് പ്രസിഡന്റുമാരിൽ, മൂന്ന് മുസ്ലീങ്ങൾ, മറ്റ് നാല് പേർ കേന്ദ്ര നീതിന്യായ മന്ത്രിമാർ (ഇന്ത്യയിൽ 28 സംസ്ഥാനങ്ങൾ വീതം അവരുടെ സർക്കാരുകളും ഭരണസംവിധാനങ്ങളും, 8 പ്രദേശങ്ങളും ഉൾപ്പെടുന്നു, അവരുടെ ജനസംഖ്യ 22 ഔദ്യോഗിക പ്രാദേശിക ഭാഷകൾ ഉൾപ്പെടെ 860 അംഗീകൃത ഭാഷകൾ സംസാരിക്കുന്നു. 10 വ്യത്യസ്ത അക്ഷരമാലകൾ ഉപയോഗിക്കുന്നു).

[←353]
Doniger, Wendy (2014), On Hinduism, Oxford University Press USA

[←354]
ഈ രണ്ട് ഗ്രന്ഥങ്ങളും വളരെ വലുതാണ്: ഇലിയഡും ഒഡീസിയും ഒരുമിച്ച് ചേർത്തതിന്റെ മൂന്നിരട്ടിയിലധികം.

[←355]

പുരാണങ്ങളും ഇതിഹാസങ്ങളും വൈദിക സാഹിത്യത്തിന്റെ ഭാഗമാണെന്ന് വാദിക്കുന്നവർ തെളിവായി താഴെപ്പറയുന്നവ ഉദ്ധരിക്കുന്നു: 1. ബൃഹദാരണ്യക ഉപനിഷത്തിൽ നിന്ന് 4;10 (…) niḥśvasitam etad yad ṛg-vedo yajur-vedaḥ sāma-vedo'tharvāṅgirasa itihāsaḥ purāṇaṁ vidyā upaniṣadaḥ ślokāḥ sūtrāṇy-anuvyākhyānāni (...) ഇതിഹാസങ്ങൾ, പുരാണങ്ങൾ, വിദ്യകൾ, എല്ലാ കലകളും എല്ലാ പഠനശാഖകളും, രഹസ്യ ഉപദേശങ്ങൾ, വാക്യങ്ങൾ, കാവ്യ രചനകൾ, പഴഞ്ചൊല്ലുകൾ, വ്യാഖ്യാനങ്ങൾ, നിങ്ങൾ ചെയ്യുന്ന എന്തും എന്നിങ്ങനെ വൈദിക വിജ്ഞാനവുമായി ബന്ധപ്പെടുത്താൻ കഴിവുള്ള എല്ലാം. അറിവിനെ വിളിക്കാം, ഏത് രീതിയിലും, ഏത് രീതിയിലും, ഏത് രൂപത്തിലും - അതിൽ അടങ്ങിയിരിക്കുന്നതെല്ലാം. എല്ലാം അവിടെ നിന്നാണ് വന്നത് (പ്രാണ).

2. ശതപഥം 11:5:6:8,9-ൽ നിന്ന് ഇനിപ്പറയുന്ന സ്ഥിരീകരണം അടങ്ങിയിരിക്കുന്നു: തീർച്ചയായും, പ്രമാണങ്ങൾ (അനുശാസനി), ശാസ്ത്രങ്ങൾ (വിദ്യാഃ), സംഭാഷണങ്ങൾ (വാക്യങ്ങൾ), പരമ്പരാഗത പുരാണങ്ങളും ഐതിഹ്യങ്ങളും (ഇതിഹാസ-പുരാണം) മനുഷ്യരുടെ വിവരണങ്ങൾ (നാരസംസി ഗാഥകൾ) ദേവന്മാർക്കുള്ള തേൻ വഴിപാടുകളാണ്; (...) ഇതറിഞ്ഞ് ഈ ദിവസം പഠിക്കുന്നവൻ പാലും മാംസവും കൊണ്ട് ദേവന്മാരെ തൃപ്തിപ്പെടുത്തുന്നു; തൃപ്തനാകുമ്പോൾ, അവർ അവനെ എല്ലാ ആഗ്രഹങ്ങളാലും എല്ലാത്തരം ആസ്വാദനങ്ങളാലും തൃപ്തിപ്പെടുത്തുന്നു. https://www.quora.com/What-is-the-difference-between-Vedas-Upanishads-and-Puranas

[←356]

गुशब्दस्त्वन्धकारः स्यात् रुशब्दस्तन्निरोधकः। अन्धकारनिरोधित्वात् गुरुरित्यभिधीयते॥ १६॥ ഗു എന്ന അക്ഷരത്തിന്റെ അർത്ഥം അന്ധകാരം, രു എന്ന അക്ഷരം, അവയെ അകറ്റുന്നവൻ, ഇരുട്ടിനെ അകറ്റാനുള്ള ശക്തി ഉള്ളതിനാൽ, ഗുരു എന്ന് നാമകരണം ചെയ്യപ്പെട്ടു.. — Advayataraka Upanishad, Verse 16

[←357]

श्रुतंह्येव मे भगवद्दृशेभ्य आचार्याद्धैव विद्या विदिता साधिष्ठं प्रापतीति तस्मै हैतदेवोवाचात्र ह न किंचन वीयायेति वीयायेति ॥ ४.९.३ ॥॥ इति नवमः खण्डः ॥ śrutaṃhyeva me bhagavaddṛśebhya ācāryāddhaiva vidyā viditā sādhiṣṭhaṃ prāpatīti tasmai haitadevovācātra ha na kiṃcana vīyāyeti vīyāyeti || 4.9.3 || iti navamaḥ khaṇḍaḥ || [സത്യകാമൻ പറഞ്ഞു,] 'പ്രാപ്തനായ ഒരു അധ്യാപകനിൽ നിന്ന് പഠിക്കുമ്പോഴാണ് ഒരാൾ ഏറ്റവും നന്നായി പഠിക്കുന്നത് എന്ന് നിങ്ങളെപ്പോലുള്ള ആദരണീയരിൽ നിന്ന് ഞാൻ കേട്ടിട്ടുണ്ട്.' അതിനുശേഷം ഗുരു സത്യകാമനെ എല്ലാം പഠിപ്പിച്ചു. ഒന്നും വിട്ടുകളഞ്ഞില്ല. https://www.wisdomlib.org/hinduism/book/chandogya-upanishad-english/d/doc239097.html

[←358]

भृगुर्वै वारुणिः । वरुणं पितरमुपससार । अधीहि भगवो ब्रह्मेति ॥ १ ॥ bhṛgurvai vāruṇiḥ | varuṇaṃ pitaramupasasāra | adhīhi bhagavo brahmeti || 1 || വരുണന്റെ പുത്രനായ ഭൃഗു തന്റെ പിതാവായ വരുണനെ സമീപിച്ചു, “ശ്രീമൻ, എന്നെ ബ്രഹ്മം (എന്തെന്ന്) പഠിപ്പിച്ചാലും” എന്ന് പറഞ്ഞു. https://www.wisdomlib.org/hinduism/book/the-taittiriya-upanishad/d/doc79852.html

[←359]

“തീർച്ചയായും ഈ ജീവികൾ എവിടെ നിന്നാണ് ജനിച്ചത്;
ഏതുമൂലമോ ജനിക്കുമ്പോൾ അവർ ജീവിക്കുന്നു;
എവിടേക്കാണോ മരിക്കുമ്പോൾ അവർ പ്രവേശിക്കുന്നത്:
അത്, നീ അറിയാൻ നോക്കുക; അതാണ് ബ്രഹ്മം.”

“യാഥാർത്ഥ്യം, ബോധം, അനന്തമായത് ബ്രഹ്മമാണ്.” Vedānta-sūtras. I. i. 2

[←360]

न नरेणावरेण प्रोक्त एष सुविज्ञेयो बहुधा चिन्त्यमानः । अनन्यप्रोक्ते गतिरत्र नास्त्यणीयान् ह्यतर्क्यमणुप्रमाणात् ॥ na nareṇāvareṇa prokta eṣa suvijñeyo bahudhā cintyamānaḥ | ananyaprokte gatiratra nāstyaṇīyān hyatarkyamaṇupramāṇāt || ഒരു നിസ്സാരനായ മനുഷ്യന് ബ്രഹ്മനെക്കുറിച്ച് നിങ്ങളോട് പറയാൻ കഴിയില്ല; ഇങ്ങനെ പറഞ്ഞാൽ നിങ്ങൾക്ക് അവനെ അറിയാൻ കഴിയില്ല, കാരണം അവനെക്കുറിച്ചു പല പ്രകാരത്തിൽ ചിന്തിക്കാം. എന്നാലും അവനെക്കുറിച്ച് മറ്റൊരാൾ പറഞ്ഞില്ലെങ്കിൽ അവനിലേക്കുള്ള വഴി നിങ്ങൾക്ക് കണ്ടെത്താനാവില്ല. എന്തെന്നാൽ, അവൻ സൂക്ഷ്മതയെക്കാളും യുക്തിക്ക് എത്തിച്ചേരാൻ കഴിയാത്തതിനെക്കാളും സൂക്ഷ്മമാണ്.

[←361]
यस्य देवे परा भक्तिर्यथा देवे तथा गुरौ। तस्यैते कथिता ह्यर्थाः प्रकाशन्ते महात्मनः प्रकाशन्ते महात्मन इति॥ yasya deve parā bhaktiryathā deve tathā gurau | tasyaite kathitā hyarthāḥ prakāśante mahātmanaḥ prakāśante mahātmana iti || എന്നാൽ ദൈവത്തോടും, ദൈവത്തോട് എന്നപോലെ ഗുരുവിനോടും പരമമായ ഭക്തിയുള്ള മഹാത്മാക്കളോട് ഇത്തരം മഹത്തായ കാര്യങ്ങൾ പറയുമ്പോൾ അവ അവർക്ക് സ്വയം വെളിവാകും, അത്തരം മഹാത്മാക്കൾക്ക് വേദജ്ഞാനം സ്വയം വെളിവാകും.

[←362]

परीक्ष्य लोकान्कर्मचितान्ब्राह्मणो निर्वेदमायान्नास्त्यकृतः कृतेन । तद्विज्ञानार्थं स गुरुमेवाभिगच्छेत्समित्पाणिः श्रोत्रियं ब्रह्मनिष्ठम् ॥ १२ ॥ parīkṣya lokānkarmacitānbrāhmaṇo nirvedamāyānnāstyakṛtaḥ kṛtena | tadvijñānārthaṃ sa gurumevābhigacchetsamitpāṇiḥ śrotriyaṃ brahmaniṣṭham || 12 ||

ഒരു ബ്രാഹ്മണൻ കർമ്മത്താൽ ഉൽപ്പാദിപ്പിക്കുന്ന ലോകങ്ങളെ പരിശോധിച്ച് ആഗ്രഹങ്ങളിൽ നിന്ന് മുക്തനാകട്ടെ, 'കർമംകൊണ്ട് സൃഷ്ടിക്കപ്പെടുന്നതിൽ ശാശ്വതമായി ഒന്നുമില്ലേ? ശാശ്വതമായ അറിവ് സമ്പാദിക്കുന്നതിനായി, അവന്റെ കൈയിൽ സമീദ് (യാഗ ഇന്ധനം) ഉണ്ടാകട്ടെ, വേദങ്ങളിൽ പാണ്ഡിതനും ബ്രഹ്മത്തിൽ നിഷ്ഠയുള്ള ഒരു ആചാര്യനെ മാത്രം സമീപിക്കുക.

[←363]

गुरुर्ब्रह्मा गुरुर्विष्णु र्गुरुर्देवो महेश्वरः | गुरु साक्षात परब्रह्मा तस्मै श्रीगुरवे नमः ||

[←364]
ध्यानमूलं गुरुर्मूर्तिः पूजामूलं गुरुर्पदम् । मन्त्रमूलं गुरुर्वाक्यं मोक्षमूलं गुरूर्कृपा ॥

[←365] http://www.yogalifesociety.com/GuruGita.html

[←366] https://www.davidgodman.org/ulladu-narpadu-anubandham-verse-39/

[←367]

http://mortentolboll.blogspot.com/2019/02/the-eckhart-tolle-show-critique.html

[←368]

“American Gurus: From Transcendentalism to New Age Religion”, Oxford University Press, 1993, 2014

[←369] https://www.amritapuri.org/80452/20forget.aum

[←370] https://www.indiatoday.in/india/north/story/hindus-must-produce-10-kids-for-modi-to-become-pm-again-shankaracharya-vasudevanand-236209-2015-01-18

[←371]

तद्विद्धि प्रणिपातेन परिप्रश्नेन सेवया | उपदेक्ष्यन्ति ते ज्ञानं ज्ञानिनस्तत्त्वदर्शिन: || tad viddhi praṇipātena paripraśhnena sevayā | upadekṣhyanti te jñānaṁ jñāninas tattva-darśhinaḥ || BG 4.34:

ഒരു ആത്മീയ ഗുരുവിനെ സമീപിച്ച് സത്യം മനസ്സിലാക്കുക. ബഹുമാനത്തോടെ അദ്ദേഹത്തോട് ചോദിക്കുകയും സേവിക്കുകയും ചെയ്യുക. അത്തരമൊരു പ്രബുദ്ധനായ വിശുദ്ധന് നിങ്ങൾക്ക് അറിവ് നൽകാൻ കഴിയും, കാരണം അദ്ദേഹം സത്യം അറിഞ്ഞവനാണ്.

[←372]
स्वयमेवात्मनात्मानं वेत्थ त्वं पुरुषोत्तम | भूतभावन भूतेश देवदेव जगत्पते || 15|| swayam evātmanātmānaṁ vettha tvaṁ puruṣhottama | bhūta-bhāvana bhūteśha deva-deva jagat-pate ||

[←373]
दण्डो दमयतामस्मि नीतिरस्मि जिगीषताम् | मौनं चैवास्मि गुह्यानां ज्ञानं ज्ञानवतामहम् ||
38|| daṇḍo damayatām asmi nītir asmi jigīṣhatām | maunaṁ chaivāsmi
guhyānāṁ jñānaṁ jñānavatām aham ||

[←374]
ആദിശങ്കരന്റെ മറ്റ് സ്ഥാപക ഗ്രന്ഥങ്ങൾ വിവേകചൂഢാമണി, ഉപദേശ-സാഹസ്രി, ആത്മ-ബോധ, അപരോക്ഷാനുഭൂതി, ദശ-ശ്ലോകി, ശത-ശ്ലോകി, വാക്യശാസ്ത്ര, വാക്യ-വൃത്തി, പഞ്ചീകരണ, പ്രബോധസുധാകര, തത്ത്വ-ബോധ.

[←375]
ഇവ നോക്കിയാൽ ആധുനിക കാലത്തെ മിക്ക ഗുരുക്കന്മാരും അയോഗ്യരാക്കപ്പെടും!

[←376]
5 യമങ്ങൾ അല്ലെങ്കിൽ മറ്റുള്ളവരോടുള്ള ധാർമ്മിക ആചരണം: അഹിംസ, സത്യം, സത്യസന്ധത, ബ്രഹ്മചര്യം - ഇന്ദ്രിയനിഗ്രഹം, അപരിഗ്രഹം- ഭൗതിക വസ്തുക്കളിൽ അവകാശമില്ലായ്മ. ജീവിതത്തിൽ അവനവൻ പാലിക്കേണ്ട 5 നിയമങ്ങൾ: ശുദ്ധി, സംതൃപ്തി, തപസ്സ്- യോഗാഭ്യാസം, വേദശാസ്ത്ര ഗ്രന്ഥങ്ങളുടെ പഠനം, ഈശ്വരപ്രാണിധാനം- ദൈവത്തിന് കീഴടങ്ങൽ.

[←377]

ഗുരു- ഇപ്പോഴുള്ള ഗുരു, പരമ ഗുരു - ഗുരുവിന്റെ ഗുരു, പരാപര ഗുരു- പരമ ഗുരുവിന്റെ ഗുരു, പരമേഷ്ഠി ഗുരു - പരാപര ഗുരുവിന്റെ ഗുരു.

[←378]

പ്രചോദനം Dr. Jacques Vignes “Le Maître et le Thérapeute”, Albin-Michel

[←379] https://www.psychologies.com/Culture/Maitres-de-vie/Svami-Prajnanpad

[←380]

http://tiny.cc/A-personality-EN

[←381]
http://tiny.cc/DECONVERSION-EN

[←382]

മിക്കപ്പോഴും,"throwing the baby with the bathwater" എന്ന അർത്ഥത്തിലാണ് ഇത് ഉപയോഗിക്കുന്നത്. കാലങ്ങളായി ശീലിച്ചു വന്ന തങ്ങളുടെ തെറ്റായ വിശ്വാസങ്ങൾ ഉപേക്ഷിക്കാൻ തയ്യാറല്ലാത്ത ഭക്തർ തങ്ങളുടെ ആത്മീയ പുരോഗതിക്ക് ഒരു തടസ്സമായി മാറുന്ന തങ്ങളുടെ പ്രിയപ്പെട്ട ഗുരുവിന്റെ മോശം പെരുമാറ്റം "എറിഞ്ഞുകളയാൻ" ആഗ്രഹിച്ചേക്കാം, അവർ പോസിറ്റീവ് അല്ലെങ്കിൽ സദ്പ്രവൃത്തികൾ എന്ന് കരുതുന്ന ബാക്കിയുള്ളവ നിലനിർത്തുക, അല്ലെങ്കിൽ 'ക്രിമിനൽ' ഗുരുവിനെ തള്ളിക്കളയുക, പക്ഷേ അവളുടെ/അവന്റെ ഉപദേശങ്ങൾ പാലിക്കുക. അതുകൊണ്ട്, അടിസ്ഥാനപരമായി, അനാരോഗ്യകരമായ സാഹചര്യത്തിൽ എത്താതിരിക്കാൻ, അവരുടെ വിശ്വാസങ്ങളെയും വിശ്വസ്തതയെയും നേരിടേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കാൻ ശ്രമിക്കും.

[←383]
ഫ്രഞ്ച് ഭാഷയിൽ മനഃശാസ്ത്രത്തിൽ ഉപയോഗിച്ചിരിക്കുന്ന പദപ്രയോഗം, ഇംഗ്ലീഷിൽ എനിക്ക് തത്തുല്യമായ ഒന്ന് കണ്ടെത്താൻ കഴിഞ്ഞില്ല, അതായത് മറ്റുള്ളവരിൽ നിന്ന് വേർപിരിയുന്ന വികാരം കൈകാര്യം ചെയ്യുന്ന കേന്ദ്രം